# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

2019 ജൂൺ 12, ബുധൻ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി ഇൻ-ചാർജ്

**ശ്രീ. സി. ജോസ്**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

245/2021

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I** **ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 30

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. --

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 96

**II** **റൂളിംഗ്**

ചട്ടങ്ങൾ യഥാസമയം പുറപ്പെടുവിക്കാത്തത് സംബന്ധിച്ച് .. 500
- മി. സ്പീക്കർ

**III** **അടിയന്തരപ്രമേയം**

നിയമവിരുദ്ധ നിലം നികത്തൽ .. 503
(അവതരണാനുമതി നിഷേധിച്ചു)

**IV** **ശ്രദ്ധ ക്ഷണിക്കൽ**

1. ആയുഷ്മാൻ ഭാരത് പദ്ധതി
-ശ്രീ. ജെയിംസ് മാത്യു .. 520

2. കാഞ്ഞിരപ്പള്ളി ബൈപ്പാസ്
-ഡോ. എൻ. ജയരാജ് – 526

**V** **സബ്മിഷൻ**

1. ധനസഹായം .. 529
- ശ്രീ. കെ. ബാബു
-ശ്രീ. ഷാഫി പറമ്പിൽ .. 531
-ശ്രീ. മുഹമ്മദ് മുഹസിൻ പി. .. 531

2. അച്ചടി മ്യൂസിയം
-ശ്രീ. പി.കെ. ശശി .. 532

3. റബ്ബറധിഷ്ഠിത വ്യവസായ സ്ഥാപനം
-ശ്രീ. സി. ദിവാകരൻ .. 533

*പേജ്*

4. പുതുശ്ശേരി പാലം പുതുക്കിപ്പണിയൽ
-ശ്രീ. എസ്. ശർമ്മ .. 534

5. ബസ് റൂട്ടുകൾ
- ശ്രീ. എം. വിൻസെന്റ് .. 536

6. കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോ
-ശ്രീമതി വീണാ ജോർജ്ജ് .. 538

7. ശമ്പള പരിഷ്കരണ കമ്മീഷൻ
-ശ്രീ. വി. എസ്. ശിവകുമാർ .. 540

8. കീഴൂർ ഫിഷിംഗ് സ്റ്റേഷൻ
-ശ്രീ. കെ. കുഞ്ഞിരാമൻ .. 542

9. ഹയർ സെക്കൻഡറി സ്കൂളാക്കി ഉയർത്തൽ
-ശ്രീ. ടി. എ. അഹമ്മദ് കബീർ .. 543

**VI** **ധനകാര്യം**

2019-2020 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ
ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും .. 544

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

*2019 ജൂൺ 12, ബുധൻ*

| വാല്യം 176] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 6 |
|---|---|---|

നിയമസഭ 2019 ജൂൺ മാസം 12-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ......... ഓർഡർ........ ചോദ്യം നമ്പർ *121

### ഉന്നതവിദ്യാഭ്യാസ മേഖലയുടെ സമഗ്ര വികസനം

1 (*121) ശ്രീ. മഞ്ഞളാംകുഴി അലി:
ഡോ. എം. കെ. മുനീർ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ രംഗത്തും സാങ്കേതിക വിദ്യാഭ്യാസ രംഗത്തും ഗവേഷണ രീതിയുടെ ഗുണനിലവാരത്തിലും പിന്നോക്കാവസ്ഥ നിലനിൽക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ നിലവിലുള്ള ഉന്നതവിദ്യാഭ്യാസ കേന്ദ്രങ്ങളിൽ പാഠ്യപദ്ധതിയിലും അടിസ്ഥാന സൗകര്യ വികസനത്തിലും എന്തെല്ലാം മാറ്റങ്ങളാണ് അനിവാര്യമെന്ന് കരുതുന്നത്; വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് ധാരാളം എഞ്ചിനീയറിംഗ് സ്ഥാപനങ്ങളുണ്ടെങ്കിലും ഒട്ടുമിക്ക സ്ഥാപനങ്ങളിലും ബിരുദാനന്തര ബിരുദ പദ്ധതികളോ ഗവേഷണത്തിനുള്ള സൗകര്യങ്ങളോ ഇല്ലാത്തതാണ് സാങ്കേതിക വിദ്യാഭ്യാസ മേഖലയുടെ സമഗ്ര വികസനത്തിന് തടസ്സമാകുന്നതെന്ന് കരുതുന്നുണ്ടോ;

(ഡി) എങ്കിൽ ഇത്തരം സൗകര്യങ്ങളൊരുക്കുന്നതിനും സാങ്കേതിക വിദ്യാഭ്യാസ മേഖലയുടെ സമഗ്ര വികസനത്തിന് ഇത്തരം സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നതിനുമായി എന്തെല്ലാം മാറ്റങ്ങളാണ് ഈ രംഗത്ത് നടപ്പിലാക്കാനുദ്ദേശിക്കുന്നത്;

(ഇ) സംസ്ഥാനത്ത് ഐ.ഐ.റ്റി. സ്ഥാപിക്കുന്നതിനുള്ള പദ്ധതി നാളിതുവരെ പൂർത്തീകരിക്കാത്തതിന്റെ കാരണങ്ങൾ എന്തൊക്കെയാണ്; ആയത് അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ,

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി&ഡി) സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കിക്കൊണ്ട് ബിരുദ, ബിരുദാനന്തര തലങ്ങളിൽ വിദ്യാർത്ഥികൾക്ക് പ്രായോഗിക പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെല്ലുകൾ വിപുലപ്പെടുത്തുകയും വിസിറ്റിംഗ് ഫാക്കൽറ്റി പ്രോഗ്രാമുകൾ നടത്തുകയും ചെയ്യുന്നുണ്ട്. വിവിധ എഞ്ചിനീയറിംഗ്, പോളിടെക്നിക് സ്ഥാപനങ്ങളിലെ ഉല്പാദന പരിശീലന കേന്ദ്രങ്ങൾ, റോബോട്ടിക്സ് ലാബുകൾ, ഗവേഷണ ലാബുകൾ, നിർമ്മാണ സാമഗ്രികളുടെ പരിശോധനാ കേന്ദ്രങ്ങൾ തുടങ്ങിയവ പ്രവർത്തിച്ചുവരുന്നുണ്ട് . ദേശീയ അന്തർദേശീയ തലങ്ങളിലെ മുൻനിര സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോടും വ്യവസായ സംരംഭങ്ങളോടും സഹകരിച്ച് വിദ്യാർത്ഥികൾക്കായി ഹ്രസ്വകാല ഇന്റേൺഷിപ്പ് നടത്തുന്നതിനായി അസാപ് മുഖാന്തരം നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ വർഷം ബിരുദ, ബിരുദാനന്തര വിദ്യാർത്ഥികളുടെ സംരംഭകത്വ പ്രവർത്തനങ്ങൾക്കുവേണ്ടി ടെക്നോളജി ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ വിവിധ സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ഇതിന്റെ അനുബന്ധ പ്രവർത്തനങ്ങൾ കേരള സ്റ്റാർട്ടപ്പ് മിഷനുമായി സഹകരിച്ച് നടപ്പാക്കിവരുന്നു. സാമൂഹ്യ വികസനത്തിൽ സംസ്ഥാനത്തെ സാങ്കേതിക വിദ്യാർത്ഥികളുടെ പങ്ക് ഉറപ്പാക്കാൻ എൻ.എസ്.എസ്. ടെക്നിക്കൽ സെല്ലിന്റെ

ആഭിമുഖ്യത്തിൽ "പുനർജ്ജനി" പദ്ധതി നടപ്പാക്കിവരുന്നു. ഇതോടൊപ്പം വിദ്യാർത്ഥികളുടെ സമഗ്ര വ്യക്തിത്വ വികസനം ഉറപ്പുവരുത്താൻ എല്ലാ ഉന്നത സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മാനവ വിഭവശേഷി സെല്ലുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ അക്കാദമിക വ്യവസായ മേഖലകളുടെ സമന്വയമായ TREST (Trivandrum Engineering Science and Technology Research Park)-ഉം ട്രാൻസ്പോർട്ടേഷൻ റിസർച്ച് സെന്റർ, പ്രോഡക്ട് ഡിസൈൻ ആൻഡ് ഡെവലപ്മെന്റ് സെന്റർ, ബാർട്ടൻഹിൽ എഞ്ചിനീയറിംഗ് കോളേജിലെ സെന്റർ ഫോർ ബാംബു ടെക്നോളജി, കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നടപ്പാക്കിയിട്ടുള്ള റീയൂസബിൾ ബിൽഡിംഗ് സിസ്റ്റം, കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ആരംഭിച്ച റൂറൽ ടെക്നോളജി ഡെവലപ്മെന്റ് സെന്റർ എന്നിവ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിലെ പ്രധാന ഗവേഷണ പദ്ധതികളാണ് . സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ദേശീയ അന്തർദേശീയ അംഗീകാരം നേടുന്നതിന്റെ ഭാഗമായി തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജ് സ്റ്റുഡന്റ്സ് സാറ്റലൈറ്റ് രൂപകല്പന ചെയ്ത് വിക്ഷേപിക്കാനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിൽ Robotics & Artificial Intelligence Nodal Centre, കണ്ണൂർ എഞ്ചിനീയറിംഗ് കോളേജിൽ Centre of Excellence in System, Energy & Environment ഇവ സ്ഥാപിച്ച് പ്രവർത്തനത്തിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഐ.എച്ച്.ആർ.ഡി. കരുനാഗപ്പള്ളി എഞ്ചിനീയറിംഗ് കോളേജിനെ ഏഷ്യയിലെ ഏറ്റവും നല്ല IEEE സ്റ്റുഡന്റ് ചാപ്റ്ററായി തെരഞ്ഞെടുത്തു.

ബിരുദാനന്തര ബിരുദതല വിദ്യാഭ്യാസത്തിന്റെ പുനഃസംഘടന സാദ്ധ്യമാക്കാൻ ബാംഗ്ലൂർ IISc-ലെ പ്രൊഫസറായ ഡോ. ഇ. ഡി. ജെമ്മിസ് അദ്ധ്യക്ഷനായ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. സർവ്വകലാശാല പരീക്ഷകൾ യഥാസമയം നടക്കുന്നുവെന്നും റിസൾട്ട് സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നുവെന്നും ഉറപ്പാക്കുന്നതിന് ഒരു പൊതു അക്കാദമിക കലണ്ടർ രൂപീകരിക്കുന്നതിന് സർവ്വകലാശാലകളിലെ പ്രൊ-വൈസ് ചാൻസലർമാരെ അംഗങ്ങളാക്കിക്കൊണ്ട് ഒരു പ്രത്യേക സമിതി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് സർക്കാർ/എയ്ഡഡ് മേഖലയിലും സ്വയംഭരണ മേഖലയിലും സ്വാശ്രയ മേഖലയിലും പ്രവർത്തിക്കുന്ന കോളേജുകളെയും ഇതര ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെയും അസസ്സ് ചെയ്ത് അക്രഡിറ്റേഷൻ നൽകുന്നതിനായി ഉന്നത വിദ്യാഭ്യാസ കൗൺസിലിനു കീഴിൽ സ്റ്റേറ്റ് അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ സെന്റർ (SAAC) രൂപീകരിച്ചു.

(ഇ) പാലക്കാട് ഐ.ഐ.ടി. കാമ്പസിനാവശ്യമായ സ്ഥലമെടുപ്പ് (504.54 ഏക്കർ) അവസാന ഘട്ടത്തിലാണ്. 18 ഹെക്ടറിന് ഫോറസ്റ്റിന്റെ ക്ലിയറൻസ് ലഭിക്കാത്തതുകൊണ്ടാണ് കാലതാമസം അനുഭവപ്പെട്ടിട്ടുള്ളത്. ആയത് സത്വരമാക്കാൻ 25-3-2019-ന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ ബാംഗ്ലൂർ റീജിയണൽ ഓഫീസിലേയ്ക്ക് ക്ലിയറൻസിനായി അയച്ചുകൊടുത്തിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. നിർമ്മാണ പ്രവൃത്തികളുടെ ടെണ്ടർ നടപടി CPWD മുഖേന ആരംഭിച്ചിട്ടുണ്ട്. ലബോറട്ടറി ബ്ലോക്കിന്റെയും ട്രാൻസിറ്റ് കാമ്പസിന്റെയും നിർമ്മാണം പൂർത്തിയാക്കി ഉപയോഗിച്ചുവരുന്നുണ്ട്.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, പ്ലസ് ടു പരീക്ഷയിൽ ഉന്നത വിജയം നേടുന്ന പത്ത് ശതമാനം വിദ്യാർത്ഥികൾക്കുപോലും ഗവൺമെന്റ്/എയ്ഡഡ് മേഖലകളിൽ അഡ്മിഷൻ ലഭിക്കുന്നില്ല. എല്ലാ സ്വാശ്രയ കോളേജുകളിലേയും സീറ്റുകൾ കൂട്ടിയാൽപ്പോലും ജയിക്കുന്ന കുട്ടികളെക്കാൾ അത് കുറവാണ് വളരെയധികം വിദ്യാർത്ഥികൾ പുറത്തുനിൽക്കുകയാണ്. മാത്രമല്ല, അന്തർദേശീയ തലത്തിലുണ്ടാകുന്ന മാറ്റങ്ങൾക്കനുസൃതമായി ഗവൺമെന്റ് കോളേജുകളിൽ പുതിയ കോഴ്സുകളൊന്നും ആരംഭിക്കുന്നില്ല, പരമ്പരാഗത കോഴ്സുകൾ മാത്രമാണുള്ളത്. ന്യൂജെൻ കോഴ്സുകളായ ജിയോളജി, മൈക്രോ ബയോളജി, ഫുഡ് ടെക്നോളജി, മാസ് കമ്മ്യൂണിക്കേഷൻ തുടങ്ങിയ കോഴ്സുകൾക്കാവശ്യമായ ലാബ് സൗകര്യമില്ലാത്തതിനാൽ വിദ്യാർത്ഥികൾക്ക് അയൽ സംസ്ഥാനങ്ങളിലേയ്ക്ക് പോകേണ്ട സ്ഥിതിയാണുള്ളത്. ഇതൊഴിവാക്കാനായി സർക്കാർ കോളേജുകളിൽ ന്യൂജെൻ കോഴ്സുകൾ ആരംഭിക്കുമോ; ഇത്തരം കോഴ്സുകൾ നടത്തുന്നതിനാവശ്യമായ സൗകര്യങ്ങളുള്ള സ്വാശ്രയ/സെൽഫ് ഫിനാൻസിംഗ് കോളേജുകളിൽ അവ ആരംഭിക്കുന്നതിനുള്ള പെർമിഷൻ നൽകുമോ; അതിനെക്കുറിച്ച് സർക്കാരിന്റെ ഇപ്പോഴത്തെ തീരുമാനമെന്താണ്?

<u>ഡോ. കെ. ടി. ജലീൽ</u>: സർ, പ്ലസ് ടു അല്ലെങ്കിൽ പഴയ പ്രീഡിഗ്രി പാസ്സാകുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും ബിരുദവും ബിരുദാനന്തര ബിരുദവും പഠിക്കാനാവശ്യമായ സൗകര്യങ്ങൾ ഒരുകാലത്തും ഗവൺമെന്റ് മേഖലയിലോ എയ്ഡഡ് മേഖലയിലോ ഉണ്ടായിരുന്നില്ല. ഇപ്പോഴും ആ ഡിസ്പാരിറ്റി തുടർന്നുകൊണ്ടിരിക്കുകയാണ്. അത് അവസാനിപ്പിക്കുന്നതിനുവേണ്ടിയാണ് നേരത്തെയുള്ള പ്രൈവറ്റ് രജിസ്ട്രേഷനും പിന്നീടുവന്ന ഡിസ്റ്റൻസ് എഡ്യൂക്കേഷൻ സിസ്റ്റവും വരാൻ പോകുന്ന ഓപ്പൺ യൂണിവേഴ്സിറ്റി സമ്പ്രദായവും ലക്ഷ്യമിടുന്നത്. എന്നാലും പരമാവധി വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് എയ്ഡഡ് കോളേജുകളിൽ

പഠിക്കുന്നതിനുള്ള സൗകര്യം ഇനിയും ഉണ്ടാകേണ്ടതായിട്ടുണ്ട്. അതിനുള്ള ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകും. ന്യൂജെൻ കോഴ്സുകളുടെ കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഈ അദ്ധ്യയനവർഷം ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ് ആൻഡ് ഓട്ടോമേഷൻ എഞ്ചിനീയറിംഗ്, ഡിസൈൻ എഞ്ചിനീയറിംഗ്, ഫുഡ് ടെക്നോളജി എന്നീ നാല് കോഴ്സുകൾ സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ ആരംഭിക്കുകയാണ്. ഏറ്റവും മികച്ച എൻ.ബി.എ. അക്രഡിറ്റേഷനുള്ള എഞ്ചിനീയറിംഗ് കോളേജുകളിലാണ് അത് ആരംഭിക്കുന്നത്. ഇത് മറ്റ് സ്ഥാപനങ്ങളിലേയ്ക്കും ആവശ്യാനുസരണം വ്യാപിപ്പിക്കുന്നതിന് ഗവൺമെന്റിന് മടിയില്ല.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, നമ്മുടെ സംസ്ഥാനത്ത് ഓപ്പൺ യൂണിവേഴ്സിറ്റി ആരംഭിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്നു. അങ്ങിവിടെ ഇപ്പോൾ പറയുകയുമുണ്ടായി. എന്നാൽ ഇതുവരെയും അതിനുള്ള ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇത്തരത്തിലൊരു ഓപ്പൺ യൂണിവേഴ്സിറ്റി എന്ന് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്; ഏറ്റവുമധികം അഫിലിയേഷനുള്ള സർവ്വകലാശാലകളിലൊന്നാണ് കോഴിക്കോട് സർവ്വകലാശാല. ഇതിന്റെ പ്രവർത്തന വൈപുല്യം സർവ്വകലാശാലയുടെ പ്രവർത്തനത്തെതന്നെ ബാധിക്കുന്നുണ്ട്, വിദ്യാർത്ഥികൾക്ക് വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനായി പാലക്കാട്-തൃശ്ശൂർ ജില്ലകളെ യോജിപ്പിച്ചുകൊണ്ട് പുതിയൊരു സർവ്വകലാശാല ആരംഭിക്കാൻ തയ്യാറാകുമോ?

<u>ഡോ. കെ. ടി. ജലീൽ</u>: സർ, ഓപ്പൺ യൂണിവേഴ്സിറ്റി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ അതിന്റെ അവസാന ഘട്ടത്തിലേയ്ക്ക് നീങ്ങുകയാണ്. അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു കമ്മീഷനെ നിയോഗിച്ചിരുന്നു. ആ കമ്മീഷൻ ഇന്ന് റിപ്പോർട്ട് സമർപ്പിക്കും. ഈ വർഷംതന്നെ എല്ലാ നടപടികളും പൂർത്തിയാക്കി 2020-21 അദ്ധ്യയന വർഷം ഓപ്പൺ യൂണിവേഴ്സിറ്റി ആരംഭിക്കാനാകുമെന്നാണ് കരുതുന്നത്.

ഡോ. എം. കെ. മുനീറിനുവേണ്ടി <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ടെക്നിക്കൽ എഡ്യൂക്കേഷനുമായി ബന്ധപ്പെട്ട് കോഴിക്കോട് സർവ്വകലാശാലയുടെ കീഴിൽ എഞ്ചിനീയറിംഗ് കോളേജും നടത്തുന്നുണ്ട്. അതിന് ഇതുവരെ എ.ഐ.സി.ടി.-യുടെ അംഗീകാരം ലഭിച്ചിട്ടില്ല. അത് ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കുമോ? കേരള യൂണിവേഴ്സിറ്റിയിൽ ഉന്നതവിദ്യാഭ്യാസ രംഗത്തുണ്ടായ ഒരു പ്രശ്നമുണ്ട്.

പ്രളയവുമായി ബന്ധപ്പെട്ട സാലറി ചലഞ്ചിന് കേരള യൂണിവേഴ്സിറ്റിയിലെ അദ്ധ്യാപക സംഘടനക്കാരുടെ ഒരു വിസമ്മതപത്രം വന്നിരുന്നു. അതുമായി ബന്ധപ്പെട്ട് ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഒരു സബ്മിഷൻ ഉന്നയിച്ചപ്പോൾ അദ്ധ്യാപക സംഘടനക്കാർ സഭ്യേതരമല്ലാത്ത ഭാഷയിൽ മറുപടി നൽകി അതുകൊണ്ട് അവർക്കെതിരെ നടപടിയുണ്ടാകണമെന്ന് അങ്ങിവിടെ പറഞ്ഞിരുന്നു. അവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ; അവരുടെ റിപ്പോർട്ടിൽ സഭ്യേതരമല്ലാത്ത ഭാഷകളൊന്നും ഞാൻ കണ്ടില്ല. അങ്ങനെയാണെങ്കിൽ ആ വാക്ക് പിൻവലിക്കുമോ; അല്ലെങ്കിൽ അവർക്കെതിരെ നടപടി സ്വീകരിക്കുമോ?

<u>ഡോ. കെ. ടി. ജലീൽ</u>: സർ, കാലിക്കറ്റ് യൂണിവേഴ്സിറ്റി വിഭജിച്ച് പുതിയൊരു യൂണിവേഴ്സിറ്റിയുണ്ടാക്കണമെന്നുള്ള ഒരു നിർദ്ദേശം ഇവിടെ ഉന്നയിക്കുകയുണ്ടായി. അതിന്റെ ആവശ്യം ഇനിയുണ്ടാകുമെന്ന് തോന്നുന്നില്ല. കാരണം ഓപ്പൺ യൂണിവേഴ്സിറ്റി വരുന്നതോടുകൂടി എല്ലാ യൂണിവേഴ്സിറ്റികളിലെയും പ്രൈവറ്റ് രജിസ്ട്രേഷനും ഇപ്പോൾ ഡിസ്റ്റൻസ് മോഡിലുള്ള എല്ലാ വിദ്യാർത്ഥികളും ഓപ്പൺ യൂണിവേഴ്സിറ്റിയിലേയ്ക്ക് മാറുകയാണ്. അതോടുകൂടി എല്ലാ സർവ്വകലാശാലകൾക്കും വലിയൊരു ഭാരമാണ് ഒഴിയുന്നത്. എന്നാൽ ഓരോ സർവ്വകലാശാലയിലെയും ഡിസ്റ്റൻസ് എഡ്യൂക്കേഷൻ സെന്ററുകൾ റീജിയണൽ സെന്ററുകളാക്കിയാണ് ഓപ്പൺ യൂണിവേഴ്സിറ്റി ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിൽ ഇപ്പോൾ നടന്നുവരുന്ന എഞ്ചിനീയറിംഗ് കോളേജിന് എ.ഐ.സി.ടി.-യുടെ അംഗീകാരം ലഭിച്ചിട്ടില്ലെന്ന് സൂചിപ്പിക്കുകയു ണ്ടായി. അക്കാര്യം യൂണിവേഴ്സിറ്റി പരിശോധിച്ചുവരികയാണ്. അതിന്റെ ഇപ്പോഴത്തെ പൊസിഷൻ എന്താണെന്നുള്ളത് അന്വേഷിച്ചതിനുശേഷം അറിയിക്കാം. കേരള യൂണിവേഴ്സിറ്റിയിൽ സാലറി ചലഞ്ചുമായി ബന്ധപ്പെട്ട് ചില ഉദ്യോഗസ്ഥർക്കെതിരെയുണ്ടായ നടപടിയെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതിന്റെയും പ്രസന്റ് സ്റ്റാറ്റസ് എന്താണെന്നുള്ളത് അന്വേഷിച്ച് അറിയിക്കുന്നതാണ്.

<u>ശ്രീ. ടി. വി. ഇബ്രാഹിം:</u> സർ, ഉന്നത വിദ്യാഭ്യാസരംഗത്ത് കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനെക്കുറിച്ച് മന്ത്രിയുടെ മറുപടിയിൽ ഇപ്പോഴും വ്യക്തത വന്നിട്ടില്ല. സാങ്കേതിക വിദ്യാഭ്യാസരംഗത്തും വളരെയധികം സൗകര്യങ്ങളുണ്ടാകേണ്ടതുണ്ട്. കേരളത്തിലെ 181 എഞ്ചിനീയറിംഗ് കോളേജുകളിൽ 12 എണ്ണമാണ് എയ്ഡഡ്/സർക്കാർ മേഖലയിലുള്ളത്. മലപ്പുറം, കാസർഗോഡ് അടക്കമുള്ള ജില്ലകളിൽ സർക്കാർ മേഖലയിലോ എയ്ഡഡ് മേഖലയിലോ ഒരു എഞ്ചിനീയറിംഗ് കോളേജ് പോലുമില്ല. കേരളത്തിൽത്തന്നെ ഏറ്റവുമധികം ജനസംഖ്യയും സ്റ്റുഡന്റ്സ് എൻറോൾമെന്റുമുള്ള മലപ്പുറം ജില്ലയിൽ

ഗവൺമെന്റ് സെക്ടറിലോ എയ്ഡഡ് സെക്ടറിലോ ഒരു എഞ്ചിനീയറിംഗ് കോളേജില്ല. കുട്ടികൾ മുഴുവൻ സെൽഫ് ഫിനാൻസിംഗ് കോളേജുകളെയാണ് ആശ്രയിക്കുന്നത്. ഇത് വലിയൊരു അപര്യാപ്തതയും ഇംബാലൻസുമാണ്. അതോടൊപ്പംതന്നെ സാങ്കേതിക വിദ്യാഭ്യാസരംഗത്ത് ഗവേഷണത്തിനുള്ള സൗകര്യം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ കുറവാണ്. സർവ്വകലാശാലകൾക്ക് ഗവേഷണത്തിന് ഗൈഡ്ഷിപ്പ് കൊടുക്കുന്ന ഒരു സംവിധാനമുണ്ട്. എന്നാൽ കേരളത്തിലെ സർവ്വകലാശാലകൾക്കും റിട്ടയർ ചെയ്ത അദ്ധ്യാപകർക്കും ഗൈഡ്ഷിപ്പ് കൊടുക്കുന്നില്ല. അതുകൊണ്ട് കേരളത്തിലെ സർവ്വകലാശാലകൾക്കും റിട്ടയർ ചെയ്ത അദ്ധ്യാപകർക്കുംകൂടി ഗൈഡ്ഷിപ്പ് കൊടുക്കാനുള്ള സൗകര്യം ലഭ്യമാക്കുകയും പതിനായിരത്തോളം വരുന്ന കോളേജ് അദ്ധ്യാപകർക്ക് ഇനിയും പി.എച്ച്.ഡി.-ക്ക് സൗകര്യം കിട്ടുന്ന വിധത്തിലുള്ള ക്രമീകരണം വരുത്തുമോ എന്നുള്ളതാണ് എന്റെ ചോദ്യം?

ഡോ. കെ. ടി. ജലീൽ: സർ, ഉന്നത വിദ്യാഭ്യാസ രംഗത്ത് നിലനിൽക്കുന്ന അപര്യാപ്തത എന്നുപറയുന്നത് പുതിയൊരു പ്രതിഭാസമല്ല. ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് മലപ്പുറത്ത് ഇല്ലെന്നുള്ള പരാതി കഴിഞ്ഞ രണ്ടോ മൂന്നോ വർഷമായി നിലനില്ക്കുന്നതുമല്ല; കാലങ്ങളായി നിലനില്ക്കുന്നതാണ്. അത് പരിഹരിക്കുന്നതിനുവേണ്ടി തീർച്ചയായും ഈ സർക്കാർ ശ്രമിക്കും. പുതിയ കോളേജുകൾ ആരംഭിക്കുന്നതിനെക്കുറിച്ചും പുതിയ കോഴ്സുകൾ നിലവിലുള്ള കോളേജുകളിൽ തുടങ്ങുന്നതിനെക്കുറിച്ചുമൊക്കെ ഗവൺമെന്റ് സഗൗരവം ആലോചിക്കുകയാണ്. അതിന്റെ ഭാഗമായിട്ടാണ് ഈ സാമ്പത്തിക വർഷം എല്ലാ സൗകര്യങ്ങളുമുള്ള സെൽഫ് ഫിനാൻസിംഗ് കോളേജുകളിലും കോഴ്സുകൾ ആരംഭിക്കുന്നതിന് തത്വത്തിൽ തീരുമാനമെടുത്തിരിക്കുന്നത്. യൂണിവേഴ്സിറ്റികൾ സർക്കാരിനെ അറിയിക്കുന്ന മുറയ്ക്ക് അക്കാര്യത്തിൽ തീരുമാനം എടുക്കുന്നതാണ്. രണ്ടാമത്തെ കാര്യം, യൂണിവേഴ്സിറ്റിയിൽ നിന്ന് റിട്ടയർ ചെയ്യുന്ന അദ്ധ്യാപകർക്ക് ഗൈഡ്ഷിപ്പ് നിലനിർത്താനുള്ള സാഹചര്യം കേരളത്തിലില്ല എന്നുള്ളതാണ്. അതിന് ചില സാങ്കേതിക പ്രശ്നങ്ങൾ പറയുന്നുണ്ട്. അത് പരിശോധിച്ചതിനുശേഷം സാധിക്കുമെങ്കിൽ തീർച്ചയായും നടപ്പിലാക്കുന്നതിനെക്കുറിച്ച് ആലോചിക്കും.

ശ്രീ. സി. മമ്മൂട്ടി: സർ, സമഗ്രമായ പരിഷ്കരണത്തിന് വിധേയമാകേണ്ട മേഖലയാണ് ഉന്നത വിദ്യാഭ്യാസമേഖല. ഡിഗ്രി പാസ്സാകുന്നവർ ഒരു ജോലിക്കോ ഇന്റർവ്യൂവിനോ പോകുകയാണെങ്കിൽ ക്വാളിഫൈഡാണെങ്കിലും കോമ്പീറ്റന്റാകുന്നില്ല. പ്ലസ് ടു പാസ്സായാൽ ഡിഗ്രിക്ക് പോകുകയും കോഴ്സ് കഴിഞ്ഞ് ഒന്നിനും കൊള്ളാത്ത ഡിഗ്രിക്കാരായി പുറത്തുവരികയുമാണ് പരമ്പരാഗതമായി ചെയ്തുകൊണ്ടിരിക്കുന്നത്. അവരെയൊന്നും ഒന്നിനും ഉപയോഗപ്പെടുത്താൻ

കഴിയില്ല. ഫിനിഷിംഗ് സ്കൂളിന്റെ അഭാവം ഇവിടെയുണ്ട്. ആരോഗ്യരംഗത്ത് കീമോതെറാപ്പി, ഡയാലിസിസ് പോലെയുള്ളവയ്ക്ക് യോഗ്യതയുള്ള കുട്ടികളെ ആവശ്യമുണ്ടായിട്ടും അതിനുവേണ്ട കോഴ്സുകൾ ഇവിടെയില്ല. അവർ അന്യസംസ്ഥാനങ്ങളിൽ പോയി പഠിക്കുകയാണ് ചെയ്യുന്നത്. അതുപോലെ യൂണിവേഴ്സിറ്റിയിൽ കലണ്ടർ രൂപീകരിക്കുമെന്ന് എത്രയോ വർഷമായി മാറിമാറിവരുന്ന ഗവൺമെന്റും മന്ത്രിമാരുമൊക്കെ പറയുന്നതാണ്, അത് ഇതുവരെ പ്രായോഗികമായിട്ടില്ല. കേരള യൂണിവേഴ്സിറ്റിയുടെ റിസൾട്ട് വന്ന് മാസങ്ങൾ കഴിഞ്ഞതിനുശേഷം കാലിക്കറ്റ് യൂണിവേഴ്സിറ്റി റിസൾട്ട് വരുമ്പോൾ പലർക്കും കോഴ്സിന് ചേരാൻ പറ്റാത്ത സാഹചര്യമാണുള്ളത്. ഇതൊക്കെ പരിഹരിക്കുന്നതിനായി സമഗ്ര പരിഷ്കരണത്തിന് ആവശ്യമായ നടപടി സ്വീകരിക്കാൻ അങ്ങ് തയ്യാറാകുമോ?

ഡോ. കെ. ടി. ജലീൽ: സർ, സർവ്വകലാശാലകൾക്കിടയിൽ ഏകീകൃത കലണ്ടർ പൂർണ്ണമായിട്ടല്ലെങ്കിലും 75 ശതമാനംവരെ നടപ്പിലായിക്കഴിഞ്ഞു. അതിന്റെ ഭാഗമായിട്ടാണ് ഏപ്രിൽ 30-നുമുമ്പ് എല്ലാ സർവ്വകലാശാലകളും അവരുടെ ഡിഗ്രി റിസൾട്ടുകൾ പ്രസിദ്ധീകരിക്കണമെന്ന് തീരുമാനിച്ചതും ഏതാണ്ട് എല്ലാ യൂണിവേഴ്സിറ്റികളും ആ നിലയിലേയ്ക്ക് വന്നതും. ഇനിയുള്ള വർഷങ്ങളിൽ മേയ് 30-നുമുമ്പ് പോസ്റ്റ് ഗ്രാജ്വേഷൻ റിസൾട്ടുകളും അവർ പ്രസിദ്ധീകരിക്കും. ചരിത്രത്തിലാദ്യമായാണ് എല്ലാ യൂണിവേഴ്സിറ്റികളിലും ജൂൺ 24-ാം തീയതി ഒന്നാംവർഷ ഡിഗ്രി ക്ലാസ്സുകളും ജൂൺ 17-ാം തീയതി ഒന്നാംവർഷ പോസ്റ്റ് ഗ്രാജ്വേഷൻ ക്ലാസ്സുകളും ആരംഭിക്കുന്നത്. ഈ വർഷം ഒന്നോ രണ്ടോ മാസം കഴിഞ്ഞാണ് ക്ലാസ്സുകൾ തുടങ്ങിയതെങ്കിൽ 2020-2021 അദ്ധ്യയനവർഷം ഒന്നാം ക്ലാസ്സും പതിനൊന്നാം ക്ലാസ്സും ഒന്നാംവർഷ ഡിഗ്രിയും ഒന്നാംവർഷ പി.ജി.യും ജൂൺ 1-ാം തീയതി ആരംഭിക്കാൻ സാധിക്കുന്ന അവസ്ഥയിലേയ്ക്കാണ് കാര്യങ്ങൾ കൊണ്ടുപോകുന്നത്.

ശ്രീ. എ. എൻ. ഷംസീർ: സർ, കേരളത്തിന്റെ പൊതു വിദ്യാഭ്യാസമേഖലയെ സംരക്ഷിക്കാൻ സർക്കാർ വലിയ പ്രവർത്തനമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അതോടൊപ്പം ഉന്നത വിദ്യാഭ്യാസമേഖലയിലും ഇടപെടൽ നടത്തുന്നുണ്ട്. കേരളത്തിലെ ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിൽ എത്ര എണ്ണത്തിന് NAAC (The National Assessment and Accreditation Council) അക്രഡിറ്റേഷനുണ്ട്; കേരളത്തിലെ സർവ്വകലാശാലകൾ അഖിലേന്ത്യാടിസ്ഥാനത്തിൽ എത്രാം സ്ഥാനത്താണുള്ളത്?

ഡോ. കെ. ടി. ജലീൽ: സർ, കേരള യൂണിവേഴ്സിറ്റിക്ക് നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്കിൽ 22-ാമത്തെ റാങ്കും നാക്-ന്റെ

'എ' അക്രഡിറ്റേഷനുമുണ്ട്. എം.ജി. യൂണിവേഴ്സിറ്റിക്ക് എൻ.ഐ.ആർ.എഫ്.-ന്റെ 30-ാമത്തെ റാങ്കും നാക്-ന്റെ 'എ' അക്രഡിറ്റേഷനുമുണ്ട്. കാലിക്കറ്റ് സർവ്വകലാശാലയ്ക്ക് നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (എൻ.ഐ.ആർ.എഫ്.)-ന്റെ 64-ാമത്തെ റാങ്കും നാക്-ന്റെ 'എ' അക്രഡിറ്റേഷനുമുണ്ട്. കുസാറ്റിന് എൻ.ഐ.ആർ.എഫ്-ന്റെ 65-ാമത്തെ റാങ്കും നാക്-ന്റെ 'എ' അക്രഡിറ്റേഷനുമുണ്ട്. സംസ്കൃത സർവ്വകലാശാലയ്ക്ക് എൻ.ഐ.ആർ.എഫ്-ന്റെ റാങ്കിംഗ് ലഭിച്ചിട്ടില്ല, നാക്-ന്റെ 'എ' അക്രഡിറ്റേഷനുണ്ട്. കണ്ണൂർ യൂണിവേഴ്സിറ്റിക്ക് നാക്-ന്റെ 'ബി' അക്രഡിറ്റേഷനുണ്ട്, എൻ.ഐ.ആർ.എഫ്.-ന്റെ റാങ്ക് ഇല്ല. എല്ലാ സർവ്വകലാശാലകളും നാക്-ന്റെ 'എ പ്ലസും' 'എ പ്ലസ് പ്ലസും' നേടുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്. സംസ്കൃത യൂണിവേഴ്സിറ്റി അവരുടെ റീ-അസസ്സ്മെന്റിനുവേണ്ടിയുള്ള അപേക്ഷ നൽകിക്കഴിഞ്ഞു. സർവ്വകലാശാലകളൊക്കെ മികവിന്റെ എൻ.ബി.എ. (നാഷണൽ ബോർഡ് ഓഫ് അക്രഡിറ്റേഷൻ)-യുടെ അക്രഡിറ്റേഷൻ കേന്ദ്രങ്ങളായി മാറുകയാണ്. 192 എയ്ഡഡ് കോളേജുകളിൽ 168 എണ്ണത്തിനും 'നാക്' അക്രഡിറ്റേഷനുണ്ട്. 66 ഗവൺമെന്റ് കോളേജുകളിൽ 33 എണ്ണവും 'നാക്' അക്രഡിറ്റഡാണ്. 9 ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിൽ 6 എണ്ണം എൻ.ബി.എ. അക്രഡിറ്റേഷൻ നേടിയിട്ടുണ്ട്. 3 എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ 3 എണ്ണം എൻ.ബി.എ. അക്രഡിറ്റേഷന് അർഹത നേടിയിട്ടുണ്ട്. 113 സെൽഫ് ഫിനാൻസിംഗ് കോളേജുകളിൽ 15 എണ്ണം 'നാക്' അക്രഡിറ്റഡാണ്. 568 സെൽഫ് ഫിനാൻസിംഗ് ആർട്സ് ആൻഡ് സയൻസ് കോളേജുകളുണ്ട്. ഇവയ്ക്കുവേണ്ടിയാണ് SAAC (State Assessment and Accreditation Centre) എന്ന സ്റ്റേറ്റ് ലെവൽ സംവിധാനം ഇപ്പോൾ ഒരുക്കിയിരിക്കുന്നത്.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, സാധാരണക്കാർക്ക് സർക്കാർ സൗകര്യങ്ങളോടെ പഠിക്കാൻവേണ്ടിയാണ് കേരള യൂണിവേഴ്സിറ്റി UIT (University Institute of Technology)-കൾ തുടങ്ങിയത്. എന്റെ നിയോജകമണ്ഡലത്തിലടക്കം 2016-നുശേഷം പത്തോളം പുതിയ യു.ഐ.ടി.-കൾ അനുവദിച്ചിരുന്നു. എന്റെ മണ്ഡലത്തിലെ തൊളിക്കോട്ടുള്ള യു.ഐ.ടി.-യുടെ ഉദ്ഘാടനം ബഹുമാനപ്പെട്ട സ്പീക്കറാണ് നിർവ്വഹിച്ചത്. യു.ഐ.ടി.-കൾ അംഗീകരിച്ചതല്ലാതെ യാതൊരു തരത്തിലുള്ള ധനസഹായവും സർക്കാർ അതിനുവേണ്ടി നൽകുന്നില്ല. അവിടെ കമ്പ്യൂട്ടറുകൾ സ്ഥാപിക്കുന്നതിനുവേണ്ടി എം.എൽ.എ. ഫണ്ട് കൊടുത്തു; പുതിയ ബിൽഡിംഗിനുള്ള സ്ഥലം പഞ്ചായത്ത് വിട്ടുകൊടുത്തു. അവിടെ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് ബിൽഡിംഗ് നിർമ്മിക്കുകയാണ്. ബെഞ്ചും ഡെസ്കുമൊന്നും എം.എൽ.എ. ഫണ്ടുകൊണ്ട്

വാങ്ങാൻ കഴിയില്ല. അതുകൊണ്ട് അവിടത്തെ സ്റ്റാഫുകളുടെ ശമ്പളമടക്കമുള്ള കാര്യങ്ങൾക്കും വിദ്യാർത്ഥികൾക്കുള്ള പശ്ചാത്തല സൗകര്യങ്ങൾക്കും കൂടുതൽ ഫണ്ട് അനുവദിക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, യു.ഐ.ടി.-കൾ അനുവദിക്കുമ്പോൾ അതിനാവശ്യമായ സൗകര്യങ്ങളെല്ലാം തദ്ദേശഭരണ സ്ഥാപനങ്ങളും കൺസേൺഡ് എം.എൽ.എ.-മാരും ചെയ്തുകൊടുക്കുമെന്ന വാഗ്ദാനമുണ്ടായിരുന്നു. ആ വാഗ്ദാനത്തിന്റെ അടിസ്ഥാനത്തിലാണ് ഇത്തരത്തിലുള്ള സെന്ററുകൾ അനുവദിച്ചിട്ടുള്ളത്. സർവ്വകലാശാലകളിൽ ഫാക്കൽറ്റിയെ വയ്ക്കുന്നതിലെ സാമ്പത്തിക ബുദ്ധിമുട്ടുകളെക്കുറിച്ച് അങ്ങേയ്ക്കുമറിയാം. അങ്ങനെ പ്രയാസമുണ്ടായിരുന്നിട്ടും യു.ഐ.ടി.-കളിൽ ഇപ്പോഴും ഫാക്കൽറ്റികളെ നിയോഗിക്കുന്നുണ്ട്; യു.ഐ.ടി.-കൾ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നുവെന്ന് പറയുന്നില്ലെങ്കിലും മോശമല്ലാത്ത രീതിയിൽ അതിന്റെ പ്രവർത്തനം മുന്നോട്ടുപോകുന്നുണ്ട്. അതിനുള്ള ഭൗതിക സൗകര്യങ്ങൾ പ്രാദേശികതലത്തിൽ ഒരുക്കിക്കൊടുക്കുന്നതിന് നിങ്ങളെപ്പോലുള്ളവരുടെ ഭാഗത്തുനിന്നും ഉത്സാഹം ഉണ്ടാകണമെന്നുകൂടി ഞാൻ ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്. തരാൻ മനസ്സില്ലാത്തതുകൊണ്ടല്ല; കഴിയാത്തതുകൊണ്ടാണ് എന്നുള്ളതുകൂടി അങ്ങ് ഓർക്കണം.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉന്നതവിദ്യാഭ്യാസ മേഖലയിൽ സമൂലമാറ്റം ഉണ്ടായിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ ഫണ്ടുകളും മറ്റുമൊക്കെ എല്ലാ സർക്കാർ എയ്ഡഡ് കോളേജുകൾക്കും ലഭ്യമാകുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്. പട്ടാമ്പി സംസ്കൃത കോളേജിലെ സയൻസ് ബ്ലോക്കിന്റെ നിർമ്മാണം ഏതാണ്ട് അവസാനഘട്ടത്തിലാണ്. ഒരുപക്ഷെ ഗവൺമെന്റ് കോളേജുകളിൽ ഏറ്റവും നല്ല പശ്ചാത്തല സൗകര്യമുള്ള ഒരു ബ്ലോക്കായി ഇത് മാറാൻ പോകുകയാണ്. അവിടെ വർക്ക് കംപ്ലീറ്റ് ചെയ്യണമെങ്കിൽ 3 കോടി രൂപകൂടി വേണം. അത് ഒന്നരക്കോടി രൂപ വീതം രണ്ട് തവണയായി നൽകാമെന്നാണ് പറയുന്നത്. അങ്ങനെ നൽകുകയാണെങ്കിൽ നിലവിലുള്ള വർക്ക് കംപ്ലീറ്റ് ചെയ്യാൻ സാധിക്കുകയില്ല. പ്രത്യേകിച്ച് ആസിഡ് അടക്കമുള്ള കാര്യങ്ങൾ ബാധിക്കാത്ത തരത്തിലുള്ള പൈപ്പ് ലൈനും മറ്റുമൊക്കെ സ്ഥാപിക്കേണ്ടതുണ്ട്. അതിനുശേഷമാണ് ടൈൽ പാകേണ്ടത്. ഇങ്ങനെയൊരു പ്രതിസന്ധി നിൽക്കുകയാണ്. അതുകൊണ്ട് അടിയന്തരമായി ആ പണം അനുവദിക്കുമോ?

മി. സ്പീക്കർ: ഈ ചോദ്യം മന്ത്രിക്ക് എഴുതിക്കൊടുത്താൽ മതിയായിരുന്നു. ഉപചോദ്യങ്ങൾ ചോദിക്കുന്നതിനുള്ള സമയം ഇത്തരത്തിൽ ഉപയോഗപ്പെടുത്തരുത്.

ഡോ. കെ. ടി. ജലീൽ: സർ, ഉന്നതവിദ്യാഭ്യാസ രംഗത്ത് കേന്ദ്രസർക്കാരിന്റെ ഫണ്ടുകൾ ടാപ്പ് ചെയ്യുന്നതിൽ പ്രത്യേക ഔത്സുക്യം ഗവൺമെന്റ് കാണിക്കുന്നുണ്ട്. 'റൂസ' ഫണ്ട് ഏറ്റവും കൂടുതൽ ലഭിച്ച ഇന്ത്യയിലെ മൂന്നാമത്തെ സംസ്ഥാനമാണ് കേരളം. 120 കോളേജുകൾക്കാണ് ആ ഫണ്ട് നേടിയെടുക്കാൻ സാധിച്ചത്. അതിൽ ഒന്നാണ് പട്ടാമ്പി ഗവൺമെന്റ് സംസ്കൃത കോളേജ്. രണ്ട് ഘട്ടങ്ങളിലായി 254.83 കോടി രൂപ കേന്ദ്രത്തിൽ നിന്ന് അനുവദിപ്പിച്ചെടുക്കാൻ കഴിഞ്ഞു. ഇതിൽ 101 കോടി രൂപ സംസ്ഥാന വിഹിതമാണ്. ഇക്കാര്യം പരിശോധിച്ച് വേണ്ടത് ചെയ്യാം.

ശ്രീ. എം. ഉമ്മർ: സർ, അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ ഭാഗമായി നിർമ്മിച്ച ട്രെയിനിംഗ് കേന്ദ്രങ്ങളിൽ ആദ്യം പൂർത്തീകരിച്ചത് എന്റെ മണ്ഡലത്തിലുള്ള പാണ്ടിക്കാടാണ്. അത് അവിടെ വരുമ്പോൾ അധിക നൈപുണ്യത്തിന് ട്രെയിനിംഗ് കൊടുക്കാൻ കഴിയുമെന്നാണ് വിചാരിച്ചിരുന്നത്. നിർഭാഗ്യവശാൽ അത് അപ്പോളോ എന്ന ഹോസ്പിറ്റൽ ഏജൻസിയെയാണ് ഏൽപ്പിച്ചത്. അതിനൊരു ലോക്കൽ കമ്മിറ്റിയുണ്ട്. ആ കമ്മിറ്റിയിൽ എം.എൽ.എ. ഇല്ല, ജനപ്രതിനിധി എന്ന നിലയ്ക്ക് ഒരു വാർഡ് മെമ്പറെ മാത്രമാണ് വച്ചിട്ടുള്ളത്. കെട്ടിടം നിർമ്മിക്കുന്നതിനും സ്ഥലം കണ്ടെത്തുന്നതിനും ശിപാർശ ചെയ്യാനുള്ള എം.എൽ.എ.-മാരെ ഒഴിവാക്കി. മാത്രമല്ല, അതിന്റെ കൺസൾട്ടന്റിനെപ്പോലും ആലോചിക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് അടിയന്തരമായി അപ്പോളോ എന്ന ആശുപത്രി ഏജൻസിയെ ഒഴിവാക്കി അതിന്റെ ചുമതല ഗവൺമെന്റിന്റെകൂടി നിയന്ത്രണത്തിലുള്ളൊരു ഏജൻസിയെ ഏൽപ്പിക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, ഇത്തരത്തിലുള്ള നൈപുണ്യ വികസന കേന്ദ്രങ്ങൾ ആരംഭിക്കുമ്പോൾത്തന്നെ കോമ്പീറ്റന്റായ ഏജൻസികളെ ബിഡ് ചെയ്തിരുന്നു. അങ്ങനെയാണ് ഇത്തരത്തിലുള്ള ഏജൻസികൾ വന്നത്. ആ സ്ഥാപനം ആരംഭിച്ചപ്പോൾത്തന്നെ ഇത്തരത്തിലുള്ളൊരു ഏജൻസിയെ ചുമതലപ്പെടുത്തിയിരുന്നു. ആ ഏജൻസിയാണ് ഇപ്പോൾ അങ്ങയുടെ മണ്ഡലത്തിലെ നൈപുണ്യ വികസന കേന്ദ്രത്തിന്റെ നടത്തിപ്പും പരിശീലനവും ഏറ്റെടുത്തിരിക്കുന്നത്. അപ്പോളോ ഏറ്റവും മോശമായ സ്ഥാപനമാണെന്ന് എനിക്ക് തോന്നുന്നില്ല. അവർ മികച്ച രീതിയിൽ പല കേന്ദ്രങ്ങളിലും ട്രെയിനിംഗ് നടത്തുന്നുണ്ട്. അക്കാര്യത്തിൽ അങ്ങേയ്ക്ക് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ എഴുതി തന്നാൽ മതി. പാണ്ടിക്കാട്ടെ നൈപുണ്യ വികസന കേന്ദ്രത്തിൽ സഫിഷ്യന്റായ വിദ്യാർത്ഥികളായി, ക്ലാസ്സുകൾ ഏതാണ്ട് ആരംഭിക്കാൻ പോകുന്നുവെന്നാണ് ഞാൻ മനസ്സിലാക്കിയത്. നേരത്തെ അതിന്റെ ഉദ്ഘാടനം നിശ്ചയിച്ചിരുന്നെങ്കിലും

അങ്ങ് പറഞ്ഞൊരു അസൗകര്യത്തിന്റെ അടിസ്ഥാനത്തിലാണ് മാറ്റിവച്ചത്. ആരുടെ സമയത്താണോ അത് ആരംഭിച്ചത് അവർ തന്നെയാണ് അപ്പോളോ ഏജൻസിയെ നിയോഗിച്ചത്. ഒരു ഏജൻസിയുണ്ടെങ്കിൽ മാത്രമേ അത്തരത്തിലുള്ളൊരു സ്ഥാപനത്തിന്റെ നിർമ്മാണംപോലും ആരംഭിക്കാൻ നമുക്ക് സാധിക്കുകയുള്ളൂ.

ശ്രീ. ഐ. ബി. സതീഷ്: സർ, കേരള സർവ്വകലാശാല 18 വർഷങ്ങൾക്കുമുമ്പ് ആരംഭിച്ചതാണ് കേരള യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് കോളേജ്. അഭിമാനകരമായ ഒട്ടേറെ നേട്ടങ്ങൾ ആ സ്ഥാപനത്തിന് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഈയടുത്തകാലത്ത് AICTE (All India Council for Technical Education)-യുടെ ചില നിബന്ധനകൾ ഈ സ്ഥാപനത്തിൽ പ്രതിസന്ധി സൃഷ്ടിച്ചു. അപ്പോഴെല്ലാം സമയോചിതമായ ഇടപെടലാണ് അങ്ങയുടെ ഭാഗത്തുനിന്നുമുണ്ടായത്. ഈ സ്ഥാപനത്തെ സെന്റർ ഓഫ് എക്സലൻസാക്കി മാറ്റുന്നതിനും അങ്ങ് പ്രഖ്യാപിച്ച പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, പരിശോധിച്ച് ആവശ്യമായ തീരുമാനമെടുക്കുന്നതാണ്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഉന്നതവിദ്യാഭ്യാസ രംഗത്ത് പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനെക്കുറിച്ച് സൂചിപ്പിച്ചു. ഗവൺമെന്റ് കോളേജ്, കട്ടപ്പന 'നാക്' അക്രഡിറ്റേഷനിൽ 'എ' ഗ്രേഡ് ഉള്ളൊരു കോളേജാണ്. വിദ്യാർത്ഥികളും അദ്ധ്യാപകരും വിവിധ ഭരണ-പ്രതിപക്ഷ വിദ്യാർത്ഥി സംഘടനകളുമൊക്കെ അവിടെയുണ്ടെങ്കിലും ആ കോളേജിന്റെ പ്രവർത്തനത്തെ ഒരിക്കലും അത് ദോഷകരമായി ബാധിച്ചിട്ടില്ല. ബി.എ. ഇക്കണോമിക്സ് പരീക്ഷയെഴുതിയ മുഴുവൻ കുട്ടികളും വിജയിച്ചൊരു കോളേജാണത്. എല്ലാം വളരെ ഭംഗിയായി പോകുന്നു, ആവശ്യമുള്ള സൗകര്യങ്ങളും കെട്ടിട സംവിധാനങ്ങളുമൊക്കെയുണ്ട്. പുതിയ കോഴ്സുകളുടെ അഭാവം ഒരു വലിയ വിഷയമാണ്. ഹൈറേഞ്ചിൽ വേറെ സംവിധാനമില്ല. ജില്ലയിലെ ആദ്യത്തെ ഗവൺമെന്റ് കോളേജാണത്. അവിടെ യൂണിവേഴ്സിറ്റി റെക്കമെന്റ് ചെയ്ത കോഴ്സുകളുണ്ട്. ആ കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കാനാവാശ്യമായ നടപടി സ്വീകരിക്കണമെന്നതാണ് എന്റെ ആവശ്യം. ഇടുക്കി എഞ്ചിനീയറിംഗ് കോളേജിന്റെ അടിസ്ഥാന സൗകര്യത്തിനുവേണ്ടി എന്റെ അസറ്റ് ഡെവലപ്മെന്റ് ഫണ്ടിൽ നിന്നും വാഹനം വാങ്ങുന്നതിന് തുക കൊടുത്തിട്ട് ഒരു വർഷമാകാൻ പോകുന്നു. ഇതുവരെ ആ വാഹനം കൊടുക്കാൻ കഴിയുന്നില്ല. ഹെഡ് ഓഫ് അക്കൗണ്ടില്ലെന്നും ആരാണ് ഇംപ്ലിമെന്റിംഗ് ഏജൻസിയെന്ന്

അറിയില്ലെന്നും പറഞ്ഞ് തടസ്സങ്ങൾ സൃഷ്ടിക്കുകയാണ്. ഇങ്ങനെയുള്ള സ്ഥാപനങ്ങൾക്ക് എം.എൽ.എ. ഫണ്ടിൽ നിന്നും അസറ്റ് ഫണ്ടിൽ നിന്നും കൊടുക്കുന്ന തുക പ്രയോജനപ്പെടുത്താൻ ഒരു വർഷം എന്ന കാലയളവ് വയ്ക്കാതെ അത് മിനിമൈസ് ചെയ്ത് എത്രയുംപെട്ടെന്ന് ലഭ്യമാക്കുന്നതിനുള്ള സൗകര്യമുണ്ടാക്കണം. പുതിയ കോഴ്സ് ആരംഭിക്കുന്നതിനെക്കുറിച്ച് ഗൗരവമായി ചിന്തിക്കണം. ബഹുമാനപ്പെട്ട മന്ത്രി ആ കോളേജ് സന്ദർശിക്കണം.

ഡോ. കെ. ടി. ജലീൽ: സർ, 2020-21 അദ്ധ്യയന വർഷം സൗകര്യമുള്ള ഗവൺമെന്റ് എയ്ഡഡ് കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കണമെന്നതാണ് സർക്കാരിന്റെ തീരുമാനം. അതനുസരിച്ച് സൗകര്യങ്ങളുള്ള സ്ഥലങ്ങളിൽ കോളേജുകളും കോഴ്സുകളും ആരംഭിക്കും. അതോടൊപ്പം അങ്ങ് പറഞ്ഞതുപോലെ, ഉന്നത വിദ്യാഭ്യാസ മേഖലയിൽ എം.എൽ.എ.മാരുടെയും എം.പി.മാരുടെയും ഫണ്ട് ലഭിക്കുമ്പോൾ അത് പ്രയോജനപ്പെടുത്തുന്നതിൽ കാലതാമസം നേരിടുന്നുവെന്നത് ഗൗരവമായിത്തന്നെ കാണും. അങ്ങനെ കാലതാമസം വരുത്തി ഇത്തരം ഫണ്ടുകൾ അനുവദിക്കുന്നത് നിരുത്സാഹപ്പെടുത്തുന്ന ആരെങ്കിലുമുണ്ടെങ്കിൽ അവർക്കെതിരെ കർശന നടപടി സ്വീകരിക്കും.

ശ്രീ. പി. ടി. എ. റഹീം: സർ, വളരെ പ്രതീക്ഷയോടുകൂടിയാണ് അലിഗഡ് മുസ്ലീം സർവ്വകലാശാലയുടെ ഓഫ് ക്യാമ്പസ് മലപ്പുറം ജില്ലയിൽ ആരംഭിച്ചത്. അതിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്താണെന്ന് വിലയിരുത്തിയിട്ടുണ്ടോ?

ഡോ. കെ. ടി. ജലീൽ: സർ, വളരെ പ്രതീക്ഷയോടുകൂടിയാണ് അലിഗഡ് മുസ്ലീം സർവ്വകലാശാലയുടെ ഓഫ് ക്യാമ്പസ് മലപ്പുറം ജില്ലയിൽ ആരംഭിച്ചത്. അവിടത്തെ മുൻ എം.എൽ.എ. ശ്രീ. വി. ശശികുമാർ മുൻകയ്യെടുത്താണ് അന്ന് 380 ഏക്കറോളം സ്ഥലം സർക്കാരിലേയ്ക്ക് ലഭ്യമാക്കിയത്. അത് അലിഗഡ് മുസ്ലീം യൂണിവേഴ്സിറ്റിക്ക് കൈമാറി. ദൗർഭാഗ്യവശാൽ, 385 ഏക്കർ സ്ഥലത്ത് പ്രവർത്തിക്കുന്ന ആ സ്ഥാപനം ഇപ്പോഴും ഒരു ജൂനിയർ കോളേജ് പോലുമായിട്ടില്ല. ബി.എ. എൽ.എൽ.ബി., എം.ബി.എ., ബി.എഡ്. എന്നിങ്ങനെ ആകെ മൂന്ന് കോഴ്സുകൾ മാത്രമാണ് അവിടെയുള്ളത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ഇടപെടലുകൾ നടത്തിയിട്ടുണ്ട്. പക്ഷെ കേന്ദ്ര ഗവൺമെന്റിന്റെ ഇപ്പോഴത്തെ പൊതുനിലപാട് ഇത്തരത്തിലുള്ള സ്ഥാപനങ്ങൾക്ക് സെന്ററുകൾ എക്സ്പാന്റ് ചെയ്ത് നൽകേണ്ട എന്നാണെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. എന്നാലും പുതിയ ഗവൺമെന്റ് വന്ന

സാഹചര്യത്തിൽ എം.എച്ച്.ആർ.ഡി.-യുടെ ചുമതലയുള്ള പുതിയ മന്ത്രിയെ നേരിൽകണ്ട് ഈ സ്ഥലം അലിഗഡ് മുസ്ലീം സർവ്വകലാശാല ക്യാമ്പസായി വിപുലപ്പെടുത്തുന്നില്ലെങ്കിൽ അത് ടേക്ക് ഓവർ ചെയ്ത് സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസ പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി ഉപയോഗപ്പെടുത്താൻ കഴിയുമോ എന്നുള്ളതിനെക്കുറിച്ചൊക്കെ ആലോചിക്കേണ്ടതുണ്ട്. അദ്ദേഹത്തിന്റെ പ്രതികരണമെന്താണോ അതിനെ ആസ്പദമാക്കി തീരുമാനമെടുക്കുന്നതാണ്.

## നെൽകൃഷിയുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

2 (*122) ശ്രീ. പി. ഉണ്ണി:
ശ്രീമതി യു. പ്രതിഭ:
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. എൻ. വിജയൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയം കനത്ത നാശനഷ്ടം വിതച്ചിട്ടും നെൽകൃഷിയിൽ മുൻവർഷത്തെ അപേക്ഷിച്ച് ഉല്പാദനവർദ്ധനവ് സാധ്യമാക്കാനായി നടത്തിയ ഇടപെടലുകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം നെൽകൃഷിയുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും അതുവഴി കൈവരിക്കാനായ നേട്ടം എന്താണെന്നും വിശദമാക്കാമോ;

(സി) നെൽസംഭരണ രംഗത്ത് ചെറുകിട കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാനായി മിനി റൈസ് മിൽ സ്ഥാപിക്കാനുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ,

(എ) 2018 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലുണ്ടായ മഹാപ്രളയത്തിൽ 35000 ഹെക്ടർ നെൽകൃഷി നശിച്ചുപോയിട്ടുണ്ട്. സർക്കാർ സമയോചിതമായി ഇടപെടുകയും വിത്തും മറ്റ് ഉല്പാദനോപാധികളും യഥാസമയം ലഭ്യമാക്കുകയും ചെയ്തതിനാൽ 202985 ഹെക്ടർ സ്ഥലത്ത് പ്രളയം കഴിഞ്ഞയുടൻതന്നെ കൃഷിയിറക്കുന്നതിന് സാധ്യമായി. 100 ശതമാനം സബ്സിഡിയിൽ കർഷകർക്ക് ആവശ്യമായ നെൽവിത്ത് നൽകി. പ്രളയാനന്തര കൃഷിക്കും തുടർന്നുള്ള മുണ്ടകൻ/പുഞ്ച കൃഷിക്കുമായി 5650.85 ടൺ വിത്ത് ഇത്തരത്തിൽ സൗജന്യമായി വിതരണം ചെയ്യുകയുണ്ടായി. പ്രളയബാധിത പ്രദേശങ്ങളിൽ വെള്ളം പമ്പുചെയ്ത്

മാറ്റുന്നതിനായി പമ്പിംഗ് സബ്സിഡി വിതരണത്തിലെ വ്യവസ്ഥകളിൽ മാറ്റംവരുത്തുകയും വൈദ്യുതിലൈനുകൾ പുനഃസ്ഥാപിച്ചതോടൊപ്പം പെട്ടിപറ, മോട്ടോറുകൾ, മോട്ടോർത്തറ, പമ്പുഹൗസുകൾ എന്നിവയെല്ലാം യുദ്ധകാലാടിസ്ഥാനത്തിൽ അറ്റകുറ്റപ്പണികൾ നടത്തുകയോ പുനഃസ്ഥാപിക്കുകയോ ചെയ്തു. 17213 ഹെക്ടർ സ്ഥലത്തുനിന്നും പ്രളയത്തിൽ വന്നടിഞ്ഞ മണ്ണ് നീക്കം ചെയ്യുന്നതിനായി 21 കോടി രൂപ കർഷകർക്ക് നൽകിയാണ് നെൽവയലുകൾ കൃഷിയോഗ്യമാക്കിയത്. ചെറുതും വലുതുമായ മടവീണ 138 ബണ്ടുകൾ പുനർനിർമ്മിച്ചു. കോട്ടയം, എറണാകുളം, തൃശ്ശൂർ, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ പെട്ടെന്നുണ്ടായ കീടബാധ (pest outbreak) യഥാസമയം നടപടികൾ സ്വീകരിച്ച് നിയന്ത്രണവിധേയമാക്കാൻ സാധിച്ചു.

നെൽകൃഷി വികസന പദ്ധതിപ്രകാരം സുസ്ഥിര നെൽകൃഷി വികസനത്തിന് ഹെക്ടറൊന്നിന് 5500 രൂപയും സവിശേഷ നെല്ലിനങ്ങളുടെ വികസനത്തിന് 10,000 രൂപയും ഒരുപൂ കൃഷി ഇരുപ്പൂവാക്കുന്നതിന് 10,000 രൂപയും കരനെൽ കൃഷിക്ക് 13,600 രൂപയും ധനസഹായമായി നൽകുന്നുണ്ട്. തരിശ് നിലത്തിലെ കൃഷിക്ക് ഹെക്ടറൊന്നിന് ഒന്നാം വർഷം 30,000 രൂപയും രണ്ടാം വർഷം 7,000 രൂപയും മൂന്നാം വർഷം 4,500 രൂപയുമാണ് ധനസഹായം നൽകുന്നത്. ഇതിനുപുറമെ നഗരപ്രദേശത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഉൾപ്പെടെ നെൽകൃഷി വികസനത്തിനുള്ള പദ്ധതിയധിഷ്ഠിത ധനസഹായവും റൈസ് ഇന്നൊവേഷൻ ഫണ്ട് പ്രകാരമുള്ള പദ്ധതിയധിഷ്ഠിത ധനസഹായവും നൽകുന്നുണ്ട്.

ക്രോപ്പിംഗ് സിസ്റ്റം പ്രദർശനത്തോട്ടത്തിന് ഹെക്ടറൊന്നിന് 15,000 രൂപയും ഹൈബ്രിഡ് വിത്ത് ഉപയോഗിക്കുന്നതിന് ഒരു ക്വിന്റലിന് 10,000 രൂപയും റിലീസ് ചെയ്തിട്ട് 10 വർഷത്തിൽ താഴെയുള്ള അത്യുൽപ്പാദന ശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 2,000 രൂപയും റിലീസ് ചെയ്തിട്ട് 10 വർഷത്തിൽ കൂടുതലുള്ള അത്യുല്പാദനശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 1,000 രൂപയും നൽകുന്നുണ്ട്. സൂക്ഷ്മമൂലക വളങ്ങൾ വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും കുമ്മായ വസ്തുക്കൾ വാങ്ങുന്നതിന് ഹെക്ടറിന് 1000 രൂപയും കീടനാശിനി/ ജൈവകീടനാശിനി വാങ്ങുന്നതിന് 500 രൂപയും കളനാശിനി വാങ്ങുന്നതിന് 500 രൂപയും ആനുകൂല്യം നൽകുന്നുണ്ട്. മരുന്ന് തളിക്കുന്നതിനുള്ള സ്പ്രേയറിന് 600 രൂപയും പവർ സ്പ്രേയറിന് 3,000 രൂപയും വിന്നോവറിന് 10,000 രൂപയുമാണ് സബ്സിഡി നൽകുക. പമ്പുസെറ്റ് സ്ഥാപിക്കുന്നതിന് 10,000 രൂപ സബ്സിഡി നൽകും.

അനുയോജ്യ കാർഷിക കാലാവസ്ഥയുള്ള പ്രദേശങ്ങളെ നെൽകൃഷിയുടെ പ്രത്യേക കാർഷിക മേഖലകളായി കണക്കാക്കി അവിടെയുള്ള സ്രോതസ്സുകളും സാധ്യതകളും പരിമിതികളും പരിഗണിച്ച് വിത്ത് മുതൽ വിപണി വരെയുള്ള എല്ലാ ഭൗതിക സാമ്പത്തിക സാഹചര്യങ്ങളും സജ്ജമാക്കി പരമാവധി ഉല്പാദനം കൈവരിക്കാനും ഉല്പന്നത്തിന്റെ മെച്ചപ്പെട്ട കൈകാര്യത്തിലൂടെയും മൂല്യവർദ്ധനവിലൂടെയും മെച്ചപ്പെട്ട വിപണന സംവിധാനത്തിലൂടെയും കർഷകർക്ക് പരമാവധി വരുമാനം ലഭ്യമാക്കാനുമായി ഏഴ് പ്രത്യേക കാർഷിക മേഖലയ്ക്കുള്ള അടിസ്ഥാനസൗകര്യ വികസന പദ്ധതികളും നടപ്പിലാക്കുന്നു.

(ബി) കരനെൽകൃഷി, കോൾ ഡബിൾ, തരിശ് നിലകൃഷി, ഒരുപൂ കൃഷി ഇരുപ്പൂവാക്കൽ തുടങ്ങിയ വിവിധ പദ്ധതികൾവഴി നെൽകൃഷിയുടെ വ്യാപ്തി വർദ്ധിപ്പിക്കാൻ കഴിഞ്ഞു.

2015-16 സാമ്പത്തിക വർഷം 196870 ഹെക്ടറായിരുന്ന നെൽകൃഷി 2017-18-ൽ 220449 ഹെക്ടറായി വർദ്ധിപ്പിക്കാൻ സാധിച്ചു. 2018-ലെ പ്രളയത്തിൽ ഒരു സീസണിൽ 35000 ഹെക്ടർ നെൽകൃഷി പൂർണ്ണമായും നഷ്ടപ്പെട്ടിട്ടും 2018-19 സാമ്പത്തികവർഷം 202985 ഹെക്ടർ നെൽകൃഷി നിലനിർത്താൻ കഴിഞ്ഞിട്ടുണ്ട്. പ്രളയത്തെത്തുടർന്ന് മണ്ണിന്റെ ഘടനയിലുണ്ടായ മാറ്റങ്ങളെക്കുറിച്ച് വിശകലനം ചെയ്ത് അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൃഷിയിറക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ കർഷകർക്ക് നൽകുകയുണ്ടായി. ഇതുമൂലം ഉല്പാദനത്തിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. ഹെക്ടറിന് പരമാവധി 9.5 ടൺ വരെ ഉല്പാദനം ലഭിച്ചുവെന്ന റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്.

(സി) 2017-18 സാമ്പത്തിക വർഷത്തെ നെൽകൃഷി വികസനമെന്ന സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം മിനി റൈസ് മില്ലുകളും പ്രോസസിംഗ് യൂണിറ്റുകളും സ്ഥാപിക്കുന്നതിന് പദ്ധതിയധിഷ്ഠിത ധനസഹായം നൽകിയിരുന്നു. അതിൻപ്രകാരം സംസ്ഥാനത്ത് 415 മിനി റൈസ് മില്ലുകളും 16 പ്രോസസിംഗ് യൂണിറ്റുകളും ആരംഭിക്കുന്നതിനുള്ള അനുമതിയും സാമ്പത്തിക സഹായവും നൽകിയിട്ടുണ്ട്.

2019-20 സാമ്പത്തിക വർഷത്തെ നെൽകൃഷി വികസന പദ്ധതിയിൽ റൈസ് മിൽ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ഘടകത്തിനായി 70 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ വർഷവും മിനി റൈസ് മില്ലുകളും പ്രോസസിംഗ് യൂണിറ്റുകളും ആരംഭിക്കുന്നതാണ്.

ഇതിനുപുറമെ, വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ മൂന്ന് വൻകിട റൈസ് പാർക്കുകൾ ആരംഭിക്കാൻ നടപടിയെടുക്കുകയും അതിൽ ഒരെണ്ണത്തിന്റെ തറക്കല്ലിടൽ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുകയുമാണ്. രണ്ട് റൈസ് പാർക്കുകൾ അടിയന്തരമായി ആരംഭിക്കാനാവശ്യമായ നടപടികൾ വ്യവസായ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. പി. ഉണ്ണി: സർ, നെല്ല് സംഭരണവുമായി ബന്ധപ്പെട്ട വിഷയമാണ് ഞാൻ ഇവിടെ ഉന്നയിക്കുന്നത്. വ്യത്യസ്ത കാലയളവിലാണ് കൊയ്ത്ത് ആരംഭിക്കുന്നത്. ഏറ്റവും നല്ലയിനം നെല്ല് വിളയിക്കുന്ന പ്രദേശമായ പാലക്കാട് ജില്ലയിലെ ആലത്തൂരിലും ചിറ്റൂർ പ്രദേശങ്ങളിലും ആഗസ്റ്റ് മാസംതന്നെ കൊയ്ത്ത് ആരംഭിക്കുകയും സെപ്റ്റംബർ-ഒക്ടോബർ മാസത്തിൽ അവസാനിക്കുകയും ചെയ്യും. ആദ്യം വിളവെടുക്കുന്ന നെല്ല് സൂക്ഷിക്കാൻ കൃഷിക്കാർക്ക് സാധിക്കുന്നില്ല. പണ്ടത്തെപ്പോലെ കളപ്പുരകളില്ലാത്തതിനാൽ നെല്ല് സൂക്ഷിക്കാൻ കഴിയില്ല. അതുകൊണ്ട് പാടശേഖര സമിതികൾക്ക് നെല്ല് സംഭരിക്കുന്നതിനുവേണ്ടി ഗോഡൗൺ പോലുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കണം. ആദ്യ വിളവെടുപ്പ് സമയത്തുതന്നെ നെല്ല് സംഭരിക്കാനാവശ്യമായ സംവിധാനം നടപ്പിലാക്കാൻ സാധിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, പാലക്കാട് ജില്ലയിലെ കർഷകരുടെ പ്രധാനപ്പെട്ട പരാതിയാണിത്. ഇത് പരിഗണിച്ചുകൊണ്ട് സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റുമായി ചർച്ച ചെയ്ത് ആഗസ്റ്റ് മാസത്തിൽത്തന്നെ നെല്ല് സംഭരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. പി. ഉണ്ണി: സർ, കൃഷിയിടത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഡാം പണിത കാലത്തുള്ള ജലവിതരണ സംവിധാനമാണ് ഇപ്പോഴും നിലനിൽക്കുന്നത്. ഇപ്പോൾ ഭൂമിയുടെ വ്യാപ്തിയിലുണ്ടായ വ്യത്യാസത്തിന്റെ ഫലമായി കനാലിന്റെ അവസാനഭാഗത്തുള്ള കൃഷിഭൂമിക്ക് വെള്ളം ലഭിക്കാതെ വരുന്നുണ്ട്. ജലവിതരണത്തിന്റെ കാര്യത്തിൽ കൃഷി, ജലവിഭവ വകുപ്പുകൾ കൂടിയാലോചിച്ച് ഈ പ്രശ്നം പരിഹരിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, പാലക്കാട് ജില്ലയിലെ ഡാമുകളിൽ നിന്നുള്ള ജലവിതരണവുമായി ബന്ധപ്പെട്ട് നിരവധി പരാതികളുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ജലവിഭവ വകുപ്പും കൃഷി വകുപ്പും സംയുക്തമായി ആലോചിച്ച് ജലവിതരണം സുഗമമാക്കുന്നതിനും കൂടുതൽ മേഖലകളിൽ കൃഷി ആരംഭിക്കാനുമാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീമതി യു. പ്രതിഭ: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഭാര്യയുടെ കെട്ടുതാലിയും കുഞ്ഞിന്റെ കമ്മലും വരെ കേരളത്തിലെ നെൽകർഷകർക്ക് വിൽക്കേണ്ടി വന്നിരുന്നു. ഇന്നവർ ആഹ്ലാദത്തിലാണ്. നെൽകൃഷി ഇന്ന് ആദായകരവും ആകർഷണീയവുമായ മേഖലയാക്കി മാറ്റാൻ കഴിഞ്ഞിട്ടുണ്ട്. അത് സർക്കാരിന്റെ സമയോചിതമായ ഇടപെടലിന്റെ ഭാഗമായിട്ടാണെന്ന് എല്ലാവർക്കുമറിയാം. ഉല്പാദനത്തിനാവശ്യമായ ചെലവും ഉല്പന്നത്തിനാവശ്യമായ വിലയും ഇന്ന് ഗവൺമെന്റ് നൽകുന്നുണ്ട്. നെൽകൃഷി സംരക്ഷണത്തിനും വ്യാപനത്തിനുമായി അഞ്ച് റൈസ് സോൺ പ്രഖ്യാപിക്കുകയുണ്ടായി. അതിന്റെ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഏകദേശം 665362 മെട്രിക് ടൺ റെക്കോർഡ് ഉല്പാദനത്തിലേയ്ക്ക് കേരളത്തിന് മാറാൻ സാധിച്ചിട്ടുണ്ട്. ഇതിൽ ഏകദേശം രണ്ട് ലക്ഷത്തിനടുത്ത് മെട്രിക് ടൺ ഉല്പാദനം നടന്നത് ആലപ്പുഴ ജില്ലയിലാണ്. പക്ഷേ അവിടെ എന്തൊക്കെ ചെയ്താലും ഇന്നും വലിയ പ്രതിസന്ധിയായി പ്രകൃതിക്ഷോഭം നിലനിൽക്കുന്നുണ്ട്. സ്ഥിരമായി മടവീഴ്ചയുണ്ടാകുന്ന പാടശേഖരങ്ങളുടെ ബണ്ട് ബലപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ ഈ സോണിന്റെ ഭാഗമായി ചെയ്യുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കഴിഞ്ഞ കുട്ടനാട് പാക്കേജിന്റെ ഭാഗമായി പ്രധാനമായും വിഭാവനം ചെയ്തിരുന്നത് മടവീഴ്ച അവസാനിപ്പിക്കുക എന്നതായിരുന്നു. പക്ഷേ കുട്ടനാട് പാക്കേജ് നടപ്പാക്കിയിട്ടും അത് ഇപ്പോഴും തുടരുകയാണ്. പുതിയ കുട്ടനാട് പാക്കേജിൽ പ്രത്യേക സോണായി പ്രഖ്യാപിച്ചിട്ടുള്ള മേഖലയിൽ പ്രധാനമായും അടിസ്ഥാന വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനമാണ് നടത്താൻ ഉദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യങ്ങൾ തീർച്ചയായും പരിഗണിക്കുന്നതാണ്. ഈ വർഷം സംസ്ഥാനത്ത് കഴിഞ്ഞ വർഷത്തെക്കാളും 226000 മെട്രിക് ടൺ നെല്ല് അധികമായി ഉല്പാദിപ്പിക്കാൻ സാധിച്ചിട്ടുണ്ട്.

ശ്രീ. യു. ആർ. പ്രദീപ്: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം നെൽപ്പാടങ്ങളിൽ വലിയ മുന്നേറ്റം നടത്താൻ സാധിച്ചിട്ടുണ്ട്. തണ്ണീർത്തട സംരക്ഷണ നിയമം വരുന്നതിനുമുമ്പ് പല പാടശേഖരങ്ങളിലും ഇഷ്ടിക നിർമ്മാണത്തിനുവേണ്ടി എടുത്ത കുഴികൾ ഉപേക്ഷിച്ച നിലയിലാണ്. അത്തരം സ്ഥലങ്ങൾ വീണ്ടും പഴയ സ്ഥിതിയിലേയ്ക്ക് മാറ്റുന്നതിന് കർഷകർ ആവശ്യപ്പെടുമ്പോൾ ചില ഉദ്യോഗസ്ഥർ അത് ഗൗരവമായെടുക്കുന്നില്ല. ഇതുമായി ബന്ധപ്പെട്ട പൊതുവായ ഒരു ഉത്തരവ് റവന്യൂ വകുപ്പുമായി ചേർന്ന് പുറപ്പെടുവിക്കാൻ സാധിക്കുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ഇഷ്ടിക കളങ്ങളാക്കി മാറ്റിയ ധാരാളം സ്ഥലങ്ങൾ കൃഷിയോഗ്യമാക്കി മാറ്റാൻ സാധിക്കാത്തതായിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുമായി കൂടിയാലോചിച്ച് അത്തരം സ്ഥലങ്ങളിലെല്ലാം കൃഷി ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. അതത് പ്രദേശത്തെ എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ ഇത്തരം പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലങ്ങളിലെല്ലാം ആവശ്യമായ സഹായങ്ങൾ ചെയ്യുന്നതാണ്. ഈ വിഷയത്തിൽ പൊതുവായ ഉത്തരവിറക്കേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. നേരത്തെ പൊതുവായ ഒരു തീരുമാനം എടുത്തിട്ടുള്ളതാണ്. അതുകൊണ്ട് കൃഷിയോഗ്യമാക്കാൻ സാധിക്കുന്ന എല്ലാ സ്ഥലത്തും അതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് പൊതുവായി നൽകിയിരിക്കുന്ന നിർദ്ദേശം.

<u>ശ്രീ. എൻ. വിജയൻ പിള്ള</u>: സർ, സംസ്ഥാനത്ത് പാടശേഖര സമിതികളെ ശക്തിപ്പെടുത്തി നെൽകൃഷി വ്യാപിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികളെന്തെല്ലാം; നെൽകൃഷിക്കുള്ള സബ്സിഡി കേന്ദ്ര ഗവൺമെന്റ് വെട്ടിക്കുറച്ചിട്ടുണ്ടോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, പാടശേഖര സമിതികൾ വഴിയാണ് നെൽകൃഷിയെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്നത്. അതിനാവശ്യമായ സഹായങ്ങൾ പാടശേഖര സമിതികൾക്ക് നൽകുന്നുണ്ട്. അവയുടെ അഡ്മിനിസ്ട്രേഷൻ ചെലവുകളടക്കമുള്ള കാര്യങ്ങൾക്ക് ഗവൺമെന്റ് ധനസഹായം നൽകുന്നുണ്ട്. നേരത്തെ ആർ.കെ.വി.വൈ. പദ്ധതി പ്രകാരം കേന്ദ്രസർക്കാർ കർഷകർക്ക് നൽകിക്കൊണ്ടിരുന്ന സബ്സിഡി ഇപ്പോൾ പിൻവലിച്ചിരിക്കുകയാണ്. കഴിഞ്ഞ വർഷത്തിനുമുമ്പുവരെ ആർ.കെ.വി.വൈ. പദ്ധതിപ്രകാരം 4500 രൂപ വീതം കിട്ടിക്കൊണ്ടിരുന്ന സബ്സിഡി തുക കേന്ദ്രസർക്കാർ വെട്ടിക്കുറയ്ക്കുകയുണ്ടായി. ഇപ്പോൾ ആ തുക സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തിയാണ് കർഷകർക്ക് നൽകിവരുന്നത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, നെല്ല് സംഭരണ രംഗത്ത് ചെറുകിട കർഷകർക്ക് കൃത്യമായി പണം ലഭിക്കുന്നില്ല. മറ്റൊന്ന്, പാഡി ഓഫീസർമാർ വിളിച്ചുവരുത്തുമ്പോൾ ഏതെങ്കിലും മില്ലുടമ വന്ന് വാശി തീർക്കണമെന്ന് പറയും. പത്ത് കിലോ നെല്ലുകൊടുക്കുമ്പോൾ മൂന്നോ നാലോ അഞ്ചോ കിലോയൊക്കെ വാശിയായി മാറ്റുകയാണ്. ഒരു സാങ്കേതിക പരിജ്ഞാനവുമില്ലാതെ പതിരാണെന്ന് അവർ പ്രഖ്യാപിക്കുകയാണ്, പാവപ്പെട്ട കർഷകർക്ക് തുക കിട്ടാതിരിക്കുകയാണ്. അത് പല സ്ഥലങ്ങളിലും സംഘർഷത്തിനിടയാക്കുന്നു. അതുകൊണ്ട് ഇക്കാര്യത്തിൽ സാങ്കേതികമായ എന്തെങ്കിലും തീരുമാനമുണ്ടോ? നെല്ല് കൊടുക്കുമ്പോൾ അരി തിരിച്ചുകൊടുക്കുന്ന സംവിധാനമുണ്ട്. അതിൽ അരിയുടെ

തോത് കുറച്ചുകൊണ്ടുള്ള തീരുമാനമെന്തെങ്കിലും എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയാണ് കുറച്ചിട്ടുള്ളത്; ഒരു ക്വിന്റൽ നെല്ലിന് എത്ര കിലോ അരി എന്നാണ് നിശ്ചയിച്ചിട്ടുള്ളത്; അതിന്റെ തോതിൽ വ്യതിയാനം വരുത്തിയിട്ടുണ്ടോ?

മി. സ്പീക്കർ: ചോദ്യം ചോദിക്കുമ്പോൾ ഷട്ടിൽ കളി ഓർമ്മിക്കുന്നത് നന്നായിരിക്കും. അടിക്കുന്നു, തിരിച്ചടിക്കുന്നു; ചോദ്യം ചോദിക്കുന്നത് ആ രീതിയിലാക്കണം. വിശദമായ പ്രസംഗം ഒഴിവാക്കണം.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ രണ്ട് വകുപ്പുകളുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ ചോദിച്ചിട്ടുണ്ട്. ഒന്നാമതായി ചെറുകിട കർഷകരുടെ നെല്ല് സംഭരിക്കുന്നതിനുള്ള സംവിധാനത്തെപ്പറ്റിയാണ് ചോദിച്ചത്. അതിന് വ്യക്തമായ മാനദണ്ഡങ്ങൾ കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. നെല്ലിന്റെ ഈർപ്പത്തിന് അംഗീകൃതമായ അളവ് 17 ശതമാനംവരെ എന്നാണ് പറയുന്നത്. അതിനെക്കാൾ കൂടുതൽ ഈർപ്പമുണ്ടെങ്കിൽ മാത്രമേ അതിൽ വെട്ടിക്കുറവ് വരുത്താൻ പാടുള്ളൂ. പ്രൊക്യൂർമെന്റുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ പുറപ്പെടുവിച്ച വ്യക്തമായ മാനദണ്ഡം നിലനിൽക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട തർക്കം പരിഹരിക്കുന്നതിനായി പഞ്ചായത്ത് പ്രസിഡന്റും കൃഷി ഓഫീസറും പ്രൊക്യൂർമെന്റുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരും കർഷകരുമടങ്ങുന്ന ഒരു സമിതിക്ക് രൂപം നൽകിയിട്ടുണ്ട്. കർഷകരുമായി തർക്കം ഉണ്ടാകുകയാണെങ്കിൽ അത് പരിശോധിക്കണമെന്നും ആ സമിതിയുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ നെല്ല് സംഭരിക്കണമെന്നുമാണ് കൃഷി വകുപ്പും സിവിൽ സപ്ലൈസ് വകുപ്പും നിർദ്ദേശിച്ചിരിക്കുന്നത്. എങ്കിൽപ്പോലും പലയിടങ്ങളിലും തർക്കങ്ങൾ ഉണ്ടാകുന്നുണ്ട്. മില്ലുടമസ്ഥരിൽ പലരും അനാവശ്യമായ രീതിയിൽ കർഷകരുടെ കയ്യിൽ നിന്നും താര, വാശി, വെട്ടിക്കുറവ് എന്നിങ്ങനെ പല പേരുകളിൽ വെട്ടിക്കുറയ്ക്കുന്നുണ്ട്. അത് പരിഹരിക്കുന്നതിനുവേണ്ടിയാണ് ഇങ്ങനെയൊരു നടപടിയെടുത്തിരിക്കുന്നത്. പ്രൊക്യൂർമെന്റുമായി ബന്ധപ്പെട്ട് മില്ലുടമസ്ഥരുടെ ഏജന്റുമാർ നടത്തുന്ന ഇത്തരത്തിലുള്ള ഇടപെടലുകൾക്കെതിരായി കർശന നടപടി സ്വീകരിച്ചുവരികയാണ്. ഏതെങ്കിലും സ്ഥലത്ത് പരാതിയുണ്ടെങ്കിൽ ഗവൺമെന്റ് ഇടപെട്ട് പരിഹാരമുണ്ടാക്കുന്നതാണ്. നെല്ലിന്റെ ഉല്പാദനവുമായി ബന്ധപ്പെട്ടാണ് അങ്ങിവിടെ ചോദിച്ച മറ്റൊരു ചോദ്യം. 100 കിലോ നെല്ലിന് 68 കിലോ അരി തിരിച്ചുതരണമെന്നാണ് കേന്ദ്രസർക്കാർ നേരത്തെ നിശ്ചയിച്ചിരുന്നത്. അരിയുടെ അളവ് സംബന്ധിച്ച് തർക്കമുണ്ടായതിനെത്തുടർന്ന് ഒരു സമിതിയെ നിയോഗിക്കുകയും അതിന്റെ നിർദ്ദേശപ്രകാരം 64 കിലോ അരിയാക്കി ചുരുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് വിവിധ സംസ്ഥാനങ്ങൾ കേന്ദ്രസർക്കാരിന്റെ പൊതുവിതരണ മന്ത്രാലയത്തിന്

റിപ്പോർട്ട് നൽകുകയുണ്ടായി. അത് കേന്ദ്രസർക്കാരിന്റെ പരിഗണന യിലിരിക്കുകയാണ്. അതിനിടയിൽ സംസ്ഥാന ഗവൺമെന്റ് നിയോഗിച്ച സമിതിയുടെ അടിസ്ഥാനത്തിലാണ് 64.5 ശതമാനമായി വെട്ടിക്കുറച്ചത്. 100 കിലോ നെല്ല് കൊടുത്താൽ 64.5 കിലോ അരി തിരിച്ചു നൽകുക എന്ന നിലയിലേയ്ക്ക് അനുപാതം മാറ്റിക്കൊണ്ട് തീരുമാനമെടുത്തത്. ഒരു പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ആ തീരുമാനമെടുത്തിരിക്കുന്നത്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ ഒരു നിർദ്ദേശവും ഫൈനലായി വന്നിട്ടില്ല. കേരള സർക്കാർ എങ്ങനെയാണ് വൻകിട മില്ലുടമകളെ സഹായിക്കാൻവേണ്ടി അരിയുടെ തോത് വെട്ടിക്കുറച്ചതെന്നുള്ളത് വളരെ ഗൗരവതരമായ ഒരു കാര്യമാണ്. ഇതിന്റെ സഹായം മുഴുവൻ കിട്ടുന്നത് വൻകിട മില്ലുടമകൾക്കാണ്, കർഷകർക്കല്ല. എന്റെ ചോദ്യം, കേന്ദ്രസർക്കാർ തീരുമാനമെടുക്കുന്നതിനുമുമ്പ് വൻകിട മില്ലുടമകളെ സഹായിക്കാൻവേണ്ടി കർഷകന് കൊടുക്കുന്ന നെല്ലിന്റെ അളവ് 68 കിലോയേക്കാൾ കുറയ്ക്കാൻ എന്തുകൊണ്ടാണ് നടപടിയെടുത്തത്; എന്തുകൊണ്ടാണ് മില്ലുടമകളെ സഹായിക്കുന്നതിന് ഈ നടപടിയുമായി മുന്നോട്ട് പോയത്?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, സിവിൽ സപ്ലൈസ് വകുപ്പിന് ലഭിച്ചിരിക്കുന്ന നിർദ്ദേശം ഗവൺമെന്റ് തീരുമാനപ്രകാരമുള്ളതാണ്. ഒരു സമിതിയെ നിയോഗിച്ച് ടെസ്റ്റ് ഹള്ളിംഗ് അടക്കം നടത്തിക്കൊണ്ടുള്ള വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാന സർക്കാർ അത്തരത്തിലൊരു തീരുമാനമെടുത്തിരിക്കുന്നത്. ഇത് കർഷകരെ ബാധിക്കുന്ന പ്രശ്നമല്ല. ......(ബഹളം).....

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്....അദ്ദേഹം പറഞ്ഞുതീരട്ടെ. Let him finish.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കേരളം മാത്രമല്ല പല സംസ്ഥാനങ്ങളും അരിയുടെ അളവിൽ വെട്ടിക്കുറവ് വരുത്തണമെന്നാവശ്യപ്പെട്ട് കേന്ദ്രസർക്കാരിലേയ്ക്ക് പഠന റിപ്പോർട്ട് കൊടുത്തിരിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ അങ്ങ് പറഞ്ഞതുപോലെ കേന്ദ്രസർക്കാരിന്റെ തീരുമാനം വന്നിട്ടില്ല എന്നുള്ളത് വസ്തുതയാണ്. ടെസ്റ്റ് ഹള്ളിംഗിന്റെയെല്ലാം അടിസ്ഥാനത്തിൽ നടത്തിയ പഠനം അനുസരിച്ച് കേരളത്തിലെ നെല്ലിൽ നിന്നും 68.5 കിലോ അരി കിട്ടില്ല എന്ന കൃത്യമായ കണക്കിന്റെ അടിസ്ഥാനത്തിലാണ് ആ തീരുമാനമെടുത്തിരിക്കുന്നത്. നേരത്തെയുണ്ടായിരുന്ന കാര്യങ്ങളെ സംബന്ധിച്ച് എന്തെങ്കിലും വിശദീകരണമുണ്ടെങ്കിൽ ബഹുമാനപ്പെട്ട സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി പറയുന്നതായിരിക്കും ഉചിതം.

ശ്രീ. രമേശ് ചെന്നിത്തല: സർ, കാലാകാലങ്ങളായി വൻകിട മില്ലുടമകൾ ആവശ്യപ്പെടുന്ന ഒരു കാര്യമാണിത്. അന്നെല്ലാം ഗവൺമെന്റ് പറഞ്ഞു കൊണ്ടിരുന്നത് കേന്ദ്രസർക്കാരിന്റെ തീരുമാനം വരട്ടെ എന്നാണ്. ഈ തെരഞ്ഞെടുപ്പ് സമയത്ത് ആരുമറിയാതെ വൻകിട മില്ലുടമകളെ സഹായിക്കുന്നതിനുവേണ്ടി നടത്തിയ കള്ളക്കളിയാണിത്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, ഇത് ഒരു കള്ളക്കളിയുമല്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ എൻലിസ്റ്റ് ചെയ്തിട്ടുള്ള 51 മില്ലുകൾ വഴിയാണ് നെല്ല് സംഭരിച്ച് പ്രോസസ്സ് ചെയ്ത് പി.ഡി.എസ്.-ലേയ്ക്ക് അരി വാങ്ങുന്നത്. അവർ നെല്ല് സംഭരിക്കില്ല എന്നുപറഞ്ഞു. അതിന് രണ്ട് കാരണങ്ങളാണ് അവർ ഉന്നയിച്ചത്. ഒന്ന്, കഴിഞ്ഞ ഗവൺമെന്റ് അവർക്ക് പ്രോസസിംഗ് ചാർജ് ദീർഘിപ്പിച്ചുനൽകാൻ ക്യാബിനറ്റ് തീരുമാനമെടുത്തെങ്കിലും അത് കൊടുത്തില്ല. രണ്ടാമതായി, നെല്ലിന്റെ ഔട്ട് ടേൺ റേഷ്യോ 68 ശതമാനമെന്ന് കേന്ദ്രം നിശ്ചയിച്ചിരിക്കുന്നത് ഇവിടെ ഒരിക്കലും പ്രാക്ടിക്കലല്ല, അത്രയും കിട്ടില്ല. അതുകൊണ്ട് അവർ നെല്ല് സംഭരിക്കുകയില്ലെന്ന നിലപാടെടുത്തു. അങ്ങനെ അവർ സമരത്തിന്റെ ഭാഗത്തേയ്ക്ക് പോയപ്പോൾ....(ബഹളം)....ഞാൻ പറയട്ടെ...

മി. സ്പീക്കർ: പ്ലീസ്...പ്ലീസ്...അദ്ദേഹം പറയട്ടെ......അങ്ങ് പറയൂ.

ശ്രീ. പി. തിലോത്തമൻ: സർ, മുൻസർക്കാരിന്റെ കാലത്ത് ക്യാബിനറ്റ് തീരുമാനിച്ചിട്ട് കൊടുക്കാതിരുന്ന പ്രോസസിംഗ് ചാർജ് കൊടുക്കാൻ ഞങ്ങൾ തീരുമാനിച്ചു. അങ്ങനെ അവർ നെല്ല് എടുത്തു. എന്നാൽ അടുത്ത തവണ അവർ നെല്ല് സംഭരിക്കാതെ മാറിനിന്നു. അങ്ങനെ സംഭരണം നടക്കാത്ത സ്ഥിതി വന്നപ്പോഴാണ് വീണ്ടും അതിനെക്കുറിച്ച് പഠിക്കാൻ ഒരു കമ്മിറ്റിയെ നിയോഗിച്ചത്. ഉദ്യോഗസ്ഥർ, പാഡി ഓഫീസർമാർ, കൃഷി ഓഫീസർമാർ, കർഷക പ്രതിനിധികൾ എന്നിവർ ഉൾപ്പെടുന്ന ആ കമ്മിറ്റി നാല് കേന്ദ്രങ്ങളിൽ നിന്നും നെല്ല് സാമ്പിളെടുത്ത് ടെസ്റ്റ് മില്ലിംഗ് നടത്തി സമർപ്പിച്ച റിപ്പോർട്ട് ഗവൺമെന്റ് തത്വത്തിൽ അംഗീകരിച്ചു. എന്നിട്ടും കേന്ദ്രസർക്കാർ ഔട്ട് ടേൺ റേഷ്യോയിൽ വ്യത്യാസം വരുത്തുന്നതുവരെ തീരുമാനമെടുക്കാതെ വച്ചിരുന്നു. എന്നാൽ കഴിഞ്ഞ സീസണിന് മുമ്പും അവർ നെല്ല് സംഭരിക്കാതെ മാറിനിന്ന പശ്ചാത്തലത്തിലാണ് റിപ്പോർട്ട് അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ഔട്ട് ടേൺ റേഷ്യോ 64.5 കിലോ എന്നത് അംഗീകരിക്കുകയും കേന്ദ്രസർക്കാർ അംഗീകരിക്കുന്നതുവരെ അതിന്റെ ഉത്തരവാദിത്വം സംസ്ഥാന സർക്കാർ വഹിക്കാൻ തീരുമാനിക്കുകയും ചെയ്തത്. എന്നാൽ കേരളത്തിൽ 2014-15 കാലഘട്ടത്തിൽ ടെസ്റ്റ് മില്ലിംഗ് നടത്തിയതിന്റെ അടിസ്ഥാനത്തിലുള്ള

റിപ്പോർട്ടാണ് കേന്ദ്രസർക്കാരിൽനിന്നും വന്നത്. ആ വിഷയം വീണ്ടും ഞങ്ങൾ ചർച്ചയ്ക്ക് വച്ചിരിക്കുകയാണ്. ബഹുമാന്യനായ പ്രതിപക്ഷ നേതാവ് ഒരു കാര്യം മനസ്സിലാക്കണം, നേരത്തെയും നെല്ല് സംഭരണം നടക്കുന്നുണ്ടായിരുന്നു. ഇവിടെ പറഞ്ഞതുപോലെ താര എടുക്കുന്നതുപോലെയുള്ള വിഷയങ്ങളിൽ കൃഷിക്കാർക്ക് ആക്ഷേപമാണ്. എന്നുമാത്രമല്ല, നെല്ല് സംഭരിച്ചുകൊണ്ടുപോയി പ്രോസസ്സ് ചെയ്യുന്ന അരി അരിയായിട്ടല്ല റേഷൻ കടകളിൽ എത്തുന്നത്. അതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ആ അരി വീണ്ടും മില്ലുകളിലെത്തി ജനങ്ങൾക്ക് ഉപയോഗിക്കാൻ പറ്റാത്തത്ര മോശപ്പെട്ട അരിയായിട്ടാണ് ജനങ്ങളിലേയ്ക്ക് എത്തുന്നത്. അതുമാറി ഏറ്റവുംനല്ല ക്വാളിറ്റിയുള്ള അരി ജനങ്ങൾക്ക് കൊടുക്കാൻ കഴിയുന്ന ഒരവസ്ഥ ഇന്ന് സംജാതമായിട്ടുണ്ട്. പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഗവൺമെന്റ് ആ തീരുമാനമെടുത്തത്.

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, ഈ ഗവൺമെന്റ് നെല്ലുല്പാദനത്തിനുവേണ്ടി ചെയ്യുന്ന ജനോപകാരപ്രദമായ കാര്യങ്ങളെ ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. പക്ഷേ എനിക്കൊരു പരാതിയുണ്ട്. നെല്ലുല്പാദനരംഗത്തെ ചെറുകിട കർഷകർക്ക് തൊഴിലാളികളെ കിട്ടാത്തത് പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. തൊഴിലുറപ്പ് പദ്ധതിയിൽപ്പെട്ട തൊഴിലാളികളെ ഈ രംഗത്തേയ്ക്ക് പണിയെടുപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുമോ; അതുസംബന്ധിച്ച് ആലോചിക്കുന്നുണ്ടോ? രണ്ടാമതായി, ചെറുകിട യന്ത്രങ്ങൾ സാധാരണക്കാർക്ക് ലഭിക്കുന്നില്ല. അത് പാടശേഖര സമിതികൾക്ക് മാത്രമേയുള്ളൂ. അതുകൊണ്ട് ചെറുകിട കൊയ്ത്ത്/ഉഴുക യന്ത്രങ്ങൾ ഇൻഡിവിഡ്യുവലായി കൊടുക്കാനും സബ്സിഡി നൽകാനുമുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, തൊഴിലുറപ്പുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കേന്ദ്ര ഗവൺമെന്റാണ് തീരുമാനമെടുക്കുന്നത്. പ്രളയവുമായി ബന്ധപ്പെട്ട് കാർഷികാവശ്യങ്ങൾക്കുകൂടി തൊഴിലുറപ്പിനെ ഉപയോഗപ്പെടുത്താമെന്നുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ അത് നടന്നുവരുന്നുണ്ട്. അതുപോലെ എല്ലാ കാർഷിക പ്രവർത്തനങ്ങൾക്കും തൊഴിലുറപ്പ് പദ്ധതി ഉപയോഗിക്കാൻ കഴിയില്ലെന്ന ഒരു പരിമിതി കേന്ദ്രസർക്കാരിന്റെ മാർഗ്ഗനിർദ്ദേശത്തിലുണ്ട്. പ്രളയത്തിനുവേണ്ടി മാത്രമായി ഒരു എക്സംപ്ഷൻ നൽകിയിട്ടുണ്ട്. കേന്ദ്രസർക്കാരാണ് അതിൽ മാറ്റം വരുത്തേണ്ടത്. പലതവണ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടെങ്കിലും കാർഷിക മേഖലയ്ക്കുവേണ്ടി തൊഴിലുറപ്പിനെ ഉപയോഗപ്പെടുത്തുന്നതിന് ഇപ്പോഴും പരിമിതികളുണ്ട്. നെൽപ്പാടങ്ങളിൽ വരമ്പ് വയ്ക്കുന്നതിനൊക്കെ തൊഴിലുറപ്പിനെ ഉപയോഗിക്കാൻ കഴിയും. പക്ഷേ ഞാറ് നടീൽ, കൊയ്ത്ത് എന്നിവയ്ക്ക് തൊഴിലുറപ്പിനെ

ഉപയോഗിക്കാൻ കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടില്ല. അദ്ദേഹം ഇവിടെ പറഞ്ഞതുപോലെ യന്ത്രോപകരണങ്ങൾ വാങ്ങുന്നതിന് SMAM (Sub-Mission on Agricultural Mechanisation) പദ്ധതി പ്രകാരം 50 ശതമാനം മുതൽ 90 ശതമാനംവരെ സബ്സിഡി കൊടുക്കുന്നുണ്ട്. 8 കർഷകരടങ്ങുന്ന ഒരു ഗ്രൂപ്പിന് 12 ലക്ഷം രൂപ വരെയുള്ള യന്ത്രങ്ങൾക്ക് 10 ലക്ഷം രൂപ വരെ ഗ്രൂപ്പ് അടിസ്ഥാനത്തിൽ സബ്സിഡി കൊടുക്കുന്ന സ്കീം ഇപ്പോൾ നടപ്പിലാക്കുന്നുണ്ട്. ആ സ്കീമിന്റെ വിശദാംശങ്ങളടങ്ങുന്ന കുറിപ്പ് എല്ലാ എം.എൽ.എ.-മാർക്കും ഞാൻ അയച്ചുകൊടുക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ എല്ലാ പ്രദേശങ്ങളിലും കർഷകർക്കാവശ്യമായ യന്ത്രസാമഗ്രികൾ വാങ്ങാനുള്ള അവസരം ഇപ്പോൾ ലഭ്യമാണ്.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, കഴിഞ്ഞ കുറെക്കാലത്തെ പ്രവർത്തനഫലമായി നെൽകൃഷി മാക്സിമം വർദ്ധിപ്പിച്ചിരിക്കുകയാണ്. നമ്മുടേത് നാണ്യവിളകളുടെ നാടാണ്. കരകൃഷിയിൽക്കൂടി മാത്രമേ നാണ്യവിളകളുടെ ഉല്പാദനം വർദ്ധിപ്പിക്കാൻ കഴിയൂ എന്നതാണ് ഇവിടത്തെ പ്രശ്നം. പക്ഷേ തരിശുനില കൃഷിക്ക് ഹെക്ടറൊന്നിന് ഒന്നാംവർഷം 30,000 രൂപയും രണ്ടാംവർഷം 7,000 രൂപയും മൂന്നാംവർഷം 4,500 രൂപയുമാണ് ധനസഹായം നൽകുന്നത് എന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. അപ്പോൾ തുക കുറയുകയാണ്. കരകൃഷി വർദ്ധിപ്പിക്കാനുള്ള കർഷകന്റെ ആഗ്രഹം നഷ്ടപ്പെടുന്നു. കരകൃഷിക്ക് കൂടുതൽ പണം നൽകുന്നതിനുള്ള സംവിധാനത്തെപ്പറ്റി ആലോചിക്കുമോ? തവിട് കാൻസറിന്റെ ഏറ്റവും നല്ല പ്രതിരോധ മരുന്നാണ്. പക്ഷേ ഇന്നും അതിന്റെ പ്രാധാന്യം ജനങ്ങളിൽ എത്തിയിട്ടില്ല. പഴയ ബ്രാഹ്മണർക്ക് കാൻസർ വരാറില്ല. കാരണം അവർ തവിട് മുഴുവൻ ഭക്ഷിക്കുമായിരുന്നു. അതുകൊണ്ട് വെള്ള അരി എന്നത് നിർത്തി ചുവന്ന അരി തവിടോടുകൂടി കഴിക്കാനുള്ള ഒരു സംവിധാനംകൂടി അങ്ങ് ഏർപ്പെടുത്തുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ:</u> സർ, തവിടുള്ള അരി ബ്രാഹ്മണർ മാത്രമല്ല, എല്ലാവരും കഴിച്ചിരുന്നതാണ്. പ്രത്യേകിച്ച് പാവപ്പെട്ടവർ തവിടുകൊണ്ടുള്ള ഭക്ഷണം കഴിച്ചിരുന്നവരാണ്. പാവപ്പെട്ടവർക്ക് അരി അല്ല തവിടാണ് കിട്ടിയിരുന്നത്. ശ്രീ. പി. സി. ജോർജിന് ബ്രാഹ്മണരോട് പ്രത്യേക താല്പര്യമെന്താണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ശ്രീ. പി. സി. ജോർജ് പണ്ട് നായരായിരുന്നുവെന്ന് അദ്ദേഹം പറഞ്ഞുകേട്ടിട്ടുണ്ട്. അവർ മാത്രമല്ല, കേരളത്തിലെ എല്ലാ ജനങ്ങളും തവിട് കളയാത്ത അരിയാണ് പണ്ട് കഴിച്ചിരുന്നത്. പക്ഷെ, ഇപ്പോൾ മില്ലുകൾ വന്നതിനുശേഷം തവിട് നീക്കിയ അരിയാണ് നമ്മൾ കഴിക്കുന്നത്. വാസ്തവം പറഞ്ഞാൽ, നെല്ലിന്റെ ഏറ്റവുംനല്ല

ഭാഗം തവിടാണ്. അതുകൊണ്ട് തവിടിൽനിന്ന് വിവിധ ഉല്പന്നങ്ങളുണ്ടാക്കുന്നതിനുള്ള പദ്ധതികളടക്കം ഗവൺമെന്റ് ആവിഷ്കരിക്കുകയാണ്. തവിട് കളയാതെ അരി ഉല്പാദിപ്പിക്കാൻ കഴിയുന്ന ഹള്ളർ മെഷീനുകളാണ് ഇപ്പോൾ 16 സ്ഥലത്ത് കൊടുത്തിട്ടുള്ളത്. മിനി റൈസ് മില്ലുകൾ കൊടുത്തതിനുശേഷം വിവിധ പാടശേഖര സമിതികൾ തവിട് കളയാത്തതടക്കം 47 ബ്രാൻഡ് അരി വ്യാപകമായി വില്പന നടത്തുന്നുണ്ട്.

ശ്രീ. ജി. എസ്. ജയലാൽ: സർ, മിനി റൈസ് പാർക്കുകൾവഴി തവിട് കലർന്ന അരി ഉല്പാദിപ്പിക്കുന്നുണ്ടെങ്കിലും ബോധവൽക്കരണത്തിന്റെ കുറവുകൊണ്ട് അത് വാങ്ങുന്നതിൽ ആളുകൾ വൈമുഖ്യം കാണിക്കുന്നുണ്ട്. അത് ശ്രദ്ധിക്കണം. എന്റെ ചോദ്യം, ഈ ഗവൺമെന്റ് വന്നതിനുശേഷം നെൽകൃഷിയിൽ വലിയ പുരോഗതിയുണ്ടായി എന്നുപറയുമ്പോഴും പാടശേഖര സമിതികളെ വിളിച്ചുകൂട്ടി ചർച്ച ചെയ്യുമ്പോൾ അവിടെ ഉയർന്നുവരുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ജലസേചനവുമായി ബന്ധപ്പെട്ടതാണ്. ജലസേചനത്തിന് എപ്പോഴും മൈനർ ഇറിഗേഷനാണ് പ്രൊപ്പോസൽ കൊടുക്കുന്നത്. പ്രായോഗികമായി മനസ്സിലാക്കേണ്ട ഒരു കാര്യം, വിഭവം പരിമിതമാണ് ആവശ്യങ്ങൾ നിരവധിയാണ് എന്നുള്ളതാണ്. പാടശേഖര സമിതികളുടെ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ മൈനർ ഇറിഗേഷൻ ഒരു കോടി രൂപയുടെ പ്രോജക്ട് എടുക്കും. പക്ഷേ വിഭവത്തിന്റെ പരിമിതികൊണ്ട് അത് നടക്കില്ല. എന്നാൽ അത് പരമ്പരാഗത ശൈലിയിൽ കർഷകരുടെ താല്പര്യത്തിനനുസരിച്ച് ചെയ്യണമെങ്കിൽ 10 ലക്ഷം രൂപ മതിയാകും. സാങ്കേതികമായ എസ്റ്റിമേറ്റിനപ്പുറത്ത് കൃഷി ഓഫീസർമാരും കൃഷിക്കാരുംകൂടി ചർച്ച ചെയ്ത് പരമ്പരാഗത ശൈലിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചാൽ 10 ലക്ഷം രൂപയ്ക്ക് വിഷയം പരിഹരിക്കാൻ കഴിയും. അത്തരം പ്രായോഗികമായ നിർദ്ദേശങ്ങളിലേയ്ക്ക് പോയാൽ നെൽകൃഷി കൂടുതൽ വർദ്ധിപ്പിക്കാനും ജലസേചന പ്രശ്നം പരിഹരിക്കാനും കഴിയുമെന്നാണ് അനുഭവത്തിൽനിന്നും ബോദ്ധ്യപ്പെടുന്നത്. കൃഷി വകുപ്പുമന്ത്രിയും ജലവിഭവ വകുപ്പുമന്ത്രിയും സംയുക്തമായി ഈ നിർദ്ദേശം നടപ്പിലാക്കാൻ ശ്രദ്ധിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഇറിഗേഷൻ പ്രധാനമായും കാർഷിക കാര്യങ്ങൾക്കാണെന്ന കാര്യം പലതവണ ജലവിഭവ വകുപ്പുമന്ത്രിതന്നെ ഇവിടെ പറഞ്ഞിട്ടുണ്ട്. ഇക്കാര്യങ്ങളടക്കം എല്ലാ പ്രദേശത്തും ഇറിഗേഷനുമായി ചേർന്നുകൊണ്ട് കാർഷിക മേഖലയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കാനുള്ള സമഗ്രമായ പരിപാടിയുമായി മുന്നോട്ടുപോകുകയാണ്. അതിനാവശ്യമായ പ്രാഥമിക ചർച്ചകൾ നടത്തിയിട്ടുണ്ട്. ജലവിഭവ വകുപ്പും കൃഷി വകുപ്പും കൂടുതൽ ചർച്ചകൾ നടത്തി ഈ പറയുന്ന പ്രശ്നങ്ങളടക്കമുള്ളവയ്ക്ക് പരിഹാരമുണ്ടാക്കുന്നതാണ്.

## പ്രളയാനന്തര നിർമ്മാണത്തിനായി കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ പരിഷ്കരണം

3 (*123) ശ്രീ. എ. പി. അനിൽ കുമാർ:

ശ്രീ. എം. വിൻസെന്റ്:

ശ്രീ. സണ്ണി ജോസഫ്:

ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര കേരളം കെട്ടിപ്പടുക്കുന്നതിനുള്ള അവ്യക്തതമൂലം ഇതുസംബന്ധിച്ച സർക്കാർ നടപടികൾ മെല്ലെപ്പോകുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നഗരപ്രദേശങ്ങൾക്കും പഞ്ചായത്തുകൾക്കും പ്രത്യേക കെട്ടിട നിർമ്മാണ ചട്ടങ്ങൾ രൂപീകരിക്കാതെ പ്രളയാനന്തര കേരള നിർമ്മാണം ഫലപ്രദമാകില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിനായി നിയോഗിച്ച ടെക്നിക്കൽ കമ്മിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പരിഷ്കരിക്കുന്നതിനുള്ള നക്കൽ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടികൾ ഏതുഘട്ടത്തിലാണ്; വ്യക്തമാക്കുമോ;

(ഡി) പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനും പ്രത്യേകം പ്രത്യേകം ചട്ടങ്ങളുണ്ടാക്കുമെന്ന മുൻതീരുമാനം ഉപേക്ഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് അറിയിക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) അവ്യക്തതയില്ല.

(ബി) നിലവിൽ നഗരപ്രദേശങ്ങൾക്കും പഞ്ചായത്ത് പ്രദേശങ്ങൾക്കും പ്രത്യേകം കെട്ടിട നിർമ്മാണ ചട്ടങ്ങളാണുള്ളത്. നഗരപ്രദേശങ്ങൾക്കായി 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളും പഞ്ചായത്ത് പ്രദേശങ്ങൾക്കായി 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളും പ്രാബല്യത്തിലുണ്ട്.

(സി) നിലവിലുള്ള കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവ പരിഷ്കരിച്ച് പുതിയ

ചട്ടങ്ങൾ രൂപീകരിക്കുന്നതിന് നിയോഗിച്ച കമ്മിറ്റി ഒരു പ്രാഥമിക കരട് സമർപ്പിക്കുകയും അതുമായി ബന്ധപ്പെട്ട് യോഗങ്ങളും ചർച്ചകളും വകുപ്പുതലത്തിൽ നടത്തുകയുമുണ്ടായി. പ്രസ്തുത യോഗതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ കരടിൽ വേണ്ട ഭേദഗതി വരുത്തി ഇംഗ്ലീഷിലും മലയാളത്തിലുമുള്ള പരിഷ്കരിച്ച കരട് ചട്ടങ്ങൾ തയ്യാറാക്കി സമർപ്പിക്കാൻ മുഖ്യനഗരാസൂത്രകന് നിർദ്ദേശം നൽകിയിരിക്കുകയാണ്.

(ഡി) ഉപേക്ഷിച്ചിട്ടുണ്ട്. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടാണ് മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും നിലവിൽ ബാധകമായിട്ടുള്ളത്. ആയതിനാൽ ടി ആക്ടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന കെട്ടിട നിർമ്മാണ ചട്ടങ്ങൾ മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും ഒന്ന് മതിയെന്ന് തീരുമാനമെടുത്തിട്ടുണ്ട്. നിലവിൽ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും പ്രത്യേകം ചട്ടങ്ങളുണ്ടാക്കാനാണ് തീരുമാനം.

<u>ശ്രീ. എ. പി. അനിൽ കുമാർ:</u> സർ, കേരളത്തിലെ മഹാപ്രളയത്തിന് ഒരു വർഷം തികയാൻ പോകുകയാണ്. ഇപ്പോഴും പ്രളയത്തിൽനിന്നും കരകയറാത്ത ഒരു വിഭാഗമെന്ന് പറയുന്നത് തദ്ദേശഭരണ സ്ഥാപനങ്ങളാണ്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ റോഡുകളും ശുദ്ധജല പദ്ധതികളുമെല്ലാം തകർന്നു കിടക്കുകയാണ്. പ്രളയം ബാധിച്ച പഞ്ചായത്തുകളിലെ റോഡുകൾക്കും ശുദ്ധജല പദ്ധതികൾക്കുമായി സഹായം നൽകുമെന്നുള്ളത് ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ പ്രഖ്യാപനമായിരുന്നു . ഇതുവരെ ഒരു രൂപപോലും പ്രളയത്തിന്റെ പേരിൽ ഗവൺമെന്റ് കൊടുത്തിട്ടില്ല. ഗവൺമെന്റ് പ്രഖ്യാപിച്ച തുക കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നേയ്ക്ക് കൊടുക്കാൻ കഴിയും; ഏതെങ്കിലും പഞ്ചായത്തിന് ഒരു രൂപയെങ്കിലും പ്രളയത്തിന്റെ ഭാഗമായി ഇതുവരെ കൊടുത്തിട്ടുണ്ടോ?

<u>ശ്രീ. എ. സി. മൊയ്തീൻ:</u> സർ, പ്രളയത്തിന്റെ ഭാഗമായ സമാശ്വാസ നടപടികളുടെ ആദ്യഘട്ടമാണ് പൂർത്തീകരിച്ചത്. ചെയ്ത കാര്യങ്ങൾ വളരെ വിശദമായി കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ സഭയിൽ അവതരിപ്പിക്കുകയുണ്ടായി. സമാശ്വാസ നടപടികൾക്കുശേഷമാണ് പുനർനിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. പുനർനിർമ്മാണ പ്രവർത്തനങ്ങളുടെ പരിശോധന ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. പണം കണ്ടെത്താൻ വിവിധ വായ്പാ ഏജൻസികളിൽനിന്നുള്ള നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

ഇതിന്റെ ഭാഗമായി ഈ വർഷത്തെ ബഡ്ജറ്റിൽ 250 കോടി രൂപ പ്രളയം ബാധിച്ച പഞ്ചായത്തുകൾക്ക് പ്രത്യേകമായി നീക്കിവച്ചിട്ടുണ്ട്. ആ പണം വിതരണം ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. കമ്മിറ്റി റിപ്പോർട്ട് അടിയന്തരമായി ലഭ്യമാകും, തുക നൽകാനാകും. പ്രളയ ദുരിതാശ്വാസ നിധിയിലേയ്ക്ക് കിട്ടിയ സംഖ്യയുടെ ഒരുഭാഗം നഷ്ടപ്പെട്ട വീടുകളുടെ പുനർനിർമ്മാണം, ആർ.കെ.എൽ.എസ്. (Resurgent Kerala Loan Scheme) പ്രകാരം കുടുംബശ്രീക്ക് കൊടുത്ത ലോണിന്റെ പലിശ തുടങ്ങിയവയ്ക്കായി കൊടുക്കാനും അതിനുശേഷമുള്ള ഒരുഭാഗം ഗ്രാമീണ റോഡുകളുടെ നിർമ്മാണ പ്രവർത്തനത്തിന് നൽകാനും തത്വത്തിൽ ധാരണയായിട്ടുണ്ട്. ആ റോഡുകൾ നിശ്ചയിച്ച് നടപടിക്രമങ്ങൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. വളരെവേഗം അക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കും.

ശ്രീ. എ. പി. അനിൽ കുമാർ: സർ, പൂർണ്ണമായി വീട് നഷ്ടപ്പെട്ട ഒരാൾക്കും ഒരു പൈസപോലും ഇതുവരെ കൊടുത്തിട്ടില്ല. സ്പിൽ ഓവർ വർക്കുകൾ മാത്രം ചെയ്താൽ മതിയെന്നൊരു നിർദ്ദേശം തദ്ദേശസ്വയംഭരണ വകുപ്പ് താഴെത്തട്ടിലേയ്ക്കും പഞ്ചായത്തുകൾക്കും കൊടുത്തിരിക്കുകയാണ്. അങ്ങനെ സ്പിൽ ഓവർ വർക്കുകൾ മാത്രമേ ഈ വർഷം ചെയ്യാവൂ പുതിയ പദ്ധതികളൊന്നും വേണ്ടെന്ന് പറയുമ്പോൾ പ്രളയത്തിൽ നശിച്ച റോഡുകളും ശുദ്ധജല പദ്ധതികളും ഏത് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാൻ കഴിയും? അതുകൊണ്ട് സ്പിൽ ഓവർ വർക്കുകൾ മാത്രമല്ല, ഇത്തരത്തിലുള്ള പദ്ധതികൾകൂടി നടപ്പാക്കാനുള്ള അനുവാദം പഞ്ചായത്തുകൾക്ക് നൽകുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, പ്രളയത്തിന്റെ ഭാഗമായി നഷ്ടപ്പെട്ട വീടുകളൊന്നും പൂർത്തീകരിച്ചിട്ടില്ല എന്നുപറഞ്ഞത് ശരിയല്ല. പ്രളയത്തിൽ തകർന്ന 15079 വീടുകളിൽ 9329 വീടുകൾ ഗുണഭോക്താക്കൾതന്നെ നിർമ്മാണം നടത്താമെന്ന് സന്നദ്ധത അറിയിച്ചതിനെത്തുടർന്ന് അതിനുള്ള പണം വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്. ഘട്ടംഘട്ടമായി നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് പണം നൽകുകയാണ്. സഹകരണ ബാങ്കുകൾ രണ്ടായിരത്തോളം വീടുകളുടെ പുനർനിർമ്മാണം ഏറ്റെടുത്തതിൽ ആയിരത്തോളം പൂർത്തീകരിച്ചിട്ടുണ്ട്. ഈ വസ്തുത ഇവിടെ വിശദീകരിച്ചുകഴിഞ്ഞതാണ്. പുകമറയുണ്ടാക്കാൻ വേണ്ടിയുള്ള സമീപനം ഇക്കാര്യത്തിൽ സ്വീകരിക്കുന്നത് ശരിയല്ല.

ശ്രീ. എ. പി. അനിൽ കുമാർ: സർ, എന്റെ നിയോജകമണ്ഡലത്തിലെ കരുവാരക്കുണ്ട് പഞ്ചായത്തിൽ ഒരു വീടിന്റെപോലും പണി ആരംഭിച്ചിട്ടില്ല.

ശ്രീ. എ. സി. മൊയ്തീൻ: സർ, സ്പോൺസർഷിപ്പിന്റെ ഭാഗമായും തകർന്ന വീടുകളുടെ പണി നടക്കുന്നുണ്ട്. ഇതെല്ലാം കണക്കുകളുടെ അടിസ്ഥാനത്തിൽ ഇവിടെ വ്യക്തമാക്കിയതാണ്. ഈ വർഷത്തെ സ്പിൽ ഓവർ വർക്കുകൾ പൂർത്തീകരിക്കുന്നതിന് പ്രത്യേക മാർഗ്ഗനിർദ്ദേശം നൽകിയതിന്റെ ഭാഗമായി ട്രഷറിയിലെ കുറച്ച് ക്യൂ ബില്ലുകളിൽ തുക വന്നിട്ടുണ്ട്. അത് റിലീസ് ചെയ്യാൻ തുടങ്ങിയിട്ടുണ്ട്. അടുത്ത വർഷത്തേയ്ക്കുള്ള പ്ലാൻ 120 ശതമാനമെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിനുള്ള പണം കണ്ടെത്തുന്നതിലൂടെ പഞ്ചായത്തുകളുടെ അധിക വിഭവത്തിന്റെ ഭാഗമായ പ്രശ്നം പരിഹരിക്കാനാകും.

ശ്രീ. എം. വിൻസെന്റ്: സർ, കെട്ടിട നിർമ്മാണത്തിനായി ഉപയോഗിച്ചുകൊണ്ടിരുന്നത് സങ്കേതം എന്ന ഫ്രീ സോഫ്റ്റ്വെയറായിരുന്നു. അതുമാറ്റി ഐ.ബി.പി.എം.എസ്. എന്ന സ്വകാര്യ സോഫ്റ്റ്വെയർ ഉപയോഗിക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ടോ; അത് പൈലറ്റായി തിരുവനന്തപുരത്ത് ഉപയോഗിച്ചപ്പോൾ വ്യാപകമായ പരാതി ഉയർന്ന സാഹചര്യത്തിൽ ആ ശ്രമം ഉപേക്ഷിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, അത് ഉപേക്ഷിക്കാൻ തീരുമാനിച്ചിട്ടില്ല. കെട്ടിട നിർമ്മാണ പെർമിറ്റ് അഴിമതി രഹിതമായും സുതാര്യമായും നൽകുന്നതിനുവേണ്ടിയുള്ള സംവിധാനമാണ് ആലോചിച്ചത്. നോഡൽ ഏജൻസിയായി കെ.എസ്.ഐ.ഡി.സി.-യെ നിശ്ചയിക്കുകയും അവർ ടെണ്ടർ ക്ഷണിച്ച് ഐ.ബി.പി.എം.എസ്.-നുവേണ്ടിയുള്ള സോഫ്റ്റ്വെയർ കണ്ടെത്തുകയും പരീക്ഷണാർത്ഥം കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലുമായി 9 സ്ഥലത്ത് ഉപയോഗിക്കുകയുമാണ്. സംഘടിതമായി അത് പരാജയപ്പെടുത്താനുള്ള ശ്രമം ചില ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. എന്തെങ്കിലും ന്യൂനതകളുണ്ടെങ്കിലും സോഫ്റ്റ്വെയറുകൾ കാലത്തിനനുസരിച്ച് ഡെവലപ് ചെയ്യേണ്ടിവരും. ന്യൂനതകൾ പരിഹരിക്കുന്നതിനുപകരം സംഘടിതമായി പഴുതുകളുള്ള മറ്റ് സോഫ്റ്റ്വെയറുകൾ ഉപയോഗിക്കാൻ സൗകര്യമുണ്ടാക്കണമെന്ന രീതിയിൽ പരിശ്രമമുണ്ടായിട്ടുണ്ട്. ഈ സോഫ്റ്റ്വെയർ പ്രയോജനപ്പെടുത്തി കെട്ടിട നിർമ്മാണ അനുമതി സുതാര്യമായും അഴിമതിരഹിതമായും നടത്തണമെന്നുള്ള നിലപാടുതന്നെയാണ് സർക്കാർ സ്വീകരിക്കുന്നത്.

മി. സ്പീക്കർ: ഓർഡർ...ഓർഡർ... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## (2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കിസാൻ സമ്മാൻ നിധി പദ്ധതി

4(*124) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. സി. എഫ്. തോമസ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാൻ മന്ത്രി കിസാൻ സമ്മാൻനിധി (പി.എം.കിസാൻ) പദ്ധതി പ്രകാരം ആദ്യഘട്ടത്തിൽ തുക ലഭിച്ച കർഷകർ രണ്ടാംഘട്ടത്തിൽ പുറത്തായതായ വാർത്തകളുടെ നിജസ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത നിധിയിൽ നിന്ന് കൃഷിക്കാർക്ക് തുക ലഭിക്കുന്നതിന് നിലവിൽ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് നിലവിൽ പി.എം.കിസാൻ പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടത്തിൽ ഉൾപ്പെട്ടിട്ടില്ലാത്ത കർഷകരുടെ കണക്ക് ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതിയിൽ ഇവരെ ഉൾപ്പെടുത്തുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താൻ നടപടി സ്വീകരിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ,

(എ) പ്രധാൻ മന്ത്രി കിസാൻ സമ്മാൻ നിധി (പി.എം. കിസാൻ) പദ്ധതിയിൽ സംസ്ഥാനത്ത് 31-3-2019 വരെ 25.43595 ലക്ഷം കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ലോകസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മാതൃകാ പെരുമാറ്റച്ചട്ടം നിലവിൽ വന്നതിന്റെ അടിസ്ഥാനത്തിൽ 10-3-2019 വരെ ഒന്നാംഘട്ട പരിശോധന പൂർത്തിയാക്കിയ 11.45069 ലക്ഷം അപേക്ഷകൾ മാത്രമേ ഒന്നാം ഘട്ടത്തിൽ ആനുകൂല്യം നൽകുന്നതിന് കേന്ദ്രസർക്കാർ പരിഗണിച്ചുള്ളൂ. ഇതിൽത്തന്നെ പി.എഫ്.എം.എസ്. ബാങ്കുതല പരിശോധനകൾ പൂർത്തിയാക്കിയ 9.31816 ലക്ഷം കർഷകർക്കാണ് ഒന്നാം ഗഡു (ഡിസംബർ 2018 മുതൽ മാർച്ച് 2019 വരെ) ആനുകൂല്യം നൽകിയത്. ഇവരിൽത്തന്നെ അർഹതയില്ലെന്ന് പിന്നീട് കണ്ടെത്തിയ 155 കർഷകരെ ഒഴിവാക്കി 9.31661 ലക്ഷം കർഷകർക്ക് രണ്ടാം ഗഡു (ഏപ്രിൽ 2019 മുതൽ ജൂലൈ 2019 വരെ) ആനുകൂല്യം കേന്ദ്ര സർക്കാർ അനുവദിച്ചു. ഇവരിൽ ബാങ്ക് അക്കൗണ്ടുമായി

ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങൾ കാരണം 18930 പേർക്ക് ഇവരുടെ അക്കൗണ്ടിലേയ്ക്ക് ആനുകൂല്യം നൽകുന്നതിന് സാധിച്ചില്ല. ഇത്തരത്തിൽ സാങ്കേതിക കാരണങ്ങളാൽ തിരസ്കരിക്കപ്പെട്ട അപേക്ഷകർക്ക് അവ തിരുത്തി നൽകുന്നതിന് പോർട്ടലിൽ സൗകര്യം ലഭ്യമാണ്. തിരുത്തലുകൾ നടത്തി നൽകുന്നമുറയ്ക്ക് ഇത്തരം കർഷകർക്കും ആനുകൂല്യം ലഭ്യമാകുന്നതാണ്.

(ബി) പ്രധാൻ മന്ത്രി കിസാൻ സമ്മാൻ നിധി (പി. എം. കിസാൻ) എന്ന നൂറ് ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം സംസ്ഥാന സർക്കാരിന്റെ ലാൻഡ് റിക്കോർഡിൽ 1-2-2019-ൽ രണ്ട് ഹെക്ടറിൽ കവിയാത്ത വിസ്തീർണ്ണമുള്ള കൃഷിഭൂമി കൈവശമുള്ള ചെറുകിട നാമമാത്ര കർഷക കുടുംബങ്ങൾക്ക് അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് പ്രതിവർഷം 6,000 രൂപ നാല് മാസത്തിലൊരിക്കൽ മൂന്ന് തുല്യ ഗഡുക്കളായി നൽകുന്നു. (കൃഷി ഭൂമിയുടെ ഉയർന്ന പരിധി ഒഴിവാക്കിയതായി പുതിയ കേന്ദ്ര സർക്കാരിന്റെ പ്രഖ്യാപനം ഇപ്പോൾ വന്നിട്ടുണ്ട്.)

2018-19 സാമ്പത്തിക വർഷത്തിലെ സ്ഥലത്തിന്റെ കരമടച്ച രസീത് സമർപ്പിക്കുന്ന ചെറുകിട നാമമാത്ര കർഷക കുടുംബത്തിന് ആനുകൂല്യത്തിന് അർഹതയുണ്ട്. അതോടൊപ്പം വനാവകാശ നിയമപ്രകാരം കൈവശാവകാശ രേഖയുള്ള പട്ടികവർഗ്ഗ കുടുംബത്തിനും പദ്ധതിപ്രകാരം ആനുകൂല്യം ലഭിക്കുന്നതാണ്. കർഷകൻ, അദ്ദേഹത്തിന്റെ ഭാര്യ അവരുടെ പ്രായപൂർത്തിയാകാത്ത കുട്ടികൾ എന്നിവർ ഉൾപ്പെടുന്നതാണ് കുടുംബം.

1-12-2018 മുതൽ കർഷകർക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കും. 2018-19 സാമ്പത്തിക വർഷത്തിൽ ആദ്യ ഗഡുവിന്റെ കാലാവധി 1-12-2018 മുതൽ 31-3-2019 വരെയാണ്.

താഴെപ്പറയുന്ന ഉയർന്ന സാമ്പത്തിക നിലവാരമുള്ള വ്യക്തികൾ പദ്ധതിപ്രകാരമുള്ള ആനുകൂല്യത്തിന് അർഹരല്ല.

1. സ്ഥാപനത്തോടനുബന്ധിച്ച വസ്തു ഉടമകൾ (All Institutional Land holders)

2. കർഷക കുടുംബത്തിൽ ഒന്നോ അതിലധികമോ അംഗങ്ങൾ താഴെപ്പറയുന്ന വിഭാഗത്തിൽ ഉൾപ്പെട്ടാൽ ആനുകൂല്യത്തിന് അർഹരല്ല.

- ഭരണഘടനാ സ്ഥാപനങ്ങളിലെ നിലവിലുള്ളതും മുമ്പുള്ളതുമായിട്ടുള്ള ഉദ്യോഗസ്ഥർ.

- നിലവിലുള്ളതും മുമ്പുള്ളതുമായിട്ടുള്ള മന്ത്രിമാർ, ലോക്സഭാംഗങ്ങൾ, രാജ്യസഭാംഗങ്ങൾ, നിയമസഭാംഗങ്ങൾ, സ്റ്റേറ്റ് ലെജിസ്ലേറ്റീവ് കൗൺസിൽ അംഗങ്ങൾ, മേയർമാർ, ജില്ലാ പഞ്ചായത്ത് അദ്ധ്യക്ഷൻമാർ.

- കേന്ദ്ര സംസ്ഥാന സർക്കാർ ഓഫീസുകളിലും ആട്ടോണമസ് സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഇവയുടെ ഫീൽഡ് യൂണിറ്റുകൾ, മറ്റ് ബന്ധപ്പെട്ട സ്ഥാപനങ്ങൾ എന്നിവയിൽ നിലവിൽ സർവ്വീസിലുള്ളവരും വിരമിച്ചവരുമായ ഉദ്യോഗസ്ഥരും തദ്ദേശ സ്ഥാപനങ്ങളിലെ സ്ഥിരം ജീവനക്കാരും (ക്ലാസ് 4/ഗ്രൂപ്പ് D ഒഴികെയുള്ള)

- കേന്ദ്ര സംസ്ഥാന സർക്കാർ ഓഫീസുകളിലും ആട്ടോണമസ് സ്ഥാപനങ്ങളിലും നിന്ന് വിരമിച്ച് പ്രതിമാസം 10,000 രൂപയോ അതിൽ കൂടുതലോ പെൻഷൻ ആനുകൂല്യം ലഭിക്കുന്നവർ (ക്ലാസ് 4/ഗ്രൂപ്പ് D ഒഴികെയുള്ള)

- അവസാന അസസ്മെന്റ് വർഷം ഇൻകം ടാക്സ് അടച്ചവർ.

- പ്രൊഫഷണൽ ജോലിയിൽ ഏർപ്പെട്ടിട്ടുള്ളവർ, (ഡോക്ടർ, എഞ്ചിനീയർ, വക്കീൽ ആർക്കിടെക്ട്, ചാർട്ടേർഡ് അക്കൗണ്ടന്റ് തുടങ്ങി നിയമാനുസൃതമായി പ്രൊഫഷണൽ ബോഡികളിൽ രജിസ്റ്റർ ചെയ്ത് പ്രാക്ടീസ് ചെയ്യുന്ന പ്രൊഫഷണൽസ്)

(സി) പ്രധാൻ മന്ത്രി കിസാൻ സമ്മാൻ നിധി (പി.എം. കിസാൻ) പദ്ധതിയിൽ സംസ്ഥാനത്ത് 31-5-2019 വരെ 28.46108 ലക്ഷം കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ ഒന്നാം ഘട്ടത്തിൽ ഒന്നും രണ്ടും ഗഡു ആനുകൂല്യത്തിനായി പരിഗണിക്കപ്പെട്ട 11.45069 ലക്ഷം അപേക്ഷകൾ ഒഴികെയുള്ള 17.01039 ലക്ഷം രണ്ടാംഘട്ട അപേക്ഷകളുടെ പരിശോധനകൾ വിവിധ തലങ്ങളിൽ നടന്നുവരുന്നു. ലോക്സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മാതൃകാ പെരുമാറ്റച്ചട്ടം നിലവിലുണ്ടായിരുന്നതിനാലാണ് ബാക്കിയുള്ള അപേക്ഷകൾ പരിഗണിക്കാൻ വൈകിയത്.

## സർവ്വകലാശാലകളുടെ അടിസ്ഥാന സൗകര്യ വികസനം

5(*125) ശ്രീ. എ. എൻ. ഷംസീർ:

ശ്രീ. പി. കെ. ശശി:

ശ്രീ. പി. ടി. എ. റഹീം:

ശ്രീമതി വീണാ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകളുടെ അടിസ്ഥാനസൗകര്യ വികസനത്തിന് നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) സർവ്വകലാശാലകളിലെ അക്കാദമിക ഗവേഷണസൗകര്യങ്ങൾ ഐ.ഐ.എസ്.സി. നിലവാരത്തിലേക്കുയർത്തുകയെന്ന ലക്ഷ്യത്തോടെ നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ;

(സി) എൻ.ഐ.ആർ.എഫ്. റാങ്കിംഗിൽ രാജ്യത്തെ മികച്ച നൂറ് സർവ്വകലാശാലകളിൽ സംസ്ഥാനത്തുനിന്ന് കേരള സർവ്വകലാശാല മാത്രം സ്ഥാനം പിടിച്ചത് കണക്കിലെടുത്ത് സർവ്വകലാശാലകളുടെ നിലവാരം ഉയർത്താൻ പദ്ധതിയുണ്ടോ; സർവ്വകലാശാലകൾ നൽകുന്ന സേവനങ്ങൾ എല്ലാം ഓൺലൈനാക്കുന്നതിനും പരീക്ഷകൾ കൃത്യമായി നടത്തി ഫലപ്രഖ്യാപനം യഥാസമയം നടത്തുന്നതിനും വേണ്ട ഇടപെടൽ നടത്തുമോ;

(ഡി) അടിസ്ഥാന സൗകര്യം, അദ്ധ്യാപന മികവ്, പഠനഫലം തുടങ്ങിയവ വിലയിരുത്തി എൻ.ഐ.ആർ.എഫ്. നടത്തുന്ന റാങ്കിംഗിൽ രാജ്യത്ത് ഇരുപത്തിമൂന്നാമതും സംസ്ഥാനത്തെ ഏറ്റവും മികച്ചതുമായ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിനെ വിദ്യാർത്ഥികളുടെ ചില വ്യക്തിപരമായ പ്രശ്നങ്ങളുടെയടിസ്ഥാനത്തിൽ രാഷ്ട്രീയ ആന്ധ്യം ബാധിച്ച നിക്ഷിപ്ത താല്പര്യക്കാർ തകർക്കാൻ ശ്രമിക്കുന്നത് പരാജയപ്പെടുത്തി സ്ഥാപനത്തെ കൂടുതൽ മികവുറ്റതാക്കാൻ വേണ്ട ഇടപെടൽ നടത്തുമോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ ):

(എ) സർവ്വകലാശാലകളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി റൂസ പദ്ധതിപ്രകാരം താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

- റൂസ ഒന്നാംഘട്ട പദ്ധതിപ്രകാരം കേരളത്തിലെ ആറ് യൂണിവേഴ്സിറ്റികൾക്ക് ഘടകം 3-ൽ ഉൾപ്പെടുത്തി (Component 3) 20 കോടി രൂപ വീതം അടിസ്ഥാന സൗകര്യ വികസനത്തിനായി അനുവദിച്ചിട്ടുണ്ട്.

- റൂസ രണ്ടാം ഘട്ടത്തിൽ സംസ്ഥാനത്തെ ആറ് സർവ്വകലാശാലകളിൽ നിന്നും വിവിധ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി തെരഞ്ഞെടുത്ത രണ്ട് സർവ്വകലാശാലകൾക്ക് (മഹാത്മാഗാന്ധി, കുസാറ്റ്) ഘടകം 10-ൽ ഉൾപ്പെടുത്തി 50 കോടി രൂപ വീതം ലഭിക്കുന്ന പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

- സർവ്വകലാശാലകളുടെ കീഴിലെ അക്കാദമിക് സ്റ്റാഫ് കോളേജുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി റൂസ ഒന്നാം ഘട്ടത്തിൽ കേരള സർവ്വകലാശാലയുടെ കീഴിലെ അക്കാദമിക് സ്റ്റാഫ് കോളേജിന് ഒരു കോടി രൂപ ലഭിക്കുന്ന പദ്ധതിക്ക് അംഗീകാരം നൽകുകയും നിലവിൽ 75 ലക്ഷം രൂപ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

- സർവ്വകലാശാലകളിലെ ഗവേഷണ നേട്ടങ്ങൾ പൊതുസമൂഹത്തിന് പ്രാപ്യമാക്കുന്നതിനായി 'ശാസ്ത്രയാൻ' എന്ന പദ്ധതി 2018-ൽ നടപ്പാക്കിയിട്ടുണ്ട്.

കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്തെ സർവ്വകലാശാലകളെ അന്താരാഷ്ട്രതലത്തിൽ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള ഒരു കർമ്മ പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള ലാബ്, ലൈബ്രറി ഉൾപ്പെടെയുള്ള അടിസ്ഥാനസൗകര്യ വികസനമാണ് ലക്ഷ്യമിടുന്നത്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്ക് 240.9 കോടി രൂപയും എം.ജി. സർവ്വകലാശാലയ്ക്ക് 132.75 കോടി രൂപയും കണ്ണൂർ, കാലിക്കറ്റ് സർവ്വകലാശാലകൾക്ക് യഥാക്രമം 150 കോടി രൂപയുടെയും പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. മറ്റ് സർവ്വകലാശാലകളുടെ പദ്ധതി രൂപരേഖ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) സർവ്വകലാശാല പഠന വകുപ്പുകളിൽ കാലോചിതമായി അക്കാദമിക് കരിക്കുലത്തിൽ മാറ്റം കൊണ്ടുവരുന്നുണ്ട്. സർവ്വകലാശാലയിലെ ഗവേഷകരായ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ആവശ്യമായ എല്ലാ സഹായ സഹകരണങ്ങളും ഗവേഷണത്തിന് ആവശ്യാനുസരണം ഉന്നത നിലവാരമുള്ള

ഉപകരണങ്ങളും മറ്റ് സൗകര്യങ്ങളും നൽകുന്നുണ്ട്. അക്കാദമിക് ഗവേഷണ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഐ.എഫ്.ആർ.ഐ.ഡി. (Improving Infrastructural Facilities For Research Intensive Departments) Seed Money, ERUDITE Programme എന്നിവ നടപ്പിലാക്കിവരുന്നു.

(സി) എൻ.ഐ.ആർ.എഫ്. റാങ്ക് ചെയ്ത രാജ്യത്തെ മികച്ച 100 സർവ്വകലാശാലകളിൽ കേരളത്തിലെ നാല് സർവ്വകലാശാലകൾ ഉൾപ്പെട്ടിട്ടുണ്ട്. കേരള സർവ്വകലാശാല (22-ാം സ്ഥാനം), മഹാത്മാഗാന്ധി സർവ്വകലാശാല (30-ാം സ്ഥാനം), കാലിക്കറ്റ് സർവ്വകലാശാല (64-ാം സ്ഥാനം), കുസാറ്റ് (65-ാം സ്ഥാനം) എന്നിവയാണ് എൻ.ഐ.ആർ.എഫ്. റാങ്കിൽ മികച്ച 100 സർവ്വകലാശാലകളുടെ ലിസ്റ്റിൽ ഉൾപ്പെട്ട സംസ്ഥാനത്തെ സർവ്വകലാശാലകൾ. സർവ്വകലാശാലകൾ നൽകുന്ന സേവനങ്ങളെല്ലാം ഓൺലൈനാക്കുന്നതിനും പരീക്ഷകൾ കൃത്യമായി നടത്തി ഫലപ്രഖ്യാപനം യഥാസമയം നടത്തുന്നതിനുംവേണ്ട നടപടി സ്വീകരിച്ചുവരുന്നു.

(ഡി) എൻ.ഐ.ആർ.എഫ് റാങ്കിംഗിൽ മികച്ച കോളേജുകളുടെ പട്ടികയിൽ 23-ാം റാങ്ക് കരസ്ഥമാക്കി ഉന്നത വിദ്യാഭ്യാസ രംഗത്ത് കേരളത്തിന് അഭിമാനമായി മാറിയ യൂണിവേഴ്സിറ്റി കോളേജിന്റെ അക്കാദമിക അടിസ്ഥാന സൗകര്യ വികസനത്തിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. Heritage College പദ്ധതിയിൽ ഉൾപ്പെടുത്തി കിഫ്ബി വഴി 30 കോടിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും മികച്ച ലാബ് സൗകര്യം ഏർപ്പെടുത്തുന്നതിനും നടപടി ആരംഭിച്ചിട്ടുണ്ട്. യൂണിവേഴ്സിറ്റി കോളേജിനെ Centre of Excellence ആയി തെരഞ്ഞെടുത്ത് മികച്ച ഒരു instrumentation centre സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

## ഉന്നത വിദ്യാഭ്യാസരംഗത്ത് അക്കാദമിക നിലവാരം ഉയർത്തുന്നതിന് പദ്ധതി

6(*126) ശ്രീ. എം. സ്വരാജ്:
ശ്രീ. എസ്. ശർമ്മ:
ശ്രീ. കെ. ബാബു:
ശ്രീ. എ. പ്രദീപ്കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ നയം നടപ്പാക്കാനുള്ള ഏജൻസി മാത്രമായി ഉന്നതവിദ്യാഭ്യാസ കേന്ദ്രങ്ങളെ കേന്ദ്രസർക്കാർ അധ:പതിപ്പിച്ചതിന്റെ ഫലമായി

സംസ്ഥാനത്തെ കേന്ദ്ര സർവ്വകലാശാലയിൽ സ്വതന്ത്ര ചിന്തയും അന്വേഷണാത്മകതയും തടഞ്ഞുകൊണ്ട് കേന്ദ്രസർക്കാർ നിശ്ചയിക്കുന്ന വിഷയങ്ങളിൽ മാത്രമേ ഗവേഷണം നടത്താൻ അനുവദിക്കുന്നുള്ളുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിരുന്നോ; സംസ്ഥാനത്ത് ഇത്തരം നടപടികൾക്ക് ബദലായി വൈജ്ഞാനിക രംഗത്ത് ഏറ്റവും പുതിയ അറിവുകൾ കൂടി സ്വാംശീകരിക്കത്തക്കവിധത്തിൽ പാഠ്യപദ്ധതിയുടെ നിരന്തര നവീകരണത്തിന് പദ്ധതിയുണ്ടോ;

(ബി) ഉന്നതവിദ്യാഭ്യാസ രംഗത്ത് അക്കാദമിക നിലവാരം ഉയർത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ് എന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ മുഴുവൻ സർവ്വകലാശാലകൾക്കും സർക്കാർ കോളേജുകൾക്കും നാക് അക്രെഡിറ്റേഷൻ ലഭിക്കത്തക്ക രീതിയിൽ ഗ്രേഡ് ഉയർത്താൻ വേണ്ടിയുള്ള പ്രവർത്തനം വിശദമാക്കാമോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ ):

(എ) ഇല്ല. സംസ്ഥാനത്തെ സർവ്വകലാശാലകളിലെയും അഫിലിയേറ്റഡ് കോളേജുകളിലെയും കരിക്കുലവും പാഠ്യപദ്ധതികളും കാലോചിതമായി പരിഷ്കരിക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകിവരുന്നത് പ്രധാനമായും കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലാണ്. ബിരുദതല വിദ്യാഭ്യാസം Choice Based Credit Semester System (CBCSS) മാതൃകയിൽ പുനഃസംഘടിപ്പിക്കുന്നതിന് കൗൺസിൽ നേതൃത്വം നൽകുകയും 2009-10 മുതൽ ഈ സമ്പ്രദായം സംസ്ഥാനത്ത് നടപ്പിലാക്കുകയും ചെയ്തു. ബിരുദാനന്തര ബിരുദ വിദ്യാഭ്യാസം സമഗ്രവും ഏകീകൃതവുമായ രീതിയിൽ പുനഃസംഘടിപ്പിക്കുന്ന കാര്യത്തിൽ വിശദമായി റിപ്പോർട്ട് തയ്യാറാക്കാൻ ഉന്നത വിദ്യാഭ്യാസ കൗൺസിൽ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ പ്രൊഫസറായ ഡോ. ഇ. ഡി. ജമ്മീസിന്റെ അദ്ധ്യക്ഷതയിൽ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിരിക്കുകയാണ്.

(ബി) ഉന്നത വിദ്യാഭ്യാസ രംഗത്ത് അക്കാദമിക നിലവാരം ഉയർത്തുന്നതിനായി നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു*.

(സി) സംസ്ഥാനത്ത് സർവ്വകലാശാലകൾക്കും സർക്കാർ എയ്ഡഡ് കോളേജുകൾക്കും സ്വാശ്രയ ആർട്സ് & സയൻസ് കോളേജുകൾക്കും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മികച്ചതലത്തിലുള്ള NAAC അക്രഡിറ്റേഷൻ ലഭ്യമാക്കുന്നതിനായി കോളേജുതലത്തിൽ Internal Quality Assurance Cell (IQAC) രൂപീകരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നുണ്ട്. NAAC അക്രഡിറ്റേഷനുവേണ്ടിയുള്ള അടിസ്ഥാന സൗകര്യവികസനത്തിനും അക്കാദമിക ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും അക്കാദമിക് എക്സലൻസ് ഇൻ ടീച്ചിംഗ്, ലേണിംഗ് ആൻഡ് റിസർച്ച്, Quality Enhancement and Accreditation എന്നീ പദ്ധതികൾപ്രകാരം ഫണ്ട് വകയിരുത്തി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

## കുടുംബശ്രീ നടത്തുന്ന സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ

7(*127) ശ്രീ. സി. കൃഷ്ണൻ:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീശാക്തീകരണത്തിനുള്ള മുന്നുപാധിയായ സാമ്പത്തിക സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി അരക്കോടിയോളം അംഗങ്ങളുള്ള കുടുംബശ്രീ നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) പ്രകൃതി ദുരന്തത്തിൽ ജീവനോപാധി നഷ്ടപ്പെട്ടവർക്കായുള്ള ജീവനോപാധി വികസന പദ്ധതിയിൽ കുടുംബശ്രീ പ്രസ്ഥാനത്തിനുള്ള പങ്ക് അറിയിക്കാമോ;

(സി) സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ കെണിയിൽപ്പെടാതിരിക്കാനായി അയൽക്കൂട്ടങ്ങൾക്ക് എത്ര തുകയുടെ ബാങ്ക് വായ്പ ലഭ്യമാക്കിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(ഡി) കുടുംബശ്രീ സ്ത്രീ സുരക്ഷാ ബീമാ യോജനയുടെ വിശദാംശം നൽകാമോ; എത്ര പേർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുവെന്ന് അറിയിക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) സ്ത്രീശാക്തീകരണത്തിനുള്ള മുന്നുപാധിയായ സാമ്പത്തിക സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി കുടുംബശ്രീ അംഗങ്ങൾക്ക് സൂക്ഷ്മ സംരംഭ വികസനത്തിലൂടെ വൈദഗ്ദ്ധ്യ പരിശീലനങ്ങളും സംരംഭങ്ങൾ ആരംഭിക്കുന്നതിനായി സാമ്പത്തിക സഹായങ്ങളും കുടുംബശ്രീ നൽകിവരുന്നു. മൃഗസംരക്ഷണ മേഖലയിൽ കേരള ചിക്കൻ, ആടുവളർത്തൽ പദ്ധതി,

പശുവളർത്തൽ പദ്ധതി, മുട്ട ഉല്പാദന പദ്ധതി, പോത്ത് വളർത്തൽ പദ്ധതി, ബ്രാൻഡഡ് ഷോപ്പുകൾ, എ.ബി.സി. എന്നീ പദ്ധതികളിലൂടെ സാമ്പത്തിക സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കാർഷികമേഖലയിൽ 65,031 ജെ.എൽ.ജി. ഗ്രൂപ്പുകളിലായി 3.5 ലക്ഷത്തിലധികം വനിതകൾ വരുമാനം കണ്ടെത്തുന്നു. കേന്ദ്രാവിഷ്കൃത നഗര-ദാരിദ്ര്യ ലഘൂകരണ പദ്ധതിയായ ദേശീയ നഗര ഉപജീവന മിഷൻ വഴി നഗരപ്രദേശങ്ങളിലെ പദ്ധതിപ്രകാരമുള്ള ഗുണഭോക്താക്കൾക്ക് അവരുടെ അഭിരുചിക്കും താൽപ്പര്യത്തിനുമനുസരിച്ച് വിവിധ തൊഴിൽമേഖലകളിൽ ഹ്രസ്വകാല/ ദീർഘകാല പരിശീലനങ്ങൾ നൽകി സ്ഥിരവരുമാനം ലഭ്യമാകുന്ന മേഖലയിലേയ്ക്കോ സ്വയംതൊഴിൽ സംവിധാനത്തിലൂടെ വരുമാനമുണ്ടാക്കുന്ന രീതിയിലേയ്ക്കോ എത്തിച്ച് സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുകയും ചെയ്യുന്നു.

(ബി) പ്രകൃതി ദുരന്തത്തിൽ ജീവനോപാധികൾ നഷ്ടപ്പെട്ടവർക്ക് ആയത് തിരിച്ചുപിടിക്കുന്നതിനുള്ള കൈത്താങ്ങ് നൽകുന്നതിന്റെ ആവശ്യകത കണക്കാക്കി അർഹരായ കുടുംബശ്രീ അംഗത്തിന് 1,00,000 രൂപ വരെ പലിശരഹിത വായ്പ ലഭ്യമാക്കിക്കൊണ്ട് റിസർജന്റ് കേരള ലോൺ സ്കീം (Resurgent Kerala Loan Scheme- RKLS) എന്ന പദ്ധതി നടപ്പിലാക്കുകയും നാളിതുവരെ 153153 പേർക്കായി 1,348 കോടി രൂപയുടെ വായ്പ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

ഇതിനുപുറമേ പ്രളയക്കെടുതികൾമൂലം ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തി നൽകുന്നതിന്റെ ഭാഗമായി കുടുംബശ്രീയുടെ നേതൃത്വത്തിൽ 50,000 പേർക്ക് സൗജന്യ സ്വയംതൊഴിൽ പരിശീലനം നൽകുന്നതിനായി ARISE പ്രോഗ്രാം ആരംഭിക്കുകയുണ്ടായി. ഈ പദ്ധതിപ്രകാരം സർക്കാർ അംഗീകൃത തൊഴിൽ പരിശീലന സ്ഥാപനങ്ങൾ വഴിയും കുടുംബശ്രീ എംപാനൽ ചെയ്തിട്ടുള്ള പ്രമുഖ പരിശീലന ഏജൻസികൾ മുഖേനയും തെരഞ്ഞെടുത്ത 10 മേഖലകളിൽ ഹ്രസ്വകാല നൈപുണ്യ പരിശീലനം നൽകിവരുന്നു. പരിശീലനം പൂർത്തിയാക്കിയവർക്ക് ആവശ്യമായ സൂക്ഷ്മസംരംഭങ്ങൾ ആരംഭിക്കാൻ ആവശ്യമായ സാമ്പത്തിക പിന്തുണയും തുടർപരിശീലനവും നൽകിവരുന്നു.

(സി) 2018-19 സാമ്പത്തികവർഷം 1,03,211 അയൽക്കൂട്ടങ്ങൾക്കായി 4,132 കോടി രൂപയുടെ ബാങ്ക് ലിങ്കേജ് വായ്പ ലഭ്യമാക്കി.

(ഡി) കുടുംബശ്രീ സ്ത്രീ സുരക്ഷാ ബീമാ യോജന എന്ന ഇൻഷ്വറൻസ് പദ്ധതി ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി ചേർന്ന് 2014 മുതൽ നടത്തിവരുന്നു. നിലവിൽ പ്രധാനമന്ത്രി ജീവൻജ്യോതി സുരക്ഷാ ബീമാ യോജന,

പ്രധാനമന്ത്രി സുരക്ഷാ ബീമാ യോജന, ഗ്രൂപ്പ് ഇൻഷ്വറൻസ് എന്നീ പദ്ധതികളെ സംയോജിപ്പിച്ചുകൊണ്ടാണ് സ്ത്രീ സുരക്ഷ ബീമാ യോജന നടപ്പിലാക്കി യിരിക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം 3.6 ലക്ഷം കുടുംബശ്രീ അംഗങ്ങളാണ് പദ്ധതിയിൽ അംഗത്വമെടുത്തിട്ടുള്ളത്. എല്ലാ വർഷവും ഈ പദ്ധതി ജൂൺ 1-ന് ആരംഭിക്കുകയും മേയ് 31-ന് അവസാനിക്കുകയും ചെയ്യുന്നതാണ്. 2019 ജൂൺ 1-ാം തീയതി മുതൽ എൻറോൾമെന്റ് പുതുക്കൽ നടന്നുവരികയാണ്.

## കെ.എസ്.ആർ.ടി.സി.യുടെ സമഗ്ര പുനരുദ്ധാരണം

8(*128) ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. പി. വി. അൻവർ:
ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. നവീകരണത്തിനായുള്ള സുശീൽ ഖന്ന റിപ്പോർട്ട് പ്രകാരം സമഗ്ര പുനരുദ്ധാരണത്തിനായി എന്തെല്ലാം ഊർജ്ജിത നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി ജീവനക്കാരുടെ ജോലി സമയം എപ്രകാരമാണ് പുന:ക്രമീകരിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ;

(സി) ഇന്ധനത്തിന്റെ ഉപയോഗക്ഷമത ദേശീയ ശരാശരിക്കൊപ്പം എത്തിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) പുനരുദ്ധാരണ പദ്ധതികളിൽ ജീവനക്കാരുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി പ്രൊഫ. സുശീൽ ഖന്നയുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ ഭരണം, സാമ്പത്തികം, മാനേജ്മെന്റ്, പ്രവർത്തനരീതി, പ്രവർത്തനസമയം എന്നിവയിൽ പുനഃക്രമീകരണ നടപടി സ്വീകരിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രൊഫഷണലിസം കൊണ്ടുവരുന്നതിനായി സർക്കാർതലത്തിൽ സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് ജനറൽ മാനേജർ, ഡെപ്യൂട്ടി ജനറൽ മാനേജർ, ചാർട്ടേഡ്/കോസ്റ്റ് അക്കൗണ്ടന്റ് തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

കെ.എസ്.ആർ.ടി.സി.-യെ സാമൂഹ്യ പ്രതിബദ്ധതയാർന്ന, സാമ്പത്തികമായി സ്വയംപര്യാപ്തമായ ഒരു സ്ഥാപനമാക്കുകയെന്ന ലക്ഷ്യം മുൻനിർത്തിക്കൊണ്ട് കോർപ്പറേഷനെ മൂന്ന് മേഖലകളാക്കി 24-7-2018 മുതൽ മാറ്റിയിട്ടുണ്ട്. സ്വയംപര്യാപ്തവും മത്സരബുദ്ധിയോടുകൂടി പ്രവർത്തിക്കുന്നതുമായ മൂന്ന് മേഖലകൾ രൂപീകരിക്കുന്നത് മുഖേന പൊതുജനങ്ങൾക്കും യാത്രക്കാർക്കും കൂടുതൽ സേവനം സമയബന്ധിതമായി നൽകാൻ കഴിയുമെന്നും അതിലൂടെ കൂടുതൽ വരുമാനം നേടാനാകുമെന്നും കോർപ്പറേഷൻ പ്രതീക്ഷിക്കുന്നു.

ആയതിൻപ്രകാരം കെ.എസ്.ആർ.ടി.സി.-യെ ചുവടെ പറയുന്ന തരത്തിൽ മൂന്ന് ലാഭകേന്ദ്രങ്ങളാക്കി രൂപീകരിച്ചു:

| പേര് | റവന്യൂ ജില്ല | ആസ്ഥാനം |
|---|---|---|
| സൗത്ത് സോൺ | തിരുവനന്തപുരം,കൊല്ലം, പത്തനംതിട്ട | തിരുവനനന്തപുരം സെൻട്രൽ |
| സെൻട്രൽ സോൺ | ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ | എറണാകുളം ബോട്ട് ജെട്ടി |
| നോർത്ത് സോൺ | മലപ്പുറം, പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് | കോഴിക്കോട് |

പ്രൊഫ. സുശീൽ ഖന്നയുടെ റിപ്പോർട്ടിൻപ്രകാരം പ്രൊഫഷണൽ യോഗ്യതയുള്ള ജനറൽ മാനേജർമാരെ തെരഞ്ഞെടുത്ത് നിയോഗിക്കുന്നതുവരെ എക്സിക്യൂട്ടീവ് ഡയറക്ടറുടെ (ഓപ്പറേഷൻ) ചുമതല വഹിച്ചിരുന്ന ചീഫ് ട്രാഫിക് മാനേജർ, എക്സിക്യൂട്ടീവ് ഡയറക്ടർ (ടെക്നിക്കൽ), എക്സിക്യൂട്ടീവ് ഡയറക്ടർ (മെയിന്റനൻസ് &വർക്സ്) എന്നിവരെ പ്രസ്തുത മേഖലകളുടെ മേഖലാ അധികാരികളായി നിയമിക്കുകയും ചെയ്തു.

വരുമാന വർദ്ധനവ് വരുത്തുകയെന്നതാണ് പ്രധാനമായും പ്രസ്തുത മേഖലകളുടെ രൂപീകരണംകൊണ്ട് ലക്ഷ്യമിടുന്നത്. ജീവനക്കാരുടെ വിന്യാസം, ജീവനക്കാരുടെ അപേക്ഷകൾ, സർവ്വീസ് ഓപ്പറേഷന് ആവശ്യമായ ബസ്സുകളുടെ വിന്യാസം, സാമ്പത്തിക ഇടപാടുകൾ മുതലായ തദ്ദേശീയമായി പരിഹരിക്കേണ്ടുന്നവ എക്സിക്യൂട്ടീവ് ഡയറക്ടർ റാങ്കിലുള്ള മേഖലാ അധികാരികളുടെ കീഴിൽ കൊണ്ടുവരുമ്പോൾ ചീഫ് ഓഫീസിൽനിന്ന് ആവശ്യങ്ങൾ പരിഹരിച്ചുവരുന്നതിനെക്കാൾ വേഗത്തിൽ പൂർത്തീകരിക്കാനാകും. ആയത് കോർപ്പറേഷന്റെ പ്രവർത്തനങ്ങളെ ശാക്തീകരിക്കും.

ഉയർന്ന റാങ്കിലുള്ള ഉദ്യോഗസ്ഥന്മാരുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ മേൽ പരാമർശിച്ച തരത്തിൽ സർവ്വീസ് ഓപ്പറേഷനും കോർപ്പറേഷന്റെ പ്രവർത്തനവും സാമ്പത്തികവും മെച്ചപ്പെടുന്നത് മുഖേന ലാഭനഷ്ടമില്ലാത്ത സ്ഥാപനമാക്കി കോർപ്പറേഷനെ മാറ്റുകയെന്നതാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്.

സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി കൂടിയ പലിശനിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി. എടുത്തിട്ടുണ്ടായിരുന്ന വായ്പകൾ പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യത്തിലേക്ക് മാറ്റിക്കഴിഞ്ഞു. ഇതുപ്രകാരം കെ.എസ്.ആർ.ടി.സി.-ക്ക് ദീർഘകാല വായ്പയായി 9.2 ശതമാനം പലിശനിരക്കിലും 20 വർഷത്തെ തിരിച്ചടവ് കാലാവധിയിലും 3,100 കോടി രൂപ പൊതുമേഖലാ ബാങ്കുകൾ അനുവദിക്കുകയും പ്രസ്തുത തുകകൊണ്ട് നിലവിലുണ്ടായിരുന്ന വായ്പാകടങ്ങൾ അടച്ചുതീർക്കുകയും ചെയ്തു. ഇതിന്റെ ഫലമായി വായ്പാ തിരിച്ചടവിനത്തിൽ പ്രതിമാസം ചെലവാക്കിയിരുന്ന തുകയിൽ നിന്ന് ഗണ്യമായ തുക ലാഭിക്കാൻ കഴിഞ്ഞു.

ഓഫീസർമാരുടെയും ഓഫീസ് ജീവനക്കാരുടെയും സേവന സമയം ഏഴ് മണിക്കൂറിൽ നിന്നും എട്ട് മണിക്കൂറായി വർദ്ധിപ്പിച്ചിട്ടുണ്ട്.

കോർപ്പറേഷനെ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെ ഭാഗമായി പ്രാവീണ്യം തെളിയിച്ചവരെ ഓപ്പൺ മാർക്കറ്റിൽനിന്നും കരാർ അടിസ്ഥാനത്തിൽ നിയമിച്ച് തുടർനടപടി സ്വീകരിച്ചുവരികയാണ്.

കെ.എസ്.ആർ.ടി.സി.-യുടെ റൂട്ടുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പൊതുജനത്തിന് ഉപയോഗപ്രദമായ വിധത്തിൽ ഷെഡ്യൂളുകൾ പുനഃക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

പ്രൊഫ. സുശീൽ ഖന്നയുടെ പഠന റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലായ ബസ് ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയെക്കാൾ (5.5) കൂടുതലാണെന്നതിനെ അടിസ്ഥാനമാക്കി കോർപ്പറേഷന് വേണ്ടുന്ന ജീവനക്കാരുടെ എണ്ണം ക്രമപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ടി നടപടി ത്വരിതപ്പെടുത്തുന്നതിനായി കോർപ്പറേഷന്റെ സീനിയർ ഓഫീസർമാർ അടങ്ങുന്ന കമ്മിറ്റി രൂപീകരിച്ച് നടപടി സ്വീകരിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി.-യിലെ വരുമാനം കുറവുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത്തരം പുനരുദ്ധാരണ പദ്ധതിക്ക് ജീവനക്കാരുടെ ഭാഗത്തുനിന്നും മികച്ച പിന്തുണ ലഭ്യമാക്കുന്നതിന്

സാധിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് മാനവ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനുംവേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്തവിധത്തിൽ തുല്യനീതി ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുള്ളത്. കൂടാതെ മുമ്പുണ്ടായിരുന്ന ഡബിൾ ഡ്യൂട്ടി സമ്പ്രദായം മാറ്റി സിംഗിൾ ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.യിൽ പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് മുന്നോടിയായി ജീവനക്കാരുടെ പൂർണ്ണമായ സഹകരണം ഉറപ്പുവരുത്തുന്നതിനുള്ള ശ്രമങ്ങൾ കൈക്കൊണ്ടിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യുടെ ദൈനംദിന പ്രവർത്തനങ്ങളിൽ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനും ഫലപ്രദമായി സർവ്വീസുകൾ നടത്തുന്നതിനും വരുമാന ചോർച്ച തടയുന്നതിനും സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കേണ്ടതായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ജി.പി.എസ്., വി.റ്റി.എസ്., ഓൺലൈൻ റിസർവേഷൻ, പി.ഐ.എസ്., ഇൻവെന്ററി മോഡ്യൂൾ, എച്ച്.ആർ. മോഡ്യൂൾ, ഇ.ആർ.പി.(Accounting Software) എന്നിവയെല്ലാംകൂടി ക്രോഡീകരിക്കുന്നതിനും സമഗ്രമായ ഗതാഗത സംവിധാനം കൊണ്ടുവരുന്നതിനും വിശദമായ ഒരു ഡി.പി.ആർ. തയ്യാറാക്കുന്നതിനായി M/s. PWC, M/s. Tata Consultancy Services Pvt. Ltd. എന്നിവരുമായി ചർച്ച നടത്തിവരുന്നു. മാത്രമല്ല കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ ഓഫീസുകളിൽ HR, Payroll എന്നിവ കമ്പ്യൂട്ടർവത്ക്കരിച്ച് നടപ്പിലാക്കിയ മാതൃകയിൽ കെ.എസ്.ആർ.ടി.സി.യിലും അത് നടപ്പിലാക്കാനാവശ്യമായ സോഫ്റ്റ്‌വെയർ സംവിധാനം ലഭ്യമാക്കുന്നതിന് ശ്രമിച്ചുവരുന്നു.

പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മെക്കാനിക്കൽ ജീവനക്കാരുടെ ജോലിസമയം പുനഃക്രമീകരിച്ചു. പ്രൊഡക്ടിവിറ്റി വർദ്ധിപ്പിക്കുന്നതിനും പുതിയ വർക്ക് നോംസ് തയ്യാറാക്കുന്നതിനുമായി സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിലിനെ ഏൽപ്പിച്ചിട്ടുണ്ട്. അവർ നൽകിയ കരട് റിപ്പോർട്ടുപ്രകാരമുള്ള ശിപാർശകൾ നടപ്പിലാക്കുന്നത് പുരോഗതിയിലാണ്. ഫ്ലോട്ട് യൂണിറ്റുകൾ വാങ്ങി നൽകുന്നതിന് സാധിച്ചു. എന്നാൽ സാമ്പത്തിക പരാധീനതമൂലം പൂർണ്ണതോതിൽ ഫ്ലോട്ട് യൂണിറ്റുകൾ വാങ്ങി ഉപയോഗിക്കുന്നതിന് സാധിച്ചിട്ടില്ല.

ഇന്ധനക്ഷമത ദേശീയ ശരാശരിയിൽ എത്തിക്കുന്നതിലേയ്ക്കായി ഡ്രൈവർമാർക്ക് ട്രെയിനിംഗ് നൽകുകയും അതോടൊപ്പംതന്നെ ഡിപ്പോ മോണിറ്ററിംഗ് ശക്തിപ്പെടുത്തി ഇന്ധനക്ഷമത കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. സ്പെയർ പാർട്സ് വാങ്ങുന്നതും ഇൻവെന്ററി കൺട്രോൾ ഏകീകരിക്കുക, കമ്പ്യൂട്ടർവത്കരണം നടപ്പിലാക്കുക എന്നീ ശിപാർശകളിന്മേൽ നടപടി ആരംഭിക്കുകയും ആയത് പുരോഗതിയിലുമാണ്.

ഡിപ്പോ വർക്ക്ഷോപ്പുകൾ ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി ആധുനിക ഉപകരണങ്ങൾ വാങ്ങി നൽകുകയും ആയതിന്റെ പ്രവർത്തനമികവ് വിലയിരുത്തുകയും ചെയ്തുവരുന്നു. ബസിന്റെ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ വർക്ക്ഷോപ്പുകളുടെ പ്രവർത്തനം ഏകീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ സമഗ്ര പുനരുദ്ധാരണത്തിന്റെ ഭാഗമായി ഓഫീസർമാരുടെയും മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെയും ജോലിസമയം എട്ടുമണിക്കൂറായി പുനഃക്രമീകരിക്കുകയുണ്ടായി. ജീവനക്കാരുടെ പ്രവർത്തിസമയം രാവിലെ 10 മണിമുതൽ വൈകുന്നേരം 5 മണിവരെ ആയിരുന്നത് 16-8-2017 മുതൽ രാവിലെ 9.30 മുതൽ വൈകുന്നേരം 5.30 വരെയായി പുനഃക്രമീകരിച്ച് എട്ടുമണിക്കൂറായി നിജപ്പെടുത്തുകയുണ്ടായി. സർവ്വീസ് ഓപ്പറേഷനുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന യൂണിറ്റ് ഓഫീസർ, ഡിപ്പോ എഞ്ചിനീയർ, ചീഫ് സ്റ്റോറിലെയും സ്റ്റേഷനറി സ്റ്റോറിലെയും ഓഫീസർമാർ, ജീവനക്കാർ കൂടാതെ നിർമ്മാണപ്രവർത്തനവുമായി ബന്ധപ്പെട്ട് ജോലിചെയ്യുന്ന സിവിൽ വിഭാഗത്തിലെ ഓഫീസർമാർ, ജീവനക്കാർ എന്നിവർക്ക് രണ്ടാം ശനിയാഴ്ച പ്രവർത്തി ദിവസമാക്കുകയും ചെയ്തു.

കൂടാതെ വിവിധ വിഭാഗം ജീവനക്കാരുടെ ജോലിസമയം ക്രമീകരിക്കുന്നതിന്റെ ഭാഗമായി ജനറൽ കൺട്രോളിംഗ് ഇൻസ്പെക്ടർ, ഹെഡ് വെഹിക്കിൾ സൂപ്പർവൈസർ എന്നിവരുടെ ഡ്യൂട്ടി സമയം രാവിലെ 5 മണിമുതൽ ഉച്ചയ്ക്ക് 3 മണിവരെയായി പുനഃക്രമീകരിക്കുകയും ടി സമയക്രമത്തിൽ പ്രസ്തുത ഉദ്യോഗസ്ഥർക്ക് രണ്ട് മണിക്കൂർ വിശ്രമം അനുവദിക്കുകയും എന്നാൽ ഫസ്റ്റ് സ്പെല്ലിൽ ആരംഭിക്കുന്ന സർവ്വീസുകൾ മുഴുവനും ഓപ്പറേറ്റ് ചെയ്യുന്നതിനായി രാവിലെ 5 മണിമുതൽ 8 മണിവരെ നിർബന്ധമായും ടി ഉദ്യോഗസ്ഥർ ഡ്യൂട്ടിയിൽ ഉണ്ടായിരിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകുകയും ചെയ്തു.

ഡിപ്പോകളിൽ മെക്കാനിക്കൽ ജീവനക്കാരുടെ ജോലിസമയം ബസ് സർവ്വീസുകളുടെ ആഗമന സമയവും പുറപ്പെടൽ സമയവും കണക്കിലെടുത്ത് 6-14, 14-22, 22-06 എന്നീ സമയക്രമത്തിൽ പുനഃക്രമീകരണം എന്ന ശിപാർശ നടപ്പിലാക്കിയിട്ടുണ്ട്.

(സി) ഇന്ധനക്ഷമത ദേശീയ ശരാശരിയിലെത്തിക്കുന്നതിനായി മൂന്ന് സോണായി തിരിച്ച് അസിസ്റ്റന്റ് വർക്ക്സ് മാനേജർമാർക്ക് ചുമതല നൽകി ഡിപ്പോതല പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു വരുന്നു. ഇന്ധക്ഷമത ദേശീയ ശരാശരിയിൽ എത്തിക്കുകയും ക്രമേണ ഒരു ലിറ്ററിന് 4.5 കി.മീറ്റർ എന്ന നിലയിൽ എത്തിക്കുകയെന്ന ശിപാർശ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഡ്രൈവർമാർക്ക് പരിശീലനം നൽകുകയും KMPL 4.15-ൽ നിന്ന് 4.28-ലേയ്ക്ക് കൊണ്ടുവരാൻ കഴിയുകയും ചെയ്തിട്ടുണ്ട്. കൂടാതെ വാഹനങ്ങളുടെ കാര്യക്ഷമത ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു.

(ഡി) കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കോർപ്പറേഷനിലെ ജീവനക്കാരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിലേയ്ക്കായി കോർപ്പറേഷനിലെ തൊഴിലാളി സംഘടനാ പ്രതിനിധികളുമായി വിവിധ ഘട്ടങ്ങളിൽ സർക്കാർതലത്തിലും കോർപ്പറേഷൻ മാനേജ്മെന്റ് തലത്തിലും ചർച്ചായോഗങ്ങൾ ചേരുകയും പ്രസ്തുത ലക്ഷ്യങ്ങളുമായി ബന്ധപ്പെട്ട് തൊഴിലാളി സംഘടനകളുടെ അഭിപ്രായങ്ങൾ ആരായുകയും നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി യോഗങ്ങളിലെ തീരുമാനങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ തൊഴിലാളികളുടെ സഹകരണത്തോടുകൂടി പ്രസ്തുത നിർദ്ദേശങ്ങൾ കോർപ്പറേഷന് കൂടുതൽ ഗുണകരമാകുന്നതരത്തിൽ നടപ്പിലാക്കിയതിലൂടെ തൊഴിലാളികളുടെ സഹകരണം പരമാവധി ഉറപ്പുവരുത്തുന്നതിനും സാധിച്ചിട്ടുണ്ട്.

## സ്വയംഭരണ കോളേജുകളുടെ പ്രവർത്തനം പഠിക്കാൻ നടപടി

9 (*129) ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്കാദമിക സ്വയംഭരണത്തിന്റെ മറവിൽ മാനേജ്മെന്റിന്റെ തന്നിഷ്ടം നടപ്പാക്കുന്നവയും വാണിജ്യ താല്പര്യത്താൽ നയിക്കപ്പെടുന്നവയുമാണ് സംസ്ഥാനത്തെ മിക്ക ഓട്ടോണമസ് കോളേജുകളും എന്ന കാര്യം പരിശോധനാ വിധേയമാക്കിയിരുന്നോ;

(ബി) തോന്നുംപടി സിലബസ് നിശ്ചയിച്ച് ഇഷ്ടാനുസരണം ഫീസ് വാങ്ങി സുതാര്യമല്ലാത്ത രീതിയിൽ പരീക്ഷ നടത്തുന്ന സ്വകാര്യ ഓട്ടോണമസ് മാനേജ്മെന്റുകൾ ശാസ്ത്രബോധവും അന്വേഷണാത്മകതയും സ്വതന്ത്രചിന്തയും നിരുത്സാഹപ്പെടുത്തി മതേതര ജനാധിപത്യ സംവിധാനത്തിനു തന്നെ ഹാനികരമാകുന്ന രീതിയിൽ പ്രവർത്തിക്കുന്നതായുള്ള അദ്ധ്യാപകരുടെയും ചിന്തകരുടെയും നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ഇവയുടെ പ്രവർത്തനം പഠിക്കാൻ നടപടിയെടുത്തിരുന്നോ; വിശദാംശം അറിയിക്കാമോ;

(സി) സ്വകാര്യവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്ന യു.ജി.സി. മാനദണ്ഡത്തിന്റെ പേരിൽ സംസ്ഥാനത്തെ എയിഡഡ് സ്വകാര്യ കോളേജുകൾ പുതുതായി ഓട്ടോണമസ് പദവിക്കായി ആവശ്യപ്പെട്ടിട്ടുണ്ടോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ ):

(എ&ബി) സംസ്ഥാനത്തെ സ്വയംഭരണ പദവി ലഭിച്ച കോളേജുകളുടെ അക്കാദമിക നിലവാരത്തിലുണ്ടായ മാറ്റം വിലയിരുത്തുന്നതിനുവേണ്ടി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേന ഒരു മൂന്നംഗ കമ്മിറ്റിയെ നിയോഗിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി സംസ്ഥാനത്തെ സ്വയംഭരണ കോളേജുകളുടെ പ്രവർത്തനം വിലയിരുത്തുകയും പഠന റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ട് ഓട്ടോണമി അപ്രൂവൽ കമ്മിറ്റി യോഗം വിശദമായി ചർച്ച ചെയ്യുകയുണ്ടായി. സ്വയംഭരണ കോളേജുകളുടെ അക്കാദമിക നിലവാരം ഉറപ്പാക്കാൻ ഓട്ടോണമി അപ്രൂവൽ നിയമം ഭേദഗതി ചെയ്യണമെന്ന് കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്. ഇതിനായുള്ള കരട് നിർദ്ദേശം സമർപ്പിക്കാൻ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ സംസ്ഥാനത്ത് നിലവിൽ സ്വയംഭരണ പദവി ലഭിച്ചിട്ടുള്ള കോളേജുകളുടെ പെർഫോമൻസ് അപ്രൈസൽ റിപ്പോർട്ട് സമർപ്പിക്കാൻ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) നിലവിൽ ഏതാനും ചില കോളേജുകൾ സ്വയംഭരണ പദവി നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ നിലവിലുള്ള ഓട്ടോണമി അപ്രൂവൽ നിയമത്തിൽ മാറ്റങ്ങൾ വരുത്തിയതിനുശേഷം മാത്രമേ പുതിയ കോളേജുകൾക്ക് സ്വയംഭരണം അനുവദിക്കുന്ന വിഷയത്തിൽ സർക്കാർ തീരുമാനമെടുക്കുകയുള്ളൂ.

## തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണത്തിന് മാർഗ്ഗരേഖ

10 (*130) ശ്രീമതി യു. പ്രതിഭ:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം കാര്യക്ഷമമായി വിനിയോഗിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പദ്ധതി രൂപീകരണത്തിന് നഗരസഭകൾക്കും പഞ്ചായത്തുകൾക്കും പ്രത്യേകം മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ആസൂത്രണ സമിതി രൂപീകരിച്ചിട്ടുണ്ടോ; ആനുകൂല്യങ്ങൾ ലഭിക്കുവാനുള്ള വരുമാന പരിധി ഉയർത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) നടപ്പുസാമ്പത്തിക വർഷം ഇതുവരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി തുകയുടെ എത്ര ശതമാനം ചെലവഴിച്ചിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ ):

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണ നിർവ്വഹണത്തിനായി വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ 2019-ലെ പാർലമെന്റ് പൊതുതെരഞ്ഞെടുപ്പ് മുന്നിൽക്കണ്ട് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസനപദ്ധതികൾ കാലേക്കൂട്ടി തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 2018 സെപ്റ്റംബറിൽത്തന്നെ സർക്കാർ നൽകിയിരുന്നു. അതനുസരിച്ച് സംസ്ഥാനത്തെ മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളും ജനുവരി മാസത്തോടെ വാർഷിക പദ്ധതി തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതി അംഗീകാരത്തിന് സമർപ്പിച്ചു. 2019-20 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വ്യക്തമായ മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനുപുറമെ 2019-20 വർഷത്തെ പദ്ധതിവിഹിതം കാര്യക്ഷമമായി വിനിയോഗിക്കുന്നതിന് പൊതുനിർദ്ദേശങ്ങൾ നൽകുന്നതിനായി ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ അദ്ധ്യക്ഷൻമാരുടെ മേഖലാതല യോഗങ്ങൾ നടത്തിവരുന്നു.

(ബി) ഉണ്ട്. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ 29-1-2018-ലെ സ.ഉ.(കൈ) നമ്പർ 11/2018/ തസ്വഭവ. നമ്പർ ഉത്തരവായും മുനിസിപ്പാലിറ്റികളുടേതും കോർപ്പറേഷനുകളുടേതും 2-2-2018-ലെ സ.ഉ.(കൈ) നമ്പർ 17/2018/തസ്വഭവ. നമ്പർ ഉത്തരവായും പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ആസൂത്രണ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള വരുമാനപരിധി 14-2-2018-ലെ സ.ഉ. (കൈ) നമ്പർ 22/2018/തസ്വഭവ. പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതനുസരിച്ച് പൊതുവിഭാഗത്തിൽപ്പെട്ടവർക്ക് രണ്ട് ലക്ഷം രൂപവരെയും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് മൂന്ന് ലക്ഷം രൂപവരെയും കുടുംബവാർഷിക വരുമാനമുള്ളവർക്ക് ആനുകൂല്യങ്ങൾ നൽകാവുന്നതാണ്. പട്ടികവർഗ്ഗക്കാർക്ക് വരുമാനപരിധിയില്ല. കാർഷികമേഖലയിൽ എല്ലാ നാമമാത്ര ചെറുകിട കർഷകർക്കും ആനുകൂല്യങ്ങൾ നൽകാം. മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യ വികസനം എന്നീ മേഖലകളിൽ 5 ലക്ഷം രൂപയാണ് പരിധി. ലൈഫ് ഭവന പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് വരുമാനപരിധി മൂന്ന് ലക്ഷം രൂപയാണ്.

(ഡി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2019-20 വാർഷികപദ്ധതി പുരോഗതി റിപ്പോർട്ട് ചുവടെ ചേർക്കുന്നു. (6-6-2019 വരെ)

തദ്ദേശഭരണ സ്ഥാപനം തിരിച്ചുള്ള ചെലവ് വിവരം

| | |
|---|---|
| ഗ്രാമപഞ്ചായത്ത് | 3.41% |
| ബ്ലോക്ക് പഞ്ചായത്ത് | 5.68% |
| ജില്ലാപഞ്ചായത്ത് | 8.16% |
| മുനിസിപ്പാലിറ്റി | 4.34% |
| കോർപ്പറേഷൻ | 4.71% |
| ആകെ | 4.64% |

പൊതുവിഭാഗം, SCSP, TSP യുടെ ചെലവ് ശതമാനം താഴെപ്പറയുംപ്രകാരമാണ്.

| ജനറൽ | SCSP | TSP |
|---|---|---|
| 6.65% | 5.91% | 5.56% |

**ജലഗതാഗതം കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതികൾ**

11 (*131) ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. എം. സ്വരാജ്:
ശ്രീ. കെ. ദാസൻ:
ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുഗതാഗത സംവിധാനം പ്രോത്സാഹിപ്പിക്കുന്നതിനും പൊതുനിരത്തുകളിലെ വാഹന ബാഹുല്യം കുറയ്ക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ജലഗതാഗതം കാര്യക്ഷമമാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ഇതിന്റെ ഭാഗമായി അതിവേഗ എ.സി. ബോട്ട്, അത്യാധുനിക സ്റ്റീൽ ബോട്ടുകൾ എന്നിവ സർവ്വീസ് ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ജലത്തിലൂടെയും കരയിലൂടെയും സഞ്ചരിക്കുന്ന വാട്ടർ ബസ് വാങ്ങുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) പൊതുഗതാഗത സംവിധാനം പ്രോത്സാഹിപ്പിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ കെ.എസ്.ആർ.ടി.സി. ആസൂത്രണം ചെയ്തിട്ടുണ്ട്.

സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് വരുമാനം കുറവുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുന്ന പദ്ധതി ഇതിനോടകംതന്നെ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനുംവേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുണ്ട്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും കെ.എസ്.ആർ.ടി.സി.യും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുക വഴി കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞു. ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി. ബസ്സുകളിലേയ്ക്ക് ആകർഷിക്കുന്നതിലേയ്ക്കും യാത്രക്കാർക്ക് കൂടുതൽ സുഖകരമായ

യാത്ര പ്രദാനം ചെയ്യുന്നതിലേയ്ക്കുമായി പുതിയതരം പുഷ്ബാക്ക് സീറ്റോടുകൂടിയ എയർ എക്സ്പ്രസ് ബസ്സുകളും സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയംകൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്നതരത്തിൽ മിന്നൽ സർവ്വീസുകളെന്ന പേരിൽ സർവ്വീസുകൾ ഇതിനോടകംതന്നെ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേക്കും പുതിയ സർവ്വീസുകളും വാരാന്ത്യ പ്രത്യേക അന്തർസംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. കൂടുതൽ പ്രീമിയം ബസ്സുകൾ സർവ്വീസ് ഓപ്പറേഷന് ലഭ്യമാക്കുന്നതിനായി വെറ്റ് ലീസ് വ്യവസ്ഥയിൽ പുതിയ 10 സ്കാനിയ തരത്തിലുള്ള ബസ്സുകൾ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്.

കൂടാതെ കേരളത്തിലെ പ്രധാന സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് 'ചിൽ ബസ്' എന്ന പേരിൽ എ.സി. ബസുകൾ ഉപയോഗിച്ച് തിരുവനന്തപുരം-എറണാകുളം, എറണാകുളം-കോഴിക്കോട്, കോഴിക്കോട്-കാസർഗോഡ് എന്നീ റൂട്ടുകളിൽ ഒരു മണിക്കൂർ ഇടവേളകളിലും സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്.

കൂടാതെ കെ.എസ്.ആർ.ടി.സി. ഇലക്ട്രിക് ബസുകൾ വാടക അടിസ്ഥാനത്തിൽ ലഭ്യമാക്കി സർവ്വീസ് നടത്തിവരുന്നുണ്ട്.

കെ.എസ്.ആർ.ടി.സി.-യിൽ സർവ്വീസ് ഓപ്പറേഷൻസ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന് റൂട്ട് റാഷണലൈസേഷൻ, ഷെഡ്യൂൾ ക്രോണോളജി തുടങ്ങിയവ തയ്യാറാക്കുന്നതിലേയ്ക്കായി നിലവിലെ ഇ.റ്റി.എം., ഓൺ-ലൈൻ ട്രാക്കിംഗ് ഡാറ്റാ ബേസ് മുതലായവ ഉപയോഗിച്ച് ഡാറ്റാ അനലൈറ്റിക്സ് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. ഇതുപയോഗിച്ച് ഡൈനാമിക് റിപ്പോർട്ടിംഗ്, പ്രിഡിക്ടീവ് അനലൈസിസ് തുടങ്ങിയവ ചെയ്യാവുന്നതാണ്.

പൊതുനിരത്തുകളിലെ വാഹന ബാഹുല്യം കുറയ്ക്കുന്നതിനായി ജലഗതാഗത സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്:

വൈക്കത്ത് നിന്ന് എറണാകുളത്തേയ്ക്ക് കുറഞ്ഞ സമയദൈർഘ്യത്തിലും റോഡ് ഗതാഗത തടസ്സങ്ങളിൽ ഉൾപ്പെടാതെയും സ്വച്ഛമായും സ്വദേശികളും വിദേശികളുമായ ടൂറിസ്റ്റുകൾക്കും യാത്രക്കാർക്കും യാത്രചെയ്യുന്നതിനായി ടി റൂട്ടിൽ ഒരു അതിവേഗ 120 പാസഞ്ചർ കപ്പാസിറ്റിയുള്ള എ.സി. പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസ് 4-11-2018-ൽ ആരംഭിച്ചു. കൂടാതെ ആലപ്പുഴ-കോട്ടയം റൂട്ടിലേയ്ക്ക് 120 പാസഞ്ചർ കപ്പാസിറ്റിയുള്ള എ.സി. ബോട്ടും രണ്ട് വാട്ടർ ടാക്സികളും ഉടൻ സർവ്വീസ്

ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. പരിസ്ഥിതി മലിനീകരണം കുറയ്ക്കുന്നതിലേയ്ക്കായി ഇന്ത്യയിലെ പ്രഥമ സംരംഭമായ 75 പാസഞ്ചർ കപ്പാസിറ്റിയുള്ള ഒരു സോളാർ ബോട്ട് "ആദിത്യ" വൈക്കം-തവണക്കടവ് റൂട്ടിൽ മെച്ചപ്പെട്ട സർവ്വീസ് നടത്തിവരുന്നു. വകുപ്പിന്റെ പ്രധാനപ്പെട്ട അഞ്ച് സ്റ്റേഷനുകളിൽ റെസ്ക്യൂ സർവ്വീസായും ആംബുലൻസ് സർവ്വീസായും ഉപയോഗിക്കാൻ ഉതകുന്ന രീതിയിൽ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ അഞ്ച് റെസ്ക്യൂ ബോട്ടുകളും നിർമ്മാണം പൂർത്തീകരിച്ചു. ഇൻലാൻഡ് നാവിഗേഷൻ മേഖലയിൽ സർക്കാർ തലത്തിൽ കേരളത്തിലെതന്നെ ആദ്യ സംരംഭമെന്ന നിലയിൽ ആലപ്പുഴ ജില്ലയിലെ പോഞ്ഞിക്കരയിൽ പുതിയ ഡ്രൈഡോക്കിന്റെ നിർമ്മാണം പൂർത്തീകരിച്ചു. ഇതിനുപുറമെ കാലഹരണപ്പെട്ട 14 തടി ബോട്ടുകൾക്ക് പകരം 9 കാറ്റാമറാൻ ബോട്ടുകൾ ഘട്ടംഘട്ടമായി പണി പൂർത്തീകരിച്ചുവരികയും ചെയ്യുന്നു. ഇതോടൊപ്പം എല്ലാവിധ സുരക്ഷാ സജ്ജീകരണങ്ങളോടും കൂടിയ ഐ.ആർ.എസ്. ക്ലാസിൽ നിർമ്മിച്ച അഞ്ച് ബോട്ടുകളുടെയും കൈനകരി സർക്കുലർ സർവ്വീസിന്റെയും ഉദ്ഘാടനം 4-1-2019-ൽ നിർവ്വഹിച്ചിട്ടുണ്ട്.

കൂടാതെ ഗതാഗത സംവിധാനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പരിസ്ഥിതി സൗഹൃദ ഇ-ഓട്ടോകൾക്ക് പെർമിറ്റ് നൽകാൻ ആരംഭിച്ചിട്ടുണ്ട്. പൊതുഗതാഗതം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായും പൊതുനിരത്തുകളിലെ വാഹന ബാഹുല്യം കുറയ്ക്കുന്നതിനും മെട്രോ റെയിൽ സംവിധാനവും നിലവിലുണ്ട്. മെട്രോയുമായി ബന്ധിപ്പിച്ചുകൊണ്ട് point-to-point സ്പെഷ്യൽ ഓട്ടോ സർവ്വീസ് നടത്തിവരുന്നു.

(ബി) ജലഗതാഗതം കാര്യക്ഷമമാക്കുന്നതിനും പരിസ്ഥിതി മലിനീകരണം കുറയ്ക്കുന്നതിനുമായി ഇന്ത്യയിലെ പ്രഥമ സംരംഭമായ 75 പാസ്സഞ്ചർ കപ്പാസിറ്റിയുള്ള സോളാർ ബോട്ട് "ആദിത്യ" സർവ്വീസ് വിജയകരമായി നടത്തിവരുന്നു. വൈക്കത്ത് നിന്ന് എറണാകുളത്തേയ്ക്ക് കുറഞ്ഞ സമയദൈർഘ്യത്തിലും റോഡ് ഗതാഗതതടസ്സങ്ങളിൽ ഉൾപ്പെടാതെയും യാത്ര ചെയ്യുന്നതിനായി ഒരു അതിവേഗ 120 പാസ്സഞ്ചർ കപ്പാസിറ്റിയുള്ള എ.സി പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസ് നടത്തിവരുന്നു. എല്ലാവിധ സുരക്ഷാ സജ്ജീകരണങ്ങളോടുകൂടിയ ഐ.ആർ.എസ്. ക്ലാസ്സിൽ നിർമ്മിച്ച അഞ്ച് ബോട്ടുകൾ 4-1-2019 മുതൽ സർവ്വീസ് ആരംഭിച്ചു. അടിയന്തര ഘട്ടങ്ങളിൽ വകുപ്പിന്റെ പ്രധാനപ്പെട്ട അഞ്ച് സ്റ്റേഷനുകളിൽ റെസ്ക്യൂ സർവ്വീസായും ആംബുലൻസ് സർവ്വീസായും ഉപയോഗിക്കാൻ ഉതകുന്നരീതിയിൽ 5 റെസ്ക്യൂ ബോട്ടുകൾ സർവ്വീസ് നടത്തിവരുന്നു.

(സി) 120 പാസ്സഞ്ചർ കപ്പാസിറ്റിയുള്ള അതിവേഗ എ.സി. പാസ്സഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസ് ബോട്ടിന്റെ ഉദ്ഘാടനം 4-11-2018-ലും എല്ലാവിധ ആധുനിക സജ്ജീകരണങ്ങളോടും കൂടിയ ഐ.ആർ.എസ്. ക്ലാസ്സിൽ നിർമ്മിച്ച അഞ്ച് ബോട്ടുകളുടെ ഉദ്ഘാടനം 4-1-2019-ലും നടന്നിട്ടുണ്ട്.

(ഡി) തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പരിശോധിക്കുന്നതിനായി സാങ്കേതിക കമ്മിറ്റിയെ നിയോഗിച്ച് 4-6-2019-ലെ സ.ഉ.(സാധാ)നമ്പർ 242/2019/Trans പ്രകാരം ഉത്തരവായിട്ടുണ്ട്.

## ഫലാധിഷ്ഠിത വിദ്യാഭ്യാസ സമ്പ്രദായം

12 (*132) പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. ജെയിംസ് മാത്യു:
ശ്രീ. ആർ. രാജേഷ്:
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഗ്ഗീയവൽക്കരണം വ്യാപിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ കേന്ദ്രസർക്കാർ യു.ജി.സി. ഇല്ലാതാക്കുകയും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ തലപ്പത്ത് വർഗ്ഗീയ പ്രചാരകരെ നിയമിച്ചുകൊണ്ട് മിത്തുകളെ യാഥാർത്ഥ്യമാക്കി അവതരിപ്പിക്കുകയും ദേശത്തിന്റെ ചരിത്രംതന്നെ ദുഷ്ടലാക്കോടെ തിരുത്താൻ ശ്രമിക്കുകയും ചെയ്യുന്ന ഘട്ടത്തിൽ സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ രംഗത്ത് ദിശാബോധം നൽകുന്നതിനും നിലവാര വർദ്ധനവിനും നടത്തിവരുന്ന ഇടപെടലുകൾ അറിയിക്കാമോ;

(ബി) ഉന്നതവിദ്യാഭ്യാസ രംഗത്ത് ഫലാധിഷ്ഠിത വിദ്യാഭ്യാസ സമ്പ്രദായം (ഔട്ട്കം ബേസ്ഡ് എജ്യൂക്കേഷൻ) പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) അദ്ധ്യാപകരുടെ പ്രാഗത്ഭ്യം ഉയർത്തുന്നതിനും എണ്ണത്തിലുള്ള കുറവ് പരിഹരിക്കുന്നതിനും പദ്ധതിയുണ്ടോയെന്ന് അറിയിക്കുമോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ ):

(എ) സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാര വർദ്ധനവിനായി കാലോചിതമായുള്ള സിലബസ് പരിഷ്കരണം, കാലഘട്ടത്തിന്റെ ആവശ്യകത മുൻനിർത്തി കോഴ്സുകളുടെ പുനഃസംഘടന,

ആധുനിക സാങ്കേതിക വിദ്യകളുടെ സഹായം ലഭ്യമാക്കൽ, അടിസ്ഥാന സൗകര്യ വികസനം, അദ്ധ്യാപകർക്കും മറ്റ് സാങ്കേതിക ജീവനക്കാർക്കും നിരന്തരമായ പരിശീലനം നൽകൽ തുടങ്ങിയവ നടപ്പിലാക്കിവരുന്നു. കഴിഞ്ഞ മൂന്ന് വർഷമായി സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ AICTE നിഷ്കർഷിച്ചിട്ടുള്ള തോതിൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. വർഷങ്ങളായി മുടങ്ങിക്കിടന്ന എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകരുടെ സ്ഥാനക്കയറ്റം പൂർത്തീകരിച്ചതുവഴി ഈ മേഖലയിൽ പുത്തനുണർവ് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാര വർദ്ധനവിനായി സർക്കാർ നടത്തിയ ഇടപെടലുകളുടെ ഫലമായി തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജ് NIRF റാങ്കിംഗിൽ 71-ാം സ്ഥാനത്തേയ്ക്ക് ഉയർന്നിട്ടുണ്ട്. മാത്രമല്ല, ആർക്കിടെക്ചർ മേഖലയിൽ ഈ സ്ഥാപനം അഖിലേന്ത്യാ തലത്തിൽ അഞ്ചാം സ്ഥാനത്തുമാണ്. വിവിധ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ സാമൂഹിക പ്രസക്തിയുള്ള ഗവേഷണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ റൂറൽ ടെക്നോളജി ഡെവലപ്മെന്റ് സെന്റർ, കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ റീ-യൂസബിൾ ബിൽഡിംഗ് സിസ്റ്റം, ബാർട്ടൺഹിൽ സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ സെന്റർ ഫോർ ബാംബൂ ടെക്നോളജി, തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ ട്രാൻസ്പോർട്ടേഷൻ റിസർച്ച് സെന്റർ എന്നിവ ഈ വിഭാഗത്തിൽപ്പെടുന്നു. സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ ഇന്റർ ഡിസിപ്ലിനറി സെന്ററുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി തൃശ്ശൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ റോബോട്ടിക് ആൻഡ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് നോഡൽ സെന്ററും കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ സെന്റർ ഫോർ എക്സലൻസ് ഇൻ സിസ്റ്റംസ്, എനർജി ആൻഡ് എൻവയോൺമെന്റ് എന്നിവയും പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. ഉപയോഗശൂന്യമായ യന്ത്രങ്ങളും ഉപകരണങ്ങളും മറ്റ് വസ്തുക്കളും പുനരുജ്ജീവിപ്പിക്കുന്നതിനുവേണ്ടി കേരളത്തിലെ നാഷണൽ സർവ്വീസ് സ്കീമിന്റെ ടെക്നിക്കൽ സെൽ വിഭാവനം ചെയ്ത പുനർജ്ജനി പദ്ധതിപ്രകാരം സർക്കാർ ആശുപത്രികളിലും എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും മറ്റ് ഗവൺമെന്റ് സ്ഥാപനങ്ങളിലുമുള്ള വസ്തുവകകളുടെ പുനർവിന്യാസവും പുനർനിർമ്മാണവും നടത്തിവരുന്നു.

ഉന്നത വിദ്യാഭ്യാസ രംഗത്ത് ദിശാബോധം നൽകുക, നിലവാര വർദ്ധനവുണ്ടാക്കിയെടുക്കുക തുടങ്ങിയ ഉദ്ദേശലക്ഷ്യത്തോടുകൂടി ചുവടെ പറയുന്ന പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്.

## സാക്ക് (SACC- State Assessment & Accreditation Centre)

സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ കൗൺസിലിന് കീഴിൽ അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ സെന്റർ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. രാജ്യത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അസസ്മെന്റും അക്രഡിറ്റേഷനും നിർവ്വഹിച്ചുവരുന്ന കേന്ദ്ര ഏജൻസിയായ NAAC/NBA എന്നിവയ്ക്ക് എല്ലാ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ വ്യവസ്ഥാപിതമായ രീതിയിൽ വിലയിരുത്താൻ കഴിയാത്ത സ്ഥിതിയാണുള്ളത്. ഈ സാഹചര്യത്തിൽ SAAC പ്രവർത്തിച്ചുതുടങ്ങുമ്പോൾ അത് യു.ജി.സി. വിഭാവനം ചെയ്യുന്ന രീതിയിൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ വിലയിരുത്തുന്നതിനുതകുന്ന രാജ്യത്തെതന്നെ പ്രഥമ കാൽവയ്പ്പായിരിക്കും.

## ഫാക്കൽറ്റി ട്രെയിനിംഗ് സെന്റർ (FTC)

അദ്ധ്യാപകരുടെയും അദ്ധ്യാപനത്തിന്റെയും നിലവാരം മെച്ചപ്പെടുത്തി, ഉന്നത വിദ്യാഭ്യാസ രംഗത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുക, ബോധന സമ്പ്രദായങ്ങളിലെ പുതിയ പ്രവണതകൾ അദ്ധ്യാപകർക്ക് പരിചയപ്പെടുത്തിക്കൊടുക്കുക, അക്കാദമിക മേന്മ, ഗവേഷണപരത, ബോധന വൈദഗ്ധ്യം എന്നിവയിൽ ഊന്നിയുള്ള പരിശീലന പരിപാടികളിലൂടെ അദ്ധ്യാപകരുടെ പ്രാപ്തി വർദ്ധിപ്പിക്കുക, പുതുതായി അദ്ധ്യാപക വൃത്തിയിലെത്തുന്നവർക്ക് പ്രാരംഭഘട്ടത്തിൽത്തന്നെ പരിശീലനവും ദിശാബോധവും നൽകുക എന്നിവയാണ് ഈ ഫാക്കൽറ്റി ട്രെയിനിംഗ് സെന്ററിന്റെ ലക്ഷ്യങ്ങൾ.

## ആൾ കേരള ഹയർ എഡ്യൂക്കേഷൻ സർവ്വേ

ഉന്നത വിദ്യാഭ്യാസ മേഖലയുടെ സമഗ്രമായ വിവരശേഖരണം ലക്ഷ്യമിട്ട് ആരംഭിച്ചിരിക്കുന്ന ഓൺലൈൻ സർവ്വേയാണിത്. ഓൾ ഇന്ത്യാ ഹയർ എഡ്യൂക്കേഷൻ സർവ്വേയുടെ മാതൃകയിൽ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിക്കുന്ന മുഴുവൻ വിവരങ്ങളും ശേഖരിക്കാനാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തെ മുഴുവൻ സർക്കാർ, എയ്ഡഡ്, സ്വയംഭരണ, സ്വാശ്രയ കോളേജുകളും സർവ്വകലാശാലകളും സർവ്വേയുടെ പരിധിയിൽ ഉൾപ്പെടും.

## സ്റ്റേറ്റ് ലെവൽ അക്കാദമിക് കമ്മിറ്റി (SLAC)

ബിരുദങ്ങളുടെയും അക്കാദമിക് പ്രോഗ്രാമുകളുടെയും തുല്യത, അംഗീകാരം തുടങ്ങിയ വിഷയങ്ങൾ പഠിക്കാനും കൂടാതെ, ഇതുസംബന്ധിച്ചുള്ള പരാതികൾക്കും പ്രശ്നങ്ങൾക്കും തീർപ്പുകല്പിക്കാനും സംസ്ഥാനതല അപ്പലേറ്റ് അതോറിറ്റിയായി SLAC (State Level Academic Committee) രൂപീകരിച്ചിട്ടുണ്ട്.

<u>പ്രബുദ്ധത</u>

ഉന്നത വിജ്ഞാനത്തിന്റെ ജനാധിപത്യവത്കരണവും സാമൂഹിക വത്കരണവും ലക്ഷ്യമാക്കി ആവിഷ്കരിച്ചിരിക്കുന്ന ഇന്ത്യയിലെതന്നെ ആദ്യ സോഷ്യോ-അക്കാദമിക് പദ്ധതിയാണിത്.

കൂടാതെ ബഹുമാനപ്പെട്ട കേരള ഗവർണർ മുൻകയ്യെടുത്ത് അഞ്ച് കോടി രൂപയുടെ ചാൻസിലേഴ്സ് അവാർഡും നൽകുന്നുണ്ട്. ഗവേഷണ രംഗത്ത് മികവുകാട്ടുന്ന കേരളീയർക്ക് അംഗീകാരവും പ്രോത്സാഹനവും നൽകാൻ സർക്കാർ കൈരളി റിസർച്ച് അവാർഡുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇവ കൂടാതെ ഉന്നത വിദ്യാഭ്യാസരംഗത്തെ ഗുണമേന്മ വർദ്ധിപ്പിക്കാനായി വിവിധ സ്കോളർഷിപ്പ് പദ്ധതികളും എറുഡൈറ്റ് പദ്ധതിയും ക്ലസ്റ്റർ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

കൂടാതെ സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി 58 കോളേജുകളിൽ കിറ്റ്കോയുടെ സഹായത്തോടുകൂടി മാസ്റ്റർപ്ലാൻ തയ്യാറാക്കുകയും കിഫ്ബിയുടെയും റൂസയുടെയും ഫണ്ട് ലഭ്യമാക്കിക്കൊണ്ട് അടിസ്ഥാന സൗകര്യവികസനം നടത്തിവരുന്നു. കോളേജുകളിലെ അക്കാദമിക് നിലവാരം ഉയർത്തുന്നതിനായി അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി Flair, Walk with Scholar (WWS), Scholar Supporting Programme (SSP) തുടങ്ങിയ പ്രോഗ്രാമുകളും നടപ്പിലാക്കിയിട്ടുണ്ട്. ലൈബ്രറികളുടെ നവീകരണത്തിനും വികസനത്തിനുമായി ലൈബ്രറി ഇന്റേൺഷിപ്പ് പ്രോഗ്രാമും ആരംഭിച്ചിട്ടുണ്ട്.

(ബി) ഉന്നതവിദ്യാഭ്യാസ രംഗത്ത് ഫലാധിഷ്ഠിത വിദ്യാഭ്യാസ സമ്പ്രദായം (ഔട്ട്കം ബേസ്ഡ് എഡ്യൂക്കേഷൻ) പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഉന്നതവിദ്യാഭ്യാസ കൗൺസിലും സാങ്കേതിക സർവ്വകലാശാലയും നടത്തിവരുന്നു.

(സി) ഉണ്ട്. സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരുടെ പ്രാഗത്ഭ്യം ഉയർത്തുന്നതിനായി യോഗ്യതാ മാനദണ്ഡങ്ങൾ ഉയർത്തിയും ഉയർന്ന യോഗ്യതകൾ കരസ്ഥമാക്കുന്നതിനുള്ള പ്രത്യേക സ്കീമുകൾ ഏർപ്പെടുത്തിയും ക്രിയാത്മകമായ ഇടപെടലുകൾ നടത്തുന്നുണ്ട്. ഇതിന്റെ ഫലമായി സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ പി.എച്ച്.ഡി. പൂർത്തിയാക്കിയ അദ്ധ്യാപകരുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട്.

ഡിപ്ലോമ തലത്തിൽ അദ്ധ്യാപകരുടെ എണ്ണത്തിലുള്ള കുറവ് പരിഹരിക്കുന്നതിന് പുതിയ തസ്തികകൾ ആവശ്യാനുസരണം സൃഷ്ടിക്കുന്നുണ്ട്. സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ വിവിധ ബ്രാഞ്ചുകളിലായി 58 അസിസ്റ്റന്റ് പ്രൊഫസർ, 25 അസോസിയേറ്റ് പ്രൊഫസർ, 9 പ്രൊഫസർ എന്നിങ്ങനെ ആകെ 92 അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

കേരള സർവ്വകലാശാലയിൽ വിജ്ഞാപനം ചെയ്തിട്ടുള്ള 105 തസ്തികകളിൽ നിയമന നടപടി നടന്നുവരുന്നുണ്ട്. കൂടാതെ വിവിധ പഠന വകുപ്പുകളിലായി 52 അധിക തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് സർവ്വകലാശാല അനുമതി തേടിയിട്ടുണ്ട്. അദ്ധ്യാപകരുടെ പ്രാഗത്ഭ്യം ഉയർത്തുന്നതിലേക്കായി എഫ്.ഐ.പി. റിഫ്രഷ്മെന്റ് കോഴ്സുകൾ സർവ്വകലാശാലാതലത്തിൽ നടത്തുന്നുണ്ട്. അദ്ധ്യാപകരുടെയും അദ്ധ്യാപനത്തിന്റെയും നിലവാരം മെച്ചപ്പെടുത്തി, ഉന്നത വിദ്യാഭ്യാസ രംഗത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുക, ബോധന സമ്പ്രദായങ്ങളിലെ പുതിയ പ്രവണതകൾ അദ്ധ്യാപകർക്ക് പരിചയപ്പെടുത്തിക്കൊടുക്കുക, അക്കാദമിക മേന്മ, ഗവേഷണപരത, ബോധന വൈദഗ്ദ്ധ്യം എന്നിവയിൽ ഊന്നിയുള്ള പരിശീലന പരിപാടികളിലൂടെ അദ്ധ്യാപകരുടെ പ്രാപ്തി വർദ്ധിപ്പിക്കുക, പുതുതായി അദ്ധ്യാപകവൃത്തിയിൽ എത്തുന്നവർക്ക് പ്രാരംഭഘട്ടത്തിൽത്തന്നെ പരിശീലനവും ദിശാബോധവും നൽകുക, അന്താരാഷ്ട്ര സ്വഭാവമുള്ള പുതിയ വെല്ലുവിളികൾ ഏറ്റെടുക്കാൻ അദ്ധ്യാപകരെ പ്രാപ്തരാക്കുക, വിദ്യാർത്ഥികളുടെ കഴിവുകളുടെയും താൽപ്പര്യങ്ങളുടെയും വ്യത്യസ്തത ഉൾക്കൊണ്ട് ബോധനരീതിയിൽ ആവശ്യമായ നൂതനതയും മാറ്റങ്ങളും കൊണ്ടുവരാൻ അദ്ധ്യാപകരെ പ്രാപ്തരാക്കുക മുതലായ ഉദ്ദേശ്യലക്ഷ്യത്തോടെ ഫാക്കൽറ്റി ട്രെയിനിംഗ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ സോഷ്യൽ സയൻസസ് ആൻഡ് ഹ്യൂമാനിറ്റീസ് വിഭാഗത്തിൽപ്പെട്ട 60 അദ്ധ്യാപകർക്കായി അഞ്ച് ദിവസത്തെ ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം (FDP) തിരുവനന്തപുരത്ത് സംഘടിപ്പിക്കുകയുണ്ടായി. പിന്നീട് കോമേഴ്സ് ആൻഡ് മാനേജ്മെന്റ് വിഭാഗത്തിൽപ്പെടുന്ന അമ്പതിൽപ്പരം അദ്ധ്യാപകർക്കും സോഷ്യൽ സയൻസസ് ആൻഡ് ഹ്യൂമാനിറ്റീസ് വിഭാഗത്തിൽപ്പെടുന്ന അറുപതോളം അദ്ധ്യാപകർക്കുമുള്ള ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാമുകൾ കണ്ണൂർ സർവ്വകലാശാലയിൽ വച്ചും സംഘടിപ്പിച്ചിരുന്നു.

## ശാസ്ത്രീയ മാലിന്യ സംസ്കരണ സംവിധാനം

13 (*133) ശ്രീമതി ഗീതാ ഗോപി:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. എൽദോ എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മാലിന്യമുക്തമാക്കുന്നതിനും ജനപങ്കാളിത്തത്തോടെ ശാസ്ത്രീയമായ മാലിന്യസംസ്കരണം ഉറപ്പാക്കുന്നതിനുമായി നടപ്പാക്കുന്ന പദ്ധതികൾ വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ എല്ലാ വീടുകളേയും പൊതുസ്ഥലങ്ങളേയും മാലിന്യമുക്തമാക്കുകയെന്ന ലക്ഷ്യം നേടിയെടുക്കുന്നതിന് അവലംബിക്കുന്ന മാർഗ്ഗങ്ങൾ വ്യക്തമാക്കുമോ; ആയതിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ; പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(സി)ഗാർഹിക ഉറവിടമാലിന്യസംസ്കരണ സംവിധാനം സ്ഥാപിക്കുന്നവർക്ക് നല്കുന്ന സബ്സിഡി സംബന്ധിച്ച വിശദവിവരങ്ങൾ അറിയിക്കുമോ;

(ഡി) അജൈവ മാലിന്യങ്ങളിൽ നിന്ന് വിഭവശേഖരണത്തിനായി രൂപീകരിച്ച റിസോഴ്സ് റിക്കവറി സെന്ററുകളുടെ പ്രവർത്തനം വിശദമാക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ&ബി) 'മാലിന്യമുക്ത കേരളം' എന്ന ലക്ഷ്യം നേടുന്നതിനായി ഹരിത കേരള മിഷനും തദ്ദേശഭരണ സ്ഥാപനങ്ങളും ചേർന്ന് ശുചിത്വ മിഷന്റെ പിന്തുണയോടെയും പൊതുജന പങ്കാളിത്തത്തോടെയും താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

- മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്.), റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്.) പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ്/ ബെയിലിംഗ് യൂണിറ്റുകൾ സ്ഥാപിക്കൽ
- ഉറവിട മാലിന്യസംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കലും നിലവിലുള്ളവയുടെ മെച്ചപ്പെടുത്തലും
- മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ
- സെപ്റ്റേജ്/സിവറേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കൽ
- കക്കൂസ് മാലിന്യ പരിപാലനത്തിനുള്ള യന്ത്രവത്കരണം -മൊബൈൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് യൂണിറ്റുകൾ സ്ഥാപിക്കൽ

- മാലിന്യ സംസ്കരണത്തിന് ഊന്നൽ നൽകുന്ന പ്രവൃത്തികളിൽ ഏർപ്പെടുന്ന സ്വയം സഹായസംഘങ്ങൾ/ചെറുകിട വ്യവസായങ്ങൾ എന്നിവയ്ക്ക് അടിസ്ഥാന പിന്തുണ നൽകൽ.
- ശുചിത്വ അവാർഡുകൾ, ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ
- നഗരമേഖലയിൽ പൊതുയിടങ്ങളും റോഡുകളും യന്ത്രസഹായത്തോടെ സ്വീപ്പിംഗ് നടത്തി വൃത്തിയാക്കൽ
- തെരഞ്ഞെടുക്കപ്പെട്ട നഗരസഭകളിൽ മൃഗങ്ങൾക്കായുള്ള ശ്മശാനം സ്ഥാപിക്കൽ
- കൺസ്ട്രക്ഷനും ഡിമോളിഷനുമായി ബന്ധപ്പെട്ട മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ
- ടോയ്‌ലെറ്റുകളുടെ നിർമ്മാണവും പുനർനിർമ്മാണവും
- പൊതുസ്ഥലങ്ങൾ, പൊതു ഓഫീസുകൾ, പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ശുചിത്വ സമുച്ചയം നിർമ്മിക്കൽ
- ഖരമാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ചന്തകളിലും മാലിന്യ സംസ്കരണ പൊതുകേന്ദ്രങ്ങളിലും മാലിന്യത്തിൽനിന്നും ഊർജ്ജം ഉല്പാദിപ്പിക്കുന്ന ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കൽ
- ബോധവൽക്കരണവും വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും

സംസ്ഥാനത്ത് അനുദിനം വർദ്ധിച്ചുവരുന്ന മാലിന്യപ്രശ്നം പരിഹരിക്കുന്നതിലേയ്ക്കായി കേന്ദ്രീകൃതമായ രീതിയിൽ ഖരമാലിന്യങ്ങൾ സംസ്കരിച്ച് ഊർജ്ജം ഉൽപ്പാദിപ്പിക്കുന്ന തരത്തിലുള്ള വേസ്റ്റ്-റ്റു-എനർജി പ്ലാന്റുകൾ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിന് 11-6-2018-ലെ സ.ഉ.(എം.എസ്)82/2018/ത.സ്വ.ഭ.വ. നമ്പർ പ്രകാരം സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടുണ്ട്. ആഗോള ടെണ്ടറിലൂടെ കണ്ടെത്തുന്ന സ്വകാര്യ പങ്കാളിയുമായി ചേർന്ന് പൂർണ്ണമായും പൊതുസ്വകാര്യ പങ്കാളിത്ത വ്യവസ്ഥിതിയിലായിരിക്കും ഈ പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടത്തിൽ കോഴിക്കോട് ജില്ലയ്ക്കുവേണ്ടിയുള്ള ടെണ്ടർ പ്രസിദ്ധപ്പെടുത്തുകയും ആയതിന് ബാംഗ്ലൂർ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന സോണ്ട ഇൻഫ്രാടെക് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്.

കൊച്ചിയിലെ ബ്രഹ്മപുരത്ത് കേന്ദ്രീകൃത വേസ്റ്റ്-റ്റു-എനർജി പ്ലാന്റ് സ്ഥാപിക്കുന്നതിന് M/s. GJ Ecopower Pvt. Ltd. എന്ന കമ്പനിയുമായി കൊച്ചി കോർപ്പറേഷൻ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. മൂന്നാറിൽ ഒരു വേസ്റ്റ്-റ്റു-എനർജി പ്ലാന്റ് സ്ഥാപിക്കുന്നതിന് M/s. AG Dauters Waste Processing Pvt. Ltd.-ന് അനുമതി

നൽകിയിട്ടുണ്ട്. കൂടാതെ സുൽത്താൻ ബത്തേരിയിൽ നിർമ്മാണം നടന്നുവരുന്ന മാലിന്യ സംസ്കരണ പ്ലാന്റ് താമസംവിനാ കമ്മീഷൻ ചെയ്യുന്നതാണ്.

വീടുകളെയും പൊതുസ്ഥലങ്ങളെയും പൂർണ്ണമായും മാലിന്യമുക്തമാക്കുന്നതിന് ഉറവിടത്തിൽത്തന്നെ മാലിന്യം അതിന്റെ സ്വഭാവമനുസരിച്ച് വേർതിരിക്കാനും ജൈവമാലിന്യത്തെ കമ്പോസ്റ്റാക്കിയോ ബയോഗ്യാസാക്കിയോ പരമാവധി അതാതിടങ്ങളിൽത്തന്നെ പുനരുപയോഗിക്കാനും ഉറവിട മാലിന്യസംസ്കരണ സൗകര്യങ്ങളെ കൂടുതൽ ശാസ്ത്രീയമായ രീതിയിൽ മെച്ചപ്പെടുത്താനുമുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. അജൈവമാലിന്യങ്ങളെ പ്രധാനമായും ഹരിത കർമ്മസേന മുഖാന്തരം ശേഖരിച്ച് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയിൽ സംഭരിക്കുന്നതിനും തുടർന്ന് ബ്ലോക്ക് പഞ്ചായത്ത്-നഗരസഭാടിസ്ഥാനത്തിൽ സ്ഥാപിക്കുന്ന റിസോഴ്സ് റിക്കവറി ഫെസിലിറ്റിയിലെത്തിച്ച് പുനരുപയോഗത്തിനായി കൈമാറ്റം ചെയ്യുന്നതിനുമുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. ഈ രണ്ട് പ്രവർത്തനങ്ങളും ശക്തമാക്കി "മാലിന്യമുക്ത പരിസരം" (ലിറ്റർ ഫ്രീ പ്രിമിസസ്) എന്ന കാമ്പയിനിലൂടെ മാലിന്യ പരിപാലനത്തിൽ ഗണ്യമായ മാറ്റമുണ്ടാക്കുന്നതിനാണ് ശ്രമിച്ചുവരുന്നത്. 2020-21 വർഷത്തോടെ ഈ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിടുന്നു.

(സി) ഗാർഹിക കമ്പോസ്റ്റിംഗ് യൂണിറ്റുകൾക്ക് യൂണിറ്റ് കോസ്റ്റിന്റെ 90 ശതമാനം തുക വരെ സബ്സിഡി അനുവദിക്കുന്നു. ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾക്ക് യൂണിറ്റ് കോസ്റ്റിന്റെ 90 ശതമാനം അല്ലെങ്കിൽ 7200 രൂപ ഇതിലേതാണോ കുറവ് അത് സബ്സിഡിയായി അനുവദിക്കുന്നു.

(ഡി) തദ്ദേശഭരണ സ്ഥാപനതലത്തിൽ രൂപീകരിച്ചിട്ടുള്ള ഹരിതകർമ്മസേന യൂസർഫീയുടെ അടിസ്ഥാനത്തിൽ അജൈവ മാലിന്യങ്ങൾ വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും ശേഖരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളിൽ സജ്ജമാക്കിയിട്ടുള്ള സംഭരണ കേന്ദ്രങ്ങളായ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളിൽ (MCF) എത്തിക്കുന്നു. അവിടെനിന്ന് കൃത്യമായ ഇടവേളകളിൽ അജൈവമാലിന്യങ്ങൾ റിസോഴ്സ് റിക്കവറി ഫെസിലിറ്റിയിൽ എത്തിക്കുകയും രണ്ടാംഘട്ടതരംതിരിവ് നടത്തി, ഉപയോഗിക്കാൻ കഴിയുന്ന വസ്തുക്കൾ പുനഃചംക്രമണ മേഖലയ്ക്ക് കൈമാറുകയും ചെയ്യുന്നു. പുനഃചംക്രമണത്തിന് സാധ്യത കുറവുള്ള 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക്കുകൾ ഷ്രെഡ്ഡ് ചെയ്ത് പൊതുമരാമത്ത് വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും റോഡ് പണികൾക്കായി ക്ലീൻ കേരള കമ്പനിവഴി കൈമാറുന്നു. ബ്ലോക്ക് അടിസ്ഥാനത്തിലും നഗരസഭാ അടിസ്ഥാനത്തിലും റിസോഴ്സ് റിക്കവറി ഫെസിലിറ്റികളുടെ (RRF) പ്രവർത്തനം നടന്നുവരുന്നു.

## ഉന്നതവിദ്യാഭ്യാസ മേഖലയുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടി

14 (*134) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം വിലയിരുത്തുന്നതിന് സംസ്ഥാനതലത്തിൽ എന്തെങ്കിലും സംവിധാനമുണ്ടോ; വിശദാംശം നൽകുമോ;

(ബി) മറ്റ് സംസ്ഥാനങ്ങളിലെ യൂണിവേഴ്സിറ്റികളുമായി താരതമ്യപ്പെടുത്തുമ്പോൾ സംസ്ഥാനത്തെ സർവ്വകലാശാലകളുടെ നിലവാരം പരിമിതമാണെന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) വിദ്യാർത്ഥി സംഘടനകളുടെ അനാവശ്യമായ ഇടപെടലുകളും അതിലൂടെ അവർ കോളേജ് കാമ്പസ്സുകളിൽ സൃഷ്ടിക്കുന്ന അരാജകത്വവും ഉന്നതവിദ്യാഭ്യാസ മേഖലയുടെ നിലവാരത്തകർച്ചയ്ക്ക് കാരണമായിട്ടില്ലേ എന്നറിയിക്കാമോ;

(ഡി) എങ്കിൽ ഇത്തരം ഇടപെടലുകൾ ഒഴിവാക്കിയും പുതിയ പരീക്ഷണങ്ങൾ നടപ്പിലാക്കിയും ഉന്നതവിദ്യാഭ്യാസ മേഖലയുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടി കൈക്കൊള്ളുമോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ ):

(എ) ഉണ്ട്. ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് വിഭാവനം ചെയ്തിട്ടുള്ള നൂതന പദ്ധതികൾ താഴെപ്പറയുന്നതാണ്:

1. അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (ASAP)
2. ഫോസ്റ്ററിംഗ് ലിങ്കേജസ് ഇൻ അക്കാദമിക് ഇന്നവേഷൻ ആൻഡ് റിസർച്ച് (FLAIR)
3. വിദ്യാർത്ഥികളുടെ മികവ് മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി (SCHOLAR SUPPORT PROGRAMME)

4. പണ്ഡിതനൊപ്പം/പഠിതാവിനോടൊപ്പം (WALK WITH A SCHOLAR) എഞ്ചിനീയറിംഗ് കോളേജുകളോടനുബന്ധിച്ച് ഗവേഷണ കേന്ദ്രങ്ങളും പോളിടെക്നിക് കോളേജുകളോടനുബന്ധിച്ച് ഉൽപ്പാദന പരിശീലനകേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. വിവിധ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോടനുബന്ധിച്ച് ബിസിനസ് ഇൻകുബേഷൻ സെന്ററുകളും തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ അക്കാദമിക വ്യാവസായിക മേഖലകളുടെ സമന്വയമായ ട്രെസ്റ്റ് (Trivandrum Engineering Science and Technology Research Park (TREST)) പാർക്ക് പ്രവർത്തിച്ചുവരുന്നു. എഞ്ചിനീയറിംഗ്, പോളിടെക്നിക് കോളേജുകളിലെയും വിദ്യാർത്ഥികളിൽ നിന്ന് യുവസംരംഭകരെ വാർത്തെടുക്കുന്നതിനായി കേരള സ്റ്റാർട്ടപ്പ് മിഷനുമായി സഹകരിച്ച് (KSUM) പരിശീലന പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്.

റൂസ (രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ) പദ്ധതിപ്രകാരം ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് സർവ്വകലാശാലകൾക്കും കലാലയങ്ങൾക്കും അടിസ്ഥാന സൗകര്യവികസന പദ്ധതിയും അദ്ധ്യാപക പരിശീലനത്തിനായി അദ്ധ്യാപക ഗുണനിലവാരം മെച്ചപ്പെടുത്തുന്ന പദ്ധതിയും പട്ടികജാതി, പട്ടികവർഗ്ഗ, വനിതാ അംഗപരിമിത വിദ്യാർത്ഥികൾക്കായി സമത്വ സംരംഭ പദ്ധതിയും റൂസ പ്രവർത്തനങ്ങളുടെ ഭാഗമായി, പ്രവൃത്തിപരിചയ മേളകൾ സംഘടിപ്പിക്കാനും നൂതനമായ ആശയങ്ങൾ പ്രാവർത്തികമാക്കാനുംവേണ്ടിയുള്ള വിവിധ പദ്ധതികൾ കേന്ദ്ര മാനവശേഷി മന്ത്രാലയത്തിന് സമർപ്പിക്കുകയും അർഹമായ തുക നേടിയെടുക്കുകയും ചെയ്തു. ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗുണമേന്മ വർദ്ധനവിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് എറുഡൈറ്റ് അഥവാ Scholar in Residence Scheme. പി.ജി./ എം.ഫിൽ/ പി.എച്ച്.ഡി. വിദ്യാർത്ഥികൾക്കായി നടപ്പിലാക്കിയിട്ടുള്ള ആസ്പയർ സ്കോളർഷിപ്പ് കേരളത്തിനകത്ത് ഗവേഷണം നടത്തുന്നവർക്ക് പ്രതിമാസം 8000 രൂപ വീതവും കേരളത്തിന് പുറത്ത് ഗവേഷണം നടത്തുന്നവർക്ക് 10,000 രൂപ വീതവും നൽകിവരുന്നു. പി.ജി. വിദ്യാർത്ഥികൾക്ക് ഒരു മാസത്തേക്കും എം.ഫിൽ വിദ്യാർത്ഥികൾക്ക് രണ്ടുമാസത്തേക്കും പി.എച്ച്.ഡി. വിദ്യാർത്ഥികൾക്ക് മൂന്നുമുതൽ നാല് മാസത്തേയ്ക്കുമാണ് സ്കോളർഷിപ്പ് തുക അനുവദിച്ചുനൽകുന്നത്. വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ ഉന്നത വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിലുള്ള 38 ഗവൺമെന്റ് കോളേജുകളിൽ എഡ്യൂസാറ്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഇതിലൂടെ വിദ്യാർത്ഥികൾക്ക് Live Class-കളും റെക്കോർഡ്

ചെയ്ത ക്ലാസ്സുകളും ലഭ്യമാക്കുന്നതാണ്. എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്ക് കോളേജുകളിലും സ്മാർട്ട് ക്ലാസ്സ് മുറികൾ സജ്ജമാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി സംസ്ഥാന ബഡ്ജറ്റിൽ 220 ലക്ഷം രൂപ 2017-18 വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയായി NMEICT-യുടെ ഭാഗമായി വിവര സാങ്കേതികവിദ്യയിലൂടെ ദേശീയ വിദ്യാഭ്യാസ കമ്മീഷനുമായുള്ള കണക്ടിവിറ്റി എല്ലാ സ്ഥാപനങ്ങളിലും ഏർപ്പെടുത്തുന്നതിനായി എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്ക് കോളേജുകളിലും ടി പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) മറ്റ് സംസ്ഥാനങ്ങളിലെ യൂണിവേഴ്സിറ്റികളുമായി താരതമ്യപ്പെടുത്തുമ്പോൾ NIRF റാങ്കിംഗ് പ്രകാരം കേരള സർവ്വകലാശാല 22-മതും എം.ജി. സർവ്വകലാശാല 30-ാം സ്ഥാനത്തുമാണ്. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കേരള സർവ്വകലാശാല 35-ാമതും CSIR-ൽ എം.ജി. യൂണിവേഴ്സിറ്റി 13-ാം സ്ഥാനത്തുമാണ്.

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

15 (*135) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. സി. ദിവാകരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും 'ഗുഡ് അഗ്രികൾച്ചറൽ പ്രാക്ടീസ്'- ന്റെ പങ്ക് വ്യക്തമാക്കുമോ;

(ബി) ജി.എ.പി.-യിലൂടെ കർഷകർ ഉല്പാദിപ്പിക്കുന്ന ജൈവ ഉല്പന്നങ്ങളുടെ സംഭരണവും വിതരണവും എങ്ങനെയാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കുട്ടനാട്ടിൽ ജി.എ.പി. അനുസരണമായി നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിന് പദ്ധതികൾ നടപ്പാക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ഡി) ഇക്കോ ഷോപ്പുകളുടെ പ്രവർത്തനം വ്യാപകമാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) സംസ്ഥാന സർക്കാർ 2010-ൽ രൂപീകരിച്ച ജൈവ കാർഷിക നയം അടിസ്ഥാനപ്പെടുത്തിയാണ് ഗുഡ് അഗ്രിക്കൾച്ചറൽ പ്രാക്ടീസ് എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നത്. ജൈവ കൃഷിയിലേയ്ക്കുള്ള ആദ്യ ചുവടുവയ്പ്പായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 2016-17 സാമ്പത്തികവർഷം മുതൽ വ്യാപകമായി ഗുഡ് അഗ്രിക്കൾച്ചറൽ പ്രാക്ടീസസ് നടപ്പിലാക്കിവരുന്നു. കർഷകർ തലമുറകളായി അനുവർത്തിച്ചുവന്നിരുന്ന കാർഷികമുറകൾ പരിസ്ഥിതിക്കും നമ്മുടെ ജൈവവൈവിധ്യ സംരക്ഷണത്തിനും മുൻതൂക്കം നൽകുന്നതായിരുന്നു. എന്നാൽ രാസവളങ്ങളുടെയും രാസകീട നാശിനികളുടെയും ക്രമാതീതമായ ഉപയോഗം മറ്റ് ആരോഗ്യപ്രശ്നങ്ങളിലേയ്ക്ക് വഴിതെളിച്ചു. മണ്ണ്, ജലം, വായു എന്നിവയുടെ സംരക്ഷണത്തിനും സുസ്ഥിര കൃഷി വികസനത്തിനും ഉതകുന്ന രീതിയിലുള്ള ഉത്തമ കാർഷികമുറകൾ അനുവർത്തിക്കുന്നതുവഴി ജൈവവൈവിധ്യ സംരക്ഷണവും അതുവഴി ജനങ്ങളുടെ മെച്ചപ്പെട്ട ആരോഗ്യ സംരക്ഷണവും ഉറപ്പുവരുത്താൻ സാധിക്കും. ഇതിനുതകുന്ന തരത്തിലുള്ള കാർഷികമുറകൾ അനുവർത്തിച്ചുകൊണ്ടാണ് 'ഗുഡ് അഗ്രിക്കൾച്ചറൽ പ്രാക്ടീസ് നടപ്പിലാക്കുന്നത്. നിലവിൽ പ്രധാനമായും പഴം, പച്ചക്കറി വിളകളിലാണ് ഗുഡ് അഗ്രിക്കൾച്ചറൽ പ്രാക്ടീസ് നടപ്പിലാക്കിവരുന്നത്. കർഷകരുടെ കൃഷിയിടങ്ങളെ ക്ലസ്റ്ററുകളായി തിരിച്ച് ക്ലസ്റ്ററടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്.

ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി 'ഗുഡ് അഗ്രിക്കൾച്ചറൽ പ്രാക്ടീസ്' മാനദണ്ഡങ്ങൾപ്രകാരം ചുവടെ വിശദമാക്കുന്ന ഘടകങ്ങൾ ഉൾപ്പെടുത്തി ജൈവകൃഷിയും ഉത്തമകൃഷിമുറകളും പദ്ധതി നടപ്പിലാക്കിവരുന്നു.

1. ക്ലസ്റ്ററടിസ്ഥാനത്തിലുള്ള ജൈവ കാർഷിക പ്രവർത്തനങ്ങൾ

ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ക്ലസ്റ്ററടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. 25 ഹെക്ടർ ഉൾക്കൊള്ളുന്ന ഓരോ ക്ലസ്റ്ററിനും 75,000 രൂപയാണ് ധനസഹായമായി നൽകുന്നത്. കർഷകരുടെ കൂട്ടായ ജൈവ കാർഷിക പ്രവർത്തനങ്ങൾക്കാണ് ഈ തുക വിനിയോഗിക്കുക. നിലവിൽ ഉത്തമ കൃഷിമുറകൾ പാലിച്ചുകൊണ്ട് പഴം, പച്ചക്കറി കൃഷി 31195 ഹെക്ടർ സ്ഥലത്ത് വ്യാപിപ്പിച്ചു.

2. ഇക്കോ ഷോപ്പുകൾ

ജൈവ ക്ലസ്റ്ററുകളിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ മറ്റ് ഉല്പാദനോപാധികൾ എന്നിവയുടെ വിപണനത്തിനായി ഇക്കോഷോപ്പുകൾ പ്രവർത്തിച്ചുവരുന്നു. ഇതുവരെ 241 ഇക്കോഷോപ്പുകൾ സംസ്ഥാനത്ത് ജൈവകൃഷിയും ഉത്തമകൃഷി മുറകളും പദ്ധതിക്ക് കീഴിൽ ആരംഭിച്ചിട്ടുണ്ട്.

3. ജൈവ ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം

ക്ലസ്റ്ററുകൾ ഉല്പാദിപ്പിക്കുന്ന ജൈവ ഉല്പന്നങ്ങൾ കോർപ്പറേഷൻ മുനിസിപ്പാലിറ്റികൾ, ജില്ലാ ആസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ വിപണനം നടത്തുന്നതിന് ഇതിനോടകം 32 നേരിട്ടുള്ള വിപണികൾ നടപ്പിലാക്കിയിട്ടുണ്ട്.

4. കാസർഗോഡ് ജില്ലയിൽ പി.ജി.എസ്. സർട്ടിഫിക്കേഷൻ

കാസർഗോഡ് ജില്ലയെ സമ്പൂർണ്ണ ജൈവ കൃഷി ജില്ലയാക്കുന്നതിന്റെ ഭാഗമായി വി.എഫ്.പി.സി.കെ. മുഖാന്തരം പി.ജി.എസ്. സർട്ടിഫിക്കേഷൻ നടത്തുന്നു. ഹെക്ടറിന് 6000 രൂപ ക്രമത്തിലാണ് ധനസഹായം നൽകിയത്.

5. കുട്ടനാട് ജി.എ.പി. പദ്ധതി

കുട്ടനാട്ടിലെ പ്രത്യേക പരിസ്ഥിതി ആവാസവ്യവസ്ഥകൾക്ക് അനുസൃതമായി നെൽകൃഷിയിൽ നല്ല കൃഷിമുറകൾ പാലിച്ച് സുസ്ഥിര നെൽകൃഷിക്കുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

6. സമ്പൂർണ്ണ ജൈവ കാർഷിക മണ്ഡലം അവാർഡ്

ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി നിയോജകമണ്ഡലം (ഒന്നാം സമ്മാനം 15 ലക്ഷം രൂപ, രണ്ടാം സമ്മാനം 10 ലക്ഷം രൂപ, മൂന്നാം സമ്മാനം 5 ലക്ഷം രൂപ) കോർപ്പറേഷൻ (ഒന്നാം സമ്മാനം 3 ലക്ഷം രൂപ) മുനിസിപ്പാലിറ്റി (ഒന്നാം സമ്മാനം 3 ലക്ഷം രൂപ, രണ്ടാം സമ്മാനം 2 ലക്ഷം രൂപ, മൂന്നാം സമ്മാനം 1 ലക്ഷം രൂപ) ഗ്രാമപഞ്ചായത്ത് (ഒന്നാം സമ്മാനം 3 ലക്ഷം രൂപ, രണ്ടാം സമ്മാനം 2 ലക്ഷം രൂപ, മൂന്നാം സമ്മാനം 1 ലക്ഷം രൂപ) എന്നീതലങ്ങളിൽ മികവിന്റെ അടിസ്ഥാനത്തിൽ അവാർഡുകൾ നൽകുന്നു.

7. അവശിഷ്ട വിഷാംശ പരിശോധന

സംസ്ഥാന കൃഷി വകുപ്പ് പഴം-പച്ചറികളിൽ സേഫ് റ്റു ഈറ്റ് എന്ന പദ്ധതിഘടകം പ്രകാരം വെള്ളായണി കാർഷിക കോളേജിലെ "കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന" ലാബിൽ കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽനിന്നും പഴം, പച്ചക്കറി

സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന നടത്തുകയും പരിശോധന ഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in -ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റുകളിലും മൂന്ന് മാസത്തിലൊരിക്കൽ പ്രസിദ്ധീകരിക്കുന്നു.

ഹോർട്ടികൾച്ചർ കോളേജ് വെള്ളാണിക്കര (തൃശ്ശൂർ), പടന്നക്കാട് കാർഷിക കോളേജ് (കാസർഗോഡ്) എന്നീ സ്ഥാപനങ്ങളിലും കീടനാശിനി അവശിഷ്ട പരിശോധന ലാബ് പ്രവർത്തിക്കുന്നു.

8. <u>സീറോ ബഡ്ജറ്റ് നാച്വറൽ ഫാമിംഗ്</u>

" സീറോ ബഡ്ജറ്റ് നാച്വറൽ ഫാമിംഗ്" എന്ന പുതിയ കൃഷിരീതി കർഷകരിലേയ്ക്കെത്തിക്കുന്നതിനും അതിലൂടെ സുസ്ഥിര കൃഷി ചെലവുകുറഞ്ഞ രീതിയിൽ നടപ്പാക്കുന്നതിനും കർഷകരെ സജ്ജമാക്കുന്നതിന് സീറോ ബഡ്ജറ്റ് നാച്വറൽ ഫാമിംഗിന്റെ പ്രയോക്താവായ പത്മശ്രീ സുഭാഷ് പലേക്കറിനെ ഉൾപ്പെടുത്തി ശില്പശാല സംഘടിപ്പിച്ചു.

9. <u>ഫാം സ്കൂൾ & കർഷകർക്കുള്ള പരിശീലനങ്ങൾ</u>

ജൈവകൃഷി രീതി കൂടുതൽ ഫലപ്രദമായി നടപ്പാക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുംവേണ്ടി ഫാം സ്കൂളുകൾ, കർഷകർക്കുള്ള പരിശീലന പരിപാടികൾ എന്നിവ നടപ്പിലാക്കുന്നതിന് 73 ഫാം സ്കൂളുകൾ സംസ്ഥാനത്തുടനീളം പ്രവർത്തിച്ചുവരുന്നു.

(ബി) ജൈവ ക്ലസ്റ്ററുകളിൽ ഉല്പാദിപ്പിക്കുന്ന കാർഷികോല്പന്നങ്ങൾ അധികവില നൽകി ഇക്കോഷോപ്പുകളിൽ സംഭരിച്ച് ഉപഭോക്താക്കൾക്കായി വിപണനം നടത്തുന്നു. അധികമായി ഉല്പാദിപ്പിക്കുന്ന കാർഷികോത്പന്നങ്ങൾ കർഷകരിൽ നിന്ന് സംഭരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി ഇക്കോഷോപ്പിലൂടെ വിതരണം ചെയ്യുന്നു. ജൈവ കർഷകർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് ഇരുപത് ശതമാനം അധികവില നൽകി കർഷകരിൽ നിന്ന് സംഭരിക്കുകയും ഉപഭോക്താക്കളിലെത്തിക്കുകയും ചെയ്യുന്ന സംവിധാനവും നിലവിലുണ്ട്.

കൂടാതെ GAP മാനദണ്ഡങ്ങൾ പിന്തുടരുന്ന GAP സെന്ററുകളിൽ നിന്നുള്ള സുരക്ഷിതമായ ഉൽപ്പന്നങ്ങൾ ഇക്കോഷോപ്പുകളിലൂടെ ശരിയായ പാക്കിംഗ്, ലേബലിംഗ് എന്നിവ നടത്തി ഉത്പാദകർക്കും ഉപഭോക്താക്കൾക്കും ന്യായവില ഉറപ്പാക്കി വില്പന നടത്തുന്നു. വിൽപ്പനയ്ക്ക് മുമ്പായി ഉൽപ്പന്നങ്ങൾ ക്ലീനിംഗ്, ഗ്രേഡിംഗ്, പാക്കിംഗ് എന്നിവ നടത്തി "കേരള ഓർഗാനിക്" ബ്രാൻഡിൽ ലേബൽ ചെയ്ത് വിപണനം നടത്തുന്നു.

(സി) ഉണ്ട്. കുട്ടനാട്ടിലെ പ്രത്യേക പരിസ്ഥിതി ആവാസ വ്യവസ്ഥകൾക്കനുസൃതമായി നെൽകൃഷിയിൽ നല്ല കൃഷിമുറകൾ പാലിച്ച് സുസ്ഥിര നെൽകൃഷിക്കുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ 27750 ഹെക്ടർ സ്ഥലത്തെ പാടശേഖരത്തിലാണ് ഈ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. കുട്ടനാട്ടിലെ വരിനെല്ലിന്റെ നിയന്ത്രണം, കുട്ടനാട്ടിലെ കരിമണ്ണിന്റെ പരിപാലനം, ഇക്കോളജിക്കൽ എഞ്ചിനീയറിംഗ് മുറകൾ, കർഷകർക്കാവശ്യമുള്ള ജൈവ ഉപാധികളുടെ നിർമ്മാണം, ട്രൈക്കോ കാർഡ് നിർമ്മാണവും വിതരണവും, സംയോജിത രോഗ കീടനിയന്ത്രണ മാർഗ്ഗങ്ങൾ, കളനിയന്ത്രണം, മാർക്കറ്റ് ഇന്റർവെൻഷൻ, മറ്റ് ജൈവ കാർഷികമുറകൾ ഉൾപ്പെട്ട ഡെമോൺസ്ട്രേഷൻ, കർഷകർക്കുള്ള പരിശീലന പരിപാടികൾ എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ.

കഴിഞ്ഞ രണ്ട് വർഷങ്ങളിലായി വരിനെല്ലിന്റെ നിയന്ത്രണം 810 ഹെക്ടറിലും കരിമണ്ണിന്റെ പരിപാലനം 115 ഹെക്ടർ സ്ഥലത്തും നടപ്പിലാക്കി. ബയോകോൺട്രോൾ ഏജന്റുമാരുടെ കാർഷിക ഉത്പാദനം, VAM, പാരിസ്ഥിതിക മാനേജ്മെന്റുപോലുള്ള ആശയം തുടങ്ങിയ സാങ്കേതിക പരിപാടികൾക്ക് കർഷകർക്ക് 166 പരിശീലന പരിപാടികൾ നടത്തി.

(ഡി) സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ 454 ഇക്കോഷോപ്പുകൾ ആരംഭിച്ചിട്ടുണ്ട്. ജൈവകൃഷിയും ഉത്തമ കൃഷിമുറകളും നടപ്പാക്കുന്നതിനായി ഇതുവരെ 241 ഇക്കോഷോപ്പുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. കൂടാതെ മാർക്കറ്റിംഗ് പദ്ധതിയിൽ 213 ഇക്കോഷോപ്പുകൾ ആരംഭിച്ചിട്ടുണ്ട്. ഇത്തരം ഓരോ ഇക്കോഷോപ്പിനും രണ്ട് ലക്ഷം രൂപ ധനസഹായം നൽകുന്നുണ്ട്. ഇതിനുപുറമെ മുൻ വർഷം സ്ഥാപിച്ച ഇക്കോഷോപ്പുകൾക്ക് റിവോൾവിംഗ് ഫണ്ടായി ഓരോ ലക്ഷം രൂപ വീതവും നൽകുന്നുണ്ട്.

ഈ സാമ്പത്തികവർഷം ജൈവ കൃഷിയും ഉത്തമ കൃഷിമുറകളും പദ്ധതിയിൻകീഴിൽ 15 പുതിയ ഇക്കോഷോപ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

### തദ്ദേശഭരണ സ്ഥാപനങ്ങളുടെ തടസ്സപ്പെട്ട ബില്ലുകൾ

16 (*136) ശ്രീ. പി. ജെ. ജോസഫ്:
ഡോ. എൻ. ജയരാജ്:
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 മാർച്ച് 31-നകം പണി പൂർത്തിയാക്കി സമർപ്പിക്കപ്പെട്ട ബില്ലുകൾ ട്രഷറി നിയന്ത്രണം മൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മാറി ലഭിക്കുന്നതിന് പ്രയാസം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഫലത്തിൽ 2018-19 -ലെ പണം ലാപ്സായിപ്പോയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇത്തരത്തിൽ ക്യൂവിലായ 2018-19-ലെ ബില്ലുകൾ 2019-20 വർഷത്തിൽ പാസാക്കുന്നതിന് ധനവകുപ്പിന്റെ നിർദേശം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിർദേശത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) 2019-ൽ തന്നെ ഡിസ്ട്രിക്ട് പ്ലാനിംഗ് കമ്മിറ്റി അംഗീകരിച്ച 2019-20 ലെ പദ്ധതികൾക്ക് തുക ലഭ്യമല്ലാത്തതിനാൽ പ്രസ്തുത പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഇ) ട്രഷറി നിയന്ത്രണംമൂലം തടസ്സപ്പെട്ട ബില്ലുകൾ 2018-19 ലെ അലോട്ട്മെന്റിൽ നിന്ന് തന്നെ സ്പിൽഓവറായി പരിഗണിച്ച് അനുവദിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) 2018-19 മാർച്ച് 31-ന്റെ കണക്കുപ്രകാരം ഗ്രാമപഞ്ചായത്തുകൾ 89 ശതമാനവും ജില്ലാ പഞ്ചായത്തുകൾ 81 ശതമാനവും (ട്രഷറി ക്യൂ ബില്ലുകൾ ഒഴികെ) പദ്ധതിപണം ചെലവഴിച്ചിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്തുകൾ പെൻഡിംഗ് ബിൽ കൂടാതെ 89.35 ശതമാനം പദ്ധതി ചെലവ് കൈവരിച്ചിട്ടുണ്ട്.

ട്രഷറി ക്യൂവിലായ 2018-19-ലെ ബില്ലുകൾ 2019-20 വർഷത്തിൽ പാസ്സാക്കുന്നതിന് ധനവകുപ്പിന്റെ 12-4-2019-ലെ സ.ഉ.(സാധാ) നമ്പർ 3002/2019/ധന. ഉത്തരവുപ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

2018-19 സാമ്പത്തിക വർഷാവസാനം സമർപ്പിക്കപ്പെട്ട ബില്ലുകൾ ട്രഷറി നിയന്ത്രണംമൂലം ക്യൂവിൽ ഉൾപ്പെട്ടിട്ടുള്ളതും, ടി ബില്ലുകൾ 2019-20 സാമ്പത്തിക വർഷത്തിലെ അലോട്ട്മെന്റിൽ നിന്നും പാസ്സാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങളടങ്ങിയ സർക്കുലർ 10-4-2019-ൽ ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(ഡി) പഞ്ചായത്ത് വകുപ്പിൽ 2019-20 -ലെ പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കാത്ത സാഹചര്യമില്ല. വികസന ഫണ്ടിന്റെ ഒന്നാം ഗഡു തുക 3-4-2019-നും മെയിന്റനൻസ് ഫണ്ട് ഒന്നാം ഗഡു 1-4-2019-നും ധനകാര്യ കമ്മീഷൻ ഗ്രാന്റ് 30-5-2019-നും അനുവദിച്ച് നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നഗരകാര്യ വകുപ്പിൽ 2018-19 സാമ്പത്തികവർഷം അംഗീകാരം ലഭിച്ച് നിർവ്വഹണം പൂർത്തിയാക്കിയ പദ്ധതികൾക്ക് 2019 മാർച്ച് 31-ാം തീയതിക്കകം തുക ചെലവഴിക്കാൻ സാധിച്ചിട്ടില്ലാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 2019-20 വർഷം വകയിരുത്തിയിരിക്കുന്ന തുകയിൽനിന്നും തുക ചെലവഴിക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത തുക കണ്ടെത്തിയതിനുശേഷം 2019-20 വർഷം അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പാക്കാവുന്നതാണ്.

(ഇ) ട്രഷറി നിയന്ത്രണംമൂലം തടസ്സപ്പെട്ട ബില്ലുകൾ 2018-19-ലെ അലോട്ട്മെന്റിൽ നിന്ന് തന്നെ സ്പിൽഓവറായി പരിഗണിച്ച് അനുവദിക്കുന്ന കാര്യം പരിശോധനയിലാണ്.

**കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാൻ നടപടി**

17 (*137) ശ്രീ. വി. ജോയി:

ശ്രീ. ജോൺ ഫെർണാണ്ടസ്:

ശ്രീ. കെ. ജെ. മാക്സി:

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി രൂപീകരിച്ചിട്ടുണ്ടോ; അതോറിറ്റിയുടെ പ്രവർത്തന ലക്ഷ്യങ്ങൾ വിശദമാക്കാമോ;

(ബി) തീരദേശ നിയമം ലംഘിച്ചുകൊണ്ട് നിർമ്മിച്ച ഫ്ലാറ്റ് സമുച്ചയങ്ങൾ പൊളിച്ചുകളയണമെന്ന സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിൽ അനധികൃത നിർമ്മാണങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ ഒത്താശ ചെയ്തിരുന്നോ എന്ന് പരിശോധിക്കാനും കുറ്റക്കാരായവർക്കെതിരെ നടപടിയെടുക്കാനും ഇടപെടൽ നടത്തുമോ;

(സി) ഫയർ ഓഡിറ്റിംഗിന് വിധേയമാക്കിയ വലിയൊരു ഭാഗം ബഹുനില കെട്ടിടങ്ങളിൽ അപാകത കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ നിർമ്മാതാക്കൾ കെട്ടിടനിർമ്മാണ ചട്ടങ്ങൾ കർശനമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ ):

(എ) രൂപീകരിച്ചിട്ടില്ല.

(ബി) അനധികൃത നിർമ്മാണങ്ങൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ ഒത്താശ ചെയ്തിട്ടുണ്ടെന്ന് ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ

അവർക്കെതിരെ വകുപ്പുതല അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനായി നിലവിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സംവിധാനങ്ങളുണ്ട്. കൂടാതെ പ്രധാന നഗരങ്ങളിൽ നിയമവിരുദ്ധമായും ബിൽഡിംഗ് റൂൾ ലംഘനമുള്ളതുമായ നിർമ്മാണപ്രവർത്തനങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകിയിട്ടുള്ളതും ഇതുപ്രകാരം വിജിലൻസ് വിംഗ് ഇതിനകം ഒരു കർമ്മപരിപാടി തയ്യാറാക്കിയിട്ടുള്ളതുമാണ്. സി.ടി.പി. (വിജിലൻസ്)-യുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അനധികൃത നിർമ്മാണങ്ങൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ ഒത്താശ ചെയ്തിരുന്നോയെന്ന് പരിശോധിക്കാനും കുറ്റക്കാർക്കെതിരെ നടപടിയെടുക്കുന്നതിനും സാധിക്കുന്നതാണ്.

(സി) സംസ്ഥാനത്തെ ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസ് വകുപ്പ് ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലെ കെട്ടിട നിർമ്മാണങ്ങളിന്മേൽ നടത്തിയ ഫയർ ആഡിറ്റിനെത്തുടർന്ന് നൽകിയിട്ടുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സേഫ്റ്റി ഉപകരണങ്ങൾ സ്ഥാപിക്കേണ്ടത് സംബന്ധിച്ച് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ബഹുനില കെട്ടിടങ്ങളുടെ നിർമ്മാണത്തിന് അനുമതി നൽകുമ്പോഴും ഒക്യുപൻസി നൽകുമ്പോഴും 1999-ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ്, 2011-ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് എന്നിവയ്ക്ക് വിധേയമായിട്ടുള്ളത് മാത്രമാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ പരിഗണിക്കുന്നത്. ചട്ടങ്ങൾപ്രകാരം ഫയർ എൻ.ഒ.സി. ആവശ്യമുള്ള കെട്ടിടങ്ങൾക്ക് ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുമ്പോൾ ഫയർ ആൻഡ് റെസ്ക്യൂ വകുപ്പിന്റെ പ്രാഥമിക എൻ.ഒ.സി.-യും ഒക്യുപൻസി നൽകുന്നതിന് മുമ്പായി അത്തരം കെട്ടിടങ്ങൾക്ക് ഫൈനൽ ഫയർ എൻ.ഒ.സി.യും ലഭ്യമാക്കിയതിനുശേഷമാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ ആയത് പരിഗണിക്കുന്നത്. ഇത് കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസിലും കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസിലും അനുശാസിക്കുന്നുണ്ട്. എന്നാൽ വർഷാവർഷങ്ങളിലുള്ള fire auditing ടി കെട്ടിടങ്ങളുടെ ഉടമസ്ഥർ/occupiers ആണ് നടത്തേണ്ടത്. തദ്ദേശഭരണ സ്ഥാപനതലത്തിൽ fire auditing നടത്തുന്നതിന് നിലവിൽ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസിലോ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസിലോ വ്യവസ്ഥയില്ല. ഫയർ ആൻഡ് റെസ്ക്യൂ വകുപ്പാണ് കാലാകാലങ്ങളിൽ ഇക്കാര്യത്തിൽ ആവശ്യമായ പരിശോധനകൾ നടത്തേണ്ടത്.

ഫയർ ആൻഡ് റെസ്ക്യൂ സംവിധാനങ്ങൾ കെട്ടിടങ്ങളിൽ സ്ഥാപിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് എൻ.ഒ.സി. നൽകുന്നത് ഫയർ ആൻഡ് റെസ്ക്യൂ വകുപ്പ് മുഖേനയാണ്. ഒരു കെട്ടിടത്തിന് നിർമ്മാണാനുമതി ആവശ്യമായി വരുന്ന സംഗതിയിൽ ടി കെട്ടിടത്തിന് KMBR, KPBR പ്രകാരം ഫയർ ആൻഡ് റെസ്ക്യൂ ഡിപ്പാർട്ടുമെന്റിന്റെ എൻ.ഒ.സി. ആവശ്യമായി വരുന്നപക്ഷം ആയത് ലഭ്യമാക്കിയതിനുശേഷം മാത്രമാണ് പെർമിറ്റ് നൽകാറുള്ളത്. അതുപോലെ കെട്ടിട നിർമ്മാണം കഴിഞ്ഞതിനുശേഷം ഒക്യുപൻസി സർട്ടിഫിക്കറ്റിനായി അപേക്ഷ സമർപ്പിക്കുമ്പോഴും ഫൈനൽ ഫയർ എൻ.ഒ.സി. ലഭ്യമാക്കിയതിനുശേഷം മാത്രമാണ് ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾക്കുവേണ്ടി ടൗൺ പ്ലാനിംഗ് വിജിലൻസ് വിംഗും നിലവിലുണ്ട്. ആയതിലൂടെ എല്ലാ അനധികൃത നിർമ്മാണങ്ങൾക്കെതിരെയും നടപടി സ്വീകരിച്ചുവരുന്നു.

## കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിപ്പിക്കാൻ നടപടി

18 (*138) ശ്രീ. ഒ. ആർ. കേളു:
ശ്രീ. രാജു എബ്രഹാം:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. കെ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനം ഫലപ്രദമാകാൻ തുടങ്ങിയിട്ടുണ്ടോ; ഏപ്രിൽ, മേയ് മാസങ്ങളിലെ പ്രതിമാസ വരുമാനം എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) സ്ഥാപനത്തെ ലാഭനഷ്ടമില്ലാത്ത സ്ഥിതിയിലേക്ക് എത്തിക്കുന്നതിനായി സർക്കാർ പ്രഖ്യാപിച്ച പുനരുദ്ധാരണ പാക്കേജ് പ്രാവർത്തികമാക്കാൻ ആരംഭിച്ചിട്ടുണ്ടോ;

(സി) തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്ത് തൊഴിലാളികളുടെ വിശ്വാസവും സഹകരണവും ആർജ്ജിച്ച് കാര്യക്ഷമത വർദ്ധിപ്പിക്കാൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) ബാങ്കുകളുടെ കൺസോർഷ്യത്തിൽ നിന്ന് കുറഞ്ഞ നിരക്കിൽ ദീർഘകാല വായ്പ വാങ്ങി ഉയർന്ന നിരക്കിലുള്ള പലിശഭാരം കുറയ്ക്കാൻ സ്വീകരിച്ചുവരുന്ന നടപടിയുടെ പുരോഗതി അറിയിക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) ഉണ്ട്.

| മാസം | ടിക്കറ്റ് വിറ്റ വരുമാനം (രൂപയിൽ) | ടിക്കറ്റ് ഇതര വരുമാനം (രൂപയിൽ) |
|---|---|---|
| ഏപ്രിൽ | 189,84,16,021 | 3,14,86,785 |
| മേയ് | 200,91,91,565 | 3,14,86,785 |

(ബി) ഉണ്ട്.

(സി) കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കോർപ്പറേഷനിലെ ജീവനക്കാരുടെ പങ്കാളിത്തം ഉറപ്പുവരുത്തു ന്നതിലേയ്ക്കായി കോർപ്പറേഷനിലെ തൊഴിലാളി സംഘടനാ പ്രതിനിധികളുമായി വിവിധ ഘട്ടങ്ങളിൽ സർക്കാർ തലത്തിലും കോർപ്പറേഷൻ മാനേജ്മെന്റ് തലത്തിലും ചർച്ചായോഗങ്ങൾ ചേരുകയും പ്രസ്തുത ലക്ഷ്യങ്ങളുമായി ബന്ധപ്പെട്ട് തൊഴിലാളി സംഘടനകളുടെ അഭിപ്രായങ്ങൾ ആരായുകയും നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ടി യോഗങ്ങളിലെ തീരുമാനങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ തൊഴിലാളികളുടെ സഹകരണത്തോടുകൂടി പ്രസ്തുത നിർദ്ദേശങ്ങൾ കോർപ്പറേഷന് കൂടുതൽ ഗുണകരമാകുന്നതരത്തിൽ നടപ്പിലാക്കിയതിലൂടെ തൊഴിലാളികളുടെ സഹകരണം പരമാവധി ഉറപ്പുവരുത്തിനും സാധിച്ചിട്ടുണ്ട്.

(ഡി) സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി കൂടിയ പലിശനിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി. എടുത്തിട്ടുണ്ടായിരുന്ന വായ്പകൾ പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യത്തിലേയ്ക്ക് മാറ്റിക്കഴിഞ്ഞു. ഇതുപ്രകാരം കെ.എസ്.ആർ.ടി.സി.ക്ക് ദീർഘകാല വായ്പയായി 9.2 ശതമാനം പലിശനിരക്കിൽ 20 വർഷത്തെ തിരിച്ചടവ് കാലാവധിയിൽ 3100 കോടി രൂപ പൊതുമേഖലാ ബാങ്കുകൾ അനുവദിക്കുകയും പ്രസ്തുത തുകകൊണ്ട് നിലവിലുണ്ടായിരുന്ന വായ്പാ കടങ്ങൾ അടച്ചുതീർക്കുകയും ചെയ്തിട്ടുണ്ട്. ഇതിലൂടെ വായ്പ തിരിച്ചടവിനത്തിൽ പ്രതിമാസം ചെലവാക്കിയിരുന്ന തുകയിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-യുടെ കോൺട്രാക്റ്റ് കാരേജ് സർവ്വീസുകൾ

19 (*139) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർ സംസ്ഥാന യാത്രക്കാരുടെ തിരക്ക് പരിഹരിക്കുന്നതിന് സ്വകാര്യ ബസ്സുകളുടെ മാതൃകയിൽ കെ.എസ്.ആർ.ടി.സി. ബംഗളൂരുവിലേക്കടക്കം കോൺട്രാക്റ്റ് ക്യാരേജ് സർവ്വീസുകൾ തുടങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിനായി കെ.എസ്.ആർ.ടി.സി., എൽ.എ.പി.ടി. ലൈസൻസുകൾ എടുത്തിട്ടുണ്ടോ;

(സി) ഇക്കാര്യത്തിന് എപ്രകാരം ബസ്സുകൾ സംഘടിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്; പ്രസ്തുത സർവ്വീസുകളുടെ വിശദാംശം വെളിപ്പെടുത്തുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ,

(എ) അന്തർസംസ്ഥാന സർവ്വീസുകൾ നടത്തുന്നതിന് ഉത്തരവാദിത്വമുള്ള പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ആർ.ടി.സി.ക്ക് അനധികൃതമായും മറ്റ് വ്യവസ്ഥകളില്ലാതെയും സർവ്വീസ് നടത്തുന്ന സ്വകാര്യ കോൺട്രാക്ട് കാരേജുകളുടെ മാതൃകയിൽ സർവ്വീസുകൾ നടത്താൻ കഴിയുകയില്ല. എന്നാൽ വ്യവസ്ഥാപിതമായ മാർഗ്ഗങ്ങളിലൂടെ കൂടുതൽ അന്തർസംസ്ഥാന സർവ്വീസുകൾ 2019 ഏപ്രിൽ മാസം മുതൽ കെ.എസ്.ആർ.ടി.സി. നടത്തിവരുന്നു. ബാംഗ്ലൂർ, ചെന്നൈ തുടങ്ങിയ പ്രധാന നഗരങ്ങളിലേക്ക് കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. തമിഴ്നാടുമായുള്ള അന്തർ സംസ്ഥാന ഗതാഗത കരാർ രൂപീകരിച്ച് നടപടി ഇതിനോടകം ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി കോട്ടയം-കോയമ്പത്തൂർ, കോട്ടയം-പളനി, തൃശ്ശൂർ-ഊട്ടി, എറണാകുളം-പളനി, മാനന്തവാടി-കോയമ്പത്തൂർ, സുൽത്താൻബത്തേരി-കോയമ്പത്തൂർ, അർത്തുംഗൽ-വേളാങ്കണ്ണി-കോയമ്പത്തൂർ, കോഴിക്കോട്-നിലമ്പൂർ എന്നീ എട്ട് സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള പെർമിറ്റുകൾക്ക് അപേക്ഷ നൽകിക്കഴിഞ്ഞു. തമിഴ്നാടുമായി രൂപീകരിച്ച പുതിയ ഗതാഗത കരാർപ്രകാരം എല്ലാ വർഷവും ഓണം, ദസറ, ദീപാവലി, ക്രിസ്തുമസ്, മദ്ധ്യവേനലവധിക്കാലം, ശബരിമല ഉത്സവകാലം എന്നിങ്ങനെ യാത്രാത്തിരക്ക് അനുഭവപ്പെടുന്ന എല്ലാ ഉത്സവകാലത്തും

ആവശ്യാനുസരണം സർവ്വീസുകൾ നടത്തുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. 2019 ഏപ്രിൽമാസം മുതൽ ബാംഗ്ലൂരിലേയ്ക്ക് കൂടുതൽ സർവ്വീസുകൾ നടത്തുന്നതിനായി 29 ബസ്സുകൾ അധികമായി പെർമിറ്റെടുത്ത് ഉപയോഗിച്ചുവരികയാണ്.

(ബി) ഇല്ല.

(സി) 50 പ്രീമിയം എ.സി. മൾട്ടി ആക്സിൽ ബസ്സുകൾ കാഷ്വൽ കോൺട്രാക്ട് വ്യവസ്ഥയിൽ ലഭ്യമാക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. പ്രസ്തുത വ്യവസ്ഥയിൽ ബസ്സുകൾ മൂന്ന് മാസക്കാലയളവിലേയ്ക്ക് ലഭ്യമാക്കുന്നതിന് 30-4-2019-ൽ ദർഘാസ് ക്ഷണിച്ചിരുന്നു. കേരള സർക്കാരിന്റെ ഇ-പോർട്ടൽവഴി ക്ഷണിച്ച ഈ ദർഘാസിൽ ആരും പങ്കെടുത്തില്ല. ഈ സാഹചര്യത്തിൽ വ്യവസ്ഥകൾ പുനഃപരിശോധിക്കുകയും മൂന്ന് മാസക്കാലയളവ് എന്നത് ഒരു വർഷക്കാലയളവായി ഉയർത്തി സർക്കാരിന്റെ ഇ-പോർട്ടൽ മുഖാന്തരം പുനർദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

### സ്കൂൾ വിദ്യാർത്ഥികളുടെ സുരക്ഷിത യാത്ര

20 (*140) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. കെ. രാജൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികളുടെ സുരക്ഷിത യാത്ര ഉറപ്പാക്കുന്നതിനായി ഈ വർഷം സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വാഹനം ഓടിക്കുന്ന ജീവനക്കാരുടെ കൃത്യമായ വിവരം ശേഖരിച്ച് സൂക്ഷിക്കുന്നതിനും അവർക്ക് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിനും ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) ഗുരുതര ക്രിമിനൽ സ്വഭാവമുള്ളവർ വാഹനങ്ങളിലെ ജീവനക്കാരായി വരാതിരിക്കുന്നതിനും അവർ കുട്ടികളെ ദ്രോഹിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുമോ;

(ഡി) സ്കൂൾ വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; ആയത് എന്നത്തേക്ക് നടപ്പിലാക്കുമെന്ന് അറിയിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) സ്കൂൾ ബസ്സുകളുടെയും വിദ്യാർത്ഥി വിദ്യാർത്ഥിനികൾ യാത്ര ചെയ്യുന്ന മറ്റ് വാഹനങ്ങളുടെയും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി എല്ലാ അദ്ധ്യയന വർഷാരംഭത്തിലും എല്ലാ സ്കൂൾ ബസ്സുകളും പരിശോധിച്ച് വാഹനങ്ങളുടെ ക്ഷമത, വിദ്യാർത്ഥികൾക്കുള്ള സൗകര്യങ്ങൾ, ബാഗുകൾ സൂക്ഷിക്കുന്നതിനുള്ള സൗകര്യം, വാതിലുകൾ, ഷട്ടറുകൾ എന്നിവ പരിശോധിച്ച് യോഗ്യമായവർക്ക് സ്റ്റിക്കർ പതിപ്പിച്ചുനൽകുന്നു. യാത്രാ ബസ്സുകളിൽ കുട്ടികളെ കയറ്റുകയും അവരോട് ബസ് ജീവനക്കാർ മാന്യതയോടെ പെരുമാറുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുമായി ബസ് സ്റ്റാന്റ്, സ്കൂൾ പരിസരം എന്നിവിടങ്ങളിൽ പ്രത്യേക പരിശോധന നടത്തുന്നുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പ് ജി3/229/പൊ.വി.വ. എന്ന നമ്പരായി 27-5-2019-ൽ ഇറക്കിയ സർക്കുലർ പാലിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ എല്ലാ റീജിയൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂഷൻ ബസ്സുകൾക്ക് പെർമിറ്റ് നൽകുന്നത് സംബന്ധിച്ച കേരള മോട്ടോർ വാഹന ചട്ടം 153 D പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി സ്കൂൾ വാഹനങ്ങളും കുട്ടികളെ കയറ്റുന്ന മറ്റ് വാഹനങ്ങളും നിരന്തര പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. അമിതമായി കുട്ടികളെ കയറ്റി വരുന്ന വാഹനങ്ങളുടെ ഡ്രൈവർമാരുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതിനും ഓട്ടോറിക്ഷകളുടെയും സ്കൂൾ വാഹനങ്ങളുടെയും പെർമിറ്റ് റദ്ദ് ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ സ്കൂളുകളിലും ഒരു അദ്ധ്യാപകനെ/അദ്ധ്യാപികയെ നോഡൽ ഓഫീസറായി നിയമിക്കാൻ സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പുരോഗമനപരമായ റോഡ് സുരക്ഷാബോധവൽക്കരണ പരിപാടികൾ ഒരു വ്യക്തിയുടെ വളർച്ചയുടെ എല്ലാ ഘട്ടത്തിലും നിശ്ചിത ഇടവേളകളിൽ തുടർച്ചയായി നൽകേണ്ടത് അത്യാവശ്യമാണെന്നതിനാൽ ഇതിന്റെ ഭാഗമായി സ്കൂൾ പാഠ്യപദ്ധതിയിൽ റോഡ് സുരക്ഷാ വിഷയം ഉൾപ്പെടുത്തണമെന്ന് റോഡ് സുരക്ഷാ അതോറിറ്റി പൊതുവിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് കരിക്കുലം തയ്യാറാക്കാനാവശ്യമായ സഹായങ്ങൾ കേരളാ റോഡ് സുരക്ഷാ അതോറിറ്റി നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

സ്കൂൾ ക്ലാസ്സുകളിൽ റോഡ് സുരക്ഷാ സന്ദേശങ്ങളടങ്ങിയ ചാർട്ടുകൾ തയ്യാറാക്കി പ്രദർശിപ്പിക്കാനുള്ള ചെലവ് കേരള റോഡ് സുരക്ഷാ അതോറിറ്റി വഹിക്കാൻ തയ്യാറാണെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടറെ അറിയിച്ചിട്ടുണ്ട്.

കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും സ്കൂളുകളിൽ റോഡ് സുരക്ഷാവബോധം വളർത്തിയെടുക്കുന്നതിനും റോഡ് സുരക്ഷാവാരം കേരള റോഡ്

സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ജൂൺ 10 മുതൽ 14 വരെ നടത്തുന്ന വാരാചരണത്തിൽ സ്കൂൾ വാഹനങ്ങളുടെ സുരക്ഷ, സ്കൂൾ വാഹനങ്ങളുടെ സുരക്ഷിത യാത്ര ഉറപ്പാക്കൽ എന്നിവയ്ക്കാണ് മുൻഗണന നൽകിയിട്ടുള്ളത്. അദ്ധ്യാപകർ, പി.റ്റി.എ., സ്കൂൾ ജീവനക്കാർ, ഡ്രൈവർമാർ, വിദ്യാർത്ഥികൾ എന്നിവർക്ക് റോഡ് സുരക്ഷാ ക്ലാസ് നൽകുന്നതാണ്. അതുപോലെതന്നെ സ്കൂൾ അസംബ്ലിയിൽ റോഡ് സുരക്ഷാ സന്ദേശങ്ങൾ വായിക്കാനും ഉദ്ദേശിക്കുന്നുണ്ട്.

(ബി) സ്കൂൾ ബസ് ജീവനക്കാരുടെ വിവരങ്ങൾ ശേഖരിച്ച് സൂക്ഷിക്കാൻ സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പ് എല്ലാ വർഷവും സ്കൂൾ ബസ് ഡ്രൈവർമാർ, ബസ് ജീവനക്കാർ എന്നിവർക്ക് വാഹനങ്ങൾ ഡ്രൈവ് ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് അവബോധന ക്ലാസ്സുകൾ നടത്താറുണ്ട്.

(സി) കേരള മോട്ടോർ വാഹന ചട്ടം 153 D -യിൽ നിഷ്കർഷിച്ചിരിക്കുന്ന യോഗ്യതകളുള്ളവരെയാണ് സ്കൂൾ ബസ് ഡ്രൈവർമാരായി നിയമിക്കുന്നത്. പത്ത് വർഷത്തെ ഡ്രൈവിംഗ് പരിചയമുള്ള ഡ്രൈവർ ആയിരിക്കണം. മദ്യപിച്ച് വാഹനം ഓടിക്കുക, അശ്രദ്ധമായും അപകടകരമായും വാഹനം കൈകാര്യം ചെയ്യുക എന്നീ കുറ്റങ്ങൾക്ക് ഒരു പ്രാവശ്യമെങ്കിലും ശിക്ഷിക്കപ്പെട്ടിട്ടുള്ളവരെ സ്കൂൾ ബസ്സുകളിൽ ഡ്രൈവർമാരായി നിയമിക്കാൻ പാടില്ലെന്നും ക്രിമിനൽ സ്വഭാവമുള്ളവർ ബസ് ജീവനക്കാരായി വരാതിരിക്കാൻ സ്കൂൾ അധികൃതർ ശ്രദ്ധിക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) നിലവിൽ സംസ്ഥാനത്ത് സ്കൂൾ വാഹനങ്ങൾ ഉൾപ്പെടെയുള്ള പൊതു യാത്രാവാഹനങ്ങൾക്ക് വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് സംവിധാനം (VLTD) നടപ്പിലാക്കിയിട്ടുണ്ട്. ലഭ്യമായ കണക്കുകൾപ്രകാരം 7009-ഓളം സ്കൂൾ ബസ്സുകളിൽ ഈ സംവിധാനം ഘടിപ്പിച്ചിട്ടുണ്ട്.

**നഗര-ഗ്രാമാസൂത്രണ നിയമ പരിഷ്കരണം**

21 (*141) <u>ശ്രീ. അബ്ദുൽ ഹമീദ് പി.:</u>
<u>ശ്രീ. ടി. എ. അഹമ്മദ് കബീർ:</u>
<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:</u>
<u>ശ്രീ. പാറക്കൽ അബ്ദുല്ല:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയവും പ്രകൃതി ദുരന്തങ്ങളും കാലാവസ്ഥ വ്യതിയാനങ്ങളും കണക്കിലെടുത്ത് കേരളത്തിലെ നഗര-ഗ്രാമ ആസൂത്രണ നിയമം സമഗ്രമായി പരിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിനുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ആരായുന്നതിനായി പ്രത്യേക സമിതിയെ നിയോഗിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) പുതിയ നിയമ വ്യവസ്ഥകൾ എന്നത്തേയ്ക്ക് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം വെളിപ്പെടുത്തുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ ):

(എ) ഉണ്ട്.

(ബി) ഉണ്ട്. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ 2016-ലെ നഗര-ഗ്രാമാസൂത്രണ നിയമം, എക്സ്പെൻഡിച്ചർ, പ്ലാനിംഗ്, ബഡ്ജറ്റിംഗ് മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പരിഷ്കരിക്കുന്നതിന് 7-5-2019-ലെ ജി.ഒ. (എം.എസ്). നമ്പർ.48/2019/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം ഒരു സംസ്ഥാനതല കമ്മിറ്റിയും ഈ സംസ്ഥാനതല കമ്മിറ്റിയെ സഹായിക്കുന്നതിനായി ഒരു സബ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

(സി) 2016-ലെ നഗര-ഗ്രാമാസൂത്രണ നിയമം, എക്സ്പെൻഡിച്ചർ, പ്ലാനിംഗ്, ബഡ്ജറ്റിംഗ് മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പരിഷ്കരിക്കുന്നതിന് 7-5-2019-ലെ ജി.ഒ.(എം.എസ്.)നമ്പർ 48/2019/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം ഒരു സംസ്ഥാനതല കമ്മിറ്റിയും ഈ സംസ്ഥാനതല കമ്മിറ്റിയെ സഹായിക്കുന്നതിനായി ഒരു സബ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## കോൺട്രാക്ട് കാര്യേജ് പെർമിറ്റുള്ള ബസ്സുകൾ

22 (*142) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർസംസ്ഥാന സർവ്വീസ് നടത്തുന്ന കോൺട്രാക്ട് ക്യാര്യേജ് പെർമിറ്റുള്ള ബസ്സുകളിൽ ചരക്കുകൾ അനധികൃതമായി കടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് കേസ്സുകൾ ഈ വർഷം രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്നും പിഴ ഈടാക്കിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സർവ്വീസുകളിൽ വേഗപരിധി നിയന്ത്രണം, ജി.പി.എസ്. സംവിധാനം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അവ ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കുമോ;

(സി) ഇത്തരം സർവ്വീസുകൾ യാത്രക്കാരിൽ നിന്നും അമിതനിരക്ക് ഈടാക്കുന്നതിനാൽ നിരക്ക് ഏകീകരണം ഉൾപ്പെടെയുള്ള കാര്യങ്ങൾ ഏർപ്പെടുത്തുമോ; വിശദമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) ഉണ്ട്. ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരിൽ നിന്നുള്ള റിപ്പോർട്ട് പ്രകാരം 262 കേസ്സുകൾ കണ്ടെത്തുകയും 8,49,000 രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) നിലവിൽ 1-4-2019 മുതൽ സംസ്ഥാനത്ത് എല്ലാ പൊതുയാത്രാ വാഹനങ്ങൾക്കും വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് സംവിധാനം (VLTD) നിർബന്ധമാക്കിയിട്ടുണ്ട്. ആയതിനാൽ കോൺട്രാക്ട് കാര്യേജ് വാഹനങ്ങളും ഇതിന്റെ പരിധിയിൽ ഉൾപ്പെടുന്നു. അതോടൊപ്പം വേഗപരിധി നിയന്ത്രണ സംവിധാനവും മേൽപ്പറഞ്ഞ വാഹനത്തിൽ നിർബന്ധമാക്കിയിട്ടുണ്ട്. വാഹനങ്ങളുടെ പരിശോധനാ സമയങ്ങളിലും ഫിറ്റ്നസ് ടെസ്റ്റ് സമയങ്ങളിലും ഇക്കാര്യങ്ങൾ ഉറപ്പുവരുത്തുകയും ചെയ്തുവരുന്നു.

(സി) നിരക്ക് ഏകീകരണം പഠിച്ച് റിപ്പോർട്ട് നൽകാൻ ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**സർവ്വകലാശാലകളുടെ റാങ്കിംഗ് മെച്ചപ്പെടുത്തുന്നതിന് നടപടി**

23 (*143) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന സൗകര്യങ്ങളിലും മറ്റും ഏറെ മുന്നിലാണെങ്കിലും രാജ്യത്തെ ഇതര സർവ്വകലാശാലകളുമായി താരതമ്യപ്പെടുത്തുമ്പോൾ സംസ്ഥാനത്തെ സർവ്വകലാശാലകളുടെ സ്ഥാനം വളരെ പിന്നിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് അക്കാഡമിക് മികവും നല്ല പഠനാന്തരീക്ഷവുമുള്ള സംസ്ഥാനം കേരളമാണെന്നിരിക്കെ നമ്മുടെ സർവ്വകലാശാലകൾ റാങ്കിംഗിൽ പുറകോട്ട് പോകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) ഉന്നതവിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുന്നതിന് ഉതകുന്ന എന്തൊക്കെ കാര്യങ്ങളാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ ):

(എ&ബി) ഇല്ല. ഇന്ത്യയിൽ തൊള്ളായിരത്തിൽപ്പരം സർവ്വകലാശാലകൾ/ സർവ്വകലാശാല തുല്യ സ്ഥാപനങ്ങളാണുള്ളത്. കേരളത്തിലെ സ്റ്റേറ്റ് യൂണിവേഴ്സിറ്റികളുടെ എണ്ണം പതിമൂന്നാണ്. ഇതിൽ നാല് സർവ്വകലാശാലകൾ നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്കിൽ 100-ൽ താഴെയുള്ള റാങ്ക് ലഭിച്ചിട്ടുള്ള സർവ്വകലാശാലകളാണ്. കേരള (22-ാം സ്ഥാനം), മഹാത്മാഗാന്ധി (30-ാം സ്ഥാനം), കുസാറ്റ് (65-ാം സ്ഥാനം), കാലിക്കറ്റ് (64-ാം സ്ഥാനം) എന്നിവയാണ് ആ സർവ്വകലാശാലകൾ. കൂടാതെ കേരള, മഹാത്മാഗാന്ധി, കണ്ണൂർ, കാലിക്കറ്റ്, കുസാറ്റ്, സംസ്കൃത എന്നീ ആറ് സർവ്വകലാശാലകൾക്ക് NAAC ഗ്രേഡും ലഭിച്ചിട്ടുണ്ട്.

(സി) കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്തെ സർവ്വകലാശാലകളെ അന്താരാഷ്ട്രതലത്തിൽ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള ഒരു കർമ്മപദ്ധതി സർക്കാർ ആവിഷ്കരിച്ചുവരികയാണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള ലാബ്, ലൈബ്രറിയുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനമാണ് ലക്ഷ്യമിടുന്നത്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്ക് 240.9 കോടി രൂപയുടെയും എം.ജി. സർവ്വകലാശാലയ്ക്ക് 132.75 കോടി രൂപയുടെയും കാലിക്കറ്റ് സർവ്വകലാശാലയ്ക്ക് 150 കോടി രൂപയുടെയും കണ്ണൂർ സർവ്വകലാശാലയ്ക്ക് 150 കോടി രൂപയുടെയും പദ്ധതിക്ക് അനുമതി നൽകിക്കഴിഞ്ഞു. മറ്റ് സർവ്വകലാശാലകളുടെ പദ്ധതി രൂപരേഖ സർക്കാർ പരിശോധിച്ചുവരുന്നു. കേരള, എം.ജി., കാലിക്കറ്റ്, കണ്ണൂർ, കുസാറ്റ്, മലയാളം സർവ്വകലാശാലകളെ ബന്ധിപ്പിച്ചുകൊണ്ട് ഒരു ഇ-ഗവേണൻസ് പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. എറുഡൈറ്റ് പദ്ധതി, അക്കാദമിക വോളന്റിയർ ബാങ്ക്, ഓൾ കേരള ഹയർ എഡ്യൂക്കേഷൻ സർവ്വേ, ബിരുദാനന്തര ബിരുദ വിദ്യാഭ്യാസത്തിന്റെ പുനഃസംഘാടനം, ബ്രെയിൻ ഗെയിൻ സമീപനം, സ്റ്റേറ്റ് അസസ്സ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ സെന്റർ, ഔട്ട്കം ബേസ്ഡ് എഡ്യൂക്കേഷനും ഗ്രാജുവേറ്റ് ആട്രിബ്യൂട്ട്സിനും ഊന്നൽ നൽകിയുള്ള കരിക്കുലം പരിഷ്കരണ പദ്ധതികൾ തുടങ്ങിയവ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനായി ആവിഷ്കരിച്ചിട്ടുണ്ട്. സർവ്വകലാശാലകളിലും കോളേജുകളിലും റൂസ പദ്ധതിപ്രകാരം വിവിധ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

ശതോത്തര വാർഷികം ആഘോഷിക്കുന്ന തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, എറണാകുളം മഹാരാജാസ് കോളേജ്, പാലക്കാട് വിക്ടോറിയ കോളേജ്, തലശ്ശേരി ബ്രണ്ണൻ കോളേജ്, തൃശ്ശൂർ കേരള വർമ്മ കോളേജ് എന്നീ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുവേണ്ടി കിഫ്ബി മുഖേന 150 കോടി രൂപയുടെ പ്രത്യേക നിക്ഷേപ പാക്കേജിൽ ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്. കൂടാതെ 48 സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളെയും 7 ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളെയും 9 ഗവൺമെന്റ് പോളിടെക്നിക് കോളേജുകളെയും കിഫ്ബി മുഖേന 'മികവിന്റെ കേന്ദ്രങ്ങൾ' (Centre of Excellence) ആക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഈ പദ്ധതികളുടെ നടത്തിപ്പിനായി KITE-നെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി നിശ്ചയിച്ചും ഉത്തരവായിട്ടുണ്ട്.

**സ്വാശ്രയ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് പ്രവേശനം**

24 (*144) ഡോ. എം. കെ. മുനീർ:

ശ്രീ. സി. മമ്മൂട്ടി:

ശ്രീ. എൻ. എ. നെല്ലിക്കുന്ന്:

ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് പ്രവേശനം പൂർത്തിയാക്കുന്നതിനു മുമ്പ് ഒരു കോളേജിൽ പ്രവേശനം നേടിയ ശേഷം താല്പര്യമുള്ള മറ്റു കോളേജുകളിലേക്ക് മാറിപ്പോകുന്ന വിദ്യാർത്ഥികളെയും അവരുടെ രക്ഷിതാക്കളെയും സ്ഥാപനങ്ങൾ ചൂഷണം ചെയ്യുന്നത് തടയാൻ നിലവിൽ എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കേന്ദ്രീകൃത അലോട്ട്മെന്റിലൂടെ പ്രവേശനം നേടിയശേഷം താല്പര്യമുള്ള മറ്റു കോളേജുകളിൽ പ്രവേശനത്തിനായി രേഖകളും ഫീസും തിരികെ ആവശ്യപ്പെടുന്ന വിദ്യാർത്ഥികളെ ചില സ്വാശ്രയ സ്ഥാപനങ്ങൾ ഫീസ് മുഴുവൻ അടയ്ക്കാതെ രേഖകൾ നൽകില്ലെന്ന നിലയിൽ വിലപേശലിന് ഇരയാക്കുന്നതായുള്ള പരാതികൾ പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചു വരുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ വിദ്യാർത്ഥികൾ ചൂഷണം ചെയ്യപ്പെടുന്നതിനുള്ള സാഹചര്യം ഇല്ലാതാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കണമെന്ന ഹൈക്കോടതി നിർദ്ദേശം ഉണ്ടായിട്ടുണ്ടോ; ആയതിനെത്തുടർന്ന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ ):

(എ) ഉണ്ട്. ഇത് തടയാൻ 18-1-2019-ലെ സ.ഉ. (സാധാ) നമ്പർ 77/2019/ ഉ.വി.വ. സർക്കാർ ഉത്തരവുപ്രകാരം (പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*) 2019-20 അദ്ധ്യായന വർഷം മുതൽ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുൾപ്പെടെ സംസ്ഥാനത്തെ എല്ലാ എ.ഐ.സി.ടി.ഇ. അംഗീകാരമുള്ള കോഴ്സുകൾക്കും ലിക്വിഡേറ്റഡ് ഡാമേജസ് ഒഴിവാക്കിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. ഇതുപ്രകാരം ഒരു സ്ഥാപനത്തിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥി, കോഴ്സ് ആരംഭിക്കുന്നതിനുമുമ്പ് വിടുതൽ സർട്ടിഫിക്കറ്റിനായി അപേക്ഷിച്ചാൽ പ്രോസസ്സിംഗ് ഫീ ഇനത്തിൽ 1000 രൂപ കിഴിച്ച് ആ വിദ്യാർത്ഥി സ്ഥാപനത്തിൽ ഒടുക്കിയ മുഴുവൻ ഫീസും സർട്ടിഫിക്കറ്റുകളും തിരികെ നൽകേണ്ടതാണ്. KEAM 2019 പ്രോസ്പെക്ടസിൽ മേൽ പരാമർശം ക്ലോസ് 12.2.4 പ്രകാരം ചേർത്തിട്ടുണ്ട്.

(ബി) സ്വാശ്രയ സ്ഥാപനങ്ങൾ വിദ്യാർത്ഥികളെ ചൂഷണം ചെയ്യുന്നതായുള്ള പരാതി ലഭിച്ചാൽ പരാതിയുടെ പ്രാധാന്യം മനസ്സിലാക്കി സർക്കാർ ഇടപെടലുകൾ നടത്താറുണ്ട്. 18-1-2019-ലെ സ.ഉ.(സാധാ) നമ്പർ 77/2019/ഉ.വി.വ. സർക്കാർ ഉത്തരവുപ്രകാരം സ്വാശ്രയ കോളേജിൽ പ്രവേശനം നേടിയശേഷം വിടുതൽ വാങ്ങി പോകുന്ന വിദ്യാർത്ഥികൾ ഒടുക്കിയ deposit-ഉം സർട്ടിഫിക്കറ്റുകളും തിരികെ നൽകേണ്ടതാണെന്നും അത്തരം വിദ്യാർത്ഥികളിൽനിന്നും വരും വർഷങ്ങളിലെ ഫീസ് ഈടാക്കാൻ പാടില്ലെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സർക്കാർ നിർദ്ദേശം പാലിക്കാത്ത സ്വാശ്രയ സ്ഥാപനങ്ങൾക്കെതിരെ നടപടി കൈക്കൊള്ളാനും മേൽ സർക്കാർ ഉത്തരവിൽ വ്യവസ്ഥയുണ്ട്.

(സി) അത്തരം നിർദ്ദേശങ്ങളൊന്നുംതന്നെ ലഭിച്ചിട്ടില്ല.

## നാളികേരത്തിന്റെ വിലസ്ഥിരത

25 (*145) ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. കെ. ദാസൻ:
ശ്രീ. ബി. സത്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു വർഷംകൊണ്ട് പുതുതായി ഒന്നരലക്ഷം ഹെക്ടറിലേക്ക് കൂടി തെങ്ങ് കൃഷി വ്യാപിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ ഊർജ്ജിതമായി നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; നാളികേരവികസന കൗൺസിലിന്റെ ഘടനയും പ്രവർത്തനവും വിശദമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) നാളികേരത്തിന്റെ വിലസ്ഥിരതയില്ലായ്മയാണ് കൃഷി വ്യാപനത്തിനുള്ള മുഖ്യ പ്രതിബന്ധമെന്നതിനാൽ വിലസ്ഥിരത ഉറപ്പാക്കാൻ പദ്ധതിയുണ്ടോ;

(സി) ന്യായവില ഉറപ്പാക്കുന്നതിന് നാളികേരവികസന കോർപ്പറേഷൻ നടത്തിവരുന്ന ഇടപെടലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) സംസ്ഥാനത്തെ കേരകൃഷിയുടെ വിസ്തൃതി നിലവിലെ 7.81 ലക്ഷം ഹെക്ടറിൽനിന്നും 9.25 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുക, നാളികേരത്തിന്റെ ഉൽപ്പാദനക്ഷമത ഹെക്ടറിന് 6889-ൽ നിന്നും 8500 നാളികേരമായി ഉയർത്തുക, സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പുവരുത്തുക തുടങ്ങിയവ ലക്ഷ്യമിട്ട് 2018 മുതൽ 2028 വരെ നീളുന്ന 10 വർഷത്തെ വികസന കാഴ്ചപ്പാടോടെ സംസ്ഥാന സർക്കാർ നാളികേര വികസന കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.

2019-20 വർഷം കൃഷി വകുപ്പിന്റെ ഫാമുകൾ കാർഷിക സർവ്വകലാശാല, സി.പി.സി.ആർ.ഐ., നാളികേര വികസന ബോർഡ് എന്നീ സ്ഥാപനങ്ങൾ മുഖേന ഉൽപ്പാദിപ്പിച്ച WCT, കുറുകിയ ഇനം, സങ്കര ഇനം തെങ്ങുകളുടെ തൈകൾ 300 കേരഗ്രാമങ്ങളിലെ എല്ലാ വാർഡുകളിലും കൂടാതെ ബഹുമാനപ്പെട്ട എം.എൽ.എ.മാർ നിർദ്ദേശിക്കുന്ന 200 പഞ്ചായത്തുകളിലെ എല്ലാ വാർഡുകളിലും 75 തൈകൾ വീതം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഈ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിൽവരുത്തുന്നതിനുവേണ്ടി നാളികേര വികസന ജനറൽ കൗൺസിലും നാളികേര വികസന എക്സിക്യൂട്ടീവ് കമ്മിറ്റിയും യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തിവരുന്നു.

നാളികേര വികസന കൗൺസിലിന്റെ ഘടന താഴെപ്പറയും പ്രകാരമാണ്.

I. സംസ്ഥാനതല നാളികേര വികസന ജനറൽ കൗൺസിൽ (GC)

| | | |
|---|---|---|
| 1 | കൃഷി വകുപ്പുമന്ത്രി | ചെയർമാൻ |
| (1) | (2) | (3) |
| 2 | കാർഷികോൽപ്പാദന കമ്മീഷണർ | മെമ്പർ |
| 3 | അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് | മെമ്പർ |
| 4 | പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ് | മെമ്പർ |
| 5 | അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ് | മെമ്പർ |

| (1) | (2) | (3) |
|---|---|---|
| 6 | പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് | മെമ്പർ |
| 7 | ചെയർമാൻ, നാളികേര വികസന ബോർഡ് | മെമ്പർ |
| 8 | ചീഫ് (അഗ്രിക്കൾച്ചർ), സംസ്ഥാന ആസൂത്രണ ബോർഡ് | മെമ്പർ |
| 9 | വൈസ് ചാൻസിലർ, കേരള കാർഷിക സർവ്വകലാശാല | മെമ്പർ |
| 10 | ഡയറക്ടർ, I.I.F.P.T തഞ്ചാവൂർ | മെമ്പർ |
| 11 | ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് | കൗൺസിൽ ഡയറക്ടർ & കൺവീനർ |
| 12 | ഡയറക്ടർ, വ്യവസായ വകുപ്പ് | മെമ്പർ |
| 13 | കൃഷി അഡീഷണൽ ഡയറക്ടർ (CP) | മെമ്പർ |
| 14 | ചീഫ് കോക്കനട്ട് ഡെവലപ്മെന്റ് ഓഫീസർ, നാളികേര വികസന ബോർഡ് | മെമ്പർ |
| 15 | ചെയർമാൻ, സംസ്ഥാന കാർഷിക വില നിർണ്ണയ ബോർഡ് | മെമ്പർ |
| 16 | ഡയറക്ടർ, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, കാസർഗോഡ് | മെമ്പർ |
| 17 | ഡയറക്ടർ, C.F.T.R.I., മൈസൂർ | മെമ്പർ |
| 18 | കൺവീനർ, S.L.BC | മെമ്പർ |
| 19 | മാനേജിംഗ് ഡയറക്ടർ, S.F.A.C. | മെമ്പർ |
| 20 | ഡോ. കെ. എം. നായർ, മുൻ പ്രിൻസിപ്പൽ സയന്റിസ്റ്റ്, NBSS & LUP, ബാംഗ്ലൂർ (കോട്ടയം) | മെമ്പർ |
| 21 | ഡയറക്ടർ ഓഫ് റിസർച്ച്, കേരള കാർഷിക സർവ്വകലാശാല | മെമ്പർ |
| 22 | ഡയറക്ടർ, സമേതി | മെമ്പർ |
| 23 | മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ | മെമ്പർ |
| 24 | മാനേജിംഗ് ഡയറക്ടർ, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ | മെമ്പർ |
| 25 | ഡയറക്ടർ, കയർ വികസന വകുപ്പ് | മെമ്പർ |
| 26 | മാനേജിംഗ് ഡയറക്ടർ, കേരഫെഡ് | മെമ്പർ |

| (1) | (2) | (3) |
|---|---|---|
| 27 | ഡയറക്ടർ, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ | മെമ്പർ |
| 28 | മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ | മെമ്പർ |
| 29 | ഡയറക്ടർ, കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രം, ശ്രീകാര്യം, തിരുവനന്തപുരം | മെമ്പർ |
| 30 | ചെയർമാൻ, കേരള ഗ്രാമീൺ ബാങ്ക് | മെമ്പർ |
| 31 | മേധാവി (അഗ്രോപ്രോസസിംഗ്) N.I.I.S.T-CSIR, തിരുവനന്തപുരം | മെമ്പർ |
| 32 | കേരകർഷക പ്രൊഡ്യൂസർ, കമ്പനികളുടെ മൂന്ന് പ്രതിനിധികൾ | മെമ്പർമാർ |
| 33 | മൂന്ന് കേരകർഷക പ്രതിനിധികൾ | മെമ്പർമാർ |
| 34 | ഡയറക്ടർ, കോസ്റ്റ് ഓഫ് കൾട്ടിവേഷൻ സ്റ്റഡീസ്, കേരള സർവ്വകലാശാല | മെമ്പർ |

II നാളികേര വികസന കൗൺസിൽ -എക്സിക്യൂട്ടീവ് കമ്മിറ്റി (EC)

| | | |
|---|---|---|
| 1 | കർഷകോല്പാദന കമ്മീഷണർ | ചെയർമാൻ |
| 2 | അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് | മെമ്പർ |
| 3 | ധനകാര്യ വകുപ്പ് പ്രതിനിധി | മെമ്പർ |
| 4 | പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് | മെമ്പർ |
| 5 | ചീഫ് (അഗ്രിക്കൾച്ചർ), സംസ്ഥാന ആസൂത്രണ ബോർഡ് | മെമ്പർ |
| 6 | ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ് | മെമ്പർ |
| 7 | ചീഫ് കോക്കനട്ട് ഡെവലപ്മെന്റ് ഓഫീസർ, നാളികേര വികസന ബോർഡ് | മെമ്പർ |
| 8 | കൃഷി അഡീഷണൽ ഡയറക്ടർ (CP) | കൺവീനർ |
| 9 | ചെയർമാൻ, സംസ്ഥാന കാർഷിക വില നിർണ്ണയ ബോർഡ് | മെമ്പർ |

| | | |
|---|---|---|
| 10 | നോഡൽ ഓഫീസർ, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, കാസർഗോഡ് | മെമ്പർ |
| 11 | മാനേജിംഗ് ഡയറക്ടർ, S.F.A.C. | മെമ്പർ |
| 12 | ഡോ. കെ. എം. നായർ, മുൻ പ്രിൻസിപ്പൽ സയന്റിസ്റ്റ്, N.B.S.S. &L.U.P., ബാംഗ്ലൂർ (കോട്ടയം) | മെമ്പർ |
| 13 | ഡയറക്ടർ ഓഫ് റിസർച്ച്, കേരള കാർഷിക സർവ്വകലാശാല | മെമ്പർ |
| 14 | ഡയറക്ടർ, കയർ വികസന വകുപ്പ് | മെമ്പർ |
| 15 | ഡയറക്ടർ, സമേതി | മെമ്പർ |
| 16 | മാനേജിംഗ് ഡയറക്ടർ, കേരഫെഡ് | മെമ്പർ |
| 17 | ഡയറക്ടർ, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ | മെമ്പർ |
| 18 | മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ | മെമ്പർ |
| 19 | മേധാവി (അഗ്രോപ്രോസസിംഗ്) N.I.I.S.T-CSIR, തിരുവനന്തപുരം | മെമ്പർ |
| 20 | ഡയറക്ടർ കോസ്റ്റ് ഓഫ് കൾട്ടിവേഷൻ സ്റ്റഡീസ്, കേരള സർവ്വകലാശാല | മെമ്പർ |
| 21 | പ്രതിനിധി, S.L.B.C | മെമ്പർ |

III ജില്ലാതല നാളികേര വികസന കൗൺസിൽ

| | | |
|---|---|---|
| 1 | പ്രിൻസിപ്പൽ കൃഷി ഓഫീസർ | ചെയർമാൻ |
| 2 | പ്രോജക്ട് ഡയറക്ടർ, ആത്മ | കോ ചെയർമാൻ |
| 3 | കേരള കാർഷിക സർവ്വകലാശാല/മറ്റ് ഗവേഷണ സ്ഥാപന പ്രതിനിധികൾ | മെമ്പർ |
| 4 | തലവൻ, കൃഷി വിജ്ഞാന കേന്ദ്രം | മെമ്പർ |
| 5 | നാളികേര വികസന ബോർഡ് പ്രതിനിധി | മെമ്പർ |
| 6 | ഡെപ്യൂട്ടി ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് | മെമ്പർ |
| 7 | S.F.A.C പ്രതിനിധി | മെമ്പർ |
| 8 | V.F.P.C.K ജില്ലാ മാനേജർ | മെമ്പർ |

| | | |
|---|---|---|
| 9 | അവാർഡ് ജേതാവായ ഒരു കേരകർഷകൻ | മെമ്പർ |
| 10 | തെരഞ്ഞെടുത്ത 2-4 ബ്ലോക്കുതല കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ | മെമ്പർമാർ |
| 11 | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (YP) | കൺവീനർ & ജില്ലാതല നാളികേര വികസനകൗൺസിൽ കോഡിനേറ്റർ |
| 12 | ലീഡ് ഡിസ്ട്രിക്റ്റ് മാനേജർ | മെമ്പർ |

സംസ്ഥാന ബഡ്ജറ്റിൽ വകകൊള്ളിച്ചിരിക്കുന്ന തുകയ്ക്കുപുറമെ നാളികേര വികസന ബോർഡിന്റെയും ജനകീയാസൂത്രണ പദ്ധതി വിഹിതത്തിന്റെയും എൽ.എസ്.ജി.ഡി. തുടങ്ങിയ വകുപ്പുകളുടെയും എസ്.എഫ്.എ.സി., കേരഫെഡ്, നാളികേര വികസന കോർപ്പറേഷൻ തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഫണ്ടുകളുടെ ഏകോപനം സാധ്യമാക്കിക്കൊണ്ടാണ് നാളികേര വികസന കൗൺസിൽ പ്രവർത്തിക്കുന്നത്.

(ബി) നാളികേരത്തിന്റെ വിലസ്ഥിരത ഉറപ്പാക്കുക എന്ന ലക്ഷ്യമിട്ടുകൊണ്ട് 2019-20 വാർഷിക പദ്ധതിയിൽ 20 കോടി രൂപ വിപണി ഇടപെടലിനായി കൃഷി വകുപ്പ് വകയിരുത്തിയിട്ടുണ്ട്. കർഷകർക്ക് മികച്ച വരുമാനം ലഭ്യമാക്കുക എന്ന ലക്ഷ്യം നിറവേറ്റുന്നതിനുവേണ്ടി വിളവെടുപ്പ് കാലങ്ങളിൽ നിയുക്ത ഏജൻസികൾ വഴി സംഭരണ നടപടികളിലൂടെ വിപണിയിൽ ഇടപെടുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. പച്ചത്തേങ്ങ സംഭരണം നടത്തുന്നതിനും ഇതിലൂടെ നടപടി സ്വീകരിക്കുന്നതാണ്.

പച്ചത്തേങ്ങയുടെ 2019 സീസണിലെ താങ്ങുവില ക്വിന്റലിന് 2571 രൂപയായും മില്ലിംഗ് കൊപ്രയുടെ താങ്ങുവില ക്വിന്റലിന് 9521 രൂപയായും പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) നാളികേര കർഷകർക്ക് ന്യായമായ വില ഉറപ്പാക്കുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷന്റെ നാളികേരത്തിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിച്ച് വിപണനം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി ആറ്റിങ്ങൽ മാമത്ത് പ്രതിദിനം 1000 ലിറ്റർ ഉല്പാദനശേഷിയുള്ള വെർജിൻ കോക്കനട്ട് ഓയിൽ പ്ലാന്റ് സ്ഥാപിച്ച് വെർജിൻ കോക്കനട്ട് ഓയിൽ ഉല്പാദിപ്പിച്ച് വിപണനം നടത്തിവരുന്നു. ഇവിടെ 30MT ശേഷിയുള്ള വെളിച്ചെണ്ണ മിൽ സ്ഥാപിക്കുന്നതിനുള്ള നടപടികളും കോഴിക്കോട് എലത്തൂരിൽ കോക്കനട്ട് ചിപ്സ്, കോക്കനട്ട് മിൽക്ക് തുടങ്ങിയ

മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുമുള്ള നടപടികളും നടന്നുവരുന്നു. മാമത്തേയ്ക്ക് ആവശ്യമായ തേങ്ങ നാളികേര കർഷകരിൽനിന്നും വിപണി വിലയെക്കാൾ ഒരു രൂപ കൂടുതൽ നൽകി സംഭരിക്കുന്നതിന് തീരുമാനിക്കുകയും ആയതുപ്രകാരം ആറ്റിങ്ങൽ മാമത്തും കോഴിക്കോട് എലത്തൂരും നാളികേരം സംഭരിച്ചുവരുന്നു. കോർപ്പറേഷന്റെ മറ്റ് പ്ലാന്റുകളുടെ പ്രവർത്തനം ആരംഭിക്കുന്നമുറയ്ക്ക് മറ്റ് ജില്ലകളിലെ കർഷകരിൽനിന്നും നാളികേരം സംഭരിക്കുന്നതും ആലോചിക്കുന്നുണ്ട്.

## തെരുവുനായ ശല്യം നേരിടുന്നതിന് നടപടി

26 (*146) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. കെ. എം. ഷാജി:
ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവുനായ്ക്കളുടെ ശല്യം അനുദിനം വർദ്ധിച്ച് വരുന്നതിനാൽ ജനങ്ങൾ ഭീതിയിലാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തെരുവുനായ്ക്കളിൽ പേ വിഷബാധയുള്ളവയും ഉൾപ്പെട്ടിട്ടുണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) തെരുവുനായ്ക്കളുടെ ഉപദ്രവം ഫലപ്രദമായി നേരിടുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ ):

(എ) തെരുവുനായ്ക്കളുടെ ശല്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ തെരുവുനായ്ക്കളെ വന്ധ്യംകരിക്കുന്നതോടൊപ്പംതന്നെ പേവിഷബാധയ്ക്കെതിരെയുള്ള കുത്തിവയ്പും നൽകിവരുന്നു. പേവിഷബാധ കണ്ടെത്തുന്ന നായ്ക്കളെ നിർമ്മാർജ്ജനം ചെയ്തുവരുന്നു.

(സി) തെരുവുനായ്ക്കളുടെ ശല്യം നിയന്ത്രിക്കുന്നതിന് സംസ്ഥാനത്ത് ജില്ലാ പഞ്ചായത്തും മൃഗസംരക്ഷണ വകുപ്പും കുടുംബശ്രീയും ചേർന്ന് അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം നടപ്പിലാക്കിവരുന്നു. പ്രോഗ്രാമിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ച് തെരുവുനായ്ക്കളുടെ ശല്യം

നിയന്ത്രിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. പൊതുസ്ഥലങ്ങളിൽ ഭക്ഷണാവശിഷ്ടങ്ങൾ ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുന്നതിന് ബോധവൽക്കരണം നടത്തുകയും അത്തരം സംഗതികൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം നിയമാനുസൃത നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. എ.ബി.സി. പ്രോഗ്രാം ഫലപ്രദമായി നടപ്പാക്കുന്നതിനാവശ്യമായ നടപടി തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ കുടുംബശ്രീയുടെ മൈക്രോ എന്റർപ്രൈസ് (എം.ഇ.) യൂണിറ്റുകൾ സൗഹാർദ്ദപരമായി തെരുവുനായ്ക്കളെ പിടികൂടി അതത് വെറ്ററിനറി ആശുപത്രികളിലെത്തിച്ച് കുടുംബശ്രീ എംപാനൽ ചെയ്ത വെറ്ററിനറി ഡോക്ടർ പരിശോധിച്ചശേഷം അനുയോജ്യമായ നായ്ക്കളെമാത്രം ശസ്ത്രക്രിയയ്ക്ക് വിധേയമാക്കുകയും ഡോക്ടറുടെ നിർദ്ദേശപ്രകാരം ശസ്ത്രക്രിയാനന്തരം അവയെ പരിപാലിക്കുകയും രോഗാവസ്ഥയിലുള്ളവയെ ചികിത്സിച്ച് ഭേദമാക്കി തിരിച്ചുവിടുകയും ചെയ്യുന്നു. 2017 ജൂൺ മുതൽ 2019 മേയ് വരെ 36,022 നായ്ക്കളെ വന്ധ്യംകരണത്തിന് വിധേയമാക്കിയിട്ടുണ്ട്. (ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*) ഇതിനുപുറമെ തിരുവനന്തപുരം ജില്ലാ മിഷന്റെ നേതൃത്വത്തിൽ മൊബൈൽ എ.ബി.സി. യൂണിറ്റ് 2018 മേയ് മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതിൽ നാളിതുവരെ 1972 നായ്ക്കളെ പിടികൂടി വന്ധ്യംകരണത്തിന് വിധേയമാക്കിയിട്ടുണ്ട്.

## അന്തർസംസ്ഥാന സ്റ്റേജ് കാര്യേജ് സർവ്വീസ്

27 (*147) ശ്രീ. പി. വി. അൻവർ:
ശ്രീ. സജി ചെറിയാൻ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. കാരാട്ട് റസാഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി. വ്യവസായ കേന്ദ്രങ്ങളായ ബംഗളൂരു, ചെന്നൈ ഉൾപ്പെടെയുള്ള അയൽസംസ്ഥാന നഗരങ്ങളിൽ വളരെയധികം കേരളീയർ ഉള്ളതിനാൽ അവരുടെ സൗകര്യാർത്ഥം ബന്ധപ്പെട്ട സംസ്ഥാനങ്ങളുമായി ചർച്ചചെയ്ത് കെ.എസ്.ആർ.ടി.സി. കൂടുതൽ അന്തർ സംസ്ഥാന സ്റ്റേജ് കാര്യേജ് സർവീസ് നടത്താൻ വേണ്ട നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) അന്തർ സംസ്ഥാന യാത്ര സൗകര്യത്തിന്റെ അപര്യാപ്തത മുതലെടുത്ത് വൻകിട സ്വകാര്യബസ് ഓപ്പറേറ്റർമാർ വ്യക്തിഗത കരാറിന്റെ അടിസ്ഥാനത്തിൽ യാത്രക്കാരെ വഹിക്കാനുദ്ദേശിച്ചുകൊണ്ടുള്ള കോൺട്രാക്റ്റ് കാര്യേജ് പെർമിറ്റ് ദുരുപയോഗം ചെയ്ത് ഫലത്തിൽ സ്റ്റേജ് കാര്യേജുകളായി ഓടിക്കുന്നത് നിയന്ത്രിക്കാൻ നടപടിയെടുക്കുമോ;

(സി) കോൺട്രാക്റ്റ് കാര്യേജ് നടത്തിപ്പുകാർ യാത്രക്കാർക്കുവേണ്ട പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്താതിരിക്കുകയും യാത്രക്കാരെ ഭീഷണിപ്പെടുത്തുകയും ആക്രമിക്കുകയും ചെയ്ത സംഭവങ്ങളുടെ പശ്ചാത്തലത്തിൽ ഇത്തരം ഓപ്പറേറ്റർമാരെ നിയന്ത്രിക്കാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) മോട്ടോർ വാഹന നിയമപ്രകാരം കോൺട്രാക്ട് കാര്യേജ് പെർമിറ്റിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) ബാംഗ്ലൂർ, ചെന്നൈ തുടങ്ങിയ പ്രധാന നഗരങ്ങളിലേയ്ക്ക് കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. തമിഴ്നാടുമായുള്ള അന്തർസംസ്ഥാന ഗതാഗത കരാർ പ്രകാരമുള്ള നടപടി ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ടി കരാർപ്രകാരം എറണാകുളം-ചെന്നൈ റൂട്ടും തിരുവനന്തപുരം-ചെന്നൈ റൂട്ടും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കോയമ്പത്തൂർ, സേലം വഴി ബാംഗ്ലൂരിലേയ്ക്കും, ഗുഡല്ലൂർ, മൈസൂർ വഴി ബാംഗ്ലൂരിലേയ്ക്കുമുള്ള റൂട്ടുകൾ ആവശ്യമായ ബസ്സുകളുടെ ലഭ്യത ഉറപ്പാക്കിയശേഷം പ്രസ്തുത സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. തമിഴ്നാടുമായി രൂപീകരിച്ച പുതിയ ഗതാഗത കരാർപ്രകാരം എല്ലാ വർഷവും ഓണം, ദസറ, ദീപാവലി, ക്രിസ്തുമസ്, മദ്ധ്യവേനൽ അവധിക്കാലം, ശബരിമല ഉത്സവകാലം എന്നിങ്ങനെ യാത്രാത്തിരക്ക് അനുഭവപ്പെടുന്ന എല്ലാ ഉത്സവകാലത്തും ആവശ്യാനുസരണം സർവ്വീസുകൾ നടത്തുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. 2019 ഏപ്രിൽ മാസം മുതൽ ബാംഗ്ലൂരിലേയ്ക്ക് കൂടുതൽ സർവ്വീസുകൾ നടത്തുന്നതിനായി 29 ബസ്സുകൾ അധികമായി പെർമിറ്റെടുത്ത് ഉപയോഗിച്ചുവരിയാണ്.

(ബി) 24-4-2019 മുതൽ മോട്ടോർ വാഹന വകുപ്പ് "Operation Nightriders" എന്ന പേരിൽ അന്തർസംസ്ഥാന സർവ്വീസ് നടത്തുന്ന കോൺട്രാക്ട് കാര്യേജുകളിൽ രാത്രികാല പരിശോധന നടത്തിവരുന്നു. ഇത്തരത്തിൽ നിയമവിരുദ്ധമായി സ്റ്റേജ് കാര്യേജ് സർവ്വീസ് നടത്തിയ 7480 കേസ്സുകൾ നാളിതുവരെ രജിസ്റ്റർ ചെയ്യുകയും 2,76,09,850 (രണ്ട് കോടി എഴുപത്തിയാറ് ലക്ഷത്തി ഒൻപതിനായിരത്തി എണ്ണൂറ്റി അൻപത്) രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(സി) 1989-ലെ കേരള മോട്ടോർ വാഹന ചട്ടത്തിലെ റൂൾ 193 പ്രകാരം എൽ.എ.പി.റ്റി. ലൈസൻസ് അനുവദിക്കുമ്പോഴും നിലവിലുള്ള ലൈസൻസുകൾ പുതുക്കി നൽകുമ്പോഴും പാലിക്കേണ്ട നിബന്ധനകൾ നിഷ്കർഷിച്ചുകൊണ്ട് 26-4-2019-ലെ 74/ബി1/19/ഗതാ. പ്രകാരം സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു*. പ്രസ്തുത വ്യവസ്ഥകൾ ലംഘിക്കുന്നവർക്കെതിരെ സ്വീകരിക്കാവുന്ന നടപടി സംബന്ധിച്ച് ഗതാഗത കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) 1988-ലെ മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 74-ലെ നിബന്ധനകൾ പ്രകാരമാണ് കോൺട്രാക്ട് കാര്യേജ് പെർമിറ്റ് അനുവദിക്കുന്നത്.

## ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗുണമേന്മ

28 (*148) ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ രംഗത്തെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള നൂതന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഉന്നതവിദ്യാഭ്യാസ രംഗത്തിന് വ്യക്തമായ ദിശാബോധം നൽകുന്നതിനായി പുനർരൂപീകരിച്ച ഉന്നത വിദ്യാഭ്യാസ കൗൺസിൽ നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) സർവ്വകലാശാല ബിരുദങ്ങളുടെ തുല്യതയും അംഗീകാരവും സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിന് ഡോ. രാജൻ ഗുരുക്കൾ കമ്മിറ്റി തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ ):

(എ) ഉന്നതവിദ്യാഭ്യാസ രംഗത്തെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള നൂതന പദ്ധതികൾ ചുവടെ പറയുന്നവയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

1. സ്റ്റേറ്റ് അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ സെന്റർ
2. ഫാക്കൽറ്റി ട്രെയിനിംഗ് സെന്റർ
3. ഔട്ട്കം -ബേസ്ഡ് എഡ്യൂക്കേഷനും ഗ്രാജ്വേറ്റ് ആട്രിബ്യൂട്ടുകളും
4. കൈരളി ഗവേഷണ പുരസ്കാരങ്ങൾ
5. ബ്രെയിൻ ഗെയിൻ സമീപനം
6. ക്ലസ്റ്റർ കോളേജ് പദ്ധതി
7. ഇന്റേൺഷിപ്പ്
8. പ്രൊഫഷണൽ സ്റ്റുഡന്റ്സ് സമിറ്റ്
9. കോളേജുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനായുള്ള സഹായം

(ബി) 1986-ലെ ദേശീയ വിദ്യാഭ്യാസ നയത്തിനനുസൃതമായി സംസ്ഥാന നിയമസഭ പാസ്സാക്കിയ 2007-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആക്ട് (ആക്ട് നമ്പർ 22) പ്രകാരം നിലവിൽ വന്ന ഏജൻസിയാണ് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ. ഉന്നത വിദ്യാഭ്യാസ രംഗത്ത് സാമൂഹ്യനീതി, പ്രാപ്യത, ഗുണമേന്മ എന്നിവ ഉറപ്പാക്കാനുതകുന്ന പദ്ധതികളും പരിപാടികളുമാണ് കൗൺസിൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. ഉന്നത വിദ്യാഭ്യാസ രംഗത്തിന് ആശയങ്ങളും ദിശാബോധവും നൽകുന്ന കേന്ദ്ര ഏജൻസി യു.ജി.സി. ആയിരിക്കുമ്പോൾ സംസ്ഥാനതലത്തിൽ സമാന ചുമതലകൾ നിർവ്വഹിക്കുന്ന ഏജൻസി ഉന്നത വിദ്യാഭ്യാസ കൗൺസിലാണ്.

(സി) സർവ്വകലാശാലകളുടെ ബിരുദങ്ങളുടെ തുല്യതയും അംഗീകാരവും സംബന്ധിച്ച് സംസ്ഥാനത്ത് നിലനിന്നിരുന്ന പ്രശ്നങ്ങൾ പഠിച്ച് പരിഹാരം നിർദ്ദേശിക്കുന്നതിന് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ ഡോ. രാജൻ ഗുരുക്കളുടെ അദ്ധ്യക്ഷതയിൽ പ്രത്യേക കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് കൗൺസിൽ അംഗീകാരത്തോടെ സർക്കാരിന് സമർപ്പിക്കുകയും സർക്കാർ കമ്മിറ്റിയുടെ ശിപാർശകൾക്കനുസൃതമായി ബിരുദങ്ങളുടെ തുല്യതയും അംഗീകാരവും സംബന്ധിച്ച് 13-11-2018-ൽ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 272/2018/ഉ.വി.വ. പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**അന്തർസംസ്ഥാന കോൺട്രാക്ട് കാര്യേജ് ബസ്സുകളിലെ യാത്രാസൗകര്യം**

29 (*149) ശ്രീ. എൻ .എ. നെല്ലിക്കുന്ന്:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർസംസ്ഥാന കോൺട്രാക്ട് ക്യാര്യേജ് ബസ്സുകളിൽ സുഗമമായ യാത്രാസൗകര്യം ഏർപ്പെടുത്തുന്നതിൽ വീഴ്ച വരുത്തുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സർവ്വീസുകൾ നടത്തുന്ന ബസ്സ് ഓപ്പറേറ്റർമാർ ലൈസൻസ്ഡ് ഏജന്റ് ഫോർ പബ്ലിക് ട്രാൻസ്പോർട്ട് പദവിയിലാണോ പ്രവർത്തിക്കുന്നതെന്നും ആണെങ്കിൽ അതനുസരിച്ചുള്ള സൗകര്യങ്ങൾ അവരുടെ ഓഫീസുകളിൽ ഏർപ്പെടുത്തിയിട്ടുണ്ടോ എന്നും പരിശോധിച്ചിട്ടുണ്ടോ;

(സി) കല്ലട ബസ്സ് യാത്രക്കാർക്ക് ക്രൂരമായ മർദ്ദനമേറ്റതുപോലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ മോട്ടോർവാഹന വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) ഇപ്രകാരം സർവ്വീസ് നടത്തുന്ന വാഹനങ്ങളിലൂടെ ചരക്കുകൾ വൻതോതിൽ കടത്തി നികുതി വെട്ടിപ്പ് നടത്തുന്നത് തടയുന്നതിന് എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) ഉണ്ട്.

(ബി) 1989-ലെ കേരള മോട്ടോർ വാഹന ചട്ടത്തിലെ റൂൾ 193 പ്രകാരം എൽ.എ.പി.റ്റി. ലൈസൻസ് അനുവദിക്കുമ്പോഴും നിലവിലുള്ള ലൈസൻസുകൾ പുതുക്കിനൽകുമ്പോഴും പാലിക്കേണ്ട നിബന്ധനകൾ നിഷ്കർഷിച്ചുകൊണ്ട് 26-4-2019-ലെ 74/ബി1/2019/ഗതാ. പ്രകാരം സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു*. പ്രസ്തുത വ്യവസ്ഥകൾ ലംഘിക്കുന്നവർക്കെതിരെ സ്വീകരിക്കാവുന്ന നടപടി സംബന്ധിച്ച് ഗതാഗത കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.).

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) 24-4-2019 മുതൽ "operation night riders" എന്ന പേരിൽ അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്ന കോൺട്രാക്ട് കാര്യേജ് ബസ്സുകളിൽ പ്രത്യേക പരിശോധന നടത്തിവരുന്നു. നാളിതുവരെ 7480 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും 2,76,09,850 രൂപ പിഴയായി ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഇത്തരം വാഹനങ്ങളിൽ നികുതി വെട്ടിച്ച് ചരക്കുകൾ കടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പെർമിറ്റ് പ്രകാരം അനുവദനീയമായ അളവിൽക്കൂടുതൽ ചരക്ക് കടത്തുന്നതായ ചില കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം കേസ്സുകളിൽ അമിത ഭാരത്തിന് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി

30 (*150) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തുന്ന സമയത്ത് അയൽ സംസ്ഥാനങ്ങളിൽ നിന്ന് കീടനാശിനികളും രാസവളങ്ങളും ഉപയോഗിച്ച് ഉല്പാദിപ്പിച്ച പച്ചക്കറിയെ ആശ്രയിച്ചിരുന്നതിന് പരിഹാരമായി പച്ചക്കറിയുല്പാദനം വർദ്ധിപ്പിക്കുന്നതിന് നടപ്പാക്കിയ പദ്ധതികളും അതുവഴി കൈവരിക്കാനായ നേട്ടവും വിശദമാക്കാമോ;

(ബി) ഓണം പോലുള്ള ഉത്സവ സീസണുകളിൽ പച്ചക്കറികളുടെ അധിക ആവശ്യകത കണക്കിലെടുത്ത് അധികോല്പാദനത്തിനും ഉല്പാദകർക്കും ഉപഭോക്താക്കൾക്കും പ്രയോജനം നൽകുന്ന തരത്തിലുള്ള വിപണിയിടപെടലിനും ചെയ്തുവരുന്ന കാര്യങ്ങൾ അറിയിക്കാമോ;

(സി) ഗുണമേന്മയും അധികോൽപാദനശേഷിയുമുള്ള പച്ചക്കറി വിത്തുകൾ ആവശ്യാനുസരണം ഉല്പാദിപ്പിക്കുന്നതിനും അവ വാണിജ്യേതര കൃഷിക്കാർക്കുൾപ്പെടെ ലഭ്യമാക്കാനും നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) ഈ സർക്കാർ അധികാരത്തിലെത്തുന്ന സമയത്ത് അയൽ സംസ്ഥാനങ്ങളിൽനിന്ന് കീടനാശിനികളും രാസവളങ്ങളും ഉപയോഗിച്ച്

ഉല്പാദിപ്പിച്ച പച്ചക്കറിയെ ആശ്രയിച്ചിരുന്നതിന് പരിഹാരമായി സംസ്ഥാനത്തെ പച്ചക്കറിയുല്പാദനം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് കൃഷി വകുപ്പ് നടപ്പിലാക്കുന്ന ബൃഹത് പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. സംസ്ഥാനത്ത് നാഷണൽ സാമ്പിൾ സർവ്വെ കണക്കുകൾ പ്രകാരം പ്രതിവർഷം 20 ലക്ഷം ടൺ പച്ചക്കറികളാണ് ആവശ്യമായി വരുന്നത്. അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന വിഷലിപ്തമായ പച്ചക്കറികൾ ഒഴിവാക്കി ജൈവ പച്ചക്കറികൾ ഓരോ വീട്ടിലും ഉല്പാദിപ്പിക്കാൻ വേണ്ട ബോധവൽക്കരണവും ഉല്പാദന ഉപാധികളുടെ ലഭ്യതയും ഉറപ്പാക്കുന്നതിനാണ് പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കി വരുന്നത്. ഈ പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്തെ പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. കർഷകർക്ക് കൃഷിക്കാവശ്യമായ എല്ലാവിധ സഹായങ്ങളും നൽകിവരുന്നു. സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ വിവിധ ഘടകങ്ങൾ വിജയകരമായി നടപ്പാക്കുകവഴി ഓരോ വർഷത്തിലും പച്ചക്കറി കൃഷിയുടെ വിസ്തീർണ്ണം കൂട്ടുന്നതിനും അതുവഴി പച്ചക്കറിയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനും കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് പച്ചക്കറി വികസന പദ്ധതി വഴി നടപ്പിലാക്കുന്ന മുഖ്യഘടകങ്ങൾ ഇവയാണ്.

- വീട്ടുവളപ്പിൽ പച്ചക്കറി കൃഷി പ്രോത്സാഹനം
- പച്ചക്കറി തൈകളുടെ വിതരണം
- മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും മാലിന്യ സംസ്കരണവും
- സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി.
- പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവൽക്കരണം, പ്രചരണം
- ജില്ലാ ക്ലസ്റ്ററുകളുടെ വികസനം
- എ ഗ്രേഡ് ക്ലസ്റ്റർ പ്രോത്സാഹനം
- ഗ്രേഡ് ചെയ്ത ക്ലസ്റ്ററുകളുടെ വികസനം
- ബ്ലോക്കുതല ഫെഡറേറ്റഡ് സമിതികളുടെ രൂപീകരണം
- ബ്ലോക്കുതല നഴ്സറികളുടെ വികസനം
- മഴമറകൾ സ്ഥാപിക്കൽ

- സൂക്ഷ്മ ജലസേചനവും -ജലസേചനം വഴിയുള്ള വളപ്രയോഗവും
- തരിശുനില കൃഷി
- മാധ്യമങ്ങൾ വഴിയുള്ള വിത്തുവിതരണം
- എൻ.ജി.ഒ.-കൾ മുഖേന പച്ചക്കറി വിത്ത് വിതരണം
- വി.എഫ്.പി.സി.കെ. വഴിയുള്ള പച്ചക്കറി വികസന പദ്ധതികൾക്കായി ധനസഹായം

2017-18-ൽ സംസ്ഥാനത്ത് 69047 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്തതിൽനിന്നും 10.01 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കാൻ സാധിച്ചു. 2016-17-മായി താരതമ്യം ചെയ്യുമ്പോൾ 2017-18-ൽ 16217 ഹെക്ടർ സ്ഥലത്ത് അധികമായി പച്ചക്കറി കൃഷി ചെയ്തിട്ടുണ്ട്. ഇതിലൂടെ 2.76 ലക്ഷം മെട്രിക് ടൺ പച്ചക്കറി അധികമായി ഉല്പാദിപ്പിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം 82166.55 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്തതിൽ നിന്നും 12.12 ലക്ഷം മെട്രിക് ടൺ പച്ചറി ഉല്പാദിപ്പിക്കാൻ സാധിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17 സാമ്പത്തിക വർഷത്തിൽ 5673.39 ലക്ഷം രൂപയും 2017-18 വർഷത്തിൽ 7126.2 ലക്ഷം രൂപയും 2018-19 വർഷത്തിൽ 7015.04 ലക്ഷം രൂപയും സമഗ്ര പച്ചക്കറി വികസന പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കിയതിലൂടെ 52830 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്തിരുന്നത് ഇപ്പോൾ 82166.55 ഹെക്ടറായി വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ഇതുവഴി പച്ചക്കറിയുടെ ഉല്പാദനം 7.25 ലക്ഷം മെട്രിക് ടണ്ണിൽനിന്നും 12.12 ലക്ഷം മെട്രിക് ടണ്ണായി ഉയർത്താനും സാധിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് നാഷണൽ സാമ്പിൾ സർവ്വെ കണക്കുകൾപ്രകാരം കേരളത്തിൽ പ്രതിവർഷം ശരാശരി 20 ലക്ഷം ടൺ പച്ചക്കറികളാണ് ആവശ്യമായിവരുന്നതെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ അന്യസംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്തിരുന്ന പച്ചക്കറികളുടെ തോത് 12.75 ലക്ഷം മെട്രിക് ടണ്ണായിരുന്നത് ഇപ്പോൾ 7.88 ലക്ഷം മെട്രിക് ടണ്ണായി കുറയ്ക്കുന്നതിന് സാധിച്ചു.

(ബി) ഓണം പോലുള്ള ഉത്സവ സീസണുകളിൽ പച്ചക്കറിയുടെ അധിക ആവശ്യകത കണക്കിലെടുത്ത് പച്ചക്കറിയുടെ അധികോല്പാദനത്തിനും പച്ചക്കറി സുലഭമായി ലഭ്യമാക്കാനും ഓണത്തിന് ഒരു മുറം പച്ചക്കറി എന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽനിന്നുതന്നെ ലഭ്യമാക്കാൻ ഉദ്ദേശിച്ച് 2017-18-ൽ ആരംഭിച്ച 'ഓണത്തിന് ഒരു മുറം പച്ചക്കറി' എന്ന പദ്ധതി തുടർന്നും നടപ്പിലാക്കിവരുന്നു. ഇതിനായി കൃഷി വകുപ്പിന്റെ പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വീട്ടുവളപ്പിലെ പച്ചക്കറി കൃഷിക്കായി വിത്തുകൾ, തൈകൾ, തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ എന്നിവ നൽകിവരുന്നു.

വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി കർഷകർക്ക് 10 രൂപ വിലവരുന്ന വിവിധ ഇനങ്ങളടങ്ങിയ പച്ചക്കറി വിത്ത് പായ്ക്കറ്റുകളും പച്ചക്കറി തൈകളും നൽകുന്നു. കൂടാതെ കർഷകർ, വിദ്യാർത്ഥികൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, ഉദ്യോഗസ്ഥർ, സന്നദ്ധസംഘടനകൾ, ജനപ്രതിനിധികൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, റസിഡന്റ്സ് അസോസിയേഷൻ തുടങ്ങി പൊതുസമൂഹത്തിലെ എല്ലാ വിഭാഗത്തെയും പങ്കെടുപ്പിച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. കർഷകർക്ക് കൃഷി സംബന്ധിച്ചുള്ള സംശയനിവാരണത്തിനായി ലഘുലേഖകൾ ഫാം ഇൻഫർമേഷൻ ബ്യൂറോ തയ്യാറാക്കി നൽകിവരുന്നു.

ഉത്സവ സീസണുകളിൽ ഉല്പാദകർക്കും ഉപഭോക്താക്കൾക്കും പ്രയോജനം നൽകുന്നതിന് വിലസ്ഥിരതയ്ക്കുവേണ്ടിയുള്ള വിപണി ഇടപെടൽ എന്ന പദ്ധതി 2016 മുതൽ തുടർച്ചയായി നടപ്പിലാക്കിവരുന്നു. ഉത്സവകാലത്ത് പഴം പച്ചക്കറി എന്നിവയുടെ വിലവർദ്ധനവ് കർഷകർക്ക് പ്രയോജനപ്രദമാകാതിരിക്കുകയും ഉപഭോക്താക്കൾക്ക് ദ്രോഹകരമാകുന്ന സ്ഥിതിവിശേഷം നിയന്ത്രിക്കുന്നതിനുമാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നീ ഏജൻസികളുടെ സഹായത്തോടുകൂടി പഞ്ചായത്തുകൾ, ബ്ലോക്കുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ ഉത്സകാലത്തോടനുബന്ധിച്ച് പഴം, പച്ചക്കറി വിപണികൾ പ്രവർത്തിപ്പിച്ചുവരുന്നു.

കർഷകരിൽ നിന്ന് നേരിട്ട് സംഭരിക്കുന്ന പച്ചക്കറികൾ കർഷകർക്ക് പൊതുവിപണിയിൽ നിന്നും ലഭ്യമാക്കുന്ന അതാത് ഇനങ്ങളുടെ സംഭരണ വിലയേക്കാൾ പത്ത് ശതമാനം അധികം വില നൽകി സംഭരിക്കുന്നു. വിപണികളിലൂടെ വിൽപ്പന നടത്തുമ്പോൾ പൊതുവിപണി വിൽപ്പനയിൽ നിന്നും 30 ശതമാനം കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നു. നല്ല കാർഷിക മുറകളിലൂടെയുള്ള പച്ചക്കറി ഉല്പന്നങ്ങൾ സംഭരിക്കുമ്പോൾ പൊതു വിപണികളിൽ നിന്നും കർഷകർക്ക് ലഭ്യമാകുന്ന സംഭരണ വിലയേക്കാൾ 20 ശതമാനം അധികം വില നൽകി കർഷകരിൽ നിന്നും സംഭരിക്കുകയും പൊതു വിപണിയിൽ വിൽക്കുന്ന വിലയിൽ നിന്നും 10 ശതമാനം സബ്സിഡി നൽകിക്കൊണ്ടുള്ള നിരക്കിൽ വിപണിയിലൂടെ ഉപഭോക്താക്കൾക്ക് വിൽപ്പന നടത്തുകയും ചെയ്യുന്നു.

ഇപ്രകാരം ഗുണമേന്മയുള്ള പഴം, പച്ചക്കറികൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനോടൊപ്പം കർഷകർക്ക് മെച്ചപ്പെട്ട വിലയും ഉറപ്പുവരുത്തുന്നു.

(സി) ഗുണമേന്മയും അധികോൽപ്പാദനശേഷിയുള്ള പച്ചക്കറി വിത്തുകൾ ഉല്പാദിപ്പിക്കുന്നതിനായി സംസ്ഥാനത്തെ 13 ജില്ലകളിലെ 63 ഫാമുകളിലായി "അദർ റിക്വയർമെന്റ് ഫോർ റൂട്ടീൻ പ്ലാന്റിംഗ് മെറ്റീരിയൽ പ്രൊഡക്ഷൻ" എന്ന ഘടകത്തിൽ 650 ലക്ഷം രൂപ 2018-19 മുതൽ വകയിരുത്തിയിട്ടുണ്ട്.

2018-19 വർഷത്തിൽ ഇപ്രകാരം ഉല്പാദിപ്പിച്ച ഗുണനിലവാരമുള്ള പച്ചക്കറി വിത്തുകൾ ഫാമുകളിൽ പാക്കറ്റുകളിലാക്കി ലേബലോടുകൂടി കർഷകർക്ക് വിതരണം ചെയ്തുവരുന്നു. ഡിപ്പാർട്ടുമെന്റ് ഫാമുകളിൽ തന്നെ ഉല്പാദിപ്പിച്ച വിവിധ ഇനം പച്ചക്കറി വിത്തുകൾ "ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിക്കായി വിതരണം ചെയ്യുന്നതിന് ലഭ്യമാക്കിയിട്ടുണ്ട്. പ്രധാനമായും ചീര, വെണ്ട, പടവലം, പാവൽ, പയർ, വഴുതന, മുളക്, വെള്ളരി എന്നീ ഇനങ്ങളാണ്. കൂടാതെ പച്ചക്കറി തൈകളും ഉല്പാദിപ്പിച്ച് പച്ചക്കറി വികസന പദ്ധതിയിലൂടെ വിവിധ ജില്ലകളിൽ കർഷകർക്ക് വിതരണം ചെയ്യുന്നുണ്ട്.

<u>വി.എഫ്.പി.സി.കെ.</u>

ജനിതക ശുദ്ധിയും ഉല്പാദനക്ഷമതയുമുള്ള പച്ചക്കറി വിത്തുകൾ ഉൽപ്പാദിപ്പിക്കുന്നതിനും സംഭരിക്കുന്നതിനും അവ സംസ്കരിച്ച് വിതരണം നടത്തുന്നതിനുമായി പാലക്കാട് ജില്ലയിലെ ആലത്തൂരിൽ വി.എഫ്.പി.സി.കെ.-യുടെ കീഴിൽ ഒരു സീഡ് പ്രോസസ്സിംഗ് പ്ലാന്റ് പ്രവർത്തിച്ചുവരുന്നു. കൗൺസിലിന് കീഴിൽ വിത്തുൽപ്പാദനത്തിൽ പരിശീലനം സിദ്ധിച്ച 189 കർഷകർ ഉൾപ്പെടുന്ന വിത്തുൽപ്പാദക സംഘമാണ് വിത്ത് ഉൽപ്പാദിപ്പിക്കുന്നത്. ഈ വിത്ത് സംസ്കരണ ശാലയിലെ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ലാബിൽ ശുദ്ധീകരിച്ച് അങ്കുരണശേഷി ഉറപ്പാക്കിയശേഷമാണ് വിതരണം ചെയ്യുന്നത്. കേരളത്തിൽ കൃഷി ചെയ്യുന്നതിന് അനുയോജ്യമായ 17 ഇനം പച്ചക്കറി വിത്തുകൾ ഇവിടെ നിന്നും വിതരണം ചെയ്യുന്നുണ്ട്. 2018-19 വർഷം 98.7 മെട്രിക് ടൺ വിത്തുൽപ്പാദിപ്പിച്ച് വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ട്.

പച്ചക്കറി കൃഷിക്ക് ആവശ്യാനുസരണം നടീൽ വസ്തുക്കൾ ലഭ്യമാക്കുന്നതിനായി വി.എഫ്.പി.സി.കെ.യുടെ കീഴിൽ മൂവാറ്റുപുഴ നടുക്കരയിൽ പ്രതിവർഷം രണ്ട് കോടി പച്ചക്കറി തൈ ഉൽപാദനശേഷിയുള്ള ഒരു ഹൈടെക് പച്ചക്കറി തൈ ഉല്പാദന കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്.

വി.എഫ്.പി.സി.കെ.-യുടെ എറണാകുളം, തിരുവനന്തപുരം, കാസർഗോഡ് കൃഷി ബിസിനസ് കേന്ദ്രങ്ങൾ വഴിയും കൗൺസിലിന്റെ 287 സ്വാശ്രയ

വിപണികൾ വഴിയും ഈ വിത്തുകളും തൈകളും വാണിജ്യേതര കൃഷിക്കാർക്കുൾപ്പെടെ ലഭ്യമാക്കുന്നുണ്ട്. ഇതിനുപുറമേ, കൃഷി വകുപ്പിന്റെ 'ഓണത്തിന് ഒരു മുറം പച്ചക്കറി' തുടങ്ങി വിവിധ പദ്ധതികളിലൂടെ വാണിജ്യ വാണിജ്യേതര കർഷകർ, സ്കൂൾ കുട്ടികൾ, വീട്ടമ്മമാർ തുടങ്ങിയവർക്കും വിത്ത് ലഭ്യമാക്കുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവ വഴിയും വിത്തുകളുടെയും തൈകളുടെയും വിതരണം നടന്നുവരുന്നു. സംസ്ഥാനത്തെ വിവിധ മാധ്യമ പ്രസിദ്ധീകരണങ്ങൾ വഴിയും കർഷകർക്കും പുതുതായി കൃഷി ചെയ്യാൻ ആഗ്രഹിക്കുന്നവർക്കും പച്ചക്കറി വിത്ത് ലഭ്യമാക്കുന്നുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കെ.എൽ.യു. അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം

1 (1503) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ കെ.എൽ.യു. അനുമതി ലഭിക്കുന്നതിനു കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) കെ.എൽ.യു അനുമതി ലഭിക്കുന്നതിനായി പട്ടാമ്പി മണ്ഡലത്തിൽ നിന്നും 2017 മാർച്ച് മുതൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ;

(സി) എങ്കിൽ അപേക്ഷകളുടെ വിശദവിവരങ്ങളും സ്വീകരിച്ചിട്ടുള്ള നടപടികളും പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ഡാറ്റാ ബാങ്കിലെ തെറ്റുതിരുത്തുന്നതിനായി പ്രാദേശികതല നിരീക്ഷണ സമിതികൾ സ്വീകരിച്ച അപേക്ഷകളുടെ ബാഹുല്യം നിമിത്തമാണ് തീർപ്പുകൽപ്പിക്കുന്നത് വൈകുന്നത്.

(ബി) 257 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(സി) ലഭിച്ച 257 അപേക്ഷകളിൽ 53 എണ്ണം തീർപ്പുകൽപ്പിച്ചിട്ടുണ്ട്. ലഭിച്ച അപേക്ഷകളുടെ വിശദവിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കൃഷി വകുപ്പിൽ സ്പെഷ്യൽ റൂൾസ്

2 (1504) ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിൽ സ്പെഷ്യൽ റൂൾസ് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എന്തുകൊണ്ടാണ് നടപ്പിലാക്കാതിരിക്കുന്നത്; അറിയിക്കുമോ;

(സി) സ്പെഷ്യൽ റൂൾസ് നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി&സി) കൃഷി വകുപ്പിലെ സ്പെഷ്യൽ റൂൾസ് നടപ്പിലാക്കുന്നതിനായുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്. താമസംവിനാ സ്പെഷ്യൽ റൂൾസ് നടപ്പിലാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## കാർഷിക വായ്പകൾക്ക് മൊറട്ടോറിയം

3 (1505) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വായ്പകൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുവാൻ മന്ത്രിസഭായോഗം തീരുമാനമെടുത്തിരുന്നോ;എങ്കിൽ എത്രാം തീയതി കൂടിയ മന്ത്രിസഭായോഗമാണ് പ്രസ്തുത തീരുമാനമെടുത്തത്; ഇതിന്റെ വിശദാംശം നൽകുമോ;

(ബി) മന്ത്രിസഭായോഗ തീരുമാനങ്ങൾ 48 മണിക്കൂറിനുള്ളിൽ ഉത്തരവായി ഇറങ്ങണമെന്ന ചട്ടമുണ്ടായിട്ടും മൊറട്ടോറിയം സംബന്ധിച്ച ഉത്തരവ് ഇറക്കുവാൻ വൈകിയതിന്റെ കാരണം എന്താണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) 5-3-2019-ലെ മന്ത്രിസഭായോഗ തീരുമാനപ്രകാരം പൊതുമേഖല, വാണിജ്യ, സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽനിന്നും കർഷകർ എടുത്തിട്ടുള്ള കാർഷിക വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് നേരത്തെ പ്രഖ്യാപിച്ച മൊറട്ടോറിയം 2019 ഡിസംബർ 31 വരെ ദീർഘിപ്പിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കൃഷി വകുപ്പ് 7-3-2019-ൽ സ.ഉ.(കൈ) നമ്പർ 41/2019/കൃഷി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ മൊറട്ടോറിയം സംബന്ധിച്ച ഉത്തരവ് തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വരുന്നതിനുമുമ്പ് റവന്യൂ വകുപ്പിന് പുറപ്പെടുവിക്കാൻ കഴിഞ്ഞില്ല. ഈ വിഷയത്തിൽ ബോധപൂർവ്വമായ വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്ന് അന്വേഷിക്കാൻ അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**പരമ്പരാഗത വിത്തിനങ്ങൾ സൂക്ഷിക്കുന്നതിന് നടപടി**

4 (1506) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വിത്തിനങ്ങൾ സൂക്ഷിക്കുന്നതിനായി ജീൻ ബാങ്ക്, വിത്ത് ബാങ്ക് പദ്ധതികൾ കൃഷി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നുണ്ടോ;| വിശദാംശം വെളിപ്പെടുത്താമോ;

(ബി) ഏതെല്ലാം വിത്തിനങ്ങളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് അറിയിക്കാമോ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷത്തിൽ 'Scheme for conservation and multiplication of Traditional and Indigenous varieties of Paddy and Millets' എന്ന പ്ലാൻ പദ്ധതി, പരമ്പരാഗത വിത്തിനങ്ങളുടെ സംരക്ഷണത്തിനും കൃഷിയിടങ്ങളിലെ വ്യാപനത്തിനും ലക്ഷ്യംവച്ചുകൊണ്ട് നടപ്പിലാക്കിയിട്ടുണ്ട്. ആധുനിക സൗകര്യങ്ങളോടെയുള്ള വിത്ത് ബാങ്ക് പദ്ധതി നടപ്പിലാക്കുന്നതിനായി രണ്ട് കോടി രൂപ കൃഷി വകുപ്പ്, കാർഷിക സർവ്വകലാശാലയ്ക്ക് നൽകിയിട്ടുണ്ട്. കേരളത്തിൽ ലഭ്യമായ പരമ്പരാഗത ഇനങ്ങളുടെ ശേഖരം ഉണ്ടാക്കുകയും അവയുടെ ശാസ്ത്രീയ പഠനങ്ങൾ നടത്തുകയും ചെയ്യുക, ഈ ജനിതക ശേഖരം സംരക്ഷിക്കുന്നതിനായി മദ്ധ്യകാല ശാസ്ത്രീയ സൂക്ഷിപ്പ് സംവിധാനങ്ങൾ പ്രയോജനപ്പെടുത്തുക, കൃഷിയിടങ്ങളിൽ ഇത്തരം കൃഷി ചെയ്യാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുക എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശ്യം. വിത്തുബാങ്ക് സ്ഥാപിക്കുന്നതിനുള്ള നടപടി പട്ടാമ്പി, മണ്ണുത്തി എന്നിവിടങ്ങളിൽ കാർഷിക സർവ്വകലാശാല പൂർത്തിയാക്കിവരുന്നു.

(ബി) കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ പട്ടാമ്പി പ്രാദേശിക ഗവേഷണകേന്ദ്രത്തിൽ നെല്ലിന്റെ നാടൻ/പരമ്പരാഗത തനതായ ഇനങ്ങളുടെ ഒരു ജനിതക ശേഖരം നിലവിൽ വരികയും അതിൽ തെരഞ്ഞെടുത്ത ചില ഇനങ്ങളുടെ വിത്തുകൾ (പറമ്പുവട്ടൻ, തവളക്കണ്ണൻ, തെക്കൻചീര, ചെങ്കയമ, കട്ട മോടൻ, കറുത്ത മോടൻ, ചുവന്ന മോടൻ, രക്തശാലി, ചെന്നെല്ല്, ചൊമാല, കല്ലടി ആര്യൻ) വൻതോതിൽ ഉൽപാദിപ്പിച്ച് കർഷകർക്ക് വിത്ത് ലഭ്യമാക്കാവുന്നരീതിയിലുള്ള പ്രവർത്തനം നടന്നുവരുന്നുമുണ്ട്. കൂടാതെ മറ്റിനങ്ങളായ എറവപാണ്ടി, വെള്ളരി, തെക്കൻ ചീമേനി, കവുങ്ങിൻ പൂങ്കുല, തെക്കൻ എന്നിവയുടെയും വിത്തുൽപാദനം നടത്തുവരുന്നുണ്ട്. കൂടാതെ വെള്ളാനിക്കര ഹോർട്ടിക്കൾച്ചർ കോളേജിൽ സീഡ്സ് സയൻസ് വിഭാഗത്തിൽ 291 തനതായ നെല്ലിനങ്ങളുടെ ജനിതക ശേഖരം

നിലനിർത്തിവരുന്നുണ്ട്. വിത്തുകളുടെ സൂക്ഷിപ്പുകാലം വർദ്ധിപ്പിക്കുന്നതിനുവേണ്ട സൗകര്യങ്ങൾ (Medium Term Storage Gene Bank) ഒരുക്കുന്നതിനുള്ള നടപടികളും തുടർപഠനങ്ങളും ആരംഭിച്ചിട്ടുണ്ട്. കൂടാതെ പയറിന്റെ വിവിധ ഇനങ്ങളുടെ ഒരു ജനിതക ശേഖരം വർദ്ധിപ്പിക്കുന്നതിനുള്ള പ്രാരംഭനടപടികളും വെള്ളാനിക്കര ഹോർട്ടിക്കൾച്ചർ കോളേജ് സീഡ് സയൻസ് വിഭാഗം ആരംഭിച്ചിട്ടുണ്ട്. ഇവയ്ക്കുപുറമേ കൃഷി വകുപ്പ് 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ പച്ചക്കറി കൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പരമ്പരാഗത പച്ചക്കറി ഇനങ്ങളായ വേങ്ങേരി വഴുതന, ഓണാട്ടുകര പായൽ, മാരാരിക്കുളം വഴുതന, ആനക്കൊമ്പ് കൊത്തമര, ഇടുക്കി ഇലച്ചേമ്പ്, നിത്യവഴുതന, വള്ളിച്ചീര, വള്ളിപ്പയർ, ചതുരപ്പയർ എന്നിവയുടെ സംരക്ഷണത്തിനും തദ്ദേശീയമായി അവ കർഷകരുടെ ഇടയിൽ പ്രചരിപ്പിക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

## കാർഷികമേഖലയിലെ വികസന പ്രവർത്തനങ്ങൾ

5 (1507) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികമേഖലയിലെ വികസനപ്രവർത്തനങ്ങൾക്കായി നബാർഡ് വഴി കേന്ദ്രസർക്കാർ അനുവദിച്ച് വരുന്ന വായ്പാതുകയിൽ കുറവ് വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആർ .ഐ .ഡി .എഫ് , ആർ.കെ.വി.വൈ എന്നീ സ്കീമുകൾ വഴി കാർഷികമേഖലയിൽ കഴിഞ്ഞ 3 വർഷങ്ങളിലായി ലഭിച്ച തുക പട്ടിക രൂപത്തിൽ വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നബാർഡിന്റെ ആർ.ഐ.ഡി.എഫ്. വായ്പകളുടെ ലഭ്യത, കേന്ദ്ര സർക്കാരിന്റെ സംസ്ഥാനങ്ങൾക്കുള്ള വായ്പാ പരിധി, വിവിധ നിർവ്വഹണ വകുപ്പുകൾ/ഏജൻസികൾ സമർപ്പിക്കുന്ന പദ്ധതി പുരോഗതി അനുസരിച്ചുള്ള റീ-ഇംബേഴ്സ്മെന്റ് ക്ലെയിമുകൾ എന്നിവയ്ക്ക് ആനുപാതികമായാണ് അനുവദിക്കപ്പെടുന്നത്. 2016-17 സാമ്പത്തികവർഷത്തെ അപേക്ഷിച്ച് 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ നബാർഡ് ആർ.ഐ.ഡി.എഫ്. വായ്പാ പരിധിയിൽ കുറവ് വരുത്തിയിട്ടുണ്ട്.

(ബി) ആർ.ഐ.ഡി.എഫ്., ആർ.കെ.വി.വൈ. എന്നീ സ്കീമുകൾ വഴി കാർഷികമേഖലയിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി ലഭിച്ച തുക വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ആർ.ഐ.ഡി.എഫ്. വഴി ലഭിച്ച തുക

| ക്രമ നമ്പർ | വർഷം | തുക |
|---|---|---|
| 1 | 2016-17 | 275.61 കോടി രൂപ |
| 2 | 2017-18 | 186.55 കോടി രൂപ |
| 3 | 2018-19 | 74.12 കോടി രൂപ |

2. ആർ.കെ.വി.വൈ. വഴി ലഭിച്ച തുക

| വർഷം | കേന്ദ്ര വിഹിതം (ലക്ഷത്തിൽ) | സംസ്ഥാന വിഹിതം (ലക്ഷത്തിൽ) | ആകെ (ലക്ഷത്തിൽ) |
|---|---|---|---|
| 2016-17 | 9276 | 6183.7 | 15459.7 |
| 2017-18 | 5150 | 3433.9 | 8583.9 |
| 2018-19 | 7859 | 4901.6 | 12760.6 |

## പാലക്കാട് ജില്ലയിൽ ഹരിത കേരളം പദ്ധതി

6 (1508) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിത കേരളം പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ പദ്ധതിയുടെ ഭാഗമായി ജില്ലയിൽ ഇനി ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ

ഉത്തരം

(എ) ഹരിത കേരളം പദ്ധതിയുടെ ഭാഗമായി കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ സുജലം-സുഫലം ഉപമിഷൻ മുഖേന പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. നെൽകൃഷി വികസന പദ്ധതി

| | |
|---|---|
| തരിശുനിലം വീണ്ടെടുത്ത് കൃഷി ചെയ്തത് | 204.26 ഹെക്ടർ |
| കരനെൽകൃഷി | 95.15 ഹെക്ടർ |
| സുസ്ഥിര നെൽകൃഷി വികസനം | 70377 ഹെക്ടർ |
| ഒരുപ്പൂ ഇരുപ്പൂ കൃഷിയിറക്കുന്നതിനുള്ള സഹായം | 75.14 ഹെക്ടർ |
| പ്രത്യേക നെല്ലിനങ്ങളുടെ കൃഷി പ്രോത്സാഹനം | 28.68 ഹെക്ടർ |

2. പച്ചക്കറി കൃഷി വികസനം

| | |
|---|---|
| പച്ചക്കറി വിത്ത് പാക്കറ്റ് വിതരണം | 299000 എണ്ണം |
| പച്ചക്കറി തൈ വിതരണം | 1193000 എണ്ണം |
| പച്ചക്കറി വികസന പദ്ധതിയുടെ പ്രചരണം | 1,00,000 രൂപ ചെലവഴിച്ചു. |
| പച്ചക്കറി വികസന പദ്ധതിയുടെ പരിശീലനം | 100 എണ്ണം.<br>(1,00,000 രൂപ ചെലവഴിച്ചു.) |
| സ്ഥാപനങ്ങൾവഴി പച്ചക്കറി കൃഷി | 214 എണ്ണം |
| ജില്ലാ ക്ലസ്റ്റർ വികസനം | 832 ഹെക്ടർ |
| മഴ ഷെൽട്ടറുകൾ | 70 എണ്ണം |
| ഗ്രോ ബാഗ് | 4080 യൂണിറ്റ് |
| തരിശുകൃഷി | 63.463 ഹെക്ടർ |
| പോഷക തോട്ട നിർമ്മാണം-തൈ വിതരണം | 4000 എണ്ണം |
| സീറോ എനർജി കൂൾ ചേമ്പർ | 40 എണ്ണം |
| മാലിന്യ നിർമ്മാർജ്ജനം | 289 എണ്ണം |

3. ജൈവകൃഷി വികസന പദ്ധതി

| | |
|---|---|
| പുതിയ ക്ലസ്റ്ററുകളുടെ രൂപീകരണം | 18 എണ്ണം |
| നിലവിലുള്ള ഇക്കോഷോപ്പുകൾക്കുള്ള സഹായം | 11 ലക്ഷം |
| ക്ലസ്റ്ററുകൾ മുഖേന ആരംഭിക്കുന്ന പുതിയ ഇക്കോഷോപ്പുകൾക്കുള്ള സഹായം | 4 ലക്ഷം |
| പാക്കിംഗ്, ലേബലിംഗ് ഉൾപ്പെടെ നേരിട്ടുള്ള വിപണനത്തിനുള്ള സഹായം | 3 ലക്ഷം |
| ഫാം സ്കൂളുകൾ | 2.8 ലക്ഷം |
| മില്ലറ്റ് കിറ്റുകൾ | 1.25 ലക്ഷം |

4. പൊതുവായിട്ടുള്ള വികസനങ്ങൾ:

പ്രിൻസിപ്പൽ കൃഷി ഓഫീസിലും കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരുടെ ഓഫീസുകളിലും കൃഷി ഓഫീസുകളിലും ഫാമുകളിലും ഗ്രീൻ പ്രോട്ടോകോൾ അനുസരിച്ച് ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയും ഓഫീസും പരിസരവും ഹരിതാഭമാക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

5. ജൈവ മാലിന്യസംസ്കരണം:

ബയോഗ്യാസ് പ്ലാന്റ് : 150 എണ്ണം

(ബി) ഹരിത കേരളം പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. നെൽകൃഷി വികസന പദ്ധതി

| | |
|---|---|
| തരിശു കൃഷി | 25 ഹെക്ടർ |
| കരനെല്ല് കൃഷി | 250 ഹെക്ടർ |
| സുസ്ഥിര നെൽകൃഷി വികസനം | 82000 ഹെക്ടർ |
| പ്രത്യേക നെല്ലിനങ്ങളുടെ കൃഷി പ്രോത്സാഹനം | 15 ഹെക്ടർ |

2. പച്ചക്കറി കൃഷി വികസനം

| | |
|---|---|
| പച്ചക്കറി വിത്ത് പാക്കറ്റ് വിതരണം | 450000 എണ്ണം |
| പച്ചക്കറിതൈ വിതരണം | 1400000 എണ്ണം |
| പച്ചക്കറി വികസന പദ്ധതിയുടെ പരിശീലനം | 100 എണ്ണം (1,00,000 രൂപ) |
| സ്ഥാപനങ്ങൾ വഴി പച്ചക്കറികൃഷി | 210 എണ്ണം |
| ജില്ലാ ക്ലസ്റ്റർ വികസനം | 523 ഹെക്ടർ |
| മഴ ഷെൽട്ടറുകൾ | 70 എണ്ണം |
| തരിശുകൃഷി | 80 ഹെക്ടർ |
| Nutritional garden (പോഷക തോട്ട നിർമ്മാണം)- തൈ വിതരണം | 4000 എണ്ണം |
| സീറോ എനർജി കൂൾ ചേമ്പർ | 62 എണ്ണം |

3. പൊതുവായിട്ടുള്ള വികസനങ്ങൾ:

ഗ്രീൻ പ്രോട്ടോകോൾ അനുസരിച്ച് ജില്ലയിലെ കൃഷി വകുപ്പ് സ്ഥാപനങ്ങൾ തുടർന്നും പ്രവർത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## റൈസ് ബയോപാർക്ക് പദ്ധതി

7 (1509) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിൽ പ്രഖ്യാപിച്ച റൈസ് ബയോപാർക്ക് പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഓണാട്ടുകരയിൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആലപ്പുഴയിൽ പ്രഖ്യാപിച്ച റൈസ് ബയോപാർക്ക് മാവേലിക്കര ജില്ലാ കൃഷിത്തോട്ടത്തിൽ സ്ഥാപിക്കാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ പ്രാവർത്തികമായിട്ടില്ല. റൈസ് ബയോപാർക്ക് എന്ന സംവിധാനം ആദ്യഘട്ടത്തിൽ ലക്ഷ്യമിട്ടിരുന്നത് നെല്ലിന്റെ മൂല്യവർദ്ധനവിലൂടെയുള്ള വരുമാന വർദ്ധനവിനാണ്. മൂന്നുഘട്ടങ്ങളിലായുള്ള നെല്ലിന്റെ മൂല്യവർദ്ധനവാണ് ഉദ്ദേശിച്ചിരുന്നത്. ആദ്യഘട്ടത്തിൽ നെല്ല് അരിയാക്കുന്ന സാധാരണ പ്രക്രിയയും രണ്ടാംഘട്ടത്തിൽ അരിപ്പൊടി, തവിടെണ്ണ മുതലായവ ഉൽപാദിപ്പിക്കാനുമാണ് ഉദ്ദേശിച്ചിരുന്നത്. മൂന്നാംഘട്ടത്തിൽ പെട്ടെന്ന് വേവുന്ന അരി, ഉപ്പേരികൾ, എണ്ണ നീക്കം ചെയ്ത തവിടിൽനിന്നും കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവയുടെ ഉല്പാദനം ഇവ ലക്ഷ്യമിട്ടിരുന്നു. കേരള കാർഷിക സർവ്വകലാശാലയെയാണ് റൈസ് ബയോപാർക്കിന്റെ നോഡൽ ഏജൻസിയായി പ്രഖ്യാപിച്ചിരുന്നത്. ഏകജാലക സംവിധാനത്തിലൂടെ വിവിധ വകുപ്പുകൾ, വായ്പാ സംവിധാനങ്ങൾ, കർഷകർ, കമ്പനികൾ എന്നിവയെ ഏകോപിപ്പിക്കാനും ആശയമുണ്ടായിരുന്നു. അടിസ്ഥാന സൗകര്യ വികസനം, ജലവിതരണ സംവിധാനങ്ങൾ തയ്യാറാക്കൽ, ട്രീറ്റ്മെന്റ് പ്ലാന്റുകൾ, ഗുണമേന്മ പരിശോധന/ നിയന്ത്രണ സംവിധാനങ്ങൾ, പരിശീലനങ്ങൾ തുടങ്ങിയവയ്ക്കുള്ള പദ്ധതിയാണ് ലക്ഷ്യമിട്ടിരുന്നത്.

## കേരള ഇന്നൊവേഷൻ എക്സ്റ്റൻഷൻ പ്രോജക്ട്

8 (1510) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂതന സാങ്കേതിക വിദ്യകളെ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള ഇന്നൊവേഷൻ എക്സ്റ്റൻഷൻ പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രോജക്ടിന്റെ ആവശ്യത്തിലേക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി ആത്മ, ആത്മ പ്ലസ് എന്നീ പദ്ധതികളുമായി ലയിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല. നടപ്പുസാമ്പത്തികവർഷം പ്രസ്തുത പദ്ധതിക്കായി 1,820 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) കേന്ദ്ര പദ്ധതിയായ ആത്മയുമായി ഏകോപിപ്പിച്ചുകൊണ്ടും, ലീഡ്സ്, ആത്മ പ്ലസ് പദ്ധതിയുടെ ഘടകങ്ങൾ, കാർഷിക വിജ്ഞാന മാസിക തയ്യാറാക്കൽ, പഞ്ചായത്ത് ഫാം പ്ലാൻ, ബ്ലോക്ക് തലത്തിൽ മാതൃക ഫാമുകൾ എന്നിവയും സോഷ്യൽ മീഡിയയുടെ സാദ്ധ്യതകൾ, കർഷകരുടെ സംരംഭങ്ങൾ, കർഷകരുടെയും ഓഫീസർമാരുടെയും പഠനയാത്രകൾ എന്നിവയും സംയോജിപ്പിച്ചുകൊണ്ടാണ് കേരള അഗ്രികൾച്ചറൽ ഇന്നൊവേഷൻ എക്സ്റ്റൻഷൻ പ്രോജക്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

കൂടാതെ പ്രസ്തുത പ്രോജക്ടിൽ ലീഡ്സ് പദ്ധതി ഇപ്പോൾ നടപ്പിലാക്കുന്ന നാലു ജില്ലകൾ കൂടാതെ ബാക്കിയുള്ള പത്ത് ജില്ലകളിലേയ്ക്കും വ്യാപിപ്പിച്ച് അങ്ങനെ മൊത്തം 941 പഞ്ചായത്തിൽ നടപ്പിലാക്കുന്നതാണ്. ഇതുമൂലം നൂതന സാങ്കേതികവിദ്യകളും കർഷകരുടെ കണ്ടെത്തലുകളും മറ്റും ഉപയോഗപ്പെടുത്തി കാർഷിക മേഖലയുടെ വളർച്ചയെ ത്വരിതപ്പെടുത്താൻ സാധിക്കും.

വിവരസാങ്കേതികവിദ്യ കർഷകർക്ക് ലഭിക്കുന്നതിനും വിപണനവുമായി ബന്ധപ്പെട്ട വിവരങ്ങൾ നൽകുന്നതിനും ഓരോ പഞ്ചായത്തിലും ടെക്നോളജി യൂണിറ്റും മാർക്കറ്റ് യൂണിറ്റും സ്ഥാപിക്കുന്ന വിഷയവും ജില്ലാതലത്തിൽ കർഷകരുടെ നവീന ആശയങ്ങൾ ഉപയോഗിച്ചുള്ള പ്രോജക്ടുകൾ നടപ്പിലാക്കുന്ന വിഷയവും പരിഗണനയിലാണ്.

കാർഷികോല്പന്നങ്ങളുടെ വിപണനത്തെ സഹായിക്കാനും മാർക്കറ്റ് വിവരങ്ങൾ ലഭ്യമാക്കാനും ഇടുക്കി ജില്ലയിലും വയനാട് ജില്ലയിലും പൈലറ്റ് പ്രോജക്ടായി ജില്ലാതല ഫാർമേഴ്സ്, പ്രൊഡ്യൂസർ ആന്റ് മാർക്കറ്റിംഗ് ഓർഗനൈസേഷൻ സ്ഥാപിക്കുന്നതിനും ഇതിന്റെ സെക്രട്ടറിയായി എം.ബി.എ. ബിരുദമുള്ളയാളെ നിയമിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. മൊത്തം പ്രോജക്ടിന്റെ ചെലവ് 1,820 ലക്ഷം രൂപയാണ്.

(സി) പ്രസ്തുത പദ്ധതി ആത്മയുമായി ഏകോപിപ്പിക്കാനും ആത്മ പ്ലസ് പദ്ധതിയുടെ ഘടകങ്ങൾ ഉൾപ്പെടുത്തി നടപ്പിലാക്കാനുമാണ് ഉദ്ദേശിക്കുന്നത്.

## ജീൻ ബാങ്ക്, വിത്ത് ബാങ്ക് പദ്ധതികൾ

9 (1511) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വിത്തിനങ്ങൾ സൂക്ഷിക്കുന്നതിനായി ജീൻ ബാങ്ക്, വിത്ത് ബാങ്ക് പദ്ധതികൾ കൃഷി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശം നൽകുമോ ;

(ബി) ഏതെല്ലാം വിത്തിനങ്ങളെയാണ് പ്രസ്തുത പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് അറിയിക്കാമോ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷത്തിൽ "Scheme for conservation and multiplication of Traditional and Indigenous varieties of Paddy and Millets" എന്ന പ്ലാൻ പദ്ധതി പരമ്പരാഗത വിത്തിനങ്ങളുടെ സംരക്ഷണത്തിനും കൃഷിയിടങ്ങളിലെ വ്യാപനത്തിനും ലക്ഷ്യംവച്ചുകൊണ്ട് നടപ്പിലാക്കിയിട്ടുണ്ട്. ആധുനിക സൗകര്യങ്ങളോടെയുള്ള വിത്ത് ബാങ്ക് പദ്ധതി നടപ്പിലാക്കുന്നതിനായി രണ്ട് കോടി രൂപ കൃഷി വകുപ്പ്, കാർഷിക സർവ്വകലാശാലയ്ക്ക് നൽകിയിട്ടുണ്ട്. കേരളത്തിൽ ലഭ്യമായ പരമ്പരാഗത ഇനങ്ങളുടെ ശേഖരമുണ്ടാക്കുകയും അവയുടെ ശാസ്ത്രീയ പഠനങ്ങൾ നടത്തുകയും ചെയ്യുക, ഈ ജനിതക ശേഖരം സംരക്ഷിക്കുന്നതിനായി മദ്ധ്യകാല ശാസ്ത്രീയ സൂക്ഷിപ്പ് സംവിധാനങ്ങൾ പ്രയോജനപ്പെടുത്തുക, കൃഷിയിടങ്ങളിൽ ഇത്തരം കൃഷി ചെയ്യാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുക, ഇത്തരം വിത്തുകൾ കർഷകർക്കിടയിൽ വിതരണം ചെയ്യുക എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശ്യം. വിത്ത് ബാങ്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പട്ടാമ്പി, മണ്ണുത്തി എന്നിവിടങ്ങളിൽ കാർഷിക സർവ്വകലാശാല പൂർത്തിയാക്കിവരുന്നു.

(ബി) കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ പട്ടാമ്പി പ്രാദേശിക ഗവേഷണകേന്ദ്രത്തിൽ, നെല്ലിന്റെ നാടൻ/പരമ്പരാഗത തനതായ ഇനങ്ങളുടെ ഒരു ജനിതക ശേഖരം നിലവിൽവരികയും അതിൽ തെരഞ്ഞെടുത്ത ചില ഇനങ്ങളുടെ വിത്തുകൾ (പറമ്പുവട്ടൻ, തവളക്കണ്ണൻ, തെക്കൻ ചീര, ചെങ്കയമ, കട്ട മോടൻ, കറുത്ത മോടൻ, ചുവന്ന മോടൻ, രക്തശാലി, ചെന്നെല്ല്, ചൊമാല, കല്ലടി ആര്യൻ) വൻതോതിൽ ഉൽപാദിപ്പിച്ച് കർഷകർക്ക് വിത്ത് ലഭ്യമാക്കാവുന്ന രീതിയിലുള്ള പ്രവർത്തനം നടന്നുവരുന്നുമുണ്ട്. കൂടാതെ മറ്റിനങ്ങളായ എറവപാണ്ടി, വെള്ളരി,

തെക്കൻ ചീമേനി, കവുങ്ങിൻ പൂങ്കുല, തെക്കൻ എന്നിവയുടെയും വിത്തുല്പാദനം നടത്തിവരുന്നുണ്ട്. കൂടാതെ വെള്ളാനിക്കര ഹോർട്ടിക്കൾച്ചർ കോളേജിൽ സീഡ്സ് സയൻസ് വിഭാഗത്തിൽ 291 തനതായ നെല്ലിനങ്ങളുടെ ജനിതക ശേഖരം നിലനിർത്തിവരുന്നുണ്ട്. വിത്തുകളുടെ സൂക്ഷിപ്പുകാലം വർദ്ധിപ്പിക്കുന്നതിനുവേണ്ട സൗകര്യങ്ങൾ (Medium Term Storage Gene Bank) ഒരുക്കുന്നതിനുള്ള നടപടികളും തുടർപഠനങ്ങളും ആരംഭിച്ചിട്ടുണ്ട്. കൂടാതെ പയറിന്റെ വിവിധ ഇനങ്ങളുടെ ഒരു ജനിതകശേഖരം വർദ്ധിപ്പിക്കുന്നതിനുള്ള പ്രാരംഭ നടപടികളും വെള്ളാനിക്കര ഹോർട്ടിക്കൾച്ചർ കോളേജ് സീഡ് സയൻസ് വിഭാഗം ആരംഭിച്ചിട്ടുണ്ട്. ഇവയ്ക്കുപുറമേ കൃഷി വകുപ്പ് 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ പച്ചക്കറി കൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പരമ്പരാഗത പച്ചക്കറി ഇനങ്ങളായ വേങ്ങേരി വഴുതന, ഓണാട്ടുകര പായൽ, മാരാരിക്കുളം വഴുതന, ആനക്കൊമ്പ് കൊത്തമര, ഇടുക്കി ഇലച്ചേമ്പ്, നിത്യവഴുതന, വള്ളിച്ചീര, വള്ളിപ്പയർ, ചതുരപ്പയർ എന്നിവയുടെ സംരക്ഷണത്തിനും തദ്ദേശീയമായി അവ കർഷകരുടെ ഇടയിൽ പ്രചരിപ്പിക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

**കാർഷിക മേഖലയെ പുനരുദ്ധരിക്കുന്നതിന് നടപടികൾ**

10 (1512) <u>ശ്രീ. ആന്റണി ജോൺ:</u>
<u>ശ്രീ. കെ. ബാബു:</u>
<u>ശ്രീ. ബി. ഡി. ദേവസ്സി:</u>
<u>ശ്രീ. ആർ. രാജേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ തകർന്ന കാർഷിക മേഖലയെ പുനരുദ്ധരിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം പുനർജനി എന്ന പേരിൽ മാതൃകാ കാർഷിക പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ടോ;

(സി) എങ്കിൽ ഏതെല്ലാം വിളകളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും പുനഃകൃഷിക്കുള്ള വിത്ത്, നടീൽ വസ്തുക്കൾ എന്നിവ വിതരണം നടത്തിയിട്ടുണ്ടോ എന്നും വിശദമാക്കാമോ;

(ഡി) പ്രളയാനന്തര കൃഷി പുനരുജ്ജീവനത്തിന് ഹോൾട്ടികൾച്ചർ മിഷന്റെ സഹായത്തോടെ വി.എഫ്.പി.സി.കെ. നടപ്പിലാക്കുന്ന കൃഷി വികസന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) പ്രളയംമൂലം തകർന്നടിഞ്ഞ കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിനായി വിവിധ പ്രവർത്തനങ്ങളാണ് കൃഷി വകുപ്പ് നടത്തിയത്. ജില്ലകളിൽ 'പുനർജനി' എന്ന പേരിൽ കാർഷികമേഖലയുടെ പുനഃസൃഷ്ടിക്കായി, അടിയന്തര പ്രാധാന്യമുള്ള പ്രവൃത്തികൾ നടപ്പിലാക്കി. ജനപ്രതിനിധികൾ, കർഷകർ, സന്നദ്ധപ്രവർത്തകർ, അഗ്രോ സർവ്വീസ് സെന്റർ-കാർഷിക കർമ്മസേന അംഗങ്ങൾ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെയാണ് പുനർജനി പദ്ധതി നടപ്പിലാക്കിയത്. പുനർജനി പദ്ധതിയിലൂടെ കർഷകരുടെ ആത്മവിശ്വാസം വീണ്ടെടുക്കാനും കൃഷി വകുപ്പ് കർഷകരോടൊപ്പമാണെന്ന വിശ്വാസം ഉറപ്പിക്കാനും സാധിച്ചു.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ (സി.എം.ഡി.ആർ.എഫ്.) നിന്നും പ്രകൃതിക്ഷോഭദുരിതാശ്വാസ സഹായമായി 54 കോടി രൂപയും സംസ്ഥാന ബഡ്ജറ്റ് വിഹിതമായി 1.5 കോടി രൂപയും അഡീഷണൽ ഓതറൈസേഷൻ മുഖേന ലഭിച്ച 109.01 കോടി രൂപയും ഉൾപ്പെടെ ആകെ 164.51 കോടി രൂപ 354810 കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് അടിയന്തരമായി ഇൻഷ്വറൻസ് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുകയും 152350 കർഷകർക്ക് നഷ്ടപരിഹാരമായി 51 കോടി രൂപ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

പ്രളയംമൂലം നെൽകൃഷി നശിച്ചതിന് വിരിപ്പ്-മുണ്ടകൻ സീസണിൽ വിതയ്ക്കുന്നതിനായി 5650.85 മെട്രിക് ടൺ നെൽവിത്ത് സൗജന്യമായി വിതരണം ചെയ്യുന്നതിന് 22.60338 കോടി രൂപയുടെ സഹായം കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, പച്ചക്കറി കൃഷിയുടെ പുനരുജ്ജീവനത്തിനായി 770 ലക്ഷം രൂപയ്ക്കുള്ള 77 ലക്ഷം പച്ചക്കറി വിത്ത് പാക്കറ്റുകളും 75 ലക്ഷം രൂപയ്ക്കുള്ള 30 ലക്ഷം തൈകളും സൗജന്യമായി കർഷകർക്ക് നൽകിയിട്ടുണ്ട്. പ്രളയം മണ്ണിനുണ്ടാക്കിയ ശോഷണം പരിഹരിക്കുന്നതിന് 'സോയിൽ അമീലിയോറന്റ്സ് ഇൻ സെലക്ടഡ് ഡിസ്ട്രിക്ട് ' എന്ന പദ്ധതി പ്രകാരം 75 ശതമാനം സബ്സിഡി നിരക്കിൽ 4369.27 ഹെക്ടർ സ്ഥലത്ത് 21846 കർഷകർക്കായി 108 ലക്ഷം രൂപയുടെ കുമ്മായവസ്തുക്കൾ വിതരണം ചെയ്തിട്ടുണ്ട്.

പ്രളയത്തിൽ കൃഷിനാശം സംഭവിച്ച 238376 കർഷകർക്ക് എസ്.ഡി.ആർ. ഫണ്ടിൽ നിന്നും 78.43 കോടി രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ, വരൾച്ചമൂലം കൃഷിനാശം സംഭവിച്ച 11035 കർഷകർക്ക് 10.83 കോടി രൂപയുടെ എസ്.ഡി.ആർ. ധനസഹായവും വിതരണം ചെയ്തിട്ടുണ്ട്.

കൃഷിയിടങ്ങളിൽ അടിഞ്ഞുകൂടിയ ചെളി, പാറ, മണ്ണ് എന്നിവ നീക്കം ചെയ്യുന്നതിന് 24500 കർഷകർക്കായി 2126 ലക്ഷം രൂപയും, ഉരുൾപൊട്ടലിനും മണ്ണിടിച്ചിലിനുമായി 12752 കർഷകർക്കായി 26.21583 ലക്ഷം രൂപയും മഴക്കെടുതിമൂലം ബണ്ടുകൾ പൊട്ടിയത് റിപ്പെയർ ചെയ്യുന്നതിന് എസ്.ഡി.ആർ. ഫണ്ടിൽ നിന്നും 423 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 76.75677 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ പമ്പ് സെറ്റ്, പെട്ടി പറ എന്നിവ റിപ്പെയർ ചെയ്യുന്നതിന് 97.6356 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്.

മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH) പദ്ധതിയുടെ ഭാഗമായി സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി പ്രളയ ദുരിതാശ്വാസത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും 93.39 കോടി രൂപയുടെ പദ്ധതിക്ക് അനുമതി ലഭിച്ചു. ഇതിന്റെ ആദ്യ ഗഡുവായി 24.93 കോടി രൂപ കേന്ദ്ര വിഹിതമായും 16.62 കോടി രൂപ സംസ്ഥാന വിഹിതമായും ആകെ 41.55 കോടി രൂപ സംസ്ഥാന ഹോർട്ടികൾച്ചർ മിഷന് ലഭ്യമാക്കിയിട്ടുണ്ട്.

ഇതിനെല്ലാംപുറമേ വെള്ളപ്പൊക്കക്കെടുതിമൂലം വിളകൾക്കും കൃഷിഭൂമിക്കുമുണ്ടായ നാശനഷ്ടത്തിന്റെ വെളിച്ചത്തിൽ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികളിൽ മാറ്റംവരുത്തിക്കൊണ്ട് വെള്ളപ്പൊക്ക ദുരിതാശ്വാസം ലക്ഷ്യമിട്ടുകൊണ്ടുള്ള പുതിയ പദ്ധതി നിർദ്ദേശങ്ങളുടെ 22.19 കോടി രൂപയുടെ പാക്കേജിന് അംഗീകാരം ലഭിച്ചു. അതോടൊപ്പം പുതുകൃഷി ആരംഭിക്കുന്നതിനും വിത്ത്/കുമ്മായം പോലുള്ള ഉൽപാദനോപാധികളുടെ വിതരണത്തിനും നടീൽ വസ്തുക്കളുടെ വിതരണത്തിനും മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുന്നതിനുമായി 2018-19-ലെ കൃഷി വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 43.62 കോടി രൂപയുടെ പ്രത്യേക പുനർജനി പാക്കേജിനും അംഗീകാരം ലഭിച്ചു. ഇപ്രകാരം ആകെ 65.81 കോടി രൂപയുടെ പ്രളയാനന്തര പാക്കേജ് പദ്ധതികൾ നടപ്പിലാക്കി.

(സി) നെല്ല്, പച്ചക്കറി, സുഗന്ധവിളകൾ എന്നിവയെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുകയും 5650.85 ടൺ നെൽവിത്തും 77 ലക്ഷം പച്ചക്കറിവിത്ത് കിറ്റുകളും 30 ലക്ഷം പച്ചക്കറി തൈകളും സൗജന്യമായി വിതരണം ചെയ്യുകയും ചെയ്തു. കൂടാതെ 665 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിനാവശ്യമായ ദീർഘകാല സുഗന്ധവ്യഞ്ജനവിളകളുടെ നടീൽ വസ്തുക്കളും വിതരണം ചെയ്തു.

(ഡി)

i. പ്രളയാനന്തര കൃഷി പുനരുജ്ജീവനത്തിന് എസ്.എച്ച്.എം. സഹായത്തോടെ 25.88 കോടി രൂപയുടെ വിള വികസന പദ്ധതി വി.എഫ്.പി.സി.കെ. നടപ്പിലാക്കിവരുന്നു.

| ക്രമ നമ്പർ | പദ്ധതി വിശദാംശങ്ങൾ | വിസ്തൃതി (ഹെക്ടറിൽ) | സബ്സിഡി (ഹെക്ടറിൽ) | തുക (ലക്ഷം) |
|---|---|---|---|---|
| 1 | വാഴ കൃഷി (കന്ന്) വ്യാപനം | 6000 | 26,250 | 1575.00 |
| 2 | വാഴ കൃഷി (ടി.സി.) വ്യാപനം | 100 | 37,500 | 37.50 |
| 3 | പൈനാപ്പിൾ കൃഷി വ്യാപനം | 100 | 26,250 | 26.25 |
| 4 | മാവ് കൃഷി വ്യാപനം | 85 | 18,000 | 15.30 |
| 5 | ഹൈബ്രിഡ് പച്ചക്കറി കൃഷി വ്യാപനം | 4250 | 20,000 | 850.00 |
| 6 | ഇഞ്ചി കൃഷി വ്യാപനം | 500 | 12,000 | 60.00 |
| 7 | മഞ്ഞൾ കൃഷി വ്യാപനം | 200 | 12,000 | 24.00 |
| | ആകെ | | | 2588.05 |

ഈ പദ്ധതി വഴി പുതുതായി കൃഷിയിറക്കുന്നതിന് വിത്ത്/നടീൽ വസ്തുക്കൾ, മറ്റ് കാർഷികോപാധികൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.

ii. ഇതിനുപുറമെ 20 ഹെക്ടർ വീതമുള്ള 98 ക്ലസ്റ്ററുകളിലായി പി.കെ.വി.വൈ. പദ്ധതി പ്രകാരം, ജൈവകൃഷിക്കായി ക്ലസ്റ്റർ ഒന്നിന് 14.95 ലക്ഷം രൂപ നിരക്കിൽ തുക വകയിരുത്തുകയും ഈ വർഷം 7 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

iii. വി.എഫ്.പി.സി.കെ.-യുടെ കീഴിൽ പ്രവർത്തിക്കുന്ന വിത്ത് ഉൽപാദക കർഷകർക്കുണ്ടായ നഷ്ടം പരിഹരിക്കാൻ 259.75 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

## പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി

11 (1513) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി സംസ്ഥാനത്തെ കർഷകർക്ക് പൂർണ്ണതോതിൽ പ്രയോജനപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതി പ്രകാരം എത്ര കർഷകർക്ക് ഇതിനകം ആനുകൂല്യം ലഭിച്ചു;

(സി) ഇതിലേക്ക് കർഷകരെ എപ്രകാരമാണ് തെരഞ്ഞെടുക്കുന്നത്; അതിനുള്ള മാനദണ്ഡം എന്തായിരുന്നു; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സാധിച്ചിട്ടുണ്ട്. പദ്ധതിയിൽ സംസ്ഥാനത്ത് 31-5-2019 വരെ 28.46108 ലക്ഷം കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അപേക്ഷ സമർപ്പിക്കുന്നതിന് അന്തിമ തീയതി പ്രഖ്യാപിച്ചിട്ടില്ല.

(ബി) ലോകസഭ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മാതൃകാ പെരുമാറ്റച്ചട്ടം നിലവിൽ വന്നതിന്റെ അടിസ്ഥാനത്തിൽ 10-3-2019 വരെ ലഭിച്ച അപേക്ഷകളിൽ വിവിധ ഘട്ടങ്ങളിലെ പരിശോധന പൂർത്തിയാക്കിയ 9.31816 ലക്ഷം കർഷകർക്ക് പദ്ധതി പ്രകാരം ഇതിനകം ആനുകൂല്യം നൽകിയിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാരിന്റെ ലാൻഡ് റിക്കോർഡിൽ 1-2-2019 -ൽ രണ്ട് ഹെക്ടറിൽ കവിയാതെ വിസ്തീർണ്ണമുള്ള കൃഷിഭൂമി കൈവശമുള്ള ചെറുകിട നാമമാത്ര കർഷക കുടുംബങ്ങൾക്ക് അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് പ്രതിവർഷം 6,000 രൂപ നാലു മാസത്തിലൊരിക്കൽ മൂന്ന് തുല്യ ഗഡുക്കളായി നൽകുന്നു.

സംസ്ഥാന സർക്കാരിന്റെ ലാൻഡ് റിക്കോർഡ് പ്രകാരം 1-2-2019-ൽ രണ്ട് ഹെക്ടറിൽ കവിയാതെ വിസ്തീർണ്ണമുള്ള കൃഷിഭൂമി കൈവശമുള്ള 2018-19 സാമ്പത്തിക വർഷത്തിലെ സ്ഥലത്തിന്റെ കരമടച്ച രസീത് സമർപ്പിക്കുന്ന ചെറുകിട നാമമാത്ര കർഷക കുടുംബത്തിന് ആനുകൂല്യത്തിന് അർഹതയുണ്ട് (കർഷകൻ, അദ്ദേഹത്തിന്റെ ഭാര്യ, അവരുടെ പ്രായപൂർത്തിയാകാത്ത കുട്ടികൾ എന്നിവർ ഉൾപ്പെടുന്നതാണ് കുടുംബം). അതോടൊപ്പം വനാവകാശ നിയമപ്രകാരം കൈവശാവകാശ രേഖയുള്ള പട്ടികവർഗ്ഗ കുടുംബത്തിനും പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതാണ്. ഇപ്രകാരം ആനുകൂല്യത്തിന് അർഹതയുള്ള കർഷക കുടുംബത്തിന്, നിശ്ചിത അപേക്ഷാ ഫോമിന്റെ കൂടെ ആധാർ കാർഡിന്റെയും കൃഷി ഭൂമിയുടെ കരമടച്ച രസീതിന്റെയും ബാങ്ക് പാസ്സ് ബുക്കിന്റെയും പകർപ്പ് സഹിതം ബന്ധപ്പെട്ട കൃഷി ഭവനിൽ അപേക്ഷ നൽകാവുന്നതാണ്.

താഴെപ്പറയുന്ന ഉയർന്ന സാമ്പത്തിക നിലവാരമുള്ള വ്യക്തികൾ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹരല്ല.

1. സ്ഥാപനങ്ങളോടനുബന്ധിച്ച വസ്തു ഉടമകൾ (All Institutional Land holders).
2. കർഷക കുടുംബത്തിൽ ഒന്നോ അതിലധികമോ അംഗങ്ങൾ താഴെപ്പറയുന്ന വിഭാഗത്തിലുൾപ്പെട്ടാൽ ആനുകൂല്യത്തിന് അർഹരല്ല:

i. ഭരണഘടന സ്ഥാപനങ്ങളിലെ നിലവിലുള്ളതും മുമ്പുള്ളതുമായിട്ടുള്ള ഉദ്യോഗസ്ഥർ.

ii. നിലവിലുള്ളതും മുമ്പുള്ളതുമായിട്ടുള്ള മന്ത്രിമാർ, ലോകസഭാംഗങ്ങൾ, രാജ്യസഭാംഗങ്ങൾ, നിയമസഭാംഗങ്ങൾ, സ്റ്റേറ്റ് ലെജിസ്ലേറ്റീവ് കൗൺസിൽ അംഗങ്ങൾ, മേയർമാർ, ജില്ലാ പഞ്ചായത്ത് അദ്ധ്യക്ഷന്മാർ.

iii. കേന്ദ്ര-സംസ്ഥാന സർക്കാർ ഓഫീസുകളിലും ആട്ടോണമസ് സ്ഥാപനങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങൾ, ഇവയുടെ ഫീൽഡ് യൂണിറ്റുകൾ, മറ്റ് ബന്ധപ്പെട്ട സ്ഥാപനങ്ങൾ എന്നിവയിലെ നിലവിൽ സർവ്വീസിലുള്ളവരും വിരമിച്ചവരുമായ ഉദ്യോഗസ്ഥരും തദ്ദേശ സ്ഥാപനങ്ങളിലെ സ്ഥിരം ജീവനക്കാരും (ക്ലാസ് 4/ഗ്രൂപ്പ് D ഒഴികെയുള്ള)

iv. കേന്ദ്ര സംസ്ഥാന സർക്കാർ ഓഫീസുകളിലും ആട്ടോണമസ് സ്ഥാപനങ്ങളിലും നിന്ന് വിരമിച്ച് പ്രതിമാസം 10,000 രൂപയോ അതിൽ കൂടുതലോ പെൻഷൻ ആനുകൂല്യം ലഭിക്കുന്നവർ (ക്ലാസ് 4/ ഗ്രൂപ്പ് D ഒഴികെയുള്ള)

v. അവസാന അസെസ്സ്മെന്റ് വർഷം ഇൻകം ടാക്സ് അടച്ചവർ.

vi. പ്രൊഫഷണൽ ജോലിയിൽ ഏർപ്പെട്ടിട്ടുള്ളവർ (ഡോക്ടർ, എഞ്ചിനീയർ, വക്കീൽ, ആർക്കിടെക്ട്, ചാർട്ടേർഡ് അക്കൗണ്ടന്റ് തുടങ്ങി നിയമാനുസൃതമായി പ്രൊഫഷണൽ ബോഡികളിൽ രജിസ്റ്റർ ചെയ്ത് പ്രാക്ടീസ് ചെയ്യുന്ന പ്രൊഫഷണൽസ്)

**പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി പദ്ധതി**

12 (1514) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിട്ടുണ്ടോ; ഈ പദ്ധതിയിൽ സംസ്ഥാനത്തെ എത്ര കർഷകർക്ക് ആനുകൂല്യം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ചെറുകിട നാമമാത്രകർഷകർക്ക് മാത്രമായി ഈ പദ്ധതി പരിമിതപ്പെടുത്തിയിട്ടുണ്ടോ ;

(സി) അർഹരായ എല്ലാ കർഷകരെയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും അവർക്ക് ആനുകൂല്യം ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. പദ്ധതിയിൽ സംസ്ഥാനത്ത് 31-5-2019 വരെ 28.46108 ലക്ഷം കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ലോകസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മാതൃകാ പെരുമാറ്റച്ചട്ടം നിലവിൽ വന്നതിന്റെ അടിസ്ഥാനത്തിൽ 10-3-2019 വരെ ലഭിച്ച അപേക്ഷകളിൽ വിവിധ ഘടകങ്ങളിലെ പരിശോധന പൂർത്തിയാക്കിയ 9.31816 ലക്ഷം കർഷകർക്ക് പദ്ധതി പ്രകാരം ഇതിനകം ആനുകൂല്യം ലഭിച്ചു.

(ബി) പദ്ധതി തുടങ്ങിയ അവസരത്തിൽ ചെറുകിട നാമമാത്രകർഷക കുടുംബങ്ങൾക്ക് മാത്രമായി ഈ പദ്ധതി പരിമിതപ്പെടുത്തിയിരുന്നു. സംസ്ഥാന സർക്കാരിന്റെ ലാൻഡ് റിക്കോർഡ് പ്രകാരം 1-2-2019-ൽ രണ്ട് ഹെക്ടറിൽ കവിയാതെ വിസ്തീർണ്ണമുള്ള കൃഷിഭൂമി കൈവശമുള്ള 2018-19 സാമ്പത്തിക വർഷത്തിലെ സ്ഥലത്തിന്റെ കരമടച്ച രസീത് സമർപ്പിക്കുന്ന ചെറുകിട നാമമാത്ര കർഷക കുടുംബത്തിനായിരുന്നു പദ്ധതി പ്രകാരം അർഹത നൽകിയിരുന്നത്. എന്നാൽ പദ്ധതിയുടെ ആനുകൂല്യം എല്ലാ കർഷകരിലേയ്ക്കും എത്തിക്കുന്നതിനായി കൃഷി ഭൂമിയുടെ ഉയർന്ന പരിധി ഒഴിവാക്കിയതായി പുതിയ കേന്ദ്ര സർക്കാരിന്റെ പ്രഖ്യാപനം ഇപ്പോൾ വന്നിട്ടുണ്ട്.

(സി) അർഹരായ എല്ലാ കർഷകരെയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും അവർക്ക് ആനുകൂല്യം ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പദ്ധതിയിൽ സംസ്ഥാനത്ത് 31-5-2019 വരെ 28.46108 ലക്ഷം കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അപേക്ഷ സമർപ്പിക്കുന്നതിന് അന്തിമ തീയതി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടില്ല.

## കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്

13 (1515) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ പ്രളയാനന്തരം പ്രത്യേകിച്ച് കുട്ടനാട്ടിൽ കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

പ്രളയംമൂലം തകർന്നടിഞ്ഞ കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിനായി വിവിധ പ്രവർത്തനങ്ങളാണ് കൃഷി വകുപ്പ് നടത്തിയത്. ജില്ലകളിൽ 'പുനർജനി' എന്ന പേരിൽ കാർഷികമേഖലയുടെ പുനഃസൃഷ്ടിക്കായി അടിയന്തര പ്രാധാന്യമുള്ള പ്രവൃത്തികൾ നടപ്പിലാക്കി. ജനപ്രതിനിധികൾ, കർഷകർ, സന്നദ്ധപ്രവർത്തകർ, അഗ്രോ സർവ്വീസ് സെന്റർ-കാർഷിക കർമ്മസേന അംഗങ്ങൾ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെയാണ് പുനർജനി പദ്ധതി നടപ്പിലാക്കിയത്. മണ്ണും ചെളിയും അടിഞ്ഞുകൂടിയ പാടശേഖരങ്ങൾ വൃത്തിയാക്കി മണ്ണ് നീക്കം ചെയ്ത് കൃഷിയോഗ്യമാക്കി, തോടുകൾ വൃത്തിയാക്കി ജലസേചന സൗകര്യം വർദ്ധിപ്പിച്ചു. പ്രളയാനന്തരം മണ്ണിലുണ്ടായ മാറ്റങ്ങൾ മനസ്സിലാക്കുന്നതിന് മണ്ണ് പരിശോധന ക്യാമ്പുകൾ സംഘടിപ്പിച്ച് അതനുസരിച്ച് മണ്ണിലുപയോഗിക്കേണ്ട കുമ്മായ വസ്തുക്കളുടെയും വളങ്ങളുടെയും വിവരം കർഷകർക്ക് നൽകി.

പ്രളയാനന്തരം കീട-രോഗ നിയന്ത്രണത്തിനാവശ്യമായ വസ്തുക്കൾ വാങ്ങുന്നതിനും അവ കൃഷിയിടങ്ങളിൽ പ്രയോഗിക്കുന്നതിനുമുള്ള ചെലവ് കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രത്യേക പദ്ധതികളിലൂടെ നൽകി. കൃഷിഭവൻ തലത്തിൽ എലിനശീകരണ ക്യാമ്പയിനുകൾ നടപ്പിലാക്കി. നെൽവിത്ത്, പച്ചക്കറി വിത്തുകൾ, കുരുമുളക് തൈ, വാഴക്കന്ന്, ദീർഘകാല സുഗന്ധവ്യഞ്ജന വിളകൾ തുടങ്ങിയവയുടെ നടീൽ വസ്തുക്കൾ വിതരണം ചെയ്യുകയുണ്ടായി. അഗ്രോ സർവ്വീസ് സെന്റർ-കാർഷിക കർമ്മസേന അംഗങ്ങളും തൊഴിലുറപ്പ് അംഗങ്ങളും ചേർന്ന് പ്രളയത്തിൽ തകർന്ന കൃഷിയിടങ്ങൾ വീണ്ടും കൃഷിയോഗ്യമാക്കി. കേടുപാട് സംഭവിച്ച യന്ത്രോപകരണങ്ങളും പമ്പ് സെറ്റുകളും റിപ്പയർ ചെയ്യുന്നതിന് ക്യാമ്പയിൻ സംഘടിപ്പിച്ചു. പുനർജനി പദ്ധതിയിലൂടെ കർഷകരുടെ ആത്മവിശ്വാസം വീണ്ടെടുക്കാനും കൃഷി വകുപ്പ് കർഷകരോടൊപ്പമാണെന്ന വിശ്വാസം ഉറപ്പിക്കാനും സാധിച്ചു.

മഹാപ്രളയത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് അർഹമായ നഷ്ടപരിഹാരം വിതരണം ചെയ്തു. ചെളി, മണ്ണ്, പാറ, മറ്റ് അവശിഷ്ടങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിനും ഉരുൾപൊട്ടൽമൂലം കൃഷിഭൂമി നഷ്ടപ്പെട്ടവർക്കും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് അടിയന്തരമായി ഇൻഷ്വറൻസ് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിച്ചു. സംസ്ഥാനത്തൊട്ടാകെ ഉണ്ടായ പ്രളയത്തിൽ കൃഷിനാശം സംഭവിച്ച 238376 കർഷകർക്ക് എസ്.ഡി.ആർ. ഫണ്ടിൽ നിന്നും 78.43 കോടി രൂപയുടെ

ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. വരൾച്ചമൂലം കൃഷിനാശം സംഭവിച്ച 11035 കർഷകർക്ക് 10.83 കോടി രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. ഇതിനുപുറമേ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസഫണ്ടിൽ നിന്നും പ്രത്യേകമായി അനുവദിച്ച 54 കോടി രൂപ ഉൾപ്പെടെ സംസ്ഥാന വിഹിതമായി 165 കോടി രൂപ 354810 കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് അടിയന്തരമായി ഇൻഷ്വറൻസ് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുകയും അംഗങ്ങളായ 152350 കർഷകർക്ക് നഷ്ടപരിഹാരമായി 51 കോടി രൂപ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. ചെളി, പാറ, മണ്ണ് എന്നിവ നീക്കം ചെയ്യുന്നതിന് 21.26 കോടി രൂപ 24500 കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.

പ്രളയനിവാരണത്തിനുള്ള പ്രത്യേക പാക്കേജിൽ ഉൾപ്പെടുത്തി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ ഡയറക്ടർ കേന്ദ്ര സർക്കാരിന് സമർപ്പിച്ച മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിൻകീഴിൽ ഹോർട്ടികൾച്ചർ മേഖലയുടെ പുനരുദ്ധാരണത്തിനും കർഷകർക്ക് അധിക വരുമാനം ലഭിക്കുന്നതിനുമായി കേന്ദ്ര സർക്കാരിന് സമർപ്പിച്ച 102.00 കോടി രൂപയുടെ പദ്ധതിയിൽ 93.395 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചു. ആയത് ഇപ്പോൾ നിർവ്വഹണം നടന്നുവരുന്നു.

വെള്ളപ്പൊക്കക്കെടുതിമൂലം വിളകൾക്കും കൃഷിഭൂമിക്കുമുണ്ടായ നാശനഷ്ടത്തിന്റെ വെളിച്ചത്തിൽ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികളിൽ മാറ്റംവരുത്തിക്കൊണ്ട് വെള്ളപ്പൊക്ക ദുരിതാശ്വാസം ലക്ഷ്യമിട്ടുകൊണ്ടുള്ള പുതിയ പദ്ധതി നിർദ്ദേശങ്ങളുടെ 22.19 കോടി രൂപയുടെ പദ്ധതി പാക്കേജിന് അംഗീകാരം ലഭിച്ചു. അതോടൊപ്പം പുതുകൃഷി ആരംഭിക്കുന്നതിനും വിത്ത്/കുമ്മായം പോലുള്ള ഉല്പാദനോപാദികളുടെ വിതരണം, നടീൽവസ്തുക്കളുടെ വിതരണം, മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുന്നതിനുമായി 2018-19-ലെ കൃഷി വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 43.62 കോടി രൂപയുടെ പ്രത്യേക പുനർജനി പാക്കേജിനും അംഗീകാരം ലഭിച്ചു. ഇപ്രകാരം ആകെ 65.81 കോടി പ്രളയാനന്തര പാക്കേജ് പദ്ധതികൾക്ക് സർക്കാർ അംഗീകാരം ലഭിച്ചു. ഇതിൽ ഉൾപ്പെടുത്തി നെല്ല്, പച്ചക്കറി, സുഗന്ധവ്യഞ്ജനവിളകളുടെ പുനരുജ്ജീവന പദ്ധതികളോടൊപ്പം കൃഷിയിടങ്ങളിൽ മണ്ണ് പരിപോഷണത്തിന്റെ ഭാഗമായി കുമ്മായം പോലുള്ള വസ്തുക്കൾ ചേർക്കുന്നതിനും എലിനശീകരണ പ്രവർത്തനങ്ങൾക്കും തുക അനുവദിച്ചു.

പ്രളയത്തിനുശേഷമുള്ള കുട്ടനാടിനെ പുനരുജ്ജീവിപ്പിക്കാൻ കൃഷി വകുപ്പ് നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഏകദേശം 64.43 കോടി രൂപ ഇതിനകം ചെലവഴിച്ചുകഴിഞ്ഞു. കുട്ടനാട്ടിലെ 600-ഓളം പാടശേഖരങ്ങളിൽ 30000 ഹെക്ടറിൽ 2018-19 വർഷം പുഞ്ചകൃഷി ഇറക്കി. 30000 ഹെക്ടറിൽ കൃഷിയിറക്കുന്നതിന് 3742 ടൺ നെൽവിത്ത് സർക്കാർ സൗജന്യമായി കർഷകർക്ക് നൽകി. സ്വന്തമായി നെൽവിത്ത് ഉപയോഗിച്ച കർഷകർക്കും വിത്തിന്റെ വില അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നിക്ഷേപിച്ചു. നെൽവിത്തിന്റെ വിലയായി ഏകദേശം 14.8 കോടി രൂപ നൽകിയിട്ടുണ്ട്.

പച്ചക്കറി കൃഷി വികസനത്തിനായി 60 ലക്ഷം രൂപ വിലമതിക്കുന്ന 6 ലക്ഷം പച്ചക്കറി വിത്ത് പാക്കറ്റുകളും 11 ലക്ഷം രൂപ വിലമതിക്കുന്ന 5 ലക്ഷം പച്ചക്കറി തൈകളും ആലപ്പുഴ ജില്ലയിൽ വിതരണം നടത്തി.

കൂടാതെ പ്രളയംമൂലം ദോഷം സംഭവിച്ച മണ്ണിന്റെ പുനരുജ്ജീവനത്തിനായി 12500 ഹെക്ടർ സ്ഥലത്ത് കർഷകർക്ക് കുമ്മായം നൽകിയിട്ടുണ്ട്. ഇതിനായി ഏകദേശം 6.75 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ വെള്ളപ്പൊക്കത്തിൽ ആലപ്പുഴ ജില്ലയിലെ മിക്ക പാടശേഖരങ്ങളിലും മടവീഴ്ചയും ബണ്ട് തകർച്ചയുമുണ്ടായി. ഈ പാടശേഖരങ്ങളെല്ലാം പുനർനിർമ്മിക്കുന്നതിനുള്ള വെല്ലുവിളി ഏറ്റെടുത്തുകൊണ്ടാണ് കൃഷി വകുപ്പ് മുഴുവൻ പാടശേഖരങ്ങളിലും കൃഷിയിറക്കിയത്. രണ്ടാം കൃഷി നഷ്ടപ്പെട്ട പാടങ്ങളുൾപ്പെടെ പുഞ്ചകൃഷി ഇറക്കിയപ്പോൾ കഴിഞ്ഞ വർഷത്തെക്കാൾ ഏകദേശം 7000 ഹെക്ടറിലധികം കൃഷിയിറക്കിയത് കർഷകരുടെ ദൃഢനിശ്ചയവും കൃഷിവകുപ്പിന്റെ നിതാന്ത ശ്രദ്ധയും കൊണ്ടുമാത്രമാണ്. പ്രളയശേഷമുള്ള പുഞ്ചകൃഷിക്ക് ഏകദേശം 95000 ടൺ നെല്ല് അധികമായി ജില്ലയിൽ ഉൽപാദിപ്പിക്കാൻ കഴിഞ്ഞതിന്റെ ചാരിതാർത്ഥ്യത്തിലാണ് കൃഷി വകുപ്പ്.

കുട്ടനാട്ടിൽ പ്രളയ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് ഏറ്റെടുത്ത മറ്റ് പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കടക്കെണിയിലായ കർഷകർക്ക് കാർഷിക കടാശ്വാസത്തിന്റെ ആനുകൂല്യം

14 (1516) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാവ്യതിയാനംകൊണ്ടും പ്രകൃതിദുരന്തങ്ങൾകൊണ്ടും ഉണ്ടായ വിളനാശംമൂലം കടക്കെണിയിലായ കർഷകർക്ക് ആശ്വാസമേകാനായി എല്ലാത്തരം വായ്പകൾക്കും സർക്കാർ പ്രഖ്യാപിച്ച മൊറട്ടോറിയം വകവയ്ക്കാതെ ചില ബാങ്കുകൾ കർഷകരെ സമ്മർദ്ദത്തിലാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കാർഷികകടാശ്വാസത്തിന്റെ ആനുകൂല്യം കൂടുതൽ പേർക്ക് ലഭ്യമാക്കാനായി തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; വാണിജ്യബാങ്കുകളിൽ നിന്ന് എടുത്ത വായ്പകളും കാർഷികകടാശ്വാസ കമ്മീഷന്റെ പരിഗണനാപരിധിയിൽ ഉൾപ്പെടുത്താൻ സാധിക്കുമോ എന്ന് പരിശോധിക്കുന്നുണ്ടോ ;

(സി) പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന വിളനഷ്ടത്തിന് നഷ്ടപരിഹാരം നൽകാനുള്ള തുക വർദ്ധിപ്പിക്കാൻ നടപടിയെടുത്തിട്ടുണ്ടോയെന്നറിയിക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിഷയം ഒരു പ്രത്യേക അജണ്ടയായി സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയിൽ ചർച്ച ചെയ്യണമെന്നും ആയത് പരിഹരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

പ്രളയദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ കർഷകരെടുത്തിട്ടുള്ള എല്ലാ വായ്പകളിലെയും ജപ്തി നടപടികൾക്ക് ഒരു വർഷത്തെ മൊറട്ടോറിയം പ്രഖ്യാപിച്ച് 12-10-2018-ലെ സ.ഉ. (എം.എസ്) 367/2018/റവ നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് സഹകരണ ബാങ്കുകളിൽ നടപ്പിലാക്കി ഉത്തരവായിട്ടുണ്ട്.

സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്നെടുത്തിട്ടുള്ള കാർഷിക കടങ്ങൾക്ക് 31-7-2018 മുതൽ ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം അനുവദിച്ച് നൽകിയിരുന്നു. തുടർന്ന് പ്രസ്തുത മൊറട്ടോറിയത്തിന്റെ കാലാവധി

31-12-2019 വരെ ദീർഘിപ്പിച്ചു നൽകുന്നതിനും സഹകരണ സ്ഥാപനങ്ങളിൽനിന്നും കർഷകരെടുത്തിട്ടുള്ള എല്ലാ വായ്പകളിന്മേലുമുള്ള ജപ്തി നടപടികൾക്ക് 31-12-2019 വരെ മൊറട്ടോറിയം അനുവദിച്ചും സഹകരണ സംഘം രജിസ്ട്രാറുടെ 15/19 നമ്പർ സർക്കുലർ നൽകിയിട്ടുണ്ട്. പൊതുമേഖല, വാണിജ്യ, സഹകരണ ബാങ്കുകളിൽനിന്നും കർഷകരെടുത്തിട്ടുള്ള കാർഷിക വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് നേരത്തേ പ്രഖ്യാപിച്ച മൊറട്ടോറിയം 2019 ഡിസംബർ 31 വരെ ദീർഘിപ്പിക്കാനും കർഷകരെടുത്തിട്ടുള്ള എല്ലാ വായ്പകൾക്കും മൊറട്ടോറിയം ബാധകമാക്കിക്കൊണ്ടും 5-3-2019-ലെ മന്ത്രിസഭാ യോഗം തീരുമാനമെടുത്തിട്ടുണ്ട്. ഇക്കാര്യത്തിലെ തുടർനടപടികൾ 27-5-2019-ലെ സ.ഉ. (കൈ) നമ്പർ 146/2019/റവ. പ്രകാരം റവന്യൂ വകുപ്പിൽനിന്നും സ്വീകരിച്ചിട്ടുണ്ട്.

2018 ആഗസ്റ്റ് 20-ന് കൂടിയ സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ പ്രത്യേക യോഗം ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ ഉടൻ നടപ്പിലാക്കേണ്ട പ്രളയ ദുരിതാശ്വാസ നടപടികൾ റിസർവ് ബാങ്ക് നിബന്ധനകൾക്ക് വിധേയമായി ചർച്ച ചെയ്ത് അംഗീകരിക്കുകയും ഈ നടപടികളുടെ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ ബാങ്കുകൾക്കും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഈ നടപടികളുടെ വിശദാംശങ്ങൾ www.slbc.kerala.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഇതുപ്രകാരം അർഹമായ കാർഷിക വായ്പകൾക്കുള്ള മൊറട്ടോറിയം പുനഃക്രമീകരിക്കുന്നതിലൂടെ അധിക തിരിച്ചടവ് കാലാവധിയും പുനർവായ്പയും അനുവദിച്ചിട്ടുണ്ട്.

(ബി) തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. 2018 ആഗസ്റ്റ് മാസത്തെ മഹാപ്രളയത്തിൽ കാർഷിക മേഖലയ്ക്കുണ്ടായ നഷ്ടം കണക്കിലെടുത്ത് കർഷക കടാശ്വാസ കമ്മീഷൻ മുഖേന കാർഷിക വായ്പകൾക്ക് നൽകിവരുന്ന ആനുകൂല്യം ഇടുക്കി, വയനാട് ജില്ലകളൊഴികെയുള്ള മറ്റെല്ലാ ജില്ലകളിലെയും പ്രളയ ബാധിത പ്രദേശങ്ങളിലെ കർഷകർക്കും 2014 മാർച്ച് 31 വരെ നൽകുകയും ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർക്ക് പ്രസ്തുത ആനുകൂല്യം 2018 ആഗസ്റ്റ് 31 വരെ ദീർഘിപ്പിക്കുകയും ചെയ്യാൻ 5-3-2019-ലെ മന്ത്രിസഭാ യോഗം തീരുമാനമെടുത്തിട്ടുണ്ട്. വാണിജ്യ ബാങ്കുകളിൽനിന്നുമെടുത്ത വായ്പകളും കാർഷിക കടാശ്വാസ കമ്മീഷന്റെ പരിഗണനാ പരിധിയിൽ ഉൾപ്പെടുത്താമോയെന്ന് പരിശോധിക്കാൻ കൃഷി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പുകളെ മേൽപ്പറഞ്ഞ

മന്ത്രിസഭാ യോഗത്തിന്റെ തീരുമാനപ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്. കാർഷിക കടാശ്വാസ കമ്മീഷന്റെ പരിധിയിൽ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളെ ഉൾപ്പെടുത്തുന്നതിനും ആനുകൂല്യങ്ങൾക്ക് അർഹമാക്കുന്നതിനും ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ താല്പര്യപ്പെടുന്നുണ്ടെന്നും എസ്.എൽ.ബി.സി. കൺവീനർ അറിയിച്ചിട്ടുണ്ട്.

കൃഷി വകുപ്പിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കുന്ന കാർഷിക കടാശ്വാസ തുകയിൽനിന്നും സഹകരണ ബാങ്കുകൾക്ക് അർഹതപ്പെട്ട തുക സഹകരണ വകുപ്പ് മുഖേന നൽകിവരുന്നുണ്ട്.

(സി) പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ച വിളകൾക്ക് അനുവദിക്കുന്ന നഷ്ടപരിഹാരം വർദ്ധിപ്പിച്ചുകൊണ്ട് 1-6-2019-ലെ സ.ഉ.(എം.എസ്.)നമ്പർ 71/2019/കൃഷി പ്രകാരം ഉത്തരവായിട്ടുണ്ട്.

## കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിനായി നടപടികൾ

15 (1517) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീമതി സി. കെ. ആശ:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ മഹാപ്രളയം കാർഷികമേഖലയിൽ ഉണ്ടാക്കിയ നാശനഷ്ടങ്ങളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രളയാനന്തരം കാർഷികമേഖലയുടെ പുനരുജ്ജീവനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രളയാനന്തരം പുനർകൃഷിക്കായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും കൃഷിക്കാവശ്യമായ വിത്ത്, നടീൽ വസ്തുക്കൾ എന്നിവ വിതരണം ചെയ്തിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(ഡി) പമ്പിംഗ് സബ്സിഡി നൽകുന്നതിനുള്ള വ്യവസ്ഥകൾ ഉദാരമാക്കിയിട്ടുണ്ടോ; വിശദവിവരങ്ങൾ അറിയിക്കുമോ;

(ഇ) സംസ്ഥാനത്തെ മുഴുവൻ കാർഷികവായ്പകൾക്കും മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ഏത് കാലയളവുവരെ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2018 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലുണ്ടായ പ്രകൃതിക്ഷോഭംമൂലം സംസ്ഥാനമൊട്ടാകെ കാർഷിക മേഖലയ്ക്ക് 19001.84 കോടി രൂപയുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്. ആയതിന്റെ ഘടകം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഘടകം | രൂപ (കോടിയിൽ) |
|---|---|---|
| 1 | വിളകൾക്കുണ്ടായ നാശനഷ്ടം | 18545.25 |
| 2 | കൃഷിഭൂമിക്കുണ്ടായ നാശനഷ്ടം (മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ തുടങ്ങിയവ) | 326.25 |
| 3 | കാർഷിക മേഖലയിലെ ആസ്തികൾക്കും ഉൽപാദനോപാധികൾക്കുമുണ്ടായ നാശനഷ്ടം | 130.34 |
| | ആകെ | 19001.84 |

(ബി) പ്രളയംമൂലം തകർന്നടിഞ്ഞ കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിനായി വിവിധ പ്രവർത്തനങ്ങളാണ് കൃഷി വകുപ്പ് നടത്തിയത്. ജില്ലകളിൽ 'പുനർജനി' എന്ന പേരിൽ കാർഷികമേഖലയുടെ പുനഃസൃഷ്ടിക്കായി, അടിയന്തര പ്രാധാന്യമുള്ള പ്രവൃത്തികൾ നടപ്പിലാക്കി. ജനപ്രതിനിധികൾ, കർഷകർ, സന്നദ്ധപ്രവർത്തകർ, അഗ്രോ സർവ്വീസ് സെന്റർ-കാർഷിക കർമ്മസേന അംഗങ്ങൾ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെയാണ് പുനർജനി പദ്ധതി നടപ്പിലാക്കിയത്. പുനർജനി പദ്ധതിയിലൂടെ കർഷകരുടെ ആത്മവിശ്വാസം വീണ്ടെടുക്കാനും കൃഷി വകുപ്പ് കർഷകരോടൊപ്പമാണെന്ന വിശ്വാസം ഉറപ്പിക്കാനും സാധിച്ചു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ (സി.എം.ഡി.ആർ.എഫ്.) നിന്നും പ്രകൃതിക്ഷോഭ ദുരിതാശ്വാസ സഹായമായി 54 കോടി രൂപയും സംസ്ഥാന ബഡ്ജറ്റ് വിഹിതമായി 1.5 കോടി രൂപയും അഡീഷണൽ ആതറൈസേഷൻ മുഖേന ലഭിച്ച 109.01 കോടി രൂപയും ഉൾപ്പെടെ ആകെ 164.51 കോടി രൂപ 354810 കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് അടിയന്തരമായി ഇൻഷ്വറൻസ് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുകയും 152350 കർഷകർക്ക് നഷ്ടപരിഹാരമായി 51 കോടി രൂപ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

പ്രളയംമൂലം നെൽകൃഷി നശിച്ചതിന് വിരിപ്പ്-മുണ്ടകൻ സീസണിൽ വിതയ്ക്കുന്നതിനായി 5650.85 മെട്രിക് ടൺ നെൽവിത്ത് സൗജന്യമായി കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ഈയിനത്തിൽ 22.60338 കോടി രൂപയുടെ സഹായം കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, പച്ചക്കറി കൃഷിയുടെ പുനരുജ്ജീവനത്തിനായി 770 ലക്ഷം രൂപയുള്ള 77 ലക്ഷം പച്ചക്കറി വിത്ത് പാക്കറ്റുകളും 75 ലക്ഷം രൂപയുള്ള 30 ലക്ഷം തൈകളും സൗജന്യമായി കർഷകർക്ക് നൽകിയിട്ടുണ്ട്. പ്രളയം മണ്ണിനുണ്ടാക്കിയ ശോഷണം പരിഹരിക്കുന്നതിന് 'സോയിൽ അമീലിയോറന്റ്സ് ഇൻ സെലക്ടഡ് ഡിസ്ട്രിക്ട് ' എന്ന പദ്ധതി പ്രകാരം 75 ശതമാനം സബ്സിഡി നിരക്കിൽ 4369.27 ഹെക്ടർ സ്ഥലത്ത് 21846 കർഷകർക്കായി 108 ലക്ഷം രൂപയുടെ കുമ്മായവസ്തുക്കൾ വിതരണം ചെയ്തിട്ടുണ്ട്. പ്രളയത്തിൽ കൃഷിനാശം സംഭവിച്ച 238376 കർഷകർക്ക് എസ്.ഡി.ആർ. ഫണ്ടിൽ നിന്നും 78.43 കോടി രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ, വരൾച്ചമൂലം കൃഷിനാശം സംഭവിച്ച 11035 കർഷകർക്ക് 10.83 കോടി രൂപയുടെ എസ്.ഡി.ആർ. ധനസഹായവും വിതരണം ചെയ്തിട്ടുണ്ട്.

കൃഷിയിടങ്ങളിൽ അടിഞ്ഞുകൂടിയ ചെളി, പാറ, മണ്ണ് എന്നിവ നീക്കം ചെയ്യുന്നതിന് 24500 കർഷകർക്കായി 2126 ലക്ഷം രൂപയും ഉരുൾപൊട്ടലിനും മണ്ണിടിച്ചിലിനുമായി 12752 കർഷകർക്കായി 26.21583 ലക്ഷം രൂപയും മഴക്കെടുതിമൂലം ബണ്ടുകൾ പൊട്ടിയത് റിപ്പെയർ ചെയ്യുന്നതിന് എസ്.ഡി.ആർ. ഫണ്ടിൽ നിന്നും 423 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 76.75677 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ, പമ്പുസെറ്റ്, പെട്ടി പറ എന്നിവ റിപ്പെയർ ചെയ്യുന്നതിന് 97.6356 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്.

മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH) പദ്ധതിയുടെ ഭാഗമായി സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി പ്രളയ ദുരിതാശ്വാസത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും 93.39 കോടി രൂപയുടെ പദ്ധതിക്ക് അനുമതി ലഭിച്ചു. ഇതിന്റെ ആദ്യ ഗഡുവായി 24.93 കോടി രൂപ കേന്ദ്ര വിഹിതമായും 16.62 കോടി രൂപ സംസ്ഥാന വിഹിതമായും ആകെ 41.55 കോടി രൂപ സംസ്ഥാന ഹോർട്ടികൾച്ചർ മിഷന് ലഭ്യമാക്കിയിട്ടുണ്ട്.

ഇതിനെല്ലാംപുറമേ വെള്ളപ്പൊക്കക്കെടുതിമൂലം വിളകൾക്കും കൃഷിഭൂമിക്കുമുണ്ടായ നാശനഷ്ടത്തിന്റെ വെളിച്ചത്തിൽ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികളിൽ മാറ്റം വരുത്തിക്കൊണ്ട് വെള്ളപ്പൊക്ക ദുരിതാശ്വാസം ലക്ഷ്യമിട്ടുകൊണ്ടുള്ള പുതിയ പദ്ധതി നിർദ്ദേശങ്ങളുടെ 22.19 കോടി രൂപയുടെ പദ്ധതി പാക്കേജിന് അംഗീകാരം ലഭിച്ചു. അതോടൊപ്പം പുതുക്കൃഷി

ആരംഭിക്കുന്നതിനും വിത്ത്/കുമ്മായം പോലുള്ള ഉല്പാദനോപാധികളുടെ വിതരണത്തിനും നടീൽവസ്തുക്കളുടെ വിതരണത്തിനും മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുന്നതിനുമായി 2018-19-ലെ കൃഷി വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 43.62 കോടി രൂപയുടെ പ്രത്യേക പുനർജനി പാക്കേജിനും അംഗീകാരം ലഭിച്ചു. ഇപ്രകാരം ആകെ 65.81 കോടി രൂപയുടെ പ്രളയാനന്തര പാക്കേജ് പദ്ധതികൾ നടപ്പിലാക്കി.

(സി) പ്രളയാനന്തരം കാർഷിക മേഖലയിൽ അനുവർത്തിക്കേണ്ട ശാസ്ത്രീയ കാർഷിക രീതികളുടെയും രോഗപ്രതിരോധ പ്രവർത്തനങ്ങളുടെയും വിവരണം പത്രമാധ്യമങ്ങൾ വഴിയും കാർഷിക പരിശീലനങ്ങൾവഴിയും കർഷകരിലേയ്ക്കെത്തിച്ചിട്ടുണ്ട്. പുനർകൃഷി സാധ്യമായ സ്ഥലത്ത് കൃഷി ചെയ്യുന്നതിനായി നെൽവിത്ത് കർഷകർക്ക് സൗജന്യമായി വിതരണം ചെയ്യുകയും കൃഷി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ചില ജില്ലകളിൽ വാഴകൃഷി നശിച്ച സ്ഥലങ്ങളിൽ വാഴകൃഷി പുനരാരംഭിക്കുന്നതിനായി കർഷകർക്ക് വാഴക്കന്നുകൾ വിതരണം ചെയ്തു. കൂടാതെ പ്രളയത്തിൽ നശിച്ച പച്ചക്കറി കൃഷി പുനരാരംഭിക്കുന്നതിനായി പച്ചക്കറി വിത്ത്, പച്ചക്കറി തൈകൾ എന്നിവ കർഷകർക്ക് സൗജന്യമായി വിതരണം ചെയ്തു. കൂടാതെ വേരുപിടിപ്പിച്ച കുരുമുളക് വള്ളികളും കർഷകർക്ക് വിതരണം ചെയ്തു.

പ്രളയാനന്തര കൃഷിക്കും തുടർന്നുള്ള മുണ്ടകൻ/പുഞ്ച കൃഷിക്കുമായി 5650.85 ടൺ വിത്ത് സൗജന്യമായി വിതരണം ചെയ്യുകയുണ്ടായി. പ്രളയബാധിത പ്രദേശങ്ങളിൽ വെള്ളം പമ്പ് ചെയ്ത് മാറ്റുന്നതിനായി പമ്പിംഗ് സബ്സിഡി വിതരണത്തിലെ വ്യവസ്ഥകളിൽ മാറ്റംവരുത്തുകയും വൈദ്യുതി ലൈനുകൾ പുനഃസ്ഥാപിക്കുകയും പെട്ടി പറ, മോട്ടോറുകൾ, മോട്ടോർത്തറ, പമ്പുഹൗസുകൾ എന്നിവയെല്ലാം യുദ്ധകാലാടിസ്ഥാനത്തിൽ അറ്റകുറ്റപ്പണികൾ നടത്തുകയോ പുനഃസ്ഥാപിക്കുകയോ ചെയ്യുകയും ചെയ്തു. 43 പാടശേഖരങ്ങളിൽ ബണ്ടുകൾ നിർമ്മിച്ചു. കോട്ടയം, എറണാകുളം, തൃശ്ശൂർ, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ പെട്ടെന്നുണ്ടായ കീടബാധയും നിയന്ത്രണവിധേയമാക്കാൻ സാധിച്ചു.

(ഡി) 2003-ലെ കേരള ഇറിഗേഷൻ ആൻഡ് വാട്ടർ കൺസർവേഷൻ നിയമത്തിൽ നിയമാനുസൃതമായ ഭേദഗതികൾ പിന്നീട് വരുത്തുന്നതാണെന്ന വ്യവസ്ഥയോടെ തൻ കൊല്ലത്തെ (തൻ സീസൺ) കൃഷിക്ക് പമ്പിംഗ് സബ്സിഡി നൽകുന്നതിന് അനുമതി നൽകിയിരുന്നു.

1-4-2016 മുതൽ പെൻഡിംഗുള്ള പമ്പിംഗ് സബ്സിഡി ക്ലെയിമുകൾക്ക് വ്യവസ്ഥകൾ പ്രകാരം ആനുകൂല്യം നൽകാവുന്നതാണെന്നും മുൻവർഷം കൃഷി ചെയ്യാത്തവർക്കും തന്നാണ്ടിൽ പമ്പിംഗ് സബ്സിഡി അനുവദിക്കാമെന്നും അനുമതി നൽകി.

(ഇ) ഉണ്ട്. 2018 ആഗസ്റ്റ് മാസത്തിൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയം കണക്കിലെടുത്ത് സംസ്ഥാനത്തെ കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങൾ, ഹൗസിംഗ് ബോർഡ്, കോ-ഓപ്പറേറ്റീവ്, ഹൗസിംഗ് ഫെഡറേഷൻ, പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ പോലുള്ള വിവിധ സർക്കാർ ഏജൻസികൾ, സഹകരണ ബാങ്കുകൾ കൂടാതെ റവന്യൂ റിക്കവറി ആക്ട് 1968, 71-ാം വകുപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾ എന്നിവയിൽനിന്നുമെടുത്തിട്ടുള്ള ക്ഷീര വികസനവും മൃഗസംരക്ഷണവും ഉൾപ്പെടെയുള്ള കാർഷിക വായ്പകൾക്ക് 2019 ഡിസംബർ 31 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്.

## ചാത്തൻ ചാൽ നവീകരണം

16 (1518) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടുകുറ്റി പഞ്ചായത്തിലെ പ്രധാന ജലസ്രോതസ്സായ ചാത്തൻ ചാലിന്റെ നവീകരണത്തിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും കഴിഞ്ഞ വർഷം അനുമതി ലഭ്യമാകാത്ത സാഹചര്യത്തിൽ ഈ വർഷം പ്രസ്തുത പ്രവൃത്തിക്ക് അനുമതി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) നബാർഡ് സാഹായത്തോടെ ചാത്തൻ ചാൽ നവീകരണത്തിന് അനുമതി ലഭ്യമാക്കാൻ അടിയന്തിരനടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) തൃശ്ശൂർ ജില്ലയിലെ കാട്ടുകുറ്റി പഞ്ചായത്തിലെ പ്രധാന ജലസ്രോതസ്സായ ചാത്തൻ ചാലിന്റെ നവീകരണത്തിനായി 727 ലക്ഷം രൂപയുടെ പദ്ധതി നബാർഡിന്റെ ആർ.ഐ.ഡി.എഫ്-25 സ്കീമിലുൾപ്പെടുത്തി കെ.എൽ.ഡി.സി. മുഖേന നടപ്പിലാക്കുന്നതിനായി വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി നബാർഡിന്റെ അനുമതി ലഭ്യമാകുന്നതിലേയ്ക്കായി ധനകാര്യ വകുപ്പിൽ സമർപ്പിച്ചിട്ടുണ്ട്. നബാർഡിൽനിന്നും അനുമതി ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത

17 (1519) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ആയതിൻപ്രകാരം പച്ചക്കറി കൃഷിയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; ഇതിനായി എത്ര തുകയാണ് ഓരോ വർഷവും വകയിരുത്തിയിട്ടുള്ളതെന്നും ചെലവഴിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) ജൈവപച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികളും അതിനായി കൃഷിക്കാർക്കു നൽകുന്ന സഹായങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പച്ചക്കറി ഉല്പ്പാദിപ്പിക്കുന്ന കർഷകർക്ക് എന്തെല്ലാം സഹായങ്ങളും പ്രോത്സാഹനങ്ങളുമാണ് നൽകിവരുന്നത് എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ലക്ഷ്യമിട്ട് കൃഷി വകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതി എന്ന ബൃഹത് പദ്ധതി നടപ്പിലാക്കിവരുന്നു. ടി പദ്ധതിയിലൂടെ കർഷകർക്ക് കൃഷിക്കാവശ്യമായ എല്ലാവിധ സഹായങ്ങളും നൽകിവരുന്നു. സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ വിവിധ ഘടകങ്ങൾ വിജയകരമായി നടപ്പാക്കുകവഴി ഓരോ വർഷവും പച്ചക്കറി കൃഷിയുടെ വിസ്തീർണ്ണം വർദ്ധിപ്പിക്കുന്നതിനും അതുവഴി പച്ചക്കറിയുടെ ഉല്പാദനം കൂട്ടുന്നതിനും സാധിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് പച്ചക്കറി വികസന പദ്ധതി വഴി നടപ്പിലാക്കുന്ന മുഖ്യഘടകങ്ങൾ ഇവയാണ്.

- വീട്ടുവളപ്പിൽ പച്ചക്കറി കൃഷി പ്രോത്സാഹനം
- പച്ചക്കറി തൈകളുടെ വിതരണം
- മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും മാലിന്യസംസ്കരണവും
- സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി
- പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവത്കരണം, പ്രചരണം
- ജില്ലാ ക്ലസ്റ്ററുകൾക്ക് പച്ചക്കറി കൃഷി
- 'എ' ഗ്രേഡ് ക്ലസ്റ്റർ പ്രോത്സാഹനം
- ഗ്രേഡ് ചെയ്ത ക്ലസ്റ്ററുകളുടെ വികസനം
- ബ്ലോക്കുതല ഫെഡറേറ്റഡ് സമിതികളുടെ രൂപീകരണം

- ബ്ലോക്കുതല നഴ്സറികളുടെ വികസനം
- മഴമറകൾ സ്ഥാപിക്കൽ
- സൂക്ഷ്മ ജലസേചനവും ജലസേചനം വഴിയുള്ള വളപ്രയോഗവും
- തരിശുനില കൃഷി
- മാധ്യമങ്ങൾ വഴിയുള്ള വിത്തുവിതരണം, എൻ.ജി.ഒ.കൾ മുഖേന പച്ചക്കറി വിത്തുവിതരണം
- വി.എഫ്.പി.സി.കെ. വഴിയുള്ള പച്ചക്കറി വികസന പദ്ധതികൾക്കായി ധനസഹായം

(ബി) ഉണ്ട്. പച്ചക്കറി വികസന പദ്ധതിക്കായി ഓരോ സാമ്പത്തിക വർഷത്തിലും വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ വിവരം താഴെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നമ്പർ | സാമ്പത്തിക വർഷം | വകയിരുത്തിയ തുക (ലക്ഷം) | ചെലവഴിച്ച തുക (ലക്ഷം) |
|---|---|---|---|
| 1 | 2016-17 | 7430 | 5673.39 |
| 2 | 2017-18 | 7890 | 7126.2 |
| 3 | 2018-19 | 8000 | 7015.04 |

(സി) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികളും അതിനായി കൃഷിക്കാർക്ക് നൽകുന്ന സഹായങ്ങളും ചുവടെ ചേർക്കുന്നു.

1. ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള ജൈവ കാർഷിക പ്രവർത്തനങ്ങൾ - 25 ഹെക്ടർ ഉൾക്കൊള്ളുന്ന ഓരോ ക്ലസ്റ്ററിനും 75,000 രൂപയാണ് ധനസഹായമായി നൽകുന്നത്. കർഷകരുടെ കൂട്ടായ ജൈവ കാർഷിക പ്രവർത്തനങ്ങൾക്കാണ് ഈ തുക വിനിയോഗിക്കുക.

2. ഇക്കോഷോപ്പുകൾ - ജൈവ ക്ലസ്റ്ററുകളിൽ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾ, മറ്റ് ഉല്പാദനോപാധികൾ എന്നിവയുടെ വിപണനത്തിനായി ഇക്കോഷോപ്പുകൾ പ്രവർത്തിച്ചുവരുന്നു. പുതിയ ഓരോ ഇക്കോഷോപ്പിനും രണ്ട് ലക്ഷം രൂപ ധനസഹായം നൽകുന്നുണ്ട്. ഇതിനുപുറമെ മുൻവർഷം സ്ഥാപിച്ച ഇക്കോഷോപ്പുകൾക്ക് റിവോൾവിംഗ് ഫണ്ടായി ഓരോ ലക്ഷം രൂപ വീതവും നൽകുന്നുണ്ട്.

3. ജൈവ ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം - ക്ലസ്റ്ററുകൾ ഉല്പാദിപ്പിക്കുന്ന ജൈവ ഉൽപന്നങ്ങൾ കോർപ്പറേഷൻ, മുനിസിപ്പാലിറ്റികൾ, ജില്ലാ ആസ്ഥാനങ്ങൾ

എന്നിവിടങ്ങളിൽ വിപണനം നടത്തുന്നതിന് ഇതിനോടകം 32 നേരിട്ടുള്ള വിപണികൾ നടപ്പിലാക്കിയിട്ടുണ്ട്. ഒരു വിപണിക്ക് 3 ലക്ഷം രൂപ വീതമാണ് ധനസഹായം നൽകിയത്.

4. <u>കാസർഗോഡ് ജില്ലയിൽ പി.ജി.എസ്. സർട്ടിഫിക്കേഷൻ</u> - കാസർഗോഡ് ജില്ലയെ സമ്പൂർണ്ണ ജൈവ കൃഷി ജില്ലയാക്കുന്നതിന്റെ ഭാഗമായി വി.എഫ്.പി.സി.കെ. മുഖാന്തരം പി.ജി.എസ്. സർട്ടിഫിക്കേഷൻ നടത്തുന്നതിന് 1000 ഹെക്ടറിലേയ്ക്ക് 60 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഹെക്ടറിന് 6,000 രൂപ ക്രമത്തിലാണ് ധനസഹായം നൽകിയത്.

5. <u>സമ്പൂർണ്ണ ജൈവ കാർഷിക മണ്ഡലം അവാർഡ്</u> - ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി നിയോജകമണ്ഡലം (ഒന്നാം സമ്മാനം 15 ലക്ഷം രൂപ, രണ്ടാം സമ്മാനം 10 ലക്ഷം രൂപ, മൂന്നാം സമ്മാനം 5 ലക്ഷം രൂപ), കോർപ്പറേഷൻ (ഒന്നാം സമ്മാനം 3 ലക്ഷം രൂപ), മുനിസിപ്പാലിറ്റി (ഒന്നാം സമ്മാനം 3 ലക്ഷം രൂപ, രണ്ടാം സമ്മാനം 2 ലക്ഷം രൂപ, മൂന്നാം സമ്മാനം ഒരു ലക്ഷം രൂപ), ഗ്രാമപഞ്ചായത്ത് (ഒന്നാം സമ്മാനം 3 ലക്ഷം രൂപ, രണ്ടാം സമ്മാനം 2 ലക്ഷം രൂപ, മൂന്നാം സമ്മാനം ഒരു ലക്ഷം രൂപ) എന്നീ തലങ്ങളിൽ മികവിന്റെ അടിസ്ഥാനത്തിൽ അവാർഡുകൾ നൽകുന്നു.

6. <u>അവശിഷ്ട വിഷാംശ പരിശോധന</u> - സംസ്ഥാന കൃഷി വകുപ്പ് പഴം-പച്ചക്കറികളിൽ സേഫ് റ്റു ഈറ്റ് എന്ന പദ്ധതി ഘടകം പ്രകാരം വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലാബിൽ കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽനിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന നടത്തുകയും പരിശോധന ഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടലായ www.kerala.gov.in-ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നു.

കൂടാതെ ഹോർട്ടികൾച്ചർ കോളേജ് വെള്ളാണിക്കര (തൃശ്ശൂർ), പടന്നക്കാട് കാർഷിക കോളേജ് (കാസർഗോഡ്) എന്നീ സ്ഥാപനങ്ങളിലും കീടനാശിനി അവശിഷ്ട പരിശോധന ലാബ് പ്രവർത്തിക്കുന്നു. 2017-18 വരെ 175 ലക്ഷം രൂപയും 2018-19 വർഷം 40 ലക്ഷം രൂപയും ഈ പദ്ധതി ഘടകത്തിന് നൽകിയിട്ടുണ്ട്.

7. <u>ഫാം സ്കൂൾ & കർഷകർക്കുള്ള പരിശീലനങ്ങൾ</u> - ജൈവകൃഷിരീതി കൂടുതൽ ഫലപ്രദമായ രീതിയിൽ നടപ്പാക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും വേണ്ടി ഫാം സ്കൂളുകൾ, കർഷകർക്കുള്ള പരിശീലന പരിപാടികൾ എന്നിവ നടപ്പിലാക്കുന്നതിന് 73 ഫാം സ്കൂളുകൾ സംസ്ഥാനത്തുടനീളം പ്രവർത്തിച്ചിരുന്നു.

8. <u>പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ.)</u>- ഇതൊരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. 60:40 അനുപാതത്തിൽ കേന്ദ്ര, സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് ജൈവകൃഷി വ്യാപനം നടത്തുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. മൂന്നുവർഷം തുടർച്ചയായി നടപ്പാക്കുന്ന ഈ പദ്ധതിയിൽ ക്ലസ്റ്റർ ഒന്നിന് 14.95 ലക്ഷം രൂപയാണ് ധനസഹായം. കർഷകർക്കുള്ള ബോധവത്കരണം, ക്ലസ്റ്റർ അംഗങ്ങൾക്കുള്ള പരിശീലന പരിപാടികൾ, ജൈവ ഉല്പാദനോപാധികളുടെ നിർമ്മാണം, ജൈവവളം, ജൈവ കീടനാശിനികൾ എന്നിവയുടെ ഉല്പാദനം, മണ്ണ് പരിശോധന, പി.ജി.എസ്. സർട്ടിഫിക്കേഷൻ, ഓർഗാനിക് മേളകൾ, മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുക ഇവയാണ് പ്രധാന പ്രവർത്തനങ്ങൾ.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പച്ചക്കറി ഉല്പാദിപ്പിക്കുന്ന കർഷകർക്ക് താഴെപ്പറയുന്ന സഹായങ്ങളും പ്രോത്സാഹനങ്ങളും നൽകിവരുന്നു.

<u>വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം/ഓണത്തിന് ഒരുമുറം പച്ചക്കറി പദ്ധതി</u> - വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും വിവിധ ഇനങ്ങളടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും കർഷകർക്ക് സൗജന്യമായി വിതരണം നടത്തിവരുന്നു. ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽ നിന്നുതന്നെ ലഭ്യമാക്കാൻ ഉദ്ദേശിച്ചാണ് ഓണക്കാലത്ത് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം വിത്തുകൾ, പച്ചക്കറി തൈകൾ, തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ എന്നിവ ലഭ്യമാക്കും.

<u>മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും മാലിന്യ സംസ്കരണവും</u> - മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും മാലിന്യ സംസ്കരണവും എന്ന ഘടകത്തിൽ ഉൾപ്പെടുത്തി പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകളും സസ്യസംരക്ഷണ ഉപാധികളും കർഷകർക്ക് നൽകുന്നു. കൂടാതെ മുൻവർഷങ്ങളിൽ വിതരണം ചെയ്ത ഗ്രോബാഗ് യൂണിറ്റുകളുടെ തുടർകൃഷിക്കായുള്ള സാമ്പത്തിക സഹായവും നൽകിവരുന്നു. മാലിന്യ സംസ്കരണത്തിനായി ചെറുകിട മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകളുടെ നിർമ്മാണം, ചെറുകിട തുള്ളിനന/തിരിനന യൂണിറ്റുകൾ സ്ഥാപിക്കൽ, കൂടാതെ റെസിഡൻഷ്യൽ അസോസിയേഷനുകൾ കേന്ദ്രീകരിച്ച് ഹരിത ഗ്രൂപ്പുകൾ രൂപീകരിക്കൽ എന്നിവ പദ്ധതിയിലൂടെ നടപ്പിലാക്കി.

<u>സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി</u> - ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും തെരഞ്ഞെടുക്കപ്പെട്ട 2500 വിദ്യാലയങ്ങൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവ വഴി പച്ചക്കറി കൃഷി ചെയ്യുക, ജലസേചന യൂണിറ്റുകൾ സ്ഥാപിക്കുക, പ്രോജക്ട് അടിസ്ഥാനത്തിൽ സർക്കാരിതര സ്ഥാപനങ്ങൾ, എൻ.ജി.ഒ.-കൾ എന്നിവ വഴി പച്ചക്കറി കൃഷി തുടങ്ങിയവ നടപ്പിലാക്കി.

ജില്ലാ ക്ലസ്റ്റർ വികസനം - കാര്യക്ഷമമായി പ്രവർത്തിക്കുന്ന ക്ലസ്റ്ററുകൾക്ക് ക്ലസ്റ്റർ ഒന്നിന് 75,000 രൂപ വീതം ധനസഹായം, പമ്പ് സെറ്റ്, സസ്യസംരക്ഷണ ഉപാധികൾ എന്നിവ വാങ്ങുന്നതിന് ധനസഹായം, തരിശുനില കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 30,000 രൂപ നിരക്കിൽ ധനസഹായം, സ്റ്റാഗേഡ് ക്ലസ്റ്ററുകൾക്ക് ഹെക്ടർ ഒന്നിന് 15,000 രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു. മീഡിയ, എൻ.ജി.ഒ.കൾ പച്ചക്കറിവിത്ത് കിറ്റുകൾ വിതരണം ചെയ്തുവരുന്നു. ഇതുകൂടാതെ നൂതന പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ഹരിത ഫണ്ട്, പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ വിത്തുല്പാദനം, വിതരണം, പ്രചരണം എന്നിവയ്ക്കും ഭൗമസൂചിക ഇനങ്ങളുടെ പ്രചരണത്തിലേയ്ക്കുമായി പ്രത്യേക ധനസഹായം ഈ പദ്ധതി ഘടകത്തിൻ കീഴിൽ നൽകിയിട്ടുണ്ട്. കൂടാതെ ശീമച്ചക്ക, മുരിങ്ങ, അഗത്തി, കറിവേപ്പില തുടങ്ങിയവയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉൽപാദനത്തിനും അഗ്രോ സർവ്വീസ് സെന്ററുകൾ മുഖാന്തരം നഴ്സറികൾ സ്ഥാപിക്കുന്നതിനും ധനസഹായം നൽകിവരുന്നു.

ഗ്രേഡഡ് ക്ലസ്റ്ററുകളുടെ വികസനം - ക്ലസ്റ്റർ ഒന്നിന് 6.3 ലക്ഷം രൂപ വീതം പുതിയ 'എ' ഗ്രേഡ് ക്ലസ്റ്ററുകളുടെ രൂപീകരണത്തിനും മുൻ വർഷങ്ങളിൽ ഗ്രേഡ് ചെയ്യപ്പെട്ട ക്ലസ്റ്ററുകൾക്ക് ക്ലസ്റ്റർ ഒന്നിന് ഒരു ലക്ഷം രൂപ വീതവും ധനസഹായം നൽകിവരുന്നു.

ബ്ലോക്കുതല ഫെഡറേറ്റഡ് സമിതികളുടെ രൂപീകരണം - മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്ന ബ്ലോക്കുതല ഫെഡറേറ്റഡ് സമിതിക്ക് 10 ലക്ഷം രൂപയും ബ്ലോക്കുതല ഫെഡറേറ്റഡ് സമിതികളുടെ മെച്ചപ്പെട്ട പ്രവർത്തനത്തിന് പരിശീലനം നൽകുന്നതിനായും ധനസഹായം നൽകിവരുന്നു.

നഴ്സറികൾ സ്ഥാപിക്കൽ - ഗുണമേന്മയുള്ള പച്ചക്കറി തൈകളുടെ ലഭ്യത ഉറപ്പാക്കുന്നതിലേയ്ക്കായി കോർപ്പറേഷൻ / മുനിസിപ്പാലിറ്റി / പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ നഴ്സറി സ്ഥാപിക്കുന്നതിനും പഴയ ബ്ലോക്കുതല നഴ്സറികളുടെ മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കായി നഴ്സറി ഒന്നിന് 2 ലക്ഷം രൂപ നിരക്കിലും പുതിയ ബ്ലോക്കുതല നഴ്സറികൾ സ്ഥാപിക്കുന്നതിലേയ്ക്കായി നഴ്സറി ഒന്നിന് 7 ലക്ഷം രൂപ നിരക്കിലും ധനസഹായം നൽകിവരുന്നു.

പച്ചക്കറി കൃഷിക്കുവേണ്ടി മിനി-പോളീഹൗസുകളുടെ പ്രോത്സാഹനം- സ്ഥലപരിമിതി കണക്കിലെടുത്ത് കുറഞ്ഞ സ്ഥലത്ത് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി മിനി പോളീഹൗസുകൾ സ്ഥാപിക്കുന്നതിന് സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ലക്ഷ്യമിടുന്നു. പത്ത് സ്ക്വയർ മീറ്റർ വിസ്തൃതിയുള്ള പോളീഹൗസുകൾ ഒന്നിന് 45,000 രൂപ ധനസഹായം കർഷകർക്ക് നൽകുന്നു. 20 സ്ക്വയർ മീറ്റർ വിസ്തൃതിയുള്ള പോളീഹൗസുകൾ ഒന്നിന് 60,000 രൂപ ധനസഹായം കർഷകർക്ക് നൽകുന്നു.

ക്ലസ്റ്ററുകൾ മുഖേന ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകളുടെ പ്രോത്സാഹനം - 75% സബ്സിഡി നിരക്കിൽ (പരമാവധി 1,50,000 രൂപ വരെ) കാർഷിക വിജ്ഞാൻ കേന്ദ്രം, കാർഷിക സർവ്വകലാശാല എന്നിവരുടെ സഹകരണത്തോടെ ക്ലസ്റ്ററുകൾ മുഖേന ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകിവരുന്നു.

പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവത്കരണം, പ്രചരണം തുടങ്ങിയവ - പത്രമാധ്യമങ്ങൾ, ഇലക്ട്രോണിക് മീഡിയ, പോസ്റ്ററുകൾ, ലീഫ്ലെറ്റുകൾ, ആകാശവാണി, എഫ്.എം. ചാനലുകൾ, വീഡിയോ പ്രോഗ്രാമുകൾ എന്നിവവഴി പദ്ധതിക്കുവേണ്ട പ്രചരണം, പരിശീലനം, ബോധവത്കരണം എന്നിവ നടത്തിവരുന്നു.

സൂക്ഷ്മ ജലസേചനവും ജലസേചനം വഴിയുള്ള വളപ്രയോഗവും - സൂക്ഷ്മ ജലസേചന വളപ്രയോഗ യൂണിറ്റ് സ്ഥാപിക്കുന്നതിന് 30,000 രൂപ വരെ ധനസഹായം നൽകുന്നു. പച്ചക്കറി കൃഷിക്കായി വീടുകളിൽ തുള്ളിനന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 75% ധനസഹായം (പരമാവധി 7,500 രൂപ വരെ) നൽകിവരുന്നു.

പച്ചക്കറി സംഭരണത്തിനുള്ള വൈദ്യുതി ആവശ്യമില്ലാത്ത ശീതീകരണ അറകളുടെ പ്രോത്സാഹനം - പച്ചക്കറികൾ കേടുകൂടാതെ സൂക്ഷിക്കാനായി പച്ചക്കറി വികസന പദ്ധതിയിൽ ഒരു ഘടകമായി ഉൾപ്പെടുത്തി 2017-18-ൽ ആരംഭിച്ച ഒരു ചെലവുകുറഞ്ഞ മാർഗ്ഗമാണ് ഊർജ്ജരഹിത ശീതീകരണ യൂണിറ്റുകൾ. ഊർജ്ജരഹിത ശീതീകരണ യൂണിറ്റ് നിർമ്മിക്കുന്നതിനായി 15,000 രൂപ (ഒരു യൂണിറ്റ്) ധനസഹായം നൽകിവരുന്നു. കർഷകർ തങ്ങളുടെ പച്ചക്കറികൾ വിളവെടുത്തശേഷം യഥാസമയം വിപണിയിലെത്തിക്കാനുള്ള സാഹചര്യമില്ലാതെ ന്യായവില ലഭിക്കാതെ വരുമ്പോൾ പച്ചക്കറി സംഭരിക്കുന്നതിനുവേണ്ടിയുള്ള നൂതന സംരംഭമാണ് സീറോ എനർജി കൂൾ ചേമ്പർ. വളരെ ചെലവ് കുറഞ്ഞ രീതിയിലാണ് സീറോ എനർജി കൂൾ ചേമ്പറിന്റെ നിർമ്മാണ രീതി.

കൃഷിയിടങ്ങളിൽ ബയോ-കൺട്രോൾ ഏജന്റ് നിർമ്മാണവും പരിശീലനവും - ജൈവ കീടനിയന്ത്രണ ഉപാധികളുടെ ഉൽപാദനത്തിനായി കൃഷിയിടങ്ങളിൽ ബയോകൺട്രോൾ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ധനസഹായം നൽകിവരുന്നു.

മണ്ണിനെ ഫലപുഷ്ടിപ്പെടുത്തുന്ന കുമ്മായം, ഡോളോമൈറ്റ്, സൂക്ഷ്മമൂലകങ്ങൾ എന്നിവയുടെ വിതരണം -75% സബ്സിഡി നിരക്കിൽ മണ്ണിനെ ഫലപുഷ്ടിപ്പെടുത്തുന്ന കുമ്മായം ഡോളോമൈറ്റ്, സൂക്ഷ്മമൂലകങ്ങൾ എന്നിവയുടെ വിതരണം നടത്തുന്നതിനായി കർഷകർക്ക് ധനസഹായം നൽകിവരുന്നു.

<u>കാര്യക്ഷമമായി പ്രവർത്തിക്കുന്ന 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള ധനസഹായം</u> - കാര്യക്ഷമമായി പ്രവർത്തിക്കുന്ന 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്ക് 5 ലക്ഷം രൂപ നിരക്കിൽ അധിക ധനസഹായം നൽകിവരുന്നു.

<u>സേഫ്-ടു-ഈറ്റ്-ബ്രാൻഡിംഗ്</u> - കാർഷിക സർവ്വകലാശാലയുടെ സുരക്ഷിത ഭക്ഷണം എന്ന പദ്ധതിയിൽ പച്ചക്കറികളിലെ കീടനാശിനികളുടെ അംശം പരിശോധിക്കുന്നതിനുവേണ്ടി ധനസഹായം നൽകിവരുന്നു.

<u>മഴമറ നിർമ്മാണം</u> - വേനൽക്കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷി ചെയ്യുന്നതിനായി നൂതന രീതിയായ മഴമറയിലെ കൃഷി കർഷകർക്ക് ഏറെ സഹായകരമാണ്.

<u>ദേവികുളം ബ്ലോക്കിലെ വെളുത്തുള്ളികളുടെ ഇനംതിരിച്ചുള്ള പഠനം</u> - ദേവികുളം ബ്ലോക്കിലെ വിവിധയിനം വെളുത്തുള്ളികളുടെ വിശദമായ പഠനത്തിനായി 10 ലക്ഷം രൂപ ചെലവഴിച്ചു.

<u>പരമ്പരാഗത വിത്തിനങ്ങളുടെ ഉൽപാദനവും പ്രചരണവും/ഭൗമസൂചിക രജിസ്ട്രേഷൻ</u> - സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ ഒരു ഘടകമാണ് "പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ കൃഷി പ്രോത്സാഹനവും വിത്തുല്പാദനവും". പരമ്പരാഗതമായി വ്യത്യസ്ത സ്ഥലങ്ങളിൽ അവിടെ മാത്രമായി കൃഷി ചെയ്യപ്പെടുന്ന പച്ചക്കറി ഇനങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുക അവ പ്രചരിപ്പിക്കുക, അവയുടെ വിത്തുകൾ മറ്റിടങ്ങളിലെ കർഷകർക്കും ലഭ്യമാക്കുക എന്നിവയാണ് ഈ ഘടകം ലക്ഷ്യമിടുന്നത്. കൂടാതെ ബഹുവർഷികളായ കറിവേപ്പ്, അഗത്തി, മുരിങ്ങ, കോവൽ, പപ്പായ, ചതുരപ്പയർ, ശീമച്ചക്ക, ചൗ-ചൗ മുതലായവയുടെ കൃഷി വ്യാപിപ്പിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.

<u>വി.എഫ്.പി.സി.കെ.</u> - വി.എഫ്.പി.സി.കെ. വഴിയും പച്ചക്കറി വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

ഇതുകൂടാതെ സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖാന്തരം നടത്തുന്ന മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിലുൾപ്പെടുത്തി ഹൈബ്രിഡ് പച്ചക്കറികളുടെ വിളവിസ്തൃതി വ്യാപനത്തിനായി ഹെക്ടറൊന്നിന് 20,000 രൂപ ധനസഹായവും രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടെ പച്ചക്കറി വിളവിസ്തൃതി വ്യാപനത്തിന് ഹെക്ടറൊന്നിന് 15,000 രൂപ ധനസഹായവും യൂണിറ്റൊന്നിന് ഒരു ലക്ഷം രൂപ എന്ന നിരക്കിൽ പുതിയ പ്രൈമറി പ്രോസസിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും യൂണിറ്റൊന്നിന് 50,000 രൂപ നിരക്കിൽ നിലവിലുള്ള പ്രോസസിംഗ് യൂണിറ്റ് നവീകരിക്കുന്നതിനും ധനസഹായം നൽകുന്നു. കൂടാതെ ഹൈടെക് ഫാമിംഗ് പദ്ധതി പ്രകാരം പോളീഹൗസ് നിർമ്മിക്കുന്നതിന് 75% ധനസഹായം നൽകുന്നു.

## നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിലെ കാഷ്വൽ തൊഴിലാളികൾ

18 (1520) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരുന്നൂറിലധികം ഏക്കറിൽ വ്യാപിച്ചു കിടക്കുന്ന നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിൽ 12 സ്ഥിരം തൊഴിലാളികളും 296 ക്യാഷ്വൽ തൊഴിലാളികളുമാണ് പണിയെടുക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 300-ൽ അധികം പേർ പണിയെടുക്കുന്ന പ്രസ്തുത ഫാമിന്റെ നിലവിലെ സ്റ്റാഫ് സ്ട്രെംഗ്ത് 111 മാത്രമാണെന്നുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവിടെ ജോലി നോക്കുന്ന 296 ക്യാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) 300-ൽ അധികം തൊഴിലാളികൾ പണിയെടുക്കുന്ന പ്രസ്തുത ഫാമിന്റെ സ്റ്റാഫ് സ്ട്രെംഗ്ത് 111-ൽ നിന്നും വർദ്ധിപ്പിച്ച് കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിൽ 10 സ്ഥിരം തൊഴിലാളികളും 286 കാഷ്വൽ തൊഴിലാളികളും ജോലി ചെയ്തുവരുന്നു.

(ബി) ഉണ്ട്.

(സി) നിലവിലുള്ള 101 സ്ഥിരം തൊഴിലാളികളുടെ ഒഴിവുകളിലേയ്ക്ക് സീനിയോറിറ്റി അടിസ്ഥാനത്തിൽ കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഫാമിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനനുസരിച്ച് ആനുപാതികമായി തൊഴിലാളികളുടെ എണ്ണവും വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

## കാർഷികോല്പന്നങ്ങളുടെ ഉല്പാദനം

19 (1521) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഏതെങ്കിലും കാർഷിക ഉൽപ്പന്നങ്ങളുടെ ഉത്പാദനം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) അന്യസംസ്ഥാനത്ത് നിന്നും എത്തുന്ന പച്ചക്കറികളിൽ അപകടകരമായ അളവിൽ രാസ വസ്തുക്കൾ ഉപയോഗിക്കുന്നതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിശോധിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് സംസ്ഥാനത്ത് ഉള്ളതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാർഷിക മേഖലയിൽ സമഗ്രമായ മാറ്റമുണ്ടായിട്ടുണ്ട്. എല്ലാത്തരം കാർഷിക ഉൽപന്നങ്ങളുടെയും ഉല്പാദനം വർദ്ധിച്ചിട്ടുണ്ട്. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് പ്രകാരം 2015-16 വർഷത്തെ അപേക്ഷിച്ച് ഉല്പാദന വർദ്ധനവുണ്ടായ കാർഷികോല്പന്നങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| കാർഷികോല്പന്നങ്ങളുടെ ഉല്പാദനം (ടണ്ണിൽ) | | | |
|---|---|---|---|
| ഇനം | 2015-16 | 2016-17 | 2017-18 |
| (1) | (2) | (3) | (4) |
| ചോളം | 132 | 110 | 139 |
| റാഗി | 76 | 42 | 110 |
| മെയ്സ് | 74 | 68 | 159.41 |
| തിന | 10 | 6 | 17 |
| ഉണക്ക മഞ്ഞൾ | 7112 | 6506 | 8822 |
| വെളുത്തുള്ളി | 375 | 380 | 398 |
| ചക്ക (മില്യൺ എണ്ണത്തിൽ) | 285 | 281 | 309 |
| മാങ്ങ | 414544 | 420048 | 489650 |
| ഏത്തപ്പഴം | 536155 | 489322 | 565829 |
| പൈനാപ്പിൾ | 65482 | 65978 | 82934 |
| പപ്പായ | 113075 | 116262 | 113439 |
| അസംസ്കൃത കശുവണ്ടി | 24733 | 27944 | 25629 |
| മരച്ചീനി | 2662610 | 2529729 | 2697319 |
| മധുരക്കിഴങ്ങ് | 3922 | 3086 | 4277 |

| (1) | (2) | (3) | (4) |
|---|---|---|---|
| മുരിങ്ങ | 16295 | 17079 | 16315 |
| പച്ചമുളക് | 1602 | 1616 | 1579 |
| ഉരുളക്കിഴങ്ങ് | 6581 | 8823 | 7303 |
| എള്ള് | 47.703 | 59.938 | 89.632 |
| പുകയില | 15 | 18 | 16 |
| തേയില | 57898 | 61505 | 62230 |
| റബ്ബർ | 438630 | 540400 | 540775 |

(ബി) പഴം, പച്ചക്കറി എന്നിവകളിലെ കീടനാശിനി അംശത്തിന്റെ അളവ് പരിശോധിക്കുന്നതിന് കേരള കാർഷിക സർവ്വകലാശാലയുടെ തിരുവനന്തപുരത്തുള്ള വെള്ളായണി കാർഷിക കോളേജ്, തൃശ്ശൂർ വെള്ളാനിക്കരയിലെ ഹോർട്ടികൾച്ചർ കോളേജ്, കാസർഗോഡ് പടന്നക്കാടുള്ള കാർഷിക കോളേജ് എന്നിവിടങ്ങളിൽ സംവിധാനമൊരുക്കിയിട്ടുണ്ട്. പ്രധാനമായും കൃഷിയിടങ്ങൾ, പഴം-പച്ചക്കറി സ്റ്റാളുകൾ, ഇക്കോഷോപ്പുകൾ എന്നിങ്ങനെ വിവിധയിടങ്ങളിൽനിന്നും പഴം-പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് മേൽ പ്രസ്താവിച്ചിട്ടുള്ള കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലാബുകളിൽ അയച്ച് പരിശോധന നടത്തി ഫലം കേരള സംസ്ഥാന സർക്കാരിന്റെ വെബ്സൈറ്റ്, കേരള കാർഷിക സർവ്വകലാശാല, കൃഷി വകുപ്പ് എന്നിവരുടെ വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തുന്നു. റിപ്പോർട്ടുകളിൽനിന്നും അനുവദനീയമായ അളവിലും (MRL) കൂടുതൽ കീടനാശിനി അവശിഷ്ടം ഉല്പന്നങ്ങളിൽ അടങ്ങിയിട്ടുണ്ടോയെന്നും വ്യക്തമാക്കുന്നു. കേരളത്തിലെ കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറികളിൽ ഭൂരിഭാഗവും സേഫ് ടു ഈറ്റ് ആണ്.

## ഹരിത കേരളം മിഷൻ

20 (1522) <u>ശ്രീ. എൻ. വിജയൻ പിള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിത കേരളം മിഷൻ വഴി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത് എന്ന് അറിയിക്കുമോ;

(ബി) 2016 ന് ശേഷം എത്ര ഹെക്ടർ സ്ഥലത്ത് കൃഷി അധികമായി നടത്തി എന്നറിയിക്കുമോ?

ഉത്തരം

(എ) ഹരിത കേരളം മിഷന്റെ ഭാഗമായി കൃഷി വകുപ്പിന്റെ നേതൃത്വത്തിലുള്ള സുജലം-സുഫലം ഉപമിഷനിലൂടെ നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ജൈവകൃഷിക്ക് പ്രാമുഖ്യം നൽകിയിട്ടുള്ള കൃഷി വികസന പദ്ധതികൾ
2. കേരളത്തിലെ പരമാവധി തരിശുനിലങ്ങളിൽ കൃഷിയിറക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികൾ
3. പച്ചക്കറിയിലും അടിസ്ഥാന കൃഷി ഉല്പന്നങ്ങളിലും സ്വയംപര്യാപ്തത കൈവരിക്കാൻ ലക്ഷ്യമിടുന്ന പദ്ധതികൾ
4. വീടുകളിലും സ്ഥാപനങ്ങളിലുമുണ്ടാകുന്ന ജൈവമാലിന്യങ്ങൾ കമ്പോസ്റ്റാക്കി കൃഷിക്ക് ഉപയോഗിക്കാനുതകുന്ന പദ്ധതികൾ
5. യന്ത്രവൽക്കരണം, ഉല്പാദനച്ചെലവ് കുറയ്ക്കൽ, അഗ്രോപാർക്കുകൾ
6. നാടൻ പഴവർഗ്ഗങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ
7. ഉത്തമ കൃഷിരീതികളിലൂടെ സുരക്ഷിത ഭക്ഷ്യോല്പാദനം ലക്ഷ്യമിടുന്ന പദ്ധതികൾ
8. പരിസ്ഥിതി സംരക്ഷണത്തിനും കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കുന്ന പ്രാദേശിക പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ജൈവവൈവിദ്ധ്യത്തിന്റെ പച്ചത്തുരുത്തുകൾ സ്ഥാപിക്കാനുമുള്ള സാങ്കേതിക സഹായം

(ബി) പച്ചക്കറി കൃഷി - 2016-ൽ 52830 ഹെക്ടർ സ്ഥലത്താണ് പച്ചക്കറി കൃഷി ചെയ്തിരുന്നത്. 2018-19 സാമ്പത്തിക വർഷാവസാനം 82166.55 ഹെക്ടറായി വർദ്ധിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ മൂന്ന് വർഷമായി 29336.55 ഹെക്ടർ സ്ഥലത്ത് അധികമായി പച്ചക്കറി കൃഷി നടത്താൻ സാധിച്ചു.

ജൈവകൃഷി - 2016-നുശേഷം സംസ്ഥാനത്ത് ജൈവകൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതി പ്രകാരം 47800 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി വ്യാപിപ്പിച്ചു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ പരമ്പരാഗത കൃഷി വികാസ് യോജനയിൽ 12380 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി നടത്തിവരുന്നു.

നെൽകൃഷി - 2015-16 സാമ്പത്തിക വർഷം 196870 ഹെക്ടർ നെൽകൃഷിയാണ് ചെയ്തിരുന്നത്. 2018-19 സാമ്പത്തിക വർഷത്തിൽ 202985 ഹെക്ടർ നെൽകൃഷി ചെയ്തിരുന്നു. 2018-19-ലെ ഏറ്റവും പ്രതികൂലമായ അവസ്ഥയിലും 6115 ഹെക്ടർ സ്ഥലത്ത് അധികമായി കൃഷി ചെയ്യാൻ സാധിച്ചു.

## പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കാൻ നടപടി

21 (1523) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി ഉൽപാദനത്തിൽ സംസ്ഥാനം സ്വയംപര്യാപ്തത കൈവരിക്കുന്നതിനും സുരക്ഷിത പച്ചക്കറി ഉൽപാദനം പ്രോത്സാഹിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് കൃഷി വകുപ്പ് സ്വീകരിച്ചിട്ടുള്ളത്;വ്യക്തമാക്കുമോ;

(ബി) ഇതിനായി എത്ര കോടി രൂപയാണ് 2019-20 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) പച്ചക്കറി ഉല്പാദനത്തിൽ സംസ്ഥാനം സ്വയംപര്യാപ്തത കൈവരിക്കുന്നതിനും സുരക്ഷിത പച്ചക്കറി ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് കൃഷി വകുപ്പ് നടപ്പിലാക്കുന്ന ബൃഹത് പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന വിഷലിപ്തമായ പച്ചക്കറികൾ ഒഴിവാക്കി ജൈവപച്ചക്കറികൾ ഓരോ വീട്ടിലും ഉല്പാദിപ്പിക്കാൻ വേണ്ട ബോധവത്കരണവും ഉല്പാദനോപാധികളുടെ ലഭ്യതയും ഉറപ്പാക്കുന്നതിനുവേണ്ടിയാണ് പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കിവരുന്നത്. ഈ പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. കർഷകർക്ക് കൃഷിക്കാവശ്യമായ എല്ലാവിധ സഹായങ്ങളും നൽകിവരുന്നു. സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ വിവിധ ഘടകങ്ങൾ വിജയകരമായി നടപ്പാക്കുക വഴി ഓരോ വർഷങ്ങളിലും പച്ചക്കറി കൃഷിയുടെ വിസ്തീർണ്ണം കൂട്ടുന്നതിനും അതുവഴി സംസ്ഥാനത്ത് പച്ചക്കറിയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് പച്ചക്കറി വികസന പദ്ധതി വഴി നടപ്പിലാക്കുന്ന മുഖ്യഘടകങ്ങൾ ചുവടെ ചേർക്കുന്നു.

- വീട്ടുവളപ്പിൽ പച്ചക്കറി കൃഷി പ്രോത്സാഹനം
- പച്ചക്കറി തൈകളുടെ വിതരണം
- മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും മാലിന്യസംസ്കരണവും

- സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി
- പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവത്കരണം, പ്രചരണം
- ജില്ലാ ക്ലസ്റ്ററുകൾക്ക് പച്ചക്കറി കൃഷി
- 'എ' ഗ്രേഡ് ക്ലസ്റ്റർ പ്രോത്സാഹനം
- ഗ്രേഡ് ചെയ്ത ക്ലസ്റ്ററുകളുടെ വികസനം
- ബ്ലോക്കതല ഫെഡറേറ്റഡ് സമിതികളുടെ രൂപീകരണം
- ബ്ലോക്കതല നഴ്സറികളുടെ വികസനം
- മഴമറകൾ സ്ഥാപിക്കൽ
- സൂക്ഷ്മ ജലസേചനവും ജലസേചനം വഴിയുള്ള വളപ്രയോഗവും
- തരിശുനില കൃഷി
- മാധ്യമങ്ങൾ വഴിയുള്ള വിത്തുവിതരണം, എൻ.ജി.ഒ.കൾ മുഖേന പച്ചക്കറി വിത്തുവിതരണം
- വി.എഫ്.പി.സി.കെ. വഴിയുള്ള പച്ചക്കറി വികസന പദ്ധതികൾക്കായി ധനസഹായം

സുരക്ഷിത പച്ചക്കറി ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി "സേഫ് റ്റു ഈറ്റ് " എന്ന ഘടകം നടപ്പിലാക്കി വരുന്നു. മാർക്കറ്റുകൾ, ഇക്കോഷോപ്പുകൾ, കൃഷിയിടങ്ങൾ എന്നിവയിൽനിന്ന് പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലാബിൽ പരിശോധിച്ച് ഫലം പരസ്യപ്പെടുത്തുന്നു. കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടലിലും കേരള കാർഷിക സർവ്വകലാശാല, കൃഷി വകുപ്പ് എന്നിവയുടെ വെബ്സൈറ്റുകൾ വഴിയും പരിശോധനാ ഫലം പ്രസിദ്ധപ്പെടുത്തുന്നു. ഇത് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും വിഷലിപ്തമായ പച്ചക്കറികളുടെ ഉല്പാദനത്തിൽ നിയന്ത്രണം വരുത്തുന്നതിനും ഒരു പരിധിവരെ സഹായിക്കുന്നുണ്ട്.

(ബി) സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം 2019-20 സാമ്പത്തിക വർഷത്തിൽ 6390 ലക്ഷം രൂപയുടെ പദ്ധതികൾ കൃഷി വകുപ്പ് നേരിട്ടും 700 ലക്ഷം രൂപയുടെ പദ്ധതികൾ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള മുഖേനയും നടപ്പിലാക്കാനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## പഴവർഗ്ഗ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി

22 (1524) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സംസ്ഥാനമായ കേരളത്തിൽ മാമ്പഴം ഉൾപ്പെടെ സമൃദ്ധമായി ലഭിച്ചിരുന്ന പഴവർഗ്ഗ കൃഷിയുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാമ്പഴം ഉൾപ്പെടെയുള്ള ഔഷധമൂല്യമേറിയ പഴവർഗ്ഗങ്ങളുടെ ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് പഴവർഗ്ഗങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിന് നൂതനപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മുഖാന്തരം മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതി പ്രകാരം 2019-20 വാർഷിക കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി 90 ഹെക്ടറിൽ ഫലവർഗ്ഗങ്ങളുടെ വിളവിസ്തൃതി വ്യാപനവും 2018-19-ൽ അനുവദിച്ച സ്പെഷ്യൽ പാക്കേജ് പ്രകാരം 375 ഹെക്ടറിൽ മാവിന്റെ വിള വിസ്തൃതി വ്യാപനവും നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുന്നമുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതാണ്. ഇതിനായി ഹെക്ടർ ഒന്നിന് 18,000 രൂപ സബ്സിഡി നൽകുന്നതായിരിക്കും. പി.ജി.എസ്. സർട്ടിഫിക്കേഷനോടുകൂടിയുള്ള ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്ന പദ്ധതിയായ പരമ്പരാഗത കൃഷി വികാസ് യോജന (PKVY)-ൽ ഉൾപ്പെടുത്തിയും മാവിന്റെ വിളവിസ്തൃതി വ്യാപനം നടത്താൻ ഉദ്ദേശിക്കുന്നു. ഇതിനായി 50 ഏക്കർ വിസ്തൃതിയുള്ള ഒരു ക്ലസ്റ്ററിന് മൂന്ന് വർഷമായി 14.95 ലക്ഷം രൂപ നൽകുന്നു.

കൂടാതെ, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരളയുടെ ആഭിമുഖ്യത്തിൽ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (എം.ഐ.ഡി.എച്ച്.), രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ.), പ്രധാൻമന്ത്രി കൃഷി സിഞ്ചായ് യോജന (പി.എം.കെ.എസ്.വൈ), പരമ്പരാഗത് കൃഷി വികാസ് യോജന (പി.കെ.വി.വൈ.) എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി മാവ് കൃഷി വികസനത്തിനായി ഏകദേശം 7 കോടി രൂപയുടെ പദ്ധതികൾ പാലക്കാട് ജില്ലയിലെ മുതലമടയിലും സമീപ പഞ്ചായത്തുകളിലുമായി നടപ്പിലാക്കിവരുന്നു.

(സി) സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരള മുഖാന്തരം മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതി പ്രകാരം പഴവർഗ്ഗങ്ങളായ സ്ട്രോബറി, വാഴ, കൈതച്ചക്ക, വാഴ (ടിഷ്യൂകൾച്ചർ), പപ്പായ, മാവ്, പേര, ലിച്ചി, മാതളം, ആപ്പിൾ, നാരകം എന്നിവയുടെ വിളവിസ്തൃതി വ്യാപനത്തിന് താഴെക്കൊടുത്തിരിക്കുന്ന പ്രകാരം ധനസഹായം നൽകിവരുന്നു.

| വിള | ധനസഹായം (ലക്ഷം രൂപ/ഹെക്ടർ) |
|---|---|
| സ്ട്രോബറി | 0.50 |
| വാഴ (കന്ന്) | 0.2625 |
| കൈതച്ചക്ക (കന്ന്) | 0.2625 |
| വാഴ (ടിഷ്യൂകൾച്ചർ) | 0.375 |
| പപ്പായ<br>(a) സൂക്ഷ്മ ജലസേചന സൗകര്യത്തോടു കൂടിയത് | 0.6 |
| (b) സൂക്ഷ്മ ജലസേചന സൗകര്യമില്ലാത്തത് | 0.225 |
| അതിസാന്ദ്രതാ കൃഷി | 0.48 |
| ഹൈഡെൻസിറ്റി പ്ലാന്റിംഗ് (മാവ്, പേര, ലിച്ചി, മാതളം, ആപ്പിൾ, നാരകം)<br>(a) സൂക്ഷ്മ ജലസേചന സൗകര്യത്തോടു കൂടിയത് | 0.36 |
| (b) സൂക്ഷ്മ ജലസേചന സൗകര്യമില്ലാത്തത് | 0.24 |
| സാധാരണ അകലം പാലിക്കുന്ന ഉൽപാദന ചെലവ് കൂടുതലല്ലാത്ത ഫലവർഗ്ഗങ്ങൾ (സൂക്ഷ്മ ജലസേചന സൗകര്യമില്ലാത്തത്) | 0.18 |

## പച്ചക്കറികളുടെയും പഴങ്ങളുടെയും ഗുണനിലവാരം

23 (1525) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറികളുടെയും പഴങ്ങളുടെയും ഗുണനിലവാരം അളക്കുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത സംവിധാനങ്ങൾ മെച്ചപ്പെടുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പച്ചക്കറികളുടെയും പഴങ്ങളുടെയും ഗുണനിലവാരം നിർണ്ണയിക്കുന്നതിന് ജൈവകൃഷിയും ഉത്തമ കൃഷിമുറകളും എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി മുഖേനയും പരമ്പരാഗത കൃഷി വികാസ് യോജന എന്ന കേന്ദ്രാവിഷ്കൃത പദ്ധതി മുഖേനയും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഗുണനിലവാരം പരിശോധിക്കുന്നതിന് സംസ്ഥാനത്ത് കേരള കാർഷിക സർവ്വകലാശാലയുടെ തിരുവനന്തപുരത്തെ വെള്ളായണി കാർഷിക കോളേജ്, തൃശ്ശൂർ വെള്ളാനിക്കരയിലെ ഹോർട്ടികൾച്ചർ കോളേജ്, കാസർഗോഡ് പടന്നക്കാട് കാർഷിക കോളേജ് എന്നിവിടങ്ങളിൽ ആധുനിക സൗകര്യങ്ങളുള്ള ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രധാനമായും കൃഷിയിടങ്ങൾ, പഴം-പച്ചക്കറി സ്റ്റാളുകൾ, ഇക്കോഷോപ്പുകൾ എന്നിങ്ങനെ വിവിധയിടങ്ങളിൽനിന്നും പഴം-പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് മേൽ പ്രസ്താവിച്ചിട്ടുള്ള കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബുകളിൽ അയച്ച് പരിശോധന നടത്തി ഫലം കേരള സംസ്ഥാന സർക്കാരിന്റെ വെബ്സൈറ്റിലും കേരള കാർഷിക സർവ്വകലാശാല, കൃഷി വകുപ്പ് എന്നിവരുടെ വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തുന്നു. പരമ്പരാഗത കൃഷി വികാസ് യോജന (PKVY) പദ്ധതിയിൽ APEDA അംഗീകാരമുള്ള ലാബുകളിൽ പഴം, പച്ചക്കറി ഉൾപ്പെടെ മുന്നൂറിലധികം സാമ്പിളുകൾ 2019-ൽ പരിശോധിക്കുകയുണ്ടായി.

(ബി) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറികളുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

- സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പഴങ്ങളുടെയും പച്ചക്കറികളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സംസ്ഥാനത്തെ എല്ലാ ജൈവ ക്ലസ്റ്ററുകളെയും ജൈവ കർഷകരെയും FSSAI-യുടെ കീഴിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

- പഴം, പച്ചക്കറികളുടെ ഉല്പാദനത്തിൽ ഉല്പാദനം മുതൽ വിപണി വരെയുള്ള എല്ലാ പ്രവർത്തനങ്ങളും സൂക്ഷ്മമായി നിരീക്ഷിച്ചുവരുന്നു.

- മാരകമായ കീടനാശിനികൾ ഒഴിവാക്കി ജൈവ കീടനാശിനികളുടെ ഉപയോഗം, പ്രയോഗരീതികൾ, പാലിക്കേണ്ട മുൻകരുതലുകൾ എന്നിവയ്ക്കായി കർഷകർക്കായുള്ള പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നു.

- കീടനാശിനി അവശിഷ്ട പരിശോധനാ ലാബുകൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

- അവശിഷ്ട കീടനാശിനി പരിശോധന നടത്തിവരുന്നു.
- കൂട്ടായ IEC പ്രവർത്തനങ്ങളിലൂടെ പൊതുജനങ്ങൾക്കും ഭക്ഷ്യസംരംഭകർക്കും കർഷകർക്കും അവബോധം സൃഷ്ടിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

### ഇടക്കൊച്ചി വില്ലേജിലെ ചെട്ടിപ്പാടം പാടശേഖരം

24 (1526) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ഇടക്കൊച്ചി വില്ലേജിൽ വർഷങ്ങളോളം കൃഷി ചെയ്തിരുന്ന മൂന്ന് ഏക്കറോളം വരുന്ന ചെട്ടിപാടം പാടശേഖരത്തിൽ കണ്ടൽക്കാടുകളും കളച്ചെടികളും പടർന്നുപിടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ കൃഷി ഇറക്കുന്ന കാര്യം നിരവധി തവണ ശ്രദ്ധയിൽപ്പെടുത്തിയിട്ടും യാതൊരു നടപടിയും സ്വീകരിക്കാത്തതിന് കാരണം വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ചെട്ടിപ്പാടം പാടശേഖരത്തിൽ കൃഷിയിറക്കുന്നതിനുവേണ്ടി കൊച്ചിൻ കോർപ്പറേഷൻ കൃഷിഭവൻ നിരവധി ശ്രമങ്ങൾ നടത്തിയിരുന്നു. പലതവണ പാടശേഖര സമിതി വിളിച്ചുകൂട്ടാൻ ശ്രമിച്ചെങ്കിലും കർഷകരുടെ ഭാഗത്തുനിന്നും യാതൊരുവിധ അനുകൂല നിലപാടുകളും ലഭിക്കാത്തതുമൂലം കൃഷിയിറക്കുന്നതിനുള്ള ശ്രമം ഫലവത്തായില്ല.

കൊച്ചി കോർപ്പറേഷൻ എറണാകുളം ജില്ലയിലെ ചെട്ടിപ്പാടം പാടശേഖരത്തിൽ പൊക്കാളികൃഷി ഇറക്കുന്നതിന് വെള്ളം വറ്റിക്കാൻ പെട്ടിയും പറയും സ്ഥാപിക്കാൻ 2017-18 വാർഷിക പദ്ധതിയിൽ 3 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ആ തുക പെട്ടിയും പറയും സ്ഥാപിക്കാൻ മതിയാകാത്തതുകാരണം 2018-19-ൽ 6 ലക്ഷം രൂപ വകയിരുത്തുകയും ആയതിന് ടെണ്ടർ ക്ഷണിക്കുകയും 5 ലക്ഷം രൂപയ്ക്ക് ടെണ്ടർ ഉറപ്പിക്കുകയും ചെയ്തു. കൊച്ചിൻ കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറായിരുന്നു നിർവ്വഹണോദ്യോഗസ്ഥ. എന്നാൽ കർഷകർ സഹകരിക്കാത്തതുകാരണം നാളിതുവരെ ആയത് സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല. പെട്ടിയും പറയും സ്ഥാപിച്ച് വെള്ളം വറ്റിച്ചാൽ മാത്രമേ ആ പാടശേഖരത്തിൽ കൃഷിയിറക്കാൻ സാധിക്കുകയുള്ളൂ.

**വെള്ളായണി കായൽ പുഞ്ച സ്പെഷ്യൽ ഓഫീസർ**

25(1527) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വെള്ളായണിക്കായൽ പാടശേഖരം പുഞ്ച സ്പെഷ്യൽ ഓഫീസർ ആയി ആരെയാണ് നിയമിച്ചിരിക്കുന്നത്;

(ബി) ഈ പാടശേഖരങ്ങളിൽ കൃഷി വർദ്ധിപ്പിക്കുവാൻ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിവരുന്നത്; പുതിയ പദ്ധതികൾ ഏതെങ്കിലും സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം വെള്ളായണി കായൽ പാടശേഖരം പുഞ്ച സ്പെഷ്യൽ ഓഫീസർ എന്ന തസ്തിക നിലവിലില്ല.

(ബി) ഈ പാടശേഖരങ്ങളിൽ നെൽകൃഷി വർദ്ധിപ്പിക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിപ്രകാരം കർഷകർക്ക് വിത്ത്, വളം, ജൈവ കീടനാശിനി എന്നിവയ്ക്ക് ഹെക്ടറിന് 13,000 രൂപയും ഉഴവുകൂലി ഹെക്ടറിന് 17,000 രൂപയും ധനസഹായമായി നൽകുന്നുണ്ട്. സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി പ്രകാരം സുസ്ഥിര നെൽകൃഷി വികസനത്തിനായി ഹെക്ടർ ഒന്നിന് 5,500 രൂപയും തരിശുനില കൃഷിക്ക് ഹെക്ടറിന് 30,000 രൂപയും നൽകിവരുന്നുണ്ട്.

അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്ക് RKVY, RIDF, നെൽകൃഷി വികസന പദ്ധതിയുടെ പദ്ധതിയധിഷ്ഠിത ധനസഹായം, തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ എന്നിവയിൽ ഏതിലെങ്കിലും ഉൾപ്പെടുത്തി ധനസഹായം നൽകാൻ കഴിയുന്നതാണ്.

**കോങ്ങാട് മണ്ഡലത്തിലെ കതിർ പദ്ധതി**

26 (1528) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ കതിർ പദ്ധതിയുടെ നിലവിലെ പുരോഗതി സംബന്ധിച്ച വിവരം നൽകുമോ;

(ബി) ഇതിലേയ്ക്കായി എത്ര തുക ഈ വർഷം വിവിധ പദ്ധതികളിലായി നീക്കി വെച്ചിട്ടുണ്ടെന്നുള്ള വിവരം നൽകുമോ;

(സി) 19-6-2018-ന് നിയമസഭ മന്ദിരത്തിലെ ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ വെച്ച് നടന്ന യോഗത്തിന്റെ തീരുമാനപ്രകാരം സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ നൽകുമോ;

(ഡി) ആർ. കെ. വി. വൈ.-റാഫ്ത്താർ (RAFTAAR)-2018-19-ലെ മാനദണ്ഡങ്ങൾ സംബന്ധിച്ച് ഡയറക്ടറേറ്റിൽ നിന്നും നിർദ്ദേശിച്ച പ്രകാരം പാലക്കാട് പി.എ.ഒ., ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) കോങ്ങാട് മണ്ഡലത്തിലെ കതിർ പദ്ധതിയിൽ വിഭാവനം ചെയ്ത വിവിധ ഘടകങ്ങൾ കൃഷി വകുപ്പിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു.

(ബി) കതിർ പദ്ധതിക്കായി പ്രത്യേകം തുക നീക്കിവച്ചിട്ടില്ല. എന്നിരുന്നാലും കൃഷി വകുപ്പിന്റെ മറ്റ് പദ്ധതികളിൽ (നെൽകൃഷി വികസന പദ്ധതി, പച്ചക്കറി വികസന പദ്ധതി, സോയിൽ ആൻഡ് റൂട്ട് മാനേജ്മെന്റ് പദ്ധതി മുതലായവ) അനുവദിച്ച ഘടകങ്ങൾ പ്രത്യേക ഊന്നൽ നൽകി കോങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിവരുന്നു.

(സി) കതിർ പദ്ധതിക്കായി 4530 ലക്ഷം രൂപയുടെ പ്രോജക്ട് ആർ.കെ.വി.വൈ.-ൽ സമർപ്പിക്കുകയുണ്ടായെങ്കിലും 9-4-2018-ൽ കൂടിയ State Level Sanctioning Committee യോഗത്തിൽ റീഫർ വാനുകൾ വാങ്ങുന്നതിനായി 16 ലക്ഷം രൂപ മാത്രമാണ് അംഗീകരിച്ചത്. ആയതിനാൽ 19-6-2018-ൽ കൃഷി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ നിലവിൽ നടപ്പിലാക്കിവരുന്ന കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികൾ കോങ്ങാട് മണ്ഡലത്തിൽ കൂടുതൽ പ്രാതിനിധ്യം നൽകി നടപ്പിലാക്കുന്നതിനും എഫ്.പി.ഒ. രൂപീകരിച്ച് അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനും മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിനും കോങ്ങാട് ഫാമിൽ ആർ.കെ.വി.വൈ. റാഫ്ത്താർ നിയമാവലിക്ക് അനുസൃതമായി ഒരു പരിശീലന കേന്ദ്രം ആരംഭിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതിന് തീരുമാനമാകുകയും ഈ വിവരം 3-9-2018-ന് പാലക്കാട് ജില്ലാ കൃഷി ഓഫീസറെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) പാലക്കാട് പി.എ.ഒ., ഡി.പി.ആർ. സമർപ്പിച്ചിട്ടില്ല.

## കതിർ പ്രോജക്ടിന് അനുവദിച്ച തുക

27 (1529) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് പ്ലാനിന്റെ ക്രോപ് പ്രൊഡക്ഷൻ പദ്ധതിയിൽ നിന്ന് കതിർ പ്രോജക്ടിന് തുക അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കുമോ;

(ബി) കതിർ പ്രോജക്ടിന്റെ കോമൺ ഫെസിലിറ്റി സെന്ററിന് ബഡ്ജറ്റിൽ തുക വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കോങ്ങാട് മണ്ഡലത്തിൽ നിന്നും ഡി.ഐ.പി. (ജില്ലാ ഇറിഗേഷൻ പ്ലാൻ) പ്രകാരമുള്ള എത്ര പദ്ധതികൾ പി.എം.കെ.എസ്.വൈ-യിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ?

### ഉത്തരം

(എ) ഇല്ല. സ്റ്റേറ്റ് പ്ലാനിന്റെ ക്രോപ് പ്രൊഡക്ഷൻ പദ്ധതിയിൽ നിന്ന് നിയോജകമണ്ഡലാടിസ്ഥാനത്തിൽ തുക വകയിരുത്തലുകൾ നടത്താറില്ല.

(ബി) 2019-20 വർഷത്തെ ബഡ്ജറ്റിൽ കതിൽ പ്രോജക്ടിന്റെ കോമൺ ഫെസിലിറ്റി സെന്ററിന് തുക വകയിരുത്തിയിട്ടില്ല.

(സി)പി.എം.കെ.എസ്.വൈ.-ൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| 2016-17 വർഷം | | | |
|---|---|---|---|
| ക്രമ നമ്പർ | ഇനം | വിസ്തൃതി/എണ്ണം | തുക (ലക്ഷത്തിൽ) |
| 1 | കണിക ജലസേചനം (ഡ്രിപ്) | 27.75 ഹെക്ടർ | 7.20447 |
| 2 | കണിക ജലസേചനം (സ്പ്രിംഗ്ലർ) | 13 ഹെക്ടർ | 4.22280 |
| 3 | വാട്ടർ ലിഫ്റ്റിംഗ് ഡിവൈസസ് | 677+1 എണ്ണം | 6.76468+0.15 |
| 4 | ഇൻ-സീറ്റ്മോയ്സ്റ്റർ കൺസർവേഷൻ | 8 ഹെക്ടർ | 0.32000 |
| 5 | റെനവേഷൻ ഓഫ് സ്മോൾ ടാങ്ക് | 4 എണ്ണം | 0.60000 |
| 6 | വാട്ടർ ഹാർവെസ്റ്റിംഗ് സ്ട്രക്ചർ | 2 എണ്ണം | 1.52300 |

| | | | |
|---|---|---|---|
| 2018-19 വർഷം | | | |
| 1 | വാട്ടർ ലിഫ്റ്റിംഗ് ഡിവൈസസ് | 26 എണ്ണം | 3.9 |
| 2 | വാട്ടർ ഹാർവെസ്റ്റിംഗ് സ്ട്രക്ചർ | 3 എണ്ണം | 0.75000 |
| 2019-20-ലെ പ്രൊപ്പോസൽ | | | |
| 1 | വാട്ടർ ലിഫ്റ്റിംഗ് ഡിവൈസസ് | 100 എണ്ണം | 15 |
| 2 | റെനവേഷൻ ഓഫ് സ്മോൾ ടാങ്ക് | 5 എണ്ണം | 0.75000 |

**പാലക്കാട് ജില്ലയിലെ നെൽകൃഷി**

28 (1530) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഈ വർഷം എത്ര ഹെക്ടറിലാണ് നെൽകൃഷി ചെയ്തതെന്ന് നിയോജകമണ്ഡലാടിസ്ഥാനത്തിൽ വെളിപ്പെടുത്തുമോ;

(ബി) നാളിതുവരെ കർഷകരിൽ നിന്ന് സംഭരിച്ച നെല്ലിന്റെ അളവ് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ ഈ വർഷം മൂന്നുവിളകളിലുമായി 77103 ഹെക്ടർ നെൽകൃഷി ചെയ്തിട്ടുണ്ട്. ആയതിന്റെ നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള വിവരം ചുവടെ ചേർക്കുന്നു:

| നിയോജക മണ്ഡലം | നെൽപ്പാടത്തിന്റെ വിസ്തൃതി (ഹെക്ടറിൽ) |
|---|---|
| (1) | (2) |
| ആലത്തൂർ | 10624 |
| തൃത്താല | 2780 |
| പട്ടാമ്പി | 2160 |
| ഷൊർണ്ണൂർ | 2119 |
| ഒറ്റപ്പാലം | 3035 |
| കോങ്ങാട് | 1661 |
| മണ്ണാർക്കാട് | 123 |
| മലമ്പുഴ | 4258 |
| പാലക്കാട് | 3655 |

| (1) | (2) |
|---|---|
| തത്രൂർ | 4888 |
| ചിറ്റൂർ | 6379 |
| നെന്മാറ | 9909 |
| കുഴൽമന്ദം | 14809 |
| കൊല്ലംകോട് | 10703 |
| ആകെ | 77103 |

(ബി) നാളിതുവരെ പാലക്കാട് ജില്ലയിൽനിന്നും 247424.218 ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്.

**നെൽകൃഷി വികസനത്തിന് സ്വീകരിച്ച നടപടികൾ**

29 (1531) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകൃഷി ചെയ്യുന്ന എത്ര ലക്ഷം ഹെക്ടർ ഭൂമിയാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) നെൽകൃഷിഭൂമിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും കൂടുതൽ നെല്ലുൽപ്പാദിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുവാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ ;

(സി) 2019-20 സാമ്പത്തിക വർഷം നെൽകൃഷി വികസനത്തിനായി എത്ര കോടി വകയിരുത്തിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ജില്ലകളിൽനിന്നും ശേഖരിച്ചിട്ടുള്ള കണക്കുകൾ പ്രകാരം 2018-19 സാമ്പത്തിക വർഷം നെൽകൃഷി ചെയ്തിട്ടുള്ള വിസ്തൃതി 202985.24 ഹെക്ടറാണ്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | നിലവിലുള്ള നെൽവയലുകളുടെ വിസ്തൃതി (ഹെക്ടർ) |
|---|---|
| (1) | (2) |
| തിരുവനന്തപുരം | 2038.7 |
| കൊല്ലം | 2110.1 |
| പത്തനംതിട്ട | 3198.71 |
| ആലപ്പുഴ | 42273.16 |

| (1) | (2) |
|---|---|
| കോട്ടയം | 22222.88 |
| ഇടുക്കി | 682.11 |
| എറണാകുളം | 5016.42 |
| തൃശ്ശൂർ | 22276.09 |
| പാലക്കാട് | 77103.43 |
| മലപ്പുറം | 8339.62 |
| കോഴിക്കോട് | 2351.58 |
| വയനാട് | 7761.43 |
| കണ്ണൂർ | 5331.94 |
| കാസർഗോഡ് | 2279.07 |
| ആകെ | 202985.24 |

(ബി) സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഭാഗമായ "പ്രൊഡക്ടിവിറ്റി ഇംപ്രൂവ്മെന്റ് ഓഫ് റൈസ് ഇൻ കേരള" എന്നിവ പ്രകാരമുള്ള ആനുകൂല്യങ്ങൾ സംസ്ഥാനത്തെ മുഴുവൻ നെൽകർഷകർക്കും നൽകുന്നു. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി പാലക്കാട് ജില്ലയ്ക്കായി നടപ്പാക്കുന്നുണ്ട്. ഏഴ് പ്രത്യേക കാർഷിക മേഖലകളിലായി അടിസ്ഥാന സൗകര്യ വികസനത്തിന് മുൻതൂക്കം നൽകിക്കൊണ്ടുള്ള പ്രത്യേക കാർഷിക മേഖലാ പദ്ധതിയും നടപ്പിലാക്കിവരുന്നു.

നെൽകൃഷി വികസന പദ്ധതി പ്രകാരം സുസ്ഥിര നെൽകൃഷി വികസനത്തിന് ഹെക്ടറൊന്നിന് 5500 രൂപയും സവിശേഷ നെല്ലിനങ്ങളുടെ വികസനത്തിന് 10,000 രൂപയും ഒരുപ്പൂ കൃഷി ഇരുപ്പൂവാക്കുന്നതിന് 10,000 രൂപയും കരനെൽ കൃഷിക്ക് 13,600 രൂപയും ധനസഹായമായി നൽകും. തരിശുനിലത്തിലെ കൃഷിക്ക് ഹെക്ടറൊന്നിന് ഒന്നാം വർഷം 30,000 രൂപയും രണ്ടാം വർഷം 7,000 രൂപയും മൂന്നാം വർഷം 4,500 രൂപയുമാണ് ധനസഹായം നൽകുന്നത്. ഇതിനുപുറമേ നഗരപ്രദേശത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളിലുൾപ്പെടെയുള്ള നെൽകൃഷി വികസനത്തിനുള്ള പദ്ധതിയധിഷ്ഠിത ധനസഹായവും റൈസ് ഇന്നൊവേഷൻ ഫണ്ട് പ്രകാരമുള്ള പദ്ധതിയധിഷ്ഠിത ധനസഹായവും നൽകുന്നുണ്ട്.

രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഭാഗമായ "പ്രൊഡക്റ്റിവിറ്റി ഇംപ്രൂവ്മെന്റ് ഓഫ് റൈസ് ഇൻ കേരള" പ്രകാരം നെൽവിത്ത് വാങ്ങുന്നതിന് ഹെക്ടറിന് ആയിരം രൂപയും കുമ്മായ വസ്തുക്കൾ വാങ്ങുന്നതിന് ഹെക്ടറിന് ആയിരം രൂപയും സൂക്ഷ്മമൂലക വളങ്ങൾ വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും സംയോജിത കീടനിയന്ത്രണത്തിന് 500 രൂപയും കസ്റ്റം ഹയറിംഗ് സെന്റർ മുഖേനയുള്ള യന്ത്രവൽക്കരണത്തിന് ഹെക്ടറിന് 1500 രൂപയും ഉൾപ്പെടുത്തി ഹെക്ടറൊന്നിന് പരമാവധി 4500 രൂപയുടെ ധനസഹായം നൽകുന്നു.

ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി പ്രകാരം 100 ഹെക്ടർ വിസ്തൃതിയുള്ള ക്ലസ്റ്ററുകളിൽ വിവിധ പ്രദർശനത്തോട്ടങ്ങൾ ചെയ്യുന്നതിന് ഹെക്ടറൊന്നിന് 9,000 രൂപ ധനസഹായം നൽകും. ക്രോപ്പിംഗ് സിസ്റ്റം പ്രദർശനത്തോട്ടത്തിന് ഹെക്ടറൊന്നിന് 15,000 രൂപയും ഹൈബ്രിഡ് വിത്തുപയോഗിക്കുന്നതിന് ഒരു ക്വിന്റലിന് 10,000 രൂപയും റിലീസ് ചെയ്തിട്ട് പത്ത് വർഷത്തിൽ താഴെയുള്ള അത്യുൽപാദനശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 2,000 രൂപയും റിലീസ് ചെയ്തിട്ട് പത്ത് വർഷത്തിൽ കൂടുതലുള്ള അത്യുൽപാദനശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 1,000 രൂപയും ലഭിക്കും. സൂക്ഷ്മമൂലക വളങ്ങൾ വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും കുമ്മായ വസ്തുക്കൾ വാങ്ങുന്നതിന് ഹെക്ടറിന് 1,000 രൂപയും കീടനാശിനി/ജൈവ കീടനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും കളനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും ആനുകൂല്യം നൽകും. മരുന്ന് തളിക്കുന്നതിനുള്ള സ്പ്രേയറിന് 600 രൂപയും പവർ സ്പ്രേയറിന് 3,000 രൂപയും വിന്നോവറിന് 10,000 രൂപയുമാണ് സബ്സിഡി നൽകുക. പമ്പുസെറ്റ് സ്ഥാപിക്കുന്നതിന് 10,000 രൂപ സബ്സിഡി നൽകും.

സംസ്ഥാനത്ത് നെൽകൃഷിക്ക് അനുയോജ്യ കാർഷിക കാലാവസ്ഥയുള്ള പ്രദേശങ്ങളെ നെൽകൃഷിയുടെ പ്രത്യേക കാർഷിക മേഖലകളായി കണക്കാക്കി അവിടെയുള്ള സ്രോതസ്സുകളും സാധ്യതകളും പരിമിതികളും പരിഗണിച്ച് വിത്ത് മുതൽ വിപണി വരെയുള്ള എല്ലാ ഭൗതിക സാമ്പത്തിക സാഹചര്യങ്ങളും സജ്ജമാക്കി പരമാവധി ഉൽപാദനം കൈവരിക്കാനും ഉൽപന്നത്തിന്റെ മെച്ചപ്പെട്ട കൈകാര്യത്തിലൂടെയും മൂല്യവർദ്ധനവിലൂടെയും മെച്ചപ്പെട്ട വിപണന സംവിധാനത്തിലൂടെയും കർഷകർക്ക് പരമാവധി വരുമാനം ലഭ്യമാക്കാനുമായി ഏഴ് പ്രത്യേക കാർഷിക മേഖലയ്ക്കുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികളും നടപ്പിലാക്കുന്നു.

(സി) 2019-20 സാമ്പത്തിക വർഷം നെൽകൃഷി വികസന പദ്ധതിക്കായി 9,085 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സുസ്ഥിര നെൽകൃഷി വികസനം, തരിശുനില കൃഷി, കരനെൽ കൃഷി, ഒരുപ്പൂ നിലങ്ങളിൽ ഇരുപ്പൂ കൃഷി ചെയ്യുന്നതിനുള്ള ധനസഹായം, സവിശേഷ നെല്ലിനങ്ങളുടെ വ്യാപനം, പദ്ധതിയധിഷ്ഠിത ധനസഹായത്തിനുള്ള ഘടകങ്ങൾ, രജിസ്റ്റേർഡ് വിത്തുൽപാദന പദ്ധതി, നെൽവയൽ നികത്തൽ നിയമം നടപ്പാക്കൽ, ഗ്രൂപ്പ് ഫാമിംഗ് സമിതികൾക്കും നെൽകൃഷി വികസന ഏജൻസികൾക്കുമുള്ള പ്രവർത്തന ധനസഹായം എന്നീ ഘടകങ്ങൾക്കാണ് തുക വകയിരുത്തിയിട്ടുള്ളത്.

**നെൽകൃഷി വ്യാപിപ്പിക്കൽ**

30 (1532) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെൽകൃഷി വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര ഹെക്ടർ സ്ഥലത്ത് നെൽകൃഷി വ്യാപിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഭാഗമായ "പ്രൊഡക്ടിവിറ്റി ഇംപ്രൂവ്മെന്റ് ഓഫ് റൈസ് ഇൻ കേരള" എന്നിവ പ്രകാരമുള്ള ആനുകൂല്യങ്ങൾ സംസ്ഥാനത്തെ മുഴുവൻ നെൽകർഷകർക്കും നൽകുന്നു. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി പാലക്കാട് ജില്ലയ്ക്കായി നടപ്പാക്കുന്നുണ്ട്. ഏഴ് പ്രത്യേക കാർഷിക മേഖലകളിലായി അടിസ്ഥാന സൗകര്യ വികസനത്തിന് മുൻതൂക്കം നൽകിക്കൊണ്ടുള്ള പ്രത്യേക കാർഷിക മേഖലാ പദ്ധതിയും നടപ്പിലാക്കിവരുന്നു.

നെൽകൃഷി വികസന പദ്ധതി പ്രകാരം സുസ്ഥിര നെൽകൃഷി വികസനത്തിന് ഹെക്ടറൊന്നിന് 5,500 രൂപയും സവിശേഷ നെല്ലിനങ്ങളുടെ വികസനത്തിന് 10,000 രൂപയും ഒരുപ്പൂ കൃഷി ഇരുപ്പൂവാക്കുന്നതിന് 10,000 രൂപയും കരനെൽ കൃഷിക്ക് 13,600 രൂപയും ധനസഹായമായി നൽകും. തരിശുനിലത്തിലെ കൃഷിക്ക് ഹെക്ടറൊന്നിന് ഒന്നാം വർഷം 30,000 രൂപയും രണ്ടാം വർഷം 7,000 രൂപയും മൂന്നാം വർഷം 4,500 രൂപയുമാണ്

ധനസഹായം നൽകുന്നത്. ഇതിനുപുറമേ നഗരപ്രദേശത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളുൾപ്പെടെയുള്ള നെൽകൃഷി വികസനത്തിനുള്ള പദ്ധതിയധിഷ്ഠിത ധനസഹായവും റൈസ് ഇന്നൊവേഷൻ ഫണ്ട് പ്രകാരമുള്ള പദ്ധതിയധിഷ്ഠിത ധനസഹായവും നൽകുന്നുണ്ട്.

2017-18 സാമ്പത്തിക വർഷം ബ്ലോക്കുതല സംയോജനത്തിനും റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിനും പദ്ധതിയധിഷ്ഠിത ധനസഹായം നൽകിയിരുന്നു.

രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഭാഗമായ "പ്രൊഡക്ടിവിറ്റി ഇംപ്രൂവ്മെന്റ് ഓഫ് റൈസ് ഇൻ കേരള" പ്രകാരം നെൽവിത്ത് വാങ്ങുന്നതിന് ഹെക്ടറിന് 1,000 രൂപയും കുമ്മായ വസ്തുക്കൾ വാങ്ങുന്നതിന് ഹെക്ടറിന് 1,000 രൂപയും സൂക്ഷ്മമൂലക വളങ്ങൾ വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും സംയോജിത കീടനിയന്ത്രണത്തിന് 500 രൂപയും കസ്റ്റം ഹയറിംഗ് സെന്റർ മുഖേനയുള്ള യന്ത്രവൽക്കരണത്തിന് ഹെക്ടറിന് 1,500 രൂപയും ഉൾപ്പെടുത്തി ഹെക്ടറൊന്നിന് പരമാവധി 4,500 രൂപയുടെ ധനസഹായം നൽകുന്നു.

ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി പ്രകാരം 100 ഹെക്ടർ വിസ്തൃതിയുള്ള ക്ലസ്റ്ററുകളിൽ വിവിധ പ്രദർശനത്തോട്ടങ്ങൾ ചെയ്യുന്നതിന് ഹെക്ടറൊന്നിന് 9,000 രൂപ ധനസഹായം നൽകും. ക്രോപ്പിംഗ് സിസ്റ്റം പ്രദർശനത്തോട്ടത്തിന് ഹെക്ടറൊന്നിന് 15,000 രൂപയും ഹൈബ്രിഡ് വിത്തുപയോഗിക്കുന്നതിന് ഒരു ക്വിന്റലിന് 10,000 രൂപയും റിലീസ് ചെയ്തിട്ട് പത്ത് വർഷത്തിൽ താഴെയുള്ള അത്യുല്പാദനശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 2,000 രൂപയും റിലീസ് ചെയ്തിട്ട് പത്ത് വർഷത്തിൽ കൂടുതലുള്ള അത്യുല്പാദനശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 1,000 രൂപയും ലഭിക്കും. സൂക്ഷ്മമൂലക വളങ്ങൾ വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും കുമ്മായ വസ്തുക്കൾ വാങ്ങുന്നതിന് ഹെക്ടറിന് 1,000 രൂപയും കീടനാശിനി/ജൈവ കീടനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും കളനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും ആനുകൂല്യം നൽകുന്നു. മരുന്ന് തളിക്കുന്നതിനുള്ള സ്പ്രേയറിന് 600 രൂപയും പവർ സ്പ്രേയറിന് 3,000 രൂപയും വിന്നോവറിന് 10,000 രൂപയുമാണ് സബ്സിഡി നൽകുക. പമ്പുസെറ്റ് സ്ഥാപിക്കുന്നതിന് 10,000 രൂപ സബ്സിഡി നൽകുന്നു.

സംസ്ഥാനത്ത് നെൽകൃഷിക്ക് അനുയോജ്യ കാർഷിക കാലാവസ്ഥയുള്ള പ്രദേശങ്ങളെ നെൽകൃഷിയുടെ പ്രത്യേക കാർഷിക മേഖലകളായി കണക്കാക്കി അവിടെയുള്ള സ്രോതസ്സുകളും സാധ്യതകളും പരിമിതികളും പരിഗണിച്ച് വിത്ത് മുതൽ വിപണി വരെയുള്ള എല്ലാ ഭൗതിക സാമ്പത്തിക സാഹചര്യങ്ങളും സജ്ജമാക്കി പരമാവധി ഉൽപാദനം കൈവരിക്കാനും ഉല്പന്നത്തിന്റെ മെച്ചപ്പെട്ട

കൈകാര്യത്തിലൂടെയും മൂല്യവർദ്ധനവിലൂടെയും മെച്ചപ്പെട്ട വിപണന സംവിധാനത്തിലൂടെയും കർഷകർക്ക് പരമാവധി വരുമാനം ലഭ്യമാക്കാനുമായി ഏഴ് പ്രത്യേക കാർഷിക മേഖലയ്ക്കുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികളും നടപ്പിലാക്കുന്നു.

(ബി) 2015-16 സാമ്പത്തിക വർഷം ഉണ്ടായിരുന്ന 196870 ഹെക്ടർ നെൽകൃഷിയിൽനിന്നും 2017-18-ൽ 220449 ഹെക്ടറായി വർദ്ധിപ്പിക്കാൻ സാധിച്ചു. 2018 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ പ്രളയത്തിൽ 35000 ഹെക്ടർ നെൽകൃഷി പൂർണ്ണമായും നഷ്ടപ്പെട്ടിട്ടും ഒന്നാം വിള ഏതാണ്ട് പൂർണ്ണമായും നഷ്ടപ്പെട്ടതിനാൽ പ്രതീക്ഷിച്ചത്രയും ഒരുപ്പൂ നിലങ്ങളിൽ ഇരുപ്പൂ കൃഷി നടപ്പാക്കാൻ സാധിക്കാതിരുന്നിട്ടും 2018-19 സാമ്പത്തിക വർഷം 202985 ഹെക്ടർ നെൽകൃഷി നിലനിർത്താൻ സാധിച്ചിട്ടുണ്ട്.

**നെൽകർഷകരെ സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ**

31 (1533) <u>ശ്രീ. പി. ഉണ്ണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷിയേയും കർഷകരെയും സംരക്ഷിക്കുന്നതിനായി ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) പാലക്കാട് ജില്ലയിലെ നെൽപ്പാടങ്ങളിൽ വ്യത്യസ്ത ഇനം വിളകൾ കൃഷിചെയ്യുന്നതിനായി നിലം പരിവർത്തനം ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത്തരം നടപടികൾ അവസാനിപ്പിക്കുവാനും നെൽകൃഷി ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതിനുമായി കൃഷിവകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) നെൽകർഷകർക്കായി ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

- സുസ്ഥിര നെൽകൃഷി വികസനത്തിന് ഹെക്ടറൊന്നിന് 5,500 രൂപ നിരക്കിൽ സബ്സിഡി നൽകിവരുന്നുണ്ട്.
- സവിശേഷ നെല്ലിനങ്ങളുടെ വ്യാപനത്തിന് ഹെക്ടറൊന്നിന് 10,000 രൂപ നിരക്കിൽ ധനസഹായം നൽകുന്നുണ്ട്.

- പാടശേഖര സമിതികൾക്ക് ഗ്രൂപ്പ് ഫാമിംഗ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഹെക്ടറൊന്നിന് 360 രൂപ നിരക്കിൽ ഓപ്പറേഷണൽ സപ്പോർട്ട് നൽകുന്നുണ്ട്.
- കരനെൽകൃഷിക്ക് ഹെക്ടറൊന്നിന് 13,600 രൂപ നിരക്കിൽ സബ്സിഡി നൽകിവരുന്നുണ്ട്.
- തരിശുനില കൃഷിക്ക് പുതുതായി ചെയ്യുന്നതിന് (ഒന്നാം വർഷം) ഹെക്ടറൊന്നിന് 30,000 രൂപയും തുടർന്നുള്ള കൃഷിക്ക് (രണ്ടാം വർഷം) 7,000 രൂപയും എന്ന ക്രമത്തിൽ സബ്സിഡി നൽകുന്നുണ്ട്.
- ഒരുപ്പൂ നിലങ്ങളിൽ ഇരുപ്പൂകൃഷി ചെയ്യുന്നതിന് ഹെക്ടറൊന്നിന് 10,000 രൂപ നിരക്കിൽ ധനസഹായം നൽകുന്നുണ്ട്.
- ഉൽപാദന ബോണസ് ഹെക്ടറൊന്നിന് 1,000 രൂപ നിരക്കിൽ നൽകുന്നുണ്ട്.
- കാർഷികാവശ്യത്തിനുള്ള വൈദ്യുതി സൗജന്യം നിബന്ധനകൾക്കനുസൃതമായി നൽകുന്നുണ്ട്.
- ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി പ്രകാരം 100 ഹെക്ടർ വിസ്തൃതിയുള്ള ക്ലസ്റ്ററുകളിൽ വിവിധ പ്രദർശനത്തോട്ടങ്ങൾ ചെയ്യുന്നതിന് ഹെക്ടറൊന്നിന് 9,000 രൂപ ധനസഹായം നൽകും. ക്രോപ്പിംഗ് സിസ്റ്റം പ്രദർശനത്തോട്ടത്തിന് ഹെക്ടറൊന്നിന് 15,000 രൂപയും ഹൈബ്രിഡ് വിത്തുപയോഗിക്കുന്നതിന് ഒരു ക്വിന്റലിന് 10,000 രൂപയും റിലീസ് ചെയ്തിട്ട് പത്ത് വർഷത്തിൽ താഴെയുള്ള അത്യുൽപാദനശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 2,000 രൂപയും റിലീസ് ചെയ്തിട്ട് പത്ത് വർഷത്തിൽ കൂടുതലുള്ള അത്യുൽപാദനശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 1,000 രൂപയും നൽകിവരുന്നുണ്ട്. സൂക്ഷ്മമൂലക വളങ്ങൾ വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും കുമ്മായ വസ്തുക്കൾ വാങ്ങുന്നതിന് ഹെക്ടറിന് 1,000 രൂപയും കീടനാശിനി/ജൈവ കീടനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും കളനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും ആനുകൂല്യം നൽകുന്നുണ്ട്. മരുന്ന് തളിക്കുന്നതിനുള്ള സ്പ്രേയറിന് 600 രൂപയും പവർ സ്പ്രേയറിന് 3000 രൂപയും വിന്നോവറിന് 10,000 രൂപയുമാണ് സബ്സിഡി നൽകുക. പമ്പുസെറ്റ് സ്ഥാപിക്കുന്നതിന് 10,000 രൂപ സബ്സിഡി നൽകും.

- എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ഉഴവുകൂലി ഹെക്ടറിന് 17,000 രൂപ നൽകുന്നുണ്ട്. ഇതിനുപുറമേ ഓരോ തദ്ദേശഭരണ സ്ഥാപനവും അവരവരുടെ പരിധിയിൽ വ്യത്യസ്തങ്ങളായ നെൽകൃഷി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.
- കൃഷിനാശം സംഭവിച്ചാൽ 45 ദിവസത്തിൽ കൂടുതൽ പ്രായമായ നെല്ലിന് വിള ഇൻഷ്വറൻസ് ആനുകൂല്യമായി ഹെക്ടറിന് 35,000 രൂപയും 45 ദിവസത്തിൽ താഴെ പ്രായമുള്ളവയ്ക്ക് 15,000 രൂപയും ആനുകൂല്യമായി നൽകുന്നുണ്ട്.

(ബി) നെൽപ്പാടങ്ങളിൽ ദീർഘകാലവിളകൾ കൃഷി ചെയ്യുന്നത് നിരുത്സാഹപ്പെടുത്തുന്നതിനും തരിശുനിലങ്ങളിൽ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കർഷകരെ ബോധവാന്മാരാക്കുകയും ദീർഘകാല വിളകൾ കൃഷി ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ആയത് സമയാസമയങ്ങളിൽ റവന്യൂ ഡിവിഷണൽ ഓഫീസറുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

## നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി

32 (1534) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2018-19 വർഷം നെല്ലുൽപ്പാദനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇതിനായി സംസ്ഥാനസർക്കാർ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 2015-16 സാമ്പത്തിക വർഷം 196870 ഹെക്ടർ സ്ഥലത്തെ നെൽകൃഷിയിൽനിന്നും 549275 ടൺ അരിയാണ് ഉല്പാദിപ്പിച്ചത്. 2018-19-ലെ നക്കൽ കണക്കുകൾ പ്രകാരം 202985.24 ഹെക്ടർ നെൽകൃഷിയിൽനിന്നും 553052.148 ടൺ അരിയാണ് ലഭിച്ചത്.

ഒന്നാം വിളക്കാലത്തെ പ്രളയത്തെത്തുടർന്ന് നശിക്കാത്ത നെൽപാടങ്ങളിലും പ്രളയം ഉൽപാദനത്തെയും ഉല്പാദനക്ഷമതയെയും പ്രതികൂലമായി ബാധിച്ചു. ഉല്പാദനക്ഷമത 1227 കിലോ മാത്രമായിരുന്നു. എന്നാൽ കൃത്യമായ ഇടപെടലുകളിലൂടെ തുടർന്ന് നടത്തിയ കൃഷിയിൽ പല സ്ഥലത്തും ഉല്പാദനക്ഷമത 8000 കിലോയോളം വർദ്ധിച്ചിരുന്നു.

(ബി) 2018 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലുണ്ടായ പ്രളയത്തിൽ 35000 ഹെക്ടർ നെൽകൃഷി നശിച്ചിരുന്നു. എന്നിട്ടും സമയോചിതമായ ഇടപെടലും വിത്തും മറ്റ് ഉല്പാദനോപാധികളും യഥാസമയം ഏർപ്പാടാക്കി നൽകിയതുംമൂലം വിസ്തൃതിയിൽ കാര്യമായ കുറവുണ്ടായില്ല. പ്രളയം കഴിഞ്ഞയുടൻതന്നെ തുടർകൃഷിയിറക്കുന്നതിന് 100% സബ്സിഡിയിൽ നെൽവിത്ത് നൽകി. പ്രളയാനന്തര കൃഷിക്കും തുടർന്നുള്ള മുണ്ടകൻ/പുഞ്ച കൃഷിക്കുമായി 5650.85 ടൺ വിത്ത് ഇത്തരത്തിൽ സൗജന്യമായി വിതരണം ചെയ്യുകയുണ്ടായി. 75% സബ്സിഡി നിരക്കിൽ കുമ്മായവും വിതരണം ചെയ്തു. പ്രളയബാധിത പ്രദേശങ്ങളിൽ വെള്ളം പമ്പ് ചെയ്ത് മാറ്റുന്നതിനായി പമ്പിംഗ് സബ്സിഡി വിതരണത്തിലെ വ്യവസ്ഥകളിൽ മാറ്റംവരുത്തുകയും വൈദ്യുതി ലൈനുകൾ പുനഃസ്ഥാപിക്കുകയും പെട്ടി പറ, മോട്ടോറുകൾ, മോട്ടോർത്തറ, പമ്പുഹൗസുകൾ എന്നിവയെല്ലാം യുദ്ധകാലാടിസ്ഥാനത്തിൽ അറ്റകുറ്റപ്പണികൾ നടത്തുകയോ പുന:സ്ഥാപിക്കുകയോ ചെയ്യുകയും ചെയ്തു. 17213 ഹെക്ടർ സ്ഥലത്തുനിന്നും പ്രളയത്തിൽ വന്നടിഞ്ഞ മണ്ണ് നീക്കം ചെയ്യുന്നതിനായി 21 കോടി രൂപ ചെലവ് ചെയ്താണ് നെൽവയലുകൾ കൃഷിയോഗ്യമാക്കിയത്. 43 പാടശേഖരങ്ങളിൽ ബണ്ടുകൾ നിർമ്മിച്ചു. കോട്ടയം, എറണാകുളം, തൃശ്ശൂർ, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ പെട്ടെന്നുണ്ടായ കീടബാധയും (pest outbreak) യഥാസമയം നടപടികൾ സ്വീകരിച്ച് നിയന്ത്രണവിധേയമാക്കാൻ സാധിച്ചു.

സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഭാഗമായ "പ്രൊഡക്ടിവിറ്റി ഇംപ്രൂവ്മെന്റ് ഓഫ് റൈസ് ഇൻ കേരള" എന്നിവ പ്രകാരമുള്ള ആനുകൂല്യങ്ങൾ സംസ്ഥാനത്തെ മുഴുവൻ നെൽകർഷകർക്കും നൽകുന്നു. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി പാലക്കാട് ജില്ലയ്ക്കായി നടപ്പാക്കുന്നുണ്ട്. ഏഴ് പ്രത്യേക കാർഷിക മേഖലകളിലായി അടിസ്ഥാന സൗകര്യ വികസനത്തിന് മുൻതൂക്കം നൽകിക്കൊണ്ടുള്ള പ്രത്യേക കാർഷിക മേഖലാ പദ്ധതിയും നടപ്പിലാക്കിവരുന്നു.

നെൽകൃഷി വികസന പദ്ധതി പ്രകാരം സുസ്ഥിര നെൽകൃഷി വികസനത്തിന് ഹെക്ടറൊന്നിന് 5,500 രൂപയും സവിശേഷ നെല്ലിനങ്ങളുടെ വികസനത്തിന് 10,000 രൂപയും ഒരുപ്പൂ കൃഷി ഇരുപ്പൂവാക്കുന്നതിന് 10,000 രൂപയും കരനെൽ കൃഷിക്ക് 13,600 രൂപയും ധനസഹായമായി നൽകും. തരിശുനിലത്തിലെ കൃഷിക്ക് ഹെക്ടറൊന്നിന് ഒന്നാം വർഷം 30,000 രൂപയും രണ്ടാം വർഷം 7,000 രൂപയും മൂന്നാം വർഷം 4,500 രൂപയുമാണ് ധനസഹായം നൽകുന്നത്. ഇതിനുപുറമേ നഗരപ്രദേശത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളിലുൾപ്പെടെയുള്ള നെൽകൃഷി വികസനത്തിനുള്ള പദ്ധതിയധിഷ്ഠിത ധനസഹായവും റൈസ് ഇന്നൊവേഷൻ ഫണ്ട് പ്രകാരമുള്ള പദ്ധതിയധിഷ്ഠിത ധനസഹായവും നൽകുന്നുണ്ട്.

2017-18 സാമ്പത്തിക വർഷം ബ്ലോക്കുതല സംയോജനത്തിനും റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിനും പദ്ധതിയധിഷ്ഠിത ധനസഹായം നൽകിയിരുന്നു.

രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഭാഗമായ "പ്രൊഡക്ടിവിറ്റി ഇംപ്രൂവ്മെന്റ് ഓഫ് റൈസ് ഇൻ കേരള" പ്രകാരം നെൽവിത്ത് വാങ്ങുന്നതിന് ഹെക്ടറിന് ആയിരം രൂപയും കുമ്മായ വസ്തുക്കൾ വാങ്ങുന്നതിന് ഹെക്ടറിന് ആയിരം രൂപയും സൂക്ഷ്മമൂലക വളങ്ങൾ വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും സംയോജിത കീടനിയന്ത്രണത്തിന് 500 രൂപയും കസ്റ്റം ഹയറിംഗ് സെന്റർ മുഖേനയുള്ള യന്ത്രവൽക്കരണത്തിന് ഹെക്ടറിന് 1,500 രൂപയും ഉൾപ്പെടുത്തി ഹെക്ടറൊന്നിന് പരമാവധി 4,500 രൂപയുടെ ധനസഹായം നൽകുന്നു.

ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി പ്രകാരം 100 ഹെക്ടർ വിസ്തൃതിയുള്ള ക്ലസ്റ്ററുകളിൽ വിവിധ പ്രദർശനത്തോട്ടങ്ങൾ ചെയ്യുന്നതിന് ഹെക്ടറൊന്നിന് 9,000 രൂപ ധനസഹായം നൽകും. ക്രോപ്പിംഗ് സിസ്റ്റം പ്രദർശനത്തോട്ടത്തിന് ഹെക്ടറൊന്നിന് 15,000 രൂപയും ഹൈബ്രിഡ് വിത്തുപയോഗിക്കുന്നതിന് ഒരു ക്വിന്റലിന് 10,000 രൂപയും റിലീസ് ചെയ്തിട്ട് പത്ത് വർഷത്തിൽ താഴെയുള്ള അത്യുല്പാദനശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 2,000 രൂപയും റിലീസ് ചെയ്തിട്ട് പത്ത് വർഷത്തിൽ കൂടുതലുള്ള അത്യുല്പാദനശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 1,000 രൂപയും നൽകും. സൂക്ഷ്മമൂലക വളങ്ങൾ വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും കുമ്മായ വസ്തുക്കൾ വാങ്ങുന്നതിന് ഹെക്ടറിന് 1,000 രൂപയും കീടനാശിനി/ജൈവ കീടനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും കളനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും ആനുകൂല്യം നൽകുന്നു. മരുന്ന് തളിക്കുന്നതിനുള്ള സ്പ്രേയറിന് 600 രൂപയും പവർ സ്പ്രേയറിന് 3,000 രൂപയും വിന്നോവറിന് 10,000 രൂപയുമാണ് സബ്സിഡി നൽകുക. പമ്പുസെറ്റ് സ്ഥാപിക്കുന്നതിന് 10,000 രൂപ സബ്സിഡി നൽകും.

സംസ്ഥാനത്ത് നെൽകൃഷിക്ക് അനുയോജ്യ കാർഷിക കാലാവസ്ഥയുള്ള പ്രദേശങ്ങളെ നെൽകൃഷിയുടെ പ്രത്യേക കാർഷിക മേഖലകളായി കണക്കാക്കി അവിടെയുള്ള സ്രോതസ്സുകളും സാധ്യതകളും പരിമിതികളും പരിഗണിച്ച് വിത്ത് മുതൽ വിപണി വരെയുള്ള എല്ലാ ഭൗതിക സാമ്പത്തിക സാഹചര്യങ്ങളും സജ്ജമാക്കി പരമാവധി ഉൽപാദനം കൈവരിക്കാനും ഉൽപന്നത്തിന്റെ മെച്ചപ്പെട്ട കൈകാര്യത്തിലൂടെയും മൂല്യവർദ്ധനവിലൂടെയും മെച്ചപ്പെട്ട വിപണന സംവിധാനത്തിലൂടെയും കർഷകർക്ക് പരമാവധി വരുമാനം ലഭ്യമാക്കാനുമായി ഏഴ് പ്രത്യേക കാർഷിക മേഖലയ്ക്കുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികളും നടപ്പിലാക്കുന്നു.

## നാളികേര വികസന കോർപ്പറേഷന്റെ പദ്ധതികൾ

33 (1535) <u>ശ്രീ. ജോർജ് എം. തോമസ്:</u>
<u>ശ്രീ. എം. മുകേഷ്:</u>
<u>ശ്രീ. യു. ആർ. പ്രദീപ്:</u>
<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളികേര കൃഷി പരമാവധി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഉല്പാദനശേഷി കുറഞ്ഞ തെങ്ങിൻ തോട്ടങ്ങളുടെ പുനരുജ്ജീവനത്തിനും ആവർത്തന കൃഷിക്കുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി നാളികേരവികസന കോർപ്പറേഷൻ നടപ്പാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്തെ ഓരോ ഗ്രാമപഞ്ചായത്ത് വാർഡിലും തെങ്ങിൻ തൈകൾ വിതരണം ചെയ്ത് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) പുതിയ സങ്കരയിനം തെങ്ങിൻതൈകൾ ഉല്പാദിപ്പിക്കുന്നതിനായി ഈ രംഗത്ത് പ്രവർത്തിക്കുന്ന ഗവേഷണ വികസന സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) നാളികേര വികസന കോർപ്പറേഷൻ ഇതിനായി പദ്ധതി നടപ്പിലാക്കുന്നില്ല. നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കാനായി സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച് നാളികേരകൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലും ലക്ഷ്യമിട്ടുകൊണ്ട് സമഗ്ര നാളികേരകൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ 'കേരഗ്രാമം' എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി സംസ്ഥാനത്തെ തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കിവരുന്നു. രോഗം ബാധിച്ചതും പ്രായംചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി കരിക്കിനും കൊപ്രയ്ക്കും അനുയോജ്യമായ കുറിയ/പൊക്കം കുറഞ്ഞ ഇനം തൈകൾ നടുക, സംയോജിത കീടരോഗ നിയന്ത്രണം, സംയോജിത വളപ്രയോഗം, ഇടവിളകൃഷി പ്രോത്സാഹിപ്പിക്കൽ, ജലസേചന സൗകര്യങ്ങൾ,

മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പ്രോത്സാഹനം എന്നിവയിലൂടെ ശാസ്ത്രീയ കൃഷി രീതികൾ പാലിച്ചും ചെലവുകൾ ക്രമീകരിച്ചും ഉൽപാദനക്ഷമത വർദ്ധിപ്പിക്കാനുതകുന്ന ഘടകങ്ങളെല്ലാംതന്നെ സമഗ്ര നാളികേര വികസനത്തിനായുള്ള ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തെങ്ങുകളെ ബാധിക്കുന്ന കീടരോഗങ്ങൾക്കെതിരെ പ്രതിരോധ നിയന്ത്രണമാർഗ്ഗങ്ങൾ ക്യാമ്പയിൻ അടിസ്ഥാനത്തിൽ നടത്തുന്നതിനുള്ള നടപടികളും നാളികേര കർഷകന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി തെങ്ങിൻതോപ്പുകളിലെ ഇടവിളകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) നാളികേര വികസനവുമായി ബന്ധപ്പെട്ട് സംസ്ഥാന/കേന്ദ്ര ഗവേഷണ സ്ഥാപനങ്ങളിൽ ലഭ്യമായ സാങ്കേതികവിദ്യകൾ കർഷകരിലേയ്ക്കും സംരംഭകരിലേയ്ക്കും എത്തിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവുമായി സഹകരിച്ച് കുറിയ/ഉയരം കുറഞ്ഞ തെങ്ങിൻതൈകളുടെ ഉൽപാദനത്തിനായി ഒരു പദ്ധതി 2018-19 വർഷം മുതൽ ആരംഭിച്ചിട്ടുണ്ട്. അനുയോജ്യമായ മാതൃവൃക്ഷങ്ങൾ ജിയോടാഗ് ചെയ്യുന്നതിനും ഗുണമേന്മയുള്ള വിത്തുതേങ്ങ സംഭരിച്ച് തെങ്ങിൻതൈകൾ ഉല്പാദിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

**നാളികേര കൃഷിയുടെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് നടപടി**

34 (1536) ശ്രീ. ഡി. കെ. മുരളി:
ശ്രീ. എൻ. വിജയൻ പിള്ള:
ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളികേര കൃഷിയുടെ പ്രതാപം വീണ്ടെടുക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള ബൃഹദ്പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) തെങ്ങുകൃഷിയുടെ വിസ്തൃതിയിലും ഉത്പാദനത്തിലും ഇന്ത്യയിൽ കേരളം ഒന്നാമതാണെങ്കിലും ഉത്പാദനക്ഷമതയിൽ നാലാമതാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഉത്പാദനക്ഷമത കുറയുവാനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി രോഗം ബാധിച്ചതും പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി നല്ലയിനം തെങ്ങിൻ തൈകൾ നടുന്നതിനും നഴ്സറികളിൽ ഗുണനിലവാരമുള്ള തൈകൾ ഉത്പാദിപ്പിച്ച് വിതരണം നടത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) തെങ്ങിൻതോട്ടങ്ങളിൽ മെച്ചപ്പെട്ട കൃഷി പരിപാലനം, ഇടവിള കൃഷി, സമ്മിശ്ര കൃഷി എന്നിവ നടത്തി ആദായം പരമാവധി വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ നാളികേര വികസന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. നാളികേരത്തിന്റെ ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ഉയർന്ന ഉൽപാദനക്ഷമതയുള്ള ഇനങ്ങൾ നട്ടുപിടിപ്പിക്കുന്നതിനും മെച്ചപ്പെട്ട പരിപാലന രീതികൾ നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കൃത്യമായ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി സംസ്ഥാനത്ത് നാളികേര വികസന കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.

തേങ്ങയുടെ ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി രോഗം ബാധിച്ചതും പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുക, സംയോജിത കീടരോഗ നിയന്ത്രണം, സംയോജിത വളപ്രയോഗം, ഇടവിളകൃഷി പ്രോത്സാഹിപ്പിക്കൽ, ജലസേചന സൗകര്യങ്ങൾ, മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ പ്രോത്സാഹനം, ഗുണമേന്മയുള്ള തൈകൾ ലഭ്യമാക്കുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 250 ഹെക്ടർ തുടർച്ചയായി തെങ്ങ് കൃഷിയുള്ള പ്രദേശത്ത് കേരഗ്രാമം എന്ന പദ്ധതി നടപ്പിലാക്കുന്നു.

ഉല്പാദനക്ഷമതയില്ലാത്തതും പ്രായംചെന്നതും രോഗം ബാധിച്ചതുമായ തെങ്ങുകൾ വെട്ടിമാറ്റി കരിക്കിനും കൊപ്രയ്ക്കും അനുയോജ്യമായ കുറിയ/ പൊക്കം കുറഞ്ഞ ഇനം തൈകൾ ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിനും ഉയർന്ന ഉല്പാദനക്ഷമതയുള്ള/കുറിയ ഇനങ്ങളുടെ മാതൃകാ ഫാമുകൾ 0.20 ഹെക്ടറെങ്കിലും വിസ്തൃതിയുള്ളത് സ്ഥാപിക്കുന്നതിനും പദ്ധതിയിൽ ലക്ഷ്യമിടുന്നുണ്ട്.

നാളികേര വികസനത്തിന് പദ്ധതിയധിഷ്ഠിത സഹായത്തിനായി 100 ലക്ഷം രൂപ നടപ്പുവർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിന് പ്രോജക്ട് അധിഷ്ഠിത സഹായമായി 50 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

നാളികേര വികസനത്തിനായി സംയോജിത കീടരോഗ നിയന്ത്രണ പരിപാടികൾ പ്രോജക്ട് രീതിയിൽ ഏറ്റെടുത്ത് പ്രധാനപ്പെട്ട കീടങ്ങളെയും രോഗങ്ങളെയും നിയന്ത്രിക്കുന്നതിന് ക്യാമ്പയിൻ അടിസ്ഥാനത്തിൽ പരിപാടികൾ നടപ്പിലാക്കുന്നു. ഇതിനായി 250 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിട്ടുണ്ട്.

നാളികേര മിഷന്റെ ഭാഗമായി സംസ്ഥാനത്തെ നാളികേര കൃഷി പുനരുജ്ജീവിപ്പിക്കുന്നതിനായി 1,900 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2019-20 വർഷം കേരഗ്രാമമായി തെരഞ്ഞെടുത്ത 300 പഞ്ചായത്തുകളും കേരഗ്രാമങ്ങളില്ലാത്ത നിയോജകമണ്ഡലങ്ങളിലെ തെരഞ്ഞെടുത്ത 200 പഞ്ചായത്തുകളും ഉൾപ്പെടെ 500 പഞ്ചായത്തുകളിൽ തെങ്ങിൻതൈകൾ നട്ടുപിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രായംചെന്നതും ഉല്പാദനക്ഷമതയില്ലാത്തതും അസുഖം ബാധിച്ചതുമായ തെങ്ങുകൾ മുറിച്ചുമാറ്റി ഉല്പാദനക്ഷമതയുള്ളതും പൊക്കം കുറഞ്ഞ/കുറിയ ഇനം തൈകൾ വച്ചുപിടിപ്പിക്കുക, സംയോജിത പരിപാലന രീതികളിലൂടെ നിലവിലുള്ള തെങ്ങിൻതോപ്പുകൾ പുനരുജ്ജീവിപ്പിക്കുക, നിലവിലുള്ള തോട്ടങ്ങളിൽ മുന്തിയ ഇനം തൈകൾ വച്ചുപിടിപ്പിക്കുക, വിത്തുതൈകൾ ലഭിക്കുന്നതിനായി തെങ്ങിൻതോപ്പുകൾ വികസിപ്പിക്കുക എന്നിവയാണ് പുനരുജ്ജീവന പദ്ധതിയുടെ പ്രധാന ഘടകങ്ങൾ.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി രോഗം ബാധിച്ചതും ഉല്പാദനശേഷി നശിച്ചതുമായ തെങ്ങുകൾ മുറിച്ചുമാറ്റുന്നതിന് സംസ്ഥാന പദ്ധതിയായ കേരഗ്രാമം മുഖേന തെങ്ങൊന്നിന് 1,000 രൂപ സഹായം കർഷകർക്ക് ലഭ്യമാണ്. ഗുണമേന്മയുള്ള തെങ്ങിൻതൈകൾ നടുന്നതിന് 60 രൂപ തൈ ഒന്നിന് എന്ന നിരക്കിൽ പരമാവധി 7 തൈകൾ ഒരു ഹെക്ടറിൽ നടുന്നതിന് ആനുകൂല്യം നൽകുന്നുണ്ട്. നാളികേര മിഷന്റെ ഭാഗമായി 'കേരകേരളം സമൃദ്ധ കേരളം' എന്ന നവീന പദ്ധതിയിലൂടെ സംസ്ഥാനത്തെ നാളികേരകൃഷി പുനരുജ്ജീവിപ്പിക്കുന്നതിനായി പുതിയ തൈകൾ നട്ടും നിലവിലുള്ളവ പരിപാലിച്ചും കേരള കാർഷിക സർവ്വകലാശാല, നാളികേര വികസന ബോർഡ്, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെ പ്രവർത്തനങ്ങൾ സ്വീകരിച്ചുവരുന്നു. ആദ്യഘട്ടത്തിൽ 2019-20 വർഷം കേരഗ്രാമങ്ങളായി തെരഞ്ഞെടുത്ത 300 പഞ്ചായത്തുകളും അല്ലാതെയുള്ള 200 പഞ്ചായത്തുകളുമുൾപ്പെടെ 500 പഞ്ചായത്തുകളിൽ വാർഡൊന്നിന് 75 തൈകൾ വീതം നടുന്നതിനായി കർഷകർക്ക് വിതരണം ചെയ്യുന്നതാണ്.

## കേരഗ്രാമം പദ്ധതി

35 (1537) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പഞ്ചായത്തുകളെ കേരഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഓരോ കേരഗ്രാമത്തിനും എന്തെല്ലാം സഹായങ്ങളാണ് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് 181 കേരഗ്രാമങ്ങൾ 258 പഞ്ചായത്തുകളിലായി നടപ്പിലാക്കിയിട്ടുണ്ട്. 2019-20 വർഷം 55 കേരഗ്രാമങ്ങൾകൂടി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) തെങ്ങ് കൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണ മുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉൽപാദനം, തെങ്ങുകയറ്റ യന്ത്രങ്ങളുടെ വിതരണം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നു. സംയോജിത പരിചരണ മുറകളുടെ ഭാഗമായി തടം തുറക്കൽ, കള നിയന്ത്രണം, പുതയിടീൽ, തൊണ്ട് കുഴിച്ചിടീൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവ രാസവളങ്ങൾ, ജീവാണു വളങ്ങൾ എന്നിവയുടെ പ്രയോഗം, പ്രായാധിക്യം വന്ന തെങ്ങുകൾ മുറിച്ചുമാറ്റി മേൽത്തരം തെങ്ങിൻതൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിളകൃഷി എന്നിവ നടപ്പിലാക്കുന്നു. ഇതിനുപുറമേ സാധ്യമായ കേരഗ്രാമങ്ങളിൽ മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർദ്ധിത ഉൽപന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നു. പദ്ധതി ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

1. സംയോജിത പരിചരണ മുറകൾ സ്വീകരിക്കുന്നതിന് ഹെക്ടറിന് 25,000 രൂപ പ്രകാരം 250 ഹെക്ടറിന് (ഒരു കേരഗ്രാമത്തിന്) 62.50 ലക്ഷം രൂപ. ഇതിൽ താഴെപ്പറയുന്ന ഘടകങ്ങൾ ഉൾപ്പെടുന്നു.

| | |
|---|---|
| a) ഇടയിളക്കൽ, തടം തുറക്കൽ, പുതയിടീൽ | 35 രൂപ/തെങ്ങ് |
| b) തൊണ്ട് കുഴിച്ചിടീൽ | 50 രൂപ/തെങ്ങ് |
| c) കുമ്മായം | 9 രൂപ/തെങ്ങ് |

| | |
|---|---|
| d) രാസവളം | 20 രൂപ/തെങ്ങ് |
| e) മഗ്നീഷ്യം സൾഫേറ്റ് | 3.75 രൂപ/തെങ്ങ് |
| f) ജൈവവളം | 25 രൂപ/തെങ്ങ് |
| g) സസ്യ സംരക്ഷണം | 10 രൂപ/തെങ്ങ് |
| h) ജീവാണു വളങ്ങൾ, ജൈവീക നിയന്ത്രണോപാധികൾ പ്രയോഗിക്കുന്നതിന് | 75 രൂപ/തെങ്ങ് |
| i) രോഗം ബാധിച്ച, ഉൽപാദനശേഷി നശിച്ച തെങ്ങ് മുറിച്ചുമാറ്റുന്നതിന് | 1000 രൂപ/തെങ്ങ് |
| j) ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ നടുന്നതിന് | 60 രൂപ/തെങ്ങ് |
| k) ഇടവിള കൃഷി | 6000 രൂപ ഹെക്ടറിന് |

2. സൂക്ഷ്മ ജലസേചന സൗകര്യമുൾപ്പെടെയുള്ള ജലസേചന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഹെക്ടറിന് 25,000 രൂപ ക്രമത്തിൽ പരമാവധി അഞ്ച് ലക്ഷം രൂപ.

3. 61 തെങ്ങ് കയറ്റ യന്ത്രങ്ങൾ - ഒരു യന്ത്രത്തിന് 2,000 രൂപ നിരക്കിൽ വിതരണം.

4. എട്ട് ജൈവവള ഉല്പാദന യൂണിറ്റുകൾ - ഒരു യൂണിറ്റിന് 10,000 രൂപ നിരക്കിൽ ആനുകൂല്യം.

5. പഞ്ചായത്തുതല കേരസമിതികൾക്കുള്ള പ്രവർത്തന ചെലവായി ഒരു ലക്ഷം രൂപ.

6. മൂല്യവർദ്ധിത ഉല്പന്നങ്ങൾ, മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റിന് രണ്ട് ലക്ഷം രൂപ.

7. കേരഗ്രാമവുമായി ബന്ധപ്പെട്ടുള്ള കൃഷിഭവനുകളുടെ പ്രവർത്തന ചെലവായി 15,000 രൂപ.

8. താൽപ്പര്യമുള്ള കേരഗ്രാമങ്ങൾക്ക് കേരാധിഷ്ഠിത മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് SFAC മുഖാന്തരം പരമാവധി 25 ലക്ഷം രൂപയുടെ പ്രോജക്ടധിഷ്ഠിത ധനസഹായം.

9. 2018-19 വർഷത്തെ കേരഗ്രാമങ്ങൾക്കുള്ള രണ്ടാം വർഷ സഹായം 20.0085 ലക്ഷം രൂപ.

## കേരഗ്രാമം പദ്ധതി

36 (1538) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളിലാണ് കേരഗ്രാമം പദ്ധതി നടപ്പാക്കിയിട്ടുള്ളത്;

(ബി) കേരഗ്രാമങ്ങൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് അറിയിക്കാമോ;

(സി) ഈ വർഷം കൂടുതൽ പ്രദേശങ്ങളിൽ കേരഗ്രാമം പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) മണലൂർ നിയോജകമണ്ഡലത്തിൽ വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിലാണ് 2018-19 വർഷം കേരഗ്രാമ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

(ബി) പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്ന ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.

1. സംയോജിത പരിചരണ മുറകൾ സ്വീകരിക്കുന്നതിന് ഹെക്ടറിന് 25,000 രൂപ പ്രകാരം 250 ഹെക്ടറിന് (ഒരു കേരഗ്രാമത്തിന്) 62.50 ലക്ഷം രൂപ. ഇതിൽ താഴെപ്പറയുന്ന ഘടകങ്ങൾ ഉൾപ്പെടുന്നു.

| | |
|---|---|
| a) ഇടയിളക്കൽ, തടം തുറക്കൽ, പുതയിടീൽ | 35 രൂപ/തെങ്ങ് |
| b) തൊണ്ട് കുഴിച്ചിടീൽ | 50 രൂപ/തെങ്ങ് |
| c) കുമ്മായം | 9 രൂപ/തെങ്ങ് |
| d) രാസവളം | 20 രൂപ/തെങ്ങ് |
| e) മഗ്നീഷ്യം സൾഫേറ്റ് | 3.75 രൂപ/തെങ്ങ് |
| f) ജൈവവളം | 25 രൂപ/തെങ്ങ് |
| g) സസ്യ സംരക്ഷണം | 10 രൂപ/തെങ്ങ് |
| h) ജീവാണു വളങ്ങൾ, ജൈവീക നിയന്ത്രണോപാധികൾ പ്രയോഗിക്കുന്നതിന് | 75 രൂപ/തെങ്ങ് |
| i) രോഗം ബാധിച്ച, ഉൽപാദനശേഷി നശിച്ച തെങ്ങ് മുറിച്ചുമാറ്റുന്നതിന് | 1000 രൂപ/തെങ്ങ് |
| j) ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ നടുന്നതിന് | 60 രൂപ/തെങ്ങ് |
| k) ഇടവിള കൃഷി | 6000 രൂപ ഹെക്ടറിന് |

2. സൂക്ഷ്മ ജലസേചന സൗകര്യമുൾപ്പെടെയുള്ള ജലസേചന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഹെക്ടറിന് 25,000 രൂപ ക്രമത്തിൽ പരമാവധി അഞ്ച് ലക്ഷം രൂപ.

3. 61 തെങ്ങുകയറ്റ യന്ത്രങ്ങൾ - ഒരു യന്ത്രത്തിന് 2,000 രൂപ നിരക്കിൽവിതരണം.

4. എട്ട് ജൈവവള ഉൽപാദന യൂണിറ്റുകൾ - ഒരു യൂണിറ്റിന് 10,000 രൂപ നിരക്കിൽ ആനുകൂല്യം.

5. പഞ്ചായത്തുതല കേരസമിതികൾക്കുള്ള പ്രവർത്തന ചെലവായി ഒരു ലക്ഷം രൂപ.

6. മൂല്യവർദ്ധിത ഉൽപന്നങ്ങൾ, മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റിന് രണ്ട് ലക്ഷം രൂപ.

7. കേരഗ്രാമവുമായി ബന്ധപ്പെട്ടുള്ള കൃഷിഭവനുകളുടെ പ്രവർത്തന ചെലവായി 15,000 രൂപ.

8. താൽപര്യമുള്ള കേരഗ്രാമങ്ങൾക്ക് കേരാധിഷ്ഠിത മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് SFAC മുഖാന്തരം പരമാവധി 25 ലക്ഷം രൂപയുടെ പ്രോജക്ടധിഷ്ഠിത ധനസഹായം.

9. 2018-19 വർഷത്തെ കേരഗ്രാമങ്ങൾക്കുള്ള രണ്ടാം വർഷ സഹായം 20.0085 ലക്ഷം രൂപ.

(സി) ഉണ്ട്. 2019-20 സാമ്പത്തിക വർഷം സംസ്ഥാനത്ത് പുതിയതായി 55 കേരഗ്രാമങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇതിനായി 4,300 ലക്ഷം രൂപ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

**നാളികേര കൃഷി**

37 (1539) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളീകേരകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കേരള നാളീകേര വികസന കൗൺസിൽ രൂപീകരിച്ചിട്ടുണ്ടോ;

(ബി) നാളീകേരകൃഷി വികസനത്തിനായി സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് 181 കേരഗ്രാമങ്ങൾ 258 പഞ്ചായത്തുകളിലായി നടപ്പിലാക്കിയിട്ടുണ്ട്. 250 ഹെക്ടർ വീതം തെങ്ങുകൃഷി വിസ്തൃതിയുള്ള 55 കേരഗ്രാമങ്ങൾ 2019-20 വർഷം നടപ്പിലാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ശാസ്ത്രീയ പരിപാലനമുറകൾ നടപ്പാക്കി തെങ്ങിന്റെ ഉൽപാദനക്ഷമതയും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിനുള്ള ഘടകങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നടപ്പുവർഷം ഇതിലേയ്ക്കായി 4,300 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടുണ്ട്.

കേരകൃഷിയുടെ വിസ്തൃതി, ഉല്പാദനം, ഉല്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക, സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് കേരകൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പുവരുത്തുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 2018 മുതൽ 2028 വരെ നീളുന്ന പത്ത് വർഷത്തെ വികസന കാഴ്ചപ്പാടോടുകൂടി നാളികേര വികസന കൗൺസിൽ രൂപീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. നാളികേര വികസന കൗൺസിൽ പദ്ധതി പ്രകാരം 75 തെങ്ങിൻതൈകൾ വീതം വാർഡ് ഒന്നിന് എന്ന തോതിൽ കേരഗ്രാമങ്ങൾ ഉൾപ്പെട്ട 300 പഞ്ചായത്തുകളിലും കൂടാതെ തെരഞ്ഞെടുത്ത 200 പഞ്ചായത്തുകളിലും 50% സബ്സിഡി നിരക്കിൽ നൽകുന്നതിനുള്ള നടപടികൾ CPCRI, KAU, CDB, കൃഷി വകുപ്പ് എന്നിവ മുഖേന സ്വീകരിച്ചുവരുന്നു. നാളികേര വികസന കൗൺസിൽ പദ്ധതികൾക്ക് 2019-20 വർഷം 1,900 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവുമായി യോജിച്ച് കൃഷി വകുപ്പ് മുഖേന നാളികേര വികസനത്തിനുള്ള പ്രോജക്ടധിഷ്ഠിത സഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതികളും സർക്കാർ നടപ്പിലാക്കുന്നതാണ്. ഇതിനായി 2019-20 വർഷം 50 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി നീക്കിവച്ചിരിക്കുന്നു.

തെങ്ങിൻതോട്ടങ്ങളിലെ കീടരോഗ പരിപാലനം ക്യാമ്പയിൻ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് കൃഷി വകുപ്പ് നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിലേയ്ക്കായി നടപ്പ് സാമ്പത്തിക വർഷം 250 ലക്ഷം രൂപ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

നാളികേര വികസനത്തിന് പദ്ധതിയധിഷ്ഠിത സഹായം നൽകുന്നതിലേയ്ക്കായി 100 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കുന്നതാണ്. നാളികേര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യംവച്ചുകൊണ്ട് പുതിയ പരിസ്ഥിതി സൗഹൃദ നൂതന ആശയങ്ങൾ വികസിപ്പിക്കുന്നതിനും നാളികേരത്തിന്റെയും

വെളിച്ചെണ്ണ ഉൾപ്പെടെയുള്ള ഉല്പന്നങ്ങളുടെയും ആരോഗ്യ ഗുണങ്ങൾ പ്രചരിപ്പിക്കുന്നതിനും അവയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനുമായി ബ്ലോക്കുതലത്തിൽ ക്യാമ്പയിനുകളും സംഘടിപ്പിക്കുന്നതാണ്.

2019-20 വർഷം 6,900 ലക്ഷം രൂപയുടെ പദ്ധതികളാണ് സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നത്.

സംസ്ഥാന പദ്ധതി കൂടാതെ കേന്ദ്ര നാളികേര വികസന ബോർഡ് മുഖേനയുള്ള കേന്ദ്ര പദ്ധതികളും നാളികേര വികസനത്തിനായി നടപ്പിലാക്കുന്നതാണ്.

**നാളികേരത്തിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി**

38 (1540) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നാളികേര ഉൽപ്പാദനം വർഷത്തിൽ ശരാശരി എത്ര എണ്ണമാണ് ;

(ബി) നാളികേരത്തിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കേരകർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ ;

(സി) നാളികേരത്തിന്റെ ഉല്പാദനവർദ്ധനയ്ക്കും തെങ്ങു കൃഷി വ്യാപനത്തിനുമായി 2019-20 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ച 2017-18-ലെ കണക്കുകൾ പ്രകാരം സംസ്ഥാനത്തെ തെങ്ങുകൃഷി വിസ്തൃതി 760443 ഹെക്ടറും ഉല്പാദനം 5230 മില്യൺ തേങ്ങയുമാണ്.

(ബി) നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലും ലക്ഷ്യമിട്ടുകൊണ്ട് സമഗ്ര നാളികേര കൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേരഗ്രാമം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ശാസ്ത്രീയ കൃഷിമുറകൾ പാലിക്കുന്നതിലൂടെ കൃഷി ചെലവുകൾ ക്രമീകരിച്ചുകൊണ്ട് ഉല്പാദനക്ഷമത വർദ്ധിപ്പിക്കാനുതകുന്ന ഘടകങ്ങളെല്ലാംതന്നെ സമഗ്ര നാളികേര വികസനത്തിനായുള്ള ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

തെങ്ങുകൃഷിയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ അടുത്ത പത്ത് വർഷത്തെ വികസന കാഴ്ചപ്പാടോടെ സംസ്ഥാനത്ത് നാളികേര വികസന കൗൺസിൽ രൂപീകരിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളും 2019-ൽ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ 1.44 ലക്ഷം ഹെക്ടർ സ്ഥലത്ത് അധികമായി തെങ്ങുകൃഷി വ്യാപിപ്പിക്കുന്നതിനും തെങ്ങിന്റെ ഉല്പാദനക്ഷമത ഹെക്ടറിന് 6889 നാളികേരത്തിൽനിന്നും 8500 നാളികേരമായി ഉയർത്തുന്നതിനും ലക്ഷ്യമിടുന്നു. സംസ്ഥാനത്തെ എല്ലാ വാർഡുകളിലും 75 തെങ്ങിൻതൈകൾ വീതം വിതരണം ചെയ്ത് നടുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2019-20 വർഷം 300 കേരഗ്രാമങ്ങൾ ഉൾപ്പെട്ട പഞ്ചായത്തുകളിലും കൂടാതെ 200 തെരഞ്ഞെടുത്ത പഞ്ചായത്തുകളിലും തെങ്ങിൻത്തൈകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ കൃഷി വകുപ്പ്, നാളികേര വികസന ബോർഡ്, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, കേരള കാർഷിക സർവ്വകലാശാല എന്നിവയെ ഏകോപിപ്പിച്ചുകൊണ്ട് നടപ്പിലാക്കുന്നുണ്ട്.

തെങ്ങിൻതോപ്പുകളിൽ വാഴ, ഇഞ്ചി, മഞ്ഞൾ, കിഴങ്ങ് വർഗ്ഗങ്ങൾ, കുരുമുളക്, പുഷ്പകൃഷി എന്നിവ ഇടവിളയായി പ്രചരിപ്പിച്ച് കർഷകന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി കേരഗ്രാമം പദ്ധതിയിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനായി 50% സബ്സിഡി നിരക്കിൽ ഒരു ഹെക്ടറിന് 6,000 രൂപ ആനുകൂല്യവും നൽകുന്നുണ്ട്. നാളികേരത്തിൽനിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെ കർഷകന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികളും കേരഗ്രാമം പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(സി) നാളികേരത്തിന്റെ ഉല്പാദന വർദ്ധനവിനും തെങ്ങുകൃഷി വ്യാപനത്തിനുമായി 2019-20 വർഷം 2401-00-103-87 ശീർഷകത്തിൽ ആകെ 6,900 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പദ്ധതി ഘടകം | പ്ലാൻ വിഹിതം (ലക്ഷം രൂപ) |
|---|---|---|
| 1 | കേരഗ്രാമം | 4300 |
| 2 | അത്യുല്പാദനശേഷിയുള്ള കുറിയ ഇനം തെങ്ങുകളുടെ മാതൃകാ തോട്ടങ്ങൾക്ക് | 300 |
| 3 | സി.പി.സി.ആർ.ഐ.-യുമായി യോജിപ്പുള്ള പ്രോജക്ടുകൾക്ക് ധനസഹായം | 50 |
| 4 | തെങ്ങിൻതോട്ടങ്ങളിലെ കീടരോഗ നിയന്ത്രണം ക്യാമ്പയിൻ അടിസ്ഥാനത്തിൽ | 250 |
| 5 | പ്രോജക്ടധിഷ്ഠിത നാളികേര വികസനം | 100 |
| 6 | തെങ്ങുകൃഷി പുനരുദ്ധാരണത്തിനും പുനരുജ്ജീവനത്തിനുമായി നാളികേര കൗൺസിൽ പദ്ധതി | 1900 |
| | ആകെ | 6900 |

## റബ്ബർ കൃഷി ലാഭകരമാക്കുന്നതിന് സ്വീകരിച്ച നടപടികൾ

39 (1541) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബറിനെ കാർഷികവിളയായി പ്രഖ്യാപിക്കുമെന്ന ദേശീയ റബ്ബർ നയത്തിലെ പ്രഖ്യാപനം വിലയിടിവുമൂലം ബുദ്ധിമുട്ടുന്ന റബ്ബർ കർഷകർക്ക് എത്രമാത്രം ആശ്വാസമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇറക്കുമതി ചെയ്യുന്ന റബ്ബറുമായി മത്സരിക്കുവാൻ പ്രാപ്തി നേടുന്നതിന് സംസ്ഥാനത്തെ റബ്ബർ ഉല്പാദനരീതിയിൽ മാറ്റം വരുത്തേണ്ടതുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നറിയിക്കുമോ;

(സി) കുടുംബശ്രീ സംവിധാനം വഴി ടാപ്പിംഗ് തൊഴിലാളികളെ പരിശീലിപ്പിച്ച് വിദഗ്ധ തൊഴിലാളികളെ വാർത്തെടുക്കണമെന്ന നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ;

(ഡി) പുതിയ കരട് റബ്ബർ നയം നടപ്പിലാക്കുമ്പോൾ കമ്പോളത്തിലെ ആവശ്യങ്ങൾക്ക് അനുയോജ്യമായ വിധത്തിൽ റബ്ബർ കൃഷി സമ്പ്രദായത്തിൽ മാറ്റങ്ങൾ വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) റബ്ബറിനെ കാർഷിക വിളയായി പ്രഖ്യാപിക്കണമെന്നതടക്കമുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന ദേശീയ റബ്ബർ നയം 2019 മാർച്ചിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുകയുണ്ടായി. റബ്ബറിനെ കാർഷിക വിളയായി പ്രഖ്യാപിക്കുന്നത്, റബ്ബറിൽ നിന്നുള്ള വരുമാനം കാർഷിക വരുമാനമായി പ്രഖ്യാപിക്കുന്നത്, വിള ഇൻഷ്വറൻസ്/താങ്ങുവില പ്രഖ്യാപിക്കുന്നത്, പുതുകൃഷിക്കും ആവർത്തന കൃഷിക്കും സാമ്പത്തിക സഹായം നൽകുന്നത്, റബ്ബറൈസ്ഡ് റോഡുകൾ പ്രോത്സാഹിപ്പിക്കുന്നത്, റബ്ബർ ലേല കേന്ദ്രങ്ങൾ ആരംഭിക്കുന്നത്, കർഷകർ ഷീറ്റ് റബ്ബറിൽനിന്നും ക്രമാനുഗതമായി ബ്ലോക്ക് റബ്ബറിലേയ്ക്ക് മാറുന്നത്, റബ്ബർ കൃഷിയുടെ പ്രോസസിംഗ് യൂണിറ്റുകളിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് ക്ഷേമം ഉറപ്പുവരുത്തുന്നത്, മൂല്യവർദ്ധിത റബ്ബർ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള കർഷക ഫോറങ്ങളുടെ പദ്ധതികൾക്ക് പ്രോത്സാഹനം നൽകുന്നത് തുടങ്ങിയ നിർദ്ദേശങ്ങളാണ് റബ്ബർ നയത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

സ്വാഭാവിക റബ്ബറിനെ കാർഷിക വിളയായി പ്രഖ്യാപിക്കുന്നതിലൂടെ ദേശീയതലത്തിലുള്ള കാർഷിക വികസന പദ്ധതികളുടെ എല്ലാ പ്രയോജനവും റബ്ബർ കർഷകർക്ക് നൽകാൻ സാധിക്കുന്നതാണെന്ന് റബ്ബർ ബോർഡ്

അറിയിച്ചിരിക്കുന്നു. വിലയിടിവുമൂലം ബുദ്ധിമുട്ടുന്ന കർഷകർക്ക് റബ്ബർ നയം നടപ്പിലാക്കിയാൽ അത് തീർത്തും ആശ്വാസകരമാകുമെന്ന് കരുതാവുന്നതാണ്.

(ബി) അന്തർദേശീയ വ്യാപാര കരാറുകളുമായി ബന്ധപ്പെട്ടാണ് ഇന്ത്യയിൽ റബ്ബർ ഇറക്കുമതി ചെയ്തുവരുന്നത്. റബ്ബറിന്റെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി റബ്ബർ ബോർഡ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. റബ്ബറിന്റെ പുതുകൃഷി, പഴയതോട്ടങ്ങളുടെ പുനരുദ്ധാരണം എന്നിവ റബ്ബർ ബോർഡ് മുൻകയ്യെടുത്ത് നടത്തിവരുന്നുണ്ട്. റബ്ബർ ഗവേഷണ കേന്ദ്രം അത്യുൽപ്പാദനശേഷിയുള്ള റബ്ബറിനങ്ങൾ വികസിപ്പിക്കുകയും റബ്ബർ ബോർഡ്/റബ്ബർ ബോർഡ് അംഗീകൃത നഴ്സറികളിലൂടെ ഗുണമേന്മയുള്ള തൈകൾ വിതരണം ചെയ്തുവരുന്നുമുണ്ട്. കർഷകരുടെ പങ്കാളിത്തത്തോടുകൂടിയുള്ള വിജ്ഞാന വ്യാപന പ്രവർത്തനങ്ങളിലും റബ്ബർ ബോർഡ് ഏർപ്പെട്ടിരിക്കുന്നു. നടീൽ, കറയെടുക്കൽ, സംസ്കരണം, വിപണനം തുടങ്ങിയ വിഷയങ്ങളിൽ യഥാസമയം അറിവുകൾ നൽകുന്നതിന് വിവരവിനിമയ സാങ്കേതികവിദ്യയും ഓൺലൈൻ സേവനവും ഉപയോഗിക്കുന്നുണ്ട്. കൃഷിച്ചെലവ് പരമാവധി കുറച്ചുകൊണ്ട് കർഷകന്റെ വരുമാനം പരമാവധി വർദ്ധിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ടാണ് റബ്ബർ ബോർഡ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. ഇതുകൂടാതെ റബ്ബർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് നാമമാത്ര ചെറുകിട കർഷകർക്ക് റബ്ബർ കൃഷിയുടെ എല്ലാ സാങ്കേതിക വശങ്ങളും ഉൾക്കൊള്ളുന്ന പരിശീലന പരിപാടികളും നടത്തിവരുന്നുണ്ട്. ഷീറ്റ് റബ്ബറിൽനിന്നും ബ്ലോക്ക് റബ്ബറിലേയ്ക്ക് മാറുന്നത് കർഷകർക്ക് കൃഷിച്ചെലവ് കുറയ്ക്കുന്നതിന് സഹായകരമാകുന്നതാണ്.

(സി) കുടുംബശ്രീ സംവിധാനം വഴി തൊഴിലാളികൾക്ക് ടാപ്പിംഗ് ഉൾപ്പെടെയുള്ള റബ്ബർത്തോട്ടങ്ങളുടെ പരിപാലനമുറകൾ പരിശീലിപ്പിച്ചിട്ടുണ്ട്. 2016-17-ലാണ് ഈ പരിശീലന പദ്ധതി ആരംഭിച്ചത്. റബ്ബർ ബോർഡ് പ്രോത്സാഹിപ്പിച്ചുവരുന്ന റബ്ബർ ടാപ്പേഴ്സ് ബാങ്കിന്റെ ചട്ടക്കൂടിലാണ് കുടുംബശ്രീ മിഷനുമായി സഹകരിച്ചുകൊണ്ട് പരിശീലന പദ്ധതി നടപ്പിലാക്കിയത്. റബ്ബർ ഉൽപാദന സംഘങ്ങളുമായി യോജിച്ചാണ് ടാപ്പേഴ്സ് ബാങ്ക് പ്രവർത്തിച്ചുവരുന്നത്. കുടുംബശ്രീ മിഷനുമായി സഹകരിച്ചുകൊണ്ട് റബ്ബർ ബോർഡ് 29 തൊഴിൽ സംഘങ്ങളെ പ്രോത്സാഹിപ്പിച്ചുവരുന്നുണ്ട്. 29 സംഘങ്ങളിലായി 439 സ്ത്രീ തൊഴിലാളികൾ പ്രവർത്തിച്ചുവരുന്നുണ്ട്. പരിശീലനം ലഭിച്ച സംഘാംഗങ്ങൾ തങ്ങളുടെ സ്വന്തം തോട്ടങ്ങളിൽ ടാപ്പിംഗ് ചെയ്യുന്നതിനോടൊപ്പം റബ്ബർ ഉല്പാദക സംഘങ്ങളിൽ അംഗങ്ങളായിട്ടുള്ള കർഷകരുടെ തോട്ടങ്ങളിലും കറയെടുപ്പ് തൊഴിലിൽ ഏർപ്പെട്ടുവരുന്നുണ്ട്.

(ഡി) 2019 ദേശീയ റബ്ബർ നയത്തിൽ റബ്ബർ എന്ന വിളയുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്കും വികസനത്തിനും വേണ്ടുന്ന വിവിധ പ്രഖ്യാപനങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. പുതുകൃഷിക്കും റബ്ബർത്തോട്ടങ്ങളുടെ പുനരുദ്ധാരണത്തിനും അത്യുല്പാദനശേഷിയും കീടരോഗ പ്രതിരോധ ശേഷിയും ചേർന്ന റബ്ബറിനങ്ങൾ ആവശ്യമുണ്ട്. ഇതിനുവേണ്ടിയുള്ള ഗവേഷണങ്ങൾ റബ്ബർ ബോർഡ് നിർവ്വഹിച്ചുവരുന്നുണ്ട്. ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ റബ്ബർ ബോർഡ് നഴ്സറികളിൽനിന്നും റബ്ബർ ബോർഡ് അംഗീകൃത നഴ്സറികളിൽനിന്നും വിതരണം ചെയ്തുവരുന്നുണ്ട്. കമ്പോളത്തിന് ആവശ്യമുള്ളത് ഗുണമേന്മയുള്ള റബ്ബർ ഷീറ്റുകൾ/റബ്ബർ ബ്ലോക്കുകളാണ്. നിലവിൽ 'നോട്ടം' (വിഷ്വൽ ഗ്രേഡിംഗ്) കൊണ്ടാണ് റബ്ബർ ഷീറ്റുകൾ തരംതിരിക്കുന്നത്. പ്രസ്തുത സംവിധാനത്തിന് മാറ്റംവരുത്തിക്കൊണ്ട് ശാസ്ത്രീയമായ തരംതിരിക്കൽ പ്രക്രിയകൾ (ഓട്ടോമേറ്റഡ് സിസ്റ്റം) കൈക്കൊള്ളുന്നതിലൂടെ ഷീറ്റുകളുടെ ഗുണമേന്മ ഉറപ്പുവരുത്താൻ കഴിയുന്നതാണ്. റബ്ബർ ഷീറ്റുകളുടെ ഗുണമേന്മയും നിലവാരവും ഉറപ്പുവരുത്തുന്നതിനായി ഗ്രൂപ്പ് പ്രോസസിംഗ് സെന്റർ/കമ്മ്യൂണിറ്റി പ്രോസസിംഗ് സെന്റർ പ്രോത്സാഹിപ്പിക്കുന്നതിലൂടെ സാധിക്കുന്നതാണ്. ഇത്തരം സെന്ററുകളിൽ ഇതിനാവശ്യമായ എല്ലാവിധ സംവിധാനങ്ങളും (ലാറ്റക്സ് സംസ്കരിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ, മലിനജലം വൃത്തിയാക്കൽ, ബയോഗ്യാസ് തുടങ്ങിയവ) ഏർപ്പെടുത്താൻ സാധിക്കുന്നതാണ്. ഷീറ്റ് റബ്ബർ ഉൽപാദനത്തേക്കാൾ ചെലവ് കുറവും ഗുണമേന്മ കൂടുതലുമുള്ളവയാണ് ബ്ലോക്ക് റബ്ബറുകൾ. ഷീറ്റ് റബ്ബറിൽനിന്നും ബ്ലോക്ക് റബ്ബറിലേയ്ക്ക് ക്രമാനുഗതമായ മാറ്റവും റബ്ബർ നയം പ്രോത്സാഹിപ്പിക്കുന്നുണ്ട്. രാജ്യാന്തര വിപണിയിൽ 'ഇന്ത്യൻ നാച്ചുറൽ റബ്ബർ' എന്ന വാണിജ്യ മുദ്രയോടുകൂടി റബ്ബറിനെ അവതരിപ്പിക്കാനും അതിലൂടെ ഇന്ത്യൻ റബ്ബറിന്റെ സ്ഥിരതയാർന്ന ഗുണമേന്മ ലോക വിപണികളിലെത്തിക്കാനും റബ്ബർ നയം ലക്ഷ്യമിടുന്നുണ്ട്.

ജനിതക മേന്മയുള്ള നടീൽ വസ്തുക്കൾ, റബ്ബർ അധിഷ്ഠിത കൃഷി സമ്പ്രദായങ്ങൾ, കാർഷിക പരിപാലന മുറകൾ, മണ്ണിന്റെ ഉൽപാദനക്ഷമത നിലനിർത്തൽ, കറയെടുക്കുന്നതിനുള്ള സാങ്കേതികവിദ്യ, സംസ്കരണ മാർഗ്ഗങ്ങൾ തുടങ്ങിയ പല വിഷയങ്ങളിലും റബ്ബർ ബോർഡ് ഗവേഷണം തുടരുന്നുണ്ട്. ഇതുസംബന്ധിയായ പരിശീലനങ്ങളും റബ്ബർ ബോർഡിന്റെ പരിശീലന കേന്ദ്രം കർഷകർക്ക് നൽകിവരുന്നുണ്ട്.

രാജ്യാന്തര വിപണിയിൽ മത്സരിക്കുന്നതിന് അനുയോജ്യമായ വിധത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള ആശയങ്ങൾ റബ്ബർ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## കാർഷിക മേഖല സംരക്ഷിക്കാൻ സഹായം

40 (1542) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷിയിറക്കുന്നതിനുണ്ടായ അമിത ചെലവും, വളത്തിനും കീടനാശിനിക്കും പ്രതിദിനം വില കൂടുന്നതും കർഷകരെ പ്രതിസന്ധിയിലാക്കിയെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉപജീവനത്തിനുള്ള ഒരു മാർഗ്ഗമെന്ന നിലയിൽ കൃഷി തുടർന്നുകൊണ്ടു പോകാൻ സാധിക്കാതെ വന്ന സാഹചര്യത്തിൽ കർഷകരെ ഈ മേഖലയിൽ പിടിച്ചുനിർത്തുന്നതിന് സർക്കാർ തലത്തിൽ നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) നെൽകൃഷി വികസന പദ്ധതി, പച്ചക്കറി വികസന പദ്ധതി, നാളികേര വികസന പദ്ധതി, സുഗന്ധവ്യഞ്ജന വികസന പദ്ധതി, ഹൈ-ടെക് അഗ്രികൾച്ചർ, മണ്ണിന്റെയും വേരിന്റെയും ആരോഗ്യപരിപാലനവും ഉല്പാദനക്ഷമത ഉയർത്തലും, വിള ആരോഗ്യ പരിപാലനം, ജൈവകൃഷിയും ഉത്തമ കൃഷിമുറകളും, ഗുണമേന്മയുള്ള നടീൽവസ്തുക്കളുടെ ഉല്പാദനവും വിതരണവും, കാർഷിക വിപണനവും വിപണി വികസനവും, മൂല്യവർദ്ധനവും വിളവെടുപ്പിനുശേഷമുള്ള പരിപാലനവും, വയനാട് പാക്കേജ് പദ്ധതി, പ്രാദേശിക പ്രാധാന്യമുള്ള പദ്ധതികൾ, കിഴങ്ങ്-പയറുവർഗ്ഗങ്ങളുടെ വികസനം, പഴവർഗ്ഗങ്ങൾ, പൂക്കൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ വികസനം, നാടൻ വിത്തിനങ്ങളുടെ ജൈവവൈവിധ്യ സംരക്ഷണവും പ്രോത്സാഹനവും എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ കാർഷികവിളകളുടെ ഉല്പാദനവും കർഷകരുടെ വരുമാനവും വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു.

കർഷകർക്ക് ഉല്പാദന ചെലവിനനുസൃതമായി വരുമാനം ഉറപ്പു വരുത്തുന്നതിനായി വിപണി സംവിധാനം ശക്തിപ്പെടുത്തുന്നതിനും വിപണി ഇടപെടലിനും കാർഷികോല്പന്നങ്ങളുടെ സംസ്കരണത്തിനും മൂല്യവർദ്ധനവിനും ആവശ്യമായ പദ്ധതികളും നടപ്പിലാക്കുന്നു.

ഇടനിലക്കാരുടെ ചൂഷണത്തിന് വിധേയരാകാതെ ന്യായവില ഉറപ്പുവരുത്തുന്നതിന് കർഷകർക്ക് നേരിട്ട് വില്പന നടത്തുന്ന വിവിധ കർഷക വിപണികൾ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്നു. കർഷകർ ജൈവകൃഷിയിലൂടെയും ഉത്തമ കാർഷിക രീതിയിലൂടെയും ഉല്പാദിപ്പിക്കുന്ന

ഉല്പന്നങ്ങൾക്ക് കൃഷി വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ ആരംഭിച്ച ഇക്കോഷോപ്പുകൾ മികച്ച വില ലഭ്യമാക്കിവരുന്നു. പച്ചക്കറി വികസന പദ്ധതിയിൻകീഴിൽ രൂപീകരിച്ച ബ്ലോക്കുതല ഫെഡറേറ്റഡ് ഓർഗനൈസേഷനുകളും ക്ലസ്റ്ററുകൾ ഉല്പാദിപ്പിക്കുന്ന പച്ചക്കറികളുടെ സംഭരണവും വിപണനവും നടപ്പിലാക്കുന്നു.

കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷികോല്പന്നങ്ങൾക്ക് (പഴം, പച്ചക്കറികൾ, നാളികേരം എന്നിവ) വിപണിയിൽ വിലത്തകർച്ച നേരിടുമ്പോൾ സർക്കാർ വിപണിയിൽ ഇടപെട്ട് ന്യായവില നൽകി ഉല്പന്നങ്ങളുടെ സംഭരണം നടത്തുന്നുണ്ട്. കൂടാതെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന കർഷകരിൽനിന്നും നിശ്ചിതവിലയ്ക്ക് നെല്ല് സംഭരണവും നടത്തിവരുന്നു.

സംസ്ഥാന കൃഷി വകുപ്പിന്റെ കീഴിലുള്ള ആറ് മൊത്ത വ്യാപാര വിപണികളിലും അഞ്ച് ജില്ലാ സംഭരണ കേന്ദ്രങ്ങളിലും കർഷകർ ഉൽപാദിപ്പിക്കുന്ന കാർഷികോല്പന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് ലേലം ചെയ്ത് വിപണനം ചെയ്യുന്നതിനുള്ള സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. ഇവിടെ ഉല്പന്നങ്ങൾ എത്തിക്കുന്നതിന് കർഷകർക്ക് ട്രാൻസ്പോർട്ട് സബ്സിഡിയും നൽകിവരുന്നു.

റബ്ബറിന് വിപണിയിൽ വിലസ്ഥിരത ഉറപ്പാക്കുന്നതിന് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് നൽകുന്നു.

**കുരുമുളക് കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ**

41 (1543) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിയറ്റ്നാമിൽ നിന്നുള്ള കുരുമുളക് ഇറക്കുമതിയിലെ വർദ്ധനവ് സംസ്ഥാനത്തെ കുരുമുളക് കർഷകരെ ദോഷകരമായി ബാധിച്ചു എന്നത് വസ്തുതയല്ലേ;

(ബി) മൂല്യവർദ്ധിത ഉല്പന്നമായി മറ്റ് രാജ്യങ്ങളിലേയ്ക്ക് കയറ്റി അയയ്ക്കാമെന്ന വ്യവസ്ഥയിൽ ഇറക്കുമതി ചെയ്യപ്പെടുന്ന വിലകുറഞ്ഞ കുരുമുളകിന്റെ സത്ത് എടുത്തശേഷമുള്ള ചണ്ടി മസാല കമ്പനികൾക്കും മറ്റും നൽകുന്നത് സംസ്ഥാനത്തെ കുരുമുളകിന്റെ ഡിമാന്റ് കുറയ്ക്കുന്നതിന് കാരണമായിട്ടില്ലേ;

(സി) എങ്കിൽ കുരുമുളക് കർഷകരെ വിലയിടിവിൽ നിന്നും സംരക്ഷിക്കുന്നതിന് ഏത് തരത്തിലുള്ള ഇടപെടലാണ് നടത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 1-1-2010 മുതൽ കേന്ദ്രസർക്കാർ ഏർപ്പെട്ട ആസിയാൻ ഉടമ്പടി പ്രകാരം അംഗരാജ്യങ്ങൾക്കിടയിലെ വ്യാപാരം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി രാജ്യങ്ങൾ പരസ്പരം കയറ്റിറക്ക് പ്രോത്സാഹിപ്പിക്കുന്നതിനാൽ കേരളത്തിന്റെ തനത് സുഗന്ധവ്യഞ്ജന വിളയായ കുരുമുളക് ഉൾപ്പെടെയുള്ളവയുടെ വിലയിൽ ഗണ്യമായ ഇടിവ് സംഭവിച്ചിട്ടുണ്ട്. കുരുമുളകിന്റെ വിപണി വില 2016-നെ അപേക്ഷിച്ച് 2019 ആയപ്പോൾ നേർപകുതിയോളമായി. (2016-ൽ കുരുമുളകിന് കിലോഗ്രാമിന് ശരാശരി 700 രൂപ ഉണ്ടായിരുന്നത് 2019-ൽ ശരാശരി 350-നും 370-നും ഇടയിലായി.) വിയറ്റ്നാമിൽ കുരുമുളകിന്റെ ഉൽപാദനവും ഉല്പാദനക്ഷമതയും കൂടുതലായതും അവിടത്തെ തദ്ദേശീയ കമ്പോളത്തിൽ കുരുമുളകിന് ആവശ്യക്കാർ കുറഞ്ഞതും കാരണം കുരുമുളകിന് ആവശ്യക്കാർ ഏറെയുള്ള ഇന്ത്യൻ വിപണിയിലേയ്ക്ക് വർദ്ധിച്ച തോതിൽ ഇറക്കുമതി ചെയ്യപ്പെടുന്നു എന്നത് വസ്തുതയാണ്. കുരുമുളകിന് 51% തീരുവ മാത്രം നൽകി ആസിയാൻ രാജ്യമായ വിയറ്റ്നാമിൽ നിന്ന് കുരുമുളക് ഇറക്കുമതി നടക്കുന്നുണ്ട്. ഇത് സംസ്ഥാനത്തെ കുരുമുളക് കർഷകരെ ദോഷകരമായി ബാധിക്കുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ആസിയാൻ രാജ്യങ്ങൾ, ശ്രീലങ്ക എന്നിവിടങ്ങളിൽ നിന്നുള്ള അനിയന്ത്രിത ഇറക്കുമതി തടയണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുകയും സമ്മർദ്ദം ചെലുത്തുകയും ചെയ്തിട്ടുണ്ട്. സുഗന്ധവിളകളുടെ വികസന പദ്ധതി പ്രകാരവും വയനാട് പാക്കേജ് പദ്ധതി പ്രകാരവും കുരുമുളക് കൃഷിയുടെ പുനരുജ്ജീവനത്തിനും വികസനത്തിനും കർഷകർക്ക് ആനുകൂല്യം നൽകിവരുന്നുണ്ട്. പ്രസ്തുത പദ്ധതികൾ കർഷകരുടെ ഉല്പാദനച്ചെലവ് കുറയ്ക്കുന്നതിന് ഒരു പരിധിവരെ സഹായിക്കുന്നുണ്ട്.

**കർഷക ആത്മഹത്യ**

42 (1544) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് ആകെ എത്ര കർഷകർ ആത്മഹത്യചെയ്തു എന്നറിയിക്കുമോ ;

(ബി) 2019 ജനുവരി 1 മുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര കർഷകർ ആത്മഹത്യ ചെയ്തുവെന്നും ഇടുക്കി ജില്ലയിൽ എത്ര കർഷകർ ആത്മഹത്യ ചെയ്തുവെന്നും വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് അടിക്കടി ഉണ്ടാകുന്ന കർഷക ആത്മഹത്യകൾക്ക് കാരണമെന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇത്തരം ആത്മഹത്യകൾ തടയാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നല്കുമോ?

<u>ഉത്തരം</u>

(എ) 15 കർഷകർ ആത്മഹത്യ ചെയ്തുവെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത ആത്മഹത്യകൾ കർഷക ആത്മഹത്യയുടെ നിർവ്വചനത്തിൽപ്പെടുന്നതല്ല. കർഷകരെടുത്തിട്ടുള്ള കാർഷികേതര വായ്പകളിന്മേലുള്ള ജപ്തി നടപടികളെ തുടർന്നാണ് ആത്മഹത്യ ചെയ്തിട്ടുള്ളത്.

(ബി) 12 കർഷകർ ആത്മഹത്യ ചെയ്തതിൽ 10 പേർ ഇടുക്കി ജില്ലയിലാണ്.

(സി) പ്രളയാനന്തരം കർഷക ആത്മഹത്യകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. പ്രളയംമൂലം വീടും ജംഗമവസ്തുക്കളും കൃഷിയും നശിച്ചുപോയതിലുള്ള മാനസിക വിഷമവും ബാങ്ക് ലോണുകൾ യഥാസമയം തിരിച്ചടയ്ക്കാൻ കഴിയാതെ വന്നതും അതിനെത്തുടർന്ന് ജപ്തി നടപടികൾ അഭിമുഖീകരിക്കേണ്ടിവന്നതും ആത്മഹത്യയ്ക്ക് കാരണമായെന്ന് കരുതുന്നു.

കർഷക കടാശ്വാസ കമ്മീഷൻ മുഖേന ആനുകൂല്യം നൽകുന്ന കാർഷിക വായ്പകളുടെ കാലാവധി ഇടുക്കി, വയനാട് ജില്ലകളിൽ 2018 ആഗസ്റ്റ് 31 വരെയും മറ്റ് ജില്ലകളിൽ 2014 മാർച്ച് 31 വരെയും ദീർഘിപ്പിക്കാനും കർഷക കടാശ്വാസ കമ്മീഷൻ 50,000 രൂപയ്ക്ക് മുകളിലുള്ള കുടിശ്ശികയ്ക്ക് നൽകുന്ന ആനുകൂല്യം ഒരു ലക്ഷം രൂപയിൽനിന്നും രണ്ട് ലക്ഷം രൂപയായി വർദ്ധിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. (രണ്ട് ലക്ഷം രൂപ വരെയുള്ള കാർഷിക കടം എഴുതിത്തള്ളുന്നതിന് തുല്യമായ തീരുമാനമാണിത്). കൂടാതെ കർഷക കടാശ്വാസ കമ്മീഷന്റെ പരിധിയിൽ വാണിജ്യ ബാങ്കുകളെക്കൂടി ഉൾപ്പെടുത്താമോ എന്ന വിഷയം പരിശോധിക്കാൻ കൃഷി, ആസൂത്രണ-സാമ്പത്തികകാര്യ വകുപ്പുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കർഷകർക്ക് ദീർഘകാല വിളകൾക്ക് പുതുതായി അനുവദിക്കുന്ന വായ്പകളുടെ പലിശ, ലോൺ അനുവദിക്കുന്നത് മുതൽ ഒരു വർഷത്തേയ്ക്ക് നബാർഡ് മാതൃകയിൽ 9% വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിക്കുന്നതാണ്.

2018 ആഗസ്റ്റ് മാസത്തിൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയം കണക്കിലെടുത്ത് സംസ്ഥാനത്തെ കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങൾ, ഹൗസിംഗ് ബോർഡ്, കോ-ഓപ്പറേറ്റീവ്, ഹൗസിംഗ് ഫെഡറേഷൻ, പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ പോലുള്ള വിവിധ സർക്കാർ ഏജൻസികൾ, സഹകരണ ബാങ്കുകൾ കൂടാതെ റവന്യൂ റിക്കവറി ആക്ട് 1968, 71-ാം വകുപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾ എന്നിവയിൽനിന്നുമെടുത്തിട്ടുള്ള ക്ഷീര വികസനവും മൃഗസംരക്ഷണവും ഉൾപ്പെടെയുള്ള കാർഷിക വായ്പകൾക്ക് 2019 ഡിസംബർ 31 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്.

**സംസ്ഥാനത്ത് ഹണി പാർക്ക്**

43 (1545) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തേനീച്ച കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് ഹണി പാർക്ക് സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ അത് തേനീച്ച കൃഷിയെയും തേൻ നിർമ്മാണത്തെയും ഏതൊക്കെ തരത്തിൽ സഹായിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) തേനീച്ച കൃഷിയിൽ കർഷകർക്ക് പരിശീലനം നല്കുന്നതിനായുള്ള സൗകര്യം ഹണി പാർക്കിൽ ലഭ്യമാണോ; വിശദമാക്കുമോ;

(ഡി) ഹണി പാർക്കിലെ തേൻ സംഭരണ-സംസ്കരണ യൂണിറ്റിന്റെ വിവരങ്ങൾ ലഭ്യമാക്കുമോ; ആയതിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖാന്തരം തേനീച്ച കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH) പദ്ധതിയിൽ ഉൾപ്പെടുത്തി തേനീച്ച വളർത്തലിലൂടെ പരാഗണ പിന്തുണ എന്ന ഘടകം തേനീച്ച വളർത്തൽ പ്രവർത്തനങ്ങൾക്ക് സംസ്ഥാന നിയുക്ത ഏജൻസിയായ ഹോർട്ടികോർപ്പ് വഴി നടപ്പിലാക്കുന്നുണ്ട്. തേനീച്ച പെട്ടികളുടെയും കോളനികളുടെയും ഉപകരണങ്ങളുടെയും വിതരണം പ്രസ്തുത ഘടകം വഴി നടപ്പിലാക്കുന്നു.

(ബി) ഉണ്ട്. സംസ്ഥാനത്ത് മാവേലിക്കരയിൽ ഹോർട്ടികോർപ്പിന്റെ പരിശീലന കേന്ദ്രത്തിൽ ഹണി പാർക്ക് സ്ഥാപിച്ചിട്ടുണ്ട്. ഹണി പാർക്കിൽ വിവിധ ഇനത്തിലുള്ള തേനീച്ചകളുടെ കോളനികൾ നേരിട്ട് കാണാനുള്ള അവസരം സജ്ജമാക്കിയിട്ടുണ്ട്. തേനുൽപ്പാദനവുമായി ബന്ധപ്പെട്ട് വളർത്തേണ്ട സസ്യലതാദികളും ഇവിടെ പരിപാലിച്ചുപോരുന്നു. ഇത് തേനീച്ച വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് സഹായിക്കുന്നു.

കൂടാതെ തൃശ്ശൂർ ജില്ലയിലെ കണ്ണാറ ഫാമിൽ പുതിയതായി ഒരു ഹണി പാർക്ക് സ്ഥാപിക്കുന്നതിന് കിഫ്ബിയിൽനിന്നും ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണ പ്രവർത്തനം ഉടനെ പൂർത്തിയാക്കും.

(സി) ലഭ്യമാണ്. 2018-19 സാമ്പത്തിക വർഷത്തിൽ 40 തേനീച്ച വളർത്തൽ പരിശീലന പരിപാടികളും 20 തുടർപരിശീലനങ്ങളും നടത്തിയിരുന്നു.

(ഡി) ഹണി പാർക്കിൽ തേൻ സംഭരണത്തിനും സംസ്കരണത്തിനുമുള്ള ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പ്രതിവർഷം 25-30 ടൺ തേൻ സംഭരിച്ച് സംസ്കരണം നടത്തുന്നതിന് ഈ പ്ലാന്റിന് ശേഷിയുണ്ട്. നിലവിൽ സംസ്കരിച്ച തേൻ അഗ്മാർക്ക് പരിശോധനയ്ക്കുശേഷമാണ് വിപണനം നടത്തുന്നത്. അഗ്മാർക്ക് പരിശോധന ഹണി പാർക്കിൽത്തന്നെ നടത്തുന്നതിനായുള്ള ലാബ് ഒരുക്കുന്നതിനുള്ള സ്ഥലസൗകര്യം ഹണി പാർക്കിൽ ഒരുക്കിയിട്ടുണ്ട്.

## പ്രളയത്തിൽ തകർന്ന കാർഷിക സംരംഭങ്ങൾ

44 (1546) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാപ്രളയത്തിൽ റബ്ബർ നഴ്സറി ഉൾപ്പെടെ ഉള്ള കാർഷികസംരംഭങ്ങൾ നശിച്ചുപോയതിന്റെ കണക്ക് എടുത്തിട്ടുണ്ടോ;

(ബി) പത്തനംതിട്ടയിൽ എത്ര സ്ഥാപനങ്ങളാണ് ഇത്തരത്തിൽ വെള്ളപ്പൊക്കത്തിൽ തകർന്നുപോയത്;എത്ര രൂപയുടെ നഷ്ടം ഇത്തരത്തിൽ ആകെ ഉണ്ടായതായി കണക്കാക്കുന്നു;വിശദമാക്കുമോ;

(സി) റീ-ബിൽഡ് കേരള പദ്ധതിയിൽ ഇത്തരം കാർഷികസംരംഭം നടത്തുന്ന ആളുകളെ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇത്തരക്കാരെ കൂടെ ഉൾപ്പെടുത്തി നഷ്ടപരിഹാരം ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;വിശദാംശങ്ങൾ ലഭ്യമാക്കാമോ?

### ഉത്തരം

(എ&ബി) ഉണ്ട്. പത്തനംതിട്ട ജില്ലയിൽ 6 റബ്ബർ നഴ്സറികൾക്കും ആങ്ങമൂഴി, കൈപ്പട്ടൂർ എന്നിവിടങ്ങളിലെ ഗ്രൂപ്പ് പ്രോസസിംഗ് സെന്ററുകൾക്കും 44 ലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്.

(സി&ഡി) റീ-ബിൽഡ് കേരള പദ്ധതിയിൽ പ്രളയാനന്തര ദുരിതാശ്വാസത്തിനുപരി പ്രകൃതിദുരന്തങ്ങളെ അതിജീവിക്കാനാവശ്യമായ സംസ്ഥാനതല ചട്ടക്കൂട് രൂപീകരിക്കുക, കാലാവസ്ഥ വ്യതിയാനം കൊണ്ടുണ്ടാകുന്ന പ്രകൃതിദുരന്തങ്ങളുടെ പ്രഹരം ചെറുക്കുന്നതിനുള്ള സ്ഥാപന സാമ്പത്തികശേഷി ഉയർത്തുക തുടങ്ങിയ പുനർനിർമ്മാണ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

**പാട്ടകൃഷിയുടെ പ്രോത്സാഹനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ**

45 (1547) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാട്ടകൃഷിയുടെ പ്രോത്സാഹനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പാട്ടകൃഷി ചെയ്യുന്ന കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പാട്ട വ്യവസ്ഥ പ്രകാരം കൃഷി ചെയ്യുന്ന കർഷകർക്ക് മതിയായ രേഖകൾ ഹാജരാക്കുന്നപക്ഷം പദ്ധതി നിബന്ധനകൾക്ക് വിധേയമായി കൃഷി വകുപ്പ് നടപ്പിലാക്കുന്ന എല്ലാ കൃഷി വികസന പദ്ധതികളിൽനിന്നും ആനുകൂല്യം നൽകുന്നുണ്ട്. സ്ഥിരമായി സ്ഥാപിക്കേണ്ട പമ്പ് ഹൗസ് ഉൾപ്പെടെയുള്ള മോട്ടോർ, കാർഷികാവശ്യത്തിനുള്ള സൗജന്യ വൈദ്യുതി തുടങ്ങിയ ആനുകൂല്യങ്ങളൊഴികെ മറ്റ് പദ്ധതികളിൽ ആനുകൂല്യം നൽകിവരുന്നുണ്ട്. എന്നാൽ സംസ്ഥാനത്ത് പാട്ടകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നില്ല.

(ബി) പാട്ടകൃഷി ചെയ്യുന്ന കർഷകർക്ക് വിവിധ വിളകൾ കൃഷി ചെയ്യുന്നതിനുള്ള ആനുകൂല്യം, സബ്സിഡി നിരക്കിൽ ഉൽപാദനോപാധികൾ, പോർട്ടബിൾ പമ്പ്സെറ്റ്, പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന വിളനാശത്തിനുള്ള നഷ്ടപരിഹാരം, വിള ഇൻഷ്വറൻസ് പരിരക്ഷ എന്നിവ പദ്ധതി നിബന്ധനകൾക്ക് വിധേയമായി അനുവദിക്കുന്നുണ്ട്.

കൂടാതെ തരിശുഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിന് കർഷകന് ഒന്നാം വർഷം ഹെക്ടറിന് 25,000 രൂപ, രണ്ടാം വർഷം ഹെക്ടറിന് 5,800 രൂപ, മൂന്നാം വർഷം ഹെക്ടറിന് 3,750 രൂപ നിരക്കിൽ ആനുകൂല്യം നൽകുന്നുണ്ട്. ഈ പദ്ധതിയിൻകീഴിൽ തരിശുഭൂമിയുടെ ഉടമയ്ക്ക് ഒന്നാംവർഷം ഹെക്ടറിന് 5,000 രൂപ,

രണ്ടാം വർഷം ഹെക്ടറിന് 1,200 രൂപ, മൂന്നാം വർഷം ഹെക്ടറിന് 750 രൂപ നിരക്കിൽ ആനുകൂല്യം അനുവദിക്കുന്നുണ്ട്. തരിശ് നിലത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് കർഷകന് ഹെക്ടറിന് 25,000 രൂപ നിരക്കിലും തരിശുഭൂമിയുടെ ഉടമയ്ക്ക് ഹെക്ടറിന് 5,000 രൂപ നിരക്കിലും ഈ പദ്ധതിയിൻകീഴിൽ ആനുകൂല്യം അനുവദിക്കുന്നുണ്ട്.

## കടബാദ്ധ്യതയിൽപ്പെട്ട കർഷകരെ സഹായിക്കുന്നതിന് നടപടി

46 (1548) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടബാദ്ധ്യതയിൽപ്പെട്ട സംസ്ഥാനത്തെ കർഷകരെ സഹായിക്കുന്നതിനായി ബാങ്കുകൾക്ക് കർശനനിർദ്ദേശം നല്കാത്തതാണ് അടിക്കടി ഉണ്ടാകുന്ന കർഷക ആത്മഹത്യകൾക്ക് കാരണം എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മൊറട്ടോറിയം കാലയളവിൽ പോലും സഹകരണബാങ്കുകൾ ഉൾപ്പെടെയുള്ള ബാങ്കുകൾ കർഷകർക്ക് ജപ്തി നോട്ടീസുകൾ നല്കി കർഷകരെ പ്രയാസത്തിലാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(സി) കാർഷികകടങ്ങളെ ടേം ലോണുകളായി മാറ്റുന്നതിലൂടെ കർഷകർ കൂടുതൽ ദുരിതത്തിലാകുന്നുവെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) പുനഃക്രമീകരിച്ച ലോണുകൾമൂലം കടക്കെണിയിലായ കർഷകർ ഏകദേശം 40% അധിക തിരിച്ചടവിന് നിർബന്ധിക്കപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിയ്ക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. സംസ്ഥാന കൃഷി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 8-10-2018-ൽ സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി കൺവീനർ ഉൾപ്പെടെയുള്ള ബാങ്കിംഗ് പ്രതിനിധികളുമായി വിശദമായ ചർച്ച നടത്തുകയും ഇതുസംബന്ധിച്ച് ബാങ്കുകൾക്ക് കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2018 ആഗസ്റ്റ് 20-ന് കൂടിയ സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ പ്രത്യേക യോഗം ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ ഉടൻ നടപ്പിലാക്കേണ്ട പ്രളയ ദുരിതാശ്വാസ നടപടികൾ റിസർവ് ബാങ്ക് നിബന്ധനകൾക്ക് വിധേയമായി ചർച്ച ചെയ്ത് അംഗീകരിക്കുകയും ഈ നടപടികളുടെ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ ബാങ്കുകൾക്കും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഈ നടപടികളുടെ വിശദാംശങ്ങൾ

www.slbc.kerala.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഇതുപ്രകാരം അർഹമായ വായ്പകൾക്ക് മൊറട്ടോറിയം നിലവിലുണ്ട്.

പ്രളയദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ കർഷകരെടുത്തിട്ടുള്ള എല്ലാ വായ്പകളിലേയും ജപ്തി നടപടികൾക്ക് ഒരു വർഷത്തെ മൊറട്ടോറിയം പ്രഖ്യാപിച്ച് 12-10-2018-ലെ സ.ഉ. (എം.എസ്) 367/2018/റവ. നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് സഹകരണ ബാങ്കുകളിൽ നടപ്പിലാക്കി ഉത്തരവായിട്ടുണ്ട്. ചില ബാങ്കുകൾ ജപ്തി നോട്ടീസുകൾ നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സംസ്ഥാനത്തിലെ വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്നെടുത്തിട്ടുള്ള കാർഷിക കടങ്ങൾക്ക് 31-7-2018 മുതൽ ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം അനുവദിച്ച് നൽകിയിരുന്നു. തുടർന്ന് പ്രസ്തുത മൊറട്ടോറിയത്തിന്റെ കാലാവധി 31-12-2019 വരെ ദീർഘിപ്പിച്ചു നൽകുന്നതിനും സഹകരണ സ്ഥാപനങ്ങളിൽനിന്നും കർഷകരെടുത്തിട്ടുള്ള എല്ലാ വായ്പകളിന്മേലുമുള്ള ജപ്തി നടപടികൾക്ക് 31-12-2019 വരെ മൊറട്ടോറിയം അനുവദിച്ചും സഹകരണ സംഘം രജിസ്ട്രാറുടെ 15/19 നമ്പർ സർക്കുലർ നൽകിയിട്ടുണ്ട്.

പൊതുമേഖല, വാണിജ്യ, സഹകരണ ബാങ്കുകളിൽനിന്നും കർഷകരെടുത്തിട്ടുള്ള കാർഷിക വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് നേരത്തേ പ്രഖ്യാപിച്ച മൊറട്ടോറിയം 2019 ഡിസംബർ 31 വരെ ദീർഘിപ്പിക്കാനും കർഷകരെടുത്തിട്ടുള്ള എല്ലാ വായ്പകൾക്കും മൊറട്ടോറിയം ബാധകമാക്കിക്കൊണ്ടും 5-3-2019-ലെ മന്ത്രിസഭാ യോഗം തീരുമാനമെടുത്തിട്ടുണ്ട്. ഇക്കാര്യത്തിന്മേലുള്ള തുടർനടപടികൾ 27-5-2019-ലെ സ.ഉ. (കൈ) നമ്പർ 146/2019/റവ. പ്രകാരം റവന്യൂ വകുപ്പിൽനിന്നും സ്വീകരിച്ചിട്ടുണ്ട്.

ബാങ്കുകൾ ജപ്തി നടപടികളുമായി ബന്ധപ്പെട്ട നോട്ടീസ് അയയ്ക്കുന്നത് പ്രളയ സമയത്തിനുമുമ്പുതന്നെ തിരിച്ചടവ് മുടക്കം വന്നിട്ടുള്ള ലോണുകൾക്കാണെന്നാണ് എസ്.എൽ.ബി.സി.-യുടെ സ്റ്റിയറിംഗ് കമ്മിറ്റിയിൽ എസ്.എൽ.ബി.സി. അധികാരികളും/റിസർവ് ബാങ്ക് അധികാരികളും വ്യക്തമാക്കിയിട്ടുള്ളത്.

(സി) മൊറട്ടോറിയം പിരീഡ് കഴിഞ്ഞശേഷം ടേം ലോൺ ആക്കുന്ന വിഷയത്തിൽ കൂട്ടുപലിശയല്ല സാധാരണ പലിശ തന്നെയാകും ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ ഈടാക്കുന്നതെന്നും തിരിച്ചടയ്ക്കാനുള്ള തുക തവണകളായി അഞ്ച് വർഷംകൊണ്ട് അടച്ചുതീർക്കുന്ന രീതിയിൽ ക്രമീകരിച്ചിട്ടുണ്ടെന്നും എസ്.എൽ.ബി.സി. കൺവീനർ 8-10-2018-ൽ സംസ്ഥാന കൃഷി വകുപ്പുമന്ത്രി വിളിച്ചുചേർത്ത പ്രത്യേക എസ്.എൽ.ബി.സി. യോഗത്തിൽ അറിയിച്ചിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## വയനാട്ടിലെ തേനീച്ച കർഷകർക്കുണ്ടായ നഷ്ടം

47 (1549) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ കാലവർഷക്കെടുതിയിൽ വയനാട് ജില്ലയിലെ തേനീച്ച കർഷകർക്ക് നാശനഷ്ടം ഉണ്ടായതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതിന് നഷ്ടപരിഹാരം നൽകുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇത്തരത്തിൽ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും ,എത്ര രൂപ നഷ്ടപരിഹാരം നൽകിയെന്നും അറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഉജ്ജീവനം പദ്ധതിയിൽ തേനീച്ച കൃഷി നഷ്ടപ്പെട്ട കർഷകർക്ക് നഷ്ട സർട്ടിഫിക്കറ്റ് കൃഷി ഓഫീസർമാർ നൽകിയിട്ടുണ്ട്. രണ്ട് അപേക്ഷകൾ ലഭിച്ചുവെങ്കിലും നഷ്ടപരിഹാരമൊന്നും നൽകിയിട്ടില്ല. പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി നഷ്ടപരിഹാരം നൽകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

## വയനാട്ടിലെ കർഷകർക്ക് നഷ്ടപരിഹാരം

48 (1550) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ കൃഷി നശിച്ച വയനാട്ടിലെ കർഷകർക്ക് നഷ്ടപരിഹാര തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ;

(ബി) നിലവിൽ എത്ര തുകയാണ് വയനാട് ജില്ലയിൽ പ്രളയസംബന്ധമായി കർഷകർക്കുള്ള നഷ്ടപരിഹാര ഇനത്തിൽ വിതരണം ചെയ്തിട്ടുള്ളത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിൽ 22,41,31,471 രൂപ (ഇരുപത്തിരണ്ട് കോടി നാല്പത്തിയൊന്ന് ലക്ഷത്തി മുപ്പത്തിയൊന്നായിരത്തി നാന്നൂറ്റിയെഴുപത്തിയൊന്ന് രൂപ) പ്രളയത്തിലുണ്ടായ നാശനഷ്ടത്തിനായി വയനാട് ജില്ലയിൽ 2018-ൽ വിതരണം ചെയ്തിട്ടുണ്ട്.

## പ്രളയംമൂലം കൃഷി നശിച്ച കർഷകർ

49(1551) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയംമൂലം കൃഷി നശിച്ച കർഷകർക്ക് വീണ്ടും കൃഷി ഇറക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(ബി) പ്രളയത്തിന് ശേഷം നെല്ല് ഉത്പാദനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാന ബഡ്ജറ്റ് വിഹിതമായി 1.5 കോടി രൂപയും അഡീഷണൽ ഓതറൈസേഷൻ മുഖേന ലഭിച്ച 109.01 കോടി രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ (സി.എം.ഡി.ആർ.എഫ്.) നിന്നും പ്രകൃതിക്ഷോഭ ദുരിതാശ്വാസ സഹായമായി 54 കോടി രൂപയും ഉൾപ്പെടെ ആകെ 164.51 കോടി രൂപ 354810 കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് അടിയന്തരമായി ഇൻഷ്വറൻസ് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുകയും അംഗങ്ങളായ 152350 കർഷകർക്ക് നഷ്ടപരിഹാരമായി 51 കോടി രൂപ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

പ്രളയംമൂലം നെൽകൃഷി നശിച്ചതിന് വിരിപ്പ്-മുണ്ടകൻ സീസണിൽ വിതയ്ക്കുന്നതിനായി 5650.85 മെട്രിക് ടൺ നെൽവിത്ത് കിലോഗ്രാമിന് 40 രൂപ നിരക്കിൽ വിതരണം ചെയ്യുന്നതിന് 2260.338 ലക്ഷം രൂപയുടെ സഹായം കർഷകർക്ക് ലഭ്യമാക്കി. കൂടാതെ, പച്ചക്കറി കൃഷിയുടെ പുനരുജ്ജീവനത്തിനായി 770 ലക്ഷം രൂപയുള്ള 77 ലക്ഷം പച്ചക്കറി വിത്ത് പാക്കറ്റുകളും 75 ലക്ഷം രൂപയുള്ള 30 ലക്ഷം തൈകളും കർഷകർക്ക് നൽകിയിട്ടുണ്ട്. പ്രളയം മണ്ണിനുണ്ടാക്കിയ ശോഷണം പുനഃസ്ഥാപിക്കുന്നതിന് 'സോയിൽ അമീലിയോറന്റ്സ് ഇൻ സെലക്ടഡ് ഡിസ്ട്രിക്ട് ' എന്ന പദ്ധതി പ്രകാരം 75 ശതമാനം സബ്സിഡി നിരക്കിൽ 4369.27 ഹെക്ടർ സ്ഥലത്ത് 21846 കർഷകർക്കായി 108 ലക്ഷം രൂപയുടെ കുമ്മായവസ്തുക്കൾ വിതരണം ചെയ്തിട്ടുണ്ട്.

പ്രളയത്തിൽ കൃഷിനാശം സംഭവിച്ച 238376 കർഷകർക്ക് എസ്.ഡി.ആർ. ഫണ്ടിൽ നിന്നും 78.43 കോടി രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ, വരൾച്ചമൂലം കൃഷിനാശം സംഭവിച്ച 11035 കർഷകർക്ക് 10.83 കോടി രൂപയുടെ എസ്.ഡി.ആർ. ധനസഹായവും വിതരണം ചെയ്തിട്ടുണ്ട്.

കൃഷിയിടങ്ങളിൽ അടിഞ്ഞുകൂടിയ ചെളി, പാറ, മണ്ണ് എന്നിവ നീക്കം ചെയ്യുന്നതിന് 24500 കർഷകർക്കായി 2126 ലക്ഷം രൂപയും, ഉരുൾപൊട്ടലിനും മണ്ണിടിച്ചിലിനുമായി 12752 കർഷകർക്കായി 26.21583 ലക്ഷം രൂപയും മഴക്കെടുതിമൂലം ബണ്ടുകൾ പൊട്ടിയത് റിപ്പയർ ചെയ്യുന്നതിന് എസ്.ഡി.ആർ. ഫണ്ടിൽ നിന്നും 423 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 76.75677 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ, പമ്പ് സെറ്റ്, പെട്ടിയും പറയും എന്നിവ റിപ്പെയർ ചെയ്യുന്നതിന് 97.6356 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്.

മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH) പദ്ധതിയുടെ ഭാഗമായി സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി പ്രളയ ദുരിതാശ്വാസത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും 93.39 കോടി രൂപയുടെ പദ്ധതിക്ക് അനുമതി ലഭിച്ചു. ഇതിന്റെ ആദ്യ ഗഡുവായി 24.93 കോടി രൂപ കേന്ദ്ര വിഹിതമായും 16.62 കോടി രൂപ സംസ്ഥാന വിഹിതമായും ആകെ 41.55 കോടി രൂപ സംസ്ഥാന ഹോർട്ടികൾച്ചർ മിഷന് ലഭ്യമാക്കിയിട്ടുണ്ട്.

ഇതിനെല്ലാംപുറമേ വെള്ളപ്പൊക്കക്കെടുതിമൂലം വിളകൾക്കും കൃഷിഭൂമിക്കുമുണ്ടായ നാശനഷ്ടത്തിന്റെ വെളിച്ചത്തിൽ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികളിൽ മാറ്റം വരുത്തിക്കൊണ്ട് വെള്ളപ്പൊക്ക ദുരിതാശ്വാസം ലക്ഷ്യമിട്ടുകൊണ്ടുള്ള പുതിയ പദ്ധതി നിർദ്ദേശങ്ങളുടെ 22.19 കോടി രൂപയുടെ പദ്ധതി പാക്കേജിന് അംഗീകാരം ലഭിച്ചു. അതോടൊപ്പം പുതുക്കൃഷി ആരംഭിക്കുന്നതിനും വിത്ത്/കുമ്മായം പോലുള്ള ഉല്പാദനോപാധികളുടെ വിതരണം, നടീൽ വസ്തുക്കളുടെ വിതരണം, മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുന്നതിനുമായി 2018-19-ലെ കൃഷി വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 43.62 കോടി രൂപയുടെ പ്രത്യേക പുനർജ്ജനി പാക്കേജിനും അംഗീകാരം ലഭിച്ചു. ഇപ്രകാരം ആകെ 65.81 കോടി രൂപയുടെ പ്രളയാനന്തര പാക്കേജ് പദ്ധതികൾ നടപ്പിലാക്കി.

(ബി) പ്രളയത്തിനുശേഷം നെല്ലുല്പാദനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്.

2018-19 മുണ്ടകൻ സീസണിൽ 88597.9 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തതിൽ നിന്നും 236936.3 ടൺ അരി ഉല്പാദിപ്പിച്ചതായിട്ടാണ് കൃഷി വകുപ്പിന്റെ കണക്ക്. മൂന്നാം വിളക്കാലത്ത് 52559.2 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തതിൽ നിന്നും 185738.86 ടൺ അരി ഉല്പാദിപ്പിച്ചുവെന്നും കണക്കാക്കുന്നു.

കുട്ടനാട് പോലുള്ള എക്കൽ വന്നടിഞ്ഞ പ്രദേശങ്ങളിൽ ഉല്പാദനക്ഷമത ഹെക്ടറിൽ 8000 കിലോഗ്രാമിൽ കൂടുതലായിരുന്നു.

**കർഷക ആത്മഹത്യാനിരക്കിലെ വർദ്ധന**

50 (1552) ശ്രീ. പി. ടി. തോമസ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടക്കെണിയിൽപ്പെട്ട് ആത്മഹത്യ ചെയ്യുന്ന കർഷകരുടെ എണ്ണം വർദ്ധിച്ചുവരുന്നത് ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കർഷകർ ഇതുവരെ ആത്മഹത്യ ചെയ്തു ; ഏറ്റവും കൂടുതൽ കർഷക ആത്മഹത്യ റിപ്പോർട്ട് ചെയ്തത് ഏത് ജില്ലയിൽ നിന്നാണ് ;വ്യക്തമാക്കുമോ;

(സി) അടിമാലിയിലെ 200 ഏക്കറിന് സമീപം മുക്കാലേക്കൽ കുന്നത്ത് സുരേന്ദ്രനെന്ന കർഷകൻ ആത്മഹത്യ ചെയ്തത് ഏത് സാഹചര്യത്തിലാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; പ്രസ്തുത കർഷകന്റെ ആശ്രിതർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇതിനകം നൽകിയതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കർഷകർ എടുത്തിട്ടുള്ള കാർഷികേതര വായ്പകളിൽ മുടക്കം വന്നതിനെത്തുടർന്ന് ബാങ്കുകൾ ജപ്തി നടപടി ആരംഭിച്ചതിനെ തുടർന്ന് ആത്മഹത്യകൾ നടന്നിട്ടുണ്ട്.

(ബി) 15 കർഷകർ ആത്മഹത്യ ചെയ്തതിൽ 10 പേർ ഇടുക്കി ജില്ലയിലാണ്. അവയുടെ കാരണം കാർഷികപരമാണോ എന്ന് സ്ഥിരീകരിച്ചിട്ടില്ല.

(സി) വിവിധതരം വായ്പകളിലായി തിരിച്ചടയ്ക്കാൻ പറ്റാതെ വായ്പാത്തുക കുടിശ്ശികയായിട്ടുള്ളതായും മനോവിഷമത്താൽ 18-2-2019-ൽ വിഷം കഴിക്കുകയും ചികിത്സയിലിരിക്കെ 25-2-2019-ൽ മരണപ്പെടുകയും ചെയ്തിട്ടുള്ളതാണെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടിയാന്റെ ആശ്രിതർക്ക് മൂന്നുലക്ഷം രൂപ അനുവദിക്കുകയും ടി തുക വിതരണം ചെയ്യുന്നതിന് ദേവികുളം തഹസിൽദാർക്ക് തുക കൈമാറുകയും ചെയ്തിട്ടുണ്ട്.

## പ്രളയത്തിൽ കൃഷി നശിച്ച കർഷകർക്ക് ധനസഹായം

51 (1553) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ അതിയന്നൂർ, പെരുമ്പഴുതൂർ, നെയ്യാറ്റിൻകര നഗരസഭ, തിരുപുറം, ചെങ്കൽ, കുളത്തൂർ, കാരോട് എന്നീ കൃഷിഭവൻ മേഖലകളിലായി 2018-ലെ പ്രളയത്തിൽ കാർഷികവിള നശിച്ച എത്ര കർഷകർക്ക് ധനസഹായം നൽകാനുണ്ട് എന്ന് വ്യക്തമാക്കാമോ; ഓരോ പ്രദേശത്തും എത്ര തുകയാണ് വിതരണം നടത്താനുള്ളതെന്ന് വിശദീകരിക്കാമോ;

(ബി) പ്രളയത്തിൽ കൃഷി നശിച്ച കർഷകർക്ക് ധനസഹായം വിതരണം എപ്പോൾ നടത്താൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഫണ്ടിന്റെ അപര്യാപ്തതമൂലം ധനസഹായം വിതരണം ചെയ്യുന്നതിൽ ചെറിയ കാലതാമസമുണ്ടായിട്ടുണ്ട്. ആവശ്യമായ ഫണ്ട് അടിയന്തരമായി ലഭ്യമാക്കി ധനസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പ്രളയത്തിൽ കൃഷിയിടങ്ങൾ നഷ്ടപ്പെട്ട കർഷകർ

52 (1554) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞവർഷം ഉണ്ടായ പ്രളയംമൂലം പൂഞ്ഞാർ മണ്ഡലത്തിൽ കൃഷിയിടങ്ങൾ നഷ്ടപ്പെട്ട എത്ര കർഷകർ ഉണ്ടെന്ന് വിശദമാക്കാമോ; നാശനഷ്ടങ്ങളുടെ കണക്കുകൾ ലഭ്യമാക്കാമോ;

(ബി) പ്രളയത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ച പൂഞ്ഞാറിലെ കർഷകരിൽ എത്ര പേർക്ക് ഇതുവരെ നഷ്ടപരിഹാരത്തുക നൽകി; വിശദമാക്കാമോ; ഈ തുക ലഭിച്ച കർഷകരുടെ ലിസ്റ്റ് ലഭ്യമാക്കാമോ;

(സി) പൂഞ്ഞാറിലെ കർഷകരിൽ ഇനി എത്രപേർക്ക് നഷ്ടപരിഹാരത്തുക ലഭിക്കാനുണ്ട്; ലിസ്റ്റ് ലഭ്യമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ)

| ക്രമ നമ്പർ | നാശനഷ്ടം | കർഷകരുടെ എണ്ണം | നാശനഷ്ടം തുക |
|---|---|---|---|
| 1 | കൃഷി ഭൂമി | 53 | 8,32,46,167 |
| 2 | കാർഷിക വിളകൾ | 466 | |

(ബി)

| ക്രമ നമ്പർ | നാശനഷ്ടം | കർഷകരുടെ എണ്ണം | നഷ്ടപരിഹാരം നൽകിയ തുക |
|---|---|---|---|
| 1 | കൃഷി ഭൂമി | 53 | 1,10,291 |
| 2 | കാർഷിക വിളകൾ | 466 | 28,26,333 |
| ആകെ | | 519 | 29,36,624 |

നഷ്ടപരിഹാരം ലഭിച്ച കർഷകരുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(സി) നഷ്ടപരിഹാരം പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്.

## കർഷകർക്ക് അർഹമായ നഷ്ടപരിഹാരം നൽകാൻ സ്വീകരിച്ച നടപടികൾ

53 (1555) <u>ശ്രീ. ഇ. കെ. വിജയൻ:</u>
<u>ശ്രീ. ചിറ്റയം ഗോപകുമാർ:</u>
<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:</u>
<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിട്ട മഹാപ്രളയത്തിനു ശേഷം കർഷകർക്ക് ആശ്വാസം നല്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) വിളനാശത്തിന് സഹായധനം നൽകുന്നതിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിന് ആവശ്യമായ കാലാവധി കർഷകർക്ക് ലഭ്യമാക്കിയോ; വ്യക്തമാക്കുമോ;

(സി) വിളനാശം സംഭവിച്ച കർഷകർക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസമായി തുക വിതരണം ചെയ്തിരുന്നോ; വ്യക്തമാക്കുമോ;

(ഡി) പ്രളയാനന്തരം സംസ്ഥാനത്തെ വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങൾ ആയവർക്ക് അർഹമായ നഷ്ടപരിഹാരം വിതരണം ചെയ്തിരുന്നോ;വിശദമാക്കുമോ?

## ഉത്തരം

(എ) സംസ്ഥാന ബഡ്ജറ്റ് വിഹിതമായി 1.5 കോടി രൂപയും അഡീഷണൽ ഓതറൈസേഷൻ മുഖേന ലഭിച്ച 109.01 കോടി രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ (സി.എം.ഡി.ആർ.എഫ്.) നിന്നും പ്രകൃതിക്ഷോഭ ദുരിതാശ്വാസ സഹായമായി അനുവദിച്ച 54 കോടി രൂപയും ഉൾപ്പെടെ ആകെ 164.51 കോടി രൂപ ഇതുവരെ 354810 കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ 152350 കർഷകർക്ക് നഷ്ടപരിഹാരമായി 51 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

പ്രളയംമൂലം നെൽകൃഷി നശിച്ചതിന് വിരിപ്പ്-മുണ്ടകൻ സീസണിൽ വിതയ്ക്കുന്നതിനായി 5650.85 മെട്രിക് ടൺ നെൽവിത്ത് സൗജന്യമായി വിതരണം ചെയ്യുന്നതിന് 22.60338 കോടി രൂപയുടെ സഹായം കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, പച്ചക്കറി കൃഷിയുടെ പുനരുജ്ജീവനത്തിനായി 770 ലക്ഷം രൂപയ്ക്കുള്ള 77 ലക്ഷം പച്ചക്കറി വിത്ത് പാക്കറ്റുകളും 75 ലക്ഷം രൂപയ്ക്കുള്ള 30 ലക്ഷം തൈകളും സൗജന്യമായി കർഷകർക്ക് നൽകിയിട്ടുണ്ട്. പ്രളയം മണ്ണിനുണ്ടാക്കിയ ശോഷണം പരിഹരിക്കുന്നതിന് 'സോയിൽ അമീലിയോറന്റ്സ് ഇൻ സെലക്ടഡ് ഡിസ്ട്രിക്ട് ' എന്ന പദ്ധതി പ്രകാരം 75 ശതമാനം സബ്സിഡി നിരക്കിൽ 4369.27 ഹെക്ടർ സ്ഥലത്ത് 21846 കർഷകർക്കായി 108 ലക്ഷം രൂപയുടെ കുമ്മായവസ്തുക്കൾ വിതരണം ചെയ്തിട്ടുണ്ട്.

പ്രളയത്തിൽ കൃഷിനാശം സംഭവിച്ച 238376 കർഷകർക്ക് എസ്.ഡി.ആർ. ഫണ്ടിൽ നിന്നും 78.43 കോടി രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ, വരൾച്ചമൂലം കൃഷിനാശം സംഭവിച്ച 11035 കർഷകർക്ക് 10.83 കോടി രൂപയുടെ എസ്.ഡി.ആർ. ധനസഹായവും വിതരണം ചെയ്തിട്ടുണ്ട്.

കൃഷിയിടങ്ങളിൽ അടിഞ്ഞുകൂടിയ ചെളി, പാറ, മണ്ണ് എന്നിവ നീക്കം ചെയ്യുന്നതിന് 24500 കർഷകർക്കായി 2126 ലക്ഷം രൂപയും, ഉരുൾപൊട്ടലിനും മണ്ണിടിച്ചിലിനുമായി 12752 കർഷകർക്കായി 26.21583 ലക്ഷം രൂപയും മഴക്കെടുതിമൂലം ബണ്ടുകൾ പൊട്ടിയത് റിപ്പയർ ചെയ്യുന്നതിന് എസ്.ഡി.ആർ. ഫണ്ടിൽ നിന്നും 423 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 76.75677 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ പമ്പ് സെറ്റ്, പെട്ടി, പറ എന്നിവ റിപ്പെയർ ചെയ്യുന്നതിന് 97.6356 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്.

മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH) പദ്ധതിയുടെ ഭാഗമായി സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി പ്രളയ ദുരിതാശ്വാസത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും 93.39 കോടി രൂപയുടെ പദ്ധതിക്ക് അനുമതി ലഭിച്ചു. ഇതിന്റെ ആദ്യ ഗഡുവായി 24.93 കോടി രൂപ കേന്ദ്ര വിഹിതമായും 16.62 കോടി രൂപ സംസ്ഥാന വിഹിതമായും ആകെ 41.55 കോടി രൂപ സംസ്ഥാന ഹോർട്ടികൾച്ചർ മിഷന് ലഭ്യമാക്കിയിട്ടുണ്ട്.

ഇതിനെല്ലാംപുറമേ വെള്ളപ്പൊക്കക്കെടുതിമൂലം വിളകൾക്കും കൃഷി ഭൂമിക്കുമുണ്ടായ നാശനഷ്ടത്തിന്റെ വെളിച്ചത്തിൽ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികളിൽ മാറ്റംവരുത്തിക്കൊണ്ട് വെള്ളപ്പൊക്ക ദുരിതാശ്വാസം ലക്ഷ്യമിട്ടുകൊണ്ടുള്ള പുതിയ പദ്ധതി നിർദ്ദേശങ്ങളുടെ 22.19 കോടി രൂപയുടെ പദ്ധതി പാക്കേജിന് അംഗീകാരം ലഭിച്ചു. അതോടൊപ്പം പുതുകൃഷി ആരംഭിക്കുന്നതിനും വിത്ത്/കുമ്മായം പോലുള്ള ഉൽപാദനോപാധികളുടെ വിതരണത്തിനും നടീൽ വസ്തുക്കളുടെ വിതരണത്തിനും മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുന്നതിനുമായി 2018-19-ലെ കൃഷി വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 43.62 കോടി രൂപയുടെ പ്രത്യേക പുനർജ്ജനി പാക്കേജിനും അംഗീകാരം ലഭിച്ചു. ഇപ്രകാരം ആകെ 65.81 കോടി രൂപയുടെ പ്രളയാനന്തര പാക്കേജ് പദ്ധതികൾ നടപ്പിലാക്കി.

കാലവർഷക്കെടുതിമൂലം ദുരിതമനുഭവിക്കുന്ന സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും കർഷകർ പൊതുമേഖല, വാണിജ്യ, സഹകരണ ബാങ്കുകൾ ഉൾപ്പെടെ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള ക്ഷീര വികസനം, മൃഗസംരക്ഷണം ഉൾപ്പെടെയുള്ള കാർഷിക വായ്പകൾ, വിദ്യാഭ്യാസ വായ്പകൾ എന്നിവ ഉൾപ്പെടെയുള്ള എല്ലാവിധ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 31-12-2019 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) അപേക്ഷകൾ സ്വീകരിക്കുന്നതിന് 2018 ഒക്ടോബർ 6 വരെ സമയം അനുവദിച്ചിരുന്നു.

(സി) പ്രളയത്തിൽ കൃഷിനാശം സംഭവിച്ച 238376 കർഷകർക്ക് എസ്.ഡി.ആർ. ഫണ്ടിൽ നിന്നും 78.43 കോടി രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ, വരൾച്ചമൂലം കൃഷിനാശം സംഭവിച്ച 11035 കർഷകർക്ക് 10.83 കോടി രൂപയുടെ എസ്.ഡി.ആർ. ധനസഹായവും വിതരണം ചെയ്തിട്ടുണ്ട്.

(ഡി) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ 152350 കർഷകർക്ക് നഷ്ടപരിഹാരമായി 51 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

## വേനൽക്കാലത്തെ കൃഷിനാശം

54 (1556) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ കനത്ത ചൂടിലും വരൾച്ചയിലും സംസ്ഥാനത്ത് എത്ര കോടി രൂപയുടെ കൃഷിനാശം സംഭവിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുമൂലം എത്ര ഹെക്ടർ കൃഷിയാണ് നശിച്ചത്; ഏതൊക്കെ കൃഷിയാണ് ഇപ്രകാരം നശിച്ചതെന്നറിയിക്കാമോ;

(സി) ഇപ്രകാരം കൃഷി നഷ്ടപ്പെട്ട കർഷകർക്ക് എത്ര തുക ധനസഹായം നൽകിയിട്ടുണ്ട്;

(ഡി) ഇത്തരത്തിലുള്ള വ്യാപക കൃഷിനാശംമൂലം വരുംനാളുകളിൽ വിപണികളിൽ പച്ചക്കറികൾ ഉൾപ്പെടെയുള്ളവയുടെ വിലവർദ്ധനവിന് സാധ്യതയുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 2562 ഹെക്ടറിലെ 82 കോടി രൂപയുടെ കൃഷിനാശം സംഭവിച്ചതായി പ്രാഥമികമായി കണക്കാക്കിയിട്ടുണ്ട്. വിശദ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) തുക നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) വ്യാപക കൃഷിനാശംമൂലം വിപണികളിൽ പച്ചക്കറിയുടെ വിലവർദ്ധന ഉണ്ടാകാതിരിക്കാൻ ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയിലൂടെ 30000 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്ത് 2.2 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉൽപാദിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു. മട്ടുപ്പാവ് കൃഷിക്കും 2500 വിദ്യാലയങ്ങൾ വഴിയുള്ള പച്ചക്കറി കൃഷിക്കും ധനസഹായം നൽകുന്നു. ഓണത്തിനോടനുബന്ധിച്ച് വിലക്കയറ്റം പിടിച്ചുനിർത്താനായി കൃഷി ഭവനുകൾ 'എ' ഗ്രേഡ് ക്ലസ്റ്ററുകൾ, ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷനുകൾ, ഇക്കോഷോപ്പുകൾ, പാതയോരം, അഗ്രോ സർവ്വീസ് സെന്ററുകൾ, കുടുംബശ്രീ സംഘമൈത്രി, ഫാർമേഴ്സ് പ്രൊഡക്ഷൻ ഓർഗനൈസേഷനുകൾ, ജില്ലാ പഞ്ചായത്തുകൾ, ജില്ലാ മാർക്കറ്റുകൾ, ഹോർട്ടികോർപ്പ്, സഹകരണ സംഘങ്ങൾ, VFPCK എന്നിവ വഴി പച്ചക്കറി വിപണികൾ നടത്താനാണ് ഉദ്ദേശിക്കുന്നത്.

**തെങ്ങിൻ തൈ ഉൾപ്പെടെയുള്ള വിത്തിനങ്ങൾ**

55 (1557) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെങ്ങിൻ തൈ ഉൾപ്പെടെയുള്ള വിത്തിനങ്ങൾ ഹൈബ്രിഡ് ഉൾപ്പെടെ കർഷകർക്ക് കുറഞ്ഞ വിലയിൽ ലഭിക്കുന്നതിന് സർക്കാർ ഫാമുകളെ പ്രാപ്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) നിലവിൽ ഏതെല്ലാം സർക്കാർ ഫാമുകളിലാണ് വിത്തിനങ്ങൾ ഉൽപാദിപ്പിക്കുന്നത്; വിത്തിനങ്ങൾ ഏതെല്ലാം; വാർഷിക ഉല്പാദനം എത്രയാണ്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഫാമുകളുടെ നിലവിലുള്ള ഉല്പാദനം മുഴുവനും വിനിയോഗിക്കുവാൻ കഴിയുന്നുണ്ടോ;

(ഡി) ഫാമുകൾ ജനസൗഹൃദവും കർഷകർക്കു പ്രയോജനകരവുമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഗുണമേന്മയുള്ള ഫലവർഗ്ഗ വൃക്ഷങ്ങളുടെ ഗ്രാഫ്റ്റുകളും ലെയറുകളും തൈകളും വേരുപിടിപ്പിച്ച മേൽത്തരം കുരുമുളക് വള്ളികളും കൂടാതെ പച്ചക്കറി വിത്തുകൾ, നെൽ വിത്ത്, പച്ചക്കറി തൈകൾ എന്നിവ ഉൽപാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു. കഴക്കൂട്ടം BMFC, DAF തളിപ്പറമ്പ്, DAF അഞ്ചൽ എന്നിവിടങ്ങളിൽ മേൽത്തരം ടിഷ്യൂകൾച്ചർ വാഴത്തൈകൾ ഉൽപാദിപ്പിച്ച് മിതമായ വിലയ്ക്ക് വിതരണം ചെയ്തുവരുന്നു. കോഴിക്കോട് ജില്ലയിൽ സർക്കാരിന്റെ കീഴിലുള്ള വിത്തുതേങ്ങ സംഭരണ കേന്ദ്രത്തിൽ നല്ലയിനം വിത്തുതേങ്ങ സംഭരിച്ച് കേരളത്തിലെ തെരഞ്ഞെടുത്ത ഫാമുകളിൽ പാകി തൈകളാക്കി ന്യായമായ വിലയിൽ കൃഷി ഭവനുകൾ മുഖേന വിതരണം ചെയ്തുവരുന്നുണ്ട്. തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ പ്രവർത്തിക്കുന്ന സർക്കാർ നിയന്ത്രണത്തിലുള്ള പോളിനേഷൻ കേന്ദ്രങ്ങൾ മുഖേന ഹൈബ്രിഡ്, ഡ്വാർഫ് ഇനം വിത്തുതേങ്ങ തയ്യാറാക്കി വിവിധ ഫാമുകളിൽ പാകി മുളപ്പിച്ച് ന്യായമായ വിലയിൽ കർഷകർക്ക് വിതരണം നടത്തുന്നുണ്ട്. കൂടാതെ സർക്കാർ ഫാമായ മലപ്പുറം ജില്ലയിലെ മുണ്ടേരി സീഡ് ഗാർഡൻ കോംപ്ലക്സിൽ ഹൈബ്രിഡ് തൈകളും മറ്റ് വിവിധ ഇനം തെങ്ങിൻ തൈകളും തയ്യാറാക്കി വിതരണം ചെയ്യുന്നുണ്ട്. തീർത്തും ന്യായമായ വിലയിലാണ് സർക്കാർ ഫാമുകളിൽ നിന്ന് കർഷകർക്ക് തെങ്ങിൻതൈകൾ നൽകുന്നത്.

(ബി) നിലവിൽ നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്ന ഫാമുകളുടെ വിവരം ജില്ല തിരിച്ചും വിത്തിനങ്ങളുടെ വാർഷിക ഉൽപ്പാദനം ഇനം തിരിച്ചും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഉണ്ട്.

(ഡി) കർഷകർക്കായി എല്ലാതരം തൈകളും ഫാമിൽ ഉൽപാദിപ്പിക്കുന്നുണ്ട്. ഫാമിൽ ഗ്രോ ബാഗുകളിൽ പച്ചക്കറി തൈകൾ തയ്യാറാക്കി കർഷകർക്ക് നൽകി വരുന്നുണ്ട്. അതുപോലെ ട്രൈക്കോടെർമ സമ്പുഷ്ടീകരിച്ച ജൈവവളം, പച്ചക്കറി വിത്തുകൾ, നല്ലയിനം ഫലവർഗ്ഗ തൈകൾ എന്നിവ നിലവിൽ കർഷകർക്ക് ഫാമുകളിൽനിന്ന് ലഭ്യമാണ്. മാതൃകാപരമായ സംയോജിത കൃഷി രീതികൾ ഫാമുകളിൽ അവലംബിച്ചിട്ടുണ്ട്. കൂടാതെ പ്രദർശനത്തോട്ടങ്ങളും ഫാമുകളെ ജനസൗഹാർദ്ദമാക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വിള ഇൻഷ്വറൻസ് പദ്ധതി

56 (1558) ശ്രീ. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഏതെല്ലാം വിളകൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) വിള ഇൻഷ്വറൻസ് പദ്ധതിയിൽ എത്ര കർഷകർ ഉൾപ്പെട്ടിട്ടുണ്ടെന്നും ആയതിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങളും അറിയിക്കുമോ?

ഉത്തരം

(എ) തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, വാഴ, മരിച്ചീനി, കൈതച്ചക്ക, കുരുമുളക്, ഏലം, ഇഞ്ചി, മഞ്ഞൾ, കാപ്പി, തേയില, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പു, വെറ്റില, പയർ വർഗ്ഗങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ (ചേന, മധുരക്കിഴങ്ങ്), കരിമ്പ്, പുകയില, നെല്ല്, ചെറുധാന്യങ്ങൾ (ക്ലൂവരക്, ചാമ, തിന, വരക്, പനിവരക്, കുതിരവാലി), മാവ് തുടങ്ങിയ വിളകൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത്.

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## വിള ഇൻഷ്വറൻസ് പദ്ധതി

57 (1559) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന വിള ഇൻഷ്വറൻസ് പദ്ധതിയിൽ എത്ര കർഷകർ അംഗങ്ങളായിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) 2018 -ലെ പ്രളയംമൂലം കൃഷി നശിച്ച കർഷകർക്ക് വിള ഇൻഷ്വറൻസ് പദ്ധതിയിലൂടെ നൽകിയ സഹായങ്ങളുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 2018-19 വർഷം 257965 കർഷകർ വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായിട്ടുണ്ട്. 2019-20-ൽ നാളിതുവരെ 14915 കർഷകർ അംഗമായിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(ബി) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ 152350 കർഷകർക്ക് നഷ്ടപരിഹാരമായി 51 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**വിള ഇൻഷ്വറൻസ് പദ്ധതി**

58 (1560) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരമുള്ള തുക വിതരണം ചെയ്യുന്നതിന് കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അതത് വർഷം തന്നെ ഇൻഷ്വറൻസ് തുക വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപ്രതീക്ഷിതമായി ഉണ്ടായ മഹാപ്രളയംമൂലം വളരെയധികം കൃഷിനാശം ഉണ്ടാക്കിയതിനാൽ നിലവിൽ വകയിരുത്തിയിരുന്ന തുക ഉപയോഗിച്ച് ധനസഹായം വിതരണം ചെയ്യുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ട്.

(ബി) തുക വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**വാഴ കർഷകർക്ക് ഇൻഷ്വറൻസ്**

59 (1561) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഷ്വർ ചെയ്ത വാഴയ്ക്ക് എത്ര രൂപ ഇൻഷ്വറൻസ് നൽകുന്നുവെന്ന് ഇനം തിരിച്ച് വിവരിക്കാമോ;

(ബി) ഇത്തരത്തിൽ 2017-18, 2018-19 വർഷത്തിൽ എത്ര വാഴകൾക്ക് കർഷകർ ഇൻഷ്വറൻസ് ക്ലെയിം ചെയ്തിരുന്നു എന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) ഇൻഷ്വറൻസ് ക്ലെയിം ചെയ്തതിൽ എത്ര തുക വിതരണം ചെയ്തെന്ന് ജില്ല തിരിച്ച് വിവരിക്കാമോ?

ഉത്തരം

(എ) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം ഇൻഷ്വർ ചെയ്ത വാഴയ്ക്ക് ആനുകൂല്യം നൽകുന്നതിന്റെ വിവരം ചുവടെ ചേർക്കുന്നു:

| വാഴയുടെ ഇനം | ധനസഹായം അനുവദിക്കുന്ന തുക |
|---|---|
| നേന്ത്രൻ (കുലച്ചത്) | 300 |
| നേന്ത്രൻ (കുലയ്ക്കാത്തത്) | 150 |
| ഞാലിപൂവൻ (കുലച്ചത്) | 200 |
| ഞാലിപൂവൻ (കുലയ്ക്കാത്ത്) | 100 |
| മറ്റിനങ്ങൾ (കുലച്ചത്) | 75 |
| മറ്റിനങ്ങൾ (കുലയ്ക്കാത്തത്) | 50 |

(ബി&സി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**കാർഷിക കടങ്ങൾക്കുള്ള മൊറട്ടോറിയം കാലാവധി**

60 (1562) ശ്രീ. പി. ടി. തോമസ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. അനിൽ അക്കര:
ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക കടങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിച്ചിരുന്നോ; ഉണ്ടെങ്കിൽ ആയത് ഏതെല്ലാം തീയതികളിലായിരുന്നു;

(ബി) തിരഞ്ഞെടുപ്പ് വിജ്ഞാപനത്തിന് തൊട്ടുമുൻപ് മോറട്ടോറിയത്തിന്റെ കാലാവധി നീട്ടുന്നതിന് ക്യാബിനറ്റ് തീരുമാനം എടുക്കുവാനുണ്ടായ അടിയന്തര സാഹചര്യം വ്യക്തമാക്കുമോ; എങ്കിൽ എന്ന് ചേർന്ന ക്യാബിനറ്റിലാണ് പ്രസ്തുത തീരുമാനം എടുത്തതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ഉത്തരവ് പ്രകാരം ഏതെല്ലാം വിഭാഗം വായ്പകൾക്കാണ് ആനുകൂല്യം ലഭ്യമാകുന്നതെന്ന് അറിയിക്കുമോ;

(ഡി) മുൻകാലങ്ങളിൽ ഇപ്രകാരം മോറട്ടോറിയത്തിന്റെ കാലാവധി നീട്ടുന്നതിന് തീരുമാനം എടുത്തിരുന്ന കാലഘട്ടവും സാഹചര്യവും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2018 ആഗസ്റ്റ് മാസത്തിലെ മഹാപ്രളയം കണക്കിലെടുത്ത് കാർഷിക കടങ്ങളിന്മേലുള്ള ജപ്തി നടപടികൾക്ക് 12-10-2018-ലെ സ.ഉ.(എം.എസ്) 367/2018/റവ. നമ്പർ സർക്കാർ ഉത്തരവുപ്രകാരം ഉത്തരവ് തീയതി മുതൽ ഒരു

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വർഷത്തേയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിരുന്നു. ആയത് 27-5-2019-ലെ സ.ഉ. (കൈ)നമ്പർ 146/2019/റവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 31-12-2019 വരെ ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) 2018 ആഗസ്റ്റ് മാസത്തെ മഹാപ്രളയത്തിൽ കാർഷിക മേഖലയ്ക്കുണ്ടായ വൻനാശനഷ്ടം കണക്കിലെടുത്ത് കർഷക വായ്പകളിന്മേൽ മൊറട്ടോറിയം ഉൾപ്പെടെയുള്ള ആനുകൂല്യം നൽകാൻ 5-3-2019-ലെ മന്ത്രിസഭാ യോഗത്തിൽ തീരുമാനമെടുത്തു.

(സി) കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള ക്ഷീരവികസനവും മൃഗസംരക്ഷണവും ഉൾപ്പെടെയുള്ള കാർഷിക വായ്പകൾ, വിദ്യാഭ്യാസ വായ്പകൾ എന്നിവ ഉൾപ്പെടെയുള്ള എല്ലാവിധ വായ്പകൾക്കും മൊറട്ടോറിയത്തിന്റെ ആനുകൂല്യം ലഭ്യമാകുന്നു.

(ഡി) 5-8-2016-ലെ സ.ഉ.(എം.എസ്)444/16/റവ. നമ്പർ സർക്കാർ ഉത്തരവുപ്രകാരം വയനാട് ജില്ലയിലെ കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമെടുത്തിട്ടുള്ള കാർഷിക വായ്പ ഉൾപ്പെടെയുള്ള എല്ലാവിധ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് മൂന്നുമാസത്തേയ്ക്ക് (2016 നവംബർ 2 വരെ) മൊറട്ടോറിയം പ്രഖ്യാപിച്ചിരുന്നു.

എന്നാൽ സംസ്ഥാനത്തെ വിവിധ ബാങ്കുകളിൽനിന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്തിരുന്ന കർഷകർ വായ്പ തിരിച്ചടയ്ക്കാനാകാത്തതിനെ തുടർന്ന് അവർക്കെതിരെ ജപ്തി നടപടികൾ സ്വീകരിച്ചതായും കാർഷിക മേഖലയിലെ തകർച്ചയും വിളനാശവും കാരണം കുടിശ്ശികകൾ തിരിച്ചടയ്ക്കാൻ നിവൃത്തിയില്ലാതെ വിഷമിക്കുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലയിലെയും കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള കാർഷിക വായ്പ ഉൾപ്പെടെയുള്ള എല്ലാവിധ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്കും 2017 മേയ് 31 വരെ 19-12-2016-ലെ സ.ഉ.(എം.എസ്)നമ്പർ 598/16/റവ ഉത്തരവുപ്രകാരം മൊറട്ടോറിയം അനുവദിച്ചിരുന്നു.

**കർഷകരെ സഹായിക്കുന്നതിനുള്ള മോറട്ടോറിയം**

61 (1563) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടക്കെണി കാരണം ആത്മഹത്യാമുനമ്പിലെത്തിയ കർഷകരെ സഹായിക്കുന്നതിനുള്ള മോറട്ടോറിയം നടപടികൾ സംസ്ഥാന സർക്കാർ കഴിഞ്ഞ മാർച്ച് മാസം അഞ്ചിന് പ്രഖ്യാപിക്കുകയുണ്ടായോയെന്ന് വ്യക്തമാക്കുമോ;

(ബി) മന്ത്രിസഭാ തീരുമാനമെന്ന നിലയിൽ പ്രസ്തുത ഉത്തരവ് 48 മണിക്കൂറിനുള്ളിൽ ഇറക്കണമെന്ന് ചട്ടം അനുശാസിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(സി) എന്നാൽ ഇക്കാര്യത്തിൽ അതു പാലിക്കാത്തതിനാൽ തെരഞ്ഞെടുപ്പ് പ്രഖ്യാപനത്തോടെ മോറട്ടോറിയം നടപടികൾ പ്രാവർത്തികമാക്കാനാവാത്ത സാഹചര്യം വന്നു ചേർന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) കർഷകരെ സഹായിക്കുന്നതിനായി കൈക്കൊണ്ട ഈ നടപടിയിൽ വന്ന ഗുരുതരമായ വീഴ്ചയെ സർക്കാർ എങ്ങനെയാണ് നോക്കി കാണുന്നതെന്നതിന്റെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ-ഡി) ഉണ്ട്. 5-3-2019-ലെ മന്ത്രിസഭായോഗ തീരുമാനപ്രകാരം പൊതുമേഖല, വാണിജ്യ, സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽനിന്നും കർഷകരെടുത്തിട്ടുള്ള കാർഷിക വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് നേരത്തെ പ്രഖ്യാപിച്ച മൊറട്ടോറിയം 2019 ഡിസംബർ 31 വരെ ദീർഘിപ്പിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കൃഷി വകുപ്പ് 7-3-2019-ൽ സ.ഉ. (കൈ)നമ്പർ41/2019/കൃഷി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ മൊറട്ടോറിയം സംബന്ധിച്ച ഉത്തരവ് തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വരുന്നതിനുമുമ്പ് റവന്യൂ വകുപ്പിന് പുറപ്പെടുവിക്കാൻ കഴിഞ്ഞില്ല. ഇതുസംബന്ധിച്ച ഉത്തരവ് തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം അവസാനിച്ചതിനുശേഷം 27-5-2019-ൽ റവന്യൂ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ഉദ്യോഗസ്ഥതലത്തിൽ ബോധപൂർവ്വമായ വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**കർഷകർക്ക് പുതിയ വായ്പാ സൗകര്യങ്ങൾ**

62 (1564) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കർഷകർക്കായി പുതിയ വായ്പാസൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കേന്ദ്രസർക്കാർ നൽകിവരുന്ന മൂന്ന് ശതമാനം പലിശ ഇളവ് കൂടാതെ സംസ്ഥാനസർക്കാർ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നത്;

(സി) പുതിയ വായ്പാപദ്ധതികൾ നടപ്പിലാക്കുന്നതോടൊപ്പം കടക്കെണിയിലായ കർഷകർക്ക് എന്തെല്ലാം പുതിയ പാക്കേജുകളാണ് നൽകാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ചെറുകിട നാമമാത്ര കർഷകർക്ക് കാർഷിക വായ്പ ലഭ്യമാക്കുന്നതിന് കൃഷി വകുപ്പ് എല്ലാ സഹായങ്ങളും ചെയ്തുവരുന്നു. അർഹരായ കർഷകർക്ക് കാർഷിക വായ്പ ലഭ്യമാക്കുന്നതിന് പ്രത്യേകിച്ച് കിസാൻ ക്രെഡിറ്റ് കാർഡ് ലഭിക്കുന്നതിന് കൃഷി ഭവനിലെ കൃഷി ഓഫീസർ കർഷകരുടെ അപേക്ഷ ശിപാർശയോടുകൂടി ബാങ്കുകളിൽ നൽകിവരുന്നു. ബ്ലോക്കുതല ബാങ്കേഴ്സ് കമ്മിറ്റി (BLBC), ജില്ലാതല റിവ്യൂ കമ്മിറ്റി (DLRC), സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി (SLBC) എന്നിവയിൽ കൃഷി വകുപ്പിന്റെ പ്രതിനിധികൾ അംഗമാണ്. പ്രസ്തുത കമ്മിറ്റിയോഗങ്ങളിൽ കൃഷി വകുപ്പ് ഉദ്യോഗസ്ഥർ സജീവമായി പങ്കെടുക്കുകയും വിവിധ കാർഷിക പദ്ധതികൾ നടപ്പിലാക്കുന്നതിന് കർഷകർക്ക് കാർഷിക വായ്പ ലഭ്യമാക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്യാറുമുണ്ട്. ഇതോടൊപ്പം വായ്പ ലഭ്യമാക്കുന്നതിനെ സംബന്ധിച്ച് കർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ കൃഷി ഉദ്യോഗസ്ഥർ ഈ വേദിയിൽ ഉന്നയിച്ച് പരിഹാരം കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ നടത്താറുമുണ്ട്. ഈ വേദികളിൽനിന്നും ലഭിക്കുന്ന കാർഷിക വായ്പ സംബന്ധിച്ച വിവരങ്ങൾ കർഷകരിലെത്തിക്കുന്നതിനും കൃഷി വകുപ്പ് ഉദ്യോഗസ്ഥർ നടപടിയെടുത്തുവരുന്നു.

സംസ്ഥാനത്ത് ശീതകാല പച്ചക്കറി കൃഷിയുടെ മേഖലയായ വട്ടവട, കാന്തല്ലൂർ പ്രദേശങ്ങളിൽ കേരള ഗ്രാമീണ ബാങ്കിന്റെ സഹായത്തോടുകൂടി ഹരിത കാർഡുകൾ കർഷകർക്ക് നൽകിവരുന്നു. കാർഷിക വായ്പ ലഭ്യമാക്കുന്നതിന് ഇവ കർഷകരെ വളരെയധികം സഹായിക്കുന്നതായി കണ്ടുവരുന്നു. കൂടാതെ ഹരിത കാർഡ് കൃഷിക്കാരുടെ ഒരു തിരിച്ചറിയൽ കാർഡായും ഉപയോഗിച്ചുവരുന്നു.

സർക്കാർ രൂപീകരിച്ച RKLS, ഉജ്ജീവന എന്നീ പദ്ധതികളിൽ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ സഹകരിച്ച് വായ്പകൾ നൽകുന്നുണ്ട്.

(ബി) 2018-ലെ പ്രളയത്തിൽ സർക്കാർ പ്രളയബാധിതമായി പ്രഖ്യാപിച്ച വില്ലേജുകളിൽ മാനദണ്ഡപ്രകാരം ആനുകൂല്യം ലഭിച്ച കിസാൻ ക്രെഡിറ്റ് കാർഡുടമകൾക്ക് സർക്കാർ പ്രഖ്യാപിച്ച ഉജ്ജീവന പദ്ധതിപ്രകാരം, കൃഷി വായ്പ (crop loan) കൃത്യമായി തിരിച്ചടയ്ക്കുന്നപക്ഷം നാല് ശതമാനം താങ്ങ് പലിശ (Interest subvention) ഒരു വർഷത്തേയ്ക്ക് ലഭിക്കാൻ അർഹത ഉണ്ടായിരിക്കുന്നതാണ്. ഈ ആനുകൂല്യം പ്രഖ്യാപിച്ച സർക്കാർ ഉത്തരവിന് മുമ്പായി (17-12-2018) വായ്പയെടുത്തിട്ടുള്ള കിസാൻ ക്രെഡിറ്റ് കാർഡ് ഉടമകൾക്കും പ്രസ്തുത സഹായം ലഭ്യമാണ്. കൂടാതെ VFPCK മുഖേന കാർഷിക വായ്പയെടുക്കുന്ന കർഷകർ കൃത്യമായി വായ്പ തിരിച്ചടച്ചാൽ രണ്ട് ശതമാനം പലിശകൂടി തിരികെ നൽകുന്നതാണെന്ന് VFPCK- യുടെ പച്ചക്കറി കൃഷി വികസന പദ്ധതി വിഭാവനം ചെയ്യുന്നു.

സർവ്വീസ് സഹകരണ ബാങ്കുകളിൽനിന്നും ഹ്രസ്വകാല കാർഷിക വായ്പയെടുത്തശേഷം കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് സംസ്ഥാന സർക്കാർ നാല് ശതമാനം പലിശ, ഉത്തേജന പലിശയിളവ് പദ്ധതി പ്രകാരം നൽകിവരുന്നു. ഇതുകൂടാതെ കർഷകർ വിവിധ സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് കേരള കർഷക കടാശ്വാസ കമ്മീഷൻ പുറപ്പെടുവിക്കുന്ന അവാർഡിന്റെ അടിസ്ഥാനത്തിൽ കൃഷി വകുപ്പ് അനുവദിക്കുന്ന കടാശ്വാസം സഹകരണ വകുപ്പ് മുഖേന വിതരണം ചെയ്യുന്നു.

(സി) 2018 ആഗസ്റ്റ് മാസത്തെ മഹാപ്രളയത്തിൽ കർഷിക മേഖലയിലുണ്ടായ വൻനാശനഷ്ടം കണക്കിലെടുത്ത് താഴെപ്പറയുന്ന ആനുകൂല്യങ്ങൾ നൽകാൻ 5-3-2019-ലെ മന്ത്രിസഭാ യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്.

1. സംസ്ഥാനത്തെ കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങൾ, വിവിധ സർക്കാർ ഏജൻസികൾ, സഹകരണ ബാങ്കുകൾ കൂടാതെ റവന്യൂ റിക്കവറി ആക്ട് 1968, 71-ാം വകുപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾ എന്നിവയിൽനിന്നും എടുത്തിട്ടുള്ള ക്ഷീരവികസനം, മൃഗസംരക്ഷണം ഉൾപ്പെടെയുള്ള കാർഷിക വായ്പകൾ, വിദ്യാഭ്യാസ വായ്പകൾ എന്നിവ ഉൾപ്പെടെയുള്ള എല്ലാവിധ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 2019 ഡിസംബർ 31 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്.

2. കർഷക കടാശ്വാസ കമ്മീഷൻ മുഖേന നൽകുന്ന ആനുകൂല്യങ്ങൾ കൂടുതൽ കൃഷിക്കാരിൽ എത്തിക്കാനുള്ള തീരുമാനങ്ങൾ കൈക്കൊള്ളുകയും കർഷക കടാശ്വാസ കമ്മീഷന്റെ പരിധിയിൽ വാണിജ്യ ബാങ്കുകളെ ഉൾപ്പെടുത്തുന്നത് പരിശോധിക്കാൻ കൃഷി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പുകളെ ചുമതലപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തു.

3. പ്രളയത്തിൽ മൃഗസംരക്ഷണ മേഖലയിലും ജീവനോപാധി നഷ്ടപ്പെട്ടവർ, കിസാൻ കാർഡ് ഉടമകൾ, അലങ്കാരപക്ഷി കർഷകർ, തേനീച്ച കർഷകർ തുടങ്ങിയ വിവിധ മേഖലയിലുള്ള ദുരന്തബാധിതർക്ക് അവരുടെ ഉപജീവനമാർഗ്ഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിക്കുന്നതിന് ഉജ്ജീവന വായ്പാ പദ്ധതി എന്ന പേരിൽ ഒരു പദ്ധതിക്ക് രൂപം നൽകി. ഇതോടൊപ്പം കാർഷിക കടാശ്വാസ കമ്മീഷൻ മുഖേന ആനുകൂല്യം നൽകുന്ന കാർഷിക വായ്പകളുടെ കാലാവധി ഇടുക്കി, വയനാട് ജില്ലകളിൽ 2018 ആഗസ്റ്റ് 31 വരെയും മറ്റ് ജില്ലകളിൽ 2014 മാർച്ച് 31 വരെയും ദീർഘിപ്പിച്ചിട്ടുണ്ട്. കടാശ്വാസ കമ്മീഷൻ 50,000 രൂപയ്ക്ക് മുകളിലുള്ള കുടിശ്ശികയ്ക്ക് നൽകുന്ന ആനുകൂല്യം ഒരു ലക്ഷം രൂപയിൽനിന്നും രണ്ട് ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. ഇതുവഴി കർഷകർക്ക് രണ്ട് ലക്ഷം രൂപവരെയുള്ള ആശ്വാസമാണ് ലഭിക്കുന്നത്.

## കാർഷിക കടങ്ങൾ എഴുതിത്തള്ളുന്നതിനുള്ള നടപടി

63 (1565) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. വി. ടി. ബൽറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക കാർഷികേതര വായ്പകൾക്ക് സർക്കാർ മോറട്ടോറിയം ഏർപ്പെടുത്തിയിട്ടും ജപ്തി നടപടികളുമായി ബാങ്കുകൾ മുന്നോട്ട് പോകുന്നത് പാവപ്പെട്ട കർഷകരെ ദുരിതത്തിലാക്കിയെന്നത് വസ്തുതയല്ലേ;

(ബി) മോറട്ടോറിയം നിലനിൽക്കുന്ന കാലയളവിൽ ജപ്തി നടപടികൾ പാടില്ല എന്ന വ്യവസ്ഥ ലംഘിക്കുന്ന ബാങ്കുകൾക്കെതിരെ നടപടി സ്വീകരിക്കുവാൻ ബാങ്കേഴ്സ് യൂണിയൻ യോഗത്തിൽ ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ഇപ്രകാരം ജപ്തി നോട്ടീസ് ലഭിച്ച എത്ര കർഷകർ കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ ആത്മഹത്യ ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(ഡി) വായ്പാകുടിശ്ശിക വരുത്തുന്നവർക്കെതിരെ സർഫാസി നിയമപ്രകാരം നടപടി സ്വീകരിക്കുവാൻ ബാങ്കുകൾ തുടങ്ങിയതോടെ കർഷക ആത്മഹത്യകൾ വർദ്ധിക്കുകയും അവർ ദുരിതത്തിലാകുകയും ചെയ്ത സാഹചര്യത്തിൽ കാർഷിക കടങ്ങൾ എഴുതിത്തള്ളുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

### ഉത്തരം

(എ&ബി) 2018 ആഗസ്റ്റ് 20-ന് കൂടിയ സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ പ്രത്യേക യോഗം ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ ഉടൻ നടപ്പിലാക്കേണ്ട പ്രളയ ദുരിതാശ്വാസ നടപടികൾ റിസർവ് ബാങ്ക് നിബന്ധനകൾക്ക് വിധേയമായി ചർച്ച ചെയ്ത് അംഗീകരിക്കുകയും ഈ നടപടികളുടെ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ ബാങ്കുകൾക്കും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഈ നടപടികളുടെ വിശദാംശങ്ങൾ www.slbc.kerala.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഇതിൻപ്രകാരം അർഹമായ വായ്പകൾക്ക് മൊറട്ടോറിയം നിലവിലുണ്ട്. മൊറട്ടോറിയം കാലയളവിൽ ജപ്തി നടപടി സ്വീകരിക്കരുതെന്ന് സഹകരണ ബാങ്കുകൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

മൊറട്ടോറിയം നിലനിൽക്കുന്ന കാലയളവിൽ ജപ്തി നടപടി പാടില്ല എന്ന നിർദ്ദേശം ബാങ്കുകൾക്ക് നൽകണമെന്ന് സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയിൽ ഉൾപ്പെടുത്തി അജണ്ടയായി ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) കർഷകർ വായ്പയെടുക്കുന്നത് കേവലം കാർഷിക ആവശ്യങ്ങൾക്ക് മാത്രമല്ല വീട് വയ്ക്കുന്നതിനും കുട്ടികളുടെ വിദ്യാഭ്യാസ-വിവാഹ ആവശ്യങ്ങൾക്കും ഗുരുതരമായ രോഗങ്ങളുടെ ചികിത്സയ്ക്കും വായ്പ എടുക്കുന്നുണ്ട്. കൃഷിയിൽ നിന്നുള്ള വരുമാനംകൊണ്ടാണ് ഇത്തരം വായ്പകൾ തിരിച്ചടയ്ക്കേണ്ടത്. അതുകൊണ്ടുതന്നെ കാർഷിക വായ്പകൾ മാത്രമല്ല കർഷകർ എടുക്കുന്ന എല്ലാ വായ്പകളിന്മേലും അനുഭാവപൂർവ്വമായ സമീപനം സ്വീകരിക്കണമെന്നാണ് സർക്കാർ നയം. അതുകൊണ്ടാണ് കർഷകരുടെ എല്ലാത്തരം വായ്പകൾക്കും മൊറട്ടോറിയം ബാധകമാക്കിയത്.

വിവിധ ആവശ്യങ്ങൾക്കായി വായ്പയെടുക്കുകയും തിരിച്ചടവ് മുടങ്ങി ജപ്തി നോട്ടീസ് ലഭിക്കുകയും ചെയ്ത വയനാട്, ഇടുക്കി ജില്ലകളിൽ ഉൾപ്പെട്ട 15 കർഷകരാണ് കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ ആത്മഹത്യ ചെയ്തിട്ടുള്ളത്.

(ഡി) സർഫാസി നിയമം നടപ്പാക്കിവരുന്നതിലുള്ള പ്രയാസകരമായ സവിശേഷ സാഹചര്യം സംസ്ഥാന സർക്കാർ മനസ്സിലാക്കിയിട്ടുണ്ട്. ഇതിന്റെ പശ്ചാത്തലത്തിൽ സർഫാസി നിയമത്തിന്റെ പരിധിയിൽനിന്നും അഞ്ച് സെന്റിൽ കവിയാതെ ഭൂമിയും വീടും ഉള്ളവരെ ഒഴിവാക്കണമെന്ന് കേരള നിയമസഭ 2017 ആഗസ്റ്റ് 21-ലെ പ്രമേയം മുഖേന ഏകകണ്ഠമായി കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രമേയം 20-11-2017-ന് ധനമന്ത്രാലയത്തിന് അയച്ചുകൊടുക്കുകയും കേരളത്തിന്റെ ആവശ്യത്തിന്മേൽ അനുഭാവപൂർവ്വമായ സമീപനമുണ്ടാകണമെന്ന് ആവശ്യപ്പെടുകയുമുണ്ടായി. സർക്കാരിന്റെ റസിഡന്റ് കമ്മീഷണർ മുഖേന കേന്ദ്ര മന്ത്രാലയവുമായി ബന്ധപ്പെട്ട് ഇതിന്മേൽ തുടർനടപടികൾ കൈക്കൊള്ളാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നുണ്ട്. കേന്ദ്ര സർക്കാരിൽനിന്നും മറുപടിയൊന്നും ലഭിച്ചിട്ടില്ല.

സംസ്ഥാനത്തുണ്ടായ മഹാപ്രളയം കണക്കിലെടുത്ത് കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നുമെടുത്തിട്ടുള്ള വിവിധ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിച്ച് 12-10-2018-ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വായ്പകളുടെ ജപ്തി നടപടികൾക്ക് മൊറട്ടോറിയം നടപ്പിലാക്കിയിരുന്നു. പൊതുമേഖല, വാണിജ്യ, സഹകരണ ബാങ്കുകളിൽ നിന്നും കർഷകർ എടുത്തിട്ടുള്ള എല്ലാവിധ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് നേരത്തെ പ്രഖ്യാപിച്ച മൊറട്ടോറിയം 2019 ഡിസംബർ 31 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. ഇതുപ്രകാരം കർഷകർ എടുത്തിട്ടുള്ള എല്ലാ വായ്പകൾക്കും മൊറട്ടോറിയം ബാധകമാണ്. ഇതുസംബന്ധിച്ച് 27-5-2019-ലെ സ.ഉ. (കൈ)നമ്പർ 146/2019/റവ. പ്രകാരം റവന്യൂ വകുപ്പിൽനിന്നും ഉത്തരവ് ഇറക്കിയിട്ടുണ്ട്.

കർഷക കടാശ്വാസ കമ്മീഷൻ മുഖേന ആനുകൂല്യം നൽകുന്ന കാർഷിക വായ്പകളുടെ കാലാവധി ഇടുക്കി, വയനാട് ജില്ലകളിൽ 2018 ആഗസ്റ്റ് 31 വരെയും മറ്റ് ജില്ലകളിൽ 2014 മാർച്ച് 31 വരെയും ദീർഘിപ്പിക്കാനും കർഷക കടാശ്വാസ കമ്മീഷൻ 50,000 രൂപയ്ക്ക് മുകളിലുള്ള കുടിശ്ശികയ്ക്ക് നൽകുന്ന ആനുകൂല്യം ഒരു ലക്ഷം രൂപയിൽനിന്നും രണ്ട് ലക്ഷം രൂപയായി വർദ്ധിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട് (രണ്ട് ലക്ഷം രൂപവരെയുള്ള കാർഷിക കടം എഴുതിത്തള്ളുന്നതിന് തുല്യമായ തീരുമാനമാണിത്.) കൂടാതെ കർഷക കടാശ്വാസ കമ്മീഷന്റെ പരിധിയിൽ വാണിജ്യ ബാങ്കുകളെക്കൂടി ഉൾപ്പെടുത്തുന്ന വിഷയം പരിശോധിക്കാൻ കൃഷി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കർഷകർക്ക് ദീർഘകാല വിളകൾക്ക് പുതുതായി അനുവദിക്കുന്ന വായ്പകളുടെ പലിശ, ലോൺ അനുവദിക്കുന്ന തീയതി മുതൽ ഒരു വർഷത്തേയ്ക്ക് നബാർഡ് മാതൃകയിൽ ഒൻപത് ശതമാനം വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിക്കുന്നതാണ്.

**കാർഷിക കടങ്ങൾക്ക് മൊറട്ടോറിയം**

64 (1566) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u>
<u>ശ്രീ. അനിൽ അക്കര:</u>
<u>ശ്രീ. പി. ടി. തോമസ്:</u>
<u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക കടങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ടോ; അതിന്റെ കാലാവധി എന്നുവരെയാണ്;

(ബി) ലോക്സഭാ തിരഞ്ഞെടുപ്പ് പ്രഖ്യാപനത്തിന് തൊട്ടുമുമ്പ് മോറട്ടോറിയത്തിന്റെ കാലാവധി 2019 ഡിസംബർ 31 വരെ നീട്ടുന്നതിന് ക്യാബിനറ്റ് തീരുമാനം എടുത്തിരുന്നോ;എന്ന് ചേർന്ന ക്യാബിനറ്റിലാണ് പ്രസ്തുത തീരുമാനം എടുത്തത്;

(സി) ഇതുസംബന്ധിച്ച ഉത്തരവ് എന്നാണ് പുറപ്പെടുവിച്ചത്;ഉത്തരവ് പുറപ്പെടുവിക്കുന്നതിൽ എന്തെങ്കിലും കാലതാമസം വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ച ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചത്;വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 2019 മാർച്ച് 5-ന് ചേർന്ന മന്ത്രിസഭാ യോഗ തീരുമാനപ്രകാരം 2019 ഡിസംബർ 31 വരെ കാർഷിക കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്.

(സി&ഡി) 5-3-2019-ലെ മന്ത്രിസഭായോഗ തീരുമാനപ്രകാരം പൊതുമേഖല, വാണിജ്യ, സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽനിന്നും കർഷകർ എടുത്തിട്ടുള്ള കാർഷിക വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് നേരത്തെ പ്രഖ്യാപിച്ച മൊറട്ടോറിയം 2019 ഡിസംബർ 31 വരെ ദീർഘിപ്പിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കൃഷി വകുപ്പ് 7-3-2019-ൽ സ.ഉ. (കൈ) നമ്പർ 41/2019/കൃഷി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ മൊറട്ടോറിയം സംബന്ധിച്ച ഉത്തരവ് തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വരുന്നതിനുമുമ്പ് റവന്യൂ വകുപ്പിന് പുറപ്പെടുവിക്കാൻ കഴിഞ്ഞില്ല. ഈ വിഷയത്തിൽ ബോധപൂർവ്വമായ വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**കാർഷികോല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് പുതിയ പദ്ധതി**

65 (1567) <u>ശ്രീ. തോമസ് ചാണ്ടി</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാർഷികോല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് പുതിയ പദ്ധതികൾ സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

ഉണ്ട്. പച്ചക്കറി വികസന പദ്ധതിപ്രകാരം സംസ്ഥാനത്തൊട്ടാകെ പഞ്ചായത്ത് തലത്തിൽ 241 ക്ലസ്റ്റർ വിപണികളും ബ്ലോക്ക് തലത്തിൽ 31 ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് വിപണികളും പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ വിപണി വികസന പദ്ധതി മുഖേന 400 ഗ്രാമീണ ആഴ്ച ചന്തകളും 213 ഇക്കോഷോപ്പുകളും പ്രവർത്തിച്ചുവരുന്നു. പരമ്പരാഗത കൃഷി വികാസ് യോജന പ്രകാരം 214 ഇക്കോഷോപ്പുകളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഓണം, വിഷു തുടങ്ങിയ ഉത്സവകാലങ്ങളിൽ വിപണയിൽ വില പിടിച്ചുനിർത്തുന്നതിനായി കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നീ സർക്കാർ ഏജൻസികളുടെ സഹകരണത്തോടുകൂടി വിപണികൾ പ്രവർത്തിക്കുന്നുണ്ട്.

തൃശ്ശൂർ ജില്ലയിൽ 2017-18 മുതൽ നൂതന വിപണന മാർഗ്ഗം അവലംബിച്ച് വരുന്നുണ്ട്. കർഷകമിത്ര" എന്ന സംവിധാനത്തിലൂടെ അധികമുള്ള കാർഷികോല്പന്നങ്ങൾ കർഷകന്റെ വീടുകളിൽ നിന്ന് ശേഖരിച്ച് മറ്റ് വീടുകളിലും വിപണിയിലുമായി വിറ്റഴിക്കുന്നുണ്ട്.

ഇതിനുപുറമേ കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ ആറ് കാർഷിക മൊത്ത വ്യാപാര വിപണികളെ കേന്ദ്ര സർക്കാർ പദ്ധതിപ്രകാരമുള്ള ഇ-നാം (ഇലക്ട്രോണിക് നാഷണൽ അഗ്രികൾച്ചർ മാർക്കറ്റിംഗ് - e-NAM) സംവിധാനത്തിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഈ പദ്ധതിയനുസരിച്ച് കാപ്പി, തേയില, നാളികേരം, പൈനാപ്പിൾ, വാഴപ്പഴം, ചക്ക, പൊക്കാളി അരി, ജീരകശാലയരി തുടങ്ങി നാൽപ്പതിനം കാർഷികോൽപന്നങ്ങൾ ഓൺലൈൻ സംവിധാനത്തിലൂടെ വിറ്റഴിക്കാൻ കർഷകരെ സഹായിക്കാൻ സാധിക്കുന്നതാണ്. കർഷകർ ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻസ്, ഫാർമർ പ്രൊഡ്യൂസർ കമ്പനി, സ്വയം സഹായ സംഘങ്ങൾ എന്നിവർക്ക് ഇ-നാം സംവിധാനത്തിലൂടെ ഉല്പന്നങ്ങൾ വില്പന നടത്താൻ സാധിക്കുന്നതാണ്.

## കൃഷിവകുപ്പിന് കീഴിലുള്ള കമ്പനി/ബോർഡ്/കോർപ്പറേഷനുകളിലെ ലാസ്റ്റ് ഗ്രേഡ് ഒഴിവുകൾ

66 (1568) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന് കീഴിലുള്ള ഓരോ കമ്പനി/ബോർഡ്/ കോർപറേഷനിലെയും ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നാളിതുവരെയുള്ള ഒഴിവുകളുടെ എണ്ണം എത്ര; അതിൽ എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇനി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ അവശേഷിക്കുന്നുണ്ട്; സ്ഥാപനങ്ങൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഓരോ സ്ഥാപനത്തിലും 31-12-2019 വരെ ലാസ്റ്റ്ഗ്രേഡ് തസ്തികയിൽ പ്രതീക്ഷിക്കുന്ന ഒഴിവുകൾ എത്രയാണ്; പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; സ്ഥാപനങ്ങൾ തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) ഓരോ സ്ഥാപനത്തിലും ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ എത്രപേർ കരാർ/ദിവസ വേതന വ്യവസ്ഥയിൽ ജോലി നോക്കുന്നുണ്ട്; സ്ഥാപനങ്ങൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) കൃഷി വകുപ്പിന് കീഴിലുള്ള എല്ലാ കമ്പനി/ബോർഡ്/ കോർപറേഷനുകളിലെയും ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; ഇതിന് തയ്യാറാകാത്ത സ്ഥാപനമേധാവികൾക്കെതിരെ കർശനനടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കൃഷി വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ ഒഴിവുകളുടെ എണ്ണം, പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം, റിപ്പോർട്ട് ചെയ്യാനുള്ള ഒഴിവുകളുടെ എണ്ണം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ സ്ഥാപനം തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) ഓരോ സ്ഥാപനത്തിലും 31-12-2019 വരെ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ പ്രതീക്ഷിക്കുന്ന ഒഴിവുകൾ, പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ സ്ഥാപനം തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ, വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, വാഴക്കുളം അഗ്രോ ആൻഡ് ഫ്രൂട്ട് പ്രോസസ്സിംഗ് കമ്പനി ലിമിറ്റഡ്, ഓയിൽ പാം ഇന്ത്യ ലിമിറ്റഡ് എന്നിവിടങ്ങളിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ കരാർ/ദിവസ വേതന വ്യവസ്ഥയിൽ ആരും ജോലി നോക്കുന്നില്ല.

കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ തൃശ്ശൂർ കാര്യാലയത്തിൽ ഒന്ന്, കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർഷപ്പറേഷനിൽ അഞ്ച്, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷനിൽ മൂന്ന്, കേര ഫെഡിൽ ഒന്ന്, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിൽ 31 പേർ വീതം ദിവസവേതന അടിസ്ഥാനത്തിൽ ജോലി നോക്കുന്നുണ്ട്.

ഹോർട്ടികോർപ്പിൽ നിലവിലുള്ള ദിവസവേതന ജീവനക്കാരിൽ (വർക്കർമാർ) നിന്നും രണ്ടുപേരെ ഹെഡ് ഓഫീസിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരായി നിയോഗിച്ചിട്ടുണ്ട്.

(ഡി) പ്രതീക്ഷിത ഒഴിവുകളുടെ വിവരം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് പൊതുമേഖലാ സ്ഥാപനങ്ങളുൾപ്പെടെ എല്ലാ വകുപ്പുമേധാവികൾക്കും സർക്കാർ നിർദ്ദേശം നൽകിവരുന്നുണ്ട്. യഥാസമയം ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത പരാതിയുണ്ടായാൽ കർശന നടപടിയുണ്ടാകും.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മാവേലിക്കരയിൽ തരിശുരഹിത കാർഷിക പദ്ധതി

67 (1569) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണാട്ടുകരയിലെ നെൽകൃഷി അടക്കമുള്ള വിവിധ കാർഷിക മേഖലകൾക്കായി 2016-17 മുതൽ കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) മാവേലിക്കരയിൽ തരിശുരഹിത കാർഷിക പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിലൂടെ എത്ര ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുവാൻ കഴിഞ്ഞുവെന്നും ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷം ഓണാട്ടുകര കാർഷിക മേഖലയിൽ നടപ്പിലാക്കിയ പദ്ധതികളും ആയതിന് ചെലവഴിച്ച തുകയും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി | ചെലവഴിച്ച തുക (ലക്ഷം രൂപ) |
|---|---|---|
| 1 | എള്ളുകൃഷി വികസനം | 81.6 |
| 2 | കിഴങ്ങുവർഗ്ഗകൃഷി വികസനം | 166.225 |
| 3 | പയർ കൃഷിവികസനം | 35.875 |
| 4 | വാഴകൃഷി വികസനം | 235.2375 |
| 5 | മഞ്ഞൾകൃഷി വികസനം | 43.75 |
| 6 | ഇഞ്ചികൃഷി വികസനം | 32.1875 |
| 7 | വെറ്റിലകൃഷി വികസനം | 51 |
| 8 | പ്ലാവ് കൃഷി വികസനം | 9.27 |
| 9 | പപ്പായകൃഷി വികസനം | 2.38 |
| 10 | കുടമ്പുളികൃഷി വികസനം | 8.07837 |
| 11 | കുരുമുളകുകൃഷി വികസനം | 7.75 |
| 12 | തെങ്ങിന്റെ കീടരോഗ നിയന്ത്രണ പദ്ധതി | 701.585 |

2017-18 സാമ്പത്തിക വർഷം 12.5 ലക്ഷം രൂപയുടെ എള്ളുകൃഷി വികസന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

2018-19 സാമ്പത്തിക വർഷം 16.44194 ലക്ഷം രൂപ ചെലവഴിച്ച് നെൽകൃഷി വികസനത്തിനായി പാടശേഖരങ്ങളുടെ അടിസ്ഥാനസൗകര്യ വികസനം നടപ്പിലാക്കിയിട്ടുണ്ട്.

(ബി) സമഗ്ര നെൽകൃഷി വികസന പദ്ധതിപ്രകാരവും ത്രിതല പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ട് ഉപയോഗിച്ചും സംസ്ഥാന സർക്കാർ നെൽവർഷം ആചരിച്ചതിന്റെ ഭാഗമായി മാവേലിക്കര ബ്ലോക്കിൽ 2017-18 സാമ്പത്തിക വർഷം 40.1 ഹെക്ടർ നിലത്തിലും 2018-19 സാമ്പത്തിക വർഷം 21.342 ഹെക്ടർ പുഞ്ചയിലും തരിശുനില കൃഷി വിജയകരമായി ചെയ്തു. നെൽവിത്തിനുള്ള വിഹിതം അതാത് തദ്ദേശഭരണ സ്ഥാപനങ്ങളും നിലം കൃഷിയോഗ്യമാക്കൽ ഉൽപ്പാദനോപാധികൾക്കുള്ള ധനസഹായം എന്നിവ കൃഷി വകുപ്പ് പദ്ധതിയിൽനിന്നും നൽകി. കൂടാതെ പച്ചക്കറി വികസന പദ്ധതി, കിഴങ്ങുവർഗ്ഗ വികസന പദ്ധതി, എള്ളുകൃഷി വികസനം, കരനെൽ കൃഷി എന്നിവയ്ക്കായി 60 ഹെക്ടർ സ്ഥലം തൊഴിലുറപ്പുപദ്ധതിയുടെ സഹകരണത്തോടെ തരിശുരഹിതമാക്കി കൃഷി ചെയ്തിട്ടുണ്ട്.

(സി) മാവേലിക്കരയിൽ 2016-17 സാമ്പത്തിക വർഷം 8 ഹെക്ടർ നെൽകൃഷി ചെയ്തു. 2.4 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2017-18-ൽ അത് 40.1 ഹെക്ടറാക്കി വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ആയതിന് 12.03 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ പ്രളയത്തിൽ ഒന്നാം വിള നശിച്ചിട്ടുപോലും 5.6288 ലക്ഷം രൂപ ധനസഹായം നൽകിക്കൊണ്ട് 21.342 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷം 1.164 ലക്ഷം രൂപ സബ്സിഡി നൽകി 9.7 ഹെക്ടർ സ്ഥലത്തും 2018-19 സാമ്പത്തിക വർഷം 0.6 ലക്ഷം രൂപ ധനസഹായം നൽകി 5 ഹെക്ടർ സ്ഥലത്തും എള്ളുകൃഷി ചെയ്തിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷം 1.00 ലക്ഷം രൂപയുടെ ആനുകൂല്യം നൽകി 5 ഹെക്ടർ സ്ഥലത്തും 2018-19 സാമ്പത്തികവർഷം 6.00 ലക്ഷം രൂപയുടെ ആനുകൂല്യം നൽകി 30 ഹെക്ടർ സ്ഥലത്തും കിഴങ്ങുവർഗ്ഗ കൃഷി ചെയ്തിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷം 1.20 ലക്ഷം രൂപ സബ്സിഡി നൽകി 5 ഹെക്ടർ സ്ഥലത്തും 2018-19 സാമ്പത്തിക വർഷം 1.29 ലക്ഷം രൂപ ധനസഹായം നൽകി 4.3 ഹെക്ടർ സ്ഥലത്തും പച്ചക്കറി കൃഷി ചെയ്തിട്ടുണ്ട്.

## പയ്യന്നൂരിൽ മോഡൽ അഗ്രോ സർവ്വീസ് സെന്റർ

68 (1570) ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂരിൽ പ്രവർത്തിക്കുന്ന അഗ്രോ സർവ്വീസ് സെന്ററിനെ മോഡൽ അഗ്രോ സർവ്വീസ് സെന്ററായി ഉയർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

പയ്യന്നൂരിൽ പ്രവർത്തിക്കുന്ന അഗ്രോ സർവ്വീസ് സെന്റർ 2012-13-ലാണ് ആരംഭിച്ചത്. തുടർന്നുള്ള വർഷങ്ങളിൽ സെന്ററിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് വിവിധ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. നിലവിൽ പയ്യന്നൂരിൽ അഗ്രോ സർവ്വീസ് സെന്റർ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. 2018-ലെ പ്രളയബാധിത മേഖലകളെ പുനരുദ്ധരിക്കുന്ന പ്രവർത്തനങ്ങൾക്കും പദ്ധതികൾക്കും പ്രാധാന്യം നൽകുന്നതിനാലാണ് പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് അഗ്രോ സർവ്വീസ് സെന്റർ വിപുലീകരിച്ച് മാതൃകാ അഗ്രോ സർവ്വീസ് സെന്ററായി ഉയർത്തുന്നതിന് ബഹുമാനപ്പെട്ട പയ്യന്നൂർ എം.എൽ.എ. 23-1-2018-ൽ സമർപ്പിച്ച അപേക്ഷ തൽക്കാലം പരിഗണിക്കാൻ കഴിയാതിരുന്നത്.

## ജൈവ വൈപ്പിൻ പദ്ധതി

69 (1571) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ വൈപ്പിൻ പദ്ധതി നടപ്പാക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് പരിസ്ഥിതി വകുപ്പിന്റെ അനുമതി ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതി എന്നത്തേയ്ക്ക് പുനരാരംഭിക്കാനാകുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) നബാർഡ് ആർ.ഐ.ഡി.എഫ്. 20 സ്കീമിൽ ഉൾപ്പെട്ട ജൈവ വൈപ്പിൻ പദ്ധതിക്ക് Kerala Coastal Zone Management Authority

(KCZMA)യുടെ സ്റ്റോപ് മെമ്മോയും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലവിലുള്ള രണ്ട് കേസ്സുകളുമായിരുന്നു തടസ്സമായിട്ടുള്ളത്. എന്നാൽ KCZMA-യുടെ പാരിസ്ഥിതികാനുമതി ലഭ്യമാക്കുന്നതിലേയ്ക്കായി National Centre for Earth Science Studies (NCESS) മുഖാന്തരം CRZ സ്റ്റാറ്റസ് റിപ്പോർട്ടുകൾ, മാപ്പുകൾ ഇവ കെ.എൽ.ഡി.സി. സമർപ്പിച്ചെങ്കിലും കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തി പവർ പോയിന്റ് പ്രസന്റേഷൻ നടത്താൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 30-4-2019-ൽ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി മുമ്പാകെയും 9-5-2019-ൽ KCZMA മുമ്പാകെയും പവർ പോയിന്റ് പ്രസന്റേഷൻ അവതരിപ്പിക്കുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ KCZMA-യുടെ അജണ്ട നമ്പർ 102.03.07 പ്രകാരം താഴെ പറയുന്ന അനുമതികൾ കൂടി ലഭ്യമാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

1. Environmental Impact Assessment & Environmental Management Plan Study report (EIA&EMP Study report).
2. ഡ്രഡ്ജ് ചെയ്ത് ലഭ്യമാകുന്ന മണ്ണ് ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് നീക്കം ചെയ്യുന്നതിന് State Environmental Impact Assessment Authority (SEIAA)യുടെ അനുമതി.
3. ആഴം കൂട്ടൽ പ്രവൃത്തി നടപ്പിലാക്കുന്നതിന് Ministry of Environmental Forest & Climatic Change (MOEF&CC) വകുപ്പിന്റെ അനുമതി.
4. സംസ്ഥാന നീർത്തട പരിപാലന സംരക്ഷണ അതോറിറ്റിയുടെ അനുമതി.

(സി) KCZMA നിർദ്ദേശിച്ചിട്ടുള്ള മേൽ അനുമതികൾ ലഭ്യമാക്കി KCZMA-യുടെ സ്റ്റോപ് മെമ്മോ പിൻവലിക്കുന്നമുറയ്ക്ക് ടി പദ്ധതി പുനരാരംഭിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**കൃഷി വകുപ്പ് മുഖാന്തരം നടത്തിയിട്ടുള്ള പദ്ധതികൾ**

70 (1572) <u>ശ്രീ. കെ. രാജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഒല്ലൂർ നിയോജകമണ്ഡലത്തിലെ നാല് ഗ്രാമ പഞ്ചായത്തുകളുടേയും തൃശ്ശൂർ കോർപ്പറേഷന്റേയും പരിധിയ്ക്കുള്ളിൽ കൃഷി വകുപ്പ് മുഖാന്തിരം നടത്തിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോന്നിന്റേയും വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ&ബി) ഈ സർക്കാരിന്റെ കാലയളവിൽ ഒല്ലൂർ നിയോജക മണ്ഡലത്തിലെ നാല് ഗ്രാമപഞ്ചായത്തുകളുടെയും തൃശ്ശൂർ കോർപ്പറേഷന്റെയും പരിധികളിൽ കൃഷി വകുപ്പ് മുഖാന്തരം നടത്തിയിട്ടുള്ള പദ്ധതികളും ഒരോന്നിന്റെയും വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു*.

**മാനുഹാജിയുടെ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി**

71 (1573) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം പഞ്ചായത്തിലെ നെൽകർഷകസംഘം കൺവീനർ മാനുഹാജിയുടെ അപേക്ഷയിൻമേൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) കൊട്ടുമുടി കുണ്ടുപാടത്തിന്റെ നടുവിൽക്കൂടി പോകുന്ന കുണ്ടുപാടം തോടിന്റെ സംരക്ഷണഭിത്തി തകർന്നതിനാൽ കുറെ ഭാഗങ്ങളിൽ കൃഷിയിറക്കുവാൻ കഴിയുന്നില്ലെന്ന കാര്യം പരിശോധിക്കുമോ;

(സി) പ്രസ്തുത വിഷയത്തിൽ കൃഷി വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

ഉത്തരം

(എ) കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം പഞ്ചായത്തിലെ നെൽകർഷക സംഘത്തിന്റെ അപേക്ഷയിന്മേൽ, പ്രസ്തുത പദ്ധതിയുടെ പ്രിലിമിനറി റിപ്പോർട്ടും എസ്റ്റിമേറ്റും കെ.എൽ.ഡി.സി.യിൽ തയ്യാറാക്കിവരുന്നു. ആയവ ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് തുടർനടപടി സ്വീകരിക്കാവുന്നതാണ്.

(ബി&സി) കൊട്ടുമുടി പാടശേഖരത്തിന്റെ നടുവിൽക്കൂടി പോകുന്ന കുണ്ടുപാടം തോടിന്റെ സംരക്ഷണഭിത്തി ശ്രീ. മാനുഹാജിയുടെ സ്ഥലത്തോട് ചേർന്ന് ഏകദേശം അഞ്ച് മീറ്റർ നീളത്തിൽ തകർന്നതിനാൽ ആറ് ഹെക്ടർ സ്ഥലത്ത് മുണ്ടകൻ കൃഷി ചെയ്യാൻ തടസ്സം നേരിടുന്നുണ്ട്. തോട് പുനരുദ്ധാരണത്തിനും സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ 2019-20 വർഷത്തെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി നടപടി സ്വീകരിക്കുന്നതിനും 2019-20 മുണ്ടകൻ വിളയ്ക്ക് മുമ്പ് പ്രവൃത്തി പൂർത്തീകരിക്കുന്നതിനും കൃഷി വകുപ്പിൽനിന്നും ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്കും വളാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിനും നിർദ്ദേശം നൽകിയിട്ടുണ്ട്. തോടിനോട്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ചേർന്നുകിടക്കുന്ന ശ്രീ. മാനുഹാജിയുടെ തരിശിട്ടിരിക്കുന്ന സ്ഥലത്ത് തൊഴിലുറപ്പ് പദ്ധതിമുഖേന കൃഷി ചെയ്യുന്നതിന് ശ്രീ. മാനുഹാജി സമ്മതം നൽകിയിട്ടുള്ളതിനാൽ നടപ്പുവർഷത്തെ മുണ്ടകൻ സീസണിൽ കൃഷി ചെയ്യുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

## വട്ടവട പ്രദേശത്തെ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി

72 (1574) ശ്രീ. എസ്. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിലെ വട്ടവട പ്രദേശത്തെ കർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് ബന്ധപ്പെട്ട ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവരുടെ ഒരു യോഗം വിളിച്ചുകൂട്ടുന്നതിന് തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ ;

(സി) ഇത്തരത്തിലൊരു പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടില്ലെങ്കിൽ ദേവികുളം മണ്ഡലത്തിലെ വട്ടവട പ്രദേശത്തെ കർഷകർക്കിടയിൽ ഉദ്യോഗസ്ഥർ മുഖേന ഇടപെട്ടുകൊണ്ട് ഈ മേഖലയിലെ പ്രശ്നങ്ങൾ മനസ്സിലാക്കുവാൻ തയ്യാറാകുമോ ?

### ഉത്തരം

(എ-സി) ഉണ്ട്. കൃഷിയിടങ്ങളിൽ വന്യമൃഗങ്ങളുടെ ശല്യം വിപണന സൗകര്യങ്ങളുടെ അപര്യാപ്തത, ഗ്രാൻഡിസ് മരങ്ങൾ വെട്ടി/പിഴുതുമാറ്റി കൃഷി വ്യാപിപ്പിക്കുക തുടങ്ങിയ പ്രധാന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രശ്ന പരിഹാരത്തിനായി ഫലപ്രദമായ നടപടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

## നബാർഡ് കർഷർക്ക് നൽകുന്ന സബ്സിഡി

73 (1575) ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഗ്രാമീൺ ബാങ്കിലെ ജീവനക്കാരുടെ സമരത്തെത്തുടർന്ന് നബാർഡ് കർഷകർക്ക് നൽകുന്ന സബ്സിഡി നഷ്ടപ്പെട്ടുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം സബ്സിഡി നഷ്ടപ്പെട്ടവരുടെ കാര്യത്തിൽ സർക്കാർ എന്തെങ്കിലും തരത്തിലുള്ള ഇടപെടലുകൾ നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) നബാർഡിൽനിന്നും കർഷകർക്ക് നൽകിവരുന്ന സബ്സിഡികളൊന്നും കേരള ഗ്രാമീൺ ബാങ്കിലെ ജീവനക്കാരുടെ സമരത്തെത്തുടർന്ന് നഷ്ടപ്പെട്ടിട്ടില്ല.

## ആലത്തൂരിനെ സമ്പൂർണ്ണ തരിശുഭൂമി വിമുക്ത മണ്ഡലമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടി

74 (1576) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ ഏഴ് ഗ്രാമപഞ്ചായത്തുകളിലായി എത്ര വീതം തരിശുഭൂമി ഉണ്ടെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) ആലത്തൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന സമഗ്ര കാർഷികപദ്ധതിയായ നിറ-യുടെ ഭാഗമായി എത്ര ഹെക്ടർ ഭൂമി തരിശുവിമുക്തമാക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിയോജകമണ്ഡലത്തെ സമ്പൂർണ്ണ തരിശുഭൂമിവിമുക്ത മണ്ഡലമായി പ്രഖ്യാപിക്കുന്നതിന് ഇനി എന്തെല്ലാം നടപടികളാണ് പൂർത്തിയാക്കുവാനുള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ ഏഴ് പഞ്ചായത്തുകളിലായി ചുവടെപറയുംപ്രകാരം 100.59 ഹെക്ടർ തരിശു ഭൂമിയുണ്ടെന്ന് കണക്കാക്കുന്നു.

| പഞ്ചായത്ത് | തരിശുഭൂമി (ഹെക്ടറിൽ) |
|---|---|
| ആലത്തൂർ | 40 |
| എരിമയൂർ | 6 |
| കിഴക്കഞ്ചേരി | 15 |
| വണ്ടാഴി | 20 |
| മേലാർകോട് | 6 |
| തേങ്കുറിശ്ശി | 3.59 |
| കുഴൽമന്ദം | 10 |
| ആകെ | 100.59 |

(ബി) 18.99 ഹെക്ടർ ഭൂമി കൃഷിയോഗ്യമാക്കാൻ കഴിഞ്ഞു.

(സി)

1. കൃഷിഭവനുകളും ഗ്രാമപഞ്ചായത്തുകളും സംയുക്തമായി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. സംസ്ഥാന സർക്കാരിന്റെ സുസ്ഥിര നെൽകൃഷി വികസനം, തരിശു ഭൂമിയിൽ നെൽകൃഷിക്കുള്ള ആനുകൂല്യം, ഗ്രാമപഞ്ചായത്തുകൾ നൽകുന്ന ഉഴവുകൂലി മുതലായ ആനുകൂല്യങ്ങൾ നൽകിവരുന്നു.
2. തരിശുഭൂമി സർവ്വേ നടത്തി ജലലഭ്യത അനുസരിച്ച് അനുയോജ്യമായ കൃഷിയിറക്കാൻ കർഷകരെ പ്രോത്സാഹിപ്പിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.
3. ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ട അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ വിവിധ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു.
4. ഭൂവുടമകൾ പാട്ടത്തിനു നൽകാൻ തയ്യാറാകാത്ത പ്രശ്നം ജനപ്രതിനിധികളുടെ സഹകരണത്തോടെ കൃഷി ഉദ്യോഗസ്ഥർ നടത്തുന്ന ഇടപെടലിലൂടെ പരിഹരിച്ചുവരുന്നു.

## ഇലഞ്ഞിയിലെ പഴം, പച്ചക്കറി സംസ്കരണ യൂണിറ്റ്

75 (1577) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിലെ ഇലഞ്ഞിയിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന പഴം,പച്ചക്കറി സംസ്കരണ യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പ്രദേശത്തെയും സമീപപ്രദേശങ്ങളിലെയും കർഷകരുടെ താല്പര്യങ്ങൾക്ക് വിരുദ്ധമായി പദ്ധതി പ്രവർത്തനം ഇഴഞ്ഞു നീങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രദേശത്തെയും സമീപപ്രദേശങ്ങളിലെയും കർഷകരുടെ താല്പര്യങ്ങൾ മുൻനിർത്തി യൂണിറ്റിന്റെ പ്രവർത്തനം അടിയന്തരമായി

ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) പിറവം നിയോജകമണ്ഡലത്തിലെ ഇലഞ്ഞിയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന പഴം-പച്ചക്കറി സംസ്കരണ യൂണിറ്റ് പദ്ധതി 2014-ലാണ് ഉദ്ഘാടനം ചെയ്തത്. പദ്ധതിക്കായുള്ള കെട്ടിടത്തിന്റെ പണി 80% പൂർത്തീകരിച്ചിട്ടുണ്ട്. സപ്ലൈകോയുടെ കീഴിലുള്ള സെന്റർ ഫോർ ഫുഡ് റിസർച്ച് ആൻഡ് ഡെവലപ്മെന്റിന്റെ മേൽനോട്ടത്തിലാണ് പഴം-പച്ചക്കറി സംസ്കരണ യൂണിറ്റ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ഇതുകൂടാതെ ഇലഞ്ഞി കൃഷി ഭവൻ പരിധിയിൽ ശ്രീ. ജോമി പോൾ എന്ന കർഷകന് പഴം, പച്ചക്കറി, മൂല്യവർദ്ധിത ഉല്പാദന യൂണിറ്റിന് പ്രോജക്ട് അനുമതി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ നൽകുകയും (പ്രോജക്ട് കോസ്റ്റ് 10 ലക്ഷം രൂപ), പ്രോജക്ട് പൂർത്തീകരണ റിപ്പോർട്ട് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 40% ധനസഹായം (3,94,892 രൂപ) മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ 2018-19 പദ്ധതിയിൽ അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്.

### മോട്ടോറുകളും മിനിമില്ലുകളും അനുവദിക്കാൻ നടപടി

76 (1578) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട പാടശേഖരങ്ങളിൽ മോട്ടോറുകൾ, മിനിമില്ലുകൾ എന്നിവ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, നടപടികൾ ഏത് ഘട്ടത്തിലാണെന്നും ഏതെല്ലാം പാടശേഖരങ്ങൾക്കാണ് അനുവദിച്ചിട്ടുള്ളതെന്നും അറിയിക്കാമോ?

ഉത്തരം

(എ) സ്മാം പദ്ധതി പ്രകാരമോ രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരമോ സമഗ്ര നെൽകൃഷി വികസന പദ്ധതിയിലെ പദ്ധതിയധിഷ്ഠിത ധനസഹായം നൽകുന്നതിനുള്ള പദ്ധതിഘടകത്തിൽപ്പെടുത്തിയോ ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ആറ് പാടശേഖരങ്ങളിൽ മോട്ടോറുകൾ, മിനിമില്ലുകൾ എന്നിവ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള നടപടി തൃശ്ശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസർ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) പ്രൊപ്പോസൽ സമർപ്പിച്ച പാടശേഖരങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ. നമ്പർ | കൃഷിഭവൻ | പാടശേഖര സമിതിയുടെ പേര് | ആവശ്യമുള്ള ഉപകരണം |
|---|---|---|---|
| 1 | മേലൂർ | പുഞ്ചപ്പാടം പാടശേഖര സമിതി | മോട്ടോറും മിനി റൈസ് മില്ലും |
| 2 | ചാലക്കുടി | പടിഞ്ഞാറേ ചാലക്കുടി കോട്ടാറ്റ് പാടശേഖര സമിതി | മോട്ടോറും മിനി റൈസ് മില്ലും |
| 3 | ചാലക്കുടി | കാരക്കുളത്തുനാട് പാടശേഖര സമിതി | മോട്ടോറും മിനി റൈസ് മില്ലും |
| 4 | കൊരട്ടി | പെരുമ്പി പാടശേഖര സമിതി | മോട്ടോറും മിനി റൈസ് മില്ലും |
| 5 | കടുകുറ്റി | കടുകുറ്റി പാടശേഖര സമിതി | മിനി റൈസ് മിൽ |
| 6 | ചാലക്കുടി | കാളൻചിറ പാടശേഖര സമിതി | മോട്ടോറും മിനി റൈസ് മില്ലും |

മേൽപ്പറഞ്ഞിരിക്കുന്ന പാടശേഖരങ്ങളിൽ മോട്ടോറും മിനിമില്ലുകളും അനുവദിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നിലവിൽ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ പരിഗണനയിലാണ്.

## കരുനാഗപ്പള്ളി കേരഫെഡ് ഓയിൽ കോംപ്ലക്സ്

77 (1579) ശ്രീ. ആർ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി കേരഫെഡ് ഓയിൽ കോംപ്ലക്സിനുവേണ്ടി ഏറ്റെടുത്ത ഭൂമിയിൽ തരിശായി കിടക്കുന്ന പ്രദേശത്ത് കൃഷി ചെയ്യുന്നതിനുള്ള അനുമതി ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ;

(ബി) പ്രസ്തുത സ്ഥലത്ത് കൃഷി ചെയ്യുന്നതിന് പാട്ടം നിശ്ചയിച്ചിട്ടുണ്ടോ; എത്ര രൂപയാണ് പാട്ടമായി നിശ്ചയിച്ചിട്ടുള്ളത്;

(സി) പാട്ടത്തുക ഒഴിവാക്കി കൃഷി ചെയ്യുന്നതിന് അനുമതി നൽകുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ-സി) 2008 മുതൽ കുലശേഖരപുരം കൃഷിഭവന്റെ നേതൃത്വത്തിൽ 150-ൽപ്പരം കുടുംബശ്രീ പ്രവർത്തകർ കേരഫെഡിന്റെ അധീനതയിലുള്ള 10 ഏക്കർ തരിശുനിലത്തിൽ നെൽക്കൃഷി ചെയ്തുവരുന്നുണ്ട്. പ്രസ്തുത സ്ഥലത്തിന് 2017 മുതൽ പ്രതിവർഷം 10,000 രൂപ പാട്ടക്കൂലി നിശ്ചയിച്ചിട്ടുണ്ട്.

കരുനാഗപ്പള്ളി കേരഫെഡ് ഓയിൽ കോംപ്ലക്സിനുവേണ്ടി ഏറ്റെടുത്ത ഭൂമിയിൽ തരിശായി കിടക്കുന്ന പ്രദേശത്ത് കൃഷി ചെയ്യുന്നതിനുള്ള അനുമതി ആവശ്യപ്പെട്ടുകൊണ്ട് കൃഷി വകുപ്പിൽ അപേക്ഷയൊന്നും ലഭിച്ചിട്ടില്ല.

25-4-2019-ലെ കൊല്ലം ജില്ലാ കളക്ടറുടെ കത്ത് പ്രകാരം കേരഫെഡിന്റെ 10 ഏക്കർ തരിശുഭൂമി നെൽക്കൃഷിക്ക് അനുവദിക്കണമെന്ന ആവശ്യം 6-5-2019-ൽ കൂടിയ കേരഫെഡ് എക്സിക്യൂട്ടീവ് കമ്മിറ്റി ചർച്ച ചെയ്യുകയും ടി കമ്മിറ്റിയുടെ 10/10 തീരുമാനപ്രകാരം കേരഫെഡിന്റെ കരുനാഗപ്പള്ളി ഫാക്ടറിയുടെ അധീനതയിലുള്ള സ്ഥലം കേരഫെഡിന്റെ വിവിധ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിലേയ്ക്കായി നീക്കിവച്ചിട്ടുള്ള സ്ഥലമാണെന്നും, ടി സ്ഥലത്ത് ആർ.കെ.വി.വൈ. പദ്ധതി പ്രകാരമുള്ള പുതിയ യൂണിറ്റ് നിർമ്മിക്കുന്നതിനുള്ള നടപടി തുടങ്ങിക്കഴിഞ്ഞെന്നും കേരഫെഡിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങൾക്ക് വേണ്ടിയുള്ള നാളികേര ഉല്പാദനത്തിനായി ഗുണമേന്മയുള്ള തെങ്ങിൻതൈകൾ ഉല്പാദിപ്പിക്കുന്നതിനായി ടി സ്ഥലം ഉപയോഗപ്പെടുത്തുന്ന സാഹചര്യത്തിൽ വനിതാ കൂട്ടായ്മയ്ക്ക് നെൽവയൽ കൃഷിക്കായി വിട്ടുനൽകാൻ സാധിക്കുകയില്ലെന്ന് കൊല്ലം ജില്ലാ കളക്ടറെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

**ഇരുപ്പൂകൃഷിക്ക് അനുവദിച്ച തുക**

78 (1580) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി ഒരുപ്പൂകൃഷി ഇരുപ്പൂകൃഷിയാക്കി മാറ്റുന്നതിനായി 2018-19 വർഷം ആകെ എത്ര രൂപ ചെലവഴിച്ചുവെന്ന് വെളിപ്പെടുത്താമോ;

(ബി) 2018-19 ൽ സംസ്ഥാനത്ത് ആകെ എത്ര ഹെക്ടറിൽ ഇരുപ്പൂകൃഷി ഇറക്കുകയുണ്ടായെന്ന് അറിയിക്കാമോ;

(സി) മണലൂർ മണ്ഡലത്തിൽ 2018-19 ൽ എത്ര ഹെക്ടർ ഭൂമിയിൽ ഇരുപ്പൂകൃഷി ഇറക്കിയെന്നും അതിനായി എത്ര രൂപയുടെ ധനസഹായം അനുവദിച്ചെന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ) നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി ഒരുപ്പൂകൃഷി ഇരുപ്പൂകൃഷിയാക്കി മാറ്റുന്നതിനായി 2018-19 വർഷം 1783.7554 ഹെക്ടർ കൃഷി ചെയ്തതിന് 177.98354 ലക്ഷം രൂപ ചെലവഴിച്ചു.

(ബി) 2018-19 സംസ്ഥാനത്ത് 1783.7554 ഹെക്ടർ ഒരുപ്പൂ നിലങ്ങളിൽ ഇരുപ്പൂ കൃഷി ചെയ്തു.

(സി) മണലൂർ നിയോജകമണ്ഡലത്തിലെ അന്തിക്കാട്, മുല്ലശ്ശേരി ബ്ലോക്കുകൾ ചേർന്ന് ആകെ 817.864 ഹെക്ടർ ഭൂമിയിൽ ഇരുപ്പൂ കൃഷി ഇറക്കിയിരുന്നു. ഒരുപ്പൂ കൃഷി ഇരുപ്പൂവാക്കുന്നതിനുള്ള ആനുകൂല്യം ഉൾപ്പെടെ നെൽകൃഷി വികസന പദ്ധതി പ്രകാരമുള്ള വിവിധ ആനുകൂല്യങ്ങൾ ചേർന്ന് ഈ കർഷകർക്കായി 1,16,00,446 (ഒരു കോടി പതിനാറു ലക്ഷത്തി നാനൂറ്റി നാൽപ്പതു രൂപ) ധനസഹായം നൽകിയിട്ടുണ്ട്.

**പെരിന്തൽമണ്ണയിൽ വാട്ടർഷെഡ് നിർമ്മിക്കുന്നതിനുള്ള നടപടി**

79 (1581) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ മുതലപ്പാടം, പുല്ലരിക്കോട്, കാഞ്ഞിരത്തടം, തയ്യോട്ട്ചിറ പ്രദേശത്തെ കർഷകർക്ക് കൃഷിനാശം ഉണ്ടാകുന്നത് തടയുന്നതിനായി വാട്ടർഷെഡ് നിർമ്മിക്കുന്നതിനുള്ള നടപടിയുടെ നിലവിലെ സ്ഥിതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) മണ്ണ് പര്യവേക്ഷണ-മണ്ണ് സംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ ഫീൽഡുതല പരിശോധന നടത്തിയതെന്നാണെന്നും പരിശോധനാറിപ്പോർട്ട് സമർപ്പിച്ചതെന്നാണെന്നും പദ്ധതി നടപ്പിലാക്കുന്നതിലെ കാലതാമസത്തിന് കാരണമെന്താണെന്നും അറിയിക്കുമോ;

(സി) പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) പ്രസ്തുത പ്രദേശത്ത് വാട്ടർഷെഡ് നിർമ്മിക്കുന്നതിനായി പദ്ധതികളൊന്നും നിലവിലില്ല.

(ബി&സി) മണ്ണ് പര്യവേക്ഷണ-മണ്ണ് സംരക്ഷണ വകുപ്പിന്റെ പെരിന്തൽമണ്ണ മണ്ണ് സംരക്ഷണ ഓഫീസ് മുഖേന ഫീൽഡുതല പരിശോധന നടത്തി പ്രാഥമിക റിപ്പോർട്ട് 27-6-2018-ൽ മലപ്പുറം ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർക്ക് സമർപ്പിച്ചിട്ടുണ്ട്. വിശദമായ രൂപരേഖ തയ്യാറാക്കുന്നതിനുള്ള നടപടി ഫണ്ടിന്റെ അപര്യാപ്തതമൂലം സ്വീകരിച്ചിട്ടില്ല.

**ഭൂവിനിയോഗക്രമത്തിലും വിളക്രമത്തിലുമുള്ള മാറ്റം**

80 (1582) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂവിനിയോഗക്രമത്തിലും വിളക്രമത്തിലുമുള്ള മാറ്റം ഭക്ഷ്യസുരക്ഷയ്ക്കും പാരിസ്ഥിതിക സുസ്ഥിരതയ്ക്കും ഗുരുതരഭീഷണിയാണ് എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ 2016-19 കാലയളവിൽ മൊത്തം വിസ്തൃതിയുടെ എത്ര ശതമാനമാണ് കൃഷിക്കായി ഉപയോഗിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ;

(സി) 2016 മുതൽ നാളിതുവരെയായി ഓരോ വിളയ്ക്കും ഉപയോഗിച്ച ഭൂവിസ്തൃതി എത്ര ശതമാനമാണ്; വിളകൾ തിരിച്ച് വിശദാംശം നൽകുമോ;

(ഡി) ഓരോ വർഷം കഴിയും തോറും കൃഷി വിസ്തൃതി കുറയുകയാണോ അതല്ല വർധിക്കുകയാണോ ചെയ്തിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2015-16 കാർഷികവർഷം മുതൽ 2017-18 വരെയുള്ള കാലയളവിൽ മൊത്തം വിസ്തൃതിയിൽ കൃഷിക്കായി ഉപയോഗിച്ച വിസ്തൃതിയുടെ ശതമാനം താഴെ ചേർക്കുന്നു.

| കാർഷിക വർഷം | ശതമാനം |
|---|---|
| 2015-16 | 52.06% |
| 2016-17 | 51.86% |
| 2017-18 | 52.50% |

(സി) വിളകൾ തിരിച്ചുള്ള ഭൂവിസ്തൃതി അനുബന്ധമായി ചേർക്കുന്നു*.

(ഡി) 2015-16 കാർഷിക വർഷത്തിൽ കൃഷി വിസ്തൃതി 196870 ഹെക്ടർ ആയിരുന്നത് 2017-18 വർഷത്തിൽ 220449 ഹെക്ടറായി വർദ്ധിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കോഴി വളർത്തൽ**

81 (1583) ശ്രീ. വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴി വളർത്തൽ, കൃഷിയിൽ ഉൾപ്പെടുത്തുന്നതിന് സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ സർക്കാർ ഉത്തരവ് നമ്പർ എത്രയാണെന്നും ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ;

(ബി) നിലവിൽ കോഴി വളർത്തി ജീവിക്കുന്നവരെ ഏത് വിഭാഗത്തിൽ ആണ് ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) കേരള സംസ്ഥാനത്ത് കാർഷികവൃത്തിയിലേർപ്പെട്ടിരിക്കുന്ന കർഷകരുടെ ക്ഷേമത്തിനായും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ മറ്റ് കാര്യങ്ങൾക്കുംവേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള 2018-ലെ കേരള കർഷക ക്ഷേമനിധി ബില്ലിൽ കൃഷിയുടെ നിർവ്വചനത്തിൽ ഇപ്രകാരം പറയുന്നു.

'കൃഷി' എന്നതിൽ ഉദ്യാനകൃഷിയും ഔഷധകൃഷിയും നഴ്സറി നടത്തിപ്പും കാർഷികവൃത്തിയും വിളകളും ഇടവിളകളും ഫലവൃക്ഷങ്ങളും പുല്ലും തീറ്റപ്പുല്ലും വൃക്ഷങ്ങളും നട്ടുവളർത്തൽ അഥവാ ഭൂമിയിലുള്ള ഏതുതരത്തിലുള്ള കൃഷിയും മത്സ്യം, ചിപ്പി, തേനീച്ച ,പട്ടുനൂൽപ്പുഴു, കോഴി, താറാവ്, കന്നുകാലി, പന്നി ഉൾപ്പെടെയുള്ളവയുടെ പ്രജനനവും പരിപാലവനും കൃഷി അനുബന്ധ പ്രവർത്തനങ്ങൾക്കായോ അല്ലെങ്കിൽ മറ്റേതെങ്കിലും കാർഷികാവശ്യത്തിനായോ ഉള്ള ഭൂമിയുടെ ഉപയോഗവും ഉൾപ്പെടുന്നതാകുന്നു.

2018-ലെ കേരള കർഷക ക്ഷേമനിധി ബിൽ പതിനാലാം കേരള നിയമസഭയുടെ 151-ാം നമ്പർ ബില്ലായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 69-ാം ചട്ടപ്രകാരം പ്രസിദ്ധീകരിക്കുകയും പ്രസ്തുത ബിൽ ഇപ്പോൾ സെലക്ട് കമ്മിറ്റിയുടെ പരിഗണനയിലുമാണ്.

## അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം

82 (1584) ശ്രീ. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പ് മുഖേന നടപ്പാക്കുന്ന അഗ്രോ സർവ്വീസ് സെന്ററുകളുടെ ഉദ്ദേശ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) തൃശ്ശൂർ ജില്ലയിൽ എത്ര അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും അറിയിക്കുമോ?

ഉത്തരം

(എ) കാർഷിക മേഖലയിലേയ്ക്ക് യുവാക്കളെ ആകർഷിക്കുന്നതിനും തൊഴിൽരഹിത യുവതീയുവാക്കൾക്ക് കാർഷിക മേഖലയിൽ തൊഴിൽ നൽകുന്നതിനും, കൃഷി ആദായകരമാക്കുന്നതിനുമായി കൃഷി വകുപ്പ് 2012-13 മുതൽ അഗ്രോ സർവ്വീസ് സെന്റർ ആൻഡ് സർവ്വീസ് ഡെലിവറി എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. തെരഞ്ഞെടുത്ത ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് അഗ്രോ സർവ്വീസ് സെന്ററുകൾ സ്ഥാപിച്ച് തെരഞ്ഞെടുത്ത അംഗങ്ങൾക്ക് കാർഷിക യന്ത്രോപകരണങ്ങളുടെ ഉപയോഗം, വിവിധ കാർഷിക പ്രവർത്തനങ്ങൾ എന്നിവയെ സംബന്ധിച്ച പരിശീലനം നൽകി, സെന്റർ നിശ്ചയിക്കുന്ന നിരക്കിൽ വിവിധ കാർഷിക പ്രവൃത്തികൾ കർഷകർക്ക് നൽകിവരുന്നു.

കർഷക തൊഴിലാളിക്ഷാമത്തിന് പരിഹാരം കണ്ടെത്തുക, കാർഷിക മേഖലയിൽ യന്ത്രോപകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക, വിവിധ കാർഷിക പ്രവർത്തനങ്ങളും സേവനങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുക, കാർഷികമേഖലയ്ക്ക് ആവശ്യമായ സഹായങ്ങൾ, സേവനങ്ങൾ എന്നിവ നൽകുക എന്നീ ലക്ഷ്യങ്ങളോടെയാണ് അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിച്ച് പ്രവർത്തിച്ചുവരുന്നത്. കാർഷിക മേഖലയിലെ തൊഴിലാളികളുടെ കുറവ് പരിഹരിക്കുക, കാർഷിക യന്ത്രവത്കരണം പ്രോത്സാഹിപ്പിക്കുക, തൊഴിലാളിക്കുറവുമൂലം തരിശായി കിടക്കുന്ന കൃഷിയിടങ്ങൾ കൃഷിയോഗ്യമാക്കുക, കാർഷിക മേഖലയിലെ ഉൽപാദനം, വിതരണം എന്നീ മേഖലകളിൽ ഇടപെടുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നത്. കൃഷിയിടങ്ങളിലെ മണ്ണ് പരിശോധനയ്ക്ക് ആവശ്യമായ സഹായങ്ങളും സെന്റർ മുഖേന നടത്തുന്നുണ്ട്.

അഗ്രോ സർവ്വീസ് സെന്ററുകൾവഴി വിവിധ കൃഷിപ്പണികളിൽ യന്ത്രങ്ങളുടെയും ടെക്നീഷ്യന്റെയും സേവനം കർഷകർക്ക് ലഭിക്കും. കാർഷിക

യന്ത്രങ്ങൾ സേവനകേന്ദ്രത്തിൽ ലഭ്യമാണ്. അവ ഉപയോഗിച്ച് കർഷകർക്ക് സേവനം നൽകുന്നതിനും തൊഴിലാളിക്ഷാമം പരിഹരിക്കുന്നതിനും സാധിക്കുന്നു. ഓരോ അഗ്രോ സർവ്വീസ് സെന്ററുകളിലും വിദഗ്ധ പരിശീലനം ലഭിച്ച ടെക്നീഷ്യന്മാർ ഇതിനായി പ്രവർത്തിക്കുന്നു.

അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനങ്ങൾക്കുപുറമേ കാർഷിക വികസനത്തിന് ആവശ്യമായ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ, ജൈവവളം തുടങ്ങിയ ഉല്പാദനോപാധികളുടെ ഉല്പാദനം, വിതരണം, കൃഷിപ്പണികൾക്കാവശ്യമായ കാർഷികോപകരണങ്ങളും യന്ത്രങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് വാടകയ്ക്ക് നൽകുക തുടങ്ങിയ സേവനങ്ങളും അഗ്രോ സർവ്വീസ് സെന്ററുകൾ മുഖേന കർഷകർക്ക് നൽകിവരുന്നു. ട്രാക്ടർ, തെങ്ങുകയറ്റയന്ത്രം, വീഡ് കട്ടർ, പവർ സ്പ്രെയർ, ഡ്രൈയർ, പമ്പ് സെറ്റ്, പവർ ടില്ലർ തുടങ്ങിയ യന്ത്രോപകരണങ്ങൾ ഈ സേവന കേന്ദ്രങ്ങളിൽ ലഭ്യമാണ്. ഇവ ന്യായമായ വാടകയ്ക്ക് ലഭ്യമാക്കുകയും കർഷകരുടെ യന്ത്രസാമഗ്രികൾ റിപ്പയർ ചെയ്തുകൊടുക്കുകയും ചെയ്യുന്നു.

(ബി) തൃശ്ശൂർ ജില്ലയിൽ താഴെപ്പറയും പ്രകാരം അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്.

| ക്രമ. നമ്പർ | വർഷം | ബ്ലോക്ക് | പഞ്ചായത്ത് | നിയോജക മണ്ഡലം |
|---|---|---|---|---|
| 1 | 2012-13 | ഇരിങ്ങാലക്കുട | പുറത്തിശ്ശേരി | ഇരിങ്ങാലക്കുട |
| 2 | 2012-13 | വടക്കാഞ്ചേരി | തെക്കുംകര | വടക്കാഞ്ചേരി |
| 3 | 2012-13 | പഴയന്നൂർ | പാഞ്ഞാൾ | ചേലക്കര |
| 4 | 2014-15 | മാള | മാള | കൊടുങ്ങല്ലൂർ |
| 5 | 2015-16 | ചാലക്കുടി | കോടശ്ശേരി | ചാലക്കുടി |
| 6 | 2015-16 | ചൊവ്വന്നൂർ | കണ്ടാണിശ്ശേരി | മണലൂർ |
| 7 | 2015-16 | കൊടകര | മറ്റത്തൂർ | പുതുക്കാട് |
| 8 | 2015-16 | മതിലകം | മതിലകം | കയ്പമംഗലം |
| 9 | 2016-17 | ഒല്ലൂക്കര | ഒല്ലൂർക്കര | ഒല്ലൂർ |
| 10 | 2016-17 | അന്തിക്കാട് | അന്തിക്കാട് | നാട്ടിക |
| 11 | 2018-19 | വെള്ളാങ്ങല്ലൂർ | വെള്ളാങ്ങല്ലൂർ | കൊടുങ്ങല്ലൂർ |

## തരിശുരഹിത സംസ്ഥാനമാക്കാൻ നടപടി

83 (1585) <u>ശ്രീ. യു. ആർ. പ്രദീപ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷിക്ക് അനുയോജ്യമായ എത്ര ലക്ഷം ഹെക്ടർ ഭൂമിയുണ്ടെന്നും ഇതിൽ കൃഷിയിറക്കിയിട്ടുള്ള ഭൂമി എത്ര ലക്ഷം ഹെക്ടറുണ്ടെന്നും അറിയിക്കാമോ;

(ബി) കൃഷിക്കനുയോജ്യമായ തരിശുഭൂമി എത്രയാണെന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ലക്ഷം ഹെക്ടർ തരിശുഭൂമിയിൽ കൃഷിയിറക്കിയിട്ടുണ്ടെന്നും അറിയിക്കാമോ;

(സി) മുഴുവൻ തരിശുഭൂമിയിലും കൃഷിയിറക്കി കേരളത്തെ സമ്പൂർണ്ണ തരിശുരഹിത സംസ്ഥാനമാക്കി മാറ്റിയെടുക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് കൃഷിക്ക് അനുയോജ്യമായ 13.138569 ലക്ഷം ഹെക്ടർ ഭൂമിയുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇതിൽ 12.4245198 ലക്ഷം ഹെക്ടർ ഭൂമിയിൽ നെല്ല്, വാഴ, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ എന്നിങ്ങനെ വിവിധ വിളകൾ കൃഷിയിറക്കിയിട്ടുണ്ട്.

(ബി) ജില്ലകളിൽനിന്നും ലഭിച്ച കണക്കനുസരിച്ച് സംസ്ഥാനത്ത് ആകെ 58647.072 ഹെക്ടർ കൃഷിക്കനുയോജ്യമായ തരിശുഭൂമിയുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 22954.494 ഹെക്ടർ തരിശുഭൂമി കൃഷി ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന നെൽകൃഷി വികസന പദ്ധതി, പച്ചക്കറികൃഷി വികസന പദ്ധതി, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ പദ്ധതികൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ എന്നിവ സംസ്ഥാനത്തെ തരിശുഭൂമിയിലെ കൃഷിയുടെ വിസ്തീർണ്ണത്തിനും ഉല്പാദനത്തിലും വർദ്ധനയുണ്ടാക്കിയിട്ടുണ്ട്.

തരിശുഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിന് തുടർച്ചയായി മൂന്നുവർഷം ആനുകൂല്യം നൽകും. ഒന്നാം വർഷം ഹെക്ടറിനു 30,000 രൂപയും, രണ്ടാം വർഷം 7,000 രൂപയും മൂന്നാം വർഷം 4,500 രൂപയും ധനസഹായമായി നൽകുന്നതാണ്. ഈ പദ്ധതിയിൽ കർഷകനും ഭൂവുടമയ്ക്കും ധനസഹായം വീതിച്ചുനൽകാൻ വ്യവസ്ഥയുണ്ട്. ഒന്നാം വർഷം കർഷകന് 25,000 രൂപയും ഭൂവുടമയ്ക്ക്

5,000 രൂപയും നൽകും. രണ്ടാംവർഷം ഇത് യഥാക്രമം 5,800 രൂപയും 1,200 രൂപയും മൂന്നാം വർഷം 3,750 രൂപയും 750 രൂപയുമാണ്. നെൽകൃഷി മേഖലയിൽ പദ്ധതിയധിഷ്ഠിതമായും തരിശുനിലം കൃഷിയോഗ്യമാക്കുന്നതിനും വ്യവസ്ഥയുണ്ട്. മൂന്ന് വർഷങ്ങളിലായി 11936.078 ഹെക്ടർ തരിശുഭൂമിയിൽ നെൽകൃഷി ചെയ്യിക്കാൻ ഈ പദ്ധതിപ്രകാരം സാധിച്ചിട്ടുണ്ട്.

തരിശു ഭൂമിയിൽ പച്ചക്കറി/കിഴങ്ങുവർഗ്ഗങ്ങൾ കൃഷി ചെയ്യുന്നതിന് ഹെക്ടറൊന്നിന് 30,000 രൂപയുടെ ആനുകൂല്യം നൽകുന്നു. നെൽകൃഷിക്ക് നൽകുന്നതുപോലെ ഭൂവുടമയ്ക്ക് 5,000 രൂപയും കർഷകന് 25,000 രൂപയുമാണ് ധനസഹായം. ഇപ്രകാരം ധനസഹായം ലഭിക്കുന്ന പച്ചക്കറി കർഷകർ തുടർച്ചയായി മൂന്ന് സീസണിലെങ്കിലും പച്ചക്കറി കൃഷി നിലനിർത്താൻ ബാദ്ധ്യസ്ഥരാണ്.

## കേരള കാർഷിക സർവ്വകലാശാലയുടെ അക്രഡിറ്റേഷൻ

84 (1586) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ അക്രഡിറ്റേഷനിൽ നിന്ന് കേരള കാർഷിക സർവ്വകലാശാല പുറത്തായെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുകാരണം ഐ.സി.എ.ആർ-ന്റെ നാഷണൽ അഗ്രിക്കൾച്ചർ എജ്യൂക്കേഷൻ അക്രഡിറ്റേഷൻ കൗൺസിലിന്റെ അംഗീകാരം സർവ്വകലാശാലക്ക് നഷ്ടമാവുമോ;

(സി) അക്രഡിറ്റേഷൻ പുതുക്കാനുള്ള അപേക്ഷ യഥാസമയം സമർപ്പിക്കാത്തത് അക്രഡിറ്റേഷൻ പുതുക്കി ലഭിക്കാതിരിക്കാൻ കാരണമായോ; വ്യക്തമാക്കുമോ;

(ഡി) വിദ്യാർത്ഥികളുടെ തുടർപഠനം, സർവ്വകലാശാലയ്ക്ക് ലഭിക്കുന്ന ഐ.സി.ആർ-ന്റെ സാമ്പത്തികസഹായം എന്നിവ അടക്കം ഒട്ടേറെ കാര്യങ്ങളെ അക്രഡിറ്റേഷൻ പുതുക്കാത്ത നടപടി പ്രതികൂലമായി ബാധിക്കില്ലേ; ഇല്ലെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ-സി) കേരള കാർഷിക സർവ്വകലാശാലയുടെ അക്രഡിറ്റേഷൻ കാലാവധി അവസാനിക്കുന്ന 2019 മാർച്ച് 10-ന് മുമ്പ് 4-2-2019-ൽ തന്നെ അക്രഡിറ്റേഷൻ പുതുക്കുന്നതിനുള്ള അപേക്ഷ കാർഷിക സർവ്വകലാശാല സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ അക്രഡിറ്റേഷൻ പുതുക്കി നൽകുന്നത് സംബന്ധിച്ച് തുടർനടപടി ഐ.സി.എ.ആർ. സ്വീകരിച്ചുവരുന്നു.

(ഡി) ഐ.സി.എ.ആർ.-ന്റെ സ്റ്റേറ്റ് അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റികളുടെ പട്ടികയിൽ കേരള കാർഷിക സർവ്വകലാശാലയുടെ പേര് ഇപ്പോഴും നിലനിൽക്കുന്നു. അക്രഡിറ്റേഷൻ പുതുക്കുന്നതുമായി ബന്ധപ്പെട്ട് താൽക്കാലികമായ കാലതാമസം മാത്രമേയുള്ളൂ. വിദ്യാർത്ഥികളുടെ തുടർപഠനത്തെയും കാർഷിക സർവ്വകലാശാലയ്ക്ക് ലഭിക്കുന്ന ഐ.സി.എ.ആർ.-ന്റെ സാമ്പത്തിക സഹായത്തെയും ഇത് പ്രതികൂലമായി ബാധിക്കില്ല.

**കേരള കാർഷിക സർവ്വകലാശാലയുടെ അക്രഡിറ്റേഷൻ സംബന്ധിച്ച്**

85 (1587) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കാർഷികസർവ്വകലാശാലയ്ക്ക് ഇന്ത്യൻ കാർഷികഗവേഷണ കൗൺസിലിന്റെ കീഴിലുള്ള നാഷണൽ അഗ്രികൾച്ചറൽ എഡ്യൂക്കേഷൻ ബോർഡിന്റെ അക്രഡിറ്റേഷൻ നഷ്ടമായിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണമെന്താണെന്ന് അറിയിക്കാമോ;

(ബി) മാർച്ച് 10-നകം അക്രഡിറ്റേഷൻ പുതുക്കുവാൻ വേണ്ട രേഖകൾ സമർപ്പിക്കണമെന്ന നിർദ്ദേശം പാലിക്കുവാൻ ബന്ധപ്പെട്ടവർക്ക് സാധിക്കാതെ വന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(സി) കാർഷികസർവ്വകലാശാലയുടെ നിലവാരം ഉയർത്തുവാൻ മുമ്പ് കൗൺസിൽ നൽകിയ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ;

(ഡി) അക്രഡിറ്റേഷൻ നഷ്ടമായത് പ്രസ്തുത സർവ്വകലാശാലയിൽ പഠിക്കുന്ന വിദ്യാർത്ഥികളെ ദോഷകരമായി ബാധിക്കുമെന്നതിനാൽ ഇക്കാര്യത്തിൽ അടിയന്തിര ഇടപെടൽ നടത്തി അക്രഡിറ്റേഷൻ വീണ്ടെടുക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) നഷ്ടമായിട്ടില്ല. കേരള കാർഷിക സർവ്വകലാശാലയുടെ അക്രഡിറ്റേഷൻ കാലാവധി അവസാനിക്കുന്ന 2019 മാർച്ച് 10-ന് മുമ്പ് 4-2-2019-ൽ തന്നെ അക്രഡിറ്റേഷൻ പുതുക്കുന്നതിനുള്ള അപേക്ഷ കാർഷിക സർവ്വകലാശാല സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ അക്രഡിറ്റേഷൻ പുതുക്കി നൽകുന്നത് സംബന്ധിച്ച് തുടർനടപടി ഐ.സി.എ.ആർ. സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) ഐ.സി.എ.ആർ.-ന്റെ സ്റ്റേറ്റ് അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റികളുടെ പട്ടികയിൽ കേരള കാർഷിക സർവ്വകലാശാലയുടെ പേരും ഇപ്പോഴും

നിലനിൽക്കുന്നുണ്ട്. അക്രഡിറ്റേഷൻ പുതുക്കുന്നതുമായി ബന്ധപ്പെട്ട് താൽക്കാലികമായി കാലതാമസം മാത്രമേയുള്ളൂ. വിദ്യാർത്ഥികളുടെ തുടർപഠനത്തെയും കാർഷിക സർവ്വകലാശാലയ്ക്ക് ലഭിക്കുന്ന ഐ.സി.എ.ആർ.-ന്റെ സാമ്പത്തിക സഹായത്തെയും ഇത് പ്രതികൂലമായി ബാധിക്കില്ല.

## സ്കൂൾ ബസ്സുകളുടെ പ്രവർത്തനത്തിനുവേണ്ട സഹായം

86 (1588) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ യാത്രാ സൗകര്യത്തിനായി എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട് എന്നിവ ഉപയോഗിച്ച് വാങ്ങിയ സ്കൂൾബസ്സുകൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായത്തോടെയാണോ മുൻവർഷങ്ങളിൽ പ്രവൃത്തിച്ചുവന്നിരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ആയതിന് ഇപ്പോൾ അനുമതി നിഷേധിക്കപ്പെട്ട സാഹചര്യത്തിൽ ഭൂരിഭാഗം സ്കൂൾ ബസുകളും പ്രവൃത്തിക്കുവാൻ കഴിയാത്ത അവസ്ഥ മൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) സ്കൂൾ ബസുകളുടെ പ്രവർത്തനത്തിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് തുടർന്നും അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ?

### ഉത്തരം

(എ&സി) പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ യാത്രാ സൗകര്യത്തിനായി എം.എൽ.എ./എം.പി. ഫണ്ട് ഉപയോഗിച്ച് വാങ്ങിയ സ്കൂൾ ബസ്സുകളുടെ തുടർ നടത്തിപ്പ് ബന്ധപ്പെട്ട സ്കൂൾ പി.റ്റി.എ. കളാണ് നടത്തുന്നത്. പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ (സ.ഉ.11/2018/തസ്വഭവ. തീയതി 29-1-2018) സ്കൂളുകൾക്കുവേണ്ടി വിവിധ പദ്ധതികളുടെ ഭാഗമായി വാങ്ങിയ വാഹനങ്ങളുടെ ഇന്ധനച്ചെലവ്, ഡ്രൈവറുടെ വേതനം, മറ്റ് ആവർത്തന ചെലവുകൾ എന്നിവ തദ്ദേശഭരണ സ്ഥാപനങ്ങൾ വഹിക്കാൻ പാടില്ലെന്ന് പ്രത്യേകമായി പ്രതിപാദിച്ചിട്ടുമുണ്ട്. ആയതിന് തദ്ദേശഭരണസ്ഥാപനങ്ങൾ മുൻവർഷങ്ങളിൽ ധനസഹായം നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ജനന സർട്ടിഫിക്കറ്റിലെ തിരുത്തലുകൾ

87 (1589) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകുന്ന ജനന സർട്ടിഫിക്കറ്റിൽ തിരുത്തലുകൾ വരുത്തുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള ഉത്തരവുകളുടെയും സർക്കുലറുകളുടെയും പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകുന്ന ജനന സർട്ടിഫിക്കറ്റിൽ തിരുത്തലുകൾ വരുത്തുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള ഉത്തരവുകളുടെയും സർക്കുലറുകളുടെയും പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്*.

## അഗ്നി സുരക്ഷാ സംവിധാനങ്ങൾ

88 (1590) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്നി സുരക്ഷാ സംവിധാനങ്ങൾ പാലിക്കാത്ത കെട്ടിട ഉടമകൾക്കെതിരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) കെട്ടിട ഉടമകൾ അഗ്നി സുരക്ഷാ സംവിധാനങ്ങൾ സ്ഥാപിച്ചശേഷം തുടർന്ന് പരിപാലിക്കാത്തവ കണ്ടെത്തുന്നതിന് പരിശോധന നടത്താറുണ്ടോ; വ്യക്തമാക്കുമോ;

(സി) കെട്ടിടങ്ങളിൽ അഗ്നി സുരക്ഷാ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കുമോ?

ഉത്തരം

(എ) കേരള മുനിസിപ്പൽ നിർമ്മാണ ചട്ടങ്ങൾ, കേരള പഞ്ചായത്ത് നിർമ്മാണ ചട്ടങ്ങൾ എന്നിവ പ്രകാരം അഗ്നി സുരക്ഷാ സംവിധാനങ്ങൾ ആവശ്യമുള്ള കെട്ടിടങ്ങൾക്ക് ബന്ധപ്പെട്ട അഗ്നി സുരക്ഷാ വകുപ്പിൽനിന്ന് നിരാക്ഷേപപത്രം ഹാജരാക്കിയതിനുശേഷം മാത്രമാണ് കെട്ടിട നിർമ്മാണ അനുമതിയും ഉപയോഗക്ഷമതാ സാക്ഷ്യപത്രവും നൽകുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) അഗ്നി സുരക്ഷാ സംവിധാനങ്ങൾ പരിപാലിക്കാത്തത് സംബന്ധിച്ച പരിശോധനകൾ നിലവിൽ നടത്തിവരുന്നത് അഗ്നി സുരക്ഷാ വകുപ്പാണ്.

(സി) 300m²-നും 1000m²-നും ഇടയിൽ പ്ലിന്ത് ഏരിയയുള്ള കെട്ടിടങ്ങൾക്ക് Architecture self attest ചെയ്ത സാക്ഷ്യപത്രം, ഫയർ പ്ലാൻ എന്നിവ പെർമിറ്റ് അപേക്ഷ സമർപ്പിക്കുമ്പോൾ ഉള്ളടക്കം ചെയ്യേണ്ടതാണ്. ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനുമുമ്പ് ഓവർസിയർ സ്ഥലപരിശോധന നടത്തുമ്പോൾ 1983-ലെ National Fire Code IV-3-ാം ഭേദഗതി പ്രകാരമുള്ള സജ്ജീകരണങ്ങൾ പ്രസ്തുത കെട്ടിടത്തിൽ സ്ഥാപിച്ചിട്ടുണ്ടായിരിക്കണം. 1000 m²-ന് മീതെയുള്ള കെട്ടിടങ്ങൾക്ക് പെർമിറ്റ് ലഭിക്കുന്നതിനുമുമ്പ് ഫയർ ആന്റ് സേഫ്റ്റി ഡിപ്പാർട്ടുമെന്റിൽ നിന്നും ഇനീഷ്യൽ ഫയർ എൻ.ഒ.സി.യും ഒക്കുപ്പൻസി അനുവദിക്കുന്നതിനുമുമ്പ് Final Fire NOC-യും ലഭിക്കേണ്ടതുണ്ട്.

**പുതിയ ഗ്രാമപഞ്ചായത്തുകളുടെ രൂപീകരണം**

89 (1591) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; പുതുതായി ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

<u>ഉത്തരം</u>

സംസ്ഥാനത്ത് പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. പുതുതായി ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

- 27,430-ൽ അധികം ജനസംഖ്യ
- 32 ച. കി.മീറ്ററിലധികം വിസ്തീർണ്ണം
- 50 ലക്ഷം രൂപയിൽ അധികം തനതുവരുമാനം
- ജനസംഖ്യ, ഭൂവിസ്തൃതി എന്നിവയ്ക്കുപുറമെ പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ
- മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുള്ള സൗകര്യം
- ഒരു ഗ്രാമപഞ്ചായത്ത് വിഭജിച്ചോ രണ്ടോ അതിലധികമോ ഗ്രാമപഞ്ചായത്തുകളുടെ ഭാഗങ്ങൾ കൂട്ടിച്ചേർത്തോ വലിപ്പത്തിലും ജനസംഖ്യയിലും തുല്യത പുലർത്തുന്ന (20% കൂടുതലോ കുറവോ) പുതിയ ഗ്രാമപഞ്ചായത്ത് രൂപീകരിക്കുന്നതിനുള്ള സാദ്ധ്യത.

## വയനാട് ജില്ലയിൽ പ്രളയത്തിൽ തകർന്ന റോഡുകൾ

90 (1592) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പ്രളയത്തിൽ വയനാട് ജില്ലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലെ എത്ര കിലോമീറ്റർ റോഡാണ് തകർന്നിട്ടുള്ളത്;

(ബി) പ്രസ്തുത റോഡുകൾ പുനർനിർമ്മിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) പ്രളയത്തിൽ തകർന്ന റോഡുകളുടെ ദൂരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

### ഉത്തരം

(എ) കഴിഞ്ഞ പ്രളയത്തിൽ വയനാട് ജില്ലയിലെ ഗ്രാമപഞ്ചായത്തിൽ 809.367 കിലോമീറ്റർ, നഗരസഭയിൽ 154.222 കിലോമീറ്റർ ബ്ലോക്ക് പഞ്ചായത്തിൽ 144.33 കിലോമീറ്റർ റോഡാണ് തകർന്നിട്ടുള്ളത്.

(ബി) പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനർനിർമ്മാണം തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിലുൾപ്പെടുത്തിയും ദുരന്തബാധിത പ്രദേശങ്ങൾക്കുള്ള പ്രത്യേക പദ്ധതിയിലും കിഫ്ബി മുഖേനയും മറ്റുള്ള സർക്കാർ പദ്ധതിയിൽ ഉൾപ്പെടുത്തിയും പൂർത്തിയാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) പഞ്ചായത്തിനെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു*.

| **ബ്ലോക്ക് പഞ്ചായത്ത്** | |
|---|---|
| മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് | 90.33 കി.മീ. |
| കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് | 54.00 കി.മീ. |
| **നഗരസഭ** | |
| സുൽത്താൻ ബത്തേരി നഗരസഭ | 32.90 കി.മീ. |
| മാനന്തവാടി നഗരസഭ | 106.75 കി.മീ. |
| കൽപ്പറ്റ നഗരസഭ | 14.572 കി.മീ. |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## അഗതിരഹിത കേരളം പദ്ധതി

91 (1593) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമൂഹത്തിലെ അശരണരും നിരാലംബരുമായവരെ മുഖ്യ ധാരയിലേക്ക് കൊണ്ടുവരുന്നതിന് ആവിഷ്കരിച്ച അഗതിരഹിത കേരളം പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(ബി) ഇതിന്റെ ഭാഗമായി എത്ര കുടുംബങ്ങളെയാണ് ഗുണഭോക്താക്കളായി കണ്ടെത്തിയിട്ടുള്ളതെന്നും ഇതിൽ പട്ടിക വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾ ഉണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) അഗതിരഹിത കേരളം പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ട്. 953 തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിക്ക് അംഗീകാരം നൽകി പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുകയും 55 തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിക്ക് കൂടി ജൂൺ മാസത്തിൽ അംഗീകാരം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നു. ബാക്കിയുള്ള 24 തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണം അന്തിമഘട്ടത്തിലാണ്.

(ബി) അഗതിരഹിത കേരളം പദ്ധതിയുടെ ഗുണഭോക്താക്കളായി 1,68,610 കുടുംബങ്ങളെയാണ് കണ്ടെത്തിയിട്ടുള്ളത്. ഇതിൽ പട്ടികവിഭാഗത്തിൽപ്പെടുന്ന 10,716 കുടുംബങ്ങളാണുള്ളത്.

## മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം

92 (1594) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും കെട്ടിടം പണി എന്ന് പൂർത്തീകരിക്കാനാകും എന്നും അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന് എൽ.എ.സി.-എ.ഡി.എസ്. ഫണ്ട് ഉപയോഗിച്ച് ഇരുനില കെട്ടിടം നിർമ്മിക്കുന്നതിന് 91,50,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിന്റെ റൂഫ് സ്ലാബ് നിർമ്മാണം പൂർത്തീകരിച്ചു. ഒന്നാം നിലയിലെ പില്ലർ ഉയർത്തുന്നതിനുള്ള പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു. നിർമ്മാണം ഏകദേശം 7 മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതാണ്.

## പെരുമ്പടപ്പ് ബസ്സ്സ്റ്റാന്റിന്റെയും മിനി സിവിൽ സ്റ്റേഷന്റെയും നിർമ്മാണം

93 (1595) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ പെരുമ്പടപ്പ് ബസ്സ്സ്റ്റാന്റും മിനി സിവിൽ സ്റ്റേഷനും നിർമ്മിക്കുന്നതിനായി 12-2-2019-ൽ വിളിച്ചുചേർത്ത യോഗ തീരുമാനപ്രകാരം RC1/23/2019 ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ പെരുമ്പടപ്പ് ബസ്സ്റ്റാന്റും മിനി സിവിൽ സ്റ്റേഷനും നിർമ്മിക്കുന്നതിനായി 12-2-2019-ൽ വിളിച്ചുചേർത്ത യോഗതീരുമാനപ്രകാരം ടി പ്രോജക്ടിനായി സ്വകാര്യ വ്യക്തി ഒരേക്കർ സ്ഥലം വിട്ടുനൽകുന്നതിന് പകരമായി ടിയാൻ 2008-ൽ സർക്കാർ അനുമതി കൂടാതെ മൂന്നേക്കർ നെൽവയൽ നികത്തി നൽകിയ നടപടി സാധൂകരിക്കുന്ന കാര്യം, സ്ഥലവുമായി ബന്ധപ്പെട്ട റവന്യൂ റെക്കോർഡുകളും വിജിലൻസ് കേസുമായി ബന്ധപ്പെട്ട രേഖകളും ശേഖരിച്ച് പരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## മൂർക്കനാട് ഗ്രാമപഞ്ചായത്തിൽ മിൽമ സംസ്കരണശാല

94 (1596) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ മൂർക്കനാട് ഗ്രാമപഞ്ചായത്തിൽ മിൽമ സംസ്കരണശാല ആരംഭിക്കുന്നതിന് ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച റിപ്പോർട്ട് നിയമ വകുപ്പ് നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ട് ലഭിച്ചിട്ടും നാളിതുവരെ തുടർ ഉത്തരവുകൾ നൽകാൻ വൈകിയതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) സമയബന്ധിതമായി പ്രസ്തുത അനുമതി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഡി) നിലവിൽ പ്രസ്തുത ഫയലിന്റെ പുരോഗതി വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) മിൽമ സംസ്കരണശാലയ്ക്ക് വിട്ടുകൊടുക്കാൻ ആവശ്യപ്പെട്ടിരിക്കുന്ന ഭൂമി 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 218-ാം വകുപ്പുപ്രകാരം മൂർക്കനാട് ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ പുഴ പുറമ്പോക്കാണ്. ഇത്തരത്തിലുള്ള ഭൂമി കൈമാറ്റം ചെയ്യാൻ വ്യവസ്ഥയില്ലാത്തതാണ്. എന്നാൽ 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 8(1) പ്രകാരം ഒരു പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള പുറമ്പോക്ക് ഭൂമി പാട്ടത്തിന് നൽകാവുന്നതാണെന്ന നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ ഇതുസംബന്ധിച്ച ഗ്രാമപഞ്ചായത്തിന്റെ തീരുമാനവും ആവശ്യമായ റിപ്പോർട്ടിന്റെ പകർപ്പുകളും ലഭ്യമാക്കാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് 6-6-2019-ൽ പ്രസ്തുത റിപ്പോർട്ട് സർക്കാരിലേയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ച് നടപടി സ്വീകരിച്ചുവരുന്നു.

**മാനദണ്ഡങ്ങൾ പാലിക്കാത്ത അമ്യൂസ്മെന്റ് പാർക്കുകൾ**

95 (1597) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അമ്യൂസ്മെന്റ് പാർക്കുകൾ, വാട്ടർതീം പാർക്കുകൾ എന്നിവയുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഇവയിൽ മാനദണ്ഡങ്ങൾ പാലിച്ചും തദ്ദേശസ്ഥാപനങ്ങളുടെ അനുമതിയോടെയും പ്രവർത്തിക്കുന്നവ ഏതെല്ലാം; തദ്ദേശസ്ഥാപനങ്ങളുടെ അനുമതി ഇല്ലാതെയും മാനദണ്ഡങ്ങൾ പാലിക്കാതെയും പ്രവർത്തിക്കുന്നവ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(സി) ഇടുക്കി ജില്ലയിൽ പ്രവർത്തിക്കുന്ന അമ്യൂസ് മെന്റ്, വാട്ടർതീം പാർക്കുകളുടെ വിശദാംശം നൽകുമോ;

(ഡി) ഇടുക്കി ജില്ലയിൽ പ്രവർത്തിക്കുന്നവയിൽ നെൽവയൽ തണ്ണീർത്തട നിയമം ലംഘിച്ചും മാനദണ്ഡങ്ങൾ പാലിക്കാതെയും അംഗീകാരമില്ലാതെയും പ്രവർത്തിക്കുന്നവ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ഇ) അത്തരം സ്ഥാപനങ്ങൾക്കെതിരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അമ്യൂസ്മെന്റ് വാട്ടർ തീം പാർക്കുകളുടെ വിശദവിവരം താഴെകൊടുക്കുന്നു.

| ജില്ല | പാർക്കിന്റെ പേര് |
|---|---|
| തിരുവനന്തപുരം | ഹാപ്പിലാന്റ് വാട്ടർതീം ആന്റ് അമ്യൂസ്മെന്റ് പാർക്ക് |
| പത്തനംതിട്ട | ഗ്രീൻവാലി അമ്യൂസ്മെന്റ് പാർക്ക് |
| ആലപ്പുഴ | അമേസ് വേൾഡ് അമ്യൂസ്മെന്റ് പാർക്ക് |
| കോട്ടയം | പ്ലേവേൾഡ് അമ്യൂസ്മെന്റ് പാർക്ക് |
| ഇടുക്കി | 1. വണ്ടർവാലി അമ്യൂസ്മെന്റ് പാർക്ക്<br>2. ഡ്രീംലാന്റ് ഫൺ അഡ്വഞ്ചർ ആന്റ് ഫാം ടൂറിസം |
| എറണാകുളം | വണ്ടർലാ അമ്യൂസ്മെന്റ് പാർക്ക് |
| തൃശ്ശൂർ | 1. സിൽവർസ്റ്റോം അമ്യൂസ്മെന്റ് പാർക്ക്<br>2. സ്നോസ്റ്റോം അമ്യൂസ്മെന്റ് പാർക്ക്<br>3. കൊടുങ്ങല്ലൂർ സിൽവർസ്റ്റോം ഫൺ സിറ്റി അമ്യൂസ്മെന്റ് പാർക്ക്<br>4. കാഞ്ഞിരപ്പിള്ളി അമ്യൂസ്മെന്റ് പാർക്ക് ആന്റ് ഹോട്ടൽസ് ലിമിറ്റഡ്, കാഞ്ഞിരപ്പിള്ളി |
| പാലക്കാട് | ഫാന്റസി അമ്യൂസ്മെന്റ് ആന്റ് വാട്ടർതീം പാർക്ക് |
| മലപ്പുറം | 1. ചാലിയാർ ചിൽഡ്രൻസ് പാർക്ക്<br>2. സിൽസില അമ്യൂസ്മെന്റ് പാർക്ക്<br>3. ഫ്ലോറ ഫാന്റാസിയ അമ്യൂസ്മെന്റ് പാർക്ക് |
| കണ്ണൂർ | 1. വിസ്മയ അമ്യൂസ്മെന്റ് പാർക്ക്<br>2. സാധൂ മേരി കിങ്ഡം അമ്യൂസ്മെന്റ് പാർക്ക് |
| വയനാട് | അമ്യൂസ്മെന്റ് പാർക്ക് (തൊണ്ടർനാട് ഗ്രാമപഞ്ചായത്ത്) |

(ബി) തൃശ്ശൂർ ജില്ലയിലെ സ്നോസ്റ്റോം അമ്യൂസ്മെന്റ് പാർക്ക്, സിൽവർ സ്റ്റോം ഫൺ സിറ്റി എന്നിവ അംഗീകാരമില്ലാതെയാണ് പ്രവർത്തിച്ചുവരുന്നത്. മറ്റുള്ളവയെല്ലാം അനുമതിയോടുകൂടിയാണ് പ്രവർത്തിക്കുന്നത്.

(സി) ഇടുക്കി ജില്ലയിൽ വണ്ടർവാലി അമ്യൂസ്മെന്റ് പാർക്ക്, ഡ്രീംലാന്റ് ഫൺ അഡ്വഞ്ചർ ആന്റ് ഫാം ടൂറിസം എന്നിങ്ങനെ രണ്ട് അമ്യൂസ്മെന്റ് പാർക്കുകൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനുമതിയോടുകൂടി പ്രവർത്തിച്ചുവരുന്നു.

(ഡി) ഇടുക്കി ജില്ലയിൽ മാനദണ്ഡങ്ങൾ പാലിക്കാതെ അമ്യൂസ്മെന്റ് പാർക്കുകളൊന്നുംതന്നെ പ്രവർത്തിക്കുന്നില്ല.

(ഇ) തൃശ്ശൂർ ജില്ലയിലെ അനധികൃതമായി പ്രവർത്തിക്കുന്ന സ്നോസ്റ്റോം അമ്യൂസ്മെന്റ് പാർക്ക് എന്ന സ്ഥാപനത്തിന്റെ പ്രവർത്തനം നിർത്തിവയ്ക്കുന്നതിന് നോട്ടീസ് നൽകുകയും അതുസംബന്ധിച്ചുള്ള I.A.No.13/2018 നമ്പർ കേസിന്റെ വിചാരണ നടന്നുവരികയുമാണ്. കൂടാതെ, തൃശ്ശൂരിലെ തന്നെ സിൽവർസ്റ്റോം ഫൺ സിറ്റി എന്ന അമ്യൂസ്മെന്റ് പാർക്ക് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് നഗരസഭ സെക്രട്ടറി ടി സ്ഥാപനത്തിന് ഉത്തരവ് നൽകി അടച്ചുപൂട്ടുന്നതിന് തുടർനടപടി സ്വീകരിച്ചുവരികയാണ്.

## ഭൂരഹിതരുടെയും ഭവന രഹിതരുടെയും എണ്ണം

96 (1598) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരുടെയും ഭവനരഹിതരുടെയും പുനരധിവാസത്തിനുള്ള നടപടികളെക്കുറിച്ച് ആലോചിക്കുന്നതിന് 18-9-2014 ൽ സംസ്ഥാനത്തെ കോർപ്പറേഷൻ മേയർമാരുടെ യോഗം വിളിച്ചുചേർത്തിരുന്നോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത യോഗത്തിൽ സംബന്ധിച്ചവർ ആരൊക്കെയായിരുന്നുവെന്നും യോഗത്തിൽ എടുത്ത തീരുമാനങ്ങൾ എന്തൊക്കെയായിരുന്നു എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ-ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

## തദ്ദേശഭരണ സ്ഥാപനങ്ങൾ ഒറ്റ വകുപ്പിന് കീഴിലാക്കാൻ നടപടി

97 (1599) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഒറ്റ വകുപ്പിന് കീഴിലാക്കി മാറ്റുന്ന നടപടിയുടെ പുരോഗതി അറിയിക്കുമോ;

(ബി) എന്നത്തേക്ക് ഈ നടപടികൾ പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലെ വിവിധ വകുപ്പുകളെ യോജിപ്പിച്ച് പൊതു സർവ്വീസ് രൂപീകരിക്കുന്ന നടപടിയുടെ ഭാഗമായി കരട് സ്പെഷ്യൽ റൂൾ തയ്യാറാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(ബി) കരട് ചട്ടങ്ങളുടെ അന്തിമ രൂപമായാലുടൻ പൊതുസർവ്വീസ് നിലവിൽ വരുന്നതാണ്.

## തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഭജനം

98 (1600) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യത്യസ്ത തലങ്ങളിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ വിഭജിച്ച് പുതിയ തദ്ദേശഭരണ സ്ഥാപനങ്ങൾ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതിനായി രൂപീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് തലങ്ങളിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ വിഭജിച്ച് പുതിയ തദ്ദേശഭരണ സ്ഥാപനങ്ങൾ രൂപീകരിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ബി) പുതുതായി ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

- 27,430 ലധികം ജനസംഖ്യ
- 32 ച.കി.മീറ്ററിലധികം വിസ്തീർണ്ണം
- 50 ലക്ഷം രൂപയിലധികം തനതു വരുമാനം
- ജനസംഖ്യ, ഭൂവിസ്തൃതി എന്നിവയ്ക്കുപുറമെ പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ

- മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുള്ള സൗകര്യം
- ഒരു ഗ്രാമപഞ്ചായത്ത് വിഭജിച്ചോ രണ്ടോ അതിധലികമോ ഗ്രാമപഞ്ചായത്തുകളുടെ ഭാഗങ്ങൾ കൂട്ടിച്ചേർത്തോ വലിപ്പത്തിലും ജനസംഖ്യയിലും തുല്യത പുലർത്തുന്ന (20% കൂടുതലോ കുറവോ) പുതിയ ഗ്രാമപഞ്ചായത്ത് രൂപീകരിക്കുന്നതിനുള്ള സാദ്ധ്യത.
- ബ്ലോക്ക് പഞ്ചായത്തുകളുടെ അതിർത്തി പുനർനിർണ്ണയിക്കുന്നതിന് നിലവിലുള്ള മാനദണ്ഡം ചുവടെ ചേർക്കുന്നു.
- ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകളുടെ എണ്ണം കുറഞ്ഞത് 4 ആയിരിക്കണം. ഇത്തരത്തിൽ തീരുമാനമെടുക്കുമ്പോൾ ഭരണപരമായ സൗകര്യവും ഭൂമിശാസ്ത്രപരമായ പരിമിതികളും പ്രത്യേകതകളും കൂടി പരിഗണിക്കേണ്ടതാണ്.

## പദ്ധതി നിർവ്വഹണത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ കൈവരിച്ച നേട്ടം

99 (1601) ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. എസ്. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 വർഷം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി നിർവ്വഹണത്തിൽ കൈവരിക്കാനായ നേട്ടം വിശദമാക്കാമോ; എത്ര സ്ഥാപനങ്ങൾ മുഴുവൻ തുകയും വിനിയോഗിക്കുന്നതിൽ വിജയിച്ചെന്ന് അറിയിക്കാമോ; മുൻ സർക്കാരിന്റെ അവസാന വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ് എത്ര ശതമാനമായിരുന്നു; വ്യക്തമാക്കുമോ;

(ബി) ആസൂത്രണ പ്രക്രിയയിൽ സ്ത്രീശാക്തീകരണത്തിനും കാർഷിക രംഗത്തെ വികസനത്തിനും പ്രത്യേക ഊന്നൽ നൽകിയിരുന്നോ;

(സി) നടപ്പു വർഷത്തെ ആസൂത്രണപ്രക്രിയ പൂർത്തിയായിട്ടുണ്ടോ; വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആസൂത്രണംചെയ്തിരിക്കുന്ന പദ്ധതികൾ കേരള പുനർനിർമ്മാണ ലക്ഷ്യം സാക്ഷാൽക്കരിക്കാൻ അനുയോജ്യമായ രീതിയിലാണോ; വിശദീകരിക്കുമോ;

(ഡി) തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം കാരണം മന്ദഗതിയിലായ പദ്ധതി നിർവഹണം ദ്രുതഗതിയിലാക്കാൻ സഹായകരമായ ഇടപെടൽ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2018-19 വർഷത്തിൽ ആകെയുള്ള 1200 തദ്ദേശഭരണ സ്ഥാപനങ്ങളിൽ 1147 സ്ഥാപനങ്ങൾ 2019 മാർച്ച് 31-നകവും ബാക്കിയുള്ളവ ഏപ്രിൽ 25-നകവും പദ്ധതികൾക്ക് അംഗീകാരം നേടുകയുണ്ടായി. ഇതുവഴി പദ്ധതി നിർവ്വഹണത്തിന് 12 മാസം സമയം ലഭിച്ചതിനാൽ പ്രോജക്ടുകളുടെ ഗുണനിലവാരത്തിലും ചെലവിനത്തിലും കാര്യക്ഷമത കൈവരിക്കാൻ കഴിഞ്ഞു. 2019 മാർച്ച് 31 വരെയുള്ള പദ്ധതി ചെലവ് 84.66 ശതമാനമാണ്. ട്രഷറികളിൽ സമർപ്പിക്കപ്പെട്ട ക്യൂബില്ലുകളുടെ തുക കൂടി ചേർത്താൽ 93 ശതമാനമാണ് പദ്ധതി ചെലവ്. 267 തദ്ദേശഭരണ സ്ഥാപനങ്ങൾ 100 ശതമാനം പദ്ധതി വിഹിതം ചെലവഴിച്ചു.

പ്രളയക്കെടുതിയെ അതിജീവിച്ച് 2018-19 വർഷം ഗ്രാമപഞ്ചായത്തുകൾ 88.56 ശതമാനവും ജില്ലാ പഞ്ചായത്തുകൾ 80.64 ശതമാനവും പദ്ധതി പുരോഗതി നേടിയിട്ടുണ്ട്. പെൻഡിംഗ് ബില്ലുകൾകൂടി കണക്കിലെടുക്കുമ്പോൾ ഇത് യഥാക്രമം 95.03 ശതമാനവും 91.32 ശതമാനവുമായി ഉയരും. (മുൻവർഷം ഇത് യഥാക്രമം 94.09 ശതമാനവും 78.7 ശതമാനവുമായിരുന്നു.) ആയതിനാൽ തന്നെ മുൻവർഷങ്ങളെ അപേക്ഷിച്ച് 2018-19 സാമ്പത്തിക വർഷത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം മെച്ചപ്പെട്ടിട്ടുണ്ട്. 45 ഗ്രാമപഞ്ചായത്തുകൾ നൂറ് ശതമാനം പദ്ധതി വിഹിതം ചെലവഴിച്ചിട്ടുണ്ട്. (വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.) പെൻഡിംഗ് ബില്ലുകൾ കൂടി കണക്കിലെടുക്കുമ്പോൾ ഇവയുടെ എണ്ണം 203 ആകും. മുൻ സർക്കാരിന്റെ അവസാന വർഷം (2015-16 സാമ്പത്തിക വർഷം) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ് 73.61% ആയിരുന്നു.

2018-19 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്തുകൾ 89.32% പദ്ധതി ചെലവ് കൈവരിച്ചിട്ടുണ്ട്. 20 ബ്ലോക്ക് പഞ്ചായത്തുകൾ 100% തുകയും ചെലവഴിച്ചിരുന്നു. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*. മുൻ സർക്കാരിന്റെ അവസാന വർഷം പദ്ധതി ചെലവ് 85.27% ആയിരുന്നു.

2018-19 സാമ്പത്തിക വർഷത്തിൽ കോർപ്പറേഷനുകൾ 70.32 ശതമാനവും മുനിസിപ്പാലിറ്റികൾ 81.68 ശതമാനവും പദ്ധതി വിഹിതം ചെലവഴിച്ചിട്ടുണ്ട്. മുക്കം നഗരസഭ 100% പദ്ധതി വിഹിതം ചെലവഴിക്കുന്നതിൽ വിജയിച്ചിട്ടുണ്ട്.

മുൻ സർക്കാരിന്റെ അവസാന വർഷം നഗരസഭകളിലെ പദ്ധതി ചെലവ് ചുവടെ ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| 2015-16 | |
|---|---|
| കോർപ്പറേഷൻ | 51.14% |
| മുനിസിപ്പാലിറ്റി | 68.64% |

(ബി) നൽകിയിരുന്നു. ത്രിതല പഞ്ചായത്തുകൾ പൊതുവിഭാഗം വികസന ഫണ്ടിന്റെ 30 ശതമാനത്തിൽ കുറയാതെയും നഗരസഭകൾ പൊതുവിഭാഗം വികസന ഫണ്ടിന്റെ 10 ശതമാനത്തിൽ കുറയാതെയും കാർഷിക മേഖല ഉൾപ്പെടുന്ന ഉല്പാദന മേഖലയ്ക്കായി വകയിരുത്തണമെന്ന് നിർദ്ദേശം നൽകിയിരുന്നു. അതുപോലെ എല്ലാ തലത്തിലെയും തദ്ദേശഭരണ സ്ഥാപനങ്ങൾ വികസന ഫണ്ടിന്റെ 10 ശതമാനത്തിൽ കുറയാതെയുള്ള തുക വനിതാ വികസനത്തിന് വകയിരുത്തണമെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്. കാർഷിക മേഖലയിൽ സർക്കാർ പ്രഖ്യാപിച്ച നവകേരളം കർമ്മപദ്ധതിയുടെ നാല് മിഷനുകളിൽ ഒന്നായ ഹരിത കേരളം മിഷന്റെ ഭാഗമായി പുറപ്പെടുവിച്ച മേഖലാ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിനും സ്ത്രീ ശാക്തീകരണത്തിനായി ജൻഡർ ബഡ്ജറ്റിംഗ്, ജൻഡർ ഡസ്ക്, ജാഗ്രതാ സമിതികൾ, ഷീ ലോഡ്ജിംഗ്, കുടുംബശ്രീ പദ്ധതികൾ എന്നിവയ്ക്ക് മുൻഗണന നൽകുന്നതിനുമുള്ള നിർദ്ദേശങ്ങൾ മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ പൊതുവിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി., റ്റി.എസ്.പി. എന്നിവ കൂട്ടിയ തുകയുടെ 10 ശതമാനം വനിതാഘടക പദ്ധതി രൂപീകരിച്ച് നടപ്പിലാക്കുന്നതിനായി വകയിരുത്തുന്നതിനും, കാർഷികരംഗത്തെ വികസനത്തിനായി പൊതുവിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതത്തിൽനിന്നും ഏറ്റവുംകുറഞ്ഞത് 30 ശതമാനമെങ്കിലും തുക വകയിരുത്തുന്നതിനും നിർദ്ദേശമുണ്ട്. സാമൂഹ്യനീതി മുറുകെപിടിക്കുന്ന പരിസ്ഥിതിരക്ഷ ഉറപ്പാക്കുന്ന തുടർച്ചാ സാദ്ധ്യതയുള്ള സാമ്പത്തികവളർച്ചയുടെ ഉയർന്നതലത്തിലേയ്ക്ക് കേരളത്തെ എത്തിക്കുകയെന്നതാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യം.

(സി) ഉണ്ട്. മഹാപ്രളയം നൽകിയ പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പുതിയകേരളം എന്ന ലക്ഷ്യം നേടിയെടുക്കത്തക്ക നിലയിൽ ജൈവവൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം എന്നീ മേഖലയ്ക്ക് പ്രത്യേക ഊന്നൽ നൽകിയാണ് പദ്ധതികൾ തയ്യാറാക്കുന്നത്.

പദ്ധതി നിർവ്വഹണത്തിൽ ഉൾപ്പെടുത്തി കേരള പുനർനിർമ്മാണം സാദ്ധ്യമാകുന്ന നിരവധി പ്രോജക്ടുകൾ നിർവ്വഹണം നടത്തിവരുന്നുണ്ട്.

(ഡി) തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം കാരണം മന്ദഗതിയിലായ പദ്ധതി നിർവ്വഹണം ദ്രുതഗതിയിലാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും വേണ്ട പൊതുനിർദ്ദേശങ്ങൾ നൽകുന്നതിനായി തദ്ദേശഭരണ സ്ഥാപന അദ്ധ്യക്ഷന്മാരുടെ മേഖലാതല യോഗങ്ങൾ സർക്കാർ നടത്തിവരുന്നു. പദ്ധതി നിർവ്വഹണം ദ്രുതഗതിയിലാക്കാനും കാര്യക്ഷമമാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഈ യോഗങ്ങളിൽ നൽകിവരുന്നുണ്ട്.

**തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം**

100 (1602) <u>ശ്രീ. എം. സ്വരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻവർഷങ്ങളെ അപേക്ഷിച്ച് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം മെച്ചപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) നൂറ് ശതമാനം പദ്ധതി വിഹിതം ചെലവഴിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) പ്രളയക്കെടുതിയെ അതിജീവിച്ച് 2018-19 വർഷം ഗ്രാമപഞ്ചായത്തുകൾ 88.56 ശതമാനവും ജില്ലാ പഞ്ചായത്തുകൾ 80.64 ശതമാനവും പദ്ധതി പുരോഗതി നേടിയിട്ടുണ്ട്. പെൻഡിംഗ് ബില്ലുകൾ കൂടി കണക്കിലെടുക്കുമ്പോൾ ഇത് യഥാക്രമം 95.03 ശതമാനവും 91.32 ശതമാനവുമായി ഉയരും. (മുൻവർഷം ഇത് യഥാക്രമം 94.09 ശതമാനവും 78.7 ശതമാനവുമായിരുന്നു.) ആയതിനാൽതന്നെ മുൻവർഷങ്ങളെ അപേക്ഷിച്ച് 2018-19 സാമ്പത്തിക വർഷത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം മെച്ചപ്പെട്ടിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്തുകളിലെ മുൻ വർഷങ്ങളിലെ പദ്ധതി ചെലവ് ശതമാനം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2016-17 | 69.61% |
| 2017-18 | 89.42% |
| 2018-19 | 89.34% (പെൻഡിംഗ് ഉൾപ്പെടെ 95.34%) |

മുൻവർഷങ്ങളെ അപേക്ഷിച്ച് കഴിഞ്ഞ സാമ്പത്തികവർഷത്തിൽ നഗരസഭകളുടെ പദ്ധതി നിർവ്വഹണം മെച്ചപ്പെടുത്തുന്നതിൽ കാര്യമായ പുരോഗതി കൈവരിച്ചിട്ടുള്ളതാണ്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ട്രഷറിയിൽ ക്യൂവിലുണ്ടായിരുന്ന ബില്ലുകൾ അടക്കമുള്ള വിനിയോഗ ശതമാനം ചുവടെ ചേർക്കുന്നു.

| Including Pending Bill Amount Details 2018-19 (Rs. In Lakhs) | | | |
|---|---|---|---|
| | Budget Provision | Expenditure Including Pending Bill | Percentage including pending bill |
| Corporations | 71672.42 | 59710.82 | 83.31% |
| Municipalities | 90906.71 | 83528.52 | 91.88% |

| Including Pending Bill Amount Details 2017-18 (Rs. In Lakhs) | | | |
|---|---|---|---|
| | Budget Provision | Expenditure Including Pending Bill | Percentage including pending bill |
| Corporations | 67587.62 | 52485.96 | 77.65% |
| Municipalities | 88897.33 | 71327.29 | 80.23% |

(ബി) 45 ഗ്രാമപഞ്ചായത്തുകൾ നൂറ് ശതമാനം പദ്ധതി വിഹിതം ചെലവഴിച്ചിട്ടുണ്ട്. (ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട് *) പെൻഡിംഗ് ബില്ലുകൾകൂടി കണക്കിലെടുക്കുമ്പോൾ ഇവയുടെ എണ്ണം 203 ആകും.

20 ബ്ലോക്ക് പഞ്ചായത്തുകൾ 100% പദ്ധതി വിഹിതം ചെലവഴിച്ചിരുന്നു. (ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*)

2018-19 സാമ്പത്തികവർഷം 17 നഗരസഭകൾ പെൻഡിംഗ് ബില്ലടക്കം 100 ശതമാനം പദ്ധതി വിനിയോഗം നടത്തിയിട്ടുള്ളതാണ്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ലൈഫ് ഭവന പദ്ധതി**

101 (1603) ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലൈഫ് ഭവന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ വിവിധ ഭവന നിർമ്മാണ സഹായ പദ്ധതിയിൽ സഹായം ലഭിച്ചിട്ടും വീട് നിർമ്മാണം പൂർത്തിയാക്കാത്തവർക്ക് ആനുപാതികമായി 4 ലക്ഷം രൂപ വരെ അനുവദിച്ചിരുന്നു എങ്കിലും 2016-17 വർഷത്തിൽ 30-11-2017-ന് മുമ്പായി എഗ്രിമെന്റ് ഒപ്പിട്ട് ഭവന നിർമ്മാണം പൂർത്തിയാക്കിയവർക്ക് 2 ലക്ഷം രൂപ മാത്രമാണ് ലഭിച്ചത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ 1-4-2016 മുതൽ 30-11-2017 വരെ കാലയളവിൽ ഭവന നിർമ്മാണം പൂർത്തിയാക്കിയവർക്കും ആനുപാതികമായി 4 ലക്ഷം രൂപ വരെ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

വിവരം ശേഖരിച്ചുനൽകുന്നതാണ്.

**ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തിയായ വീടുകൾ**

102 (1604) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതിയിലൂടെ സംസ്ഥാനത്ത് മൊത്തം എത്ര കുടുംബങ്ങൾക്കാണ് വീട് അനുവദിക്കാനുദ്ദേശിക്കുന്നത്; 2019 ഏപ്രിൽ മാസം വരെ നിർമ്മാണം പൂർത്തിയായ വീടുകളുടെ കണക്കുകൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) നിർമ്മാണം മുടങ്ങിയ എത്ര വീടുകൾ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചു; 2019 ഏപ്രിൽ വരെയുള്ള ജില്ല തിരിച്ച കണക്ക് അറിയിക്കാമോ?

ഉത്തരം

(എ) ലൈഫ് മിഷൻ പദ്ധതിയിലൂടെ സംസ്ഥാനത്ത് ഗ്രാമസഭ അംഗീകരിച്ച 184255 ഗുണഭോക്താക്കളിൽ അർഹരായി കണ്ടെത്തുന്ന മുഴുവൻ ഗുണഭോക്താക്കൾക്കും വീട് അനുവദിക്കാനാണുദ്ദേശിക്കുന്നത്. പൂർത്തിയായ 17036 വീടുകളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*. ഇതുകൂടാതെ പി.എം.എ.വൈ. (നഗരം) - ലൈഫ് പദ്ധതിയിൽ 18733 വീടുകളും, പി.എം.എ.വൈ (ഗ്രാമീൺ) - ലൈഫ് പദ്ധതിയിൽ - 15754 വീടുകളും പൂർത്തീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) നിർമ്മാണം മുടങ്ങിയ 50500 വീടുകൾ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തിയായ വീടുകളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

**ലൈഫ് പദ്ധതി**

103 (T*1605) ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലൈഫ് പദ്ധതിയിൽ ഉൾപ്പെടാതെ പോയവരെയും ഇനിയും വാസയോഗ്യമായ വീടുകൾ സ്വന്തമായി ഇല്ലാത്തവരെയും പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

2017-ൽ കുടുംബശ്രീ മുഖേന നടത്തിയ സർവ്വേയിലൂടെ കണ്ടെത്തിയ അർഹരായ ഗുണഭോക്താക്കൾക്കാണ് ലൈഫ് ഭവന പദ്ധതിയിലൂടെ ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നത്. വാസയോഗ്യമായ വീടുകളില്ലാത്ത ഗുണഭോക്താക്കളെ നാലാം ഘട്ടമായി പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള നടപടി പരിഗണനയിലാണ്.

**ലൈഫ് പദ്ധതി**

104 (1606) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതി പ്രകാരം റാന്നി നിയോജകമണ്ഡലത്തിൽ എത്ര വീടുകൾ അനുവദിച്ചു എന്ന് പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ലൈഫ് പദ്ധതി പ്രകാരം പണിപൂർത്തിയാക്കിയ വീടുകളുടെ പട്ടിക പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ; ഇനി എത്ര എണ്ണം പൂർത്തീകരിക്കാൻ ഉണ്ടെന്നും ഇവയുടെ നിർമ്മാണം വൈകാൻ ഉണ്ടായ കാരണം അറിയിക്കാമോ; തടസ്സങ്ങൾ നീക്കി ഇവയുടെ നിർമ്മാണം എന്ന് പൂർത്തീകരിക്കാനാകും എന്ന് വ്യക്തമാക്കാമോ;

(സി) വസ്തുവും വീടും ഇല്ലാത്തവർക്ക് വസ്തു വാങ്ങി വീട് നിർമ്മിച്ചു നൽകുന്നതിന് എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* "T" മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ഡി) ഇത്തരത്തിൽ വീട് നൽകുന്നവരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ റാന്നി നിയോജക മണ്ഡലത്തിലെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ)

| | |
|---|---|
| അയിരൂർ | 26 |
| ചെറുകോൽ | 10 |
| എഴുമറ്റൂർ | 20 |
| കൊറ്റനാട് | 19 |
| കോട്ടാങ്ങൽ | 38 |
| നാറാണമൂഴി | 75 |
| റാന്നി | 13 |
| റാന്നി അങ്ങാടി | 19 |
| റാന്നി പഴവങ്ങാടി | 38 |
| റാന്നി പെരുനാട് | 47 |
| വടശ്ശേരിക്കര | 32 |
| വെച്ചൂച്ചിറ | 83 |

(ബി)

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്ത് | പൂർത്തീകരിച്ച വീടുകളുടെ എണ്ണം | പൂർത്തീകരിക്കാനുള്ള വീടുകളുടെ എണ്ണം |
|---|---|---|---|
| 1 | അയിരൂർ | 14 | 12 |
| 2 | ചെറുകോൽ | 10 | 0 |
| 3 | എഴുമറ്റൂർ | 5 | 15 |
| 4 | കൊറ്റനാട് | 9 | 10 |
| 5 | കോട്ടാങ്ങൽ | 5 | 33 |
| 6 | നാറാണമൂഴി | 45 | 30 |
| 7 | റാന്നി | 13 | 0 |
| 8 | റാന്നി അങ്ങാടി | 15 | 4 |
| 9 | റാന്നി പഴവങ്ങാടി | 32 | 6 |
| 10 | റാന്നി പെരുനാട് | 34 | 13 |
| 11 | വടശ്ശേരിക്കര | 28 | 4 |
| 12 | വെച്ചൂച്ചിറ | 21 | 62 |

ഹഡ്കോ ലോൺ ലഭിക്കുന്നതിലുണ്ടായ കാലതാമസവും സാധനസാമഗ്രികളുടെ ലഭ്യതക്കുറവുമാണ് കാലതാമസത്തിനിടയാക്കിയത്. ഇപ്പോൾ പ്രശ്നങ്ങൾ നിലവിലില്ല. 2019 ഡിസംബർ 30 നകം നിർമ്മാണം പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) മിഷന്റെ മൂന്നാംഘട്ടമായ ഭൂരഹിത-ഭവനരഹിതർക്ക് ഭവനം നൽകുന്നതിനുവേണ്ടി സ്വന്തമായി ഭവനസമുച്ചയം നിർമ്മിക്കുന്നതിനും ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഭവനം നിർമ്മിക്കുന്നതിന് സ്വന്തമായി സ്ഥലം ലഭ്യമല്ലെങ്കിൽ ആവശ്യമായ സ്ഥലം വാങ്ങുന്നതിന് തുക ചെലവഴിക്കാനും സ്വന്തമായി സ്ഥലമില്ലാത്ത ഗുണഭോക്താവിന് 3 സെന്റിൽ കുറയാത്ത സ്ഥലം വാങ്ങുന്നതിന് പരമാവധി 2 ലക്ഷം രൂപ നൽകുന്നതിനുംവേണ്ടി പദ്ധതി വിഹിതം വിനിയോഗിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകി. 6-6-2019-ൽ സർക്കുലർ (ഡി.ബി1/167/19) പുറപ്പെടുവിച്ചിട്ടുണ്ട്.

കൂടാതെ ഭവനസമുച്ചയങ്ങൾ വഴി ഭവനം നൽകുന്നതിനായി ഏഴംകുളം ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ ഏനാത്ത് വില്ലേജിൽ ഉൾപ്പെട്ട പഞ്ചായത്ത് വക സ്ഥലം ഭവന സമുച്ചയ നിർമ്മാണത്തിനായി ഏറ്റെടുത്തിട്ടുണ്ട്. കൺസൾട്ടൻസിയെ നിശ്ചയിക്കാനുള്ള ടെണ്ടർ നടപടി പൂർത്തിയായി.

പത്തനംതിട്ട നഗരസഭയും തിരുവല്ല നഗരസഭയും നിർദ്ദേശിച്ച സ്ഥലങ്ങളുടെ പ്രാഥമിക പരിശോധന പൂർത്തിയായി.

(ഡി) ലൈഫ് പദ്ധതിയിൽ ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കളുടെ പ്രാഥമിക പട്ടിക തയ്യാറാക്കിയിട്ടുണ്ട്. അന്തിമപ്പട്ടിക രേഖകളുടെ പരിശോധനയ്ക്കുശേഷം തയ്യാറാക്കുന്നതാണ്. പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | |
|---|---|
| അയിരൂർ പഞ്ചായത്ത് | 143 |
| ചെറുകോൽ പഞ്ചായത്ത് | 106 |
| എഴുമറ്റൂർ പഞ്ചായത്ത് | 61 |
| കൊറ്റനാട് പഞ്ചായത്ത് | 64 |
| കോട്ടാങ്ങൽ പഞ്ചായത്ത് | 85 |
| നാറാണമൂഴി പഞ്ചായത്ത് | 72 |
| റാന്നി പഞ്ചായത്ത് | 64 |
| റാന്നി അങ്ങാടി പഞ്ചായത്ത് | 101 |
| റാന്നി പഴവങ്ങാടി പഞ്ചായത്ത് | 125 |
| റാന്നി പെരുനാട് പഞ്ചായത്ത് | 297 |
| വടശ്ശേരിക്കര പഞ്ചായത്ത് | 102 |
| വെച്ചൂച്ചിറ പഞ്ചായത്ത് | 95 |

**ലൈഫ് പദ്ധതി**

105 (1607) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയിൽ സംസ്ഥാനത്ത് എത്ര വീടുകൾ നിർമ്മിക്കാനാണ് അനുമതി നൽകിയിട്ടുള്ളത്;

(ബി) എത്ര വീടുകളുടെ നിർമ്മാണം ആരംഭിച്ചുവെന്നും എത്ര വീടുകൾ നിർമ്മാണം പൂർത്തിയാക്കിയെന്നും അറിയിക്കുമോ;

(സി) ലൈഫ് മിഷന്റെ ഭവനനിർമ്മാണ പദ്ധതിയിൽ സംസ്ഥാന ഗവൺമെന്റ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ വിഹിതം എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ലൈഫ് മിഷൻ പദ്ധതിയിലൂടെ സംസ്ഥാനത്ത് ഗ്രാമസഭ അംഗീകരിച്ച 184255 ഗുണഭോക്താക്കളിൽ നാളിതുവരെ അർഹരായി കണ്ടെത്തിയ 87573 ഗുണഭോക്താക്കളിൽ 86192 പേർക്കാണ് ഇതുവരെ വീടുകൾ നിർമ്മിക്കാനുള്ള അനുമതി നൽകിയിട്ടുള്ളത്.

(ബി) 86192 വീടുകളുടെ നിർമ്മാണം ആരംഭച്ചിട്ടുണ്ട്. അതിൽ 17036 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഇതുകൂടാതെ പി.എം.എ.വൈ (നഗരം) - ലൈഫ് പദ്ധതിയിൽ 18733 വീടുകളും, പി.എം.എ.വൈ (ഗ്രാമീൺ) - ലൈഫ് പദ്ധതിയിൽ 15754 വീടുകളും പൂർത്തീകരിച്ചു.

(സി) ലൈഫ് മിഷൻ ഭവന നിർമ്മാണ പദ്ധതിയിൽ ഓരോ ഗുണഭോക്താവിനും നാല് ലക്ഷം രൂപ അനുവദിക്കുന്നു. ഇതിൽ സംസ്ഥാന സർക്കാർ വിഹിതമായി ഒരു ലക്ഷം രൂപയും തദ്ദേശഭരണ സ്ഥാപന പദ്ധതി വിഹിതമായി 80,000 രൂപയും ഹഡ്കോ വായ്പയായി 2,20,000 രൂപയും ഉൾപ്പെടുന്നു. PMAY (നഗരം) - ലൈഫ് പദ്ധതിയിൽ കേന്ദ്ര സർക്കാർ 1,50,000 രൂപ നൽകുന്നു. 50,000 രൂപ സംസ്ഥാന സർക്കാർ നൽകുന്നു. 2,00,000 രൂപ നഗരസഭകൾ നൽകുന്നു. PMAY (ഗ്രാമീൺ) - ലൈഫ് പദ്ധതിയിൽ കേന്ദ്ര സർക്കാർ, 72,000 രൂപയും സംസ്ഥാന സർക്കാർ 48,000 രൂപയും തദ്ദേശഭരണ സ്ഥാപനങ്ങൾ 2,80,000 രൂപയും നൽകുന്നു.

**ലൈഫ് പദ്ധതി**

106 (1608) ശ്രീ. ബി. സത്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലൈഫ് ഭവന നിർമ്മാണ പദ്ധതിക്കായി എത്ര ഗുണഭോക്താക്കളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്;

(ബി) എത്ര പേർക്ക് ഭവന നിർമ്മാണം പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്; അവശേഷിക്കുന്ന ഭവനരഹിതർക്ക് ഈ വർഷം ഭവന നിർമ്മാണം നടത്താൻ സാധിക്കുമോ;

(സി) ലൈഫ് പദ്ധതിക്കായി ഏതെല്ലാം ഫണ്ടുകളാണ് ഉപയോഗിക്കുന്നത്; ഇതിൽ ഓരോ ഏജൻസിയുടെയും വിഹിതം വിശദമാക്കാമോ;

(ഡി) ഇ. എം. എസ്. ഭവന പദ്ധതിക്ക് ശേഷവും സംസ്ഥാനത്ത് ഇത്രയും ഭവനരഹിതർ ഉള്ളതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ലൈഫ് ഭവന നിർമ്മാണ പദ്ധതിയിൽ ഭൂമിയുള്ള ഭവനരഹിതരായി സർവ്വേയിലൂടെ കണ്ടെത്തി ഗ്രാമസഭ അംഗീകരിച്ച 184255 ഗുണഭോക്താക്കളിൽ നാളിതുവരെ അർഹരായി കണ്ടെത്തിയ 87573 പേരിൽ 86192 ഗുണഭോക്താക്കൾ കരാറിലേർപ്പെട്ട് വീടുപണി ആരംഭിച്ചിട്ടുണ്ട്.

(ബി) ഇതുവരെ 17036 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. അവശേഷിക്കുന്ന ഗുണഭോക്താക്കളിൽ അർഹരായി കണ്ടെത്തുന്ന ഭവനരഹിതർക്ക് ഈ വർഷം തന്നെ ഭവന നിർമ്മാണം നടത്തുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം (20%), സംസ്ഥാന സർക്കാർ വിഹിതം, ഹഡ്കോ മുഖേനയുള്ള ലോൺ വിഹിതം എന്നീ ഫണ്ടുകളാണ് ലൈഫ് ഭവന പദ്ധതിക്കായി ഉപയോഗിക്കുന്നത്. തദ്ദേശഭരണ സ്ഥാപന വിഹിതമായി 80,000 രൂപ വീതവും സംസ്ഥാന വിഹിതമായി ഒരു ലക്ഷം രൂപ വീതവും ഹഡ്കോ മുഖേനയുള്ള ലോൺ വിഹിതമായി 2.20 ലക്ഷം രൂപയുമാണ് ഭവന പദ്ധതിക്കായി ഓരോ ഗുണഭോക്താവിനും നൽകുന്നത്.

(ഡി) പരിശോധിച്ചിട്ടില്ല.

**ലൈഫ് മിഷൻ പദ്ധതി**

107 (1609) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതി ഇപ്പോൾ ഏതുഘട്ടത്തിലാണ്; അതിന്റെ പുരോഗതി വെളിപ്പെടുത്തുമോ;

(ബി) പദ്ധതിവഴി ഓരോ ജില്ലയിലും എത്രപേർക്ക് ഭൂമിയും വീടും നൽകിയെന്ന് അറിയിക്കാമോ;

(സി) പദ്ധതിയുടെ ഭാഗമായി അപ്പാർട്ട്മെന്റുകൾ നിർമ്മിച്ചുനൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമാണ് അപ്പാർട്ട്മെന്റ് കോംപ്ലക്സുകൾ നിർമ്മിച്ചു നൽകിയിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ഡി) പദ്ധതി പ്രകാരം മലപ്പുറം നിയോജകമണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും നഗരസഭയിലും എത്രപേർക്ക് വീടും സ്ഥലവും നൽകി എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ലൈഫ് മിഷൻ രണ്ടാംഘട്ടമായി ഭൂമിയുള്ള ഭവനരഹിതരുടെ ഭവനനിർമ്മാണമാണ് നടപ്പിലാക്കിവരുന്നത്. ഗ്രാമസഭ അംഗീകരിച്ച 184255 ഗുണഭോക്താക്കളിൽ നാളിതുവരെ 87573 പേരെ അർഹരായി കണ്ടെത്തുകയും ഇതിൽ 86192 ഗുണഭോക്താക്കൾ കരാറിലേർപ്പെട്ട് വീടുപണി ആരംഭിച്ചിട്ടുണ്ട്. 17036 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഇതുകൂടാതെ PMAY (നഗരം)- ലൈഫ് പദ്ധതിയിൽ 18733 വീടുകളും, PMAY (ഗ്രാമീൺ) - ലൈഫ് പദ്ധതിയിൽ 15754 വീടുകളും പൂർത്തീകരിച്ചു.

(ബി) പദ്ധതി വഴി ആർക്കും ഭൂമി നൽകിയിട്ടില്ല. വീടുകൾ നൽകിയതിന്റെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു*.

(സി) ഉണ്ട്. ലൈഫ് മിഷൻ പദ്ധതിയിൽ ഭൂരഹിത ഭവനരഹിതരായിട്ടുള്ള ഗുണഭോക്താക്കൾക്ക് ഭവന സമുച്ചയം വഴി ഫ്ലാറ്റുകൾ നൽകുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിലേയ്ക്കായി 14 ജില്ലകളിലായി കണ്ടെത്തിയിട്ടുള്ള 70-ഓളം സ്ഥലങ്ങളുടെ അനുയോജ്യതാ പരിശോധന നടന്നുവരികയാണ്. ഇതിൽ ജില്ലയിൽ ഒന്നു വീതം ഭവന സമുച്ചയം പൈലറ്റായി നിർമ്മിക്കുന്നതിനുള്ള നടപടിയും പുരോഗതിയിലാണ്. കൂടാതെ പദ്ധതിയുടെ ഭാഗമായി ഇടുക്കി ജില്ലയിലെ അടിമാലി ഗ്രാമപഞ്ചായത്തിൽ ഒരു അപ്പാർട്ടുമെന്റ് കോംപ്ലക്സ് (217 അപ്പാർട്ടുമെന്റ്) ഭവനം ഫൗണ്ടേഷനിൽനിന്നും വാങ്ങി ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

(ഡി) സ്ഥലം നൽകിയിട്ടില്ല. വീട് നൽകിയവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| തദ്ദേശഭരണ സ്ഥാപനങ്ങൾ | യോഗ്യരായ ഗുണഭോക്താക്കൾ | കരാർ ഒപ്പുവച്ച ഗുണഭോക്താക്കൾ | പൂർത്തിയായത് |
|---|---|---|---|
| മലപ്പുറം മുനിസിപ്പാലിറ്റി | 1607 | 1432 | 297 |
| മൊറയൂർ | 39 | 39 | 21 |
| പൂക്കോട്ടൂർ | 27 | 25 | 22 |
| ആനക്കയം | 37 | 37 | 37 |
| പുൽപ്പറ്റ | 45 | 45 | 23 |
| കൊട്ടൂർ | 35 | 33 | 32 |
| ആകെ | 1790 | 1611 | 432 |

### ലൈഫ് പദ്ധതി പ്രകാരമുള്ള വീടുകളുടെ വിസ്തൃതി

108 (1610) ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതിയിലൂടെ അനുവദിക്കുന്ന വീടുകൾ എത്ര സ്ക്വയർഫീറ്റ് അളവിലാണ് നിർമ്മിക്കാൻ അനുവാദം നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) നിശ്ചിത അളവിൽ നിന്നും വിസ്തൃതി അല്പം കൂടുതലായ വീടിന്റെ ഭാഗങ്ങൾ പൊളിച്ചുമാറ്റുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇത് സംബന്ധിച്ച വിശദാംശം നൽകുമോ?

ഉത്തരം

(എ) ലൈഫ് മിഷൻ പദ്ധതിയിലൂടെ അനുവദിക്കുന്ന വീടുകൾ 400 ചതുരശ്രയടി (37.16 ച.മീറ്റർ) അളവിലാണ് നിർമ്മിക്കാൻ അനുവാദം നൽകിയിട്ടുള്ളത്. തറ വിസ്തീർണത്തിൽ 5% വ്യതിയാനമുണ്ടാകുന്നതിൽ തടസ്സമില്ല.

(ബി) നിശ്ചിത അളവിൽ നിന്നും വിസ്തൃതി അല്പം കൂടുതലായ വീടിന്റെ ഭാഗങ്ങൾ പൊളിച്ചുമാറ്റുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടില്ല.

### ലൈഫ് മിഷന്റെ കീഴിൽ പൂർത്തീകരിച്ച വീടുകൾ

109 (1611) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷന്റെ കീഴിൽ എത്ര പുതിയ വീടുകൾ പൂർത്തീകരിച്ചു; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) ഭാഗികമായി പണി പൂർത്തിയായിരുന്ന എത്ര വീടുകൾ ഈ മിഷന്റെ ആഭിമുഖ്യത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്;

(സി) 2018-19 സാമ്പത്തിക വർഷത്തിൽ എത്ര കോടി രൂപയാണ് ലൈഫ് മിഷന് വകയിരുത്തിയത്; അതിൽ എത്ര കോടി രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ലൈഫ് മിഷന്റെ കീഴിൽ ഇതുവരെ 17036 പുതിയ വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*. ഇതുകൂടാതെ പി.എം.എ.വൈ. (നഗരം)-ലൈഫ് പദ്ധതിയിൽ 18733 വീടുകളും പി.എം.എ.വൈ (ഗ്രാമീൺ) - ലൈഫ് പദ്ധതിയിൽ 15754 വീടുകളും പൂർത്തീകരിച്ചു.

(ബി) മിഷന്റെ ആഭിമുഖ്യത്തിൽ ഭാഗികമായി പണി പൂർത്തിയായിരുന്ന 50500 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) 2018-19 സാമ്പത്തിക വർഷത്തിൽ ലൈഫ് മിഷന് ബഡ്ജറ്റിൽ ഫണ്ട് വകയിരുത്തിയിരുന്നില്ല. എന്നാൽ അധിക ധനാനുമതി പ്രകാരം 24 കോടി രൂപ ലൈഫ് മിഷന് അനുവദിച്ചിരുന്നു. ടി തുക വിനിയോഗിച്ച് ഭവനം ഫൗണ്ടേഷൻ, അടിമാലിയിൽ നിർമ്മിച്ച ഭവന സമുച്ചയം ലൈഫ് മിഷൻ വാങ്ങി ലൈഫ് ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്.

## ലൈഫ് മിഷനിലെ ജീവനക്കാർ

110 (1612) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷനിൽ നിലവിൽ എത്ര ജീവനക്കാരുണ്ട്; തരം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മിഷനിൽ കരാർ/താത്കാലിക ജീവനക്കാരായി എത്ര പേർ ജോലി നോക്കുന്നു; വിശദാംശം നൽകുമോ;

(സി) ലൈഫ് മിഷന്റെ ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെ നാളിതുവരെയുള്ള എസ്റ്റാബ്ലിഷ്മെന്റ് ചെലവ് എത്രയാണെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ&ബി) ലൈഫ് മിഷനിൽ നിലവിൽ 40 ജീവനക്കാർ സേവനമനുഷ്ഠിക്കുന്നു.

| ക്രമ നമ്പർ | തസ്തിക | എണ്ണം | ഡെപ്യൂട്ടേഷൻ/ കരാർ/ ദിവസവേതനം |
|---|---|---|---|
| 1 | ഫുൾടൈം സി.ഇ.ഒ | 1 | ഐ.എ.എസ്. |
| 2 | പ്രോഗ്രാം മാനേജർ | 3 | കരാർ |
| 3 | അക്കൗണ്ടന്റ് | 1 | കരാർ |
| 4 | സിവിൽ എഞ്ചിനീയർ | 1 | ഡെപ്യൂട്ടേഷൻ |
| 5 | സ്ട്രക്ച്ചറൽ എഞ്ചിനീയർ | 1 | ഡെപ്യൂട്ടേഷൻ |
| 6 | എം.ഐ.എസ്. വിദഗ്ധൻ | 1 | കരാർ |
| 7 | ഡാറ്റാ എൻട്രി/ടൈപ്പിസ്റ്റ് | 1 | കരാർ |
| 8 | ഓഫീസ് അറ്റൻഡന്റ്/ മൾട്ടി ടാസ്ക് പേഴ്സൺ | 1 | കരാർ |
| 9 | ഓഫീസ് അറ്റൻഡന്റ് | 1 | ദിവസവേതനം |
| 10 | സ്വീപ്പർ | 1 | ദിവസവേതനം |
| **ജില്ലാതലം** | | | |
| 11 | ജില്ലാ കോ-ഓർഡിനേറ്റർ | 13 | ഡെപ്യൂട്ടേഷൻ |
| 12 | ഡാറ്റാ എൻട്രി ഓപ്പറേറ്റർ/ മൾട്ടി ടാസ്ക് പേഴ്സൺ | 14 | കരാർ |

(സി) 4,65,81,691 (നാല് കോടി അറുപത്തിയഞ്ച് ലക്ഷത്തി എൺപത്തൊന്നായിരത്തി അറുന്നൂറ്റി തൊണ്ണൂറ്റൊന്ന് രൂപ)

## ലൈഫ് പദ്ധതിയുടെ ഗുണഭോക്തൃ പട്ടിക

111 (1613) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതിയുടെ ഭൂമിയുള്ള ഭവനരഹിതരുടെ ഗുണഭോക്തൃ പട്ടികയിൽ ഇടംനേടിയ എഴുപതിനായിരത്തോളം പേർക്ക് ധനസഹായം ലഭ്യമാകാത്ത സാഹചര്യമുണ്ടോ;

(ബി) മാനദണ്ഡങ്ങൾ പാലിക്കാത്തവരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വന്തം നിലയ്ക്ക് പ്രസ്തുത ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തിയതാണോ ഇതിന് കാരണമെന്ന് വ്യക്തമാക്കുമോ ;

(സി) ഭൂമി സംബന്ധമായ രേഖകൾ ഹാജരാക്കി അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാർ ഒപ്പുവയ്ക്കാൻ പ്രസ്തുത ഗുണഭോക്തൃ പട്ടികയിൽ ഇടം നേടിയവർക്ക് കഴിയാതെ വന്നതും ഇതിന് കാരണമായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത വിഷയത്തിൽ വീഴ്ച സംഭവിച്ചതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടവർക്ക് വീട് നിർമ്മിക്കുന്നതിനുള്ള ധനസഹായത്തിന്റെ കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) ലൈഫ് മിഷൻ കുടുംബശ്രീ മുഖേന നടത്തിയ സർവ്വേയിലൂടെ കണ്ടെത്തിയ ഗുണഭോക്താക്കളിൽനിന്നും ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ പട്ടികയാണ് ലൈഫ് മിഷൻ പദ്ധതിയുടെ ഭൂമിയുള്ള ഭവനരഹിതരുടെ പട്ടിക. ഭൂമി സംബന്ധമായ രേഖകൾ ഹാജരാക്കി അതത് തദ്ദേശഭരണ സ്ഥാപനങ്ങളുമായി കരാർ ഒപ്പുവയ്ക്കാൻ പ്രസ്തുത ഗുണഭോക്തൃ പട്ടികയിൽ ഇടം നേടിയവർക്ക് കഴിയാതെ വന്നതാണ് ധനസഹായം ലഭ്യമാക്കാത്തതിന് കാരണം.

(ഇ) ഭൂമി സംബന്ധമായ രേഖകൾ ഹാജരാക്കി തദ്ദേശഭരണ സ്ഥാപനവുമായി കരാറിലേർപ്പെടുന്നമുറയ്ക്ക് ഭവനനിർമ്മാണത്തിനുള്ള ധനസഹായം അനുവദിക്കുന്നതാണ്.

## ലൈഫ് പദ്ധതിയുടെ ഫണ്ട്

112 (1614) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതി പ്രകാരം എത്ര പേർക്കാണ് വീട് നൽകാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിക്ക് തുടക്കം കുറിച്ചതെപ്പോഴാണെന്നും കാലാവധി എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിയിൽ ഇതിനകം എത്രപേർക്ക് വീട് നൽകിയെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ ;

(ഡി) ലൈഫ് പദ്ധതിയിൽ വീട് ലഭ്യമാകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഇ) ലൈഫ് പദ്ധതിക്കാവശ്യമായ ഫണ്ട് സ്വരൂപണം എങ്ങനെയാണെന്ന് വ്യക്തമാക്കാമോ;

(എഫ്) ലൈഫ് പദ്ധതിയിൽ ഇതുവരെ വീടിന് അപേക്ഷിച്ചവർ, വീട് ലഭിച്ചവർ, ലഭിക്കാത്തവർ, അപേക്ഷ പരിഗണിക്കാത്തിന്റെ കാരണം എന്നിവ പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ലൈഫ് മിഷൻ പദ്ധതിയിലൂടെ സംസ്ഥാനത്ത് ഗ്രാമസഭ അംഗീകരിച്ച 184255 ഗുണഭോക്താക്കളിൽ (രണ്ടാം ഘട്ടം-ഭൂമിയുള്ള ഭവനരഹിതർ) അർഹരായി കണ്ടെത്തുന്ന മുഴുവൻ ഗുണഭോക്താക്കൾക്കും വീട് അനുവദിക്കാനാണ് ഉദ്ദേശിക്കുന്നത്.

മൂന്നാംഘട്ടം-ഭൂരഹിത ഭവനരഹിതരായി കണ്ടെത്തിയ 337416 ഗുണഭോക്താക്കളിൽ രേഖാപരിശോധനയ്ക്കുശേഷം കണ്ടെത്തുന്ന അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ഭവനസമുച്ചയം വഴി ഫ്ലാറ്റ് അനുവദിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) 2018-19 സാമ്പത്തിക വർഷത്തിൽ രണ്ടാംഘട്ടമായി തുടക്കം കുറിച്ച ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നൽകുന്ന ടി പദ്ധതിയിൽ 2019-20 സാമ്പത്തിക വർഷം ഡിസംബറോടുകൂടി ഭവനനിർമ്മാണം പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

മൂന്നാംഘട്ടം - 2019-20 സാമ്പത്തികവർഷത്തിൽ തുടങ്ങി 2020-21 സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു*.

(ഡി) ലൈഫ് പദ്ധതിയിൽ വീട് ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ:

1. ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ടവരെ ഒറ്റ കുടുംബമായി പരിഗണിച്ച് ഒരു ഭവനത്തിന് മാത്രമായി പരിഗണിക്കേണ്ടതാണ്.

2. സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്ഥിര ജോലിക്കാരോ ഇത്തരം സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരോ ആയ അംഗങ്ങളുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.

3. വാർഷിക വരുമാനം മൂന്ന് ലക്ഷത്തിൽ കൂടുതലുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.

4. ഗ്രാമപഞ്ചായത്തുകളിൽ 25 സെന്റിലോ/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പ്രദേശത്ത് അഞ്ച് സെന്റിലേറെയോ ഭൂമി സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ് (പട്ടിക വർഗ്ഗത്തിന് ബാധകമല്ല)

5. ഉപജീവനത്തൊഴിൽ ഉപാധിയെന്ന നിലയ്ക്കല്ലാതെ നാലുചക്രവാഹനം സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.

6. അവകാശികൾക്ക് വസ്തുഭാഗം ചെയ്ത സാഹചര്യത്തിൽ സ്വന്തം പേരിൽ സാങ്കേതികമായി ഭൂമിയില്ല എന്ന കാരണത്താൽ ഭൂരഹിതരായവരെ ഒഴിവാക്കേണ്ടതാണ്.

(ഇ) തദ്ദേശഭരണ സ്ഥാപന വിഹിതമായി 80,000 രൂപ വീതവും സംസ്ഥാന സർക്കാർ വിഹിതമായി ഒരു ലക്ഷം രൂപ വീതവും ഹഡ്കോ മുഖേനയുള്ള ലോൺ വിഹിതമായി 2.20 ലക്ഷം രൂപയുമാണ് ഭവന പദ്ധതിക്കായി ഓരോ ഗുണഭോക്താവിനും നൽകുന്നത്.

(എഫ്) ലൈഫ് മിഷൻ കുടുംബശ്രീ മുഖേന നടത്തിയ സർവ്വേയിലൂടെ ഗ്രാമസഭ അംഗീകരിച്ച 184255 ഗുണഭോക്താക്കളിൽ നാളിതുവരെ അർഹരായി കണ്ടെത്തിയ 87573 പേരിൽ 86192 ഗുണഭോക്താക്കൾ തദ്ദേശഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ട് ഭവനനിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഇതിൽ 17036 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള 98063

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഗുണഭോക്താക്കൾ രേഖകൾ ഹാജരാക്കി തദ്ദേശഭരണ സ്ഥാപനങ്ങളുമായി എഗ്രിമെന്റ് വയ്ക്കുന്നമുറയ്ക്ക് ഭവനനിർമ്മാണം ആരംഭിക്കുന്നതാണ്.

മാനദണ്ഡങ്ങൾക്കനുസരിച്ച് അർഹരായ ഗുണഭോക്താക്കളെയാണ് പരിഗണിച്ചിട്ടുള്ളത്.

## ലൈഫ് പദ്ധതിയുടെ പ്രവർത്തനപുരോഗതി

113 (1615) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)ലൈഫ് പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനപുരോഗതി വിശദമാക്കുമോ;

(ബി) ലൈഫ് പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) മാവേലിക്കര മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെയും മുനിസിപ്പാലിറ്റിയിലെയും ലൈഫ് പദ്ധതികളുടെ പ്രവർത്തനപുരോഗതിയുടെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പ്രദേശങ്ങളിൽ ലൈഫ് പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

### ഉത്തരം

(എ) ലൈഫ് മിഷൻ പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ കണ്ടെത്തിയ പൂർത്തീകരിക്കാത്ത 54491 ഭവനങ്ങളിൽ 50500 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 3991 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ നടന്നുവരുന്നു.

(ബി) ഉണ്ട്. ലൈഫ് ഭവനനിർമ്മാണ പദ്ധതിയിൽ ഭൂമിയുള്ള ഭവനരഹിതരായി സർവ്വേയിലൂടെ കണ്ടെത്തി ഗ്രാമസഭ അംഗീകരിച്ച 184255 ഗുണഭോക്താക്കളിൽ നാളിതുവരെ 87573 പേരെ അർഹരായി കണ്ടെത്തുകയും ഇതിൽ 86192 ഗുണഭോക്താക്കൾ കരാറിലേർപ്പെട്ട് വീടുപണി ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ള 98063 ഗുണഭോക്താക്കൾ രേഖകൾ ഹാജരാക്കി തദ്ദേശഭരണ സ്ഥാപനങ്ങളുമായി എഗ്രിമെന്റ് വയ്ക്കുന്നമുറയ്ക്ക് ഭവനനിർമ്മാണം ആരംഭിക്കുന്നതാണ്. 17036 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഇതുകൂടാതെ PMAY (നഗരം)- ലൈഫ് പദ്ധതിയിൽ 18733 വീടുകളും PMAY (ഗ്രാമീൺ) - ലൈഫ് പദ്ധതിയിൽ 15754 വീടുകളും പൂർത്തീകരിച്ചു.

(സി) ഒന്നാംഘട്ടം-മാവേലിക്കര മണ്ഡലത്തിൽ 43 ഗുണഭോക്താക്കളെ കണ്ടെത്തുകയും 43 പേരും വീട് പണി പൂർത്തീകരിച്ചിട്ടുണ്ട്.

| ഗ്രാമപഞ്ചായത്ത് | ഗുണഭോക്താക്കൾ |
|---|---|
| തഴക്കര | 4 |
| തെക്കേക്കര | 5 |
| ചുനക്കര | 3 |
| നൂറനാട് | 2 |
| പാലമേൽ | 10 |
| മാവേലിക്കര താമരക്കുളം | 4 |
| വള്ളിക്കുന്നം | 2 |
| മാവേലിക്കര മുനിസിപ്പാലിറ്റി | 13 |

രണ്ടാംഘട്ടം - മാവേലിക്കര മണ്ഡലത്തിൽ 504 ഗുണഭോക്താക്കൾ കരാർ വച്ചതിൽ 228 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

| ഗ്രാമപഞ്ചായത്ത് | കരാർ വച്ചവർ | പൂർത്തീകരിച്ചത് |
|---|---|---|
| തഴക്കര | 56 | 37 |
| തെക്കേക്കര | 40 | 17 |
| ചുനക്കര | 30 | 19 |
| നൂറനാട് | 69 | 47 |
| പാലമേൽ | 151 | 31 |
| മാവേലിക്കര താമരക്കുളം | 66 | 22 |
| വള്ളിക്കുന്നം | 92 | 55 |
| ആകെ | 504 | 228 |

(ഡി) മാവേലിക്കര മണ്ഡലത്തിലെ ലൈഫ് മിഷൻ ഫേസ് 2-ന്റെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ലൈഫ് മിഷന്റെ കീഴിലുള്ള ഫെസിലിറ്റേഷൻ ഹബ്ബുകളിൽ കരാറടിസ്ഥാനത്തിൽ നിയമനം

114 (T* 1616) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തരം കേരളത്തിന്റെ പുനർനിർമ്മാണപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും ലക്ഷ്യം കൈവരിക്കുന്നതിനുമായി ലൈഫ് മിഷന്റെ കീഴിലുള്ള ഫെസിലിറ്റേഷൻ ഹബ്ബുകളിൽ കരാറടിസ്ഥാനത്തിൽ എഞ്ചിനീയർ, ടെക്നിക്കൽ അസിസ്റ്റന്റ്, ഫീൽഡ് സ്റ്റാഫ് എന്നീ തസ്തികകളിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ ജില്ലകളിലാണ് ഇപ്രകാരം ജീവനക്കാരെ നിയമിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ തസ്തികയിലും എത്രപേരെ കരാറടിസ്ഥാനത്തിൽ നിയമിച്ചു, ഓരോ വിഭാഗത്തിനും നൽകുന്ന ശമ്പളം, എത്ര കാലയളവിലേക്കാണ് കരാർ നിയമനം നൽകിയിട്ടുള്ളത് എന്നിവ വ്യക്തമാക്കുമോ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ചുവരുന്നു.

## ലൈഫ് ഭവനനിർമ്മാണ പദ്ധതി

115 (1617) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലൈഫ് ഭവന പദ്ധതി നടപ്പിലാക്കാത്ത ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത്തരം സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഈ ഭവന പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി സമയബന്ധിതവും സുതാര്യവുമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുമോയെന്ന് അറിയിക്കാമോ?

---

* "T" മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ&ബി) സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ലൈഫ് ഭവന പദ്ധതി ഏറ്റെടുത്തിട്ടുണ്ട്.

(സി) വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതാണ്.

**കോതമംഗലം മണ്ഡലത്തിലെ ലൈഫ് മിഷൻ പദ്ധതി**

116 (1618) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിൽ നിന്നും ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നിർമ്മിക്കുന്നതിനായി വീട് മെയ്ന്റനൻസ്, ഭൂരഹിത-ഭവനരഹിതർ, ഭവനരഹിതർ എന്നീ വിഭാഗങ്ങളിലായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് എന്നതിന്റെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര അപേക്ഷകളിൽ തീരുമാനമെടുത്തെന്നും എത്ര വീടുകൾ പൂർത്തീകരിച്ചുവെന്നും ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നും പഞ്ചായത്ത്, മുനിസിപ്പാലിറ്റി തിരിച്ച് വ്യക്തമാക്കാമോ;

(സി) കോതമംഗലം നിയോജകമണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ട എത്ര വീടുകൾ പൂർത്തീകരിക്കുവാൻ ശേഷിക്കുന്നുണ്ടെന്ന് പഞ്ചായത്ത്, മുനിസിപ്പാലിറ്റി തിരിച്ച് വ്യക്തമാക്കാമോ;

(ഡി) മുഴുവൻ അപേക്ഷകളിലും കാലതാമസം ഒഴിവാക്കി വേഗത്തിൽ തീരുമാനമെടുത്ത് നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വീട് മെയിന്റനൻസിനുള്ള പട്ടിക തയ്യാറാക്കിയിട്ടില്ല

<u>ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിത ഭവനരഹിതർ</u>

| | |
|---|---|
| കോതമംഗലം മുനിസിപ്പാലിറ്റി | 423 |
| കവളങ്ങാട് | 299 |
| കീരംപാറ | 278 |
| കോട്ടപ്പടി | 120 |
| കുട്ടമ്പുഴ | 196 |
| നെല്ലിക്കുഴി | 716 |
| പല്ലാരിമംഗലം | 99 |
| പിണ്ടിമന | 159 |
| വാരപ്പെട്ടി | 122 |
| ആകെ | 2412 |

<u>ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഭവനരഹിതർ</u>

| | |
|---|---|
| കോതമംഗലം മുനിസിപ്പാലിറ്റി | 94 |
| കവളങ്ങാട് | 162 |
| കീരംപാറ | 98 |
| കോട്ടപ്പടി | 70 |
| കുട്ടമ്പുഴ | 431 |
| നെല്ലിക്കുഴി | 618 |
| പല്ലാരിമംഗലം | 43 |
| പിണ്ടിമന | 113 |
| വാരപ്പെട്ടി | 80 |
| ആകെ | 1709 |

(ബി & സി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു*.

(ഡി) ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ട അർഹരായ എല്ലാ ഗുണഭോക്താക്കളുടെയും അപേക്ഷകൾ സ്വീകരിച്ച് നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വാമനപുരം നിയോജകമണ്ഡലത്തിലെ ലൈഫ് പദ്ധതി

117 (1619) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ ലൈഫ് പദ്ധതിയുടെ വിവിധ ഘട്ടങ്ങളുടെ പുരോഗതി പഞ്ചായത്തടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) ലൈഫ് പദ്ധതിയുടെ 1,2,3 ഘട്ടങ്ങൾ ഓരോ പഞ്ചായത്തിലും എത്ര വീതം പൂർത്തീകരിച്ചുവെന്ന് വിശദമാക്കാമോ;

(സി) എത്ര വീടുകൾ പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ടെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വിശദീകരിക്കാമോ?

ഉത്തരം

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ ലൈഫ് ഒന്നാംഘട്ടത്തിൽ ഉൾപ്പെട്ട വീടുകളുടെയും രണ്ടാംഘട്ടത്തിൽ ഉൾപ്പെട്ട വീടുകളുടെയും പുരോഗതി പഞ്ചായത്ത് അടിസ്ഥാനത്തിൽ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ലൈഫ് പദ്ധതിയുടെ 1,2,3 ഘട്ടങ്ങളിൽ ഓരോ പഞ്ചായത്തിലും പൂർത്തീകരിച്ച വീടുകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) അനുബന്ധം (4) ആയി ചേർത്തിരിക്കുന്നു*.

## പട്ടാമ്പി മണ്ഡലത്തിലെ ലൈഫ് പദ്ധതി അപേക്ഷകൾ

118 (1620) ശ്രീ. മുഹമ്മദ് മുഹസിൻ പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ ലൈഫ് പദ്ധതി പ്രകാരം വീടിനായി ലഭിച്ചിട്ടുള്ള അപേക്ഷകരുടെ എണ്ണം പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) നിലവിൽ എത്ര പേരുടെ അപേക്ഷകൾ പരിഗണിച്ചിട്ടുണ്ട് ; പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ)

| ഗ്രാമപഞ്ചായത്തിന്റെ പേര് | ലൈഫ് പദ്ധതി പ്രകാരം വീടിനായി ലഭിച്ചിട്ടുള്ള അപേക്ഷകളുടെ എണ്ണം |
|---|---|
| കൊപ്പം | 176 |
| കുലുക്കല്ലൂർ | 232 |
| മുതുതല | 510 |
| ഓങ്ങല്ലൂർ | 623 |
| തിരുവേഗപ്പുറ | 358 |
| വിളയൂർ | 341 |
| വല്ലപ്പുഴ | 82 |
| പട്ടാമ്പി നഗരസഭ | 107 |
| ആകെ | 2429 |

(ബി)

| ഗ്രാമപഞ്ചായത്തിന്റെ പേര് | നിലവിൽ പരിഗണിച്ച അപേക്ഷകളുടെ എണ്ണം |
|---|---|
| കൊപ്പം | 45 |
| കുലുക്കല്ലൂർ | 58 |
| മുതുമല | 74 |
| ഓങ്ങല്ലൂർ | 121 |
| തിരുവേഗപ്പുറ | 94 |
| വിളയൂർ | 59 |
| വല്ലപ്പുഴ | 37 |
| പട്ടാമ്പി നഗരസഭ | 96 |
| ആകെ | 584 |

## വികലാംഗരായ കോളനി നിവാസികളുടെ പുനരധിവാസം

119 (1621) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ ഭൂരഹിതരും ഭവനരഹിതരും വികലാംഗരുമായ കോളനി നിവാസികൾക്ക് വീടുകൾ നിർമ്മിച്ചുനൽകി പുനരധിവസിപ്പിക്കുന്നതിനായി മുൻസർക്കാരിന്റെ കാലത്ത് നഗരകാര്യ വകുപ്പിന് കൈമാറിയിരുന്ന മുട്ടത്തറയിലെ രണ്ടേക്കർ സ്ഥലത്ത് ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ഭൂമി നഗരസഭയ്ക്ക് കൈമാറുന്നത് സംബന്ധിച്ച നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(സി) ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി ഭവനരഹിതരും വികലാംഗരുമായ കോളനി നിവാസികൾക്ക് വീടുകൾ നിർമ്മിച്ച നൽകണമെന്നാവശ്യപ്പെട്ട് സർക്കാരിന് സമർപ്പിച്ച നിവേദനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ-സി) തിരുവനന്തപുരം ജില്ലയിൽ മുട്ടത്തറയിൽ ഭൂരഹിതരും ഭവനരഹിതരുമായ വികലാംഗരായ കോളനി നിവാസികൾക്ക് ഭവനം നിർമ്മിക്കുന്നതിനായി നഗരകാര്യ വകുപ്പിന് അനുവദിച്ച ഭൂമി തിരുവനന്തപുരം നഗരസഭയ്ക്ക് കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ടി സ്ഥലം നഗരസഭയ്ക്ക് കൈമാറിക്കിട്ടുന്ന മുറയ്ക്ക് വികലാംഗരായ കോളനി നിവാസികളെ ലൈഫ് മിഷൻ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തി ഭവനം നിർമ്മിച്ചുനൽകുന്നതാണ്.

## മാനന്തവാടി മണ്ഡലത്തിൽ ലൈഫ് മിഷൻ പ്രകാരംഅനുവദിച്ച വീടുകൾ

120 (1622) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതി പ്രകാരം മാനന്തവാടി മണ്ഡലത്തിൽ ആകെ എത്ര വീടുകളാണ് അനുവദിച്ചിട്ടുള്ളത്;

(ബി) ഇത്തരത്തിൽ അനുവദിച്ച വീടുകളുടെ എണ്ണം പഞ്ചായത്ത്/ മുനിസിപ്പാലിറ്റി തിരിച്ച് വ്യക്തമാക്കാമോ;

(സി) ലൈഫ് മിഷൻ പദ്ധതി പ്രകാരം മാനന്തവാടി മണ്ഡലത്തിൽ പണി പൂർത്തിയായ വീടുകളുടെ എണ്ണം പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) മാനന്തവാടി മണ്ഡലത്തിൽ ലൈഫ് ഭവനപദ്ധതിയിലെ രണ്ടാം ഘട്ടത്തിൽ 1589 വീടുകളാണ് അനുവദിച്ചിട്ടുള്ളത്.

(ബി & സി) വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ. നമ്പർ | പഞ്ചായത്ത് | അനുവദിച്ച വീടുകളുടെ എണ്ണം | പൂർത്തീകരിച്ച വീടുകളുടെ എണ്ണം |
|---|---|---|---|
| 1 | പനമരം | 187 | 6 |
| 2 | എടവക | 374 | 33 |
| 3 | തവിഞ്ഞാൽ | 282 | 26 |
| 4 | തിരുനെല്ലി | 384 | 21 |
| 5 | വെള്ളമുണ്ട | 144 | 11 |
| 6 | തൊണ്ടർനാട് | 218 | 42 |
| 7 | മാനന്തവാടി മുനിസിപ്പാലിറ്റി | 276 | 215 |
| | ആകെ | 1865 | 354 |

**പെരിന്തൽമണ്ണ മണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതി**

121 (1623) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തുന്നതിനായി നാളിതുവരെ തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ വിവരം മുനിസിപ്പാലിറ്റി/പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ബി) ഈ മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയിൻകീഴിൽ ആകെ എത്ര ഭവനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്; നാളിതുവരെ നിർമ്മാണം ആരംഭിക്കാത്ത എത്ര കെട്ടിടങ്ങളുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തുന്നതിനായി നാളിതുവരെ തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ വിവരവും പൂർത്തീകരിച്ച വീടുകളുടെ വിവരവും നാളിതുവരെ നിർമ്മാണം ആരംഭിക്കാത്ത കെട്ടിടങ്ങളുടെ വിവരവും ചുവടെ ചേർക്കുന്നു.

| Local Body | Total Eligible beneficiary | Total Agreement executed beneficiary | Completed | Not started |
|---|---|---|---|---|
| Perinthalmanna Municipality | 1304 | 855 | 84 | - |
| Aliparamba | 58 | 43 | 21 | |
| Elemkulam | 59 | 52 | 17 | 1* |
| Melattur | 36 | 30 | 24 | |
| Thazhekode | 58 | 55 | 23 | |
| Vattathur | 17 | 15 | 12 | |
| Pulamanthole | 229 | 215 | 26 | 5** |
| Total | 1761 | 1265 | 207 | 6 |

* ഏലംകുളം ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താവിന് ഭവന നിർമ്മാണത്തിന് താൽപ്പര്യമില്ലെന്ന് തദ്ദേശഭരണ സ്ഥാപനത്തെ അറിയിച്ചിട്ടുണ്ട്.

** പുലാമന്തോൾ ഗ്രാമപഞ്ചായത്തിൽ 5 ഗുണഭോക്താക്കളും നെൽവയൽ തണ്ണീർത്തട പ്രാദേശിക സമിതിയുടെ പരിഗണനയിലാണ്. അനുമതി ലഭിക്കുന്നമുറയ്ക്ക് ഭവനനിർമ്മാണം ആരംഭിക്കുന്നതാണ്.

## എല്ലാവർക്കും വീട്

122 (1624) ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷം എല്ലാവർക്കും വീട് നിർമ്മിക്കാനുള്ള പദ്ധതിയുടെ ഭാഗമായി പൂർണ്ണമായും ഭാഗികമായും എത്ര വീടുകൾ നിർമ്മിക്കാൻ കഴിഞ്ഞുവെന്ന് ജില്ലതിരിച്ച് വെളിപ്പെടുത്തുമോ;

(ബി) ഓരോ വീടും പൂർണ്ണമായി നിർമ്മിക്കാൻ എത്ര രൂപയാണ് സഹായം നൽകുന്നതെന്നും ഇതിൽ സംസ്ഥാന സർക്കാരിന്റെയും ത്രിതല പഞ്ചായത്തുകളുടെയും സഹായം എത്ര രൂപ വീതമാണെന്നും വെളിപ്പെടുത്തുമോ;

(സി) ഈ ആവശ്യത്തിലേക്കായി സംസ്ഥാന സർക്കാരിൽ നിന്നും 2018-19 ൽ എത്ര കോടി രൂപ സഹായമായി നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) പി.എം.എ.വൈ പദ്ധതിയിൽ 2018-19 ൽ കേരളത്തിന് എത്ര വീടുകൾ അനുവദിച്ചുവെന്നും ഇതിലേക്കായി എത്രകോടി രൂപ കേന്ദ്ര സഹായം ലഭിച്ചുവെന്നും അറിയിക്കുമോ ?

ഉത്തരം

(എ) ലൈഫ് ഭവന പദ്ധതിയിൽ 2018-19 സാമ്പത്തിക വർഷത്തിൽ 86192 ഗുണഭോക്താക്കൾ തദ്ദേശഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെടുകയും 17036 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 69156 വീടുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) ഓരോ വീടിനും നാല് ലക്ഷം രൂപയാണ് ധനസഹായമായി നൽകുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം (20%), സംസ്ഥാന സർക്കാർ വിഹിതം, ഹഡ്കോ മുഖേനയുള്ള ലോൺ വിഹിതം എന്നീ ഫണ്ടുകളാണ് ഭവന പദ്ധതിക്കായി ഉപയോഗിക്കുന്നത്. തദ്ദേശഭരണ സ്ഥാപന വിഹിതമായി (ജില്ല/ബ്ലോക്ക്/ഗ്രാമപഞ്ചായത്ത്) 80,000 രൂപ വീതവും സംസ്ഥാന വിഹിതമായി ഒരു ലക്ഷം രൂപ വീതവും ഹഡ്കോ മുഖേനയുള്ള ലോൺ വിഹിതമായി 2.20 ലക്ഷം രൂപയുമാണ് ഭവന പദ്ധതിക്കായി ഓരോ ഗുണഭോക്താവിനും നൽകുന്നത്.

(സി) 2018-19 സാമ്പത്തിക വർഷത്തിൽ സംസ്ഥാന സർക്കാരിൽനിന്നും ധനസഹായം ലഭ്യമായിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) 2018-19 സാമ്പത്തിക വർഷം പി.എം.എ.വൈ (ജി) പദ്ധതിയിൽ സംസ്ഥാനത്തിന് കേന്ദ്ര സർക്കാർ വീടുകളൊന്നും അനുവദിച്ചിട്ടില്ല. ടി വർഷം കേന്ദ്ര വിഹിതം പി.എം.എ.വൈ (ജി) വീടുകൾക്ക് അനുവദിച്ചിട്ടില്ലാത്തതുമാണ്.

**ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് അനുമതി**

123 (1625) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന സ്കീമിൽ 27-2-2016 -ൽ ഭരണാനുമതിയായ തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ 16 പ്രദേശങ്ങളിൽ പരിസ്ഥിതി സൗഹാർദ്ദ ബസ് കാത്തിരിപ്പുകേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചുവെങ്കിലും നഗരസഭയിൽനിന്നും ഇതുവരെ അനുമതി ലഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നഗരസഭയിൽ നിന്നും അനുമതി ലഭ്യമാക്കുന്നതിനാവശ്യമായ അടിയന്തര നിർദ്ദേശം നൽകുമോ; വിശദമാക്കുമോ;

(സി) തിരുവനന്തപുരം ലോക്സഭാ മണ്ഡലത്തിന് പുറത്തുള്ള എം. പി.യുടെ ഫണ്ടിൽ നിന്നും ബസ് കാത്തിരിപ്പു കേന്ദ്രം നിർമ്മിക്കുന്നതിന് നഗരസഭ അനുമതി നൽകിയിട്ടും ബസ് കാത്തിരിപ്പുകേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതിയും അനുമതി ആവശ്യപ്പെട്ടുള്ള പ്രൊപ്പോസലുകളും നഗരസഭയുടെ പരിഗണന യിലുണ്ടായിട്ടും ഇവ നിർമ്മിക്കുന്നതിന് നഗരസഭ അനുമതി നൽകാത്തതിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**പള്ളുരുത്തിയിൽ നൈറ്റ് ഷെൽട്ടർ**

124 (1626) ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നഗരസഭയുടെ പള്ളുരുത്തി മേഖല 16-ാം ഡിവിഷൻ നഗരസഭാ വക സ്ഥലത്ത് എൻ.യു.എൽ.എം മുഖേന നൈറ്റ് ഷെൽട്ടർ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനായി ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയാണ് ഡി.പി.ആർ തയ്യാറാക്കിയിട്ടുള്ളത്; പ്രസ്തുത ഡി.പി.ആർ -മേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ;

(സി) ഈ പദ്ധതിയുടെ പ്രാഥമിക നടപടിയായി ഡി.പി.ആർ തയ്യാറാക്കുന്നതിന് കൗൺസിൽ അംഗീകാരം നൽകിയത് എന്നാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പദ്ധതി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ഇ) എത്ര സെന്റ് സ്ഥലമാണ് ഇതിനായി വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്

(ബി) ഡി.പി.ആർ. തയ്യാറാക്കിയിട്ടില്ല.

(സി & ഡി) 17-10-2017.

(ഇ) Coastal Regulation Zone Clearance ലഭിക്കുന്നമുറയ്ക്ക് ഡി.പി.ആർ. തയ്യാറാക്കി പദ്ധതി ആരംഭിക്കാൻ സാധിക്കും.

(എഫ്) കൊച്ചി കോർപ്പറേഷനിലെ പള്ളുരുത്തി മേഖല 16-ാം ഡിവിഷനിലെ കോർപ്പറേഷൻവക 50 സെന്റ് സ്ഥലമാണ് ഈ പദ്ധതിക്കായി വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നത്.

**പി.എം.ജി.എസ്.വൈ.**

125 (1627) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ ഐ.എ.വൈ. പദ്ധതി പ്രകാരമുള്ള അക്കൗണ്ടിലെ ബാക്കിയുള്ള തുകയായ 1,57,23,261 രൂപ പ്രളയത്തിൽ തകർന്ന വീടുകൾക്കും റോഡുകൾക്കും നൽകുന്നതിനുള്ള അനുവാദത്തിനായി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) ഇത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടികളും ഫയലിന്റെ നിലവിലെ അവസ്ഥയും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ ഐ.എ.വൈ.-യുടെ പ്ലാൻ ഫണ്ട് അക്കൗണ്ടിൽ 31-8-2018-ൽ 1,57,23,261 രൂപ നീക്കിയിരുപ്പുണ്ടായിരുന്നു. ഇതിൽ ചെലവഴിക്കാൻ സാദ്ധ്യതയില്ലാത്ത 64,15,934 രൂപ കാലവർഷക്കെടുതിയിൽ വീട് തകർന്നവർക്ക് വീട് റിപ്പെയർ ചെയ്യുന്നതിന് ഉപയോഗിക്കാൻ അനുമതി നൽകണമെന്ന ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യം

5-2-2019-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കുകയും പ്രളയത്തിൽ തകർന്ന വീടുകൾ റിപ്പെയർ ചെയ്യുന്നതിന് മറ്റ് സോഴ്സിൽ നിന്ന് ധനസഹായം നൽകുന്നതിനാൽ അനുമതി നിരസിക്കുകയും ചെയ്തിട്ടുണ്ട്.

**മൂർക്കനാട്ട് മിൽമയുടെ സംസ്കരണശാല നിർമ്മാണം**

126 (1628) ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ മൂർക്കനാട്ട് ഗ്രാമപഞ്ചായത്തിലെ മിൽമയുടെ സംസ്കരണശാല നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലം അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള പുറമ്പോക്ക് ഭൂമി മിൽമക്ക് നൽകുന്നതിനുള്ള നിയമസാധുത പരിശോധിച്ച് നിയമ വകുപ്പ് റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ഡി) ഭൂമി കൈമാറ്റം ത്വരിതപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) പൂർത്തിയായിട്ടില്ല.

(ബി) ഉണ്ട്.

(സി&ഡി) മിൽമ സംസ്കരണശാലയ്ക്ക് വിട്ടുകൊടുക്കാൻ ആവശ്യപ്പെട്ടിരിക്കുന്ന ഭൂമി 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 218-ാം വകുപ്പുപ്രകാരം മൂർക്കനാട്ട് ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ പുഴ പുറമ്പോക്കാണ്. ഇത്തരത്തിലുള്ള ഭൂമി കൈമാറ്റം ചെയ്യാൻ വ്യവസ്ഥയില്ലാത്തതാണ്. എന്നാൽ 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 8(1) പ്രകാരം ഒരു പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള പുറമ്പോക്ക് ഭൂമി പാട്ടത്തിന് നൽകാവുന്നതാണെന്ന നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച ഗ്രാമപഞ്ചായത്തിന്റെ തീരുമാനവും ആവശ്യമായ റിപ്പോർട്ടിന്റെ പകർപ്പുകളും ലഭ്യമാക്കാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് 6-6-2019-ൽ പ്രസ്തുത റിപ്പോർട്ട് സർക്കാരിലേയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ച് നടപടി സ്വീകരിച്ചുവരുന്നു.

## കുടുംബശ്രീ വഴി ഉപജീവന സംരംഭങ്ങൾ

127 (1629) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തീരദേശ മത്സ്യത്തൊഴിലാളി മേഖലയിൽ കുടുംബശ്രീ വഴി എത്ര ഉപജീവന സംരംഭങ്ങൾ ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ചിട്ടുണ്ടെന്നും ഇതുവഴി എത്ര കുടുംബങ്ങൾ വരുമാനമാർഗ്ഗം കണ്ടെത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

തീരദേശ മൈക്രോ എന്റർപ്രൈസസ് പദ്ധതിയുടെ ഭാഗമായി 2018-19-ൽ കുടുംബശ്രീയുടെ 241 സൂക്ഷ്മ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ 141 വ്യക്തിഗത സൂക്ഷ്മസംരംഭങ്ങളും 98 ഗ്രൂപ്പ് സംരംഭങ്ങളുമാണ്. ഇതുവഴി 652 തീരദേശ അയൽക്കൂട്ട കുടുംബങ്ങൾക്ക് വരുമാനമാർഗ്ഗം കണ്ടെത്താൻ സാധിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ ഭാഗമായി മാർച്ച് 2019 വരെ 2.4 കോടി രൂപ മൂലധന സബ്സിഡിയായി സംരംഭങ്ങൾ ആരംഭിക്കുന്നതിനായി വിതരണം ചെയ്തിട്ടുണ്ട്.

## കുടുംബശ്രീ ഉല്പന്നങ്ങളുടെ വിപണനം

128 (1630) ശ്രീമതി വീണാ ജോർജ്ജ്:
പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ ശാക്തീകരണത്തിനായി ഈ സർക്കാർ നടപ്പിലാക്കി വരുന്ന നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) കുടുംബശ്രീ ഉല്പന്നങ്ങൾ ഇടനിലക്കാരില്ലാതെ വിപണിയിൽ എത്തിക്കുന്നതിനായി നാട്ടുചന്തകൾ സ്ഥാപിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) കുടുംബശ്രീ ഉല്പന്നങ്ങൾക്ക് കൂടുതൽ വിപണി കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) കുടുംബശ്രീ ഉല്പന്നങ്ങൾ ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിന് ഇ-കൊമേഴ്സ് പോർട്ടൽ പ്രവർത്തിക്കുന്നുണ്ടോ; വിശദവിവരം നൽകുമോ?

ഉത്തരം

(എ) കുടുംബശ്രീ മുഖേന നടപ്പാക്കുന്ന പ്രധാന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) കുടുംബശ്രീ ഉല്പന്നങ്ങൾക്ക് ഇടനിലക്കാരില്ലാതെ വിപണി ഒരുക്കുന്നതിനായി എല്ലാ ബ്ലോക്കുകളിലും നാട്ടുചന്തകൾ സംഘടിപ്പിച്ചുവരുന്നു. 152 ബ്ലോക്കുകളിലായി 452 നാട്ടുചന്തകളാണ് സംഘടിപ്പിച്ചുവരുന്നത്. 2017 ഒക്ടോബർ മുതലാണ് നാട്ടുചന്തകൾ ആരംഭിച്ചത്. നാളിതുവരെ 19138 ചന്തകൾ സംഘടിപ്പിക്കുകയും 15.47 കോടി രൂപയുടെ വില്പന നടത്തുകയും ചെയ്തു.

(സി) കുടുംബശ്രീ ഉല്പന്നങ്ങൾ വലിയ തോതിൽ വിപണനം ചെയ്യുന്നതിനായി മാസച്ചന്തകൾ, ട്രേഡ് ഫെയറുകൾ, സരസ്സ് മേളകൾ, ഓണച്ചന്ത തുടങ്ങിയ പാരമ്പര്യ കുടുംബശ്രീ വിപണന മാർഗ്ഗങ്ങൾക്കുപുറമേ 541 നാനോ മാർക്കറ്റുകൾ (പൊതു സ്ഥലങ്ങളിലും വിപണന സാദ്ധ്യതയുള്ള ഓഫീസുകൾ, സൂപ്പർ മാർക്കറ്റുകൾ എന്നിവിടങ്ങളിലും കുടുംബശ്രീ ഉൽപന്നങ്ങൾ പ്രദർശിപ്പിക്കാനും വിപണനം ചെയ്യാനും സ്ഥാപിച്ചിട്ടുള്ള ഷെൽഫുകൾ), കിയോസ്കുകൾ (വിനോദസഞ്ചാര കേന്ദ്രങ്ങൾ, മറ്റ് വിപണന സാദ്ധ്യതയുള്ള സ്ഥലങ്ങൾ എന്നിവിടങ്ങളിൽ കുടുംബശ്രീ സ്ഥാപിക്കുന്നതും സി.ഡി.എസ്.-ന്റെ ഉടമസ്ഥതയിലുള്ളതുമായ സ്ഥിരവിപണന കേന്ദ്രങ്ങൾ), കുടുംബശ്രീ ബസാർ (ജില്ലാ ആസ്ഥാനങ്ങളിൽ ജില്ലയിലെ പ്രാപ്തരായ എല്ലാ സംരംഭകരുടെ ഉല്പന്നങ്ങളെയും പ്രദർശിപ്പിച്ച് വിപണനം ചെയ്യാൻ കഴിയുന്ന സ്ഥിര വിപണനകേന്ദ്രങ്ങൾ അഥവാ സൂപ്പർ മാർക്കറ്റുകൾ-വയനാട്, പത്തനംതിട്ട ജില്ലകളിലെ പ്രവർത്തനം ആരംഭിച്ചു. മറ്റ് ജില്ലകളിൽ പ്രവർത്തനം പുരോഗമിക്കുന്നു.) ഓൺലൈൻ മാർക്കറ്റിംഗ് (കേരളത്തിനകത്തും പുറത്തുമുള്ള ഉപഭോക്താക്കൾക്കായി കുടുംബശ്രീ പോർട്ടൽ, ആമസോൺ എന്നീ നൂതന മാർഗ്ഗങ്ങളിലും കുടുംബശ്രീ ഉൽപന്നങ്ങൾ വിപണനം ചെയ്തുവരുന്നു) എന്നിവ കൂടാതെ ഹോർട്ടികോർപ്പ്, സപ്ലൈകോ, കൺസ്യൂമർഫെഡ്, അഗ്രോ ഹൈപ്പോ ബസാർ എന്നിവിടങ്ങളിലും കുടുംബശ്രീ ഉൽപ്പന്നങ്ങൾ വിപണനം ചെയ്തുവരുന്നു. കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഹോംഷോപ്പ് എന്ന പേരിൽ ഡോർ ടു ഡോർ ഉൽപന്ന വിപണനവും വിജയകരമായി നടന്നുവരുന്നു. തെരഞ്ഞെടുത്ത മികച്ച ഉല്പന്നങ്ങൾ പൊതുവിപണിയിലെത്തിക്കാനായി ഡിസ്ട്രിബ്യൂട്ടർമാരെയും വിപണനം മെച്ചപ്പെടുത്തുന്നതിന് ഫ്രണ്ട് ലൈൻ സെയിൽസ് ടീമിനെയും നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) കുടുംബശ്രീ ഉല്പന്നങ്ങൾ ഓൺലൈനായി വിപണനം ചെയ്യുന്നതിനായി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

www.kudumbashreebazar.com എന്ന പേരിൽ ഇ-കൊമേഴ്സ് പോർട്ടൽ 2018 മുതൽ പ്രവർത്തിച്ചുവരുന്നു. ജില്ലകളിലെ ഏറ്റവും മികച്ച ഉല്പന്നങ്ങൾ തെരഞ്ഞെടുത്ത് സംസ്ഥാന മിഷൻ വിശദവിവരങ്ങൾ സഹിതം പോർട്ടലിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ഇത്തരത്തിൽ 198 സംരംഭകരുടെ 629 ഉല്പന്നങ്ങളാണ് പോർട്ടലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഇതിനുപുറമേ ആഗോള ഓൺലൈൻ വിപണിയിലെ പ്രധാന സ്ഥാപനമായ ആമസോണിന്റെ ഇ-കൊമേഴ്സ് പോർട്ടലിലും കുടുംബശ്രീ ഉല്പന്നങ്ങൾ വിപണനത്തിനായി ലഭ്യമാക്കിയിട്ടുണ്ട്.

## കുടുംബശ്രീയുടെ ഇരുപതിന പദ്ധതികൾ

129 (1631) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുടുംബശ്രീയുടെ ഇരുപതാം വാർഷികം പ്രമാണിച്ച് 2018-19-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഇരുപത് ഇന പദ്ധതികൾ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

കുടുംബശ്രീ 20-ാം വാർഷികം പ്രമാണിച്ച് 2018-19-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 20 ഇന പദ്ധതികൾ നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടികളും വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു*.

## കാലവർഷത്തിനു മുന്നോടിയായുള്ള ശുചീകരണ പ്രവർത്തനങ്ങൾ

130 (1632) ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷത്തിനു മുന്നോടിയായുള്ള ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഈ വർഷം എന്തു തുകയാണ് അനുവദിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വിശദീകരിക്കാമോ;

(ബി) മഴക്കാലത്തെ പകർച്ചവ്യാധികൾ പടരുന്നത് തടയുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് ആരോഗ്യവകുപ്പുമായി ചേർന്ന് സ്വീകരിച്ച മുൻകരുതൽ നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഗ്രാമപഞ്ചായത്തുകളിലെ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി ശുചിത്വ കേരളം (റൂറൽ) ശീർഷകത്തിൽ 1597 ലക്ഷം രൂപയുടെയും ശുചിത്വ കേരളം (അർബൻ) ശീർഷകത്തിൽ നഗരസഭകളിലെ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി 395 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്.

2-5-2019-ലെ 100/ഡിസി1/2019/തസ്വഭവ. നമ്പർ സർക്കുലർ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ 2019-ലെ ആരോഗ്യ ജാഗ്രതാ-പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ "ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യ മുക്ത പരിസരം' എന്ന പേരിൽ ക്യാമ്പയിനായി നടപ്പിലാക്കുന്നതിനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. ഇതിന്റെ ഭാഗമായി മാലിന്യസംസ്കരണ-ശുചീകരണ പ്രവർത്തനങ്ങളും കൊതുകുനിവാരണ പ്രവർത്തനങ്ങളും നടന്നുവരുന്നു.

ഹരിത കേരളം മിഷൻ, ശുചിത്വ മിഷൻ, കില, കുടുംബശ്രീ, ആരോഗ്യ വകുപ്പ് എന്നിവരുടെ സംയുക്ത നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും കുട്ടികൾ മുഖേന സമൂഹത്തിൽ ശുചിത്വ സംസ്കാരം രൂപപ്പെടുത്തുന്നതിനുമായി "പെൻസിൽ" എന്ന പേരിൽ സ്റ്റുഡന്റ്സ് ക്യാമ്പയിൻ (കുട്ടികളുടെ അവധിക്കാല ശുചിത്വ ക്യാമ്പ്) നടത്തുകയും ചെയ്തിട്ടുണ്ട്.

(ബി) മഴക്കാലത്തെ പകർച്ചവ്യാധികൾ പടരുന്നത് തടയുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് ആരോഗ്യവകുപ്പുമായി ചേർന്ന് സ്വീകരിച്ച മുൻകരുതൽ നടപടികൾ ചുവടെ ചേർക്കുന്നു:

- മഴക്കാലത്തെ പകർച്ചവ്യാധികൾ പടരുന്നത് തടയുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പും ആരോഗ്യവകുപ്പും ചേർന്ന് ആരോഗ്യ ജാഗ്രതാ ഗൃഹസന്ദർശനം
- രോഗ പ്രതിരോധ അവസ്ഥാ നിർണ്ണയം.
- മാർക്കറ്റുകൾ, സ്ഥാപനങ്ങൾ, പൊതു സ്ഥലങ്ങൾ എന്നിവ ശുചീകരിച്ച് ആരോഗ്യ ജാഗ്രതാ പ്രവർത്തനങ്ങൾ
- വാർഡുതല ആരോഗ്യ ജാഗ്രതാ ബോധവത്കരണ പ്രതിരോധ പ്രവർത്തനങ്ങൾ ഗാർഹിക/സ്ഥാപന/പൊതുതലങ്ങളിൽ നടപ്പിലാക്കൽ
- എല്ലാ സർക്കാർ സ്വകാര്യ സ്ഥാപനങ്ങളിലും ആരോഗ്യ ജാഗ്രതാ പാലനം വിലയിരുത്തൽ

- ആരോഗ്യ ജാഗ്രത ബോധവത്കരണ പ്രവർത്തനങ്ങൾ
- സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിലും ഉത്സവങ്ങളിലും പൊതു പരിപാടികളിലും ഭവനങ്ങളിലും ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കൽ
- മാർക്കറ്റുകൾ, വ്യാപാര സ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയവയിൽ പ്രത്യേക ഇടപെടലുകൾ
- കഴിഞ്ഞ കാലങ്ങളിൽ ഡെങ്കി/മലമ്പനി ബാധിത പ്രദേശങ്ങളിൽ/കൊതുകുസാന്ദ്രത കൂടിയ സ്ഥലങ്ങൾ/മറ്റ് സ്ഥലങ്ങൾ എന്നിവിടങ്ങളിൽ കൊതുകുകൾ പെരുകുന്നതിനെതിരെ പ്രത്യേകം ഇടപെടലുകൾ
- ജലക്ഷാമമുള്ള സ്ഥലങ്ങളിൽ ജലം സുരക്ഷിതമായി അടച്ചുവയ്ക്കാനും മറ്റുമുള്ള നിർദ്ദേശം നൽകൽ.

### ക്ഷേമപെൻഷനുകൾക്കുള്ള മാനദണ്ഡങ്ങൾ

131 (1633) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗ്രാമപഞ്ചായത്തുകൾ മുഖേന നടപ്പിലാക്കി വരുന്ന വിവിധ ക്ഷേമപെൻഷനുകൾക്ക് അർഹരാകുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

<u>ഉത്തരം</u>

അനുബന്ധമായി ചേർക്കുന്നു*.

### വേസ്റ്റ് ടു എനർജി പ്ലാന്റ്

132 (1634) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഞെളിയൻപറമ്പിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന വേസ്റ്റ് ടു എനർജി പ്ലാന്റിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികൾ സംബന്ധിച്ച വിശദവിവരങ്ങൾ നൽകാമോ;

(സി) പ്രസ്തുത പ്ലാന്റ് എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ കഴിയും എന്ന് അറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ-സി) കോഴിക്കോട് ജില്ലയിലെ ഞെളിയൻപറമ്പിൽ വേസ്റ്റ് ടു എനർജി പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള ആഗോള ടെണ്ടർ 2018 ജൂൺ മാസത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. പ്ലാന്റിൽനിന്നും ഉൽപാദിപ്പിക്കുന്ന വൈദ്യുതിക്ക് നൽകേണ്ട താരിഫ് റേറ്റിനെ അടിസ്ഥാനമാക്കിയാണ് ടെണ്ടറുകൾ സമർപ്പിക്കേണ്ടിയിരുന്നത്. ടെണ്ടർ നടപടികളുടെ ഭാഗമായി നടന്ന പ്രീ ബിഡ് മീറ്റിംഗിൽ ഒമ്പതു കമ്പനികളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തിരുന്നു. മീറ്റിംഗിൽ പങ്കെടുത്ത ഭൂരിഭാഗം കമ്പനികളും ആവശ്യപ്പെട്ടതനുസരിച്ച് ടെണ്ടറുകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി നീട്ടിനൽകിയെങ്കിലും പദ്ധതിക്കായി ഒരു കമ്പനിയിൽനിന്നും ടെണ്ടറുകൾ ലഭ്യമായില്ല.

ഈ സാഹചര്യത്തിൽ വേസ്റ്റ് ടു എനർജി പ്ലാന്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സ്വകാര്യ പങ്കാളിയെ തെരഞ്ഞെടുക്കുന്നതിനുള്ള ആർ.എഫ്.പി. ഡോക്യുമെന്റിൽ ഭേദഗതികൾ വരുത്താൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതല ഉപദേശക സമിതി തീരുമാനിച്ചതനുസരിച്ച് ഒരു ടൺ ഖരമാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നതിന് കമ്പനിക്ക് നൽകേണ്ട ടിപ്പിംഗ് ഫീസ് ടെണ്ടറുകൾ സമർപ്പിക്കുന്നതിനുള്ള അടിസ്ഥാനമായി തീരുമാനിച്ചു.

22-11-2018-ലെ സ.ഉ.(കൈ) 174/2018/തസ്വഭവ. സർക്കാർ ഉത്തരവിലൂടെ പുതുക്കിയ ആർ.എഫ്.പി. ഡോക്യുമെന്റിന് സർക്കാർ അംഗീകാരം നൽകുകയും കോഴിക്കോട് ജില്ലയിൽ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ വീണ്ടും പ്രസിദ്ധപ്പെടുത്തുകയും ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന M/s Zonda Infratec Pvt. Ltd. എന്ന സ്ഥാപനം പദ്ധതിക്കായി ടെണ്ടർ സമർപ്പിക്കുകയും ചെയ്തു. ഒരു ടൺ മാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നതിന് 3863 രൂപയാണ് കമ്പനി ക്വാട്ട് ചെയ്തത്. ആയത് നെഗോസിയേഷനിലൂടെ 3500 രൂപ/ടൺ ആയി തീരുമാനിക്കുകയും 14-5-2019-ലെ സ.ഉ.(കൈ) നമ്പർ 50/2019/തസ്വഭവ. സർക്കാർ ഉത്തരവുപ്രകാരം ആയതിന് സർക്കാർ അംഗീകാരം നൽകുകയും ചെയ്തു. സർക്കാർ അംഗീകാരത്തിനനുസൃതമായി മേൽപ്പറഞ്ഞ കമ്പനിയെ പദ്ധതി നടത്തിപ്പിനായി നിയമിക്കുന്നതിനുള്ള നടപടി പുരോഗമിക്കുകയാണ്. പദ്ധതി തുടങ്ങുന്നതിനാവശ്യമായ അനുമതികളും ക്ലിയറൻസുകളും ലഭ്യമായിക്കഴിഞ്ഞാലുടൻതന്നെ പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച് 24 മാസത്തിനുള്ളിൽ പ്ലാന്റ് കമ്മിഷൻ ചെയ്യുന്ന തരത്തിലാണ് പദ്ധതി ആസൂത്രണം ചെയ്യുന്നത്.

## ഖരമാലിന്യ സംസ്കരണം

133 (1635) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഖരമാലിന്യ സംസ്കരണത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ;എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

നടപ്പിലാക്കിയിട്ടുണ്ട്. ഹരിതകേരളം പദ്ധതിയുടെ ഭാഗമായുള്ള ശുചിത്വ മാലിന്യ സംസ്കരണ ക്യാമ്പയിൻ മാർഗ്ഗനിർദ്ദേശങ്ങൾ 15-7-2017-ലെ സ.ഉ. (സാധാ) നമ്പർ 2420/2017/തസ്വഭവ. പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പരമാവധി പൊതുജനപങ്കാളിത്തം ഉറപ്പാക്കി തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽ മാലിന്യ സംസ്കരണം ഉറപ്പാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ഖരമാലിന്യ സംസ്കരണത്തിന് ചുവടെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. ഗാർഹിക/സ്ഥാപന തലങ്ങളിലെ ജൈവമാലിന്യങ്ങൾ പരമാവധി ഉറവിടത്തിൽതന്നെ ഉൽപാദകന്റെ ഉത്തരവാദിത്വത്തിൽ സംസ്കരിക്കുന്ന രീതിയും (വികേന്ദ്രീകൃത ഉറവിട ജൈവ മാലിന്യ സംസ്കരണം) അത് സാദ്ധ്യമാകാത്തിടങ്ങളിൽ കമ്മ്യൂണിറ്റി തല കമ്പോസ്റ്റിംഗ്/ബയോ മെഥനേഷൻ രീതിയും തദ്ദേശസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നു.

2. ചന്തകൾ, അറവുശാലകൾ, കല്യാണമണ്ഡപങ്ങൾ എന്നിവിടങ്ങളിൽ മാലിന്യസംസ്കരണത്തിന് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുക.

3. മാലിന്യത്തെ ജൈവകൃഷിക്ക് അനുയോജ്യമായ വളമാക്കി മാറ്റി വീടുകളിൽത്തന്നെ കൃഷി വ്യാപിപ്പിക്കുകയും ചെയ്യുക.

4. അജൈവ മാലിന്യങ്ങൾ ഹരിത കർമ്മസേനവഴി യൂസർഫീയുടെ അടിസ്ഥാനത്തിൽ വീടുകളിൽനിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച് സംഭരിക്കുന്നതിലേയ്ക്ക് എം.സി.എഫ്. (മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി)കളും എം.സി.എഫിൽ നിന്ന് രണ്ടാംഘട്ട തരംതിരിവിനും, റീസൈക്ലിംഗ് മേഖലയ്ക്ക് കൈമാറുന്നതിനും പുനഃചംക്രമണത്തിന് സാദ്ധ്യത കുറവുള്ള പ്ലാസ്റ്റിക്കുകൾ ഷ്രെഡ്ഡ് ചെയ്യുന്നതിന് ആർ.ആർ.എഫ്.-കളും തദ്ദേശസ്ഥാപനതലത്തിൽ സ്ഥാപിച്ചുവരുന്നു.

5. ഹരിത കർമ്മസേനയ്ക്കാവശ്യമായ സാങ്കേതിക പിന്തുണ നൽകുന്നതിന് 36 ഹരിത സഹായ സ്ഥാപനങ്ങളെ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തെരഞ്ഞെടുത്ത് ഗ്രാമപഞ്ചായത്തുകളും നഗരസഭകളും കരാറിൽ ഏർപ്പെട്ടുവരുന്നു.

6. നഗരമേഖലയിൽ പൊതു ഇടങ്ങളും റോഡുകളും യന്ത്ര സഹായത്തോടെ സ്വീപ്പിംഗ് നടത്തി വൃത്തിയാക്കൽ.

7. കൺസ്ട്രക്ഷനും ഡിമോളിഷനുമായി ബന്ധപ്പെട്ട മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ.

പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ ഒമ്പത് ജില്ലകളിലെ താഴെപ്പറയുന്ന തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ഖരമാലിന്യം സംസ്കരിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്ന കേന്ദ്രീകൃത വേസ്റ്റ് ടു എനർജി പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നയപരമായ തീരുമാനമെടുത്തിട്ടുണ്ട്.

| | |
|---|---|
| തിരുവനന്തപുരം | പെരിങ്ങമ്മല |
| കൊല്ലം | കുരീപ്പുഴ |
| ഇടുക്കി | മൂന്നാർ |
| കൊച്ചി | ബ്രഹ്മപുരം |
| പാലക്കാട് | കഞ്ചിക്കോട് |
| മലപ്പുറം | പാണക്കാട് |
| കോഴിക്കോട് | ഞെളിയംപറമ്പ് |
| തൃശ്ശൂർ | ലാലൂർ |
| കണ്ണൂർ | ചേലോറ |

ഇതിൽ കൊച്ചിയിൽ ബ്രഹ്മപുരത്ത് അത്യാധുനിക ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി കൊച്ചി കോർപ്പറേഷൻ, M/s G.J. Eco Power Pvt. Ltd. എന്ന കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. എൻവയോൺമെന്റൽ ക്ലിയറൻസ്, ബിൽഡിംഗ് പെർമിറ്റ് എന്നിവ ഒഴികെ പ്ലാന്റിനുവേണ്ട എല്ലാ അനുമതികളും ലഭ്യമായിട്ടുള്ളതാണ്.

മൂന്നാറിൽ ഒരു വേസ്റ്റ് ടു എനർജി പ്ലാന്റ് സ്ഥപിക്കുന്നതിന് M/s AG Dauters Waste Processing Pvt. Ltd.-ന് അനുമതി നൽകിയിട്ടുണ്ട്. കോഴിക്കോട് ഞെളിയംപറമ്പിൽ വേസ്റ്റ് ടു എനർജി പ്ലാന്റ് സ്ഥാപിക്കുന്നതിനായി ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന M/s Zonda Infratec Pvt. Ltd. എന്ന കമ്പനിയെ ആഗോള ടെണ്ടറിലൂടെ തെരഞ്ഞെടുത്തിട്ടുണ്ട്.

## കേന്ദ്രീകൃത ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ

134 (1636) <u>ശ്രീ. എം. സ്വരാജ്</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കേന്ദ്രീകൃത ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചു വരുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

സംസ്ഥാനത്ത് എല്ലാ ജില്ലകളിലും കേന്ദ്രീകൃത ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടില്ല. സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മാലിന്യപ്രശ്നം പരിഹരിക്കുന്നതിനായി 11-6-2018-ലെ സ.ഉ. (എം.എസ്.) 82/2018/തസ്വഭവ. നമ്പർ സർക്കാർ ഉത്തരവിലൂടെ ചുവടെ ചേർക്കുന്ന ഏഴ് സ്ഥലങ്ങളിൽ അത്യാധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് അഞ്ച് മെഗാവാട്ട് വരെ വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിയുന്ന ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ നിർമ്മിക്കുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പൊതു-സ്വകാര്യ പങ്കാളിത്ത വ്യവസ്ഥിതിയിൽ Design, Build, Finance, Operate and Transfer (DBFOT) മാതൃകയിലാണ് പ്ലാന്റുകൾ സ്ഥാപിക്കുന്നത്. ഈ പദ്ധതിയുടെ നടത്തിപ്പിനായി കെ.എസ്.ഐ.ഡി.സി.-യെ മേൽപ്പറഞ്ഞ സർക്കാർ ഉത്തരവിലൂടെ നോഡൽ ഏജൻസിയായി നിയമിച്ചിട്ടുണ്ട്.

| ക്രമ. നമ്പർ | സ്ഥലം | ജില്ല | സ്ഥലത്തിന്റെ വിസ്തൃതി |
|---|---|---|---|
| 1 | പെരിങ്ങമ്മല | തിരുവനന്തപുരം | 6.07 ഹെക്ടർ (15 ഏക്കർ) |
| 2 | ലാലൂർ | തൃശ്ശൂർ | 6.07 ഹെക്ടർ (15 ഏക്കർ) |
| 3 | കഞ്ചിക്കോട് | പാലക്കാട് | 6.07 ഹെക്ടർ (15 ഏക്കർ) |
| 4 | ഞെളിയംപറമ്പ് | കോഴിക്കോട് | 5.12 ഹെക്ടർ (12.67 ഏക്കർ) |
| 5 | ചെലോറ | കണ്ണൂർ | 3.93 ഹെക്ടർ (9.7 ഏക്കർ) |
| 6 | കുരീപ്പുഴ | കൊല്ലം | 2.85 ഹെക്ടർ (7.05 ഏക്കർ) |
| 7 | പാണക്കാട് | മലപ്പുറം | 4.04 ഹെക്ടർ (10 ഏക്കർ) |

രണ്ടുവർഷത്തെ നിർമ്മാണ കാലാവധി ഉൾപ്പെടെ 27 വർഷമാണ് പദ്ധതിയുടെ നടത്തിപ്പ് കാലയളവ്. ഒരു ടൺ വേസ്റ്റ് ശേഖരിച്ച് സംസ്കരണശാലയിൽ എത്തിച്ച് സംസ്കരിക്കുന്നതിന് നൽകേണ്ട ടിപ്പിംഗ് ഫീസിനെ അടിസ്ഥാനമാക്കിയാണ് സ്വകാര്യ പങ്കാളികൾ ടെണ്ടറുകൾ

സമർപ്പിക്കേണ്ടത്. പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടത്തിൽ കോഴിക്കോട് ജില്ലയ്ക്കുവേണ്ടിയുള്ള ടെണ്ടർ പ്രസിദ്ധപ്പെടുത്തുകയും ആയതിന് ബാംഗ്ലൂർ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന സോണ്ട ഇൻഫ്രാടെക് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി ആരംഭിക്കുന്നതിന് നിയമപരമായി ആവശ്യമുള്ള അനുമതികളും ക്ലിയറൻസുകളും ലഭ്യമായി കഴിഞ്ഞാലുടൻതന്നെ പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതായിരിക്കും. രണ്ടാംഘട്ടത്തിൽ കണ്ണൂർ, കൊല്ലം, പാലക്കാട് എന്നീ ജില്ലകളിലേയ്ക്കായുള്ള ടെണ്ടർ 2019 ജനുവരി മാസത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. എന്നാൽ മൂന്ന് പദ്ധതികൾക്കും ഒരു ബിഡ് പോലും ലഭിക്കാത്ത സാഹചര്യത്തിൽ റീ ടെണ്ടർ ചെയ്തിട്ടുണ്ട്. മറ്റ് സ്ഥലങ്ങളിൽ ടെണ്ടർ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

കൊച്ചിയിലെ ബ്രഹ്മപുരത്ത് അത്യാധുനിക ഖരമാലിന്യ പ്ലാന്റ് നിർമ്മിക്കുന്നതിനായി M/s G.J Eco Power Pvt. Ltd. എന്ന കമ്പനിയുമായി കൊച്ചി നഗരസഭ കരാറിൽ ഏർപ്പെട്ടിട്ടുള്ളതും ഖരമാലിന്യ പ്ലാന്റിനായി കണ്ടെത്തിയ ഭൂമി പ്ലാന്റ് നിർമ്മിക്കുന്നതിനായി കമ്പനിക്ക് വിട്ടു നൽകിയിട്ടുള്ളതുമാണ്. എൻവയോൺമെന്റൽ ക്ലിയറൻസ്, ബിൽഡിംഗ് പെർമിറ്റ് എന്നിവ ഒഴികെ പ്ലാന്റിന് വേണ്ട മറ്റെല്ലാ അനുമതികളും ലഭ്യമായിട്ടുള്ളതാണ്. ആയത് ലഭിക്കുന്നമുറയ്ക്ക് പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതാണ്.

മൂന്നാറിൽ M/s AG Dauters Waste Processing Pvt. Ltd.-ന്റെ മേൽനോട്ടത്തിൽ ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി 1-2-2019-ൽ സ.ഉ.(എം.എസ്) നമ്പർ 13/2019/തസ്വഭവ. പ്രകാരം ഉത്തരവായിട്ടുണ്ട്. കൂടാതെ സുൽത്താൻബത്തേരിയിൽ നിർമ്മാണം നടന്നുവരുന്ന മാലിന്യ സംസ്കരണ പ്ലാന്റ് താമസംവിനാ കമ്മിഷൻ ചെയ്യുന്നതാണ്.

## ആമയിഴഞ്ചാൻ തോട്ടിലെ മാലിന്യ നിർമ്മാർജ്ജനം

135 (1637) ശ്രീ. വി. എസ്. ശിവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ ബേക്കറി ജംഗ്ഷൻ, തമ്പാനൂർ, പഴവങ്ങാടി ഭാഗങ്ങളിൽ ആമയിഴഞ്ചാൻ തോട്ടിൽ മാലിന്യം നിറഞ്ഞ് ജലത്തിന്റെ ഒഴുക്ക് തടസ്സപ്പെട്ടിരിക്കുന്നതിൽ മാലിന്യ നിർമ്മാർജ്ജനത്തിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ;

(ബി) പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളുടെ മുന്നൊരുക്കങ്ങളുടെ ഭാഗമായി പകർച്ചവ്യാധി ഭീഷണി നേരിടുന്ന ഈ ഭാഗങ്ങളിൽ സ്ഥലവാസികളുടെ പ്രയാസം കണക്കിലെടുത്ത് അടിയന്തര നടപടി സ്വീകരിക്കുന്നതിന് തയ്യാറാകുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ആമഴിയഞ്ചാൻ തോട്ടിലെ മാലിന്യങ്ങൾ പൂർണ്ണമായും നീക്കം ചെയ്യുന്നതിന് നഗരസഭ 50 ലക്ഷം രൂപയ്ക്ക് ടെണ്ടർ നൽകുകയും ടി പ്രവൃത്തി യുദ്ധകാലാടിസ്ഥാനത്തിൽ പുരോഗമിച്ചുവരികയുമാണ്. ആമയിഴഞ്ചാൻ തോട്ടിലേയ്ക്ക് മാലിന്യം നിക്ഷേപിക്കാതിരിക്കാൻ പൂർണ്ണമായും ഫെൻസിംഗ് നടത്തിയിട്ടുള്ളതും കോളനി നിവാസികൾക്ക് മാലിന്യം നിക്ഷേപിക്കുന്നതിന് എയ്റോബിക് ബിൻ യൂണിറ്റുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുള്ളതുമാണ്. കൂടാതെ രാത്രികാലത്ത് തോട്ടിലേയ്ക്ക് മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനായി ജീവനക്കാരെ ഈ പ്രദേശത്ത് നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. മാലിന്യം നിക്ഷേപിക്കുന്നവരുടെ പേരുവിവരങ്ങളും വാഹനങ്ങളുടെ വിവരണങ്ങളും ഉൾപ്പെടെ കന്റോൺമെന്റ് അസിസ്റ്റന്റ് കമ്മീഷണർക്ക് തിരുവനന്തപുരം നഗരസഭാ സെക്രട്ടറി പരാതി നൽകിയിട്ടുണ്ട്.

(ബി) മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി ടി പ്രദേശത്തെ ഓടകൾ വൃത്തിയാക്കി മാലിന്യങ്ങൾ നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കിയിട്ടുണ്ട്. രാജാജി നഗർ കോളനിയിലെ അർബൻ ഹെൽത്ത് സെന്ററിന്റെ സഹകരണത്തോടെ വീടുവീടാന്തരമുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും ഉറവിട നശീകരണപ്രവർത്തനങ്ങളും നടത്തിവരുന്നു. കൂടാതെ കൊതുക് നശീകരണത്തിനായി ഫോഗിംഗ്, സ്പ്രേയിംഗ് എന്നിവയും നടത്തിവരുന്നു.

## മാലിന്യം വലിച്ചെറിയുന്നത് നിയന്ത്രിക്കാൻ നടപടി

136 (1638) ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു സ്ഥലങ്ങളിലും സ്വകാര്യ സ്ഥലങ്ങളിലും മാലിന്യം വലിച്ചെറിയുന്നത് നിയന്ത്രിക്കാൻ കേരളത്തിൽ നിയമമുണ്ടോ;

(ബി) മറ്റുള്ളവരുടെ പറമ്പുകളിലും പൊതു സ്ഥലങ്ങളിലും മാലിന്യം തള്ളുന്നവർക്കെതിരെ പിഴ ചുമത്തുന്നത് ഉൾപ്പെടെയുള്ള ശിക്ഷണ നടപടി സ്വീകരിക്കുവാൻ പഞ്ചായത്തുകൾക്ക് അധികാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മറ്റുള്ളവരുടെ പറമ്പുകളിലും പൊതുസ്ഥലങ്ങളിലും മാലിന്യം തള്ളുന്നവർക്കെതിരെ 1994-ലെ പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 219-ലെ

വ്യവസ്ഥകൾ പ്രകാരം പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പൊതുസ്ഥലങ്ങളിലോ വഴിയോരങ്ങളിലോ തെരുവിനോടുചേർന്ന് ഒഴിഞ്ഞ സ്ഥലത്തോ മാലിന്യം നിക്ഷേപിക്കുന്നവരിൽ നിന്നോ നിക്ഷേപിക്കാൻ കാരണമാകുന്നവരിൽനിന്നോ അപ്പോൾത്തന്നെ 500 രൂപയിൽ കുറയാതെയും 2000 രൂപയിൽ കൂടാതെയുമുള്ള പിഴ ഈടാക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിക്കോ പ്രത്യേകം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ പഞ്ചായത്ത് രാജ് ആക്ടിലെ 219 (റ്റി) വകുപ്പുപ്രകാരം അധികാരമുണ്ട്. പ്രസ്തുത പിഴ 15 ദിവസത്തിനുള്ളിൽ ഒടുക്കാതിരുന്നാൽ അവർക്കെതിരെ പ്രോസിക്യൂഷൻ നടപടി എടുക്കുന്നതിന് സെക്രട്ടറിമാരെ അധികാരപ്പെടുത്തിയിട്ടുണ്ട്.

പൊതുജലമാർഗ്ഗത്തിലോ ജലാശയത്തിലോ ചവറോ മാലിന്യമോ വിസർജ്യ വസ്തുക്കളോ നിക്ഷേപിക്കുന്നവരിൽനിന്ന് 10,000 രൂപയിൽ കുറയാതെയും 25,000 രൂപ വരെ ആകാവുന്നതുമായ തുക പിഴ ഈടാക്കുന്നതിനും ആറ് മാസത്തിൽ കുറയാതെ ഒരു വർഷംവരെ ആകാവുന്നതുമായ കാലത്തേയ്ക്കുള്ള തടവുശിക്ഷയടക്കം നൽകുന്നതിന് കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 219 (എസ്) വകുപ്പ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ കുറ്റം ജാമ്യമില്ലാ കുറ്റമായിട്ടാണ് പരിഗണിക്കുക. ആരെങ്കിലും ടി ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ചവറോ ഖരമാലിന്യങ്ങളോ മൃഗശവമോ നിക്ഷേപിക്കുകയോ വലിച്ചെറിയുകയോ ചെയ്യുന്നതായാൽ അയാൾ മേൽപ്പറഞ്ഞ വകുപ്പുകളുടെ പരിധിയിൽ ഉൾപ്പെടുന്നില്ലെങ്കിൽ കുറ്റസ്ഥാപനത്തിന്മേൽ 500 രൂപയിൽ കുറയാത്തതും 2000 രൂപ വരെയാകാവുന്നതുമായ പിഴ ശിക്ഷയ്ക്ക് കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 219(റ്റി) വകുപ്പുപ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

കേന്ദ്ര പരിസ്ഥിതി വനം കാലാവസ്ഥാ വ്യതിയാന വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ചട്ടം, 2016 പ്രകാരം മാലിന്യം ഉല്പാദിപ്പിക്കുന്നവരുടെ ഉത്തരവാദിത്വങ്ങളും അധികാരസ്ഥാനങ്ങളുടെ ചുമതലകളും വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ആയതിൻപ്രകാരം മാലിന്യം ഉല്പാദിപ്പിക്കുന്ന ഏതൊരാളും മാലിന്യം തെരുവിലോ പൊതുസ്ഥലത്തോ ജലാശയങ്ങളിലോ വലിച്ചെറിയാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

**തീരദേശ നിയന്ത്രണ വിജ്ഞാപനം**

137 (1639) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പരിസ്ഥിതി നിയമത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച തീരദേശ നിയന്ത്രണ വിജ്ഞാപനത്തിൽ തടാകങ്ങൾ, കായലുകൾ എന്നിവയുടെ

തീരത്ത് നിന്നും നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഏർപ്പെടുത്തിയിരുന്ന ദൂരപരിധി ലംഘിച്ചതിന്റെ അടിസ്ഥാനത്തിൽ നടപടികൾ കർശനമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) മരടിൽ സുപ്രീംകോടതി പൊളിക്കുവാൻ ഉത്തരവായ അഞ്ച് ഫ്ലാറ്റ് സമുച്ചയങ്ങൾക്ക് മരട് പഞ്ചായത്ത് അനുമതി നൽകുമ്പോൾ 1991-ലെ തീരദേശ നിയന്ത്രണ വിജ്ഞാപന പ്രകാരം നിഷ്കർഷിച്ചിരുന്ന ദൂരപരിധി ഉണ്ടായിരുന്നോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത ഫ്ലാറ്റുകളുടെ നിർമ്മാതാക്കൾക്ക് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയത് ഏത് സാഹചര്യത്തിലാണ് എന്നത് സംബന്ധിച്ച് അന്വേഷണം നടത്തുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. തീരദേശ നിയന്ത്രണ മേഖലയിൽ തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതിയില്ലാതെ നിർമ്മിക്കുന്ന നിർമ്മാണപ്രവർത്തനങ്ങൾ സംബന്ധിച്ച് ഓരോ ജില്ലയിലെ തീരദേശ പരിപാലന ജില്ലാതല കമ്മിറ്റി കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിന്മേലും നിയമലംഘനം നടത്തുന്നതുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതിയിലും കേരള തീരദേശ പരിപാലന അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുന്ന സി.ആർ.ഇസഡ് ലംഘനങ്ങളിലും ഉചിതമായ നടപടി സ്വീകരിക്കുന്നുണ്ട്.

(ബി) ഇല്ലായിരുന്നു.

(സി) ചട്ടപ്രകാരമുള്ള ദൂരപരിധിയില്ലാതെ ഫ്ലാറ്റ് നിർമ്മാതാക്കൾക്ക് കെട്ടിടനിർമ്മാണാനുമതി നൽകിയ സാഹചര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

## ഭരണാനുമതിക്കായി സമർപ്പിച്ച കോതമംഗലം മണ്ഡലത്തിലെ കുടിവെള്ള പദ്ധതി

138 (1640) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കീരംപാറ പഞ്ചായത്തിൽ തെക്കുമ്മേൽ കുടിവെള്ള പദ്ധതിക്കുവേണ്ടി എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും തദ്ദേശസ്വയംഭരണ (എഫ്.എം.) വകുപ്പിൽ നിന്നും 1629/17 ഉത്തരവ് പ്രകാരം 27.45 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ചില മാറ്റങ്ങൾ വരുത്തേണ്ടി വന്നതിനാൽ തുകയിൽ മാറ്റം വരുത്താതെ എസ്റ്റിമേറ്റിൽ ചില മാറ്റം വരുത്തി

പുതുക്കിയ അപേക്ഷ എ.ഇ. ഭരണാനുമതിക്കുവേണ്ടി നല്കിയിട്ടുള്ളതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് എ.ഇ. നല്കിയിട്ടുള്ള പുതിയ പ്രൊപ്പോസൽ പരിഗണിച്ച് പുതുക്കിയ ഭരണാനുമതി വേഗത്തിൽ ലഭ്യമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) കീരംപാറ പഞ്ചായത്തിലെ കുടിവെള്ള പദ്ധതിക്കുവേണ്ടി എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ടിൽ നിന്നും എസ്റ്റിമേറ്റിൽ മാറ്റം വരുത്താതെ എ.ഇ. ഭരണാനുമതിക്കുവേണ്ടി ലഭ്യമാക്കിയ പുതുക്കിയ അപേക്ഷ തസ്വഭവ.-എഫ്.എം.3/155/2019/തസ്വഭവ. നമ്പർ ഫയലിൽ കൈകാര്യം ചെയ്തുവരുന്നു. ഈ വിഷയത്തിന്മേൽ അനുമതിക്കായി 20-5-2019-ൽ ഫയൽ ധനകാര്യ വകുപ്പിലേയ്ക്ക് നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് ഭരണാനുമതി ലഭ്യമാക്കുന്നതാണ്.

**ബഡ്സ് സ്കൂളുകൾ**

139 (1641) <u>ശ്രീ. പി. കെ. ശശി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അംഗീകാരമുള്ള എത്ര ബഡ്സ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഈ സർക്കാർ കാലത്ത് എത്ര ബഡ്സ് സ്കൂളുകൾ പുതിയതായി ആരംഭിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് അംഗീകാരമുള്ള 75 ബഡ്സ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) 39 പുതിയ ബഡ്സ് സ്കൂളുകൾ ആരംഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഗ്രാമീണ റോഡുകളുടെ പുനർനിർമ്മാണം

140 (1643) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയ്യൻകുന്ന്, കൊട്ടിയൂർ, ആറളം, പായം, കേളകം തുടങ്ങിയ പഞ്ചായത്തുകളിലെ പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകളുടെയും പാലങ്ങളുടെയും പുനർനിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദവിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ;

(ബി) പുനർനിർമ്മാണത്തിന് എത്ര തുക ആവശ്യമുണ്ട്; എത്ര തുക അനുവദിച്ചിട്ടുണ്ട്;

(സി) പുനർനിർമ്മാണത്തിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാം; വിശദമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

## പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം

141 (1644) ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകൾ പുനരുദ്ധരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

ഉണ്ട്. പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ആസ്തികളായ റോഡ്, കലുങ്ക്, പാലം, റോഡിന്റെ സംരക്ഷണഭിത്തികൾ എന്നിവയ്ക്ക് സംഭവിച്ച കേടുപാടുകൾ പൂർണ്ണമായി പരിഹരിക്കുന്നതിന് നഗരസഭ/പഞ്ചായത്ത് അടിസ്ഥാനത്തിൽ തയ്യാറാക്കിയ റഫ് കോസ്റ്റ് എസ്റ്റിമേറ്റുകൾ ക്രോഡീകരിച്ച് 1651.59 കോടി രൂപയുടെ പ്രൊപ്പോസൽ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സമർപ്പിച്ചിരുന്നു. ആയത് സർക്കാർ പരിശോധിക്കുകയും പ്രളയത്തിൽ തകർന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകൾ പുനർനിർമ്മിക്കുന്നതിന് 1600 കോടി രൂപ (ആയിരത്തി അറുന്നൂറ് കോടി രൂപ) റീ ബിൽഡ് കേരളയുടെ ചുമതലയിൽ നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ തനത് വരുമാനം കുറഞ്ഞ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രളയത്തിൽ തകർന്ന റോഡുകൾ പുനർനിർമ്മിക്കുന്നതിനായി 400 കോടി രൂപ നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അവരുടെ തനത്/വികസന ഫണ്ടുകൾക്ക് പുറമെ ചെലവഴിക്കാവുന്നതാണ്. ബാക്കിയുള്ള 1200 കോടി രൂപ ഉപയോഗിച്ച്

തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള പ്രധാന റോഡുകൾ കണ്ടെത്തി പി.എം.ജി.എസ്.വൈ. സ്റ്റാൻഡേർഡ് പ്രകാരം പുനർനിർമ്മിക്കാനും തീരുമാനമായിട്ടുണ്ട്. ആർ.കെ.ഐ. മുഖേന മേൽ പ്രസ്താവിച്ച പ്രകാരം തുക അനുവദിക്കുന്നതിനായി ടി വിഷയത്തിൽ പ്രൊപ്പോസൽ സമർപ്പിക്കാൻ പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ എന്നിവരോട് ആവശ്യപ്പെട്ടിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ അവരുടെ 2018-19 വാർഷിക പദ്ധതിയിലെ പ്ലാൻ, മെയിന്റനൻസ് ഫണ്ടുകൾ വകയിരുത്തി 76.99 കോടി രൂപ ചെലവഴിച്ച് അടിയന്തരമായി ചെയ്യേണ്ടുന്ന 483.91 കിലോമീറ്റർ നീളം റോഡുകളുടെ പുനരുദ്ധാരണം നടത്തിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ 83.33 കോടി രൂപയുടെ പ്ലാൻ, മെയിന്റനൻസ് ഫണ്ടുകൾകൂടി പുനരുദ്ധാരണത്തിനായി വകയിരുത്തിയിട്ടുണ്ട്.

## തദ്ദേശസ്വയംഭരണ റോഡുകളുടെ ഗുണനിലവാരം

142 (1645) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന ചെയ്യുന്ന റോഡ് പ്രവൃത്തികളുടെ ഗുണനിലവാരത്തിൽ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടോ ;

(ബി) കുറ്റമറ്റ രീതിയിൽ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുവാനും റോഡ് നിർമ്മാണം ഉൾപ്പെടെ റോഡുകളുടെ അറ്റകുറ്റപണികൾ ഉറപ്പുവരുത്തുവാനും നടപടികൾ ഉണ്ടാകുമോ ?

### ഉത്തരം

(എ) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒഴിഞ്ഞു കിടന്നിരുന്ന തസ്തികകളിലെ ഒഴിവുകൾ നികത്തിയിട്ടുണ്ട്. കൂടാതെ ക്ലസ്റ്റർ പഞ്ചായത്തുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ 195 തസ്തികകൾ കൂടി പുതുതായി സൃഷ്ടിച്ചു. ആയത് മുഖാന്തരം പ്രവൃത്തികളുടെ മേൽനോട്ടം കാര്യക്ഷമമായി നടത്താനും ഇതുവഴി പ്രവൃത്തികളുടെ ഗുണനിലവാരം മെച്ചപ്പെടുത്താനും സാധിച്ചിട്ടുണ്ട്.

(ബി) കുറ്റമറ്റ രീതിയിൽ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിലേയ്ക്കായി ജില്ലാ പഞ്ചായത്തുകളിലെ തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ 3 ലക്ഷത്തോളം രൂപ ചെലവഴിച്ച് ക്വാളിറ്റി കൺട്രോൾ ലാബ് ഫെസിലിറ്റി ആരംഭിച്ചിട്ടുള്ളതാണ്. ഇതുവഴി നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന സാധനസാമഗ്രികളുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിക്കുന്നതാണ്.

## പ്രധാൻമന്ത്രി ഗ്രാമീൺ സഡക് യോജന

143 (1646) ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാൻമന്ത്രി ഗ്രാമീൺ സഡക് യോജനയിൽ 2016 മാർച്ച് 31 വരെ കേരളത്തിന് അനുവദിച്ച പ്രവൃത്തികളിൽ ഇനിയും പൂർത്തിയാക്കാൻ അവശേഷിക്കുന്നത് എതെല്ലാം പ്രവൃത്തിയാണെന്നും ഇതിന് ഓരോന്നിനും അനുവദിച്ച തുക എത്രയാണെന്നും വെളിപ്പെടുത്തുമോ;

(ബി) 2016 ഏപ്രിൽ ഒന്നിന് ശേഷം പ്രസ്തുത പദ്ധതിയിൽ സംസ്ഥാനത്തിന് എത്ര കിലോമീറ്റർ റോഡ് അനുവദിച്ചുവെന്നും ഇതിനായി എത്രകോടി രൂപ വകയിരുത്തിയെന്നും ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) ഇതിൽ എം.പി-മാരുടെ സൻസദ് ആദർശ് ഗ്രാമീൺ യോജന പദ്ധതിയിൽ ഉൾപ്പെടുത്തി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ-സി)) അനുബന്ധമായി ചേർത്തിരിക്കുന്നു*.

## ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

144 (1647) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി തൊഴിലാളികളുടെ കൂലിയിനത്തിൽ എത്ര തുക കുടിശ്ശികയുണ്ട് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഓരോ വർഷവും എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചുവെന്ന് ജില്ല തിരിച്ച് അറിയിക്കുമോ?

ഉത്തരം

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 31-5-2019 വരെ തൊഴിലാളികളുടെ അവിദഗ്ദ്ധ കൂലിയിനത്തിൽ കുടിശ്ശികയില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പദ്ധതിയിൻകീഴിൽ സൃഷ്ടിച്ച തൊഴിൽ ദിനങ്ങളുടെ എണ്ണം ജില്ല തിരിച്ച് അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുന്ന പ്രവൃത്തികൾ

145 (1648) ശ്രീ. ആർ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം പ്രവൃത്തികൾക്കാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(ബി) പൊതുനിരത്തുകളുടെ ഓരങ്ങൾ, തോടുകൾ എന്നിവ ശുചിയായി സൂക്ഷിക്കുന്നതിന് വേണ്ടിയുള്ള പ്രവൃത്തികൾക്ക് അനുമതിയുണ്ടോ; വിശദീകരിക്കുമോ;

(സി) സർക്കാർ വിദ്യാലയങ്ങളുടെ പരിസരം ശുചീകരിക്കുന്നതിന് തൊഴിലുറപ്പ് പദ്ധതി ഉപയോഗപ്പെടുത്തുമോ; വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചുവടെ സൂചിപ്പിച്ചിട്ടുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.

1. വിഭാഗം എ: പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതുപ്രവൃത്തികൾ

1. കുടിവെള്ള സ്രോതസ്സുകൾ ഉൾപ്പെടെയുള്ള ഭൂഗർഭജല വിതാനം ഉയർത്തുന്നതിന് ആവശ്യമായ അടിയണകൾ (under ground dykes) മൺതടയണകൾ, അണകൾ (സ്റ്റോപ്പ് ഡാം), ചെക്ക് ഡാമുകൾ തുടങ്ങിയ ജലസംരക്ഷണത്തിനും ജലകൊയ്ത്തിനും സഹായകരമായ നിർമ്മിതികൾ.
2. ഒരു നീർത്തടത്തിന്റെ സമഗ്ര പരിപാലത്തിന് ഉതകുന്ന ഇടപെടലുകളായ കോണ്ടൂർ ട്രഞ്ചുകൾ, തട്ടുതിരിക്കൽ (terracing) കോണ്ടൂർ ബണ്ടുകൾ, കൽത്തടയണകൾ, ഗ്യാബിയോൺ നിർമ്മിതികൾ, നീരുറവ പ്രദേശത്തിന്റെ പരിപോഷണം തുടങ്ങിയ നീർത്തട പരിപാലന പ്രവൃത്തികൾ.
3. സൂക്ഷ്മ-ചെറുകിട ജലസേചന പ്രവൃത്തികളും തോടുകൾ/കനാൽ എന്നിവയുടെ നിർമ്മാണം, പുനരുദ്ധാരണം, മെയിന്റനൻസ് എന്നീ പ്രവൃത്തികളും.
4. ജലസേചന കുളങ്ങളുടെയും മറ്റ് ജലസ്രോതസ്സുകളുടെയും ആഴം കൂട്ടൽ ഉൾപ്പെടെയുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണവും

5. കടലോരങ്ങളിലും കുളങ്ങളുടെ അരികിലും കനാൽ ബണ്ടുകളിലും റോഡുകളുടെ ഓരത്തിലും വനഭൂമിയിലും മറ്റ് പൊതു ഭൂമിയിലും ഫലവൃക്ഷങ്ങൾ അടക്കമുള്ള മരം വച്ചുപിടിപ്പിക്കലും വനവത്കരണവും, ഇവയിൽ നിന്നും ലഭിക്കുന്ന ആദായത്തിന്റെ അവകാശം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ഷെഡ്യൂൾ 1 ഖണ്ഡിക 5-ൽ പ്രതിപാദിക്കുന്ന കുടുംബങ്ങൾക്ക് നൽകേണ്ടതാണ്.

2. <u>വിഭാഗം ബി: സമൂഹത്തിൽ അവശതയനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ (ഖണ്ഡിക 5-ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് മാത്രം)</u>

1. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ഷെഡ്യൂൾ 1 ഖണ്ഡിക 5-ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് ഭൂമിയുടെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഭൂവികസനവും കിണറുകൾ (Dugg well), കുളങ്ങൾ (farm ponds), മറ്റ് ജലകൊയ്ത്ത് നിർമ്മിതികൾ എന്നിവ ഉൾപ്പെടെയുള്ള ജലസേചനത്തിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കൽ

2. പഴകൃഷി, പട്ടുനൂൽ കൃഷി, തോട്ടവിള കൃഷി, ഫാം ഫോറസ്ട്രി എന്നിവയിലൂടെ ആജീവനം മെച്ചപ്പെടുത്തൽ.

3. ഷെഡ്യൂൾ 1 ഖണ്ഡിക 5-ൽ സൂചിപ്പിക്കുന്ന കുടുംബങ്ങളുടെ തരിശുഭൂമി/പാഴ്ഭൂമി (fallow or waste land) വികസിപ്പിച്ച് കൃഷിക്ക് അനുയോജ്യമാക്കൽ

4. ഇന്ദിരാ ആവാസ് യോജന പ്രകാരമോ, കേന്ദ്ര/സംസ്ഥാന സർക്കാരുകൾ ആവിഷ്കരിക്കുന്ന മറ്റ് ഭവന നിർമ്മാണ പദ്ധതികൾ പ്രകാരമോ ഏറ്റെടുക്കുന്ന ഭവന നിർമ്മാണത്തിലെ അവിദഗ്ധ കായിക തൊഴിൽ ഘടകം.

5. മൃഗപരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ കോഴിക്കൂട്, ആട്ടിൻകൂട്, പന്നിക്കൂട്, തൊഴുത്ത്, പുൽത്തൊട്ടി എന്നിവയുടെ നിർമ്മാണവും.

6. മത്സ്യബന്ധന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുതകുന്ന അടിസ്ഥാന സൗകര്യങ്ങളായ മത്സ്യം ഉണക്കുന്ന കേന്ദ്രങ്ങൾ, മത്സ്യം സൂക്ഷിക്കുന്ന കേന്ദ്രങ്ങൾ എന്നിവ നിർമ്മിക്കലും വർഷകാലത്ത് മാത്രം വെള്ളമുണ്ടാകുന്ന പൊതുകുളങ്ങളിൽ (Seasonal water bodies on Public land) മത്സ്യം വളർത്തുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കലും.

3. വിഭാഗം സി: ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ നിബന്ധനകൾ അനുസരിക്കുന്ന സ്വയംസഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൗകര്യങ്ങൾ

1. കാർഷികോല്പന്നങ്ങളുടെ ഈട്ടുറ്റ സംഭരണ സൗകര്യം ഉൾപ്പെടെയുള്ള വിളവെടുപ്പിന് ശേഷം ആവശ്യമായി വരുന്ന സൗകര്യങ്ങൾ (post harvest facilities) ജൈവവളം എന്നിവയ്ക്ക് ആവശ്യമായ സ്ഥായിയായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുകവഴി കാർഷികോല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തികളും.

2. സ്വയംസഹായ സംഘങ്ങളുടെ ഉപജീവന പ്രവർത്തനങ്ങൾക്ക് ആവശ്യമായ പൊതു വർക്ക്ഷെഡ്ഡുകളുടെ നിർമ്മാണവും

4. വിഭാഗം ഡി: ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ

1. നിർദ്ദേശിക്കപ്പെട്ട മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഖര-ദ്രവ്യ മാലിന്യ സംസ്കരണത്തിനും തുറസ്സായ മലമൂത്ര വിസർജ്ജനം ഇല്ലാതാക്കുന്നതിനുംവേണ്ടി സ്വതന്ത്രമായോ സർക്കാർ വകുപ്പുകളുടെ ഇതര പദ്ധതികളുമായി സംയോജിപ്പിച്ചുകൊണ്ടോ വ്യക്തിഗത കക്കൂസുകൾ, സ്കൂൾ ടോയ്‌ലറ്റുകൾ തുടങ്ങിയ ഗ്രാമീണ ശുചിത്വവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ;

2. ഒറ്റപ്പെട്ട് കിടക്കുന്ന ഗ്രാമങ്ങളെയും നിർദ്ദിഷ്ട ഗ്രാമീണ ഉൽപാദന കേന്ദ്രങ്ങളെയും നിലവിലുള്ള റോഡ് ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിനുള്ള എല്ലാ കാലാവസ്ഥയിലും ഉപയോഗിക്കാൻ പറ്റുന്ന ഗ്രാമീണ റോഡുകളുടെ നിർമ്മാണവും, ഓടകൾ, കലുങ്കുകൾ എന്നിവ ഉൾപ്പെടെയുള്ള ഗ്രാമത്തിലെ ഈട്ടുറ്റ ഉൾറോഡുകളുടെയും വീഥികളുടെയും നിർമ്മാണവും;

3. കളിസ്ഥലങ്ങളുടെ നിർമ്മാണവും;

4. വെള്ളപ്പൊക്ക നിയന്ത്രണ സംരക്ഷണ പ്രവൃത്തികൾ, വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള ജലനിർഗ്ഗമന പ്രവൃത്തികൾ, മഴവെള്ളം കെട്ടിനിൽക്കുന്ന താഴ്ന്ന പൊതുസ്ഥലങ്ങളുടെ മെച്ചപ്പെടുത്തൽ (chaur renovation), തീരപ്രദേശങ്ങളുടെ സംരക്ഷണത്തിനുള്ള സ്റ്റോം വാട്ടർ ഡ്രെയിനുകൾ എന്നിവ ഉൾപ്പെടെയുള്ള പൊതു അടിസ്ഥാന സൗകര്യങ്ങൾ, റോഡുകളുടെ പുനരുദ്ധാരണം, ദുരന്തപ്രതിരോധ തയ്യാറെടുപ്പുകൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവൃത്തികളും;

5. ഗ്രാമപഞ്ചായത്തുകൾ, വനിതാ സ്വയം സഹായ സംഘങ്ങളുടെ ഫെഡറേഷനുകൾ, കൊടുങ്കാറ്റ് ബാധിതർക്കുള്ള അഭയകേന്ദ്രങ്ങൾ (സൈക്ലോൺ ഷെൽറ്റർ), അങ്കണവാടി കേന്ദ്രങ്ങൾ, ഗ്രാമീണ ചന്തകൾ എന്നിവയ്ക്കാവശ്യമുള്ള കെട്ടിടങ്ങളുടെ നിർമ്മാണവും ഗ്രാമ/ബ്ലോക്ക്തല ക്രിമിറ്റോറിയങ്ങളുടെ നിർമ്മാണവും;

6. ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം 2013 (20/2013)-ലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ആവശ്യമായി വരുന്ന ഭക്ഷ്യധാന്യ സംഭരണികളുടെ നിർമ്മാണവും;

7. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമപ്രകാരം ഏറ്റെടുക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റിന്റെ ഭാഗമായി വരുന്ന നിർമ്മാണ സാമഗ്രികളുടെ ഉൽപാദനവും;

8. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമപ്രകാരം സൃഷ്ടിക്കപ്പെട്ട ഗ്രാമീണ പൊതു ആസ്തികളുടെ അറ്റകുറ്റപ്പണികളും;

9. ഇതുസംബന്ധിച്ച് സംസ്ഥാന സർക്കാരുമായി കൂടിയാലോചന നടത്തി കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റ് ഏതൊരു പ്രവൃത്തിയും.

നഗര മേഖലകളിൽ സമാനമായ പ്രവർത്തനങ്ങൾ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിലും അനുവദനീയമാണ്.

(ബി) ഇല്ല. ആവർത്തന സ്വഭാവമുള്ളതും സ്ഥായിയായ ആസ്തി സൃഷ്ടിക്കാത്തതുമായ പ്രവൃത്തികൾ മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ അനുവദനീയമല്ല.

തോടുകൾ, കനാൽ എന്നിവയുടെ നിർമ്മാണം, പുനരുദ്ധാരണം, മെയിന്റനൻസ്, റോഡുകളുടെ ഓരത്ത് ഫലവൃക്ഷങ്ങൾ അടക്കമുള്ള മരം വച്ചുപിടിപ്പിക്കൽ, മാലിന്യ ശേഖരണവും സംസ്കരണവും, പൊതു ആസ്തികളുടെ പരിപാലനം, സർക്കാർ സ്കൂളുകൾക്ക് ചുറ്റുമതിൽ തുടങ്ങി നഗരസഭകൾ തയ്യാറാക്കുന്ന ലേബർ ബഡ്ജറ്റിലും ആക്ഷൻ പ്ലാനിലും ഉൾപ്പെട്ട പ്രവൃത്തികൾ അയ്യങ്കാളി നഗര തൊഴിലുറപ്പ് സംസ്ഥാന കൗൺസിലിന്റെ അംഗീകാരത്തോടെ നടപ്പിലാക്കാവുന്നതാണ്.

(സി) ഇല്ല. ആവർത്തനസ്വഭാവമുള്ള പ്രവൃത്തികൾ അനുവദനീയമല്ല.

## മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

146 (1649) ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പുപദ്ധതി പ്രകാരം കേരളത്തിൽ ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള ഒരു ദിവസത്തെ വേതനം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വേതനം മുഴുവൻ നൽകുന്നത് കേന്ദ്ര സർക്കാർ ഫണ്ട് ഉപയോഗിച്ചാണോ; അല്ലെങ്കിൽ ഒരു ദിവസത്തെ വേതനത്തെ അടിസ്ഥാനപ്പെടുത്തി സംസ്ഥാനത്തിന്റെ വിഹിതം എത്രയെന്ന് വിശദമാക്കാമോ;

(സി) തൊഴിലുറപ്പ് കൂലി കുടിശ്ശികയിനത്തിൽ കേന്ദ്രസർക്കാരിൽ നിന്നും പണം കിട്ടാനുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കേരളത്തിൽ ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന കൂലി നിരക്ക് പ്രതിദിനം 271 രൂപയാണ്.

(ബി) തൊഴിലാളികളുടെ വേതനം മുഴുവൻ നൽകുന്നത് കേന്ദ്ര സർക്കാർ ഫണ്ട് ഉപയോഗിച്ചാണ്.

(സി) 31-5-2019 വരെ തൊഴിലുറപ്പ് കൂലി കുടിശ്ശികയില്ല.

## പി.എം.ജി.എസ്.വൈ.

147 (1650) ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ഏപ്രിൽ ഒന്നിനുശേഷം സംസ്ഥാനത്തിന് പി.എം.ജി.എസ്.വൈ. പ്രകാരം എത്ര കിലോമീറ്റർ റോഡ് നിർമ്മിക്കാൻ അനുമതി ലഭിച്ചുവെന്നും അതിലേക്കായി എത്ര കോടിരൂപ അനുവദിച്ചുവെന്നും അറിയിക്കുമോ;

(ബി) 2016 ഏപ്രിലിന് മുൻപ് ലഭിച്ച പി.എം.ജി.എസ്.വൈ. ലെ എത്ര റോഡ് പ്രവൃത്തികൾ നിർമ്മാണം പൂർത്തിയാക്കാനുണ്ട് എന്നും ഇത് സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 707.349 കി. മി. ദൈർഘ്യം വരുന്ന 187 റോഡുകൾക്കാണ് അനുമതി ലഭിച്ചത്. ഇതിലേയ്ക്കായി 568.65 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) 2016 ഏപ്രിൽ ഒന്നിന് മുമ്പ് അനുമതി ലഭിച്ച റോഡുകളിൽ ഇനി 36 റോഡുകൾ പൂർത്തീകരിക്കാനുണ്ട്. ഇതിൽ 7 പ്രവൃത്തികൾ കരാറുകാരൻ സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ ടിയാന്റെ നഷ്ടോത്തര വാദിത്വത്തിൽ ടെർമിനേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 3 റോഡുകൾ വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാലും, 3 റോഡുകൾ കോടതിയിൽ കേസ് നിലനിൽക്കുന്നതിനാലും, 1 റോഡ് നിർമ്മാണത്തി നാവശ്യമായ സ്ഥലം ലഭ്യമല്ലാത്തതിനാലും പ്രവൃത്തി തടസ്സപ്പെട്ടിട്ടുണ്ട്. കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്ത 2 പ്രവൃത്തികൾ റീ ടെണ്ടർ ചെയ്തപ്പോൾ കരാറുകാരൻ അധികതുക ക്വാട്ട് ചെയ്തതിനാൽ വീണ്ടും ടെണ്ടർ ചെയ്യുന്നതിന് തീരുമാനിച്ചു. പ്രളയത്തിൽ തകർന്ന 1 റോഡിന്റെ കണക്ടിവിറ്റി നഷ്ടമായതിനാൽ ടി റോഡിനെ കണക്ട് ചെയ്യുന്നതിനുള്ള പാലം നിർമ്മിക്കുന്നതിന് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ടി റോഡിന്റെ പണി പൂർത്തിയാക്കേണ്ടതുണ്ട്. സ്ഥലം ലഭ്യമല്ലാത്ത 2 റോഡുകളും മറ്റ് ഏജൻസി നടപ്പിലാക്കിയ 1 റോഡുമടക്കം 3 റോഡുകൾ ഉപേക്ഷിക്കേണ്ടതായിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട കരാറുകാർക്കും ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്.

## കൊല്ലത്തെ പി.എം.ജി.എസ്.വൈ. പ്രവൃത്തികൾ

148 (1651) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര, വെട്ടിക്കവല എന്നീ ബ്ലോക്ക് പഞ്ചായത്തുകളിൽ നിലവിൽ പുരോഗമിക്കുന്ന പി.എം.ജി.എസ്.വൈ. പ്രകാരമുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ അടങ്കൽ തുകയും നിലവിലെ സ്ഥിതിയും വെളിപ്പെടുത്തുമോ;

(സി) അനുമതി ലഭിച്ചിട്ട് തുടങ്ങാത്തതോ തടസ്സപ്പെട്ടിരിക്കുന്നതോ ആയ പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം കൊട്ടാരക്കര ബ്ലോക്കിൽ മാലയിൽ മലപ്പത്തൂർ വൈദ്യൻകുന്ന് റോഡ് എന്ന പ്രവൃത്തിയും, വെട്ടിക്കവല ബ്ലോക്കിൽ പാങ്ങോട് തെക്കുംചേരി റോഡ് എന്ന പ്രവൃത്തിയും ആണ് നിലവിൽ പുരോഗമിക്കുന്ന റോഡ് പ്രവൃത്തികൾ.

(ബി) മാലയിൽ മലപ്പത്തൂർ വൈദ്യൻകുന്ന് റോഡ് എന്ന പ്രവൃത്തിയുടെ അടങ്കൽ തുക 2,54,50,925 രൂപ ആണ്. ഇതിൽ 150 മീറ്റർ ഒഴികെ ബാക്കി ഭാഗത്ത് ടാറിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചു. ഇപ്പോൾ ബേം കോൺക്രീറ്റിന്റെ പ്രവൃത്തികൾ പുരോഗമിക്കുന്നു.

പാങ്ങോട് തെക്കുംചേരി റോഡ് എന്ന പ്രവൃത്തിയുടെ അടങ്കൽ തുക 3,62,80,919 രൂപയാണ്. ടാറിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് പൂർത്തീകരണ പ്രവൃത്തികൾ നടന്നുവരുന്നു.

(സി) അപ്രകാരമുള്ള പ്രവൃത്തികൾ ഇല്ല.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നികുതി പിരിവ്**

149 (1652) <u>ശ്രീ. എം. സ്വരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നികുതി പിരിവ് കഴിഞ്ഞ സാമ്പത്തിക വർഷം തൊട്ടു മുൻവർഷത്തെക്കാൾ മെച്ചപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) പൂർണ്ണമായും നികുതി പിരിവ് നടത്തിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉണ്ടോ;എങ്കിൽ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളുടെ നികുതി പിരിവ് കഴിഞ്ഞ സാമ്പത്തിക വർഷം തൊട്ടു മുൻ വർഷത്തെക്കാൾ മെച്ചപ്പെട്ടിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തുകളുടെ ആകെ നികുതി പിരിവ് 8,41,66,34,552 രൂപയിൽ 6,78,14,31,679 രൂപ പിരിച്ച് സംസ്ഥാന ശരാശരി 80.57%-വും, 2018-19 സാമ്പത്തിക വർഷം ആകെ നികുതി പിരിവ് 6,69,96,66,549 രൂപയിൽ 5,88,34,37,006 രൂപ പിരിച്ച് സംസ്ഥാന ശരാശരി 87.81 ശതമാനമായി മെച്ചപ്പെട്ടിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് മുനിസിപ്പൽ കോർപ്പറേഷനുകളിൽ 2018-19 വർഷത്തെ വസ്തുനികുതി പിരിവ് മെച്ചപ്പെട്ടിട്ടുണ്ട്. 2017-18-ൽ നികുതി പിരിവ് 84.12%-ഉം 2018-19-ൽ നികുതി പിരിവ് 85%-ഉം ആയിരുന്നു. 2017-18-ൽ മുനിസിപ്പാലിറ്റികളിലെ വസ്തുനികുതി പിരിവ് 88.15% ആണ്. എന്നാൽ വസ്തുനികുതി പരിഷ്കരണ പ്രവർത്തനങ്ങൾ നടന്നുവരുന്നതിനാൽ 2018-19-ൽ 83% മാത്രമേ പിരിക്കാൻ സാധിച്ചിട്ടുള്ളൂ.

തൊഴിൽ നികുതി പിരിവ് 2017-18 സാമ്പത്തിക വർഷം മുനിസിപ്പൽ കോർപ്പറേഷനുകളിൽ 98.19%, മുനിസിപ്പാലിറ്റികളിൽ 94.2% ആണ്. 2018-19-ൽ തൊഴിൽ നികുതിപിരിവ് മുനിസിപ്പൽ കോർപ്പറേഷനുകളിൽ 94% മുനിസിപ്പാലിറ്റികളിൽ 94% ആണ്.

(ബി) ഉണ്ട്. സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ 388 ഗ്രാമപഞ്ചായത്തുകൾ 100 ശതമാനം നികുതി പിരിവ് പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത ഗ്രാമപഞ്ചായത്തുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

നഗരസഭകളിൽ 2018-19 സാമ്പത്തിക വർഷം പൂർണ്ണമായും വസ്തു നികുതി പിരിവ് നടത്തിയത് ഏറ്റുമാനൂർ നഗരസഭയും പൂർണ്ണമായും തൊഴിൽ നികുതി പിരിവ് നടത്തിയത് സൗത്ത് പരവൂർ, തിരൂരങ്ങാടി എന്നീ നഗരസഭകളുമാണ്.

## ആരാധനാലയങ്ങൾ നിർമ്മിക്കുന്നതിന് മുൻകൂർ അനുമതി

150 (1653) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരാധനാലയങ്ങൾ നിർമ്മിക്കുന്നതിന് ജില്ലാ കളക്ടറുടെ മുൻകൂർ അനുമതി വേണമെന്ന് പഞ്ചായത്ത് നഗരപാലികാ നിയമത്തിൽ വ്യവസ്ഥയുണ്ടോ;

(ബി) എങ്കിൽ എന്നാണ് ആയതു സംബന്ധിച്ച വ്യവസ്ഥ കൊണ്ടുവന്നതെന്ന് വ്യക്തമാക്കാമോ;

(സി) കളക്ടറുടെ അനുമതി ലഭിക്കുന്നതിന് അനാവശ്യ കാലതാമസം വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) 1957 ൽ എടുത്തുകളഞ്ഞ നിയന്ത്രണങ്ങൾ വീണ്ടും കൊണ്ടുവരാനുള്ള സാഹചര്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ഇ) ആരാധനാലയങ്ങൾക്കുള്ള കെട്ടിട നിർമ്മാണത്തിന്റെ പൂർണ്ണ ഉത്തരവാദിത്വം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലനിർത്താൻ സാധിക്കുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഉണ്ട്. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 7(8), കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 7(6B) എന്നിവ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) എസ്.ആർ.ഒ. നമ്പർ 127/2011 നോട്ടിഫിക്കേഷൻ പ്രകാരം 14-2-2011-ൽ പ്രാബല്യത്തിൽ വന്ന കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരവും എസ്.ആർ.ഒ. നമ്പർ 591/2010 നോട്ടിഫിക്കേഷൻ പ്രകാരം 21-6-2010-ൽ പ്രാബല്യത്തിൽ വന്ന കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരവുമാണ് പ്രസ്തുത വ്യവസ്ഥ കൊണ്ടുവന്നിട്ടുള്ളത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സാമുദായിക അലോസരങ്ങൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനും നിലവിലുള്ള സാമുദായിക സൗഹാർദ്ദം പരിപോഷിപ്പിക്കുന്നതിനുമാണ് പ്രസ്തുത വ്യവസ്ഥകൾ കൊണ്ടുവന്നിട്ടുള്ളത്.

(ഇ) ഇല്ല.

**തദ്ദേശസ്വയംഭരണ പൊതു സർവ്വീസ്**

151 (1654) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ പൊതു സർവ്വീസ് രൂപീകരിക്കുമ്പോൾ വിവിധ വിഭാഗങ്ങളിൽ ( നഗരകാര്യം, മുനിസിപ്പൽ കോമൺ സർവീസ്, ഗ്രാമവികസനം, എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് തുടങ്ങിയവ) വിവിധ തസ്തികകളിലേക്കുള്ള സീനിയോറിറ്റി ലിസ്റ്റ് വകുപ്പ് തിരിച്ചാണോ അഥവാ ഒറ്റ ലിസ്റ്റ് ആയിട്ടാണോ തയ്യാറാക്കുന്നതെന്നറിയിക്കുമോ;

(ബി) ടി പൊതു സർവ്വീസ് എന്ന് പ്രാബല്യത്തിൽ വരുമെന്നും 2010 ന് ശേഷം ഗ്രേഡ് ഉയർത്തിയ നഗരസഭകളിൽ അധിക തസ്തിക അനുവദിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികളും, ടി നഗരസഭകളിലേക്ക് ശിപാർശ ചെയ്യപ്പെട്ട തസ്തികകളുടെ എണ്ണവും തസ്തിക തിരിച്ച് വ്യക്തമാക്കാമോ;

(സി) 2019 സെപ്റ്റംബർ 30 വരെ നഗരകാര്യവകുപ്പിൽ എത്ര റവന്യൂ ഇൻസ്പെക്ടർ, സൂപ്രണ്ട് തസ്തികകൾ നിലവിലുണ്ട് എന്നറിയിക്കാമോ; ഇതിൽ മേയ് 31 വരെ എത്ര ഒഴിവുകൾ നികത്തിയിട്ടുണ്ട്;ബാക്കി ഒഴിവുകൾ എപ്പോൾ നികത്താനാകും എന്നറിയിക്കാമോ;

(ഡി) ഇപ്പോൾ നഗരകാര്യ വകുപ്പിൽ നിലനിൽക്കുന്ന ഗ്രഡേഷൻ ലിസ്ററിലെ അപാകത പരിഹരിച്ച് എന്നേക്ക് പുറത്തിറക്കും എന്നറിയിക്കാമോ; ഇതു സംബന്ധിച്ച് എത്ര പരാതികൾ നിലവിലുണ്ട്; ആയത് പരിശോധിച്ചിട്ടുണ്ടോയെന്നറിയിക്കുമോ?

ഉത്തരം

(എ) സീനിയോറിറ്റി ലിസ്റ്റ് പൊതുസർവ്വീസ് സ്പെഷ്യൽ റൂൾ പ്രകാരമാണ് തയ്യാറാക്കുന്നത്. കരട് സ്പെഷ്യൽ റൂൾ നിലവിൽ സർക്കാർ തലത്തിൽ പരിശോധിച്ചുവരികയാണ്. ആയത് അന്തിമമാകുന്ന മുറയ്ക്ക് ഈ വിഷയത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ബി) പൊതുസർവ്വീസുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ആയത് നിലവിൽ വരുന്നതാണ്. 2010-ന് ശേഷം അപ്ഗ്രേഡ് ചെയ്ത നഗരസഭകളിൽ അധിക തസ്തികകൾ അനുവദിച്ച് സർക്കാർ ഉത്തരവ് നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മുനിസിപ്പൽ കോമൺ സർവ്വീസിൽ സൂപ്രണ്ട് തസ്തികയിൽ 267-ഉം ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ 213-ഉം തസ്തികകൾ നിലവിലുണ്ട്. 2019 സെപ്റ്റംബർ 30 വരെ സൂപ്രണ്ട് തസ്തികയിൽ 8 ഒഴിവുകളും ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ 2 ഒഴിവുകളും ഉണ്ടാകുന്നുണ്ട്. മേയ് 31 വരെയുള്ള ഒഴിവുകൾ ഒന്നും നികത്തിയിട്ടില്ല. 2019-20-ലെ പൊതു സ്ഥലംമാറ്റത്തിനുശേഷം പ്രസ്തുത ഒഴിവുകൾ ഉദ്യോഗക്കയറ്റം വഴി നികത്തുന്നതാണ്.

(ഡി) കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ 1-12-2017 അടിസ്ഥാനമാക്കിയുള്ള ഗ്രഡേഷൻ ലിസ്റ്റിന്റെ കരട് നഗരകാര്യ ഡയറക്ടറുടെ 23-12-2017-ലെ ഇ 3-39672/17 നമ്പർ കത്തുപ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ ടി ഗ്രഡേഷൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാരിൽ ക്രമനമ്പർ 624 വരെയുള്ള ജീവനക്കാർ ഉൾപ്പെട്ടിട്ടുള്ള 31-7-2013 അടിസ്ഥാനമാക്കിയുള്ള സീനിയർ ക്ലാർക്കുമാരുടെ ഗ്രഡേഷൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാരുടെ എൽ.ഡി. ക്ലാർക്ക്/ബിൽ കളക്ടർ തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റ് അന്തിമമാക്കി പ്രസിദ്ധീകരിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ ടി ജീവനക്കാരുടെ സീനിയർ ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചിരുന്നതിൻപ്രകാരം ടി ജീവനക്കാരുടെ എൽ.ഡി. ക്ലാർക്ക്/ബിൽ കളക്ടർ തസ്തികയിലെ കരട് സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിന്മേൽ 213 ആക്ഷേപങ്ങൾ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് ടി കരട് ലിസ്റ്റ് അന്തിമമാക്കി പ്രസിദ്ധീകരിച്ചതിനുശേഷം മാത്രമേ ടി ജീവനക്കാരുടെ സീനിയർ ക്ലാർക്ക് തസ്തികയിലെ 31-7-2013 അടിസ്ഥാനമാക്കിയുള്ള സീനിയോറിറ്റി ലിസ്റ്റിന്റെ കരട് ലിസ്റ്റും, അന്തിമ ലിസ്റ്റും പ്രസിദ്ധീകരിക്കാൻ സാധിക്കുകയുള്ളൂ. ആയതിനുശേഷം 1-7-2017 അടിസ്ഥാനമാക്കി പ്രസിദ്ധീകരിച്ചിട്ടുള്ള കരട് സീനിയോറിറ്റി ലിസ്റ്റ് അന്തിമമായി

പ്രസിദ്ധീകരിക്കുന്നതാണ്. എൽ.ഡി. ക്ലാർക്ക്/ബിൽ കളക്ടർ തസ്തികയിലെ കരട് സീനിയോറിറ്റി ലിസ്റ്റ് അന്തിമമാക്കി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സൂപ്രണ്ട് തസ്തികയിൽ പ്രസിദ്ധീകരിച്ചിട്ടുള്ള താൽക്കാലിക ഗ്രഡേഷൻ ലിസ്റ്റിന്മേൽ 53 ആക്ഷേപങ്ങൾ ലഭ്യമായിട്ടുണ്ട്. എൻട്രി കേഡർ മുതലുള്ള ഗ്രഡേഷൻ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ആയത് അന്തിമമായി പ്രസിദ്ധീകരിച്ചശേഷം സൂപ്രണ്ട് തസ്തികയിലെ ഗ്രഡേഷൻ ലിസ്റ്റ് അന്തിമമാക്കുന്നതാണ്.

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1, ഡ്രൈവർ (HDV, LDV) തസ്തികകളിലെ കരട് ഗ്രഡേഷൻ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികയിന്മേൽ 48 പരാതികളും ഡ്രൈവർ (HDV, LDV) തസ്തികകളിന്മേൽ 29 പരാതികളും ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## മുനിസിപ്പൽ കോമൺസർവ്വീസ് സീനിയോറിറ്റി

152 (1655) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മുനിസിപ്പൽ കോമൺ സർവീസിൽ 1990-ന് ശേഷം പി.എസ്.സി-റാങ്ക് ലിസ്റ്റ് നിലവിൽ ഇല്ലാതിരുന്ന കാലഘട്ടത്തിൽ ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് കെ.എസ്.ആർ. പ്രകാരമുള്ള അനുപാതം പാലിക്കാതെ എൽ.ഡി.സി/ബി.സി. തസ്തികയിൽ നിയമനങ്ങൾ നടത്തുകയും സ്ഥിരപ്പെടുത്തിയിട്ടുള്ളതും ആയതിനെ തുടർന്ന് പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിച്ച എൽ.ഡി.സി/ബി.സി മാർക്ക് അർഹതപ്പെട്ട സ്ഥാനക്കയറ്റം സമയബന്ധിതമായി ലഭ്യമാകാത്തതും ഈ ജീവനക്കാർ ഗ്രഡേഷൻ ലിസ്റ്റിൽ പിന്തള്ളപ്പെട്ടുപോയതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തെറ്റായ മാനദണ്ഡപ്രകാരം ഇത്തരത്തിൽ ആശ്രിത നിയമനം നടത്തി സ്ഥിരപ്പെടുത്തിയതിന് ഉത്തരവാദികളാരെല്ലാമെന്നും അവർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ; നിലവിൽ നഗരകാര്യ വകുപ്പിൽ ആശ്രിത നിയമനം നടക്കുന്നത് നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരമാണോ;

(സി) ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് സർക്കാരിനെതിരെയും നഗരകാര്യ ഡയറക്ടർക്കെതിരെയും ഉത്തരവ് പുറപ്പെടുവിച്ചതുൾപ്പെടെ എത്ര കേസ്സുകൾ ഉണ്ട്; ആയവയിൽ ഉത്തരവ് നടപ്പിലാക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ടോ; കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിൽ ആയതിനുള്ള വിശദീകരണം ലഭ്യമാക്കുമോ;

(ഡി) കേരള മുനിസിപ്പൽ കോമൺ സർവീസിൽ ഓരോ സ്റ്റേജിലും പ്രൊമോഷന് മാനദണ്ഡമാക്കിയിരിക്കുന്ന വ്യവസ്ഥകൾ തൊട്ടുമുൻപ് പ്രൊമോഷൻ ലഭിച്ചതിന്മേലുള്ള സീനിയോരിറ്റി അനുസരിച്ചാണോ; അതോ എൻട്രി കേഡറിലെ സീനിയോരിറ്റി അനുസരിച്ചാണോ; മറിച്ച് ഏതെങ്കിലും സീനിയോരിറ്റി പാലിക്കുന്നുവെങ്കിൽ ആയതിന്റെ സർക്കാർ ഉത്തരവ്, വ്യവസ്ഥകൾ എന്നിവ വ്യക്തമാക്കാമോ;

(ഇ) കേരള മുനിസിപ്പൽ കോമൺ സർവീസിൽ റവന്യൂ ഇൻസ്പെക്ടർ/ഹെഡ് ക്ലാർക്ക് തസ്തികയിൽ പ്രമോഷൻ നൽകുന്നത് ബന്ധപ്പെട്ട ജീവനക്കാരൻ/ജീവനക്കാരി എൽ.ഡി.സി ആയി സർവീസിൽ കയറിയതുമുതലുള്ള സീനിയോരിറ്റി അടിസ്ഥാനമാക്കിയാണോ അതോ ടിയാൾ യു.ഡി.സി ആയതുമുതലുള്ള സീനിയോരിറ്റി അടിസ്ഥാനമാക്കിയാണോ;

(എഫ്) യു.ഡി.സി ആയതുമുതലുള്ള സീനിയോരിറ്റി അടിസ്ഥാനമാക്കി യാണെങ്കിൽ മുൻകാലങ്ങളിൽ ഇരുപത്തിമൂന്നോളം പേർക്ക് എൻട്രി കേഡർവച്ച് പ്രൊമോഷൻ നൽകിയതിന്മേൽ എന്ത് നടപടി സ്വീകരിക്കും;

(ജി) കേരള മുനിസിപ്പൽ കോമൺ സർവീസിൽ യു.ഡി.സി -മാരുടെ 1-7-2013-ലെ ഗ്രഡേഷൻ ലിസ്റ്റിൽ നിന്നും സീനിയോരിറ്റി മറികടന്ന് എത്രപേർക്ക് പുതുതായി 28-2-2019 വരെ പ്രൊമോഷൻ നൽകിയിട്ടുണ്ട്; മേൽ സീനിയോരിറ്റി മറികടന്നതിന് ആസ്പദമായ സർക്കാർ ഉത്തരവ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 25-4-1999-ലെ സ.ഉ.(പി) നമ്പർ 12/99/പി&എ.ആർ.ഡി. ഉത്തരവുപ്രകാരം സർക്കാർ സർവ്വീസിൽ 5 ശതമാനം ഒഴിവുകൾ ആശ്രിത നിയമനത്തിനായി നീക്കിവച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 30, 31, 32 പ്രകാരം, നിയമനം സാധ്യമാകാതെ വന്നാൽ പൊതുഭരണ (സി.ഇ. സെൽ) വകുപ്പിന് റിപ്പോർട്ട് ചെയ്യാൻ സാധിക്കും. മുനിസിപ്പൽ കോമൺ സർവ്വീസിൽ സേവനത്തിലിരിക്കെ മരണപ്പെട്ടവരുടെ ആശ്രിതർക്ക് ജോലി നൽകുന്നതിൽ ഈ 5 ശതമാനം ഒഴിവുകൾ എന്ന വ്യവസ്ഥ ബാധകമാക്കിയിട്ടില്ലാത്തതിനാലും, മുനിസിപ്പൽ കോമൺ സർവ്വീസ് സർക്കാർ സർവ്വീസിന്റെ ഭാഗമല്ലാത്തതിനാലും, മുനിസിപ്പൽ കോമൺ സർവ്വീസിലുള്ളവരുടെ ആശ്രിതർക്ക് മറ്റ് സർക്കാർ വകുപ്പുകളിൽ നിയമനം നൽകുന്നതിലേയ്ക്കായി സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യാൻ സാധിക്കുകയില്ല.

(സി) ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് ശ്രീ ഷിബു അഹമ്മദ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.1649/ 15-ന്മേലുള്ള വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ സമയബന്ധിതമായി നടപടി സ്വീകരിച്ചിട്ടുള്ളതാണ്.

(ഡി) കേരള മുനിസിപ്പൽ കോമൺ സർവ്വീസിലെ ഓരോ തസ്തികയിലും പ്രൊമോഷന് അനുബന്ധമാക്കിയിരിക്കുന്ന വ്യവസ്ഥകൾ തൊട്ടുമുമ്പ് പ്രൊമോഷൻ ലഭിച്ചതിന്മേലുള്ള സീനിയോറിറ്റി അനുസരിച്ചാണ്.

(ഇ) യു.ഡി.സി. ആയതുമുതലുള്ള സീനിയോറിറ്റി അടിസ്ഥാനമാക്കിയാണ് കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ റവന്യൂ ഇൻസ്പെക്ടർ/ഹെഡ് ക്ലാർക്ക് തസ്തികയിൽ പ്രൊമോഷൻ നൽകുന്നത്.

(എഫ്) എൻടി കേഡറിലെ സീനിയോറിറ്റി അടിസ്ഥാനമാക്കി ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ തസ്തിക മുതൽ ഉയർന്ന തസ്തികയിലേയ്ക്ക് ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചിട്ടില്ലാത്തതാണ്. എന്നാൽ യു.ഡി.സി. തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം ലഭിക്കേണ്ട എല്ലാ യോഗ്യതകളും ഉണ്ടായിട്ടും യഥാസമയം ഉദ്യോഗക്കയറ്റം ലഭിക്കാതിരുന്ന ചില ജീവനക്കാർക്ക് അവരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ യു.ഡി.സി. തസ്തികയിലെ ഉദ്യോഗക്കയറ്റം ലഭിച്ച തീയതി പുനഃക്രമീകരിച്ചിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചിട്ടുള്ളതുമാണ്.

(ജി) സീനിയോരിറ്റി മറികടന്ന് ആർക്കും നിയമനം നൽകിയിട്ടില്ല. സീനിയോരിറ്റി സംബന്ധിച്ച് സർക്കാർ ഉത്തരവിന്റെയും കോടതി വിധികളുടേയും ജീവനക്കാരുടെ അപേക്ഷ പരിശോധിച്ചതിന്റേയും അടിസ്ഥാനത്തിൽ ഏകദേശം 23 ജീവനക്കാർക്ക് അവരുടെ അർഹതയുടെ അടിസ്ഥാനത്തിൽ സീനിയർ ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റി പുനർനിർണ്ണയിച്ച് ഉദ്യോഗക്കയറ്റം നൽകിയിട്ടുണ്ട്.

**തദ്ദേശസ്വയംഭരണ വകുപ്പിലെ വിവിധ വിഭാഗങ്ങളുടെ സംയോജനം**

153 (1656) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിലെ വിവിധ വിഭാഗങ്ങളുടെ സംയോജന നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) കരട് റൂൾസ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) വിവിധ സംഘടനകൾ, വകുപ്പുകളിലെ ജീവനക്കാർ എന്നിവരുമായി ഇത് സംബന്ധിച്ച് ചർച്ച ചെയ്തിരുന്നോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ;

(ഡി) വകുപ്പ് സംയോജനംമൂലം സർക്കാരിനും പൊതുജനങ്ങൾക്കും ജീവനക്കാർക്കും ഉണ്ടാകുന്ന നേട്ടങ്ങൾ വിശദീകരിക്കാമോ;

(ഇ) പ്രസ്തുത സംയോജനം എന്നുമുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള പഞ്ചായത്ത് ഗ്രാമവികസനം, നഗരകാര്യം, നഗര-ഗ്രാമാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം എന്നീ സർവ്വീസുകളെ ഏകോപിപ്പിച്ച് പൊതുസർവ്വീസ് രൂപീകരിക്കുന്നതിലേയ്ക്കായി കരട് സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിന് 27-12-2016 -ലെ സ.ഉ.(കൈ)നമ്പർ 198/2016/ത.സ്വ.ഭ.വ. പ്രകാരം ലോക്കൽ ഗവൺമെന്റ് കമ്മീഷനെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത കമ്മീഷൻ തയ്യാറാക്കിയ സ്റ്റേറ്റ് സർവ്വീസിന്റെയും സബോർഡിനേറ്റ് സർവ്വീസിന്റെയും കരട് ചട്ടങ്ങളിന്മേൽ ബന്ധപ്പെട്ട എല്ലാ വിഭാഗം സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തുകയുമുണ്ടായി. സർവ്വീസ് സംഘടനകൾ ഉന്നയിച്ച ആക്ഷേപങ്ങളുടെയും, നിർദ്ദേശങ്ങളുടെയും, അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് ചട്ടങ്ങൾ സർക്കാർ തലത്തിൽ വിശദമായി പരിശോധിച്ചുവരുന്നു. അതിനുപുറമെ നഗരകാര്യ വകുപ്പും മുനിസിപ്പൽ കോമൺ സർവ്വീസും ഏകോപിപ്പിക്കുന്നതിനു മുന്നോടിയായി മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരെ സർക്കാർ ജീവനക്കാരാക്കി മാറ്റുന്നതിനുള്ള നിയമനടപടികളുടെ ഭാഗമായി 2019-ലെ 23-ാം നമ്പർ ഓർഡിനൻസായി പ്രഖ്യാപിക്കുകയും, ആയത് തുടർന്ന് 2019 മാർച്ച് 6-ന് 4904/ലെഗ്.സി1/2019/നിയമം നമ്പരായി ഒരു അസാധാരണ ഗസറ്റായി വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) www.principaldirectorate.lsgkerala.gov.in എന്ന വെബ്സൈറ്റിൽ കരട് സ്പെഷ്യൽ റൂൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) കരട് ചട്ടങ്ങളിന്മേൽ 2018 നവംബർ 8, 9 തീയതികളിൽ വിവിധ സർവ്വീസ് സംഘടനകളുമായി സർക്കാർതലത്തിൽ ചർച്ച നടത്തുകയുണ്ടായി. ലോക്കൽ ഗവൺമെന്റ് കമ്മീഷൻ തയ്യാറാക്കിയ കരട് ചട്ടങ്ങളിന്മേൽ സർവ്വീസ് സംഘടനകളുമായി ചർച്ച ചെയ്യുകയും ചർച്ചയിൽ ഉന്നയിച്ച അക്ഷേപങ്ങളുടെയും നിർദ്ദേശങ്ങളുടെയും അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് ചട്ടങ്ങൾ സർക്കാർ തലത്തിൽ വിശദമായി പരിശോധിച്ചുവരികയുമാണ്.

(ഡി) വകുപ്പുതല ഏകോപനവും പദ്ധതി സംയോജനവും നിർവ്വഹണവും മികച്ച രീതിയിൽ നടപ്പിലാക്കാൻ പൊതു സർവ്വീസ് രൂപീകരണത്തിലൂടെ സാധിക്കുന്നതാണ്. പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും സന്തുലിത പങ്കാളിത്തത്തിലൂടെ വികേന്ദ്രീകരണ പ്രസ്ഥാനത്തെ മുന്നോട്ട് നയിക്കാനുള്ള ഒരു ഭരണ നിർവ്വഹണ സഹായക സംവിധാനമായിരിക്കും ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ്. അതോടൊപ്പം കൂട്ടിയോജിപ്പിക്കപ്പെടുന്ന വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും പ്രൊമോഷൻ ഉൾപ്പെടെയുള്ള സേവന വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിക്കുന്നതിനും കഴിയുന്നത്ര അതാത് ജില്ലകളിൽ സൗകര്യപ്രദമായ രീതിയിൽ സ്ഥലംമാറ്റം നൽകി അവരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സഹായകരമാണ്.

(ഇ) സംയോജനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചുവരികയാണ്. നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പൊതു സർവ്വീസ് നിലവിൽ വരുന്നതാണ്.

**പഞ്ചായത്ത് സെക്രട്ടറി തസ്തികയിലെ ഒഴിവ്**

154 (1657) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ ജില്ലയിലെ മണലൂർ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറി തസ്തികയിൽ ഒഴിവ് നിലവിലുണ്ടോ; എങ്കിൽ പുതിയ സെക്രട്ടറിയെ നിയമിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

ഉണ്ട്. ആയത് അടുത്തുവരുന്ന പൊതു സ്ഥലംമാറ്റത്തിൽ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**തദ്ദേശസ്വയംഭരണ വകുപ്പിലെ തസ്തികകൾ**

155 (1658) <u>ശ്രീ. റ്റി. വി. രാജേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം തദ്ദേശസ്വയംഭരണ വകുപ്പിൽ പുതുതായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ബി) തദ്ദേശ സ്വയംഭരണ വകുപ്പിലെ ഏതൊക്കെ തസ്തികകളിലേക്കുള്ള നിയമനങ്ങളുടെ പി.എസ്.സി ലിസ്റ്റുകളാണ് നിലവിലുള്ളത്; പ്രസ്തുത ലിസ്റ്റുകളിൽ നിന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തദ്ദേശസ്വയംഭരണ വകുപ്പിൽ പുതുതായി 2314 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) തദ്ദേശസ്വയംഭരണ വകുപ്പിൽ നിലവിലുള്ള റാങ്ക് പട്ടികകളുടെയും ടി റാങ്ക് പട്ടികയിൽനിന്നും നൽകിയിട്ടുള്ള നിയമന ശിപാർശയുടെയും വിവരം താഴെപ്പറയുന്നു.

| ക്രമ നമ്പർ | തസ്തികയുടെ പേര് | നിയമന ശിപാർശയുടെ എണ്ണം |
|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) | 552 |
| 2 | അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) (Dept. Quota) | 59 |
| 3 | ഓവർസിയർ ഗ്രേഡ്-II/ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്-II (സിവിൽ) | 307 |
| 4 | ഓവർസിയർ ഗ്രേഡ്-I/ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്-I (സിവിൽ) | 566 |
| 5 | ഓവർസിയർഗ്രേഡ്-III/ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്-III (സിവിൽ) | 1065 |
| 6 | ഓവർസിയർ ഗ്രേഡ്-II/ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്-II (സിവിൽ) (PH backlog) | 14 |
| 7 | ഓവർസിയർ ഗ്രേഡ്-III/ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്- III (സിവിൽ) (SR for PH) | 17 |

## തദ്ദേശസ്വയംഭരണ വകുപ്പിലെ പുതിയ തസ്തികകൾ

156 (1659) ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ എത്ര തസ്തികകൾ ഈ സർക്കാർ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്; ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ 2314 തസ്തികകൾ ഈ സർക്കാർ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പഞ്ചായത്ത് വകുപ്പിലെ ക്ലാർക്ക് ഒഴിവുകൾ

157 (1660) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിൽ ഇനിയുണ്ടാകുന്ന 256 ക്ലാർക്ക് ഒഴിവുകൾ ആശ്രിതനിയമനത്തിനായി നീക്കി വയ്ക്കണമെന്ന് പഞ്ചായത്ത് ഡയറക്ടറേറ്റ് നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) ഇപ്രകാരം നീക്കിവച്ചശേഷം വരുന്ന ഒഴിവുകൾ മാത്രമേ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാവൂ എന്ന് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വെളിപ്പെടുത്താമോ;

(സി) പി.എസ്.സി. റാങ്ക് ലിസ്റ്റിലെ ഉദ്യോഗാർത്ഥികളുടെ നിയമനത്തെ ഇത് ബാധിക്കുമെന്നതിനാൽ ഇക്കാര്യം പുന:പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) 2010 മുതൽ 2018 വരെയുള്ള കാലയളവിൽ പഞ്ചായത്ത് വകുപ്പിൽ ഉണ്ടായ മൊത്തം ഒഴിവുകളുടെ എണ്ണത്തിന് ആനുപാതികമായി 256 ക്ലാർക്ക് തസ്തികയിലെ ഒഴിവുകൾ ആശ്രിതനിയമനത്തിനായി മാറ്റിവയ്ക്കുന്നതിന് സർക്കാരിൽ റിപ്പോർട്ട് ചെയ്യണമെന്ന സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇതുമായി ബന്ധപ്പെട്ട് ആവശ്യമായ നിർദ്ദേശങ്ങൾ ക്ലാർക്ക് തസ്തികയുടെ നിയമനാധികാരിയായ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് പഞ്ചായത്ത് ഡയറക്ടർ നൽകിയിട്ടുണ്ട്.

(സി) മേൽ നിർദ്ദേശത്തിലെ ചില വസ്തുതകൾ പുനഃപരിശോധിക്കണമെന്ന് അഭ്യർത്ഥിച്ച് പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ ശിപാർശയിന്മേൽ EPA1/106/2019/തസ്വഭവ. എന്ന ഫയലിൽ നടപടി സ്വീകരിച്ചുവരുന്നു.

## നഗരകാര്യ വകുപ്പിലെ ഉദ്യോഗക്കയറ്റം

158 (1661) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരകാര്യ വകുപ്പിൽ രണ്ട് വർഷത്തോളമായി റീജിയണൽ ജോയിൻറ് ഡയറക്ടർ തസ്തിക ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഒഴിവ് നികത്തുവാൻ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കാമോ;

(ബി) അകാരണമായി മുനിസിപ്പൽ സെക്രട്ടറിമാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാതെയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത കാരണത്താൽ മുനിസിപ്പൽ സെക്രട്ടറിമാരുടെ ഉദ്യോഗക്കയറ്റം നടത്താതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) പ്രൊമോഷൻ ലഭിക്കാത്തതു സംബന്ധിച്ച് മുനിസിപ്പൽ സെക്രട്ടറിമാർ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത കേസുകളിൽ എന്ത് നടപടികൾ എടുത്തു എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഒഴിവുകൾ നികത്തിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

(ഡി) പ്രൊമോഷൻ ലഭിക്കാത്തത് സംബന്ധിച്ച് കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറിയായിരുന്ന ശ്രീ. വിനയൻ ഫയൽ ചെയ്ത കേസ് തീർപ്പാക്കി. ശ്രീ. വിനയന് ജോയിന്റ് ഡയറക്ടറായി പ്രൊമോഷൻ നൽകി കോഴിക്കോട് മേഖല ജോയിന്റ് ഡയറക്ടറായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കണ്ണൂർ കോർപ്പറേഷൻ സെക്രട്ടറി ശ്രീ. രാധാകൃഷ്ണൻ, കൊല്ലം കോർപ്പറേഷൻ സെക്രട്ടറിയായിരുന്ന ശ്രീ. രാജു, കൊച്ചി കോർപ്പറേഷൻ സെക്രട്ടറിയായിരുന്ന ശ്രീമതി അനുജ, ആലുവ മുനിസിപ്പൽ സെക്രട്ടറി ശ്രീ. അരുൺ രംഗൻ, ഗുരുവായൂർ മുനിസിപ്പൽ സെക്രട്ടറിയായിരുന്ന ശ്രീ. രഘുരാമൻ, ലൈഫ് മിഷനിൽ അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന ശ്രീ. മുഹമ്മദ് <u>ഹ</u>വൈസ് എന്നിവർ ബ<u>ഹു</u>. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത കേസിൽ ടിയാളുകളെ ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റിയിൽ പരിഗണിക്കാൻ ഉത്തരവാകുകയും, ആയത് പ്രകാരം 14-1-2019-ൽ ചേർന്ന ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റിയിൽ പരിഗണിക്കുകയും, അച്ചടക്ക നടപടികൾ നിലവിലുള്ളതിനാൽ സെലക്ട് ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെടുകയും ചെയ്തു.

മൂവാറ്റുപുഴ മുനിസിപ്പൽ സെക്രട്ടറി ശ്രീ. വി. വി. ലതേഷ് കുമാർ ബ<u>ഹു</u>. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത കേസ് തീർപ്പാക്കി അദ്ദേഹത്തെ 14-1-2019-ൽ കൂടിയ ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റിയിൽ പരിഗണിക്കുകയും ടിയാനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കിയതിനാൽ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുകയും സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചും വരുന്നു.

## തീരദേശ പരിപാലന ചട്ടം ലംഘിച്ച് നിർമ്മിച്ച ഫ്ലാറ്റ് സമുച്ചയങ്ങൾ

159 (1662) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിലെ മരടിൽ തീരദേശ പരിപാലന ചട്ടം ലംഘിച്ച് നിർമ്മിച്ച അഞ്ച് ഫ്ളാറ്റ് സമുച്ചയങ്ങൾ ഒരു മാസത്തിനുള്ളിൽ പൊളിച്ച് നീക്കണമെന്നുള്ള സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) അനധികൃത കെട്ടിടങ്ങൾക്ക് പിഴ ഈടാക്കിക്കൊണ്ട് നിയമസാധുത നൽകുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾക്ക് ഏറ്റ തിരിച്ചടിയായി ഈ വിധിയെ കാണുന്നുണ്ടോ;

(സി) എങ്കിൽ ഇപ്രകാരമുള്ള നിയമലംഘനങ്ങൾക്ക് പിഴ ഈടാക്കിക്കൊണ്ട് ക്രമവൽക്കരണം നൽകുന്ന നടപടി പുനഃപരിശോധിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നിർമ്മാണങ്ങൾ നീക്കം ചെയ്യണമെന്നാവശ്യപ്പെട്ട് ബന്ധപ്പെട്ട ബിൽഡർമാർക്ക് കത്ത് നൽകിയിട്ടുണ്ട്. കൂടാതെ നിർമ്മാണങ്ങൾ നീക്കം ചെയ്യുന്നത് സംബന്ധിച്ച എല്ലാ സാങ്കേതിക വശങ്ങളും പരിശോധിച്ച് വിശദമായ റിപ്പോർട്ടും, എസ്റ്റിമേറ്റും തയ്യാറാക്കുന്നതിന് മുനിസിപ്പൽ എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

(ബി&സി) പിഴ ഈടാക്കിക്കൊണ്ട് അനധികൃത നിർമ്മാണങ്ങൾ ക്രമവത്ക്കരിക്കുന്നതിനുള്ള സർക്കാർ ഉത്തരവിൽ ഖണ്ഡിക 6(4)(v) പ്രകാരം തീരദേശ പരിപാലന നിയമത്തിന്റെ ലംഘനങ്ങളുള്ള നിർമ്മാണങ്ങൾ/ ഭൂവികാസങ്ങൾ പിഴയടച്ച് ക്രമവൽക്കരിക്കാൻ സാദ്ധ്യമല്ല.

## പാലക്കാട് ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയ പ്രവൃത്തികൾ

160 (1663) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ പാലക്കാട് ജില്ലാപഞ്ചായത്തിലെ നിലവിലുള്ള ഭരണസമിതി നടപ്പിലാക്കിയ പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) പാലക്കാട് ജില്ലാ പഞ്ചായത്തിലെ നിലവിലുള്ള ഭരണസമിതി 2015-16, 2016-17, 2017-18, 2018-19 വർഷങ്ങളിലായി ആലത്തൂർ നിയോജക മണ്ഡലത്തിൽ 128 പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു*. കൂടാതെ ജില്ലയിലെ മുഴുവൻ ഗുണഭോക്താക്കൾക്കും പ്രയോജനം ലഭിക്കുന്ന പ്രകാരമുള്ള പദ്ധതികളായ സമൃദ്ധി, ലൈഫ് പദ്ധതി, വിദ്യാഭ്യാസ മേഖലയിലെ പദ്ധതികൾ, ഭിന്നശേഷിക്കാർക്കുള്ള പദ്ധതികൾ, പാലിന് സബ്സിഡി, എയ്ഡ്സ് രോഗികൾക്കുള്ള പോഷകാഹാരം തുടങ്ങിയവ ആലത്തൂർ നിയോജകമണ്ഡലത്തിലും നടപ്പിലാക്കിയിട്ടുള്ളതാണ്.

(ബി) അനുബന്ധത്തിൽ പറയുന്ന എല്ലാ പ്രവൃത്തികൾക്കും ഭരണാനുമതി നൽകിയിട്ടുള്ളതാണ്.

## കടുത്തുരുത്തി ഗവ. പോളിടെക്നിക്കിന് അനുവദിച്ച ഭൂമി

161 (1664) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി ഗവ. പോളിടെക്നിക്കിനു വേണ്ടി കടുത്തുരുത്തി ഗ്രാമ പഞ്ചായത്ത് അനുവദിച്ച ഭൂമിയിൽ അധികമുള്ള സ്ഥലം മറ്റ് ആവശ്യങ്ങൾക്ക് അനുവദിക്കുന്നതിനായി ഭൂമിയെക്കുറിച്ചുള്ള വിവരങ്ങൾ അറിയിക്കാനാവശ്യപ്പെട്ടുകൊണ്ടു എൽ.എസ്.ജി.ഡി. സെക്രട്ടറി പഞ്ചായത്ത് ഡയറക്ടർക്ക് നൽകിയ 23-10-2018 ലെ ആ.സി.4/137/2017 നമ്പർ കത്തിന് മറുപടി നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ; ഇല്ലെങ്കിൽ മറുപടി നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പഞ്ചായത്ത് വിവിധ ഘട്ടങ്ങളിൽ നൽകിയിരിക്കുന്ന മറുപടിയിൽ വിസ്തീർണ്ണ വ്യത്യാസം സംബന്ധിച്ച് അവ്യക്തതയുള്ളത് പരിഹരിച്ച് പഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ടോ; ഇല്ലായെങ്കിൽ എന്നേക്ക് മറുപടി നൽകാനാകും; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ?

<u>ഉത്തരം</u>

(എ) നൽകിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി&സി) ഭൂമിയുടെ വിസ്തീർണ്ണം സംബന്ധിച്ച ജില്ലാ കളക്ടറുടെ റിപ്പോർട്ടിലും പഞ്ചായത്ത് സമർപ്പിച്ച പ്രൊപ്പോസലിലും വ്യത്യാസമുള്ളതിനാൽ ആയത് പരിഹരിക്കുന്നതിന് 2018 നവംബറിൽ താലൂക്ക് സർവ്വേയറുടെ നേതൃത്വത്തിൽ സ്ഥലം അളന്ന് തിരിച്ചിട്ടതാണെങ്കിലും ആയതിന്റെ റിപ്പോർട്ട് നാളിതുവരെയുമായി ലഭ്യമായിട്ടില്ലാത്തതിനാലാണ് കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് മറുപടി സമർപ്പിക്കാതിരുന്നത്. സർവ്വേയറുടെ റിപ്പോർട്ട് ലഭ്യമാക്കി മറുപടി സമർപ്പിക്കുന്നതിന് കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അടിയന്തര നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഗ്രാമപഞ്ചായത്തുകളുടെ വിഭജനം**

162 (1665) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ പള്ളിപ്പുറം, എളങ്കുന്നപ്പുഴ എന്നീ ഗ്രാമപഞ്ചായത്തുകളെ വിഭജിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പഞ്ചായത്തുകളെ വിഭജിക്കുന്നതിനും പുതിയവ രൂപീകരിക്കുന്നതിനുമുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് വിഭജിക്കുന്നതിന് പ്രൊപ്പോസലുകളൊന്നും ലഭിച്ചിട്ടില്ല. എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് വിഭജിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിശോധിച്ചുവരുന്നു.

(ബി) പുതിയ പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും രൂപീകരണം സംബന്ധിച്ച മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിന് 13-2-2019-ലെ സ.ഉ.(കൈ) നമ്പർ 23/2019/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)*

**തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഓൺലൈൻ സംവിധാനം**

163 (1666) ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭിക്കുന്ന അപേക്ഷകളും പരാതികളും പൂർണ്ണമായും ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) തദ്ദേശസ്വയംഭരണ ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് ലഭ്യമാകേണ്ട സേവനങ്ങൾ പൂർണ്ണമായും കമ്പ്യൂട്ടറൈസ് ചെയ്ത് കാലതാമസവും അഴിമതിയും ഇല്ലാതാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഇൻഫർമേഷൻ കേരള മിഷൻ, ഐ.ടി. മിഷൻ എന്നീ സ്ഥാപനങ്ങളുടെ സഹായത്തോടെ ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**നബാർഡ് - ആർ.ഐ.ഡി.എഫ്.**

164 (1667) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നബാർഡ്-ആർ.ഐ. ഡി.എഫ്. മുഖേന എത്ര റോഡുകളും കെട്ടിടങ്ങളും നിർമ്മിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 24 റോഡുകളും 31 കെട്ടിടങ്ങളും തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നിർമ്മിച്ചിട്ടുണ്ട്.

(ബി) 82.16 കോടി രൂപ ഇതിനായി വകയിരുത്തി. ഇതിൽ 51.46 കോടി രൂപ ചെലവഴിച്ചു.

**പി.എം.എ.വൈ. - ലൈഫ് പദ്ധതി സംബന്ധിച്ച്**

165 (1668) ശ്രീ. തോമസ് ചാണ്ടി: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പി.എം.എ.വൈ - ലൈഫ് പദ്ധതി പ്രകാരം കുട്ടനാട് മണ്ഡലത്തിലെ എത്ര കുടുംബങ്ങൾക്ക് വീടും ഭൂമിയും നൽകാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

കുട്ടനാട് മണ്ഡലത്തിൽ നഗരസഭകളില്ലാത്തതിനാൽ പി.എം.എ.വൈ. (നഗരം) പദ്ധതിപ്രകാരം ആർക്കും വീട് നൽകിയിട്ടില്ല. ലൈഫ് പദ്ധതി പ്രകാരവും പി.എം.എ.വൈ. (ഗ്രാമീൺ) ലൈഫ് പദ്ധതി പ്രകാരവും കുട്ടനാട് മണ്ഡലത്തിൽ ഗ്രാമപഞ്ചായത്തുകളിൽ അനുവദിച്ചു നൽകിയ വീടുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്ത് | പി. എം.എ.വൈ. പദ്ധതി | ലൈഫ് മിഷൻ ഒന്നാം ഘട്ടം | ലൈഫ് മിഷൻ രണ്ടാം ഘട്ടം |
|---|---|---|---|---|
| 1 | ചമ്പക്കുളം | 3 | 1 | 24 |
| 2 | എടത്വ | 0 | 1 | 15 |
| 3 | കൈനകരി | 6 | 4 | 12 |
| 4 | കാവാലം | 4 | 7 | 14 |
| 5 | മുട്ടാർ | 2 | 1 | 6 |
| 6 | നെടുമുടി | 11 | 1 | 11 |
| 7 | നീലംപേരൂർ | 5 | 2 | 6 |
| 8 | പുളിങ്കുന്ന് | 7 | 4 | 16 |
| 9 | രാമങ്കരി | 3 | 1 | 19 |
| 10 | തകഴി | 14 | 3 | 14 |
| 11 | തലവടി | 5 | 0 | 9 |
| 12 | വെളിയനാട് | 5 | 2 | 4 |
| | ആകെ | 65 | 27 | 150 |

**ഗ്രാമവികസന വകുപ്പിന്റെ പരിശീലന കേന്ദ്രം**

166 (1669) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിന്റെ ഒരു വികസന പരിശീലന കേന്ദ്രം കോതമംഗലത്ത് ആരംഭിക്കുന്നത് സംബന്ധിച്ച് ഗ്രാമവികസന കമ്മീഷണറുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ടിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത കേന്ദ്രം കോതമംഗലത്ത് ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി&സി) ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചുവരുന്നു.

**മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

167 (1670) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ഓരോ ജില്ലയിലും എത്ര തുക വീതം വേതന കുടിശ്ശിക നിലവിലുണ്ട് ; കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 31-5-2019 വരെ അവിദഗ്ധ വേതന ഇനത്തിൽ കുടിശ്ശികയില്ല.

**കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്ട്**

168 (1671) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ പ്രളയത്തിന്റെ അടിസ്ഥാനത്തിൽ നഗരാസൂത്രണത്തിൽ കാതലായ മാറ്റങ്ങൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെ മാറ്റങ്ങളാണ് പരിഗണനയിലുള്ളത്;

(സി) 2016-ലെ കേരള ടൗൺ ആന്റ് കൺട്രി പ്ളാനിംഗ് ആക്ട് പരിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനകം ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) 2018-ൽ സംസ്ഥാനത്തുണ്ടായ പ്രളയത്തിന്റെ അടിസ്ഥാനത്തിൽ നഗര-ഗ്രാമാസൂത്രണ ആക്ട് 2016 പരിഷ്കരിക്കുന്നതിനായി 7-5-2019-ലെ സർക്കാർ ഉത്തരവ് G.O.(Ms) No.48/2019/LSGD പ്രകാരം സ്റ്റേറ്റ് ലെവൽ കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതും ടി കമ്മിറ്റിയെ സഹായിക്കുന്നതിനായി ഒരു സബ് വർക്കിംഗ് കമ്മിറ്റിയെ നിയോഗിച്ചിട്ടുള്ളതുമാണ്. ഈ കമ്മിറ്റി സമർപ്പിക്കുന്ന ശിപാർശയുടെ അടിസ്ഥാനത്തിൽ നഗര ഗ്രാമാസൂത്രണ നിയമത്തിൽ ഉചിതമായ ഭേദഗതികൾ വരുത്തുന്നതാണ്.

## ഉന്നത വിദ്യാഭ്യാസ രംഗത്തെ പരിഷ്കാരങ്ങൾ

169 (1672) ശ്രീ. ബി. സത്യൻ:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അക്കാദമിക രംഗം കൂടുതൽ ചലനാത്മകമാക്കുക എന്ന ലക്ഷ്യത്തോടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഒരു അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും അവ പരിശോധിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കാമോ;

(സി) അക്കാദമിക രംഗത്തും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്ന വിദഗ്ധരെ ഉൾപ്പെടുത്തി അക്കാദമിക് വോളന്റിയർ ബാങ്ക് രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ബിരുദാനന്തര ബിരുദ തലത്തിലുള്ള വിദ്യാഭ്യാസം പുന:സംഘടിപ്പിക്കുന്നതിനും അദ്ധ്യാപകരുടെ നിലവാരം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടികളെക്കുറിച്ച് പരിശോധിക്കുമോ?

### ഉത്തരം

(എ) ഈ ലക്ഷ്യം മുൻനിർത്തി ഉന്നത വിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുന്നതിന് ഉന്നത വിദ്യാഭ്യാസ കൗൺസിലിനുകീഴിൽ State Assessment and Accreditation Centre (SAAC) രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സർവ്വകലാശാലകളുടെയും കോളേജുകളുടെയും ഔപചാരിക വിലയിരുത്തലിന് നാക്കിനോടൊപ്പം സംസ്ഥാനതല ഏജൻസികളും ഉണ്ടാകേണ്ടതാണെന്ന് യു.ജി.സി. നിർദ്ദേശിച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ കൗൺസിലിനുകീഴിൽ State Assessment and Accreditation Centre (SAAC) പ്രവർത്തിച്ചുതുടങ്ങുമ്പോൾ അത് യു.ജി.സി. വിഭാവനം ചെയ്ത ദിശയിലെ രാജ്യത്തെതന്നെ പ്രഥമ കാൽവയ്പ്പായിരിക്കും.

(ബി) അദ്ധ്യാപകരുടെയും അദ്ധ്യാപനത്തിന്റെയും നിലവാരം മെച്ചപ്പെടുത്തി ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായി ഫാക്കൽറ്റി ട്രെയിനിംഗ് സെന്റർ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഔട്ട്കം-ബേസ്ഡ്

എഡ്യൂക്കേഷനും ഗ്രാജ്യുവേറ്റ് ആർട്രിബ്യൂട്ടുകൾക്കും ഊന്നൽ നൽകിക്കൊണ്ടുള്ള കരിക്കുലം പരിഷ്കരണത്തിന് ഉന്നത വിദ്യാഭ്യാസ കൗൺസിൽ നടപടികൾ സ്വീകരിച്ചുവരുന്നു. ഉന്നത വിദ്യാഭ്യാസ മേഖലയുടെ സമഗ്രമായ വിവരശേഖരണം ലക്ഷ്യമിട്ട് സംസ്ഥാനത്ത് ആദ്യമായി ഓൺലൈൻ സർവ്വേ ആരംഭിച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗവുമായി ബന്ധപ്പെട്ട ആധികാരിക വിവരങ്ങളുടെ അഭാവം പരിഹരിക്കുക എന്ന ലക്ഷ്യമാണ് ഈ സർവ്വേയിലൂടെ സാക്ഷാത്കരിക്കപ്പെടുന്നത്. ബിരുദങ്ങളുടെയും അക്കാദമിക് പ്രോഗ്രാമുകളുടെയും അംഗീകാരവും തുല്യതയും സംബന്ധിച്ചുള്ള പരാതികൾക്കും പ്രശ്നങ്ങൾക്കും തീർപ്പുകൽപ്പിക്കാൻ സ്റ്റേറ്റ് ലെവൽ അക്കാദമിക് കമ്മിറ്റി (SLAC) രൂപീകരിക്കുകയുണ്ടായി.

(സി) അക്കാദമിക് വോളന്റിയർ ബാങ്ക് രൂപീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിലേയ്ക്കായുള്ള വിദഗ്ദരുടെ ലിസ്റ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

(ഡി) ഉന്നത വിദ്യാഭ്യാസ മേഖലയിലെ അദ്ധ്യാപകർക്കായി വിദേശീയരും സ്വദേശീയരുമായ പണ്ഡിതരെ റിസോഴ്സ് പേഴ്സൺസായി ക്ഷണിച്ചിട്ടുണ്ട്. Faculty Development Programme ശില്പശാലകൾ സംഘടിപ്പിച്ചുവരുന്നു. 2019-ൽ 1000 അദ്ധ്യാപകർക്ക് പരിശീലനം നൽകാനാണ് ലക്ഷ്യമിടുന്നത്. ഉന്നത വിദ്യാഭ്യാസ രംഗത്തെ സമൂല പരിഷ്കരണം ലക്ഷ്യമിട്ടുകൊണ്ട് ഉന്നത വിദ്യാഭ്യാസ കൗൺസിൽ പാഠ്യപദ്ധതി പരിഷ്കണത്തിനായി നിയമിച്ച കമ്മിറ്റിയുടെ പ്രവർത്തനം അന്തിമഘട്ടത്തിലാണ്.

**മലയാളം ശ്രേഷ്ഠഭാഷ**

170 (1673) <u>ശ്രീ. വി. അബ്ദുറഹിമാൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാളം ശ്രേഷ്ഠഭാഷയായി അംഗീകരിച്ചിട്ടും ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഈ വിഷയത്തിന് വേണ്ടത്ര പരിഗണന ലഭിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വളരെ കുറഞ്ഞ കോളേജുകളിൽ മാത്രമേ ബി.എ മലയാളവും എം.എ മലയാളവും പഠന സൗകര്യമുള്ളൂ എന്നതിനാൽ മലയാള ഭാഷയും സാഹിത്യവും ഐച്ഛിക വിഷയമായെടുക്കുവാൻ താല്പര്യമുള്ള കുട്ടികൾക്ക് ഇഷ്ടവിഷയം പഠിക്കാനായി കൂടുതൽ കോളേജുകളിൽ മലയാള ഭാഷയിൽ ബിരുദവും ബിരുദാനന്തരബിരുദവും എം.ഫിൽ കോഴ്സുകളും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇക്കാര്യത്തിൽ കോളേജുകളിൽ നിന്നും വന്ന പ്രൊപ്പോസലുകൾ സമയബന്ധിതമായി അംഗീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ഉന്നതവിദ്യാഭ്യാസ മേഖലയിൽ മലയാളം ഭാഷയ്ക്ക് അർഹമായ പരിഗണന നൽകിവരുന്നുണ്ട്.

(ബി&സി) ബിരുദ-ബിരുദാനന്തര-എം.ഫിൽ മലയാളം കോഴ്സുകൾ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ സർക്കാർ പരിഗണിച്ചുവരുന്നു.

**കോളേജ് കാമ്പസുകളിലെ അക്രമരാഷ്ട്രീയം**

171 (1674) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. വി. ടി. ബൽറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യകരമായ അക്കാഡമിക് അന്തരീക്ഷവും സാമൂഹ്യ സാഹചര്യവും സൗഹൃദവും ഒരുക്കേണ്ട കോളേജ് കാമ്പസ്സുകൾ അക്രമ രാഷ്ട്രീയത്തിന്റെയും ചില വിദ്യാർത്ഥി സംഘടനകളുടെ ഫാസിസ്റ്റ് പ്രവർത്തനങ്ങളുടെയും വേദിയായി മാറി എന്നത് വസ്തുതയല്ലേയെന്ന് വ്യക്തമാക്കാമോ;

(ബി) പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ ആഗ്രഹിക്കുന്ന കുട്ടികളെ നിർബന്ധിച്ച് ക്ലാസ് സമയത്ത് സമരത്തിനും മാർച്ചിനും കൊണ്ടുപോകുന്ന സാഹചര്യം നിലവിലുണ്ടോ;

(സി) ചില വിദ്യാർത്ഥി സംഘടനകൾക്ക് ശക്തമായ സ്വാധീനമുള്ള കോളേജ് കാമ്പസ്സുകളിൽ മറ്റ് വിദ്യാർത്ഥി സംഘടനകൾക്ക് പ്രവർത്തന സ്വാതന്ത്ര്യം പോലും നിഷേധിക്കുന്ന അവസ്ഥ നിലനിൽക്കുന്നുണ്ടോ;

(ഡി) തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് കാമ്പസ്സിൽ ചില വിദ്യാർത്ഥി നേതാക്കളുടെ മാനസിക പീഢനത്തെ തുടർന്ന് ഒരു വിദ്യാർത്ഥിനി ആത്മഹത്യയ്ക്ക് ശ്രമിച്ച സംഭവത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ പല കോളേജ് കാമ്പസ്സുകളിലും നടക്കുന്ന ആരോഗ്യകരമല്ലാത്ത പ്രവണതകൾ ഇല്ലാതാക്കുന്നതിന് സർക്കാർ തലത്തിൽ ശക്തമായ ഇടപെടൽ നടത്തുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ചില വിദ്യാർത്ഥി സംഘടനകൾക്ക് ശക്തമായ സ്വാധീനമുള്ള കോളേജ് കാമ്പസുകളിൽ മറ്റ് വിദ്യാർത്ഥി സംഘടനകൾക്ക് പ്രവർത്തന സ്വാതന്ത്ര്യം നിഷേധിക്കുന്ന അവസ്ഥയെ സംബന്ധിച്ച പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ഡി) സംസ്ഥാനത്തെ കോളേജ് കാമ്പസുകളിൽ ആരോഗ്യകരമായ വിദ്യാർത്ഥി സംഘടനാ സംവിധാനം നിലനിർത്തുന്നതിന് നിയമനിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## സെന്റർ ഓഫ് എക്സലൻസായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള കോളേജുകൾ

172 (1675) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സെന്റർ ഓഫ് എക്സലൻസായി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള കോളേജുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) സെന്റർ ഓഫ് എക്സലൻസായി പ്രഖ്യാപിച്ച തീയതിയും അതിനുശേഷം പുതുതായി അനുവദിക്കപ്പെട്ട കോഴ്സുകളടക്കം പ്രസ്തുത കോളേജുകളിൽ വന്ന മാറ്റങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ;

(സി)പ്രസ്തുത കോളേജുകളിൽ നിലവിലുള്ള കോഴ്സുകൾ ഏതൊക്കെയാണെന്ന് കോളേജ് തിരിച്ച് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കോളേജുകൾക്ക് സംസ്ഥാന-കേന്ദ്ര സർക്കാറുകളിൽ നിന്ന് ലഭിക്കുന്ന ഫണ്ടുകൾ ഏതൊക്കെയാണെന്നും എത്രയാണെന്നും വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത കോളേജുകൾക്ക് ലഭ്യമാകുന്ന ഗുണങ്ങളും ആനുകൂല്യങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) സംസ്ഥാനത്ത് സെന്റർ ഓഫ് എക്സലൻസായി തെരഞ്ഞെടുത്ത കോളേജുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഇ) ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന 10 കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്നതാണ് ഈ പ്ലാൻ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. ആയതിനാൽ 7 സ്പെഷ്യൽ ഗ്രേഡ് കോളേജുകളും മേഖലാടിസ്ഥാനത്തിൽ 3 കോളേജുകളും ഉൾപ്പെടുത്തി ആകെ 10 കോളേജുകളെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

Centre of Excellence എന്ന പദ്ധതിയുടെ കീഴിൽ കൊണ്ടുവന്നു. ടി കോളേജുകളിൽ ഒരു വകുപ്പിനെയോ പല വകുപ്പുകൾ കൂടി ചേർത്ത് ഒരു inter disciplinary centre പോലുള്ള സംരംഭമുണ്ടാക്കി അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കുക എന്നതാണ് ടി പദ്ധതിയാൽ ലക്ഷ്യമിടുന്നത്. ആയതിന്റെ ആദ്യപടിയായി അടിസ്ഥാന വികസനത്തിനായി തുക അനുവദിക്കുകയും 2018-19 സാമ്പത്തിക വർഷം പൂർണമായും ക്വാളിറ്റി വർധിപ്പിക്കുന്നതിനുവേണ്ട സജ്ജീകരണം ഒരുക്കുന്നതുമാണ് ടി പ്ലാൻ പദ്ധതിയിൽ ഊന്നൽ നൽകിവരുന്നത്.

## സ്വയംഭരണ പദവിയുള്ള കോളേജുകൾ

173 (1676) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജുകൾക്ക് സ്വയംഭരണ പദവി നൽകുന്നത് സംബന്ധിച്ച് സർക്കാർ നയം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഇതുവരെ എത്ര കോളേജുകൾക്കാണ് സ്വയംഭരണ പദവി ലഭിച്ചത്; ഇവ ഏതെല്ലാമാണെന്നതിന്റെ വിശദവിവരം നൽകുമോ;

(സി) സ്വയംഭരണ പദവി ലഭിക്കുന്നതുമൂലം കോളേജുകളുടെ ഭരണ, അക്കാദമിക് മേഖലകളിലുണ്ടാകുന്ന നേട്ടം എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

### ഉത്തരം

(എ) നിലവിലുള്ള ഓട്ടോണമി അപ്രൂവൽ നിയമത്തിൽ മാറ്റങ്ങൾ വരുത്തുന്നതിനായുള്ള കരട് നിർദ്ദേശം സമർപ്പിക്കാൻ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിയമത്തിൽ മാറ്റങ്ങൾ വരുത്തിയശേഷം പുതിയ കോളേജുകൾക്ക് സ്വയംഭരണ പദവി അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിക്കുന്നതാണ്.

(ബി) സംസ്ഥാനത്ത് നിലവിൽ 19 കോളേജുകൾക്കാണ് സ്വയംഭരണ പദവി ലഭ്യമായിട്ടുള്ളത്. അവയുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) സ്വയംഭരണ കോളേജുകളിൽ വിദ്യാർത്ഥി പ്രവേശനം, പരീക്ഷ, ഫലപ്രഖ്യാപനം എന്നിവ ഏറെക്കുറെ സമയബന്ധിതമായി നടക്കുന്നുണ്ടെങ്കിലും ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗുണപരമായ മാറ്റം വരുത്താൻ സ്വയംഭരണ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കോളേജുകൾക്ക് സാധിച്ചിട്ടില്ലെന്ന് സംസ്ഥാനത്തെ സ്വയംഭരണ പദവി ലഭിച്ച കോളേജുകളുടെ അക്കാദമിക നിലവാരത്തിലുള്ള മാറ്റം വിലയിരുത്തുന്നതിന് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേന നിയോഗിച്ച കമ്മിറ്റി കണ്ടെത്തിയിട്ടുണ്ട്. കൂടാതെ സിലബസിലും മറ്റും ഗുണപരമായ മാറ്റങ്ങൾ വരുത്തിയതായി കാണുന്നില്ലെന്നും ഉപരിപ്ലവമായ മാറ്റങ്ങൾ മാത്രമാണ് ദർശിക്കാൻ കഴിഞ്ഞതെന്നും പ്രസ്തുത കമ്മിറ്റി വിലയിരുത്തിയിട്ടുണ്ട്.

## സ്വയംഭരണ കോളേജുകൾ

174 (1677) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ജി.സി.-യുടെ നാക് വിലയിരുത്തലിൽ 3.5 എ. സ്കോറിന് മുകളിൽ നേടിയ എത്ര കോളേജുകൾ സംസ്ഥാനത്ത് നിലവിലുണ്ട്;

(ബി) ഗ്രേഡിംഗിൽ 3.5 എ. സ്കോറിന് മുകളിൽ നേടിയ കോളേജുകൾക്ക് യു.ജി.സി. നേരിട്ട് ധനസഹായം നൽകാറുണ്ടോ; എങ്കിൽ അത് എത്രയാണ്;

(സി) പ്രസ്തുത ധനസഹായം ലഭിക്കുന്നതിന് കോളേജുകൾ സ്വയംഭരണ പദവിയിലേക്ക് മാറേണ്ടതുണ്ടോ;

(ഡി) പ്രസ്തുത കോളേജുകൾക്ക് സ്വയംഭരണ പദവി നൽകുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ; ഇത് സംബന്ധിച്ച് സർക്കാർ നയത്തിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ ഏതൊക്കെ നിബന്ധനകളുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് 12 കോളേജുകൾക്ക് നാക് സ്കോർ 3.5 എ.-യ്ക്ക് മുകളിൽ ഉണ്ട്.

(ബി) ഇല്ല. എന്നാൽ റൂസ വഴി കോളേജുകൾക്ക് ധനസഹായം നൽകിവരുന്നുണ്ട്. ഗ്രേഡിംഗിൽ 3.51-ന് മുകളിൽ സ്കോർ ഉള്ള ഓട്ടോണമസ് കോളേജുകൾക്ക് സംസ്ഥാന വിഹിതമടക്കം 5 കോടി രൂപയാണ് ധനസഹായം നൽകുന്നത്.

(സി) സ്വയംഭരണ പദവിയും ധനസഹായം നൽകുന്നതിന് ഒരു ഘടകമാണ്.

(ഡി&ഇ) സ്വയംഭരണ കോളേജുകളെ സംബന്ധിച്ച ബന്ധപ്പെട്ട നിയമത്തിൽ ചില ഭേദഗതികൾ വരുത്തണമെന്ന നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്.

## സ്വയംഭരണ കോളേജുകളുടെ നിലവാരം

175 (1678) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വയംഭരണ കോളേജുകളുടെ നിലവാരത്തെപ്പറ്റി സർക്കാർ തലത്തിൽ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(ബി) സ്വയംഭരണ കോളേജുകളെ അക്കാഡമിക് ജനാധിപത്യ ആഡിറ്റിംഗിന് വിധേയമാക്കണമെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ;

(സി) വിദ്യാഭ്യാസ മേഖലയിലെ സാമൂഹ്യനീതി, സംവരണാവകാശം, ഫീസ് വ്യവസ്ഥകൾ, മെരിറ്റ് പ്രകാരമുള്ള വിദ്യാർത്ഥി പ്രവേശനം എന്നിവ സ്വയംഭരണ കോളേജുകളിൽ അട്ടിമറിക്കപ്പെടുന്നതായി കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന് ആധാരമായ വസ്തുതകൾ എന്തൊക്കെയാണ്; വിശദീകരിക്കുമോ;

(ഡി) ഉന്നത നാക് സ്കോർ നേടിയ കൂടുതൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സ്വയംഭരണാവകാശം നൽകുന്നത് സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ സ്വയംഭരണ പദവി ലഭിച്ച കോളേജുകളുടെ അക്കാദമിക നിലവാരത്തിലുള്ള മാറ്റം വിലയിരുത്തുന്നതിന് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേന നിയോഗിച്ച മൂന്നംഗ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് 2019 ജൂൺ 1-ന് ചേർന്ന ഓട്ടോണമി അപ്രൂവൽ കമ്മിറ്റി യോഗം ചില ഭേദഗതികളോടെ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത ഭേദഗതികൾ ഉൾപ്പെടുത്തി നിയമം ഭേദഗതി ചെയ്യുന്നതിനുള്ള കരട് നിർദ്ദേശം സമർപ്പിക്കാൻ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) സ്വയംഭരണ കോളേജുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് സർക്കാരിന് ലഭിച്ച പരാതികൾ 2019 ജൂൺ മാസം ഒന്നാം തീയതി ചേർന്ന ഓട്ടോണമി അപ്രൂവൽ കമ്മിറ്റിയുടെ യോഗത്തിൽ ചർച്ച ചെയ്യുകയുണ്ടായി. എം.ജി. സർവ്വകലാശാലയുടെ കീഴിലുള്ള കോളേജുമായി ബന്ധപ്പെട്ട പരാതി സംബന്ധിച്ച് അന്വേഷിക്കാൻ എം.ജി. സർവ്വകലാശാല വൈസ് ചാൻസലറെ ഓട്ടോണമി അപ്രൂവൽ കമ്മിറ്റി ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) സ്വയംഭരണം സംബന്ധിച്ച യൂണിവേഴ്സിറ്റി ലാ (മൂന്നാം ഭേദഗതി) നിയമം 2014-ൽ ഭേദഗതികൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. അതിനുശേഷം കൂടുതൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനത്തിന് സ്വയംഭരണാവകാശം നൽകുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

## സ്വയംഭരണ കോളേജുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിന് നടപടി

176 (1679) ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വയംഭരണ കോളേജുകളിൽ നിന്നും പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികളുടെ അക്കാദമിക് മേന്മ പരിശോധിക്കുവാൻ നിലവിൽ എന്തെങ്കിലും സംവിധാനമുണ്ടോ; ഇല്ലെങ്കിൽ അത് ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സ്വയംഭരണ കോളേജുകളും സർവ്വകലാശാലകളും തമ്മിൽ നിരന്തരമായി ഉണ്ടാകുന്ന തർക്കങ്ങൾ പരിഹരിക്കുന്നതിന് എന്ത് സംവിധാനമാണ് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്നറിയിക്കുമോ;

(സി) സ്വയംഭരണ കോളേജുകളിൽ പുതിയ കോഴ്സുകൾ തുടങ്ങുവാനുള്ള നിർദ്ദേശം സർവ്വകലാശാലയ്ക്ക് സമർപ്പിച്ചാൽ സർവ്വകലാശാലകൾ അതിന്മേൽ തീരുമാനം എടുക്കുന്നത് അനന്തമായി നീളുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്ത് സംവിധാനമാണുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) സ്വയംഭരണ കോളേജുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിന് സർക്കാർ തലത്തിൽ എന്തെങ്കിലും ഇടപെടലുകൾ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ സ്വയംഭരണ കോളേജുകളിൽ നിന്നും പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ അക്കാദമിക നിലവാരം പരിശോധിക്കുന്നതിനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ തയ്യാറാക്കിയ അക്കാഡമിക് അപ്രൈസൽ റിപ്പോർട്ടിന്റെ രൂപരേഖ 2019 ജൂൺ 1-ാം തീയതി ചേർന്ന ഓട്ടോണമി അപ്രൂവൽ കമ്മിറ്റി അംഗീകരിച്ചു. സ്വയംഭരണ കോളേജുകളിൽ നിന്നും പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ നിലവാരമുൾപ്പെടെ വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) സ്വയംഭരണ കോളേജുകളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ തീരുമാനം കൈക്കൊള്ളുന്നതിനായി യൂണിവേഴ്സിറ്റി ലാ (മൂന്നാം ഭേദഗതി) ആക്ട്, 2014 പ്രകാരം ഓട്ടോണമി അപ്രൂവൽ കമ്മിറ്റിയെ അധികാരപ്പെടുത്തിയിട്ടുണ്ട്.

(സി) പ്രസ്തുത വിഷയം 1-6-2019-ന് ചേർന്ന ഓട്ടോണമി അപ്രൂവൽ കമ്മിറ്റി ചർച്ച ചെയ്യുകയും സ്വയംഭരണ കോളേജുകൾ തയ്യാറാക്കി നൽകുന്ന പുതിയ കോഴ്സ്/സിലബസ് സംബന്ധിച്ച് തീരുമാനമെടുക്കാൻ സർവ്വകലാശാലകൾക്ക് 180 ദിവസത്തെ സമയം അനുവദിക്കുന്ന തരത്തിൽ നിയമഭേദഗതി വരുത്തുന്നതിനുള്ള തീരുമാനം അംഗീകരിച്ചിട്ടുമുണ്ട്.

(ഡി) സ്വയംഭരണ കോളേജുകളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ തീരുമാനമെടുക്കുന്നതിനായി സമയബന്ധിതമായി ഓട്ടോണമി അപ്രൂവൽ കമ്മിറ്റി യോഗം ചേരാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ നിലവിൽ സ്വയംഭരണ കോളേജുകളുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് യൂണിവേഴ്സിറ്റി ലാ (മൂന്നാം ഭേദഗതി) ആക്ട് 2014-ൽ ഭേദഗതി വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## അക്കാദമിക് കലണ്ടറുകളുടെ ഏകീകരണം

177 (1680) ശ്രീ. എൻ. വിജയൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളുടെ അക്കാദമിക് കലണ്ടർ വ്യത്യസ്തമായതിനാൽ കുട്ടികളുടെ ഉപരിപഠനത്തെയും കോളേജുകളുടെ പ്രവർത്തനത്തെയും ഇത് തടസ്സപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എല്ലാ സർവ്വകലാശാലകളുടെയും അക്കാദമിക് കലണ്ടർ ഏകീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ&ബി) സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് പൊതു അക്കാദമിക് കലണ്ടറും പരീക്ഷാ കലണ്ടറും തയ്യാറാക്കുന്നതിന് സർവ്വകലാശാലകളിലെ പ്രോ വൈസ് ചാൻസലർമാരെ അംഗങ്ങളാക്കി ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പി.വി.സി.-മാരുടെ കമ്മിറ്റി മീറ്റിംഗുകൾ അക്കാദമിക് കലണ്ടറും പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും സംബന്ധിച്ചെടുക്കുന്ന തീരുമാനങ്ങൾ സർവ്വകലാശാലകൾ നടപ്പിലാക്കുന്നുണ്ട്. സർവ്വകലാശാലകൾ യഥാസമയം പരീക്ഷാ ഫലപ്രഖ്യാപനവും പ്രവേശനവും നടത്തുന്ന സ്ഥിതി സംജാതമായിട്ടുണ്ട്.

## അഫ്സലുൽ ഉലമ ഡിഗ്രി കോഴ്സ്

178 (1681) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റികൾ അംഗീകരിച്ച ബി.എ. അറബിക് അഫ്സലുൽ ഉലമ ഡിഗ്രി കോഴ്സുകൾ എതെങ്കിലും സർക്കാർ കോളേജിൽ നിലവിലുണ്ടോ;

(ബി) കൂടുതൽ സർക്കാർ കോളേജുകളിൽ ഈ കോഴ്സ് അനുവദിക്കുന്നതിനും അറബി ഭാഷ പഠനം പ്രോത്സാഹിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) അഫ്സലുൽ ഉലമ ഡിഗ്രി കോഴ്സ് നിർത്തലാക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഇല്ല

(ബി&സി) പരിഗണനയിലില്ല.

## സർക്കാർ ആർട്സ് & സയൻസ് കോളേജുകളുടെ നവീകരണം

179 (1682) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആർട്സ് & സയൻസ് കോളേജുകളുടെ നവീകരണത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) സർക്കാർ കോളേജുകളിലെ പഠന നിലവാരവും അദ്ധ്യാപന നിലവാരവും ഉയർത്തുന്നതിന് കൈക്കൊണ്ടുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കേരളത്തിലെ സർക്കാർ ആർട്സ് & സയൻസ് കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സർക്കാർ ധനസഹായം നൽകുന്നുണ്ട്. സർക്കാർ ആർട്സ് & സയൻസ് കോളേജുകളുടെ സമഗ്ര വികസനത്തിനായി പ്രത്യേക നിക്ഷേപ പദ്ധതി ആവിഷ്കരിക്കുകയും ഇതിന്റെ ഭാഗമായി 2030 മുന്നിൽ കണ്ട് കോളേജുകളുടെ സമഗ്ര

വികസനത്തിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കി തുടർനടപടികൾ കേളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ് മുഖേന സ്വീകരിച്ചുവരുന്നുണ്ട്. സർക്കാർ കോളേജുകളിലെ പഠന നിലവാരവും അദ്ധ്യാപന നിലവാരവും ഉയർത്തുന്നതിന് Scholar Support Programme, Walk With Scholar, FLAIR (Fostering Linkages For Academic Innovation And Research), സെന്റർ ഓഫ് എക്സലൻസ്, അക്കാദമിക്/ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം എന്നീ പദ്ധതികളും വിവിധ സ്കോളർഷിപ്പ് പദ്ധതികളും നടപ്പിലാക്കിവരുന്നു.

## യൂണിവേഴ്സിറ്റി കോളേജിലെ ഒന്നാംവർഷ ബിരുദ വിദ്യാർത്ഥിയുടെ ആത്മഹത്യാശ്രമം

180 (1683) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. കെ. എം. ഷാജി:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ ഒന്നാംവർഷ ബിരുദ വിദ്യാർത്ഥിനി കോളേജിലെ പെൺകുട്ടികളുടെ വിശ്രമമുറിയിൽ ആത്മഹത്യ ചെയ്യാൻ ശ്രമിച്ച സംഭവത്തിൽ വിദ്യാഭ്യാസ വകുപ്പ് കോളേജ് അധികൃതരിൽ നിന്നും റിപ്പോർട്ട് തേടിയിട്ടുണ്ടോ;

(ബി) യൂണിവേഴ്സിറ്റി കോളേജിൽ പെൺകുട്ടികൾ ഉൾപ്പെടെയുള്ളവരെ നിർബന്ധിച്ച് യൂണിയൻ പരിപാടികൾക്കും ഒരു വിദ്യാർത്ഥി സംഘടനയുടെ പരിപാടികൾക്കും കൊണ്ടുപോകുന്നതായ പരാതികളിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) പെൺകുട്ടിയുടെ ആത്മഹത്യാശ്രമത്തെ തുടർന്ന് ഇത്തരം കാര്യങ്ങളിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) കുറ്റക്കാരായവരെ കണ്ടെത്തി ശിക്ഷിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്.

(സി&ഡി) അന്തിമ റിപ്പോർട്ട് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## യൂണിവേഴ്സിറ്റി കോളേജിൽ വിദ്യാർത്ഥിയുടെ ആത്മഹത്യാശ്രമം

181 (1684) ശ്രീ. അനിൽ അക്കര:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ യൂണിയൻ പ്രവർത്തനത്തിനും ധർണകളിലും പ്രക്ഷോഭ ജാഥകളിലും വിദ്യാർത്ഥി യൂണിയൻ പ്രവർത്തകർ നിർബന്ധിച്ച് പങ്കെടുപ്പിക്കുന്നത് കാരണം പഠിക്കുവാൻ കഴിയുന്നില്ലായെന്ന് ആരോപിച്ച് വിദ്യാർത്ഥിനി ആത്മഹത്യ ചെയ്യുവാൻ ശ്രമിച്ച സംഭവത്തെ സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയത് ആരാണ്; പ്രസ്തുത ആരോപണങ്ങളെ കുറിച്ച് ഇതിനകം നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയ വിവരങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ട്.

(ബി) കോളേജ് വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ഡയറക്ടറുടെ നേതൃത്വത്തിൽ വിദ്യാർത്ഥിനി ആത്മഹത്യ ചെയ്യാൻ ശ്രമിച്ച വിഷയം സംബന്ധിച്ച് അന്വേഷണം നടത്തുകയും പ്രാഥമിക റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അന്തിമ അന്വേഷണ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടില്ല.

## ഉന്നതവിദ്യാഭ്യാസ രംഗത്തെ നിലവാരത്തകർച്ച

182 (1685) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ രംഗത്തെ പഠനനിലവാര തകർച്ചയും യഥാസമയം പരീക്ഷകൾ നടത്താത്തതും റിസൾട്ട് കുറയുന്നതും റിസൾട്ട് പ്രഖ്യാപിക്കുന്നതിലുമുള്ള കാലതാമസവും സംബന്ധിച്ച പരാതികൾ എന്തെല്ലാമെന്നും അവ പരിഹരിക്കാനായി എന്ത് നടപടികൾ സ്വീകരിച്ചുവരുന്നു എന്നും വ്യക്തമാക്കുമോ;

(ബി) നടപ്പ് അദ്ധ്യായനവർഷം മുതൽ ഉന്നത വിദ്യാഭ്യാസ മേഖലകളിലെ പരീക്ഷകൾക്ക് മുൻകൂട്ടി ഏകീകൃത ടൈംടേബിൾ പ്രസിദ്ധീകരിക്കുവാനും നിശ്ചിത

സമയത്തുതന്നെ പരീക്ഷ നടത്തുവാനും റിസൾട്ട് പ്രഖ്യാപിക്കുവാനും വേണ്ടി എന്ത് നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് ഏകീകൃത അക്കാദമിക് കലണ്ടർ വേണമെന്ന ഹൈക്കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ;

(ഡി) സപ്ലിമെന്ററി പരീക്ഷ നടത്തിപ്പിലും ഫലപ്രഖ്യാപനത്തിലും സർവ്വകലാശാലകൾ കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പരീക്ഷകൾ യഥാക്രമം നടത്താനും റിസൾട്ട് സമയബന്ധിതമായി പ്രഖ്യാപിക്കാനുമുള്ള നടപടിക്രമങ്ങൾ സർവ്വകലാശാലകൾ ആരംഭിച്ചുകഴിഞ്ഞു. സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് പൊതു അക്കാദമിക് കലണ്ടറും പരീക്ഷാ കലണ്ടറും തയ്യാറാക്കുന്നതിന് സർവ്വകലാശാലകളിലെ പ്രോ വൈസ് ചാൻസിലർമാരെ അംഗങ്ങളാക്കി ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പി.വി.സി.-മാരുടെ കമ്മിറ്റി മീറ്റിംഗുകൾ അക്കാദമിക് കലണ്ടറും പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും സംബന്ധിച്ചെടുക്കുന്ന തീരുമാനങ്ങൾ സർവ്വകലാശാലകൾ നടപ്പിലാക്കുന്നുണ്ട്. സർവ്വകലാശാലകൾ യഥാസമയം പരീക്ഷാ ഫലപ്രഖ്യാപനവും പ്രവേശനവും നടത്തുന്ന സ്ഥിതി സംജാതമായിട്ടുണ്ട്.

(സി) ഉണ്ട്. സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് പൊതു അക്കാദമിക് കലണ്ടറും പരീക്ഷാ കലണ്ടറും തയ്യാറാക്കുന്നതിന് സർവ്വകലാശാലകളിലെ പ്രോ വൈസ് ചാൻസിലർമാരെ അംഗങ്ങളാക്കി ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പി.വി.സി.-മാരുടെ കമ്മിറ്റി മീറ്റിംഗുകൾ അക്കാദമിക് കലണ്ടറും പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും സംബന്ധിച്ചെടുക്കുന്ന തീരുമാനങ്ങൾ സർവ്വകലാശാലകൾ നടപ്പിലാക്കുന്നുണ്ട്. സർവ്വകലാശാലകൾ യഥാസമയം പരീക്ഷാ ഫലപ്രഖ്യാപനവും പ്രവേശനവും നടത്തുന്ന സ്ഥിതി സംജാതമായിട്ടുണ്ട്.

(ഡി) മഹാത്മാ ഗാന്ധി സർവ്വകലാശാലയിൽ കാലതാമസം വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്രീകൃത വാല്യൂവേഷൻ ക്യാമ്പ്, ഹോം വാല്യൂവേഷൻ എന്നിവ വഴി പ്രശ്നം പരിഹരിക്കാൻ ശ്രമിച്ചുവരുന്നു.

## സർവ്വകലാശാലകളിലെ പരീക്ഷ നടത്തിപ്പും ഫലപ്രഖ്യാപനവും

183 (1686) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സർവ്വകലാശാലകളിലെ പരീക്ഷ നടത്തിപ്പും ഫലപ്രഖ്യാപനവും കാര്യക്ഷമമാക്കുന്നതിനും ഏകീകൃത പരീക്ഷാ കലണ്ടർ തയ്യാറാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

പരീക്ഷകളുടെ നടത്തിപ്പും ഫലപ്രഖ്യാപനവും പൊതുവെ പരീക്ഷാ കലണ്ടറിനനുസൃതമായാണ് നടന്നുവരുന്നത്. ബിരുദ-ബിരുദാനന്തര കോഴ്സുകളുടെ പ്രവേശന നടപടികൾ മുതൽ പരീക്ഷാഫലം, സർട്ടിഫിക്കറ്റ് വിതരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ എല്ലാ സർവ്വകലാശാലകളിലും നിശ്ചയിക്കപ്പെട്ട കലണ്ടർ പ്രകാരം നടക്കുന്നുവെന്ന് ഉറപ്പുവരുത്താൻ സമഗ്രമായ ഇ-ഗവേണൻസ് പദ്ധതി നടപ്പാക്കുന്നതിന് നടപടികളെടുത്തുകഴിഞ്ഞു. ടി പദ്ധതി പൂർണ്ണതോതിൽ നടപ്പിലാക്കുമ്പോൾ എല്ലാ മേഖലയിലും ഏകീകൃത സ്വഭാവം കൈവരിക്കാനാകുമെന്ന് കരുതുന്നു.

## സർവ്വകലാശാലകളിലെ മനുഷ്യവിഭവശേഷിയുടെ വിനിയോഗം

184 (1687) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ മികച്ച സർവ്വകലാശാലകളുടെയും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും പട്ടികയിൽ സംസ്ഥാനത്തെ സർവ്വകലാശാലകളുടെ നിലവിലെ സ്ഥാനം എത്രയാണെന്ന് അറിയിക്കാമോ;

(ബി) സർവ്വകലാശാലകളിലെ മനുഷ്യ വിഭവശേഷി ശരിയായ രീതിയിൽ വിനിയോഗിക്കുന്നതിന് നിലവിൽ സാധിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പരീക്ഷാ ഫലങ്ങൾ പ്രസിദ്ധീകരിക്കുന്നതിൽ മെല്ലെപ്പോക്ക് പതിവാക്കിയ സംസ്ഥാനത്തെ സർവ്വകലാശാലകൾ ഇക്കാര്യത്തിൽ മാറ്റം വരുത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) മാർച്ച് - ഏപ്രിൽ മാസങ്ങളിൽ നടന്ന അവസാന സെമസ്റ്റർ ബിരുദ പരീക്ഷയുടെ ഫലം സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നതിന് എം.ജി. സർവ്വകലാശാലയ്ക്ക് സാധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സർവ്വകലാശാല ഇക്കാര്യത്തിൽ കാണിച്ച ശുഷ്കാന്തി മറ്റ് സർവ്വകലാശാലകളും പിൻതുടരുവാൻ നിർദ്ദേശം നൽകുമോയെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) National Institutional Ranking Framework (NIRF) റാങ്ക് ചെയ്ത രാജ്യത്തെ മികച്ച 100 സർവ്വകലാശാലകളിൽ കേരളത്തിലെ 4 സർവ്വകലാശാലകൾ ഉൾപ്പെട്ടിട്ടുണ്ട്. കേരള സർവ്വകലാശാല 22-ാം സ്ഥാനം, മഹാത്മാ ഗാന്ധി സർവ്വകലാശാല 30-ാം സ്ഥാനം, കാലിക്കറ്റ് സർവ്വകലാശാല 64-ാം സ്ഥാനം, കുസാറ്റ് 65-ാം സ്ഥാനം എന്നിവയാണ് NIRF റാങ്കിൽ മികച്ച നൂറ് സർവ്വകലാശാലകളുടെ ലിസ്റ്റിൽ ഉൾപ്പെട്ട സംസ്ഥാനത്തെ യൂണിവേഴ്സിറ്റികൾ.

(ബി) ഉണ്ട്.

(സി) സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് പൊതു അക്കാദമിക് കലണ്ടറും പരീക്ഷാ കലണ്ടറും തയ്യാറാക്കുന്നതിന് സർവ്വകലാശാലകളിലെ പ്രൊ-വൈസ്ചാൻസിലർമാരെ അംഗങ്ങളാക്കി ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പി.വി.സി.-മാരുടെ കമ്മിറ്റി മീറ്റിംഗുകൾ അക്കാദമിക് കലണ്ടറും പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും സംബന്ധിച്ചെടുക്കുന്ന തീരുമാനങ്ങൾ സർവ്വകലാശാലകൾ നടപ്പിലാക്കുന്നു. സർക്കാരിന്റെയും കൗൺസിലിന്റെയും മാർഗ്ഗനിർദ്ദേശങ്ങൾക്കും ഇടപെടലുകൾക്കും അനുസൃതമായി സർവ്വകലാശാലകൾ യഥാസമയം പരീക്ഷാ ഫലപ്രഖ്യാപനവും പ്രവേശനവും നടത്തുന്ന സ്ഥിതി സംജാതമായിട്ടുണ്ട്.

(ഡി) ഈ വർഷം ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ സി.ബി.സി.എസ്. എസ്.ബി.എ./ബി.എസ്.സി./ബി.കോം മുതലായ യു.ജി. കോഴ്സ് പരീക്ഷകളുടെ ഫലം സമയബന്ധിതമായി പ്രസിദ്ധീകരിക്കാൻ എം.ജി. സർവ്വകലാശാലയ്ക്ക് സാധിച്ചു. പരീക്ഷാഫലം യഥാസമയം പ്രസിദ്ധീകരിക്കുന്നതിന് എല്ലാ സർവ്വകലാശാലകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## സർവ്വകലാശാലകളിലെ പരീക്ഷ, പരീക്ഷാഫല പ്രസിദ്ധീകരണം എന്നിവ ഏകീകൃതമാക്കുന്നതിന് നടപടികൾ

185 (1688) <u>ശ്രീ. ജോർജ് എം. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിൽ പരീക്ഷാ നടത്തിപ്പ്, പരീക്ഷാ ഫലപ്രസിദ്ധീകരണം എന്നിവ ഏകീകൃതമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതിന്റെ ഗുണഫലങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് പൊതു അക്കാദമിക് കലണ്ടറും പരീക്ഷാ കലണ്ടറും തയ്യാറാക്കുന്നതിന് സർവ്വകലാശാലകളിലെ പ്രോ വൈസ് ചാൻസിലർമാരെ അംഗങ്ങളാക്കി ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പി.വി.സി.-മാരുടെ കമ്മിറ്റി മീറ്റിംഗുകൾ അക്കാദമിക് കലണ്ടറും പരീക്ഷാനടത്തിപ്പും ഫലപ്രഖ്യാപനവും സംബന്ധിച്ചെടുക്കുന്ന തീരുമാനങ്ങൾ സർവ്വകലാശാലകൾ നടപ്പിലാക്കുന്നുണ്ട്. സർവ്വകലാശാലകൾ യഥാസമയം പരീക്ഷാഫല പ്രഖ്യാപനവും പ്രവേശനവും നടത്തുന്ന സ്ഥിതി സംജാതമായിട്ടുണ്ട്.

(ബി) വിദ്യാർത്ഥികൾക്ക് തുടർപഠനത്തിനും മറ്റും മുൻകൂട്ടിയും മെച്ചപ്പെട്ട രീതിയിലും ആസൂത്രണം നടത്താൻ കഴിയുന്നതാണ്.

**കേരള സർവ്വകലാശാലയിൽ കേരള പഠനത്തിനായി പുതിയ വകുപ്പ്**

186 (1689) ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയിൽ കേരള പഠനത്തിനായി പുതിയ വകുപ്പ് ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് ആരംഭിച്ചത്;

(ബി) പ്രസ്തുത വകുപ്പിലേക്ക് വിദ്യാർത്ഥി പ്രവേശനത്തിനുള്ള അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പുതിയ വകുപ്പ് ആരംഭിക്കുന്നതിന് കേരള യൂണിവേഴ്സിറ്റി ഫസ്റ്റ് സ്റ്റാറ്റ്യൂട്ടിൽ ഭേദഗതി കൊണ്ടുവന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഭേദഗതിക്ക് ചാൻസലറുടെ അംഗീകാരം ലഭിച്ചതെന്നാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 3-4-2019 മുതലാണ് കേരള പഠനത്തിനായി പുതിയ വകുപ്പ് നിലവിൽ വന്നത്.

(ബി) ഉണ്ട്.

(സി) കേരള സർവ്വകലാശാലയിൽ കേരള പഠനത്തിനായി പുതിയ വകുപ്പ് ആരംഭിക്കുന്നതിനുവേണ്ട ഭേദഗതി 16-11-2018-ൽ നടന്ന സിൻഡിക്കേറ്റിലും തുടർന്ന് 2019 ഫെബ്രുവരി 18, 19 തീയതികളിലായി നടത്തിയ സെനറ്റിലും വച്ച് അംഗീകാരം നേടിയിട്ടുണ്ട്. ആയത് ബഹു. ചാൻസിലറുടെ അംഗീകാരത്തിനായി സർവ്വകലാശാല 2-4-2019-ൽ സമർപ്പിച്ചിട്ടുണ്ട്.

## കിഫ്ബി മുഖേന ഫണ്ട് അനുവദിച്ചിട്ടുള്ള സർക്കാർ കോളേജുകൾ

187 (1690) ശ്രീ. പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം സർക്കാർ കോളേജുകൾക്കാണ് കെട്ടിട നിർമ്മാണത്തിനായി കിഫ്ബി മുഖേന ഫണ്ട് അനുവദിച്ചിട്ടുള്ളത്; അനുവദിച്ച തുകയും കോളേജുകളുടെ പേരും ലഭ്യമാക്കാമോ;

(ബി) ബാലുശ്ശേരി മണ്ഡലത്തിലെ ഡോ. ബി. ആർ. അംബേദ്കർ മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവൃത്തിക്കായി എത്ര കോടി രൂപയാണ് കിഫ്ബിയിൽ നിന്നും അനുവദിച്ചിട്ടുള്ളത്;

(സി) നിർമ്മാണപ്രവൃത്തി ആരംഭിക്കുന്നതിനുള്ള ടെണ്ടർ നടപടി പൂർത്തിയാക്കുന്നതിൽ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) 42 കോളേജുകൾക്കായി 320.316 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കോളേജുകളുടെ പേരും തുകയും അനുബന്ധമായി ചേർക്കുന്നു.*

(ബി) ബാലുശ്ശേരി മണ്ഡലത്തിലെ ഡോ. ബി. ആർ. അംബേദ്കർ മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജിന് 9.917 കോടി രൂപയാണ് കിഫ്ബിയിൽനിന്നും അനുവദിച്ചിട്ടുള്ളത്.

(സി) ഉണ്ട്. രണ്ടുതവണ ടെണ്ടർ ചെയ്തുവെങ്കിലും ആരും പങ്കെടുക്കാതിരുന്നതിനാലാണ് പ്രവൃത്തി ആരംഭിക്കാൻ ഇത്രയും വൈകിയത്. മൂന്നാം തവണ ടെണ്ടർ ചെയ്തപ്പോൾ ഒരാൾ പങ്കെടുത്തിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## സ്വയംഭരണ പദവി ലഭിച്ച കോളേജുകൾ

188 (1691) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര കോളേജുകൾക്ക് സ്വയംഭരണ പദവി അനുവദിച്ചിട്ടുണ്ട്; ഇതിൽ സർക്കാർ അധീനതയിലുള്ള കോളേജുകൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) നാക് അക്രഡിറ്റേഷൻ 3.5 പോയിന്റിൽ കൂടുതലുള്ള കോളേജുകൾക്ക് യു.ജി.സി.യുടെ ധനസഹായത്തിന് അർഹതയുണ്ടോ; എത്ര കോടി രൂപയുടെ ധനസഹായമാണ് ഓരോ കോളേജിനും ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ നാക് അക്രഡിറ്റേഷൻ 3.5 പോയിന്റിൽ കൂടുതലുള്ള എത്ര കോളേജുകൾ നിലവിലുണ്ട്; അവ ഏതൊക്കെയാണ്; വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത കോളേജുകൾക്ക് സ്വയംഭരണ പദവി നൽകണമെന്ന് ശിപാർശ ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നിലവിൽ 19 കോളേജുകൾക്ക് സ്വയംഭരണ പദവി അനുവദിച്ചിട്ടുണ്ട്. ഇതിൽ സർക്കാർ അധീനതയിലുള്ള കോളേജ് എറണാകുളം ഗവൺമെന്റ് മഹാരാജാസ് കോളേജ് ആണ്.

(ബി) കോളേജുകൾക്ക് ധനസഹായം നൽകിവരുന്നത് റൂസയാണ്. ഗ്രേഡിംഗിൽ 3.51-ന് മുകളിൽ സ്കോർ ഉള്ള സ്വയംഭരണ കോളേജുകൾക്ക് സംസ്ഥാന വിഹിതമടക്കം 5 കോടി രൂപയാണ് ധനസഹായം നൽകുന്നത്.

(സി) സംസ്ഥാനത്ത് നാക് അക്രെഡിറ്റേഷൻ 3.5-ൽ കൂടുതലുള്ള 7 സ്വയംഭരണം ലഭിച്ചിട്ടില്ലാത്ത കോളേജുകൾ ഉണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ലയോള കോളേജ്, തിരുവനന്തപുരം | 3.72 |
| കത്തോലിക്കേറ്റ് കോളേജ്, പത്തനംതിട്ട | 3.43 |
| എസ്.ഡി. കോളേജ്, ആലപ്പുഴ | 3.53 |
| സേക്രട്ട് ഹാർട്ട് കോളേജ്, ചാലക്കുടി | 3.55 |
| ലിറ്റിൽ ഫ്ലവർ കോളേജ്, തൃശ്ശൂർ | 3.56 |
| പ്രോവിഡൻസ് കോളേജ്, കോഴിക്കോട് | 3.52 |
| ഗവൺമെന്റ് സംസ്കൃത കോളേജ്, തിരുവനന്തപുരം | 3.58 |

(ഡി) സ്വയംഭരണ കോളേജുകൾ സംബന്ധിച്ച നിയമത്തിൽ ചില ഭേദഗതികൾ വേണമെന്ന് നിർദ്ദേശമുണ്ടായിട്ടുണ്ട്. അത് പരിശോധിച്ചുവരികയാണ്.

## സർവ്വകലാശാലകളിൽ ഓൺലൈൻവഴി സർട്ടിഫിക്കറ്റ് വിതരണം

189 (1692) <u>ശ്രീ. വി. ടി. ബൽറാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിൽ സർട്ടിഫിക്കറ്റ് വിതരണം ഓൺലൈനാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ കോഴ്സുകളുടെ സർട്ടിഫിക്കറ്റുകളാണ് ഇപ്രകാരം ഓൺലൈനാക്കുന്നത്;

(സി) ഓൺലൈൻ വഴി സർട്ടിഫിക്കറ്റുകൾ നൽകുമ്പോൾ അതിന്റെ ആധികാരികത ഉറപ്പാക്കുവാൻ എന്ത് സംവിധാനമാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കേരള സർവ്വകലാശാല താഴെപ്പറയുന്ന സർട്ടിഫിക്കറ്റുകളുടെ വിതരണം ഓൺലൈനാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

| | | |
|---|---|---|
| Matriculation | Eligibility | Condonation |
| Equivalence | Hall Ticket | Consolidated Mark Lists |
| Semester wise Mark Lists | Revalution Memo | Course Certificates |
| Provisional Certificates | College Transfer | University Transfer |
| Re-admission | Medium of Instruction | |
| Migration | Recognition | |

മഹാത്മാഗാന്ധി സർവ്വകലാശാല പ്രാരംഭഘട്ടത്തിൽ ബിരുദ (CBCSS) കോഴ്സുകളുടെ സർട്ടിഫിക്കറ്റുകളാണ് നൽകാൻ ഉദ്ദേശിക്കുന്നത്.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ബി.ടെക്, എം.എസ്.സി., എം.എ., എം.ഫിൽ, എം.ടെക് എന്നിവയും തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല എം.എ., എം.ഫിൽ, പി.എച്ച്.ഡി. എന്നീ കോഴ്സുകളും ഓൺലൈനാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഡിജിറ്റൽ സിഗ്നേച്ചർ, ഹൈ സെക്യൂരിറ്റി ഹോളോഗ്രാം സ്റ്റിക്കർ എന്നിവ ഉപയോഗിച്ചാണ് ഓൺലൈൻ സർട്ടിഫിക്കറ്റുകളുടെ ആധികാരികത ഉറപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

**എയ്ഡഡ് കോളേജുകളിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടി**

190 (1693) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് കോളേജുകളിൽ അദ്ധ്യാപക-അനദ്ധ്യാപക വിഭാഗങ്ങളിലായി അധിക തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആകെ എത്ര തസ്തിക സൃഷ്ടിക്കുന്നതിനാണ് അനുമതി ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) എയ്ഡഡ് കോളേജുകളിൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ട്. എയ്ഡഡ് കോളേജുകളിൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ അനുമതിക്കായി സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കോളേജ് അദ്ധ്യാപകരുടെ ജോലിഭാരം**

191 (1694) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജുകളിലെ അദ്ധ്യാപകരുടെ ജോലിഭാരം പുതുക്കി നിശ്ചയിച്ചുകൊണ്ട് ഉന്നതവിദ്യാഭ്യാസ വകുപ്പ് 9.5.18-ൽ പുറപ്പെടുവിച്ച ഉത്തരവിൽ സർക്കാർ കോളേജുകളെ ഒഴിവാക്കിയത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(ബി) എയ്ഡഡ് മേഖലയിൽ പുതുതായി അദ്ധ്യാപക/അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; ഈ തസ്തികകൾ 9.5.18-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണോ എന്ന് വിശദമാക്കുമോ;

(സി) സർക്കാർ കോളേജുകളിൽ മലയാളം അദ്ധ്യാപകരുടെ തസ്തികകൾ സൃഷ്ടിക്കുവാനുള്ള പ്രൊപ്പോസലുകൾ കോളീജിയറ്റ് ഏഡ്യുക്കേഷൻ ഡയറക്ടറേറ്റിലുണ്ടോ; എങ്കിൽ ഇത് നടപ്പിലാക്കുന്നതിനുള്ള കാലതാമസത്തിന് കാരണം വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) എയ്ഡഡ് കോളേജ് അദ്ധ്യാപകരുടെ ജോലിഭാരം പുനർനിർണ്ണയിച്ചുകൊണ്ട് പുറപ്പെടുവിച്ച 9-5-2018-ലെ സ.ഉ.(കൈ) നമ്പർ 93/2018/ഉ.വി.വ. സർക്കാർ കോളേജുകൾക്കുകൂടി ബാധകമാക്കണമെന്ന പ്രൊപ്പോസൽ സർക്കാർ പരിഗണിച്ചുവരുന്നു.

(ബി) സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ 9-5-2018-ലെ സ.ഉ.(എം.എസ്.)നമ്പർ 93/2018/ഉ.വി.വ. ഉത്തരവ് പ്രകാരവും മറ്റ് നിലവിലെ ചട്ടങ്ങൾ പ്രകാരവും പരിശോധിച്ച് ധനകാര്യ വകുപ്പിന്റെ അനുമതിക്ക് വിധേയമായി ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. പുതിയതായി അനുവദിച്ച എയ്ഡഡ് കോളേജുകളിൽ അനദ്ധ്യാപക തസ്തിക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിഗണിച്ചുവരികയാണ്.

(സി) സംസ്ഥാനത്തെ സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ മലയാളം വിഭാഗത്തിന് ഈ വർഷം 8 പുതിയ അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. ഈ അദ്ധ്യായന വർഷം മലയാളം വിഭാഗത്തിൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പുതിയ പ്രൊപ്പോസലുകൾ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## വൈപ്പിൻ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിലെ അദ്ധ്യാപക തസ്തികകൾ

192 (1695) <u>ശ്രീ. എസ്. ശർമ്മ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ ഗവ.ആർട്സ് ആന്റ് സയൻസ് കോളേജിൽ പ്രിൻസിപ്പൽ തസ്തിക അടക്കമുള്ള വിവിധ അദ്ധ്യാപക തസ്തികകൾ അനുവദിക്കാത്തതുമൂലം ദൈനംദിന പ്രവർത്തനങ്ങൾ തടസ്സപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) വൈപ്പിൻ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിൽ മാത്തമാറ്റിക്സ്, കൊമേഴ്സ് വിഷയങ്ങളിൽ ഓരോ അസിസ്റ്റന്റ് പ്രൊഫസർ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. പ്രിൻസിപ്പൽ തസ്തിക സൃഷ്ടിക്കുന്നതിനായി ലഭ്യമായ പ്രൊപ്പാസൽ പരിശോധിച്ചുവരുന്നു.

## എയ്ഡഡ് കോളേജുകളിലെ പ്രിൻസിപ്പൽ നിയമനം

193 (1696) <u>ശ്രീ. അനിൽ അക്കര</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് കോളേജുകളിലെ പ്രിൻസിപ്പൽ നിയമനത്തിനുള്ള യോഗ്യതയും മാനദണ്ഡങ്ങളും വെളിപ്പെടുത്തുമോ;

(ബി) എയ്ഡഡ് കോളേജുകളിൽ പ്രിൻസിപ്പൽ നിയമനം ലഭിച്ചവർ നിർബന്ധമായും തങ്ങളുടെ വിഷയം പഠിപ്പിക്കണമെന്നും അത് കുറഞ്ഞത് എത്ര മണിക്കൂർ വേണമെന്നും നിബന്ധനയുണ്ടോയെന്ന് വിശദീകരിക്കുമോ;

(സി) കോർപ്പറേറ്റ് മാനേജുമെന്റിന് കീഴിലുള്ള കോളേജുകളിലെ പ്രിൻസിപ്പൽ നിയമനത്തിനും മേൽപ്പറഞ്ഞ നിയമങ്ങൾ ബാധകമാണോ;

(ഡി) കൊച്ചിൻ ദേവസ്വം ബോർഡിനു കീഴിലുള്ള ശ്രീവിവേകാനന്ദ കോളേജ്, ശ്രീകേരള വർമ്മ കോളേജ് എന്നീ കോളേജുകളിലെ പ്രിൻസിപ്പൽ നിയമനങ്ങളിൽ ആരുടെയെങ്കിലും നിയമനാംഗീകാരം മേൽപ്പറഞ്ഞ നിയമത്തിന്റെ പരിധിയിൽ വരുന്നതിനാൽ കാലിക്കറ്റ് സർവ്വകലാശാല നൽകാതിരുന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഇ) പ്രിൻസിപ്പൽ നിയമനവുമായി ബന്ധപ്പെട്ട യു.ജി.സി/യൂണിവേഴ്സിറ്റി മാനദണ്ഡങ്ങൾ കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിലുള്ള കോളേജുകൾക്കും ബാധകമാണോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) യു.ജി.സി. റഗുലേഷൻ 2010-ലെ നിർദ്ദേശങ്ങൾക്കും സർവ്വകലാശാല ചട്ടങ്ങൾക്കും വിധേയമായിട്ടാണ് പ്രിൻസിപ്പൽ തസ്തികയിലേയ്ക്ക് നേരിട്ടുള്ള നിയമനം നടത്തുന്നത്. സ്ഥാനക്കയറ്റം മുഖേനയുള്ള നിയമനങ്ങൾക്ക് സീനിയോറിറ്റി, ഫിറ്റ്നസ്, അതാത് സർവ്വകലാശാലകൾ നിശ്ചയിക്കുന്ന വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം എന്നിവ പരിഗണിക്കുന്നു.

(ബി) 9-5-2018-ലെ സ.ഉ.(എം.എസ്)93/2018/ഉ.വി.വ. പ്രകാരം പ്രിൻസിപ്പൽമാർ ആഴ്ചയിൽ 5 മണിക്കൂർ അവരവരുടെ വിഷയം പഠിപ്പിക്കേണ്ടതായിട്ടുണ്ട്. എന്നാൽ സ്ഥാനക്കയറ്റം മുഖേന പ്രിൻസിപ്പൽ തസ്തികയിലെത്തുന്നവർ 1-11-2013-ലെ സ.ഉ.(എം.എസ്)677/13/ഉ.വി.വ. പ്രകാരം തങ്ങളുടെ വിഷയം ടി കോളേജിലില്ലാത്തപക്ഷം, റിസർച്ച് സ്കോളേഴ്സിനെ ഗൈഡ് ചെയ്യേണ്ടതുണ്ട്.

(സി) ബാധകമാണ്.

(ഡി) ഡോ. വി. എസ്. ഈശ്വരി ശ്രീവിവേകാനന്ദ കോളേജിൽ പ്രിൻസിപ്പാൾ നിയമനാംഗീകാരത്തിനായി സമർപ്പിച്ച അപേക്ഷയിൽ, പ്രസ്തുത കോളേജിൽ അവർക്ക് ആഴ്ചയിൽ അഞ്ച് മണിക്കൂർ വർക്ക് ലോഡ് ഉണ്ടോയെന്ന കാര്യത്തിൽ മാനേജ്മെന്റ് മറുപടി സമർപ്പിക്കാത്തതിനാൽ പ്രിൻസിപ്പൽ നിയമനാംഗീകാര നടപടികൾ പൂർത്തീകരിച്ചിട്ടില്ല.

(ഇ) ബാധകമാണ്.

## ആർട്സ് & സയൻസ് കോളേജുകളിൽ പുതിയതായി സൃഷ്ടിച്ച അദ്ധ്യാപക തസ്തികകൾ

194 (1697) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ ആർട്സ് &സയൻസ് കോളേജുകളിൽ പുതിയതായി സൃഷ്ടിച്ച അദ്ധ്യാപക തസ്തികകൾ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ;

(ബി) സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ പുതിയതായി സൃഷ്ടിക്കേണ്ട അദ്ധ്യാപക തസ്തികകൾ സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടറോ സർക്കാരോ ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(സി) സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ പുതിയതായി അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ഡി) എയ്ഡഡ് കോളേജുകളിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സൃഷ്ടിച്ച അധ്യാപക തസ്തികകൾ സംബന്ധിച്ച് വിശദ വിവരം ലഭ്യമാക്കാമോ;

(ഇ) എയ്ഡഡ് കോളേജുകളിൽ പുതിയതായി അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(എഫ്) എയ്ഡഡ് കോളേജുകളിൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത് സർക്കാരോ കോളേജ് വിദ്യാഭ്യാസ ഡയറക്ടറോ നടത്തുന്ന പഠനത്തിന്റെ അടിസ്ഥാനത്തിലാണോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(ജി) സർക്കാർ കോളേജുകളിലും എയ്ഡഡ് കോളേജുകളിലും അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച മാനദണ്ഡം എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ 209 പുതിയ അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. പുതിയതായി സൃഷ്ടിച്ച അദ്ധ്യാപക തസ്തികകൾ സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) വിവിധ സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ നിന്നും ലഭിക്കുന്ന പ്രൊപ്പോസലുകൾ വിശദമായ പരിശോധന നടത്തി കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ വ്യക്തമായ ശിപാർശയുടെ അടിസ്ഥാനത്തിലാണ് പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത്.

(സി) വിവിധ സർക്കാർ കോളേജുകളിൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ഒരുമിച്ച് പരിശോധിക്കുന്നതിനായി സമാഹൃത പ്രൊപ്പോസലാക്കി ലഭ്യമാക്കാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) എയ്ഡഡ് കോളേജുകളിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സൃഷ്ടിച്ച അദ്ധ്യാപക തസ്തികകൾ സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു:

| | | | |
|---|---|---|---|
| (1) | എം.ജി. കോളേജ്, ഇരിട്ടി - | കൊമേഴ്സ് & മാനേജ്മെന്റ് സ്റ്റഡീസ് | 6 |
| (2) | മലബാർ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് | ബി.എം.എം.സി. | 2 |
| (3) | ടി.കെ.എം. കോളേജ്, കൊല്ലം | ബയോകെമിസ്ട്രി | 1 |
| (4) | സെന്റ് തോമസ് കോളേജ്, റാന്നി | ഇംഗ്ലീഷ് | 1 |
| (5) | സാന്തോം മലങ്കര ആർട്സ് & സയൻസ് കോളേജ്, പാറശാല | കെമിസ്ട്രി | 1 |
| | | ഇംഗ്ലീഷ് | 1 |
| | | ബി.കോം | 1 |
| | | പ്രിൻസിപ്പൽ | 1 |
| (6) | സെന്റ് ജോസഫ് കോളേജ്, ഇരിങ്ങാലക്കുട | എം.എ. മലയാളം | 3 |

(ഇ) ഉണ്ട്.

(എഫ്) എയ്ഡഡ് കോളേജുകളിൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത് യൂണിവേഴ്സിറ്റിയും, കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറും, കോളേജ് മാനേജ്മെന്റ്/പ്രിൻസിപ്പൽ പ്രതിനിധിയും ചേർന്നു നടത്തുന്ന വർക്ക് ലോഡ് അദാലത്തിന്റെ അടിസ്ഥാനത്തിലാണ്.

(ജി) സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ കുറഞ്ഞത് 16 മണിക്കൂറെങ്കിലും ആഴ്ചയിൽ വർക്ക്ലോഡുള്ള തസ്തികയിലാണ് പുതിയ തസ്തികകൾ സൃഷ്ടിക്കാറുള്ളത്. എയ്ഡഡ് കോളേജുകളിൽ ആഴ്ചയിൽ സിംഗിൾ ഫാക്കൽറ്റി വിഭാഗത്തിൽ 8 മണിക്കൂർ ജോലിഭാരവും മറ്റ് വിഭാഗങ്ങളിൽ 16 മണിക്കൂർ ജോലി ഭാരവുമാണ് തസ്തിക സൃഷ്ടിക്കുന്നതിനുള്ള നിലവിലെ മാനദണ്ഡം. ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗത്തിൽ 1000 വിദ്യാർത്ഥികൾക്ക് 1 അധ്യാപകനും 1000-ത്തിനുമുകളിൽ വിദ്യാർത്ഥികൾക്ക് 2 അദ്ധ്യാപകരെയുമാണ് അനുവദിക്കുന്നത്.

## ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ പുതിയ അദ്ധ്യാപക തസ്തികകൾ

195 (1698) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയംകോളേജ് അദ്ധ്യാപകരുടെ ജോലിഭാരം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ മലയാളം വിഭാഗത്തിൽ ഈ വർഷം എത്ര അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുവാനാണ് ഉദ്ദേശിക്കുന്നത്; അത് സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ഒൻപത് മണിക്കൂറോ അതിൽ അധികമോ വർക്ക്ലോഡ് ഉണ്ടെങ്കിൽ തസ്തിക സൃഷ്ടിക്കാമെന്ന സർക്കാർ ഉത്തരവ്, സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിലും ബാധകമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തിരമായി ബാധകമാക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ മലയാളം വിഭാഗത്തിന് 8 പുതിയ അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. മലയാളം വിഭാഗത്തിൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പുതിയ പ്രൊപ്പോസലുകൾ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) ഇല്ല. ഇക്കാര്യം ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിച്ചുവരുന്നു.

## ഗവൺമെന്റ്, എയ്ഡഡ് കോളേജുകളിലെ തസ്തിക നിർണ്ണയം

196 (1699) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് കേളേജുകളിൽ 9 മണിക്കൂർ അദ്ധ്യായനത്തിന് ഒരെണ്ണം എന്ന അനുപാതത്തിൽ അദ്ധ്യാപക തസ്തികകൾ അനുവദിച്ചിട്ടുള്ളപ്പോൾ ഗവൺമെന്റ് കോളേജുകളിൽ 16 മണിക്കൂറിന് ഒരു തസ്തിക വീതമാണ് അനുവദിച്ചിട്ടുള്ളതെന്ന വൈരുദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യു.ജി.സി. മാനദണ്ഡപ്രകാരം പ്രവർത്തിച്ചുവരുന്ന ഗവൺമെന്റ്, എയ്ഡഡ് കോളേജുകളിൽ തസ്തിക നിർണ്ണയത്തിലും ഒരേ നീതി അവലംബിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) മലയാള ഭാഷാപഠനത്തിന് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മതിയായ സൗകര്യം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സർക്കാർ ആർട്സ് & സയൻസ് കോളേജുകളിലും എയ്ഡഡ് കോളേജുകളിലും കുറഞ്ഞത് 16 മണിക്കൂറെങ്കിലും ആഴ്ചയിൽ വർക്ക്ലോഡുള്ള തസ്തികയിലാണ് പുതിയ തസ്തികകൾ സൃഷ്ടിക്കാറുള്ളത്. എന്നാൽ എയ്ഡഡ് കോളേജുകളിൽ സിംഗിൾ ഫാക്കൽറ്റി വിഭാഗത്തിൽ 8 മണിക്കൂർ ജോലിഭാരമുള്ള തസ്തികയും ആഴ്ചയിൽ 16 മണിക്കൂറിന് 1 തസ്തിക വീതം സൃഷ്ടിച്ചതിനുശേഷം ശേഷിക്കുന്ന 9 മണിക്കൂറോ അതിലധികമോ ജോലിഭാരത്തിന് 1 തസ്തിക കൂടിയും സൃഷ്ടിക്കാവുന്നതാണ്.

(ബി) യു.ജി.സി. മാനദണ്ഡ പ്രകാരം പ്രവർത്തിച്ചുവരുന്ന ഗവൺമെന്റ്, എയ്ഡഡ് കോളേജുകളിൽ തസ്തിക നിർണ്ണയത്തിലും ഒരേ നീതി അവലംബിക്കുന്നതിനായി എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിൽ 9 മണിക്കൂറോ അതിലധികമോ വർക്ക്ലോഡുണ്ടെങ്കിൽ തസ്തിക സൃഷ്ടിക്കാമെന്ന സർക്കാർ ഉത്തരവ് ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) മലയാള ഭാഷാപഠനത്തിന് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മതിയായ സൗകര്യം ഉറപ്പുവരുത്തുന്നതിനായി 2019-ൽ സംസ്ഥാനത്തെ ആർട്സ് & സയൻസ് കോളേജുകളിൽ മലയാളം വിഭാഗത്തിന് 8 പുതിയ അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്.

**ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിലെ പുതിയ കോഴ്സുകൾ**

197 (1700) <u>ശ്രീ. ബി. സത്യൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവൺമെന്റ് കോളേജുകളിൽ ഈ അദ്ധ്യയന വർഷം പുതിയ കോഴ്സുകൾ അനുവദിക്കുന്നുണ്ടോയെന്നറിയിക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിൽ ഏതെല്ലാം കോഴ്സുകളാണ് പുതിയതായി അനുവദിച്ചതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കോഴ്സുകൾ അനുവദിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(ബി) ബി.എസ്.സി. മാത്തമാറ്റിക്സ്, എം.എ. ഇംഗ്ലീഷ് എന്നീ കോഴ്സുകൾ അനുവദിച്ചിട്ടുണ്ട്.

**തഴവ ഗവൺമെന്റ് കോളേജ്**

198 (1701) <u>ശ്രീ. ആർ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തഴവ ഗവൺമെന്റ് കോളേജ് സ്ഥാപിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്ന നടപടികളുടെ പുരോഗതി വിശദമാക്കുമോ;

(ബി) ഇപ്പോൾ കോളേജ് പ്രവർത്തിക്കുന്ന സ്ഥലത്ത് വിദ്യാർത്ഥികൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) കൂടുതൽ സൗകര്യപ്രദമായ സ്ഥലത്തേയ്ക്ക് കോളേജ് മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) കരുനാഗപ്പള്ളി തഴവ സർക്കാർ കോളേജിന്റെ വികസനവുമായി ബന്ധപ്പെട്ട് ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 8-5-2019-ന് ഒരു യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗ തീരുമാനപ്രകാരം കൂടുതൽ സൗകര്യപ്രദമായ സ്ഥലത്തേയ്ക്ക് കോളേജ് മാറ്റിസ്ഥാപിക്കുന്നതിനും കോളേജിനായി സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട സാധ്യതകൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനും കോളേജ് വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**പുതിയ കോഴ്സുകൾ അനുവദിക്കാൻ നടപടി**

199 (1702) <u>ശ്രീ. ബി. ഡി. ദേവസ്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി പനമ്പള്ളി മെമ്മോറിയൽ സർക്കാർ കോളേജിൽ എം.കോം. (ഫൈനാൻസ്), എം.എസ്.സി. (ഫിസിക്സ്), എം.എ. (ഇംഗ്ലീഷ്), ബി.എസ്.സി.

(കെമിസ്ട്രി) എന്നീ കോഴ്സുകൾ അനുവദിയ്ക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൻമേൽ നടപടി സ്വീകരിക്കുമോ;

(ബി) എം.കോം. (ഫൈനാൻസ്) കോഴ്സ് 2019-20 അദ്ധ്യായന വർഷത്തിൽ ആരംഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) ചാലക്കുടി പനമ്പള്ളി മെമ്മോറിയൽ സർക്കാർ കോളേജിൽ എം.കോം ഫിനാൻസ് ഉൾപ്പെടെ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## മോഡൽ ഡിഗ്രി കോളേജിന്റെ പ്രവർത്തനം

200 (1703) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റൂസ പദ്ധതി പ്രകാരം വയനാട് ജില്ലയിൽ അനുവദിച്ച മോഡൽ ഡിഗ്രി കോളേജിൻെറ പ്രവർത്തനം ഉടൻ ആരംഭിക്കാൻ കഴിയുമോ;

(ബി) പ്രവർത്തനം ആരംഭിക്കുന്നതിലേയ്ക്കായി ഇപ്പോൾ നടന്നുവരുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ;

(സി) എത്ര കോഴ്സുകളാണ് ഈ കോളേജിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കഴിയുന്നതാണ്.

(ബി) പ്രവർത്തനം ആരംഭിക്കുന്നതിനായി ആരോഗ്യവകുപ്പിന്റെ കീഴിലുള്ള 10 ഏക്കർ സ്ഥലം റൂസയ്ക്ക് അനുവദിച്ച് (ഉത്തരവ് നമ്പർ ജി.ഒ.(ആർ.റ്റി.) നമ്പർ 194/2019/ആ.ക.വ. തീയതി 25-1-2019) ആരോഗ്യ വകുപ്പ് ഉത്തരവിറക്കിയിട്ടുണ്ട്. പ്രസ്തുത സ്ഥലം ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ പേരിലേയ്ക്ക് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നിലവിൽ നാല് കോഴ്സുകൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

## ചൊക്ലി സർക്കാർ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനം

201 (1704) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തലശ്ശേരി നിയോജകമണ്ഡലത്തിലെ ചൊക്ലി സർക്കാർ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് ഇതുവരെ ഏതൊക്കെ പ്രവൃത്തികൾക്ക് തുക വകയിരുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തിയായതും പൂർത്തിയാകാത്തതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്നും പൂർത്തിയാകാത്ത പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിന്റെ കാരണം എന്താണെന്നും ആയത് എന്ന് പൂർത്തീകരിക്കാൻ ആകുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തലശ്ശേരി ചൊക്ലി സർക്കാർ കോളേജിന്റെ അടിസ്ഥാന സൗകര്യവികസനത്തിനായി അനുവദിച്ച തുകയുടെ വിവരങ്ങളും അവയുടെ നിലവിലെ അവസ്ഥയും ചുവടെ ചേർക്കുന്നു.

1. ലേഡീസ് ടോയ്‌ലറ്റ് - 7 ലക്ഷം രൂപ – പ്ലാൻ ഫണ്ട് - 2016-17
   പ്രസ്തുത നിർമ്മാണ പ്രവർത്തനം പൂർത്തിയായിട്ടുണ്ട്. പി.ഡബ്ല്യു.ഡി.-യുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല.
2. ക്ലാസ്സ് റൂം നിർമ്മാണം - 5 ലക്ഷം രൂപ പ്ലാൻ ഫണ്ട് - 2017-18
   പ്രസ്തുത നിർമ്മാണ പ്രവർത്തനം പൂർത്തിയായി. എന്നാൽ പി.ഡബ്ല്യു.ഡി.-യുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല.
3. താൽക്കാലിക അക്കാദമിക് ബ്ലോക്ക് - ബഹു. എം.എൽ.എ. ശ്രീ. എ. എൻ. ഷംസീറിന്റെ ആസ്തി വികസന ഫണ്ട് - 25 ലക്ഷം രൂപ

   a. സിവിൽ വർക്ക് - 15 ലക്ഷം രൂപ (ലിന്റിൽ ഉയരത്തിൽ ഭിത്തി, പ്ലാസ്റ്ററിംഗ്, സിമന്റ് ഫ്ലോറിംഗ് തുടങ്ങിയവ)

താൽക്കാലിക അക്കാദമിക് ബ്ലോക്കിന്റെ ചുറ്റിലും ലിന്റിൽ ഉയരത്തിൽ ഭിത്തി, പ്ലാസ്റ്ററിംഗ്, സിമന്റ് ഫ്ലോറിംഗ് തുടങ്ങിയവ. വർക്കുകൾ പൂർത്തിയായി. എന്നാൽ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല.

b. ഇലക്ട്രിക് വർക്ക് - 10 ലക്ഷം രൂപ

താൽക്കാലിക അക്കാദമിക് ബ്ലോക്കിന്റെ ഇലക്ട്രിഫിക്കേഷൻ ജോലികൾ നടന്നുവരികയാണ്.

4. താൽക്കാലിക അക്കാദമിക് ബ്ലോക്കിന്റെ ക്ലാസ്സ് റൂം പാർട്ടീഷൻ, കിണർ, ജെന്റ്സ് ടോയ്ലറ്റ് എന്നിവയുടെ നിർമ്മാണം - 35 ലക്ഷം രൂപ - CIUP പ്ലാൻ ഫണ്ട് - 2018-19.

ക്ലാസ്സ് റൂം പാർട്ടീഷൻ പൂർത്തിയായി. കിണറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരിയാണ്. താൽക്കാലിക അക്കാദമിക് ബ്ലോക്കിന്റെ ബാക്കി പ്രവൃത്തികൾ 2019 ജൂൺ മാസം അവസാനത്തോടുകൂടി പൂർത്തിയാകുമെന്ന് പി.ഡബ്ല്യു.ഡി. അധികൃതർ പ്രിൻസിപ്പാളിനെ അറിയിച്ചിട്ടുണ്ട്.

5. അക്കാദമിക് മെയിൻ ബ്ലോക്ക് - ബഹു. കോടിയേരി ബാലകൃഷ്ണന്റെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച 5 കോടി രൂപ (2013-14).

അക്കാദമിക് മെയിൻ ബ്ലോക്ക് - പി.ഡബ്ല്യു.ഡി. വർക്ക് 2017-ൽ ആരംഭിച്ചു. രണ്ട് നിലകളുടെയും കോൺക്രീറ്റ് സ്ട്രക്ച്ചർ, റൂഫിംഗ് വർക്കുകൾ പൂർത്തിയായി. ക്ലാസ്സ് റൂം പാർട്ടീഷൻ, പ്ലാസ്റ്ററിംഗ് വർക്കുകൾ നടന്നുവരുകയാണ്.

6. കോളേജിന്റെ സമഗ്ര വികസനത്തിനായി കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി താഴെ പറയുന്ന പദ്ധതികൾക്കായി ആകെ തുകയായ 9.043 കോടി രൂപ 7-6-2018-ലെ കിഫ്ബി ഉത്തരവ് നമ്പർ HED007-02-PA-01 പ്രകാരം അനുവദിച്ചിട്ടുണ്ട്.

| (1) | (2) |
|---|---|
| Description | Recommended Cost (in Cr.) |
| Civil Works | |
| Academic Block | 4.355 |
| Canteen Block | 1.225 |
| Sump and Pump External Water supply | 0.093 |
| RCC septic tank | 0.079 |
| Hostel Block | 2.673 |
| Sump and Pump External water supply | 0.093 |
| RCC Septic tank | 0.053 |

| (1) | (2) |
|---|---|
| Total cost for civil works | 8.571 |
| Electrical Works | |
| Electrical Works for academic block | 0.279 |
| Electrical Works for Hostel block | 0.132 |
| Electrical Works for canteen block | 0.061 |
| Total cost for electrical works | 0.472 |
| Total Cost (in Cr.) | 9.043 |

മേൽ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചതിനുശേഷമുള്ള തുടർനടപടികൾ നിർവ്വഹണ ഏജൻസിയായ KITE മുഖേന സ്വീകരിച്ചുവരുന്നു. 2020 മേയ് മാസത്തോടെ പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**മാധവകവി മെമ്മോറിയൽ സർക്കാർ കോളേജ്**

202 (1705) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ മാധവകവി മെമ്മോറിയൽ സർക്കാർ കോളേജിൽ പുതിയ ബിരുദ കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് നിർദ്ദേശം പരിഗണനയിലുണ്ടോ; വിശദീകരിക്കുമോ;

(ബി) പ്രസ്തുത കോളേജിൽ കിഫ്ബി വഴി പുതിയ കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായോ; നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. പരിശോധിച്ചുവരുന്നു.

(ബി) ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. ഇക്കാര്യം പരിശോധിക്കുന്നതാണ്.

## ആർട്സ് ആൻഡ് സയൻസ് കോളേജ് ആരംഭിക്കുന്നതിന് നടപടി

203 (1706) ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ളി മണ്ഡലത്തിൽ നിലവിൽ ഒരു സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജും പ്രവർത്തിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പൂക്കോട്ടുകാവിൽ ആർട്സ് ആന്റ് സയൻസ് കോളേജ് ആരംഭിക്കുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാരിന് എന്നാണ് ലഭിച്ചത്; പ്രസ്തുത പ്രൊപ്പോസലിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പൂക്കോട്ടുകാവിൽ ആർട്സ് ആൻഡ് സയൻസ് കോളേജ് ആരംഭിക്കുന്നതിനായുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച സാദ്ധ്യത പരിശോധന റിപ്പോർട്ട് കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നിന്നും തേടിയിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

## നാദാപുരം ഗവൺമെന്റ് കോളേജിന് അനുവദിച്ച കിഫ്ബി ഫണ്ട്

204 (1707) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം ഗവ:കോളേജിന് കിഫ്ബി വഴി അനുവദിച്ച ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) ടെണ്ടർ നടപടി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) നാദാപുരം കോളേജിന് അനുവദിച്ച 9.215 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള ടെണ്ടർ 2 തവണ ചെയ്തുവെങ്കിലും ആരുംതന്നെ പങ്കെടുത്തില്ലായിരുന്നു. തുടർന്ന് മൂന്നാം തവണ ടെണ്ടർ ചെയ്തപ്പോൾ ഒരു ടെണ്ടർ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(ബി) ജൂൺ മാസം 20-ാം തീയതിയോടെ ടെണ്ടർ നടപടികൾ പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## തലശ്ശേരി ചൊക്ലി ഗവൺമെന്റ് കോളേജിന്റെ അടിസ്ഥാന വികസനം

205 (1708) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി ചൊക്ലി ഗവൺമെന്റ് കോളേജിന്റെ അടിസ്ഥാന വികസനത്തിന് കിഫ്ബി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ആയതിന്റെ ടെണ്ടർ നടപടികൾ പൂർത്തിയായോ; ഇല്ലെങ്കിൽ ഇത്രയും കാലതാമസമുണ്ടായതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഈ പ്രവൃത്തിയുടെ പൂർത്തീകരണത്തിന് ഇനി എന്തെല്ലാം നടപടികൾ ആണ് ഉള്ളതെന്നും ആയത് എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നും അറിയിക്കുമോ?

ഉത്തരം

(എ-സി) തലശ്ശേരി ചൊക്ലി സർക്കാർ കോളേജിന്റെ സമഗ്ര വികസനത്തിനായി കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പദ്ധതികൾക്കായി ആകെ തുകയായ 9.043 കോടി രൂപ 7-6-2018-ലെ കിഫ്ബി ഉത്തരവ് നമ്പർ HED07-02-PA-01 പ്രകാരം അനുവദിച്ചിട്ടുണ്ട്.

| Description | Recommended Cost (in Cr.) |
|---|---|
| Civil Works | |
| Academic Block | 4.355 |
| Canteen Block | 1.225 |
| Sump and Pump External water supply | 0.093 |
| RCC septic tank | 0.079 |
| Hostel Block | 2.673 |
| Sump and Pump External water supply | 0.093 |
| RCC Septic tank | 0.053 |
| Total cost for civil works | 8.571 |
| Electrical Works | |
| Electrical Works for academic block | 0.279 |
| Electrical Works for Hostel block | 0.132 |
| Electrical Works for canteen block | 0.061 |
| Total cost for electrical works | 0.472 |
| Total Cost (in Cr.) | 9.043 |

മേൽ നിർമ്മാണപ്രവൃത്തിയുടെ ടെണ്ടർ നടപടി പൂർത്തിയായിട്ടുണ്ട്. ഫിനാൻസ് ബിഡ് പരിശോധിച്ച് വർക്ക് ഓർഡർ നൽകുന്ന പ്രവൃത്തി നിർവ്വഹണ ഏജൻസിയായ KITE മുഖേന നിർവ്വഹിച്ചുവരുന്നു. 2020 മേയ് മാസത്തോടെ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## കോടഞ്ചേരി ഗവൺമെന്റ് കോളേജ് ഹോസ്റ്റൽ ആരംഭിക്കുന്നതിനുള്ള നടപടികൾ

206 (1709) ശ്രീ. ജോർജ് എം. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര മേഖലയായതിനാൽ യാത്രാസൗകര്യം കുറഞ്ഞതായ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന കോടഞ്ചേരി ഗവണ്മെന്റ് കോളേജിൽ ഹോസ്റ്റൽ സൗകര്യം ലഭ്യമല്ലാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഹോസ്റ്റൽ കെട്ടിടം തയ്യാറായിട്ടും പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിയും ജീവനക്കാരെ നിയമിച്ചും ഈ വർഷം തന്നെ ഹോസ്റ്റൽ പ്രവർത്തനം ആരംഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കോടഞ്ചേരി സർക്കാർ കോളേജിലെ ഹോസ്റ്റൽ നിർമ്മാണം പി.ഡബ്ല്യു.ഡി. ഏറ്റെടുത്ത് പൂർത്തിയാക്കിയിട്ടുണ്ട്. വാട്ടർ കണക്ഷൻ ലഭിക്കാത്തതിനാൽ ടി ഹോസ്റ്റലിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(സി) തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്. എന്നാൽ സ്ഥിരം തസ്തിക സൃഷ്ടിക്കാത്ത സ്ഥാപനങ്ങളിൽ സ്ഥിരം തസ്തിക സൃഷ്ടിക്കുന്നതുവരെ സ്വീപ്പർ, സാനിട്ടേഷൻ വർക്കർ, കുക്ക്, ഹൗസ് കീപ്പിംഗ്, സെക്യൂരിറ്റി ജോലികൾക്കായി കുടുംബശ്രീ മുഖാന്തരം ജീവനക്കാരെ നിയമിച്ച് പ്രവർത്തനം ആരംഭിക്കുന്നതിന് 9-5-2018-ലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 918/2018/ഉ.വി.വ. പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

## മൂന്നാർ സർക്കാർ കോളേജിന്റെ പുനരുദ്ധാരണം

207 (1710) ശ്രീ. എസ്. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ തകർന്ന മൂന്നാർ സർക്കാർ കോളേജ് പുനരുദ്ധരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രവർത്തനം അവസാനിപ്പിച്ച മൂന്നാർ സ്പെഷ്യൽ ട്രൈബ്യൂണലിന്റെ കെട്ടിടം പ്രസ്തുത കോളേജിന്റെ പ്രവർത്തനത്തിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നും സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) കോളേജിനായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചുവരുന്നുണ്ടോ; ഉണ്ടെങ്കിൽ ആയത് ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) പ്രളയത്തിൽ തകർന്ന മൂന്നാർ സർക്കാർ കോളേജിലെ വിദ്യാർത്ഥികളുടെ പഠനം മുടങ്ങാതിരിക്കുന്നതിനായി മൂന്നാർ എഞ്ചിനീയറിംഗ് കോളേജിലെ വർക്ക്ഷോപ്പ് കെട്ടിടത്തിൽ താൽക്കാലികമായി ക്ലാസ്സുകൾ നടത്തുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും പെൺകുട്ടികൾക്ക് താൽക്കാലികമായി ശൗചാലയം നിർമ്മിക്കുന്നതിനായി 20 ലക്ഷം രൂപ (4202-01-203-76-Annuity scheme) അനുവദിച്ചിട്ടുണ്ട്. 27-10-2018-ലെ ജി.ഒ.(ആർ.ടി.) നമ്പർ 1946/2018/ഉ.വി.വ. നമ്പർ സർക്കാർ ഉത്തരവനുസരിച്ച് മൂന്നാർ എഞ്ചിനീയറിംഗ് കോളേജ് കോമ്പൗണ്ടിൽ മൂന്നാർ സർക്കാർ കോളേജിലെ വിദ്യാർത്ഥികൾക്ക് പഠനത്തിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി 5.5 കോടി രൂപയുടെ നിർമ്മാണപ്രവർത്തനങ്ങളും ഫർണിച്ചർ ഉൾപ്പെടെയുള്ള മറ്റ് ആവശ്യങ്ങൾക്കായി 3.57 കോടി രൂപയും അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) മൂന്നാർ സ്പെഷ്യൽ ട്രൈബ്യൂണൽ ആക്ട് റിപ്പീൽ ചെയ്തുകൊണ്ടുള്ള ഓർഡിനൻസ് പുറപ്പെടുവിച്ച് MST-യിൽ കൈകാര്യം ചെയ്തിരുന്ന കേസ്സുകൾ അടങ്ങുന്ന ഫയലുകളും സുപ്രധാന രേഖകളും മറ്റു സ്ഥാവര ജംഗമ വസ്തുക്കളും ബന്ധപ്പെട്ട കോടതികളിലേയ്ക്കും വകുപ്പുകളിലേയ്ക്കും കൈമാറ്റം ചെയ്താൽ മാത്രമേ ഈ കെട്ടിടം മറ്റാവശ്യത്തിന് ഉപയോഗിക്കാൻ സാധിക്കു.

(സി) നിലവിൽ കോളേജിനുവേണ്ടി ഭൂമി കണ്ടെത്തിയിട്ടില്ലാത്ത തിനാൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല.

## കൽപ്പറ്റ സർക്കാർ കോളേജിൽ പുതിയ ഡിഗ്രി, പി.ജി.കോഴ്സുകൾ

208 (1711) ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൽപ്പറ്റ സർക്കാർ കോളേജിൽ പുതിയ ഡിഗ്രി, പി.ജി.കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ ഏതെല്ലാം കോഴ്സുകൾ ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

കൽപ്പറ്റ സർക്കാർ കോളേജിൽ പുതിയ ഡിഗ്രി, പി.ജി. കോഴ്സുകൾ ആരംഭിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

## വിദ്യാർത്ഥികൾ നേരിടുന്ന മാനസിക പീഡനം

209 (1713) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾ നേരിടുന്ന മാനസിക പീഡനം സംബന്ധിച്ച് രക്ഷകർത്താക്കളുടെ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള കർശന നടപടികൾ സ്വീകരിക്കുമോ;

(സി) കോളേജിന്റെ പ്രവർത്തന സമയം കഴിഞ്ഞാൽ വിദ്യാർത്ഥികളെ പുറത്താക്കി കോളേജ് സുരക്ഷാ ഉദ്യോഗസ്ഥരെ ഏൽപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അത്തരം പരാതികളൊന്നുംതന്നെ വകുപ്പിന് ലഭിച്ചിട്ടില്ല.

(ബി) അത്തരം പരാതികൾ ലഭിക്കുന്നപക്ഷം ആയത് പരിഹരിക്കുന്നതിനുള്ള കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) നിലവിൽ പ്രവർത്തനസമയം കഴിഞ്ഞാൽ കോളേജ് അടയ്ക്കുകയും പ്രിൻസിപ്പൽ ഉൾപ്പെടെയുള്ള ജീവനക്കാർ ഓഫീസ് വിട്ട് പോയിക്കഴിഞ്ഞാൽ കോളേജിന്റെ സുരക്ഷ വാച്ച്മാന്മാരെ ഏൽപ്പിക്കുകയുമാണ് ചെയ്യുന്നത്. നിലവിലുള്ള രീതി മാറ്റുന്നതിന് ഇപ്പോൾ ആലോചിക്കുന്നില്ല.

## ഐ.എച്ച്.ആർ.ഡി.-ക്ക് കീഴിലുള്ള കോളേജുകളിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ

210 (1714) <u>ശ്രീ. സജി ചെറിയാൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ. എച്ച്.ആർ.ഡി.-ക്ക് കീഴിലുള്ള കോളേജുകളിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ ആരംഭിക്കേണ്ടതിന്റെ അനിവാര്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചെങ്ങന്നൂർ ഐ. എച്ച്.ആർ.ഡി. കോളേജിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. ഐ.എച്ച്.ആർ.ഡി.-ക്ക് കീഴിലുള്ള കോളേജുകളിൽ സർക്കാരിന്റെയും അതാത് സർവ്വകലാശാലകളുടെയും അനുമതിയോടുകൂടിയാണ് ബിരുദാനന്തര ബിരുദ കോഴ്സുകൾ ആരംഭിക്കുന്നത്.

ചെങ്ങന്നൂരിലെ പെരിശ്ശേരി അപ്ലൈഡ് സയൻസ് കോളേജിലേതുൾപ്പെടെ ഏഴ് കോളേജുകളിൽ കോഴ്സുകൾ തുടങ്ങുന്നതിനായി ഐ.എച്ച്.ആർ.ഡി. ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## ഫുഡ് സയൻസ്, കമ്പ്യൂട്ടർ സയൻസ് എന്നീ വിഷയങ്ങൾ സബ്സിഡിയറിയായി പഠിച്ചവരുടെ ബിരുദം

211 (1715) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം സർക്കാർ കോളേജ്, പി.റ്റി.എം. കോളേജ് എന്നിവിടങ്ങളിലെ ബി.എസ്.സി. (കെമിസ്ട്രി), ബി.എസ്.സി. (ഫിസിക്സ്) ബിരുദ കോഴ്സുകളിൽ ഫുഡ് സയൻസ്, കമ്പ്യൂട്ടർ സയൻസ് എന്നിവ സബ്സിഡിയറിയായി പഠിച്ചവരുടെ ബിരുദം എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് നിയമനത്തിന് പരിഗണിക്കാത്തത് പരിഹരിക്കുന്നതിന് സർക്കാരിന് ലഭിച്ച പരാതിയിന്മേൽ നാളിതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;വ്യക്തമാക്കാമോ;

(ബി) വിദ്യാർത്ഥികളുടെ ആശങ്ക പരിഹരിക്കുന്നതിന് ഈ വിഷയത്തിൽ എന്ത് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെയും കാലിക്കറ്റ് സർവ്വകലാശാല യുടെയും റിപ്പോർട്ട് തേടിയിരുന്നു. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

**കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ പ്രവർത്തനങ്ങൾ**

212 (1716) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കൗൺസിലിൽ താത്ക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന പതിമൂന്ന് പേരെ സ്ഥിരപ്പെടുത്തിയ ക്യാബിനറ്റ് നോട്ടിന്റെ പകർപ്പും സർക്കാർ ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കാമോ;

(സി) സ്ഥിരപ്പെടുത്തിയ പ്രസ്തുത ജീവനക്കാർക്ക് ഏത് പെൻഷൻ പദ്ധതിയാണ് ബാധകമാവുക; വിശദമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ആലപ്പുഴ, കൊല്ലം, കോട്ടയം ജില്ലകളിൽ നടപ്പിലാക്കിയ പദ്ധതികൾ/ പ്രോഗ്രാമുകൾ എന്തൊക്കെയാണ് വിശദമാക്കാമോ?

ഉത്തരം

(എ) കേരളത്തിലെ ഗ്രന്ഥശാലാപ്രസ്ഥാനം ജനങ്ങളുടെ ആവശ്യക താബോധത്തിൽ നിന്ന് ഉൽഭവിച്ച ഒരു സാംസ്കാരിക കൂട്ടായ്മയാണ്. ഭാഷയുടേയും സംസ്കാരത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും നന്മ തലമുറകളിലേയ്ക്ക് പകർന്നുകൊടുക്കുന്നതിനും അവ സംരക്ഷിക്കുന്നതിനും ഈ പ്രസ്ഥാനം ജാഗ്രതയോടെ പ്രവർത്തിക്കുന്നു. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ കീഴിൽ ഇപ്പോൾ 8,500-ഓളം ഗ്രന്ഥശാലകൾ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്നു. ഗ്രന്ഥശാലകളുടെ നടത്തിപ്പിനും ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതിനുംവേണ്ട ധനസഹായം സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ വിവിധ ഗ്രാന്റുകളായി ഗ്രന്ഥശാലകൾക്ക് നൽകിവരുന്നു. കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സംസ്ഥാനത്തെ മുഴുവൻ ഗ്രന്ഥശാലകളുടെയും മേൽനോട്ടം വഹിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന പരമപ്രധാനമായ പ്രവർത്തനങ്ങൾ ജില്ലാ-താലൂക്ക് ലൈബ്രറി കൗൺസിലുകളുടെ സഹകരണത്തോടെ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ നിർവ്വഹിച്ചുവരുന്നു.

(ബി) പകർപ്പ് ഉള്ളടക്കം ചെയ്യുന്നു* .

(സി) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിനുകീഴിൽ 2005 മുതൽ വിവിധ തസ്തികകളിൽ താല്ക്കാലികാടിസ്ഥാനത്തിൽ ജോലി നോക്കിവന്ന 13 പേരുടെ സേവനം 1-6-2006 മുതൽ പ്രാബല്യത്തിൽ പെൻഷൻ സഹിതം ക്രമപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറി തയ്യാറാക്കിയ സ്കീമാണ് 18-12-2018-ലെ സ.ഉ. (കൈ)304/2018/ഉ.വി.വ. നമ്പർ ഉത്തരവുപ്രകാരം അംഗീകരിച്ചിട്ടുള്ളത് എന്നുള്ളതിനാൽ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയാണ് പ്രസ്തുത ജീവനക്കാർക്ക് ബാധകമായിട്ടുള്ളത്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ആലപ്പുഴ, കൊല്ലം, കോട്ടയം ജില്ലകളിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

## ഉന്നത വിദ്യാഭ്യാസ കൗൺസിൽ

213 (1717) <u>ശ്രീ. കെ. വി. വിജയദാസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഏതെല്ലാം നിർദ്ദേശങ്ങളാണ് സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്; വിശദവിവരങ്ങൾ നൽകുമോ;

(ബി) ഇതിൽ ഏതെല്ലാം നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ സർക്കാരിലേയ്ക്ക് സമർപ്പിച്ച നിർദ്ദേശങ്ങൾ ചുവടെ സൂചിപ്പിക്കുന്നവയാണ്.

1. സംസ്ഥാനത്തെ സ്വയംഭരണ കോളേജുകളുടെ അക്കാദമിക മാറ്റങ്ങൾ വിലയിരുത്തുന്നതിന് സർക്കാർ നിർദ്ദേശ പ്രകാരം കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിയോഗിച്ച കമ്മിറ്റിയുടെ പഠന റിപ്പോർട്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2. സംസ്ഥാന ഓപ്പൺ സർവ്വകലാശാല സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സംബന്ധിച്ച റിപ്പോർട്ട്.
3. ബിരുദങ്ങളുടെ അംഗീകാരവും തുല്യതയും സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ അടങ്ങിയ റിപ്പോർട്ട്.
4. സംസ്ഥാന സർവ്വകലാശാലകളിലെ ഇന്റർ യൂണിവേഴ്സിറ്റി സെന്ററിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് ഇടക്കാല റിപ്പോർട്ട്.
5. ടീച്ചർ എഡ്യൂക്കേഷൻ (4 വർഷം) ബി.എഡ്. കരിക്കുലം പുനഃസംഘാടനം സംബന്ധിച്ച ഇടക്കാല റിപ്പോർട്ട്.

(ബി) സംസ്ഥാനത്തെ സ്വയംഭരണ കോളേജുകളുടെ അക്കാദമിക നിലവാരത്തിലുള്ള മാറ്റം വിലയിരുത്തുന്നതിന് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിയോഗിച്ച കമ്മിറ്റിയുടെ പഠന റിപ്പോർട്ട് 2019 ജൂൺ 1-ന് ചേർന്ന ഓട്ടോണമി അപ്രൂവൽ കമ്മിറ്റി ചില ഭേദഗതികളോടെ അംഗീകരിച്ചു.

സംസ്ഥാന ഓപ്പൺ സർവ്വകലാശാല സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളെ സംബന്ധിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ്പെഷ്യൽ ഓഫീസറെ നിയമിച്ചു. ടി ഓഫീസിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ബിരുദങ്ങളുടെ അംഗീകാരവും തുല്യതയും സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന നിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ചു. കൂടാതെ, ബിരുദങ്ങളുടെ അംഗീകാരവും തുല്യതയും സംബന്ധിച്ച പരാതികൾക്ക് പരിഹാരം കാണാൻ സംസ്ഥാനത്ത് സ്റ്റേറ്റ് ലെവൽ അക്കാഡമിക് കമ്മിറ്റി (SLAC) രൂപീകരിച്ചു.

## ഡിഗ്രി, പി.ജി. കോഴ്സുകളുടെ അഡ്മിഷനും പരീക്ഷകൾക്കുമായി ഒരു ഏകീകൃത കലണ്ടർ

214 (1718) <u>ശ്രീ. അബ്ദുൽ ഹമീദ് പി.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റികൾ നടത്തുന്ന ഡിഗ്രി, പി. ജി. കോഴ്സുകളുടെ അഡ്മിഷനും പരീക്ഷകൾക്കുമായി ഒരു ഏകീകൃത കലണ്ടർ രൂപപ്പെടുത്തുവാൻ നിർദ്ദേശം നൽകുമോ;

(ബി) ഇത്തരത്തിൽ ഏകീകൃത കലണ്ടർ രൂപപ്പെടുത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ എന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് പൊതു അക്കാദമിക് കലണ്ടറും പരീക്ഷാ കലണ്ടറും തയ്യാറാക്കുന്നതിന് സർവ്വകലാശാലകളിലെ പ്രോ-വൈസ് ചാൻസലർമാരെ അംഗങ്ങളാക്കി ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ മീറ്റിംഗുകൾ അക്കാദമിക് കലണ്ടറും പരീക്ഷാനടത്തിപ്പും ഫലപ്രഖ്യാപനവും സംബന്ധിച്ച് എടുക്കുന്ന തീരുമാനങ്ങൾ സർവ്വകലാശാലകൾ നടപ്പിലാക്കുന്നുണ്ട്. സർവ്വകലാശാലകൾ യഥാസമയം പരീക്ഷാഫല പ്രഖ്യാപനവും പ്രവേശനവും നടത്തുന്ന സ്ഥിതി സംജാതമായിട്ടുണ്ട്.

## പബ്ലിക് അഡ്മിനിസ്ട്രേഷൻ കോഴ്സ്

215 (1719) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ കാലഘട്ടത്തിലെ കോഴ്സായ പബ്ലിക് അഡ്മിനിസ്ട്രേഷൻ കോഴ്സിന്റെ പ്രാധാന്യം ഗൗരവത്തിലെടുത്തിട്ടുണ്ടോ;

(ബി) നിലവിൽ സംസ്ഥാനത്തെ ഏതൊക്കെ സർക്കാർ/എയ്ഡഡ് കോളേജുകളിൽ പ്രസ്തുത വിഷയത്തിൽ ബിരുദ-ബിരുദാനന്തര കോഴ്സുകൾ നിലവിലുണ്ട്;

(സി) നയരൂപീകരണം, ഭരണനിർവ്വഹണം, പൗരബോധം തുടങ്ങിയ കാലിക വിഷയങ്ങൾ ഉൾക്കൊള്ളുന്ന പബ്ലിക് അഡ്മിനിസ്ട്രേഷൻ കോഴ്സ് സംസ്ഥാനത്തെ വിവിധ സർക്കാർ/എയ്ഡഡ് കോളേജുകളിൽ പഠന വിഷയമാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി)സംസ്ഥാനത്ത് നിലവിൽ ഗവ. മേഖലയിൽ അട്ടപ്പാടി രാജീവ് ഗാന്ധി സ്മാരക സർക്കാർ ആർട്സ് & സയൻസ് കോളേജിൽ പബ്ലിക് അഡ്മിനിസ്ട്രേഷൻ ബിരുദ ബിരുദാനന്തര കോഴ്സുകളും എയ്ഡഡ് മേഖലയിൽ സെന്റ് ജോൺസ് കോളേജ്, അഞ്ചലിൽ ബിരുദാനന്തര കോഴ്സും നിലവിലുണ്ട്.

(സി) പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

**ആർട്സ് കോളേജുകളിൽ മലയാളം, ചരിത്രം തുടങ്ങിയ കോഴ്സുകൾ കുറഞ്ഞുവരുന്നതായ പ്രവണത**

216 (1720) ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് കോളേജുകളിൽ പുതുതായി അനുവദിക്കുന്ന കോഴ്സുകളിൽ ആർട്സ് വിഷയങ്ങളായ മലയാളം, ചരിത്രം തുടങ്ങിയവ കുറഞ്ഞുവരുന്നതായ പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ സർക്കാർ കാര്യക്ഷമമായ ഇടപെടലുകൾ നടത്തുമോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോളേജുകളിൽ പുതുതായി മലയാളം, ചരിത്രം കോഴ്സുകൾ തുടങ്ങുന്നതിന് ലഭിച്ചിട്ടുള്ള പ്രൊപ്പോസലുകൾ സർക്കാർ പരിശോധിച്ചുവരുന്നു.

**കോഴിക്കോട് ജില്ലയിലെ കോളേജുകളിൽ പുതിയ കോഴ്സുകൾ**

217 (1721) ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി എസ്.എ.ആർ.ബി.ടി.എം. ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കാനായി നൽകിയ നിവേദനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആവശ്യത്തിന്മേൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിലെ വിവിധ സർക്കാർ, എയ്ഡഡ് കോളേജുകളിൽ പുതുതായി അനുവദിച്ച കോഴ്സുകളുടെ വിവരം കോളേജിന്റെ പേര്, കോഴ്സ് എന്നീ ക്രമത്തിൽ പട്ടികപ്പെടുത്തി നൽകാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത ആവശ്യം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിലെ സർക്കാർ കോളേജുകളിൽ പുതുതായി അനുവദിച്ച കോഴ്സുകളുടെ വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | കോളേജിന്റെ പേര് | പുതുതായി അനുവദിച്ച കോഴ്സുകൾ |
|---|---|---|
| 1 | സർക്കാർ കോളേജ്, മൊകേരി, കോഴിക്കോട് | 1.ബി.എസ്.സി. കെമിസ്ട്രി<br>2. എം.കോം |
| 2 | സർക്കാർ കോളേജ്, പേരാമ്പ്ര, കോഴിക്കോട് | 1. ബി.എ. ഇംഗ്ലീഷ്<br>2.എം.എസ്.സി. മാത്തമാറ്റിക്സ്<br>3. എം. കോം |

എയ്ഡഡ് കോളേജുകളിൽ കോഴ്സ് അനുവദിച്ചിട്ടില്ല.

## എ.പി.ജെ.അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി

218 (1722) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.പി.ജെ.അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ ആസ്ഥാനം വിളപ്പിൽശാലയിൽ നിർമ്മിക്കുന്നത് സംബന്ധിച്ച നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) സ്വീകരിക്കാനുദ്ദേശിക്കുന്ന തുടർന്നുള്ള നടപടികൾ എന്താണെന്ന് അറിയിക്കുമോ?

ഉത്തരം

(എ & ബി) കാട്ടാക്കട താലൂക്കിലെ വിളപ്പിൽ വില്ലേജിൽ 42.13.66 ഹെക്ടർ സ്ഥലം സാങ്കേതിക സർവ്വകലാശാലയ്ക്കായി ഏറ്റെടുക്കുന്നതിന് 24-12-2018-ലെ G.O.(Rt.) No. 2297/2018/H.Edn. പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിട്ടുള്ളതാണ്. 16-3-2019-ൽ ഏറ്റെടുക്കാനുദ്ദേശിച്ചിരുന്ന ഭൂമിയിൽ സർവ്വകലാശാല അധികാരികളും റവന്യൂ അധികാരികളും സംയുക്തമായി സ്ഥലപരിശോധന നടത്തിയിരുന്നു. എന്നാൽ 14-2-2019-ലെ G.O.(Ms.) No. 56/19/RD. പ്രകാരം സ്ഥലമേറ്റെടുക്കുന്നതിനുള്ള റവന്യൂ വകുപ്പിന്റെ അനുമതി പുറപ്പെടുവിക്കാത്തതിനാൽ സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകാൻ സാധിച്ചിട്ടില്ല. പ്രസ്തുത അനുമതിക്കായിട്ടുള്ള പ്രൊപ്പോസൽ ജില്ലാ കളക്ടർ ലഭ്യമാക്കുകയും അർത്ഥനാധികാരി 5 ശതമാനം കണ്ടിജൻസി ചാർജ്ജ് കെട്ടിവയ്ക്കുകയും ചെയ്യുന്ന മുറയ്ക്ക് നിലവിലെ മാനദണ്ഡങ്ങൾക്കനുസൃതമായി സ്ഥലമേറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.

**എഞ്ചിനീയറിംഗ് കോളേജ്**

219 (1723) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എഞ്ചിനീയറിംഗ് കോളേജുകളിൽ അഡ്മിഷൻ നേടി പഠനം പാതിവഴിയിൽ ഉപേക്ഷിക്കുന്ന കുട്ടികളുടെ എണ്ണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) 2012-13 അദ്ധ്യായന വർഷം മുതൽ എത്ര കുട്ടികൾ ഇപ്രകാരം പഠനം പാതി വഴിയിൽ ഉപേക്ഷിച്ചു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) അടിസ്ഥാന വിഷയങ്ങളിൽ പ്രാവീണ്യം ഇല്ലാതെ എഞ്ചിനീയറിംഗ് പഠിക്കുന്ന വിദ്യാർത്ഥികൾ എഞ്ചിനീയറിംഗ് പഠനം പാതിവഴിയിൽ ഉപേക്ഷിക്കുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ കോളേജുകളുടെ എണ്ണം അനിയന്ത്രിതമായി വർദ്ധിച്ചതുകാരണം അദ്ധ്യാപന പരിചയവും ഉയർന്ന വിദ്യാഭ്യാസ യോഗ്യതയും അദ്ധ്യാപന അഭിരുചിയുമുള്ള അദ്ധ്യാപകരുടെ അഭാവം പഠന നിലവാരത്തെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സാങ്കേതിക സർവ്വകലാശാലയിൽ നിന്ന് ലഭിച്ച വിവരം പ്രകാരം 2015-16 വർഷം മുതൽ 2018-19 വർഷം വരെയുള്ള പഠനം ഉപേക്ഷിച്ചുപോയ കുട്ടികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| Academic Year | Cancelled |
|---|---|
| 2015-16 | 1977 |
| 2016-17 | 3474 |
| 2017-18 | 1785 |
| 2018-19 | 632 |

2012-13, 2013-14, 2014-15 വർഷങ്ങളിൽ പഠനം ഉപേക്ഷിച്ചുപോയ കുട്ടികളുടെ വിവരങ്ങൾ മറ്റ് സർവ്വകലാശാലകളിൽനിന്നും ശേഖരിച്ച് നൽകുന്നതാണ്.

## മഞ്ചേരി പോളിടെക്നിക്കിൽ സ്റ്റാഫ് നിയമനം

220 (1724) ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി പോളിടെക്നിക്കിൽ എ.ഐ.സി.ടി.ഇ. മാനദണ്ഡപ്രകാരമുള്ള സ്റ്റാഫിനെ നിയമിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത പോളിടെക്നിക്കിനോടൊപ്പം ആരംഭിച്ച മറ്റ് പോളി ടെക്നിക്കുകളിൽ സ്ഥിരം സ്റ്റാഫിനെ നിയമിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) മഞ്ചേരി പോളിടെക്നിക്കിന്റെ സ്റ്റാഫ് നിയമനവുമായി ബന്ധപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ L3/278/2017/HED എന്ന നമ്പർ ഫയലിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ഡി) പ്രസ്തുത സ്റ്റാഫ് നിയമനവുമായി ബന്ധപ്പെട്ട് നിലവിൽ ഏതെല്ലാം ഫയലുകളാണുള്ളത്; വിശദാംശം നൽകുമോ;

(ഇ) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് മഞ്ചേരി പോളിടെക്നിക്കിൽ സ്ഥിരം നിയമനം എന്നത്തേക്ക് നടത്താൻ കഴിയും എന്നറിയിക്കാമോ?

### ഉത്തരം

(എ) മഞ്ചേരി പോളിടെക്നിക്കിന് 12-3-2017-ലെ സ.ഉ. (കൈ) നമ്പർ 71/2017/ഉവിവ. 22-1-2019-ലെ സ.ഉ. (കൈ) നമ്പർ 15/2019/ഉവിവ. എന്നിവ പ്രകാരം പത്ത് സ്ഥിരം അദ്ധ്യാപക തസ്തികകളും എ.ഐ.സി.ടി.ഇ. മാനദണ്ഡപ്രകാരമുള്ള ജോലിഭാരം കൈകാര്യം ചെയ്യുന്നതിന് പതിമൂന്ന് കോൺട്രാക്ട് അദ്ധ്യാപക തസ്തികകളും അനുവദിച്ചിട്ടുണ്ട്.

(ബി) മഞ്ചേരി പോളിടെക്നിക്കിനോടൊപ്പം ആരംഭിച്ച മാനന്തവാടി പോളിടെക്നിക്കിൽ പത്തൊമ്പത് അദ്ധ്യാപക തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

(സി-ഇ) നിലവിൽ മഞ്ചേരി പോളിടെക്നിക്കിൽ എ.ഐ.സി.ടി.ഇ. മാനദണ്ഡപ്രകാരമുള്ള സ്റ്റാഫ് നിയമനവുമായി ബന്ധപ്പെട്ടുള്ള പ്രൊപ്പോസൽ പരിശോധിക്കുന്ന എൽ 3/278/2017/ഉവിവ. എന്ന ഫയലിൽ ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് മന്ത്രിസഭയുടെ അംഗീകാരത്തിന് വിധേയമായി തസ്തികകൾ സൃഷ്ടിച്ച് സ്ഥിരനിയമനം നടത്തുന്നതാണ്.

## നടുവിൽ ഗവൺമെന്റ് പോളിടെക്നിക്കിന്റെ പ്രവർത്തനം

221 (1725) ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിൽ നടുവിൽ സർക്കാർ പോളിടെക്നിക്കിന്റെ പ്രവർത്തനം 2019-20 അദ്ധ്യായന വർഷം ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പോളിടെക്നിക്കിന് എ. ഐ. സി. ടി. ഇ. അംഗീകാരം ലഭിക്കുന്നതിന് ടെക്നിക്കൽ ഹൈസ്കൂളിന്റെ പേരിലുള്ള 7.52 ഏക്കർ ഭൂമിയിൽ നിന്നും 5 ഏക്കർ ഭൂമി പോളിടെക്നിക്കിന് കൈമാറാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ, ആയതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ;

(ഡി) പോളിടെക്നിക്ക് പ്രവർത്തനം ആരംഭിക്കുവാനാവശ്യമായ അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) എ.ഐ.സി.ടി.ഇ. പരിശോധനയ്ക്കുശേഷം അംഗീകാരം ലഭിച്ചാൽ മാത്രമേ പുതിയ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയുകയുള്ളൂ. നടുവിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന നിർദ്ദിഷ്ട പോളിടെക്നിക് കോളേജിന്റെ എ.ഐ.സി.ടി.ഇ. പരിശോധനയ്ക്കുള്ള നടപടികൾ പൂർത്തിയായിവരുന്നു. നടുവിൽ സർക്കാർ പോളിടെക്നിക് കോളേജിന്റെ പ്രവർത്തനം 2019-20 അദ്ധ്യയന വർഷം ആരംഭിക്കാൻ സാധിക്കുകയില്ല.

(ബി) ഇല്ല.

(സി) കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിൽ ന്യൂ നടുവിൽ വില്ലേജിൽ R.S. No. 306 പ്രകാരമുള്ള ടെക്നിക്കൽ ഹൈസ്കൂളിന്റെ ഉടമസ്ഥതയിലുള്ള 7.52 ഏക്കർ ഭൂമിയിൽ 5 ഏക്കർ ഭൂമി പുതിയതായി ആരംഭിക്കുന്ന സർക്കാർ പോളിടെക്നിക്കിനായി കൈമാറുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പിന്റെ 125/എൽ2/2017/റവ. നമ്പർ ഫയലിൽ സ്വീകരിച്ചുവരുന്നു.

(ഡി) നടപടികൾ സ്വീകരിച്ചുവരികയാണ്. ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പിൽ നടന്നുവരുന്നു. വിവിധ ലാബുകളിലേയ്ക്കും വർക്ക്ഷോപ്പുകളിലേയ്ക്കും ആവശ്യമായ മെഷീനറികൾ വാങ്ങാൻവേണ്ടി 25,48,420

രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. അതിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരികയാണ്. 25 കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് 9,76,250 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 35,14,800 രൂപയ്ക്കുള്ള ഫർണിച്ചറുകൾ വാങ്ങിയിട്ടുണ്ട്.

## പയ്യന്നൂർ വനിത പോളിടെക്നിക്

222 (1726) ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഏക വനിത റസിഡൻഷ്യൽ പോളിടെക്നിക് ആയ പയ്യന്നൂർ വനിതാ പോളിടെക്നികിൽ കാലഘട്ടത്തിനനുസൃതമായ ആധുനിക കോഴ്സുകൾ ആരംഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

പയ്യന്നൂർ വനിത പോളിടെക്നിക്കിൽ ആധുനിക കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലുകളൊന്നും നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## വെച്ചൂച്ചിറ സർക്കാർ പോളിടെക്നിക്

223 (1727) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെച്ചൂച്ചിറ സർക്കാർ പോളിടെക്നിക് കോളേജ് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ഹോസ്റ്റലുകൾ എന്നിവയുടെ നിർമ്മാണത്തിനായി എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്; ഓരോ കെട്ടിട നിർമ്മാണവും ഏതൊക്കെ സ്കീമുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) നബാർഡ് സഹായത്തോടെ നിർമ്മിക്കുന്ന ഹോസ്റ്റൽ കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; നിർമ്മാണം തടസ്സപ്പെടാൻ ഉണ്ടായ കാരണം വ്യക്തമാക്കാമോ;

(സി) നബാർഡിൻെറ വായ്പാ കാലാവധി തീർന്ന സാഹചര്യത്തിൽ കെട്ടിടം പൂർത്തിയാക്കിയ വകയിൽ കരാറുകാരന് നൽകാനുള്ള തുക നൽകുവാനും കെട്ടിടത്തിൻെറ നിർമ്മാണം പൂർത്തിയാക്കാനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) RIDF- NABARD സ്കീമിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണത്തിന് 519.70 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 4202-02-104-99 പ്ലാൻ ശീർഷകത്തിൽ മെൻസ് ഹോസ്റ്റൽ നിർമ്മാണത്തിന് 450 ലക്ഷം രൂപയും MHRD സ്കീമിൽ വനിതാ ഹോസ്റ്റൽ നിർമ്മാണത്തിന് 125 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) വെച്ചൂച്ചിറ സർക്കാർ പോളിടെക്നിക് കോളേജിലെ പ്രധാന കെട്ടിടത്തിന്റെ സിവിൽ വർക്കുകൾ പൂർത്തീകരിക്കുകയും ഇലക്ട്രിക്കൽ വർക്കിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഹോസ്റ്റൽ കെട്ടിടത്തിന്റെ പ്രവൃത്തി പൂർത്തീകരണാവസ്ഥയിലാണ്. കൂടാതെ ഇലക്ട്രിക്കൽ വർക്കിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പ്രധാന കെട്ടിടത്തിന്റെ സിവിൽ വർക്ക് പൂർത്തീകരിച്ചതിൽ കരാറുകാരന് മൂന്ന് ബില്ലുകൾ നബാർഡ് ഫണ്ടിൽനിന്നും, നാലാമത്തെ ബിൽ സർക്കാർ ഫണ്ടിൽനിന്നും നൽകിയിട്ടുണ്ട്. അഞ്ചാമത്തെ പെൻഡിംഗ് ബിൽ ഫണ്ടിനായി സമർപ്പിച്ചിട്ടുണ്ട്. ആറാമത്തെയും അവസാനത്തെയും ബിൽ പരിശോധനയിലാണ്. ഹോസ്റ്റൽ കെട്ടിടത്തിന്റെ സിവിൽ വർക്ക് പൂർത്തീകരിച്ചതിൽ കരാറുകാരന് നാല് ബില്ലിന്റെ തുക നൽകിയിട്ടുണ്ട്. തുടർന്നുള്ള ബില്ലുകൾ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ പരിശോധനയിലാണ്.

**സയൻസ് സിറ്റി പ്രോജക്ടിലെ കെട്ടിടങ്ങളുടെ നിർമ്മാണം സംബന്ധിച്ച്**

224 (1728) <u>ശ്രീ. വി. പി. സജീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ കീഴിലുള്ള കോട്ടയം സയൻസ് സിറ്റി പ്രോജക്ടിൽ ഏതെല്ലാം കെട്ടിടങ്ങളാണ് നിർമ്മാണത്തിലുള്ളത്; ഓരോ കെട്ടിടത്തിന്റെയും ടെണ്ടർ തുക, എഗ്രിമെന്റ് തീയതി, ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് കരാർ നൽകിയത് ഇവയുടെ ഇനം തിരിച്ചുള്ള മറുപടി നൽകുമോ;.

(ബി) ഓരോ കെട്ടിടത്തിന്റെയും നിർമ്മാണ കരാറും കൺസൾട്ടൻസിയും ഏത് സ്ഥാപനത്തിനാണ് നൽകിയതെന്ന് വ്യക്തമാക്കുമോ;

(സി) കരാറുകാരന് ഗഡുക്കളായി തുക അനുവദിച്ച നൽകിയത് പി.ഡബ്ല്യൂ.ഡി. മാന്വൽ അനുസരിച്ചാണോയെന്നറിയിക്കുമോ;

(ഡി) ചെക്ക് മെഷർമെന്റ് എടുക്കാതെ കരാറുകാരന് ഗഡുക്കളായി തുക നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥരുടെ പേര് വിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ കീഴിലുള്ള കോട്ടയം സയൻസ് സിറ്റി പ്രോജക്ടിൽ നിർമ്മാണത്തിലിരിക്കുന്ന കെട്ടിടങ്ങളെ സംബന്ധിച്ച വിവരങ്ങൾ താഴെപറയും പ്രകാരമാണ്.

| നമ്പർ | നിർമ്മാണത്തിലുള്ള കെട്ടിടങ്ങൾ | ടെണ്ടർ തുക | എഗ്രിമെന്റ് തീയതി | കരാർ നൽകിയ സ്ഥാപനങ്ങൾ |
|---|---|---|---|---|
| 1 | Compound Wall | 1,05,07,625 | 11-2-2014 | Sri.Shaji Joseph, Kottayam |
| 2 | Science Centre Building including exhibits and equipments | 14.5 crore | | NCSM Govt. of India (Deposit work Govt. of India and Govt. of Kerala in the ratio of 1:1) |
| 3 | Space theatre Building | 16.1 crore | 13-3-2015 | HLL, Govt. of India as PMC |
| 4 | Edutainment Components (Amphi Theatre, Motion Simulator Building and entrance Plaza | 4,10,28,864 | 8-9-2015 | Habitat Technology Group as an Accredited Agency |
| 5 | Substation Building | 54,51,338 | 20-10-2018 | Habitat Technology Group as an Accredited Agency |
| 6 | Food Court, UG Sump & Overhead Tank | 3,65,29,593 | 1-6-2018 | HLL, Govt. of India as PMC |
| 7 | Development of internal roads | 5,69,74,080 | 1-6-2018 | HLL, Govt. of India as PMC |
| 8 | Front side compound wall and security gate | 1,74,45,553 | 10-5-2019 | Habitat Technology Group as PMC |

(ബി)

| നമ്പർ | നിർമ്മാണത്തിലുള്ള കെട്ടിടങ്ങൾ | കരാർ നൽകിയ സ്ഥാപനങ്ങൾ | കൺസൾട്ടൻസി |
|---|---|---|---|
| 1 | Compound Wall | Sri. Shaji Joseph, Kottayam | Inviting Tenders by KSSTM |
| 2 | Science Centre Building including exhibits and equipments | NCSM Govt. of India (Deposit work Govt. of India and Govt. of Kerala in the ratio of 1:1) | NCSM |
| 3 | Space theatre Building | HLL, Govt. of India as PMC | Habitat Technology Group |
| 4 | Edutainment Components (Amphi Theatre, Motion Simulator Building and entrance Plaza | Habitat Technology Group as an Accredited Agency | Habitat Technology Group |
| 5 | Substation Building | Habitat Technology Group as an Accredited Agency | Habitat Technology Group |
| 6 | Food Court, UG Sump & Overhead Tank | HLL, Govt. of India as PMC | Habitat Technology Group |
| 7 | Development of internal roads | HLL, Govt. of India as PMC | Habitat Technology Group |
| 8 | Front side compound wall and security gate | Habitat Technology Group as PMC | Habitat Technology Group |

(സി)

| നമ്പർ | നിർമ്മാണത്തിലുള്ള കെട്ടിടങ്ങൾ | തുക നൽകിയ വിവരം |
|---|---|---|
| 1 | Compound Wall | As per PWD Manual |
| 2 | Science Centre Building including exhibits and equipments | As per Govt. of India norms |
| 3 | Space theatre Building | As per CPWD Norms (by HLL) |
| 4 | Edutainment Components (Amphi Theatre, Motion Simulator Building and entrance Plaza | As per G.O (P) No. 311/14/Fin. Dated 30-7-2014, G.O (P) No. 395/14/Fin. Dated 17-9-2014, G.O (P) No. 230/15/Fin. Dated 16-6-2015, G.O.(Rt) No.2044/15/H.Edn, Dated 07.08.2015 (By Habitat) |
| 5 | Substation Building | As per G.O (P) No. 311/14/Fin. Dated 30-7-2014, G.O (P) No. 395/14/Fin. Dated 17.09.2014, G.O (P) No. 230/15/Fin. Dated 16-6-2015, G.O.(Rt) No.2044/15/H.Edn, Dated 7-8-2015 (By Habitat) |
| 6 | Food Court, UG Sump & Overhead Tank | As per CPWD Norms (by HLL) |
| 7 | Development of internal roads | As per CPWD Norms (by HLL) |
| 8 | Front side compound wall and security gate | As per G.O.(P) No. 95/2017/Fin, date3d 25-7-2017, G.O.(p) No. 118/2018/Fin, dated 3-8-2018 |

(ഡി) Science city, compound wall-ന്റെ കരാർ തുക ചെക്ക് മെഷർമെന്റ് ചെയ്താണ് നൽകിയത്. മറ്റുള്ള പണികളുടെ തുക ചെക്ക് മെഷർമെന്റെടുത്ത് എഗ്രിമെന്റ് പ്രകാരമാണ് നൽകുന്നത്. M/s. Habitat Technology Group Accredited Agency ആയതിനാൽ അവർ നൽകുന്ന മെഷർമെന്റ്/ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് എന്നിവ കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് ശിപാർശ ചെയ്യുന്ന മുറയ്ക്ക് ഗഡുക്കളായി തുക നൽകിവരുന്നു. എന്നാൽ 25-7-2017-ലെ G.O. (P) No. 95/17/Fin. ഖണ്ഡിക 3 (12) പ്രകാരം Non Governmental Accredited Agency ചെയ്യുന്ന വർക്കുകൾ Joint Check Measurement നടത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് ഒരു സർക്കാരിതര അക്രഡിറ്റഡ് ഏജൻസിയായതിനാൽ അവരുടെ നിർമ്മാണപ്രവർത്തനങ്ങൾക്ക് Joint Check Measurement നടത്തേണ്ടതായിരുന്നു. കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ മുപ്പത്തിയെട്ടാമത് ഗവേണിംഗ് ബോഡിയിൽ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനെ മെഷർമെന്റ് സർട്ടിഫൈ ചെയ്യാൻ തീരുമാനമെടുത്തിട്ടുണ്ട്. ഈ തീരുമാനം പുനഃപരിശോധിക്കുന്നതിനുവേണ്ടി അടുത്ത ഗവേണിംഗ് ബോഡിയിൽ ഈ വിഷയം സമർപ്പിക്കുന്നതാണ്. ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന്റെ മേൽപ്പറഞ്ഞ വർക്കുകളൊന്നുംതന്നെ ഫൈനൽ ബിൽ സെറ്റിൽമെന്റ് ആയിട്ടില്ല.

## ശാസ്ത്രസാങ്കേതിക മ്യൂസിയത്തിലെ ജീവനക്കാരുടെ പെൻഷൻ പ്രായം

225 (1729) ശ്രീ. വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിൽ സർവീസ് റൂൾ പ്രകാരം ജീവനക്കാരുടെ പെൻഷൻ പ്രായം എത്ര എന്ന് അറിയിക്കുമോ;

(ബി) ഇപ്പോൾ ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിലെ ജീവനക്കാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള സാഹചര്യം വ്യക്തമാക്കാമോ?

### ഉത്തരം

(എ) ശാസ്ത്രസാങ്കേതിക മ്യൂസിയത്തിൽ സർവ്വീസ് റൂൾ പ്രകാരം ജീവനക്കാരുടെ പെൻഷൻ പ്രായം 58 വയസ്സാണ്.

(ബി) കേരള ശാസ്ത്രസാങ്കേതിക മ്യൂസിയത്തിലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം 58-ൽനിന്നും 60 വയസ്സാക്കി ഉയർത്തി നൽകുന്നത് ഇപ്പോൾ സർക്കാർ പരിഗണനയിലില്ല.

## മൂവാറ്റുപുഴ ആയവന ടെക്നിക്കൽ സ്കൂളിന് സ്ഥലം

226 (1730) ശ്രീ. എൽദോ എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ ആയവന ടെക്നിക്കൽ സ്കൂളിന് സ്ഥലം എടുക്കലുമായി ബന്ധപ്പെട്ട വിഷയത്തിൽ ഉണ്ടായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ;

(സി) സ്ഥല പരിമിതിമൂലം ബുദ്ധിമുട്ടനുഭവിക്കുന്ന നിലവിലെ സ്ഥലത്തു നിന്നും ആയവനയിൽ തന്നെ സൗകര്യപ്രദമായ മറ്റൊരു സ്ഥലം കണ്ടെത്തി സ്കൂൾ മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) ആയവന ടെക്നിക്കൽ ഹൈസ്കൂളിനുവേണ്ടി സ്ഥലം വാങ്ങുന്നത് സംബന്ധിച്ച് 12-3-2019-ന് കൂടിയ യോഗത്തിൽ 3-9-2015-ലെ സ.ഉ.(സാധാ) നമ്പർ 2284/2015/ഉ.വി.വ. പ്രകാരം സ്ഥലം ഏറ്റെടുക്കാൻ അനുവദിച്ച ഫണ്ടിന്റെ ഹെഡ്ഡിൽ പണം ഇപ്പോൾ ലഭ്യമാണോ എന്ന് ഉറപ്പാക്കിയശേഷം തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ സ്കൂളിന് അനുയോജ്യമായ സ്ഥലം കണ്ടെത്താനും അല്ലെങ്കിൽ സ്കൂളിന് പ്രവർത്തിക്കാൻ അനുയോജ്യമായ മറ്റേതെങ്കിലും സർക്കാർ സ്ഥാപനങ്ങൾ ഉണ്ടെങ്കിൽ ആയതു സംബന്ധിച്ച് നിർദ്ദേശം സമർപ്പിക്കാനും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിന് പുതിയ കെട്ടിടം

227 (1731) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കണമെന്ന നിവേദനത്തിൻമേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ട് സമർപ്പിച്ച എസ്റ്റിമേറ്റ് പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ നിലവിലുള്ള ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ അറിയിക്കുമോ;

(ഡി) ഈ വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് കെട്ടിട വിഭാഗം തയ്യാറാക്കിയ പ്രൊപ്പോസൽ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു.

(സി) 2019 ഏപ്രിൽ മാസത്തിൽ മൂന്ന് കോടി രൂപ അടങ്കൽ തുകയായി പി.ഡബ്ല്യു.ഡി. വഴി തയ്യാറാക്കി നൽകിയ പ്രൊപ്പോസൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ ലഭിച്ചിരുന്നു. പ്രസ്തുത പ്രൊപ്പോസൽ എക്സിക്യൂട്ടീവ് എഞ്ചിനീയർകൂടി സാക്ഷ്യപ്പെടുത്തി പുനർസമർപ്പിക്കാൻ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സ്ഥാപന മേധാവിക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്.

(ഡി) സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല.

**ജെയിൻ യൂണിവേഴ്സിറ്റിക്ക് കൊച്ചിയിൽ ഓഫ് ക്യാമ്പസ്**

228 (1732) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാംഗ്ലൂർ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ജെയിൻ യൂണിവേഴ്സിറ്റിക്ക് കൊച്ചിയിൽ ഓഫ് ക്യാംപസ് തുടങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ടോയെന്നും പ്രസ്തുത ക്യാംപസ് പ്രവർത്തനം തുടങ്ങിയിട്ടുണ്ടോയെന്നും വിശദമാക്കുമോ;

(ബി) ഈ സർക്കാരിന്റെ വിദ്യാഭ്യാസനയത്തിനും നിലവിലുള്ള യു.ജി.സി. ചട്ടങ്ങൾക്കും വിധേയമായിട്ടാണോ ഈ ഓഫ് ക്യാംപസ് അനുവദിച്ചതെന്നും ഇത് സംസ്ഥാനത്ത് അനുവദിച്ചതിലൂടെ എന്ത് നേട്ടമാണ് ഉണ്ടായതെന്നും വ്യക്തമാക്കുമോ;

(സി) ജെയിൻ യൂണിവേഴ്സിറ്റിയുടെ കൊച്ചിയിലെ ഓഫ് ക്യാംപസിന്റെ നടത്തിപ്പിൽ ഷാഡ് വെൽ സ്കാം എന്നറിയപ്പെട്ട മനുഷ്യക്കടത്ത് കേസ്സിൽ പ്രതികളായവർ ഉൾപ്പെട്ടിട്ടുണ്ടെന്ന ആരോപണം പരിശോധിക്കപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ?

ഉത്തരം

(എ&ബി) സർക്കാർ അനുമതി നൽകിയിട്ടില്ല. മറ്റു കാര്യങ്ങൾ പരിശോധിക്കപ്പെടേണ്ടതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## സർവ്വകലാശാലകൾ മികവിന്റെ കേന്ദ്രങ്ങൾ

229 (1733) ശ്രീ. എസ്. ശർമ്മ:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. ജെയിംസ് മാത്യു:
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സർവ്വകലാശാലകളിലെ ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) വിദേശ രാജ്യങ്ങളിലെ വിവിധ യൂണിവേഴ്സിറ്റികളിൽ ജോലി ചെയ്യുന്നവരുടെ സേവനം സംസ്ഥാനത്തെ സർവ്വകലാശാലകളിലെ വിവിധ അക്കാദമിക് പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) സർവ്വകലാശാലകളിൽ സിലബസ് പരിഷ്ക്കരണത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്തെ സർവ്വകലാശാലകളെ അന്താരാഷ്ട്ര തലത്തിൽ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള ഒരു കർമ്മ പദ്ധതി സർക്കാർ ആവിഷ്ക്കരിച്ച് നടപ്പാക്കിവരികയാണ്. അന്താരാഷ്ട്ര നിലവാരമുള്ള ലാബ്, ലൈബ്രറി ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനമാണ് ലക്ഷ്യമിടുന്നത്. കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാലയ്ക്ക് 132.75 കോടി രൂപയും കണ്ണൂർ, കാലിക്കറ്റ് സർവ്വകലാശാലകൾക്ക് യഥാക്രമം 150 കോടി രൂപയുടേയും പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കേരള സർവ്വകലാശാലയുടെ പദ്ധതി രൂപരേഖ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) സർവ്വകലാശാലകളിലെ ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളിലെ പ്രവർത്തനത്തെപ്പറ്റി പഠിക്കാൻ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാനായി പ്രൊഫ. രാജൻ ഗുരുക്കളുടെ അദ്ധ്യക്ഷതയിൽ അഞ്ചംഗ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഈ വിഷയം പരിശോധിക്കുന്നതാണ്.

(സി) വിദേശ രാജ്യങ്ങളിലെ വിവിധ യൂണിവേഴ്സിറ്റികളിൽ ജോലി ചെയ്യുന്നവരുടെ സേവനം സംസ്ഥാനത്തെ സർവ്വകലാശാലകളിലെ വിവിധ അക്കാദമിക് പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്ന രീതിയിൽ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) ഉണ്ട്. ഔട്ട്കം ബെയ്സ്ഡ് എഡ്യൂക്കേഷനും ഗ്രാജ്യുവേറ്റ് ആട്രിബ്യൂട്ടുകൾക്കും ഊന്നൽ നൽകിക്കൊണ്ടുള്ള കരിക്കുലം പരിഷ്കരണമാണ് ലക്ഷ്യമിടുന്നത്. ഓരോ പ്രോഗ്രാമിനും ചേരുന്ന വിദ്യാർത്ഥികൾക്ക് ആത്യന്തികമായി ആർജ്ജിക്കാൻ കഴിയുന്ന അറിവുകളും നൈപുണ്യങ്ങളും എന്തൊക്കെയായിരിക്കുമെന്ന് മുൻകൂട്ടി നിശ്ചയിച്ച് പ്രസ്താവിക്കുന്നതാണ് ഈ രീതി. ഔട്ട്കം ബേസ്ഡ് എഡ്യൂക്കേഷനുമായി ബന്ധപ്പെട്ട് സിലബസിലും കരിക്കുലത്തിലും മൂല്യനിർണ്ണയത്തിലും മാറ്റങ്ങൾ വരുത്തുന്നതിനായുള്ള പരിശീലനം സംസ്ഥാനത്തെ സർവ്വകലാശാലകളിലെ ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്ക് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ പ്രൊഫസറായ ഡോ. എൻ. ജെ. റാവുവിന്റെ നേതൃത്വത്തിൽ നൽകിക്കഴിഞ്ഞു. ബിരുദാനന്തര ബിരുദ കോഴ്സുകളുടെ പരിഷ്കരണത്തിനായി പ്രൊഫ. ഇ. ഡി. ജെമ്മീസ് അദ്ധ്യക്ഷനായ ഒരു ആറംഗ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്.

## കേരള സർവ്വകലാശാല ഭരണഭാഷാ വകുപ്പ്

230 (1734) ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയിൽ ഭരണ ഭാഷാവകുപ്പ് നിലവിലുണ്ടോ;

(ബി) സർവ്വകലാശാല നിയമങ്ങൾ മലയാളത്തിൽ പരിഭാഷപ്പെടുത്തിയിട്ടുണ്ടോ;

(സി) കേരള സർവ്വകലാശാലയിൽ സേവന അവകാശ നിയമം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം നടപ്പിലാക്കുമോ എന്ന് അറിയിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഭരണഭാഷാ സംബന്ധമായ എല്ലാ പ്രവർത്തനങ്ങളും ഭരണവിഭാഗം വഴി നടത്തിവരുന്നുണ്ട്.

(ബി) സർവ്വകലാശാല നിയമങ്ങൾ മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കേരള സർവ്വകലാശാലയിൽ സേവന അവകാശ നിയമം നടപ്പിലാക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നു.

## കേരള സർവ്വകലാശാല ക്യാമ്പസിൽ വർഷങ്ങളായി തുടരുന്ന വിദ്യാർത്ഥികൾ

231(1735) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയിലെ വിവിധ വകുപ്പുകളിൽ ബിരുദാനന്തര ബിരുദ കോഴ്സുകളിൽ ചേരുകയും അത് പൂർത്തിയാക്കാതെ തുടർ വർഷങ്ങളിൽ മറ്റ് കോഴ്സുകളിലേക്ക് മാറി വർഷങ്ങളായി കാമ്പസിൽ തന്നെ തുടരുന്ന വിദ്യാർത്ഥികളുണ്ടോ ;

(ബി) ഒരു കോഴ്സ് പൂർത്തിയാക്കാത്തവരെ മറ്റ് കോഴ്സുകളിൽ തുടരാൻ അനുവദിക്കുന്നത് പുതുതായി അപേക്ഷിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രസ്തുത കോഴ്സിൽ പ്രവേശനം ലഭിക്കുന്നതിന് തടസ്സമാകുന്നില്ലേ;

(സി) എങ്കിൽ ഇക്കാര്യത്തിൽ പുനഃപരിശോധന നടത്തുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) ഒരു കോഴ്സ് പൂർത്തിയാകാതെ മറ്റൊരു കോഴ്സിന് ചേരുന്നത് പുതുതായുള്ള പ്രവേശന നടപടികളിലൂടെ ആയതിനാൽ പുതുതായി അപേക്ഷിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുന്നതിന് തടസ്സമാകുന്നില്ല. പക്ഷെ, കോഴ്സ് പൂർത്തിയാക്കാതെ നിർത്തിപ്പോകുന്നതിലൂടെ പ്രസ്തുത കോഴ്സിന് പഠിക്കുന്നതിനുള്ള ഒരു വിദ്യാർത്ഥിയുടെ അവസരം നഷ്ടമാകുന്നു.

## കേരള യൂണിവേഴ്സിറ്റി ടീച്ചേഴ്സ് ഓർഗനൈസേഷന്റെ ഭാരവാഹികൾക്കെതിരെ അച്ചടക്ക നടപടി

232 (1736) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാലറി ചലഞ്ചുമായി ബന്ധപ്പെട്ട് കേരള സർവ്വകലാശാലയിലെ അദ്ധ്യാപക സംഘടനയായ കേരള യൂണിവേഴ്സിറ്റി റ്റീച്ചേഴ്സ് ഓർഗനൈസേഷന്റെ ഭാരവാഹികൾക്കെതിരെ അച്ചടക്ക നടപടി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് കാരണത്താലാണ് ഈ നടപടി സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത സംഘടന പുറത്തിറക്കിയ നോട്ടീസിലോ, ലഘുലേഖയിലോ അപകീർത്തികരമായ എന്തെങ്കിലും പരാമർശങ്ങളുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(സി) സംഘടനാ ഭാരവാഹികൾക്ക് നൽകിയ മെമ്മോക്ക് മറുപടി കൊടുക്കുവാനായി അവർ ആവശ്യപ്പെട്ട രേഖകൾ അവർക്ക് നൽകാതെ സ്വാഭാവിക നീതി നിഷേധിച്ചത് എന്തുകൊണ്ടാണ്;

(ഡി) ഇതിനോടനുബന്ധിച്ച് കേരള സർവ്വകലാശാലയിലെ വേദാന്ത പഠന കേന്ദ്രത്തിന്റെ ഭരണ ചുമതലയും സംവിധാനവും മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ഇ) തിരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലനിൽക്കെയാണോ പ്രസ്തുത തീരുമാനം എടുത്തത്; എങ്കിൽ അതിന് ചീഫ് ഇലക്ടറൽ ഓഫീസറുടെ അനുമതി തേടിയിട്ടുണ്ടോ?

<u>ഉത്തരം</u>

(എ&ബി) ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയുടെ അഭ്യർത്ഥനയെ മാനിച്ചുകൊണ്ട് പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണത്തിനായി വൈസ്-ചാൻസിലർ സർവ്വകലാശാല ജീവനക്കാരോട് ഒരു മാസത്തെ വേതനം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് നൽകാനായി അഭ്യർത്ഥന നടത്തിയിരുന്നു. അതിനെതിരെ കേരള സർവ്വകലാശാല ടീച്ചേഴ്സ് ഓർഗനൈസേഷൻ ഒരു തുറന്ന കത്ത് വൈസ്-ചാൻസിലർക്ക് അയയ്ക്കുകയുണ്ടായി. പ്രസ്തുത കത്തിൽ വൈസ്-ചാൻസിലർ പദവിയെ അനാദരിക്കുന്ന രീതിയിലുള്ള ഭാഷാപ്രയോഗം നടത്തിയതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലും ഇത്തരമൊരു കത്ത് നൽകിയത് സർവ്വീസ് ചട്ടങ്ങളുടെ ലംഘനമായതിനാലും ജനറൽ സെക്രട്ടറി, കേരള സർവ്വകലാശാല ടീച്ചേഴ്സ് ഓർഗനൈസേഷനിൽനിന്നും വിശദീകരണം ആവശ്യപ്പെട്ടിരുന്നു. ടി വിശദീകരണം പരിശോധിക്കുകയും

തൃപ്തികരമല്ലെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ 28-3-2019-ൽ കൂടിയ സിൻഡിക്കേറ്റ് ജനറൽ സെക്രട്ടറി, കേരള സർവ്വകലാശാല ടീച്ചേഴ്സ് ഓർഗനൈസേഷനെ ഹിയറിംഗിന് വിളിക്കാൻ തീരുമാനിക്കുകയുണ്ടായി. 13-5-2019-ൽ നടന്ന ഹിയറിംഗിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ തുടർനടപടി സ്വീകരിക്കേണ്ടതില്ലെന്നും സർവ്വകലാശാലയ്ക്ക് ഈ കത്തിലെ ഉള്ളടക്കത്തിലുള്ള അതൃപ്തി ജനറൽ സെക്രട്ടറിയെ അറിയിക്കാനും 25-5-2019 -ൽ കൂടിയ സിൻഡിക്കേറ്റ് തീരുമാനിച്ചു.

(സി) സർവ്വീസ് സംഘടനാ നേതാക്കളുമായി വൈസ്-ചാൻസിലർ CMDRF-മായി ബന്ധപ്പെട്ട് 3-8-2018-ൽ നടത്തിയ മീറ്റിംഗിന്റെ മിനിട്ട്സാണ് KUTO ആവശ്യപ്പെട്ടിരുന്നത്. പ്രസ്തുത യോഗത്തിൽ കേരള സർവ്വകലാശാല ജീവനക്കാരുടെ ഒരു മാസത്തെ ശമ്പളം 15 തവണകളായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന നൽകാൻ ഐകകണ്ഠ്യേന തീരുമാനിച്ചിരുന്നു. എന്നാൽ സർക്കാർ ഉത്തരവ് പ്രകാരം ഇത് പത്ത് തവണകളായി നിജപ്പെടുത്തുകയുണ്ടായി. അതിൻപ്രകാരം സർവ്വകലാശാല സർക്കുലർ ഇറക്കുകയും ചെയ്തു. ഇതിന്റെ പകർപ്പ് എല്ലാപേർക്കും ലഭിച്ചിട്ടുള്ളതാണ്. ആയതിനാൽ ടി യോഗത്തിലെ തീരുമാനത്തിന് പ്രസക്തി ഇല്ലാതായതുകൊണ്ടാണ് മിനിട്ട്സ് നൽകാതിരുന്നത്.

(ഡി) കേരള സർവ്വകലാശാലയുടെ സംസ്കൃത വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചു വന്നിരുന്ന വേദാന്ത പഠന കേന്ദ്രത്തിനെ ഫിലോസഫി വകുപ്പിന്റെ കീഴിലേയ്ക്ക് മാറ്റുകയും പ്രസ്തുത കേന്ദ്രത്തിന്റെ ഹോണററി ഡയറക്ടർ സ്ഥാനം ഫിലോസഫി വകുപ്പ് അദ്ധ്യക്ഷന് നൽകാനായി 4-4-2019-ലെ Ac.D/3/VS/2019 നമ്പർ യൂണിവേഴ്സിറ്റി ഉത്തരവ് പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

(ഇ) പ്രസ്തുത ഉത്തരവ് താൽക്കാലികമായി മരവിപ്പിച്ചിരിക്കുകയാണ്.

## കേരള സർവ്വകലാശാലയിലെ അദ്ധ്യാപക സംഘടനയ്ക്കെതിരെ അച്ചടക്ക നടപടി

233 (1737) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാല അദ്ധ്യാപക സംഘടനയായ കേരള യൂണിവേഴ്സിററി ടീച്ചേർസ് ഓർഗനൈസേഷന് എതിരെ അച്ചടക്ക നടപടി സ്വീകരിച്ചത് പ്രസ്തുത സംഘടന സാലറി ചലഞ്ചിനെതിരെ പ്രസിദ്ധീകരിച്ച തുറന്ന കത്തിൽ മുഖ്യമന്ത്രിക്കും വൈസ് ചാൻസിലർക്കും എതിരെ സഭ്യതയുടെ സീമ ലംഘിക്കുന്ന പദപ്രയോഗങ്ങൾ നടത്തിയതു മൂലമായിരുന്നോ;

(ബി) പ്രസ്തുത കത്തിൻെറ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണത്തിനായി സർവ്വകലാശാലാ ജീവനക്കാരോട് ഒരുമാസത്തെ വേതനം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് നൽകാനായി വൈസ് ചാൻസലർ അഭ്യർത്ഥന നടത്തിയിരുന്നു. അതിനെതിരെ കേരള സർവ്വകലാശാല ടീച്ചേഴ്സ് ഓർഗനൈസേഷൻ ഒരു തുറന്ന കത്ത് വൈസ് ചാൻസലർക്ക് അയയ്ക്കുകയുണ്ടായി. പ്രസ്തുത കത്തിൽ വൈസ് ചാൻസലർ പദവിയെ അനാദരിക്കുന്ന രീതിയിലുള്ള ഭാഷാ പ്രയോഗം നടത്തിയതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലും ഇത്തരമൊരു കത്ത് നൽകിയത് സർവ്വീസ് ചട്ടങ്ങളുടെ ലംഘനമായതിനാലും ജനറൽ സെക്രട്ടറി, കേരള സർവ്വകലാശാല ടീച്ചേഴ്സ് ഓർഗനൈസേഷനിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടിരുന്നു. ടി വിശദീകരണം പരിശോധിക്കുകയും തൃപ്തികരമല്ലെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ 13-5-2019-ൽ നടന്ന ഹിയറിംഗിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കേണ്ടതിന്റെയും ഈ കത്തിലെ ഉള്ളടക്കത്തിലുള്ള അതൃപ്തി ജനറൽ സെക്രട്ടറിയെ അറിയിക്കാനും 25-5-2019-ൽ കൂടിയ സിൻഡിക്കേറ്റ് തീരുമാനിച്ചു.

(ബി) പ്രസ്തുത കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*

## കേരള സർവ്വകലാശാലയിലെ ക്വാളിറ്റി അഷ്വറൻസ്

234 (1738) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയിലെ ക്വാളിറ്റി അഷ്വറൻസ് സെല്ലിൽ നിലവിൽ എത്ര അംഗങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) നാഷണൽ അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെ ഇതുസംബന്ധിച്ച നിർദ്ദേശപ്രകാരം എത്ര അംഗങ്ങളെ ഉൾപ്പെടുത്താവുന്നതാണ് എന്നറിയിക്കാമോ;

(സി) പ്രസ്തുത നിർദ്ദേശത്തിന് വിരുദ്ധമായി കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്താനുണ്ടായ സാഹചര്യമെന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 21 (ഇരുപത്തിയൊന്ന്)

(ബി & സി) NAAC നിർദ്ദേശപ്രകാരം അംഗങ്ങളെ ഉൾപ്പെടുത്തുന്നതിന് മാനദണ്ഡമുണ്ടെങ്കിലും അംഗങ്ങളുടെ എണ്ണം പരാമർശിക്കുന്നില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കേരള സർവ്വകലാശാലയിലെ വിദൂരവിദ്യാഭ്യാസം

235 (1739) ശ്രീ. ആർ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയുടെ വിദൂരവിദ്യാഭ്യാസ പഠനകേന്ദ്രത്തിൽ വിവിധ കോഴ്സുകൾക്ക് ചേരുന്ന വിദ്യാർത്ഥികൾക്ക് സിലബസിന് അനുസരിച്ചുള്ള നോട്ടുകളും മറ്റ് നിർദ്ദേശങ്ങളും ലഭിക്കുന്നതിന് കാലതാമസമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ ;

(ബി) പരീക്ഷ നടത്തുന്നതിന് കേവലം ദിവസങ്ങൾക്ക് മുമ്പ്മാത്രം ഇത്തരത്തിൽ നോട്ടുകൾ ലഭിക്കുന്നതുമൂലം വിദ്യാർത്ഥികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടൊഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2017-18-ൽ നിലവിൽ വന്ന പുതിയ സിലബസ് പ്രകാരം നോട്ടുകൾ തയ്യാറാക്കേണ്ടിവന്നതിനാൽ നേരിയ കാലതാമസമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്റ്റഡി മെറ്റീരിയലുകളുടെ അച്ചടിക്ക് പൂർണ്ണമായും സർവ്വകലാശാല പ്രസ്സിനെയാണ് ആശ്രയിക്കുന്നത്. ആയതിനാൽ ചില അവസരങ്ങളിൽ പ്രസ്സിൽ മറ്റ് അധിക ജോലികൾ വരുന്നത് ഇതിന് കാരണമാകുന്നുണ്ട്. അത്തരം സന്ദർഭങ്ങളിൽ ഓവർടൈം ജോലി ചെയ്ത് അച്ചടി പൂർത്തീകരിക്കാനും സ്റ്റഡി മെറ്റീരിയൽസിന്റെ സോഫ്റ്റ് കോപ്പി കുട്ടികൾക്ക് ലഭ്യമാക്കി അദ്ധ്യയനത്തെ ബാധിക്കാതിരിക്കാനും ശ്രദ്ധിക്കാറുണ്ട്. കൂടാതെ കോൺടാക്ട് ക്ലാസ്സുകൾ മുടക്കം കൂടാതെ കാര്യക്ഷമമായി നടത്തിവരികയുമാണ്.

(ബി) അതാത് അദ്ധ്യയന വർഷങ്ങളിൽ പഠന സാമഗ്രികളുടെ വിതരണം പൂർണ്ണമായെന്ന ഉറപ്പുവരുത്തി ഒരു മാസത്തെ ഇടവേളയെങ്കിലും നൽകിയേ പരീക്ഷകൾ നടത്താറുള്ളൂ. ഭാവിയിൽ ഇത്തരം കാലതാമസം കൊണ്ടുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കാനുള്ള നടപടികൾ കൈക്കൊണ്ടുവരികയാണ്.

## കേരള യൂണിവേഴ്സിറ്റിയുടെ ബിരുദ മൂല്യനിർണ്ണയം

236 (1740) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള യൂണിവേഴ്സിറ്റിയുടെ ബിരുദ വിദ്യാർത്ഥികളുടെ രണ്ടാം സെമസ്റ്റർ പരീക്ഷാ ഫലം ഇംഗ്ലീഷ് പരീക്ഷയുടെ മൂല്യനിർണ്ണയം പൂർത്തിയാക്കാതെയാണ് പ്രസിദ്ധീകരിച്ചതെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ;

(ബി) വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും വിഷമപ്പെടുത്തുന്ന ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(സി) ഈ സാഹചര്യം സൃഷ്ടിച്ചവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മൂല്യനിർണ്ണയം പൂർണ്ണമായി പൂർത്തീകരിച്ചിരുന്നില്ല. മൂല്യനിർണ്ണയം പൂർത്തീകരിച്ച മുറയ്ക്ക് പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. അദ്ധ്യാപകർ മൂല്യനിർണ്ണയം കഴിഞ്ഞ് യഥാസമയം മാർക്കുകൾ നൽകാതിരുന്നതിനാലാണ് ഫലപ്രഖ്യാപനം ഭാഗികമായി നടത്താനിടയായതെന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

(ബി) അദ്ധ്യാപകർക്ക് അവരവരുടെ പാർട്ട് ഓഫ് ഡ്യൂട്ടി പ്രകാരം മൂല്യനിർണ്ണയം നടത്തുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്. മൂല്യനിർണ്ണയം നടത്താത്ത അദ്ധ്യാപകർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിക്കാൻ നടപടി

237 (1741) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) ഇത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിയോഗിച്ച സ്പെഷ്യൽ ഓഫീസറുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) ഡിസ്റ്റൻസ് എഡ്യൂക്കേഷൻ സിസ്റ്റത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളെ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ ഭാഗമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഓപ്പൺ സർവ്വകലാശാല സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഉന്നത വിദ്യാഭ്യാസ കൗൺസിൽ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, അതിലേയ്ക്കായി സർക്കാർ നിയമിച്ചിട്ടുള്ള സ്പെഷ്യൽ ഓഫീസറുടെ പ്രവർത്തനം പുരോഗമിക്കുകയാണ്.

(ബി) ഇല്ല.

(സി) പരിശോധിക്കുന്നതാണ്.

## സ്റ്റേറ്റ് അസ്സസ്മെന്റ് & അക്രെഡിറ്റേഷൻ കൗൺസിൽ

238 (1742) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളുടെയും കോളേജുകളുടെയും പ്രവർത്തനം വിലയിരുത്തി ഗ്രേഡ് നൽകുന്നതിന് സ്റ്റേറ്റ് അസ്സസ്സ്മെന്റ്& അക്രെഡിറ്റേഷൻ കൗൺസിൽ രൂപീകരിക്കാൻ ഉദ്ദേശ്യമുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇതിന്റെ പ്രവർത്തനത്തിനായി എത്ര തുകയാണ് ചെലവഴിക്കാനായി മാറ്റിവച്ചിരിക്കുന്നത്;

(സി) നിലവിൽ ദേശീയതലത്തിൽ NAAC, NIRF റാങ്കിംഗ് നിലവിലുള്ളപ്പോൾ സംസ്ഥാനതലത്തിൽ ഒരു അസ്സസ്സ്മെന്റ് ഏജൻസിയുടെ ആവശ്യമെന്താണെന്ന് വ്യക്തമാക്കുമോ; ഇതിൽ അംഗങ്ങളാകുന്നവരുടെ യോഗ്യത, പ്രവൃത്തി പരിചയം എന്നിവ നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ സർവ്വകലാശാലകളുടെയും കോളേജുകളുടെയും പ്രവർത്തനം വിലയിരുത്തി ഗ്രേഡ് നൽകുന്നതിനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേന സ്റ്റേറ്റ് അസ്സസ്മെന്റ് & അക്രെഡിറ്റേഷൻ സെന്റർ രൂപീകരിക്കാനുള്ള ശ്രമം തുടങ്ങിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായി SAAC രൂപീകരിക്കേണ്ടതിന്റെ ആവശ്യകത മുൻനിർത്തി കൗൺസിൽ മൂന്ന് കൺസൾട്ടേറ്റീവ് മീറ്റിംഗുകൾ/സെമിനാർ സംഘടിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ സർവ്വകലാശാലകൾക്കും കോളേജുകൾക്കും SAAC രൂപീകരിക്കുന്നത്

സംബന്ധിച്ച അഭിപ്രായങ്ങൾ ലഭ്യമാക്കുന്നതിനുള്ള കരട് നിർദ്ദേശങ്ങൾ ഉന്നത വിദ്യാഭ്യാസ കൗൺസിൽ അയച്ചുകൊടുത്തിട്ടുണ്ട്. മേൽ പ്രവർത്തനങ്ങളിൽനിന്നും SAAC രൂപീകരിക്കുന്നതിനാവശ്യമായ നയങ്ങൾ രൂപപ്പെടുത്താനുള്ള നടപടികൾ ഉന്നത വിദ്യാഭ്യാസ കൗൺസിൽ തുടങ്ങിയിട്ടുണ്ട്.

(ബി) സാക്കിന്റെ പ്രവർത്തനങ്ങൾക്കായി ഉന്നത വിദ്യാഭ്യാസ കൗൺസിൽ 2019-20 സാമ്പത്തിക വർഷം 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് നിലവിൽ ആറ് സർവ്വകലാശാലകൾക്കും 1475 ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇരുന്നൂറോളം സ്ഥാപനങ്ങൾക്കും മാത്രമാണ് NAAC അക്രെഡിറ്റേഷൻ ലഭിച്ചിട്ടുള്ളത്. ഇത് കാണിക്കുന്നത് സംസ്ഥാനത്തെ ബഹുഭൂരിപക്ഷം സ്ഥാപനങ്ങളും യാതൊരുവിധ ഗുണമേന്മാ പരിശോധനയ്ക്കും വിധേയമായിട്ടില്ല എന്നതാണ്. ഈ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിലാണ് SAAC രൂപീകരിക്കേണ്ടതിന്റെ ആവശ്യകത ഉയർന്നുവന്നത്. SAAC-ന്റെ രൂപീകരണം സംബന്ധിച്ച അന്തിമ രൂപരേഖ നിശ്ചയിച്ചിട്ടില്ല.

## കൗൺസിൽ ഓഫ് സയന്റിഫിക് ആന്റ് ഇൻഡസ്ട്രിയൽ റിസർച്ച് എൻട്രൻസ് പരീക്ഷ

239 (1743) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ജി.സി. നടത്തുന്ന കൗൺസിൽ ഓഫ് സയന്റിഫിക് ആന്റ് ഇന്റസ്ട്രിയൽ റിസർച്ച് എൻട്രൻസ് പരീക്ഷക്ക് സംസ്ഥാനത്ത് ഏതെല്ലാം സെന്ററുകളാണുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പരീക്ഷ എഴുതുന്നവരിൽ ഭൂരിപക്ഷവും മലബാർ മേഖലയിൽ നിന്നാണെങ്കിലും മലബാറിൽ ഈ പരീക്ഷക്ക് സെന്റർ അനുവദിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ മലബാർ മേഖലയിൽ സെന്റർ അനുവദിപ്പിക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ സി.എസ്.ഐ.ആർ.-യു.ജി.സി. നെറ്റ് പരീക്ഷയ്ക്ക് തിരുവനന്തപുരം, കൊച്ചി എന്നിവിടങ്ങളിലാണ് പരീക്ഷാ കേന്ദ്രങ്ങൾ ഉള്ളത്.

(ബി & സി) പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

## എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ നെഗറ്റീവ് മാർക്ക് ഒഴിവാക്കുന്ന നടപടി

240 (1744) ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഞ്ചിനീയറിംഗ് പ്രവേശനപരീക്ഷയ്ക്ക് നെഗറ്റീവ് മാർക്ക് സമ്പ്രദായം വേണ്ടെന്ന് വയ്ക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രവേശന പരീക്ഷയിൽ ഓരോ വിഷയത്തിലും മിനിമം വേണ്ട 10 മാർക്ക് പോലും നേടാൻ ആകാത്ത വിദ്യാർത്ഥികളെ അവരുടെ അഭിരുചിക്ക് അനുസരിച്ച് പഠിക്കുവാൻ അനുവദിക്കുകയാണ് വേണ്ടത് എന്ന കേരള ഹൈക്കോടതിയുടെ നിരീക്ഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മെരിറ്റ് മാനദണ്ഡം പൂർണ്ണമായും കാറ്റിൽ പറത്തി ഉയർന്ന ഫീസ് മാത്രം ലക്ഷ്യമിട്ട് പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം തുടർന്നാൽ വിദ്യാഭ്യാസം കച്ചവടം ആകുമെന്ന് ഹൈക്കോടതി പരാമർശം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാമർശത്തിന്റെ വെളിച്ചത്തിൽ പ്രൊഫഷണൽ കോഴ്സുകളുടെ മെരിറ്റ് മാനദണ്ഡത്തിൽ ഇളവ് കൊണ്ടുവരുവാനുള്ള ശ്രമം ഉപേക്ഷിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) ഇല്ല. നിലവിൽ ഇളവ് വരുത്തിയിട്ടില്ല.

## അസാപ് പരിശീലന പദ്ധതി

241 (1745) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസാപ് പരിശീലന പദ്ധതിയിൽ ടൂറിസം ഹോസ്പിറ്റാലിറ്റി എന്നീ മേഖലയിൽ ട്രെയിനിംഗ് സർവ്വീസ് പ്രൊവൈഡേഴ്സ് (റ്റി.എസ്.പി) ആരൊക്കെയാണ്; ഇവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇവർക്ക് ഓരോർത്തർക്കും നൽകിയ കോഴ്സുകളുടെ എണ്ണവും കരാർ തുകയും വ്യക്തമാക്കുമോ;

(സി) സർക്കാർ മേഖലയിലെ ട്രെയിനിംഗ് സർവ്വീസ് പ്രൊവൈഡേഴ്സിനേക്കാൾ സ്വകാര്യമേഖലയിലെ റ്റി.എസ്.പി.കൾക്ക് കൂടുതൽ കോഴ്സുകൾ നൽകുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) സർക്കാർ മേഖലയിലെ റ്റി.എസ്.പി.കൾക്ക് സ്വകാര്യമേഖലയിലേതിനെപ്പോലെ കോഴ്സുകൾ നൽകാൻ നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) ടൂറിസം, ഹോസ്പിറ്റാലിറ്റി സെക്ടറിൽ താഴെപ്പറയുന്ന ട്രെയിനിംഗ് സർവ്വീസ് പ്രൊവൈഡേഴ്സ് (റ്റി.എസ്.പി.) ആണ് 2017-18 അക്കാദമിക വർഷത്തെ കോഴ്സുകൾ നടത്തുന്നത്.

1. കേരളം ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ടി.ഡി.സി.)
2. ജൻ ശിക്ഷൻ സംസ്ഥാൻ, മലപ്പുറം.
3. ടൈംസ് സെന്റർ ഫോർ ലേർണിംഗ് പ്രൈവറ്റ് ലിമിറ്റഡ്
4. എഡ്യൂജോബ്സ് അക്കാദമി പ്രൈവറ്റ് ലിമിറ്റഡ്
5. ബ്രിഡ്ജ് പോയിന്റ് സ്കിൽസ് ആന്റ് നെറ്റ്വർക്ക് പ്രൈവറ്റ് ലിമിറ്റഡ്
6. പ്രീമിയർ സെന്റർ ഫോർ കോംപീറ്റൻസ് ട്രെയിനിംഗ്.

(ബി) 2017-18 അക്കാദമിക വർഷത്തിൽ ഓരോ റ്റി.എസ്.പി.-ക്കും കൊടുത്ത കോഴ്സുകളുടെ എണ്ണവും കരാർ തുകയും താഴെപ്പറയുന്നു.

| | | | |
|---|---|---|---|
| 1. | കേരളം ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ടി.ഡി.സി.) | | |
| | കോഴ്സിന്റെ പേര് | കോഴ്സുകളുടെ എണ്ണം | കരാർ തുക |
| | ഫ്രണ്ട് ഓഫീസ് അസോസിയേറ്റ് | 7 | 8,000 |
| | ഫുഡ് & ബിവറേജ് സർവ്വീസ് സ്റ്റീവാർഡ് | 6 | 8,500 |
| | മീറ്റിംഗ് കോൺഫറൻസ് & ഇവന്റ് പ്ലാനർ | 5 | 8,500 |
| 2. | ജൻ ശിക്ഷൻ സംസ്ഥാൻ, മലപ്പുറം | | |
| | മൾട്ടി ക്യൂസിൻ കുക്ക് | 13 | 9,750 |

| | | | |
|---|---|---|---|
| 3. | ടൈംസ് സെന്റർ ഫോർ ലേർണിംഗ് പ്രൈവറ്റ് ലിമിറ്റഡ് | | |
| | ഫുഡ് & ബിവറേജ് സർവ്വീസ് സ്റ്റീവാർഡ് | 15 | 9,440 |
| 4. | എഡ്യൂജോബ്സ് അക്കാദമി പ്രൈവറ്റ് ലിമിറ്റഡ് | | |
| | ഫ്രണ്ട് ഓഫീസ് അസോസിയേറ്റ് | 21 | 8,499 |
| 5. | ബ്രിഡ്ജ് പോയിന്റ് സ്കിൽസ് ആന്റ് നെറ്റ്‌വർക്ക് പ്രൈവറ്റ് ലിമിറ്റഡ് | | |
| | ഹൗസ് കീപ്പിംഗ് സൂപ്പർവൈസർ | 5 | 9,500 |
| 6. | പ്രീമിയർ സെന്റർ ഫോർ കോംപീറ്റൻസി ട്രെയിനിംഗ് | | |
| | ട്രാവൽ കൺസൾട്ടന്റ് | 8 | 9,000 |
| | മീറ്റിംഗ് കോൺഫറൻസ് & ഇവന്റ് പ്ലാനർ | 9 | 10,000 |

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) നിലവിൽ സ്വകാര്യ മേഖലയിലുള്ള റ്റി.എസ്.പി.-കളും സർക്കാർ മേഖലയിലെ റ്റി.എസ്.പി.-കളും അസാപ്പിന്റെ കോഴ്സുകൾ നടത്തുന്നുണ്ട്.

**അസാപ്പിന്റെ പ്രവർത്തനങ്ങൾ**

242 (1746) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസവകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന അസാപിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോട്ടയം, ഇടുക്കി, പത്തനതിട്ട, ആലപ്പുഴ എന്നീ ജില്ലകളിൽ അസാപിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളും പ്രോഗ്രാമുകളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) അസാപിലെ ജീവനക്കാർക്കായി ദേശീയ പെൻഷൻ പദ്ധതി (എൻ.പി.എസ്) നടപ്പിലാക്കുവാൻ മന്ത്രിസഭാ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത മന്ത്രിസഭാ തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) അക്കാദമിക പഠനത്തോടൊപ്പം സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിലെയും ആർട്സ് ആന്റ് സയൻസ് കോളേജുകളിലെയും വിദ്യാർത്ഥികളിൽ തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കാനായി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ്). 2012-ൽ തുടങ്ങിയ

പദ്ധതിയിൽ നിലവിൽ 1116 ഹയർ സെക്കണ്ടറി സ്കൂളുകളിലെയും ആർട്സ് ആന്റ് സയൻസ് കോളേജുകളിലെയും വിദ്യാർത്ഥികൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം നൽകിവരുന്നുണ്ട്. എഞ്ചിനീയറിംഗ് കോളേജുകളിലെ ബിരുദ വിദ്യാർത്ഥികളുടെ തൊഴിൽ നൈപുണ്യശേഷി വർദ്ധിപ്പിക്കാനായി നൂതന സാങ്കേതിക മേഖലകളായ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മെഷീൻ ലേർണിംഗിൽ കോഴ്സ് പരിശീലനം തുടങ്ങിയിട്ടുണ്ട്.

എഞ്ചിനീയറിംഗ് കോളേജുകളിലെ ബിരുദ വിദ്യാർത്ഥികളുടെ ഇന്റേൺഷിപ്പ് കാര്യക്ഷമമായി നടപ്പിലാക്കാൻ ഇന്റേൺഷിപ്പ് പോർട്ടൽ അസാപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്.

അസാപ്പിന്റെ നേതൃത്വത്തിൽ വ്യത്യസ്ത മേഖലകളിൽ അന്താരാഷ്ട്ര നിലവാരമുള്ള നൈപുണ്യ പരിശീലനം ലഭ്യമാക്കുന്നതിന് ബൃഹത്തായ നൈപുണ്യ പരിശീലന സമുച്ചയങ്ങൾ, കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ എന്ന പേരിൽ ഇതിനകംതന്നെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഒന്നാം ഘട്ടമായി സ്ഥാപിക്കപ്പെടുന്ന 9 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുടെ പ്രവർത്തനം ഇതിനകം ആരംഭിച്ചുകഴിഞ്ഞു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോട്ടയം, ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകളിൽ അസാപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളും പ്രോഗ്രാമുകളും അനുബന്ധമായി ചേർക്കുന്നു.*

(സി) 29-3-2017-ലെ മന്ത്രിസഭാ യോഗതീരുമാനപ്രകാരം പ്രോഗ്രാം മാനേജർമാർക്ക് കോൺട്രിബ്യൂട്ടറി പ്രൊവിഡന്റ് ഫണ്ട്/നാഷണൽ പെൻഷൻ സ്കീം (എൻ.പി.എസ്.)-ന് അർഹതയുണ്ടായിരിക്കും. എന്നാൽ സാമ്പത്തിക ബാദ്ധ്യത കാരണം നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. മന്ത്രിസഭാ യോഗതീരുമാനത്തിന്റെ പകർപ്പ്, മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിന്റെ പകർപ്പ് എന്നിവ അനുബന്ധമായി ചേർക്കുന്നു.*

## അമരവിളയിലെ സ്കിൽ പാർക്ക് നിർമ്മാണം

243 (1747) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകരയിലെ അമരവിളയിൽ ആരംഭിക്കുവാൻ പോകുന്ന സ്കിൽപാർക്കിന്റെ (അസാപ്) നിർമ്മാണപ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നിർമ്മാണപ്രവൃത്തി ആരംഭിക്കുന്നതിന് നിലവിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സമുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) സ്കിൽ പാർക്കിന്റെ നിർമ്മാണപ്രവൃത്തികൾ എപ്പോൾ ആരംഭിക്കാൻ കഴിയും എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പൂർത്തീകരിച്ചിട്ടില്ല.

(ബി & സി) നെയ്യാറ്റിൻകര അമരവിള സ്കിൽ പാർക്ക് സ്ഥാപിക്കാൻ സിഡ്കോയുടെ ഉടമസ്ഥതയിലുള്ള ഭൂമി അസാപ്പിന് കൈമാറുകയുണ്ടായെങ്കിലും പ്രസ്തുത സ്ഥലത്ത് നിലനിന്നിരുന്ന ഇഷ്ടികച്ചൂള പൊളിച്ചു നീക്കാൻ മൂന്ന് തവണ ടെണ്ടർ ക്ഷണിച്ചെങ്കിലും അസ്സസ്മെന്റ് വാല്യൂവിനേക്കാൾ വളരെ കുറഞ്ഞ തുക ക്വാട്ട് ചെയ്യപ്പെട്ടതിനാൽ പ്രസ്തുത കെട്ടിടം പൊളിച്ചു നീക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ കമ്മ്യൂണിറ്റി സ്കിൽ പാർക്കിന്റെ നിർമ്മാണം യഥാസമയം ആരംഭിക്കാൻ കഴിഞ്ഞില്ല. മേൽപ്പറഞ്ഞ ഭൂമിയിൽ ഒരു റവന്യൂ റിക്കവറി കേസ് നിലനിൽക്കുന്നതായി പിന്നീട് അറിയാൻ കഴിഞ്ഞതും നിർമ്മാണം തുടങ്ങുന്നതിന് നിയമപരമായി തടസ്സമായി.

ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 12-3-2019-ൽ കൂടിയ യോഗത്തിൽ കമ്മ്യൂണിറ്റി സ്കിൽ പാർക്കിനുവേണ്ടി നൽകിയ സ്ഥലത്തെ റവന്യൂ റിക്കവറി സംബന്ധിച്ച വിഷയം ചർച്ച ചെയ്തു തീർപ്പാക്കുന്നതിനും പ്രസ്തുത സ്ഥലത്തെ ടൈൽ ഫാക്ടറി പൊളിച്ചുനീക്കുന്നത് സംബന്ധിച്ച വിഷയങ്ങൾ പി.ഡബ്ല്യു.ഡി.-യുമായി ചർച്ച ചെയ്ത് സ്ഥലം നിരപ്പാക്കി നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിന് സ്ഥലം എം.എൽ.എ.-യെ ചുമതലപ്പെടുത്തുകയുമുണ്ടായി. സിഡ്കോ വിട്ടുനൽകിയ സ്ഥലത്തെ റവന്യൂ റിക്കവറി സംബന്ധിച്ച ബാദ്ധ്യത ഒഴിവായും പ്രസ്തുത സ്ഥലത്തെ ടൈൽ ഫാക്ടറി പൊളിച്ചുനീക്കി സ്ഥലം നിരപ്പാക്കിയും ലഭിക്കുന്ന മുറയ്ക്ക് അസാപ്പിന്റെ രണ്ടാം ഘട്ടത്തിൽ ഓപ്പറേറ്റിംഗ് പാർട്ണറുടെ ആവശ്യം അനുസരിച്ച് സ്കിൽ പാർക്ക് നിർമ്മിക്കാൻ നടപടിയെടുക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## ന്യൂനപക്ഷ ക്ഷേമ വകുപ്പിലെ ജീവനക്കാർ

244 (1748) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് രൂപീകൃതമായ ന്യൂനപക്ഷ ക്ഷേമ വകുപ്പിൽ ആ സർക്കാർ എത്ര ജീവനക്കാരെ നിയമിച്ചു; അതിൽ എത്രപേരെ അക്കാലത്ത് ജോലിയിൽ സ്ഥിരപ്പെടുത്തി;

(ബി) ഈ സർക്കാർ പ്രസ്തുത വകുപ്പിൽ ആരെയങ്കിലും നിയമിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേരെ, ഏതെല്ലാം തസ്തികകളിൽ; അതിൽ എത്ര പേരെ ഈ സർക്കാർ ജോലിയിൽ സ്ഥിരപ്പെടുത്തി;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിയമിക്കുകയും ഈ സർക്കാരിന്റെ കാലത്ത് ഏതെങ്കിലും തസ്തികയിൽ സ്ഥിരപ്പെടുത്തുകയും ചെയ്തതായിട്ട് ആരെങ്കിലും ഉണ്ടോ; എങ്കിൽ എത്രപേർ, ഏതൊക്കെ തസ്തികകളിൽ എന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇനിയും ഈ വകുപ്പിൽ ആരെയെങ്കിലും നിയമിക്കാനോ നിലവിൽ ജോലി നോക്കിവരുന്ന ആരെയെങ്കിലും ജോലിയിൽ സ്ഥിരപ്പെടുത്താനോ ഉദ്ദേശ്യമുണ്ടോ; എങ്കിൽ വിശദമായ കണക്ക് തസ്തിക സഹിതം വ്യക്തമാക്കുമോ;

(ഇ) നിലവിൽ ജോലി നോക്കിവരുന്നവരിൽ ആരെയെങ്കിലും സ്ഥിരപ്പെടുത്താൻ ഉദ്ദേശിച്ച് ഏതെങ്കിലും ഫയൽ സർക്കാരിലേക്ക് വകുപ്പ് നീക്കിയിരുന്നോ; എങ്കിൽ അതിന്റെ ഫയൽ/തീയതി/നമ്പർ സഹിതം വ്യക്തമാക്കുമോ; ഈ ഫയലിന്റെ നിലവിലെ സ്ഥിതി എന്തെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 70 ജീവനക്കാരെ താൽക്കാലികമായി നിയമിച്ചിരുന്നു. അക്കാലത്ത് ആരേയും സ്ഥിരപ്പെടുത്തിയിട്ടില്ല.

(ബി) ഉണ്ട്. പ്രിൻസിപ്പൽ - 20, കമ്പ്യൂട്ടർ ഓപ്പറേറ്റർ - 22, ടൈപ്പിസ്റ്റ് കം കമ്പ്യൂട്ടർ ഓപ്പറേറ്റർ - 1, എൽ.ഡി. ക്ലാർക്ക് - 23, ഓഫീസ് അറ്റൻഡന്റ് - 19, പ്രോജക്ട് ഓഫീസർ - 1, ഡാറ്റാ എൻട്രി ഓപ്പറേറ്റർ കം സി.എ. - 1, സി.എ. ടു ഡയറക്ടർ - 1, സൂപ്പർവൈസർ - 1, ഡ്രൈവർ - 1.

ടി ജീവനക്കാരിൽ ആരേയും സ്ഥിരപ്പെടുത്തിയിട്ടില്ല.

(സി) ഇല്ല.

(ഡി) നിലവിലെ തസ്തികകളിൽ ഒഴിവുവരുന്ന മുറയ്ക്ക് നിയമനം നടത്തുന്നത് പരിഗണിക്കുന്നതാണ്. ആരേയും ജോലിയിൽ സ്ഥിരപ്പെടുത്താൻ നിലവിൽ ഉദ്ദേശിക്കുന്നില്ല.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിലവിൽ ജോലി ചെയ്തുവരുന്നവരെ സ്ഥിരപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ വകുപ്പിൽനിന്നും സർക്കാരിന് ലഭിച്ചിട്ടില്ല.

## ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ

245 (1749) ശ്രീ. പി. ഉണ്ണി:
ശ്രീ. എം. നൗഷാദ്:
ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ന്യൂനപക്ഷ ജനവിഭാഗങ്ങളുടെ ക്ഷേമത്തിനായി നടപ്പിലാക്കിയ നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ന്യൂനപക്ഷ വിഭാഗങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിനായി നടപ്പാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണ്;

(സി) ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾക്ക് വീട് നിർമ്മിച്ച് നൽകുന്നതിനായി ഇമ്പിച്ചി ബാവ ഭവന നിർമ്മാണ പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) ഈ വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്കായി പുതിയ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

### ഉത്തരം

(എ) (1) എസ്.എസ്.എൽ.സി., പ്ലസ് ടു, വി.എച്ച്.എസ്.സി. (10,000 രൂപ), ബിരുദ/ബിരുദാനന്തര ബിരുദ തലങ്ങളിൽ (15,000 രൂപ) ഉന്നത വിജയം നേടിയ ന്യൂനപക്ഷ വിഭാഗത്തിലെ സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ്.

(2) വിധവ/വിവാഹബന്ധം വേർപെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചിബാവ ഭവന പുനരുദ്ധാരണ പദ്ധതി. 50,000 രൂപയാണ് ധനസഹായം. ബി.പി.എൽ. വിഭാഗത്തിനും മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്നവർക്കും മുൻഗണന നൽകുന്നു.

(3) മദ്രസാദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് ചികിത്സാ ധനസഹായം. മദ്രസാദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായ വനിതകൾക്ക് പ്രസവാനുകൂല്യം.

(4) നഴ്സിംഗ്/പാരാമെഡിക്കൽ കോഴ്സുകൾക്ക് പഠിക്കുന്ന സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള മദർ തെരേസാ സ്കോളർഷിപ്പ് പദ്ധതി. പ്രതിവർഷം 15,000 രൂപ നൽകുന്നു.

(5) സർക്കാർ/എയ്ഡഡ് പോളിടെക്നിക്കുകളിൽ മൂന്നുവർഷ ഡിപ്ലോമ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള എ.പി.ജെ. അബ്ദുൾകലാം സ്കോളർഷിപ്പ് പദ്ധതി. പ്രതിവർഷം 1000 വിദ്യാർത്ഥികൾക്ക് 6000 രൂപ വീതം നൽകുന്നു.

(6) വിവാഹമോചന നിരക്ക് കുറയ്ക്കുന്നതിന്റെ ഭാഗമായി വിവാഹപൂർവ്വ കൗൺസിലിംഗ് പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നു.

(ബി) പ്രധാൻമന്ത്രി ജൻവികാസ് കാര്യക്രം - PMJVK (മൾട്ടി സെക്ടറൽ ഡെവലപ്മെന്റ് പ്രോഗ്രാം - MSDP) - സംസ്ഥാനത്ത് പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിലൊഴികെ ന്യൂനപക്ഷകേന്ദ്രീകൃത ബ്ലോക്കുകൾ/ടൗണുകൾ/ജില്ലാ ആസ്ഥാനങ്ങളിലായി നടപ്പിലാക്കിവരുന്നു.

(സി) ഉണ്ട്. വിധവ/വിവാഹബന്ധം വേർപെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്ക് ഭവന നിർമ്മാണത്തിനായി 2017-18 വർഷം മുതൽ നാലുലക്ഷം രൂപ അനുവദിച്ചുവന്നിരുന്നു. 2019-20 വർഷം മുൻവർഷങ്ങളിൽ ഭവന നിർമ്മാണം ആരംഭിച്ചിട്ടുള്ളതും പൂർത്തീകരിക്കാത്തതുമായ വീടുകളുടെ പൂർത്തീകരണത്തിനു മാത്രമാണ് തുക അനുവദിക്കുന്നത്.

(ഡി) തൊഴിൽ പരിശീലനകേന്ദ്രങ്ങൾ ആരംഭിച്ചിട്ടില്ല. എന്നാൽ ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് മത്സരപരീക്ഷകളിൽ പരിശീലനം നൽകുന്നതിനായി എട്ട് പുതിയ കേന്ദ്രങ്ങൾ അനുവദിച്ചു. അഞ്ച് കേന്ദ്രങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## ന്യൂനപക്ഷ ക്ഷേമത്തിനായി പദ്ധതികൾ

246 (1750) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമത്തിനായി നിലവിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കിവരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനായി എന്തെല്ലാം സ്കോളർഷിപ്പുകൾ നല്കിവരുന്നുണ്ട് എന്ന് വ്യക്തമാക്കാമോ; നാളിതുവരെ ഈ ഇനത്തിൽ ചെലവഴിച്ച തുക വർഷം തിരിച്ച് ലഭ്യമാക്കാമോ;

(സി) ന്യൂനപക്ഷ ക്ഷേമവകുപ്പ്, ന്യൂനപക്ഷ ക്ഷേമ കോർപ്പറേഷൻ എന്നിവ വഴി എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ എന്തെല്ലാം വായ്പകളാണ് നല്കിവരുന്നത്; ആയതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ)

1. സി.എ./ഐ.സി.ഡബ്ല്യു.എ./സി.എസ്. എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്.
2. വിധവ/വിവാഹബന്ധം വേർപെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചിബാവ ഭവനനിർമ്മാണ/പുനരുദ്ധാരണ പദ്ധതി.
3. ഹൈസ്കൂൾ, ഹയർ സെക്കണ്ടറി ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള സൗജന്യ കരിയർ ഗൈഡൻസ് പരിശീലനം.
4. സ്വകാര്യ ഐ.റ്റി.ഐ./ഐ.റ്റി.സി. കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ. വിദ്യാർത്ഥികൾക്ക് ഫീ റീ-ഇംബേഴ്സ്മെന്റ് സ്കീം.
5. എസ്.എസ്.എൽ.സി./പ്ലസ്-ടു/വി.എച്ച്.എസ്.ഇ./ബിരുദ/ബിരുദാനന്തര തലങ്ങളിൽ ഉന്നത വിജയം നേടിയ ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്.
6. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള വിതരണ പദ്ധതി.
7. സിവിൽ സർവ്വീസ് പരീക്ഷാപരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവ റീ-ഇംബേഴ്സ് ചെയ്തുനൽകുന്ന പദ്ധതി.
8. ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ്.
9. സി. എച്ച്. മുഹമ്മദ് കോയ ഗേൾസ് സ്കോളർഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപ്പന്റ്.
10. മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതി.
11. മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായ മദ്രസ്സാദ്ധ്യാപകർക്ക് സ്വന്തം വിവാഹത്തിനും പെൺമക്കളുടെ വിവാഹത്തിനും വിവാഹ ധനസഹായ പദ്ധതി.
12. എസ്.എസ്.എൽ.സി./പ്ലസ് ടു പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ മദ്രസ്സാദ്ധ്യാപകരുടെ മക്കൾക്ക് കാഷ് അവാർഡ് നൽകുന്ന പദ്ധതി.

13. കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പാലിക്കുന്ന പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം (PMJVK) പത്തനംതിട്ട, തൃശ്ശൂർ ജില്ലകൾ ഒഴികെയുള്ള 12 ജില്ലകളിൽ നടപ്പിലാക്കിവരുന്നു.

14. മദ്രസ്സാ ക്ഷേമനിധി അംഗങ്ങളായ മദ്രസ്സാദ്ധ്യാപകർക്ക് ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ മുഖേന അനുവദിക്കുന്ന ഭവന വായ്പാ പദ്ധതി.

15. മദ്രസാ ക്ഷേമനിധിയിൽ അംഗങ്ങളായ വനിതകൾക്ക് പ്രസവാനുകൂല്യം.

16. നഴ്സിംഗ് ഡിപ്ലോമ/പാരാമെഡിക്കൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മദർ തെരേസ സ്കോളർഷിപ്പ് പദ്ധതി.

17. സർക്കാർ/എയ്ഡഡ് പോളിടെക്നിക്കുകളിൽ മൂന്നുവർഷ ഡിപ്ലോമ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള എ.പി.ജെ. അബ്ദുൾ കലാം സ്കോളർഷിപ്പ് പദ്ധതി.

18. ന്യൂനപക്ഷ യുവജനതയ്ക്കായുള്ള വിവാഹപൂർവ്വ കൗൺസിലിംഗ് പദ്ധതി.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി&ഡി) പിരിവിൽ ചേർത്തിരിക്കുന്ന പദ്ധതികളെല്ലാം ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു.

ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികളും വായ്പയും മാനദണ്ഡങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ന്യൂനപക്ഷക്ഷേമ പദ്ധതികൾ

247 (1751) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമത്തിനായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) വയനാട് ജില്ലയിൽ ന്യൂനപക്ഷക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിലവിൽ തുടർന്നുവന്നിരുന്ന പദ്ധതികൾക്ക് പുറമെ താഴെപ്പറയുന്ന പുതിയ പദ്ധതികൾകൂടി നടപ്പിലാക്കിയിട്ടുണ്ട്.

1. എസ്.എസ്.എൽ.സി., പ്ലസ് ടു, വി.എച്ച്.എസ്.സി. (10,000 രൂപ), ബിരുദ/ബിരുദാനന്തര ബിരുദ തലങ്ങളിൽ (15,000 രൂപ) ഉന്നത വിജയം നേടിയ ന്യൂനപക്ഷ വിഭാഗത്തിലെ സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ്.

2. വിധവ/വിവാഹബന്ധം വേർപെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചിബാവ ഭവന പുനരുദ്ധാരണ പദ്ധതി. 50,000 രൂപയാണ് ധനസഹായം. ബി.പി.എൽ. വിഭാഗത്തിനും മാനസിക – ശാരീരിക വെല്ലുവിളി നേരിടുന്നവർക്കും മുൻഗണന നൽകുന്നു.

3. മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് ചികിത്സാ ധനസഹായം. മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായ വനിതകൾക്ക് പ്രസവാനുകൂല്യം.

4. നഴ്സിംഗ്/പാരാമെഡിക്കൽ കോഴ്സുകൾക്ക് പഠിക്കുന്ന സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള മദർ തെരേസാ സ്കോളർഷിപ്പ് പദ്ധതി. പ്രതിവർഷം 15,000 രൂപ നൽകുന്നു.

5. സർക്കാർ/എയ്ഡഡ് പോളിടെക്നിക്കുകളിൽ മൂന്നുവർഷ ഡിപ്ലോമ കോഴ്സുകൾക്കു പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള എ.പി.ജെ. അബ്ദുൾ കലാം സ്കോളർഷിപ്പ് പദ്ധതി. പ്രതിവർഷം 1000 വിദ്യാർത്ഥികൾക്ക് 6,000 രൂപ വീതം നൽകുന്നു.

6. വിവാഹമോചന നിരക്ക് കുറയ്ക്കുന്നതിന്റെ ഭാഗമായി വിവാഹപൂർവ്വ കൗൺസിലിംഗ് പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നു.

(ബി) ന്യൂനപക്ഷക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന ഭവന പദ്ധതി, കരിയർ ഗൈഡൻസ് പദ്ധതി എന്നിവ ജില്ലാ അടിസ്ഥാനത്തിലും മറ്റ് പദ്ധതികൾ സംസ്ഥാനാടിസ്ഥാനത്തിലുമാണ് നടപ്പിലാക്കുന്നത്. ഓരോ ജില്ലകൾക്ക് മാത്രമായി പദ്ധതി നടപ്പിലാക്കുന്നില്ല. ടി പദ്ധതികളുടെ പ്രയോജനം വയനാട് ജില്ലയ്ക്കും ലഭിക്കുന്നുണ്ട്.

## ന്യൂനപക്ഷക്ഷേമ വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ

248 (1752) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യൂനപക്ഷക്ഷേമവകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോട്ടയം, പത്തനംതിട്ട,ഇടുക്കി,ആലപ്പുഴ ജില്ലകളിൽ നടപ്പിലാക്കിയ പുതിയ പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

ഉത്തരം

(എ)

1. സി.എ./ഐ.സി.ഡബ്ല്യു.എ./സി.എസ്. എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്.
2. വിധവ/വിവാഹബന്ധം വേർപെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചിബാവ ഭവനനിർമ്മാണ/പുനരുദ്ധാരണ പദ്ധതി.
3. ഹൈസ്കൂൾ, ഹയർ സെക്കണ്ടറി ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള സൗജന്യ കരിയർ ഗൈഡൻസ് പരിശീലനം.
4. സ്വകാര്യ ഐ.റ്റി.ഐ./ഐ.റ്റി.സി. കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ. വിദ്യാർത്ഥികൾക്ക് ഫീ റീ-ഇംബേഴ്സ്മെന്റ് സ്കീം.
5. എസ്.എസ്.എൽ.സി./പ്ലസ്-ടു/വി.എച്ച്.എസ്.ഇ./ബിരുദ/ബിരുദാനന്തര തലങ്ങളിൽ ഉന്നത വിജയം നേടിയ ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്.
6. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള വിതരണ പദ്ധതി.
7. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവ റീ-ഇംബേഴ്സ് ചെയ്തുനൽകുന്ന പദ്ധതി.
8. ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ്.
9. സി. എച്ച്. മുഹമ്മദ് കോയ ഗേൾസ് സ്കോളർഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപ്പന്റ്.

10. മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതി.
11. മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായ മദ്രസ്സാദ്ധ്യാപകർക്ക് സ്വന്തം വിവാഹത്തിനും പെൺമക്കളുടെ വിവാഹത്തിനും വിവാഹ ധനസഹായ പദ്ധതി.
12. എസ്.എസ്.എൽ.സി./പ്ലസ് ടു പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ മദ്രസ്സാദ്ധ്യാപകരുടെ മക്കൾക്ക് കാഷ് അവാർഡ് നൽകുന്ന പദ്ധതി.
13. കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പാലിക്കുന്ന പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം (PMJVK) പത്തനംതിട്ട, തൃശ്ശൂർ ജില്ലകൾ ഒഴികെയുള്ള 12 ജില്ലകളിൽ നടപ്പിലാക്കിവരുന്നു.
14. മദ്രസ ക്ഷേമനിധി അംഗങ്ങളായ മദ്രസ്സാദ്ധ്യാപകർക്ക് ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ മുഖേന അനുവദിക്കുന്ന ഭവന വായ്പാ പദ്ധതി.
15. മദ്രസ ക്ഷേമനിധിയിൽ അംഗങ്ങളായ വനിതകൾക്ക് പ്രസവാനുകൂല്യം.
16. നഴ്സിംഗ് ഡിപ്ലോമ/പാരാമെഡിക്കൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മദർ തെരേസ സ്കോളർഷിപ്പ് പദ്ധതി.
17. സർക്കാർ/എയ്ഡഡ് പോളി ടെക്നിക്കുകളിൽ മൂന്നുവർഷ ഡിപ്ലോമ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള എ.പി.ജെ. അബ്ദുൾകലാം സ്കോളർഷിപ്പ് പദ്ധതി.
18. ന്യൂനപക്ഷ യുവജനതയ്ക്കായുള്ള വിവാഹപൂർവ്വ കൗൺസിലിംഗ് പദ്ധതി.

(ബി) ന്യൂനപക്ഷക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന ഭവന പദ്ധതി, കരിയർ ഗൈഡൻസ് പദ്ധതി എന്നിവ ജില്ലാ അടിസ്ഥാനത്തിലും മറ്റ് പദ്ധതികൾ സംസ്ഥാനാടിസ്ഥാനത്തിലുമാണ് നടപ്പിലാക്കുന്നത്. ഓരോ ജില്ലകൾക്ക് മാത്രമായി പദ്ധതി നടപ്പിലാക്കുന്നില്ല. ടി പദ്ധതികളുടെ പ്രയോജനം കോട്ടയം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ ലഭിക്കുന്നുണ്ട്.

## കേരള സംസ്ഥാന ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷനിലെ തിരിമറി

249 (1753) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷനിലെ മാനേജിംഗ് ഡയറക്ടറായിരുന്ന ശ്രീ. മുഹമ്മദ് ഹനീഫ പെരിഞ്ചീരി സ്വന്തം പേരിൽ കോർപ്പറേഷനിൽ നിന്ന് അനധികൃതമായി വായ്പ തരപ്പെടുത്തിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ ഏതെങ്കിലും ശിപാർശ മുമ്പിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ധനകാര്യ ഇൻസ്പെക്ഷൻ വിംഗിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാൻ കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ, വിജിലൻസ് (ഇ) വകുപ്പ്, സഹകരണ വകുപ്പ് എന്നിവരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## കേരള സ്റ്റേറ്റ് മൈനോറിറ്റി ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ

250 (1754) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് മൈനോറിറ്റി ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ രൂപീകൃതമായത് മുതൽ കഴിഞ്ഞ സർക്കാരിന്റെ കാലം വരെ ഈ സ്ഥാപനത്തിൽ നിയമിക്കപ്പെട്ടവർ എത്ര; ഏതൊക്കെ തസ്തികകളിൽ; അങ്ങനെ നിയമിക്കപ്പെട്ട എത്ര പേർ കഴിഞ്ഞ സർക്കാരിന്റെ കാലാവധി അവസാനിക്കും മുമ്പ് ജോലിയിൽ സ്ഥിരപ്പെട്ടു; ഏതേത് തസ്തികകളിൽ; വിശദമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഈ സ്ഥാപനത്തിൽ നിയമിക്കപ്പെടുകയും എന്നാൽ ഈ സർക്കാരിന്റെ കാലത്ത് ജോലിയിൽ സ്ഥിരപ്പെടുത്തി നൽകുകയും ചെയ്തതായ എത്ര പേർ ഉണ്ട്; ഏതെല്ലാം തസ്തികകളിൽ എത്ര പേർ വീതമെന്ന് വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിയമിക്കപ്പെടുകയും ഈ സർക്കാർ കാലയളവിലും ജോലിയിൽ തുടർന്ന് വരുന്നതുമായവരെ സ്ഥിരപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ;

(ഡി) ഹൈക്കോടതി ഉത്തരവ് പ്രകാരം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിയമിക്കപ്പെട്ട ആരെങ്കിലും നിലവിൽ ജോലിയിൽ തുടരുന്നുണ്ടോ; എങ്കിൽ എത്ര പേർ; ഏതേത് തസ്തികകളിൽ; വിശദാംശം നൽകുമോ;

(ഇ) ഈ സ്ഥാപനത്തിൽ യാതൊരു മാനദണ്ഡവുമില്ലാതെ ജോലിയിൽ പ്രവേശിപ്പിച്ചവരെ സ്ഥിരപ്പെടുത്തുന്നതിന് ഉള്ള നീക്കം നീതിയുക്തമല്ലെങ്കിൽ

പ്രസ്തുത നീക്കം ഉപേക്ഷിക്കാൻ തയ്യാറാകുമോ; നിയമിക്കപ്പെട്ട് നിലവിൽ ജോലി നോക്കി വരുന്നവരിൽ എത്ര പേരെ ഇനിയും സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നു; വിശദമായ കണക്ക് നൽകുമോ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് മൈനോറിറ്റി ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ രൂപീകൃതമായതു മുതൽ കഴിഞ്ഞ സർക്കാരിന്റെ കാലംവരെ ഈ സ്ഥാപനത്തിൽ വിവിധ ഘട്ടങ്ങളിലായി കരാർ വ്യവസ്ഥയിൽ 21 പേരെ നിയമിച്ചിരുന്നു. എൽ.ഡി. ക്ലാർക്ക്, പ്യൂൺ, ജൂനിയർ അസിസ്റ്റന്റ്, സെക്ഷൻ ഓഫീസർ, ഡെപ്യൂട്ടി മാനേജർ, കമ്പനി സെക്രട്ടറി എന്നീ തസ്തികകളിലായിരുന്നു നിയമനം. കൂടാതെ ഡെപ്യൂട്ടേഷനിൽ ശ്രീ. മുഹമ്മദ് ഹനീഫ പെരിഞ്ചേരിയെ എം.ഡി. ആയും ശ്രീ. വി. കെ. അക്ബർ (റിട്ട.) എസ്.പി.-യെ റീ-എംപ്ലോയ്മെന്റ് വ്യവസ്ഥയിലും നിയമിച്ചിരുന്നു. കരാർ വ്യവസ്ഥയിൽ കോർപ്പറേഷനിൽ നാളിതുവരെ സ്ഥിരനിയമനമൊന്നും നടത്തിയിട്ടില്ല.

(ബി) കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ നാളിതുവരെ സ്ഥിരനിയമനം നടത്തിയിട്ടില്ല.

(സി) കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ ആരെയും സ്ഥിരപ്പെടുത്തുന്നതിന് തീരുമാനമെടുത്തിട്ടില്ല.

(ഡി) ഉണ്ട്. എറണാകുളം റീജിയണൽ ഓഫീസിലെ ഡെപ്യൂട്ടി മാനേജർ തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീ. റിജാസ് ഹാരിത്ത് വി. എച്ച്. ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് പ്രകാരം ജോലിയിൽ തുടരുന്നുണ്ട്.

(ഇ) കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ നാളിതുവരെ ആരെയും സ്ഥിരപ്പെടുത്താൻ തീരുമാനിച്ചിട്ടില്ല.

## സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ ജനറൽ മാനേജർ തസ്തിക

251 (1755) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ ജനറൽ മാനേജർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത അപേക്ഷ പ്രകാരം എത്ര പേർ ജനറൽ മാനേജർ തസ്തികയിലേക്ക് അപേക്ഷ നൽകി; ഓരോരുത്തരുടെയും യോഗ്യത വിശദമാക്കുമോ;

(സി) തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലനിൽക്കെ അഭിമുഖം നടത്തുന്നതിനായി പ്രസ്തുത ഉദ്യോഗാർത്ഥികൾക്ക് കത്തയച്ചിരുന്നോ;

(ഡി) എങ്കിൽ അതിനുള്ള സാഹചര്യമെന്തായിരുന്നു എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 22 പേർ; അപേക്ഷിച്ചവരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി & ഡി) കത്തയച്ചിരുന്നു. സ്ഥാപനത്തിലെ ഉന്നത തസ്തികകൾ ഒഴിഞ്ഞുകിടക്കുകയും മാനേജിംഗ് ഡയറക്ടർ അധിക ചുമതലയിൽ ആയിരുന്നതിനാലും കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ സുഗമമായ നടത്തിപ്പിന് സർക്കാരിന്റെ അനുവാദത്തോടെ ജനറൽ മാനേജർ തസ്തികയിലേയ്ക്ക് നിയമനം നടത്തേണ്ടത് അത്യാവശ്യമായിരുന്നു. സർക്കാരിൽനിന്നും അനുവാദം നൽകാത്തതിനാൽ അഭിമുഖം മാറ്റിവയ്ക്കുകയായിരുന്നു.

## ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിലെ നിയമനത്തിനായുള്ള അഭിമുഖം

252 (1756) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലനിൽക്കെ സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യകോർപ്പറേഷനിൽ 2019 മേയ് 9 -ന് നിശ്ചയിച്ചിരുന്ന ജനറൽ മാനേജർ തസ്തികയിലേക്കുള്ള അഭിമുഖം മാറ്റി വച്ചിരുന്നോ;

(ബി) പ്രസ്തുത അഭിമുഖം മാറ്റിവച്ച വിവരം ഉദ്യോഗാർത്ഥികളെ കത്തിലൂടെ അറിയിച്ചത് കോർപ്പറേഷൻ ചെയർമാനായിരുന്നോ;

(സി) എക്സിക്യൂട്ടീവ് അധികാരമില്ലാത്ത ചെയർമാൻ ഇത്തരത്തിൽ ഉദ്യോഗാർത്ഥികൾക്ക് കത്തയച്ചത് ക്രമപ്രകാരമാണോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) മാറ്റിവച്ചിരുന്നു.

(ബി) അല്ല.

(സി) ബാധകമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ മുൻ എം.ഡി.ക്കെതിരെയുള്ള അന്വേഷണ റിപ്പോർട്ട്

253 (1757) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷനിൽ മാനേജിംഗ് ഡയറക്ടറായിരുന്ന ശ്രീ. മുഹമ്മദ് ഹനീഫ പെരിഞ്ചീരിക്കെതിരെ ഏതെങ്കിലും അന്വേഷണ റിപ്പോർട്ട് സർക്കാരിന് മുമ്പിലുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ്അന്വേഷണത്തിന് ശിപാർശയുണ്ടോ; ആയത് പ്രകാരം വിജിലൻസ് അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) ശ്രീ. മുഹമ്മദ് ഹനീഫ പെരിഞ്ചീരി അനധികൃതമായി ഫ്ലാറ്റ് വാടകയിനത്തിൽ തുക കൈപ്പറ്റിയതായുള്ള റിപ്പോർട്ടിലെ പരാമർശത്തിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. അനുബന്ധമായി ചേർത്തിട്ടുണ്ട്*

(ബി) ധനകാര്യ ഇൻസ്പെക്ഷൻ വിംഗിന്റെ റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണത്തിന് 6-6-2019-ലെ വിജി.ഇ 3/181/2019 വിജി. നമ്പർ കത്തുപ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട രേഖകൾ വിജിലൻസിന് നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## റോഡ് ഗതാഗത മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും വെല്ലുവിളികളും

254 (1758) ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. പി. കെ. ശശി:
ശ്രീ. സജി ചെറിയാൻ:
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് ഗതാഗത മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും വെല്ലുവിളികളും എന്തെല്ലാമാണെന്നും അവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള ഗതാഗത ബാഹുല്യം നേരിടുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഗതാഗത പശ്ചാത്തലമേഖലയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് പൊതുമരാമത്ത് വകുപ്പ്, റെയിൽവേ, ഉൾനാടൻ ജലഗതാഗത അതോറിറ്റി, വിമാനത്താവളങ്ങൾ തുടങ്ങിയവയുടെ ഏകോപനം ആവശ്യമായതിനാൽ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് റോഡ് ഗതാഗത മേഖല ധാരാളം പ്രശ്നങ്ങളും വെല്ലുവിളികളും അഭിമുഖീകരിക്കുന്നുണ്ട്. അതിവേഗ നഗരവൽക്കരണം റോഡുകളിൽ ഗതാഗതതടസ്സം നേരിടുന്നതിന്റെ ഒരു പ്രധാന കാരണമാണ്. റോഡുകൾക്ക് സമീപം നിയമവിരുദ്ധമായി വാഹനങ്ങൾ പാർക്ക് ചെയ്യുന്നതുമൂലമുള്ള ഗതാഗതക്കുരുക്കും ട്രാഫിക് നിയമങ്ങൾ അനുസരിക്കാതെയുള്ള വാഹനങ്ങളുടെ അമിതവേഗത തുടങ്ങിയവയും ഇന്ന് ഗതാഗത മേഖല നേരിടുന്ന പ്രശ്നങ്ങളാണ്. സ്ഥലം ഏറ്റെടുക്കാനുള്ള ബുദ്ധിമുട്ടുകൾ റോഡ് വികസനം തടസ്സപ്പെടുത്തുന്നു. ഇത് സുഖകരമായ വാഹന ഗതാഗതം തടസ്സപ്പെടുത്തുന്നതിന് മുഖ്യകാരണമാണ്. അനിയന്ത്രിതമായ വാഹനപ്പെരുപ്പമാണ് ഇന്ന് ഗതാഗത മേഖല അഭിമുഖീകരിക്കുന്ന മറ്റൊരു വെല്ലുവിളി. 2010-ൽ 53,97,652 വാഹനങ്ങൾ ഉണ്ടായിരുന്ന സ്ഥാനത്ത് 2018 ആയപ്പോൾ 1,23,35,961 ആയി വർദ്ധിച്ചു. ഈ വർദ്ധന തടയാൻ നിലവിൽ നിയമങ്ങൾ ഒന്നുംതന്നെയില്ല. സംസ്ഥാനത്ത് പുതുതായി വാഹന പരിശോധനയ്ക്ക് അനുവദിച്ച 'സേഫ് കേരള' പദ്ധതിയിലുള്ള സ്ക്വാഡുകൾ അമിത വേഗത, റോഡ് തടസ്സപ്പെടുത്തിയുള്ള വാഹന പാർക്കിംഗ് എന്നിവ നിയന്ത്രിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. റോഡ് നിയമങ്ങൾ ലംഘിച്ചതിന് വിവിധ കുറ്റങ്ങൾക്ക് 2017-ൽ മാത്രം 17788 ഡ്രൈവിംഗ് ലൈസൻസുകൾ സസ്പെൻഡ് ചെയ്തിട്ടുണ്ട്.

(ബി) പൊതുഗതാഗതം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ലാസ്റ്റ് മൈൽ കണക്ടിവിറ്റി കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. ആയതിനാൽ സർക്കാർ കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം നഗരങ്ങളിൽ നിലവിലുള്ള ആട്ടോറിക്ഷകൾക്ക് പുറമെ 2000 പുതിയ ഇലക്ട്രിക് ആട്ടോറിക്ഷകൾ കൂടാതെ 1000 സി.എൻ.ജി. ആട്ടോറിക്ഷകളും അനുവദിച്ചിട്ടുണ്ട്. ഇലക്ട്രിക് വാഹനങ്ങൾക്ക് 25 ശതമാനം അല്ലെങ്കിൽ 30,000 രൂപ സബ്സിഡി പ്രഖ്യാപിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് ബസ്സുകളിൽ യാത്ര ചെയ്യാനായി വാഹനത്തിന്റെ നിലവിലുള്ള സമയക്രമപട്ടിക ഡിജിറ്റലൈസ് ചെയ്യുന്ന പ്രവൃത്തികൾ നടന്നുവരുന്നു. പൊതു വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം നിലവിൽ വരുന്നതോടുകൂടി യാത്രാ സൗകര്യ ലഭ്യത പൊതുജനങ്ങൾക്ക് വളരെ എളുപ്പത്തിൽ അറിയാൻ സാധിക്കുന്നതാണ്. കേരള മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ പാസ്സാക്കുന്നതോടുകൂടി പ്രമുഖ നഗരങ്ങളിൽ വിവിധ യാത്രാ മാദ്ധ്യമങ്ങൾ യോജിപ്പിച്ചുകൊണ്ടുള്ള ഒരു സംവിധാനം നിലവിൽ വരുന്നതാണ്. ഈ പ്രവൃത്തിയിലൂടെയെല്ലാം സ്വകാര്യ വാഹനങ്ങളുടെ ഉപയോഗം കുറയ്ക്കാൻ സാധിക്കും.

(സി) നിലവിൽ സംവിധാനമില്ല.

## വാഹന രജിസ്ട്രേഷനുകൾക്കുണ്ടാകുന്ന കാലതാമസം പരിഹരിക്കാൻ നടപടി

255 (1759) <u>ശ്രീ. കെ. എൻ. എ. ഖാദർ:</u>
<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u>
<u>ശ്രീ. മഞ്ഞളാംകുഴി അലി:</u>
<u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹന രജിസ്ട്രേഷൻ നടപടിക്രമങ്ങൾ വേഗത്തിലാക്കുന്നതിനായി തയ്യാറാക്കിയ പരിവാഹൻ സോഫ്റ്റ്‌വെയർ നിലവിൽ വന്നശേഷം രജിസ്ട്രേഷനുകൾക്ക് അസാധാരണമായ കാലതാമസം ഉണ്ടാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) നിലവിലുണ്ടായിരുന്ന വ്യവസ്ഥകളിൽ നിന്നും വ്യത്യസ്തമായി ഇപ്പോൾ താല്ക്കാലിക രജിസ്ട്രേഷനും സ്ഥിരം രജിസ്ട്രേഷനും ഒരേ ട്രാൻസ്പോർട്ട് ഓഫീസിൽ തന്നെ ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പുതുക്കിയ വ്യവസ്ഥകൾ കാരണം വാഹന രജിസ്ട്രേഷന് ഡീലർമാരും വാഹന ഉപഭോക്താക്കളും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേന്ദ്രീകൃത വെബ് അധിഷ്ഠിത സോഫ്റ്റ്‌വെയറായ പരിവാഹൻ സംസ്ഥാനത്തെ എല്ലാ റീജിയണൽ/സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും നടപ്പിൽ വരുത്തിയിട്ടുണ്ട്. പുതുതായി രജിസ്റ്റർ ചെയ്യുന്ന എല്ലാ വാഹനങ്ങളുടെയും അപേക്ഷ വാഹൻ സോഫ്റ്റ്‌വെയർ മുഖാന്തരമാണ് സ്വീകരിക്കുകയും തുടർനടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നത്. പൂർണ്ണമായും വെബ് അധിഷ്ഠിതമായതിനാൽ നെറ്റ്‌വർക്കിംഗ് സ്പീഡ് കുറവുള്ള പല ഓഫീസുകളിലും കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ പുതിയ സോഫ്റ്റ്‌വെയറിലുള്ള ജീവനക്കാരുടെ പരിചയക്കുറവ്, സോഫ്റ്റ്‌വെയറിലുള്ള ചില സാങ്കേതിക പ്രശ്നങ്ങൾ തുടങ്ങിയവമൂലവും ചില കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവയെല്ലാം പരിഹരിക്കുന്നതിനായി ഒപ്റ്റിക്കൽ ഫൈബർ കണക്ഷനുകൾ ലഭ്യമാക്കിയും സോഫ്റ്റ്‌വെയർ പ്രശ്നങ്ങൾ ഡൽഹി എൻ.ഐ.സി. മുഖാന്തരം പരിഹരിച്ചും ജീവനക്കാർക്ക് തുടർപരിശീലന പദ്ധതികൾ ആവിഷ്കരിച്ചും കാലതാമസം ഒഴിവാക്കാനുള്ള നടപടികൾ കൈക്കൊള്ളുന്നുണ്ട്.

(ബി) വാഹന ഉടമയുടെ മേൽവിലാസത്തിൽ അധികാര പരിധിയിലുള്ള റീജിയണൽ/സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിലാണ് വാഹനം രജിസ്റ്റർ ചെയ്യപ്പെടേണ്ടത്. എന്നാൽ പുതിയ വാഹനം താൽക്കാലികമായി രജിസ്റ്റർ ചെയ്യപ്പെടുമ്പോൾ താൽക്കാലിക രജിസ്ട്രേഷന് ഈ നിയമം നിർബന്ധിതമല്ലെന്നുള്ള നിയമം ഉപയോഗിച്ചുകൊണ്ട് അതാത് ഡീലർമാരുടെ അടുത്തുള്ള ഓഫീസിൽ താൽക്കാലിക രജിസ്ട്രേഷൻ നടത്താൻ അനുവദിച്ചിരുന്നു. എന്നാൽ കേന്ദ്രീകൃത സംവിധാനം നടപ്പിൽ വരുമ്പോൾ ഇതിന്റെ ആവശ്യമില്ലാതെ വരികയും താൽക്കാലിക രജിസ്ട്രേഷനും ഉടമയുടെ ഓഫീസിൽത്തന്നെ ചെയ്യാനുള്ള സംവിധാനം ലഭ്യമാകുകയും ചെയ്യുന്നു. ഇതുകാരണം താൽക്കാലിക രജിസ്ട്രേഷൻ വാഹന ഉടമയ്ക്ക് വേഗത്തിൽ സർവ്വീസ് ലഭ്യമാക്കാനുള്ള സാഹചര്യവും സംജാതമാകുന്നു.

(സി) പുതിയ സംവിധാനം നടപ്പിൽ വരുത്തിത്തുടങ്ങിയപ്പോൾ ഉണ്ടായ കാലതാമസം ഇപ്പോൾ വളരെയധികം കുറഞ്ഞിട്ടുണ്ട്. തുടർച്ചയായി നൽകപ്പെടുന്ന പരിശീലനങ്ങളും മോണിറ്ററിംഗുംകൊണ്ട് ഇനിയും വേഗത്തിലാക്കാൻ കഴിയുന്നതാണ്.

## അന്തർ സംസ്ഥാന യാത്രാദുരിതം പരിഹരിക്കുന്നതിന് നടപടി

256 (1760) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിലേക്ക് സർവ്വീസ് നടത്തുന്ന സ്വകാര്യബസ്സുകൾ സ്വീകരിക്കുന്ന നീതിരഹിതമായ നിലപാടിൽ യാത്രക്കാർക്കുണ്ടാകുന്ന ദുരിതം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) അന്യസംസ്ഥാനങ്ങളിലേക്കുള്ള യാത്രാദുരിതം പരിഹരിക്കുന്നതിന് കൂടുതൽ ബസ്സുകൾ വാടകക്കെടുത്ത് സർവ്വീസ് നടത്തുമെന്ന സർക്കാർ പ്രഖ്യാപനം പ്രയോഗത്തിൽ വന്നിട്ടുണ്ടോ; വിശദമാക്കാമോ?

### ഉത്തരം

(എ) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ മോട്ടോർ വാഹന വകുപ്പ് 'ഓപ്പറേഷൻ നൈറ്റ് റൈഡേഴ്സ്' എന്ന പേരിൽ വിശദമായ രാത്രികാല പരിശോധന ആരംഭിച്ചിട്ടുണ്ട്. 6-6-2019 വരെ 7991 വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുകയും 2,97,61,750 രൂപ പിഴയിനത്തിൽ ഈടാക്കുകയും ചെയ്തു. ഇത്തരം നിയമനടപടികളുടെ ഭാഗമായി യാത്രക്കാർക്ക് കൂടുതൽ സൗകര്യം ഒരുക്കുന്നതിനായി ബാംഗ്ലൂർ, ചെന്നൈ തുടങ്ങിയ പ്രധാന നഗരങ്ങളിലേയ്ക്ക് കെ.എസ്.ആർ.ടി.സി. കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തമിഴ്നാടുമായുള്ള അന്തർസംസ്ഥാന ഗതാഗത കരാർ രൂപീകരിച്ച് നടപടികൾ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ടി കരാർ പ്രകാരം എറണാകുളം - ചെന്നൈ റൂട്ടും, തിരുവനന്തപുരം-ചെന്നൈ റൂട്ടും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കോയമ്പത്തൂർ, സേലം വഴി ബാംഗ്ലൂരിലേയ്ക്കും, ഗുഡല്ലൂർ, മൈസൂർ വഴി ബാംഗ്ലൂരിലേയ്ക്കുമുള്ള റൂട്ടുകൾ ആവശ്യമായ ബസ്സുകളുടെ ലഭ്യത ഉറപ്പാക്കിയശേഷം പ്രസ്തുത സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. തമിഴ്നാട്ടുമായി രൂപീകരിച്ച പുതിയ ഗതാഗത കരാർ പ്രകാരം എല്ലാ വർഷവും ഓണം, ദസറ, ദീപാവലി, ക്രിസ്തുമസ്, മദ്ധ്യവേനൽ അവധിക്കാലം, ശബരിമല ഉത്സവകാലം എന്നിങ്ങനെ യാത്രാനിരക്ക് അനുഭവപ്പെടുന്ന എല്ലാ ഉത്സവകാലത്തും ആവശ്യാനുസരണം സർവ്വീസുകൾ നടത്തുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. 2019 ഏപ്രിൽ മാസം മുതൽ ബാംഗ്ലൂരിലേയ്ക്ക് കൂടുതൽ സർവ്വീസുകൾ നടത്തുന്നതിനായി 29 ബസ്സുകൾ അധികമായി പെർമിറ്റെടുത്ത് ഉപയോഗിച്ചുവരികയുമാണ്.

(ബി) അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തുന്നതിന് ബസ്സുകളുടെ കുറവ് ഉണ്ടാകുന്ന സാഹചര്യത്തിൽ കാഷ്വൽ കോൺട്രാക്ട് വ്യവസ്ഥയിൽ 50 പ്രീമിയം ക്ലാസ്സ് മൾട്ടി ആക്സിൽ എ.സി. ബസ്സുകൾ ലഭ്യമാക്കുന്നതിന് 30-4-2019-ൽ ദർഘാസ് ക്ഷണിച്ചിരുന്നു. മൂന്ന് മാസക്കാലയളവിലേയ്ക്ക് ലഭ്യമാക്കുന്നതിനാണ് ദർഘാസ് ക്ഷണിച്ചിരുന്നത്. കേരള സർക്കാരിന്റെ ഇ-പോർട്ടൽവഴി ക്ഷണിച്ച ദർഘാസിൽ ആരും പങ്കെടുത്തില്ല. ഈ സാഹചര്യത്തിൽ വ്യവസ്ഥകൾ പുനഃപരിശോധിക്കുകയും മൂന്ന് മാസക്കാലയളവ് എന്നത് ഒരു വർഷക്കാലയളവായി ഉയർത്തി പുനർ ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## അന്തർ സംസ്ഥാന യാത്രാപ്രശ്നം

257 (1761) ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്ലട ബസ് സർവ്വീസിലെ ജീവനക്കാർ ഒരു യാത്രക്കാരനെ മർദ്ദിച്ചതുമായി ബന്ധപ്പെട്ട് ഉളവായിട്ടുള്ള യാത്രാപ്രശ്നം പരിഹരിക്കുവാൻ കെ.എസ്.ആർ.ടി.സി. നടത്തിയ ഇടപെടൽ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

ബാംഗ്ലൂർ, ചെന്നൈ തുടങ്ങിയ പ്രധാന നഗരങ്ങളിലേയ്ക്ക് കൂടുതൽ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തമിഴ്നാടുമായുള്ള അന്തർസംസ്ഥാന ഗതാഗത കരാർ രൂപീകരിച്ച് നടപടികൾ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ടി കരാർ പ്രകാരം എറണാകുളം -ചെന്നൈ റൂട്ടും, തിരുവനന്തപുരം-ചെന്നൈ റൂട്ടും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കോയമ്പത്തൂർ, സേലം വഴി ബാംഗ്ലൂരിലേയ്ക്കും, ഗൂഡല്ലൂർ, മൈസൂർ വഴി ബാംഗ്ലൂരിലേയ്ക്കുമുള്ള റൂട്ടുകൾ ആവശ്യമായ ബസ്സുകളുടെ ലഭ്യത ഉറപ്പാക്കിയശേഷം പ്രസ്തുത സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ ആദ്യഘട്ടമായി കോട്ടയം- കോയമ്പത്തൂർ, കോട്ടയം-പളനി, തൃശ്ശൂർ-ഊട്ടി, എറണാകുളം-പളനി, മാനന്തവാടി-കോയമ്പത്തൂർ, സുൽത്താൻ ബത്തേരി-കോയമ്പത്തൂർ, അർത്തുങ്കൽ - വേളാങ്കണ്ണി - കോയമ്പത്തൂർ, കോഴിക്കോട് - നിലമ്പൂർ എന്നീ 8 സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള 15 പെർമിറ്റുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ കെ.എസ്.ആർ.ടി.സി. ആരംഭിച്ചിട്ടുണ്ട്. തമിഴ്നാടുമായി രൂപീകരിച്ച പുതിയ ഗതാഗത കരാർ പ്രകാരം എല്ലാ വർഷവും ഓണം, ദസറ, ദീപാവലി, ക്രിസ്തുമസ്, മദ്ധ്യവേനൽ അവധിക്കാലം, ശബരിമല ഉത്സവകാലം എന്നിങ്ങനെ യാത്രാതിരക്ക് അനുഭവപ്പെടുന്ന എല്ലാ ഉത്സവകാലത്തും ബാംഗ്ലൂർ, മൈസൂർ, കോയമ്പത്തൂർ, ചെന്നൈ എന്നീ പ്രധാന നഗരങ്ങളിലേയ്ക്ക്

ആവശ്യാനുസരണം സർവ്വീസുകൾ നടത്തുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. 2019 ഏപ്രിൽ മാസം മുതൽ ബാംഗ്ലൂരിലേയ്ക്ക് കൂടുതൽ സർവ്വീസുകൾ നടത്തുന്നതിനായി 29 ബസ്സുകൾ അധികമായി പെർമിറ്റെടുത്ത് സർവ്വീസുകൾ നടത്തിവരികയുമാണ്.

## അനധികൃത ബസ് സർവ്വീസുകളുടെ നിയന്ത്രണം

258 (1762) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോൺട്രാക്റ്റ് ക്യാരേജ് വ്യവസ്ഥയിൽ സർവ്വീസ് നടത്തുന്നതിന് അനുമതി നേടിയെടുക്കുന്ന സ്വകാര്യ ബസുകൾ സ്റ്റേജ് ക്യാരേജ് സമ്പ്രദായത്തിൽ സർവ്വീസ് നടത്തുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇത് കെ.എസ്.ആർ.ടി.സി. പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വരുത്തുന്ന നഷ്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം ബസ്സുകളിൽ യാതൊരു മാനദണ്ഡവുമില്ലാതെ ചാർജ് ഈടാക്കുന്നതും അകാരണമായി യാത്രക്കാരെ മർദ്ദിക്കുന്നതുമായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത്തരം സർവ്വീസുകളെ നിയന്ത്രിക്കാൻ എന്തൊക്കെ നിയമനടപടി സ്വീകരിക്കും; വിശദാംശം നൽകുമോ?

ഉത്തരം

(എ) കോൺട്രാക്ട് ക്യാരേജ് പെർമിറ്റെടുത്തിട്ടുള്ള ചില സ്വകാര്യ ബസ്സുകൾ സ്റ്റേജ് ക്യാരേജ് സമ്പ്രദായത്തിൽ സർവ്വീസ് നടത്തുന്നതായി മോട്ടോർ വാഹന വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കോൺട്രാക്ട് ക്യാരേജുകൾ യാത്രാനിരക്ക് നിജപ്പെടുത്തിയിട്ടില്ലാത്തതിനാൽ ചാർജ്ജ് അമിതമാണോയെന്ന് വിലയിരുത്താൻ കഴിയില്ല. വിശേഷ അവസരങ്ങളിൽ സാധാരണ നിരക്കിനു വിപരീതമായി ചാർജ്ജ് ഈടാക്കുകയാണെങ്കിൽ പരിശോധിച്ച് നടപടി സ്വീകരിക്കാറുണ്ട്. യാത്രക്കാരോട് അപമര്യാദയായി പെരുമാറിയതുമായി ബന്ധപ്പെട്ട് മരട് പോലീസ് സ്റ്റേഷനിൽ ക്രൈം കേസ് നമ്പർ 698/2019 രജിസ്റ്റർ ചെയ്തതായി അറിയുന്നു.

(ഡി) ഇത്തരം സർവ്വീസുകളെ നിയന്ത്രിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് ഓപ്പറേഷൻ നൈറ്റ് റൈഡേഴ്സ് എന്ന പേരിൽ വിശദമായ രാത്രികാല പരിശോധന ആരംഭിച്ചിട്ടുണ്ട്. നാളിതുവരെ 7480 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## അന്തർ സംസ്ഥാന സ്വകാര്യ ബസ്സുകളുടെ നിയമലംഘനങ്ങൾ

259 (1763) ശ്രീ. അൻവർ സാദത്ത്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലട ബസ് യാത്രക്കാർക്ക് മർദ്ദനമേറ്റ സംഭവത്തിന്റെ പശ്ചാത്തലത്തിൽ അംഗീകൃത ടിക്കറ്റ് ബുക്കിംഗ് കേന്ദ്രങ്ങൾ (എൽ.എ.പി.റ്റി.)ക്ക് പ്രവർത്തന മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ 500 മീറ്റർ പരിധിയിൽ സ്വകാര്യ മേഖലയ്ക്ക് ബുക്കിംഗ് കൗണ്ടറും വിശ്രമകേന്ദ്രങ്ങളും നിയമപരമായി അനുവദിക്കുന്നത് സ്വകാര്യ ലോബി മുതലെടുക്കുമെന്ന കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ സംഘടനകളുടെ ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) അന്തർ സംസ്ഥാന സ്വകാര്യ ബസ്സുകളുടെ നിയമലംഘനങ്ങൾക്കെതിരെ 2019 ഏപ്രിൽ മാസത്തിനുശേഷം എത്ര കേസ്സുകൾ രജിസ്റ്റർചെയ്തു; പിഴ ഇനത്തിൽ എത്ര തുക ഈടാക്കിയെന്ന് അറിയിക്കാമോ?

### ഉത്തരം

(എ) ഉണ്ട്. ലൈസൻസ് ഏജന്റ് ഫോർ പാസഞ്ചർ ട്രാൻസ്പോർട്ട് നൽകുന്നത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച നിബന്ധനകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. LAPT മാനദണ്ഡപ്രകാരം ബസ് സ്റ്റാൻഡുകളുടെ 500 മീറ്റർ പരിധിക്ക് അപ്പുറത്താണ് അനുവദനീയമായിട്ടുള്ളത്.

(സി) 2019 ഏപ്രിൽ 24-ാം തീയതി മുതൽ മേയ് 6 വരെ 7991 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും 2,97,61,750 രൂപ പിഴയനിത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സ്കൂൾ വാഹനങ്ങളുടെ സുരക്ഷ

260 (1764) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്കൂൾ വാഹനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

സ്കൂൾ ബസ്സുകളുടെയും വിദ്യാർത്ഥി/വിദ്യാർത്ഥിനികൾ യാത്ര ചെയ്യുന്ന മറ്റ് വാഹനങ്ങളുടെയും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി എല്ലാ അദ്ധ്യയന വർഷാരംഭത്തിലും എല്ലാ സ്കൂൾ ബസ്സുകളും പരിശോധിച്ച് വാഹനങ്ങളുടെ ക്ഷമത, വിദ്യാർത്ഥികൾക്കുള്ള സൗകര്യങ്ങൾ, ബാഗുകൾ സൂക്ഷിക്കുന്നതിനുള്ള സൗകര്യം, വാതിലുകൾ, ഷട്ടറുകൾ എന്നിവ പരിശോധിച്ച് യോഗ്യമായ വർക്ക് സ്റ്റിക്കർ പതിപ്പിച്ചുനൽകുന്നു. യാത്രാ ബസ്സുകളിൽ കുട്ടികളെ കയറ്റുകയും അവരോട് ബസ് ജീവനക്കാർ മാന്യതയോടെ പരുമാറുന്നുണ്ടെന്നും ഉറപ്പുവരുത്തുന്നതിനായി ബസ് സ്റ്റാന്റ്, സ്കൂൾ പരിസരം എന്നിവിടങ്ങളിൽ പ്രത്യേക പരിശോധന നടത്തുന്നുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പ് ജി3/229/പൊ.വി.വ. എന്ന നമ്പരായി 27-5-2019-ൽ ഇറക്കിയ സർക്കുലർ പാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂഷൻ ബസ്സുകൾക്ക് പെർമിറ്റ് നൽകുന്നത് സംബന്ധിച്ച കേരള മോട്ടോർ വാഹന ചട്ടം 153 D പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി സ്കൂൾ വാഹനങ്ങളും കുട്ടികളെ കയറ്റുന്ന മറ്റ് വാഹനങ്ങളും നിരന്തര പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. അമിതമായി കുട്ടികളെ കയറ്റിവരുന്ന വാഹനങ്ങളുടെ ഡ്രൈവർമാരുടെ ലൈസൻസ് റദ്ദുചെയ്യുന്നതിനും ഓട്ടോറിക്ഷകളുടെയും സ്കൂൾ വാഹനങ്ങളുടെയും പെർമിറ്റ് റദ്ദുചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ സ്കൂളുകളിലും ഒരു അദ്ധ്യാപകനെ/അദ്ധ്യാപികയെ നോഡൽ ഓഫീസറായി നിയമിക്കാൻ സ്കൂൾ അധികൃതർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

പുരോഗമനപരമായ റോഡ് സുരക്ഷാ ബോധവൽക്കരണ പരിപാടികൾ ഒരു വ്യക്തിയുടെ വളർച്ചയുടെ എല്ലാ ഘട്ടത്തിലും നിശ്ചിത ഇടവേളകളിൽ തുടർച്ചയായി നൽകേണ്ടത് അത്യാവശ്യമാണെന്നതിനാൽ ഇതിന്റെ ഭാഗമായി സ്കൂൾ പാഠ്യപദ്ധതിയിൽ റോഡ് സുരക്ഷാ വിഷയം ഉൾപ്പെടുത്തണമെന്ന് പൊതു വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് കരിക്കുലം തയ്യാറാക്കാനാവശ്യമായ സഹായങ്ങൾ കേരളാ റോഡ് സുരക്ഷാ അതോറിറ്റി നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

സ്കൂൾ ക്ലാസ്സുകളിൽ റോഡ് സുരക്ഷാ സന്ദേശങ്ങൾ അടങ്ങിയ ചാർട്ടുകൾ തയ്യാറാക്കി പ്രദർശിപ്പിക്കാനുള്ള ചെലവ് കേരള റോഡ് സുരക്ഷാ അതോറിറ്റി വഹിക്കാൻ തയ്യാറാണെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടറെ അറിയിച്ചിട്ടുണ്ട്.

കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും സ്കൂളുകളിൽ റോഡ് സുരക്ഷാ അവബോധം വളർത്തിയെടുക്കുന്നതിനും റോഡ് സുരക്ഷാവാരം കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ജൂൺ 10 മുതൽ 14 വരെ നടത്തുന്ന വാരാചരണത്തിൽ സ്കൂൾ വാഹനങ്ങളുടെ സുരക്ഷ, സ്കൂൾ വാഹനങ്ങളുടെ സുരക്ഷിത യാത്ര ഉറപ്പാക്കൽ എന്നിവയ്ക്കാണ് മുൻഗണന നൽകിയിട്ടുള്ളത്. അദ്ധ്യാപകർ, പി.റ്റി.എ., സ്കൂൾ ജീവനക്കാർ, ഡ്രൈവർമാർ, വിദ്യാർത്ഥികൾ എന്നിവർക്ക് റോഡ് സുരക്ഷാ ക്ലാസ്സ് നൽകുന്നുണ്ട്. അതുപോലെതന്നെ സ്കൂൾ അസംബ്ലിയിൽ റോഡ് സുരക്ഷാ സന്ദേശങ്ങൾ വായിക്കാനും ഉദ്ദേശിക്കുന്നുണ്ട്.

## സ്കൂൾ വാഹനങ്ങളിലെ സുരക്ഷാ സംവിധാനം

261 (1765) ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എം. ഉമ്മർ:
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വാഹനങ്ങളിൽ സുരക്ഷാസംവിധാനം ഉറപ്പാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സ്കൂൾ ബസ്സുകളിൽ ജി.പി.എസ്.സംവിധാനം നിർബന്ധമാക്കിയിട്ടുണ്ടോ;

(സി) ബസ്സുകളിൽ വേഗപ്പൂട്ട് ഘടിപ്പിക്കുന്നതിനും ഡ്രൈവർമാർക്ക് ബോധവൽക്കരണം നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) സ്കൂൾ ബസ്സുകളുടേയും വിദ്യാർത്ഥി/വിദ്യാർത്ഥിനികൾ യാത്ര ചെയ്യുന്ന മറ്റ് വാഹനങ്ങളുടെയും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി മോട്ടോർ വാഹന വകുപ്പ് നിരന്തരം ജാഗ്രത വരുത്തുന്നുണ്ട്. എല്ലാ അദ്ധ്യയന വർഷാരംഭത്തിലും എല്ലാ സ്കൂൾ ബസ്സുകളും പരിശോധിച്ച് വാഹനങ്ങളുടെ ക്ഷമത, വിദ്യാർത്ഥികൾക്കുള്ള സൗകര്യങ്ങൾ, ബാഗുകൾ സൂക്ഷിക്കുന്നതിനുള്ള സൗകര്യം, വാതിലുകൾ, ഷട്ടറുകൾ എന്നിവ പരിശോധിച്ച് യോഗ്യമായ വർക്ക് സ്റ്റിക്കർ പതിപ്പിച്ചുനൽകുന്നു. യാത്രാ ബസ്സുകളിൽ കുട്ടികളെ കയറ്റുകയും അവരോട് ബസ് ജീവനക്കാർ മാന്യതയോടെ പെരുമാറുന്നുണ്ടെന്നും ഉറപ്പുവരുത്തുന്നതിനായി ബസ്

സ്റ്റാൻഡ്, സ്കൂൾ പരിസരം എന്നിവിടങ്ങളിൽ പ്രത്യേക പരിശോധന നടത്തുന്നുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പ് ജി3/229/2019/പൊ.വി.വ. എന്ന നമ്പരായി 27-5-2019-ൽ ഇറക്കിയ സർക്കുലർ പാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കേരള മോട്ടോർ വാഹന ചട്ടം 153 D പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി സ്കൂൾ വാഹനങ്ങളും കുട്ടികളെ കയറ്റുന്ന മറ്റ് വാഹനങ്ങളും നിരന്തര പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. അമിതമായി കുട്ടികളെ കയറ്റിവരുന്ന വാഹനങ്ങളുടെ ഡ്രൈവർമാരുടെ ലൈസൻസ് റദ്ദുചെയ്യുന്നതിനും ഓട്ടോറിക്ഷകളുടെയും സ്കൂൾ വാഹനങ്ങളുടെയും പെർമിറ്റ് റദ്ദുചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ സ്കൂളുകളിലും ഒരു അദ്ധ്യാപകനെ/അദ്ധ്യാപികയെ നോഡൽ ഓഫീസറായി നിയമിക്കാൻ സ്കൂൾ അധികൃതർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) 1-6-2019 മുതൽ സംസ്ഥാനത്ത് സ്കൂൾ വാഹനങ്ങളിൽ വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് സംവിധാനം (VLTD) നിർബന്ധമാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) വേഗപ്പൂട്ട് സംവിധാനം സ്കൂൾ വാഹനങ്ങളിൽ നിർബന്ധമാക്കിയിട്ടുള്ളതും, പരിശോധനാ വേളകളിലും, ഫിറ്റ്നസ് ടെസ്റ്റ് സമയത്തിലും ഇക്കാര്യങ്ങൾ ഉറപ്പുവരുത്തുകയും ചെയ്യുന്നു. അതോടൊപ്പം, അദ്ധ്യയന വർഷം ആരംഭിക്കുന്നതിനുമുമ്പുതന്നെ ഡ്രൈവർമാർക്ക് ബോധവൽക്കരണ ക്ലാസ്സുകൾ നൽകിവരുന്നുണ്ട്.

### സ്വകാര്യ ബസ് കമ്പനികളെ നിയന്ത്രിക്കുന്നതിന് നടപടി

262 (1766) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിയമം ലംഘിച്ചും നികുതി വെട്ടിച്ചും ദീർഘദൂര സർവ്വീസുകൾ കൈയ്യടക്കിയിരുന്ന കല്ലട പോലുള്ള സ്വകാര്യ ബസ് കമ്പനികൾക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സ്വകാര്യ സർവ്വീസുകൾ നടത്തുന്നവരിൽ നിന്നും യാത്രക്കാർക്ക് നേരിടേണ്ടി വരുന്ന ചൂഷണവും പീഡനവും തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് അറിയിക്കുമോ;

(സി) യാത്രക്കാരെ അമിതമായി ചൂഷണം ചെയ്യുന്ന സ്വകാര്യ ബസ് കമ്പനികളെ നിയന്ത്രിച്ചുകൊണ്ട് കെ.എസ്.ആർ.ടി.സി. കൂടുതൽ ദീർഘദൂര സർവ്വീസുകൾ ആരംഭിക്കുന്നതിന് സംവിധാനം ഒരുക്കുമോ; വിശദവിവരം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) അന്തർസംസ്ഥാന സർവ്വീസ് നടത്തുന്ന കോൺട്രാക്ട് ക്യാരേജുകൾ വാഹന നികുതി വെട്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അനധികൃതമായി സ്റ്റേജ് ക്യാരേജ് സർവ്വീസ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സർവ്വീസുകളെ നിയന്ത്രിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് "ഓപ്പറേഷൻ നൈറ്റ് റൈഡേഴ്സ്" എന്ന പേരിൽ വിശദമായ രാത്രികാല പരിശോധന ആരംഭിച്ചിട്ടുണ്ട്. 6-6-2019 വരെ 7991 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇത്തരം സർവ്വീസുകൾ നിയന്ത്രിക്കുന്നതിനായി ഓപ്പറേഷൻ നൈറ്റ് റൈഡേഴ്സ് എന്ന പേരിൽ മോട്ടോർ വാഹന വകുപ്പ് വിശദമായ രാത്രികാല പരിശോധന നടത്തിവരുന്നു.

(സി) ബാംഗ്ലൂർ, ചെന്നൈ തുടങ്ങിയ പ്രധാന നഗരങ്ങളിലേയ്ക്ക് കൂടുതൽ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തമിഴ്നാടുമായുള്ള അന്തർസംസ്ഥാന ഗതാഗത കരാർ പ്രകാരമുള്ള നടപടികൾ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ടി കരാർ പ്രകാരം എറണാകുളം - ചെന്നൈ റൂട്ടും, തിരുവനന്തപുരം - ചെന്നൈ റൂട്ടും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കോയമ്പത്തൂർ, സേലം വഴി ബാംഗ്ലൂരിലേയ്ക്കും, ഗുഡല്ലൂർ, മൈസൂർ വഴി ബാംഗ്ലൂരിലേയ്ക്കുമുള്ള റൂട്ടുകൾ ആവശ്യമായ ബസ്സുകളുടെ ലഭ്യത ഉറപ്പാക്കിയശേഷം പ്രസ്തുത സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ ആദ്യഘട്ടമായി കോട്ടയം - കോയമ്പത്തൂർ, കോട്ടയം - പളനി, തൃശ്ശൂർ - ഊട്ടി, എറണാകുളം - പളനി, മാനന്തവാടി - കോയമ്പത്തൂർ, സുൽത്താൻ ബത്തേരി - കോയമ്പത്തൂർ, അർത്തുങ്കൽ - വേളാങ്കണ്ണി - കോയമ്പത്തൂർ, കോഴിക്കോട് - നിലമ്പൂർ എന്നീ 8 സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള 15 പെർമിറ്റുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ കെ.എസ്.ആർ.ടി.സി. ആരംഭിച്ചിട്ടുണ്ട്.

തമിഴ്നാടുമായി രൂപീകരിച്ച പുതിയ ഗതാഗത കരാർ പ്രകാരം എല്ലാ വർഷവും ഓണം, ദസറ, ദീപാവലി, ക്രിസ്തുമസ്, മദ്ധ്യവേനൽ അവധിക്കാലം, ശബരിമല ഉത്സവകാലം എന്നിങ്ങനെ യാത്രാതിരക്ക് അനുഭവപ്പെടുന്ന എല്ലാ ഉത്സവകാലത്തും ബാംഗ്ലൂർ, മൈസൂർ, കോയമ്പത്തൂർ, ചെന്നൈ എന്നീ പ്രധാന നഗരങ്ങളിലേയ്ക്ക് ആവശ്യാനുസരണം സർവ്വീസുകൾ നടത്തുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. 2019 ഏപ്രിൽ മാസം മുതൽ ബാംഗ്ലൂരിലേയ്ക്ക് കൂടുതൽ സർവ്വീസുകൾ നടത്തുന്നതിനായി 29 ബസ്സുകൾ അധികമായി പെർമിറ്റെടുത്ത് സർവ്വീസുകൾ നടത്തിവരികയുമാണ്.

## മലബാറിലെ പൊതുഗതാഗത സംവിധാനം

263 (1767) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു ഗതാഗതസംവിധാനങ്ങളുടെ അപര്യാപ്തതമൂലം മലബാറിലെ യാത്രക്കാർ അനുഭവിക്കുന്ന ദുരിതങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്വകാര്യ ബസ്സുകളുടെ ചൂഷണത്തിൽനിന്നും യാത്രക്കാർക്ക് സംരക്ഷണം നൽകുന്നതിനും അന്തർസംസ്ഥാന സ്വകാര്യബസ് സർവ്വീസുകൾ നിയന്ത്രിക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കുമോ;

(സി) മലബാറിൽ പൊതുഗതാഗത സംവിധാനം മെച്ചപ്പെടുത്തുവാൻ കൂടുതൽ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ ആരംഭിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇത്തരം സർവ്വീസുകളെ നിയന്ത്രിക്കുന്നതിന് പരിശോധന കർശനമാക്കിയിട്ടുണ്ട്. LAPT ലൈസൻസ് നൽകുമ്പോൾ മാനദണ്ഡങ്ങൾ കൃത്യമായി പരിശോധിക്കുന്നുണ്ട്. ഇത്തരം സർവ്വീസുകൾക്ക് ഏകീകൃത നിരക്ക് നിശ്ചയിക്കുന്നതിന് കമ്മീഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) ആരംഭിച്ചിട്ടുണ്ട്.

1. വടകര - മാനന്തവാടി
2. മലപ്പുറം - തിരൂർ
3. പെരിന്തൽമണ്ണ - കൊയിലാണ്ടി
4. താമരശ്ശേരി - പെരിന്തൽമണ്ണ
5. തൃശ്ശൂർ - ഗോവിന്ദപുരം

## ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം

264 (1768) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (ജി.പി.എസ്.) ഘടിപ്പിക്കാത്ത സ്കൂൾ വാഹനങ്ങൾക്കും ടാക്സികൾക്കും ഫിറ്റ്നസ് നൽകില്ലെന്ന മോട്ടോർ വാഹന വകുപ്പിന്റെ ഉത്തരവ് നടപ്പാക്കുന്നതിൽ സമയം ദീർഘിപ്പിച്ച് നൽകുമോ;

(ബി) സർക്കാർ നിർദ്ദേശിച്ച ജി.പി.എസ്., പൊതുവിപണിയിൽ ആവശ്യത്തിന് ലഭ്യമല്ലാത്തതിനാലും ഘടിപ്പിച്ചവ മോട്ടോർ വാഹന വകുപ്പിൽ ലിങ്ക് ചെയ്യുന്നില്ലെന്ന വ്യാപക പരാതിയുള്ളതിനാലും വാഹന ഉടമയുടെ സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിൽ ഫിറ്റ്നസ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) അദ്ധ്യയന വർഷാരംഭമായതിനാൽ ഇത് സംബന്ധിച്ച നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുവാൻ സത്വരനടപടി സ്വീകരിക്കുമോ;

(ഡി) ജി.പി.എസ്. ഘടിപ്പിക്കുന്നതിൽ നിന്നും കാലപ്പഴക്കം ചെന്ന ടാക്സികളെ ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് സംവിധാനമാണ് (VLTD) നിലവിൽ പൊതു യാത്രാ വാഹനങ്ങൾക്ക് നിർബന്ധമാക്കിയിട്ടുള്ളത്. സമയം ദീർഘിപ്പിച്ചുനൽകുന്നതിന് നിലവിലുള്ള ചട്ടങ്ങളിൽ വ്യവസ്ഥയില്ല.

(ബി&സി) പൊതു വിപണിയിൽനിന്നും സർക്കാർ നിർദ്ദേശിച്ചിട്ടുള്ള വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് സംവിധാനം (VLTD) വാങ്ങി ഉപയോഗിക്കാവുന്നതും മറ്റ് പരാതികൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്താവുന്നതുമാണ്. സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിൽ ഫിറ്റ്നസ് അനുവദിക്കുകയെന്നത് പ്രായോഗികമല്ല. നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ഇത് സാധിക്കുന്നതല്ല.

(ഡി) വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് ഡിവൈസ് നിർബന്ധമാക്കിയത് കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങൾ പ്രകാരമായതിനാൽ പ്രസ്തുത ചട്ടങ്ങളിൽ ഇളവ് നൽകാൻ സംസ്ഥാന സർക്കാരിന് സാധ്യമല്ല.

**സ്വകാര്യ വാഹനങ്ങളിൽ ഔദ്യോഗിക മുദ്ര പതിക്കുന്ന നടപടി**

265 (1769) <u>ശ്രീമതി പി. അയിഷാ പോറ്റി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വാഹനങ്ങളിൽ ഔദ്യോഗിക പദവികളും മുദ്രകളും രേഖപ്പെടുത്തി സഞ്ചരിക്കുന്നതിന് ആർക്കെല്ലാമാണ് അധികാരം നൽകിയിട്ടുള്ളതെന്ന് വകുപ്പുകൾ തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇൻഡ്യൻ സൈന്യത്തിന്റെ ചിഹ്നങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ മുദ്രകളും വകുപ്പുകളുടെ മുദ്രകളും സ്വകാര്യവാഹനങ്ങളിൽ അനധികൃതമായി പ്രദർശിപ്പിച്ച് വാഹനം ഉപയോഗിക്കുന്ന പ്രവണത വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരത്തിൽ അനധികൃത മുദ്രകൾ പതിപ്പിച്ച് വാഹനം ഉപയോഗിക്കുന്നവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) കേരള മോട്ടോർ വാഹന ചട്ടം 92 എ അനുശാസിക്കുന്ന പ്രകാരം പാർലമെന്റ് അംഗങ്ങൾ, നിയമസഭാ അംഗങ്ങൾ, കേന്ദ്ര-സംസ്ഥാന സർക്കാർ വകുപ്പുകളിലെ തലവന്മാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും ഭരണഘടന അധികാരമുള്ളതും സ്റ്റാറ്റ്യൂട്ടറി ബോഡി എന്നിവയുടെയും തലവന്മാർ, സർവ്വകലാശാലകൾ, കേരള ഹൈക്കോടതിയിലെ നിയമ ഉദ്യോഗസ്ഥർ, കേരള ഹൈക്കോടതിയിലെ കേന്ദ്ര സർക്കാർ കൗൺസിൽ അംഗങ്ങൾ, ജുഡീഷ്യൽ അധികാരമുള്ള ഉദ്യോഗസ്ഥർ തുടങ്ങിയവർക്ക് തങ്ങൾ ഉപയോഗിക്കുന്ന വാഹനങ്ങളിൽ ഔദ്യോഗിക പദവികൾ സൂചിപ്പിക്കുന്ന ബോർഡ് പ്രദർശിപ്പിക്കാവുന്നതാണ്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാഹനങ്ങളിൽ അനധികൃതമായി മുദ്രകളും, സൈനിക മുദ്രകളും ഉൾപ്പെടെ പ്രദർശിപ്പിക്കുന്നതിനെതിരായി മോട്ടോർ വാഹന ചട്ടങ്ങളും നിയമങ്ങളും അനുശാസിക്കുന്ന നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## ഓപ്പറേഷൻ നൈറ്റ് റൈഡേഴ്സ്

266 (1770) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമം ലംഘിച്ച് സർവ്വീസ് നടത്തുന്ന സ്വകാര്യ അന്തർസംസ്ഥാന ബസ്സുകളെ പരിശോധിക്കാൻ ഗതാഗത വകുപ്പ് രൂപം നൽകിയ ഓപ്പറേഷൻ നൈറ്റ് റൈഡേഴ്സ്-ന്റെ പരിശോധനയിൽ എത്ര ബസ്സുകളിൽ നിന്നും എത്ര തുക പിഴയിനത്തിൽ ഈടാക്കിയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇത്തരത്തിൽ പിടികൂടിയ ചില വാഹനങ്ങൾ പിഴ അടയ്ക്കാൻ വിസമ്മതിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ബസ്സുകളുടെ പെർമിറ്റ് റദ്ദാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) അന്തർസംസ്ഥാന സ്വകാര്യ ബസ്സുകൾക്ക് വേഗപ്പൂട്ടും ജി.പി.എസും നിർബന്ധമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നുമുതലെന്ന് അറിയിക്കാമോ;

(ഡി) ഇവയിലൂടെയുള്ള ചരക്കുനീക്കം കർശനമായി തടയാൻ ഗതാഗത വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ;

(ഇ) ഇത്തരം ബസ്സുകളിൽ അമിത നിരക്ക് ഈടാക്കുന്നത് തടയാൻ എന്തുനടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 24-4-2019 മുതൽ 6-6-2019 വരെ 'ഓപ്പറേഷൻ നൈറ്റ് റൈഡേഴ്സിന്റെ പരിശോധനയിൽ 7991 ബസ്സുകളിൽ നിന്ന് 2,97,61,750 രൂപ പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട്.

(ബി) ഇത്തരത്തിൽ പിടികൂടിയ ചില വാഹനങ്ങളുടെ ഉടമസ്ഥർ നാളിതുവരെ പിഴ ഒടുക്കിയിട്ടില്ല. അവർക്കെതിരെ പെർമിറ്റ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പൊതു യാത്രാ വാഹനങ്ങൾക്ക് 1-1-2019 മുതൽ വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് (VLTD) സംവിധാനം നിർബന്ധമാക്കിയിട്ടുണ്ട്. ഇതിൽ സ്വകാര്യ ബസ്സുകൾ ഉൾപ്പെടെയുള്ള വാഹനങ്ങളും ഉൾപ്പെടുന്നു.

(ഡി) പെർമിറ്റിൽ അനുവദിച്ചിട്ടുള്ളതിൽ കൂടുതൽ സാധനങ്ങൾ കൊണ്ടുവരുന്നതിനെതിരെ മോട്ടോർ വാഹന വകുപ്പ് നടപടി സ്വീകരിക്കുന്നുണ്ട്. 2019 ഏപ്രിൽ മാസം മുതൽ നാളിതുവരെ ഇത്തരത്തിൽ 55 വാഹനങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) ഇത്തരം ബസ്സുകളിൽ നിരക്ക് ഈടാക്കുന്നതിന് സർക്കാർ ഉത്തരവുകളൊന്നും നിലവിലില്ല. ആയതിനാൽ ഏകീകൃത നിരക്ക് നിശ്ചയിക്കുന്നതിനുവേണ്ടി Fare Revision Committee-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ഇക്കാര്യത്തിൽ തീരുമാനമുണ്ടായാൽ അമിത നിരക്ക് ഈടാക്കുന്നത് തടയാവുന്നതാണ്. കൂടാതെ വിശേഷാവസരങ്ങളിൽ നിലവിലുള്ള നിരക്കുകളിൽനിന്നും അമിതമായ നിരക്ക് ഈടാക്കാതിരിക്കാൻ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.

## അനധികൃതമായി ഓടുന്ന സ്വകാര്യ ബസ്സുകൾ

267 (1771) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിനുള്ളിൽ വിവിധ നഗരങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് അനധികൃതമായി ഓടുന്ന സ്വകാര്യ ബസ്സുകളെ സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ മോട്ടോർ വാഹന വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ബി) ഇപ്രകാരം സർവ്വീസ് നടത്തുന്ന ബസ്സുകൾ കെ.എസ്.ആർ.ടി.സി.ക്ക് നഷ്ടമുണ്ടാക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്. കർശനമായ പരിശോധന നടത്തി ശിക്ഷാ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്തർസംസ്ഥാന റൂട്ടുകളിൽ അനധികൃതമായി സർവ്വീസ് നടത്തിവന്നിരുന്ന സ്വകാര്യ ബസ്സുകൾക്കെതിരെ സർക്കാർതലത്തിൽ കർശന നടപടികൾ സ്വീകരിച്ചതിനെ തുടർന്ന് ബാംഗ്ലൂർ, ചെന്നൈ തുടങ്ങിയ പ്രധാന നഗരങ്ങളിലേയ്ക്ക് കൂടുതൽ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തമിഴ്നാടുമായുള്ള അന്തർസംസ്ഥാന ഗതാഗത കരാർ പ്രകാരമുള്ള നടപടികൾ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ടി കരാർ പ്രകാരം എറണാകുളം - ചെന്നൈ റൂട്ടും, തിരുവനന്തപുരം - ചെന്നൈ റൂട്ടും സർവ്വീസ് ആരംഭിക്കുന്നതിനായി അന്തർ സർവ്വീസ് കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കോയമ്പത്തൂർ, സേലം വഴി ബാംഗ്ലൂരിലേയ്ക്കും, ഗൂഡല്ലൂർ, മൈസൂർ വഴി ബാംഗ്ലൂരിലേയ്ക്കുമുള്ള റൂട്ടുകൾ ആവശ്യമായ ബസ്സുകളുടെ ലഭ്യത ഉറപ്പാക്കിയശേഷം പ്രസ്തുത സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ ആദ്യഘട്ടമായി കോട്ടയം - കോയമ്പത്തൂർ, കോട്ടയം - പളനി, തൃശ്ശൂർ - ഊട്ടി, എറണാകുളം - പളനി, മാനന്തവാടി - കോയമ്പത്തൂർ, സുൽത്താൻ ബത്തേരി - കോയമ്പത്തൂർ, അർത്തുങ്കൽ - വേളാങ്കണ്ണി - കോയമ്പത്തൂർ, കോഴിക്കോട് - നിലമ്പൂർ എന്നീ 8 സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള 15 പെർമിറ്റുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ കെ.എസ്.ആർ.ടി.സി. ആരംഭിച്ചിട്ടുണ്ട്. തമിഴ്നാടുമായി രൂപീകരിച്ച പുതിയ ഗതാഗത കരാർ പ്രകാരം എല്ലാ വർഷവും ഓണം, ദസറ, ദീപാവലി, ക്രിസ്തുമസ്, മദ്ധ്യവേനൽ അവധിക്കാലം, ശബരിമല ഉത്സവകാലം എന്നിങ്ങനെ യാത്രാതിരക്ക് അനുഭവപ്പെടുന്ന എല്ലാ ഉത്സവകാലത്തും ബാംഗ്ലൂർ, മൈസൂർ, കോയമ്പത്തൂർ,

ചെന്നൈ എന്നീ പ്രധാന നഗരങ്ങളിലേയ്ക്ക് ആവശ്യാനുസരണം സർവ്വീസുകൾ നടത്തുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. 2019 ഏപ്രിൽ മാസം മുതൽ ബാംഗ്ലൂരിലേയ്ക്ക് കൂടുതൽ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ നടത്തുന്നതിനായി 29 ബസ്സുകൾ അധികമായി പെർമിറ്റെടുത്ത് സർവ്വീസുകൾ നടത്തിവരികയുമാണ്.

## വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം

268 (1772) ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. ടി. വി. ഇബ്രാഹിം:

ശ്രീ. എം. ഉമ്മർ:

ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളുടെ സുരക്ഷിത യാത്ര ഉറപ്പാക്കുന്നതിനുവേണ്ടി എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിനായി സർക്കാർ പ്രഖ്യാപിച്ച സുരക്ഷാമിത്ര ഈ വിദ്യാഭ്യാസ വർഷം നടപ്പിലാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ കാര്യക്ഷമതാ പരിശോധന പൂർത്തിയായിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) തീരുമാനിച്ചിട്ടുണ്ട്.

(ബി) വാഹനങ്ങളിൽ ലൊക്കേഷൻ ട്രാക്കിംഗ് ഡിവൈസ് സംവിധാനം നടപ്പാക്കുന്നതിനുള്ള സുരക്ഷാ മിത്ര പദ്ധതിക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സി-ഡാക്കുമായി ചേർന്ന് മോട്ടോർ വാഹന വകുപ്പ് പൂർത്തിയാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ ഒരു മാസ്റ്റർ കൺട്രോൾ റൂമും 17 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ മിനി കൺട്രോൾ റൂമുകളും സ്ഥാപിച്ചിട്ടുണ്ട്. ഏതെങ്കിലും തരത്തിലുള്ള അത്യാഹിതങ്ങൾ, വാഹന തകരാറുകൾ, ഗതാഗത തടസ്സങ്ങൾ, അമിത വേഗത, അപകടകരമായ ഡ്രൈവിംഗ്, സ്കൂൾ കുട്ടികൾ പ്രത്യേകിച്ച്, വിദ്യാർത്ഥിനികൾക്കും സ്ത്രീകൾക്കും നേരെ ഉണ്ടായേക്കാവുന്ന അതിക്രമങ്ങൾ എന്നിവ തടയുന്നതിന് അപായ സന്ദേശങ്ങൾ നൽകുന്നതിനുള്ള സംവിധാനം (Panic Button) ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സന്ദേശങ്ങൾ കൺട്രോൾ റൂമിലേയ്ക്കും എസ്.എം.എസ്. മുഖേന വാഹന ഉടമ, സ്കൂൾ അധികൃതർ, രക്ഷിതാക്കൾ, എൻഫോഴ്സ്മെന്റ് ഏജൻസികൾ എന്നിവർക്ക് ലഭിക്കുന്നതാണ്.

(സി) എല്ലാ സ്കൂൾ വാഹനങ്ങളുടെയും ക്ഷമത, കുട്ടികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ, സീറ്റ് ക്രമീകരണം മറ്റ് സുരക്ഷാ സംവിധാനങ്ങൾ എന്നിവ പരിശോധിച്ച് ക്ഷമത ഉറപ്പുവരുത്തിയ വാഹനങ്ങൾക്ക് മോട്ടോർ വാഹന വകുപ്പ് സ്റ്റിക്കർ പതിച്ച് നൽകിയിട്ടുണ്ട്.

## വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിക്കാൻ പദ്ധതി

269 (1773) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ തരം വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിക്കുന്ന പദ്ധതിയെക്കുറിച്ചുള്ള വിശദവിവരം നൽകാമോ;

(ബി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) പദ്ധതി നടപ്പിലാക്കുന്നതുകൊണ്ടുള്ള പ്രയോജനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) വാഹനങ്ങളിൽ ലൊക്കേഷൻ ട്രാക്കിംഗ് ഡിവൈസ് സംവിധാനം നടപ്പാക്കുന്നതിനുള്ള സുരക്ഷാ മിത്ര പദ്ധതിക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സി-ഡാക്കുമായി ചേർന്ന് മോട്ടോർ വാഹന വകുപ്പ് പൂർത്തിയാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ ഒരു മാസ്റ്റർ കൺട്രോൾ റൂമും 17 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ മിനി കൺട്രോൾ റൂമുകളും സ്ഥാപിച്ചിട്ടുണ്ട്. ഏതെങ്കിലും തരത്തിലുള്ള അത്യാഹിതങ്ങൾ, വാഹന തകരാറുകൾ, ഗതാഗത തടസ്സങ്ങൾ, അമിത വേഗത, അപകടകരമായ ഡ്രൈവിംഗ്, സ്കൂൾ കുട്ടികൾ പ്രത്യേകിച്ച് വിദ്യാർത്ഥിനികൾക്കും സ്ത്രീകൾക്കും നേരെ ഉണ്ടായേക്കാവുന്ന അതിക്രമങ്ങൾ എന്നിവ തടയുന്നതിന് അപായ സന്ദേശങ്ങൾ നൽകുന്നതിനുള്ള സംവിധാനം (Panic Button) ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സന്ദേശങ്ങൾ കൺട്രോൾ റൂമിലേയ്ക്കും എസ്.എം.എസ്. മുഖേന വാഹന ഉടമ, സ്കൂൾ അധികൃതർ, രക്ഷിതാക്കൾ, എൻഫോഴ്സ്മെന്റ് ഏജൻസികൾ എന്നിവർക്ക് ലഭിക്കുന്നതാണ്.

## അന്തർസംസ്ഥാന സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സുകൾ

270 (1774) ശ്രീ. വി. ടി. ബൽറാം:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. അനിൽ അക്കര:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോൺട്രാക്ട് ക്യാരേജ് വ്യവസ്ഥയിൽ അന്തർസംസ്ഥാന സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സുകൾ യാത്രക്കാരിൽ നിന്നും അമിത നിരക്ക് ഈടാക്കുന്നതായും അവരോട് വളരെ മോശമായി പെരുമാറുന്നതായുമുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത്തരം സർവ്വീസുകൾ നടത്തുന്നവരെ നിയന്ത്രിക്കുന്നതിനുള്ള സംവിധാനം എന്തൊക്കെയാണ്; അവ ഫലപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) ഇത്തരം സർവ്വീസ് നടത്തുന്നവരുടെ കുത്തക അവസാനിപ്പിക്കുന്നതിന് ബംഗളൂരു ഉൾപ്പെടെയുള്ള അയൽസംസ്ഥാന നഗരങ്ങളിലേക്ക് സർവ്വീസ് നടത്തുന്നതിനായി മൾട്ടി ആക്സിൽ ബസുകൾ വാടകയ്ക്ക് എടുക്കുന്നതിന് കെ.എസ്.ആർ.ടി.സി. തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) അന്തർസംസ്ഥാന സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സുകൾ യാത്രക്കാരിൽനിന്നും അമിത നിരക്ക് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം വാഹനങ്ങൾക്ക് നിലവിൽ നിരക്കുകൾ നിശ്ചയിച്ചിട്ടില്ല. ആയത് നിശ്ചയിക്കുന്നതിന് Fare Revision Commission-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിശേഷ അവസരങ്ങളിൽ സാധാരണ നിരക്കിൽ കൂടുതൽ വാങ്ങാതിരിക്കാൻ പരിശോധന നടത്താറുണ്ട്. യാത്രക്കാരോട് അപമര്യാദയായി പെരുമാറിയതുമായി ബന്ധപ്പെട്ട് മരട് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 698/2019 ആയി കേസ് രജിസ്റ്റർ ചെയ്തതായി അറിയുന്നു.

(ബി) ഇത്തരം സർവ്വീസുകൾ നിയന്ത്രിക്കുന്നതിനായി 'ഓപ്പറേഷൻ നൈറ്റ് റൈഡേഴ്സ് എന്ന പേരിൽ മോട്ടോർ വാഹന വകുപ്പ് രാത്രി പരിശോധന ആരംഭിച്ചിട്ടുണ്ട്. 6-6-2019 വരെ 7,991 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ബസ്സുകൾ വാടകയ്ക്കെടുത്ത് കൂടുതൽ അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്നതിന് കെ.എസ്.ആർ.ടി.സി. നടപടികൾ

ആരംഭിച്ചിട്ടുണ്ട്. 50 പ്രീമിയം എ.സി. മൾട്ടി ആക്സിൽ ബസ്സുകൾ കാഷ്വൽ കോൺട്രാക്ട് വ്യവസ്ഥയിൽ ലഭ്യമാക്കുന്നതിന് 30-4-2019-ൽ ദർഘാസ് ക്ഷണിച്ചിരുന്നെങ്കിലും ആരും പങ്കെടുത്തില്ല. തുടർന്ന് പുതിയ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച് ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടിക്രമം പൂർത്തീകരിച്ചുവരുന്നു.

## അന്തർസംസ്ഥാന ബസ്സുകളുടെ നികുതി കുടിശ്ശിക

271 (1775) ശ്രീ. വി. ടി. ബൽറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർസംസ്ഥാന ബസ് ഓപ്പറേറ്റർമാരിൽ നിന്നും നികുതി കുടിശ്ശിക ഇനത്തിൽ വൻതുക പിരിഞ്ഞുകിട്ടുവാനുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇതുസംബന്ധിച്ച് സർക്കാരിന് അനുകൂലമായ കോടതി വിധി ഉണ്ടായിട്ടുണ്ടോ; എങ്കിൽ കോടതി വിധി അനുകൂലമായിട്ടും കുടിശ്ശിക പിരിച്ചെടുക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) നികുതി കുടിശ്ശിക അടയ്ക്കുവാൻ ആവശ്യപ്പെട്ട് മോട്ടോർ വാഹന വകുപ്പ് ബസ് ഉടമകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ ഒരു മാസത്തിനുള്ളിൽ എത്ര തുക പിരിച്ചെടുക്കുവാൻ സാധിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്. ആകെ 39,31,93,796 രൂപയാണ് ഈ ഇനത്തിൽ നികുതി കുടിശ്ശികയായി ലഭിക്കാനുള്ളത്.

(ബി) ഉണ്ട്. വാഹന ഉടമകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 41612/2017 നമ്പർ കേസ്സിന് ഒരു ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിൽ 1-1-2018 മുതൽ 31-3-2018 വരെയുള്ള കാലയളവിലേയ്ക്ക് ആ സമയത്ത് നിലവിലുള്ള നികുതി സ്വീകരിക്കണമെന്ന് മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥരോട് നിർദ്ദേശം നൽകുകയായിരുന്നു. പിന്നീട് പെറ്റീഷണർമാരുടെ റിട്ട് അപ്പീൽ 476/2017-ന് അന്തിമവിധി 26-12-2017-ൽ കോടതി പുറപ്പെടുവിച്ചിരുന്നു. ആയതുപ്രകാരം വാഹന ഉടമകളിൽനിന്നും ബാലൻസ് ടാക്സ് ആയ തുക ഈടാക്കാൻ നിർദ്ദേശം നൽകുകയും അപ്രകാരം ഇപ്പോഴും വാഹന ഉടമകളിൽനിന്നും ചെക്ക് പോസ്റ്റുകളിലൂടെയും അതാത് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ വഴി റവന്യൂ റിക്കവറി വഴിയും കുടിശ്ശിക നികുതി പിരിച്ചെടുക്കുന്നുണ്ട്.

(സി) ഉണ്ട്. 2019 ഏപ്രിൽ മാസം വരെയുള്ള കണക്കുപ്രകാരം 5,58,05,310 രൂപയാണ് നികുതി കുടിശ്ശികയിനത്തിൽ പിരിച്ചെടുത്തിട്ടുള്ളത്.

## അന്തർസംസ്ഥാന സ്വകാര്യ ബസ് സർവ്വീസുകൾ

272 (1776) ഡോ. എം. കെ. മുനീർ
ശ്രീ. സി. മമ്മൂട്ടി
ശ്രീ. കെ. എം. ഷാജി
ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃത അന്തർസംസ്ഥാന സ്വകാര്യ ബസ് സർവ്വീസുകളെ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ;

(ബി) വിവിധ നിയമലംഘനങ്ങൾ കണ്ടുപിടിക്കപ്പെട്ടതിനെത്തുടർന്ന് ഇവരിൽ നിന്ന് പിഴ ചുമത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(സി) ഇത്തരം സർവ്വീസുകളിൽ നിന്നും 2015 മുതലുള്ള നികുതി കുടിശ്ശിക പിരിച്ചെടുക്കാനുണ്ടോ; ഇവ ഈടാക്കുന്നതിന് എന്തുനടപടി സ്വീകരിച്ചുവെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) അന്തർസംസ്ഥാന സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സുകൾ നിയന്ത്രിക്കുന്നതിനായി ഓപ്പറേഷൻ നൈറ്റ് റൈഡേഴ്സ് എന്ന പേരിൽ മോട്ടോർ വാഹന വകുപ്പ് രാത്രികാല പരിശോധന ആരംഭിച്ചിട്ടുണ്ട്.

(ബി) ഇത്തരം നിയമലംഘനങ്ങൾക്ക് 6-6-2019 വരെ 7,991 വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുകയും 2,97,61,750 രൂപ പിഴയിനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്. അന്യസംസ്ഥാനത്തുനിന്നും നികുതി കുടിശ്ശികയുള്ള വാഹനങ്ങൾക്ക് ചെക്ക് പോസ്റ്റുകളിൽകൂടി കടന്നുവരുമ്പോൾ നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നുണ്ട്. കൂടാതെ നികുതി കുടിശ്ശികയുള്ള മറ്റ് വാഹനങ്ങൾക്കെതിരെ RR നടപടികൾ സ്വീകരിക്കാനുള്ള നിർദ്ദേശം അതാത് ആർ.ടി.ഒ. മുഖാന്തരം കളക്ടർക്കാർക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

## അന്തർസംസ്ഥാന സ്വകാര്യ ബസ്സുകൾക്കെതിരെ നടപടി

273 (1777) ശ്രീ. സി. ദിവാകരൻ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. കെ. രാജൻ:
ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോൺട്രാക്ട് കാര്യേജ് അനുമതി മാത്രമുള്ള അന്തർസംസ്ഥാന സ്വകാര്യ ബസ്സുകൾ ഗതാഗത നിയമങ്ങൾ ലംഘിച്ചുകൊണ്ട് സംസ്ഥാനത്ത് സ്റ്റേജ് കാര്യേജ് സർവ്വീസ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ പിടിക്കപ്പെടുന്ന ബസ്സുകൾക്ക് ഈടാക്കുന്ന പിഴയുടെയും ഇത് സംബന്ധിച്ച് എടുക്കുന്ന കേസ്സുകളുടെയും വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) ഗതാഗത വകുപ്പിന്റെ പരിശോധനയും പിഴയീടാക്കലും നടക്കുമ്പോഴും നിയമലംഘനം നിർബാധം തുടരുന്നതുമൂലം അന്തർസംസ്ഥാന യാത്രക്കാർക്ക് കൂടുതൽ ടിക്കറ്റ് ചാർജ്ജ് നൽകേണ്ടി വരുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ എന്നറിയിക്കാമോ;

(ഡി) ഒന്നിലേറെ തവണ ഗതാഗത നിയമലംഘനത്തിന് പിടിക്കപ്പെടുന്ന ബസ്സുകൾ സർക്കാരിലേക്ക് കണ്ടുകെട്ടുന്നതിനും വേണ്ടി വന്നാൽ കെ.എസ്.ആർ.ടി.സി.-യുടെ ആവശ്യത്തിനായി ഉപയോഗിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ഇ) ബദൽ സംവിധാനം ഒരുക്കാനുള്ള കാലതാമസം പരിഹരിച്ച് നിയമം ലംഘിച്ച് ഓടുന്ന ബസ്സുകളെ നിരത്തിൽ നിന്ന് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. അത്തരം സർവ്വീസ് നടത്തുന്ന വാഹനങ്ങൾക്കെതിരെ ചെക്ക് റിപ്പോർട്ടുകൾ തയ്യാറാക്കി പിഴ അടപ്പിക്കുന്നുണ്ട്. പരിശോധനകൾ തുടരുന്നുണ്ട്.

(ബി) ഇത്തരത്തിലുള്ള നിയമലംഘനങ്ങൾക്കെതിരെ 6-6-2019 വരെ 7,991 വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുകയും 2,97,61,750 രൂപ പിഴയിനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം സർവ്വീസുകളിലെ നിരക്ക് നിശ്ചയിക്കുന്നതിന് ഫെയർ റിവിഷൻ കമ്മിറ്റിയെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

(ഡി & ഇ) ഇപ്പോൾ പരിഗണനയിലില്ല.

## അന്തർസംസ്ഥാന സർവ്വീസുകൾ

274 (1778) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സുടമകളുടെയും ജീവനക്കാരുടെയും യാത്രക്കാരുടെ മേലുള്ള ഗുണ്ടാവിളയാട്ടത്തിനുള്ള സാഹചര്യം പൊതുമേഖലയിലെ ദീർഘദൂര യാത്രാസൗകര്യക്കുറവുമൂലം ഉളവായിട്ടുള്ളതാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ;

(ബി) അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്ന ഇത്തരക്കാരെ നിയന്ത്രിക്കാൻ നിലവിലെ നിയമം പര്യാപ്തമല്ലെന്ന് കരുതുന്നുണ്ടോ;

(സി) അല്ലെങ്കിൽ നിലവിലുള്ള നിയമപ്രകാരം ഇവരെ നിയന്ത്രിക്കാൻ കഴിയാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഡി) സർക്കാർ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി കെ.എസ്.ആർ.ടി.സി. യെ മാത്രം അന്തർസംസ്ഥാന സർവ്വീസുകൾക്ക് പ്രാപ്തമാക്കാൻ എന്തുകൊണ്ട് തയ്യാറാകുന്നില്ലെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊതുമേഖലയിലെ ദീർഘദൂരയാത്രാ സൗകര്യക്കുറവല്ല സ്വകാര്യ ബസ്സുകളുടെയും ജീവനക്കാരുടെയും ഗുണ്ടാവിളയാട്ടത്തിനുള്ള കാരണം. എൽ.എ.പി.റ്റി. ലൈസൻസ് നൽകുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. മോട്ടോർ വാഹന നിയമങ്ങളും ചട്ടങ്ങളും ലംഘിച്ച് സർവ്വീസ് നടത്തുന്നവർക്കെതിരെ ശക്തമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്.

(ബി&സി) അന്തർസംസ്ഥാന സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സുകളെ നിയന്ത്രിക്കുന്നതിനായി 'ഓപ്പറേഷൻ നൈറ്റ് റൈഡേഴ്സ്' എന്ന പേരിൽ മോട്ടോർ വാഹന വകുപ്പ് രാത്രികാല പരിശോധന നടത്തിവരുന്നു. നിയമലംഘനം തുടരുന്ന വാഹനങ്ങളെ കണ്ടുകെട്ടാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ഡി) അയൽ സംസ്ഥാനങ്ങളുമായി രൂപീകരിക്കുന്ന അന്തർസംസ്ഥാന ഗതാഗത കരാർ പ്രകാരമുള്ള സർവ്വീസ് റൂട്ടുകൾ 1992 മുതൽ കെ.എസ്.ആർ.ടി.സി.-ക്കുമാത്രമായി നിജപ്പെടുത്തിയിട്ടുണ്ട്. തമിഴ്നാടുമായുള്ള അന്തർ വാഹന കരാർ 2019-ൽ രൂപീകരിച്ചിട്ടുണ്ട്.

ആദ്യഘട്ടമെന്ന നിലയിൽ കോട്ടയം - കോയമ്പത്തൂർ, കോട്ടയം - പളനി, തൃശ്ശൂർ - ഊട്ടി, എറണാകുളം - പളനി, മാനന്തവാടി - കോയമ്പത്തൂർ, സുൽത്താൻ ബത്തേരി - കോയമ്പത്തൂർ, അർത്തുങ്കൽ - വേളാങ്കണ്ണി - കോയമ്പത്തൂർ, കോഴിക്കോട് - നിലമ്പൂർ എന്നീ 8 സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള 15 പെർമിറ്റുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ കെ.എസ്.ആർ.ടി.സി. സ്വീകരിച്ചുവരുന്നു.

## അന്തർസംസ്ഥാന സ്വകാര്യ ബസ്സുകൾക്കെതിരെ സ്വീകരിച്ച നടപടി

275 (1779) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അനുമതി ഇല്ലാതെ അന്തർസംസ്ഥാന സർവ്വീസ് നടത്തുന്ന സ്വകാര്യബസ്സുകൾക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര ബസ് ഉടമകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്താമോ;

(സി) അനുമതി ഇല്ലാതെയും പെർമിറ്റ് ഇല്ലാതെയും സർവ്വീസ് നടത്തിയ വകയിൽ പിഴ ഇനത്തിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര തുക ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) അന്തർസംസ്ഥാന സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സുകൾ നിയന്ത്രിക്കുന്നതിനായി ഓപ്പറേഷൻ നൈറ്റ് റൈഡേഴ്സ് എന്ന പേരിൽ മോട്ടോർ വാഹന വകുപ്പ് രാത്രികാല പരിശോധന ആരംഭിച്ചിട്ടുണ്ട്.

(ബി) 6-6-2019 വരെ 7991 വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പിഴയിനത്തിൽ 2,97,61,750 രൂപ ഈടാക്കിയിട്ടുണ്ട്.

## വിദ്യാർത്ഥികളുടെ കൺസഷൻ

276 (1780) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളുടെ കൺസഷൻ വിതരണവുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.ടി.സി. യുടെ 18-7-2017 ലെ 67/393/2017 തീരുമാനപ്രകാരം വിദ്യാർത്ഥികളിൽ നിന്ന് അധിക പണപ്പിരിവ് നടത്തുന്നതിന് സർക്കാർ അനുമതി ആവശ്യമാണോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; എങ്കിൽ അത് ലഭ്യമാക്കാതെ പൊതുജനങ്ങളിൽ നിന്ന് കൺസഷൻ വിതരണ ഇനത്തിൽ അധിക തുക പിരിച്ചെടുത്തത് നീതിയുക്തമാണോയെന്ന് വ്യക്തമാക്കാമോ;

(ബി) മുൻസർക്കാർ സംസ്ഥാനത്തെ പ്ലസ് ടു തലം വരെയുള്ള വിദ്യാർത്ഥികൾക്ക് നൽകിയിരുന്ന യാത്രാസൗജന്യത്തിൽ ഈ സർക്കാർ മാറ്റം വരുത്തിയിട്ടില്ല എന്ന് നിയമസഭയെ അറിയിച്ചിട്ടുള്ളതിന് വിരുദ്ധമായി അനുമതിയില്ലാതെ വർദ്ധിപ്പിച്ച തുക പിരിച്ചെടുത്തതെപ്രകാരമാണ്; വ്യക്തമാക്കുമോ;

(സി) ഇതിന് വിരുദ്ധമായി തലസ്ഥാനത്തെ സിറ്റി ഡിപ്പോയിൽ 1-1-2018 മുതൽ 30-6-2018 വരെ യാത്ര കൺസഷൻ കിട്ടുന്നതിനുള്ള 34 അപേക്ഷകളിന്മേൽ നൂറ് രൂപയും ചില അവസരങ്ങളിൽ ഇതിന്റെ അഞ്ചിരട്ടിവരെയും പിരിച്ചെടുത്തത് ഗൗരവമായി കാണുന്നുണ്ടോ;

(ഡി) എങ്കിൽ ഇതേക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടെങ്കിൽ വിശദവിവരം നൽകുമോ; ഇല്ലെങ്കിൽ അന്വേഷിക്കാതിരിക്കാനുള്ള കാരണം അറിയിക്കാമോ;

(ഇ) പ്രസ്തുത 34 അപേക്ഷകളിന്മേൽ ഓരോന്നിലും എത്ര തുക വീതം പിരിച്ചെടുത്തുവെന്നും സ്വന്തം ഇഷ്ടപ്രകാരം ഇത്തരത്തിൽ സർക്കാരിനെ ധിക്കരിച്ച് പിരിവ് നടത്തിയതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥർ ആരൊക്കെയെന്നും വെളിപ്പെടുത്തുമോ;

(എഫ്) അവർക്കെതിരെ നാളിതുവരെ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നേക്ക് ഏതെല്ലാം തലത്തിൽ എന്നതിന്റെ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) സർക്കാർ ഉത്തരവിൻപ്രകാരം, വിദ്യാർത്ഥികൾക്ക് സൗജന്യ/ കുറഞ്ഞ നിരക്കിലുള്ള യാത്ര അനുവദിച്ചിട്ടുണ്ട്. ടി സംവിധാനം നടത്തുന്നതിലേയ്ക്കുള്ള ഭരണപരമായ നടപടികൾക്ക് സർക്കാർ അനുമതി ആവശ്യമാണ്.

(ബി) പ്ലസ് ടു തലംവരെയുള്ള വിദ്യാർത്ഥികൾക്ക് സർക്കാർ ഉത്തരവ് പ്രകാരം തികച്ചും സൗജന്യമായാണ് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ യാത്ര അനുവദിക്കുന്നത്. ഇതിന് വിരുദ്ധമായി യാത്രാനിരക്ക് വർദ്ധിപ്പിച്ച് ഉത്തരവ് നൽകിയിട്ടില്ല.

(സി) ഉണ്ട്.

(ഡി - എഫ്) പ്രസ്തുത 34 അപേക്ഷകളിന്മേൽ 500 രൂപ വീതം ഈടാക്കിയത് സംബന്ധിച്ച് ചീഫ് ഓഫീസ് വിജിലൻസ് വിഭാഗം അന്വേഷണം നടത്തിവരികയാണ്. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## വ്യാജ രജിസ്ട്രേഷൻ കേസ്സുകളുമായി ബന്ധപ്പെട്ട് ഈടാക്കിയ തുക

277 (1781) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വാഹനങ്ങളുടെ വ്യാജരജിസ്ട്രേഷൻ കേസ്സുകളുമായി ബന്ധപ്പെട്ട് വാഹന ഉടമകളിൽ നിന്നും എത്ര കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്; ശേഷിക്കുന്നതെത്ര തുകയാണ്; വിശദവിവരം നൽകുമോ?

ഉത്തരം

മറ്റ് സംസ്ഥാനങ്ങളിൽ വ്യാജവിലാസത്തിൽ വാഹനങ്ങൾ രജിസ്റ്റർ ചെയ്ത് കേരളത്തിൽ ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട് ടാക്സ് കുടിശ്ശിക ഇനത്തിൽ 37,28,29,748 രൂപ ഈടാക്കിയിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പ് നൽകിയ നോട്ടീസിനെതിരെ ചില വാഹന ഉടമകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചിട്ടുണ്ട്. നോട്ടീസ് പ്രകാരം വാഹനത്തിന്റെ രേഖകൾ അതാത് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ ഹാജരാക്കാത്തതിനാൽ ഇത്തരം കേസ്സുകളിൽ നികുതി കുടിശ്ശിക കൃത്യമായി കണക്കാക്കാൻ സാധിച്ചിട്ടില്ല.

## റോഡ് സുരക്ഷാ ഫണ്ട്

278 (1782) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം നൽകുമോ;

(ബി) റോഡ് സുരക്ഷാ ഫണ്ടിൽ നിന്ന് ഏതെല്ലാം പ്രവൃത്തികൾക്കാണ് തുക അനുവദിക്കുന്നതെന്നും ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

പോലീസ് വകുപ്പിന് നൽകിയ തുക

1. കരമന-കളിയിക്കാവിള റോഡിൽ ട്രാഫിക് സിഗ്നൽ സ്ഥാപിക്കുന്നതിനു വേണ്ടി 8-9-2016-ൽ 63,81,145 രൂപ.
2. പള്ളിപ്പുറം സി.ആർ.പി.എഫ്. ക്യാമ്പിൽ ട്രാഫിക് സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നതിനുവേണ്ടി 23-9-2016-ൽ 12,11,680 രൂപ.
3. പോത്തൻകോട്, വെമ്പായം, പഴകുറ്റി, നെടുമങ്ങാട് റോഡിൽ ട്രാഫിക് സിഗ്നൽ സ്ഥാപിക്കുന്നതിനുവേണ്ടി 1-3-2017-ൽ 42,77,321 രൂപ.
4. പൂജപ്പുര ജംഗ്ഷനിൽ ട്രാഫിക് സിഗ്നലുകൾ സ്ഥാപിക്കുന്നതിനും ബയോടെക്നോളജി ജംഗ്ഷനിൽ വാണിംഗ് ബ്ലിങ്കറുകൾ സ്ഥാപിക്കുന്നതിനും 13-4-2017-ൽ 13,92,087 രൂപ.
5. പാറ്റൂർ ഐ ഹോസ്പിറ്റൽ ജംഗ്ഷനിൽ Cautionary Signal System സ്ഥാപിക്കുന്നതിനായി 22-1-2019-ൽ 50,000 രൂപ.

പൊതുമരാമത്ത് വകുപ്പിന് നൽകിയ തുക

കരമന-പ്രാവച്ചമ്പലം റോഡ് അപകടവിമുക്തമാക്കുന്നതിനുവേണ്ടി 1-3-2017-ൽ 25,00,000 രൂപ.

ആരോഗ്യ വകുപ്പിന് നൽകിയ തുക

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ട്രോമാകെയർ സ്ഥാപിക്കുന്നതിനുവേണ്ടി 29-8-2017-ൽ 38,88,051 രൂപ.

ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ

വട്ടപ്പാറ, ചിറ്റാഴ അമ്പലനഗർ, പള്ളിവിള, കണക്കോട് എന്നിവിടങ്ങളിൽ റോഡ് സേഫ്റ്റി ബാരിയേഴ്സ്, ബോർഡുകൾ എന്നിവ സ്ഥാപിക്കുന്നതിനായി 15-11-2018-ൽ 32,50,000 രൂപ.

(ബി) കേരള റോഡ് സുരക്ഷ അതോറിറ്റിയുടെ അംഗീകാരത്തിനും റോഡ് സുരക്ഷ അതോറിറ്റിയിലെ ടെക്നിക്കൽ കമ്മിറ്റിയുടെ പരിശോധനയ്ക്കും വിധേയമായി താഴെ ചേർത്തിരിക്കുന്ന വിഭാഗത്തിൽപ്പെട്ട പദ്ധതികൾക്കാണ് തുക അനുവദിക്കുക.

a) റോഡ് സുരക്ഷ
b) ബോധവൽക്കരണം
c) റോഡ് സുരക്ഷാ ഉപകരണങ്ങൾ വാങ്ങൽ
d) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ശാസ്ത്രീയ പഠനങ്ങൾ
e) ട്രോമാകെയർ

## നിയമം ലംഘിച്ചുകൊണ്ട് വാഹനങ്ങൾ ഓടിക്കുന്ന ശൈലി

279 (1783) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമിതവേഗതയിലും നിയമലംഘനം നടത്തിയും വാഹനങ്ങൾ ഓടിക്കുന്ന ശൈലി വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിയമലംഘനം നടത്തി വാഹനമോടിച്ചതിന് 2019 വർഷത്തിൽ എത്ര വാഹനങ്ങൾക്കാണ് കോഴിക്കോട് ജില്ലയിൽ പിഴ ചുമത്തിയിരിക്കുന്നതെന്നറിയിക്കാമോ;

(സി) റോഡപകടം കുറയ്ക്കാനും നിരത്തുകളിലെ കുറ്റകൃത്യം തടയാനുമായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 14,666 വാഹനങ്ങൾക്കെതിരെ.

(സി) റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി എല്ലാ നിരത്തുകളിലും മോട്ടോർ വാഹന വകുപ്പ് വ്യാപക പരിശോധന നടത്തിവരുന്നു. ഈ ലക്ഷ്യം മുൻനിർത്തി കേരള സർക്കാർ "സേഫ് കേരള" എന്ന പദ്ധതി ആരംഭിച്ചു. നിലവിലുള്ള 34 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾക്കുപുറമെ 51 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾകൂടി 2019 ഫെബ്രുവരി അവസാന വാരം മുതൽ പ്രവർത്തനം ആരംഭിച്ചു. റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി ഈ സ്ക്വാഡുകൾ 24 മണിക്കൂറും നിരത്തുകളിൽ പ്രത്യേകിച്ച് അപകട സാധ്യത കൂടുതലുള്ള മേഖലകളിൽ പട്രോളിംഗ് നടത്തിവരുന്നു. രാത്രികാല പരിശോധനയ്ക്ക് പ്രത്യേക പ്രാധാന്യം നൽകുന്നുണ്ട്.

## ദേശീയപാതകളിലെ ബ്ലാക്ക് സ്പോട്ടുകൾ

280 (1784) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗതാഗത മന്ത്രാലയം നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡപ്രകാരം സംസ്ഥാനത്തെ ദേശീയ പാതകളിൽ എത്ര ബ്ലാക്ക് സ്പോട്ടുകളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) അവ എവിടെയെല്ലാമാണെന്നും ബ്ലാക്ക് സ്പോട്ടുകൾ ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര ഗതാഗത മന്ത്രാലയം നിർദ്ദേശിച്ച മാനദണ്ഡങ്ങൾക്കനുസൃതമായും പോലീസ് വകുപ്പിൽനിന്നും ശേഖരിച്ച സ്ഥിതിവിവര കണക്കുകൾ ആസ്പദമാക്കിയും നാറ്റ്പാക് കേരളത്തിലെ ദേശീയ പാതകളിൽ 159 ബ്ലാക്ക്സ്പോട്ടുകളും NHAI-യുടെ കീഴിലുള്ള റോഡുകളിൽ 14 ബ്ലാക്ക്സ്പോട്ടുകളും കണ്ടെത്തിയിട്ടുണ്ട്.

(ബി) നാറ്റ്പാക് കണ്ടെത്തിയ ബ്ലാക്ക്സ്പോട്ടുകളും NHAI കണ്ടെത്തിയ ബ്ലാക്ക് സ്പോട്ടുകളും അനുബന്ധമായി ചേർത്തിട്ടുണ്ട്.* നാറ്റ്പാക് കണ്ടെത്തിയ ബ്ലാക്ക് സ്പോട്ടുകളിൽ പൊതുമരാമത്ത് വകുപ്പ് മുൻഗണനാക്രമം നൽകിയ 18 ബ്ലാക്ക് സ്പോട്ടുകളിൽ ഹ്രസ്വകാല അപകടലഘൂകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. 14 ബ്ലാക്ക് സ്പോട്ടുകളിൽ ദീർഘകാല അപകട ലഘൂകരണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. NHAI കണ്ടെത്തിയ 14 ബ്ലാക്ക് സ്പോട്ടുകളിലും അപകട ലഘൂകരണ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്.

**പുതുതലമുറ ബൈക്കുകൾ റോഡിലുണ്ടാക്കുന്ന അപകടങ്ങൾ**

281 (1785) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതലമുറ ബൈക്കുകൾ റോഡിലുണ്ടാക്കുന്ന അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) പ്രസ്തുത വാഹനങ്ങളുടെ വിൽപ്പന സംസ്ഥാനത്ത് നിരോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ;

(സി) സാധാരണ മോട്ടോർ ബൈക്കുകൾ രൂപമാറ്റം വരുത്തി കാതടപ്പിക്കുന്ന ശബ്ദത്തിൽ റോഡിലൂടെ പായുന്നതും റൈഡിംഗിനിടയിൽ വെടിപൊട്ടുന്ന ശബ്ദം പുറപ്പെടുവിക്കുന്നതും കർശനമായി നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ ?

ഉത്തരം

(എ) മറ്റ് വാഹനങ്ങളെപ്പോലെ ബൈക്കുകളും റോഡപകടങ്ങൾക്ക് കാരണമാകുന്നതായും അപകടങ്ങളിൽ ഉൾപ്പെടുന്നതായും കണ്ടെത്തിയിട്ടുണ്ട്.

(ബി) ഇത്തരം വാഹനങ്ങൾ നിരോധിക്കുന്നത് സംസ്ഥാനത്തിന്റെ അധികാര പരിധിയിൽ വരുന്ന വിഷയമല്ല.

(സി) മോട്ടോർ ബൈക്കുകൾ രൂപമാറ്റം വരുത്തി അമിത വേഗതയിലും അമിത ശബ്ദത്തോടുകൂടിയും ഓടിക്കുന്നതിനെതിരെ മോട്ടോർ വാഹന വകുപ്പ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. എല്ലാ ആർ.ടി.ഒ./ജോയിന്റ് ആർ.ടി.ഒ.-മാർക്കും ഇക്കാര്യത്തിൽ പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്. സേഫ് കേരള പദ്ധതിയിലുള്ള 85 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധ പുലർത്തുന്നുണ്ട്. കൂടാതെ മോട്ടോർ വാഹന വകുപ്പിന്റെ കീഴിലുള്ള 11 ഇന്റർസെപ്റ്ററുകൾ ഇത്തരം കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിന് ഉപയോഗിച്ചുവരുന്നു.

## ബസ്സുകളിൽ ഡ്രൈവർ നിയന്ത്രിത വാതിലുകൾ സ്ഥാപിക്കൽ

282 (1786) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ബസ്സുകൾ ഉൾപ്പെടെയുള്ള പൊതുഗതാഗത വാഹനങ്ങൾക്ക് ഡ്രൈവർ നിയന്ത്രിക്കുന്ന വാതിലുകൾ സ്ഥാപിക്കണമെന്ന നിർദ്ദേശം പാലിക്കപ്പെടുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിർദ്ദേശം പാലിക്കാത്തതിന്റെ ഫലമായി കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ ബസ്സിന്റെ വാതിലിലൂടെ വീണ് എത്ര പേർ മരണപ്പെട്ടുവെന്നും എത്രപേർക്ക് പരിക്കുപറ്റി എന്നും വെളിപ്പെടുത്തുമോ;

(സി) ഇത്തരത്തിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് ധനസഹായമായി ഗതാഗതവകുപ്പ് എത്ര തുക നൽകിയെന്നും പരിക്കുപറ്റിയവർക്ക് എന്തൊക്കെ സഹായം നൽകിയെന്നും വ്യക്തമാക്കുമോ;

(ഡി) സ്വകാര്യ ബസ്സുകളുടെ മുന്നിലും പിന്നിലുമുള്ള പ്രവേശനകവാടങ്ങൾക്ക് വാതിൽപ്പാളിയും ഡോർചെക്കറും നിർബന്ധമാക്കി ചട്ടം ഭേദഗതി വരുത്തണമെന്ന് ഹൈക്കോടതി ഉത്തരവിട്ടിട്ടുണ്ടോ; എങ്കിൽ എന്നാണ് ഉത്തരവിറക്കിയതെന്ന് അറിയിക്കാമോ ;

(ഇ) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗതാഗതവകുപ്പ് എന്തൊക്കെ നടപടികൾ നാളിതുവരെ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) നിലവിൽ നിർമ്മിക്കപ്പെടുന്ന ബസ്സുകളെല്ലാംതന്നെ ബസ് ബോഡ് കോഡ് AIS:052 നിലവാരം പുലർത്തണമെന്ന് നിഷ്കർഷിക്കപ്പെട്ടിട്ടുള്ളതാണ്. ഇത്തരം ബസ്സുകളിൽ ഡ്രൈവർ നിയന്ത്രിക്കുന്ന വാതിലുകൾ മാത്രമേ പാടുള്ളൂവെന്ന് നിർദ്ദേശിക്കപ്പെട്ടിട്ടില്ല. ആയതിനാൽ, ഡ്രൈവർ നിയന്ത്രിത വാതിലോ സാധാരണ വാതിലോ ബസ്സുകളിൽ ഉപയോഗിക്കാവുന്നതാണ്.

(ബി) തരം തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

(സി) ഗതാഗത വകുപ്പ് ഇത്തരത്തിൽ ധനസഹായമൊന്നും നൽകിയിട്ടില്ല.

(ഡി) W.A. No. 2325/2018 അപ്പീലിന്മേൽ 3-12-2018-ലെ വിധി പ്രസ്താവത്തിലാണ് സംസ്ഥാനത്തെ ബസ്സുകൾക്ക് ഡോർ നിർബന്ധമാക്കണമെന്ന വിഷയത്തിൽ ഉത്തരവ് പുറപ്പെടുവിക്കാൻ സർക്കാരിനോട് നിർദ്ദേശിച്ചിട്ടുള്ളത്. ഇതിൽ, സാധാരണ ഡോറാണെങ്കിൽ ഒരു ജീവനക്കാരനേയുംകൂടി നിയമിക്കണമെന്ന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്.

(ഇ) സംസ്ഥാനത്തെ എല്ലാ ബസ്സുകൾക്കും ഡോർ നിർബന്ധമാക്കുന്ന വിഷയത്തിൽ ഒരു വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**റോഡപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടി**

283 (1787) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി എല്ലാ നിരത്തുകളിലും മോട്ടോർ വാഹന വകുപ്പ് വ്യാപക പരിശോധന നടത്തിവരുന്നു. ഈ ലക്ഷ്യം മുൻനിർത്തി കേരള സർക്കാർ 'സേഫ് കേരള' എന്ന പദ്ധതി ആവിഷ്കരിച്ചു. നിലവിലുള്ള 34 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾക്കുപുറമെ 51 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾകൂടി 2019 ഫെബ്രുവരി അവസാന വാരം മുതൽ പ്രവർത്തനം ആരംഭിച്ചു. റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി ഈ സ്ക്വാഡുകൾ 24 മണിക്കൂറും നിരത്തുകളിൽ പ്രത്യേകിച്ച്, അപകട സാധ്യത കൂടുതലുള്ള മേഖലകളിൽ പട്രോളിംഗ് നടത്തിവരുന്നു. രാത്രികാല പരിശോധനയ്ക്ക് പ്രത്യേക പ്രാധാന്യം നൽകുന്നുണ്ട്.

വാഹന അപകടം കുറയ്ക്കുന്നതിന് റോഡ് സുരക്ഷാ അതോറിറ്റി സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

(1) ബ്ലാക്ക് സ്പോട്ട് പരിഹാര നടപടികൾ

കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി നാറ്റ്പാക് കണ്ടെത്തിയ ബ്ലാക്ക് സ്പോട്ടുകളിൽ കേരള റോഡ് സുരക്ഷാ അതോറിറ്റി, പോലീസ്-പൊതുമരാമത്ത്-മോട്ടോർ വാഹന വകുപ്പുകളുടെയും സഹായത്തോടെ

പരിശോധന നടത്തി പരിഹാരങ്ങൾ നിർദ്ദേശിക്കുകയും തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(2) മാതൃകാ സുരക്ഷാവീഥി

ലോക ബാങ്കിന്റെ സഹായത്തോടെ നിർമ്മിച്ച് അടൂർ -കഴക്കൂട്ടം മാതൃകാ സുരക്ഷാവീഥി ചലഞ്ച് ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്തെ മറ്റ് പാതകളിലേയ്ക്കും വ്യാപിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

(3) ബോധവൽക്കരണ പരിപാടികൾ

റോഡ് സുരക്ഷാ വാരാചരണം, എഫ്.എം. റേഡിയോകളിലൂടെയുള്ള റോഡ് സുരക്ഷാ സന്ദേശങ്ങളുടെ പ്രചരണം, റോഡ് സുരക്ഷാ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന കലാപരിപാടികളുടെ പ്രദർശനം, ഡ്രൈവർമാർക്കും ഡ്രൈവിംഗ് സ്കൂളുകൾക്കും നൽകുന്ന പരിശീലന/ബോധവൽക്കരണ ക്ലാസ്സുകൾ, സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്ക് നൽകുന്ന അവബോധന ക്ലാസ്സുകൾ, അച്ചടി-ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയുള്ള പ്രചാരണ പരിപാടികൾ തുടങ്ങിയ റോഡ് സുരക്ഷാ അവബോധം സൃഷ്ടിക്കുന്ന പരിപാടികൾ നടത്തിവരുന്നു.

(4) റോഡ് സുരക്ഷാ വാരാചരണം

റോഡപടകങ്ങൾ കുറയ്ക്കുന്നതിനും ട്രാഫിക് നിയമലംഘനങ്ങൾ തടയുന്നതിനും ഉതകുന്ന കർശന വാഹന പരിശോധന, ബോധവൽക്കരണ പരിപാടികൾ, ഡ്രൈവർമാർക്കുള്ള അവബോധ/പരിശീലന പരിപാടികൾ, കാഴ്ച കുറയ്ക്കുന്ന തരത്തിലുള്ള റോഡിനരികിലെ വൃക്ഷശിഖരങ്ങൾ, സുഗമമായ യാത്രയ്ക്ക് വിഘാതം നിൽക്കുന്ന സംഗതികൾ എന്നിവ നീക്കം ചെയ്യൽ തുടങ്ങിയ പരിപാടികൾ വർഷംതോറും നടത്തിവരുന്നു. ഈ വർഷത്തെ വാരാചരണം ഫെബ്രുവരി 4 മുതൽ 10 വരെയായിരുന്നു.

(5) സ്കൂളുകളിൽ റോഡ് സുരക്ഷാ അവബോധ പരിപാടി

കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും സ്കൂളുകളിൽ റോഡ് സുരക്ഷാ അവബോധം വളർത്തിയെടുക്കുന്നതിനും റോഡ് സുരക്ഷാവാരം കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ സംഘടിപ്പിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ തീരുമാനിച്ചിട്ടുണ്ട്. 2019 ജൂൺ 10 മുതൽ 14 വരെ നടത്തുന്ന വാരാചരണത്തിൽ സ്കൂൾ വാഹനങ്ങളുടെ സുരക്ഷ, സ്കൂൾ വാഹനങ്ങളുടെ സുരക്ഷിത യാത്ര ഉറപ്പാക്കൽ എന്നിവയ്ക്കാണ് മുൻഗണന നൽകിയിട്ടുള്ളത്. അദ്ധ്യാപകർ, പി.ടി.എ., സ്കൂൾ ജീവനക്കാർ, ഡ്രൈവർമാർ, വിദ്യാർത്ഥികൾ

എന്നിവർക്ക് റോഡ് സുരക്ഷാ ക്ലാസ്സ് നൽകുന്നതിനും സ്കൂൾ അസംബ്ലിയിൽ റോഡ് സുരക്ഷാ സന്ദേശങ്ങൾ വായിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്.

(6) ശബരിമല സേഫ് സോൺ

ഉത്സവകാലത്ത് ശബരിമല അപകട വിമുക്തമാക്കുന്നതിനായി മോട്ടോർ വാഹന വകുപ്പുമായി സഹകരിച്ചുനടപ്പിലാക്കുന്ന പദ്ധതിയാണിത്.

റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി ട്രാഫിക് പോലീസ്, ലോക്കൽ പോലീസ് എന്നിവർ വാഹന പരിശോധന നടത്തി ട്രാഫിക് നിയമ ലംഘനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നതും പ്രധാന റോഡുകൾ കേന്ദ്രീകരിച്ച് ഹൈവേ പട്രോളിംഗ് ശക്തമാക്കുകയും റോഡപകടങ്ങൾ തടയുന്നതിനായി റഡാർ, ഇന്റർസെപ്റ്റർ എന്നിവ ഉപയോഗിച്ച് പരിശോധന നടത്തിയും ഊർജ്ജിതമാക്കിവരുന്നു. മദ്യപിച്ച് വാഹനം ഓടിക്കുന്നവർക്കെതിരെയും അമിത വേഗത്തിലും അപകടകരമായും ലൈസൻസ് ഇല്ലാതെയും ഹെൽമറ്റ് ഉപയോഗിക്കാതെയും സീറ്റ് ബെൽറ്റ് ധരിക്കാതെയും വാഹനം ഓടിക്കുന്നവർക്കെതിരെയും കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുജനങ്ങൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ നൽകുന്നതിനുപുറമേ നിയമലംഘകർക്കായി ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നുണ്ട്. അപകടങ്ങൾ ഒഴിവാക്കാനായി പ്രധാന ജംഗ്ഷനുകളിൽ ട്രാഫിക് സിഗ്നലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ അപകട സാധ്യത കൂടിയ സ്ഥലങ്ങളിൽ പോലീസിന്റെ സാന്നിദ്ധ്യം ഉറപ്പുവരുത്തണമെന്ന് ജില്ലാ പോലീസ് മേധാവികളോട് നിർദ്ദേശിച്ചിട്ടുണ്ട്. ട്രാഫിക് പോലീസ് സ്റ്റേഷനുകളെ ആക്സിഡന്റ് കേസുകളുടെ അന്വേഷണത്തിൽനിന്നും ഒഴിവാക്കി ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റ് ആക്കിയതോടെ ഗതാഗത നിയന്ത്രണത്തിലും നിരീക്ഷണത്തിലും കൂടുതൽ മനുഷ്യ വിഭവശേഷി വിനിയോഗിക്കുന്നുണ്ട്.

റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിന് പോലീസ് വകുപ്പ് താഴെപ്പറയുന്ന നൂതന പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

- ഇന്റഗ്രേറ്റഡ് ഡിജിറ്റൽ ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം ഇൻ കേരള

അപകട സാധ്യതയുള്ള മേഖലകളിൽ എ.എൻ.പി.ആർ. ക്യാമറകൾ, റെഡ്ലൈറ്റ് ക്യാമറകൾ, ഹെൽമറ്റ് ഡിറ്റക്ഷൻ ക്യാമറകൾ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകൾ, മൊബൈൽ സ്പീഡി ലിമിറ്റ് വയലേഷൻ സിസ്റ്റം തുടങ്ങിയവ സ്ഥാപിച്ച് അമിത വേഗത, റെഡ്ലൈറ്റ് ജംപിംഗ്, സീറ്റ് ബെൽറ്റ്

വയലേഷൻ, ട്രിപ്പിൾ റൈഡിംഗ്, അനധികൃതമായ പാർക്കിംഗ്, ഹെൽമറ്റ് റൂൾ വയലേഷൻ, മൊബൈൽ ഫോൺ ഉപയോഗിച്ചുകൊണ്ട് വാഹനം ഓടിക്കുക തുടങ്ങിയ നിയമലംഘനങ്ങൾ ഓട്ടോമാറ്റിക്കായി കണ്ടെത്തുകയും ഇവയെ ബന്ധിപ്പിച്ചുള്ള കൺട്രോൾ റൂമിൽനിന്നും ചെല്ലാനുകൾ വിതരണം ചെയ്യുകയും എല്ലാവിധ പണമിടപാടും ഡിജിറ്റലായിതന്നെ നിർവ്വഹിക്കാനും കഴിയുന്ന നൂതന പദ്ധതിയാണിത്. 180 കോടിയോളം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഈ പദ്ധതിയുടെ സേവന ദാതാവിനെ തെരഞ്ഞെടുക്കുന്നതിനായി പോലീസ് ഡിപ്പാർട്ടുമെന്റ് ആഗോള ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

- ടെക്നോളജി ബേയ്സ്ഡ് ബാങ്കിംഗ് സൊല്യൂഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡിജിറ്റൽ ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം.

കയ്യിൽ കൊണ്ടുനടക്കാവുന്ന ഡിജിറ്റൽ ഉപകരണം മുഖേന ഇ-ചലാൻ പ്രിന്റ് ചെയ്ത് നിയമലംഘനം നടത്തുന്നവർക്ക് നൽകുന്ന നടപടിയാണ് പ്രധാനമായും ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. ട്രാഫിക് ഫൈൻ ശേഖരത്തിന് കൂടുതൽ കാര്യക്ഷമത കൈവരുത്തുക, ഈ പദ്ധതിയിലൂടെ പോലീസ് ഉദ്യോഗസ്ഥർക്ക് കൂടുതൽ വേഗത്തിലും കാര്യക്ഷമതയോടെയും ജോലി നോക്കാൻ കഴിയുക, നിയമലംഘകരുടെ വിശദവിവരമുള്ള ഒരു ഡാറ്റാ ബേസ് ലഭ്യമാകുക, പൊതുജനങ്ങൾക്ക് വിവിധ നൂതന സാങ്കേതിക മാർഗ്ഗങ്ങളിലൂടെ പണം അടയ്ക്കാൻ സാധിക്കുക, ഡിജിറ്റൽ മാർഗ്ഗങ്ങളിലൂടെ തന്നെ റീ കൺസിലിയേഷൻ, അക്കൗണ്ടിംഗ് തുടങ്ങിയവ നടത്താൻ സാധിക്കുക എന്നിവയാണ് ടി പദ്ധതിയുടെ സവിശേഷതകൾ.

ഈ പദ്ധതി നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ പോലീസ് ഡിപ്പാർട്ടുമെന്റ് സ്വീകരിച്ചുവരികയാണ്.

- ട്രാഫിക് ട്രെയിനിംഗ് ആന്റ് റിസർച്ച് സെന്റർ

ട്രാഫിക് ട്രെയിനിംഗ്, ട്രാഫിക് ഉപകരണങ്ങളുമായി ബന്ധപ്പെട്ട ഗവേഷണം എന്നിവയ്ക്കായി കേരള പോലീസ് അക്കാദമിയിൽ ട്രാഫിക് ട്രെയിനിംഗ് ആന്റ് റിസർച്ച് സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പോലീസ് വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

- ബ്ലൂസ് ബസ്

മദ്യം, ഡ്രഗ്സ് എന്നിവ ഉപയോഗിച്ച് വാഹനം ഓടിക്കുന്നത് കണ്ടെത്തുന്നതിനായി ബ്ലൂസ് ബസ് സംവിധാനം നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ പോലീസ് ഡിപ്പാർട്ടുമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

- ട്രാഫിക് എൻഫോഴ്സ്മെന്റ് വാഹനങ്ങൾ

ഈ പദ്ധതിയിലൂടെ ട്രാഫിക് എൻഫോഴ്സ്മെന്റ് കൂടുതൽ കാര്യക്ഷമമാക്കുക എന്നതാണ് വിഭാവനം ചെയ്യുന്നത്. ആയതിലേയ്ക്കായി റിക്കവറി വാഹനങ്ങൾ, ട്രാഫിക് എൻഫോഴ്സ്മെന്റ് വാഹനങ്ങൾ, ഹൈടെക് ട്രാഫിക് എൻഫോഴ്സ്മെന്റ് വാഹനങ്ങൾ എന്നിവ വാങ്ങുന്നതിന് പോലീസ് വകുപ്പ് നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്.

<u>ശുഭയാത്ര</u>

എൻഫോഴ്സ്മെന്റ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും കേരളത്തിലെ റോഡുകളിൽ വാഹനാപകടങ്ങൾ പരമാവധി കുറച്ച് മെച്ചപ്പെട്ട സുരക്ഷ ഉറപ്പാക്കുന്നതിനും അപകടകരമായ ഡ്രൈവിംഗ് നിയന്ത്രിക്കുന്നതിനുമാണ് സംസ്ഥാന സർക്കാരും കേരള പോലീസുമായി ചേർന്ന് ശുഭയാത്ര എന്ന നൂതന പദ്ധതിക്ക് രൂപം നൽകിയത്. ഈ പദ്ധതിയിൽ വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങളും എൻഫോഴ്സ്മെന്റ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടിയുള്ള വിവിധ പ്രവർത്തനങ്ങളുമാണ് വിഭാവനം ചെയ്തിട്ടുള്ളത്. ആധുനിക സാങ്കേതികവിദ്യ പരമാവധി ഉപയോഗിച്ച് ട്രാഫിക് നിയമലംഘനങ്ങൾ പരമാവധി കുറയ്ക്കുകയും പിഴ ഈടാക്കുന്നത് കാര്യക്ഷമമാക്കുകയും ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങളിലൊന്നാണ്. ഈ പദ്ധതിയുടെ ഭാഗമായി ലഭ്യമായ ഫണ്ട് വിനിയോഗിച്ച് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

- കേരളത്തിലെ റോഡപകടങ്ങളിൽപ്പെടുന്നവർക്ക് അതിവേഗം വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിന് സോഫ്റ്റ് (SOFT - Save Our Fellow Travellers) എന്നറിയപ്പെടുന്ന സന്നദ്ധ സേവകരുടെ ഗ്രൂപ്പ്/കൂട്ടായ്മ പോലീസ് ഡിപ്പാർട്ടുമെന്റ് രൂപവൽക്കരിക്കുന്നുണ്ട്. റോഡപകടത്തിന് വിധേയമാകുന്ന വ്യക്തികൾക്ക് എത്രയുംവേഗം പ്രാഥമശുശ്രൂഷ നൽകുകയും അടുത്തുള്ള ആശുപത്രിയിൽ എത്തിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുകയും ചെയ്യുക എന്നതാണ് സോഫ്റ്റ് എന്ന കൂട്ടായ്മയിലൂടെ വിഭാവനം ചെയ്യുന്നത്. പ്രാഥമിക ഘട്ടമെന്ന നിലയിൽ സോഫ്റ്റ് പദ്ധതി പ്രകാരം തിരുവനന്തപുരം സിറ്റി, റൂറൽ ജില്ലകളിലെ 26 പോലീസ് സർക്കിളിൽനിന്നും 50 പേരെ വീതം തെരഞ്ഞെടുക്കുകയും 1200 പേർക്ക് ട്രോമാകെയർ ഉൾപ്പെടെയുള്ള വിദഗ്ദ്ധ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. റോഡപകടവേളയിൽ ത്വരിത നടപടി സ്വീകരിക്കുന്നതിന് പരിശീലനം ലഭിച്ച ഒരുകൂട്ടം സന്നദ്ധ സേവകരുടെ സാന്നിദ്ധ്യം ലഭ്യമാക്കാൻ ഈ പദ്ധതിയിലൂടെ കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ പരിപൂർണ്ണ വിജയം കണക്കിലെടുത്ത് രണ്ടാംഘട്ടമെന്ന നിലയിൽ 11 പോലീസ് ജില്ലകളിൽകൂടി സോഫ്റ്റ് പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള ഒരു നിർദ്ദേശം പോലീസ് വകുപ്പ് റോഡ് സേഫ്റ്റി അതോറിറ്റിക്ക് സമർപ്പിക്കുകയും അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

- ഈ പദ്ധതിയുടെ ഭാഗമായി ശ്രീ. മോഹൻലാലിനെ ബ്രാൻഡ് അംബാസിഡറായി തെരഞ്ഞെടുക്കുകയും നിരവധി ബോധവൽക്കരണ ബോർഡുകൾ കേരളത്തിലുടനീളം സ്ഥാപിച്ചിട്ടുമുണ്ട്.

- ട്രാഫിക് ബോധവൽക്കരണത്തിനായി ശുഭയാത്ര പദ്ധതിയുടെ ഗുഡ്‌വിൽ അംബാസഡർ ശ്രീ. മോഹൻലാലിനെ ഉൾപ്പെടുത്തി "Subhayathra Exhibition with Goodwill Ambassador on the Theme of Traffic Safety" എന്ന ഒരു എക്സിബിഷൻ പ്രോഗ്രാമിന് തുടക്കം കുറിച്ചിട്ടുണ്ട്. ഈ ബോധവൽക്കരണ എക്സിബിഷൻ കേരളത്തിലെ വിവിധ ജില്ലകളിൽ നടത്തിക്കൊണ്ടിരിക്കുന്നു.

- ഈ പദ്ധതിയുടെ ഭാഗമായി ശ്രീ. മോഹൻലാലിനെ ഉൾപ്പെടുത്തി ശുഭയാത്ര എന്ന പേരിൽതന്നെ ഒരു ഹ്രസ്വചിത്രം റിലീസ് ചെയ്തിട്ടുണ്ട്. ആയത് കേരളത്തിലെ വിവിധ തിയേറ്ററുകളിലും മറ്റ് ട്രാഫിക് ബോധവൽക്കരണ ക്ലാസ്സുകളിലും പ്രദർശിപ്പിച്ചുവരുന്നു.

- ട്രാഫിക് ബോധവൽക്കരണത്തിനായി പട്ടം സെന്റ് മേരീസ് സ്കൂളിൽ ഒരു ട്രാഫിക് സ്മാർട്ട് ക്ലാസ് റൂം നിർമ്മിച്ചിട്ടുണ്ട്. കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലും ഇത്തരത്തിലുള്ള ട്രാഫിക് സ്മാർട്ട് ക്ലാസ് റൂം സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

- കുട്ടികളുടെ ട്രാഫിക് ബോധവൽക്കരണത്തിനായി ശുഭയാത്ര ട്രാഫിക് ബുക്ക് എന്ന ആക്ടിവിറ്റി ബുക്ക് നിർമ്മിച്ചിട്ടുണ്ട്. പ്രാഥമിക ഘട്ടംമെന്ന നിലയിൽ 100000 ബുക്കുകൾ കേരളത്തിലെ സ്കൂളുകളിൽ വിതരണത്തിനായി 19 പോലീസ് ഡിസ്ട്രിക്ടുകളിൽ ഏൽപ്പിക്കുകയും വിതരണം ചെയ്യുകയും ചെയ്തു.

- ട്രാഫിക് മേഖലയിൽ മികച്ച സേവനം അനുഷ്ഠിക്കുന്ന പോലീസുകാർക്കായി "DGP's Badge for Excellence in Traffic" എന്ന ഒരു അവാർഡ് നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

- സുരക്ഷിത യാത്രയുടെ ബോധവൽക്കരണത്തിനായി ശുഭയാത്ര എന്ന പേരിൽ ഒരു ട്രാഫിക് ബോധവൽക്കരണ വീഡിയോ ഗെയിം നിർമ്മിച്ചിട്ടുണ്ട്.

- കുട്ടികളുടെ ട്രാഫിക് ബോധവൽക്കരണത്തിനായി ട്രാഫിക് പാർക്കുകൾ സ്ഥാപിച്ചു കൊണ്ടിരിക്കുന്നു.

## കെ.എസ്.ആർ.ടി.സി.-യുടെ കടബാദ്ധ്യത

284 (1788) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കെ.എസ്.ആർ.ടി.സി യുടെ കടബാദ്ധ്യത എത്ര കോടി രൂപ ആയിരുന്നു;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വായ്പ ഇനത്തിലും മറ്റിനത്തിലുമായി കെ.എസ്.ആർ.ടി.സി.-ക്ക് എത്ര കോടി രൂപ നൽകിയിട്ടുണ്ട് എന്നറിയിക്കാമോ;

(സി) ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കാൻ കെ.എസ്.ആർ.ടി.സി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) ബാങ്കുകളുടെ കൺസോർഷ്യത്തിൽ നിന്നും കെ.എസ്.ആർ.ടി.സി-ക്ക് വായ്പ ലഭിച്ചിരുന്നോ; വിശദാംശം ലഭ്യമാക്കുമോ;

(ഇ) കൺസോർഷ്യത്തിൽ നിന്നും ലഭിച്ച തുക ഉപയോഗിച്ച് കെ.എസ്.ആർ.ടി.സി എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയതെന്നും ഓരോ പ്രവൃത്തിക്കും ചെലവഴിച്ച തുക എത്രയെന്നും വിശദമാക്കാമോ;

(എഫ്) ഡ്യൂട്ടി പാറ്റേൺ പരിഷ്കരിച്ചതുമൂലമുണ്ടായ പ്രായോഗിക ബുദ്ധിമുട്ടുകളും ബസ് സർവീസുകൾ കുറഞ്ഞതുമൂലം പൊതുജനങ്ങൾക്കുണ്ടായ യാത്രാക്ലേശവും പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 31-3-2016-ലെ കണക്ക് പ്രകാരം സർക്കാർ വായ്പ ഉൾപ്പെടെ 2933.12 കോടി രൂപയായിരുന്നു കെ.എസ്.ആർ.ടി.സി.-യുടെ കടബാദ്ധ്യത.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി.-ക്ക് നൽകിയ ധനസഹായം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു:

| വർഷം | പ്ലാൻ ശീർഷകം മുഖേനയുള്ള പദ്ധതി വിഹിതം (തുക കോടി രൂപയിൽ) | പ്ലാൻ, നോൺ പ്ലാൻ ശീർഷകങ്ങൾ മുഖേനയുള്ള വായ്പാ വിഹിതം (തുക കോടി രൂപയിൽ) |
|---|---|---|
| 2016-17 | 40.61 | 305.00 |
| 2017-18 | 0 | 835.00 |
| 2018-19 | 5.60 | 1056.34 |
| 2019-20 (ഇതുവരെ) | 0 | 183.2997 |

2017-18 സാമ്പത്തിക വർഷം പദ്ധതി വിഹിതമായി കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ചതിൽ 9.60 കോടി രൂപ സാമ്പത്തിക വർഷാവസാനം സർക്കാർ തിരിച്ചെടുത്തിരുന്നു. ഇതിൽ 5.60 കോടി രൂപ 2018-19 സാമ്പത്തിക വർഷം കെ.എസ്.ആർ.ടി.സി.-ക്ക് തിരികെ അനുവദിച്ചിട്ടുണ്ട്.

(സി) കെ.എസ്.ആർ.ടി.സി. ലാഭകരമാക്കാനുള്ള നടപടിയുടെ ഭാഗമായി സർവ്വീസ് നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനോടൊപ്പം ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് വളരെ പ്രാധാന്യം നൽകി കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിലുള്ള സ്ഥലങ്ങൾ വ്യാവസായിക വാണിജ്യാടിസ്ഥാനത്തിൽ വാണിജ്യസമുച്ചയങ്ങൾ പണിയുകയും ലേലം/ടെണ്ടർ നടപടികളിലൂടെ നൽകിയും, കൊറിയർ & പാഴ്സൽ സർവ്വീസ്, ബാങ്ക് എ.ടി.എം., കോഫി വെൻഡിംഗ് മെഷീൻ എന്നിവ നടപ്പിലാക്കിയും കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ ബസ്സുകളിലും ബസ് സ്റ്റേഷനുകളിലും പരസ്യം പ്രദർശിപ്പിക്കുന്നതിന് കരാർ നൽകിയും അധികവരുമാനം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിൽ നിർമ്മിച്ച നെയ്യാറ്റിൻകര, നെടുമങ്ങാട്, കാട്ടാക്കട, കൊട്ടാരക്കര, പയ്യന്നൂർ, കണ്ണൂർ, കാസർഗോഡ് എന്നീ വാണിജ്യ സമുച്ചയങ്ങളിൽ ഒഴിവുള്ള കടമുറികൾക്ക് പരമാവധി ലൈസൻസികളെ കണ്ടെത്തി ഷോപ്പുകൾ തുറന്നുപ്രവർത്തിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി.-ക്ക് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി യൂണിറ്റുകളിൽ പ്രവർത്തിച്ചുവരുന്ന സ്റ്റാളുകൾ എൽ.ആർ. സ്റ്റാൾ, ക്യാന്റീൻ, ലൈസൻസ് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ ലൈസൻസ് കാലാവധി 3 വർഷമായി നിജപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ 3 വർഷം പൂർത്തീകരിച്ച ലൈസൻസുകൾ റദ്ദുചെയ്ത് പുനർലേലം നടത്തുകയും സ്റ്റാളുകൾ തുടർന്ന് പ്രവർത്തിപ്പിക്കാൻ ആഗ്രഹിക്കുന്നവർ നിലവിൽ

നൽകിക്കൊണ്ടിരിക്കുന്ന ലൈസൻസ് ഫീയിൽ 100 ശതമാനം വർദ്ധനവ് വരുത്തി പുതുക്കി നൽകിയ വഴിയിലും പ്രതിമാസ ലൈസൻസ് ഫീയിൽ വർദ്ധനവ് വരുത്താൻ കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിൽ പരസ്യ പ്രദർശനത്തിന് ജില്ലാ അടിസ്ഥാനത്തിൽ ലൈസൻസികളെ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിലും കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിൽ മൊബൈൽ ടവർ, ഡിജിറ്റൽ വീഡിയോ വോൾ എന്നിവ സ്ഥാപിച്ച് പരസ്യം പ്രദർശിപ്പിക്കുന്നതിലും വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

മുൻ വർഷങ്ങളിൽനിന്നും വ്യത്യസ്തമായി നിബന്ധനകളിൽ കാതലായ മാറ്റം വരുത്തിയതുവഴി കെ.എസ്.ആർ.ടി.സി. ബസ്സുകൾ പരസ്യത്തിനു നൽകുന്നതുവഴി പ്രതിവർഷം 8.38 കോടി രൂപയിൽനിന്നും 21 കോടി രൂപയിലേയ്ക്കും കെ.യു.ആർ.ടി.സി. ബസ്സുകളിൽ 1.30 കോടി രൂപയിൽനിന്നും 5.33 കോടി രൂപയിലേയ്ക്കും വരുമാനം ഉയർത്താൻ കഴിഞ്ഞു. അത്തരത്തിൽ 5 വർഷത്തേയ്ക്ക് 59 കോടി രൂപയിൽനിന്നും 161 കോടി രൂപയിലേയ്ക്ക് ഗണ്യമായ വർദ്ധനവാണ് കെ.എസ്.ആർ.ടി.സി.-ക്ക് ലഭിച്ചത്. കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ കൊറിയർ, പാഴ്സൽ സർവ്വീസ് നടത്തുന്നതിലൂടെ പ്രതിമാസം 13,15,000 രൂപ ലഭിക്കുന്നു. ഇത് പോയ വർഷത്തെ വരുമാനത്തിനേക്കാൾ ആറ് മടങ്ങ് വർദ്ധനവ് വരുത്തിയിട്ടുണ്ട്.

പലിശരഹിത നിക്ഷേപം സമാഹരിച്ച് വാണിജ്യ സാദ്ധ്യതയുള്ള തെരഞ്ഞെടുത്ത ബസ് സ്റ്റേഷനുകളിൽ ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുന്നുണ്ട്. നിലവിൽ കൊട്ടാരക്കര, കാട്ടാക്കട, നെയ്യാറ്റിൻകര, പയ്യന്നൂർ, കാസർഗോഡ്, നെടുമങ്ങാട് എന്നീ ബസ് സ്റ്റേഷനുകളിൽ ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ തൊടുപുഴ, മൂവാറ്റുപുഴ, പത്തനംതിട്ട, നിലമ്പൂർ, മലപ്പുറം, ഹരിപ്പാട് എന്നീ ബസ് സ്റ്റേഷനുകളിലും ബസ് ടെർമിനൽ-കം -ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കൂടാതെ തമ്പാനൂർ, കോഴിക്കോട്, അങ്കമാലി, തിരുവല്ല എന്നീ സ്ഥലങ്ങളിൽ BOT അടിസ്ഥാനത്തിൽ കെ.ടി.ഡി.എഫ്.സി. ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചിട്ടുണ്ട്.

(ഡി&ഇ) സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി കൂടിയ പലിശനിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി. എടുത്തിട്ടുണ്ടായിരുന്ന വായ്പകൾ പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യത്തിലേയ്ക്ക് മാറ്റിക്കഴിഞ്ഞു. ഇതുപ്രകാരം കെ.എസ്.ആർ.ടി.സി.-ക്ക് ദീർഘകാല വായ്പയായി 9.2 ശതമാനം പലിശ ഇനത്തിലും 20 വർഷത്തെ

തിരിച്ചടവ് കാലാവധിയിലും 3100 കോടി രൂപ പൊതുമേഖലാ ബാങ്കുകൾ അനുവദിക്കുകയും പ്രസ്തുത തുക ഉപയോഗിച്ച് കെ.എസ്.ആർ.ടി.സി. മുൻകാലഘട്ടത്തിൽ 18 ധനകാര്യ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള വായ്പകൾ പൂർണ്ണമായി തിരിച്ചടച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി വായ്പാ തിരിച്ചടവിനത്തിൽ പ്രതിമാസം ഗണ്യമായ തുക മിച്ചമായി ലാഭിക്കാൻ കഴിഞ്ഞു.

(എഫ്) കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന കെ.എസ്.ആർ.ടി.സി.-യിലെ സമഗ്ര പുനരുദ്ധാരണത്തിന്റെ ഭാഗമായി ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാർക്ക് ഓടുന്ന കിലോമീറ്ററിന് അധിഷ്ഠിതമായി നൽകി വന്നിരുന്ന ഡ്യൂട്ടി സമയം ഓടിക്കുന്ന സമയത്തിന്റെ അടിസ്ഥാനത്തിൽ ഏകീകരിച്ചാണ് ഡ്യൂട്ടി പരിഷ്കരണ നടപടികൾ നടപ്പിലാക്കിയിട്ടുള്ളത്. കെ.എസ്.ആർ.ടി.സി.-യിലെ മാനവ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തി കൂടുതൽ സർവ്വീസുകൾ കാര്യക്ഷമമായി നടത്തുന്നതിനാണ് ഇതിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. ഇത്തരം പ്രവർത്തനങ്ങളിലൂടെ യാത്രക്കാർക്ക് സർവ്വീസുകൾ കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കെ.എസ്.ആർ.ടി.സി. സർവ്വീസ് വിപുലീകരിക്കുന്നതിന്റെ ഭാഗമായി കൂടുതൽ ചെയിൻ സർവ്വീസുകൾ സമയനിഷ്ഠ പാലിച്ചുകൊണ്ട് കൃത്യമായ ഇടവേളകളിൽ നടത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ തമിഴ്നാടുമായുള്ള പുതിയ അന്തർസംസ്ഥാന കരാർ പ്രകാരമുള്ള സർവ്വീസുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-യുടെ സഞ്ചിതനഷ്ടം

285 (1789) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ നിലവിലുള്ള സഞ്ചിതനഷ്ടം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സിയുടെ വരവുചെലവുകൾ സന്തുലിതമാക്കു ന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) 31-3-2015-ലെ Audited Books of Accounts പ്രകാരം 5041.08 കോടി രൂപയും 31-3-2016 ഫൈനലൈസ് ചെയ്തത് പ്രകാരം 6362.01 കോടി രൂപയുമാണ് കെ.എസ്.ആർ.ടി.സി.-യുടെ സഞ്ചിതനഷ്ടം. 04/2017 മുതലുള്ള ധനകാര്യ വർഷത്തെ കണക്കുകൾ ക്രോഡീകരിച്ചുവരുന്നു.

(ബി) ലാഭ-നഷ്ടമില്ലാതെ പൊതുസേവനം നൽകുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി കെ.എസ്.ആർ.ടി.സി.-ക്ക് സർക്കാർ ഒരു പുനരുദ്ധാരണ പാക്കേജ് പ്രഖ്യാപിക്കുകയുണ്ടായി. സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി, കൂടിയ പലിശനിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി. എടുത്തിട്ടുണ്ടായിരുന്ന വായ്പകൾ പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യത്തിലേയ്ക്ക് മാറ്റിക്കഴിഞ്ഞു. ഇതുപ്രകാരം കെ.എസ്.ആർ.ടി.സി.-ക്ക് ദീർഘകാല വായ്പയായി 9.2 ശതമാനം പലിശ നിരക്കിൽ, 20 വർഷത്തെ തിരിച്ചടവ് കാലാവധിയിൽ 3100 കോടി രൂപ പൊതുമേഖലാ ബാങ്കുകൾ അനുവദിക്കുകയും പ്രസ്തുത തുകകൊണ്ട് നിലവിലുണ്ടായിരുന്ന വായ്പാ കടങ്ങൾ അടച്ചുതീർക്കുകയും ചെയ്തു. ഇതിന്റെ ഫലമായി വായ്പാ തിരിച്ചടവിനത്തിൽ പ്രതിമാസം ഗണ്യമായ തുക ലാഭിക്കാൻ കഴിഞ്ഞു. കൂടാതെ കെ.എസ്.ആർ.ടി.സി.-യെ പുനഃസംഘടിപ്പിക്കുന്നതിനും പുനരുദ്ധരിച്ച് ലാഭത്തിലെത്തിക്കുന്നതിനുമായി കൊൽക്കത്ത ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിലെ പ്രൊഫസറായിരുന്ന ശ്രീ. സുശീൽ ഖന്നയെ വിശദപഠനം നടത്താൻ കൺസൾട്ടന്റായി സർക്കാർ ചുമതലപ്പെടുത്തുകയും അദ്ദേഹം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉന്നത മാനേജ്മെന്റ് തലത്തിൽ പ്രൊഫഷണലുകളായ ഉദ്യോഗസ്ഥരെ നിയമിച്ചുവരുന്നു. ഡ്യൂട്ടി പാറ്റേൺ അടക്കമുള്ള പരിഷ്കാരങ്ങൾ സർവ്വീസ് ഓപ്പറേഷൻ മേഖലയിൽ നടത്തിക്കൊണ്ട് വരുന്ന വർദ്ധനവിന് പദ്ധതി ഉണ്ടാക്കിവരുന്നു. പെൻഷൻ നൽകുന്നതിന് സഹകരണ മേഖലയുമായി സഹകരിച്ച് സർക്കാർ ഒരു പ്രത്യേക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തികസ്ഥിതി**

286 (1790) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടമെടുക്കാതെ സ്വന്തംവരുമാനം ഉപയോഗിച്ച് ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് കെ.എസ്.ആർ.ടി.സി.ക്ക് സാധിക്കുന്നുണ്ടോ; എങ്കിൽ 2019-ൽ ഏതൊക്കെ മാസങ്ങളിലാണ് അപ്രകാരം ശമ്പളം നൽകിയത് എന്നറിയിക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി.ക്ക് ഇപ്രകാരമുള്ള സാമ്പത്തിക സ്ഥിതി ഉണ്ടായത് ഏത് സാഹചര്യത്തിലാണ് എന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാന സർക്കാർ കെ.എസ്.ആർ.ടി.സി.ക്ക് ഈ വർഷം എന്തെങ്കിലും ധനസഹായം അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) നിലവിൽ സർക്കാർ പ്രതിമാസം വായ്പയായി നൽകുന്ന തുകയും കെ.എസ്.ആർ.ടി.സി.-യുടെ സ്വന്തം വരുമാനവും ഉപയോഗിച്ചാണ് ജീവനക്കാർക്ക് ശമ്പളം നൽകുന്നത്. സ്വന്തം വരുമാനത്തിൽനിന്നും മാത്രം ശമ്പളം നൽകുന്നതിന് സാധിക്കുന്നില്ല. എന്നാൽ 2019 ജനുവരി മാസം ശബരിമല സർവ്വീസുകളിൽനിന്നും ലഭിച്ച വരുമാനവും ഉൾപ്പെടുത്തി ജീവനക്കാർക്ക് ശമ്പളം നൽകാൻ സാധിച്ചിട്ടുണ്ട്.

(ബി) മുൻകാലങ്ങളിൽ കെ.എസ്.ആർ.ടി.സി.-യിൽ ശമ്പളവും പെൻഷനും വിതരണം ചെയ്യുന്നതിനായി കെ.എസ്.ആർ.ടി.സി.-യുടെ ഡിപ്പോകളും വസ്തുക്കളും പണയപ്പെടുത്തി വായ്പകളെടുത്തിരുന്നു. ഇത്തരത്തിൽ കെ.എസ്.ആർ.ടി.സി.-യുടെ ഒട്ടുമിക്ക വസ്തുവകകളും പണയത്തിലായി. മാത്രമല്ല, ടി വായ്പകളുടെ പ്രതിമാസ പലിശ അടവ് കെ.എസ്.ആർ.ടി.സി.-ക്ക് ഭാരിച്ച ബാദ്ധ്യതയാകുകയും തുടർന്ന് വരവും ചെലവും തമ്മിലുള്ള അന്തരം വർദ്ധിക്കുകയും കെ.എസ്.ആർ.ടി.സി. സാമ്പത്തിക പ്രതിസന്ധിയിലകപ്പെടുകയും ചെയ്തു.

(സി) പ്ലാൻ, നോൺ-പ്ലാൻ ശീർഷകങ്ങളിലായി വായ്പ ഇനത്തിൽ ഈ സാമ്പത്തിക വർഷം ഇതുവരെ 183.2997 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി. ഉന്നത ഉദ്യോഗസ്ഥരുടെ വിദേശയാത്രകൾ**

287 (1791) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ പ്രതിമാസ നഷ്ടം എത്ര കോടി രൂപയാണ്; വിശദാംശം നൽകുമോ;

(ബി) കെ.എസ്.ആർ.ടി.സി.-യിൽ സി.എം.ഡി.യെ സഹായിക്കുവാനായി ഉന്നത ഉദ്യോഗസ്ഥരെ പ്രത്യേക തസ്തികയിൽ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവരുടെ ചുമതലകൾ വിശദമാക്കാമോ;

(സി) കെ.എസ്.ആർ.ടി.സി.-യിലെ ഉന്നത ഉദ്യോഗസ്ഥർ നിരന്തരം വിദേശപര്യടനം നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ഇത്തരം യാത്രകൾക്കായി ഈ സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി. ചെലവാക്കിയ തുകയുടെ വിശദാംശം നൽകുമോ;

(ഇ) ഇത്തരം വിദേശപര്യടനങ്ങളിലൂടെ കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാം; വിശദാംശം നൽകുമോ?

## ഉത്തരം

(എ) നിലവിൽ കെ.എസ്.ആർ.ടി.സി.-യുടെ പ്രതിമാസ വരവും ചെലവും തമ്മിലുള്ള അന്തരം 42 കോടി രൂപയാണ്.

(ബി) കെ.എസ്.ആർ.ടി.സി.-യിൽ വരുമാന വർദ്ധനവ് ഉറപ്പാക്കുക, പ്രവർത്തന ചെലവ് കുറയ്ക്കുക, സർവ്വീസുകൾ ജനോപകാരപ്രദമാക്കി മാറ്റുക, നൂതന പദ്ധതികൾ ആവിഷ്കരിക്കുക, കമ്പ്യൂട്ടർവൽക്കരണം കാലാനുസൃതമായി പരിഷ്കരിക്കുക, സ്റ്റോർ പർച്ചേസ്, ഇൻവെന്ററി മാനേജ്മെന്റ്, ഫിനാൻഷ്യൽ മാനേജ്മെന്റ് എന്നിവയിൽ കാര്യക്ഷമത ഉറപ്പുവരുത്തുക തുടങ്ങിയ കാര്യങ്ങളിൽ സത്വര നടപടികൾ സ്വീകരിക്കുന്നതിനായി മാനേജിംഗ് ഡയറക്ടറെ സഹായിക്കുന്നതിനുവേണ്ടി ശ്രീ. ആർ. ചന്ദ്രബാബു, മെക്കാനിക്കൽ എഞ്ചിനീയറെ സ്പെഷ്യൽ ഓഫീസറായി മാനേജിംഗ് ഡയറക്ടർ നിയമിച്ചിട്ടുണ്ട്. ടി സ്പെഷ്യൽ ഓഫീസർ തസ്തിക എക്സിക്യൂട്ടീവ് അസിസ്റ്റന്റ് ടു എം.ഡി. എന്ന് പിന്നീട് പുനർനാമകരണം ചെയ്തിട്ടുണ്ട്. ടിയാന്റെ ചുമതലകൾ ഉൾപ്പെടുത്തി മാനേജിംഗ് ഡയറക്ടർ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടർമാരായ ശ്രീ. എം. ജി. രാജമാണിക്യം ഐ.എ.എസ്., ശ്രീ. ടോമിൻ ജെ. തച്ചങ്കരി ഐ.പി.എസ്., ശ്രീ. എം. പി. ദിനേശ് (റിട്ടയേർഡ് ഐ.പി.എസ്.) എന്നിവർ ഒഴികെയുള്ള ഉന്നത ഉദ്യോഗസ്ഥർ ആരും വിദേശ പര്യടനം നടത്തിയിട്ടില്ല.

ശ്രീ. എം. ജി. രാജമാണിക്യം ഐ.എ.എസ്., International Association of Public Transport (UITP) സംഘടിപ്പിച്ച 'Global Public Transport Summit'-ൽ പങ്കെടുക്കുന്നതിനായി 2017 മേയ് 15 മുതൽ 17 വരെ മോൺട്രിയൽ, കാനഡയിൽ വിദേശപര്യടനം നടത്തിയിട്ടുണ്ട്. ടി യാത്രയുടെ എക്കണോമി ക്ലാസ്സിലുള്ള വിമാനയാത്രാക്കൂലി, താമസസൗകര്യം, ലോക്കൽ ട്രാൻസ്പോർട്ട് എന്നിവ അസോസിയേഷൻ ഓഫ് സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗ്സ് (ASRTU) ആണ് വഹിച്ചിട്ടുള്ളത്. എന്നാൽ തിരുവനന്തപുരം മുതൽ ഡൽഹി വരെയും തിരിച്ചുമുള്ള വിമാനയാത്രയും Extra luggage, കേരള ഹൗസ്, ന്യൂഡൽഹിയിലെ താമസസൗകര്യവും കെ.എസ്.ആർ.ടി.സി.-യാണ് വഹിച്ചത്. പ്രസ്തുത ആവശ്യങ്ങൾക്കായി 46,743 രൂപ ചെലവായിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശ്രീ. ടോമിൻ ജെ. തച്ചങ്കരി ഐ.പി.എസ്., ASRTU സംഘടിപ്പിച്ച 'Modern development in the field of Public Transport System' എന്ന വിഷയത്തിൽ പഠനം നടത്തുന്നതിനായി 12-5-2018 മുതൽ 20-5-2018 വരെ ഇസ്രയേൽ, പോളണ്ട് എന്നീ രാജ്യങ്ങളിൽ വിദേശ പര്യടനം നടത്തിയിട്ടുണ്ട്. പ്രസ്തുത സന്ദർശനത്തിന് ഡി.എ. ആയി 32,048 രൂപ കോർപ്പറേഷന് ചെലവായിട്ടുണ്ട്.

ശ്രീ. എം. പി. ദിനേശ്, 1-6-2019 മുതൽ 9-6-2019 വരെ ഗതാഗത വകുപ്പുമന്ത്രിയോടൊപ്പം ബ്രിട്ടണിൽ വിദേശ പര്യടനം നടത്തിയിരുന്നു. ബ്രിട്ടീഷ് ഡെപ്യൂട്ടി ഹൈക്കമ്മീഷണർ, ചെന്നൈയുടെ ക്ഷണപ്രകാരം നടത്തിയ പ്രസ്തുത വിദേശ പര്യടനം 'to learn various transport initiatives' എന്ന വിഷയത്തിൽ പഠനം നടത്തുന്നതിനുവേണ്ടിയുള്ളതാണ്.

(ഡി) വിദേശ പര്യടനത്തിനായി കെ.എസ്.ആർ.ടി.സി.-യിലെ ഉന്നത ഉദ്യോഗസ്ഥർ ചെലവാക്കിയ ആകെ തുക (2016-2019) 79,151 രൂപയാണ്. ശ്രീ. എം. ജി. രാജമാണിക്യം ഐ.എ.എസ്., International Association of Public Transport (UITP) സംഘടിപ്പിച്ച 'Global Public Transport Summit'-ൽ പങ്കെടുക്കുന്നതിനായി 2017 മേയ് 15 മുതൽ 17 വരെ മൊൺട്രിയൽ, കാനഡയിൽ വിദേശപര്യടനം നടത്തിയ യാത്രയുടെ എക്കണോമി ക്ലാസ്സിലുള്ള വിമാനയാത്രാക്കൂലി, താമസസൗകര്യം, ലോക്കൽ ട്രാൻസ്പോർട്ട് എന്നിവ അസോസിയേഷൻ ഓഫ് സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗ്സ് (ASRTU) ആണ് വഹിച്ചിട്ടുള്ളത്. എന്നാൽ തിരുവനന്തപുരം മുതൽ ഡൽഹി വരെയും തിരിച്ചുമുള്ള വിമാനയാത്രയും Extra luggage, കേരള ഹൗസ്, ന്യൂഡൽഹിയിലെ താമസസൗകര്യവും കെ.എസ്.ആർ.ടി.സി.-യാണ് വഹിച്ചത്. പ്രസ്തുത ആവശ്യങ്ങൾക്കായി 46,743 രൂപ ചെലവായിട്ടുണ്ട്.

ശ്രീ. ടോമിൻ ജെ. തച്ചങ്കരി ഐ.പി.എസ്., ASRTU സംഘടിപ്പിച്ച 'Modern development in the field of Public Transport System' എന്ന വിഷയത്തിൽ പഠനം നടത്തുന്നതിനായി 12-5-2018 മുതൽ 20-5-2018 വരെ ഇസ്രയേൽ, പോളണ്ട് എന്നീ രാജ്യങ്ങളിൽ വിദേശ പര്യടനം നടത്തിയിട്ടുണ്ട്. പ്രസ്തുത സന്ദർശനത്തിന് ഡി.എ. ആയി 32,048 രൂപ കോർപ്പറേഷന് ചെലവായിട്ടുണ്ട്.

(ഇ) കെ.എസ്.ആർ.ടി.സി. മാനേജിംഗ് ഡയറക്ടർമാർ നടത്തിയ വിദേശ പര്യടനങ്ങളിലൂടെ ഗതാഗത മേഖലയിൽ പുതിയതായി രൂപപ്പെട്ടിട്ടുള്ള സംവിധാനങ്ങളെക്കുറിച്ചുള്ള അവബോധം കെ.എസ്.ആർ.ടി.സി. മാനേജ്മെന്റിനുണ്ടായിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി. സൂപ്പർ ഫാസ്റ്റ് ബസ് സർവ്വീസുകൾ

288 (1792) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ സൂപ്പർഫാസ്റ്റ് ബസ് സർവ്വീസുകൾ പുനഃക്രമീകരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ബി) ഫാസ്റ്റ് പാസ്സഞ്ചർ ബസ്സുകൾ രണ്ടു ജില്ലയിൽ കൂടുതൽ ദൂരത്തിൽ ഓടിക്കണ്ട എന്ന് തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കെ.എസ്.ആർ.ടി.സി.-യിൽ കണ്ടക്ടർ ഇല്ലാത്ത ബസ് സർവ്വീസുകൾ ആരംഭിക്കാൻ ആലോചനയുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) കൃത്യമായ സമയക്രമവും ഇടവേളയും നിശ്ചയിച്ച് യാത്രക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട യാത്രാസൗകര്യം ഒരുക്കുന്നതിനാണ് തിരുവനന്തപുരം മുതൽ തൃശ്ശൂർ വരെയുള്ള ദേശസാൽകൃത റൂട്ടിൽ കെ.എസ്.ആർ.ടി.സി. സൂപ്പർ ഫാസ്റ്റ് ചെയിൻ സർവ്വീസ് 6-5-2019 മുതൽ ആരംഭിച്ചിട്ടുള്ളത്. ഇതിനായി കെ.എസ്.ആർ.ടി.സി.-യുടെ 257 സൂപ്പർ ഫാസ്റ്റ് സർവ്വീസുകളുടെ ട്രിപ്പുകളുടെ സമയക്രമം പുനഃക്രമീകരിച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാർക്ക് കൂടുതൽ പ്രയോജനകരമാകുന്ന രീതിയിലാണ് ടി സർവ്വീസുകൾ പുനഃക്രമീകരിച്ചിട്ടുള്ളത്. എന്നാൽ ഹ്രസ്വദൂര യാത്രക്കാർ കൂടുതലായി ആശ്രയിക്കുന്ന നിലവിലുള്ള ഫാസ്റ്റ് പാസ്സഞ്ചർ, ഓർഡിനറി എന്നീ സർവ്വീസുകളുടെ സമയക്രമം പുനഃക്രമീകരിച്ചിട്ടില്ലാത്തതാണ്. ടി ക്രമീകരണത്തിലൂടെ ഹ്രസ്വദൂര യാത്രക്കാർക്ക് യാത്രാ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി & സി) അത്തരത്തിൽ തീരുമാനം കൈക്കൊണ്ടിട്ടില്ല.

## കെ.എസ്.ആർ.ടി.സി. സ്വകാര്യവൽക്കരണം

289 (1793) ശ്രീ. പി. കെ. അബ്ദു റബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനത്തിന്റെ യാത്രാ ഉപാധിയായ കെ.എസ്.ആർ.ടി.സി. ഇക്കഴിഞ്ഞ രണ്ട് വർഷത്തോളമായി ആയിരത്തോളം ബസ്സുകൾ ഓടിക്കാതെയും ഷെഡ്യൂളുകൾ വെട്ടിക്കുറച്ചും കണ്ടക്ടർമാരെയും ഡ്രൈവർമാരെയും പിരിച്ചുവിട്ടതുമൂലം സർവ്വീസ് നടത്താതെയും ബുദ്ധിമുട്ട് വരുത്തിവച്ചുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി. യെ ക്രമേണ ഇല്ലാതാക്കുന്ന വിധത്തിൽ സ്വകാര്യവ്യക്തികൾക്കോ, സ്ഥാപനങ്ങൾക്കോ സ്വന്തം ജീവനക്കാരുടെയോ അല്ലാത്തതോ ആയ സൊസൈറ്റികൾക്കോ കൈമാറുന്നതിന് ആലോചനയുള്ളതായ റിപ്പോർട്ടുകൾ വസ്തുതാപരമാണോ എന്നറിയിക്കുമോ;

(സി) എങ്കിൽ ഈ നീക്കം ഉപേക്ഷിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ആർ.ടി.സി.-യിൽ, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, സമഗ്ര പുനരുദ്ധാരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമല്ലാതിരുന്ന ചില സർവ്വീസുകളും ട്രിപ്പുകളും സൗകര്യപ്രദമായ രീതിയിൽ പുനഃക്രമീകരിച്ചിട്ടുണ്ട്. ജീവനക്കാരുടെ മാനവവിഭവശേഷി പൂർണ്ണമായും വിനിയോഗിക്കുന്നതിനായി ഡ്യൂട്ടി പരിഷ്കരണ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. പൊതുജനങ്ങളുടെ യാത്രാ സൗകര്യവും കൂടുതൽ മെച്ചപ്പെട്ട സേവനങ്ങളും ഉറപ്പുവരുത്തിയാണ് പുനഃക്രമീകരണനടപടികൾ സ്വീകരിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിന്റെ വെളിച്ചത്തിൽ താൽക്കാലിക ജീവനക്കാരെ പിരിച്ചുവിട്ട ദിവസങ്ങളിൽ സർവ്വീസുകൾ റദ്ദുചെയ്യേണ്ടിവന്നിരുന്നെങ്കിലും ജീവനക്കാരുടെ സ്ഥലംമാറ്റം ഉൾപ്പെടെയുള്ള സത്വര നടപടികൾ സ്വീകരിച്ചതിനാൽ സർവ്വീസുകൾ മുടങ്ങി യാത്രക്കാർക്ക് ഉണ്ടായ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി&സി) അത്തരത്തിൽ ആലോചനകളോ തീരുമാനങ്ങളോ കൈക്കൊണ്ടിട്ടില്ല.

**കെ.എസ്.ആർ.ടി.സി.-ക്ക് കുറഞ്ഞ നിരക്കിൽ ഇന്ധനം**

290 (1794) <u>ശ്രീ. സി. മമ്മൂട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൻ നഷ്ടത്തിൽ പൊതുഗതാഗത സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി.ക്ക് സൗജന്യ നികുതി നിരക്കിലോ അല്ലെങ്കിൽ ഏറ്റവും കുറഞ്ഞ നിരക്കിലോ ഡീസൽ ലഭ്യമാക്കണമെന്ന ആവശ്യം പരിഗണിച്ചിട്ടുണ്ടോ;

(ബി) കെ.എസ്.ആർ.ടി.സി. വാങ്ങുന്ന ഹൈസ്പീഡ് ഡീസലിനുള്ള നികുതിയിൽ ഈ സാമ്പത്തിക വർഷമെങ്കിലും ഇളവ് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) കെ.എസ്.ആർ.ടി.സി.-ക്ക് ഇന്ധനം നൽകുന്ന ഓയിൽ കമ്പനികൾ ഏതൊക്കെയെന്ന് വെളിപ്പെടുത്താമോ;

(ഡി) കെ.എസ്.ആർ.ടി.സി.-ക്ക് ഇന്ധനം വിതരണം നടത്തുന്ന കമ്പനി മാർക്കറ്റ് വിലയിൽ നിന്നും ചെറിയ തോതിൽ വില കുറച്ച് നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ഉണ്ട്. പ്രസ്തുത ആവശ്യം പരിഗണിച്ച്, 2019-20 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ നിർദ്ദേശങ്ങൾ സമർപ്പിക്കുമ്പോൾ കെ.എസ്.ആർ.ടി.സി. വാങ്ങുന്ന ഹൈസ്പീഡ് ഡീസൽ ഓയിലിന്റെ നികുതി കുറവ് ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി സമർപ്പിക്കാൻ കെ.എസ്.ആർ.ടി.സി.-ക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ കെ.എസ്.ആർ.ടി.സി. ഇപ്രകാരം നിർദ്ദേശം സമർപ്പിക്കാതിരുന്ന സാഹചര്യത്തിൽ ഇക്കാര്യം പരിഗണിക്കാൻ കഴിഞ്ഞിട്ടില്ല.

(സി) ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ്, ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്, ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് എന്നീ പൊതുമേഖലാ എണ്ണ കമ്പനികളിൽനിന്നാണ് കെ.എസ്.ആർ.ടി.സി.-ക്ക് ഇന്ധനം നൽകുന്നത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. M/s. ഭാരത് പെട്രോളിയം കോർപ്പറേഷൻ കർണ്ണാടക RTC-ക്ക് ഇന്ധനം വിതരണം ചെയ്യുന്ന കുറഞ്ഞ വിലയിൽ കെ.എസ്.ആർ.ടി.സി.-ക്കും വിതരണം ചെയ്യുന്നതിനുവേണ്ടി M/s. ഇന്ത്യൻ ഓയിൽ കോർപ്പറേഷനുമായി ചർച്ച നടത്തുകയും അതനുസരിച്ച് കിലോ ലിറ്ററിന് 1,700/- രൂപ വിലക്കുറവിലും 45 ദിവസത്തെ ഇന്ധനം ക്രെഡിറ്റിലും നൽകുന്നതിന് കോർപ്പറേഷനുമായി ഏകദേശം ധാരണയിൽ എത്തുകയും ചെയ്തിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി.-യുടെ കീഴിൽ കോൺട്രാക്ട് ക്യാരേജുകൾ**

291 (1795) ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ കീഴിൽ കോൺട്രാക്ട് ക്യാരേജുകൾ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) കോൺട്രാക്ട് ക്യാരേജുകൾക്ക് നിരക്ക് നിശ്ചയിക്കുവാനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കോൺട്രാക്ട് ക്യാരേജ് ബസ്സുകൾ ആരംഭിക്കുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ബി) കോൺട്രാക്ട് ക്യാരേജുകൾക്ക് നിരക്ക് നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട റിട്ടയേർഡ് ജസ്റ്റിസ് രാമചന്ദ്രൻ ചെയർമാനായിട്ടുള്ള ഫെയർ റിവിഷൻ കമ്മിറ്റിയെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളതും തുടർനടപടികൾ സ്വീകരിച്ച് വരുന്നതുമാണ്.

**കെ.എസ്.ആർ.ടി.സി.-യുടെ കടബാദ്ധ്യത**

292 (1796) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ കടബാദ്ധ്യത എത്ര കോടി രൂപയാണെന്ന് അറിയിക്കുമോ;

(ബി) പ്രതിവർഷ കടബാദ്ധ്യതയിൽ എത്ര കോടി രൂപയുടെ ശരാശരി വർദ്ധനവാണ് ഉണ്ടാകുന്നത്;

(സി) വിവിധ സ്ഥാപനങ്ങൾക്ക് കെ.എസ്.ആർ.ടി.സി. പലിശയിനത്തിൽ മാത്രം പ്രതിവർഷം നൽകുന്ന ശരാശരി തുക എത്രയെന്ന് സ്ഥാപനം തിരിച്ച് അറിയിക്കുമോ;

(ഡി) പ്രതിദിനം എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്;

(ഇ) നിലവിൽ കട്ടപ്പുറത്തുള്ള കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ എണ്ണമെത്രയാണ്; ഒരു ബസ്സിന് എത്ര ജീവനക്കാർ എന്നതാണ് സംസ്ഥാനത്തെ അനുപാതം; ആയതിന്റെ ദേശീയ അനുപാതം എത്രയാണ്;

(എഫ്) അന്തർസംസ്ഥാന സർവ്വീസുകളുടെ കാര്യത്തിൽ കെ.എസ്.ആർ.ടി.സി. കാട്ടുന്ന അലംഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ അടിയന്തര നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാർ വായ്പയ്ക്കുപുറമേ 03/2019-ൽ 3067.54 കോടി രൂപയുടെ കടം കൺസോർഷ്യം വായ്പയുമായി ബന്ധപ്പെട്ട് നിലവിലുണ്ട്. കൂടാതെ എൻ.ഡി.ആർ. ജീവനക്കാരുടെ ശമ്പളം, സപ്ലിമെന്ററി, മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് എന്നീ ഇനങ്ങളിലായി 38.39 കോടി രൂപയും, എൻ.പി.എസ്., പ്രോവിഡന്റ് ഫണ്ട്, ഡീസൽ, സപ്ലൈയേഴ്സ്, ടാക്സ് എന്നീ ഇനങ്ങളിലായി 280.11 കോടി രൂപയും കുടിശ്ശികയായുണ്ട്. സർക്കാർ വായ്പക്കുപുറമേ മൊത്തം കടം 3386.04 കോടി രൂപയാണ്.

(ബി) 31-3-2018-ന് 3100 കോടി രൂപ കൺസോർഷ്യം വായ്പ എടുത്തതിനുശേഷം, സർക്കാർ ധനസഹായമല്ലാതെ കടമെടുത്ത വകയിൽ വർദ്ധനവുണ്ടായിട്ടില്ല.

(സി) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ലക്ഷ്മി വിലാസ് ബാങ്ക്, കാനറ ബാങ്ക്, ആന്ധ്ര ബാങ്ക്, യൂണിയൻ ബാങ്ക്, വിജയ ബാങ്ക്, കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾക്ക് പലിശയിനത്തിൽ പ്രതിവർഷം ശരാശരി 280 കോടി രൂപ കൺസോർഷ്യം വായ്പയുമായി ബന്ധപ്പെട്ട് നൽകിവരുന്നു. കൺസോർഷ്യം വായ്പ ഇനത്തിൽ ബാങ്കുകൾക്ക് നൽകേണ്ട പലിശയുടെ വിവരം ഇനംതിരിച്ച് ചുവടെ ചേർക്കുന്നു:

| ബാങ്കുകളുടെ പേര് | പലിശ ഇനത്തിൽ നൽകുന്ന തുക (തുക കോടി രൂപയിൽ) |
|---|---|
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ | 91.00 |
| കാനറ ബാങ്ക് | 45.00 |
| വിജയ ബാങ്ക് | 45.00 |
| ലക്ഷ്മി വിലാസ് ബാങ്ക് | 14.00 |
| കെ.റ്റി.ഡി.എഫ്.സി. | 13.00 |
| ആന്ധ്ര ബാങ്ക് | 45.00 |
| യൂണിയൻ ബാങ്ക് | 27.00 |
| ആകെ | 280.00 |

(ഡി) 6-6-2019-ലെ കണക്കനുസരിച്ച് 4915 ബസ്സുകൾ സർവ്വീസ് നടത്തിവരുന്നു.

(ഇ) 5-6-2019-ലെ കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി.-യുടെ 668 ബസ്സുകളും കെ.യു.ആർ.ടി.സി.-യുടെ 196 ബസ്സുകളുമാണ് കട്ടപ്പുറത്തുള്ളത്.

കെ.എസ്.ആർ.ടി.സി.-യിലെ ബസ്-സ്റ്റാഫ് അനുപാതം 8:7 എന്ന നിലയിലായിരുന്നത് ദേശീയ ശരാശരിയേക്കാൾ മെച്ചപ്പെടുത്തി 5 എന്ന ലക്ഷ്യത്തിലെത്തിക്കുന്നതിനുള്ള നടപടികളാണ് നിലവിൽ കൈക്കൊണ്ടുവരുന്നത്. ബസ്-സ്റ്റാഫ് ദേശീയ അനുപാതം 5:5 ആണ്.

(എഫ്) അയൽ സംസ്ഥാനങ്ങളുമായി രൂപീകരിക്കുന്ന അന്തർ സംസ്ഥാന ഗതാഗത കരാർ വ്യവസ്ഥകൾ പ്രകാരമാണ് കെ.എസ്.ആർ.ടി.സി. അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തിവരുന്നത്. തമിഴ്നാടുമായുള്ള അന്തർസംസ്ഥാന ഗതാഗത നടപടികൾ പൂർത്തിയാക്കിയിട്ടുള്ളതും ആയതുപ്രകാരം 2019 ഏപ്രിൽ മുതൽ കോയമ്പത്തൂർ, സേലം വഴി ബാംഗ്ലൂരിലേയ്ക്ക് കൂടുതൽ സർവ്വീസുകൾ ആരംഭിച്ചിട്ടുള്ളതുമാകുന്നു. ആദ്യഘട്ടമായി കോട്ടയം-കോയമ്പത്തൂർ, കോട്ടയം-പളനി, തൃശ്ശൂർ-ഊട്ടി, എറണാകുളം-പളനി മാനന്തവാടി-കോയമ്പത്തൂർ, സുൽത്താൻബത്തേരി-കോയമ്പത്തൂർ, അർത്തുങ്കൽ-വേളാങ്കണ്ണി-കോയമ്പത്തൂർ, കോഴിക്കോട്-നിലമ്പൂർ-ഗൂഡല്ലൂർ എന്നീ സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കൂടുതൽ ബസ്സുകൾ ലഭ്യമാക്കി ടി കരാർ പ്രകാരമുള്ള അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികളും ഇതിനോടകംതന്നെ ആരംഭിച്ചിട്ടുണ്ട്.

## ഡീസൽ ഇന്ധനമായി ഉപയോഗിക്കാത്ത കെ.എസ്.ആർ.ടി.സി. ബസ്സുകൾ

293 (1797) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡീസൽ ഇന്ധനമായി ഉപയോഗിക്കാതെ എത്ര കെ.എസ്.ആർ.ടി .സി ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്; വിശദവിവരം നൽകുമോ;

(ബി) സംസ്ഥാനത്തൊട്ടാകെ ഈ പദ്ധതി വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇത്തരം ബസ്സുകൾ ഉപയോഗിക്കുന്നത് ലാഭകരമാണോ; ഇതുമൂലം എന്തെല്ലാം നേട്ടങ്ങളാണ് കൈവരിക്കുവാൻ സാധിക്കുക; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) ഒരു സി.എൻ.ജി. ബസ്സും 10 ഇലക്ട്രിക് ബസ്സും ഉൾപ്പെടെ ആകെ 11 ബസ്സുകൾ ഡീസൽ ഇന്ധനമായി ഉപയോഗിക്കാതെ സർവ്വീസ് നടത്തുന്നുണ്ട്. ഇവയിൽ 5 ഇലക്ട്രിക് ബസ്സുകൾ വീതം തിരുവനന്തപുരം സിറ്റി, എറണാകുളം എന്നീ ഡിപ്പോകൾക്കും ഒരു സി.എൻ.ജി. ബസ് ആലുവ ഡിപ്പോയ്ക്കും അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) അന്തരീക്ഷ മലിനീകരണം വളരെയധികം രൂക്ഷമായ നിലവിലെ സാഹചര്യത്തിൽ ബദൽ മാർഗ്ഗമെന്ന രീതിയിൽ പരിസ്ഥിതിക്കിണങ്ങുന്ന രീതിയിൽ തുടക്കം കുറിച്ച സർവ്വീസുകളാണ് സി.എൻ.ജി.-ഇലക്ട്രിക് ബസ്സുകൾ. ആയത് ശബ്ദമലിനീകരണവും വായുമലിനീകരണവും കുറയ്ക്കുന്നതിന് വളരെയധികം സഹായകമായിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം കൂടുതൽ വ്യാപകമാക്കുന്നതിനും സഹായിച്ചിട്ടുണ്ട്. കൂടാതെ, ഇവ പ്രകൃതി സൗഹാർദ്ദ വാഹനത്തിന്റെ ശ്രേണിയിൽപ്പെടുന്നവയാണ്. ഡീസൽ ഇന്ധനത്തേക്കാൾ പ്രതി കിലോമീറ്ററിന് ഇലക്ട്രിസിറ്റി ചെലവ് കുറവാണ്. എന്നാൽ അടിസ്ഥാന വില സമാന ഡീസൽ ബസ്സുകളേക്കാൾ വളരെ കൂടുതലാണ്. സി.എൻ.ജി. ബസ്സുകൾക്ക് ഡീസൽ ബസ്സുകളേക്കാൾ പുക മലിനീകരണം വളരെ കുറവാണ്. ടി ശ്രേണിയിൽപ്പെട്ട വാഹനങ്ങളെ ഡീസൽ വാഹനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇന്ധന ചെലവും താരതമ്യേന കുറവാണ്.

**സമാന്തര ബസ് സർവ്വീസ്**

294 (1798) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ക്ക് സമാന്തരമായി ബസ് സർവ്വീസ് നടത്തി വരുന്ന ഹയർ സെക്കന്ററി വിഭാഗത്തിലെ ഉദ്യോഗസ്ഥനെക്കുറിച്ച് വിവരം ലഭിച്ചിരുന്നോ; എങ്കിൽ എന്നാണെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്തിന്റെ വിവിധ റൂട്ടുകളിൽ പ്രസ്തുത വ്യക്തി ഇത്തരം പാരലൽ സർവ്വീസുകൾ നടത്തുന്നുണ്ടെന്ന റിപ്പോർട്ടുകൾ പരിശോധനയ്ക്ക് വിധേയമാക്കിയിരുന്നോ;

(സി) പ്രസ്തുത സമാന്തര സർവ്വീസ് പിടികൂടിയ കെ.എസ്.ആർ.ടി.സി. ഉദ്യോഗസ്ഥനെ സമാന്തര സർവ്വീസ് നടത്തി വന്നയാൾ ഭീഷണിപ്പെടുത്തിയിരുന്നോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഡി) സമാന്തര സർവ്വീസ് പിടികൂടാൻ കെ.എസ്.ആർ.ടി.സി.-ക്ക് സർക്കാർ അധികാരം നൽകിയിട്ടുണ്ടോ;

(ഇ) സമാന്തര സർവ്വീസ് നടത്തി വന്നയാൾക്കെതിരെ നടപടിക്കായി കെ.എസ്.ആർ.ടി.സി. സർക്കാരിനെ സമീപിച്ചിരുന്നോ; എങ്കിൽ ഇതിന്മേൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(എഫ്) ആഭ്യന്തര വകുപ്പ് ഉൾപ്പെടെയുള്ള സർക്കാർ വകുപ്പുകളിലെ ഉദ്യോഗസ്ഥർ നേരിട്ടോ ബിനാമിയായോ ഇത്തരം നിയമവിരുദ്ധ പ്രവർത്തനം നടത്തുന്നില്ലെന്ന് ഉറപ്പാക്കാൻ ആവശ്യമായ നടപടി ഗതാഗത വകുപ്പ് സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സത്വരനടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) അനധികൃത സമാന്തര സർവ്വീസ് സംബന്ധിച്ച വിവരം കെ.എസ്.ആർ.ടി.സി.-യുടെ ശ്രദ്ധയിൽപ്പെട്ടിരുന്നു.

(ബി) ഇതുസംബന്ധിച്ച പരാതികൾ ലഭിച്ചിട്ടില്ല.

(സി) കെ.എസ്.ആർ.ടി.സി. ഉദ്യോഗസ്ഥനെ ഫോണിൽ വിളിച്ച് ഭീഷണിപ്പെടുത്തിയിരുന്നു. ഇതിനെത്തുടർന്ന് ഇതുസംബന്ധിച്ച പരാതി കെ.എസ്.ആർ.ടി.സി. വിദ്യാഭ്യാസ വകുപ്പിനും പോലീസിനും രേഖാമൂലം നൽകിയിട്ടുണ്ട്.

(ഡി) കെ.എസ്.ആർ.ടി.സി.-യുടെ വരുമാന നഷ്ടം തടയുന്നതിനും സർവ്വീസ് ഓപ്പറേഷൻ കാര്യക്ഷമമാക്കുന്നതിനും സമാന്തര സർവ്വീസുകളെ തടയുന്നതിനുമായി മോട്ടോർ വാഹന വകുപ്പുദ്യോഗസ്ഥരേയും പോലീസ് ഉദ്യോഗസ്ഥരേയും കെ.എസ്.ആർ.ടി.സി. ഉദ്യോഗസ്ഥരേയും ചേർത്ത് ഒരു സംയുക്ത സ്ക്വാഡ് രൂപീകരിക്കുകയും വിവിധ മേഖലകളിൽ നിന്നുള്ള പരാതികൾ ഈ സ്ക്വാഡിന്റെ ഭാഗമായി പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ ഇത്തരത്തിലുള്ള 2 സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി. നേരിട്ട് അനധികൃത സമാന്തര വാഹനങ്ങളെ പിടിക്കുകയോ ഇത്തരം സർവ്വീസുകളെ തടയുകയോ ചെയ്യുന്നില്ല. സർക്കാർ കെ.എസ്.ആർ.ടി.സി.-ക്ക് അത്തരത്തിലുള്ള അധികാരം നൽകിയിട്ടുമില്ല.

(ഇ) കെ.എസ്.ആർ.ടി.സി. പ്രസ്തുത സംഭവത്തെ സംബന്ധിച്ച് ഹയർ സെക്കന്ററി ഡയറക്ടർക്കും പോലീസിനും പരാതി നൽകിയിട്ടുണ്ട്.

(എഫ്) ഇത്തരം പ്രവർത്തനങ്ങൾ സംബന്ധിച്ച് ഈ വകുപ്പിൽ പരാതിയൊന്നും ലഭിച്ചിട്ടില്ല.

## ഹർത്താലിലുണ്ടായ നഷ്ടം

295 (1799) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ജനുവരിയിൽ നടന്ന ഹർത്താലിൽ ഉണ്ടായ അക്രമത്തിൽ കെ.എസ്.ആർ.ടി.സി.-ക്കുണ്ടായ നഷ്ടം ഈടാക്കുന്നത് സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവിക്ക് നൽകിയ കത്തുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.ടി.സി. എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഈ നടപടികൾ ഓരോന്നും ഏതൊക്കെ തീയതികളിലാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 3-1-2019-ലെ ഹർത്താലിനോടനുബന്ധിച്ച് കെ.എസ്.ആർ.ടി.സി.-യുടെ 99 ബസ്സുകൾക്ക് കല്ലേറിലും മറ്റുമായി നാശനഷ്ടങ്ങളുണ്ടാകുകയും ഈയിനത്തിൽ 3.35 കോടി രൂപയുടെ നഷ്ടം കോർപ്പറേഷന് ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. ടി അക്രമസംഭവവുമായി ബന്ധപ്പെട്ടുണ്ടായ നാശനഷ്ടങ്ങളുടെ കണക്കുകൾ സംസ്ഥാന പോലീസ് മേധാവി, സംസ്ഥാന ചീഫ് സെക്രട്ടറി, ഹൈക്കോടതി രജിസ്ട്രാർ എന്നിവരെ അറിയിച്ചിട്ടുണ്ട്. ടി വിഷയത്തിന്മേൽ നിയമാനുസൃതം നടപടി സ്വീകരിക്കുന്നതിനായി എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതായി സംസ്ഥാന പോലീസ് മേധാവിയിൽനിന്നും 25-1-2019 തീയതിയായി കത്ത് ലഭിച്ചിട്ടുണ്ട്.

(ബി) 16-1-2019-ന് ബന്ധപ്പെട്ട അധികാരികൾക്ക് കത്ത് നൽകിയിട്ടുള്ളതും ആയതിൽ നടപടി സ്വീകരിച്ച് പോലീസ് മേധാവി 25-1-2019-ന് മറുപടി അറിയിച്ചിട്ടുള്ളതുമാണ്.

## അന്തർ സംസ്ഥാന സർവ്വീസുകൾ

296 (1800) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. അന്തർസംസ്ഥാന ബസ് സർവ്വീസുകളുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) നിലവിലുള്ള അന്തർസംസ്ഥാന ബസ് സർവ്വീസുകളുടെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിവിധ സംസ്ഥാനങ്ങളുമായി രൂപീകരിക്കുന്ന അന്തർസംസ്ഥാന ഗതാഗത കരാർ പ്രകാരമാണ് കെ.എസ്.ആർ.ടി.സി. അന്തർസംസ്ഥാന

സർവ്വീസുകൾ നടത്തിവരുന്നത്. തമിഴ്നാട് സംസ്ഥാനവുമായി രൂപീകരിച്ച പുതിയ അന്തർസംസ്ഥാന ഗതാഗത കരാർ അന്തിമവിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. ഇതനുസരിച്ച് തമിഴ്നാട്ടിലെ വിവിധ ഭാഗങ്ങളിലേയ്ക്ക് അന്തർസംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർക്കുന്നു*.

## വൈദ്യുത ബസ്സുകൾ

297 (1801) ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. വൈദ്യുതബസ്സ് വാടകയ്ക്കെടുത്ത് സർവ്വീസ് നടത്തുന്നുണ്ടോ ;

(ബി) നിലവിൽ എത്ര വൈദ്യുതബസ്സുകളാണ് സർവ്വീസ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ബസ്സ് സർവ്വീസ് ലാഭകരമാണോ; വിശദാംശം നൽകുമോ;

(ഡി) വൈദ്യുതബസ്സിന്റെ ആദ്യത്തെ ദീർഘദൂരയാത്രയിൽ തന്നെ ചാർജ്ജ് തീർന്ന് വഴിയിൽ കിടക്കേണ്ട അവസ്ഥ ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാൻ എന്തെല്ലാം മുൻകരുതലുകളാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പത്ത് ബസ്സുകൾ.

(സി) നിലവിൽ ഇലക്ട്രിക് ബസ്സുകൾ ലാഭകരമല്ല. അന്തരീക്ഷ മലിനീകരണം വളരെയധികം രൂക്ഷമായ നിലവിലെ സാഹചര്യത്തിൽ ബദൽ മാർഗ്ഗമെന്ന രീതിയിൽ പരിസ്ഥിതിക്കിണങ്ങുന്ന രീതിയിൽ തുടക്കം കുറിച്ച സർവ്വീസുകളാണ് സി.എൻ.ജി. - ഇലക്ട്രിക് ബസ്സുകൾ. ആയത് ശബ്ദമലിനീകരണവും വായുമലിനീകരണവും കുറയ്ക്കുന്നതിന് വളരെയധികം സഹായകമായിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം കൂടുതൽ വ്യാപകമാക്കുന്നതിനും സഹായിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. തിരുവനന്തപുരത്തും എറണാകുളത്തും ഇലക്ട്രിക് ബസ്സുകൾ ചാർജ് ചെയ്യുന്നതിനുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഗതാഗതക്കുരുക്കുമൂലമുണ്ടാകുന്ന പ്രത്യേക സാഹചര്യങ്ങൾ നേരിടുന്നതിനും ആവശ്യമെങ്കിൽ ചാർജ് ചെയ്യുന്നതിനുമായി ഹരിപ്പാട് ബസ് ഡിപ്പോയിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്.

**വിദ്യാർത്ഥികൾക്കുള്ള യാത്രാ സൗജന്യം**

298 (1802) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ അനുവദിച്ചിട്ടുള്ള യാത്രാ സൗജന്യം ഉപയോഗപ്പെടുത്താനാവശ്യമായ ബസ്സുകൾ നിലവിൽ ഇല്ലാത്ത അവസ്ഥയാണുള്ളതെന്ന ഗുരുതരമായ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദ്യാർത്ഥികൾക്ക് സൗജന്യ യാത്ര ഉറപ്പാക്കുവാൻ ആവശ്യമായ പാസ്സഞ്ചർ ബസ്സുകൾ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ള കർശന നിർദ്ദേശം അവർ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാൻ ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കുമോ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ വിദ്യാർത്ഥികൾക്കായി പുതിയ യാത്രാഇളവുകളൊന്നും നടപ്പിലാക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ പശ്ചാത്തലത്തിൽ കഴിഞ്ഞ സർക്കാരിന്റെ അവസാന കാലത്ത് നിലനിന്നിരുന്ന സൗജന്യ യാത്രാസൗകര്യങ്ങൾ തുടരുവാൻ ശ്രമിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾക്ക് നിലവിൽ തികച്ചും സൗജന്യമായാണ് ടൗൺ ടു ടൗൺ ഒഴികെയുള്ള ഓർഡിനറി ബസ്സുകളിൽ യാത്ര അനുവദിക്കുന്നത്. സാമൂഹ്യ പ്രതിബദ്ധത കണക്കിലെടുത്ത് പ്ലസ് ടുവിന് മുകളിലോട്ടുള്ള വിദ്യാർത്ഥികൾക്കും സൗജന്യ നിരക്കിൽ കൺസഷൻ കാർഡ് അനുവദിക്കുന്നുണ്ട്. വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ടില്ലാതെ യാത്ര ചെയ്യുന്നതിനായി പരമാവധി സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് എല്ലാ മേഖലാ അധികാരികൾക്കും ഇതിനോടകംതന്നെ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) 2019 അദ്ധ്യയന വർഷം വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് കാര്യക്ഷമമായി സർവ്വീസ് ഓപ്പറേറ്റ് ചെയ്യുന്നതിന് എല്ലാ മേഖലാ അധികാരികൾക്കും യൂണിറ്റ് ആഫീസർമാർക്കും മുൻകൂറായിത്തന്നെ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനോടൊപ്പം വിദ്യാർത്ഥികൾക്കും യാത്രക്കാർക്കും ബുദ്ധിമുട്ടില്ലാതെ യാത്ര ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) നിലവിലെ കടുത്ത സാമ്പത്തിക പ്രതിസന്ധിക്കിടയിലും സാമൂഹ്യപ്രതിബദ്ധത കണക്കിലെടുത്താണ് കെ.എസ്.ആർ.ടി.സി. വിദ്യാർത്ഥികൾക്ക് കൺസഷൻ നിരക്ക്, 25 ശതമാനത്തോളം ഈടാക്കാമെന്നിരിക്കെ, 17.32% നിരക്കാണ് ഈടാക്കി വരുന്നത്. നിലവിലെ സാമ്പത്തിക പ്രതിസന്ധിക്കിടയിൽ കൂടുതൽ ഇളവുകൾ അനുവദിക്കാൻ നിർവ്വാഹമില്ല.

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നൽകിവന്നിരുന്ന സൗജന്യങ്ങൾ എല്ലാംതന്നെ തുടർന്നും നൽകിവരുന്നുണ്ട്.

## കെ.യു.ആർ.ടി.സി. ലോഫ്ലോർ ബസ്സുകൾ

299 (1803) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യഥാസമയം അറ്റകുറ്റപ്പണി നടത്താത്തതുകാരണം കെ.യു.ആർ.ടി.സി.-യുടെ 430 ലോഫ്ലോർ ബസുകൾ കട്ടപ്പുറത്താണെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;

(ബി) മികച്ച വരുമാനമുണ്ടാക്കുന്ന ഈ സർവ്വീസുകൾ ഫലപ്രദമായി മുന്നോട്ട് കൊണ്ടുപോകുന്നതിന് കോർപ്പറേഷന്റെ മുന്നിലുള്ള പ്രയാസങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) അറ്റകുറ്റപ്പണി ചെയ്ത വകയിൽ നൽകാനുള്ള കുടിശ്ശിക നൽകാനാവാത്തത് ബസ്സുകൾ പുറത്തിറക്കുന്നതിന് തടസ്സമാണോയെന്ന് അറിയിക്കുമോ;

(ഡി) എങ്കിൽ ഇവയ്ക്ക് പ്രത്യേക സാമ്പത്തിക സഹായം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഇ) അറ്റകുറ്റപ്പണിക്ക് ചെലവുകുറഞ്ഞ കരാർ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്. 5-6-2019-ലെ കണക്കനുസരിച്ച് 196 ബസ്സുകളാണ് സാമ്പത്തിക ബുദ്ധിമുട്ട് കാരണം അറ്റകുറ്റപ്പണികൾക്കായി കട്ടപ്പുറത്തുള്ളത്.

(ബി) പ്രസ്തുത ബസ്സുകളുടെ ഉയർന്ന ഇന്ധനച്ചെലവ്, ഉയർന്ന സ്പെയർ പാർട്സ് വില എന്നിവ കാരണവും കടുത്ത സാമ്പത്തിക ബുദ്ധിമുട്ട് കാരണവും ടി ബസ്സുകൾ സമയബന്ധിതമായി റിപ്പയർ ചെയ്ത് ഇറക്കാൻ കഴിയുന്നില്ല.

(സി) സാമ്പത്തിക പരാധീനതകാരണം കുടിശ്ശിക നൽകാത്തത് ടി ബസ്സുകൾ പുറത്തിറക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

(ഇ) നിലവിലുള്ള കെ.യു.ആർ.ടി.സി. ബസ്സുകൾക്ക് അറ്റകുറ്റപ്പണികൾ ചെയ്യുന്നത് കോർപ്പറേഷന്റെ സ്വന്തം നിലയിലും കൂടുതൽ പ്രാഗൽഭ്യം ആവശ്യമുള്ളവ കമ്പനി മുഖാന്തരവുമാണ് ചെയ്യുന്നത്. കമ്പനി മുഖാന്തരമുള്ള ജോലികൾക്ക് ചെലവുകുറഞ്ഞ മറ്റ് സംവിധാനങ്ങൾ പരിശോധിക്കുന്നതാണ്.

**കെ.എസ്.ആർ.ടി.സി. സേവനസമയം**

300 (1804) ശ്രീ. കെ. എം. ഷാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. സർവ്വീസ് സമയം ചുരുക്കിയത് കാരണം തലസ്ഥാന നഗരി ഉൾപ്പെടെയുള്ള പ്രധാന പട്ടണങ്ങളിൽ രാത്രി 9.00 മണി കഴിഞ്ഞാൽ ഓട്ടോറിക്ഷയ്ക്കും മറ്റ് സ്വകാര്യവാഹനങ്ങൾക്കും വൻതുക നൽകി ജനങ്ങൾ യാത്ര ചെയ്യേണ്ടി വരുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൽ മാറ്റം വരുത്തി അയൽ സംസ്ഥാനമായ തമിഴ്നാട്ടിലും മറ്റും ഉള്ളതുപോലെ രാവിലെ 4.00 മുതൽ രാത്രി 11.00 മണി വരെയെങ്കിലും കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്താൻ നിർദ്ദേശം നല്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കെ.എസ്.ആർ.ടി.സി. സർവ്വീസ് സമയം ചുരുക്കിയിട്ടില്ല. യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്ന തരത്തിൽ ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് യാത്രാ സൗകര്യം വർദ്ധിപ്പിക്കുകയാണുണ്ടായിട്ടുള്ളത്. യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാകാത്ത തരത്തിൽ പരമാവധി സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-യിലെ ശമ്പള പരിഷ്കരണം

301 (1805) ശ്രീ. പി. കെ. അബ്ദു റബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി. യിൽ ശമ്പള പരിഷ്കരണത്തിനായി യൂണിയനുകളുമായി ചർച്ച നടത്തിയിരുന്നോ; എങ്കിൽ എത്ര തവണയെന്ന് അറിയിക്കുമോ;

(ബി) തുടർചർച്ചയ്ക്ക് മുന്നോടിയായി യൂണിയനുകൾ അവരുടെ ഡിമാന്റുകൾ എഴുതി നൽകിയിരുന്നോ; പ്രധാനപ്പെട്ട ഭരണപ്രതിപക്ഷ യൂണിയനുകൾ എഴുതി നൽകിയ ഡിമാന്റുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഓപ്പറേറ്റിംഗ് സ്റ്റാഫിനേക്കാളും അധികരിച്ച ശമ്പള സ്കെയിൽ മിനിസ്റ്റീരിയൽ സ്റ്റാഫിന് നൽകുന്ന കാലങ്ങളായി തുടർന്ന് പോരുന്ന സംവിധാനം മാറ്റുന്ന വിഷയം ചർച്ചയിലെ അജണ്ടയിൽ ഉൾപ്പെടുത്തുന്നതിന് സർക്കാർ മുൻകയ്യെടുക്കുമോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ;

(ഡി) പ്രസ്തുത വിഷയം ചർച്ചയിലെ അജണ്ടയിൽപ്പെടുത്തി നിലവിൽ പരിഗണനയിലുള്ള കെ.എസ്.ആർ.ടി.സി.യിലെ ശമ്പളക്കരാറിൽ, ഭാരിച്ച ജോലി നോക്കുന്ന ഓപ്പറേറ്റിംഗ് സ്റ്റാഫുകൾക്ക് അനുകൂലമായി കാര്യങ്ങൾ നടപ്പാക്കാൻ മുൻകയ്യെടുക്കുമോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി.-യിൽ ശമ്പള പരിഷ്കരണത്തിനായി അംഗീകൃത, രജിസ്റ്റേർഡ് സംഘടനകളുമായി ചേർന്ന് മാനേജ്മെന്റ് 25-6-2018-ലും 30-1-2019-ലുമായി രണ്ടുതവണ ചർച്ച നടത്തിയിട്ടുണ്ട്.

(ബി) തുടർചർച്ചയ്ക്ക് മുന്നോടിയായി അംഗീകൃത യൂണിയനുകൾ (ഭരണ-പ്രതിപക്ഷ യൂണിയനുകൾ) അവരുടെ ഡിമാന്റുകൾ എഴുതി നൽകിയിരുന്നു. പ്രധാനപ്പെട്ട യൂണിയനുകളായ സി.ഐ.ടി.യു.-വും റ്റി.ഡി.എഫ്.-ഉം സമർപ്പിച്ച ഡിമാന്റ് പത്രികകളുടെ പകർപ്പ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) കെ.എസ്.ആർ.ടി.സി.-യിലെ വിവിധ വിഭാഗം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിലേയ്ക്കായി കോർപ്പറേഷനിലെ അംഗീകൃത തൊഴിലാളി സംഘടനകൾ സമർപ്പിക്കുന്ന അവകാശ പത്രികകളുടെ അടിസ്ഥാനത്തിൽ തൊഴിലാളി സംഘടനകളും മാനേജ്മെന്റും തമ്മിൽ നടത്തുന്ന ഉഭയകക്ഷി ചർച്ചകളിലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിലാണ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ കാലാകാലങ്ങളായി നിശ്ചയിക്കുന്നത്. ആയത് സർക്കാർ അംഗീകാരത്തോടുകൂടി നടപ്പിൽ വരുത്തുകയും ചെയ്യുന്നു. ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാരെക്കാളും അധികരിച്ച ശമ്പള സ്കെയിൽ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് നൽകുന്നുവെന്ന തരത്തിലുള്ള ആക്ഷേപം അംഗീകൃത തൊഴിലാളി സംഘടനകൾ ഉന്നയിക്കുന്നപക്ഷം ടി വിഷയം ചർച്ച ചെയ്യുന്നതാണ്.

(ഡി) ഇപ്രകാരം ഒരു വിഷയം സംഘടനകൾ ഉന്നയിക്കുന്നുവെങ്കിൽ ചർച്ചയിലെ അജണ്ടയിൽ ഉൾപ്പെടുത്തി പരിശോധിക്കുന്നതാണ്.

## കെ.എസ്.ആർ.ടി.സി. സൗജന്യ യാത്രാപാസ്സുകൾ

302 (1806) ശ്രീ. കെ. എം. ഷാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാർ ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് നൽകുന്ന ഡ്യൂട്ടി യാത്രാ പാസ്സുകൾ ഏതെല്ലാം വിധത്തിലും നിറത്തിലുമുള്ളതാണെന്ന് വ്യക്തമാക്കുമോ;

(ബി) മെറ്റൽ പാസ്സുകൾ നൽകുന്നത് ഏതൊക്കെ തലം മുതലുള്ള ജീവനക്കാർക്കാണെന്ന് അറിയിക്കാമോ;

(സി) വിരമിച്ച ജീവനക്കാർക്ക് പെൻഷൻ കൈപ്പറ്റുന്നതിന് നൽകുന്ന സൗജന്യ യാത്രാപാസ്സിൽ ജീവനക്കാർക്ക് നൽകുന്ന രീതിയിൽ നിന്നും എന്തെങ്കിലും മാറ്റമുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാർ ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് ആദ്യം പച്ചനിറത്തിലുള്ള പാസ്സും 12 വർഷം യോഗ്യസേവനകാലം പൂർത്തിയാകുന്നമുറയ്ക്ക് ചുവന്ന നിറത്തിലുള്ള പാസ്സും ഹയർ ഡിവിഷൻ ഓഫീസർമാർക്ക് ഓറഞ്ച് നിറത്തിലുള്ള പാസ്സും അതോടൊപ്പം മെറ്റൽ പാസ്സും അനുവദിക്കുന്നു.

(ബി) കെ.എസ്.ആർ.ടി.സി.-യിലെ ഹയർ ഡിവിഷൻ ഓഫീസർമാർക്കാണ് മെറ്റൽ പാസ് അനുവദിച്ചിരിക്കുന്നത്. കോർപ്പറേഷനിലെ ഡയറക്ടർ ബോർഡ് മെമ്പർമാർക്കും അംഗീകൃത യൂണിയൻ ജനറൽ സെക്രട്ടറിക്കും ഇത് അനുവദിച്ചിട്ടുണ്ട്.

(സി) വിരമിച്ച ജീവനക്കാർക്ക് പെൻഷൻ കൈപ്പറ്റുന്നതിന് നൽകുന്ന സൗജന്യ യാത്രാപാസ്സിൽ ജീവനക്കാർക്ക് ഇപ്പോൾ നൽകുന്ന രീതിയിൽനിന്നും നിലവിൽ മാറ്റങ്ങളൊന്നുംതന്നെ നടത്തിയിട്ടില്ല.

## കെ.എസ്.ആർ.ടി.സി. മിനിസ്റ്റീരിയൽ ജീവനക്കാരുടെ അവധി

303 (1807) ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൻ നഷ്ടത്തിലോടുന്ന കെ.എസ്.ആർ.ടി.സി.യിൽ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് രണ്ടാം ശനിയാഴ്ച അവധി നൽകുന്നതുകൊണ്ട് എത്ര കോടി രൂപ ലാഭിക്കാനാകുന്നുണ്ട്;

(ബി) ഇല്ലെങ്കിൽ പ്രസ്തുത ദിവസം ഉൾപ്പെടെയുള്ള അനാവശ്യാവധികൾ എടുത്തുകളയുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) സാമ്പത്തിക പരാധീനത എന്ന കാരണം പറഞ്ഞ് ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാരുടെ ഒട്ടനവധി ആനുകൂല്യങ്ങൾ നിർത്തലാക്കുമ്പോഴും മിനിസ്റ്റീരിയൽ സ്റ്റാഫിന് അനുവദിച്ചുനൽകുന്ന രണ്ടാം ശനിയാഴ്ച അവധി നിലനിർത്തേണ്ടത് അനിവാര്യമാണെന്ന നിലപാടിൽ സർക്കാർ ഉറച്ച് നിൽക്കുന്നുണ്ടോ;

(ഡി) എങ്കിൽ എന്തുകൊണ്ടാണെന്നും ഇല്ലെങ്കിൽ പുനഃരാലോചന നടത്തുമോയെന്നും വിശദമാക്കുമോ?

ഉത്തരം

(എ) തുകയൊന്നും ലാഭിക്കാൻ കഴിയുന്നില്ല.

(ബി) മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് രണ്ടാം ശനി ഉൾപ്പെടെ കോർപ്പറേഷൻ അനുവദിച്ചിരിക്കുന്ന അവധികൾ എടുത്തുകളയുന്നതിനെക്കുറിച്ച് നിലവിൽ ആലോചനയില്ല. കെ.എസ്.ആർ.ടി.സി.-യിലെ അംഗീകൃത യൂണിയനുകളും മാനേജ്മെന്റും ചേർന്ന് ചർച്ച ചെയ്ത് തീരുമാനത്തിലെത്തിയതിന്റെ അടിസ്ഥാനത്തിലാണ് അവധികൾ നിശ്ചയിച്ചിട്ടുള്ളത്.

(സി) കോർപ്പറേഷന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് എല്ലാ വിഭാഗം ജീവനക്കാരുടെയും ജോലിസമയം പുനഃക്രമീകരിക്കുകയുണ്ടായിട്ടുണ്ട്. അതോടൊപ്പം കോർപ്പറേഷനിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെയും ഓഫീസർമാരുടെയും ജോലി സമയം 10 മുതൽ 5 മണി എന്നായിരുന്നത്

പുനഃക്രമീകരിച്ച് 9.30 മുതൽ 5.30 മണിവരെ എന്നാക്കിയിട്ടുണ്ട്. കൂടാതെ ടി വിഭാഗത്തിൽപ്പെടുന്ന സിവിൽ വിഭാഗം ജീവനക്കാർക്കും സ്റ്റോർ വിഭാഗം ജീവനക്കാർക്കും രണ്ടാം ശനി പ്രവൃത്തിദിവസമാക്കിയിട്ടുണ്ട്.

(ഡി) ടി വിഷയം സംബന്ധിച്ച് പരാതികളോ ആക്ഷേപങ്ങളോ ലഭിക്കുന്നപക്ഷം സംഘടനകളുമായി ചേർന്ന് കെ.എസ്.ആർ.ടി.സി. മാനേജ്മെന്റ് പുനരാലോചന നടത്തുകയും പരിശോധിച്ച് തീരുമാനം കൈക്കൊള്ളുകയും ചെയ്യുന്നതാണ്.

## കെ.എസ്.ആർ.ടി.സി.-യിലെ ദിവസവേതന ജോലിക്കാർ

304 (1808) ശ്രീ. കെ. എം. ഷാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)കെ.എസ്.ആർ.ടി.സി.യിൽ കണ്ടക്ടർമാരും ഡ്രൈവർമാരും ഒഴികെയുള്ള എത്ര പേർ നിലവിൽ ദിവസവേതന അടിസ്ഥാനത്തിൽ ജോലി നോക്കി വരുന്നു; ഇവർ ഏതെല്ലാം വിഭാഗത്തിലാണ് ജോലി നോക്കുന്നത്; വിശദാംശം നൽകുമോ;

(ബി) ഏത് നിയമന വ്യവസ്ഥ പ്രകാരമാണ് ഇവർക്ക് ജോലി നല്കിയതെന്നും ഇവരെ നിയമനത്തിന് തെരഞ്ഞെടുത്തപ്പോൾ സ്വീകരിച്ച മാനദണ്ഡം എന്തായിരുന്നുവെന്നും വ്യക്തമാക്കുമോ;

(സി) പതിറ്റാണ്ട് കാലം സർവീസ് കഴിഞ്ഞ ഏണിംഗ് സ്റ്റാഫുകളായ കണ്ടക്ടർമാരെയും ഡ്രൈവർമാരെയും നിയമനരീതി പി.എസ്.സി. വഴി (നിയമപരമായി) അല്ലാത്തതിനാൽ ജോലിയിൽ നിന്ന് പിരിച്ചുവിട്ടിരുന്നോ;

(ഡി) എങ്കിൽ ഇതര വിഭാഗക്കാരായവർ ദിവസവേതനക്കാരായിട്ടും ജോലിയിൽ നിലനിർത്തുന്നത് ഏതെങ്കിലും നിയമത്തിന്റെ അടിസ്ഥാന ത്തിലാണോ എന്നറിയിക്കുമോ;

(ഇ) ഇവരെ തുടർന്നും കെ.എസ്.ആർ.ടി.സി. ജീവനക്കാരായി നിലനിർത്തുന്നതിന് തന്നെയാണോ സർക്കാർ ഉദ്ദേശിക്കുന്നത് എന്നും ഇത്തരക്കാരെ സ്ഥിരപ്പെടുത്തി നൽകുന്നതിന് ഉദ്ദേശ്യമുണ്ടോ എന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-യിൽ കണ്ടക്ടറും ഡ്രൈവറും ഒഴികെ 1246 പേർ നിലവിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി നോക്കിവരുന്നു.

| | |
|---|---|
| മെക്കാനിക്കൽ വിഭാഗം | 641 |
| അസിസ്റ്റന്റ് ഡിപ്പോ എഞ്ചിനീയർ | 4 |
| സെക്യൂരിറ്റി ഗാർഡ് (കരാർ നിയമനം) | 234 |
| ജൂനിയർ അസിസ്റ്റന്റ് | 367 |

(ബി) കെ.എസ്.ആർ.ടി.സി.-യിൽ അസിസ്റ്റന്റുമാരെ താൽക്കാലികാടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ് നിയമിച്ചിരിക്കുന്നത്. സെക്യൂരിറ്റി ഗാർഡ് തസ്തികയിൽ ജീവനക്കാരെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചിരിക്കുന്നത് കെക്സോൺ എന്ന ഏജൻസി മുഖാന്തിരമാണ്. കൂടാതെ, ദർഘാസ് ക്ഷണിച്ച് കരാറടിസ്ഥാനത്തിൽ ഗാർഡുമാരെ സ്പൈഡർ ഫോഴ്സ് എന്ന ഏജൻസി മുഖാന്തിരം നിയമിച്ചിട്ടുണ്ട്. അടിയന്തര ഘട്ടങ്ങളിൽ താൽക്കാലിക ഒഴിവ് പരിഹരിക്കുന്നതിലേയ്ക്കായി മാത്രം ഏതാനും വിഭാഗം ജീവനക്കാരെ താൽക്കാലികമായി ലിസ്റ്റിൽ ഉൾക്കൊള്ളിച്ച് യൂണിറ്റുകളിൽ നിയമിച്ചിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും യൂണിറ്റുകളിൽ നേരിട്ടും മുൻകാലങ്ങളിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളവരാണ് ഇപ്പോഴും താൽക്കാലികാടിസ്ഥാനത്തിൽ ജോലിയിൽ തുടരുന്നത്.

(സി) ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.-യിലെ താൽക്കാലിക കണ്ടക്ടർമാരെ ജോലിയിൽനിന്നും പിരിച്ചുവിട്ടിരുന്നു.

(ഡി&ഇ) ഇതിൽ ഇതരവിഭാഗക്കാരായ ദിവസവേതനക്കാരെ പിരിച്ചുവിടുന്നതിന് ബഹുമാനപ്പെട്ട കോടതിയുടെ ഉത്തരവുകളൊന്നും ലഭിച്ചിട്ടില്ല. കെ.എസ്.ആർ.ടി.സി. അതീവ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാലാണ് താൽക്കാലിക ജീവനക്കാരെ ഒഴിവുള്ള ദിവസങ്ങളിൽ മാത്രം ജോലിക്ക് നിയോഗിച്ച് നിലനിർത്തിയിരിക്കുന്നത്. ഇത്തരത്തിലുള്ള ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് പരിഗണനയിലില്ല.

## കെ.എസ്.ആർ.ടി.സി. പെൻഷൻകാരുടെ സൗജന്യയാത്ര

305 (1809) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള നിയമവ്യവസ്ഥ പ്രകാരം കെ.എസ്.ആർ.ടി.സി. സമൂഹത്തിന്റെ വിവിധ തുറകളിലുള്ളവർക്ക് സൂപ്പർ ഡീലക്സ് വരെയുള്ള പാസഞ്ചർ വാഹനങ്ങളിൽ സൗജന്യയാത്രക്ക് പാസ് അനുവദിച്ച നൽകുന്നുണ്ടെങ്കിലും ഈ സ്ഥാപനത്തിൽ നിന്നും പെൻഷൻ പറ്റിയവർക്ക് ഫാസ്റ്റ് പാസഞ്ചർ വരെയുള്ള വാഹനങ്ങളിൽ മാത്രമാണ് പാസ് അനുവദിച്ചിട്ടുള്ളത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോർപ്പറേഷനിൽ നിന്ന് പെൻഷൻ പറ്റിയവർക്ക് ലഭിക്കുന്ന സൗജന്യയാത്രയ്ക്കൊപ്പം അവരുടെ ജീവിതപങ്കാളി മറ്റ് സർക്കാർ സർവ്വീസ്/ഇതര സർക്കാർ പെൻഷനുകളൊന്നും കൈപ്പറ്റുന്ന ആളല്ലെങ്കിൽ ഒപ്പം സൗജന്യയാത്ര അനുവദിക്കുമോ;

(സി) സൗജന്യയാത്ര ആവശ്യപ്പെടുന്ന വൃദ്ധരായ പെൻഷൻകാർക്കൊപ്പം അവരുടെ ജീവിതപങ്കാളിക്കും ആയത് അനുവദിക്കുകയാണെങ്കിൽ കെ.എസ്.ആർ.ടി.സി.ക്ക് പ്രതിവർഷം എന്ത്അധികച്ചെലവ് വരുമെന്നാണ് കണക്കാക്കുന്നത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) കോർപ്പറേഷനിൽനിന്നും പെൻഷൻ പറ്റിയ ജീവനക്കാർക്ക് നിലവിലെ സേവന വേതന കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൻപ്രകാരമാണ് ഫാസ്റ്റ് പാസ്സഞ്ചർ വരെയുള്ള ബസ്സുകളിൽ പാസ് അനുവദിച്ചിട്ടുള്ളത്.

(ബി) കോർപ്പറേഷന്റെ സർവ്വീസിൽനിന്നും വിരമിച്ചവർക്ക് അനുവദിച്ച വരുന്ന ഫോട്ടോ കാർഡ് പാസ് ഉപയോഗിച്ച് താമസ സ്ഥലത്തിനടുത്തുള്ള യൂണിറ്റിൽനിന്നും 12 KM ദൂരം ഫാസ്റ്റ് പാസഞ്ചർ ബസ്സിൽ സൗജന്യമായി യാത്ര ചെയ്യുന്നതിന് കോർപ്പറേഷൻ അനുവദിച്ചിട്ടുണ്ട്. അതിനോടൊപ്പം സർവ്വീസിൽനിന്നും വിരമിച്ച ജീവനക്കാർക്ക് വർഷത്തിലൊരിക്കൽ നൽകുന്ന കുടുംബ പാസ് ഉപയോഗിച്ച് (പെൻഷനറുടെ ഭാര്യ/ഭർത്താവിനുമാത്രം) സംസ്ഥാനത്തിനകത്ത് സൂപ്പർ ഫാസ്റ്റ് വരെയും ബസ്സുകളിൽ ദൂരപരിധി ഇല്ലാതെ സൗജന്യമായി യാത്ര ചെയ്യുന്നതിന് ഫാമിലി പാസ് അനുവദിച്ചുവരുന്നുണ്ട്.

(സി) പെൻഷൻകാർക്കൊപ്പം അവരുടെ ജീവിത പങ്കാളിക്കും സൗജന്യയാത്ര അനുവദിക്കുകയാണെങ്കിൽ കെ.എസ്.ആർ.ടി.സി.-ക്ക് പ്രതിവർഷമുണ്ടാകുന്ന അധിക ചെലവ് നിലവിൽ കണക്കാക്കിയിട്ടില്ല.

## കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സൗജന്യ യാത്ര

306 (1810) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമൂഹത്തിൽ ഏതൊക്കെ വിഭാഗത്തിൽപ്പെട്ടവർക്കാണ് കെ.എസ്.ആർ.ടി.സി.ബസ്സുകളിൽ സൗജന്യ യാത്രയ്ക്ക് പാസ്സ് അനുവദിച്ചിട്ടുള്ളത്; എത്ര തരം പാസ്സുകളാണ് കെ.എസ്.ആർ.ടി.സി. ഇതിനായി വിതരണം ചെയ്തിട്ടുള്ളതെന്നും അവ ഏതൊക്കെ വിഭാഗങ്ങളിലുള്ളവർക്ക് എത്ര വീതമാണെന്നും വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ തരം കെ.എസ്.ആർ.ടി.സി.ബസ്സുകളിലാണ് ഇവർക്ക് ഇത്തരത്തിലുള്ള യാത്രാ സൗജന്യം അനുവദിച്ചിട്ടുള്ളത്; ഇതിൽ ഏതെല്ലാം വിഭാഗത്തിൽപ്പെട്ടവർക്കാണ് പൂർണ്ണമായും സൗജന്യയാത്ര അനുവദിച്ചിട്ടുള്ളത്; അങ്ങനെയുള്ള എത്രപേർ ആകെ ഉണ്ട്;

(സി) ഏതെല്ലാം വിഭാഗത്തിൽപ്പെട്ട എത്രപേർക്ക് യാത്രാ നിരക്കിൽ 100 % ൽ താഴെ യാത്രാ നിരക്കിൽ കിഴിവ് അനുവദിച്ച് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) കെ.എസ്.ആർ.ടി.സി ബസ്സുകളിൽ എം.പി,എം.എൽ.എ.,എക്സ്എം.പി/ എം.എൽ.എ., കെ.എസ്.ആർ.ടി.സി.ജീവനക്കാർ/ പെൻഷനേഴ്സ് തുടങ്ങിയവർ ഒഴികെ പൂർണ്ണമായും സൗജന്യ യാത്ര അനുവദിക്കപ്പെട്ടവർക്ക് പ്രസ്തുത സൗജന്യം തുടരുന്നത് പുന:രാലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കുമോ; ഇല്ലെങ്കിൽ സൗജന്യം തുടരുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) അംഗപരിമിതർ, അന്ധർ, ബധിര-മൂകർ, മാനസിക വൈകല്യം ബാധിച്ചവർ, സെറിബ്രൽ പാൾസി (അവരെ അനുഗമിക്കുന്ന ഒരാൾക്കും), ക്യാൻസർ രോഗം ബാധിച്ചവർ, സ്വാതന്ത്ര്യസമര സേനാനികൾക്കും അവരുടെ വിധവകൾക്കും, എം.എൽ.എ.-മാർ, മുൻ എം.എൽ.എ.-മാർ, എം.പി.-മാർ, മുൻ എം.പി.-മാർ, പത്ര-ദൃശ്യമാധ്യമ പ്രവർത്തകർ, അർജ്ജുന-ദ്രോണാചാര്യ അവാർഡ് ജേതാക്കൾ, കബീർ പുരസ്കാര ജേതാക്കൾ, ഭരണസമിതി അംഗങ്ങൾ - മുൻ ഭരണസമിതി അംഗങ്ങൾ, അംഗീകൃത ട്രേഡ് യൂണിയനുകളുടെ പ്രസിഡന്റിനും ജനറൽ സെക്രട്ടറിക്കും. പത്തുതരം പാസ്സുകളാണ് കെ.എസ്.ആർ.ടി.സി. ഇതിനായി അനുവദിച്ചിട്ടുള്ളത്.

അംഗപരിമിതർക്ക് - 38387 എണ്ണം, അന്ധർക്ക് - 10538 എണ്ണം, ബധിര-മൂകർക്ക് - 6542 എണ്ണം, മാനസിക വൈകല്യം ബാധിച്ചവർക്കും അവരെ അനുഗമിക്കുന്നവർക്കും - 4059 എണ്ണം, സെറിബ്രൽ പാൾസിക്ക് - 82 എണ്ണം, ക്യാൻസർ രോഗം ബാധിച്ചവർക്കും (ചികിത്സയ്ക്ക് പോയി വരുന്നതിനും) സ്വാതന്ത്ര്യസമര സേനാനികൾക്കും അവരുടെ വിധവകൾക്കും - 2437 എണ്ണം, എം.എൽ.എ.മാർ, മുൻ എം.എൽ.എ.മാർ, എം.പി.മാർ, മുൻ എം.പി.മാർ എന്നിവർക്ക് - 389 എണ്ണം, പത്ര-ദൃശ്യമാധ്യമ പ്രവർത്തകർക്ക് - 438 എണ്ണം, അർജ്ജുന-ദ്രോണാചാര്യ അവാർഡ് ജേതാക്കൾ, കബീർ പുരസ്കാര ജേതാക്കൾ, ഭരണസമിതി അംഗങ്ങൾ-മുൻ ഭരണസമിതി അംഗങ്ങൾ, അംഗീകൃത ട്രേഡ് യൂണിയനുകളുടെ പ്രസിഡന്റ്, ജനറൽ സെക്രട്ടറി എന്നിവർക്ക് - 39 എണ്ണം.

(ബി) കോംപ്ലിമെന്ററി പാസ്സുകൾ അനുവദിച്ചിട്ടുള്ളവർക്ക് സൂപ്പർ ഡീലക്സ് വരെയുള്ള ബസ്സുകളിലും വികലാംഗർക്കും അന്ധർക്കും സിറ്റി, ഓർഡിനറി, ഫാസ്റ്റ് പാസഞ്ചർ ബസ്സുകളിലും ബുദ്ധിമാന്ദ്യം ഉള്ളവർക്ക് സിറ്റി, സിറ്റി ഫാസ്റ്റ്, ഓർഡിനറി ബസ്സുകളിലും ബധിര-മൂകർക്ക് സിറ്റി, ഓർഡിനറി ബസ്സുകളിലും യാത്ര അനുവദിച്ചിട്ടുണ്ട്. പൂർണ്ണമായും അന്ധത അനുഭവിക്കുന്നവർക്കും കോംപ്ലിമെന്ററി പാസ്സുകൾ ലഭ്യമായിട്ടുള്ളവർക്കും 100% സൗജന്യ യാത്ര അനുവദിച്ചിട്ടുണ്ട്. അന്ധരിൽ 10538 പേരും കോംപ്ലിമെന്ററി പാസ്സുകൾ നൽകിയ ഇനത്തിൽ 39 എണ്ണവുമുണ്ട്.

(സി) അന്ധർക്ക് മാത്രമാണ് 100% യാത്രാ നിരക്കിൽ കിഴിവ് അനുവദിച്ചിട്ടുള്ളത്.

(ഡി) സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി സർക്കാർ ഉത്തരവുകൾക്ക് വിധേയമായിട്ടാണ് സൗജന്യ യാത്രാ പാസ്സുകൾ അനുവദിക്കുന്നത്. ഇതിൽ എന്തെങ്കിലും മാറ്റം വരുത്തുന്നത് ഇപ്പോൾ പരിഗണനയിലില്ല.

## ലൈൻ ഡ്യൂട്ടിക്കാരുടെ വീക്കിലി ഓഫ്

307 (1811) ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ എട്ടും പതിനാറും ഇരുപത്തിനാലും അതിൽ കൂടുതലും മണിക്കൂർ വരെ ജോലി നോക്കുന്ന കണ്ടക്ടർമാർക്കും ഡ്രൈവർമാർക്കും പലപ്പോഴും വീക്കിലി ഓഫ് നിഷേധിക്കുന്നുണ്ടെങ്കിലും ടിക്കറ്റ് ആന്റ് ക്യാഷ് ഉൾപ്പെടെയുള്ള വിവിധ ജോലി നോക്കുന്ന ദിവസവേതനക്കാരായ ജീവനക്കാർക്ക് വീക്കിലി ഓഫ് കൃത്യമായി നൽകുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ ഒരേ സമയദൈർഘ്യത്തിൽ ജോലിചെയ്യുന്ന ഇരുവിഭാഗത്തിൽപ്പെട്ടവരിൽ പ്രയാസമേറിയ ലൈൻ ഡ്യൂട്ടി ചെയ്യുന്നവർക്ക് മാത്രം വീക്കിലി ഓഫ് നിഷേധിക്കുന്ന നിലപാട് തിരുത്തുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കെ.എസ്.ആർ.ടി.സി.-യിൽ സ്ഥിരം ജീവനക്കാരായ കണ്ടക്ടർമാർക്കും ഡ്രൈവർമാർക്കും വീക്കിലി ഓഫ് നിഷേധിക്കുന്നില്ല. ടിക്കറ്റ് ആൻഡ് ക്യാഷ് വിഭാഗം ഉൾപ്പെടെയുള്ള വിവിധ ജോലി നോക്കുന്ന ദിവസ വേതനക്കാരായ ജീവനക്കാർക്ക് ജോലി ചെയ്യുന്ന ദിവസത്തേയ്ക്ക് മാത്രമാണ് ശമ്പളം അനുവദിക്കുന്നത്. കണ്ടക്ടർ, ഡ്രൈവർ വിഭാഗം ജീവനക്കാരെ തുടർച്ചയായി പതിനാറും ഇരുപത്തിനാലും മണിക്കൂർ ജോലിക്ക് നിയോഗിക്കുന്ന സാഹചര്യം നിലവിലില്ല.

**ആരോഗ്യപ്രശ്നങ്ങളാൽ കൃത്യമായി ലൈൻഡ്യൂട്ടി ചെയ്യാനാകാത്തവർ**

308 (1812) ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ വിവിധ ആരോഗ്യപ്രശ്നങ്ങളാൽ മറ്റ് ജീവനക്കാരെപ്പോലെ കൃത്യമായി ലൈൻഡ്യൂട്ടി ചെയ്യാൻ പറ്റാത്തവർക്ക് നൽകാനുള്ള പ്രതിമാസ ശമ്പളം പോലും വർഷങ്ങളോളമായി മുടക്കംവരുത്തുന്ന പ്രവണത കോർപ്പറേഷൻ സ്വീകരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരക്കാർക്ക് ശമ്പളം കൃത്യമായി ലഭ്യമാക്കാത്തതുകൊണ്ട് ജീവിക്കാൻ ബുദ്ധിമുട്ടുന്നുണ്ടെന്ന വസ്തുത മുന്തിയ പരിഗണന നൽകി പരിഹരിക്കുമോ;

(സി) കോർപ്പറേഷന്റെ സാമ്പത്തികനില മെച്ചപ്പെടുന്ന മുറയ്ക്ക് മാത്രമേ ഇത്തരക്കാരുടെ പ്രതിമാസ ശമ്പളം നൽകാനാവൂ എന്ന നിലപാട് ഏത് നിയമവ്യവസ്ഥയുടെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ; എങ്കിൽ പ്രസ്തുത വ്യവസ്ഥയുടെ പകർപ്പ് ലഭ്യമാക്കുമോ; കുടിശ്ശികയുള്ള തുക വിതരണം ചെയ്യുന്നതിന് അടിയന്തരനിർദ്ദേശം നൽകുമോ;

(ഡി) ആരോഗ്യപ്രശ്നങ്ങൾകൊണ്ട് കൃത്യമായി ലൈൻഡ്യൂട്ടി ചെയ്യാനാവാത്ത കണ്ടക്ടർമാർക്കും ഡ്രൈവർമാർക്കും അവരവരുടെ അർഹതപ്പെട്ട ശമ്പളം മറ്റ് ജീവനക്കാരുടെ ശമ്പളത്തിനൊപ്പമോ അല്ലെങ്കിൽ അവരുടെ ശമ്പളം വിതരണം നടത്തി ഒരാഴ്ചയ്ക്കകമോ വിതരണം നടത്താതെ സാമ്പത്തിക പരാധീനതയുടെ പേരിൽ അനന്തമായി നീട്ടിക്കൊണ്ടുപോകുന്നത് കടുത്ത തൊഴിൽ അനീതിയാണെന്നതിനാൽ അതവസാനിപ്പിക്കാൻ കർശന നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ-ഡി) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പ്രതിമാസ ശമ്പളം നൽകുന്നത് സർക്കാരിന്റെ സാമ്പത്തിക സഹായം ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ്. 2018 ഫെബ്രുവരി വരെയുള്ള സപ്ലിമെന്ററി സാലറി ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. അതിനുശേഷമുള്ള സപ്ലിമെന്ററി ബില്ലുകൾ കെ.എസ്.ആർ.ടി.സി. തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ടി തുക വിതരണം ചെയ്യുന്നതാണ്.

**കണ്ടക്ടർമാർക്ക് ഡ്രൈവിംഗ് യോഗ്യത നിർബന്ധമാക്കുന്ന നടപടി**

309 (1813) <u>ശ്രീ. സി. മമ്മൂട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.കണ്ടക്ടർ നിയമനത്തിന് 2002 ലും 2004 ലും പി.എസ്.സി.അപേക്ഷ ക്ഷണിച്ചപ്പോൾ കണ്ടക്ടറായി നിയമിക്കുന്നതിന് ഡ്രൈവിംഗ് യോഗ്യത നിർബന്ധമാണെന്നാവശ്യപ്പെട്ടിരുന്നോ;

(ബി) ഇല്ലെങ്കിൽ കണ്ടക്ടറായി നിയമനം ലഭിച്ച് പതിറ്റാണ്ടുകൾ കഴിഞ്ഞശേഷം അവർക്ക് ഡി.സി (ഡ്രൈവർ-കം-കണ്ടക്ടർ)യോഗ്യത നിർബന്ധമാക്കുന്നത് സർവ്വീസ് നിയമങ്ങളുടെ ലംഘനമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ നീതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-യിൽ കണ്ടക്ടർ നിയമനത്തിന് 2002-ലും 2004-ലും കണ്ടക്ടറായി നിയമിക്കുന്നതിന് ഡ്രൈവിംഗ് യോഗ്യത നിർബന്ധമാണെന്ന് ആവശ്യപ്പെട്ടിരുന്നില്ല.

(ബി&സി) കണ്ടക്ടറായി നിയമനം ലഭിച്ചവർക്ക് കെ.എസ്.ആർ.ടി.സി.-യിൽ ഡ്രൈവർ-കം-കണ്ടക്ടർ യോഗ്യത നിർബന്ധമാക്കിയിട്ടില്ല. ഡ്രൈവർ തസ്തികയിലുള്ള ജീവനക്കാരെയാണ് കെ.എസ്.ആർ.ടി.സി.-യിൽ പരീക്ഷണാടിസ്ഥാനത്തിൽ ഡ്രൈവർ കം കണ്ടക്ടർ ആയി നിയമിക്കുന്നത്.

**കെ.എസ്.ആർ.ടി.സി.-യിൽ നിന്നും പിരിച്ചുവിടപ്പെട്ട ജീവനക്കാർ**

310 (1814) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി.-യിൽ ജോലിയിലുണ്ടായിരുന്ന താൽക്കാലികമോ/

അല്ലാത്തവരോ ആയ എത്ര കണ്ടക്ടർമാരെയും ഡ്രൈവർമാരെയും പിരിച്ചുവിട്ടിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഇവരെ പിരിച്ചുവിടാനോ പിരിച്ചുവിട്ടവരെ തിരിച്ചെടുക്കുന്നതിനോ ഹൈക്കോടതിയുടെ നിർദ്ദേശമുണ്ടായിരുന്നോ; എങ്കിൽ ഈ നിർദ്ദേശപ്രകാരം എത്ര പേരെ പിരിച്ചുവിട്ടിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) കോടതി നിർദ്ദേശം അല്ലാതെ പിരിച്ചുവിട്ടവരിൽ ആകെ എത്ര പേരെ തിരിച്ചെടുത്തിട്ടുണ്ടെന്നും അവർ ആരൊക്കെയാണെന്നും ഏതൊക്കെ വിഭാഗങ്ങളിൽപ്പെട്ടവരാണെന്നും അറിയിക്കാമോ;

(ഡി) തിരിച്ചെടുത്ത എത്ര പേർക്ക് ആവശ്യാനുസരണം ജോലി ലഭ്യമാക്കാൻ കെ.എസ്.ആർ.ടി.സി. ക്ക് സാധിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി.-യിൽ ജോലിയിലുണ്ടായിരുന്ന 562 സ്ഥിരം ഡ്രൈവർമാരെയും 762 സ്ഥിരം കണ്ടക്ടർമാരെയും പിരിച്ചുവിട്ടിട്ടുണ്ട്. കൂടാതെ സ്ഥിരപ്പെടുത്തി നിയമനം ലഭിച്ച 55 ഡ്രൈവർമാരെയും 72 കണ്ടക്ടർമാരെയും ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ നിയമനം റദ്ദ് ചെയ്തിട്ടുണ്ട്. ഇതുകൂടാതെ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിൻപ്രകാരം 4071 താൽക്കാലിക കണ്ടക്ടർമാരെയും പിരിച്ചുവിട്ടിട്ടുണ്ട്.

(ബി) താൽക്കാലിക കണ്ടക്ടർമാരെ പിരിച്ചുവിടാൻ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശമുണ്ടായിരുന്നു. ഇപ്രകാരം 4071 താൽക്കാലിക കണ്ടക്ടർമാരെ പിരിച്ചുവിട്ടിട്ടുണ്ട്.

(സി) ബഹുമാനപ്പെട്ട കോടതിയുടെ നിർദ്ദേശമില്ലാതെ ആരെയും പിരിച്ചുവിട്ടിട്ടില്ല. കോടതി ഉത്തരവുപ്രകാരം താൽക്കാലിക കണ്ടക്ടർമാർ പിരിച്ചുവിടപ്പെട്ടതുകൊണ്ടും സ്ഥിരം കണ്ടക്ടർമാർ നിയമാനുസൃതമായ അവധിയിൽ പ്രവേശിക്കുമ്പോഴുള്ള സർവ്വീസ് ക്യാൻസലേഷൻ ഒഴിവാക്കുന്നതിനായി 5 വർഷം തുടർച്ചയായി സർവ്വീസുള്ള താൽക്കാലിക കണ്ടക്ടർമാരിൽ താല്പര്യമുള്ളവരുടെ സേവനം കെ.എസ്.ആർ.ടി.സി. ഉപയോഗിക്കുന്നുണ്ട്.

(ഡി) സ്ഥിരം ജീവനക്കാരുടെ അഭാവത്തിൽ സർവ്വീസ് ഓപ്പറേഷന്റെ കൃത്യത നിലനിർത്തുന്നതിനായി താൽക്കാലിക ജീവനക്കാരെ നിയോഗിക്കുകയാണ് ചെയ്യുന്നത്. ആയത് ഓരോ ദിവസവും വ്യത്യസ്തമായിരിക്കും എന്നതിനാൽ ആവശ്യാനുസരണം എല്ലാവർക്കും ജോലി ലഭ്യമാക്കാൻ കോർപ്പറേഷന് കഴിയുകയില്ല. ഓരോ യൂണിറ്റിലെയും സർവ്വീസ് ഓപ്പറേഷനെ ആസ്പദമാക്കി ജോലി ലഭ്യമാക്കുന്നുണ്ട്.

## കെ.എസ്.ആർ.ടി.സി. ഡ്രൈവർ തസ്തിക

311 (1815) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ താൽക്കാലിക ഡ്രൈവർമാരെ നിയമിക്കുമ്പോൾ അവരെ 179 ദിവസത്തിൽ കൂടുതൽ സർവ്വീസിൽ തുടരുവാൻ അനുവദിക്കരുതെന്ന് കോടതി നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) കെ.എസ്.ആർ.ടി.സി. ഡ്രൈവർ തസ്തികയുടെ പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) കെ.എസ്.ആർ.ടി.സി. ഡ്രൈവർ തസ്തികയിലേക്ക് പി.എസ്.സി. മുഖേന നിയമനം നൽകുന്നതിലൂടെ കെ.എസ്.ആർ.ടി.സി. യുടെ സാമ്പത്തിക പ്രതിസന്ധി കൂടുതൽ രൂക്ഷമാകുമെന്ന് കരുതുന്നുണ്ടോ;

(ഡി) എങ്കിൽ ഇതുമൂലം കെ.എസ്.ആർ.ടി.സി.ക്ക് എന്ത് അധിക ബാധ്യതയാണ് പ്രതിമാസം ഉണ്ടാകുന്നതെന്ന് വിശദീകരിക്കാമോ?

### ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ താൽക്കാലിക ഡ്രൈവർമാരെ നിയമിക്കുമ്പോൾ അവരെ 179 ദിവസത്തിൽ കൂടുതൽ സർവ്വീസിൽ തുടരാൻ അനുവദിക്കരുതെന്ന് കോടതി നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) റാങ്ക് ലിസ്റ്റ് നിലവിലില്ല.

(സി&ഡി) കെ.എസ്.ആർ.ടി.സി.-യിൽ ഇനിയുള്ള ഓപ്പറേറ്റിംഗ് വിഭാഗം നിയമനങ്ങളെല്ലാം ഡ്രൈവർ-കം-കണ്ടക്ടർ തസ്തികയിൽ മാത്രം നടത്തിയാൽ മതിയെന്ന് കെ.എസ്.ആർ.ടി.സി.-യിലെ അംഗീകൃത സംഘടനകളുമായി നടത്തിയ ചർച്ചയിൽ തീരുമാനിച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-യിലെ എംപാനൽ ഡ്രൈവർമാർ

312 (1816) ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിലെ എംപാനൽ ഡ്രൈവർമാരെ പിരിച്ചുവിടണമെന്ന കേരള ഹൈക്കോടതി വിധിയിൽ ഇടപെടാൻ സുപ്രീംകോടതി വിസമ്മതിച്ചത് കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനത്തെ പ്രതിസന്ധിയിലാക്കിയിട്ടുണ്ടോ;

(ബി) നിലവിൽ കെ.എസ്.ആർ.ടി.സി.യിൽ എത്ര എംപാനൽ ഡ്രൈവർമാരുണ്ട്; അവർക്ക് ദിവസവേതനമായി എത്ര തുകയാണ് നൽകുന്നതെന്ന് അറിയിക്കുമോ;

(സി) കെ.എസ്.ആർ.ടി.സി. നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-യിലെ എംപാനൽ ഡ്രൈവർമാരെ പിരിച്ചുവിടണമെന്ന ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിധിയിൽ ഇടപെടാൻ സുപ്രീംകോടതി വിസമ്മതിച്ചത് കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനത്തെ പ്രതിസന്ധിയിലാക്കിയിട്ടില്ല. വിധി നടപ്പാക്കാൻ ബഹുമാനപ്പെട്ട സുപ്രീം കോടതി ജൂൺ 30 വരെ സമയം അനുവദിച്ചിട്ടുണ്ട്.

(ബി) നിലവിൽ കെ.എസ്.ആർ.ടി.സി.-യിൽ 1549 താൽക്കാലിക ഡ്രൈവർമാരുണ്ട്, 2019 മേയ് മാസത്തിലെ വേതനം നൽകിയ ഇനത്തിൽ ടി ജീവനക്കാർക്ക് 1,80,87,311 രൂപ നൽകിയിട്ടുണ്ട്.

(സി) കെ.എസ്.ആർ.ടി.സി.-യിലെ എംപാനൽ ഡ്രൈവർമാരെ പിരിച്ചുവിടണമെന്ന ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയിൽ ഇടപെടാൻ ബഹുമാനപ്പെട്ട സുപ്രീം കോടതി വിസമ്മതിച്ചത് കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനത്തെ നിലവിൽ പ്രതിസന്ധിയിലാക്കിയിട്ടില്ല.

## കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിലെ പാർക്കിംഗ് ഫീസ്

313 (1817) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബി.ഒ.ടി. അടിസ്ഥാനത്തിൽ നിർമ്മിച്ചിട്ടുള്ള വിവിധ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിലെ പാർക്കിംഗ് ഫീസ് ഈടാക്കിയെടുക്കുന്നതിന് സ്വകാര്യ ഏജൻസികളെ ഏൽപ്പിച്ചത് ലാഭകരമായെന്ന് കരുതുന്നുണ്ടോ; എങ്കിൽ എപ്രകാരം; ഇല്ലെങ്കിൽ ഇവർക്ക് നൽകിയിട്ടുള്ള കരാർ അടിയന്തരമായി റദ്ദ് ചെയ്യുമോ;

(ബി) തിരുവനന്തപുരത്ത് നിർമ്മിച്ചിട്ടുള്ള ബസ് സ്റ്റേഷനിലും വാണിജ്യാടിസ്ഥാനത്തിലുള്ള മന്ദിരത്തിലും വാഹനം പാർക്ക് ചെയ്യുമ്പോൾ അനുവദനീയമായ നിശ്ചിത സമയം കഴിഞ്ഞാലുടൻ ഭീമമായ അധീഷണൽ ചാർജ്ജ് ഈടാക്കുന്ന രീതിക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;വ്യക്തമാക്കുമോ;

(സി) സർക്കാർ ഈ കരാർ നീട്ടിനൽകിയതിന് കാരണമെന്താണ്; ഈ കെട്ടിടത്തിലെ പാർക്കിംഗ് ഫീസ് ഈടാക്കിയെടുക്കുന്നതിനുള്ള കരാർ സ്വകാര്യ കരാറുകാരന് തുടർന്നും നല്കാതെ ഏതെങ്കിലും സർക്കാർ ഏജൻസിക്ക് നൽകാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ തീരുമാനം എപ്പോൾ പ്രാവർത്തികമാക്കാനാകുമെന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ) കെ.റ്റി.ഡി.എഫ്.സി. സംസ്ഥാനത്ത് ബി.ഒ.ടി. അടിസ്ഥാനത്തിൽ നിർമ്മിച്ചിട്ടുള്ള വിവിധ കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സുകളിലെ പാർക്കിംഗ് സംവിധാനത്തിന്റെ നടത്തിപ്പിനുള്ള ലൈസൻസ് നൽകിയിരിക്കുന്നത് ഇ-ടെണ്ടർ മുഖേനയാണ്. ഇതിൽ ഏറ്റവും ഉയർന്ന തുക quote ചെയ്യുന്ന വ്യക്തിക്കോ/ഏജൻസികൾക്കോ ആണ് പാർക്കിംഗ് സംവിധാനത്തിന്റെ നടത്തിപ്പിനുള്ള ലൈസൻസ് നൽകുന്നത്. ഈ സംവിധാനം കെ.റ്റി.ഡി.എഫ്.സി.-യെ സംബന്ധിച്ച് ലാഭകരമാണ്. പാർക്കിംഗ് സംവിധാനത്തിന്റെ നടത്തിപ്പിനുള്ള ലൈസൻസ് ലഭിച്ച വ്യക്തിയോ ഏജൻസിയോ ടെണ്ടർ നിബന്ധനകളിൽനിന്നും വ്യതിചലിക്കുകയാണെങ്കിൽ ടി ലൈസൻസ് റദ്ദ് ചെയ്യാനുള്ള അവകാശം കെ.റ്റി.ഡി.എഫ്.സി.-യിൽ നിക്ഷിപ്തമാണ്.

(ബി) തിരുവനന്തപുരത്തെ തമ്പാനൂർ ബസ് ടെർമിനൽ കോംപ്ലക്സിലെ പാർക്കിംഗ് ഏരിയയിൽ വാഹനം പാർക്ക് ചെയ്യുന്നതിന് നിശ്ചിത ഫീസ് മാത്രമേ ഈടാക്കാൻ ലൈസൻസ് എടുത്തിരിക്കുന്ന വ്യക്തിക്കോ ഏജൻസിക്കോ കരാർ/ടെണ്ടർ നിബന്ധനകൾ പ്രകാരം അവകാശമുള്ളൂ. മാത്രവുമല്ല ഫീസ് നിരക്ക് വ്യക്തമായി കാണുന്ന രീതിയിൽ പ്രദർശിപ്പിക്കുന്നുമുണ്ട്. നിശ്ചിത നിരക്കിനേക്കാൾ കൂടുതൽ ഫീസ് ഈടാക്കുന്നുവെന്ന പരാതി ലഭിക്കുന്ന പക്ഷം ലൈസൻസിക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

(സി) തമ്പാനൂർ ബസ് ടെർമിനൽ കോംപ്ലക്സിലെ പാർക്കിംഗ് സംവിധാനം നിലവിൽ ഇ-ടെണ്ടർ മുഖേന 15-10-2018 മുതൽ ഒരു വർഷത്തേയ്ക്കാണ് ലൈസൻസ് അനുവദിച്ചിരിക്കുന്നത്. ആയതിന്റെ കാലാവധി 14-10-2019-ൽ മാത്രമേ അവസാനിക്കുകയുള്ളൂ. ആയതിന്റെ കാലാവധി നീട്ടി നൽകിയിട്ടില്ല. ഇ-ടെണ്ടർ മുഖേന പാർക്കിംഗ് സംവിധാനം അലോട്ട് ചെയ്യുന്നതിനാൽ സർക്കാർ ഏജൻസികൾക്കോ പൊതുമേഖലാ സ്ഥാപനങ്ങൾക്കോ സ്വകാര്യ വ്യക്തികൾക്കോ

ഇ-ടെണ്ടറിൽ പങ്കെടുക്കുന്നതിന് യാതൊരു തടസ്സവുമില്ല. പ്രസ്തുത ടെണ്ടർ ക്ഷണിക്കുമ്പോൾ പരസ്യം നൽകാറുണ്ട്. ടെൻഡറിൽ പങ്കെടുക്കാൻ താല്പര്യമുള്ള സർക്കാർ ഏജൻസികൾക്ക് ടെണ്ടർ പബ്ലിഷ് ചെയ്യുന്ന സമയം രേഖാമൂലം അറിയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ കുടിവെള്ള സൗകര്യം ഉറപ്പാക്കൽ

314 (1818) ശ്രീ. കെ. എം. ഷാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലും പൊതുജനങ്ങൾക്ക് ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുവാൻ നിലവിൽ എന്തെങ്കിലും സംവിധാനം ഒരുക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ഡിപ്പോകളിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സൗകര്യം ഒരുക്കിയിട്ടില്ലാത്ത ഡിപ്പോകളിൽ ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുവാൻ സന്നദ്ധരായ ഏതെങ്കിലും സ്പോൺസർമാരെ കണ്ടെത്തുകയോ, കഴിയാത്തപക്ഷം അതിനുള്ള സൗകര്യം ഒരുക്കിത്തരുവാൻ വാട്ടർ അതോറിട്ടിയോട് ആവശ്യപ്പെടുകയോ ചെയ്യുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കാമോ;

(സി) പൊതുജനങ്ങൾക്ക് സൗജന്യമായി ലഭ്യമാക്കുന്ന കുടിവെള്ളം പ്രസ്തുത സ്റ്റേഷനുകളിൽ കട നടത്തുന്നവർ അവരുടെ ആവശ്യത്തിനായി ദുരുപയോഗം ചെയ്യുന്നില്ലെന്ന് ഉറപ്പാക്കുവാൻ ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കുമോ ;വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. തിരുവനന്തപുരം സെൻട്രൽ, നെയ്യാറ്റിൻകര, നെടുമങ്ങാട്, ആറ്റിങ്ങൽ, ചെങ്ങന്നൂർ, കാട്ടാക്കട, പേരൂർക്കട, പുനലൂർ, വെള്ളനാട്, തൃശ്ശൂർ, കാസർഗോഡ്, ചാലക്കുടി, ഗുരുവായൂർ, മൂവാറ്റുപുഴ, നോർത്ത് പറവൂർ, ആലുവ, ആലപ്പുഴ, തിരുവല്ല എന്നീ സ്ഥലങ്ങളിൽ നിലവിൽ ഈ സംവിധാനമുണ്ട്.

(ബി) ടി പ്രവൃത്തി ചെയ്യുന്നതിന് സന്നദ്ധരായ സ്പോൺസർമാരെ കണ്ടെത്തുകയോ അല്ലാത്തപക്ഷം എം.പി./എം.എൽ.എ. ഫണ്ട് വഴി സൗകര്യം ഒരുക്കാൻ കഴിയുമോ എന്ന് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതാണ്.

(സി) ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## മലിനീകരണത്തിന്റെ തോത് കുറയ്ക്കാൻ ഇ-ബസ്സുകൾ

315 (1819) ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മലിനീകരണത്തിന്റെ തോത് കുറയ്ക്കുവാനായി നോൺ എ.സി., ഇ-ബസ്സുകൾ വാടകയ്ക്ക് എടുത്ത് നിരത്തിലിറക്കുവാൻ കെ.എസ്.ആർ.ടി.സി. പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇത് സംബന്ധിച്ച ടെണ്ടർ നടപടികൾ ഏത് ഘട്ടത്തിലാണ്;

(സി) നിലവിൽ കെ.എസ്.ആർ.ടി.സി. വാടകയ്ക്ക് എടുത്തിട്ടുള്ള ഇ-ബസ്സുകൾ ലാഭകരമാണോ; എങ്കിൽ എന്ത് ലാഭമാണ് ഇതിനകം ഉണ്ടായിട്ടുള്ളതെന്ന് വ്യകതമാക്കുമോ;

(ഡി) ഇ-ബസ്സുകളെക്കുറിച്ച് പഠിക്കാൻ ഗതാഗത വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥ സംഘം വിദേശ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത സന്ദർശനത്തിലൂടെ സംസ്ഥാനത്തിനുണ്ടായ നേട്ടം എന്താണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. നിലവിൽ ഒരു സി.എൻ.ജി. ബസ്സും 10 ഇലക്ട്രിക് ബസ്സുകളും സർവ്വീസ് നടത്തിവരുന്നുണ്ട്.

തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് മേഖലകളിലായി 12 മീറ്റർ നോൺ എ.സി. ഇ-ബസ്സുകൾ 500 എണ്ണം വീതം വെറ്റ് ലീസ് വ്യവസ്ഥയിൽ ലഭ്യമാക്കുന്നതിന് ദർഘാസ് കേരള സർക്കാരിന്റെ വെബ്സൈറ്റ് വഴി പരസ്യപ്പെടുത്തിയിട്ടുണ്ട്.

(ബി) ദർഘാസ് കേരള സർക്കാർ ഇ-പോർട്ടൽ വഴി 15-5-2019-ൽ പരസ്യപ്പെടുത്തിയിട്ടുണ്ട്.

(സി) അന്തരീക്ഷ മലിനീകരണം വളരെയധികം രൂക്ഷമായ നിലവിലെ സാഹചര്യത്തിൽ ബദൽ മാർഗ്ഗമെന്ന രീതിയിൽ പരിസ്ഥിതിക്ക് ഇണങ്ങുന്ന രീതിയിൽ തുടക്കംക്കുറിച്ച സർവ്വീസുകളാണ് സി.എൻ.ജി., ഇലക്ട്രിക് ബസ്സുകൾ. ആയത് ശബ്ദമലിനീകരണവും വായുമലിനീകരണവും കുറയ്ക്കുന്നതിന് വളരെയധികം

സഹായകമായിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം കൂട്ടുതൽ വ്യാപകമാക്കുന്നതിനും സഹായിച്ചിട്ടുണ്ട്. ഇലക്ട്രിക് ബസ് സർവ്വീസുകൾ നിലവിൽ ലാഭകരമല്ല.

(ഡി) നോട്ടിംഗ്ഹാം സിറ്റി കൗൺസിൽ സംഘടിപ്പിച്ച ഇലക്ട്രിക് മൊബിലിറ്റി, അൾട്രാ ലോ എമിഷൻ ഇലക്ട്രിക് മൊബിലിറ്റി, ഇന്റഗ്രേറ്റഡ് ട്രാൻസ്പോർട്ട് സിസ്റ്റം, ഇന്റഗ്രേറ്റഡ് സർവ്വീസിംഗ്, ഇൻസ്റ്റിറ്റ്യൂഷണൽ & സ്ട്രക്ച്ചറൽ ആൾട്രേഷൻ, യൂണിഫൈഡ് മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി എന്നീ വിഷയങ്ങൾ സംബന്ധിച്ച ചർച്ചകളിൽ പങ്കെടുക്കുന്നതിനായി ബഹുമാനപ്പെട്ട ഗതാഗത വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥസംഘം 2-6-2019 മുതൽ 9-6-2019 വരെയുള്ള കാലയളവിൽ യുണൈറ്റഡ് കിംഗ്ഡത്തിൽ ഉൾപ്പെട്ട നോട്ടിംഗ്ഹാം, ലണ്ടൻ എന്നീ സ്ഥലങ്ങൾ സന്ദർശിച്ചിരുന്നു.

(ഇ) വായുമലിനീകരണം കുറച്ചുകൊണ്ട് നോട്ടിംഗ്ഹാം സിറ്റിക്ക് സമാനമായി ഇലക്ട്രിക് വാഹനഗതാഗതം സംസ്ഥാനത്തെ മെട്രോപൊളിറ്റൻ സിറ്റികളിൽ നടപ്പിലാക്കാനുള്ള രൂപരേഖ തയ്യാറാക്കാൻ ഈ യാത്ര പ്രയോജനപ്പെടും.

റോഡ് സുരക്ഷ വർദ്ധിപ്പിക്കുന്നതിനുള്ള ആധുനിക സാങ്കേതികവിദ്യ മനസ്സിലാക്കുന്നതിനും അത് സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനും ലണ്ടൻ ട്രാൻസ്പോർട്ട് റിസർച്ച് ലബോറട്ടറിയുടെ സഹായം പ്രയോജനപ്പെട്ടു.

ബർമിംഗ്ഹാം യൂണിവേഴ്സിറ്റി സന്ദർശിച്ച അവസരത്തിൽ ഗതാഗത വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ശ്രീചിത്തിരതിരുനാൾ എഞ്ചിനീയറിംഗ് കോളേജിനെ ബർമിംഗ്ഹാം സർവ്വകലാശാല ഫാക്കൽറ്റി & സ്റ്റുഡൻസ് എക്സ്ചേഞ്ച് പ്രോഗ്രാമിൽ ഉൾപ്പെടുത്തുന്നതിനുള്ള ചർച്ചകൾക്ക് തുടക്കംകുറിച്ചു.

**കെ.എസ്.ആർ.ടി.സി. ദീർഘദൂര സർവ്വീസുകൾ**

316 (1820) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. സി. എഫ്. തോമസ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീർഘദൂര സർവ്വീസുകളിൽ നിന്ന് കെ.എസ്.ആർ.ടി.സി. പിൻമാറി പുതിയ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) സൂപ്പർ ഫാസ്റ്റ്, ഫാസ്റ്റ് പാസ്സഞ്ചർ സർവ്വീസുകൾ ചെയിൻ സർവ്വീസാക്കുന്നതുകൊണ്ടുള്ള മെച്ചമെന്താണെന്ന് അറിയിക്കുമോ;

(സി) ദീർഘദൂര യാത്രകൾക്ക് സ്വകാര്യ ലക്ഷ്വറി ബസ്സുകളെ ആശ്രയിക്കുന്ന യാത്രികർക്ക് നേരെയുണ്ടാകുന്ന അതിക്രമങ്ങൾ കണക്കിലെടുത്ത് കെ.എസ്.ആർ.ടി.സി. ഈ മേഖലയിൽ കൂടുതൽ ആകർഷകമായ സർവ്വീസ് നടത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യുടെ പ്രധാന വരുമാന സ്രോതസ്സുകളാണ് ദീർഘദൂര സർവ്വീസുകൾ. ടി സർവ്വീസുകളിൽനിന്ന് പിന്മാറി പുതിയ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല.

(ബി) കൃത്യമായ സമയക്രമവും ഇടവേളയും നിശ്ചയിച്ച് യാത്രക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട യാത്രാസൗകര്യം ഒരുക്കുന്നതിനാണ് തിരുവനന്തപുരം മുതൽ തൃശ്ശൂർ വരെയുള്ള ദേശസാൽകൃത റൂട്ടിൽ കെ.എസ്.ആർ.ടി.സി. സൂപ്പർഫാസ്റ്റ് ചെയിൻ സർവ്വീസ് 6-5-2019 മുതൽ ആരംഭിച്ചിട്ടുള്ളത്. ഇതിനായി കെ.എസ്.ആർ.ടി.സി.-യുടെ 257 സൂപ്പർഫാസ്റ്റ് സർവ്വീസുകളുടെ ട്രിപ്പുകളുടെ സമയക്രമം പുനഃക്രമീകരിച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാർക്ക് കൂടുതൽ പ്രയോജനകരമാകുന്ന രീതിയിലാണ് ടി സർവ്വീസുകൾ പുനഃക്രമീകരിച്ചിട്ടുള്ളത്. എന്നാൽ ഹ്രസ്വദൂര യാത്രക്കാർ കൂടുതലായി ആശ്രയിക്കുന്ന നിലവിലുള്ള ഫാസ്റ്റ് പാസ്സഞ്ചർ, ഓർഡിനറി എന്നീ സർവ്വീസുകളുടെ സമയക്രമം പുനഃക്രമീകരിച്ചിട്ടില്ലാത്തതാണ്.

(സി) തിരുവനന്തപുരം-തൃശ്ശൂർ മേഖലയിൽ ദീർഘദൂര യാത്രക്കാർക്ക് കൂടുതൽ മികച്ച സൗകര്യം ഒരുക്കുന്നതിനായി 15 മിനിട്ട് ഇടവേളകളിൽ സർവ്വീസ് ക്രമീകരിച്ചിട്ടുണ്ട്. കൂടാതെ ബാംഗ്ലൂർ, ചെന്നൈ തുടങ്ങിയ പ്രധാന നഗരങ്ങളിലേയ്ക്ക് കൂടുതൽ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തമിഴ്നാടുമായുള്ള അന്തർസംസ്ഥാന ഗതാഗത കരാർ രൂപീകരിച്ച് നടപടികൾ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ടി കരാർ പ്രകാരം എറണാകുളം - ചെന്നൈ റൂട്ടും തിരുവനന്തപുരം-ചെന്നൈ റൂട്ടും സർവ്വീസ് ആരംഭിക്കുന്നതിനായി അന്തർ സംസ്ഥാന കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കോയമ്പത്തൂർ, സേലം വഴി ബാംഗ്ലൂരിലേയ്ക്കും ഗൂഡല്ലൂർ, മൈസൂർ വഴി ബാംഗ്ലൂരിലേയ്ക്കും ഉള്ള റൂട്ടുകൾ ബസ്സുകളുടെ ലഭ്യതയ്ക്കനുസരിച്ച് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. ആദ്യഘട്ടമായി കോട്ടയം-കോയമ്പത്തൂർ, കോട്ടയം-പളനി, തൃശ്ശൂർ-ഊട്ടി, എറണാകുളം-പളനി, മാനന്തവാടി-കോയമ്പത്തൂർ, സുൽത്താൻബത്തേരി-കോയമ്പത്തൂർ, അർത്തുംഗൽ - വേളാങ്കണ്ണി-കോയമ്പത്തൂർ, കോഴിക്കോട്-നിലമ്പൂർ-ഗൂഡല്ലൂർ എന്നീ 8 സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള

15 പെർമിറ്റുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ കെ.എസ്.ആർ.ടി.സി. ആരംഭിച്ചിട്ടുണ്ട്. തമിഴ്നാടുമായി രൂപീകരിച്ച പുതിയ ഗതാഗത കരാർ പ്രകാരം എല്ലാ വർഷവും ഓണം, ദസറ, ദീപാവലി, ക്രിസ്തുമസ്, മധ്യവേനൽ അവധിക്കാലം, ശബരിമല ഉത്സവകാലം എന്നിങ്ങനെ യാത്രാതിരക്ക് അനുഭവപ്പെടുന്ന എല്ലാ ഉത്സവകാലത്തും ബാംഗ്ലൂർ, മൈസൂർ, കോയമ്പത്തൂർ, ചെന്നൈ എന്നീ പ്രധാന നഗരങ്ങളിലേയ്ക്ക് ആവശ്യാനുസരണം സർവ്വീസുകൾ നടത്തുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. 2019 ഏപ്രിൽ മാസം മുതൽ ബാംഗ്ലൂരിലേയ്ക്ക് കൂടുതൽ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ നടത്തുന്നതിനായി 29 ബസ്സുകൾ അധികമായി പെർമിറ്റെടുത്ത് സർവ്വീസുകൾ നടത്തിവരികയുമാണ്.

## കെ.എസ്.ആർ.ടി.സി. അന്തർസംസ്ഥാന സർവ്വീസുകൾ

317 (1821) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ നിലവിലുള്ള അന്തർസംസ്ഥാന സർവ്വീസുകൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സർവ്വീസുകളിൽ നിന്നുള്ള വരുമാനത്തിന്റെ വിശദാംശങ്ങൾ ലാഭനഷ്ടവിവരം സഹിതം ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) കെ.എസ്.ആർ.ടി.സി.-യുടെ നിലവിലുള്ള അന്തർസംസ്ഥാന സർവ്വീസുകൾ, അവയുടെ വരുമാനം എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്*. പ്രസ്തുത സർവ്വീസുകളിൽനിന്നും മെച്ചപ്പെട്ട ശരാശരി വരുമാനം ലഭിക്കുന്നതിനാൽ വരുമാന നഷ്ടം വരുന്നതായി കണക്കാക്കിയിട്ടില്ല.

## പുതിയ കെ.എസ്.ആർ.ടി.സി. ബസ്സുകൾ

318 (1822) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. എത്ര പുതിയ ബസുകൾ വാങ്ങിയിട്ടുണ്ട്; വർഷംതിരിച്ച് കണക്ക് നൽകാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഹൈറേഞ്ച് മേഖലയിൽ പുതിയ വാഹനങ്ങൾ പരമാവധി നൽകാൻ പ്രത്യേകം ശ്രദ്ധിക്കുമോ;

(സി) വയനാട് ജില്ലയിൽ ചെറിയ ബസ്സുകൾ ലഭ്യമല്ലാത്തതിനാൽ ലാഭകരമായേക്കാവുന്ന പല ട്രിപ്പുകളും തുടങ്ങാനാകാത്ത സാഹചര്യം നിലനിൽക്കുന്നതിനാൽ ചെറിയ ബസ്സുകൾ വാങ്ങാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽവന്ന ശേഷം (25-05-2016) കെ.എസ്.ആർ.ടി.സി.-യിൽ വാങ്ങിയ 101 പുതിയ ബസ്സുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| തീയതി | എണ്ണം |
|---|---|
| 30-9-2016 | 1- സി.എൻ.ജി. ബസ് |
| 25-9-2017 | 20-പൂർണ്ണ നിർമ്മിത സൂപ്പർ ഫാസ്റ്റ് പാസഞ്ചർ ബസ് |
| 25-9-2017 | 80-പൂർണ്ണ നിർമ്മിത ഫാസ്റ്റ് പാസഞ്ചർ ബസ് |
| ആകെ | 101-ബസ് |

(ബി) പരമാവധി താരതമ്യേന പുതിയ ബസ്സുകൾ ഹൈറേഞ്ച് സെക്ടറുകളിൽ നൽകിവരുന്നുണ്ട്.

(സി) പുതിയ ചെറിയ ബസ്സുകൾ വാങ്ങുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## ഇലക്ട്രിക് ബസ്സുകൾ

319 (1823) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ കെ.എസ്.ആർ.ടി.സി.യുടെ കീഴിൽ ഇലക്ട്രിക് ബസ്സുകൾ സർവീസ് നടത്തുന്നുണ്ടോ; വിശദവിവരങ്ങൾ നൽകാമോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ റൂട്ടുകളിലാണ് സേവനം ഉള്ളതെന്ന് വിശദമാക്കാമോ;

(സി) ഇലക്ട്രിക് ബസ്സുകൾ സേവനം നിർത്തിയിട്ടുണ്ടെങ്കിൽ എന്താണ് കാരണമെന്ന് വിശദമാക്കാമോ;

(ഡി) ഇലക്ട്രിക് ബസ്സുകൾ ഉപയോഗിച്ചതുമൂലം ഉണ്ടായ ലാഭനഷ്ട ക്കണക്കുകൾ വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. തിരുവനന്തപുരം-എറണാകുളം റൂട്ടിൽ 10 ഇലക്ട്രിക് ബസ്സുകൾ അനുവദിച്ചിരുന്നു. ഇവയിൽ 5 എണ്ണം വീതം തിരുവനന്തപുരം സിറ്റി, എറണാകുളം എന്നീ ഡിപ്പോകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി)തിരുവനന്തപുരം-എറണാകുളം സർവ്വീസുകൾ കൊല്ലം, ആലപ്പുഴ വഴി ഓപ്പറേറ്റ് ചെയ്തുവരുന്നുണ്ട്.

(സി) നിലവിൽ 8 ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്. 2 ബസ്സുകൾ അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ താൽക്കാലികമായി സർവ്വീസ് നടത്തുന്നില്ല.

(ഡി) അന്തരീക്ഷ മലിനീകരണം വളരെയധികം രൂക്ഷമായ നിലവിലെ സാഹചര്യത്തിൽ ബദൽ മാർഗ്ഗമെന്ന രീതിയിൽ പരിസ്ഥിതിക്ക് ഇണങ്ങുന്ന രീതിയിൽ തുടക്കം കുറിച്ച സർവ്വീസുകളാണ് സി.എൻ.ജി., ഇലക്ട്രിക് ബസ്സുകൾ. ആയത് ശബ്ദമലിനീകരണവും വായുമലിനീകരണവും കുറയ്ക്കുന്നതിന് വളരെയധികം സഹായകമായിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം കൂടുതൽ വ്യാപകമാക്കുന്നതിനും സഹായിച്ചിട്ടുണ്ട്. നിലവിൽ ഇലക്ട്രിക് ബസ് സർവ്വീസുകൾ ലാഭകരമല്ല.

## തിരുവനന്തപുരം-തൃശ്ശൂർ റൂട്ടിൽ ഓർഡിനറി ബസ് സർവ്വീസ്

320 (1824) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-തൃശ്ശൂർ ദേശസാൽകൃത റൂട്ടിൽ ഫാസ്റ്റ് പാസ്സഞ്ചറിന്റെയും സൂപ്പർഫാസ്റ്റിന്റെയും ദീർഘദൂര ചെയിൻ സർവ്വീസ് തുടങ്ങിയപ്പോൾ പ്രസ്തുത റൂട്ടിലുള്ള ഹ്രസ്വദൂര യാത്രക്കാർക്ക് അനുഭവപ്പെടുന്ന യാത്രാബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുപരിഹരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന ബദൽ സംവിധാനം എന്തെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത റൂട്ടിൽ ഹ്രസ്വദൂര യാത്രക്കാർക്കായി പതിനഞ്ച് മിനിട്ടെങ്കിലും ഇടവിട്ട് ഓർഡിനറി ബസ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കൃത്യമായ സമയക്രമവും ഇടവേളയും നിശ്ചയിച്ച് യാത്രക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട യാത്രാസൗകര്യം ഒരുക്കുന്നതിനാണ് തിരുവനന്തപുരം മുതൽ തൃശ്ശൂർ വരെയുള്ള ദേശസാൽകൃത റൂട്ടിൽ കെ.എസ്.ആർ.ടി.സി. സൂപ്പർഫാസ്റ്റ് ചെയിൻ സർവ്വീസ് 6-5-2019 മുതൽ ആരംഭിച്ചിട്ടുള്ളത്. ഇതിനായി കെ.എസ്.ആർ.ടി.സി.-യുടെ 257 സൂപ്പർഫാസ്റ്റ് സർവ്വീസുകളുടെ ട്രിപ്പുകളുടെ സമയക്രമം പുനഃക്രമീകരിച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാർക്ക് കൂടുതൽ പ്രയോജനകരമാകുന്ന രീതിയിലാണ് ടി സർവ്വീസുകൾ പുനഃക്രമീകരിച്ചിട്ടുള്ളത്. എന്നാൽ ഹ്രസ്വദൂര യാത്രക്കാർ കൂടുതലായി ആശ്രയിക്കുന്ന നിലവിലുള്ള ഫാസ്റ്റ് പാസ്സഞ്ചർ, ഓർഡിനറി എന്നീ സർവ്വീസുകളുടെ സമയക്രമം പുനഃക്രമീകരിച്ചിട്ടില്ലാത്തതാണ്. ആയതിനാൽ ടി ക്രമീകരണത്തിലൂടെ ഹ്രസ്വദൂര യാത്രക്കാർക്ക് യാത്രാബുദ്ധിമുട്ട് ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ആലുവ-തൃപ്പൂണിത്തുറ റൂട്ടിലെ കെ.എസ്.ആർ.ടി.സി. ബസ്

321 (1825) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ-തൃപ്പൂണിത്തുറ റൂട്ടിൽ പുതുതായി ആരംഭിച്ച കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസിന് ശരാശരി എത്ര കളക്ഷൻ ലഭിക്കുന്നുണ്ട്;

(ബി) ആലുവ-മാറമ്പള്ളി-പെരുമ്പാവൂർ റൂട്ടിൽ പുതിയ ബസ്സുകൾ അനുവദിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശരാശരി 6866 രൂപ കളക്ഷൻ ലഭിക്കുന്നുണ്ട്.

(ബി) ആലുവ-മാറമ്പള്ളി-പെരുമ്പാവൂർ റൂട്ടിൽ കെ.എസ്.ആർ.ടി.സി. നിരവധി സർവ്വീസുകൾ നിലവിൽ നടത്തിവരുന്നുണ്ട്. പെരുമ്പാവൂർ ഡിപ്പോയിൽ നിന്ന് യാത്രാതിരക്ക് കണക്കിലെടുത്ത് ഓരോ 10 മിനിട്ട് ഇടവേളകളിലും ഓർഡിനറി ചെയിൻ സർവ്വീസുകൾ നടത്തിവരുന്നുണ്ട്. 21 ചെയിൻ സർവ്വീസുകളും 6 ജൻറം സർവ്വീസുകളും ടി റൂട്ടിൽ കെ.എസ്.ആർ.ടി.സി. നടത്തിവരുന്നു. കൂടാതെ കട്ടപ്പന, കോതമംഗലം, കുമിളി തുടങ്ങിയ ഡിപ്പോകളിൽനിന്ന് ഫാസ്റ്റ് പാസ്സഞ്ചർ

ഉൾപ്പെടെയുള്ള നിരവധി സർവ്വീസുകളും ടി റൂട്ടിലൂടെ സർവ്വീസ് നടത്തിവരുന്നുണ്ട്. എന്നിരുന്നാലും ആവശ്യമെങ്കിൽ യാത്രക്കാർക്കും കെ.എസ്.ആർ.ടി.സി.-ക്കും ഗുണകരമാകുന്ന രീതിയിൽ കൂടുതൽ ബസ്സുകൾ ടി റൂട്ടിൽ ക്രമീകരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്.

## പിറവം ഡിപ്പോയിൽനിന്നും പിൻവലിച്ച സൂപ്പർഫാസ്റ്റ് ബസ്

322 (1826) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പിറവം ഡിപ്പോയിൽ നിന്നും 2019 മേയ് മാസത്തിൽ പിൻവലിച്ച സൂപ്പർഫാസ്റ്റ് ബസ് പ്രസ്തുത ഡിപ്പോയിൽത്തന്നെ നിലനിർത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കെ.എസ്.ആർ.ടി.സി.-യുടെ സർവ്വീസ് നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായാണ് പിറവം ഡിപ്പോയിൽ നിന്നും നടത്തിവന്നിരുന്ന പിറവം-സുൽത്താൻബത്തേരി സൂപ്പർഫാസ്റ്റ് സർവ്വീസ് സുൽത്താൻ ബത്തേരിയിൽ നിന്നും സർവ്വീസ് നടത്തുന്നതിനായി ക്രമീകരിച്ചിട്ടുള്ളത്. യാത്രക്കാർക്ക് കൃത്യമായ ഇടവേളകളിൽ സമയക്രമം പാലിച്ച് സർവ്വീസ് ലഭ്യമാക്കുന്നതിനും സർവ്വീസുകൾ അയയ്ക്കുന്നതിന് മതിയായ ബസ്സുകൾ ലഭ്യമാക്കുന്നതിനുമാണ് ഇപ്രകാരം ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. ടി നടപടി പിൻവലിക്കണമെന്ന് ബഹുമാനപ്പെട്ട എം.എൽ.എ. ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ടി നടപടിമൂലം യാത്രക്കാർക്കോ ടി സർവ്വീസിനോ യാതൊരുവിധ ബുദ്ധിമുട്ടുമുണ്ടാകാത്ത വിധത്തിലാണ് ടി ക്രമീകരണങ്ങൾ നടപ്പിൽ വരുത്തിയിട്ടുള്ളത്. കൂടാതെ കാര്യക്ഷമമായുള്ള സർവ്വീസ് നടത്തിപ്പിനായി ടി ക്രമീകരണങ്ങൾ അത്യന്താപേക്ഷിതമാകയാൽ ആയത് പിൻവലിക്കാൻ നിർവ്വാഹമില്ലാത്തതാണ്.

## റാന്നി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ

323 (1827) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നിയിലെ കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററിൽ എത്ര സർവ്വീസുകളാണ് നിലവിലുള്ളതെന്നും ഇതിനായി എത്ര ബസ്സുകളാണുള്ളതെന്നും അവിടെ എത്ര ജീവനക്കാരുടെ തസ്തിക ഒഴിവുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓപ്പറേറ്റിംഗ് സെന്റർ അടച്ചുപൂട്ടുന്നതിനായി കെ.എസ്.ആർ.ടി.സി. അധികൃതർ സ്വീകരിക്കുന്ന നടപടികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സർക്കാരിന്റെ അംഗീകാരത്തോടെയാണോ ഇത്തരം ജനദ്രോഹനയങ്ങൾ സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത സെന്റർ ആരംഭിച്ചശേഷം എത്ര ബസ്സുകൾ മറ്റ് സ്റ്റേഷനുകളിലേക്ക് കൊണ്ടുപോയിട്ടുണ്ട് ; ഇവ തിരികെ എത്തിക്കണമെന്ന് സ്ഥലം എം.എൽ.എ. ആവശ്യപ്പെട്ടതിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഒഴിവുകൾ നികത്തുന്നതിനും കൊണ്ടുപോയ ബസ്സുകൾക്ക് പകരം ബസ്സുകൾ ലഭ്യമാക്കുന്നതിനും ഓപ്പറേറ്റിംഗ് സെന്റർ സുഗമമായി പ്രവർത്തിപ്പിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) റാന്നി ഓപ്പറേറ്റിംഗ് സെന്ററിൽ നിന്നും 18 ഷെഡ്യൂളുകൾ നടത്തുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. 19 KSRTC ബസ്സുകളും 2 KURTC ബസ്സുകളും ലഭ്യമാണ്. റാന്നി ഓപ്പറേറ്റിംഗ് സെന്ററിൽ നിലവിൽ 17 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് നിലവിലുള്ള ജീവനക്കാരുടെ എണ്ണം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഡ്രൈവർ | 28 |
| കണ്ടക്ടർ | 17+(10 താൽകാലികം) |
| മെക്കാനിക്ക് | 9 |
| ജൂനിയർ അസിസ്റ്റന്റ് | 1 (താൽകാലികം) |
| ഇൻസ്പെക്ടർ | 1 |
| ഗാർഡ് | 3 |

നിലവിൽ കെ.എസ്.ആർ.ടി.സി.-യിലെ തസ്തികകളിലെ ഒഴിവ് നിർണ്ണയിച്ചിട്ടില്ല. ആയതിനാൽ ജീവനക്കാരുടെ ഒഴിവുകളുടെ എണ്ണം കണക്കാക്കിയിട്ടില്ല.

(ബി) റാന്നി ഓപ്പറേറ്റിംഗ് സെന്റർ അടച്ചുപൂട്ടുന്നതിനായി കെ.എസ്.ആർ.ടി.സി. നടപടികൾ സ്വീകരിച്ചിട്ടില്ല.

(സി&ഡി) റാന്നി ഓപ്പറേറ്റിംഗ് സെന്റർ തുടങ്ങിയതിനുശേഷം അധികമായി 4 ബസ്സുകൾ അനുവദിച്ചിട്ടുണ്ട്. എന്നാൽ സർവ്വീസ് ഓപ്പറേഷന് ആവശ്യമായ ബസ്സുകൾ കഴിഞ്ഞ് അധികമായ സ്പെയർ ബസ്സുകൾ വന്നതിനാൽ രണ്ട് ബസ്സുകൾ സ്ഥിരമായി മാറ്റുകയും താൽക്കാലികമായി സർവ്വീസ് നടത്തുന്നതിന് 3 ബസ്സുകൾ പത്തനാപുരം ഡിപ്പോയ്ക്കും ഒരു ബസ് പത്തനംതിട്ട ഡിപ്പോയ്ക്കും നൽകിയിട്ടുള്ളതാണ്. ബഹുമാനപ്പെട്ട എം.എൽ.എ. നൽകിയ കത്തിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി പത്തനംതിട്ട യൂണിറ്റ് ഓഫീസറിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിൽ കെ.എസ്.ആർ.ടി.സി.-യിൽ സുശീൽ ഖന്ന റിപ്പോർട്ട് അനുസരിച്ച് ജീവനക്കാരുടെ അനുപാതം ദേശീയ ശരാശരിയേക്കാൾ കൂടുതലായതിനാൽ അന്തിമ റിപ്പോർട്ട് അനുസരിച്ച് മാത്രമേ ഒഴിവ് നിർണ്ണയിക്കാനും ഒഴിവുകൾ നികത്താനും കഴിയുകയുള്ളൂ.

## റാന്നി-തിരുവല്ല ചെയിൻ സർവ്വീസ്

324 (1828) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ റാന്നി ഓപ്പറേറ്റിംഗ് സെന്ററിൽ നിന്നും എവിടേക്കെങ്കിലും ചെയിൻ സർവ്വീസ് ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ നിലവിൽ എത്ര സർവ്വീസുകൾ നടത്തുന്നുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ബി) റാന്നിയിൽ നിന്നും തിരുവല്ലയിലേക്ക് സ്വകാര്യ ബസ്സുകൾ മാത്രമുള്ള സ്ഥിതിക്ക് ഇവിടെ ചെയിൻ സർവ്വീസ് നടത്താതിരിക്കാനുള്ള കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത റൂട്ടിൽ ചെയിൻ സർവ്വീസ് ആരംഭിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) നിലവിൽ ചെയിൻ സർവ്വീസ് തുടങ്ങിയിട്ടില്ല. പന്തളം ഡിപ്പോയുമായി ചേർന്ന് റാന്നി-ചാരുംമൂട്-പന്തളം ചെയിൻ സർവ്വീസിനായുള്ള സാധ്യതാപഠനം നടത്തി പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്.

(ബി) റാന്നി-തിരുവല്ല റൂട്ടിൽ കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്നുണ്ട്.

(സി) ടി റൂട്ടിൽ ചെയിൻ സർവ്വീസ് തുടങ്ങാൻ തിരുവല്ല ഡിപ്പോയുമായി ചേർന്ന് സാധ്യതാപഠനം നടത്തി പരിശോധിക്കുന്നതാണ്.

## തൊടുപുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോ നിർമ്മാണം

325(1829) ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ നിർമ്മാണം നിലച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അവശേഷിക്കുന്ന നിർമ്മാണപ്രവൃത്തികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത ഡിപ്പോയോടനുബന്ധിച്ചുള്ള കടമുറികൾ ലേലം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) സമയബന്ധിതമായി നിർമ്മാണപ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോഴും നടന്നുവരുന്നു.

(ബി) Fire Fighting System സ്ഥാപിക്കുന്ന പ്രവൃത്തി, Sewage Treatment Plant നിർമ്മാണം, വൈദ്യുതീകരണ പ്രവൃത്തികൾ എന്നിവയുടെ പൂർത്തീകരണം, ഓഫീസ് പ്രവർത്തനത്തിനുവേണ്ട സൗകര്യങ്ങളൊരുക്കുന്ന പ്രവൃത്തി എന്നിവ അവശേഷിക്കുന്നുണ്ട്.

(സി) തൊടുപുഴ വാണിജ്യ സമുച്ചയത്തിലെ 10 കടമുറികൾ ലേലം/ടെണ്ടർ നടപടിയിലൂടെ വ്യക്തികൾക്ക് അനുവദിച്ചിട്ടുണ്ട്. 1,32,56,669 രൂപ (ഒരു കോടി മുപ്പത്തി രണ്ട് ലക്ഷത്തി അമ്പത്തിയാറായിരത്തി അറുന്നൂറ്റി അറുപത്തി ഒൻപത് രൂപ മാത്രം) പലിശ രഹിത നിക്ഷേപത്തുക ഇനത്തിൽ പ്രസ്തുത വ്യക്തികൾ വാഗ്ദാനം ചെയ്തിട്ടുണ്ട്. ആയതിൽ 91,65,002 രൂപ (തൊണ്ണൂറ്റിയൊന്ന് ലക്ഷത്തി അറുപത്തയ്യായിരത്തി രണ്ട് രൂപ മാത്രം) വ്യക്തികളിൽ നിന്നും ശേഖരിച്ചിട്ടുണ്ട്.

(ഡി) നിലവിൽ കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക പരാധീനതമൂലം പ്രവൃത്തി പൂർത്തീകരിക്കാൻ ആവശ്യമായ ഫണ്ട് ലഭ്യമല്ല. ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് മാത്രമേ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിയൂ.

## അങ്കമാലി കെ.എസ്.ആർ.ടി.സി. ഡിപ്പോ-കം-ഷോപ്പിംഗ് കോംപ്ലക്സ്

326 (1830) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി കെ.എസ്.ആർ.ടി.സി. ഡിപ്പോ-കം-ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണത്തിന് ആകെ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക കെ.എസ്.ആർ.ടി.സി. എവിടെ നിന്നാണ് വായ്പ എടുത്തതെന്നും ഇതിന്റെ പലിശ ഉൾപ്പെടെ എത്ര രൂപയാണ് തിരികെ അടയ്ക്കേണ്ടതെന്നുമുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) പദ്ധതിക്കായി ചെലവാക്കിയ വായ്പ തുകയിൽ നാളിതുവരെ എത്ര രൂപ തിരികെ അടച്ചിട്ടുണ്ടെന്നും ബാക്കി അടയ്ക്കാനുള്ള തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(ഡി) പലിശ ഇനത്തിലും വായ്പ ഇനത്തിലും നാളിതുവരെ എത്ര രൂപ അടച്ചിട്ടുണ്ടെന്ന കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ) അങ്കമാലി കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന് ആകെ 37.69 കോടി രൂപയാണ് ചെലവായത്.

(ബി) കെ.റ്റി.ഡി.എഫ്.സി. മുഖേന ബി.ഒ.ടി. വ്യവസ്ഥയിലാണ് കെ.എസ്.ആർ.ടി.സി.-യുടെ അങ്കമാലി ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ചിട്ടുള്ളത്. പൊതുജനങ്ങളിൽ നിന്നും സ്ഥിര നിക്ഷേപമായി സ്വീകരിച്ച തുക വിനിയോഗിച്ചാണ് കെ.റ്റി.ഡി.എഫ്.സി. അങ്കമാലി Bus Terminal Complex-ന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്.

(സി&ഡി) പദ്ധതിയുടെ നടത്തിപ്പിനായി കെ.റ്റി.ഡി.എഫ്.സി. വായ്പയൊന്നും എടുത്തിട്ടില്ല. പൊതുജനങ്ങളിൽനിന്നും സ്വീകരിച്ച സ്ഥിരനിക്ഷേപ തുക ഉപയോഗിച്ചാണ് അങ്കമാലി Bus Terminal Complex നിർമ്മിച്ചിട്ടുള്ളത്.

## അങ്കമാലി കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ ശോചനീയാവസ്ഥ

327 (1831) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ യാത്രക്കാരും ബസ് നിൽക്കുന്ന ഭാഗവും പ്രത്യേകിച്ച് ബസ് അകത്തേക്കും പുറത്തേക്കും പോകുന്ന

ഭാഗത്തെ തറയും ടൈലും താഴ്ന്നുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഡിപ്പോയുടെ ഗ്രൗണ്ടിന്റെ നിലവിലെ അവസ്ഥ ഇതാണെങ്കിൽ മഴക്കാലത്തെ സ്ഥിതി എന്തായിരിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) ആയിരക്കണക്കിന് യാത്രക്കാർ നിത്യവും വന്നുപോകുന്ന ഡിപ്പോയിൽ ടൈൽ താഴുന്നതിനും ഗട്ടർ വീഴുന്നതിനും പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിക്കുമോ;വിശദമാക്കുമോ;

(ഡി) ഇത് പുനരുദ്ധരിക്കുവാൻ ആവശ്യമായ തുക അനുവദിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) നിലവിൽ യാർഡിന് കാര്യമായ കുഴപ്പങ്ങളൊന്നുംതന്നെയില്ല. കുറച്ച് മാസങ്ങൾക്ക് മുമ്പ് കെ.എസ്.ആർ.ടി.സി.-യുടെ ഫണ്ട് വകയിരുത്തി യാർഡിന്റെ അത്യാവശ്യ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്.

(ഡി) കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ തുക അനുവദിക്കാൻ കഴിയില്ല. എന്നാൽ എം.പി./എം.എൽ.എ. ഫണ്ട് ലഭ്യമാകുകയാണെങ്കിൽ പുനർ നിർമ്മാണം നടത്താൻ സാധിക്കുന്നതാണ്.

**കോതമംഗലം ഡിപ്പോയിൽ പുതിയ ബസ് ടെർമിനൽ**

328 (1832) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ പുതിയ ബസ് ടെർമിനൽ നിർമ്മിക്കുന്നതിനുവേണ്ടി 2018-19 വർഷത്തെ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും 1.875 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രൊപ്പോസലിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) പ്രൊപ്പോസലിന് ഭരണാനുമതി ലഭ്യമാക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ഭരണാനുമതി ലഭ്യമാക്കുന്നതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ-ഡി) ഉണ്ട്. പ്രസ്തുത ബസ് ടെർമിനലിന്റെ നിർമ്മാണത്തിനായി SPV-യെ നിശ്ചയിക്കുന്നതിനുള്ള അന്തിമ വിശകലനം നടത്തിവരികയാണ്.

**കാസർഗോഡ് മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. സർവ്വീസ്**

329 (1833) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോട് നിയോജകമണ്ഡലത്തിൽ ബിറ്റുമെൻ മെക്കാഡവും ബിറ്റുമെൻ കോൺക്രീറ്റും ഉപയോഗിച്ച് നിർമ്മിച്ച നൂറു ശതമാനം ഗതാഗതയോഗ്യമായ റോഡുകളുള്ളതും ജനവാസകേന്ദ്രങ്ങളുമായ ഏതെല്ലാം റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്നില്ല എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത റൂട്ടുകളിൽ എന്തുകൊണ്ടാണ് കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്താത്തതെന്നും എപ്പോൾ സർവ്വീസ് ആരംഭിക്കുമെന്നും വെളിപ്പെടുത്തുമോ;

(സി) ഈ നിയോജകമണ്ഡലത്തിൽ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ ഉള്ളതും ഇല്ലാത്തതുമായ പ്രദേശങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ലാഭകരമല്ല എന്ന കാരണത്താൽ സർവ്വീസുകൾ റദ്ദ് ചെയ്തത് ഏതൊക്കെ റൂട്ടിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ)
1. വിദ്യാനഗർ-സീതങ്കൊലി
2. നിർഹൽ-സിറിബാഗില്യ
3. ബോവിക്കാനം-ബെലിഞ്ച
4. മൊഗ്രൽ പുത്തൂർ- ചിറക്കായി കടപ്പുറം
5. മഞ്ചമ്പാറ-അട്ടപറമ്പ്-കൊല്ലങ്കോട്-മല്ലം
6. മൊഗ്രൽ - മൈമൂൺ നഗർ-ശാന്തിപള്ളം-മൈപ്പാടി

(ബി) കൂടുതൽ ബസ്സുകൾ ലഭ്യമാകുന്ന സാഹചര്യത്തിൽ യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്ന റൂട്ടുകളിൽ സർവ്വീസ് തുടങ്ങുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) കടപ്പുറം, കുമ്പടാജെ പഞ്ചായത്ത്, ബേളൂർ പഞ്ചായത്ത് എന്നിവിടങ്ങളിൽ ഒഴികെയുള്ള ബാക്കി സ്ഥലങ്ങളിലെ പ്രധാന റോഡുകളിലൂടെ സർവ്വീസുകൾ നടത്തിവരുന്നു.

(ഡി) 1. 06.30 കിന്നിംഗാർ

2. 07.20 സുബ്രഹ്മണ്യ

3. 06.40 കുമ്പള-പുത്തൂർ

4. 15.00 മെക്കാറ

5. 07.10 ധർമ്മസ്ഥല

**തിരുവമ്പാടി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ**

330 (1834) <u>ശ്രീ. ജോർജ് എം. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും മൂന്നു കോടി രൂപ അനുവദിച്ച് ഭരണാനുമതി ലഭിച്ചതും പ്രവൃത്തി ഉദ്ഘാടനം നടത്തിയതുമായ തിരുവമ്പാടി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ പ്രവൃത്തി ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കാരണം വിശദമാക്കുമോ;

(സി) പ്രവൃത്തി ആരംഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) തിരുവമ്പാടി ഓപ്പറേറ്റിംഗ് സെന്ററിൽ ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. ജോർജ് എം. തോമസ് അവർകളുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച 2,78,96,160 രൂപ ഉപയോഗിച്ച് തിരുവമ്പാടി കെ.എസ്.ആർ.ടി.സി. ഡിപ്പോ നിർമ്മാണം എന്ന പ്രവൃത്തി ഊരാളുങ്കൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി മുഖേന നിർവ്വഹിക്കുന്നതിന് 26-7-2018-ലെ G.O(Rt)No. 339/2018/TRANS നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. എന്നാൽ തിരുവമ്പാടി ഓപ്പറേറ്റിംഗ് സെന്ററിൽ ഇപ്പോൾ ഗാരേജ് പ്രവർത്തിക്കുന്നത് സ്വകാര്യ സ്ഥലത്താണ്. അവിടെ ആകെ 38 ബസ്സുകൾ ഉപയോഗിച്ച് 31 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്തുവരുന്നുണ്ട്. തിരുവമ്പാടി പഞ്ചായത്ത് ഏറ്റെടുത്ത് കെ.എസ്.ആർ.ടി.സി.-ക്കുവേണ്ടി ഡെവലപ് ചെയ്ത് നൽകാൻ പോകുന്ന സ്ഥലത്താണ് ബഹുമാനപ്പെട്ട തിരുവമ്പാടി എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും ബസ് സ്റ്റേഷൻ ഗാരേജ് നിർമ്മിച്ച് നൽകുന്നതിനായിട്ടുള്ള ഇപ്പോഴത്തെ പ്രൊപ്പോസൽ. എന്നാൽ പ്രസ്തുത സ്ഥലം കെ.എസ്.ആർ.ടി.സി.-യുടെ പേരിൽ കൈമാറ്റം ചെയ്ത് തന്നിട്ടില്ല.

## മൂവാറ്റുപുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ നിർമ്മാണപ്രവർത്തനങ്ങൾ

331 (1835) ശ്രീ. എൽദോ എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൂവാറ്റുപുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നടന്നിട്ടുള്ള നിർമ്മാണവും നവീകരണ പ്രവർത്തനങ്ങളും ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഡിപ്പോയിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന നിർമ്മാണപ്രവർത്തനങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നിർമ്മിക്കുവാൻ അനുമതി ലഭിച്ച കെട്ടിടനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്നും എപ്പോൾ പൂർത്തിയാക്കുവാൻ കഴിയും എന്നും അറിയിക്കാമോ?

ഉത്തരം

(എ) യാർഡിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം ഫണ്ടിന്റെ അഭാവംമൂലം നിർത്തിവച്ചിരിക്കുകയാണ്.

(ബി) നിലവിൽ നിർമ്മാണപ്രവർത്തനങ്ങൾ നടക്കുന്നില്ല.

(സി) ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയിൽ കെ.എസ്.ആർ.ടി.സി.-യെ നിർമ്മാണ ചുമതലയിൽ നിന്നും ഒഴിവാക്കി M/s Habitat എന്ന സ്ഥാപനത്തെ ഏൽപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

## നാദാപുരത്തുനിന്നും കണ്ണൂർ എയർപോർട്ടിലേയ്ക്ക് ബസ് സർവ്വീസ്

332 (1836) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അനേകം ഗൾഫ് യാത്രക്കാർ ഉള്ള നാദാപുരത്തെ തൊട്ടിൽപ്പാലം ഡിപ്പോയിൽ നിന്നും കണ്ണൂർ എയർപോർട്ടിലേക്ക് കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

നിലവിൽ കെ.എസ്.ആർ.ടി.സി. തൊട്ടിൽപ്പാലം ഡിപ്പോയിൽനിന്നും ദിനംപ്രതി കണ്ണൂർ എയർപോർട്ട് വഴി ഒരു ട്രിപ്പ് നടത്തിവരുന്നുണ്ട്. കൂടുതൽ യാത്രക്കാർക്ക് പ്രയോജനകരമാകുന്ന സമയക്രമം പാലിച്ച് ആവശ്യമെങ്കിൽ അധിക സർവ്വീസുകൾ ഏർപ്പെടുത്തുന്നതിനുള്ള സാഹചര്യം പരിശോധിക്കുന്നതാണ്.

## ഗോവിന്ദപുരം-തൃശ്ശൂർ റൂട്ടിൽ കെ.എസ്.ആർ.ടി.സി. സർവ്വീസ്

333 (1837) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോവിന്ദപുരം-തൃശ്ശൂർ റൂട്ടിൽ കെ.എസ്.ആർ.ടി.സി. എത്ര ബസ് സർവ്വീസുകളാണ് തുടങ്ങിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) നെന്മാറ നിയോജകമണ്ഡലത്തിലെ ഗോവിന്ദപുരം മുതലുള്ള സ്ഥലങ്ങളിലെ വിദ്യാർത്ഥികൾ യാത്രയ്ക്കായി പ്രൈവറ്റ് ബസ്സുകളെയാണ് ആശ്രയിക്കുന്നത് എന്നതിനാൽ മേപ്പടി റൂട്ടിൽ സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് യാത്ര ആനുകൂല്യം നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) നിലവിൽ ഏതെല്ലാം ജില്ലകളിലാണ് വിദ്യാർത്ഥികൾക്ക് യാത്രാ ആനുകൂല്യം നൽകുന്നത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 22 സർവ്വീസുകൾ ഈ റൂട്ടിൽ പുതുതായി ആരംഭിച്ചിട്ടുണ്ട്.

(ബി) ഗോവിന്ദപുരം-തൃശ്ശൂർ റൂട്ടിൽ 8-5-2019 മുതൽ കെ.എസ്.ആർ.ടി.സി. 22 പുതിയ സർവ്വീസുകൾ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചിട്ടുണ്ട്. ടി റൂട്ടിൽ സ്റ്റോപ്പുകൾ നിജപ്പെടുത്തിയിട്ടുള്ള ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി സർവ്വീസുകളാണ് കെ.എസ്.ആർ.ടി.സി. ആരംഭിച്ചിരിക്കുന്നത്. ടി സർവ്വീസുകൾ നിർത്തലാക്കണമെന്നും പിൻവലിക്കണമെന്നും കാണിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ നിരവധി ഹർജികൾ സ്വകാര്യ ബസ്സുടമകളും മറ്റ് തല്പരകക്ഷികളും നൽകിയിട്ടുള്ളതും ആയത് ഇപ്പോഴും പരിഗണനയിലുള്ളതുമാണ്. ടി സാഹചര്യത്തിൽ വിദ്യാർത്ഥി കൺസഷൻ ടിക്കറ്റ് ടി ബസ്സുകളിൽ നൽകുന്ന കാര്യം ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ലാത്തതാണ്.

(സി) കേരളത്തിലെ എല്ലാ ജില്ലകളിലുമുള്ള വിദ്യാർത്ഥികൾക്ക് യാത്രാ ആനുകൂല്യം നൽകിവരുന്നുണ്ട്.

## പയ്യന്നൂർ, കാഞ്ഞങ്ങാട് കെ.എസ്.ആർ.ടി.സി.ഡിപ്പോകൾ

334 (1838) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പയ്യന്നൂർ, കാഞ്ഞങ്ങാട് കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ നിന്നും പുതുതായി എത്ര ബസ്സുകൾക്കാണ് പെർമിറ്റ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഡിപ്പോകളിൽ നിന്നും എത്ര ബസ് സർവ്വീസുകളാണ് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിർത്തി വച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പയ്യന്നൂർ ഡിപ്പോയിൽ നിന്നും 9 സർവ്വീസുകൾക്കും കാഞ്ഞങ്ങാട് ഡിപ്പോയിൽ നിന്നും 7 സർവ്വീസുകൾക്കും പുതുതായി ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

പയ്യന്നൂർ

| | | |
|---|---|---|
| 1 | 08.00 | പയ്യന്നൂർ-മൈസൂർ |
| 2 | 16.00 | പയ്യന്നൂർ-മംഗലാപുരം |
| 3 | 15.10 | പയ്യന്നൂർ-ചെറുപുഴ/മംഗലാപുരം |
| 4 | 06.30 | പയ്യന്നൂർ-ഇരിട്ടി-മംഗലാപുരം |
| 5 | 05.30 | പയ്യന്നൂർ-കണ്ണൂർ |
| 6 | 06.00 | പയ്യന്നൂർ-കണ്ണൂർ |
| 7 | 06.30 | പയ്യന്നൂർ-കണ്ണൂർ |
| 8 | 06.50 | പയ്യന്നൂർ-കണ്ണൂർ |
| 9 | 07.20 | പയ്യന്നൂർ-കണ്ണൂർ |

കാഞ്ഞങ്ങാട്

| | | |
|---|---|---|
| 1 | 16.55 | കാഞ്ഞങ്ങാട്-പത്തനംതിട്ട |
| 2 | 07.00 | കാഞ്ഞങ്ങാട്-ഇരിട്ടി |
| 3 | 05.40 | കാഞ്ഞങ്ങാട്-പെരുമ്പടവ്-മംഗലാപുരം |
| 4 | 06.40 | കാഞ്ഞങ്ങാട്-കൊന്നക്കാട്-മംഗലാപുരം |
| 5 | 08.15 | കാഞ്ഞങ്ങാട്-പാണത്തൂർ-മംഗലാപുരം |
| 6 | 12.55 | കാഞ്ഞങ്ങാട്-ബാഗമണ്ഡലം-മൈസൂർ |
| 7 | 14.05 | കാഞ്ഞങ്ങാട്-മംഗലാപുരം(തുറമ്പി) |

(ബി) പയ്യന്നൂർ ഡിപ്പോയിൽനിന്നും സർവ്വീസുകളൊന്നുംതന്നെ പൂർണ്ണമായും റദ്ദ് ചെയ്തിട്ടില്ല. ബസ്സുകളുടെയോ ജീവനക്കാരുടെയോ അഭാവംമൂലം നാലോളം സർവ്വീസുകൾ താൽക്കാലികമായി ഓപ്പറേറ്റ് ചെയ്യാൻ സാധിക്കാറില്ല. കൂടാതെ കാഞ്ഞങ്ങാട് ഡിപ്പോയിൽ നിന്നുള്ള കാഞ്ഞങ്ങാട്-മൈസൂർ സൂപ്പർഫാസ്റ്റ് സർവ്വീസ് വരുമാനക്കുറവുമൂലവും കാഞ്ഞങ്ങാട്-മംഗലാപുരം ഓർഡിനറി സർവ്വീസ് ഡ്രൈവർ വിഭാഗം ജീവനക്കാരുടെ കുറവും വരുമാനക്കുറവും കാരണം താൽക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ട്.

**ചെങ്ങന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോ**

335 (1839) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചെങ്ങന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ ഉണ്ടാകുന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ?

<u>ഉത്തരം</u>

കരാറുകാരന് കാലാകാലങ്ങളിൽ ബിൽ തുക നൽകാൻ വന്ന കാലതാമസവും കരാറുകാരന്റെ പ്രവൃത്തി ചെയ്യുന്നതിലെ മെല്ലെപോക്കും കാരണമാണ് പ്രവൃത്തി നീണ്ടുപോകുന്നത്. ടി പ്രവൃത്തി നിലവിൽ 85 ശതമാനത്തോളം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പണി മുഴുവൻ ആഗസ്റ്റ് മാസാവസാനത്തോടെ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**നെയ്യാറ്റിൻകര ഡിപ്പോയിൽ നിർത്തലാക്കിയ സർവ്വീസുകൾ**

336 (1840) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും ഇട റൂട്ടുകളിൽ ഓടിച്ചിരുന്ന എത്ര ഷെഡ്യൂളുകളാണ് നിർത്തലാക്കിയത്; നിർത്തലാക്കിയ ഷെഡ്യൂളുകളുടെയും റൂട്ടുകളുടെയും വിശദാംശം നൽകുമോ ;

(ബി) നിർത്തലാക്കിയ റൂട്ടുകളിലേക്കുള്ള സർവ്വീസ് പുനരാരംഭിക്കുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഷെഡ്യൂളുകളൊന്നുംതന്നെ നിർത്തലാക്കിയിട്ടില്ല. കലുങ്ക് പണി നടക്കുകയായിരുന്നതിനാൽ കുളത്തൂർ-പൂവാർ സർവ്വീസ് കുളത്തൂർ-മുടിപ്പുര വരെയായി ക്രമീകരിച്ചിരുന്നു. പണി പൂർത്തിയാക്കി ഗതാഗത യോഗ്യമായതിനാൽ 6-6-2019 മുതൽ പൂവ്വാർ വരെ ആവശ്യാനുസരണം സർവ്വീസ് തുടരുന്നുണ്ട്.

(ബി) വെക്കേഷൻ ഷെഡ്യൂളായി ക്രമീകരിച്ചിരുന്ന വെൺപകൽ-തിരുവനന്തപുരം സർവ്വീസ് പുനഃസ്ഥാപിച്ചിട്ടുണ്ട്.

**കരുനാഗപ്പള്ളി ഡിപ്പോയിലെ സൂപ്പർ ഫാസ്റ്റ് ബസ്സുകൾ**

337 (1841) <u>ശ്രീ. ആർ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്ന് എത്ര സൂപ്പർ ഫാസ്റ്റ് ബസുകളാണ് ഷെഡ്യൂൾ പരിഷ്കരണത്തിന്റെ ഭാഗമായി പിൻവലിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുമൂലം പ്രസ്തുത ഡിപ്പോയിലെ വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) കരുനാഗപ്പള്ളിയിൽ നിന്ന് തൃശ്ശൂരിലേക്ക് രാവിലെ പുറപ്പെടുന്ന സൂപ്പർ ഫാസ്റ്റ് സർവ്വീസ് നിർത്തിയതോടെ യാത്രക്കാർക്കുണ്ടായ ബുദ്ധിമുട്ടും ഡിപ്പോയിലുണ്ടായിട്ടുള്ള വരുമാനക്കുറവും പരിഗണിച്ച് പ്രസ്തുത സർവ്വീസ് പുനസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി. കരുനാഗപ്പള്ളി യൂണിറ്റിൽ നിന്നും 2 സൂപ്പർ ഫാസ്റ്റ് ബസ്സുകൾ ഷെഡ്യൂൾ പരിഷ്കരണത്തിന്റെ ഭാഗമായി പിൻവലിച്ചിട്ടുണ്ട്.

(ബി) പ്രതിദിനം ശരാശരി 46,000 രൂപയുടെ കുറവുണ്ടായിട്ടുണ്ട്.

(സി) കെ.എസ്.ആർ.ടി.സി.-യുടെ സർവ്വീസ് നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായാണ് കരുനാഗപ്പള്ളി ഡിപ്പോയിൽ നിന്നും നടത്തിവന്നിരുന്ന കരുനാഗപ്പള്ളി-തൃശ്ശൂർ-തിരുവനന്തപുരം-കരുനാഗപ്പള്ളി സൂപ്പർഫാസ്റ്റ് സർവ്വീസ് തിരുവനന്തപുരം യൂണിറ്റിൽ നിന്നും തിരുവനന്തപുരം-തൃശ്ശൂർ (കൊല്ലം, കരുനാഗപ്പള്ളി, എറണാകുളം വഴി) സർവ്വീസ് നടത്തുന്നതിനായി ക്രമീകരിച്ചിട്ടുള്ളത്. തിരുവനന്തപുരത്ത് നിന്നും കരുനാഗപ്പള്ളി വഴി അതേ സമയത്തുതന്നെ തൃശ്ശൂരിലേയ്ക്ക് സർവ്വീസ് നടത്തുന്നതിന് ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുമുണ്ട്. യാത്രക്കാർക്ക് കൃത്യമായ ഇടവേളകളിൽ സമയക്രമം പാലിച്ച് സർവ്വീസ് ലഭ്യമാക്കുന്നതിനും സർവ്വീസുകൾ അയയ്ക്കുന്നതിന് മതിയായ

ബസ്സുകൾ ലഭ്യമാക്കുന്നതിനുമാണ് ഇപ്രകാരം ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. ഇതുമൂലം കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിൽ യാതൊരുവിധ കുറവുമുണ്ടായിട്ടില്ല. എന്നാൽ ടി നടപടിമൂലം യാത്രക്കാർക്കോ ടി സർവ്വീസിനോ യാതൊരുവിധ ബുദ്ധിമുട്ടും ഉണ്ടാകാത്ത വിധത്തിലാണ് ടി ക്രമീകരണങ്ങൾ നടപ്പിൽ വരുത്തിയിട്ടുള്ളത്. കൂടാതെ കാര്യക്ഷമമായുള്ള സർവ്വീസ് നടത്തിപ്പിനായി ടി ക്രമീകരണങ്ങൾ അത്യന്താപേക്ഷിതമാകയാൽ ആയത് പിൻവലിക്കാൻ നിർവ്വാഹമില്ലാത്തതാണ്.

## ചെങ്ങന്നൂരിൽ നിന്നും കൂടുതൽ അന്തർസംസ്ഥാന സർവ്വീസുകൾ

338 (1842) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ചെങ്ങന്നൂരിൽ നിന്ന് എത്ര അന്തർസംസ്ഥാന സർവ്വീസുകൾ നടത്തുന്നുണ്ട്;

(ബി) ശബരിമല മണ്ഡലകാലത്ത് ചെങ്ങന്നൂരിൽ നിന്നും കൂടുതൽ അന്തർസംസ്ഥാന സർവ്വീസുകൾ നടത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ചെങ്ങന്നൂർ ഡിപ്പോയിൽ നിന്നും ഒരു (ചെങ്ങന്നൂർ-കന്യാകുമാരി) അന്തർസംസ്ഥാന സർവ്വീസ് നടത്തിവരുന്നു.

(ബി) ശബരിമല ഉത്സവകാലത്ത് കെ.എസ്.ആർ.ടി.സി. മറ്റ് സംസ്ഥാനങ്ങളുമായുള്ള അന്തർസംസ്ഥാന കരാർ പ്രകാരം കൂടുതൽ അന്തർസംസ്ഥാന സർവ്വീസുകൾ നടത്തിവരുന്നുണ്ട്. എന്നാൽ പമ്പയിൽ നിന്നാണ് അന്തർസംസ്ഥാന സർവ്വീസുകൾ നടത്തിവരുന്നത്. നിലവിലെ സാഹചര്യത്തിൽ ചെങ്ങന്നൂരിൽ നിന്ന് കൂടുതൽ അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കണമെന്ന ആവശ്യം പരിഗണിക്കാൻ നിർവ്വാഹമില്ലാത്തതാണ്.

## തിരുവനന്തപുരത്തെ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലെ വിവരം

339 (1843) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സിറ്റി, പാപ്പനംകോട്, നെയ്യാറ്റിൻകര, പൂവാർ, വിഴിഞ്ഞം എന്നീ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ നിന്നും 2016 ഏപ്രിലിൽ ഓപ്പറേറ്റ് ചെയ്തിരുന്ന ഷെഡ്യൂളുകളുടെ എണ്ണം ഡിപ്പോ തിരിച്ച് നൽകാമോ; നിലവിൽ പ്രസ്തുത ഡിപ്പോകളിൽ നിന്നും ഓപ്പറേറ്റ് ചെയ്യുന്ന ഷെഡ്യൂളുകളുടെ എണ്ണവും ഡിപ്പോ തിരിച്ച് നൽകുമോ;

(ബി) വെട്ടിക്കുറച്ച ഷെഡ്യൂളുകൾ പുനഃസ്ഥാപിക്കുവാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഡിപ്പോകളിൽ നിന്നും കോവളം നിയോജകമണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടായിരുന്ന സ്റ്റേ ബസുകളുടെ എണ്ണം 2016 ഏപ്രിലിലെ കണക്കുപ്രകാരം നൽകാമോ;

(ഡി) നിലവിൽ ഈ ഡിപ്പോകളിൽ നിന്നും കോവളം നിയോജക മണ്ഡലത്തിൽ ഉള്ള സ്റ്റേ ബസുകളുടെ വിവരം ലഭ്യമാക്കുമോ; നിർത്തലാക്കിയ സ്റ്റേ ബസുകളിൽ ഓരോന്നും നിർത്തലാക്കിയതിനുള്ള കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ)

| ഡിപ്പോ | 2016 ഏപ്രിൽ മാസത്തെ ഷെഡ്യൂൾ | നിലവിൽ ഓപ്പറേറ്റ് ചെയ്യുന്ന ഷെഡ്യൂൾ |
|---|---|---|
| പൂവാർ | 70 | 61 |
| വിഴിഞ്ഞം | 74 | 63 |
| പാപ്പനംകോട് | 122 | 70 |
| തിരുവനന്തപുരം സിറ്റി | 142 | 126 |
| നെയ്യാറ്റിൻകര | 100 | 109 |

(ബി) കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന കെ.എസ്.ആർ.ടി.സി.-യിൽ സമഗ്ര പുനരുദ്ധാരണത്തിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ യൂണിറ്റുകളിലെ ഷെഡ്യൂളുകളും ട്രിപ്പുകളും പുനഃക്രമീകരിച്ചിട്ടുള്ളതാണ്. നഷ്ടത്തിൽ ഓപ്പറേറ്റ് ചെയ്തിരുന്ന ഷെഡ്യൂളുകളും ഭരണാനുമതി നൽകിയിട്ടും ഓടിക്കാൻ കഴിയാതിരുന്ന ഷെഡ്യൂളുകളും പൂർണ്ണമായും നിർത്തലാക്കുകയോ ട്രിപ്പുകൾ പുനഃക്രമീകരിക്കുകയോ ചെയ്തിട്ടുണ്ട്. എന്നാൽ പൊതുജനങ്ങൾക്ക് ഉപകാരപ്രദമായതും മെച്ചപ്പെട്ട വരുമാനം ലഭിക്കുന്നതുമായ എല്ലാ ട്രിപ്പുകളും/സർവ്വീസുകളും പുനഃക്രമീകരിച്ച് സർവ്വീസ് നടത്തുന്നതിനുള്ള നടപടികൾ ഇതിനോടകംതന്നെ സ്വീകരിച്ചിട്ടുണ്ട്.

(സി)

| | |
|---|---|
| പൂവാർ | 2 |
| വിഴിഞ്ഞം | 8 |
| പാപ്പനംകോട് | 10 |
| തിരുവനന്തപുരം സിറ്റി | 3 |
| നെയ്യാറ്റിൻകര | 2 |

(ഡി) പൂവാർ - 2

തിരുവനന്തപുരം സിറ്റി - 3

നെയ്യാറ്റിൻകര - 2

വിഴിഞ്ഞം - 4

(യാത്രക്കാരുടെ കുറവും വരുമാന നഷ്ടവുമുള്ളതിനാൽ 4 സ്റ്റേ സർവ്വീസുകൾ ഇപ്പോൾ അയയ്ക്കുന്നില്ല.

പാപ്പനംകോട് -2 (കണ്ടക്ടർ, ഡ്രൈവർ വിഭാഗം ജീവനക്കാരുടെ കുറവുമൂലവും മതിയായ എണ്ണം ബസ്സുകൾ ഇല്ലാത്തതിനാലും 8 സർവ്വീസുകൾ താൽകാലികമായി റദ്ദ് ചെയ്തിട്ടുള്ളതാണ്.)

**കാട്ടാക്കട കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നുള്ള മലിനജലം**

340 (1844) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും മലിനജലം പൊതുനിരത്തുകളിലേയ്ക്കും പി.ഡബ്ല്യൂ.ഡി. റോഡിലെ ഓടയിലേയ്ക്കും ഒഴുക്കിവിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന് ശാശ്വതമായ പരിഹാരം ഉണ്ടാക്കുവാൻ നടപടി സ്വീകരിയ്ക്കാമോ;

(ബി) പ്രസ്തുത ഡിപ്പോ കേന്ദ്രീകരിച്ച് മലിനജലം ട്രീറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിയ്ക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) നിലവിൽ മലിനജലം പുറത്തേയ്ക്ക് ഒഴുകുന്നില്ല. Sewage Treatment Plant സ്ഥാപിച്ചാൽ മാത്രമേ ശാശ്വത പരിഹാരം കാണാൻ സാധിക്കുകയുള്ളൂ.

(ബി) നടപടി സ്വീകരിച്ചുവരുന്നു. Sewage Treatment Plant സ്ഥാപിക്കുന്ന പ്രവൃത്തിക്ക് ഭീമമായ തുക ചെലവാകും. കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ടി തുക ഉടൻ സമാഹരിക്കാൻ സാധിക്കുകയില്ല.

**തമ്പാനൂരിലെ കെ.എസ്.ആർ.ടി.സി.-യുടെ വ്യാപാരസമുച്ചയം**

341 (1845) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തമ്പാനൂരിൽ കെ.എസ്.ആർ.ടി.സി.-യുടെ സ്ഥലത്ത് നിർമ്മിച്ച വ്യാപാര സമുച്ചയത്തിന്റെ പണി പൂർത്തിയാക്കിയത് എന്നാണ്; ഇതിനായി ചെലവഴിച്ച തുകയെത്ര; വിശദമാക്കുമോ;

(ബി) ഇത് പൂർണ്ണമായും വാടകയ്ക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ എന്നുമുതലാണ് പൂർണ്ണമായും വാടകയ്ക്ക് നൽകിത്തുടങ്ങിയത്; ഈയിനത്തിൽ ലഭിക്കുന്ന പ്രതിമാസ വരുമാനമെത്ര;

(സി) വാടക ലഭിക്കുമ്പോൾ ഭ്രവ്യടമയായ കെ.എസ്.ആർ.ടി.സി.ക്ക് കെ.റ്റി.ഡി.എഫ്.സി. ലാഭവിഹിതം കൈമാറുന്നതിനായി ഉടമ്പടി ഒപ്പുവച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഈ വ്യാപാര സമുച്ചയം നിർമ്മിക്കുന്നതിന് മുമ്പുണ്ടായിരുന്ന കെട്ടിടങ്ങളിൽ നിന്നും കെ.എസ്.ആർ.ടി.സി.-ക്ക് പ്രതിമാസം ലഭിച്ചിരുന്ന വരുമാനമെത്ര; വ്യക്തമാക്കുമോ;

(ഇ) ഈ വ്യാപാര സമുച്ചയത്തിൽ ഉള്ള പാർക്കിംഗ് സ്പേസിന് ഫീസ് ഈടാക്കുന്ന കരാറുകാരൻ ഇവിടെ വാഹനങ്ങൾ പാർക്ക് ചെയ്യാൻ വരുന്നവരിൽ നിന്നും മാനദണ്ഡങ്ങൾ ഇല്ലാതെ അമിത ഫീസ് ഈടാക്കുന്നതിനാൽ ടിയാളെ മാറ്റി പാർക്കിംഗ് ഉത്തരവാദിത്വം ഏതെങ്കിലും സർക്കാർ ഏജൻസിയെയോ പൊതുമേഖല സ്ഥാപനത്തെയോ ഏൽപ്പിക്കുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) തമ്പാനൂരിൽ കെ.എസ്.ആർ.ടി.സി.-യുടെ സ്ഥലത്ത് നിർമ്മിച്ച വ്യാപാര സമുച്ചയത്തിന്റെ ഉദ്ഘാടനം 3-2-2014-ൽ നടത്തിയിരുന്നുവെങ്കിലും പണി പൂർണ്ണമായും പൂർത്തിയാക്കിയത് 31-5-2014-ലിനാണ്. ആയതിന്റെ നിർമ്മാണത്തിനായി 80,99,73,316 രൂപ (30-9-2018 വരെ) ചെലവഴിച്ചിട്ടുണ്ട്.

(ബി) തമ്പാനൂരിൽ കെ.എസ്.ആർ.ടി.സി.-യുടെ സ്ഥലത്ത് നിർമ്മിച്ച വ്യാപാര സമുച്ചയത്തിന്റെ 90% സ്പെയ്സുകളും വാടകയ്ക്ക് നൽകിയിട്ടുണ്ട്. ബാക്കി ഒഴിഞ്ഞുകിടക്കുന്ന 10% സ്പെയ്സുകളും അലോട്ട് ചെയ്യുന്നതിനായി ടെണ്ടർ സമർപ്പിക്കുന്നതിന് 10-6-2019 അവസാന തീയതിയായി ഇ-ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. കൂടാതെ, ടി സമുച്ചയത്തിലെ രണ്ടാം നില മുതൽ പത്താം നിലവരെയുള്ള സ്പെയ്സുകൾ സർക്കാർ സ്ഥാപനങ്ങൾക്കാണ് അനുവദിച്ചിരിക്കുന്നത്. ആയതിൽ കേരള വനിതാ കമ്മീഷൻ, വ്യാപാരി ക്ഷേമ ബോർഡ്, അഴീക്കൽ പോർട്ട്, ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ, കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ തുടങ്ങിയ സർക്കാർ സ്ഥാപനങ്ങൾ നിലവിൽ വാടക നൽകുന്നില്ല. ടി ഓഫീസ് സ്പെയ്സുകളുടെ ഇന്റീരിയർ വർക്കുകൾ പൂർത്തീകരിക്കുന്നതിനായി റെന്റ് ഹോളിഡേ അനുവദിച്ചിരിക്കുകയാണ്. തമ്പാനൂരിൽ കെ.എസ്.ആർ.ടി.സി.-യുടെ സ്ഥലത്ത് നിർമ്മിച്ച വ്യാപാര സമുച്ചയത്തിന് വാടകയിനത്തിൽ കിട്ടുന്ന പ്രതിമാസ വരുമാനം ചുവടെ ചേർക്കുന്നു.

- പ്രതിമാസ വാടക വരുമാനം: 34,77,051 രൂപ (Excluding GST)
- പേ ആൻഡ് പാർക്ക് പ്രതിമാസ വരുമാനം: 4,03,171 രൂപ (Excluding GST)
- പേ ആന്റ് യൂസ് പ്രതിമാസ വരുമാനം 3,16,833 രൂപ (Excluding GST)
- Advertisement പ്രതിമാസ വരുമാനം: 65,000 രൂപ (Excluding GST)

(സി) തമ്പാനൂരിൽ കെ.എസ്.ആർ.ടി.സി.-യുടെ സ്ഥലത്ത് ബി.ഒ.ടി. അടിസ്ഥാനത്തിൽ കെ.റ്റി.ഡി.എഫ്.സി., ബസ് ടെർമിനൽ കോംപ്ലക്സ് നിർമ്മിക്കുന്നത് G.O.(Ms) No.46/07.Tran dated. 5-11-2007., G.O.(Ms) No.4/2010/Trans dtd. 18-01-2010 എന്നീ നമ്പർ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ്. വാടക ലഭിക്കുമ്പോൾ ഭൂവുടമയായ കെ.എസ്.ആർ.ടി.സി.-ക്ക് കെ.റ്റി.ഡി.എഫ്.സി. ലാഭവിഹിതം കൈമാറുന്നതിനായുള്ള നിബന്ധനകൾ ടി ഉത്തരവുകളിൽ പ്രതിപാദിച്ചിട്ടുണ്ട്. ആയതിനാൽ ഉടമ്പടി കരാറുകൾ ഒപ്പുവച്ചിട്ടില്ല.

(ഡി) ഡിസംബർ 2014 വരെ പ്രതിമാസം 6,00,233 രൂപ ലഭിച്ചിരുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| സ്റ്റാൾ നമ്പർ 1 | - | 55,114 രൂപ |
| സ്റ്റാൾ നമ്പർ 2 | - | 80,494 രൂപ |
| സ്റ്റാൾ നമ്പർ 3 | - | 1,27,229 രൂപ |
| ട്രേഡ് ഫെയർ | - | 1,49,100 രൂപ |
| വേക്കന്റ് റൂം | - | 5,125 രൂപ |
| ബുക്ക് സ്റ്റാൾ നമ്പർ1 | - | 30,451 രൂപ |
| ബുക്ക് സ്റ്റാൾ നമ്പർ2 | - | 30,451 രൂപ |
| സ്റ്റാൾ നം. 5 | - | 33,690 രൂപ |
| കംഫർട്ട് സ്റ്റേഷൻ | - | 45,675 രൂപ |
| സി.സി. ടി.വി. | - | 29,831 രൂപ |
| ലൈറ്റ് ബോക്സ് | - | 4,061 രൂപ |
| ആപ്പിൾജ്യൂസ് സ്റ്റാൾ | - | 4,287 രൂപ |
| കെൽപ്പാം സ്റ്റാൾ | - | 4,725 രൂപ |

(ഇ) തിരുവനന്തപുരത്തെ തമ്പാനൂർ ബസ് ടെർമിനൽ കോംപ്ലക്സിലെ പാർക്കിംഗ് ഏരിയയിൽ വാഹനം പാർക്ക് ചെയ്യുന്നതിന് നിശ്ചിത ഫീസ് മാത്രമേ ഈടാക്കാൻ ലൈസൻസ് എടുത്തിരിക്കുന്ന വ്യക്തിക്കോ/ഏജൻസിക്കോ കരാർ/ടെൻഡർ നിബന്ധനകൾ പ്രകാരം അവകാശമുള്ളൂ. മാത്രവുമല്ല, ഫീസ് നിരക്ക് വ്യക്തമായി കാണുന്ന രീതിയിൽ പ്രദർശിപ്പിക്കുന്നുമുണ്ട്. നിശ്ചിത നിരക്കിനേക്കാൾ കൂടുതൽ ഫീസ് ഈടാക്കുന്നുവെന്ന പരാതി ലഭിക്കുന്ന പക്ഷം ലൈസൻസിക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. തമ്പാനൂർ ബസ് ടെർമിനൽ കോംപ്ലക്സിലെ പാർക്കിംഗ് സംവിധാനം നിലവിൽ ഇ-ടെണ്ടർ മുഖേന 15-10-2018 മുതൽ ഒരു വർഷത്തേയ്ക്കാണ് ലൈസൻസ് അനുവദിച്ചിരിക്കുന്നത്. ആയതിന്റെ കാലാവധി നീട്ടി നൽകിയിട്ടില്ല. ഇ-ടെണ്ടർ മുഖേനയാണ് പാർക്കിംഗ് സംവിധാനം അലോട്ട് ചെയ്യുന്നത്. ആയതിനാൽ സർക്കാർ ഏജൻസികൾക്കോ പൊതുമേഖല സ്ഥാപനങ്ങൾക്കോ സ്വകാര്യ വ്യക്തികൾക്കോ ഇ-ടെണ്ടറിൽ പങ്കെടുക്കാവുന്നതാണ്. പ്രസ്തുത ടെണ്ടറിൽ പങ്കെടുക്കാൻ താല്പര്യമുള്ള സർക്കാർ ഏജൻസികൾക്ക് ടെണ്ടർ പബ്ലിഷ് ചെയ്യുന്ന സമയം രേഖാമൂലം അറിയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## നിർത്തലാക്കിയ ബസ് സർവ്വീസ്

342 (1846) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് നിന്നും ശ്രീകൃഷ്ണപുരം കരിങ്കല്ലത്താണി വഴി പെരിന്തൽമണ്ണ ഇ.എം.എസ്. ഹോസ്പിറ്റലിലേക്കും തിരിച്ചുമുണ്ടായിരുന്ന കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് എന്നാണ് നിർത്തലാക്കിയത്;

(ബി) പ്രസ്തുത സർവ്വീസ് പുനരാരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) 31-7-2012-ലാണ് നിർത്തലാക്കിയത്.

(ബി) പ്രസ്തുത സർവ്വീസിന് വരുമാന വർദ്ധനവ് ഇല്ലാത്തതിനാൽ കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് സർവ്വീസ് പുനരാരംഭിക്കാൻ നിർവ്വാഹമില്ല.

## കെ.റ്റി.ഡി.എഫ്.സി. നിർമ്മിച്ച തിരുവല്ലയിലെ ഷോപ്പിംഗ് കോംപ്ലക്സ്

343 (1847) ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ടി.ഡി.എഫ്.സി., ബി.ഒ.ടി. അടിസ്ഥാനത്തിൽ നിർമ്മിച്ച തിരുവല്ലയിലെ ഷോപ്പിംഗ് കോംപ്ലക്സ് പ്രവർത്തനക്ഷമമാകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകയ്ക്ക് കൊടുക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) മുനിസിപ്പാലിറ്റിയിൽനിന്നും കെട്ടിട നമ്പർ ഇട്ടുകിട്ടുന്നതിന് എന്തെങ്കിലും സാങ്കേതിക തടസമുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഫൈനൽ ഫയർ എൻ.ഒ.സി.-ക്കുവേണ്ടി അഗ്നിശമന സുരക്ഷാ

വകുപ്പിനെ സമീപിച്ചതിൽ മൂന്നുഘട്ടങ്ങളിലായി വിവിധ ഫയർ സേഫ്റ്റി നിർമ്മാണ ജോലികൾ പൂർത്തിയാക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി. 1,16,56,125 രൂപ ചെലവ് വന്ന പ്രസ്തുത ജോലികൾ ടെണ്ടർ വിളിച്ച് പൂർത്തിയാക്കുന്നതിന് സ്വാഭാവികമായ കാലതാമസം നേരിട്ടു. തുടർന്ന് അഗ്നിശമന സുരക്ഷാ വകുപ്പ് ഉദ്യോഗസ്ഥരുടെ വിശദമായ പരിശോധനയ്ക്കുശേഷം 17-12-2018-ൽ അന്തിമ ഫയർ എൻ.ഒ.സി. ലഭിച്ചു. തിരുവല്ല മുനിസിപ്പാലിറ്റിയിൽ Occupancy certificate-നായി അന്തിമ ഫയർ എൻ.ഒ.സി. Completion drawings, മലിനീകരണ നിയന്ത്രണ ബോർഡിന്റെ അന്തിമ എൻ.ഒ.സി. എന്നിവ സഹിതം അപേക്ഷിച്ചതിൽ 22-2-2019-ൽ ആയത് ലഭിച്ചു. ബസ് ടെർമിനൽ കോംപ്ലക്സിലെ കടമുറികളും മറ്റ് സ്പെയ്സുകളും ടെണ്ടർ ചെയ്യുന്നതിലേയ്ക്ക് തെരഞ്ഞെടുപ്പ് കമ്മീഷന്റെ അനുവാദം തേടുകയും 9-4-2019-ൽ ടെണ്ടർ വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളതുമാണ്.

(ബി) സ്പെയ്സുകൾ വാടകയ്ക്ക് കൊടുക്കുന്നതിനായി 31-5-2019 എന്ന അവസാന തീയതി നിശ്ചയിച്ച് 9-4-2019-ൽ ടെണ്ടർ വിജ്ഞാപനം പുറപ്പെടുവിച്ചു. പ്രസ്തുത ടെൻഡറിൽ 7 പേർ പങ്കെടുത്തതിൽ ഉയർന്ന നിരക്ക് രേഖപ്പെടുത്തിയവർക്ക് സ്പെയ്സ് അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഒഴിഞ്ഞുകിടക്കുന്ന ബാക്കി സ്പെയ്സുകളുടെ ഇ-ടെണ്ടർ 30-6-2019-ന് മുമ്പ് വീണ്ടും വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്.

(സി) പ്രസ്തുത ബസ് ടെർമിനൽ കോംപ്ലക്സ് ഉദ്ഘാടനം ചെയ്ത ദിവസം മുതൽ Unauthorised occupation എന്ന ഗണത്തിൽപ്പെടുത്തി 3,70,93,227 രൂപ ഒടുക്കാൻ നിർദ്ദേശിച്ചുകൊണ്ട് തിരുവല്ല മുനിസിപ്പാലിറ്റി കെ.റ്റി.ഡി.എഫ്.സി.-ക്ക് distraint warrant നൽകിയിരുന്നു. 12-4-2019-ൽ പ്രസ്തുത തുക ഒടുക്കിയതിനുശേഷം തിരുവല്ല മുനിസിപ്പാലിറ്റിയിൽനിന്നും കെട്ടിട നമ്പർ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഗോശ്രീ ബസ്സുകൾ

344 (1848) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗോശ്രീ ബസ്സുകളുടെ സർവ്വീസ് കൊച്ചിനഗരത്തിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടി വിശദമാക്കാമോ?

ഉത്തരം

ഉണ്ട്. ലഭ്യമായ നിവേദനത്തെക്കുറിച്ച് പഠിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഡി.ടി.സി. എറണാകുളത്തെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. നിലവിൽ ഗോശ്രീ പാലം വഴി സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകൾ നഗരത്തിലേയ്ക്ക് സർവ്വീസ് നടത്തുന്നുണ്ട്. യാത്രക്കാരുടെ ആവശ്യത്തിനനുസൃതമായി ഇവയുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ദീർഘദൂര ബസ്സുകൾക്ക് തൃപ്രയാറിൽ സ്റ്റോപ്പ്

345 (1849) ശ്രീമതി ഗീതാ ഗോപി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീർഘദൂര സർവ്വീസ് നടത്തുന്ന കെ. എസ്. ആർ. ടി. സി. ബസ്സുകൾക്ക് നാട്ടിക മണ്ഡലത്തിലെ തൃപ്രയാറിൽ സ്റ്റോപ്പ് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ആയത് അനുവദിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ബസ് സ്റ്റോപ്പ് അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## രോഗികളില്ലാതെ ഓടുന്ന ആംബുലൻസുകളുടെ ഹോൺ മുഴക്കൽ

346 (1850) പ്രൊഫ. കെ. യു. അരുണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രോഗികളെ ആശുപത്രികളിൽ എത്തിച്ച് മടങ്ങുന്നതും മൃതശരീരവുമായി പോകുന്നതുമായ ആംബുലൻസുകൾ ഉച്ചത്തിൽ ഹോൺ മുഴക്കിയും അപകടമുന്നറിയിപ്പ് സൂചകങ്ങൾ പ്രവർത്തിപ്പിച്ചും സഞ്ചരിക്കുന്നതിന് നിയമസാധുതയുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത പ്രവണത തടയുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) അപകടങ്ങളിൽപ്പെടുന്നവരെ യഥാസമയം ആശുപത്രികളിൽ എത്തിക്കുന്നതിനും അപകടസ്ഥലത്ത് അടിയന്തരമായി എത്തിച്ചേരുന്നതിനു

വേണ്ടിയും മാത്രമാണ് ആംബുലൻസുകൾ അനുവദിക്കപ്പെട്ടിട്ടുള്ള ലൈറ്റുകൾ ഉപയോഗിച്ചും ശബ്ദം മുഴക്കിയും യാത്ര നടത്തേണ്ടത്. മറ്റ് അവസരങ്ങളിലൊന്നുംതന്നെ ഇത്തരം യാത്ര അനുവദിക്കപ്പെട്ടിട്ടില്ല.

(ബി) മോട്ടോർ വാഹന നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കുന്ന നടപടികൾ ഇത്തരം നിയമലംഘനങ്ങൾക്കെതിരായി സ്വീകരിക്കുന്നുണ്ട്.

**പുതിയ ചെക്ക് പോസ്റ്റുകൾ**

347 (1851) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ എത്ര ചെക്ക്പോസ്റ്റുകളാണ് നിലവിലുള്ളത്; പട്ടിക ലഭ്യമാക്കാമോ;

(ബി) അയൽ സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന എത്ര സ്ഥലങ്ങളിലാണ് ചെക്ക്പോസ്റ്റുകൾ ഇല്ലാത്തത്; ഇതുസംബന്ധിച്ച് എന്തെങ്കിലും അന്വേഷണമോ പഠനമോ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ചെക്ക്പോസ്റ്റുകൾ ഇല്ലാത്തതുമൂലം സംഭവിക്കുന്ന വരുമാനനഷ്ടം നികത്താൻ അടിയന്തരമായി ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ 19 ചെക്ക് പോസ്റ്റുകളാണ് നിലവിലുള്ളത്.

Detatils of RTO Check Posts

| Sl. No. | Name of Check Posts | Name of RT Office |
|---|---|---|
| 1 | Amaravila OUT | Thiruvananthapuram |
| 2 | Amaravila IN-Kurumkutty | Thiruvananthapuram |
| 3 | Poovar | Thiruvananthapuram |
| 4 | Aryankavu | Kollam |
| 5 | Kumili | Idukki |

| | | |
|---|---|---|
| 6 | Gopalapuram | Palakkad |
| 7 | Govindapuram | Palakkad |
| 8 | Meenakshipuram | Palakkad |
| 9 | Nadupunni | Palakkad |
| 10 | Walayar IN | Palakkad |
| 11 | Walayar OUT | Palakkad |
| 12 | Velanthavalam | Palakkad |
| 13 | Vazhikkadavu | Malappuram |
| 14 | Muthanga-SulthanBathery | Wayanad |
| 15 | Kattikulam | Wayanad |
| 16 | Iritty | Kannur |
| 17 | Manjeswaram - Thalappady | Kasargod |
| 18 | Nileswaram | Kasargod |
| 19 | Perla | Kasargod |

(ബി) അയൽസംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന ഏതൊക്കെ സ്ഥലങ്ങളിൽ ചെക്ക്പോസ്റ്റില്ലെന്ന കാര്യത്തിൽ കണക്കെടുപ്പ് നടത്തിയിട്ടില്ല. ഇതുസംബന്ധിച്ച് അന്വേഷണമോ പഠനമോ നടത്തിയിട്ടില്ല.

(സി) പുതിയ ചെക്ക്പോസ്റ്റുകൾ സ്ഥാപിക്കുന്നത് ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**വാഹൻ സാരഥി സോഫ്റ്റ്‌വെയർ**

348 (1852) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഉപരിതലഗതാഗത വകുപ്പ് നിർദ്ദേശിച്ച പ്രകാരം സംസ്ഥാനത്ത് മോട്ടോർ വാഹന ലൈസൻസ് നൽകുന്നതിന് വാഹൻ സാരഥി സോഫ്റ്റ്‌വെയർ നടപ്പിലാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം കാർഡ് രൂപത്തിലുള്ള ലൈസൻസ് നൽകുന്നതിന് ഏതെങ്കിലും ഏജൻസികളെ ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുമൂലം ലൈസൻസ് ലഭിക്കുവാൻ കാലതാമസം ഉണ്ടാകുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പരാതി പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) പുതിയ ഡ്രൈവിംഗ് ലൈസൻസിനുള്ള എല്ലാ അപേക്ഷകളും വാഹൻ സാരഥി വഴിയാണ് ഇപ്പോൾ സ്വീകരിക്കുന്നത്. ലേണേഴ്സ് ഡ്രൈവിംഗ് ടെസ്റ്റ്, പുതിയ ഡ്രൈവിംഗ് ലൈസൻസ് ഇഷ്യൂ തുടങ്ങിയവയും ഇപ്പോൾ ഈ സംവിധാനം വഴിയാണ് സംസ്ഥാനത്തെ എല്ലാ ഓഫീസിലും നടപ്പാക്കുന്നത്.

(ബി&സി) പൈലറ്റ് ഇംപ്ലിമെന്റേഷൻ ഓഫീസുകളായ തിരുവനന്തപുരം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് (എൻ.എസ്.), ആലപ്പുഴ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, കരുനാഗപ്പള്ളി സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് എന്നിവിടങ്ങളിൽ ഏതാനും മാസങ്ങളിൽ ഊരാളുങ്കൽ സൊസൈറ്റി വഴി പ്ലാസ്റ്റിക് കാർഡ് രൂപത്തിലുള്ള ഡ്രൈവിംഗ് ലൈസൻസ് നൽകുകയുണ്ടായി. എന്നാൽ ഹൈക്കോടതിയിൽ കേസ്സുകൾ തീർപ്പുകൽപ്പിക്കാനുള്ളതിനാൽ ഈ സംവിധാനം തുടർന്നുപോകാനോ മറ്റു ഓഫീസുകളിൽ നടപ്പിൽ വരുത്താനോ കഴിഞ്ഞിട്ടില്ല. ആയതുമൂലം കാലതാമസമുണ്ടായിരുന്നു.

ഈ സാഹചര്യത്തിൽ അപേക്ഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് കേസ്സുകൾ തീർപ്പുകൽപ്പിക്കുന്നതുവരെ, ലാമിനേറ്റഡ് കാർഡ് രൂപത്തിൽ ഡ്രൈവിംഗ് ലൈസൻസ് നൽകാൻ തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ സാരഥി സോഫ്റ്റ്‌വെയറിന് അനുസൃതമായി പുതിയ അളവിലും ഡിസൈനിലുമുള്ള ഡ്രൈവിംഗ് ലൈസൻസ് രൂപകല്പന ചെയ്ത് വകുപ്പിന്റെ സർവ്വീസ് പ്രൊവൈഡർ ആയ സി-ഡിറ്റ് മുഖാന്തിരം സ്റ്റേഷനറി കരസ്ഥമാക്കി ഡ്രൈവിംഗ് ലൈസൻസുകൾ നൽകിയിട്ടുണ്ട്. ഇപ്പോൾ കാലതാമസം പരമാവധി ഒഴിവാക്കി ഡ്രൈവിംഗ് ലൈസൻസുകൾ നൽകുന്നുണ്ട്.

**ആശ്രിത നിയമനം**

349 (1853) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർത്ത് പറവൂർ ജോയിന്റ് ആർ.ടി. ഓഫീസിൽ ജെ.ആർ.ടി.ഒ. ആയി ജോലിയിലിരിക്കെ മരണമടഞ്ഞ തോമസിന്റെ മകൾ ലക്ഷ്മി കെ.ടി. ക്ക്, അപേക്ഷ സമർപ്പിക്കുന്നതിൽ കാലതാമസം വന്നത് മാപ്പാക്കി ആശ്രിത നിയമനം ലഭിയ്ക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ലക്ഷ്മി കെ.ടി.ക്ക് ആശ്രിത നിയമനം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) സർവ്വീസിലിരിക്കെ മരണമടഞ്ഞ നോർത്ത് പറവൂർ ജോയിന്റ് ആർ.ടി.ഒ. ശ്രീ കെ. എക്സ്. തോമസിന്റെ മകൾ ശ്രീമതി ലക്ഷ്മി കെ. ടി., ആശ്രിതനിയമനത്തിനായി അപേക്ഷ സമർപ്പിച്ചത് നിശ്ചിതസമയപരിധിയെക്കാളും മൂന്ന് വർഷത്തിലധികം കാലതാമസം വരുത്തിയായിരുന്നു. ആയതിനാൽ, 29-1-2019-ലെ സ.ഉ.(സാധാ)നമ്പർ 46/2019/ഗതാഗതം പ്രകാരം ശ്രീമതി ലക്ഷ്മി കെ. ടി.-യുടെ അപേക്ഷ നിരസിച്ച് ഉത്തരവായിട്ടുണ്ട്.

**മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥരുടെ പൊതുസ്ഥലംമാറ്റം**

350 (1854) <u>ഡോ. എൻ. ജയരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥരുടെ പൊതുസ്ഥലംമാറ്റത്തിന് അവസാനമായി അപേക്ഷ ക്ഷണിച്ചതെന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷ ക്ഷണിക്കുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കുമോ;

(സി) പൊതുസ്ഥലംമാറ്റത്തിന് അടിയന്തരമായി അപേക്ഷ ക്ഷണിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ എന്നത്തേയ്ക്ക് നടപടികൾ ആരംഭിക്കും; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 16-2-2018-ൽ

(ബി) ഇല്ല.

(സി) 2019-ലെ പൊതുസ്ഥലംമാറ്റം സ്പാർക്കുമായി ബന്ധിപ്പിച്ചുകൊണ്ട് ഓൺലൈൻ മുഖേന നടത്തുന്നതിനായി നടപടികൾ പൂർത്തീകരിച്ചുവരുന്നു.

## ചെക്ക്പോസ്റ്റുകളിലെ നിയമനം

351 (1855) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിലെ ചെക്ക്പോസ്റ്റുകളിൽ മേഖലാടിസ്ഥാനത്തിലുള്ള നിയമനംമൂലം ഉദ്യോഗസ്ഥർക്ക് ബുദ്ധിമുട്ടനുഭവിക്കേണ്ടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് ഏതെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി എന്താണെന്ന് വിശദമാക്കാമോ;

(ബി) ചെക്ക് പോസ്റ്റ് നിയമനത്തിന്റെ പേരിൽ മൂന്ന് മാസം കൂടുമ്പോൾ ഉദ്യോഗസ്ഥരെ സ്ഥലം മാറ്റുന്നുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച സർക്കാർ നിർദേശത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) അടിക്കടിയുള്ള സ്ഥലമാറ്റം മൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ചെക്ക് പോസ്റ്റ് നിയമനങ്ങൾ അതത് ആർ.റ്റി.ഒ.മാരുടെ കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ചെക്ക് പോസ്റ്റ് നിയമനങ്ങൾ മേഖലാടിസ്ഥാനത്തിലാക്കിയപ്പോൾ മേഖലാ സീനിയോറിറ്റി ലിസ്റ്റ് തയാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരാതി ലഭിച്ചിട്ടുണ്ട്. പരാതികൾ പരിശോധിച്ച് അർഹരായവരെ ചെക്ക്പോസ്റ്റ് ഡ്യൂട്ടിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ബി) സ്ഥലംമാറ്റുന്നില്ല. എന്നാൽ പുനർവിന്യസിക്കാറുണ്ട്. 30-9-2018-ലെ സ.ഉ.(കൈ)നമ്പർ 59/2018/ട്രാൻസ്, 7-5-2019-ലെ സ.ഉ.(കൈ)നമ്പർ 25/2019/ഗതാഗതം എന്നീ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ചെക്ക്പോസ്റ്റ് നിയമനം മേഖലാടിസ്ഥാനത്തിലാണ് നടത്തുന്നത്. ടി ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ചെക്ക്പോസ്റ്റ് നിയമനങ്ങൾ അതാത് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെ കീഴിൽ കൊണ്ടുവരുന്ന കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) മേഖലാ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസിദ്ധീകരിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ചെക്ക്പോസ്റ്റുകളിലെ സ്ഥിരം ഉദ്യോഗസ്ഥർ

352 (1856) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിന്റെ ചെക്ക് പോസ്റ്റുകളിൽ സ്ഥിരം ഉദ്യോഗസ്ഥരെ നിയമിക്കുന്നത് അഴിമതിക്ക് ഇടയാക്കുന്നുവെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇത് തടയുന്നതിന് ചെക്ക് പോസ്റ്റുകളിലെ ഉദ്യോഗസ്ഥനിയമനങ്ങളിൽ എന്തെങ്കിലും മാനദണ്ഡം കൊണ്ടുവന്നിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഉദ്യോഗസ്ഥരെ സ്ഥിരമായി ചെക്ക്പോസ്റ്റുകളിൽ നിയമിക്കാറില്ല. 3 മാസം കൂടുമ്പോൾ ഉദ്യോഗസ്ഥരെ മേഖലാടിസ്ഥാനത്തിൽ പുനർ വിന്യസിക്കാറുണ്ട്.

(ബി) നിലവിൽ ചെക്ക്പോസ്റ്റിൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നത്, 30-9-2018-ലെ സ.ഉ.(കൈ)നമ്പർ 59/2018/ട്രാൻസ്, 7-5-2019-ലെ സ.ഉ.(കൈ)നമ്പർ 25/2019/ഗതാഗതം എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം മേഖലാടിസ്ഥാനത്തിലുള്ള സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ്.

## ചെക്ക്പോസ്റ്റുകളിലെ മേഖലാടിസ്ഥാനത്തിലുള്ള നിയമനം

353 (1857) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹനവകുപ്പിൽ ചെക്ക് പോസ്റ്റുകളിലെ നിയമനം മേഖലാടിസ്ഥാനത്തിൽ ആക്കിയതിന്റെ കാരണം വ്യക്തമാക്കാമോ, ഇത് സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ ശിപാർശ ലഭിച്ചിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കാമോ;

(ബി) നിയമനങ്ങൾ മേഖലാടിസ്ഥാനത്തിൽ ആക്കിയതിന്റെ ഗുണഫലങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(സി) ഇപ്രകാരം മേഖലാടിസ്ഥാനത്തിൽ നിയമനത്തിനായി ജീവനക്കാരെ പുനർവിന്യാസം ചെയ്യുന്നതിന് മുൻപായി മോട്ടോർ വാഹന വകുപ്പോ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പോ ജോലിഭാരം സംബന്ധിച്ച പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പഠനറിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 30-9-2018-ലെ സ.ഉ.(കൈ)നമ്പർ 59/2018/ട്രാൻസ് നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ചെക്ക്പോസ്റ്റുകളിലെ നിയമനം മേഖലാടിസ്ഥാനത്തിലാക്കിയത്. വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ ശിപാർശ ലഭിച്ചിട്ടില്ല.

(ബി) മേഖലാടിസ്ഥാനത്തിലാക്കുന്നതിനുമുമ്പ് ചെക്ക്പോസ്റ്റ് അറ്റാച്ച് ചെയ്തിരിക്കുന്ന റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ നിന്നുമാണ് ഉദ്യോഗസ്ഥരെ നിയമിച്ചുകൊണ്ടിരുന്നത്. അച്ചടക്ക നടപടികൾ നിലനിൽക്കുന്ന ഉദ്യോഗസ്ഥരെ ചെക്ക്പോസ്റ്റ് ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കണമെന്ന നിർദ്ദേശമുള്ളതിനാൽ ബന്ധപ്പെട്ട ഓഫീസുകളിൽ നിന്നും ആവശ്യത്തിന് ഉദ്യോഗസ്ഥരെ ചെക്ക്പോസ്റ്റ് ഡ്യൂട്ടിക്ക് ലഭിക്കാത്ത സാഹചര്യം നിലവിലുണ്ടായിരുന്നു. ഇതുമൂലം ഒരേ ഉദ്യോഗസ്ഥർ തന്നെ നിരന്തരം ചെക്ക്പോസ്റ്റ് ഡ്യൂട്ടി ചെയ്യേണ്ട സ്ഥിതിയുണ്ടായിരുന്നു. മേഖലാടിസ്ഥാനത്തിലാക്കിയതിനുശേഷം ഈ പ്രശ്നത്തിന് പരിഹാരമുണ്ടായി.

(സി) പഠനം നടത്തിയിട്ടില്ല.

## ദേവികുളം മണ്ഡലത്തിലെ താൽക്കാലിക ആർ.ടി. ഓഫീസിന്റെ പ്രവർത്തനം

354 (1858) <u>ശ്രീ. എസ്. രാജേന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിലെ മറയൂർ കരിമുട്ടിയിൽ താൽക്കാലികമായി പ്രവർത്തിച്ചു വന്നിരുന്ന ആർ.ടി. ഓഫീസ് അടച്ചുപൂട്ടിയതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആർ.ടി. ഓഫീസിന്റെ പ്രവർത്തനം അവസാനിപ്പിച്ച നടപടി പുനഃപരിശോധിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ദേവികുളം മണ്ഡലത്തിലെ മറയൂർ കരിമുട്ടിയിൽ താൽക്കാലികമായി റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് പ്രവർത്തിച്ചിരുന്നില്ല. എന്നാൽ മൂന്നാർ ഭാഗത്ത് ചെക്ക്പോസ്റ്റുകൾ ഇല്ലാത്തതിനാൽ വാഹന നികുതിയിനത്തിൽ ഭീമമായ നഷ്ടമുണ്ടാകുന്നതായും നീലക്കുറിഞ്ഞി സീസണിൽ എട്ടുലക്ഷത്തോളം സന്ദർശകർ എത്തുന്ന മൂന്നാറിൽ, ഈ കാലയളവിലെങ്കിലും ചിന്നാർ, ബോഡിമേട്ട് ഭാഗങ്ങളിൽ താൽക്കാലിക ചെക്ക്പോസ്റ്റുകൾ സ്ഥാപിക്കുന്നതിനും മൂന്നാറിൽ നീലക്കുറിഞ്ഞി സീസണിൽ താൽക്കാലികമായി ഒരു എക്സ്റ്റൻഷൻ കൗണ്ടർ സ്ഥാപിക്കുന്നതിനുമായി 1-9-2018-ലെ സ.ഉ.(സാധാ)നമ്പർ 394/2018/ഗതാഗതം നമ്പർ ഉത്തരവുപ്രകാരം, അധിക സാമ്പത്തിക ബാദ്ധ്യതകൾ ഇല്ലാതെ നിലവിലുള്ള ജീവനക്കാരുടെ സേവനം മാത്രം ഉപയോഗപ്പെടുത്തി ബോഡിമേട്ട്, ചിന്നാർ, മൂന്നാർ എന്നിവിടങ്ങളിൽ താൽക്കാലിക ചെക്ക്പോസ്റ്റ് പ്രവർത്തിപ്പിക്കാൻ അനുമതി നൽകിയിരുന്നു.

(ബി) റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് പ്രവർത്തിച്ചിരുന്നില്ല. താൽക്കാലിക ചെക്ക്പോസ്റ്റായിരുന്നു പ്രവർത്തിച്ചിരുന്നത്. പ്രസ്തുത ചെക്ക്പോസ്റ്റിന്റെ പ്രവർത്തനം അവസാനിപ്പിച്ച നടപടി പുനഃപരിശോധിക്കുന്നത് ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## ചാത്തമ്പറ-നെടുമ്പറമ്പ് റൂട്ടിലെ സ്വകാര്യ ബസ് പെർമിറ്റുകൾ

355 (1859) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ ചാത്തമ്പറ-നെടുമ്പറമ്പ് റൂട്ടിൽ സ്വകാര്യ ബസ് പെർമിറ്റുകൾ നിലവിലുണ്ടോ;

(ബി) എത്ര പെർമിറ്റുകളാണ് നിലവിലുള്ളത്; ഇവയിൽ എത്ര എണ്ണം സർവ്വീസ് നടത്തുന്നുണ്ട്; വിശദമാക്കുമോ;

(സി) സർവ്വീസ് മുടക്കം വരുത്തുന്നത് സംബന്ധിച്ച പരാതി വകുപ്പിൽ ലഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) നാല് പെർമിറ്റുകൾ നൽകിയതായി കാണുന്നു. അതിൽ ഒരു പെർമിറ്റ് വാഹനം 15 വർഷത്തിലധികം പഴക്കം ചെന്നതിനാൽ നിർത്തിയിരിക്കുന്നു. കൂടാതെ ഒരു ബസ് ജി-ഫോമിൽ ആയതിനാൽ ഓടുന്നില്ല.

(സി) പരാതികൾ ലഭിച്ചതായി കാണുന്നില്ല.

**പയ്യന്നൂർ ജോയിന്റ് ആർ.ടി. ഓഫീസ്**

356 (1860) <u>ശ്രീ. സി. കൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതുതായി അനുവദിച്ച പയ്യന്നൂർ ജോയിന്റ് ആർ.ടി. ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

പുതുതായി അനുവദിച്ച പയ്യന്നൂർ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ നടന്നുവരുന്നു. ഓഫീസിന്റെ പ്രവർത്തനത്തിനായി ഒരു സ്വകാര്യ കെട്ടിടം കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ ഉടമ മോട്ടോർ വാഹന വകുപ്പിന് ടി കെട്ടിടം വാടകയ്ക്ക് നൽകാമെന്ന് സമ്മതം അറിയിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്തെ വാടകനിരക്ക് കണക്കാക്കി അറിയിക്കാൻ പി.ഡബ്ല്യൂ.ഡി.-ക്ക് കത്ത് നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**വളാഞ്ചേരിയിൽ സബ് ആർ.ടി. ഓഫീസ്**

357 (1861) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി കേന്ദ്രീകരിച്ച് ഒരു സബ് ആർ.ടി.ഓഫീസും കോട്ടക്കൽ കേന്ദ്രീകരിച്ച് ഒരു മൊബൈൽ എൻഫോഴ്സ്മെന്റ് വിഭാഗവും ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ബി) ഇതുസംബന്ധിച്ച് ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ സ്ഥലം എം.എൽ.എ. സമർപ്പിച്ച നിവേദനങ്ങളും അതിന്മേൽ സ്വീകരിച്ച നടപടികളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി കേന്ദ്രീകരിച്ച് സബ് ആർ.ടി. ഓഫീസ് ആരംഭിക്കുന്നത് ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. സേഫ് കേരള പദ്ധതിയുമായി ബന്ധപ്പെട്ട് ആരംഭിച്ചിട്ടുള്ള ആർ.ടി.ഒ. (എൻഫോഴ്സ്മെന്റ്), മലപ്പുറം ഓഫീസ്, കോട്ടയ്ക്കൽ കേന്ദ്രീകരിച്ചാണ് പ്രവർത്തിക്കാൻ തീരുമാനിച്ചിട്ടുള്ളത്. ആയതിന്മേൽ തുടർനടപടി നടന്നുവരുന്നു.

(ബി) നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പുതിയ ഓഫീസുകൾ അനുവദിക്കുന്നതിനായി തുക വകയിരുത്താത്ത സാഹചര്യത്തിൽ വളാഞ്ചേരിയിൽ പുതിയ സബ് ആർ.ടി. ഓഫീസ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ഗതാഗത കമ്മീഷണർ സർക്കാരിലേയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## മുട്ടത്തറയിലെ ഡ്രൈവിംഗ് ടെസ്റ്റ് യാർഡിലെ സൗകര്യം

358 (1862) <u>ശ്രീ. വി. എസ്. ശിവകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ മുട്ടത്തറയിൽ ഡ്രൈവിംഗ് ടെസ്റ്റ് യാർഡ് പ്രവർത്തിക്കുന്നതിന് സ്ഥലം പരിമിതമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ബി) ലൈസൻസ് നേടുന്നതിനായി ഇവിടെ എത്തിച്ചേരുന്ന സ്ത്രീകളുൾപ്പെടെയുള്ള പരീക്ഷാർത്ഥികൾക്കായി ടോയ്‌ലെറ്റ് സൗകര്യം, വിശ്രമകേന്ദ്രം എന്നിവ നിർമ്മിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഡ്രൈവിംഗ് ടെസ്റ്റ് യാർഡിലെ സൗകര്യം മെച്ചപ്പെടുത്തുന്നതിനായി അധികമായി സ്ഥലം ഏറ്റെടുക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇത്തരത്തിലുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ടോയ്‌ലെറ്റ് സൗകര്യവും താൽക്കാലിക വിശ്രമകേന്ദ്രവും ലഭ്യമാണ്.

(സി) കൂടുതൽ സ്ഥലം ലഭ്യമാകുകയാണെങ്കിൽ വിപുലീകരണം സാധ്യമാകുന്നതാണ്. സ്ഥലം നിലവിൽ ലഭ്യമല്ലാത്തതിനാൽ വിഷയം ഇപ്പോൾ പരിഗണനയിലില്ല.

## ട്രാൻസ് ടവേഴ്സ് കെട്ടിടം കൈമാറ്റം

359 (1863) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മോട്ടോർ വാഹനവകുപ്പിന്റെ ഭൂമിയിൽ കെ.ടി.ഡി.എഫ്.സി., ബി.ഒ.ടി. വ്യവസ്ഥയിൽ നിർമ്മിച്ച വഴുതക്കാടുള്ള ട്രാൻസ് ടവേഴ്സിന്റെ നിർമ്മാണ ചെലവ് എത്രയായിരുന്നു; നിശ്ചയിച്ചിരിക്കുന്ന ബി.ഒ.ടി. കാലാവധി വ്യക്തമാക്കുമോ; നിശ്ചയിച്ചിട്ടില്ലെങ്കിൽ ആയതിനുള്ള കാരണം വിശദമാക്കാമോ; പ്രസ്തുത കെട്ടിടം മോട്ടോർ വാഹനവകുപ്പിന് എപ്പോൾ കൈമാറാൻ സാധിക്കും; ഇതുസംബന്ധിച്ച ഉത്തരവുകളുടെയും എഗ്രിമെന്റിന്റെയും പകർപ്പുകൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കെട്ടിടത്തിൽ നിന്നും നാളിതുവരെ കെ.ടി.ഡി.എഫ്.സി. വാടകയിനത്തിലും മറ്റുമായി നേടിയെടുത്ത തുക എത്രയാണ്; കെട്ടിടത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും പേരുവിവരം ലഭ്യമാക്കുമോ; ഇവരിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തിൽ വാടകയിനത്തിലും മറ്റും ലഭിച്ച തുക വിശദമാക്കാമോ;

(സി) ബാക്കി എത്ര തുക കൂടി പിരിഞ്ഞുകിട്ടിയാലാണ് കെ.ടി.ഡി.എഫ്.സി. ചെലവാക്കിയ തുക പൂർണ്ണമായും അടച്ചുതീർക്കാൻ കഴിയുന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

(ഡി) നിർമ്മാണ ചെലവ് പിരിഞ്ഞുകിട്ടുന്നതുവരെ കെ.ടി.ഡി.എഫ്.സി. യുടെ ഉടമസ്ഥതയിൽ പ്രസ്തുത കെട്ടിടവും സ്ഥലവും നിലനിർത്താനാണ് വ്യവസ്ഥയെങ്കിൽ തുക കണക്കാക്കാതെയിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു; വിശദമാക്കാമോ;

(ഇ) പ്രസ്തുത കെട്ടിടം മോട്ടോർ വാഹനവകുപ്പിന് കൈമാറണമെന്ന ട്രാൻസ്പോർട്ട് കമ്മീഷണറുടെ 5-4-2017 ലെ കത്തിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; റവന്യൂ വരുമാനത്തിൽ രണ്ടാം സ്ഥാനത്ത് നിൽക്കുന്ന മോട്ടോർ വാഹന വകുപ്പിന് സ്വന്തമായി ആസ്ഥാനമില്ലായെന്നത് കണക്കിലെടുത്ത് ഇക്കാര്യത്തിൽ എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(എഫ്) തിരുവനന്തപുരം ആർ.ടി. ഓഫീസ് ഉൾപ്പടെയുള്ളവ ഭാരിച്ച വാടക നൽകി പ്രവർത്തിക്കുമ്പോൾ കെ.ടി.ഡി.എഫ്.സി.-ക്ക് ചെലവായ തുക നൽകി ട്രാൻസ് ടവേഴ്സ് സർക്കാർ ഏറ്റെടുക്കാത്തതിലുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള മോട്ടോർ വാഹന വകുപ്പിന്റെ ഭൂമിയിൽ കെ.റ്റി.ഡി.എഫ്.സി., ബി.ഒ.ടി. വ്യവസ്ഥയിൽ നിർമ്മിച്ച ട്രാൻസ് ടവേഴ്സിന് 28-2-2003-ലെ സ.ഉ. (കൈ)നമ്പർ 8/2003/ഗതാഗതം പ്രകാരം 7.50 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ ചെലവ് 19.88 കോടി രൂപയാണ്. ബി.ഒ.ടി. കാലാവധി നിശ്ചയിച്ചിട്ടില്ല. കെ.റ്റി.ഡി.എഫ്.സി. മുടക്കിയ മുതലും പലിശയും വസൂലാക്കിയതിനുശേഷം ട്രാൻസ് ടവേഴ്സ് കെട്ടിടം കെ.റ്റി.ഡി.എഫ്.സി. ഹെഡ് ഓഫീസ് പ്രവർത്തിക്കുന്ന ആറാമത്തെ നില ഒഴികെയുള്ള നിലകൾ മോട്ടോർ വാഹന വകുപ്പിന് കൈമാറണമെന്നാണ് നിബന്ധന. ഇതുസംബന്ധിച്ച കരാർ നിലവിലില്ല.

(ബി) നാളിതുവരെ ട്രാൻസ് ടവേഴ്സ് കെട്ടിടത്തിന് വാടകയിനത്തിൽ 2019 മാർച്ച് മാസം വരെ 17,86,62,052 രൂപ ലഭിച്ചിട്ടുണ്ട്.

ട്രാൻസ് ടവേഴ്സിൽ നിലവിൽ വാടകയ്ക്ക് നൽകിയിട്ടുള്ള സ്ഥാപനങ്ങളുടെ പേര് വിവരം ചുവടെ ചേർക്കുന്നു:

1. Vodafone Idea Ltd.
2. Additional Skill Acquisition Programme
3. LIC of India
4. Kerala Local Government Service Delivery Project
5. Kerala Urban & Rural Development Finance Corporation Ltd.
6. Comprehensive Health Insurance Agency of Kerala
7. Kerala Education Mission
8. Muralya Properties Pvt. Ltd.

9. Kerala Rail Development Corporation Ltd.

10. Kerala State Insurance Department

11. Kerala Road Safety Authority

12. M/s BATA India Ltd.

മുകളിൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തിൽ വാടകയിനത്തിൽ ലഭിച്ചത് 2,08,62,241 രൂപയാണ്.

(സി) 31-3-2019-ന് 30,53,76,329 രൂപ കൂടി കെ.റ്റി.ഡി.എഫ്.സി-ക്ക് ലഭ്യമാകാനുണ്ട്. പ്രസ്തുത തുകയും 31-3-2019-നുശേഷമുള്ള കണക്കനുസരിച്ചുള്ള തുകയും ലഭ്യമാക്കിയാൽ മാത്രമേ ട്രാൻസ് ടവേഴ്സ് കെട്ടിടം മോട്ടോർ വാഹന വകുപ്പിന് ഏൽപ്പിക്കാൻ സാധിക്കുകയുള്ളൂ. ആയതിന്റെ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

(ഡി-എഫ്) ബാക്കി ലഭ്യമാക്കാനുള്ള തുക സംബന്ധിച്ച കണക്കെടുപ്പ് പൂർത്തിയായിട്ടുണ്ട്. ഓഡിറ്റിനുശേഷം ട്രാൻസ് ടവേഴ്സ് മോട്ടോർ വാഹന വകുപ്പിന് കൈമാറുന്നതിനുള്ള അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്.

## ജലഗതാഗത വകുപ്പിൽ ആശ്രിത നിയമനം

360 (1864) <u>ശ്രീമതി സി. കെ. ആശ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിൽ ആശ്രിത നിയമനത്തിനായി നിലവിൽ അപേക്ഷ സമർപ്പിച്ചിരിക്കുന്നവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ആലപ്പുഴയിൽ ലാസ്കർ തസ്തികയിൽ ജോലിയിലിരിക്കെ മരണമടഞ്ഞ പി. കെ. അബ്ദുൾ മനാഫിന്റെ മകൻ ശ്രീ. മുഹമ്മദ് ഫൈസൽ ആശ്രിത നിയമനത്തിനായി സമർപ്പിച്ച അപേക്ഷയിന്മേലുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ശ്രീ. മുഹമ്മദ് ഫൈസലിന് നിയമനം നൽകുന്നത് നീണ്ടുപോകുന്നതിനുള്ള കാരണം വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ജലഗതാഗത വകുപ്പിൽ ആശ്രിത നിയമനത്തിനായി നിലവിൽ അപേക്ഷ സമർപ്പിച്ചിരിക്കുന്നവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഹാഷിം പി. എച്ച്.,
   (പി.എസ്. ഹമീദ്, ബോട്ട് സ്രാങ്കിന്റെ മകൻ)
   പോത്തടി ഹൗസ്, പൊന്നാരിമംഗലം, മുളവുകാട് പി.ഒ., എറണാകുളം.

2. കൃഷ്ണ കെ. പി.,
   (കെ. കെ. പുരുഷോത്തമൻ, കോൾക്കർ ചാർജ്ജ്മാന്റെ മകൾ)
   തിട്ടേത്തറ ഹൗസ്, ചിലവന്നൂർ, കടവന്ത്ര പി.ഒ., എറണാകുളം.

3. അശ്വിൻ ആന്റണി,
   (വി. വി. ആന്റണി, ഓഫീസ് അറ്റൻഡന്റിന്റെ മകൻ)
   വലിയ വീട്ടിൽ, പുന്നപ്ര പി.ഒ., ആലപ്പുഴ.

4. നിഖിൽ പി. എൻ.,
   (നിർമ്മലാനന്ദൻ, ബോട്ട് ലാസ്കറിന്റെ മകൻ)
   പുതുവൽ നികർത്ത്, വയലാർ പി.ഒ., ചേർത്തല.

5. മുഹമ്മദ് ഫൈസൽ,
   (അബ്ദുൽ മനാഫ്, ബോട്ട് ലാസ്കറിന്റെ മകൻ)
   പുതുവീട്ടിൽ, കടവെച്ചൂർ പി.ഒ., കോട്ടയം.

6. അശ്വിൻ പ്രമോദ് കെ.,
   (പ്രമോദ് കെ. കെ., ബോട്ട് ലാസ്കറിന്റെ മകൻ)
   കുറ്റിപ്പുറത്ത് ഹൗസ്, തേവര പി.ഒ., എറണാകുളം

(ബി) സംസ്ഥാന ജലഗതാഗത വകുപ്പിൽ ബോട്ട് ലാസ്കർ തസ്തികയിൽ സേവനമനുഷ്ഠിക്കവേ മരണമടഞ്ഞ അബ്ദുൽമനാഫ് പി. കെ.-യുടെ മകനായ ശ്രീ. മുഹമ്മദ് ഫൈസൽ പി. എം.-ന്റെ ആശ്രിത നിയമനത്തിനായുള്ള 16-9-2017-ലെ അപേക്ഷയും അനുബന്ധ രേഖകളും സംസ്ഥാന ജലഗതാഗത

വകുപ്പിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ ഒഴിവുകളില്ലായെന്ന് അറിയിച്ചുകൊണ്ട് ജലഗതാഗത വകുപ്പ് ഡയറക്ടർ തുടർനടപടികൾക്കായി 3-11-2017-ൽ സർക്കാരിലേയ്ക്ക് അയച്ചിരുന്നു. ആയതിന്മേൽ 18-11-2017-ലെ Trans D1/313/2017 നമ്പർ കത്ത് പ്രകാരം ആലപ്പുഴ ജില്ലാ കളക്ടറുടെ റിപ്പോർട്ട് തേടിയിരുന്നു. 19-3-2018-ൽ ജില്ലാ കളക്ടർ പ്രസ്തുത അപേക്ഷയിൽ തുടർനടപടികൾക്ക് ശിപാർശ ചെയ്ത് റിപ്പോർട്ട് ലഭ്യമാക്കുകയും ടി വിഷയം ഫയലിൽ പരിശോധിച്ചശേഷം ഇതുസംബന്ധിച്ച 2-6-2018-ലെ പ്രൊഫോർമ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം എൽ.ഡി. ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിനുള്ള തുടർ നടപടികൾക്കായി പൊതുഭരണ (സി.ഇ. സെൽ) വകുപ്പിലേയ്ക്ക് അയയ്ക്കുകയും ചെയ്തിരുന്നു.

(സി) ഒഴിവ് വരുന്ന മുറയ്ക്ക് സീനിയോറിറ്റി ലിസ്റ്റ് പ്രകാരമാണ് നിയമനം നൽകുന്നത്.

## സീ അഷ്ടമുടി ടൂറിസം ബോട്ട് സർവ്വീസ്

361 (1865) <u>ശ്രീ. എം. മുകേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സീ അഷ്ടമുടി ടൂറിസം ബോട്ട് സർവ്വീസ് നടത്തുന്നതിനുള്ള ബോട്ടിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ;

(ബി) നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കി സർവ്വീസ് ഉടൻ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സീ-അഷ്ടമുടി ടൂറിസം ബോട്ട് സർവ്വീസ് ആരംഭിക്കുന്നതിനുള്ള ബോട്ടിന്റെ നിർമ്മാണം പൂർത്തിയായിട്ടില്ല. നിർമ്മാണം പൂർത്തിയാക്കി സർവ്വീസ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

(നക്ഷത്രചിഹ്നമിടാത്ത 1642, 1712 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

10.00 A.M.]

## II റൂളിംഗ്

### ചട്ടങ്ങൾ യഥാസമയം പുറപ്പെടുവിക്കാത്തത് സംബന്ധിച്ച്

മി. സ്പീക്കർ: റൂൾ 50 എടുക്കുന്നതിനുമുമ്പ് ഒരു കാര്യം ശ്രദ്ധയിൽപ്പെടുത്താൻ ചെയർ ആഗ്രഹിക്കുകയാണ്.

നിയമസഭ കാലാകാലങ്ങളിൽ പാസ്സാക്കുന്ന നിയമങ്ങളിലെ ഏൽപ്പിച്ച് കൊടുത്ത നിയമ നിർമ്മാണാധികാരം (delegated legislation) വിനിയോഗിച്ചുകൊണ്ട് സർക്കാർ യഥാസമയം ചട്ടങ്ങൾ പുറപ്പെടുവിക്കുന്നില്ലെന്ന പരാതി കഴിഞ്ഞ കാലങ്ങളിൽ വ്യത്യസ്ത സന്ദർഭങ്ങളിൽ സഭാതലത്തിൽ ഉയർന്നുവന്നിട്ടുണ്ട്. പതിനാലാം നിയമസഭയിൽമാത്രം, സമയബന്ധിതമായി ചട്ടങ്ങൾ പുറപ്പെടുവിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളും ശക്തമായ റൂളിംഗും ചെയർ നൽകുകയും ചെയ്തിട്ടുണ്ട്.

നിയമസഭാ നടപടിചട്ടം 238-ന്റെ 2-ാം ഉപചട്ടപ്രകാരം, നിയമസഭ പാസ്സാക്കിയ ഒരു നിയമം വിജ്ഞാപനം ചെയ്തുകഴിഞ്ഞാൽ 90 ദിവസങ്ങൾക്കകം അതിൻപ്രകാരമുള്ള കരട് ചട്ടങ്ങൾ തയ്യാറാക്കി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ സൂക്ഷ്മ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്. അപ്രകാരം സബ്ജക്ട് കമ്മിറ്റികൾക്ക് ലഭിക്കുന്ന കരട് ചട്ടങ്ങൾ അടുത്ത 90 ദിവസങ്ങൾക്കകം കമ്മിറ്റികൾ സൂക്ഷ്മ പരിശോധന നടത്തേണ്ടതുമാണ്. അതായത്, സഭ പാസ്സാക്കുന്ന ഒരു നിയമം എത്രയുംവേഗം അതിന്റെ പൂർണ്ണ അർത്ഥത്തിൽ പ്രാബല്യത്തിൽ വന്നിരിക്കണമെന്ന ലക്ഷ്യമാണ് ഈ നിർദ്ദേശത്തിന്റെ ഉള്ളടക്കം.

ഇപ്രകാരം വ്യക്തമായ ഒരു ചട്ടം നിയമസഭാ ചട്ടങ്ങളിൽ നിലനിൽക്കുമ്പോൾത്തന്നെ സഭ പാസ്സാക്കിയ വ്യത്യസ്തങ്ങളായ 27 നിയമങ്ങൾ അനുസരിച്ചുള്ള ചട്ടങ്ങളുടെ കരട് നാളിതുവരെ നിർമ്മിക്കുകയോ അവ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റികളുടെ സൂക്ഷ്മ പരിശോധനയ്ക്കായി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല എന്ന കാര്യം അതീവ ഗൗരവമാണ്. യഥാസമയം ചട്ടം നിർമ്മിക്കാതിരിക്കുന്നതിനെതിരെ ചില പ്രത്യേക സന്ദർഭങ്ങളിൽ ഈ നിയമസഭയിൽത്തന്നെ ശക്തമായ റൂളിംഗ് ചെയറിൽനിന്നും ഉണ്ടായിട്ടുണ്ടെങ്കിലും ആഗ്രഹിച്ചത്ര വേഗത ഉണ്ടാകുന്നില്ല.

നിയമസഭാ നടപടിചട്ടം 238 പ്രകാരം സർക്കാർ പുറപ്പെടുവിക്കേണ്ട ചട്ടങ്ങളുടെ സൂക്ഷ്മ പരിശോധന സബ്ജക്ട് കമ്മിറ്റികളുടെ കർത്തവ്യമാണെന്നതു പോലെതന്നെ അവ യഥാസമയം തയ്യാറാക്കി പരിശോധനയ്ക്കായി ലഭ്യമാക്കുന്നുണ്ടോ എന്ന കാര്യം കൃത്യതയോടെ പരിശോധിക്കേണ്ട ഉത്തരവാദിത്വവും അതത് സബ്ജക്ട് കമ്മിറ്റികൾതന്നെ നിർവ്വഹിക്കേണ്ടതുണ്ട്.

എട്ടും ഒൻപതും വർഷങ്ങൾക്കുമുമ്പ് നിയമസഭ പാസ്സാക്കിയ നിയമങ്ങൾ അനുസരിച്ച് പുറപ്പെടുവിക്കേണ്ട ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിൽ അക്ഷന്തവ്യമായ കാലവിളംബത്തിന് കാരണക്കാരായ വകുപ്പുതല ഉദ്യോഗസ്ഥരിൽനിന്നും തെളിവെടുപ്പ് നടത്തുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരെന്നു കണ്ടെത്തുന്നവർക്കെതിരെ മാതൃകാപരമായ അച്ചടക്ക നടപടി ശിപാർശ ചെയ്യുന്നതിനും സബ്ജക്ട് കമ്മിറ്റികൾ തയ്യാറാകേണ്ടതുണ്ട്.

"സബ്ജക്ട് കമ്മിറ്റികൾ" എന്ന അനന്യമായ ആശയം, കേരളം ഇന്ത്യൻ പാർലമെന്ററി ജനാധിപത്യത്തിന് നൽകിയ ഉദാത്തമായ സംഭാവനയാണ്. നിയമസഭയുടെ അധികാരങ്ങൾ ഡെലിഗേറ്റ് ചെയ്ത് രൂപീകരിക്കപ്പെട്ട സബ്ജക്ട് കമ്മിറ്റികൾ ബന്ധപ്പെട്ട അധികാരം വിനിയോഗിക്കുകതന്നെ വേണം. ഒരു നിയമം രൂപപ്പെടുന്നത് ശൂന്യതയിൽ നിന്നല്ല. ജനങ്ങളുടെ അഭിലാഷത്തിൽനിന്നും സാഹചര്യങ്ങളുടെ ആവശ്യകതയിൽനിന്നുമാണ്. അത് ജനങ്ങളുടെ ചിന്തയുടെയും വികാരങ്ങളുടെയും ഉല്പന്നങ്ങൾ കൂടിയാണ്. നിയമനിർമ്മാണ സഭകൾ ഗൗരവത്തോടുകൂടി സൃഷ്ടിച്ചെടുക്കുന്ന നിയമങ്ങളുടെ പരിരക്ഷയും പിന്തുണയും ജനങ്ങൾക്ക് ലഭ്യമാകാതെ പോകുന്നത് ജനതാല്പര്യത്തോടുള്ള കടുത്ത നിഷേധാത്മക സമീപനമായിട്ടേ കാണാനാകൂ. ഇക്കാര്യത്തിൽ വ്യക്തത വരുത്താൻ ചെയർ ചില നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

I. സബ്ക്റ്റ് കമ്മിറ്റി തലത്തിൽ, ചട്ടം 238 പ്രകാരമുള്ള ചട്ടങ്ങളുടെ സൂക്ഷ്മ പരിശോധന കൃത്യമായി നടക്കുന്നുവെന്നും നിലവിൽ കുടിശ്ശികയായി അവശേഷിക്കുന്നവ സമയബന്ധിതമായി പൂർത്തീകരിക്കുന്നുവെന്നും ഉറപ്പാക്കാൻ കഴിയണം.

II. നിയമസഭയുടെ നടപ്പുസമ്മേളനം അവസാനിച്ചാലുടൻ ബന്ധപ്പെട്ട എല്ലാ സബ്ജക്ട് കമ്മിറ്റികളും പ്രത്യേക അജണ്ട വച്ച് തെളിവെടുപ്പ് യോഗങ്ങൾ ചേരേണ്ടതും കുടിശ്ശികയായിട്ടുള്ള ചട്ടങ്ങളുടെ നിർമ്മാണവും അവയുടെ പരിഗണനയും സംബന്ധിച്ച കാര്യങ്ങൾ സമയബന്ധിതമായി ആവിഷ്കരിച്ചു നടപ്പാക്കേണ്ടതുമാണ്.

III. എല്ലാ സർക്കാർ വകുപ്പുകളും തങ്ങളുടെ വകുപ്പുമായി ബന്ധപ്പെട്ട് കുടിശ്ശികയായിട്ടുള്ള ചട്ടങ്ങളുടെ നിർമ്മാണം സംബന്ധിച്ച ജോലികൾ രണ്ട് മാസത്തിനകം പൂർത്തീകരിക്കുന്നുവെന്ന് ചീഫ് സെക്രട്ടറി തലത്തിൽ ഉറപ്പുവരുത്തേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന കരട് ചട്ടങ്ങൾ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റികൾക്ക് സൂക്ഷ്മ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതുമാണ്. സബ്ജക്ട് കമ്മിറ്റികളുടെ പരിശോധനയ്ക്കായി ലഭിക്കുന്ന കരട് ചട്ടങ്ങൾ ബന്ധപ്പെട്ട കമ്മിറ്റികൾ സമയബന്ധിതമായി പരിശോധിക്കുകയും അതുസംബന്ധിച്ച റിപ്പോർട്ട് സഭയുടെ അടുത്ത സമ്മേളനത്തിനു മുമ്പായി സർക്കാരിന് സർപ്പിക്കേണ്ടതുമാണ്.

IV. ഇക്കാര്യത്തിലുള്ള എല്ലാ കുടിശ്ശിക ജോലികളും പൂർത്തീകരിച്ചതു സംബന്ധിച്ച് നിയമസഭയുടെ അടുത്ത സമ്മേളനത്തിന്റെ പ്രാരംഭത്തിൽ എല്ലാ സബ്ജക്ട് കമ്മിറ്റികളുടെയും അദ്ധ്യക്ഷന്മാരും സഭയിൽ ഒരു സ്റ്റേറ്റ്മെന്റ് നടത്തേണ്ടതാണെന്നും ചെയർ റൂൾ ചെയ്യുന്നു.

നിയമസഭയുടെ collective wisdom-ന്റെ ഭാഗമായി കൈക്കൊള്ളുന്ന ഈ തീരുമാനം ഏതെങ്കിലും സാഹചര്യത്തിൽ നടപ്പാക്കാതിരിക്കുന്നത് സഭയോടുള്ള അനാദരവായി കണക്കാക്കുന്നതും അതിൻപ്രകാരമുള്ള തുടർനടപടി സ്വീകരിക്കുന്നതാണെന്നും ചെയർ റൂൾ ചെയ്യുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങയുടെ റൂളിംഗ് വളരെ ഗൗരവമുള്ളതാണ്. പക്ഷെ അത് നടപ്പിലാക്കേണ്ടത് കമ്മിറ്റി ചെയർമാൻമാരാണ്. മന്ത്രിമാരാണ് കമ്മിറ്റികളുടെ ചെയർമാൻമാർ. ബഡ്ജറ്റ് സ്ക്രൂട്ടിനിക്കല്ലാതെ കമ്മിറ്റികൾ ചേരാറില്ല. അപ്പോൾ അങ്ങ് പറയേണ്ടത് മന്ത്രിമാരോടാണ്.

മി. സ്പീക്കർ : അതെല്ലാം ഇതിൽ ഉൾപ്പെടുന്നുണ്ട്.

ശ്രീ. കെ. സി. ജോസഫ്: അങ്ങ് അതിനെപ്പറ്റി പരാമർശിച്ചില്ല. ആർക്കാണ് ഉത്തരവാദിത്വം? Responsibility lies with the Chairman of the Committee. അവരാണത് ചെയ്യേണ്ടത്.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റികളുടെ ഉത്തരവാദിത്വത്തെ സംബന്ധിച്ചാണ് ആദ്യ ഭാഗത്തിൽ റൂളിംഗ് നടത്തിയത്, അങ്ങ് അത് ശ്രദ്ധിച്ചുകാണില്ല.

ശ്രീ. കെ. സി. ജോസഫ് : സർ, ഞാൻ ശ്രദ്ധിച്ചു, അങ്ങ് ഈ ഭാഗം മറച്ചുവച്ചാണ് റൂളിംഗ് നടത്തിയത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇക്കാര്യത്തിൽ അങ്ങ് നടത്തിയ റൂളിംഗ് അനുസരിച്ച് കാര്യങ്ങൾ നടപ്പാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ചീഫ് സെക്രട്ടറിക്ക് നൽകുന്നതാണ്. നേരത്തെതന്നെ നമ്മൾ ഇക്കാര്യം ചർച്ച ചെയ്തതാണ്. സെക്രട്ടറിമാരുടെ കോൺഫറൻസിൽത്തന്നെ ഇത് വൈകാതെ നടപ്പാക്കാനാകണമെന്നത് നിർദ്ദേശമായി നൽകിയിരുന്നു. ഇപ്പോഴും അത് നടപ്പായില്ലായെന്നത് ഖേദകരമാണ്. ഏതായാലും കർശന നടപടി ഇക്കാര്യത്തിൽ സ്വീകരിക്കുന്നതാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അങ്ങ് ഉന്നയിച്ച വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ കാര്യം വളരെ സ്വാഗതാർഹമാണ്. ശ്രീ. കെ. സി. ജോസഫ് ഉന്നയിച്ചത് വളരെ പ്രസക്തമായ കാര്യമാണ്. ബഡ്ജറ്റ് സക്രൂട്ടിനിക്കല്ലാതെ സബ്ജക്ട് കമ്മിറ്റികൾ കൂടാറില്ല. അത്

ഒരു കുറ്റമായി പറയുകയല്ല, കഴിഞ്ഞ കുറേ കാലമായിട്ടുള്ളതാണ്. ഇടയ്ക്കിടയ്ക്ക് സബ്ജക്ട് കമ്മിറ്റികൾ കൂടി ഇത്തരം കാര്യങ്ങളിൽ ശ്രദ്ധപതിപ്പിക്കാൻ തയ്യാറായാൽ അങ്ങ് ഇവിടെ ഉന്നയിച്ച പല പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ കഴിയും. അതുകൊണ്ട് ചെയർമാൻമാരായ മന്ത്രിമാർക്ക് പ്രത്യേക നിർദ്ദേശം നൽകണം. ബഡ്ജറ്റ് സ്ക്രൂട്ടിനിക്കല്ലാതെയും വേണമെങ്കിൽ സബ്ജക്ട് കമ്മിറ്റികൾ കൂടാവുന്നതാണ്. അതിന് ചെയർമാൻ വിചാരിച്ചാൽ മതി, യാതൊരു തടസ്സവുമില്ല. അതിന് സമയം കണ്ടെത്താനുള്ള നടപടികളുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: അങ്ങയുടെ നിർദ്ദേശവും ഇതിൽ ഉൾക്കൊണ്ടിട്ടുണ്ട്.

## III അടിയന്തരപ്രമേയം

### നിയമവിരുദ്ധ നിലം നികത്തൽ

മി. സ്പീക്കർ: നെൽവയൽ തണ്ണീർത്തട നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി നികത്തിയ കുന്നത്തുനാട്ടിലെ 5.8365 ഹെക്ടർ സ്ഥലം പൂർവ്വസ്ഥിതിയിലാക്കണമെന്ന കളക്ടറുടെ ഉത്തരവ് റദ്ദ് ചെയ്ത് നിലം നികത്താൻ അനുമതി നൽകിയ സർക്കാരിന്റെ നടപടിമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതര സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. പി. സജീന്ദ്രൻ, ടി. എ. അഹമ്മദ് കബീർ, അനൂപ് ജേക്കബ്, ഡോ. എൻ. ജയരാജ് എന്നീ ബഹു. അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഏതാണ്ട് പതിനാല് വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ച ഒരു പ്രവർത്തനത്തിന്റെ തുടർച്ചയാണിത്. M/s സിന്തറ്റിക് പ്രോപ്പർട്ടീസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടറായ ശ്രീ. ജോർജ്ജ് പോൾ എറണാകുളം ജില്ലയിലെ കുന്നത്തുനാട് താലൂക്കിൽ കുന്നത്തുനാട് വില്ലേജിൽ വിവിധ സർവ്വേ നമ്പറുകളിൽപ്പെട്ട 18 ഏക്കറോളം നിലം കെ.എൽ.യു. ഓർഡറിലെ വ്യവസ്ഥകൾ പ്രകാരം തരംമാറ്റുന്നതിനുവേണ്ടി എറണാകുളം ജില്ലാകളക്ടർക്ക് നൽകിയിരുന്ന അപേക്ഷ 2-2-2005-ന് ജില്ലാ കളക്ടർ നിരസിച്ച് ഉത്തരവ് പുറപ്പെടുവിച്ചതിനെത്തുടർന്ന് ലാൻഡ് റവന്യൂ കമ്മീഷണർ മുമ്പാകെ അപ്പീൽ ഫയൽ ചെയ്യുകയും ലാൻഡ് റവന്യൂ കമ്മീഷണർ അപ്പീൽ പരിഗണിച്ച് 23-2-2006-ലെ ഉത്തരവുപ്രകാരം 5.8362 ഹെക്ടർ ഭൂമി തരംമാറ്റുന്നതിന് അനുമതി

നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട് പാസാക്കിക്കൊണ്ട് പ്രസ്തുത ആക്ടിന്റെ പ്രാരംഭ തീയതിയായ 12-8-2008 മുതൽ ഏതെങ്കിലും നെൽവയലിന്റെ ഉടമസ്ഥനോ അധിവാസിയോ കൈവശക്കാരനോ ഈ ആക്ടിലെ വ്യവസ്ഥകൾക്കനു സൃതമല്ലാതെ നെൽവയൽ പരിവർത്തനപ്പെടുത്തുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്യാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്യുകയും 5-ാം വകുപ്പ് 4-ാം ഉപവകുപ്പ് പ്രകാരം കൃഷിയോഗ്യമായ നെൽവയലിന്റെയും തണ്ണീർത്തടത്തിന്റെയും വിവരങ്ങൾ ഉൾപ്പെടുത്തി ഡാറ്റാ ബാങ്ക് തയ്യാറാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുകയുണ്ടായി. ഈ സംഗതിയിൽ പ്രസ്തുത ഭൂമി 2008-നുമുമ്പ് നിലമായി നിലനിന്നിരുന്നതിനാൽ ഡാറ്റാ ബാങ്കിൽ നിലമായി ഉൾപ്പെടുകയുണ്ടായി. മാത്രമല്ല സിന്തറ്റിക് പ്രോപ്പർട്ടീസിന്റെ കൈവശമുണ്ടായിരുന്ന പ്രസ്തുത ഭൂമി M/s സ്പീക്ക്സ് പ്രോപ്പർട്ടീസ് ലിമിറ്റഡ് എന്ന കമ്പനിയുടെ പേരിലേയ്ക്ക് മാറ്റുകയും ചെയ്തു. പ്രസ്തുത ഭൂമി 2015-ൽ നികത്തിയതിനെത്തുടർന്ന് സ്റ്റോപ്പ് മെമ്മോ നൽകി തുടർനടപടി സ്വീകരിക്കുകയാണുണ്ടായത്. അതിനെത്തുടർന്ന് ജില്ലാ കളക്ടർ പ്രസ്തുത വിഷയം പരിശോധിക്കുകയും അനധികൃതമായി നിലംനികത്തിയതാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നികത്തിയ നെൽവയലുകൾ പൂർവ്വ സ്ഥിതിയിലാക്കണമെന്നും ആയതിന് ചെലവാകുന്ന തുക റവന്യൂ റിക്കവറി നിയമപ്രകാരം ഈടാക്കി സർക്കാരിലേയ്ക്ക് മുതൽക്കൂട്ടണമെന്നും ആവശ്യപ്പെട്ടു കൊണ്ടും ഇനിയൊരു ഉത്തരവുണ്ടാകുന്നതുവരെ ടി സ്ഥലങ്ങളുടെ ക്രയവിക്രയവും പോക്കുവരവും മരവിപ്പിച്ചുകൊണ്ടും 26-9-2018-ൽ ഉത്തരവാകുകയുണ്ടായി. എന്നാൽ സർക്കാർ മുമ്പാകെ ഫയൽ ചെയ്ത അപ്പീൽ പരിശോധിക്കുകയും പ്രസ്തുത ഉത്തരവ് റദ്ദാക്കുകയും അപേക്ഷകരുടെ സ്ഥലം ഡാറ്റാ ബാങ്കിൽനിന്ന് ഒഴിവാക്കുന്നതിന് നിലവിലുള്ള നിയമപ്രകാരം ബന്ധപ്പെട്ട അധികാരികളെ സമീപിക്കാവുന്നതാണ് എന്ന് രേഖപ്പെടുത്തി 31-1-2019-ന് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഇതുസംബന്ധിച്ച് മാധ്യമങ്ങളിൽ വാർത്ത വന്നതിനെത്തുടർന്ന് ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ സെക്ഷൻ 13 പ്രകാരം നികത്തിയ നിലം പൂർവ്വസ്ഥിതിയിലാക്കുന്നതിന് ജില്ലാ കളക്ടർ നൽകിയ ഉത്തരവ് ഉൾപ്പെടെ റദ്ദാക്കിയിരിക്കുന്നത് ക്രമപ്രകാരമല്ലെന്ന് കണ്ടെത്തുകയും 31-1-2019-ലെ സർക്കാർ ഉത്തരവ് മരവിപ്പിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തു. അതിനെത്തുടർന്ന് 8-5-2019-ന് പുറപ്പെടുവിച്ച ഉത്തരവിൻപ്രകാരം 31-1-2019-ലെ ഉത്തരവ് മരവിപ്പിച്ചിട്ടുണ്ട്. തുടർനടപടി സംബന്ധിച്ച അഭിപ്രായത്തിനായി ഫയൽ അഡ്വക്കേറ്റ് ജനറലിന് അയച്ചു കൊടുത്തിരിക്കുകയാണ്.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, 'കൊല്ലനും അറിഞ്ഞില്ല, കൊല്ലത്തിയും അറിഞ്ഞില്ല തിത്തൈ എന്നൊരു കൊച്ചരിവാൾ' എന്നുപറഞ്ഞതുപോലെയാണ് കുന്നത്തുനാട്ടിലെ ഭൂമി വിവാദവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ഓർഡർ ഇറങ്ങിയിരിക്കുന്നത്. എറണാകുളം ജില്ലയിൽ കുന്നത്തുനാട് താലൂക്കിൽ, ടി വില്ലേജിൽ ബ്ലോക്ക് നമ്പർ 36-ൽ 94/1 മുതൽ പല സർവ്വേ നമ്പരുകളിലായി കിടക്കുന്ന 5.8365 ഹെക്ടർ ഭൂമി ഏകദേശം 15 ഏക്കറോളം ഭൂമിയാണ്. ഡാറ്റാ ബാങ്കിൽ നിലമായി കിടക്കുന്ന ഈ ഭൂമി ഭരണസ്വാധീനം ഉപയോഗിച്ച് കരഭൂമിയാക്കി മാറ്റാൻ ബഹുമാനപ്പെട്ട എറണാകുളം ജില്ലാ കളക്ടറുടെ ഉത്തരവിനെ മറികടന്ന് ശരവേഗത്തിൽ ഗവൺമെന്റ് ഉത്തരവിറക്കിയതിനെക്കുറിച്ച് അന്വേഷണം നടത്തി നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യണമെന്നാണ് അടിയന്തരപ്രമേയത്തിലെ ആവശ്യം.

ഇതൊരു കണ്ണായ സ്ഥലമാണ്. കിഴക്കുഭാഗത്ത് ആയിരക്കണക്കിന് ആളുകൾ വന്നുപോകുന്ന വണ്ടർലായും പടിഞ്ഞാറ് മനോഹരമായ കടമ്പ്രയാറും തെക്ക് ഇൻഫോപാർക്കും സ്മാർട്ട് സിറ്റിയുമാണ്. പടിഞ്ഞാറ് കടമ്പ്രയാർ ടൂറിസത്തിന്റെ ഡെസ്റ്റിനേഷനാണ്. അങ്ങനെയുള്ള 15 ഏക്കർ സ്ഥലമാണ് കരഭൂമിയാക്കുന്നതിനുവേണ്ടി വളരെ വേഗത്തിൽ സർക്കാർ ഉത്തരവിറക്കിയത്. ടി വസ്തു 2006-ൽ അന്നത്തെ ലാൻഡ് റവന്യൂ കമ്മീഷണറായിരുന്ന ശ്രീ. അൽഫോൺസ് കണ്ണന്താനം Kerala Land Utilization Order, 1967-ന്റെ അടിസ്ഥാനത്തിൽ നികത്തുന്നതിനായി അനുമതി കൊടുത്തു. എന്നാൽ 2008-ൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വന്നതോടുകൂടി അതിനുമുമ്പുണ്ടായിരുന്ന നിലം നികത്താനുള്ള നിയമം അസാധുവാകുകയാണ് ചെയ്തിരിക്കുന്നത്. 2008-നു മുമ്പ് നികത്തിയ ഭൂമിക്കുമാത്രമേ 1967-ലെ Kerala Land Utilization Order ബാധകമാകുകയുള്ളൂ. ടി 15 ഏക്കർ ഭൂമി 2008-നുമുമ്പ് നികത്തിയിട്ടില്ലാത്തതിനാൽ ഡാറ്റാ ബാങ്കിൽ ഇപ്പോഴും നിലം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതാണ്. എറണാകുളം ജില്ലാ കളക്ടറായിരുന്ന ശ്രീ. മുഹമ്മദ് വൈ. സഫറുള്ളയുടെ 26-9-2018-ലെ ഉത്തരവ് അങ്ങ് പഠിച്ചിട്ടുണ്ടാകുമല്ലോ. 2013-14 കാലയളവിൽ പ്രസ്തുത സ്ഥലം മണ്ണിട്ട് നികത്തിയെന്ന് മൂവാറ്റുപുഴ ആർ.ഡി.ഒ.-യുടെയും ബന്ധപ്പെട്ട റവന്യൂ ഡിപ്പാർട്ടുമെന്റിലെ മുഴുവൻ ഉദ്യോഗസ്ഥരുടെയും റിപ്പോർട്ടുണ്ട്. ഇത് ബഹുമാനപ്പെട്ട കളക്ടറുടെ ഉത്തരവിൽ പറയുന്നുണ്ട്. ടി സ്ഥലത്തിന് എൽ.എ.ആർ. 947/2005-ാം നമ്പർ ഉത്തരവുപ്രകാരം Kerala Land Utilization Order അനുസരിച്ച് വ്യവസ്ഥകൾക്ക് വിധേയമായി ഭൂപരിവർത്തനത്തിന് ലാൻഡ് റവന്യൂ കമ്മീഷണറുടെ അനുമതി ലഭിച്ചതായി കാണുന്നു. എന്നാൽ കൈവശക്കാർ ടി ഉത്തരവുപ്രകാരമുള്ള land

conversion 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വരുന്നതിനുമുമ്പ് പൂർത്തിയാക്കിയിരുന്നില്ലെന്ന് കാണുന്നു. അതുകൊണ്ട് 2006-ൽ land conversion-ന് അനുമതി ലഭിച്ചിരുന്നെങ്കിലും 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം 2013-14 കാലയളവിലാണ് ടി സ്ഥലങ്ങൾ മണ്ണിട്ട് നികത്തിയതെന്നും മൂവാറ്റുപുഴ റവന്യൂ ഡിവിഷണൽ ഓഫീസറുടെ ഉത്തരവിൽ പറയുന്നു. 2015-ൽ മണ്ണിട്ട് നികത്തിയപ്പോൾ അവിടത്തെ പ്രാദേശിക സി.പി.ഐ.(എം) നേതാക്കൾ അവിടെ വലിയ പ്രക്ഷോഭം നടത്തി. സി.പി.ഐ.(എം)-ന്റെ സംഘടനയായ കർഷക തൊഴിലാളി യൂണിയൻ അവിടെ കൊടിനാട്ടുകയും നിലം നികത്താൻ പറ്റില്ലെന്ന് പറയുകയും ചെയ്യുതായി പത്രങ്ങളിൽ വാർത്ത വരികയും വിവാദമാകുകയും ചെയ്തിട്ടുണ്ട്. എറണാകുളം ജില്ലാ കളക്ടർ അഴിമതിയില്ലാത്തൊരു ഉദ്യോഗസ്ഥനാണ്. അതുകൊണ്ടാണ് ഭൂമാഫിയ സ്വാധീനിക്കാൻ ശ്രമിച്ചിട്ടും അദ്ദേഹം ശക്തമായ നിലപാടെടുത്തത്. എറണാകുളം ജില്ലാ കളക്ടർ എല്ലാ രേഖകളും സഹിതമാണ് ഉത്തരവിറക്കിയിരിക്കുന്നത്. അദ്ദേഹം അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശം നേടിയിട്ടുണ്ട്. വ്യവസ്ഥകൾ ലംഘിച്ച് മണ്ണിട്ട് നികത്തിയ കുന്നത്തുനാട്ടിലെ നിലങ്ങൾ പൂർവ്വാവസ്ഥയിൽ കൊണ്ടുവരുന്നതിനായി കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം സെക്ഷൻ 13 പ്രകാരം ജില്ലാ കളക്ടർ ആവശ്യമായ നടപടിയെടുക്കണമെന്നാണ് അഡ്വക്കേറ്റ് ജനറൽ പറഞ്ഞിരിക്കുന്നത്. കളക്ടറുടെ ഉത്തരവിനെതിരെ സ്പീക്ക്സ് പ്രോപ്പർട്ടീസ് ലിമിറ്റഡ് എന്ന കമ്പനി ഗവൺമെന്റിൽ അപ്പീൽ കൊടുത്തു. അന്നുമുതലാണ് ഇതിലൊരു ugly hasty കാണാൻ കഴിയുന്നത്. സ്പീക്ക്സ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനി ആരുടേതാണെന്ന് പറയാമോ; നമ്മളെല്ലാം ബഹുമാനിക്കുന്ന ശ്രീ. വി. എസ്. അച്ചുതാനന്ദൻ 'വെറുക്കപ്പെട്ടവൻ' എന്നുപറഞ്ഞ ഒരു വിവാദ വ്യവസായിയുടെ ബിനാമിയാണ് ഈ ഇടപാട് നടത്തിയിരിക്കുന്നത്. ഗവൺമെന്റിൽ ഈ ഓർഡർ വന്ന അന്നുമുതൽ എത്രവേഗത്തിലാണ് ഈ ഫയലുകൾ നീങ്ങിയതെന്ന് അങ്ങ് പരിശോധിക്കണം. ബഹുമാനപ്പെട്ട മന്ത്രീ, അങ്ങയെ ഞാൻ കുറ്റം പറയുകയില്ല. അങ്ങ് അറിഞ്ഞപ്പോൾത്തന്നെ നടപടിയെടുത്ത ആളായതുകൊണ്ട് അങ്ങയെ കുറ്റംപറയാൻ ഞങ്ങൾ തയ്യാറല്ല. പക്ഷേ അങ്ങയുടെ മുകളിൽ ഏതോ ഒരു ഓഫീസ് ഇതിൽ ഇടപെട്ടു. അത് മുഖ്യമന്ത്രിയുടെ ഓഫീസാണ്. അങ്ങറിയാതെ മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നുണ്ടായ നിരന്തര സമ്മർദ്ദമാണ് ഈ ഓർഡർ ഇറക്കാൻ കാരണം. അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. പി. എച്ച്. കുര്യൻ റിട്ടയർ ചെയ്യുന്ന അന്നാണ് ഈ ഓർഡർ ഇറക്കിയത്. അദ്ദേഹം എന്തിനുവേണ്ടിയാണ് ഈ ഓർഡർ ഇറക്കാൻ ഇത്ര ശുഷ്കാന്തി കാണിച്ചതെന്ന് മനസ്സിലാകുന്നില്ല. ഫയലുകൾ

ഓരോന്നോരോന്നെടുത്ത് പരിശോധിക്കുമ്പോൾ 1-12-2018-ൽ നാല് സീറ്റുകളിലൂടെയാണ് ഒരേ സമയത്ത് അവ പോയിരിക്കുന്നത്. എം.എൽ.എ.-മാരുടെ ആസ്തി വികസനവുമായി ബന്ധപ്പെട്ട ഫയലുകൾ നീങ്ങാൻ മാസങ്ങളെടുക്കും. പക്ഷേ ഈ ഫയൽ നീങ്ങാൻ മിനിട്ടുകൾ മാത്രമേ എടുത്തിട്ടുള്ളൂ. തുമ്പയിൽനിന്നും റോക്കറ്റ് വിടുന്നതിലും വേഗത്തിലാണ് ഈ ഫയലുകൾ നീങ്ങിക്കൊണ്ടിരുന്നത്. ഇതിന്റെ പിന്നിൽ ആരാണ് പ്രവർത്തിച്ചത്? ഇതിനകത്ത് കോടിക്കണക്കിന് രൂപയുടെ അഴിമതി നടന്നിട്ടുണ്ട് എന്നുള്ളത് വസ്തുതയാണ്. ആരാണ് ഈ പണം വാങ്ങിയത് എന്നിവിടെ വ്യക്തമാക്കേണ്ടതുണ്ട്. 31-1-2019-ൽ ഗവൺമെന്റ് ഓർഡർ ഇറങ്ങി. ഇത്രയും സുപ്രധാനമായൊരു തീരുമാനമെടുക്കുമ്പോൾ നിയമ വകുപ്പിന്റെ ഉപദേശം വേണമെന്നുള്ളതുപോലും പാലിച്ചില്ല. ഫയൽ നിയമ വകുപ്പിലേയ്ക്ക് അയച്ചിരുന്നു; പക്ഷേ പെട്ടെന്നുതന്നെ തിരിച്ചുവിളിച്ചു. നിയമ വകുപ്പിൽനിന്നും ഉപദേശം നേടിയില്ല. അതുകൂടാതെ ശ്രീ. പി. എച്ച്. കുര്യന്റെ നിർദ്ദേശമനുസരിച്ച് ഹിയറിംഗിന് വച്ചു. ഹിയറിംഗ് വച്ചപ്പോൾ ഈ സ്വകാര്യ വ്യക്തിയുടെ ആർഗ്യുമെന്റ് മാത്രമേ ഇതിൽ പറയുന്നുള്ളൂ. കളക്ടർക്കുവേണ്ടി ഹാജരായ ഡെപ്യൂട്ടി കളക്ടറുടെ ആർഗ്യുമെന്റ്സ് എന്താണെന്ന് പറയുന്നില്ല. അതേസമയം അപേക്ഷകൻ എന്തൊക്കെ കാര്യങ്ങൾ പറഞ്ഞിട്ടുണ്ടോ അതെല്ലാമുണ്ട്. നികത്തിയ ഭൂമിയിൽ തെങ്ങുകളൊന്നുമില്ലെന്നും കടമ്പ്രയാറിന്റെ തീരത്ത് 25 വർഷമായ തെങ്ങുകൾ ഉണ്ടെന്നും അപേക്ഷകൻ പറഞ്ഞതായി രേഖപ്പെടുത്തിയിട്ടുണ്ട്. വിവാദ വ്യവസായിയുടെ ബിനാമിക്ക് ഈ ഭൂമി കൊടുക്കാൻവേണ്ടി മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്നും നിരന്തരമായ സമ്മർദ്ദമുണ്ടായതിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെയൊരു തീരുമാനമെടുത്തിരിക്കുന്നത്.

സി.പി.ഐ.-യുടെ മന്ത്രിയെന്ന നിലയിൽ അങ്ങയെ ഞാൻ അഭിനന്ദിക്കുകയാണ്. 'സി.പി.ഐ. ഉടക്കിൽ, റവന്യൂ മന്ത്രി മുഖ്യമന്ത്രിക്ക് കത്ത് കൈമാറി' എന്ന് ഇന്നത്തെ മലയാള മനോരമയിൽ ഒരു വാർത്തയുണ്ട്. അങ്ങ് ഇടയ്ക്കിടയ്ക്ക് ഒന്ന് ഉടക്കണം. അങ്ങ് ക്യാബിനറ്റ് ബഹിഷ്കരിക്കാൻ തീരുമാനിച്ചില്ലേ? അങ്ങനെയുള്ള തീരുമാനങ്ങളൊക്കെ ഇടയ്ക്കുണ്ടാകണം, ഇന്നത്തെ മലയാള മനോരമ പത്രത്തിന്റെ ഫ്രണ്ട് പേജിൽ കുന്നത്തുനാട് നിലം നികത്തൽ സ്പെഷ്യൽ; റവന്യൂ വകുപ്പിന് ഇരട്ടത്താപ്പ് - സമാനമായ കേസ്സിൽ കളക്ടറുടെ നിരോധന ഉത്തരവ് റവന്യൂ വകുപ്പ് ശരിവച്ചു. ചാലക്കുടി വരന്തരപ്പിള്ളി സ്വദേശി എ. കെ. സുകുമാരന്റെ നിലം നികത്തിയ കേസ് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ ലംഘനമാണെന്ന് തൃശ്ശൂർ കളക്ടർ ഉത്തരവിട്ടിരിക്കുന്നു, ഇതേ കേസ്സാണ്. അതുപോലെതന്നെ അടൂർ ഏനാത്ത് വില്ലേജിൽ പി. ജി. പാപ്പച്ചൻ

അടക്കമുള്ളവരുടെ പേരിൽ നിലം ക്വാറി വേസ്റ്റിട്ട് നികത്തിയ സംഭവം നിയമലംഘനമാണെന്നും പൂർവ്വസ്ഥിതിയിലാക്കണമെന്നും പത്തനംതിട്ട ജില്ലാ കളക്ടർ ഉത്തരവിട്ടിരിക്കുന്നു. അപ്പോൾ സമാനമായ കുന്നത്തുനാട്ടിൽ മാത്രം എങ്ങനെയാണ് വ്യത്യാസം വരുന്നത്? അങ്ങ് ഭാഗ്യമുള്ള മന്ത്രിയാണ്. കാരണം, സി.പി.ഐ.-യുടെ പുതിയ 4 മന്ത്രിമാരെ വച്ചു. അങ്ങ് മന്ത്രിയായത് നോംസിന്റെ അടിസ്ഥാനത്തിലാണ്. സി.പി.ഐ.(എം)-ൽ നോംസ് ഒന്നുമില്ലായിരുന്നു. നോംസ് ഉണ്ടായിരുന്നെങ്കിൽ ശ്രീ. രാജു എബ്രഹാമും ശ്രീ. കെ. സുരേഷ് കുറുപ്പും ശ്രീ. എസ്. ശർമ്മയുമൊന്നും അവിടെ ഇരിക്കേണ്ട സ്ഥിതിവരില്ലായിരുന്നു. പക്ഷെ അങ്ങയുടെ പാർട്ടിയിൽ നോംസ് ഉണ്ടായിരുന്നു. ശ്രീ. കാനം രാജേന്ദ്രൻ സംസ്ഥാന കമ്മിറ്റി കൂടി പുറത്തിറങ്ങി പറഞ്ഞത് മന്ത്രിമാരെ തീരുമാനിച്ചിരിക്കുന്നു, ************** അങ്ങ് ഭാഗ്യമുള്ളവനാണ്. അതുകൊണ്ട് അങ്ങ് ശക്തമായ നിലപാടെടുത്തുകൊണ്ട് മുന്നോട്ടുപോകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. .......(ബഹളം)........

<u>മി. സ്പീക്കർ</u>: അങ്ങ് കൺക്ലൂഡ് ചെയ്യൂ.. ഇരിക്കൂ..ഇരിക്കൂ...

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, ഞാൻ കൺക്ലൂഡ് ചെയ്യുകയാണ്. ഈ നോംസ് വന്നതിനുശേഷം ശ്രീ. കെ. രാജൻ എല്ലാ ദിവസവും അയ്യഞ്ചുമൂട് പറിച്ചുകൊണ്ടിരിക്കുകയാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. പി. ജയരാജൻ</u>): സർ, പോയിന്റ് ഓഫ് ഓർഡർ.... ചില മനുഷ്യർക്ക് കഷണ്ടിയുണ്ടാകും, നര ബാധിച്ചിട്ടുണ്ടാകും, വ്യക്തിപരമായി അവഹേളിക്കുകയും പരിഹാസപ്പെടുത്തുകയും ചെയ്യുന്നത് ഓർഡറിലാണോ?

<u>മി. സ്പീക്കർ</u>: ഓർഡറിലല്ല. കഷണ്ടിയിൽ അധിഷ്ഠിതമായ ഒരു ചർച്ചയും അനുവദിക്കുകയില്ല.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, നിയമസഭാംഗങ്ങളെയും മന്ത്രിമാരെയും അപമാനിക്കുന്നത് തികച്ചും തെറ്റായ നടപടിയാണ്. ഒന്നും പറയാനില്ലാത്തതുകൊണ്ട് അവഹേളനത്തിന്റെ വഴികൾ സ്വീകരിക്കുകയാണ്.

<u>മി. സ്പീക്കർ</u>: പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കുന്നതാണ്. അനാവശ്യ പദപ്രയോഗങ്ങളൊന്നും രേഖയിലുണ്ടാകുകയില്ല. ശ്രീ. വി. പി. സജീന്ദ്രൻ അങ്ങ് പ്രസംഗം പൂർത്തീകരിക്കുക. .......(ബഹളം)........ ഇരിക്കൂ... അനാവശ്യമായതൊന്നും രേഖയിലുണ്ടാകില്ല.

---

*സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാ രേഖയിൽനിന്നും നീക്കം ചെയ്തു.

<u>ശ്രീ. വി. പി. സജീന്ദ്രൻ:</u> സർ, ബഹുമാനപ്പെട്ട സ്പീക്കർ അതിന്മേൽ തീരുമാനമെടുത്തു കഴിഞ്ഞു. അതിൽ നമുക്ക് തർക്കമൊന്നുമില്ല. പാർലമെന്റ് തെരഞ്ഞെടുപ്പിനിടയിൽ .......(ബഹളം)........

<u>മി. സ്പീക്കർ</u>: ശ്രീ. വി.പി. സജീന്ദ്രന്റെ അനാവശ്യ പദപ്രയോഗങ്ങളൊന്നും രേഖകളിലുണ്ടാകുകയില്ല. അങ്ങ് കൺക്ലൂഡ് ചെയ്യൂ.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, എന്റെ ആവശ്യം ഈ ഫയലുകൾ ഇത്ര വേഗത്തിൽ തീരുമാനമാക്കിയെടുത്ത ഗവൺമെന്റ് ഉത്തരവ് ഇപ്പോൾ മരവിപ്പിച്ചിട്ടുണ്ട്. ആ മരവിപ്പ് തുടരുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ഐ.എ.എസ്. ഓഫീസർമാർ അടക്കമുള്ള ഉദ്യോഗസ്ഥർക്കെതിരെ നിയമപരമായ നടപടിയെടുക്കണം. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): സർ, ആമുഖമായി ഇവിടെ ചൂണ്ടിക്കാണിച്ച കാര്യങ്ങളല്ലാതെ മറ്റൊന്നും ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്ക് ഇവിടെ അവതരിപ്പിക്കാനായില്ല. ഈ വസ്തുതകളെല്ലാം ഞാൻ നേരത്തെ പറഞ്ഞു. ഏതുകാലത്താണ് ഇത് തുടങ്ങിയതെന്നും കെ.എൽ.യു. ഓർഡറിന്റെ അടിസ്ഥാനത്തിലായിരുന്നു തുടക്കമെന്നും 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വന്നത് അതിനുശേഷമാണെന്നും നേരത്തെ ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതാണെങ്കിൽ അത് പിന്നീട് നികത്താൻ പറ്റുകയില്ലെന്നും അങ്ങനെ നികത്തിയപ്പോഴാണ് നടപടിയുണ്ടായതെന്നും നികത്തിയത് എപ്പോഴാണെന്നും പറഞ്ഞു. 2015 എന്ന് ഞാൻ കൃത്യമായി പറഞ്ഞിട്ടുണ്ട്. നികത്തിയ നിലം പൂർവ്വസ്ഥിതിയിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ജില്ലാ കളക്ടറുടെ ഉത്തരവ് വന്നത് 2018-ലാണ്. ആ ഉത്തരവിൽ ഭൂമിയുടെ ക്രയവിക്രയം ഉൾപ്പെടെയുള്ളത് തടഞ്ഞുവച്ചുകൊണ്ടുള്ള ഒരു നിർദ്ദേശം കൂടിയുണ്ടായിരുന്നു. അപ്പീൽ പരിശോധിച്ചപ്പോൾ ആക്ടിലെ വ്യവസ്ഥയ്ക്ക് അനുസൃതമായെടുത്ത തീരുമാനമുൾപ്പെടെ റദ്ദ് ചെയ്തിരിക്കുന്നതായി ബോദ്ധ്യപ്പെട്ടതുകൊണ്ടാണ് അത് മരവിപ്പിക്കാൻ തീരുമാനിച്ചത്. ഇതുമായി ബന്ധപ്പെട്ട് ഒട്ടേറെ കാര്യങ്ങൾ ഇവിടെ എം.എൽ.എ. ചൂണ്ടിക്കാണിക്കുകയുണ്ടായി. അദ്ദേഹം ഇതൊക്കെ എന്തിന്റെ അടിസ്ഥാനത്തിലാണ് പറയുന്നതെന്ന് അറിയില്ല. അതൊക്കെ അടിസ്ഥാനമില്ലാത്ത കാര്യങ്ങളാണ്. സാധാരണഗതിയിൽ ഇത്തരം അപ്പീലുകൾ വരുന്നത് സെക്രട്ടറി തലത്തിലാണ്. അപ്പീൽ പരിശോധിച്ച് ഉത്തരവ് പുറപ്പെടുവിച്ച് മാസങ്ങൾക്കുശേഷം ഇതുമായി ബന്ധപ്പെട്ട വാർത്തകൾ പത്രമാധ്യമങ്ങളിലും ദൃശ്യമാധ്യമങ്ങളിലുമൊക്കെ വരാൻ തുടങ്ങിയപ്പോഴാണ്

എന്താണ് വിഷയമെന്ന് പരിശോധിക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട റെക്കോർഡുകൾ വിളിച്ചുവരുത്തിയത്. അതിന്റെ അടിസ്ഥാനത്തിലാണ് ആ ഫയലുകളിൽ നിന്ന് ഇക്കാര്യങ്ങൾ ബോദ്ധ്യപ്പെടുകയും മരവിപ്പിക്കാൻ നടപടി സ്വീകരിക്കുകയും തുടർന്ന് എ.ജി.-യുടെ നിർദ്ദേശത്തിനുവേണ്ടി അയയ്ക്കുകയും ചെയ്തിരിക്കുന്നത്. ഇക്കാര്യങ്ങളെല്ലാം ആമുഖമായി ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ചതാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, ഉത്തരവ് മരവിപ്പിച്ചുവെന്ന് പറഞ്ഞു. ജില്ലാ കളക്ടറുടെ ഉത്തരവ് അഡീഷണൽ സെക്രട്ടറി റദ്ദാക്കിയത് ലാ ഡിപ്പാർട്ടുമെന്റിന്റെയോ എ.ജി.-യുടെയോ അഭിപ്രായം വാങ്ങിയിട്ടാണോ; അതുസംബന്ധിച്ച് ഫയലിലുണ്ടോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, നിയമ വകുപ്പിലേയ്ക്ക് അയച്ചതിനുശേഷം അവിടെനിന്നും നിർദ്ദേശം ലഭിക്കുന്നതിനുമുമ്പുതന്നെ അത് തിരിച്ചുവാങ്ങി ഉത്തരവ് പുറപ്പെടുവിക്കുകയാണ് ചെയ്തത്. ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ചല്ലോ, ജില്ലാ കളക്ടറുടെ ഉത്തരവെന്ന് പറയുന്നത് എ.ജി.-യുടെ നിർദ്ദേശത്തെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാണ്. ഭൂമിയുടെ ക്രിയവിക്രയം തടഞ്ഞുകൊണ്ടുള്ള കളക്ടറുടെ നടപടിയിൽ ന്യായീകരണമില്ലെന്നുള്ളത് വസ്തുതയാണ്. എന്നാൽ ആക്ട് പ്രകാരം കളക്ടറിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് നികത്തിയ നിലം പൂർവ്വസ്ഥിതിയിലാക്കുന്നതിനായി പുറപ്പെടുവിച്ച ഉത്തരവ് ഉൾപ്പെടെ റദ്ദ് ചെയ്യപ്പെട്ടു എന്നതുകൊണ്ടാണ് അത് മരവിപ്പിച്ചതെന്ന് ഞാൻ നേരത്തെ പറഞ്ഞത്. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ലെന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, മൂന്ന് വർഷത്തെ ഭരണനേട്ടത്തെക്കുറിച്ച് പ്രോഗ്രസ്സ് റിപ്പോർട്ടിറക്കിയ സർക്കാരിന്റെ യഥാർത്ഥ ചിത്രമാണ് ഇവിടെ കാണുന്നത്. ഒരു ഭാഗത്ത് നെല്ലുൽപ്പാദനം വർദ്ധിപ്പിക്കാൻവേണ്ടി മന്ത്രി നെൽവയൽ വർഷം ആഘോഷിക്കുകയും അതേ മന്ത്രിയുടെ പാർട്ടിക്കാരൻ ഭരിക്കുന്ന റവന്യൂ വകുപ്പിലാണ് മറുഭാഗത്ത് നെൽവയൽ നികത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നത്. കുന്നത്തുനാട്ടിൽ നടന്നത് എല്ലാ നിയമങ്ങളെയും കാറ്റിൽപ്പറത്തിക്കൊണ്ടുള്ള നടപടിയാണ്. 5.8365 ഹെക്ടർ വയൽ നികത്താനാണ് സർക്കാർ ഉത്തരവ്. ചൂർണ്ണിക്കരയിലാകട്ടെ വയൽ

നികത്തിയത് ക്രമപ്പെടുത്താൻ ലാൻഡ് റവന്യൂ കമ്മീഷണറുടെ പേരിൽ വ്യാജ രേഖയിറക്കിയെന്നുള്ളതും പത്രവാർത്തയാണ്. I sympathize with Shri E. Chandrasekharan. റവന്യൂ വകുപ്പ് നാഥനില്ലാ കളരിയായി മാറിയിരിക്കുന്നുവെന്നാണ് റവന്യൂ വകുപ്പുമന്ത്രിയുടെ ഉത്തരത്തിൽ നിന്ന് വ്യക്തമാകുന്നത്. ഒരുഭാഗത്ത് വ്യാജരേഖയുണ്ടാക്കി ആളുകൾ ഭൂമി നികത്തുകയും തട്ടിയെടുക്കുകയും ചെയ്യുന്നു. വേറെ കുറെപ്പേർ അപ്പുറത്ത് നെൽവയൽ നികത്തിക്കൊണ്ടിരിക്കുന്നു. നെൽവയൽ തരിശിടുകയാണെങ്കിൽ പിടിച്ചെടുക്കുമെന്ന് പറയുന്ന സർക്കാരാണ് നെൽവയൽ നികത്താനുള്ള ഉത്തരവിട്ടത്. നിയമങ്ങളെല്ലാം ലംഘിച്ചുകൊണ്ട് വയൽ നികത്തുന്നതാണോ സർക്കാരിന്റെ ഹരിത കേരളം; ഇതാണോ ഹരിത കേരളം പദ്ധതി? നാടുനീളെ ഹരിത കേരളത്തിനുവേണ്ടി പ്രഖ്യാപനം നടത്തുന്ന മന്ത്രിമാരും മുഖ്യമന്ത്രിയും നെൽവയൽ നികത്തുന്നതിനെപ്പറ്റിയും വ്യാജ ഉത്തരവുണ്ടാക്കി ചൂർണ്ണിക്കരപോലുള്ള സ്ഥലങ്ങളിൽ ഭൂമി കയ്യടക്കുകയും ചെയ്യുന്നതിനെപ്പറ്റി ഒന്നും പറയുന്നില്ല.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ചൂർണ്ണിക്കരയിലെ വില്ലേജ് ഓഫീസർ വളരെ ജാഗ്രതയോടുകൂടി പരിശോധിച്ചതുകൊണ്ടാണ് ആ വ്യാജ ഉത്തരവ് കണ്ടുപിടിക്കാൻ കഴിഞ്ഞത്. അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും വിജിലൻസ് അന്വേഷണം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിരിക്കുകയുമാണ്. വിജിലൻസ് അന്വേഷണത്തിലൂടെ കണ്ടെത്തി അറസ്റ്റ് ചെയ്തവരുടെ കാര്യങ്ങളെല്ലാം നിങ്ങൾക്കെല്ലാം അറിയാവുന്നതാണ്. ആരായിരുന്നു ഇതിന് നേതൃത്വം നൽകിയതെന്ന കാര്യംകൂടി ഇപ്പോൾ പുറത്തുവന്നിരിക്കുകയാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, റവന്യൂ വകുപ്പിൽ നടന്നുകൊണ്ടിരിക്കുന്ന കെടുകാര്യസ്ഥതയുടെ ഒന്നുരണ്ട് ഉദാഹരണങ്ങൾ മാധ്യമങ്ങളിൽ വന്നതാണ് ഞാൻ ഇവിടെ പറഞ്ഞത്. എത്രയോ കാര്യങ്ങൾ ഇനിയും പുറത്തുവരാനിരിക്കുന്നു. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നഗ്നമായി ലംഘിച്ചുകൊണ്ട് എങ്ങനെയാണ് സർക്കാരിന്റെ അഡീഷണൽ ചീഫ് സെക്രട്ടറി ഉത്തരവിറക്കുന്നത്; ഇതിന്റെ പിന്നിൽ ആരാണ് പ്രവർത്തിച്ചത്? അഡീഷണൽ എ.ജി.-യുടെ നിയമോപദേശവും കളക്ടറുടെ തീരുമാനവും മറികടന്നുകൊണ്ട് ഇങ്ങനെയൊരു തീരുമാനമെടുക്കേണ്ട കാര്യം എന്തായിരുന്നു? എന്റെ കയ്യിൽ ഇതുസംബന്ധിച്ച ഫയലിന്റെ കോപ്പിയുണ്ട്. " We may seek the opinion of the law department" എന്നുപറഞ്ഞ് ശ്രീ. പി. എച്ച്. കുര്യൻ ആദ്യം ഈ ഫയൽ അയയ്ക്കുകയാണ്. അദ്ദേഹം തന്നെയാണ് ആ ഫയൽ തിരികെവാങ്ങിയതും.

ശ്രീ. വി. പി. സജീന്ദ്രൻ ഇവിടെ ചൂണ്ടിക്കാണിച്ചത് ശരിയാണ്. ശരവേഗത്തി ലായിരുന്നു ആ ഫയൽ നീങ്ങിയത്. ലാ ഡിപ്പാർട്ടുമെന്റിന്റെ ഒപ്പിനിയൻ അറിയണമെന്ന് ആവശ്യപ്പെട്ട അതേസമയത്തുതന്നെ നിയമ വകുപ്പിന്റെ ഉപദേശം വേണ്ട, ഫയൽ തിരിച്ചുവിളിക്കണമെന്ന് ഓറലായി പറയുന്നു. അസാധാരണമായ തിടുക്കം ഇക്കാര്യത്തിലുണ്ടായിരിക്കുന്നു. കുന്നത്തുനാട്ടിൽ സ്പീക്ക്സ് പ്രോപ്പർട്ടീസിന്റെ ഉടമസ്ഥതയിലുള്ള ഭൂമി നികത്തുന്നതിനുള്ള നടപടിയുണ്ടായിരുന്നു. അങ്ങ് പറഞ്ഞത് കറക്ടാണ്, അന്നത് സിന്തറ്റിക് ഗ്രൂപ്പിന്റെ പേരിലായിരുന്നു. 2006-ൽ കേരള ലാൻഡ് യൂട്ടിലൈസേഷൻ ഓർഡർ അനുസരിച്ചാണ് അതിന് അനുമതി നൽകിയത്. 2008-ൽ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വന്നതോടുകൂടി കെ.എൽ.യു. ഓർഡർ അസാധുവാകുകയാണ് ചെയ്തത്. 2014-ൽ നിലമുടമകൾ അത് നികത്തിയെടുക്കാൻ നോക്കിയപ്പോൾ ജനങ്ങൾ സംഘടിച്ചു, രാഷ്ട്രീയപാർട്ടികൾ ഇടപെട്ടു, അത് ക്രമസമാധാനപ്രശ്നമായി മാറി. മൂവാറ്റുപുഴ ആർ.ഡി.ഒ. ഇടപെട്ട് അന്വേഷണം നടത്തി. അതുമായി ബന്ധപ്പെട്ട വളരെ വ്യക്തമായ റിപ്പോർട്ട് എന്റെ കയ്യിലുണ്ട്. മൂവാറ്റുപുഴ ആർ.ഡി.ഒ.-യുടെ റിപ്പോർട്ട് വളരെ വ്യക്തമാണ്. 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ ലംഘനമായതിനാൽ ഒരുകാരണവശാലും നിലം നികത്താൻ പാടില്ലെന്നും പ്രസ്തുത നിയമത്തിലെ സെക്ഷൻ 13 അനുസരിച്ചുള്ള നടപടി സ്വീകരിക്കണമെന്നുമാണ് മൂവാറ്റുപുഴ ആർ.ഡി.ഒ. റിപ്പോർട്ട് ചെയ്തിരിക്കുന്നത്. കളക്ടർ ഈ റിപ്പോർട്ട് മാത്രമല്ല എ.ജി.-യുടെ റിപ്പോർട്ടും വാങ്ങി. അങ്ങയുടെ കീഴിലുള്ള കളക്ടർ എ.ജി.-യുടെ റിപ്പോർട്ട് വാങ്ങിയതിനുശേഷം അങ്ങ് എന്തിനാണ് വീണ്ടുമത് വാങ്ങുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. എ.ജി.-യുടെ റിപ്പോർട്ട് നേരത്തെതന്നെ ഫയലിലുണ്ട്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ ഉദ്ദേശ്യശുദ്ധിയെ ഞാൻ ചോദ്യം ചെയ്യുന്നില്ല. പക്ഷേ അങ്ങിത് മരവിപ്പിക്കുക മാത്രമാണ് ചെയ്തത്. എന്നിട്ട് അങ്ങ് എ.ജി.-യുടെ റിപ്പോർട്ടും നിയമോപദേശവും തേടുകയാണ്. എ.ജി. നേരത്തെ ലീഗൽ ഒപ്പിനിയൻ നൽകിയതാണ്. അങ്ങേയ്ക്ക് അത് നോക്കിയാൽപ്പോരേ? അങ്ങ് സമ്മർദ്ദത്തിന് വഴങ്ങരുത് എന്നാണ് എനിക്ക് പറയാനുള്ളത്. എല്ലാ കാര്യവും എനിക്കറിയാം. Why are you asking for a fresh legal opinion? അങ്ങയുടെ കീഴിലുള്ള കളക്ടറുടെ കൈവശം ലീഗൽ ഒപ്പിനിയൻ നിലനിൽക്കുമ്പോൾ അത് മരവിപ്പിച്ചിട്ട് അങ്ങ് വീണ്ടുമൊരു ലീഗൽ ഒപ്പീനിയൻ തേടുന്നതിന്റെ പ്രസക്തിയെന്താണെന്ന് എനിക്ക് മനസ്സിലാകുന്നില്ല.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, നേരത്തെ ലീഗൽ ഒപ്പിനിയൻ വാങ്ങിയത് ജില്ലാ കളക്ടറാണ്. ആ ലീഗൽ

ഒപ്പിനിയന്റെ അടിസ്ഥാനത്തിലാണ് അദ്ദേഹം ഭൂമി പൂർവ്വസ്ഥിതിയിലാക്കുന്നതിന് ഉത്തരവിട്ടത്. അതിനെതിരായി അപ്പീൽ വന്നപ്പോഴാണ് ആ ഉത്തരവ് മരവിപ്പിക്കാൻ തീരുമാനിച്ചത്. ഇപ്പോൾ എടുത്തിട്ടുള്ള തീരുമാനത്തിന്റെ നിയമവശമാണ് എ.ജി.-യോട് അന്വേഷിച്ചത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, Respected Minister, I sympathise with you again. ഇത് വളരെ വ്യക്തമാണ്, നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ സെക്ഷൻ (13) എല്ലാവരും പരിശോധിക്കണം. അഡ്വക്കേറ്റ് ജനറൽ നോക്കിയാലും നിയമജ്ഞാനമില്ലാത്ത ഒരു വ്യക്തി നോക്കിയാലും സെക്ഷൻ (13) അനുസരിച്ച് ഇത് ചെയ്യാൻ സാധിക്കില്ല. കളക്ടർ ചോദിച്ചാലും മന്ത്രി ചോദിച്ചാലും നിയമത്തിൽ എങ്ങനെയാണ് വ്യത്യാസം വരുന്നത്? ഇതിൽ ഒരു പ്രോസസ്സുമില്ല. കളക്ടർക്ക് കിട്ടിയ നിയമോപദേശം തന്നെയായിരിക്കും അങ്ങേയ്ക്കും കിട്ടാൻ പോകുന്നത്. നിയമം നിയമത്തിന്റെ അടിസ്ഥാനത്തിലല്ലേ ചെയ്യാൻ സാധിക്കുകയുള്ളൂ? നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ സെക്ഷൻ (13) അനുസരിച്ച് മാത്രമേ അഡ്വക്കേറ്റ് ജനറലിനാണെങ്കിലും സോളിസിറ്റർ ജനറലിനാണെങ്കിലും ഒപ്പിനിയൻ കൊടുക്കാൻ സാധിക്കുകയുള്ളൂ.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, വെറുതെ ആളുകളെ തെറ്റിദ്ധരിപ്പിക്കുന്ന സാഹചര്യമുണ്ടാക്കുന്നത് ഗുണകരമല്ല. ജില്ലാ കളക്ടറുടെ ഉത്തരവിൽ ഭൂമി പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതിനോടൊപ്പംതന്നെ ഭൂമിയുടെ ക്രയവിക്രയം ഉൾപ്പെടെയുള്ളവ തടയുന്നതിനുള്ള നടപടിയും സ്വീകരിച്ചിരുന്നു. അത് നിയമപരമായി സാദ്ധ്യതയില്ലാത്തതാണ്. അതുമാത്രം നീക്കം ചെയ്യുന്നതിനുപകരം ഉത്തരവ് അപ്പാടെ റദ്ദ് ചെയ്യാനുള്ള തീരുമാനമെടുത്ത അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഉത്തരവ് മരവിപ്പിച്ച സാഹചര്യത്തിൽ സ്വീകരിക്കേണ്ട തുടർനടപടികളെക്കുറിച്ചാണ് എ.ജി. -യുടെ ഉപദേശം തേടിയത്. അതല്ലാതെ നേരത്തെ ചോദിച്ചതുമായി ഇതിന് ബന്ധമില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, എന്റെ കയ്യിലുള്ളത് എറണാകുളം ജില്ലാ കളക്ടർ ശ്രീ. മുഹമ്മദ് വൈ. സഫീറുള്ള സ്വീകരിച്ച നടപടിക്രമമാണ്. മൂവാറ്റുപുഴ റവന്യൂ ഡിവിഷണൽ ഓഫീസറുടെ 9-3-2015-ലെ റിപ്പോർട്ട്, കുന്നത്തുനാട് അഡീഷണൽ തഹസിൽദാർ, വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ എന്നിവരുടെ റിപ്പോർട്ടുകൾ, അഡീഷണൽ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം എന്നിവയുടെ അടിസ്ഥാനത്തിലാണ് അദ്ദേഹം തീരുമാനമെടുത്തത്. അതെല്ലാം ഇതിനകത്തുണ്ട്. അങ്ങ് ആയിരം തവണ ചോദിച്ചാലും കേരള നിയമസഭ പാസ്സാക്കിയ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ

അടിസ്ഥാനത്തിൽ മാത്രമേ അവർക്ക് നിയമോപദേശം നൽകാൻ സാധിക്കുകയുള്ളൂ. സമയം വൈകിക്കാനാണ് ഇത് ചെയ്യുന്നത്. You are buying the time. അങ്ങ് ആരെയോ തൃപ്തിപ്പെടുത്താൻവേണ്ടി ഇത് ചെയ്യുകയാണ്. എത്ര താമസിപ്പിച്ചാലും ഈ നിയമത്തിന് വിരുദ്ധമായി അങ്ങയുടെ പേന ചലിക്കില്ലെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അങ്ങേയ്ക്ക് എവിടെപ്പോയാലും അതിന് കഴിയില്ല. ഇത് ആർക്കുവേണ്ടിയാണ് ചെയ്യുന്നതെന്ന് നാട്ടിൽ പാട്ടാണ്. ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന കറുത്ത കൈകൾ ആരുടേതാണെന്ന് എല്ലാവർക്കും അറിയാം. ഞാനതിലേയ്ക്കൊന്നും പോകുന്നില്ല. പക്ഷെ, നിയമം എല്ലാവർക്കും ഒരുപോലെയാകണം. ഇവിടെ ശ്രീ. വി. പി. സജീന്ദ്രൻ പറഞ്ഞതുപോലെ ഏനാത്ത് നിലം നികത്തിയാൽ ഒരു നിയമം, ചൂർണ്ണിക്കരയിൽ വേറൊരു നിയമം, കുന്നത്തുനാട്ടിൽ മറ്റൊരു നിയമം. ഇതെങ്ങനെയാണ് നടക്കുന്നത്? എറണാകുളം ജില്ലാ കളക്ടറുടെ ഉത്തരവ് ഇവിടെ ഭേദഗതി ചെയ്യുമ്പോൾ പത്തനംതിട്ട ജില്ലാ കളക്ടറുടെ റിപ്പോർട്ട് അംഗീകരിക്കുന്നു. ഇതൊന്നും ശ്രീ. ഇ. ചന്ദ്രശേഖരൻ അറിയുന്നില്ല എന്നതാണ് വാസ്തവം. അദ്ദേഹം അറിയാതെയാണ് കാര്യങ്ങൾ നടക്കുന്നത്. പോലീസ് കമ്മീഷണറേറ്റുണ്ടാക്കുന്നതിനെപ്പറ്റി ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിച്ചിരുന്നു. പോലീസ് കമ്മീഷണറേറ്റിന് മജിസ്റ്റീരിയൽ അംഗീകാരം കൊടുക്കുമോയെന്ന് ഞാൻ ചോദിച്ചപ്പോൾ കളക്ടർമാർക്കും പോലീസിനും മജിസ്റ്റീരിയൽ അംഗീകാരം കൊടുക്കുമെന്നാണ് ബഹു. മുഖ്യമന്ത്രി പറഞ്ഞത്. അതെങ്ങനെയാണെന്ന് എനിക്ക് അറിയില്ല. നടക്കാത്ത കാര്യമാണ് അദ്ദേഹം സഭയിൽ പറഞ്ഞത്. സെക്ഷൻ 107-ഉം 'കാപ്പ' ചുമത്തുന്നതിനുള്ള അധികാരവും എങ്ങനെ രണ്ടുപേർക്ക് കൊടുക്കും? റവന്യൂ വകുപ്പിന്റെ കീഴിലുള്ള ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ അധികാരം പോലീസ് എടുക്കുന്ന കാര്യം അദ്ദേഹം അറിഞ്ഞിട്ടില്ല. ആ വിവരംപോലും ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി അറിഞ്ഞിട്ടില്ല. അദ്ദേഹത്തിന്റെ തൊട്ടടുത്ത സീറ്റിലാണ് ഇരിക്കുന്നത്, എന്നിട്ടും അദ്ദേഹത്തിന് കത്ത് കൊടുക്കേണ്ടിവന്നു. ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് സംസാരിച്ചാൽപ്പോരേ? ഇത് പറ്റില്ല എന്നുപറഞ്ഞ് കത്ത് കൊടുക്കുകയാണ്. കൂട്ടുത്തരവാദിത്വമില്ലാത്ത ഒരു ഗവൺമെന്റാണ് ഇതെന്നുള്ളതിന് ഇതിൽപ്പരം ഒരു തെളിവ് വേണോ? റവന്യൂ വകുപ്പ് ആരാണ് ഭരിക്കുന്നത് എന്ന് എനിക്ക് അറിയില്ല. മൂന്നാറിൽ മുഖ്യമന്ത്രിയല്ലേ കാര്യങ്ങൾ ചെയ്തത്; അതിൽ റവന്യൂ വകുപ്പിന് എന്ത് കാര്യമാണുണ്ടായിരുന്നത്? ബഹു. മുഖ്യമന്ത്രി വിളിച്ച യോഗത്തിൽ പങ്കെടുക്കാതെ ശ്രീ. ഇ. ചന്ദ്രശേഖരൻ അന്ന് കോട്ടയത്ത് പോയ കാര്യം ഞങ്ങൾ സഭയിൽ പറഞ്ഞിരുന്നു. ഈ ഗവൺമെന്റ് വന്നതുമുതൽ റവന്യൂ വകുപ്പിന്റെ ഭരണത്തിൽ മുഖ്യമന്ത്രി കൈകടത്തുന്നതു സംബന്ധിച്ച് ഇവിടെ എല്ലാവരും സൂചിപ്പിച്ചതാണ്. ഞങ്ങൾ അതിലേയ്ക്കൊന്നും പോകുന്നില്ല.

ഒരേയൊരു ചോദ്യമാണ് എനിക്ക് ബഹു. മന്ത്രിയോട് ചോദിക്കാനുള്ളത്. ആ ഉത്തരവ് റദ്ദാക്കുമെന്ന് സത്യസന്ധമായി ഈ സഭയിൽ പറയാൻ അങ്ങേയ്ക്ക് കഴിയുമോ; ഈ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കുമോ? നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിനനുസൃതമായി നടപടി സ്വീകരിച്ച കളക്ടറുടെ ഉത്തരവിനെതിരായി ഹിയറിംഗ് നടത്തി ഉത്തരവിറക്കിയ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കുമോ; നിയമ വകുപ്പിന് കൊടുത്ത ഫയൽ വാക്കാൽ പറഞ്ഞ് തിരിച്ചുവാങ്ങി ഉത്തരവിട്ട ഉദ്യോഗസ്ഥർക്കെതിരെ അങ്ങ് നടപടിയെടുക്കുമോ; മരവിപ്പിച്ചതുകൊണ്ട് മാത്രം കാര്യമില്ല. It is dereliction of duty. നിയമത്തിന് വിരുദ്ധമായി ചെയ്ത കാര്യമാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, എറണാകുളം ജില്ലാ കളക്ടർ ഈ ഉത്തരവ് മരവിപ്പിക്കുകയും പൂർവ്വസ്ഥിതിയിലാക്കാനുള്ള ഉത്തരവിറക്കുകയും ചെയ്തത് 2018-ൽ ഈ ഗവൺമെന്റ് വന്നപ്പോഴാണ്. വിവാദമായിരിക്കുന്ന ഈ സ്ഥലം നികത്തിയത് 2015-ൽ യു.ഡി.എഫ്. ഗവൺമെന്റ് ഭരിച്ചിരുന്നപ്പോഴാണ്. ഇവിടെ പ്രമേയം അവതരിപ്പിച്ച ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞതനുസരിച്ചാണെങ്കിൽ 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലനിൽക്കെ നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്താണ് ഈ നിലം നികത്തുന്നതിനുള്ള നിയമവിരുദ്ധ നടപടിയുണ്ടായിരിക്കുന്നത്. അന്ന് ഈ പ്രമേയാവതാരകൻ അവിടത്തെ എം.എൽ.എ. ആയിരുന്നു; യു.ഡി.എഫ്. ഗവൺമെന്റ് ആയിരുന്നു. നിങ്ങൾ എന്ത് നടപടിയാണ് സ്വീകരിച്ചിരുന്നത്; അതിനുംകൂടി മറുപടി പറയണം.

ശ്രീ. രമേശ് ചെന്നിത്തല: സർ, കേരളം മുഴുവൻ നെൽവയൽ വർഷം ആചരിച്ച ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ഇതിനെതിരായി സംസാരിക്കുമെന്നാണ് ഞാൻ കരുതിയത്. ശ്രീ. ഇ. ചന്ദ്രശേഖരന്റെ ഉത്തരവിനെതിരായി അല്ലെങ്കിൽ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഉത്തരവിനെതിരായി അങ്ങ് സംസാരിക്കുമെന്നാണ് വിചാരിച്ചത്. അങ്ങ് അങ്ങനെയല്ലേ പറയേണ്ടത്? അങ്ങയുടെ മന്ത്രിയെ ഉപദേശിക്കുകയല്ലേ വേണ്ടത്? എനിക്ക് രണ്ട് ചോദ്യമേ ചോദിക്കാനുള്ളൂ. ഒന്ന്, ഈ ഉത്തരവ് റദ്ദ് ചെയ്യാൻ ഗവൺമെന്റ് തയ്യാറാണോ; രണ്ട്, അനധികൃതമായി ഹിയറിംഗ് നടത്തി നിയമവിരുദ്ധ നടപടികൾ സ്വീകരിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാണോ? ഈ രണ്ട് കാര്യങ്ങൾക്കാണ് മറുപടി പറയേണ്ടത്, ഇത് രണ്ടും പറഞ്ഞില്ല. വീണ്ടും ശ്രീ. ഇ. ചന്ദ്രശേഖരൻ അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം തേടുമെന്ന് പറയുന്നത് യാഥാർത്ഥ്യങ്ങൾക്ക് നിരക്കാത്തതാണ്, നിയമപരമായിത്തന്നെ തെറ്റാണ്. അതുകൊണ്ട് ഈ ഉത്തരവ് റദ്ദ് ചെയ്യുകയാണ് വേണ്ടത്.

ഇല്ലെങ്കിൽ ആളുകൾ കോടതിയിൽ പോകും, അത് റദ്ദ് ചെയ്യും, അക്കാര്യത്തിൽ സംശയം വേണ്ട. സർക്കാരിന്റെ വിശദീകരണം തൃപ്തികരമല്ലാത്തതിനാൽ ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, സെക്ഷൻ 13 പ്രകാരം അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം തേടി നികത്തിയ നിലം പൂർവ്വസ്ഥിതിയിലാക്കുന്ന കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി പറഞ്ഞു. സ്ഥലത്തിന്റെ പോക്കുവരവും ക്രയവിക്രയവും മരവിപ്പിച്ചുകൊണ്ടുള്ള കളക്ടറുടെ ഉത്തരവിനെക്കുറിച്ചും അതിനുശേഷം ഇതിന് അപ്പീൽ വന്നെന്നും പറഞ്ഞു. അപ്പീൽ വന്നശേഷം നടന്ന കാര്യമെല്ലാം മൂടിവച്ച് അവസാനം അത് മരവിപ്പിച്ച എന്നുള്ള കാര്യത്തിലേയ്ക്കാണ് അദ്ദേഹം വരുന്നത്. പക്ഷെ, അതിനിടയിൽ നടന്നിട്ടുള്ളതാണ് ഞങ്ങളിവിടെ ഉന്നയിക്കുന്ന ഏറ്റവും വലിയ കാര്യം. 2015-ലാണ് ആർ.ഡി.ഒ. ഈ ഫയലിന്മേൽ റിപ്പോർട്ട് കൊടുക്കുന്നത്. മൂവാറ്റുപുഴയിലെ 15 ഏക്കർ നികത്തുന്നതിനെക്കുറിച്ച് ആദ്യത്തെ ആർ.ഡി.ഒ. റിപ്പോർട്ട് വരുന്നത് 2015-ലാണ്. അതിന്റെ അടിസ്ഥാനത്തിലുണ്ടായ നിയമ നടപടികളുടെ ഭാഗമായാണ് കളക്ടർ റവന്യൂ-കൃഷി ഉദ്യോഗസ്ഥരുടെ വാദം കേട്ട് ഈ തീരുമാനത്തിൽ എത്തിയത്. പക്ഷെ, കളക്ടറുടെ തീരുമാനത്തിന്മേൽ നിയമോപദേശം വേണമെന്നുപറഞ്ഞ് അഡീഷണൽ ചീഫ് സെക്രട്ടറി തിരിച്ചയച്ച ഫയൽ പിന്നെ എങ്ങനെയാണ് നിയമോപദേശമില്ലാതെ തിരിച്ചുവന്നത്? ജനുവരി 8-നും 31-നുമിടയിലുള്ള 23 ദിവസംകൊണ്ടാണ് ഹിയറിംഗ് നടത്തി കളക്ടറുടെ ഉത്തരവിനെ മറികടന്നുകൊണ്ടുള്ള തീരുമാനത്തിലെത്തുന്നത്. ഈ ഘട്ടത്തിൽ എപ്പോഴെങ്കിലും റവന്യൂ വകുപ്പുമന്ത്രി ഈ വിഷയം അറിഞ്ഞിരുന്നോ? ഇത്രയും സുപ്രധാനമായ ഒരു വിഷയത്തിന്മേൽ നിയമത്തെ കാറ്റിൽ പറത്തി കളക്ടറുടെ ഉത്തരവിനെ മറികടന്നുകൊണ്ട് ശരവേഗത്തിൽ ഇങ്ങനെയൊരു തീരുമാനമെടുത്തതിന്റെ പിന്നിൽ പ്രവർത്തിച്ചത് ആരാണ്? ഏതൊക്കെ ഉദ്യോഗസ്ഥരാണ്? എ.സി.എസ്. മുതൽ അഡീഷണൽ സെക്രട്ടറി മുതൽ അണ്ടർ സെക്രട്ടറി വരെയുള്ള ഉദ്യോഗസ്ഥർ ഇതിൽ കാണിച്ചിട്ടുള്ള അമിത താല്പര്യം അങ്ങേയ്ക്ക് ഇപ്പോഴും ബോധ്യമായിട്ടില്ലേ? ഇത് മരവിപ്പിച്ചാൽ മതിയോ? മരവിപ്പിക്കുക എന്നുപറഞ്ഞാൽ ഒരു ഫ്രീസ് സ്റ്റേജിൽ നിർത്തുന്നുവെന്നാണ് അർത്ഥം. അത് റദ്ദാക്കേണ്ടതാണെന്ന ധാരണയിൽ റവന്യൂ വകുപ്പുമന്ത്രി ഇപ്പോഴും എത്തിയിട്ടില്ലേ? നിയമോപദേശംപോലും ആവശ്യമില്ലെന്ന് പറഞ്ഞുകൊണ്ട്

അഡീഷണൽ അഡ്വക്കേറ്റ് ജനറലിന്റെ നിർദ്ദേശപ്രകാരം കളക്ടർ നടപ്പിലാക്കിയ കാര്യത്തെ വീണ്ടും നിയമോപദേശത്തിനുവേണ്ടി അയച്ചു. അത് പിന്നീട് വേണ്ടെന്നുവയ്ക്കുകയും അഡ്വക്കേറ്റ് ജനറലിന്റെ തീരുമാനത്തിന് വിരുദ്ധമായി തീരുമാനമെടുക്കുകയും ചെയ്ത ഈ ഉദ്യോഗസ്ഥരുടെ പേരിൽ നടപടിയെടുക്കേണ്ടതല്ലേ? ഇത് മുകളിൽ നിന്നുള്ള ആളുകളുടെ ഉപദേശപ്രകാരമാണ് ചെയ്തതെന്നുള്ള എ.സി.എസ്.-ന്റെ പരാമർശമുണ്ട്. എവിടെ നിന്നാണ് ഈ നിർദ്ദേശങ്ങൾ വന്നിട്ടുള്ളതെന്ന് അന്വേഷിക്കണ്ടേ? റവന്യൂ വകുപ്പുമന്ത്രീ, അങ്ങയുടെ ശ്രദ്ധയിൽപ്പോലും വരാത്ത കാര്യം ഫ്രീസ് ചെയ്യാനുള്ള ഒരവസ്ഥ എങ്ങനെ വന്നുവെന്നുള്ളത് പരിശോധിക്കണം. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഇതിനൊന്നും മറുപടി കിട്ടാത്ത സാഹചര്യത്തിൽ ഞാനും എന്റെ കക്ഷിയും ഇറങ്ങിപ്പോകുകയാണ്. അങ്ങയുടെ തന്നെ നേതാവായിരുന്ന, ഗുരുസ്ഥാനത്ത് നിന്ന ഒ. എൻ. വി. കുറുപ്പ് ഭൂമിക്കൊരു ചരമഗീതത്തിൽ പറയുന്നുണ്ട്, "ഇനിയും മരിക്കാത്ത ഭൂമി! നിന്നാസന്ന-മൃതിയിൽ നിനക്കാത്മശാന്തി!" എന്ന്. ഈയൊരു അവസ്ഥയിലേയ്ക്ക് ഭൂമിയെ എത്തിക്കാതിരിക്കാൻ ആ ഗുരുവിന്റെ ശിഷ്യന്മാർ പരിശ്രമിക്കണമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാനും എന്റെ കക്ഷിയും ഇറങ്ങിപ്പോകുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. പി. ജെ. ജോസഫ്: സർ, ആർ.ഡി.ഒ. തുടങ്ങിയ ഉദ്യോഗസ്ഥരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമോപദേശം തേടിയാണ് ജില്ലാ കളക്ടർ ഉത്തരവിറക്കിയത്. സെക്ഷൻ 13 അനുസരിച്ചുള്ള ജില്ലാ കളക്ടറുടെ ആ ഉത്തരവിനെ എങ്ങനെ ചോദ്യം ചെയ്യാൻ കഴിയും? എ.ജി.-യുടെ നിയമോപദേശവുമുണ്ട്. ഇത്ര വിവാദമായ ആ ഉത്തരവ് ബഹു. മന്ത്രി കണ്ടിട്ടില്ല. സ്വാഭാവികമായും ബഹു. മന്ത്രിയുടെ ശ്രദ്ധയിൽ വരേണ്ടതല്ലേ; വന്നിട്ടുണ്ടെങ്കിൽ അതിൽ എന്ത് അപാകതയാണ് ചൂണ്ടിക്കാണിക്കാനുള്ളത്? റദ്ദാക്കാനുള്ള ഒരു ന്യായീകരണവുമില്ല. ജില്ലാ കളക്ടർ ആർ.ഡി.ഒ.-യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എല്ലാ നിയമോപദേശവും തേടിയാണ് ഉത്തരവിറക്കിയത്. അതുകൊണ്ട് സെക്രട്ടേറിയറ്റിൽ നിന്നിറങ്ങിയ ഉത്തരവ് മരവിപ്പിക്കുകയല്ല റദ്ദാക്കുകയാണ് ചെയ്യേണ്ടത്. നിയമോപദേശങ്ങളെല്ലാം നേരത്തെതന്നെയുണ്ട്. ഇനിയൊരു നിയമോപദേശത്തിന്റെ ആവശ്യമില്ല. അതുകൊണ്ട് ഇക്കാര്യത്തിൽ വിവരിക്കാൻ കഴിയാത്തത്ര ദുരൂഹതയുണ്ടെന്ന് ആർക്കും തോന്നും. അങ്ങയുടെ നിഷ്പക്ഷത തെളിയിക്കുന്നതിനുവേണ്ടി അടിയന്തരമായി ഇത് റദ്ദാക്കണം.

പൊതുജനങ്ങളിൽ ചിന്താക്കുഴപ്പമുണ്ടാക്കുന്ന, ദുരൂഹത നിലനിർത്തുന്ന ഇക്കാര്യത്തിൽ അങ്ങ് കാണിക്കുന്ന അലംഭാവം മാറ്റണം. അങ്ങേയ്ക്ക് ഇതിലൊരു പങ്കുമില്ലെന്ന രീതിയിൽ ഒഴിഞ്ഞുമാറാൻ കഴിയില്ല. റവന്യൂ വകുപ്പുമന്ത്രിയെന്ന നിലയ്ക്ക് അങ്ങ് നടപടി സ്വീകരിക്കണം. നടപടി സ്വീകരിക്കാത്ത നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, 2015-ലാണ് മൂവാറ്റുപുഴ ആർ.ഡി.ഒ. ഇത് അനധികൃത നിലംനികത്തലാണെന്ന് കണ്ടെത്തിയിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി അത് മനസ്സിലാക്കണം. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ, 2015-ൽ മൂവാറ്റുപുഴ ആർ.ഡി.ഒ. ഇത് അനധികൃതമാണെന്ന് കണ്ടെത്തി സ്റ്റോപ്പ് ചെയ്തതാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, സ്റ്റോപ്പ് ചെയ്തിട്ടില്ല.

ശ്രീ. അനൂപ് ജേക്കബ്: സർ, സ്റ്റോപ്പ് ചെയ്തു. അങ്ങ് അവിടെ ചെന്ന് നോക്കിയാൽ അറിയാൻ കഴിയും. ഇപ്പോഴത്തെ എറണാകുളം കളക്ടർ അത് പൂർവ്വസ്ഥിതിയിലാക്കാനും അതിനാവശ്യമായ ചെലവുകൾ ഉടമയിൽ നിന്നുതന്നെ ഈടാക്കാനും ഉത്തരവിട്ടത് 2018 സെപ്റ്റംബർ 26-നാണ്. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സൂചിപ്പിച്ചതുപോല, അദ്ദേഹം അത് ചെയ്തത് എ.ജി.-യുടെ ഉപദേശം വാങ്ങിയതിനുശേഷമാണ്. പിന്നീടാണ് ശരവേഗത്തിൽ കാര്യങ്ങൾ നീങ്ങുന്നത്. നവംബർ 13-ാം തീയതി അപ്പീൽ കൊടുക്കുന്നു, ജനുവരി 31-ന് എ.സി.എസ്. ഉത്തരവിട്ടിരിക്കുന്നു. എറണാകുളം ജില്ലയിൽ അഞ്ഞൂറ് ഏക്കറിൽ വ്യാപിച്ച് കിടക്കുന്ന തരത്തിൽ വിഭാവനം ചെയ്ത കെ.എസ്.ഐ.ഡി.സി.-യുടെ ഒരു പ്രോജക്ടാണ്. അത് തണ്ണീർത്തടങ്ങളാണ്. അത് മുന്നോട്ടുകൊണ്ടുപോകാൻ കഴിയില്ല എന്ന് ഫയലിൽ ആവർത്തിച്ചാവർത്തിച്ച് എഴുതിയ ഒരു എ.സി.എസ്. ആയിരുന്നു ഇദ്ദേഹമെന്നത് എനിക്കറിയാം. എന്റെ കോൺസ്റ്റിറ്റ്യുവൻസിയിലുള്ള ഒരു പദ്ധതിയായിരുന്നു ഇത്. പിന്നീട് നൂറ് ഏക്കറിലേയ്ക്ക് ഈ പദ്ധതി ചുരുക്കി. അതിൽ നീർത്തടങ്ങളൊഴികെയുള്ള സ്ഥലങ്ങളാണ് ഇപ്പോൾ നവീകരിക്കാനായി കെ.എസ്.ഐ.ഡി.സി. പ്രോജക്ട് കൊണ്ടുവരുന്നത്. നവംബർ 13-ന് സ്വീകരിച്ച അപ്പീലിന്മേൽ ജനുവരി 31-ന് ഈ കമ്പനിക്ക് അനുകൂലമായ നിലപാട് എടുത്തിരിക്കുന്നത് അങ്ങനെയുള്ള ഒരു എ.സി.എസ്. ആണ്. അത് ബഹു. മന്ത്രി

അറിയാതെയാണെന്ന് പറയുമ്പോൾ ആ ഉദ്യോഗസ്ഥരാണോ ഈ ഡിപ്പാർട്ടുമെന്റ് കൈകാര്യം ചെയ്യുന്നത്? അങ്ങേയ്ക്ക് എന്താണ് ഇതിനകത്തുള്ള അധികാരമെന്ന് സ്വയം ചിന്തിക്കേണ്ടതുണ്ട്. അങ്ങേയ്ക്ക് പങ്കില്ലെങ്കിൽ ഇത് മരവിപ്പിക്കുകയല്ല വേണ്ടത്? ഇത് റദ്ദാക്കാൻ അങ്ങ് തയ്യാറാകണം. ഇത്തരമൊരു നിലപാട് സ്വീകരിച്ച ഉദ്യോഗസ്ഥർക്കെതിരെ കൃത്യമായ അന്വേഷണം നടത്തി നിയമ നടപടികൾ സ്വീകരിക്കാനുള്ള ആർജ്ജവം ഗവൺമെന്റ് കാണിക്കണം. ഇവിടെ നഗ്നമായ നിയമലംഘനം നടക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിലുള്ള കയ്യേറ്റങ്ങൾ വ്യാപിച്ചിരിക്കുന്നു. കയ്യേറ്റങ്ങളെ സാധൂകരിക്കുന്ന അനവധി കാര്യങ്ങളുണ്ട്. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. ഇടുക്കിയിൽ വൈദ്യുതി കൊടുക്കുന്നത് സംബന്ധിച്ച് റവന്യൂ വകുപ്പും വൈദ്യുതി വകുപ്പും തമ്മിലുള്ള ആശയക്കുഴപ്പങ്ങളെക്കുറിച്ച് ഇന്നത്തെ മംഗളം ദിനപ്പത്രം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വ്യാപകമായ കയ്യേറ്റങ്ങൾ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കേരളത്തിലെമ്പാടും നടക്കുന്നു. ഈ വിഷയം ചർച്ച ചെയ്യേണ്ടതായിരുന്നു. അതിന്റെ ഗൗരവം ഗവൺമെന്റ് ഉൾക്കൊണ്ടിട്ടില്ല എന്നത് മനസ്സിലാക്കുന്നു. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.)

ശ്രീ. ഒ. രാജഗോപാൽ: സർ, ഭൂമി സംരക്ഷണത്തിനുവേണ്ടി പാസ്സാക്കിയിട്ടുള്ള നിയമങ്ങളൊക്കെ ഉദ്യോഗസ്ഥരും ചില രാഷ്ട്രീയക്കാരും മറ്റുള്ളവർക്കുവേണ്ടി എങ്ങനെ അട്ടിമറിക്കുന്നു എന്നുള്ളതിന്റെ വ്യക്തമായ ചിത്രമാണ് ഇവിടെ നടന്ന ചർച്ചയുടെ വെളിച്ചത്തിൽ പുറത്തുവന്നിട്ടുള്ളത്. അതിനെപ്പറ്റി അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടാൽ, ചർച്ച നടത്തി മുഴുവൻ വിവരങ്ങളും പുറത്തുകൊണ്ടുവരണമെന്ന് ആവശ്യപ്പെട്ടാൽ അത് അംഗീകരിക്കാൻ തയ്യാറായില്ലെങ്കിൽ, എന്തോ 'something fishy' ആണ്, തെറ്റായ കാര്യമാണ്. അത് ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭ വിട്ട് പുറത്തുപോയി.)

ശ്രീ. പി. സി. ജോർജ്: സർ, പോയിന്റ് ഓഫ് ഓർഡർ....

മി. സ്പീക്കർ: അങ്ങേയ്ക്ക് സമയം തരാമെന്ന് പറഞ്ഞല്ലോ.

ശ്രീ. പി. സി. ജോർജ്: സർ, അങ്ങയുടെ ഔദാര്യംകൊണ്ടാണ് ഈ വിഷയം ഒരു അടിയന്തരപ്രമേയമായത്. ശ്രീ. വി. പി. സജീന്ദ്രന് ഇത് അടിയന്തരപ്രമേയമായി അവതരിപ്പിക്കാൻ അനുമതി കൊടുത്തത് അങ്ങയുടെ ഔദാര്യമാണ്. ഇപ്പോൾ എന്താണ് ഇതിന്റെ പ്രസക്തി? വളരെ പ്രധാനപ്പെട്ട ഒരു കാര്യം, ഈ നിലം ആരാണ് നികത്തിയത് എന്നുള്ളതാണ്. യു.ഡി.എഫ്.-ന്റെ കാലത്ത് ഇത് നികത്തുന്നതിന് ആരാണ് അനുവാദം കൊടുത്തത്? അത് അന്വേഷിക്കണ്ടേ? യു.ഡി.എഫ്. നികത്തുക, യു.ഡി.എഫ്. തന്നെ അടിയന്തരപ്രമേയം കൊണ്ടുവരിക, എൽ.ഡി.എഫ്. നോക്കിനിൽക്കുക, എൽ.ഡി.എഫ്. ഉപദേശം കൊടുക്കുക. എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം ചേർന്ന് നടത്തുന്ന ഒരു കൊള്ളയല്ലേ ഇത്? ഇത് യാതൊരു കാരണവശാലും അനുവദിക്കാൻ പാടില്ലായിരുന്നു. മാത്രമല്ല, ബഹു. മന്ത്രിയുടെ മറുപടിയിലും തെറ്റുണ്ട്. ഈ നടപടി ശരിയല്ലെന്നും ശക്തമായ റൂളിംഗ് അങ്ങ് നൽകണമെന്നുമാണ് എന്റെ അഭിപ്രായം.

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം തിരിച്ചെത്തി.)

## IV ശ്രദ്ധ ക്ഷണിക്കൽ

### (1) ആയുഷ്മാൻ ഭാരത് പദ്ധതി

ശ്രീ. ജെയിംസ് മാത്യു: സർ, ജനങ്ങളുടെ വിശ്വാസവും പ്രശംസയും നേടി ഇന്ത്യയ്ക്ക് മാതൃകയാകാനും ലോകശ്രദ്ധ പിടിച്ചുപറ്റാനും ആരോഗ്യ മേഖലയിലെ നമ്മുടെ പ്രവർത്തനങ്ങൾക്ക് സാധിക്കുന്നുണ്ട്. കച്ചവടവത്കരണംമൂലം സ്വകാര്യമേഖല കേരളത്തിലെ ഭൂരിപക്ഷം വരുന്ന സാധാരണക്കാരന് തീർത്തും അപ്രാപ്യമാകുകയാണ്. വൻകിട സ്റ്റാർ ഹോസ്പിറ്റലുകൾ വർദ്ധിച്ച തോതിൽ വരുന്നതോടുകൂടി ചെറുകിട ആശുപത്രികളും തനിയെ പ്രാക്ടീസ് ചെയ്യുന്ന ഡോക്ടർമാരും തീർത്തും ഇല്ലാതാകുകയാണ്. ഈ സാഹചര്യത്തിലാണ് പ്രൈമറി ഹെൽത്ത് സെന്ററുകളെ മൂന്ന് ഡോക്ടർമാരുടെ സേവനത്തോടുകൂടി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നത് ഏറെ പ്രസക്തമാകുന്നത്. മഴക്കാലപൂർവ്വ ശുചീകരണവും രോഗപ്രതിരോധ പ്രവർത്തനങ്ങളും ജനങ്ങളാകെ ഏറ്റെടുക്കുകയാണെന്നതും അഭിമാനകരമാണ്. നിതാന്ത ജാഗ്രതയോടെ ഡോക്ടർമാർ ഉൾപ്പെടെ, ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്ന മുഴുവൻ ആളുകളും ഒത്തൊരുമിച്ച്

നടത്തുന്ന പ്രവർത്തനം സംസ്ഥാനത്തെ ഓരോ മനുഷ്യജീവനെയും കരുതലോടെ സംരക്ഷിക്കുന്ന പ്രയത്നമായി മാറുകയാണ്. ഞാൻ ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കാൻ ആഗ്രഹിക്കുന്നത് കെ. എം. മാണി അന്തരിച്ചതിനെത്തുടർന്ന് സഭയിൽ ചരമോപചാര പ്രസംഗം നടത്തുന്ന അവസരത്തിൽ കാരുണ്യ ബെനവലന്റ് ഫണ്ട് നിർത്തൽ ചെയ്യുന്നുവെന്ന് പറഞ്ഞതിനെ അടിസ്ഥാനപ്പെടുത്തിയാണ്. ആ ചരമോപചാര പ്രസംഗത്തിനിടയിലും പ്രതിപക്ഷം ഗവൺമെന്റിന്റെ ഈ തീരുമാനത്തെ കുറ്റപ്പെടുത്തി. യഥാർത്ഥത്തിൽ കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് 2019 ഏപ്രിൽ 1 മുതൽ സംസ്ഥാനത്ത് ആരംഭിക്കുന്ന 'കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി' അതേ പേരിൽത്തന്നെ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന്റെ ഉള്ളടക്കത്തെക്കുറിച്ച് അറിയാത്ത ബഹു. പ്രതിപക്ഷ നേതാവോ പ്രതിപക്ഷങ്ങളോ അല്ല അത്തരമൊരു ആരോപണം, വിശേഷിച്ചും ഒരു ചരമോപചാര പ്രസംഗത്തിനിടയിൽ ഉന്നയിച്ചതെന്ന് കരുതാനാവില്ല. കാര്യങ്ങൾ മനസ്സിലാക്കിക്കൊണ്ട് തികച്ചും സഭയെയും ജനങ്ങളെയും തെറ്റിദ്ധരിപ്പിക്കുന്ന ഒരു നിലപാടാണത്. യഥാർത്ഥത്തിൽ കാരുണ്യ ബെനവലന്റ് ഫണ്ടിനെ ആരും എതിർത്തിരുന്നില്ല, സ്വാഗതം ചെയ്തിരുന്നു. എന്നാൽ, ആജീവനാന്തം രണ്ട് ലക്ഷം രൂപ മാത്രം കിട്ടാനിടയുള്ള ആ പദ്ധതിക്കുപകരം പുതിയ 'കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി'യിലൂടെ ഒരു വർഷംതന്നെ അഞ്ച് ലക്ഷം രൂപയുടെ കവറേജാണ് അതിന്റെ പരിധിയിൽ വരുന്ന വ്യക്തികൾക്ക് ലഭിക്കുന്നത്. യഥാർത്ഥത്തിൽ ഇത്രമാത്രം സൗകര്യപ്രദമായ ഒരു പദ്ധതി ആവിഷ്കരിച്ച സന്ദർഭത്തിൽ ബഹു. പ്രതിപക്ഷം അതിനെ വികലമായി ചിത്രീകരിക്കാൻ നടത്തിയിട്ടുള്ള ശ്രമം ഒരുപക്ഷേ ഈ സഭയ്ക്കകത്ത് തുറന്നുകാണിക്കാൻ ഇതുപോലെയുള്ള സന്ദർഭത്തിലൂടെ സാധിച്ചെന്നിരിക്കും. എന്നാൽ രണ്ടാമത് തെരഞ്ഞെടുക്കപ്പെട്ടശേഷം ബഹു. പ്രധാനമന്ത്രി ആദ്യമായി കേരളം സന്ദർശിച്ചപ്പോൾ പറഞ്ഞ ഒരു കാര്യം എത്രമാത്രം അബദ്ധജഡിലമാണെന്ന് മാത്രമല്ല, കേരളീയ ജനതയെയാകെ അപമാനിക്കുന്നതുമാണ്. ആയുഷ്മാൻ ഭാരത് പദ്ധതി സംസ്ഥാനത്ത് നടപ്പാക്കാത്തതുകൊണ്ടാണ് ആളുകൾക്ക് അതിന്റെ പ്രയോജനം ലഭിക്കാതെ പോയത് എന്നാണ് പ്രധാനമന്ത്രി പ്രസംഗത്തിൽ സൂചിപ്പിച്ചത്. യഥാർത്ഥത്തിൽ 2018 നവംബറിൽത്തന്നെ ആയുഷ്മാൻ ഭാരത് പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിനായി MoU വച്ച് അതിന്റെ പ്രയോജനം ആളുകൾക്ക് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനം സംസ്ഥാന സർക്കാർ ആരംഭിച്ചു എന്നുള്ളത്

അദ്ദേഹം മനസ്സിലാക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയില്ല. ആയുഷ്മാൻ ഭാരത് പദ്ധതി മറ്റ് സംസ്ഥാനങ്ങളിൽ നടപ്പാക്കുന്നതുപോലെയാണ് ഇവിടെയും നടപ്പാക്കുന്നതെങ്കിൽ ഏതാണ്ട് നാല്പത്തിയൊന്ന് ലക്ഷം ആളുകൾക്ക് ഇന്ന് ലഭിക്കുന്ന ആരോഗ്യ സുരക്ഷാ പരിരക്ഷ കേവലം പതിനെട്ടോ പത്തൊമ്പതോ ലക്ഷം ആളുകൾക്കായി ചുരുങ്ങിപ്പോകും. കേന്ദ്ര ഗവൺമെന്റിന്റെ ഈ പദ്ധതിയിലൂടെ വിവക്ഷിക്കുന്നത് യഥാർത്ഥത്തിൽ നമ്മുടെ സംസ്ഥാനത്തെ വലിയൊരു ശതമാനം ആളുകൾക്ക് ഇന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന ചിസ്, ചിസ് പ്ലസ് ഉൾപ്പെടെയുള്ള വിവിധ ആരോഗ്യ സുരക്ഷാ പദ്ധതിപ്രകാരം ലഭിക്കുന്ന സംരക്ഷണം ഇല്ലാതാക്കുക എന്നതാണ്. അത് മനസ്സിലാക്കാനുള്ള ധാരണയോ കഴിവോ ഇല്ലാത്ത ആളാണ് ഇന്ത്യയുടെ പ്രധാനമന്ത്രിയെന്ന് ആർക്കാണ് കരുതാനാകുക? കേരളത്തോട് അല്പമെങ്കിലും മമതയുണ്ടെങ്കിൽ ഇവിടത്തെ നാല്പത്തിയൊന്ന് ലക്ഷം വരുന്ന സാധാരണക്കാരായ ആളുകൾക്ക് ആയുഷ്മാൻ ഭാരത് പദ്ധതിയുടെ സംരക്ഷണം ലഭ്യമാക്കുന്നതിനാവശ്യമായ വിധത്തിൽ അതിന്റെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുകയാണ് വേണ്ടത്. യഥാർത്ഥത്തിൽ പതിനെട്ട് ലക്ഷം പേർക്ക് മാത്രം അർഹതയുണ്ടാകാനിടയുള്ള ഒരു പദ്ധതി നാല്പത്തിയൊന്ന് ലക്ഷം പേർക്ക് പരിരക്ഷയുള്ളതാക്കി മാറ്റുന്നതോടുകൂടി കോടിക്കണക്കിന് രൂപയാണ് സംസ്ഥാന സർക്കാരിന് ചെലവഴിക്കേണ്ടി വരുന്നത്. പ്രീമിയത്തിന്റെ പേരിൽ 1041 രൂപയുടെ അറുപത് ശതമാനം സർക്കാർ എടുക്കേണ്ടതാണ്. അതിനുപുറമെയാണ് പുതിയ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിലൂടെ 1671 രൂപയ്ക്ക് ആവശ്യമായ ഏതാണ്ട് 600 രൂപകൂടി അതിനോടൊപ്പം കൂട്ടിച്ചേർക്കേണ്ടി വരുന്നത്. ഇത്രയധികം തുക ഒരു സർക്കാർ കൊടുത്തുകൊണ്ട് കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഇരട്ടിയിലധികം ആളുകൾക്ക് കവറേജ് കിട്ടുന്ന വിധത്തിൽ നടപ്പാക്കിയിട്ടും ജനങ്ങളെയാകെ തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിൽ എങ്ങനെയാണ് ബഹു. പ്രധാനമന്ത്രിക്ക് ഇത് ചെയ്യാൻ സാധിക്കുന്നത്? ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നതിനുവേണ്ടി ഇവിടെ പ്രതിപക്ഷവും അവിടെ പ്രധാനമന്ത്രിയും നടത്തുന്ന ശ്രമത്തെ സർക്കാർ ജനങ്ങളുടെ മുമ്പാകെ തുറന്ന് കാണിക്കുകയും കേന്ദ്രാവിഷ്കൃത പദ്ധതിയുടെ മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിന് കേന്ദ്ര സർക്കാരിനുമേൽ സമ്മർദ്ദം ചെലുത്തി പ്രസ്തുത പദ്ധതിയുടെ ഫലം നാല്പത്തിയൊന്ന് ലക്ഷം ആളുകൾക്ക് ലഭിക്കത്തക്ക വിധത്തിൽ മാറ്റം വരുത്തുന്നതിനും വേണ്ടിയാണ് ഈ ശ്രദ്ധ ക്ഷണിക്കൽ ഞാൻ അവതരിപ്പിക്കുന്നത്.

11.00 A.M.]

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ജനങ്ങളാകെ അറിയേണ്ട ഒരു വിഷയമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചിട്ടുള്ളത്. സംസ്ഥാന സർക്കാർ ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ ഭൂരിപക്ഷം ജനങ്ങളിലേയ്ക്കും എത്തിക്കാൻ തീരുമാനമെടുത്തിരുന്നു. അപ്പോഴാണ് കേന്ദ്ര ഗവൺമെന്റിന്റെ ആയുഷ്മാൻ ഭാരത് പദ്ധതി വന്നത്. സമ്പൂർണ്ണ ആരോഗ്യ സുരക്ഷാ സംവിധാനം പ്രഖ്യാപിക്കാൻ നമുക്ക് ഒരു വർഷം കാത്തിരിക്കേണ്ടിവന്നു. ആയുഷ്മാൻ ഭാരത് പദ്ധതി വന്നയുടൻതന്നെ അതിന്റെ കാര്യങ്ങൾ മനസ്സിലാക്കുകയും അതിൽ എങ്ങനെ നമുക്ക് ചേരാൻ സാധിക്കുമെന്നത് പരിശോധിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ബഹുഭൂരിപക്ഷം കുടുംബങ്ങളും ഒഴിവായിപ്പോകുമെന്നതിനാൽ തുടക്കത്തിൽ നമുക്ക് ആ പദ്ധതിയിൽ ചേരാൻ കഴിഞ്ഞിരുന്നില്ല. കേന്ദ്ര സർക്കാരുമായി നിരവധി ചർച്ചകൾ നടത്തി നമ്മൾ ഇപ്പോൾ ആനുകൂല്യം കൊടുക്കുന്ന കുടുംബങ്ങളെ ഉപേക്ഷിക്കാൻ പറ്റില്ലെന്ന് പറഞ്ഞുകൊണ്ട് ഏറ്റവും അവസാനം 2018 നവംബറിൽ ആയുഷ്മാൻ ഭാരത് പദ്ധതിയിൽ ഒപ്പുവയ്ക്കുകയും സംസ്ഥാനത്തെ ജനങ്ങളുടെ ആനുകൂല്യങ്ങൾ നഷ്ടപ്പെടുത്താത്തവിധം കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി എന്ന നിലയിൽ അതിന്റെ ഒരു ഭാഗമായിക്കൊണ്ട് കേരളത്തിന്റെ പദ്ധതി പ്രഖ്യാപിക്കുകയുമാണ് ചെയ്തത്. സംസ്ഥാന സർക്കാരിലും ചികിത്സാ ആനുകൂല്യങ്ങൾ കൊടുക്കുന്ന നിരവധി പദ്ധതികളുണ്ട്. ഒന്ന്, കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ആർ.എസ്.ബി.വൈ., ചിസ്, ചിസ് പ്ലസ്, എസ് ചിസ് എന്നിവയിൽ നിന്നും കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നുമൊക്കെ കൊടുക്കുന്ന സഹായമെല്ലാംകൂടി ചേർത്ത് 40.96 ലക്ഷം കുടുംബങ്ങൾക്കാണ് ആരോഗ്യ സുരക്ഷ നൽകിയത്. അതെല്ലാംകൂടി ഉൾപ്പെടുത്തിക്കൊണ്ടാണ് 2019-ൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയെന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചത്. ആർ.എസ്.ബി.വൈ.-യ്ക്ക് പകരമായി കേന്ദ്രസർക്കാർ കൊണ്ടുവന്നതാണ് ആയുഷ്മാൻ ഭാരത് പദ്ധതി. പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന പദ്ധതി എന്ന പേരിൽ അതേപടി സംസ്ഥാനത്ത് നടപ്പിലാക്കാൻ നമുക്ക് കഴിയില്ല. കേരളത്തിൽ നിലവിൽ ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമായിരുന്ന ബഹുഭൂരിപക്ഷം ജനങ്ങളും കേന്ദ്രസർക്കാരിന്റെ ആയുഷ്മാൻ ഭാരത് പദ്ധതിയുടെ മാനദണ്ഡപ്രകാരം പദ്ധതിയിൽ നിന്ന് പുറത്താകുന്ന സാഹചര്യമാണുണ്ടായത്. കേന്ദ്ര മാനദണ്ഡപ്രകാരം പദ്ധതി നടപ്പിലാക്കുമ്പോൾ നിലവിൽ സോഷ്യോ ഇക്കണോമിക് ആൻഡ് കാസ്റ്റ് സെൻസസ് 2011 (SECC) പ്രകാരം

ദുർബ്ബലവിഭാഗങ്ങളായി കണക്കാക്കിയിട്ടുള്ള 18.58 ലക്ഷം കുടുംബങ്ങൾക്ക് മാത്രമേ കേന്ദ്ര സർക്കാരിന്റെ ആയുഷ്മാൻ ഭാരത് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുമായിരുന്നുള്ളൂ. ആർ.എസ്.ബി.വൈ.-യിൽ ഉൾപ്പെട്ടിട്ടുള്ളവരെക്കൂടി ആയുഷ്മാൻ ഭാരത് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെടുകയുണ്ടായി. അങ്ങനെ വർദ്ധിപ്പിച്ചാലും മുഴുവൻ കുടുംബങ്ങളെയും അതിൽ ഉൾപ്പെടുത്താൻ സാധിക്കുമായിരുന്നില്ല. അപ്പോൾ ഈ 21.57 ലക്ഷം കുടുംബങ്ങളുടെ ആരോഗ്യ സുരക്ഷ പരിഗണിക്കേണ്ടത് സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്വമായി വരികയാണ് ചെയ്തത്. അസംഘടിത മേഖലയിലെ തൊഴിലാളികൾ, ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട മറ്റ് കുടുംബങ്ങൾ എന്നിങ്ങനെ പതിനൊന്ന് വിഭാഗങ്ങളിൽപ്പെട്ട കുടുംബങ്ങൾ ഉൾപ്പെടുന്നതാണ് കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ആർ.എസ്.ബി.വൈ. ഇൻഷ്വറൻസ് പദ്ധതി. എന്നാൽ ആർ.എസ്.ബി.വൈ. വിഭാവനം ചെയ്യുന്ന ആനുകൂല്യങ്ങൾ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട 57 വിഭാഗങ്ങളെക്കൂടി ഉൾപ്പെടുത്തി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് ചിസ്. അതുപോലെ 60 വയസ്സ് കഴിഞ്ഞവർക്ക് കൂടുതൽ ആരോഗ്യ സുരക്ഷ നൽകുന്നതിനുവേണ്ടിയാണ് SCHIS (Senior Citizen Health Insurance scheme) പദ്ധതി സംസ്ഥാന സർക്കാർ ആരംഭിച്ചത്. അങ്ങനെയാണ് 2018-19-ൽ 40.96 ലക്ഷം കുടുംബങ്ങൾക്ക് ആനുകൂല്യം നൽകാൻ സാധിച്ചത്. നേരത്തെ 21.57 ലക്ഷം കുടുംബങ്ങൾക്കാണ് ആർ.എസ്.ബി.വൈ.-യിൽ കേന്ദ്രവിഹിതം തന്നിരുന്നത്. നമ്മൾ നിർബ്ബന്ധം ചെലുത്തിയതുകൊണ്ടാണ് അത്രയും കുടുംബങ്ങളെ അതിൽ ഉൾപ്പെടുത്തിയിരുന്നത്. തുടക്കത്തിൽ 75 ശതമാനം കേന്ദ്ര വിഹിതം തന്നിരുന്നു. എന്നാൽ 2015-നുശേഷം അത് വെട്ടിക്കുറച്ച് 60:40 ആക്കി. 60% വിഹിതം കേന്ദ്രവും ബാക്കി 40% വിഹിതം സംസ്ഥാനവും വഹിക്കേണ്ടതായി വന്നിട്ടുണ്ട്. ഇതിൽ ആർ.എസ്.ബി.വൈ., ചിസ് പദ്ധതി പ്രകാരം ഒരു കുടുംബത്തിന് ഒരു വർഷം 30,000 രൂപയുടെ സൗജന്യ ചികിത്സയാണ് നൽകിയിരുന്നത്. സീനിയർ സിറ്റിസൺസിന് ഒരു വർഷം SCHIS പദ്ധതിപ്രകാരം 30,000 രൂപകൂടി അധികമായി കൊടുക്കാനുള്ള സ്കീമുണ്ടായിരുന്നു. അങ്ങനെയാണ് കൊടുത്തിരുന്നത്. മറ്റെല്ലാവർക്കും ഒരു വർഷം 30,000 രൂപയുടെ ചികിത്സാ ആനുകൂല്യമാണ് നൽകിയിരുന്നത്. 21.57 ലക്ഷം കുടുംബങ്ങൾക്ക് ഇൻഷ്വറൻസ് പ്രീമിയമായി 750 രൂപയാണ് നൽകിയിരുന്നത്. ബാക്കിത്തുക നമ്മൾതന്നെ എടുക്കേണ്ടതായി വന്നു. അങ്ങനെയാണ് 1250 രൂപ പ്രീമിയം അടയ്ക്കേണ്ടിടത്ത് അതിന്റെ 60 ശതമാനമായ 750 രൂപ കേന്ദ്രസർക്കാർ തന്നിരുന്നത്. സർക്കാർ ഇപ്പോൾ നടപ്പിലാക്കിവരുന്ന കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി ടെണ്ടർ വിളിച്ച് തുടർനടപടികളിലേയ്ക്ക് പോയിട്ടുള്ളതാണ്. 1671 രൂപയാണ് പ്രീമിയമായി അടയ്ക്കേണ്ടത്. അതിൽ കേന്ദ്രസർക്കാരിൽ നിന്നും ചെറിയൊരു ശതമാനം

തുകയാണ് കിട്ടുന്നത്. ബാക്കി 80.11 ശതമാനം തുക സംസ്ഥാന സർക്കാരാണ് അടയ്ക്കുന്നത്. ബഹു. പ്രധാനമന്ത്രി ഇവിടെ വന്ന് കേരളം പദ്ധതിയിൽ ചേർന്നില്ലെന്ന് പറഞ്ഞത് തെറ്റിദ്ധരിച്ചതാണെന്നാണ് തോന്നുന്നത്. വലിയ ആനുകൂല്യമാണ് ആയുഷ്മാൻ ഭാരത് പദ്ധതിയിൽ കിട്ടുന്നതെന്നൊക്കെ പറഞ്ഞു. ആർ.എസ്.ബി.വൈ. പദ്ധതി അനുസരിച്ചുതന്നെ 62% തുക നമ്മൾ എടുക്കണം, 60 ശതമാനത്തിൽ ബാക്കിയുള്ള വിഭാഗങ്ങളെക്കൂടി ഉൾപ്പെടുത്തുമ്പോൾ 62 ശതമാനം വരും. പുതിയ പദ്ധതിപ്രകാരം 40 ലക്ഷം കുടുംബങ്ങൾക്ക് 80.11% തുക കേരളവും 19.89% തുക കേന്ദ്ര സർക്കാരുമാണ് നൽകുന്നത്. ഇതിൽ ഏറ്റവുംകൂടുതൽ തുക സംസ്ഥാന സർക്കാരാണ് അടയ്ക്കുന്നത്. അതുകൊണ്ട് കൂടുതൽ ജനങ്ങൾക്ക് ഉപകാരപ്രദമായ പദ്ധതിയാണിത്. എന്നാൽ ആയുഷ്മാൻ ഭാരത് അതേപടി നടപ്പിലാക്കിയിരുന്നുവെങ്കിൽ 19.89% തുകയുടെ ആനുകൂല്യം മാത്രമേ ലഭ്യമാകുമായിരുന്നുള്ളൂ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ഇടപെട്ട് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി ആവിഷ്കരിച്ചതുകൊണ്ടാണ് ഇത്രയും പേർക്ക് ആനുകൂല്യം നൽകാൻ സാധിച്ചത്.

<u>ശ്രീ. ജെയിംസ് മാത്യു</u>: സർ, ഈ പദ്ധതിയെക്കുറിച്ച് വേണ്ടത്ര അറിവ് ബഹു. പ്രധാനമന്ത്രിക്കും നമ്മുടെ പ്രതിപക്ഷത്തിനും ഇല്ലാത്തതുമൂലം വലിയ തെറ്റിദ്ധാരണയാണ് ജനങ്ങൾക്കിടയിലുണ്ടായിട്ടുള്ളത്. അത് നീക്കം ചെയ്യുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ഇത് ബഹുജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കാൻ തന്നെയാണ് ഉദ്ദേശിക്കുന്നത്. ഇപ്പോൾ എൻറോൾമെന്റ് നടക്കുന്ന സമയമാണ്. ഇതിൽ എൻറോൾ ചെയ്യാൻ അവസരം കൊടുക്കുന്നില്ല എന്നൊരു തെറ്റായ പ്രചരണം നടത്തിയിരുന്നു. ഇപ്പോൾ നല്ല രീതിയിൽ എൻറോൾമെന്റ് മുന്നോട്ടുപോകുകയാണ്. ഇലക്ഷൻ പ്രഖ്യാപിച്ച സമയത്ത് എൻറോൾമെന്റ് നടത്താനുള്ള തടസ്സമുണ്ടായിരുന്നിട്ടുപോലും ഇലക്ഷനുമുമ്പുതന്നെ ഇതിന്റെ ആദ്യത്തെ കാർഡ് വിതരണം ചെയ്യാൻ കഴിഞ്ഞു. അങ്ങനെ ആശുപത്രിയിലെത്തുന്ന പഴയ കാർഡുള്ള എല്ലാവർക്കും ആനുകൂല്യം കൊടുക്കാൻ സാധിച്ചു. അതുകൊണ്ട് പരാതിയുണ്ടായിട്ടില്ല എന്നുള്ളതാണ് ഏറ്റവും ആശ്വാസകരമായ കാര്യം. എല്ലാവർക്കും ചികിത്സ ലഭിച്ചിട്ടുണ്ട്. എന്നിട്ടും ചികിത്സ നിഷേധിക്കുന്നു എന്ന പ്രചരണമൊക്കെ ഇലക്ഷന്റെ സമയത്ത് നടത്തിയിരുന്നു. രോഗികൾക്കാവശ്യമായ പരിഗണന ലഭിച്ചിട്ടുണ്ട്. ഇപ്പോൾ 33% പേർ എൻറോൾ ചെയ്തുകഴിഞ്ഞു. ബാക്കിയുള്ളവർക്ക് അടിയന്തരമായി എൻറോൾ ചെയ്യുന്നതിനായി സെന്ററുകൾ ആരംഭിച്ച് അത് ദ്രുതഗതിയിൽ നടത്തുകയാണ്. ജനങ്ങളെ ഇക്കാര്യം ബോധ്യപ്പെടുത്തുന്നതിനായി പ്രചരണം നടത്തുന്നതാണ് .

## (2) കാഞ്ഞിരപ്പള്ളി ബൈപ്പാസ്

ഡോ. എൻ. ജയരാജ്: സർ, കാഞ്ഞിരപ്പള്ളി ബൈപ്പാസ് നിർമ്മാണം 2007 മുതൽ ആരംഭിച്ചതാണ് . ഏതാണ്ട് 12 വർഷക്കാലത്തെ സുദീർഘമായ ചരിത്രമാണ് കിഴക്കൻ മേഖലയിലേയ്ക്കുള്ള വളരെ പ്രധാനപ്പെട്ട കവാടമായ കാഞ്ഞിരപ്പള്ളിയിലെ ഈ ബൈപ്പാസിനുള്ളത്. ഏതാണ്ട് ഒന്നര രണ്ട് മണിക്കൂറാണ് സാധാരണ ഗതിയിൽ കാഞ്ഞിരപ്പള്ളി ടൗണിൽ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്നത്. കാഞ്ഞിരപ്പള്ളിക്കാർ മാത്രമല്ല ഹൈറേഞ്ച് മേഖലയിലേയ്ക്ക് പോകുന്ന മുഴുവൻ ആളുകളും എന്റെ പേര് പരാമർശിക്കാതെ കാഞ്ഞിരപ്പള്ളിവഴി കടന്നുപോകാറില്ല. കാരണം ആരാണ് ഇവിടത്തെ എം.എൽ.എ. എന്നാണ് ചോദിക്കുന്നത്. എന്റെ അപാകതകൊണ്ടാണ് ഇത് സംഭവിക്കുന്നതെന്ന രൂപത്തിലുള്ള പരാമർശങ്ങൾ കേട്ടുകേട്ട് മടുത്ത ഒരു ജനപ്രതിനിധിയാണ് ഞാൻ. 2007-ൽ ആരംഭിച്ച ഇതിന്റെ പ്രവർത്തനം ഇപ്പോഴും വളരെ മന്ദഗതിയിലാണ് നടക്കുന്നത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. 2007-ൽ ഏകദേശം 3 കോടി രൂപയ്ക്ക് പ്രൊപ്പോസൽ വരികയും ഇപ്പോൾ ഏതാണ്ട് 78 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിയിൽ നിന്ന് ഫണ്ട് അനുവദിക്കുകയും നടപടികൾ പൂർത്തീകരിച്ച് റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷനെ ചുമതല ഏൽപ്പിക്കുകയും കിറ്റ്കോ പ്ലാൻ തയ്യാറാക്കുകയും ചെയ്തു. 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരം 50 ലക്ഷം രൂപ റവന്യൂ വകുപ്പിന് കൈമാറുകയും സ്ഥലനിർണ്ണയം നടത്തി കല്ലിട്ട് ജോയിന്റ് വെരിഫിക്കേഷൻ നടത്തുകയും ചെയ്തതാണ്. അതിനുശേഷം കോടതിയിൽ ഒരു കേസുണ്ടായി. എനിക്ക് മുമ്പുണ്ടായിരുന്ന ജനപ്രതിനിധിയുടെ കാലത്ത് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നടത്തിയ നടപടിക്രമങ്ങൾ തെറ്റാണെന്ന് മനസ്സിലാക്കി ബഹുമാനപ്പെട്ട ഹൈക്കോടതി ഇതുമായി ബന്ധപ്പെട്ട നടപടികൾ അന്ന് നിർത്തിവയ്പിച്ചു. പിന്നീട് അതിന് കോടതി അനുവാദം നൽകി. ഞാൻ ഇതിന്റെ ഓരോ ഘട്ടത്തിലും ഇടപെട്ടതാണ്. 50 ലക്ഷം രൂപ കിട്ടിയെങ്കിലും ആദ്യത്തെ പ്ലാൻ മാറ്റേണ്ടതായി വന്നു. അഡീഷണലായി സ്ഥലം ഏറ്റെടുക്കേണ്ടിവന്നതിനാൽ വീണ്ടുമൊരു സോഷ്യൽ ഇംപാക്ട് സ്റ്റഡി നടത്തുന്നതിന് ഗവൺമെന്റ് ഉത്തരവ് നൽകി. ആ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രാഥമിക സോഷ്യൽ ഇംപാക്ട് സ്റ്റഡി നടത്തി റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. പക്ഷേ സബ്ഡിവിഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ തീരുമാനിച്ച് 11(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഇലക്ഷൻ പ്രചരണത്തിന്റെ കാര്യം പറഞ്ഞ് മൂന്ന് മാസക്കാലം മാറ്റിവച്ചു. കഴിഞ്ഞ ഫെബ്രുവരിയിൽ പണം കിട്ടിയതാണ്. റവന്യൂ ഡിപ്പാർട്ടുമെന്റ് ആദ്യം ഉദ്യോഗസ്ഥരുടെ കുറവുണ്ടെന്ന്

പറഞ്ഞു. ഇപ്പോൾ ഉദ്യോഗസ്ഥരെ കിട്ടിയെങ്കിലും നടപടിക്രമങ്ങൾ വൈകുന്നുവെന്നതാണ് വസ്തുത. 11(1) നോട്ടിഫിക്കേഷൻ വന്ന് ഭൂമി വിലകൊടുത്ത് ഏറ്റെടുത്ത് ബൈപ്പാസ് നിർമ്മാണം പൂർത്തീകരിക്കണമെങ്കിൽ ഇനിയും കുറഞ്ഞത് രണ്ട് വർഷമെങ്കിലുമെടുക്കും. ഈ രണ്ട് വർഷക്കാലം കാഞ്ഞിരപ്പള്ളിയിലൂടെയും കിഴക്കൻ മേഖലയിലൂടെയും കടന്നുപോകുന്ന ജനങ്ങൾ ദുരിതമനുഭവിക്കേണ്ടി വരുന്നത് വളരെ ദുഃഖകരമായ കാര്യമാണ്. ഇനിയുള്ള നടപടിക്രമങ്ങളെല്ലാം റവന്യൂ ഡിപ്പാർട്ടുമെന്റാണ് നടത്തേണ്ടത്. വളരെവേഗം സബ്ഡിവിഷൻ ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് 11(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് സമയബന്ധിതമായി ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. ഇത് ആ പ്രദേശത്തിന്റെ സാമൂഹ്യപരമായ വികസനത്തിന്റെ പ്രശ്നമാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ കാഞ്ഞിരപ്പള്ളിയുടെ മാത്രമല്ല, കിഴക്കൻ മേഖലയുടെ പ്രധാനപ്പെട്ട കവാടമെന്ന നിലയിൽ ആ പ്രദേശത്തെ ഏറ്റവും അടിയന്തരമായ പ്രശ്നമാണിത്. അതിനാൽ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി അടിയന്തരമായി ഇടപെടണമെന്ന് ആവശ്യപ്പെടുകയാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാനപ്പെട്ട കാഞ്ഞിരപ്പള്ളി എം.എൽ.എ. ഡോ. എൻ. ജയരാജ് ഇവിടെ ഉന്നയിച്ച വിഷയവുമായി ബന്ധപ്പെട്ട് തുടർനടപടികൾ നടന്നുവരികയായിരുന്നു. അദ്ദേഹം ചൂണ്ടിക്കാട്ടിയതുപോലെ ആദ്യം ആവശ്യപ്പെട്ടതിനെക്കാൾ സ്ഥലം ആവശ്യമായി വന്നതും സാമൂഹ്യാഘാത പഠനം നടത്തുന്നതിനുള്ള നടപടികളും കാരണമാണ് കാലതാമസമുണ്ടായത്. കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്ക്, കാഞ്ഞിരപ്പള്ളി വില്ലേജ് ബ്ലോക്ക് 11-ൽ 308.13 ആർ സ്ഥലം കാഞ്ഞിരപ്പള്ളി ബൈപ്പാസ് നിർമ്മാണത്തിനായി ഏറ്റെടുക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽനിന്ന് അർത്ഥന ലഭിച്ചതിൻപ്രകാരം സാമൂഹ്യാഘാത പഠനം നടത്തുന്നതിനായി ശ്രീ. സാജു വി. ഇട്ടി, എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള വോളന്ററി ഹെൽത്ത് സർവ്വീസസ്, മുള്ളൻകുഴി എന്ന ഏജൻസിയെ 8-5-2017-ലെ ഉത്തരവുപ്രകാരം ചുമതലപ്പെടുത്തുകയുണ്ടായി. പ്രസ്തുത ഏജൻസി അന്തിമ റിപ്പോർട്ട് സമർപ്പിച്ചപ്പോഴാണ് കാഞ്ഞിരപ്പള്ളി ബൈപ്പാസ്സിന്റെ നിർമ്മാണച്ചുമതല പൊതുമരാമത്ത് വകുപ്പിൽനിന്നും ആർ.ബി.ഡി.സി.കെ.-യ്ക്ക് കൈമാറിയിട്ടുള്ളതായി ജില്ലാ കളക്ടർ അറിയിച്ചത്. അതിനെത്തുടർന്ന് പൊതുമരാമത്ത് വകുപ്പ് നൽകിയ റിക്വിസിഷനിൽ ചില മാറ്റങ്ങൾ ആവശ്യമായി വന്നതിനാൽ 80.27 ആർ വസ്തുകൂടി അധികം ചേർത്ത് 388.40 ആർ വസ്തു കാഞ്ഞിരപ്പള്ളി ബൈപ്പാസ് നിർമ്മാണത്തിനായി ഏറ്റെടുക്കുന്നതിന് പുതിയ അർത്ഥന നൽകുകയുണ്ടായി. അതിൻപ്രകാരം അധികമായി വേണ്ടിവന്ന

80.27 ആർ ഭൂമിയുടെ സാമൂഹ്യാഘാത പഠനം നടത്തുന്നതിന് 22-2-2019-ലെ സർക്കാർ ഉത്തരവുപ്രകാരം ശ്രീ. സാജു വി. ഇട്ടി, കേരള വോളന്ററി ഹെൽത്ത് സർവ്വീസസ്, മുള്ളൻകുഴി എന്ന ഏജൻസിയെത്തന്നെ വീണ്ടും നിയമിച്ച് ഉത്തരവാകുകയുണ്ടായി. സാമൂഹ്യാഘാത പഠനം നടത്തുമ്പോൾ നഷ്ടപരിഹാരത്തിന്റെ 5 ശതമാനമോ അല്ലെങ്കിൽ 50 ലക്ഷം രൂപയോ ഏതാണോ കുറവ് ആയത് അർത്ഥനാധികാരി ബന്ധപ്പെട്ട ശീർഷകത്തിൽ അടയ്ക്കേണ്ടതുണ്ട്. അങ്ങനെ കണ്ടിജൻസി ചാർജ്ജ് അടയ്ക്കാനാവശ്യപ്പെട്ടെങ്കിലും 3 ലക്ഷം രൂപ മാത്രമാണ് ആദ്യം നൽകിയത്. കണ്ടിജൻസി ചാർജ്ജിനത്തിൽ അടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന 47 ലക്ഷം രൂപ 3-4-2019-ന് മാത്രമാണ് ആർ.ബി.ഡി.സി.കെ. കെട്ടിവച്ചത്. അർത്ഥനാധികാരി യഥാസമയം കണ്ടിജൻസി ചാർജ്ജ് അടയ്ക്കാത്തതിനാലാണ് കാഞ്ഞിരപ്പള്ളി ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട സാമൂഹ്യാഘാത പഠനം നടത്തുന്നതിന് കാലതാമസം നേരിട്ടത്. സാമൂഹ്യാഘാത പഠനം നടത്തുന്നതിന് നിയോഗിച്ച ഏജൻസി 4-6-2019-ൽ കരട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പബ്ലിക് ഹിയറിംഗ് നടത്തി അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് 2013-ലെ എൽ.എ.ആർ.ആർ. ആക്ട് അനുശാസിക്കുന്നപ്രകാരം തുടർനടപടി സ്വീകരിച്ച് മുന്നോട്ടുപോകുമെന്നാണ് ഇതുമായി ബന്ധപ്പെട്ട് അറിയിക്കാനുള്ളത്.

ഡോ. എൻ. ജയരാജ്: സർ, 4-6-2019-ൽ പ്രാഥമിക റിപ്പോർട്ട് സമർപ്പിച്ചതാണ്. ആവശ്യമായ പണവും റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ കൈവശമുണ്ട്. ഭൂവുടമകൾക്ക് തർക്കമില്ല. സബ് ഡിവിഷൻ ഉൾപ്പെടെയുള്ള കാര്യങ്ങളുമായി മുന്നോട്ടുപോകുന്നതിൽ റവന്യൂ ഡിപ്പാർട്ടുമെന്റിന് നിലവിൽ തടസ്സങ്ങളില്ല. സാമൂഹ്യാഘാതപഠന റിപ്പോർട്ട് വന്നതിനുശേഷം മാത്രമേ സർവ്വേ ആരംഭിക്കാൻ സാധിക്കുകയുള്ളുവെന്ന സാങ്കേതിക കാരണം പറഞ്ഞാണ് റവന്യൂ ഡിപ്പാർട്ടുമെന്റ് ഇപ്പോൾ താമസം വരുത്തുന്നത്. സാമൂഹ്യാഘാത പഠനത്തിന്റെ അന്തിമ റിപ്പോർട്ട് 23-ാം തീയതി സബ്മിറ്റ് ചെയ്യുമെന്നാണ് എന്നോട് പറഞ്ഞിട്ടുള്ളത്. അപ്പോൾ ഓട്ടോമാറ്റിക്കായി 11(1) നോട്ടിഫിക്കേഷനിലേയ്ക്ക് പോകാൻ സാധിക്കും. വെറുതെ സമയം നഷ്ടപ്പെടുത്തുകയാണ്. ഇപ്പോൾ 78.5 കോടി രൂപ ചെലവുവരുന്ന പദ്ധതി വൈകുംതോറും ചെലവ് വർദ്ധിക്കുകയും സമയം നഷ്ടപ്പെടുകയും ചെയ്യും. അതുകൊണ്ട് ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെടണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, 4-6-2019-ലാണ് സാമൂഹ്യാഘാത പഠനവുമായി ബന്ധപ്പെട്ട കരട് റിപ്പോർട്ട് സമർപ്പിച്ചത്. അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഭൂമി ഏറ്റെടുക്കൽ നടപടിയുമായി മുന്നോട്ടുപോകാൻ കഴിയുമോ എന്നതിനെക്കുറിച്ച് പരിശോധിച്ച് ആവശ്യമായ തീരുമാനമെടുക്കാം.

# V സബ്മിഷൻ

## (1) ധനസഹായം

ശ്രീ. കെ. ബാബു: സർ, പട്ടാമ്പിയിൽ നിന്നും വിനോദയാത്രയ്ക്ക് വന്ന് നെല്ലിയാമ്പതിയിലെ കൊക്കയിലേയ്ക്ക് മറിഞ്ഞ് പരിക്കേറ്റവരെയും അയിലൂരിൽ കുഴഞ്ഞുവീണ നിഖിലിന്റെയും ജീവൻ രക്ഷിക്കാനായി നെന്മാറ സി.എച്ച്.സി.-യിൽ നിന്നും ജില്ലാ ആശുപത്രിയിലേയ്ക്കുവന്ന ആംബുലൻസ് തണ്ണിശ്ശേരിയിൽവച്ച് മറ്റൊരു വാഹനവുമായി കൂട്ടിയിടിച്ച് എട്ട് പേർ മരണപ്പെടുകയുണ്ടായി. ഒരു ജില്ലയെയാകെ ദുഃഖത്തിലാഴ്ത്തിയ സംഭവമായിരുന്നു അത്. എന്റെ നിയോജകമണ്ഡലത്തിലെ പോലീസ് സെലക്ഷൻ കിട്ടിയ അയിലൂരിലെ വൈശാഖ്, ബന്ധുവായ നിഖിൽ, അയൽവാസിയും ചുമട്ടുതൊഴിലാളിയുമായ ശിവൻ, ആംബുലൻസ് ഡ്രൈവർ സുധീർ, പട്ടാമ്പി മണ്ഡലത്തിലെ ഓങ്ങല്ലൂർ സ്വദേശികളായ ഫവാസ്, സുബൈർ, നാസർ, ചേലക്കരയിലെ താമസക്കാരനായ ഉമർഫാറൂഖ് എന്നിവരാണ് ആ സംഭവത്തിൽ മരണപ്പെട്ടത്. കഴിഞ്ഞ ഒരാഴ്ചയ്ക്കുള്ളിൽ രണ്ട് അപകടങ്ങളിലായി എന്റെ നിയോജകമണ്ഡലത്തിലെ എട്ടുപേർ മരണപ്പെടുകയുണ്ടായി. ജൂൺ 3-ന് എന്റെ നിയോജകമണ്ഡലത്തിലെ തന്നെ കൊടുവായൂർ പഞ്ചായത്തിലെ കണ്ണംകോട് പ്രദേശത്തുനിന്നും വിനോദയാത്രയ്ക്കുപോയ തൊഴിലുറപ്പ് തൊഴിലാളികൾ സഞ്ചരിച്ചിരുന്ന വാഹനം മധുരയ്ക്കടുത്ത് വിരുദുനഗറിലെ സാത്തൂരിൽ വച്ച് അപകടത്തിൽപ്പെടുകയും സരോജിനി, തങ്കമണി, വിദ്യാർത്ഥിനിയായ നിഖില എന്നിവർ മരണപ്പെടുകയും ചെയ്തു. തണ്ണിശ്ശേരിയിലെ അപകടത്തിൽപ്പെട്ടവർക്ക് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ ഇടപെടലിന്റെ ഭാഗമായാണ് കൊച്ചിയിലെ ആസ്റ്റർ മെഡിസിറ്റിയിൽ ചികിത്സാ സൗകര്യം ലഭ്യമാക്കിയത്. അപകടത്തിൽപ്പെട്ട ചെറുതുരുത്തിയിലെ മുഹമ്മദ് ഷാജിയുൾപ്പെടെ എട്ടുപേർ ഇപ്പോഴും സർക്കാർ/സ്വകാര്യ ആശുപത്രികളിലായി ചികിത്സയിൽ കഴിയുകയാണ്. തണ്ണിശ്ശേരിയിലും വിരുദുനഗറിലും അപകടത്തിൽപ്പെട്ട് മരണപ്പെട്ടവരും ഇപ്പോൾ ചികിത്സയിലിരിക്കുന്നവരും നിർദ്ധന കുടുംബത്തിൽപ്പെട്ട തൊഴിലാളികളാണ്. അവർക്കാവശ്യമായ ചികിത്സാസൗകര്യങ്ങളും സാമ്പത്തിക സഹായവും അടിയന്തരമായി ലഭ്യമാക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ഷാഫി പറമ്പിൽ, ശ്രീ. മുഹമ്മദ് മുഹസിൻ പി. എന്നീ അംഗങ്ങൾക്കുകൂടി ഈ വിഷയത്തെക്കുറിച്ച് പരാമർശിക്കാവുന്നതാണ്.

ശ്രീ. ഷാഫി പറമ്പിൽ: സർ, ബഹുമാനപ്പെട്ട നെന്മാറ അംഗം ശ്രീ. കെ. ബാബു സൂചിപ്പിച്ചതുപോലെ വളരെ വേദനാജനകമായ ഒരനുഭവമായിരുന്നു 8 പേരുടെയും മരണം. ഇവർ സഞ്ചരിച്ച കാർ നെല്ലിയാമ്പതിയിൽ 50 അടി താഴ്ചയുള്ള കൊക്കയിലേയ്ക്ക് മറിഞ്ഞ് അവിടെനിന്ന് രക്ഷപ്പെടുത്തി കെ.എസ്.ആർ.ടി.സി. ബസ്സിൽ താഴേയ്ക്ക് കൊണ്ടുവന്ന് സ്കാനിംഗ് നടത്താൻവേണ്ടി ജില്ലാ ആശുപത്രിയിലേയ്ക്ക് കൊണ്ടുപോകുന്ന വഴിക്കാണ് ഇത്രയും വലിയൊരു ദുരന്തമുണ്ടായത്. എന്റെയും ബഹുമാനപ്പെട്ട മുഹമ്മദ് മുഹസിന്റെയും പഞ്ചായത്തുകളിൽപ്പെട്ടവരാണ് അപകടത്തിൽപ്പെട്ടത്. എല്ലാവരും സാധാരണക്കാരും പ്രയാസം അനുഭവിക്കുന്നവരുമാണ്. അതിൽ മരണപ്പെട്ട സുബൈറിന് ഓട്ടിസം ബാധിച്ചതും ഒട്ടിപ്പോയ കൈവിരലുകൾ ഓപ്പറേഷൻ ചെയ്തെടുക്കേണ്ട അവസ്ഥയിലുള്ളതും കാഴ്ചയ്ക്കൊക്കെ പ്രയാസമുള്ളതുമായ ഒരു കുട്ടിയാണുള്ളത്. അത്തരത്തിൽ വളരെ പ്രയാസമനുഭവിക്കുന്ന ഒരു കുടുംബമാണത്. അപ്പോൾ സാധാരണയിൽക്കവിഞ്ഞ ധനസഹായം ആ കുടുംബത്തിന് കൊടുക്കേണ്ടതാണ്. സുബൈർ, അദ്ദേഹത്തിന്റെ ജ്യേഷ്ഠൻ, ജ്യേഷ്ഠന്റെ മകൻ, സഹോദരിയുടെ കുട്ടി അങ്ങനെ ഒരു കുടുംബത്തിൽ നാല് മരണമാണ് ഒറ്റദിവസം കൊണ്ടുണ്ടായത്. അപകടം നടന്ന് 5 മിനിറ്റിനുള്ളിൽ എം.പി. ശ്രീ. വി. കെ. ശ്രീകണ്ഠനും അവിടെ എത്തി. പക്ഷെ ഇടിച്ച ആംബുലൻസും ലോറിയും തമ്മിൽ വേർപെടുത്താൻ മണിക്കൂറുകൾ ശ്രമിച്ചിട്ടാണ് കഴിഞ്ഞതെന്നാണ് മനസ്സിലാക്കുന്നത്. നമ്മുടെ അത്യാധുനിക സൗകര്യങ്ങളുള്ള ക്രെയിൻ ഉൾപ്പെടെയുള്ളവ ജില്ലാ ഹെഡ്ക്വാർട്ടേഴ്സിൽ അടിയന്തരമായി അനുവദിക്കപ്പെട്ടിരുന്നെങ്കിൽ ഒരുപക്ഷെ പരിക്കുപറ്റിയവർക്ക് പ്രയാസമുണ്ടാകുമായിരുന്നില്ല. ഫയർ സർവ്വീസിന് ഇൻഡസ്ട്രിയൽ ഫയർ കെടുത്തുന്നതിനുവേണ്ടിയുള്ള രണ്ട് പുതിയ ബസ്സുകൾ പാലക്കാടിനുവേണ്ടി അനുവദിച്ചതിൽ ഞാൻ നന്ദി രേഖപ്പെടുത്തുകയാണ്. അപകടത്തിൽപ്പെട്ട ഒരു കുട്ടിക്ക് തലയിൽ ബ്ലീഡിംഗ് ഉണ്ടായതിനെത്തുടർന്ന് രണ്ട് ഓപ്പറേഷനുകൾ നടത്തിയെങ്കിലും ശരിയാകാത്തതുകൊണ്ട് ഇപ്പോൾ ആസ്റ്റർ മെഡിസിറ്റിയിലേയ്ക്ക് മാറ്റിയിരിക്കുകയാണ്. അവരും സാമ്പത്തികമായി പ്രയാസം അനുഭവിക്കുന്നവരാണ്. ആ കുട്ടിയുടെ ചികിത്സ അടിയന്തരമായി സർക്കാർ ഏറ്റെടുക്കണം. ഈ കുടുംബങ്ങൾക്ക് അടിയന്തര ധനസഹായം എത്രയും പെട്ടെന്ന് ലഭ്യമാക്കാനും അവരെ ജീവിതത്തിൽ നിലനിർത്താൻ കഴിയാവുന്ന ഒരു സഹായം അനുവദിക്കണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, ബഹുമാനപ്പെട്ട രണ്ട് അംഗങ്ങളും പറഞ്ഞ വിഷയം തന്നെയാണ് എനിക്കും പറയാനുള്ളത്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് എന്റെ മണ്ഡലത്തിൽപ്പെട്ട 4 പേരാണ് ഈ അപകടത്തിൽപ്പെട്ടത്. ഈ സംഭവത്തെത്തുടർന്ന് അന്നുതന്നെ മുഖ്യമന്ത്രിയുടെ ഓഫീസുമായി ബന്ധപ്പെട്ടുകയും പരമാവധി തുക അനുവദിക്കാമെന്ന് പറയുകയും ചെയ്തിട്ടുണ്ട്. ഇതിൽ നാസർ എന്നയാളിന് 4 മക്കളാണ്. നാലുപേരും ചെറിയ കുട്ടികളാണ്. അദ്ദേഹം ഓട്ടോ ഡ്രൈവറായിരുന്നു. സഹോദരൻ സുബൈറിന് നേരത്തെ പറഞ്ഞതുപോലെ ഭിന്നശേഷിയുള്ള കുട്ടിയാണുള്ളത്. ഓരോ ദിവസവും ആ കുട്ടിക്ക് ചികിത്സയ്ക്ക് വേണ്ടി വലിയ ചെലവുവരുന്നതാണ്. പിന്നെ ഫവാസ് എന്ന ആൾ, ഇവരുടെതന്നെ സഹോദരന്റെ ഏക ആൺകുട്ടിയാണ്. അതോടൊപ്പം പെങ്ങളുടെ രണ്ട് കുട്ടികളിൽ ഒരാളായ ഉമർ ഫാറൂഖ് മരിച്ചു, അനിയൻ ഷാഫി ക്രിട്ടിക്കൽ സ്റ്റേജിൽ ആസ്റ്റർ മെഡിസിറ്റിയിൽ ചികിത്സയിലാണ്. ഇന്നലെ ആരോഗ്യ വകുപ്പുമന്ത്രിയും ശ്രീ. യു. ആർ. പ്രദീപ് എം.എൽ.എ.-യുമൊക്കെ വളരെ കാര്യക്ഷമമായി ഇടപെട്ടാണ് ഹോസ്പിറ്റലിൽ എത്തിച്ചത്. അവരുടെ ചികിത്സയ്ക്കും ചെലവിനും വലിയ ബുദ്ധിമുട്ടുണ്ട്. ഈ 4 കുടുംബങ്ങൾക്കും അവരുടെ അത്താണികൾ നഷ്ടപ്പെട്ട സാഹചര്യമാണുള്ളത്. അതുകൊണ്ട് 4 കുടുംബത്തിനും മറ്റെല്ലാവർക്കും അത്യാവശ്യം അടിയന്തരമായി പരമാവധി തുക അനുവദിക്കാൻവേണ്ട നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇവിടെ സംസാരിച്ച ബഹുമാന്യരായ അംഗങ്ങളുടെ വികാരത്തോടൊപ്പം ഞാനും പങ്കുചേരുകയാണ്. ഇക്കഴിഞ്ഞ 9-ാം തീയതി പാലക്കാട് കൊടുവായൂർ സംസ്ഥാന പാതയിൽ ആംബുലൻസും ലോറിയും കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ ഇവിടെ പ്രസ്താവിച്ചതുപോലെ എട്ടുപേരാണ് മരണപ്പെട്ടത്. പരിക്കേറ്റ നാലുപേരിൽ ഒരാളുടെ നില ഗുരുതരമാണ്. ഇവർ വിവിധ ആശുപത്രികളിൽ ഇപ്പോൾ ചികിത്സയിലാണ്. ദുരന്തങ്ങളും അപകടങ്ങളും ഉണ്ടാകുമ്പോൾ ദുരന്തനിവാരണ രംഗത്ത് പൊതുജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി കമ്മ്യൂണിറ്റി റെസ്ക്യൂ വോളണ്ടിയർമാരുടെ സേവനം അഗ്നിരക്ഷാസേന ഇപ്പോൾ ഉപയോഗപ്പെടുത്തി വരുന്നുണ്ട്. സമൂഹത്തിന്റെ വിവിധ മേഖലയിൽ പ്രവർത്തിക്കുന്ന ഡോക്ടർമാർ, എഞ്ചിനീയർമാർ, അദ്ധ്യാപകർ, പാരാമെഡിക്കൽ സർവ്വീസിൽനിന്നും വിരമിച്ചവർ, പ്രത്യേക മേഖലയിൽ കഴിവുള്ളവർ ഇങ്ങനെ നാനാ മേഖലകളിൽ നിന്നുള്ളവരുടെ സേവനം അപകടഘട്ടങ്ങളിൽ ആവശ്യമായിവരും. അത് കണക്കിലെടുത്ത് ഒരു സിവിൽ ഡിഫൻസ് ഫോഴ്സ് (കേരള സാമൂഹികാധിഷ്ഠിത ദുരന്ത പ്രതികരണ സേന) രൂപീകരിക്കുന്ന കാര്യം സജീവ പരിഗണനയിലാണ്.

അഗ്നിരക്ഷാ സേനയുടെ ഉപകരണങ്ങളുടെ കാര്യവും ഇവിടെ പരാമർശിക്കുകയുണ്ടായി. ഇതിനോടകംതന്നെ ജീവൻരക്ഷാ പ്രവർത്തനങ്ങൾക്കാവശ്യമായ ആധുനിക ഉപകരണങ്ങൾ അഗ്നിരക്ഷാ സേനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടുതൽ സൗകര്യങ്ങൾ ആവശ്യമായത് ആലോചിക്കുകയും ചെയ്യാം. കഴിഞ്ഞ ദിവസമുണ്ടായ ആംബുലൻസ് അപകടത്തിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും പരിക്കേറ്റവർക്കും ഉചിതമായ ധനസഹായം അനുവദിക്കുന്ന കാര്യം പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

## (2) അച്ചടി മ്യൂസിയം

ശ്രീ. പി. കെ. ശശി: സർ, എന്റെ നിയോജകമണ്ഡലമായ ഷൊർണ്ണൂരിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രിന്റിംഗ് ടെക്നോളജിയിൽ ഒരു അച്ചടി മ്യൂസിയം ആരംഭിക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്. 1967-ൽ സ്ഥാപിതമായ ഈ വിദ്യാലയത്തിൽ 550-ഓളം വിദ്യാർത്ഥികളാണ് ഓരോ വർഷവും പഠനം നടത്തുന്നത്. 1800-കളിൽ നിർമ്മിച്ച ലണ്ടൻ നിർമ്മിതമായ ആദ്യത്തെ അച്ചടിയന്ത്രം ആൽബിയൻ പ്രസ് ഇന്നും ഈ സ്ഥാപനത്തിൽ പ്രവർത്തനസജ്ജമായി സൂക്ഷിച്ചിട്ടുണ്ട്. ഈ സ്ഥാപനത്തിന്റെ ജൂബിലി ഉദ്ഘാടനം ഈ മെഷീൻ പ്രവർത്തിപ്പിച്ചുകൊണ്ടാണ് ബഹുമാന്യനായ മുഖ്യമന്ത്രി നിർവ്വഹിച്ചത്. ഈ യന്ത്രത്തിനുപുറമെ അച്ചടി മേഖലയുടെ ക്രമാനുഗതമായ വളർച്ചയുടെ മുഴുവൻ യന്ത്രസാമഗ്രികളും ഇവിടെ ലഭ്യമാണ്. അച്ചടി മ്യൂസിയം ആരംഭിക്കുമ്പോൾ ഇതുപോലൊരു വിദ്യാഭ്യാസ സ്ഥാപനവുമായി ചേർന്നാകുന്നത് അവിടെയുള്ള വിദ്യാർത്ഥികൾക്കും വരുംതലമുറയ്ക്കും ഇതുസംബന്ധിച്ച് കൂടുതൽ പഠിക്കാനും മനസ്സിലാക്കാനും സഹായകമാകും. 33 ഏക്കറോളം വിസ്തൃതിയുള്ള കാമ്പസാണ് ഷൊർണ്ണൂർ ഐ.പി.റ്റി.-യുടേത്. സംസ്ഥാന പാതയോരത്ത് പത്തേക്കറോളം സ്ഥലം ഈ നിർദ്ദിഷ്ട മ്യൂസിയത്തിന് ലഭ്യവുമാണ്. ആരംഭിക്കുന്ന മ്യൂസിയത്തിന്റെ കൃത്യമായ മേൽനോട്ടത്തിനും സുരക്ഷയ്ക്കും ഇത് ഷൊർണ്ണൂർ ഐ.പി.റ്റി.-യിൽത്തന്നെ സ്ഥാപിക്കുന്നത് ഗുണകരമാകും. വലിയ പാരമ്പര്യമുള്ള ഈ സ്ഥാപനത്തിൽത്തന്നെ നിർദ്ദിഷ്ട പ്രിന്റിംഗ് മ്യൂസിയം ആരംഭിക്കുന്നത് ഈ രംഗത്ത് ഗവേഷണം നടത്തി അധികയോഗ്യതകൾ കരസ്ഥമാക്കാൻ വിദ്യാർത്ഥികൾക്ക് കൂടുതൽ സഹായകരമാകും. ഇപ്രകാരമുള്ള എല്ലാ ഭൗതിക സാഹചര്യങ്ങളും ലഭ്യമായ ഷൊർണ്ണൂരിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രിന്റിംഗ് ടെക്നോളജിയിൽത്തന്നെ അച്ചടി മ്യൂസിയം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഗവൺമെന്റ് പ്രസ്സുകളുടെ ആധുനികവൽക്കരണം സംബന്ധിച്ച് പഠിക്കുന്നതിന് നിയോഗിച്ച ഡോ. രാജേന്ദ്രകുമാർ അദ്ധ്യക്ഷനായ വിദഗ്ദ്ധസമിതി ഷൊർണ്ണൂരിൽ ഒരു അച്ചടി മ്യൂസിയം സ്ഥാപിക്കുന്നതിന് ശിപാർശ ചെയ്തിരുന്നു. ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിൽ മ്യൂസിയം സ്ഥാപിക്കുന്നതിന് സ്ഥലസൗകര്യം ലഭ്യമല്ല. അതേസമയം, ഇവിടെ ബഹുമാന്യനായ അംഗം പ്രസ്താവിച്ചതുപോലെ ഷൊർണ്ണൂരിൽ ഇതിനായി സ്ഥലം അനുവദിക്കാൻ സമ്മതമാണെന്ന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രിന്റിംഗ് ടെക്നോളജി ആൻഡ് ഗവൺമെന്റ് പോളിടെക്നിക് കോളേജ് അറിയിച്ചിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(3) റബ്ബറധിഷ്ഠിത വ്യവസായ സ്ഥാപനം

ശ്രീ. സി. ദിവാകരൻ: സർ, നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ ഒരു വ്യവസായ സ്ഥാപനം ആരംഭിക്കാനുള്ള സാധ്യതാപഠനം നടത്തണമെന്ന് അഭ്യർത്ഥിച്ച് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നൽകിയ കത്ത് പരിഗണിച്ച് വ്യവസായ വകുപ്പ് ചുമതലപ്പെടുത്തിയതുപ്രകാരം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ സാധ്യതാപഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് പ്രകാരം നെടുമങ്ങാട് താലൂക്കിലെ മുഖ്യ കാർഷികവിള റബ്ബറാണെന്നും ഇവിടെ ഉല്പാദിപ്പിക്കുന്ന ലാറ്റക്സ് അന്യസംസ്ഥാനങ്ങളിൽ കൊണ്ടുപോയി വിവിധ ഉല്പന്നങ്ങളാക്കി വീണ്ടും കേരളത്തിലെ വിപണിയിലെത്തിക്കുന്നുവെന്നും കണ്ടെത്തുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ലാറ്റക്സിൽനിന്ന് വിവിധ തരത്തിലുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കാൻ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നത് ഗുണകരമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. കേവലം 6 കോടി രൂപ മുതൽമുടക്കിൽ വ്യവസായ സ്ഥാപനം ആരംഭിക്കാൻ സാധിക്കുമോയെന്ന വിശദമായ സാധ്യതാപഠനത്തിനായി കിറ്റ്കോ, റബ്ബർ പാർക്ക് തുടങ്ങിയ സ്ഥാപനങ്ങളെ ചുമതലപ്പെടുത്താവുന്നതാണെന്ന് റിപ്പോർട്ടിൽ പറയുന്നു. ഭൂമി, വെള്ളം, അസംസ്കൃത വസ്തുക്കൾ, കുറഞ്ഞ കൂലിക്ക് പരിചയസമ്പന്നരായ തൊഴിലാളികൾ, റോഡുകൾ, റെയിൽവേ ലൈൻ തുടങ്ങിയ റബ്ബറധിഷ്ഠിത വ്യവസായത്തിന് അനുകൂലമായ എല്ലാ സാഹചര്യങ്ങളും നിലവിലുണ്ട്. വസ്തുതകൾ പരിഗണിച്ച് തിരുവനന്തപുരം ജില്ലയിലെ മലയോര മണ്ഡലത്തിൽ ഒരു വ്യവസായ സ്ഥാപനം ആരംഭിക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ പ്രധാന കാർഷികവിളയായ റബ്ബറിനെ ഫലപ്രദമായി വിനിയോഗിക്കാൻ സാധിക്കുന്ന

വ്യവസായങ്ങളൊന്നും നിലവിലില്ല. അതുകൊണ്ടുതന്നെ ഒരു കാർഷിക മേഖലയായ, പ്രത്യേകിച്ച് റബ്ബർ മേഖലയായ നെടുമങ്ങാട് ഒരു റബ്ബറധിഷ്ഠിത വ്യവസായസ്ഥാപനം ആരംഭിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. സി. ദിവാകരൻ എം.എൽ.എ. മുഖ്യമന്ത്രിക്ക് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ പ്രാഥമിക പഠനം നടത്തിയിട്ടുണ്ട്. എന്നാൽ സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഇത്തരമൊരു വ്യവസായകേന്ദ്രം ആരംഭിക്കാൻ വ്യവസായ വകുപ്പിന് കഴിയുന്നൊരു സാഹചര്യമല്ല ഉള്ളത്, നേരിട്ട് വ്യവസായം നടത്താൻ സാധിക്കുകയില്ല. വ്യവസായ വകുപ്പ് മുഖാന്തരം ആവശ്യമായ പരിശീലനം നൽകി റബ്ബർ കർഷകർ, സംരംഭകർ, തദ്ദേശഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ഒരു വ്യവസായ സ്ഥാപനം ആരംഭിക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കുന്നത് നന്നായിരിക്കും. ലാറ്റക്സിന്റെ കാര്യം ഇവിടെ പറഞ്ഞു. റബ്കോ ഇത്തരമൊരു സംരംഭം ആരംഭിക്കുകയും വലിയ നഷ്ടമുണ്ടായതിനാൽ ഉപേക്ഷിക്കുകയും ചെയ്തതാണ്. വ്യവസായ സ്ഥാപനം ആരംഭിക്കുന്നതിനുവേണ്ട സഹായങ്ങൾ തീർച്ചയായും വ്യവസായ വകുപ്പിന്റെ ഭാഗത്ത് നിന്നുണ്ടാകും. ഒരു വ്യവസായം ആരംഭിക്കുന്നതിനും അവിടത്തന്നെ പരിശീലനം നൽകുന്നതിനുമുള്ള സൗകര്യങ്ങൾകൂടി ഉൾപ്പെടുത്തി സഹായം നൽകുന്നതിനും ജില്ലാ വ്യവസായ കേന്ദ്രം നിർദ്ദേശിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിന് പ്രസ്തുത പ്രദേശത്ത് സ്വന്തമായി സ്ഥലമില്ല. ഒരു പ്രൊഫഷണൽ ഏജൻസി മുഖാന്തിരം വിശദമായ പഠനം നടത്തിയാൽ മാത്രമേ ഈ പ്രോജക്ടിന്റെ ഫീസിബിലിറ്റി കണ്ടെത്താൻ കഴിയുകയുള്ളൂ. ഇതിലേയ്ക്കായി Kerala Bureau of Industrial Promotion (K-bip)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറുടെ നിർദ്ദേശവും ഇതുതന്നെയാണ്. ഇതിന്റെയടിസ്ഥാനത്തിൽ കാര്യങ്ങൾ പരിശോധിച്ച് ആവശ്യമായ നടപടി കൈക്കൊള്ളും. റബ്ബറധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി സിയാൽ മോഡലിൽ ഒരു കമ്പനി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരത്തെ മലയോര മേഖലയായ നെടുമങ്ങാട് കേന്ദ്രീകരിച്ച് പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ സാധിക്കുമോയെന്നത് സംബന്ധിച്ച് വിശദമായ പഠനത്തിനുശേഷം മാത്രമേ തീരുമാനിക്കാൻ സാധിക്കുകയുള്ളൂ. അവയെല്ലാം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കും.

(4) പുതുശ്ശേരി പാലം പുതുക്കിപ്പണിയൽ

ശ്രീ. എസ്. ശർമ്മ: സർ, ട്രോളിംഗ് നിരോധനം നിലനിൽക്കുന്നതിനാൽ രൂക്ഷമായ കടലാക്രമണക്കെടുതിക്കിരയായ മത്സ്യത്തൊഴിലാളികളിൽ

നിരോധനമില്ലാത്തവർക്കും കടലിൽ പോകാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ഇത് കടലോര പ്രദേശങ്ങളിൽ രൂക്ഷമായ തൊഴിലില്ലായ്മയ്ക്കിടയായിട്ടുണ്ട്. ഇതിന്റെ അലകൾ ഉൾനാടൻ മേഖലകളിലും പ്രതിഫലിക്കുന്നുണ്ട്. കടലാക്രമണത്തിന്റെ പ്രക്ഷുബ്ധമായ അന്തരീക്ഷത്തിൽ എറണാകുളം ജില്ലയിലെ ചെല്ലാനം തീരഗ്രാമത്തിലെ ജനങ്ങളും പ്രക്ഷോഭത്തിന്റെ മാർഗ്ഗം സ്വീകരിച്ചിരിക്കുകയാണ്. വൈപ്പിൻ നിയോജകമണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ പ്രകൃതിക്ഷോഭത്തെ തുടർന്ന് ജനജീവിതം ദുസ്സഹമാണ്. നായരമ്പലം, വലിയത്താൻപറമ്പ് കടപ്പുറം, എടവനക്കാട് ഗ്രാമപഞ്ചായത്തിലെ പഴങ്ങാട് കടപ്പുറം, അണിയൽ കടപ്പുറം, ചാത്തങ്ങാട് കടപ്പുറം എന്നിവിടങ്ങളിൽ കടലിൽനിന്നും അടിച്ചു കയറിയ മണ്ണ് നീക്കംചെയ്യുന്നതിനും കടലാക്രമണം നേരിടുന്നതിനും സംവിധാനമൊരുക്കാൻ അടിയന്തര നടപടി സ്വീകരിക്കണം. അതോടൊപ്പം ഉപജീവന മാർഗ്ഗമില്ലാതെ ബുദ്ധിമുട്ടുന്ന തീരദേശവാസികൾക്ക് സൗജന്യ റേഷൻ അനുവദിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കണം. പ്രളയബാധിത മേഖലയായ വൈപ്പിൻ മണ്ഡലത്തിലെ കടമക്കുടി ഗ്രാമത്തിലെ പുതുശ്ശേരി പാലം കാലവർഷക്കെടുതിയെത്തുടർന്ന് തകർന്നുപോയി. അതിനാൽ അതുവഴിയുള്ള ഗതാഗതം നിർത്തിവച്ചിരിക്കുകയാണ്. ദ്വീപസമൂഹങ്ങൾ ചേർന്ന പഞ്ചായത്തിലെ സർക്കാർ ഹയർ സെക്കൻഡറി സ്കൂളിലും ആയുർവ്വേദ ആശുപത്രിയിലും മറ്റ് സ്ഥാപനങ്ങളിലും ജനങ്ങൾക്ക് എത്തിച്ചേരുന്നതിന് ബദൽമാർഗ്ഗം ഒരുക്കിക്കൊടുക്കേണ്ടതുണ്ട്. ഇക്കാര്യങ്ങളിൽ അടിയന്തരനടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്. പാലം പുതുക്കിപ്പണിയുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം. കൂടാതെ സൗജന്യ റേഷൻ അനുവദിക്കണം. ചെല്ലാനത്തെ 18 കി.മീ. ദൂരത്തെ കടലോരമേഖല ഒരു പ്രത്യേക സാഹചര്യത്തിലെത്തിയിരിക്കുകയാണ്. ഏതുസമയത്തും ഒരു പൊട്ടിത്തെറിയുടെ വക്കിലേയ്ക്ക് പോകുന്ന സാഹചര്യമാണുള്ളത്. അതുകൊണ്ട് ഈ ഗുരുതരാവസ്ഥ കണക്കിലെടുത്ത് ഒരു പ്രത്യേക പാക്കേജായി കണക്കാക്കി സ്പെഷ്യൽ ടീമിനെ നിയോഗിച്ച് ചെല്ലാനത്തെ പണി പൂർത്തിയാക്കണം. സാധാരണ നടപടിക്രമങ്ങൾ പാലിച്ചുവരുമ്പോൾ കാലതാമസമുണ്ടാകും. അതിനാൽ യുദ്ധകാലാടിസ്ഥാനത്തിൽ ഈ പ്രശ്നം പരിഹരിക്കപ്പെടുന്നതിനുള്ള ഇടപെടലുണ്ടാകണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, കടലാക്രമണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ സഭയിൽ ഇന്നലെ ബഹുമാനപ്പെട്ട വി. എസ്. ശിവകുമാർ, എം.എൽ.എ.-യും ചൂണ്ടിക്കാട്ടിയിരുന്നു. കാലവർഷത്തിന്റെ വരവോടുകൂടി തീരദേശമേഖലയിൽ കടലാക്രമണം

രൂക്ഷമായിക്കുകയാണ്. കടലാക്രമണംമൂലമുള്ള തീരശോഷണം സംസ്ഥാന സവിശേഷ ദുരന്തമായി സർക്കാർ 23-7-2015-ൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുപ്രകാരം കേന്ദ്രമാനദണ്ഡങ്ങൾക്ക് വിധേയമായി ദുരന്തബാധിതർക്ക് ദുരിതാശ്വാസ സഹായം ലഭ്യമാക്കാൻ കഴിയും. ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ച കടലാക്രമണംമൂലം തീരദേശ ശോഷണം ബാധിച്ച പ്രദേശങ്ങളിൽ താൽക്കാലിക പുനരധിവാസ ക്യാമ്പുകൾ സജ്ജമാണ്. നായരമ്പലം, ചെല്ലാനം എന്നിവിടങ്ങളിലാണ് രൂക്ഷമായ കടലാക്രമണമുള്ളത്. ദുരിതാശ്വാസത്തിനുള്ള എല്ലാ തയ്യാറെടുപ്പുകളും റവന്യൂ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ആവശ്യമെങ്കിൽ കൂടുതൽ ക്യാമ്പുകൾ തുറക്കാനും സജ്ജമാണ്. ക്യാമ്പുകളിലെത്തുന്ന എല്ലാ കുടുംബങ്ങൾക്കും 30 ദിവസംവരെ മിനിമം റിലീഫ് കോഡനുസരിച്ച് നല്ല ഭക്ഷണവും ശുദ്ധജലവും ആരോഗ്യസംരക്ഷണവും നൽകും. വരാപ്പുഴ-കടമക്കുടി പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പുതുശ്ശേരി പാലം ഇന്നലെയാണ് തകരാറിലായത്. പൊതുമരാമത്ത് വകുപ്പ് അധികൃതർ ഇന്നലെത്തന്നെ പാലം പരിശോധിക്കുകയുണ്ടായി. റിപ്പോർട്ട് ലഭിച്ചാലുടൻ ഉചിതമായ നടപടി സ്വീകരിക്കാൻ സാധിക്കും. പാലം തകരാറിലായതുമൂലം തടസ്സപ്പെട്ട ഗതാഗതം താൽക്കാലികമായി പുനഃസ്ഥാപിക്കാനുള്ള നടപടികൾ സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ നിന്ന് സ്വീകരിക്കാൻ മാത്രമേ നമുക്ക് വ്യവസ്ഥയുള്ളൂ. വേലിയേറ്റ രേഖയിൽ നിന്ന് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന കുടുംബങ്ങളെ കൂടുതൽ സുരക്ഷിതമായ മേഖലയിൽ സ്ഥലം കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിന് 10 ലക്ഷം രൂപ വീതം നൽകുന്ന പദ്ധതി ഇപ്പോൾത്തന്നെ നിലവിലുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ ട്രോളിംഗ് നിരോധനം നിലനിൽക്കുകയും നാടൻ വള്ളങ്ങൾക്ക് കടലിൽ പോകാൻ സാധിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ തീരദേശ മേഖലയിൽ സൗജന്യ റേഷൻ വിതരണം ചെയ്യുന്നതുൾപ്പെടെയുള്ള നടപടികളുമായി മുന്നോട്ടുപോകാൻ കഴിയും. അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ആലോചിക്കാവുന്നതാണ്.

(5) ബസ് റൂട്ടുകൾ

ശ്രീ. എം. വിൻസെന്റ്: സർ, സഭയിലെ മറ്റ് എം.എൽ.എ.-മാർക്കും സമാന പരാതിയുണ്ടാകും. എന്റെ നിയോജകമണ്ഡലത്തിൽ കെ.എസ്.ആർ.ടി.സി. ബസുകൾ ക്രമാതീതമായി വെട്ടിക്കുറച്ചതിലൂടെ വളരെ രൂക്ഷമായ യാത്രാക്ലേശം ഉണ്ടായിരിക്കുകയാണ്. സാധാരണക്കാരായ കൃഷിക്കാരും പരമ്പരാഗത തൊഴിലാളികളും മത്സ്യത്തൊഴിലാളികളുമെല്ലാം ഉൾപ്പെടുന്ന അവിടത്തെ ജനവിഭാഗങ്ങളുടെ മുഖ്യ ആശ്രയമാണ് കെ.എസ്.ആർ.ടി.സി. ബസ്സുകൾ. എന്നാൽ

നിലവിലുണ്ടായിരുന്ന പല ഷെഡ്യൂളുകളും റദ്ദാക്കിയിരിക്കുകയാണ്. പാപ്പനംകോട് ഡിപ്പോയിൽ നിന്ന് ഓപ്പറേറ്റ് ചെയ്തിരുന്ന 18 സ്റ്റേ ബസ്സുകളിൽ 7 എണ്ണവും എന്റെ നിയോജകമണ്ഡലത്തിലുള്ളതാണ്. ശ്രീകൃഷ്ണസ്വാമി ക്ഷേത്രം, നെല്ലിമൂട്, ആട്ടറമൂല, നെല്ലിവിള, ആത്മബോധിനി ക്ഷേത്രം, വെണ്ണിയൂർ, പുന്നമൂട് എന്നിവയെല്ലാം നിർത്തലാക്കിയിരിക്കുകയാണ്. പുലർച്ചെ കൃഷിക്കാർക്ക് അവരുടെ കാർഷികോൽപ്പന്നങ്ങളുമായി ചാല കമ്പോളത്തിൽ എത്താനും ദൂരസ്ഥലങ്ങളിൽ കൂലിപ്പണിക്ക് പോകുന്നവർക്ക് രാത്രികാലങ്ങളിൽ തിരികെ വീട്ടിലെത്തുന്നതിനും വേണ്ടിയുള്ള ഏക ആശ്രയം ഇത്തരം സ്റ്റേ ബസ്സുകളാണ്. അതെല്ലാം നിർത്തലാക്കിയിരിക്കുകയാണ്. ഒരു ദിവസം ജോലിക്ക് പോയാൽ 750-800 രൂപ ലഭിക്കും. ആറ്റിങ്ങലിൽ ജോലിക്ക് പോയി തിരിച്ച് വരുന്നൊരാൾക്ക് അന്നേ ദിവസം ലഭിച്ച മുഴുവൻ കൂലി കൊടുത്താലും ഓട്ടോറിക്ഷ പിടിച്ച് വീട്ടിലെത്താൻ കഴിയാത്ത സ്ഥിതിവിശേഷമാണുള്ളത്. നിർത്തലാക്കിയ ഷെഡ്യൂളുകളെല്ലാം പുന:സ്ഥാപിക്കണമെന്ന് പറയുന്നില്ല, നിലവിലുള്ള സ്റ്റേ ബസ്സുകളുടെ എണ്ണം വർദ്ധിപ്പിച്ച് എല്ലാ സ്ഥലങ്ങളും കണക്ട് ചെയ്യുന്ന രീതിയുണ്ടാക്കണം. പയറ്റുവിളയിൽ ഓപ്പറേറ്റ് ചെയ്തുകൊണ്ടിരുന്ന വിഴിഞ്ഞം ഡിപ്പോയിലെ റൂട്ട് നമ്പർ 3450, പാപ്പനംകോട് ഡിപ്പോയിലെ റൂട്ട് നമ്പർ 78 എന്നീ ബസ്സുകൾ ഇപ്പോൾ ഓപ്പറേറ്റ് ചെയ്യുന്നില്ല. നെല്ലിവിള പോലെയുള്ള പ്രദേശങ്ങളിൽ യാത്രാക്ലേശം വളരെ രൂക്ഷമായിരിക്കുകയാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥരെക്കൂടി ഉൾപ്പെടുത്തി നിലവിലുള്ള സൗകര്യങ്ങൾ ഉപയോഗിച്ച് യാത്രാക്ലേശമില്ലാത്ത രീതിയിൽ ബസ്സുകൾ പുന:ക്രമീകരിക്കാൻ സാധിക്കും. ബസ് ഷെഡ്യൂളുകളുടെ എണ്ണത്തിൽ ചെറിയ വർദ്ധനവ് കൊണ്ടുവന്നാൽ ഈ പ്രശ്നങ്ങൾക്കെല്ലാം പരിഹാരം കാണാൻ സാധിക്കും. അതിനുവേണ്ടി അടിയന്തരമായി യോഗം വിളിക്കുകയും ഇപ്പോൾ നിർത്തലാക്കിയിരിക്കുന്ന സ്റ്റേ ബസ്സുകൾ പുനരാരംഭിക്കുകയും ചെയ്യുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): സർ, കോവളം നിയോജകമണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലേയ്ക്ക് പാപ്പനംകോട്, നെയ്യാറ്റിൻകര, പൂവാർ, വിഴിഞ്ഞം, തിരുവനന്തപുരം സിറ്റി എന്നീ ഡിപ്പോകളിൽ നിന്നാണ് പ്രധാനമായും സർവ്വീസുകൾ നടത്തുന്നത്. ഡ്യൂട്ടി ക്രമപ്പെടുത്തുന്നതിനും കിലോമീറ്റർ തികയ്ക്കുന്നതിനുമായി ഓപ്പറേറ്റ് ചെയ്തുകൊണ്ടിരുന്നതും കെ.എസ്.ആർ.ടി.സി.-ക്കും പൊതുജനങ്ങൾക്കും തീർത്തും ഗുണകരമല്ലാത്തതുമായ സർവ്വീസുകൾ മാത്രമാണ് നിർത്തലാക്കിയിട്ടുള്ളത്. ജനങ്ങൾക്ക് ഉപകാരപ്രദമായ എല്ലാ സമയത്തും വിവിധ ഷെഡ്യൂളുകൾ ഉൾക്കൊള്ളിച്ച് പ്രസ്തുത യൂണിറ്റുകളിൽ

നിന്നും കോവളം നിയോജകമണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിൽ സർവ്വീസ് നടത്തുന്നുണ്ട്. എങ്കിലും ഏതെങ്കിലും മേഖലകളിൽ യാത്രാക്ലേശം ശ്രദ്ധയിൽപ്പെട്ടാൽ അവ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ യൂണിറ്റ് അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പൂവാർ ഡിപ്പോയിൽനിന്നും കോവളം നിയോജകമണ്ഡലത്തിലേയ്ക്കുള്ള സ്റ്റേ സർവ്വീസുകളൊന്നുംതന്നെ നിർത്തലാക്കിയിട്ടില്ല. കൂടാതെ ഡിപ്പോയിൽ നിന്നും നിർത്തിവച്ചിരുന്ന ബസ് റൂട്ടുകൾ പരാതിരഹിതമായി പുനഃസ്ഥാപിച്ചിട്ടുണ്ട്. വിഴിഞ്ഞം യൂണിറ്റിൽ നിന്നും നാല് സ്റ്റേ ബസ്സുകൾ സർവ്വീസ് നടത്തിക്കൊണ്ടിരുന്നു. 2230-വിഴിഞ്ഞം-കാട്ടാക്കട സ്റ്റേ സർവ്വീസ് രാത്രി യാത്രക്കാരില്ലാത്തതിനാൽ നിർത്തലാക്കി. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ കാട്ടാക്കടയിൽ നിന്നും രാവിലെ 04.20-ന് കാട്ടാക്കട-വിഴിഞ്ഞം റൂട്ടിൽ സർവ്വീസ് നടത്തിക്കൊണ്ടിരിക്കുകയാണ്. ഡ്രൈവറുടെ അഭാവത്തിൽ ഒരു ബസ് നിർത്തലാക്കിയിരുന്നു. മറ്റൊരു സ്റ്റേ ബസ് 10-06-2019 മുതൽ പുനഃസ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരം സിറ്റി യൂണിറ്റിലെ സ്റ്റേ സർവ്വീസുകളിൽ ചിലത് ഡ്രൈവർമാരുടെ കുറവുകാരണം നിർത്തലാക്കിയിട്ടുണ്ട്. എന്നാൽ നിലവിൽ കോവളം നിയോജകമണ്ഡലത്തിലേയ്ക്കുള്ള സ്റ്റേ സർവ്വീസുകളെല്ലാം സർവ്വീസ് നടത്തുന്നുണ്ട്. പാപ്പനംകോട് ഡിപ്പോയിൽ നിന്നും കോവളം നിയോജകമണ്ഡലത്തിൽ നിർത്തലാക്കിയ സ്റ്റേ ഡ്യൂട്ടികളുടെ ട്രിപ്പുകളെല്ലാം യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാകാത്ത വിധത്തിൽ ക്രമീകരിച്ചിട്ടുള്ളതാണ്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെട്ടതുപോലെ വേണ്ടത്ര സർവ്വീസുകൾ തൃപ്തികരമായല്ല നടക്കുന്നതെന്നുള്ള പരാതിയുണ്ടെങ്കിൽ ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് പരാതി പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(6) <u>കെ. എസ്. ആർ. ടി. സി. ബസ് ഡിപ്പോ</u>

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, ഈ സഭയിൽ മുമ്പ് പലതവണ സബ്മിഷനുകൾ ഉന്നയിക്കുകയും ബഹുമാനപ്പെട്ട മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗങ്ങൾ വിളിച്ചുചേർക്കുകയും ചെയ്ത ഒരു വിഷയം സംബന്ധിച്ചാണ് വീണ്ടും ഞാൻ സബ്മിഷൻ ഉന്നയിക്കുന്നത്. പത്തനംതിട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെയും കൊമേഴ്സ്യൽ കോംപ്ലക്സിന്റെയും നിർമ്മാണം പൂർത്തീകരിക്കുന്നത് സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അനുവദിക്കപ്പെട്ട പദ്ധതി വർഷങ്ങൾ കഴിഞ്ഞിട്ടും ഇഴഞ്ഞു നീങ്ങുകയാണ്. സൈറ്റ് വിസിറ്റ് ചെയ്യുമ്പോൾ വളരെ നിരാശാജനകമായ കാഴ്ചയാണ് ഇപ്പോഴും കാണാൻ കഴിയുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് ഏതാണ്ട് 90% പണികളും പൂർത്തീകരിച്ചതെന്ന്

എടുത്തുപറയാൻ ആഗ്രഹിക്കുകയാണ്. പക്ഷെ ഇപ്പോൾ അവിടെ മൂന്നുനാല് പണിക്കാർ മാത്രമേയുള്ളൂ. രണ്ട് വർഷം മുമ്പ് 5,06,00,000 രൂപയ്ക്ക് കടകൾ ലേലം ചെയ്തുകൊടുത്തതാണ്. അതുകൂടാതെ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും 2 കോടി രൂപ നൽകിയിട്ടുമുണ്ട്. അതായത് മുഴുവൻ തുകയും ലഭ്യമായിട്ടും നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. ഇലക്ട്രിക്കൽ വർക്ക് വേറൊരു കരാറുകാരനെ ഏൽപ്പിച്ചു. എഗ്രിമെന്റ് വച്ച് ജോലി ഏറ്റെടുത്തിട്ടും ഇലക്ട്രിക്കൽ വർക്ക് ഇതുവരെയും ആരംഭിച്ചിട്ടില്ല. ഇക്കാര്യത്തിൽ അടിയന്തര ഇടപെടലുണ്ടാകണം. പൊതുപണം വിനിയോഗിക്കുന്നതിൽ കാലതാമസമുണ്ടാകുമ്പോൾ അതിന്റെ ഭാരം പേറേണ്ടിവരുന്നത് പൊതുജനങ്ങളും നഷ്ടമുണ്ടാകുന്നത് കോർപ്പറേഷനുമാണ്. ഇത് കുറ്റകരമായ അനാസ്ഥയാണ്. അതുകൊണ്ട് ശബരിമല സീസണിനുമുമ്പെങ്കിലും കെ.എസ്.ആർ.ടി.സി. ഡിപ്പോയും സമുച്ചയവും പൊതുജനങ്ങളുടെ ഉപയോഗത്തിനായി തുറന്നു കൊടുക്കുന്നതിനുവേണ്ടിയുള്ള അടിയന്തര ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ചത് യഥാർത്ഥ്യങ്ങൾ തന്നെയാണ്. 2008-ലാണ് 8,27,00,000 രൂപ ചെലവുവരുന്ന പ്രോജക്ട് നടപ്പിലാക്കാൻ തത്വത്തിൽ അംഗീകാരം ലഭിച്ചത്. 2013-ലാണ് പ്രാഥമിക ചെലവിനത്തിൽ നിന്നും 2 കോടി രൂപ അനുവദിച്ചത്. അതിനുശേഷം അന്നത്തെ എം.എൽ.എ. ആയിരുന്ന ശ്രീ. കെ. ശിവദാസൻ നായർ എം.എൽ.എ. ഫണ്ടിൽ നിന്നും 2 കോടി രൂപ കെട്ടിടത്തിന്റെ ഒരു ഭാഗം നിർമ്മിക്കുന്നതിനായി അനുവദിച്ചു. രണ്ട് നിലകളിലായി 702.75 ചതുരശ്ര മീറ്റർ വിസ്തീർണ്ണം വരുന്ന കെട്ടിടഭാഗം ബസ് സ്റ്റേഷന്റെ ആവശ്യത്തിലേയ്ക്ക് നിജപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകി. 2 കോടി 17 ലക്ഷം രൂപയാണ് ടെണ്ടർ ഇനത്തിൽ ചെലവായത്. അധികം വരുന്ന 17 ലക്ഷം രൂപയും അന്നത്തെ എം.എൽ.എ. നൽകുകയുണ്ടായി. തുടർന്ന് പത്തനംതിട്ട ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ് പ്രോജക്ടിന്റെ ബാക്കി ഭാഗത്തിന്റെ എസ്റ്റിമേറ്റിന് 6 കോടി രൂപയുടെ സാങ്കേതികാനുമതി ലഭിക്കുകയുണ്ടായി. ഓരോ ഘട്ടങ്ങളിലായി എസ്റ്റിമേറ്റ് പുതുക്കപ്പെടുകയും പ്രോജക്ട് ഭാഗികമായി ചെയ്യുന്നതിന് വിവിധ ഫണ്ടുകൾ ചെലവഴിക്കുകയും ചെയ്തുകൊണ്ട് സൂക്ഷ്മതയോടുകൂടിയ കോ-ഓർഡിനേഷനോ ഫലപ്രദമായ മോണിറ്ററിംഗോ നടന്നിട്ടില്ലെന്നുള്ളതാണ് ഇതിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ ഏതാണ്ട് 85% മുതൽ 90% വരെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇതിന്

ഫണ്ട് കണ്ടെത്താനായി തീരുമാനിച്ചത് പലിശരഹിത ഡെപ്പോസിറ്റെന്ന നിലയിലാണ്. ബഹുമാനപ്പെട്ട മെമ്പർതന്നെ ഇപ്പോൾ പറഞ്ഞത് ഏതാണ്ട് 90% തുകയും ഇതിന്റെ നിർമ്മാണത്തിനായി കിട്ടിയിട്ടുണ്ടെന്നാണ്. എന്നാലും മുഴുവൻ തുകയും കരാറുകാരന് കൊടുത്തു തീർക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ടുതന്നെ കരാറുകാരൻ പലപ്പോഴായി നിർമ്മാണ പ്രവർത്തനങ്ങൾ മന്ദഗതിയിലാക്കുകയും ചെയ്തിട്ടുണ്ട്. അതെല്ലാം ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്ക് നേരിട്ട് ബോദ്ധ്യമുള്ളതാണ്. ഞാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും കരാറുകാരനും തമ്മിൽ ഒന്നോ രണ്ടോ തവണ യോഗങ്ങൾ ചേർന്നതാണ്. പക്ഷെ പലിശരഹിത ഡെപ്പോസിറ്റ് മുഖാന്തരം ലഭിക്കേണ്ട പണം പൂർണ്ണമായും ലഭിച്ചിട്ടില്ല. ആ സാഹചര്യത്തിൽ സർക്കാരിന്റെയോ കെ.എസ്.ആർ.ടി.സി.-യുടെയോ പണമെടുത്താണ് അതിന് പരിഹാരം കാണാൻ ശ്രമിക്കേണ്ടത്. ദൗർഭാഗ്യവശാൽ അതിനുള്ള ശേഷി ഇന്ന് കെ.എസ്.ആർ.ടി.സി.-ക്ക് ഇല്ലെന്ന വസ്തുത എല്ലാവർക്കും അറിയാവുന്നതാണ്. എം.എൽ.എ. ഫണ്ടോ മറ്റേതെങ്കിലും ഫണ്ടോ ലഭിച്ചാൽ മാത്രമേ യാർഡിന്റെ മുൻഭാഗത്തിന്റെ നിർമ്മാണം പൂർത്തിയാക്കി താൽക്കാലികമായെങ്കിലും ആ കെട്ടിടം തുറന്നുകൊടുക്കാനും പത്തനംതിട്ട ഡിപ്പോയുടെ പ്രവർത്തനം ഒരളവോളം പുനരാരംഭിക്കാനും സാധിക്കുകയുള്ളൂ. ഫണ്ട് കണ്ടെത്തുന്ന കാര്യം പ്രത്യേകം പരിഗണിക്കാം.

(7) ശമ്പള പരിഷ്കരണ കമ്മീഷൻ

ശ്രീ. വി. എസ്. ശിവകുമാർ: സർ, സർക്കാർ ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിക്കുന്നത് സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കുമുള്ള പതിനൊന്നാം ശമ്പള പരിഷ്കരണം 2019 ജൂലൈ 1-ന് പ്രാബല്യത്തിൽ വരേണ്ടതാണ്. എന്നാൽ ശമ്പള പരിഷ്കരണത്തിനായി പഠനം നടത്തി ശിപാർശകൾ സമർപ്പിക്കുന്നതിന് സർക്കാർ നാളിതുവരെയും ഒരു കമ്മീഷനെ നിയമിച്ചിട്ടില്ല. മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ 2006-2011 ഭരണകാലയളവിൽ ഒൻപതാം ശമ്പള പരിഷ്കരണം 2009 ജൂലൈ 1-ന് നിലവിൽ വരേണ്ടതായിരുന്നു. എന്നാൽ ഇതിലേയ്ക്കായി കമ്മീഷനെ നിയമിച്ചതുതന്നെ 20-2-2010-ലായിരുന്നു. 2011 ഫെബ്രുവരി 26-നാണ് കമ്മീഷന്റെ ശിപാർശകളുടെ അടിസ്ഥാനത്തിൽ ഉത്തരവ് നിലവിൽ വന്നത്. 2011-ൽ അധികാരത്തിൽ വന്ന യു.ഡി.എഫ്. സർക്കാരാണ് ഒൻപതാം ശമ്പള പരിഷ്കരണ ഉത്തരവുപ്രകാരം പുതിയ ശമ്പളം ജീവനക്കാർക്ക് അനുവദിച്ചത്. പത്താം ശമ്പള പരിഷ്കരണം 2014 ജൂലൈ 1-ന് നിലവിൽ വരേണ്ടതായിരുന്നു.

എന്നാൽ, എട്ട് മാസങ്ങൾക്ക് മുമ്പുതന്നെ, അതായത് 30-11-2013-ൽ യു.ഡി.എഫ്. സർക്കാർ ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിച്ചു. 1-7-2014-ൽ പ്രാബല്യത്തിൽ വന്ന പ്രസ്തുത ശമ്പള പരിഷ്കരണം അനുസരിച്ച് 2016 മുതൽ സർക്കാർ ജീവനക്കാർക്ക് പുതിയ ശമ്പളം വിതരണം ചെയ്തു. അപ്രകാരം യു.ഡി.എഫ്. സർക്കാരിന്റെ 2011-2016 ഭരണകാലത്ത് രണ്ട് ശമ്പള പരിഷ്കരണം നടപ്പിലാക്കിയിരുന്നു. പ്ലാനിംഗ് ബോർഡ് പിരിച്ചുവിട്ട് നീതി ആയോഗ് നിലവിൽ വന്നതോടെ വിലവർദ്ധനവിന് അനുസരിച്ചുള്ള ക്ഷാമബത്ത കഴിഞ്ഞ അഞ്ച് വർഷമായി സർക്കാർ ജീവനക്കാർക്ക് ലഭ്യമാകുന്നില്ല. പത്താം ശമ്പള പരിഷ്കരണത്തിൽ അടിസ്ഥാന ശമ്പളത്തോടൊപ്പം 80% ഡി.എ. ലയിപ്പിക്കാൻ കഴിഞ്ഞു. എന്നാൽ ഇപ്പോൾ കേന്ദ്രഗവൺമെന്റിന്റെ നിലപാടിന്റെ ഭാഗമായി അഞ്ച് വർഷം കഴിഞ്ഞ് പത്താം ശമ്പള കമ്മീഷനിലേയ്ക്ക് വരുമ്പോൾ 20% ഡി.എ. ആണ് ഇതുവരെ ലഭ്യമായിട്ടുള്ളത്. ഇന്നത്തെ വിലവർദ്ധനവും മറ്റും പരിഗണിച്ച് പര്യാപ്തമായ രീതിയിലുള്ള ശമ്പള പരിഷ്കരണമാണ് നടപ്പിലാക്കേണ്ടത്. സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കുമുള്ള പതിനൊന്നാം ശമ്പള പരിഷ്കരണം 2019 ജൂലൈ 1-ന് പ്രാബല്യത്തിൽ വരേണ്ടതാണ്. എന്നാൽ അതിനെ 2021 വരെ നീട്ടിക്കൊണ്ടുപോയി അടുത്ത സർക്കാരിന്റെ ചുമലിൽ വയ്ക്കുകയാണോയെന്ന സംശയം ഞങ്ങൾക്കുണ്ട്. ഇപ്പോൾത്തന്നെ ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിച്ചാൽ റിപ്പോർട്ട് ലഭ്യമാകാൻ ഒരു വർഷത്തോളമാകും. ഈ ഗവൺമെന്റിന്റെ കാലത്ത് നടപ്പിലാക്കാനുള്ള സാദ്ധ്യതയില്ലാത്ത ഒരു പശ്ചാത്തലമാണുള്ളത്. ഈ ബഡ്ജറ്റിൽ അങ്ങ് ഇതിനെക്കുറിച്ച് പ്രഖ്യാപിച്ചിരുന്നു. പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിക്കുന്നതിനുവേണ്ടിയുള്ള അടിയന്തര നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. അടിയന്തരമായി പുതിയ ശമ്പള കമ്മീഷന്റെ ശിപാർശകൾ ലഭ്യമാക്കി ജീവനക്കാരുടെ ഇന്നത്തെ ജീവിത സാഹചര്യങ്ങളും ബുദ്ധിമുട്ടുകളും മനസ്സിലാക്കി ശമ്പള പരിഷ്കരണം നടപ്പിലാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

ബഡ്ജറ്റ് സമ്മേളനം നടന്നുകൊണ്ടിരിക്കുകയാണ്. 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ശമ്പള പരിഷ്കരണ കമ്മീഷന്റെ ശിപാർശകൾ സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിക്കുമെന്ന്

ഉറപ്പ് നൽകിയിട്ടുണ്ട്. അത് സർക്കാർ പാലിക്കും. ബഹുമാനപ്പെട്ട അംഗം 9-ാം ശമ്പള പരിഷ്കരണ കമ്മീഷനെക്കുറിച്ച് പറഞ്ഞു. കമ്മീഷനെ നിയമിച്ചതുതന്നെ വൈകി എന്നാണ് പറഞ്ഞത്. വൈകിയെങ്കിലും എട്ട് മാസംകൊണ്ട് റിപ്പോർട്ട് സമർപ്പിച്ച് തീരുമാനത്തിലെത്താൻ സാധിച്ചു. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ പത്താം ശമ്പള പരിഷ്കരണ കമ്മീഷനെ നേരത്തെവച്ചെങ്കിലും റിപ്പോർട്ട് വന്നത് 10-7-2015-ലാണ്. പേ റിവിഷൻ 1-7-2014 മുതലാണ് വേണ്ടത്. 2016 ഫെബ്രുവരി മുതൽ അലവൻസുകൾ കൊടുക്കാനാണ് കാബിനറ്റ് തീരുമാനിച്ചത്. ഈ സർക്കാരിന്റെ ആദ്യ രണ്ട് വർഷക്കാലംകൊണ്ട് അരിയറുകൾ കൊടുക്കുമെന്നാണ് ഉറപ്പ് നൽകിയത്. മറ്റൊരു സർക്കാരിന്റെ ചുമലിൽ വയ്ക്കാനുള്ള ഗൂഢതന്ത്രമാണെന്ന് പറയുമ്പോൾ കാര്യങ്ങൾ ഇങ്ങനെയാണ് നടന്നിട്ടുള്ളതെന്നുകൂടി മനസ്സിലാക്കണം. വളരെ ശ്രദ്ധാന്തിയോടുകൂടി ഒമ്പതാം ശമ്പള പരിഷ്കരണ കമ്മീഷന്റെ കാലത്തേതുപോലെ എത്രയുംപെട്ടെന്ന് കമ്മീഷൻ റിപ്പോർട്ട് വയ്ക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കുന്നതിനും സർക്കാർ പ്രവർത്തിക്കുമെന്ന് ഉറപ്പ് നൽകുകയാണ്.

(8) <u>കീഴൂർ ഫിഷിംഗ് സ്റ്റേഷൻ</u>

<u>ശ്രീ. കെ. കുഞ്ഞിരാമൻ</u>: സർ, കാസർഗോഡ് ജില്ലയിലെ 70 കിലോമീറ്റർ തീരദേശമേഖലയിൽ ഇരുപതിനായിരത്തോളം മത്സ്യത്തൊഴിലാളികൾ പരമ്പരാഗതമായി തൊഴിൽ ചെയ്ത് ജീവിക്കുന്നവരാണ്. ഈ തൊഴിലാളികൾ അപകടത്തിൽപ്പെട്ടാൽ അവരെ രക്ഷിക്കുന്നതിന് നിലവിൽ ജില്ലയിൽ സംവിധാനങ്ങളൊന്നുമില്ല. ഇത് പരിഹരിക്കുന്നതിനുവേണ്ടി എന്റെ നിയോജക മണ്ഡലത്തിൽ ചെമ്മനാട് പഞ്ചായത്തിലെ കീഴൂരിൽ കാസർഗോഡ് ഹാർബർ റോഡിനോടുചേർന്ന് ഫിഷിംഗ് സ്റ്റേഷൻ അനുവദിക്കണമെന്ന ആവശ്യം അംഗീകരിച്ച് കെട്ടിടമെല്ലാം പൂർത്തീകരിച്ചിരിക്കുകയാണ്. എന്നാൽ ഫിഷിംഗ് സ്റ്റേഷൻ ആരംഭിക്കുന്നതിനുവേണ്ട നടപടിയൊന്നും ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. ഇത് ആരംഭിച്ചാൽ മത്സ്യബന്ധനത്തിന് പോകുന്ന തൊഴിലാളികളെ അപകടത്തിൽ നിന്ന് രക്ഷിക്കാനും മറൈൻ ഇൻഫർമേഷനുമായി ചേർന്ന് അനധികൃത പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും സാധിക്കും. അതുകൊണ്ട് കീഴൂർ ഫിഷിംഗ് സ്റ്റേഷന്റെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, കാസർഗോഡ് ജില്ലയിൽ കീഴൂരിൽ ഫിഷിംഗ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി 2013-14 സാമ്പത്തിക വർഷം കേരള തീരദേശ വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ കെട്ടിടനിർമ്മാണം ആരംഭിക്കുകയും 2018-2019 സാമ്പത്തിക വർഷം പണി പൂർത്തീകരിക്കുകയും ഫിഷറീസ് വകുപ്പിന് കൈമാറിക്കിട്ടുകയും ചെയ്തിട്ടുണ്ട്. വൈദ്യുതി, കുടിവെള്ളം തുടങ്ങിയ സൗകര്യങ്ങളും ലഭ്യമാക്കിക്കഴിഞ്ഞു. ഫിഷിംഗ് സ്റ്റേഷന്റെ പ്രവർത്തനത്തിനാവശ്യമായ തസ്തികകളില്ലാതെ പ്രവർത്തിപ്പിക്കാൻ കഴിയില്ല, അക്കാര്യം പരിശോധിച്ചുവരികയാണ്.

(9) ഹയർ സെക്കൻഡറി സ്കൂളാക്കി ഉയർത്തൽ

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, പ്ലസ് ടു അഡ്മിഷൻ സംബന്ധിച്ച് വിവിധ ഭാഗങ്ങളിൽ പ്രകടമായ പൊരുത്തക്കേടുകളുണ്ടെന്ന് ഈ സഭയിൽത്തന്നെ വ്യക്തമാക്കപ്പെട്ടതാണ്. എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട 70 ശതമാനത്തിലധികം മാർക്കുള്ള കുട്ടികൾക്ക് ഇതുവരെ പ്ലസ് ടുവിന് അഡ്മിഷൻ കിട്ടിയിട്ടില്ല. അഡ്മിഷൻ പൂർത്തിയായിട്ട് തീരുമാനമെടുക്കുന്നതിനെക്കാൾ പുതിയ ബാച്ച് അനുവദിക്കുന്നതും ഹൈസ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതും സംബന്ധിച്ച് നയപരമായ തീരുമാനം സർക്കാർ സ്വീകരിക്കണം. ചേരിയം ഏറ്റവും പിന്നാക്കം നിൽക്കുന്നൊരു പ്രദേശമാണ്. ഏതാണ്ട് പത്തോളം ആദിവാസി കുടുംബങ്ങൾ ഈ സ്കൂളിന് ചുറ്റുമാണ് താമസിക്കുന്നത്. അതിൽ ഒരു കുട്ടി എസ്.എസ്.എൽ.സി. ജയിച്ച വർഷമാണിത്. അതുകൊണ്ട് ചേരിയം ഗവൺമെന്റ് ഹൈസ്കൂളിൽ പ്ലസ് ടു ഏർപ്പെടുത്താൻ ഈ സർക്കാർ പ്രത്യേകമായി തീരുമാനിക്കണം. എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടിൽനിന്നും ഒരു പുതിയ കെട്ടിടം ഇതിനുവേണ്ടി നിർമ്മിച്ചിട്ടുണ്ട്. ബി.ആർ.സി. (ബ്ലോക്ക് റിസോഴ്സ് കോ-ഓർഡിനേറ്റേഴ്സ്) ഇത് ശിപാർശ ചെയ്തിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ ചേരിയം ഗവൺമെന്റ് ഹൈസ്കൂളിനെ ഈ വർഷംതന്നെ ഹയർ സെക്കൻഡറി സ്കൂളായി അപ്ഗ്രേഡ് ചെയ്ത് പ്ലസ് ടു അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഈ വിഷയത്തിൽ മൂന്ന് തവണ ഞാൻ നയം വ്യക്തമാക്കിയതാണ്. സംസ്ഥാനത്ത് പുതിയ ഹയർ സെക്കൻഡറി സ്കൂളുകളും അധിക ഹയർ സെക്കൻഡറി ബാച്ചുകളും അനുവദിക്കുന്നത് W.P.(C).No.24143/2010-ലും അനുബന്ധ കേസ്സുകളിലും ബഹുമാനപ്പെട്ട ഹൈക്കോടതി 20-8-2015-ൽ പുറപ്പെടുവിച്ച വിധിന്യായത്തിലെ

മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ്. പ്രസ്തുത മാനദണ്ഡപ്രകാരം സംസ്ഥാനത്തെ ഹയർ സെക്കൻഡറി വിദ്യാഭ്യാസ ആവശ്യകതയുടെ അടിസ്ഥാനത്തിൽ മാത്രമേ പുതിയ ഹയർസെക്കൻഡറി സ്കൂളുകളും അധിക ഹയർസെക്കൻഡറി ബാച്ചുകളും അനുവദിക്കാൻ കഴിയുകയുള്ളൂ. ടി വിധിന്യായം പാലിച്ചുകൊണ്ട് സംസ്ഥാനത്തെ ഹയർ സെക്കൻഡറി വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തുന്നതിനായി റീജിയണൽ/സ്റ്റേറ്റ് ലെവൽ കമ്മിറ്റികൾ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. റീജിയണൽ ലെവൽ കമ്മിറ്റി പ്രാദേശിക വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തി റിപ്പോർട്ട് സ്റ്റേറ്റ് ലെവൽ കമ്മിറ്റിക്ക് സമർപ്പിക്കുകയും സ്റ്റേറ്റ് ലെവൽ കമ്മിറ്റി പരിശോധിച്ച് വിദ്യാഭ്യാസ ആവശ്യകത സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുകയും സംസ്ഥാന സർക്കാർ പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് പുതിയ ഹയർ സെക്കൻഡറി സ്കൂളുകളോ അധിക ഹയർ സെക്കൻറി ബാച്ചുകളോ അനുവദിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുകയുമാണ് ചെയ്യുന്നത്. 2019-2020 അദ്ധ്യയനവർഷത്തേയ്ക്ക് ടി വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തുന്നതിനുള്ള നടപടികൾ സ്റ്റേറ്റ് ലെവൽ കമ്മിറ്റി സ്വീകരിച്ചുവരുന്നു. ഈ വർഷത്തെ അഡ്മിഷൻ നടപടികളുടെ ആദ്യഘട്ടം പൂർത്തിയായശേഷം ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## VI **ധനകാര്യം**

### 2019-2020 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2019-20 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ

സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2019-20 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2019-2020 | | | | |
|---|---|---|---|---|---|---|
| | | 7-2-2019-ൽ സഭയുടെ വോട്ടിന് സമർപ്പിച്ച ധനാഭ്യർത്ഥന തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
| (1) | (2) | (3) | (4) | (5) | (6) | (7) |
| V | ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും | 113,48,57,000 | ...... | 226,97,14,000 | ...... | 226,97,14,000 |
| VI | ഭൂനികുതി | 228,85,32,000 | ....... | 457,70,65,000 | ...... | 457,70,65,000 |
| XI | ജില്ലാഭരണവും പലവകയും | 235,32,02,000 | ....... | 470,64,04,000 | ..... | 470,64,04,000 |
| XXI | ഭവനനിർമ്മാണം | 40,75,20,000 | 16,55,00,000 | 81,50,41,000 | 33,10,00,000 | 114,60,41,000 |
| XXVI | പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് | 157,00,00,000 | ....... | 314,00,00,000 | ..... | 314,00,00,000 |

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയെയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയെയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയെയും

പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവനകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

12.00 Noon]

മി. ഡെപ്യൂട്ടി സ്പീക്കർ: ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

**ധനാഭ്യർത്ഥന നമ്പർ V**

**ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും**

**നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ**

ശ്രീ. റോജി എം. ജോൺ: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 226,97,14,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ നികുതി പിരിവ് കുറയുന്നത് തടയാൻ സർക്കാർ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 226,97,14,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പ്രളയത്തിൽ ദുരിതമനുഭവിക്കുന്ന കർഷകരിൽനിന്നും കാർഷികാദായ നികുതി ഈടാക്കുകയും എന്നാൽ വൻകിട തോട്ടമുടമകൾക്ക് പ്ലാന്റേഷൻ നികുതി പൂർണ്ണമായി ഒഴിവാക്കുകയും ചെയ്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 226,97,14,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കണ്ണൂർ എയർപോർട്ടിലെ ആഭ്യന്തര സർവ്വീസുകൾക്ക് ഏവിയേഷൻ ഇന്ധന നികുതി 1% കുറവ് ചെയ്തതുകാരണം മറ്റ് വിമാനത്താവളങ്ങൾക്ക് ആഘാതം ഉണ്ടായതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. ടി. ബൽറാം: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 226,97,14,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജനങ്ങളിൽനിന്നും പിരിച്ച നികുതി പണം ഉപയോഗിച്ച് സർക്കാരിന്റെ ആയിരം ദിനാഘോഷം നടത്തിയതായും അതുകഴിഞ്ഞ് നാലാം വാർഷികാഘോഷത്തിന് ലക്ഷങ്ങൾ മുടക്കുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 226,97,14,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (ഒരു ഭാഗത്ത് പ്രളയ സെസ് ഏർപ്പെടുത്തുകയും മറുഭാഗത്ത് അനാവശ്യ ധൂർത്തിലൂടെ ഖജനാവിന് നഷ്ടം വരുത്തുകയും ചെയ്യുതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 226,97,14,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഉപഭോക്താക്കളിൽനിന്നും ജി.എസ്.ടി. പ്രകാരം ഈടാക്കുന്ന തുക വ്യാപാരികളും വ്യവസായികളും സർക്കാരിലേയ്ക്ക് അടയ്ക്കുന്നുവെന്ന് ഉറപ്പുവരുത്താനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടില്ലാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 226,97,14,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഇ-വേ ബില്ലിൽ കൃത്രിമം കാണിക്കുന്നത് കണ്ടുപിടിക്കുന്നതിൽ പരാജയപ്പെട്ടതായും തന്മൂലം വരുമാന ചോർച്ചയുണ്ടാകുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എം. ഷാജി: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 226,97,14,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജി.എസ്.ടി. പ്രാബല്യത്തിൽ വരുന്നതിനുമുമ്പ് നിലനിന്നിരുന്ന വിൽപ്പന നികുതിയിലെ കുടിശ്ശിക ഈടാക്കാൻ സാധിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 226,97,14,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജി.എസ്.ടി. നിലവിൽ വരുന്നതിനുമുമ്പുള്ള മൂല്യവർദ്ധിത നികുതി നിർണ്ണയം പൂർത്തീകരിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 226,97,14,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പെട്രോളിയം ഉൽപ്പന്നങ്ങൾക്കുള്ള വിൽപ്പന നികുതി കുറവ് ചെയ്യാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 226,97,14,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (നികുതി പിരിച്ചെടുക്കുന്നതിൽ കെടുകാര്യസ്ഥതയും അഴിമതിയും ഉള്ളതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 226,97,14,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കൂടുതൽ ചരക്ക് സേവന നികുതി കാര്യാലയങ്ങൾ നിർമ്മിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 226,97,14,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ചരക്ക് സേവന നികുതി വകുപ്പിന്റെ ഓഫീസുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ

ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 226,97,14,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കാർഷികാദായ നികുതി പിരിവ് പൂർണ്ണമായും ഒഴിവാക്കണമെന്ന ആവശ്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 226,97,14,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം ജി.എസ്.ടി. കൗൺസിലിൽ ഉന്നയിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ**

ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 226,97,14,000 രൂപയിൽനിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന അംഗങ്ങൾ അവതരിപ്പിച്ചു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ. സണ്ണി ജോസഫ്.

**ധനാഭ്യർത്ഥന നമ്പർ VI – ഭൂനികുതി**

**നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ**

<u>ശ്രീ. കെ. എം. ഷാജി</u>: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 457,70,65,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (ഭൂനികുതി അതതുവർഷം തന്നെ പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 457,70,65,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ചൂർണ്ണിക്കര വ്യാജരേഖ കേസിൽ നെൽവയൽ തണ്ണീർത്തട നിയമം അട്ടിമറിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 457,70,65,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പോക്കുവരവ് നടത്തുന്നതിലെ ക്രമക്കേടുകളും കാലതാമസവും ഒഴിവാക്കുന്നതിന് ഫലപ്രദമായി ഇടപെടാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 457,70,65,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഭൂമിയുടെ ന്യായവില വർദ്ധിപ്പിക്കാനുള്ള നീക്കം നടക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 457,70,65,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (റവന്യൂ വകുപ്പിന് കീഴിലുള്ള സേവന നിരക്കുകളിൽ അഞ്ച് ശതമാനം വർദ്ധനവ് വരുത്താനുള്ള തീരുമാനമെടുത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 457,70,65,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (റവന്യൂ റിക്കാർഡുകളിൽ തിരിമറി നടത്തി ഭൂമിയുടെ ഉടമസ്ഥാവകാശം നേടിയെടുക്കുന്നതായ പരാതികൾ പരിഹരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 457,70,65,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഭൂമിയുടെ രജിസ്ട്രേഷനും പോക്കുവരവും സംയോജിപ്പിച്ച് നടപടിക്രമങ്ങൾ ലളിതമാക്കണമെന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 457,70,65,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (റീസർവ്വേ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 457,70,65,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഭൂരേഖകളും റിക്കാർഡുകളും ശരിയായ രീതിയിൽ സംരക്ഷിക്കുന്നില്ലെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 457,70,65,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വില്ലേജ് ഓഫീസുകളിൽനിന്നും ലഭിക്കേണ്ട സർട്ടിഫിക്കറ്റുകൾ കാലവിളംബം കൂടാതെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 457,70,65,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സർക്കാർഭൂമി കയ്യേറി സ്ഥാപിച്ചിരിക്കുന്ന രാഷ്ട്രീയ പാർട്ടി ഓഫീസുകൾക്കെതിരെ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 457,70,65,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പുറമ്പോക്കുഭൂമി സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അബ്ദുൽ ഹമീദ് പി.</u>: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 457,70,65,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വ്യാജ ഉത്തരവുകൾ ഉണ്ടാക്കി തണ്ണീർത്തടങ്ങൾ നികത്താൻ ശ്രമിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 457,70,65,000 രൂപയിൽനിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന അംഗങ്ങൾ അവതരിപ്പിച്ചു.

ശ്രീ. റോജി എം. ജോൺ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. കെ. സി. ജോസഫ്

ശ്രീ. സണ്ണി ജോസഫ്

ശ്രീ. വി. ടി. ബൽറാം

## ധനാഭ്യർത്ഥന നമ്പർ XI – ജില്ലാഭരണവും പലവകയും

## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ഡോ. എം. കെ. മുനീർ: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 470,64,04,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജില്ലാഭരണ കാര്യാലയങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 470,64,04,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ദുരിതാശ്വാസ നിധികളിൽ നിന്നുള്ള ധനസഹായം നൽകുന്നതിൽ കാലതാമസം ഉണ്ടാകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എം. ഷാജി: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 470,64,04,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ആസ്തി വികസന ഫണ്ട് ഉപയോഗിക്കുന്നതിലെ കാലതാമസം ഒഴിവാക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 470,64,04,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പരിസ്ഥിതിക്ക് ദോഷകരമായ രീതിയിൽ മണ്ണിടിക്കുന്നത് തടയുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 470,64,04,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (നദീതടങ്ങളിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 470,64,04,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജലാശയങ്ങളുടെ മലിനീകരണം തടയുന്നതിൽ റവന്യൂ അധികാരികൾ പരാജയപ്പെട്ടതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 470,64,04,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (അനധികൃത മണൽ കടത്ത് തടയുന്നതിൽ റവന്യൂ അധികാരികൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ലെന്ന് പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 470,64,04,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (അനധികൃത ഭൂമിഖനനം കണ്ടെത്തി തടയുന്നതിൽ വീഴ്ച ഉണ്ടാകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സി. മമ്മൂട്ടി</u>: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 470,64,04,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പൊതു ആവശ്യങ്ങൾക്കായി ഏറ്റെടുത്ത

സ്ഥലങ്ങളുടെ ഉടമസ്ഥർക്ക് നഷ്ടപരിഹാരം നൽകുന്നതിൽ കാലതാമസം ഉണ്ടാകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 470,64,04,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് റവന്യൂ ഭൂമി കൈവശം വച്ചിട്ടുള്ള സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും അടയ്ക്കാനുള്ള പാട്ടക്കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 470,64,04,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മലയോര മേഖലകളിൽ 1-1-1977-ന് കൈവശം വച്ചിരുന്ന ഭൂമിക്ക് പട്ടയം നൽകുന്നതിൽ കാലതാമസം വരുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 470,64,04,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വലിയ താലൂക്കുകളും വില്ലേജുകളും വിഭജിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 470,64,04,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മലപ്പുറത്ത് അലിഗഡ് സർവ്വകലാശാലയുടെ ഓഫ് കാമ്പസ് സെന്റർ തുടങ്ങുന്നതിനുള്ള സ്ഥലം ഏറ്റെടുത്ത് നൽകുന്നതിൽ വീഴ്ച ഉണ്ടായതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 470,64,04,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പരിസ്ഥിതിലോല പ്രദേശമായ മൂന്നാറിലെ അനധികൃത ഭൂമി കയ്യേറ്റവും അനധികൃത കെട്ടിട നിർമ്മാണവും ഒഴിപ്പിക്കുന്നതിൽ രാഷ്ട്രീയ ഇടപെടൽ ഉണ്ടാകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXI - ഭവനനിർമ്മാണം

## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 114,60,41,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഭവന നിർമ്മാണ ബോർഡിന്റെ ഭവന പദ്ധതികളിൽ സാധാരണക്കാർക്കും പങ്കാളിത്തം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 114,60,41,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഭവന നിർമ്മാണ ബോർഡിന്റെ ആഭിമുഖ്യത്തിൽ ദുർബല വിഭാഗങ്ങൾക്കും താഴ്ന്നവരുമാനക്കാർക്കും പ്രയോജനകരമായ കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 114,60,41,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കായുള്ള ഭവനനിർമ്മാണ ബോർഡിന്റെ ഫ്ലാറ്റ് നിർമ്മാണ പദ്ധതി വിപുലീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 114,60,41,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ചെലവ് കുറഞ്ഞ വീടുനിർമ്മാണ പദ്ധതികൾ ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 114,60,41,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വിവിധ വകുപ്പുകളുടെ ഭവനനിർമ്മാണ പദ്ധതികൾ ഏകോപിപ്പിക്കുന്നതിൽ വീഴ്ച വരുത്തിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എം. ഷാജി: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 114,60,41,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഭവനനിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം തടയാൻ നടപടിയെടുക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 114,60,41,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഭവനനിർമ്മാണത്തിന് ആവശ്യമായ കരിങ്കല്ല്, മണൽ എന്നിവ ലഭ്യമാക്കുന്നതിൽ ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 114,60,41,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഭവനനിർമ്മാണത്തിന് കുറഞ്ഞ പലിശനിരക്കിൽ വായ്പ ലഭ്യമാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 114,60,41,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഭവനനിർമ്മാണ രംഗത്ത് കൂടുതൽ കേന്ദ്ര സഹായം ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 114,60,41,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഭവന നിർമ്മാണ പദ്ധതികൾക്ക് കൂടുതൽ കേന്ദ്ര സഹായം ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 114,60,41,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വിവിധ ഭവന നിർമ്മാണ പദ്ധതികളിൽ പൂർത്തിയാകാതെ കിടക്കുന്ന വീടുകളുടെ പണി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 114,60,41,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പ്രളയ ബാധിത പ്രദേശങ്ങളിലെ വീടുകളുടെ അറ്റകുറ്റപ്പണികളും മെച്ചപ്പെടുത്തലും അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 114,60,41,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കെട്ടിട നിർമ്മാണ തൊഴിലാളികൾക്കായി നിർമ്മിതികേന്ദ്രം നൽകിവരുന്ന തൊഴിൽ പരിശീലനം വ്യാപകമാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 114,60,41,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ലൈഫ് ഭവന നിർമ്മാണ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 114,60,41,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ലൈഫ് ഭവന നിർമ്മാണ പദ്ധതിയിലെ ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതിൽ വിവേചനം ഉണ്ടായതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 114,60,41,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ലൈഫ് ഭവന നിർമ്മാണ പദ്ധതി പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXVI- പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 314,00,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഓഖി ദുരന്തത്തിൽപ്പെട്ടവർക്ക് സർക്കാർ പ്രഖ്യാപിച്ച ധനസഹായം പൂർണ്ണമായി നൽകുന്നതിൽ വീഴ്ച ഉണ്ടായതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എം. ഷാജി: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 314,00,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പ്രളയത്തിൽ സ്ഥലവും വീടും നഷ്ടപ്പെട്ടവർക്ക് പ്രത്യേക പരിഗണന നൽകി ധനസഹായം അനുവദിക്കണമെന്ന ആവശ്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 314,00,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പ്രളയ ബാധിതർക്ക് സമയബന്ധിതമായി ആശ്വാസ നടപടികൾ എത്തിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 314,00,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പ്രളയത്തിൽ വീടുകൾ നഷ്ടപ്പെട്ടവർക്കെല്ലാം വീട് പണിയുന്നതിനുള്ള ധനസഹായം നൽകണമെന്ന ആവശ്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 314,00,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പ്രളയത്തിൽ വീട് തകർന്നവർക്കുള്ള ധനസഹായം നൽകുന്നതിൽ വീഴ്ച ഉണ്ടായതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 314,00,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പ്രളയത്തിൽ കൃഷിനാശം സംഭവിച്ചവർക്ക് അർഹമായ ധനസഹായം നൽകാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 314,00,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പ്രളയ ദുരിതബാധിതർക്ക് ധനസഹായം നൽകുന്നതിൽ വീഴ്ച ഉണ്ടായതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 314,00,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പ്രളയത്തിൽ എല്ലാം നഷ്ടപ്പെട്ടവർക്ക് പ്രാഥമിക സഹായമായി നൽകേണ്ട പതിനായിരം രൂപ പോലും ലഭിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 314,00,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പ്രളയബാധിതർക്ക് ആവശ്യമായ ധനസഹായം നൽകാതെ ഓഫീസ് പുനരുദ്ധാരണത്തിനായി പണം ചെലവഴിക്കുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 314,00,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പ്രളയ ബാധിതരുടെ പരാതികളിന്മേൽ നടപടി സ്വീകരിക്കുന്നതിൽ വീഴ്ച ഉണ്ടായതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 314,00,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (പ്രളയബാധിതരുടെ പുനരധിവാസത്തിന് അർഹമായ കേന്ദ്രസഹായം നേടിയെടുക്കുന്ന കാര്യത്തിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 314,00,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വിവിധ ദുരന്തങ്ങളിൽ മരണമടയുന്നവരുടെ ആശ്രിതർക്ക് അർഹമായ ധനസഹായം വർദ്ധിപ്പിക്കണമെന്ന ആവശ്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 314,00,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കടൽക്ഷോഭംമൂലം ദുരിതം അനുഭവിക്കുന്നവർക്ക് അർഹമായ ധനസഹായം വർദ്ധിപ്പിച്ച് നൽകണമെന്ന ആവശ്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സി. മമ്മൂട്ടി</u>: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 314,00,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പ്രകൃതി ദുരന്തം ഉണ്ടാകാനുള്ള സാധ്യത മുൻകൂട്ടി അറിയിക്കാനുള്ള സംവിധാനം ഏർപ്പെടുത്തണമെന്ന ആവശ്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എം. ഉമ്മർ</u>: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 314,00,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ദുരന്തനിവാരണ പ്രവർത്തനങ്ങൾ നടത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. കെ അബ്ദു റബ്ബ്</u>: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള

314,00,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ദുരന്തനിവാരണ അതോറിറ്റിയിൽ വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കണമെന്ന ആവശ്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. ജി.എസ്.ടി. നമ്മുടെ നികുതി ഘടനയെയും നികുതി പിരിവിനെയും മാറ്റിമറിച്ചു. ഈ നികുതി ഏർപ്പെടുത്തിയതിനെത്തുടർന്ന് ജി.എസ്.ടി. കൗൺസിലിൽ സംസ്ഥാനങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനും ജി.എസ്.ടി. യുക്തിസഹമാക്കുന്നതിനും ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് നടത്തിയ ശ്രമങ്ങൾ എല്ലാവരുടെയും പ്രശംസ പിടിച്ചുപറ്റിയിട്ടുള്ളതാണ്. 2018-19-ൽ അഖിലേന്ത്യാതലത്തിൽ നികുതി പിരിവിൽ 9.4% വർദ്ധനവുണ്ടായെങ്കിലും തത്തുല്യമായൊരു വർദ്ധനവ് നമ്മുടെ സംസ്ഥാനത്തുണ്ടായിട്ടില്ല. സംസ്ഥാനത്ത് നടക്കുന്ന നികുതിവെട്ടിപ്പ് ഫലപ്രദമായി തടയുന്നതിനും ശക്തമായ പരിശോധനകൾ നടത്തുന്നതിനും സംസ്ഥാന നികുതി വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട്. ഇപ്പോൾ 50% ഫയലുകൾ സംസ്ഥാന ജി.എസ്.ടി.-യും 50% കേന്ദ്ര ജി.എസ്.ടി. വകുപ്പുകളുമാണ് കൈകാര്യം ചെയ്യുന്നത്. കേന്ദ്ര ജി.എസ്.ടി. 422-യുടെ എൻഫോഴ്സ്മെന്റ് സംവിധാനം സംസ്ഥാനത്ത് പരിമിതമാണ്. ഇതും ഇതുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങളും പരിശോധിച്ച് നമ്മുടെ നികുതി പിരിവിൽ വന്നിട്ടുള്ള പാളിച്ചകൾ അടിയന്തരമായി പരിഹരിക്കേണ്ടതാണ്. കേന്ദ്രത്തിന്റെ അവഗണനയെയും കനത്ത പ്രളയത്തെയും അതിജീവിച്ച് കേരളത്തിന്റെ വളർച്ചാനിരക്ക് കൂടിയതും പ്രതിശീർഷ വരുമാനം ദേശീയ ശരാശരിയേക്കാൾ വർദ്ധിച്ചതും റവന്യൂ കമ്മിയും ധനകമ്മിയും കുറഞ്ഞതും തീർച്ചയായും അഭിമാനിക്കാൻ വകതരുന്നതാണ്. ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അതിന്റെ എല്ലാ അഭിനന്ദനങ്ങളും അർഹിക്കുന്നുമുണ്ട്.

ഏറ്റവും കാര്യക്ഷമമായി പ്രവർത്തിക്കുന്നൊരു വകുപ്പാണ് റവന്യൂ വകുപ്പ്. അത് കഴിഞ്ഞ പ്രളയകാലത്ത് നമ്മൾ കണ്ടതാണ്. ഒരു ബഹളവുമില്ലാതെ ഏറ്റവും കാര്യക്ഷമമായി റവന്യൂ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിയാണ് ശ്രീ. ഇ. ചന്ദ്രശേഖരൻ എന്നുപറയുന്നതിൽ എനിക്ക് അഭിമാനമുണ്ട്. അത് എതിരാളികൾപോലും സമ്മതിക്കുമെന്നാണ് ഞാൻ കരുതുന്നത്. റവന്യൂ വകുപ്പ് ഇക്കഴിഞ്ഞ രണ്ടര വർഷക്കാലംകൊണ്ട് 106361 പട്ടയങ്ങൾ വിതരണം ചെയ്തു. മറ്റേത് ഗവൺമെന്റുകളും ഇത്തരമൊരു കാലയളവിൽ ചെയ്തതിനേക്കാൾ കൂടുതലാണിത്. പട്ടയം കൊടുക്കുന്നത് ഭൂപരിഷ്കരണത്തിന്റെ യുക്തിസഹമായ പിന്തുടർച്ചയാണ്. ഭൂമിയുടെമേൽ അവകാശം ലഭിക്കുകയാണ്. ഭൂരഹിതരായ, ഏറ്റവും പട്ടിണിപ്പാവങ്ങളായ ആളുകൾക്കാണ് പട്ടയത്തിന്റെ ഗുണം ലഭിക്കുന്നത്.

അത്തരമൊരു കാര്യം റവന്യൂ വകുപ്പിൽ വളരെ കാര്യക്ഷമമായി കഴിഞ്ഞ രണ്ടര വർഷക്കാലത്തിനുള്ളിൽ ശ്രീ. ഇ. ചന്ദ്രശേഖരന്റെനേതൃത്വത്തിൽ നടന്നുവെന്നത് നമുക്കെല്ലാവർക്കും അഭിമാനകരമായ കാര്യമാണ്. എല്ലാ സ്ഥലത്തും ചെറിയ പരാതികളുണ്ട്, പട്ടയം കിട്ടാത്ത വിഭാഗങ്ങളുണ്ട്. ഇതെല്ലാം ജില്ലാതലത്തിൽ ഒരു അദാലത്ത് നടത്തി പരിഹരിക്കാവുന്നതേയുള്ളൂ. അത്തരമൊരു അദാലത്ത് നടത്തുന്നതിനെക്കുറിച്ച് റവന്യൂ വകുപ്പുമന്ത്രി ഗൗരവമായി ആലോചിക്കണം. പ്രളയകാലത്ത് റവന്യൂ വകുപ്പ് നടത്തിയ സേവനങ്ങൾ പ്രശംസാർഹമാണ്. ഈ സഭയിൽ ഇതിനുമുമ്പും ഇക്കാര്യം ബഹു. അംഗങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. റവന്യൂ വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥരും ഒരുപോലെ ജനങ്ങളുടെ ആവശ്യങ്ങൾ കേൾക്കുന്നതിനും പരിഹരിക്കുന്നതിനും മുന്നിൽനിന്നുവെന്നതാണ് വസ്തുത. ഏത് ദുരിതാശ്വാസ ക്യാമ്പിൽ വിളിച്ചാലും വിളിപ്പുറത്ത് അവരെല്ലാമുണ്ടായിരുന്നു. ഏത് കാര്യവും പരിഹരിക്കാൻ അവരുടെ ഇടപെടലുണ്ടായിരുന്നു. എല്ലാ സ്ഥലത്തും ഓടിയെത്തി എന്തെങ്കിലും പോരായ്മകളുണ്ടെങ്കിലും അതെല്ലാം പരിഹരിക്കുന്നതിനുവേണ്ടി അവർ മുമ്പിൽനിന്നുവെന്നുള്ളത് കേരളം നന്ദിപൂർവ്വം ഓർക്കുന്ന കാര്യമാണ്. സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഈ ഗവൺമെന്റിൽ റവന്യൂ വകുപ്പും വകുപ്പുമന്ത്രിയും റവന്യൂ വകുപ്പിനെ നിശബ്ദമായും കാര്യക്ഷമമായും പ്രവർത്തിപ്പിച്ചുകൊണ്ടിരിക്കുകയാണെന്നുള്ളത് ഈ സഭയിലെ ഓരോ അംഗത്തിനും അഭിമാനകരമായ കാര്യമാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. പ്രളയകാലത്ത് പ്രഖ്യാപിച്ച ദുരിതാശ്വാസ ധനസഹായം ലഭിക്കാത്തതുമായി ബന്ധപ്പെട്ട് ചില പരാതികളുണ്ട്. ആ പരാതികൾ പരിശോധിച്ച് ഉചിതമായ നടപടികളെടുക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്.

സർക്കാരിനെ സംബന്ധിച്ച് ജനങ്ങൾക്ക് പരാതിയില്ലെന്നുള്ളത് വ്യക്തമാണ്. അത് കഴിഞ്ഞ തെരഞ്ഞെടുപ്പ് കാലത്തും വ്യക്തമായിരുന്നു. സർക്കാരിനെ സംബന്ധിച്ച് ഏതെങ്കിലും തരത്തിൽ ഗൗരവമായ പരാതി ഈ നാട്ടിലെ സാധാരണ ജനവിഭാഗങ്ങളുടെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ല. ഈ തെരഞ്ഞെടുപ്പിൽ കേരളത്തിൽ ഇടതുപക്ഷമുന്നണിക്കുണ്ടായ തോൽവി ഗവൺമെന്റിന്റെ പരാജയമാണെന്നൊക്കെ വരുത്തിത്തീർക്കാൻ എല്ലാവരും ശ്രമിക്കുന്നുണ്ട്. ഈ തെരഞ്ഞെടുപ്പ് രംഗം അവലോകനം ചെയ്യുന്ന ആർക്കുമറിയാം ഈ തെരഞ്ഞെടുപ്പിൽ എന്തിന്റെ അടിസ്ഥാനത്തിലാണ് പരാജയം സംഭവിച്ചതെന്ന്. യു.ഡി.എഫും കോൺഗ്രസ്സും ഈ വിജയത്തിൽ അമിതമായി ആഹ്ലാദിക്കുന്നുണ്ടാകാം. പക്ഷെ, അമിതമായി ആഹ്ലാദിക്കേണ്ട ഒരു കാര്യവും ഈ വിജയത്തിൽ അവർക്കില്ല എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇംഗ്ലീഷിൽ Pyrrhic victory എന്നുപറയും. വിനാശത്തിലേയ്ക്ക് പോകുന്ന വിജയം, വലിയ

പരാജയത്തിലേയ്ക്കും പടുകുഴിയിലേയ്ക്കും വീഴുന്ന വിജയം. അതാണ് യഥാർത്ഥത്തിൽ കോൺഗ്രസ്സിനും യു.ഡി.എഫ്.-നും ഈ തെരഞ്ഞെടുപ്പിലുണ്ടായത്. ബി.ജെ.പി.-യോട് ചേർന്നും വർഗ്ഗീയ ശക്തികളുമായി ഒത്തുതീർപ്പും കൂട്ടുകെട്ടുമുണ്ടാക്കിയും പരസ്യവും രഹസ്യവുമായ ധാരണയുണ്ടാക്കിയുമാണ് അവർ ഈ വിജയം നേടിയതെന്നുള്ളത് ഈ തെരഞ്ഞെടുപ്പിന്റെ രംഗം പരിശോധിക്കുന്ന ഏതൊരാൾക്കും അറിയാം. ശ്രീ. രാഹുൽ ഗാന്ധി കേരളത്തിലേയ്ക്ക് വന്നപ്പോൾ പട നയിച്ചുവരുന്നു എന്നാണ് അവർ പ്രചരിപ്പിച്ചത്. പടയിൽ തോറ്റ പടനായകൻ ഓടി കേരളത്തിൽ അഭയം തേടിയതാണെന്നുള്ളത് തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോഴാണ് എല്ലാവർക്കും മനസ്സിലായത്. എന്തിനുവേണ്ടിയാണ് ശ്രീ. രാഹുൽ ഗാന്ധി കേരളത്തിൽ വന്ന് മത്സരിച്ചത്? എവിടെ മത്സരിക്കാനും അദ്ദേഹത്തിന് അധികാരമുണ്ട്. എവിടെ വേണമെങ്കിലും അദ്ദേഹത്തെ മത്സരിപ്പിക്കാൻ കോൺഗ്രസ്സിന് തീരുമാനിക്കാം. പക്ഷെ, ഈ നാട്ടിൽ ബി.ജെ.പി.-ക്കെതിരായി മതേതര ശക്തികളുടെ ഐക്യമുണ്ടാകണമെന്ന് ശക്തമായി വാദിച്ചുകൊണ്ടിരുന്ന ഒരു മുന്നണിക്കെതിരെ എന്തിനാണ് അദ്ദേഹം ഇവിടെ വന്നത്? ഇംഗ്ലീഷിൽ " battle won, war lost" എന്നൊരു ചൊല്ലുണ്ട്. അതായത്, ഒരു പോര് ജയിച്ചു, യുദ്ധം തോറ്റു. ഒരു പോര് ജയിക്കുകയും യുദ്ധത്തിൽ ദയനീയമായി പരാജയപ്പെടുകയും ചെയ്ത ശ്രീ. രാഹുൽ ഗാന്ധിയാണ് കേരളത്തിൽ ഈ വിജയം നേടിയിരിക്കുന്നത്. കേരളത്തിൽ ശ്രീ. രാഹുൽ ഗാന്ധി പ്രധാനമന്ത്രിയാകാൻ പോകുന്നുവെന്ന പ്രചരണം, മതന്യൂനപക്ഷങ്ങൾ കോൺഗ്രസ്സിന് വോട്ട് ചെയ്തെങ്കിൽ മാത്രമേ രക്ഷപ്പെടുകയുള്ളൂവെന്ന പ്രചരണം, ഈ നാട്ടിലെ വർഗ്ഗീയ ശക്തികളുമായുണ്ടാക്കിയ ഒത്തുതീർപ്പ്, ശബരിമല വിഷയത്തിൽ നടത്തിയ നഗ്നമായ വർഗ്ഗീയ പ്രചരണം ഇതെല്ലാംകൂടി ചേർന്നിട്ടാണ് വിനാശത്തിലേയ്ക്ക് നയിക്കുന്ന ഈ വിജയം കോൺഗ്രസ്സിനും യു.ഡി. എഫ്-നും നേടാനായതെന്ന കാര്യം അവർ മനസ്സിലാക്കിയാൽ അവർക്ക് കൊള്ളാം. ഇത് കോൺഗ്രസ്സിന് ഏതെങ്കിലും തരത്തിൽ ഗുണമുണ്ടാകുമോ? ഈ തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടുവെന്നതുകൊണ്ട് എൽ.ഡി.എഫ്.-നെ കേരളത്തിൽനിന്ന് തുടച്ചുമാറ്റപ്പെടുമോ? 1977-ലെ തെരഞ്ഞെടുപ്പിൽ സി.പി.ഐ.(എം)-ന് ഒരു സീറ്റും കിട്ടിയില്ല. അതുകൊണ്ട് അടിയന്തരാവസ്ഥയെ എതിർത്തത് തെറ്റായിപ്പോയോ; തെറ്റാണെന്ന് ആരെങ്കിലും വിലയിരുത്തിയോ? 1980-ൽ ഇടതുപക്ഷമുന്നണി വീണ്ടും ശക്തിയാർജ്ജിച്ച് കേരളത്തിൽ അധികാരത്തിൽ വന്നു. 1984-ലെ കാര്യം എല്ലാവർക്കും അറിയാം. അന്ന് പാർലമെന്റിൽ നാന്നൂറിലധികം സീറ്റാണ് കോൺഗ്രസ്സിന്. പ്രതിപക്ഷത്ത് വെറും വിരലിലെണ്ണാവുന്ന 100 പേർ മാത്രം. അതുകഴിഞ്ഞുള്ള തെരഞ്ഞെടുപ്പിൽ എന്തുപറ്റി? ഒന്നാം യു.പി.എ. ഗവൺമെന്റ്

അമേരിക്കയുമായി ആണവ കരാറുണ്ടാക്കിയതിന്റെ പേരിൽ പിന്തുണ പിൻവലിച്ചത് വലിയ അപരാധമായിപ്പോയി, തെറ്റായിപ്പോയി എന്നതാണ് മറ്റൊരു പ്രചരണം. ഞങ്ങളെടുക്കുന്ന രാഷ്ട്രീയ നിലപാടുകൾ ചില സന്ദർഭങ്ങളിൽ ജനങ്ങളിൽ തെറ്റിദ്ധാരണയുണ്ടാക്കിയിരിക്കാം, അല്ലെങ്കിൽ ജനങ്ങളെ പറഞ്ഞ് മനസ്സിലാക്കുന്നതിൽ പാളിച്ചകൾ സംഭവിച്ചിരിക്കാം. അതിന്റെ പേരിലുണ്ടാകുന്ന താൽക്കാലികമായ തോൽവികൊണ്ട് കേരള രാഷ്ട്രീയ ഭൂപടത്തിൽനിന്നും ഇടതുപക്ഷം തുടച്ചുമാറ്റപ്പെട്ടുവെന്ന് ആരെങ്കിലും ധരിക്കുന്നുണ്ടെങ്കിൽ അവർക്ക് തെറ്റി. കാരണം, കേരളത്തിൽ നടന്ന ഓരോ തെരഞ്ഞെടുപ്പുകളും അക്കാര്യങ്ങളെല്ലാം വിളിച്ചോതുന്നതാണ്. സ്ത്രീകൾക്കും പുരുഷൻമാർക്കും എല്ലായിടത്തും തുല്യ അവസരം കിട്ടണമെന്ന് പറയുന്നവരാണ് ഞങ്ങൾ. ആ തുല്യ അവസരത്തിനുവേണ്ടി ഒരു സുപ്രീംകോടതി വിധി വന്നപ്പോൾ ആ വിധിക്ക് ഞങ്ങൾ എതിരാണെന്ന് പറയണോ? അതിന് ഞങ്ങളെ കിട്ടില്ല. ഞങ്ങളെടുത്ത ശരിയായ നിലപാട് ഈ നാട്ടിൽ ബി.ജെ.പി. ആളിക്കത്തിച്ചപ്പോൾ അവരോടൊപ്പം കോൺഗ്രസ്സും നിന്നു. എന്നിട്ട് ആ വർഗ്ഗീയ പ്രചരണത്തിൽനിന്ന് മുതലെടുക്കാൻ കോൺഗ്രസ്സ് ഈ തെരഞ്ഞെടുപ്പിൽ തയ്യാറായി. അതാണ് ഈ വിജയം. ആ വിജയം കണ്ട് കോൺഗ്രസ്സ് അഹങ്കരിക്കരുത്. കോൺഗ്രസ്സ് ഇക്കാലമത്രയും ഉയർത്തിപ്പിടിച്ച എല്ലാ മതേതര തത്വങ്ങളും കോൺഗ്രസ്സിന്റെ കേന്ദ്ര നേതൃത്വം അന്നും ഇന്നും പറയുന്ന തുല്യതയുമെല്ലാം കൈവിട്ടിട്ടാണ് കേരളത്തിൽ കോൺഗ്രസ്സ് ഈ വിജയം നേടിയതെന്ന് ഈ നാട്ടിലെ ജനങ്ങൾക്കറിയാം. ഞങ്ങളുടെ നിലപാടിനെക്കുറിച്ച് ഒരു തെറ്റിദ്ധാരണയും ഞങ്ങൾക്കില്ല. ഞങ്ങളുടെ നിലപാട് എപ്പോഴും ഒന്നാണ്. ഏത് സ്ഥലത്തും ഏതവസരത്തിലും എവിടെയും സ്ത്രീകളും പുരുഷന്മാരും തമ്മിൽ തുല്യത വേണമെന്ന് പറയുന്ന രാഷ്ട്രീയ പ്രസ്ഥാനമാണ് എൽ.ഡി.എഫ്. സുപ്രീംകോടതി വിധി വന്നപ്പോൾ അങ്ങനെയല്ലെന്ന് ഞങ്ങൾ പറയണോ; സുപ്രീംകോടതി വിധി നടപ്പാക്കില്ലെന്ന് ഞങ്ങൾ പറയണോ; അങ്ങനെയൊക്കെ ഞങ്ങൾ പറയണമെന്നാണ് ഇന്നിപ്പോൾ ഞങ്ങളുടെ എതിരാളികൾ ആക്രോശിച്ചു കൊണ്ടിരിക്കുന്നത്. അല്ലെങ്കിൽ നിങ്ങൾക്ക് വീണ്ടും പരാജയങ്ങൾ ആവർത്തിക്കുമെന്നാണ് പറയുന്നത്. ഞാൻ നേരത്തെ പറഞ്ഞല്ലോ പരാജയങ്ങളിൽ നിന്ന് ഉയർത്തെഴുന്നേറ്റുവന്ന ചരിത്രമാണ് കേരളത്തിലെ എൽ.ഡി.എഫ്.-നും ഇടതുപക്ഷ പ്രസ്ഥാനത്തിനുമുള്ളത്. അതുകൊണ്ട് ഞങ്ങളുടെ നിലപാടുകളിൽ ആർക്കെങ്കിലും തെറ്റിദ്ധാരണയുണ്ടായിട്ടുണ്ടെങ്കിൽ അത് മാറ്റി കൂടുതൽ ശക്തമായി എൽ.ഡി.എഫ്. മുന്നോട്ട് പോകും, കൂടുതൽ ശക്തമായി അടുത്ത തെരഞ്ഞെടുപ്പിൽ തിരിച്ചുവരും എന്ന കാര്യം കേരളത്തിലെ മറ്റെല്ലാ തെരഞ്ഞെടുപ്പുകളെയും അവലോകനം ചെയ്തുകൊണ്ട് ഞങ്ങൾക്ക് ആത്മവിശ്വാസത്തോടുകൂടി പറയാൻ സാധിക്കുമെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ബഹുമാന്യനായ കെ. സുരേഷ് കുറുപ്പ് ഇവിടെ പ്രസംഗിച്ചത് റവന്യൂ വകുപ്പ് ഏറ്റവും കാര്യക്ഷമമായി പോകുന്നുവെന്ന കാര്യത്തിൽ പ്രതിപക്ഷാംഗങ്ങൾക്കുപോലും എതിർപ്പുണ്ടാകില്ലെന്നാണ്. ഏറ്റവും കാര്യക്ഷമമായാണ് റവന്യൂ വകുപ്പ് മുന്നോട്ട് പോകുന്നതെന്ന് രാവിലെ ശ്രീ. വി. പി. സജീന്ദ്രന്റെ അടിയന്തരപ്രമേയം കേട്ടപ്പോൾത്തന്നെ ഞങ്ങൾക്ക് മനസ്സിലായി. ഭൂമി നികത്തുന്ന കാര്യത്തിൽ വളരെ കാര്യക്ഷമമായി, റവന്യൂ വകുപ്പുമന്ത്രിയുടെ ഓഫീസുപോലും അറിയാതെ, അതിനെക്കാൾ മുമ്പേ കാര്യക്ഷമമായി പോകുകയാണ്. റവന്യൂ വകുപ്പുമന്ത്രി ബഹുമാനപ്പെട്ട ഇ. ചന്ദ്രശേഖരനാണെങ്കിലും നിയന്ത്രിക്കുന്നതെല്ലാം ബഹു. മുഖ്യമന്ത്രിയാണെന്ന് ഞങ്ങൾക്കെല്ലാം അറിയാം. അതുകൊണ്ടാണല്ലോ മൂന്നാറുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ഭിന്നാഭിപ്രായം ഗവൺമെന്റിലുണ്ടായത്. മൂന്നാറിൽ സി.പി.ഐ.(എം)-ഉം സി.പി.ഐ.-യും തമ്മിൽ വലിയ പോർമുഖം സൃഷ്ടിച്ചുവെന്നുള്ളത് നമുക്കറിയാം. ഭൂമി നികത്തുന്നതിന് വ്യാജരേഖ ചമച്ചുവെന്നുള്ളത് നമ്മെ ലജ്ജിപ്പിക്കുന്ന കാര്യമല്ലേ. അത് മാത്രമാണോ, ശ്രീ. പി. എച്ച്. കുര്യനെ മാറ്റണമെന്ന് റവന്യൂ വകുപ്പുമന്ത്രി പറഞ്ഞിട്ട്, ഒരാളെപ്പോലും മാറ്റാനുള്ള ശക്തി റവന്യൂ വകുപ്പിനുണ്ടായില്ലെന്ന് പറയുമ്പോൾ ശ്രീ. കെ. സുരേഷ് കുറുപ്പ് പറഞ്ഞതുപോലെ എത്രമാത്രം കാര്യക്ഷമമായാണ് വകുപ്പ് പ്രവർത്തിക്കുന്നതെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നതാണ്. പട്ടയം കൊടുത്തുവെന്ന് പറയുന്നതിൽ എന്താണിത്ര വലിയ കാര്യം. പട്ടയം കൊടുക്കുന്നതുമായി ബന്ധപ്പെട്ട് എം.എൽ.എ.-മാർ ചെയർമാനായുള്ള താലൂക്കുതല അന്വേഷണ കമ്മിറ്റിയുണ്ട്. ആ കമ്മിറ്റി കൂടിയാലോചിച്ച് തീരുമാനമെടുത്തശേഷം ജില്ലാ കളക്ടർക്ക് കൊടുക്കും. കളക്ടർ ഗവൺമെന്റുമായി ആലോചിച്ച് അത് ചെയ്യും. ഇതെല്ലാം നിയമപരമായി നടത്തുന്ന കാര്യങ്ങൾ മാത്രമാണ്. എന്നാലും എത്രയോ വർഷങ്ങൾക്കുമുമ്പ് പട്ടയം കിട്ടേണ്ട ധാരാളം ആളുകൾ ഇപ്പോഴുമുണ്ടെന്ന നഗ്നസത്യം മന്ത്രിയും മറ്റുള്ളവരും മനസ്സിലാക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്.

ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട കാര്യങ്ങളൊന്നും പ്രത്യേകം പ്രതിപാദിക്കുന്നില്ല. നമ്മളെല്ലാവരും അരിയാഹാരം കഴിക്കുന്നവരാണ്. അരിയുടെ ജി.എസ്.ടി. എത്രമാത്രം വലുതാണ്. ഒരു ചാക്ക് അരിക്ക് എത്രമാത്രം ടാക്സാണ് നമ്മൾ കൂടുതലായി കൊടുക്കേണ്ടിവരുന്നതെന്ന് ചിന്തിക്കണം. മലയാളികളെ സംബന്ധിച്ചിടത്തോളം അരിക്ക് ജി.എസ്.ടി. ചുമത്തുന്നത് വലിയ ബുദ്ധിമുട്ടാണ്.

റേഷന് ജി.എസ്.ടി. ഒഴിവാക്കിയിട്ടുണ്ട്. മറ്റ് അരികൾക്ക് പൊതുവായി ഏർപ്പെടുത്തിയ ജി.എസ്.ടി.-യുടെ കാര്യത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വേണ്ട നടപടിയെടുക്കണമെന്ന കാര്യം സൂചിപ്പിക്കുകയാണ്. ഞാനിവിടെ പായ്ക്കറ്റ് അരിയുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് സൂചിപ്പിച്ചത്. ഒരു മാസം മുമ്പ് ആന്ധ്രാപ്രദേശിലെ പ്രകാശം ജില്ലയിൽ ഒരു ബാങ്ക് ജീവനക്കാരൻ നിധി തേടി കാട്ടിൽപ്പോയ സംഭവം നിങ്ങൾ കേട്ടിരിക്കും. പ്രകാശം ജില്ലയിലെ ഒരു ബാങ്ക് ജീവനക്കാരൻ രണ്ട് സുഹൃത്തുക്കളെയുംകൂട്ടി നിധിതേടി സമീപത്തുള്ള കാട്ടിലേയ്ക്ക് പോയി. രണ്ടുമൂന്ന് ദിവസം അലഞ്ഞുതിരിഞ്ഞ് വെള്ളവും ഭക്ഷണവും കിട്ടാതെ അദ്ദേഹം കാട്ടിൽവച്ച് മരണപ്പെട്ടുപോയി. കൂടെയുണ്ടായിരുന്ന ഒരാൾ എവിടെയാണെന്നുപോലും അറിയില്ല. രക്ഷപ്പെട്ട് തിരികെ വന്നയാൾ പോലീസിനോട് പറഞ്ഞപ്പോഴാണ് ഇക്കാര്യം പുറംലോകം അറിയുന്നത്. ഇത് സംഭവിച്ച കാര്യം തന്നെയാണ്. ചിലയാളുകൾ ഇങ്ങനെയാണ്. നിധി കാക്കുന്നവർ, നിധി തേടിപ്പോകുന്നവർ, അമിത ലാഭമുണ്ടാകണമെന്ന് കരുതി വരാൻ പോകുന്ന ദുരന്തങ്ങൾ മനസ്സിലാക്കാത്തവർ; ഇവിടെ അങ്ങനെയൊരു ബഹുമാന്യനായ മന്ത്രിയുണ്ട്. അദ്ദേഹം വൈദ്യുതി വകുപ്പിന്റെ മന്ത്രിയാണ്. ശക്തമായ മഴ പെയ്യുന്നു, 46 % അധികമഴ പെയ്യുന്നു; മഴ പെയ്യുമ്പോൾ കൂടുതലായി കിട്ടുന്ന വെള്ളത്തിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിച്ച് അതിലൂടെ അമിത ലാഭമുണ്ടാക്കാമെന്ന് അദ്ദേഹം കരുതി. ഇവിടെ 450-ഓളം ആളുകളുടെ ജീവൻ നഷ്ടപ്പെട്ടിട്ടുപോലും ഇപ്പോഴും അതിനെക്കുറിച്ച് ഒന്നും പറയുന്നില്ല. ഇന്നലെ അദ്ദേഹം നിയമസഭയിൽ കൈ പതിവിലധികം തിരുമ്മിക്കൊണ്ട് എനിക്ക് ഇതിനെപ്പറ്റി ഒന്നുമറിയില്ലെന്ന് പറഞ്ഞു. മഴയുമായും പ്രളയവുമായും ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ചൊന്നും എനിക്കറിയില്ലെന്നാണ് വൈദ്യുതി വകുപ്പുമന്ത്രി പറഞ്ഞത്. അങ്ങനെ അറിയില്ലെങ്കിൽ, പ്രകൃതിക്ഷോഭം, മഴ, നീരാവി, ജപ്പാനിലേയ്ക്ക് മഴ പോകുന്നു തുടങ്ങിയവയെല്ലാം ഏറ്റവുംകൂടുതൽ അറിയാവുന്ന കാര്യക്ഷമതയുള്ള ശ്രീ. പി. വി. അൻവർ, എം.എൽ.എ. ഇവിടെയുണ്ട്. അദ്ദേഹത്തോടെങ്കിലും ചോദിച്ച് മനസ്സിലാക്കാമായിരുന്നു. ഈ പ്രളയം മനുഷ്യനിർമ്മിതമാണെന്ന് ആർക്കാണ് അറിയാത്തത്? മെട്രോമാൻ എന്നറിയപ്പെടുന്ന ബഹുമാനപ്പെട്ട ഇ. ശ്രീധരൻ ഇവിടെ പ്രളയം വന്നതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിക്കും വകുപ്പുമന്ത്രിക്കും കത്തയച്ചു. ഇതിനെക്കുറിച്ച് അന്വേഷിക്കണമെന്ന് പറഞ്ഞു. അന്വേഷണമുണ്ടായോ? അമിക്കസ് ക്യൂറി എന്നുപറഞ്ഞുകൊണ്ട് വൈദ്യുതി വകുപ്പുമന്ത്രി എങ്ങനെയാണ് ഇന്നലെ ഇവിടെ സംസാരിച്ചത്? ശ്രീ. പി. ടി. തോമസും മറ്റുള്ളവരും ചേർന്നുണ്ടാക്കിയ ബോണ്ടയാണോ അമിക്കസ് ക്യൂറി; അങ്ങനെയാണോ വിചാരിക്കേണ്ടത്; എന്തും തോന്നിയതുപോലെ വിളിച്ചുപറയാൻ പറ്റുന്നിടമല്ല എന്നെല്ലാം അദ്ദേഹം പറയുകയുണ്ടായി. ശ്രീ. ഇ. ശ്രീധരൻ തോന്ന്യാസം പറയുന്ന ഒരാളാണോ;

അദ്ദേഹം ഇന്ത്യയുടെ മെട്രോമാനല്ലേ? "ആസൂത്രണപ്പിഴവാണ് കേരളത്തെ പ്രളയത്തിലേയ്ക്ക് തള്ളിയിട്ടതെന്ന് ഞാൻ ഇന്നും വിശ്വസിക്കുന്നു. ഒരു ഡാം തുറന്നുവിട്ടാൽ എന്ത് സംഭവിക്കുമെന്ന് ഉദ്യോഗസ്ഥർക്ക് അറിയാം. പക്ഷെ നാലും അഞ്ചും ഡാമുകൾ ഒന്നിച്ച് തുറന്നുവിട്ടാൽ എന്തുചെയ്യുമെന്ന് ആർക്കുമറിയില്ല." എന്നാണ് അദ്ദേഹം പറഞ്ഞത്. അതെല്ലാം വ്യക്തമായിട്ടും സർക്കാർ എന്ത് പരിഹാര നടപടിയാണ് സ്വീകരിച്ചത്? അമിക്കസ് ക്യൂറി പറയുന്ന കാര്യങ്ങൾ നടപ്പിലാക്കാൻ ഗവൺമെന്റിന് ബാധ്യതയില്ലേ; നിങ്ങൾ എന്തുകൊണ്ട് ജുഡീഷ്യൽ അന്വേഷണം നടത്തുന്നില്ല? ഈ ഗവൺമെന്റ് രണ്ട് വർഷംകൂടി തുടരുമെന്നുള്ളതുകൊണ്ട് ഇനിയും പ്രളയമുണ്ടാകാനുള്ള സാധ്യതയുണ്ട്, ഇനിയും പ്രശ്നങ്ങളുണ്ടാകാനുള്ള സാധ്യതയുണ്ട്. നഷ്ടപ്പെട്ടത് നമുക്ക് മറക്കാം. പ്രളയസമയത്ത് ഉദ്യോഗസ്ഥരെല്ലാം ഉണർന്ന് പ്രവർത്തിച്ചു, ഗവൺമെന്റ് ചെയ്യേണ്ട കാര്യങ്ങൾ കുറേ ചെയ്തു. പക്ഷെ പ്രളയമുണ്ടായതിന്റെ ഉത്തരവാദിത്വം ഗവൺമെന്റിനുണ്ട്. ഇനിയെങ്കിലും ഇങ്ങനെയൊരു പ്രളയമുണ്ടാകാതിരിക്കണമെങ്കിൽ നമുക്ക് അതിനെക്കുറിച്ച് ഒരു പഠനം അനിവാര്യമാണ്, ആവശ്യമാണ്. ആ രീതിയിൽ തീർച്ചയായും നമുക്ക് മുന്നോട്ടുപോകണം. തായ്‌ലാൻഡിൽ ഫുട്ബോൾ കളിക്കാൻ പോയ കുറെ കുട്ടികളും അവരുടെ കോച്ചും ഒരു ഗുഹയിൽ അകപ്പെട്ടത് നമുക്കറിയാം. തായ്‌ലാൻഡ് ഭരണകൂടം എത്ര ഭംഗിയായാണ് കാര്യങ്ങൾ ചെയ്തത്. കേരളത്തിലാണ് ഇത് സംഭവിച്ചതെങ്കിലോ 20 ദിവസം കഴിയുമ്പോൾ അവരുടെ വീട്ടുകാർക്ക് മാക്സിമം 10 ലക്ഷം രൂപ വച്ച് കൊടുക്കും, മൃതശരീരങ്ങൾ മാത്രമേ കിട്ടുകയുള്ളൂ. പക്ഷെ അവിടെ വൈദഗ്ദ്ധ്യമുള്ള ആളുകളെക്കൊണ്ട് ആ കുട്ടികളെ രക്ഷപ്പെടുത്തി. രക്ഷിക്കാൻപോയ ഒരാൾ മാത്രമാണ് അതിൽ മരണപ്പെട്ടത്. തായ്‌ലാൻഡ് അടക്കമുള്ള വിദേശ രാജ്യങ്ങളിൽ പ്രളയവുമായി ബന്ധപ്പെട്ട രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിനെപ്പറ്റി നമ്മുടെ മനസ്സിലുണ്ടാകണം. ഡോ. മുരളി തുമ്മാരുകുടി എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട ആളാണ്. അദ്ദേഹം യു.എൻ.-ന്റെ എൻവയോൺമെന്റൽ പ്രോഗ്രാം ഡിസാസ്റ്റർ റിസ്ക് റിഡക്ഷന്റെ ചീഫാണ്. അദ്ദേഹം പ്രളയവുമായി ബന്ധപ്പെട്ട നിരവധി കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്, ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പക്ഷെ അക്കാര്യങ്ങളിലൊന്നും ഗവൺമെന്റ് ഇപ്പോഴും വേണ്ടത്ര ശ്രദ്ധ നൽകുന്നില്ല. കേരളത്തിൽ 481 പേരാണ് പ്രളയത്തിൽ മരിച്ചതെന്നും അതിൽത്തന്നെ ഭൂരിഭാഗവും മരണപ്പെട്ടത് മണ്ണിടിച്ചിലിലാണെന്നും ഓരോ മാസവും കേരളത്തിൽ എഴുന്നൂറോളം പേർ ഒഴിവാക്കാവുന്ന മറ്റ് അപകടങ്ങളിൽപ്പെട്ട് മരിക്കുന്നുവെന്നും 350-ഓളംപേർ റോഡിൽ മരിക്കുന്നുവെന്നും നൂറിലധികം പേർ വെള്ളത്തിൽ വീണ് മരിക്കുന്നുവെന്നും അറുപതോളം പേർ

ഉയരത്തിൽ നിന്ന് വീണ് മരിക്കുന്നുവെന്നും ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഇതുവരെ ഇരുപതിനായിരം പേരെങ്കിലും തീർത്തും ഒഴിവാക്കാവുന്ന അപകടങ്ങളിൽ മരണപ്പെട്ടിട്ടുണ്ടെന്നും അദ്ദേഹം പറയുകയുണ്ടായി. തുടർന്ന് പറയുന്നത് കേരളത്തിൽ സുരക്ഷാ സംസ്കാരം എന്നൊന്നില്ല എന്നുള്ളതാണ്. ഈ വർഷത്തിൽ 8000 മലയാളികളുടെ മരണമോ വൻപ്രളയത്തിൽ 500 പേരുടെ മരണമോ കോടികളുടെ നാശമോ ഒന്നും അതിലൊരു മാറ്റവും വരുത്തിയിട്ടില്ല. ഒരാൾ വിമാനാപകടത്തിൽ മരിക്കാനുള്ള സാധ്യത ഒരു കോടിയിൽ ഒന്നാണെന്നിരിക്കെ കേരളത്തിൽ ജീവിക്കുന്ന ഒരാൾ അപകടത്തിൽ മരിക്കാനുള്ള സാധ്യത ഒരു ലക്ഷത്തിൽ അറുപത്തിയഞ്ചാണ് എന്നാണ് അദ്ദേഹം പറഞ്ഞിട്ടുള്ളത്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ചിറ്റയം ഗോപകുമാർ]

ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് ഇവിടെ നമുക്ക് ഇനിയും കുറെയധികം കാര്യങ്ങൾ ചെയ്യാനുണ്ട്. റീ ബിൽഡ് കേരളയുടെ ഓഫീസിനുവേണ്ടി എത്ര ലക്ഷം രൂപയാണ് ഈ ഗവൺമെന്റ് കളഞ്ഞത്? പണമില്ലെന്ന് പറയുമ്പോഴും അനാവശ്യ കാര്യങ്ങൾക്കുവേണ്ടി എത്ര ലക്ഷം രൂപയാണ് കളയുന്നത്? യു.എ.ഇ.-യിൽ പോയി ദുരിതാശ്വാസത്തിന് പണം കൊണ്ടുവരുമെന്ന് ബഹു. മുഖ്യമന്ത്രി പറഞ്ഞു. പോയചെലവിൽ നാലേകാൽ ലക്ഷം രൂപ പോയെന്നല്ലാതെ നാലേകാൽ രൂപ പോലും തിരിച്ച് വന്നിട്ടില്ല. എല്ലാ കാര്യത്തിലും ഗവൺമെന്റിന് ഒരു ഹിഡൻ അജണ്ടയുണ്ട്. തന്റെ പാർട്ടിക്കാർ, തന്റെ കൂടെ നിൽക്കുന്നവർ, തനിക്ക് താത്പര്യമുള്ളവർ അങ്ങനെയൊരു ഹിഡൻ അജണ്ട മാത്രമല്ലാതെ ഈ ഗവൺമെന്റ് വേണ്ട കാര്യങ്ങൾ വേണ്ട രീതിയിൽ ചെയ്യുന്നില്ലെന്ന് വീണ്ടും വീണ്ടും ഇവിടെ തെളിയിക്കപ്പെട്ടിരിക്കുകയാണ്. ഇക്കാര്യങ്ങൾ ഗവൺമെന്റ് ഗൗരവത്തിലെടുക്കണം. 42% മഴ കൂടുതലായി പെയ്തെങ്കിൽ ഇനിയും പെയ്യാൻ സാധ്യതയുണ്ട്. ഇവിടെ ഡാമുകളെല്ലാം തുറന്നുവിട്ടതല്ല, കുറേ ഡാമുകൾ തനിയെ തുറന്നുപോയതാണെന്ന് മന്ത്രിതന്നെ പറഞ്ഞു. ഡാമുകൾക്ക് ഷട്ടറുകളില്ലെന്നൊക്കെ പറയുകയുണ്ടായി. 25-ഓളം ഡാമുകൾ ഒരുമിച്ച് തുറന്നുവിട്ടു. ആ ഡാമുകൾ വേണമെങ്കിൽ നേരത്തെതന്നെ തുറന്നുവിടാമായിരുന്നു. അതുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി.-യുടെ റിപ്പോർട്ടുണ്ട്. മീറ്റിംഗ് കൂടി കൂടുതൽ ജലം വരുന്നു, പ്രളയമുണ്ടാകാൻ പോകുന്നുവെന്ന് പറഞ്ഞിട്ടും യാതൊരു ഉത്തരവാദിത്വവുമില്ലാതെയാണ് ഇക്കാര്യങ്ങൾ ചെയ്തതെന്ന് ആ റിപ്പോർട്ടിൽ പറയുന്നുണ്ട്.

മി. ചെയർമാൻ: പ്ലീസ്, അങ്ങയുടെ സമയം കഴിഞ്ഞിരിക്കുന്നു, പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: വരുംനാളുകളിൽ ഇത്തരം കാര്യങ്ങളിൽ ഗൗരവതരമായ തീരുമാനമെടുത്ത് മുന്നോട്ടുപോകണമെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. കേരളത്തിലെ പൊതുസമൂഹം ധാരാളം കാര്യങ്ങൾക്കുവേണ്ടി ആശ്രയിക്കുന്ന വകുപ്പാണ് റവന്യൂ വകുപ്പും അതിനുകീഴിൽ വരുന്ന വില്ലേജാഫീസുകളും മറ്റ് അനുബന്ധ സ്ഥാപനങ്ങളും. കരം പിരിക്കുകയും അതിന്റെ കണക്ക് തീർക്കുകയും മാത്രം ചെയ്തിരുന്ന അധികാരിയും മേനോനും കോൽക്കാരനും മാത്രമായുണ്ടായിരുന്ന സംവിധാനം ഇന്ന് സൂര്യനുതാഴെയുള്ള എല്ലാ തലത്തിലുമുള്ള പ്രവർത്തനങ്ങൾക്കും ആശ്രയിക്കേണ്ടിവരുന്ന ഒരു വകുപ്പും അതിന്റെ ഓഫീസുകളുമായി മാറിയിരിക്കുകയാണ്. ഇത്തരം ഓഫീസുകളുടെയും അവിടെ ജോലി ചെയ്യുന്നവരുടെയും അവസ്ഥ വളരെ പരിതാപകരമാണ്. ഭൂമിയുമായും കെട്ടിട നിർമ്മാണവുമായും പ്രകൃതിദുരന്തങ്ങളുമായും ജനകീയാസൂത്രണവുമായും ക്രീമിലെയർ/നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റുകളുമായും ബന്ധപ്പെട്ട് ഏകദേശം 150-ഓളം ആവശ്യങ്ങൾക്ക് വില്ലേജാഫീസുമായും റവന്യൂ അധികൃതരുമായും പൊതുസമൂഹത്തിന് ബന്ധപ്പെടേണ്ട ഒരവസ്ഥയാണ് ഇന്നുള്ളത്. 1970-ലാണ് ഭൂ പരിഷ്കരണ നിയമം വന്നത്. 2008-ലാണ് നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം കൊണ്ടുവന്നത്. ഈ നിയമങ്ങളൊക്കെ ബാധകമാക്കിയപ്പോൾ പൊതുസമൂഹത്തിന് ആശ്രയിക്കേണ്ടി വന്നത് വില്ലേജാഫീസുകളെയും റവന്യൂ വകുപ്പിനെയുമാണ്. എന്നാൽ അതിനനുസരിച്ചുള്ള വികസനം അതിന്റെ ഇൻഫ്രാസ്ട്രക്ചറുമായും സ്റ്റാഫ് പാറ്റേണുമായും ബന്ധപ്പെട്ട് ഉണ്ടാകാത്ത പരിതാപകരമായ അവസ്ഥാവിശേഷമാണ് കാണാൻ സാധിക്കുന്നത്. അതുകൊണ്ട് അതിനെ വിപുലീകരിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുംവേണ്ട നിലപാട് ബഹുമാനപ്പെട്ട മന്ത്രിയുടെയും ഗവൺമെന്റിന്റെയും ഭാഗത്തുനിന്നു മുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അപ്പുറത്തും ഇപ്പുറത്തുമിരിക്കുന്ന ആളുകൾ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾതന്നെ പറഞ്ഞു കൊണ്ടിരിക്കുന്നതിന് ഇക്കാര്യത്തിൽ എനിക്ക് തോന്നിയ ചില നിർദ്ദേശങ്ങൾ അങ്ങയുടെ മുന്നിൽവയ്ക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഒന്നാമതായി, സംസ്ഥാനത്തെ വില്ലേജുകളിലെ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ മാറ്റുന്നതിനാവശ്യമായ നിലപാട് അങ്ങയുടെ ഭാഗത്തുനിന്നുമുണ്ടാകണം. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. എന്തുകൊണ്ടെന്ന് അങ്ങേയ്ക്കു തന്നെ അറിയാം. രണ്ടാമതായി, ജനസംഖ്യാനുപാതികമായി വില്ലേജുകളെയും

താലൂക്കുകളെയും വിഭജിച്ച് ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാവശ്യമായ നടപടിയുണ്ടാകണം. അതിനനുബന്ധമായി ഒരു കണക്ക് സൂചിപ്പിക്കാം. സംസ്ഥാന തലത്തിൽ 1674 വില്ലേജുകളാണ് നിലവിലുള്ളത്. മലപ്പുറം ജില്ലയിൽ 144 വില്ലേജുകളാണുള്ളത്. മറ്റ് സ്ഥലങ്ങളിൽ 19955 ജനസംഖ്യക്ക് ആനുപാതികമായാണ് ഒരു വില്ലേജുള്ളതെങ്കിൽ മലപ്പുറം ജില്ലയിൽ അത് 28561 ആണ്. താലൂക്കടിസ്ഥാനത്തിലുള്ള ജനസംഖ്യാനുപാതികം മറ്റ് സ്ഥലങ്ങളിൽ 433844 ആണെങ്കിൽ മലപ്പുറം ജില്ലയിൽ അത് 587560 ആണ്. അതുകൊണ്ട് നിലവിലുള്ള ജനസംഖ്യയുടെ കണക്കനുസരിച്ച് അങ്ങ് വില്ലേജാഫീസുകളും താലൂക്കാഫീസുകളും വർദ്ധിപ്പിക്കാൻ ശ്രമം നടത്തുകയാണെങ്കിൽ മലപ്പുറത്ത് ഏകദേശം 3 താലൂക്കുകളും 162 വില്ലേജുകളും പുതുതായി രൂപീകരിക്കേണ്ടിവരും, രൂപീകരിക്കണം. അതിൽ കോട്ടക്കൽ അല്ലെങ്കിൽ വളാഞ്ചേരി പ്രദേശം ഉൾപ്പെടുത്തി ഒരു താലൂക്ക് രൂപീകരിക്കണമെന്നുകൂടി സന്ദർഭോചിതമായി ഞാൻ ആവശ്യപ്പെടുകയാണ്.

മറ്റൊരുകാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്, പോക്കുവരവ് നടപടികളും റീസർവ്വേ നടപടികളും ലഘൂകരിച്ച് സമയബന്ധിതമായി വില്ലേജുകളിൽത്തന്നെ പരിഹരിക്കാൻ നടപടിയെടുക്കണം. പഞ്ചായത്ത് ഓഫീസുകളിലുള്ളതുപോലുള്ള ഒരു ഫ്രണ്ട് ഓഫീസ് സംവിധാനം വില്ലേജ് ഓഫീസിലും ഏർപ്പെടുത്താനാവശ്യമായ നടപടിയുണ്ടാകണം. ലാസ്റ്റ് ഗ്രേഡ് ജീവനക്കാരായ വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരെക്കൊണ്ട് കരം എഴുതിപ്പിക്കുന്ന ജോലി മാത്രമാണ് ഇപ്പോൾ ചെയ്യിക്കുന്നത്. അതുമാറ്റി റവന്യൂ സംബന്ധമായ എല്ലാ ജോലികളും ചെയ്യിക്കാനാവശ്യമായ നടപടി അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണം. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അതിനാവശ്യമായ ചില നടപടികൾ സ്വീകരിച്ചിരുന്നു.

വില്ലേജാഫീസ് കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ അങ്ങ് നടത്തിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ബഡ്ജറ്റിൽ എന്റെ മണ്ഡലത്തിൽത്തന്നെ രണ്ട് വില്ലേജുകൾക്ക് പുനരുദ്ധാരണത്തിനുവേണ്ടി സംഖ്യ അനുവദിച്ചിട്ടുണ്ട്. അത് വിപുലീകരിക്കാനുള്ള നടപടികൾ അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ആവശ്യപ്പെടുകയാണ്. അനധികൃത കയ്യേറ്റം തടയാനും കയ്യേറിയ ഭൂമി തിരിച്ചുപിടിക്കാനും അടിയന്തര നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകണം. അതോടൊപ്പംതന്നെ പേ റിവിഷൻ കമ്മീഷൻ ശിപാർശ ചെയ്ത പ്രകാരം വില്ലേജ് അസിസ്റ്റന്റുമാരുടെ തസ്തിക അനുവദിക്കണമെന്നുകൂടി ആവശ്യപ്പെടുകയാണ്.

കപ്പാസിറ്റിയുള്ള സെർവറും ആവശ്യമായ കണക്ടിവിറ്റിയും ഉറപ്പാക്കി ഐ.ടി. മേഖലയെ ശക്തിപ്പെടുത്തുകയും ഓൺലൈൻ സേവനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യണം. വില്ലേജ്, കളക്ടറേറ്റ്, താലൂക്കാഫീസ് തുടങ്ങിയ സംവിധാനങ്ങളെ ഓൺലൈനിലൂടെ ഏകോപിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചാൽ ജനങ്ങൾക്ക് കൂടുതൽ ഗുണകരമാകും. ഫീൽഡ് അസിസ്റ്റന്റുമാർക്ക് 10% പ്രൊമോഷൻ നൽകണമെന്ന ആവശ്യം പെൻഡിംഗിലാണ്. സർവ്വേയർമാരുടെ റാങ്ക് ലിസ്റ്റ് ഇതുവരെ പ്രസിദ്ധീകരിക്കുകയോ അതിൽ നിന്ന് ഇതുവരെ നിയമനം നടത്തുകയോ ചെയ്തിട്ടില്ല. ആ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണം. രണ്ട് വിഭാഗമാണ് വില്ലേജാഫീസിലുള്ളത്, വി.എഫ്.എ.-മാരും വി.എ.-മാരും. ഇവർക്ക് ഒരേ ക്വാളിഫിക്കേഷനാണ്, ഒരേ തലത്തിൽ തന്നെയാണ് അവരെ നിയമിക്കുന്നതും. എന്നാൽ വി.എഫ്.എ.-മാർക്ക് പ്രൊമോഷനില്ല. അതുകൊണ്ട് അവർ ജോയിൻ ചെയ്യുന്ന അതേ തസ്തികയിൽത്തന്നെ റിട്ടയർ ചെയ്യേണ്ടിവരികയാണ്. അവരെ മെയിൻ സ്ട്രീമിലേയ്ക്ക് കൊണ്ടുവന്ന് ജോബ് ഇന്റഗ്രേഷൻ നടത്തി അവരെക്കൂടി ഉപയോഗപ്പെടുത്താൻ സാധിച്ചാൽ പുതിയ തസ്തികകളുണ്ടാക്കാതെതന്നെ വില്ലേജാഫീസിന്റെ പ്രവർത്തനം സുഗമമാക്കാൻ സാധിക്കുമെന്ന നിർദ്ദേശമാണ് വയ്ക്കാനുള്ളത്.

അങ്ങ് അറിഞ്ഞോ അറിയാതെയാണോയെന്ന് എനിക്കറിയില്ല, ധനകാര്യ വകുപ്പിൽ നിന്ന് 18-3-2019-ന് ജി.ഒ.(പി) നമ്പർ 32/2019/ഫിൻ. ആയി ഒരു ഉത്തരവിറങ്ങിയിട്ടുണ്ട്. സ്ഥലമേറ്റെടുക്കുന്നതിനുവേണ്ടി പഞ്ചായത്തുകൾക്ക് തുക കൊടുക്കുന്നതിനും മറ്റും അനുബന്ധമായി രണ്ട് ഹെഡ്ഡുകൾ ഉണ്ടായിരുന്നു. അതിലൂടെ അതാത് കളക്ടർമാർ നിർദ്ദേശിക്കുന്നതനുസരിച്ച് റവന്യൂ വകുപ്പ് മുഖാന്തരം അവർക്കാവശ്യമായ തുക ചെലവഴിക്കാൻ കഴിയുമായിരുന്നു. എന്നാൽ ഈ ഉത്തരവിലൂടെ ആ രണ്ട് ഹെഡ്ഡുകളും കാൻസൽ ചെയ്തിരിക്കുകയാണ്. അതുകൊണ്ട് ആ ഉത്തരവ് റദ്ദ് ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കണം. അല്ലെങ്കിൽ സ്ഥലമേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ വലിയ കാലതാമസമുണ്ടാകാനിടയുണ്ട്. അത് പരിഹരിക്കാനാവശ്യമായ നിലപാട് അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകുമെന്ന് പ്രതീക്ഷിക്കുകയാണ്.

റീസർവ്വേ നടന്നിട്ട് ഒട്ടനവധി കാലങ്ങളായി. റീസർവ്വേ നടക്കാത്തതുമൂലം പൊതുസമൂഹം വളരെയധികം പ്രയാസത്തിലാണ്. റീസർവ്വേ നടത്താനാവശ്യമായ സത്വര നടപടിയുണ്ടാകണം. പ്രത്യേകിച്ച് റീസർവ്വേ നടപ്പിലാക്കാത്ത മലബാർ മേഖലകളിൽ അത് നടപ്പിലാക്കാനാവശ്യമായ ശ്രമമുണ്ടാകണം. പ്ലാനിംഗ് ബോർഡിന്റെ പ്ലാൻ സ്പേസ് കണക്കുപ്രകാരം സർവ്വേ ആൻഡ് ലാൻഡ്

റെക്കോർഡിംഗ് സ്കീം XV അനുസരിച്ച് ലാൻഡ് അക്വിസിഷനുവേണ്ടി അനുവദിച്ച 500 ലക്ഷം രൂപയിൽ 92 ലക്ഷം രൂപ മാത്രമാണ് കഴിഞ്ഞ വർഷം ചെലവഴിച്ചിട്ടുള്ളത്. അതുപോലെ 128.5 ലക്ഷം രൂപയിൽ നയാപൈസപോലും ചെലവഴിച്ചിട്ടില്ല. ഇങ്ങനെയുള്ള പ്രശ്നങ്ങൾ പരിഹരിക്കാനാവശ്യമായ നിലപാടുണ്ടാകണമെന്ന് ആവശ്യപ്പെടുകയാണ്. രാവിലെ ഇവിടെ അടിയന്തരപ്രമേയ ചർച്ചാവേളയിൽ സ്ഥലമേറ്റെടുക്കുന്നതിനെക്കുറിച്ച് പറഞ്ഞു. അനധികൃതമായി സ്ഥലം കൊടുക്കുന്നുവെന്ന് പറഞ്ഞു. കോട്ടക്കൽ കോ-ഓപ്പറേറ്റീവ് അർബൻ ഹോസ്പിറ്റലിനുവേണ്ടി സ്ഥലം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഇതുവരെയും അങ്ങയുടെ ഭാഗത്തുനിന്ന് അനുവാദം ലഭിച്ചിട്ടില്ല. അതുപോലെതന്നെ വെണ്ടല്ലൂർ, ഇരുമ്പിളിയം റോഡിനാവശ്യമായ അനുവാദവും ലഭിച്ചിട്ടില്ല. ഇങ്ങനെ ആവശ്യമുള്ളതിന് അനുവാദം ലഭിക്കാതിരിക്കുകയും ആവശ്യമില്ലാത്തതിന് നൽകുകയും ചെയ്യുന്ന അവസ്ഥയെപ്പറ്റിയാണ് ഇന്ന് രാവിലെ അടിയന്തര പ്രമേയത്തിൽ അവതരിപ്പിച്ചിട്ടുള്ളത്. അത് ലഭ്യമാക്കാനാവശ്യമായ നടപടികൂടി അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. സി. എഫ്. തോമസ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഇന്നത്തെ ചർച്ച ജനജീവിതവുമായി ഏറെ ബന്ധപ്പെട്ട റവന്യൂ വകുപ്പിന്റേതുൾപ്പെടെയുള്ള കാര്യങ്ങളെക്കുറിച്ചാണ്. കാലവർഷം തുടങ്ങി. ജില്ലാ തലങ്ങളിലും താലൂക്ക് തലങ്ങളിലുമൊക്കെ ഗവൺമെന്റ് മുന്നൊരുക്ക കമ്മിറ്റികൾ വിളിച്ചുകൂട്ടി. പക്ഷെ ഇതുസംബന്ധിച്ച് ഗവൺമെന്റ് കൃത്യമായ നിരീക്ഷണം നടത്തുന്നുണ്ടോ? മിനിഞ്ഞാന്ന് വൈദ്യുതിക്കമ്പി പൊട്ടിവീണ് തിരുവനന്തപുരത്ത് രണ്ട് പേരാണ് മരിച്ചത്. എറണാകുളത്ത് മരം വീണ് ഒരാൾ മരിച്ചു. ഗവൺമെന്റ് ഇതിന് നേരിട്ട് ഉത്തരവാദിയാണെന്ന് ഞാൻ പറയുന്നില്ല. പക്ഷെ, കാലാവസ്ഥയ്ക്ക് മാറ്റമുണ്ടാകുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതൽ നടപടികൾ തൃപ്തികരമാണോയെന്ന് ഗവൺമെന്റ് പരിശോധിക്കണം. ഇതുമായി ബന്ധപ്പെട്ട കമ്മിറ്റിയിൽ ഞങ്ങളെല്ലാം പങ്കെടുത്തതാണ്. പക്ഷെ ഇപ്രാവശ്യവും ആ കമ്മിറ്റിയിലെടുത്ത തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടില്ല. തീരുമാനങ്ങൾ പലതും നടപ്പിലാക്കാനുണ്ട്, ആവശ്യമായ മുന്നൊരുക്കങ്ങളില്ല. ഇന്നലെ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി പറഞ്ഞു അസാധാരണമായി മഴ പെയ്തതുകൊണ്ടാണ് മഹാപ്രളയമുണ്ടായതെന്ന്. അങ്ങനെയാണെങ്കിൽ ഗവൺമെന്റ് കൃത്യമായ മുന്നൊരുക്കങ്ങൾ സ്വീകരിച്ചിരുന്നെങ്കിൽ ഈ അണക്കെട്ടുകളെല്ലാം ഒരുമിച്ച് തുറന്നുവിടേണ്ട സാഹചര്യമുണ്ടാകുമായിരുന്നില്ല. അതുകൊണ്ടാണ് ഞങ്ങൾ പറഞ്ഞത് ഈ പ്രളയം മനുഷ്യനിർമ്മിതമായിരുന്നുവെന്ന്. ചെയ്യേണ്ട കാര്യങ്ങൾ ചെയ്യേണ്ട സമയത്ത് ഗവൺമെന്റ് ചെയ്തില്ല. ഗവൺമെന്റിന് ഉത്തരവാദിത്വമില്ലേ?

ഇതുപോലെ കാലാവസ്ഥയിൽ വലിയ മാറ്റങ്ങൾ വരുമ്പോൾ ക്യാബിനറ്റോ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെല്ലാം കൂടിയിരുന്നോ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യണം. അതാണല്ലോ ജനങ്ങൾ സർക്കാരിൽ ഏൽപ്പിച്ചിരിക്കുന്ന ഉത്തരവാദിത്വം. അന്ന് വീഴ്ച പറ്റി. ആ കാലഘട്ടത്തിൽ റവന്യൂ വകുപ്പ് ധാരാളം കാര്യങ്ങൾ ഭംഗിയായി ചെയ്തുവെന്ന് നേരത്തെ സൂചിപ്പിച്ചു. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. പക്ഷേ ഇപ്പോഴത്തെ അവസ്ഥയെന്താണ്? ഇപ്പോൾ കാലവർഷം തുടങ്ങിക്കഴിഞ്ഞു, അന്ന് പൂർണ്ണമായും വീട് തകർന്ന പതിനായിരക്കണക്കിനാളുകളിൽ 25 ശതമാനം പേരുടെ വീടുപണിപോലും തീർന്നിട്ടില്ല. കൂടാതെ ഭിത്തികൾ ഇടിഞ്ഞിരിക്കുന്നു; തറ പൊട്ടിയിരിക്കുന്നു; മേൽക്കൂര തകർന്നിരിക്കുന്നു; മെയിന്റനൻസ് ഇനത്തിലും 25% പണിപോലും പൂർത്തിയായിട്ടില്ല. അതിന് എന്തെങ്കിലും സംവിധാനം വേണ്ടേ? ആ പാവപ്പെട്ടവരുടെ വീടുകൾ നിർമ്മിക്കാൻ ഗവൺമെന്റ് എന്താണ് ചെയ്തുകൊടുത്തത്? 15-ാം തീയതിയാകുമ്പോൾ മഹാപ്രളയമുണ്ടായിട്ട് പത്ത് മാസം തികയുകയാണ്. ഗവൺമെന്റ് പ്രഖ്യാപിച്ച സഹായം കിട്ടേണ്ടയാളുകൾക്ക് യഥാസമയം കിട്ടിയില്ല, അതനുസരിച്ചുള്ള നടപടികളുമുണ്ടായിട്ടില്ല. അർഹരായവർ സഹായം കിട്ടാതെ വന്നപ്പോൾ അപ്പീൽ കൊടുത്തു. അപ്പീലിന്മേൽ ഇതുവരെ തീരുമാനമായിട്ടില്ല. ഇനിയും അപ്പീൽ കൊടുക്കാൻ അവസരമുണ്ടെന്ന് ബഹു. മുഖ്യമന്ത്രി പിന്നീട് പറഞ്ഞു. അതിന്മേലും നടപടിയായില്ല. അതുകൊണ്ട് റവന്യൂ വകുപ്പുമന്ത്രി ഇടപെട്ട് ഇക്കാര്യത്തിൽ സമയബന്ധിത പരിപാടിയെന്ന നിലയിൽ ഇതിനായി ഒരു പാക്കേജ് കൊണ്ടുവരണമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. ഗവൺമെന്റിനല്ലേ ഉത്തരവാദിത്വം? അത് അടിയന്തരമായി അങ്ങ് ചെയ്യണം. ഇക്കാര്യത്തിൽ വ്യക്തമായൊരു മറുപടി അങ്ങ് പറയേണ്ടതായിട്ടുണ്ട്.

ജില്ലാഭരണവുമായി ബന്ധപ്പെട്ട എല്ലാ ഫയലുകളും കെട്ടിക്കിടക്കുകയാണ്. മേൽപ്പറഞ്ഞ കാര്യത്തിലെന്നപോലെ ഒരു ഫയലും നീങ്ങുന്നില്ല. ജനജീവിതവുമായി ബന്ധപ്പെട്ട ഫയലുകൾ, ജനങ്ങൾക്കുവേണ്ടിയുള്ള വികസന പരിപാടികൾ, എം.എൽ.എ.-മാരുടെ അസറ്റ് ഡെവലപ്മെന്റ് ഫണ്ട്, പ്രാദേശിക വികസന ഫണ്ട് എന്നിവയുമായി ബന്ധപ്പെട്ട ഫയലുകളെല്ലാം തലസ്ഥാനത്തും ജില്ലയിലും താലൂക്കുകളിലുമെല്ലാം കെട്ടിക്കിടക്കുകയാണ്. ബഹു. മുഖ്യമന്ത്രി പറഞ്ഞതുപോലെ ഓരോ ഫയലും ഓരോ ജീവൽപ്രശ്നമാണ്. പക്ഷെ ഈ പെരുമാറ്റച്ചട്ടം നിലവിൽ വന്നപ്പോൾ ഒരു ഫയൽ നീക്കവുമുണ്ടായില്ല. എല്ലാ ഫയലുകളും അങ്ങനെ കിടക്കുകയാണ്. ദയവായി അങ്ങ് എല്ലാ ജില്ലകളിലും താലൂക്കുകളിലും ഫയൽ തീർപ്പ് ക്യാമ്പ് ഉടൻതന്നെ പ്രഖ്യാപിക്കണം. അല്ലെങ്കിൽ

ഒരു കാര്യവും നടക്കില്ല. ഇനിയും പെരുമാറ്റച്ചട്ടം വരാൻ പോകുകയാണ്. ലോക്കൽ ബോഡീസ് ഇലക്ഷൻ വരാൻ പോകുന്നു, ചില ഉപതെരഞ്ഞെടുപ്പുകൾ വരാൻ പോകുന്നു. ആ പ്രദേശങ്ങളിലൊക്കെ പെരുമാറ്റച്ചട്ടമായിരിക്കും. തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് ഇലക്ഷൻ വരുമ്പോൾ അവിടെ പെരുമാറ്റച്ചട്ടമായിരിക്കും. അതുകൊണ്ട് ഈ ഫയൽ തീർപ്പ് അടിയന്തരമായി ചെയ്യാനുള്ള ഒരു സംവിധാനം റവന്യൂ വകുപ്പ് ഉടൻ ആവിഷ്കരിക്കേണ്ടതുണ്ട്.

റവന്യൂ വകുപ്പുവഴി നൽകുന്ന സേവനങ്ങളുടെ ഫീസ് കൂട്ടാൻ ആലോചിക്കുന്നുവെന്ന ഒരു വാർത്ത കാണാനിടയായി. ദയവായി അത് ചെയ്യരുത്. പ്രളയസെസ് കൊണ്ടുവന്നു. പ്രളയക്കെടുതി അനുഭവിച്ചുകഴിഞ്ഞപ്പോൾ പ്രളയസെസ് കൂടി വന്നിരിക്കുന്നു. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട ധാരാളം കാര്യങ്ങളുണ്ട്. അതിനെല്ലാം ഫീസ് വർദ്ധിപ്പിക്കുക എന്നുപറഞ്ഞാൽ സാധാരണക്കാരായ ആളുകളെയാണ് അത് ബാധിക്കുന്നത്. അതുകൊണ്ട് അടിയന്തരമായി അങ്ങ് ഇക്കാര്യത്തിൽ ഒരു പുതിയ തീരുമാനമെടുക്കണം. ഈ ഫീസ് വർദ്ധനവ് ഉപേക്ഷിക്കണം.

സർവ്വേ ഡിപ്പാർട്ടുമെന്റിലും ഒരു കാര്യവും നടക്കുന്നില്ല. അക്വിസിഷൻ ആവശ്യമുള്ള പദ്ധതികളാണ് 75 ശതമാനവും. ധനകാര്യ വകുപ്പിന്റെ പരിപാടിയായ കിഫ്ബിയുടെ വികസന/നിർമ്മാണ പദ്ധതികളിൽ 50 ശതമാനത്തിനും അക്വിസിഷൻ ആവശ്യമാണ്. പൊതുമരാമത്ത് വകുപ്പിന് അക്വിസിഷൻ ആവശ്യമാണ്. ചോദിക്കുമ്പോഴെല്ലാം സർവ്വേ നടത്താൻ ആളില്ലെന്നാണ് മറുപടി പറയുന്നത്. ആവശ്യത്തിന് ആളില്ലാത്തതാണോ; ആധുനികമായ രീതികൾ കൊണ്ടുവരാത്തതാണോ; എന്താണ് സർവ്വേ ഡിപ്പാർട്ടുമെന്റിന്റെ പ്രശ്നമെന്ന് അങ്ങ് പരിശോധിക്കണം.

ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട് ബഹു. ധനകാര്യ വകുപ്പുമന്ത്രിയോട് ഒരു കാര്യം ചോദിക്കാനുണ്ട്. ജി.എസ്.ടി. നടപ്പിലാക്കിയതുമൂലം ചെറുകിട വ്യാപാരികൾ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. പല കാര്യത്തിലും അതിന്റെ നടപടിക്രമങ്ങൾ ലഘൂകരിക്കാമെന്ന് പറഞ്ഞെങ്കിലും ഇതുകാലമായിട്ടും അത് ചെയ്തിട്ടില്ല. അതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. അതോടൊപ്പം റിട്ടേൺ സമർപ്പിക്കുന്നതിന് ജൂൺ 30 വരെയാണ് സമയം കൊടുത്തിരിക്കുന്നത്. സംഘടനകൾ ആവശ്യപ്പെട്ടിരിക്കുന്നത് ജൂൺ 30 എന്നുള്ളതിൽ കുറച്ചുകൂടി സാവകാശം കൊടുത്ത് സാധാരണ വ്യാപാരികൾക്ക് ഒരു ആശ്വാസം കൊടുക്കണമെന്നാണ്. ജനജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ യഥാസമയം കൈകാര്യം ചെയ്യാൻ ഈ ഗവൺമെന്റിന് ഇതുവരെ സാധിച്ചിട്ടില്ല.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. കഴിഞ്ഞ കുറച്ചുദിവസങ്ങളായി ഈ സഭയിൽ പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും കേൾക്കുന്ന അപശബ്ദങ്ങളൊന്നും ഇന്നില്ല. പ്രണയകവിയായ ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ഉൾപ്പെടെ പ്രളയത്തിന്റെ പാട്ടാണ് ഇപ്പോൾ പാടിക്കൊണ്ട് നടക്കുന്നത്. പ്രതിപക്ഷം ഇങ്ങനെ ഓരിയിടുന്നത് എന്തിനാണെന്ന് മനസ്സിലാകുന്നില്ല. വികസനക്കുതിപ്പ് നടത്തുന്ന കേരള ഭരണത്തെ നോക്കി നിലാവിനെ കണ്ട കുറുക്കന്മാരെ പോലെയാണ് പ്രതിപക്ഷത്തിന്റെ പ്രഹസന പ്രസംഗങ്ങളെന്നാണ് എനിക്ക് പറയാനുള്ളത്. കേരളത്തിൽ ഇപ്പോൾ നിലാവ് പെയ്തു തുടങ്ങിയിരിക്കുകയാണ്. കേരളത്തിന്റെ മൊത്ത ആഭ്യന്തരോല്പാദന വളർച്ചാ നിരക്ക് 2016-17-ൽ 5.70 ശതമാനമായിരുന്നത് 2017-18-ൽ 6.65 ശതമാനമായി വർദ്ധിച്ചു. കൃഷിയുടെയും അനുബന്ധ മേഖലയുടെയും ജി.എസ്.ഡി.പി. വളർച്ചാ നിരക്ക് 2017-18-ൽ 3.64 ശതമാനമാണ്. യു.ഡി.എഫ്. ഗവൺമെന്റ് ഭരിച്ചിരുന്ന 2015-16-ൽ 5.10 ആയിരുന്നു. ഇന്ത്യൻ സംസ്ഥാനങ്ങളുടെ സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ നേട്ടത്തിൽ കേരളം ഒന്നാമതാണെന്ന് പറഞ്ഞത് ശ്രീ. കോടിയേരി ബാലകൃഷ്ണനല്ല, നീതി ആയോഗ് ആണ്. വിദ്യാഭ്യാസം, ആരോഗ്യം, ലിംഗസമത്വം എന്നീ കാര്യങ്ങളിലും കേരളം ഒന്നാമതാണ്. പൊതുവിദ്യാലയ പ്രവേശനത്തിനു വേണ്ടിയുള്ള ശിപാർശക്കത്തിനായി എം.എൽ.എ. ഓഫീസിൽ ഇതിനുമുമ്പ് ആളുകൾ വരുന്നത് കണ്ടിട്ടുണ്ടോ? ഇപ്പോൾ അവിടെ രക്ഷിതാക്കളും കുട്ടികളും ക്യൂ നിൽക്കുകയാണ്. എന്റെ പി.എ. ആയ ശ്രീ. നൂർമുഹമ്മദിന്റെ വിരലുകൾ കത്തെഴുതി തേഞ്ഞു പകുതിയായി. ഇതാണ് ഇപ്പോഴത്തെ സ്ഥിതി. യു.ഡി.എഫ്. ഭരിക്കുമ്പോൾ ഇവിടത്തെ സ്ഥിതി എന്തായിരുന്നു? എല്ലാ വകുപ്പുകളിലും കാട്ടുപോത്ത്, കാണ്ടാമൃഗം, കരിങ്കുരങ്ങ്, കരടി, കുറുക്കൻ എന്നുവേണ്ട ഈനാംപേച്ചിയും പെരുച്ചാഴിയും ആനയും കയറിയ കൃഷിയിടംപോലെ എല്ലാം തകർത്തുതരിപ്പണമാക്കിയില്ലേ? എല്ലാ വകുപ്പുകളെയും തകർത്തവരാണ്. ഇപ്പോൾ എൽ.ഡി.എഫ്. അധികാരത്തിൽ വന്നു; എല്ലാം ശരിയായി. മൂന്ന് വർഷത്തിനകം അഞ്ച് ലക്ഷം കുട്ടികൾ പുതിയതായി പൊതുവിദ്യാലയത്തിലെത്തി.

കുട്ടികളുടെ കാര്യം മാത്രമല്ല ശരിയായത്. രക്ഷിതാക്കളെയും രക്ഷിതാക്കളുടെ രക്ഷിതാക്കളെയും സംരക്ഷിക്കുന്ന നാട്ടം കേരളമാണ്. കേരളം നേടിയ സാമൂഹ്യപുരോഗതിയുടെ നേർക്കാഴ്ചയാണ് 60 വയസ്സ് പിന്നിട്ടവരുടെ ഉയർന്ന ജനസംഖ്യാനുപാതം. എല്ലാ മുതിർന്ന പൗരന്മാർക്കും തലയുയർത്തിപ്പിടിച്ച് നടക്കാൻ മാത്രമല്ല, സർക്കാർ ഓഫീസുകളിൽ ക്യൂ നിൽക്കാതെ കാര്യം നടത്താനും ഈ സർക്കാർ അവസരമൊരുക്കി. നിരാലംബരായ കർഷകത്തൊഴിലാളികൾ

മുതൽ 60 വയസ്സ് കഴിഞ്ഞ എല്ലാവർക്കും സാമൂഹ്യക്ഷേമ പെൻഷൻ നൽകുന്നതിന് തുടക്കംകുറിച്ചതും കാലാകാലങ്ങളിൽ പെൻഷൻ തുക വർദ്ധിപ്പിച്ചതും യു.ഡി.എഫ്. ഭരിക്കുമ്പോൾ കൊടുക്കാതിരുന്ന പെൻഷൻ കുടിശ്ശിക കൊടുത്തുതീർത്തതും ഇപ്പോൾ 1200 രൂപയാക്കി വർദ്ധിപ്പിച്ചതും അടുത്ത വർഷം 1300 രൂപയാക്കുമെന്ന് പറഞ്ഞതും എൽ.ഡി.എഫ്. സർക്കാരാണ്. അതാണ് രക്ഷിതാക്കളെ രക്ഷിക്കുന്ന പിണറായി വിജയൻ സർക്കാരിന്റെ മുഖമുദ്ര.

എന്തെല്ലാം ദുരന്തങ്ങൾ ഏറ്റുവാങ്ങുന്നതിനിടയിലാണ് ഈ കുതിപ്പ് സർക്കാർ നടത്തുന്നത്! ഓഖി ചുഴലിക്കാറ്റ് ആഞ്ഞുവീശിയപ്പോഴും നിപ വൈറസ് നുഴഞ്ഞുകയറിയപ്പോഴും പ്രളയം പാഞ്ഞടുത്തപ്പോഴും പിണറായി സർക്കാർ മിന്നൽപ്പിണർപോലെ കാർമേഘങ്ങളെ വകഞ്ഞുമാറ്റി വികസനത്തിന്റെ വെള്ളിവെളിച്ചം പെരുമഴപോലെ പെയ്തിറക്കിയ നാടാണ് കേരളം. അതാണ് ഈ മൂന്ന് വർഷത്തെ കഥ. ദുരന്തങ്ങളുണ്ടാകുമ്പോൾ അന്തംവിട്ടിരിക്കുന്ന, ദുരന്തസാധ്യതകൾക്കു നേരെ കണ്ണടയ്ക്കുന്ന സർക്കാരല്ല ഇത്. ഈ സർക്കാരിനെ നയിക്കുന്ന, നിശ്ചയദാർഢ്യം കൈവിടാതെ കേരളത്തെ മുന്നോട്ട് നടത്തുന്ന മുഖ്യമന്ത്രി സാക്ഷാൽ പിണറായി വിജയന്റെ നേതൃത്വത്തിൽ നടന്ന അതിജീവന പ്രവർത്തനം കണ്ട് ലോകം അതിശയിക്കുകയാണ്.

പ്രകൃതിദുരന്തങ്ങൾ മാത്രമല്ല മനുഷ്യവിരുദ്ധരുടെ നിലപാടുകളെ ചെറുത്തു തോൽപ്പിച്ചാണ് കേരള സർക്കാർ മുന്നേറുന്നത്. എട്ട് നിലയിൽ പൊട്ടിയ നോട്ട് നിരോധനം, ജി.എസ്.ടി. നടപ്പാക്കിയതിലെ പിശകുകൾ, കേന്ദ്രവിഹിതത്തിലെ കുറവുംകുറവും ഇതെല്ലാം ചെയ്തത് കേന്ദ്ര സർക്കാരാണ്. ആ കേന്ദ്രസർക്കാരുമായി ചേർന്ന് കേരളത്തിലെ പ്രതിപക്ഷം നടത്തുന്ന പാരപ്പണിയും പിന്നിട്ടാണ് പിണറായി വിജയൻ സർക്കാർ മുന്നേറുന്നതെന്ന് ഓർക്കണം.

നികുതിയേതര വരുമാനത്തിലെ വർദ്ധനവായിരുന്നു ഏക ആശ്വാസം. 46 ശതമാനത്തിലധികമുണ്ടായ വരുമാന വർദ്ധനവിൽ ഏറിയപങ്കും ലഭിച്ചത് ലോട്ടറിയിൽ നിന്നായിരുന്നു. ആ ലോട്ടറി ജീവനക്കാരെ മറക്കാതെ അവരെ സഹായിക്കാൻ ഈ ഗവൺമെന്റ് ഇനിയും മുന്നോട്ട് വരുമെന്നുതന്നെയാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

കേന്ദ്രസഹായം നിഷേധിക്കപ്പെട്ടപ്പോഴും സഹായഹസ്തങ്ങൾ തട്ടിയകറ്റിയപ്പോഴും അതിജീവനത്തിനും പുനർനിർമ്മാണത്തിനും മനുഷ്യ സാദ്ധ്യമായ എല്ലാ സഹായങ്ങളും ഈ സർക്കാർ നാട്ടുകാർക്ക് എത്തിച്ചു കൊണ്ടിരിക്കുകയാണ്. പ്രളയക്കെടുതിയിലകപ്പെട്ട 687843 കുടുംബങ്ങൾക്ക് 10,000 രൂപ വീതം അടിയന്തര സഹായമെത്തിച്ചതും 724352 കുടുംബങ്ങൾക്ക്

അവശ്യസാധന കിറ്റുകൾ വീട്ടിലെത്തിച്ചതും 1030838 ഭക്ഷ്യധാന്യ കിറ്റുകൾ ദുരന്തബാധിതർക്ക് എത്തിച്ച് കൊടുത്തതും പ്രളയം തകർത്തെറിഞ്ഞ 2570000 വൈദ്യുതി കണക്ഷനുകൾ പുനഃസ്ഥാപിച്ചതും 300956 കിണറുകൾ വൃത്തിയാക്കിയതും 14858 പേർക്ക് വീടുകൾ പുനർനിർമ്മിക്കാൻ ഫണ്ട് അനുവദിച്ചതും വീടും ഭൂമിയും നഷ്ടപ്പെട്ടവർക്ക് 10,00,000 രൂപ വീതം വിതരണം ചെയ്തതും ഭാഗികമായി തകർന്ന 239254 വീടുകൾക്ക് സഹായമെത്തിക്കാൻ 1272.17 കോടി രൂപ നൽകിയതും പ്രളയം തകർത്ത കർഷകരുടെ കണ്ണുനീർ തുടച്ചതും ഈ സർക്കാരാണെന്ന് നിങ്ങൾ ഓർക്കണം. തകർന്ന കൃഷിഭൂമി കൃഷിയോഗ്യമാക്കാൻ 192.78 കോടി രൂപ അനുവദിക്കുകയും 5650 മെട്രിക് ടൺ നെൽവിത്ത് സൗജന്യമായി നൽകുകയും ചെയ്തു. വിള ഇൻഷ്വറൻസ് പദ്ധതി മുഖാന്തരം 18 കോടി രൂപ നൽകി. 238376 കർഷകർക്ക് 176 കോടി രൂപ ധനസഹായമായി ഈ പ്രളയാനന്തര കേരളം നൽകിയതും ഓർക്കണം.

കർഷകർ കണ്ണുനീർ തുടച്ച് കയ്യുംമെയ്യും മറന്ന് പാടത്തിറങ്ങിയപ്പോൾ ഇക്കഴിഞ്ഞ കൊയ്ത്തിൽ 689305 ടൺ നെല്ലാണ് ഉത്പാദിപ്പിച്ചത്. ഇത് ചരിത്രമാണ്. ഇത് ഇവിടെ അവസാനിക്കുന്നില്ല. ഇടതുപക്ഷം തിരുത്തിക്കുറിക്കുന്ന ചരിത്രത്തിന്റെ ആരംഭമാണിതെന്ന് ഓർക്കണം. തകർന്ന റോഡുകൾ യുദ്ധകാലാടിസ്ഥാനത്തിൽ പുനരുദ്ധരിക്കാൻ 2797 കോടി രൂപയിലധികം ചെലവഴിച്ചതും ചരിത്രത്തിന്റെ ഭാഗമാണ്.

ഇതെല്ലാം കണ്ട് അന്തംവിട്ടിരിക്കുന്ന പ്രതിപക്ഷത്തിന്റെ തലയിൽ വീണ തേങ്ങ പോലെയായി കിഫ്ബിയുടെ കുതിപ്പ്. ലോക മാർക്കറ്റിൽ മസാല ബോണ്ടുമായി മറ്റൊരു മഹാമുന്നേറ്റം നടത്തുകയാണ് പിണറായി വിജയൻ സർക്കാർ. അപ്പോഴാണ് തേങ്ങ വീണ് ചിന്നിയ തലയുമായി നടക്കുന്ന പ്രതിപക്ഷം 19 തലയുള്ള ആധുനിക രാവണന്മാരായി ഇപ്പോൾ അഹങ്കരിക്കുന്നത്. എല്ലാ മതനിരപേക്ഷ ആശയങ്ങളെയും പിച്ചിച്ചീന്തി, എല്ലാ വർഗ്ഗീയ തീവ്രവാദ സംഘത്തെയും കൂടെക്കൂട്ടി, നുണകളുടെയും നെറികേടുകളുടെയും നാണംകെട്ട തിന്മകളുടെയും ബാക്കിപത്രമായി നേടിയെടുത്ത പ്രതിപക്ഷത്തിന്റെ 19 തലകൊണ്ട് ഈ രാജ്യത്തിന് എന്ത് കാര്യം; കേരളത്തിന് എന്ത് നേട്ടം?

കിഫ്ബിയെ ഉടായിപ്പെന്ന് പരിഹസിക്കുന്ന ഇവരുടെ സ്നേഹം ആരോടാണ്? "മഞ്ഞപ്പിത്തം പിടിച്ചവന്റെ കണ്ണിൽ കാണുന്നതെല്ലാം മഞ്ഞയായി തോന്നും" എന്നൊരു നാടൻ ചൊല്ലുണ്ട്. അതുപോലെയാണ് യു.ഡി.എഫ്. അവരുടെ സ്വഭാവത്തിലും അവസ്ഥയിലും മാറ്റംവന്നു. യു.ഡി.എഫ്.-ന്റെ പേരും മാറി. ഉടായിപ്പ് ഡെവലപ്മെന്റ് ഫണ്ട് എന്നായി മാറിയ യു.ഡി.എഫ്.-ന്റെ നേതാവിന്

എല്ലാം ഉടായിപ്പായി തോന്നുന്നതിൽ അത്ഭുതമൊന്നുമില്ല. അല്ലെങ്കിൽ ആരെങ്കിലും കിഫ്ബിയെ എതിർക്കുമോ? അന്താരാഷ്ട്ര ഓഹരി വിപണിയിൽ അരങ്ങേറ്റംതന്നെ അത്ഭുതമാക്കിയ കിഫ്ബിയുടെ ബോണ്ടിനെയല്ലേ ഇവർ പരിഹസിക്കുന്നത്? അങ്ങനെ എന്തെല്ലാം ആഭാസങ്ങൾ കാണേണ്ടിവരുന്നു. ഇപ്പോൾ ഈ സർക്കാർ ഭൂതകാല നേട്ടങ്ങൾ നിലനിർത്തി നവഉദാരവത്കരണ നയങ്ങൾക്ക് വഴങ്ങാതെ ഉത്പാദനരംഗത്ത് ഇടപെടുന്ന പുതിയ വെല്ലുവിളികൾ ഏറ്റെടുത്തുകൊണ്ട് മുന്നേറിക്കൊണ്ടിരിക്കുകയാണ്. എല്ലാ തലമുറയെയും അഭിസംബോധന ചെയ്തുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. അതിനിടയിൽ ഇടങ്കോലിടാൻ ഇല്ലാത്ത മസിലുകൾ വീർപ്പിച്ച്, ഇല്ലാത്ത ജീവശ്വാസം ആഞ്ഞുവലിച്ച് വല്ലാത്ത വരവൊന്ന് വന്നുകളയാമെന്നാണ് പ്രതിപക്ഷത്തിന്റെ പക്ഷം. നിങ്ങളെ നയിക്കുന്ന നായകനും പാർട്ടിയും അമേഠിയിൽ മാത്രമല്ല, ഇന്ത്യയിലാകെ എട്ടുനിലയിൽ പൊട്ടിയ യാഥാർത്ഥ്യമാണ് നിങ്ങൾ ഓർത്തുവയ്ക്കേണ്ടത്. അഖിലേന്ത്യാ കോൺഗ്രസ് ഇന്ന് അഖിലേന്ത്യാ തലത്തിൽത്തന്നെ അന്ത്യശ്വാസം വലിച്ചുകിടപ്പാണ്. കോമസ്റ്റേജിലായ കോൺഗ്രസ്സിനുവേണ്ടി കേരളത്തിൽ അന്തക്കേട് കാണിച്ചവർ കാത്തിരിക്കുന്നത് ആ കൈത്തെറ്റ് തിരുത്താനാണ്. 134 വർഷം പ്രായമുള്ള കോൺഗ്രസ്സിന്റെ ഈ രോഗാവസ്ഥയ്ക്ക് കാരണം വാർദ്ധക്യസഹജം മാത്രമല്ല, വർഗ്ഗീയപ്രീണനവും വിവരക്കേടുമാണ്. ഇന്ത്യ ഭരിക്കാൻ പുറപ്പെട്ടവർ പ്രതിപക്ഷത്തിരിക്കാൻപോലും പ്രാപ്തിയില്ലാതെ ഭ്രാന്തുപിടിച്ച് നടക്കുകയാണ്. നല്ലകാലത്ത് നാടാകെ ഭരിച്ചുമുടിച്ച കോൺഗ്രസ് ഇപ്പോൾ സ്വയം മുടിഞ്ഞുപോയി. 18 സംസ്ഥാനങ്ങളിൽ കോൺഗ്രസ് നേടിയ സീറ്റുകളുടെ എണ്ണം പൂജ്യമാണ്. അടുത്തകാലത്ത് ആരുടെയോ കരുണയിൽ ഭരണത്തിലെത്തിയ രാജസ്ഥാനിൽ കോൺഗ്രസിന് ഒരു സീറ്റുപോലും ലഭിച്ചില്ല. അതിനൊപ്പം അധികാരം ലഭിച്ച മദ്ധ്യപ്രദേശിലും കർണ്ണാടകയിലും കോൺഗ്രസ്സിന് ഒരു സീറ്റ് മാത്രമാണ് ലഭിച്ചത്. കോൺഗ്രസ്സിന്റെ ഭൂതകാല പറുദീസയായ 80 സീറ്റുള്ള ഉത്തർപ്രദേശിൽ ഒരു സീറ്റാണ് ലഭിച്ചത്. 48 സീറ്റുള്ള മഹാരാഷ്ട്രയിലും ബീഹാർ, ഹരിയാന, ഒറീസ, ഝാർഖണ്ഡ് തുടങ്ങിയ സംസ്ഥാനങ്ങളിലും ഒരു സീറ്റ് മാത്രമാണ് നേടാൻ കഴിഞ്ഞത്. ആക്രാന്തം മൂത്ത് ഒറ്റക്കാലിൽ ഇന്ത്യ ഭരിക്കാനിറങ്ങിയ കോൺഗ്രസ്സിന്റെ ഇരുകാലും നഷ്ടപ്പെടുത്തിയ പരാജയം ഇവർ ഇരന്നുവാങ്ങിയതാണ്. ഡൽഹിയിൽ അരവിന്ദ് കെജ്രിവാളിനെ മുക്കാനും യു.പി.-യിൽ മഹാസഖ്യത്തെയും മഹാരാഷ്ട്രയിൽ അംബേദ്കറുടെ ചെറുമകനെയും തോൽപ്പിക്കാനും നോക്കിയ കോൺഗ്രസ് ഇരന്നുവാങ്ങിയ പരാജയമാണിതെന്ന് അവർ ഓർക്കണം. ഇങ്ങനെ പറഞ്ഞാൽ തീരാത്ത പാപം ചെയ്തുനടന്ന പവനായി ശവമായി എന്നുപറഞ്ഞ പരുവത്തിലായി കോൺഗ്രസ്. കോൺഗ്രസ്സിന്റെ ചാരത്തിൽ നിന്നും ഉയർന്ന അവസാന പുകയാണ് കേരള

രാഷ്ട്രീയ വിഹായസ്സിൽ ഇപ്പോൾ കാണുന്ന യു.ഡി.എഫ്.-ന്റെ വിജയ പുക. അതൊരു ഇളങ്കാറ്റിൽപ്പോലും അപ്രത്യക്ഷമാകും. കേരളത്തെ കേരളമാക്കി മാറ്റിയ ഇടതുപക്ഷം ഇടപതറാത്ത നിശ്ചയദാർഢ്യവുമായി ആധുനിക കേരള സൃഷ്ടി പൂർത്തീകരണത്തിന് ഒത്തുതീർപ്പുകളില്ലാത്ത ജനകീയ ബദലുകളുമായി മുന്നേറുകയാണ്.

1.00 P.M.]

ശ്രീ. ആർ. രാമചന്ദ്രൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് കാലിയായ ഒരു ഖജനാവാണ് അവശേഷിച്ചിരുന്നതെന്ന് എല്ലാവർക്കുമറിയാം. അവിടെനിന്നുമാണ് എൽ.ഡി.എഫ്.-ന്റെ തുടക്കം. കഴിഞ്ഞ മൂന്ന് വർഷക്കാലം സാദ്ധ്യമായ എല്ലാ കേന്ദ്രങ്ങളിൽനിന്നും പണം കണ്ടെത്തി കേരളത്തിന്റെ വികസനക്കുതിപ്പിന് സാമ്പത്തിക പ്രതിസന്ധിയുണ്ടാക്കാതെ, ഖജനാവ് പൂട്ടിയിടാതെ, മുന്നോട്ട് പോകുന്ന ധനകാര്യ വകുപ്പിനെയും ജനങ്ങളുടെ നിത്യജീവിതത്തിൽ നിരന്തരം ഇടപെടേണ്ടിവരുന്ന റവന്യൂ വകുപ്പിനെയും ജനങ്ങളുടെ എല്ലാ പ്രശ്നങ്ങൾക്കും സമയബന്ധിതമായി പരിഹാരം കാണാൻ കഴിയുന്ന അവസ്ഥയിലേയ്ക്കെത്തിച്ച റവന്യൂ വകുപ്പുമന്ത്രിയേയും ഇത്തരുണത്തിൽ പ്രത്യേകം അഭിനന്ദിക്കുകയാണ്. ഇന്ന് കേരളത്തിലെ ജനങ്ങൾ സ്വന്തം അനുഭവത്തിന്റെ വെളിച്ചത്തിൽ വളരെ പ്രതീക്ഷയോടെയാണ് ഗവൺമെന്റിന്റെ എല്ലാ നടപടികളെയും വിലയിരുത്തിക്കൊണ്ടിരിക്കുന്നത്. ഗവൺമെന്റിനെതിരായി ശക്തമായ ജനവികാരമുണ്ടായെന്ന് സായൂജ്യമടയുന്ന പ്രതിപക്ഷം ആ നിലപാടുമായി മുന്നോട്ടുപോകണമെന്നാണ് എന്റെ അഭിപ്രായം. കാരണം വസ്തുതകൾ മനസ്സിലാക്കാൻ സാധിക്കാതെ വരുന്നതുകൊണ്ടാണ് ഇങ്ങനെയൊരു നിഗമനത്തിലെത്താൻ അവർ ശ്രമിക്കുന്നത്. മൂന്ന് വർഷക്കാലമായി ഇവിടെ പലതരത്തിലുള്ള ദുരന്തങ്ങളാണ് ഏറ്റുവാങ്ങേണ്ടിവന്നത് . അതിൽ സമാനതകളില്ലാത്ത ദുരന്തമായിരുന്നു പ്രളയം. ആ പ്രളയത്തെ അതിജീവിക്കാൻ കേരള ജനതയെ ഒറ്റക്കെട്ടായി നിർത്തി മാതൃകാപരമായ പ്രവർത്തനം നടത്തി ലോകശ്രദ്ധയാകർഷിച്ച ഒരു ഗവൺമെന്റാണ് സഖാവ് പിണറായി വിജയൻ നയിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. പ്രളയകാലത്ത് കേരളത്തെ സഹായിക്കാൻ ബാദ്ധ്യതപ്പെട്ട കേന്ദ്രം വൈരനിര്യാതന ബുദ്ധിയോടെയുള്ള നിലപാടാണ് സ്വീകരിച്ചത്. മോദിഭയം കൊണ്ടാണോ മോദിപ്രേമം കൊണ്ടാണോ അതിനെക്കുറിച്ച് ഒരക്ഷരം പറയാൻ യു.ഡി.എഫ്.-ന് കഴിയാതെപോകുന്നതെന്ന് ഇനിയും മനസ്സിലായിട്ടില്ല. അവർ പ്രളയത്തെക്കുറിച്ച് പറയുമ്പോഴെല്ലാം അത് മനുഷ്യനിർമ്മിതമാണെന്ന് സ്ഥാപിക്കാനാണ്

ശ്രമിക്കുന്നത്. കേരള ജനതയ്ക്കും ഈ സംസ്ഥാനത്തിനുമെതിരായി കേന്ദ്രഗവൺമെന്റ് എടുത്തുകൊണ്ടിരിക്കുന്ന നിലപാടുകൾ ഭംഗ്യന്തരേണ സാധൂകരിക്കുന്നതാണ് അതെന്ന് ഇനിയും അവർ മനസ്സിലാക്കുന്നില്ല. കേവലമൊരു വിമർശനം ഉന്നയിക്കാൻവേണ്ടിയുള്ള വിമർശനം എന്നതിനപ്പുറത്ത് അതിനെന്ത് പ്രസക്തിയാണുള്ളത്? ഇന്നും സഭയിൽ അതാവർത്തിച്ചു. ആ ആവർത്തനം നടത്തുന്ന യു.ഡി.എഫ്. ക്യാമ്പുകളോട് ഞാൻ ചോദിക്കുന്നു, ഇവിടെ 2004-ൽ സുനാമി ദുരന്തമുണ്ടായി. അന്നിവിടെ ഭരിച്ചിരുന്നത് എൽ.ഡി.എഫ്. ആയിരുന്നില്ല. ശ്രീ. ഉമ്മൻ ചാണ്ടിയായിരുന്നു അന്നത്തെ മുഖ്യമന്ത്രി. ആ മൃഗീയമായ ദുരന്തം ഏറ്റുവാങ്ങേണ്ടിവന്ന മണ്ഡലത്തിന്റെ പ്രതിനിധിയാണ് ഞാൻ. ഏതാണ്ട് നൂറ്റിമുപ്പതോളം മനുഷ്യ ജീവനാണ് എന്റെ മണ്ഡലത്തിൽ നഷ്ടമായത്. ആ ദുരന്തത്തിലകപ്പെട്ടവരെ രക്ഷിക്കാനും ആ നാടിനെ സംരക്ഷിക്കാനും ഞങ്ങൾ രാഷ്ട്രീയമായ നിലപാടല്ല, മനുഷ്യത്വപരമായ നിലപാടാണ് സ്വീകരിച്ചത്. അന്ന് ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഭരണ വൈകല്യത്തിന്റെ ഫലമായാണ് സുനാമി ദുരന്തമുണ്ടായതെന്ന് സ്ഥാപിക്കാൻ ഞങ്ങളാരും ശ്രമിച്ചില്ല. പ്രകൃതിദുരന്തം ഒരിക്കലും ഭരണകർത്താക്കളുടെ ഏതെങ്കിലും തരത്തിലുള്ള നിലപാടുകളുടെ അടിസ്ഥാനത്തിലുണ്ടാകുന്നതല്ലെന്ന സാമാന്യബോധം പോലുമില്ലാത്തവരായി യു.ഡി.എഫ്. മാറിക്കൊണ്ടിരിക്കുകയാണ്. അന്ധമായ എൽ.ഡി.എഫ്. വിരോധം അവരെ ഇന്ന് അരാഷ്ട്രീയ ചിന്തയിലേയ്ക്ക് നയിച്ചുകൊണ്ടിരിക്കുകയാണ്. എന്തെല്ലാമാണ് അവർ പറയുന്നത്? കേരളത്തിലുണ്ടാകുന്ന മാറ്റങ്ങൾ അവർ കാണുന്നില്ല. ഞാൻ തുടക്കത്തിൽ പറഞ്ഞതുപോലെ, ജനങ്ങൾക്കാവശ്യമുള്ള സർട്ടിഫിക്കറ്റുകളും റവന്യൂ ഓഫീസിൽനിന്ന് ലഭിക്കേണ്ട സഹായങ്ങളും എത്ര കൃത്യതയോടെയാണ് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നത് . ഇവിടെ വില്ലേജാഫീസുകളുടെ കാര്യം പരാമർശിച്ചു. ലീഗ് പ്രതിനിധിയുടെ മണ്ഡലത്തിലെ രണ്ട് വില്ലേജുകൾ സ്മാർട്ട് വില്ലേജുകളായി മാറി. എന്റെ മണ്ഡലത്തിലെ ഒരു വില്ലേജിനുമാത്രമേ ആ അവസ്ഥയുണ്ടായിട്ടുള്ളൂ. ലീഗ് പ്രതിനിധാനം ചെയ്യുന്ന മണ്ഡലത്തിൽ രണ്ടെണ്ണം കിട്ടി. തകർന്ന് തരിപ്പണമായി കിടക്കുന്ന വില്ലേജാഫീസുകളെ കാലോചിതമായി സ്മാർട്ട് വില്ലേജുകളാക്കി മാറ്റാനുള്ള പരിശ്രമമല്ലേ നടത്തിക്കൊണ്ടിരിക്കുന്നത് ? എന്തുകൊണ്ടാണ് അവർക്കിത് കാണാൻ കഴിയാത്തത് ? ഇതൊന്നും കാണാനുള്ള മാനസികാവസ്ഥയല്ല അവർക്കുള്ളത് . ഇപ്പോൾ 19 സീറ്റുകൂടി കിട്ടിക്കഴിഞ്ഞപ്പോൾ ഏതാണ്ട് ലോകം പിടിച്ചടക്കിയെന്ന മട്ടാണ്. എൽ.ഡി.എഫ്.-ന് ഒരു സീറ്റല്ലേയുള്ളൂവെന്ന് കഴിഞ്ഞ ദിവസങ്ങളിൽ ഇവിടെ ആവർത്തിച്ച് പറയുന്നതുകേട്ടു. ഒന്നിലധികമുണ്ടെന്ന് ഞങ്ങളാരും അവകാശപ്പെട്ടില്ല. തോൽവി തോൽവിയായി സമ്മതിച്ച് തോൽവിയുടെ കാരണങ്ങൾ വസ്തുതാപരമായി പരിശോധിച്ച് തിരുത്തേണ്ടത്

തിരുത്തി ജനങ്ങളോടൊപ്പം നിന്ന് ജനങ്ങളുടെ പ്രശ്നങ്ങൾ ഏറ്റെടുത്ത് മുന്നോട്ടുപോകുന്ന ഒരു മുന്നണിയും ആ മുന്നണിയിലെ പ്രസ്ഥാനങ്ങളുമാണ് ഞങ്ങളുടേതെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ, ഇന്ത്യ പിടിക്കാനിറങ്ങിയവരാണ് നിങ്ങൾ. നിങ്ങൾക്ക് ഇന്ത്യ പിടിക്കാൻ കഴിഞ്ഞില്ലെന്നുമാത്രമല്ല ഞാൻ കഴിഞ്ഞ ദിവസം പറഞ്ഞത് ആവർത്തിക്കാനാഗ്രഹിക്കുന്നു. കേരളവും തമിഴ്നാടുമില്ലായിരുന്നെങ്കിൽ എന്താകുമായിരുന്നു നിങ്ങളുടെ അവസ്ഥ? ഞങ്ങൾ അതിൽ സന്തോഷിക്കുന്നവരല്ല, അതിന്റെ ആഹ്ലാദത്തിമിർപ്പിൽ പറയുന്നതുമല്ല. നിങ്ങളിപ്പോഴും ഒരു പുനഃപരിശോധനയ്ക്കോ യാഥാർത്ഥ്യങ്ങളിലേയ്ക്കോ തിരിച്ചുപോകുന്നതിന് സന്നദ്ധമാകുന്നില്ലെന്നുള്ളത് ഈ നാടിന് ആപത്കരമായ വിപത്തുകൾ നാളെയും സൃഷ്ടിക്കാനിടയാക്കുമെന്നുള്ള ഗൗരവമായ രാഷ്ട്രീയം കണ്ടുകൊണ്ടാണെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. സാദ്ധ്യമാകുമെങ്കിൽ വസ്തുതാപരമായ വിശകലനത്തിനും യഥാർത്ഥ്യബോധത്തോടെയുള്ള സമീപനത്തിനും കോൺഗ്രസ് നേതൃത്വം തയ്യാറാകണം. ഇന്നത്തെ നേതൃശൂന്യത എത്രയുംവേഗം പരിഹരിച്ച് ഈ നാടിനെ വർഗ്ഗീയശക്തികളിൽനിന്നും വിമുക്തമാക്കാനുള്ള പ്രവർത്തനത്തിലേയ്ക്ക് കോൺഗ്രസ് മുന്നോട്ടുവരണമെന്ന് മാത്രം ഓർമ്മപ്പെടുത്തിക്കൊണ്ട് ഞാൻ നിർത്തുന്നു.

പ്രൊഫ. കെ. യു. അരുണൻ: സർ, ഈ സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. പ്രളയാനന്തര കേരളം ഇംഗ്ലീഷിൽ പറയുന്നതുപോലെ post-truth-നശേഷമുള്ള ഒരു ചിട്ടയില്ലാത്ത, അലങ്കോലത്തിന്റെ കാലഘട്ടമാണ്. നമ്മൾ ഒരു കെട്ടിൽനിന്ന് ഒരു സാധനം വലിച്ചെടുത്താൽ അത് അലങ്കോലപ്പെടുമല്ലോ; ഞാൻ ആ ഭാഗത്തേയ്ക്ക് കടക്കുന്നില്ലെങ്കിലും പോസ്റ്റ് ട്രൂത്ത് പീരിയഡ് കഴിഞ്ഞിട്ട് ഇപ്പോൾ അലങ്കോലത്തിന്റെ കാലഘട്ടമാണെന്ന് ഓർമ്മപ്പെടുത്താൻ ആഗ്രഹിച്ചുവെന്ന് മാത്രം.

പ്രളയവുമായി ബന്ധപ്പെട്ട് പറയുമ്പോൾ ആദ്യം ഓർമ്മ വരുന്നത് നോഹയുടെ പേടകമാണ്. നോഹയോട് പ്രളയം വരും നീ വേണമെങ്കിൽ രക്ഷപ്പെട്ടോയെന്ന് പറഞ്ഞു. അപ്പോൾ നോഹ പേടകത്തിൽ എല്ലാ ജീവജാലങ്ങളുടെയും ആണിനെയും പെണ്ണിനെയും (ഇണകളെയും) കൊണ്ടുവന്നു. പറഞ്ഞതുപോലെ പ്രളയം വന്ന് ജലം പൊങ്ങിപ്പൊങ്ങി വന്നു. 41 ദിവസംവരെ നീണ്ടുനിന്ന പ്രളയം പതുക്കെപ്പതുക്കെ അവസാനിച്ചപ്പോൾ മറ്റൊരിടത്തും ഒന്നും മുന്നിലുണ്ടായിരുന്നില്ല. ഒലീവ് ഇലയുമായി ഒരു പ്രാവ് പറന്നുവന്നു. അപ്പോൾ എവിടെയോ ഒരു വൃക്ഷശിഖരം വെള്ളത്തിനുമുകളിലേയ്ക്ക് വന്നിരിക്കുന്നുവെന്ന് മനസ്സിലാക്കി. അങ്ങനെ നോഹയുടെ പേടകത്തിൽ നിന്നാണ് നമ്മളൊക്കെ ഉണ്ടാകുന്നത്.

പണ്ട് വൈവസ്വത മനു വെറുതെ കയ്യിൽ കുറച്ച് വെള്ളമെടുത്തപ്പോൾ അതിൽ ഒരു മീനിനെ കണ്ടു. വേഗം കയ്യിൽ നിന്ന് മീനിനെ ഉപേക്ഷിക്കാൻ പോയപ്പോൾ അത് പറഞ്ഞു എന്നെ ഉപേക്ഷിക്കല്ലേ; എന്നെ കൊണ്ടുപോകണം, ആദ്യം കുടത്തിൽ വളർത്തണം, കുടത്തിൽ ഒതുങ്ങുന്നില്ലായെന്ന് വരുമ്പോൾ കുളത്തിലാക്കുക, കുളത്തിലൊതുങ്ങിയില്ലെങ്കിൽ നദിയിലാക്കുക, നദിയിൽ ഒതുങ്ങുന്നില്ലെങ്കിൽ സമുദ്രത്തിൽ കൊണ്ടുപോകാൻ പറഞ്ഞു. പറഞ്ഞതുപോലെ വൈവസ്വത മനു ഈ മത്സ്യത്തെ സമുദ്രത്തിൽ വിടാൻ പോയപ്പോൾ പറഞ്ഞു ഒരു പ്രളയമുണ്ടാകാൻ പോകുന്നു അപ്പോൾ നീ ഒരു ചെറിയ തോണിയുമായി വരികയാണെങ്കിൽ ഞാൻ നിന്നെ എന്റെ തേറ്റയിൽ കെട്ടി ഹിമാലയത്തിൽ കൊണ്ടുപോയി സംരക്ഷിക്കാമെന്ന്. പറഞ്ഞതുപോലെ സംഭവിച്ചു. ആ വൈവസ്വത മനുവിൽ നിന്നുണ്ടായതാണ് നമ്മളൊക്കെ. അതുകൊണ്ടാണ് മനുജർ - മനുവിൽ നിന്ന് ജനിച്ചവർ എന്നുപറയുന്നത്.

പ്രളയത്തെക്കുറിച്ച് കൂടുതൽ പറയുന്നതിനുവേണ്ടിയല്ല ഞാനിത് പറയുന്നത്. നേരത്തെ ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ പാട്ടം കൊടുക്കുന്നതിനെ സംബന്ധിച്ച് പറഞ്ഞു. 'ആ മനുഷ്യൻ നീ തന്നെ', 'അവനുണരുന്നു' തുടങ്ങിയ നാടകങ്ങളുടെ കർത്താവും 'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി' എന്ന നാടകത്തെ തോല്പിക്കാൻ 'വിഷ വൃക്ഷം' എന്ന കോൺഗ്രസ്സ് നാടകമെഴുതിയ ഏറ്റവും വലിയ കമ്മ്യൂണിസ്റ്റ് വിരുദ്ധനായ സി. ജെ. തോമസ്, കെ. ദാമോദരൻ എഴുതിയ 'പാട്ട ബാക്കി' എന്ന നാടകമാണ് മലയാളത്തിലെ ഏറ്റവും നല്ല നാടകമെന്ന് പറഞ്ഞു. പാട്ടം കൊടുക്കാത്തതുകൊണ്ട് തെരുവിലേയ്ക്ക് വലിച്ചിഴയ്ക്കപ്പെട്ട ഒരു കുടുംബം. ഞാൻ കഥയൊന്നും പറയുന്നില്ല. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ പറഞ്ഞതുകൊണ്ട് സൂചിപ്പിച്ചു എന്നുമാത്രം. അതിൽ അമ്മയുണ്ട്, സഹോദരിയുണ്ട്, ബാലനായ മകനുമുണ്ട്. മകൻ വിശക്കുന്നുവെന്ന് അലറിവിളിക്കാൻ തുടങ്ങിയപ്പോൾ തെരുവിൽ കിടക്കുന്ന അമ്മ മൂത്ത മകളോട് എന്ത് വൃത്തികെട്ട ജോലി ചെയ്തിട്ടായാലും നീ ബാലന്റെ വിശപ്പ് അവസാനിപ്പിക്കണമെന്ന് പറഞ്ഞു. നമ്മുടെ നാട്ടിൽ ജോലിക്കുവേണ്ടി തെണ്ടി നടന്നാൽ എന്തെങ്കിലും ജോലി കിട്ടുമോ? അവസാനം ആ സ്ത്രീ അമ്മയുടെ വാക്കുകൾ പ്രയോഗപഥത്തിലെത്തിക്കു ന്നതിനുവേണ്ടി വേശ്യാവൃത്തിയിലേയ്ക്ക് വഴുതിവീഴുകയാണ് ചെയ്തത്. എല്ലാം മനസ്സിലാക്കിക്കൊണ്ട് മോഷണത്തിന് ജയിലിലായിരുന്ന ചെറുപ്പക്കാരൻ വീട്ടിൽചെന്ന് ഈ ചെറുപ്പക്കാരിയുടെ മുടിയിന്മേൽ പിടിച്ചിട്ട് നീ എന്തിനാണ് വേശ്യയായതെന്ന് ചോദിക്കുകയാണ്. അപ്പോൾ ചേട്ടൻ എന്തിനാണ് മോഷ്ടാവായതെന്ന് ആ സ്ത്രീ ചോദിച്ചു. ബാലനും അമ്മയ്ക്കും ഭക്ഷണം കൊടുക്കാൻ വേണ്ടിയാണെന്ന് ചെറുപ്പക്കാരൻ പറഞ്ഞു. അപ്പോൾ സ്ത്രീ പറഞ്ഞു ഞാൻ

വേശ്യയായതും അതേ കാരണംകൊണ്ടാണ് എന്ന്. അതുകൊണ്ടാണ് 'പാട്ട ബാക്കി' എന്ന നാടകം മലയാളത്തിൽ ഏറ്റവും നല്ല രാഷ്ട്രീയ നാടകമായി മാറാൻ കാരണം.

'വെള്ളപ്പൊക്കം' എന്നുപറയുന്ന തകഴി ശിവശങ്കരപിള്ളയുടെ ഒരു കഥയുണ്ട്. അത് വളരെ പ്രധാനപ്പെട്ടതുതന്നെയാണ്. വെള്ളപ്പൊക്കം വരിക; എല്ലാവരും ഓടിപ്പോകുക. ഓടിപ്പോകുന്ന സന്ദർഭത്തിൽ അതുവരെ യജമാനനെ കാത്തുസംരക്ഷിച്ചുപോന്ന നായയെ മറന്നു. പിന്നീട് വഞ്ചിയിൽ വരുമ്പോൾ നായ ജയമാനന്റെ ഭവനത്തിന്റെ മോന്തായത്തിലിരുന്ന് വീട് കാക്കുകയാണ്. അപ്പോഴാണ് നായയെക്കുറിച്ചുള്ള ഓർമ്മ വന്നത്. ആ നായയുടെ നന്ദിപോലുമില്ലാത്തവരായി ആധുനികകാലത്ത് മനുഷ്യൻ നശിക്കുന്നുവെന്നു ള്ളതാണ് പ്രധാനപ്പെട്ട വ്യഥ; മനുഷ്യന്റെ ദു:ഖം അതാണ്.

പ്രളയമുണ്ടായപ്പോൾ, ഒരു കുന്നിന്മേൽ മാത്രം ജനങ്ങൾ വസിക്കാൻ നിർബന്ധിക്കപ്പെട്ടിരുന്നു. ഞാൻ മുഖ്യമന്ത്രിയെയും റവന്യൂ വകുപ്പുമന്ത്രിയെയും വിളിച്ചപ്പോൾ ഉടൻതന്നെ ഹെലികോപ്റ്റർ വന്ന് കുന്നിന്റെ മുകളിൽ നിന്ന ആൾക്കാരെയെല്ലാം മാറ്റിപാർപ്പിച്ചു. ഏത് കാര്യത്തിനും എവിടെവച്ച് കണ്ടാലും നിന്റെ മതമേത്, ജാതിയേത് എന്ന് ചോദിച്ചിരുന്ന മനുഷ്യർ എല്ലാവരുംകൂടി വളരെ ഇടുങ്ങിയ ഒരു മുറിയിൽ ഒറ്റപ്പായയിൽ കിടന്നുറങ്ങിയപ്പോൾ മതമേത് ജാതിയേത് എന്നുള്ള ചോദ്യമുണ്ടായില്ല. അപ്പോൾ നമ്മുടെ നിലനില്പുമായി ബന്ധപ്പെട്ട വരുമ്പോൾ പലതും മറന്നുപോകുന്നുണ്ട്. അങ്ങനെവരുമ്പോൾ 'നമ്മൾ ആര്' എന്ന ചോദ്യം ചോദിക്കണം. ആ ചോദ്യം ചോദിച്ചു അമേരിക്കയിൽ, എന്നിട്ട് അവർ പറഞ്ഞത്, 'We are all protestant.' എന്നാണ്. ഇവിടെ നമ്മൾ ആ ചോദ്യം ചോദിക്കുമ്പോൾ 'Who are we?' നമ്മൾ ആര്? നമ്മളൊക്കെ മനുഷ്യർ. മനുഷ്യർ എന്നുപറയുന്ന ഉത്തുംഗമായ പദത്തിന്റെ നാനാർത്ഥങ്ങളിലേക്ക് മനുഷ്യനെത്തിയ ഒരു ദേശം കേരളം മാത്രമാണ്. കേരളത്തിൽ ആ രൂപത്തിലെത്താനുള്ള പ്രധാന കാരണം കുടിയൊഴിപ്പിക്കലാണ്. 'കുടിയൊഴിപ്പിക്കൽ' എന്നുപറയുന്ന വൈലോപ്പിള്ളി ശ്രീധരമേനോന്റെ അതിമനോഹരമായ ഒരു കാവ്യമുണ്ട്. സച്ചിദാനന്ദൻ പറഞ്ഞത്, കഴിഞ്ഞ നൂറ്റാണ്ടിലെ മലയാളത്തിലെ ഏറ്റവും നല്ല കവിതയേതെന്ന് ചോദിച്ചാൽ 'കുടിയൊഴിപ്പിക്കൽ' എന്നാണ്. അപ്പോൾ കുടിയൊഴിപ്പിക്കലിന് നിർബന്ധമാകുന്ന ആൾക്കാർ കുടിയൊഴിപ്പിക്ക പ്പെടുകയാണ്. എവിടേക്കാണ് പോകുക; ഒരിടത്തും പോകാൻ സാധിക്കില്ല. ആ ഒരു രീതി അല്ലെങ്കിൽ ശൈലി ഇപ്പോഴുമുണ്ടായിയെന്നാണ് ഞാൻ സൂചിപ്പിച്ചുവരുന്നത്. ഒരാൾക്കും ജാതിയുടെ സങ്കുചിതത്വമുണ്ടായില്ല; മതത്തിന്റെ അന്ധതയുണ്ടായില്ല. എല്ലാവരും ഒറ്റക്കെട്ടായി നിന്നുകൊണ്ട് നമ്മുടെ നാട്ടിൽ

പ്രളയബാധിതരായ ജനങ്ങളുടെ ദുസ്സഹമായ ജീവിതത്തിന് പരിഹാരം തേടുന്നതിനുവേണ്ടിയുള്ള അക്ഷീണമായ പരിശ്രമത്തിൽ നിരന്തരം വ്യാപൃതരായിയെന്നുള്ളത് മലയാളിക്ക് എന്നും അഭിമാനിക്കാവുന്ന ഒരു മുഹൂർത്തമാണെന്ന് ഈ സന്ദർഭത്തിൽ ഞാൻ പറയുകയാണ്.

എല്ലാ ദിവസവും അതിരാവിലെ എഴുന്നേറ്റ് നാനാമണ്ഡലങ്ങളിലും പ്രവർത്തിക്കുന്ന വ്യത്യസ്ത സന്നദ്ധപ്രവർത്തകരിലേയ്ക്കും രാഷ്ട്രീയ പ്രവർത്തകരിലേയ്ക്കും ജില്ലാ പഞ്ചായത്ത് മെമ്പർമാരിലേയ്ക്കുമൊക്കെ തന്റെ പ്രായോഗികപദത്തിലെ അനുഭവസമ്പത്തിന്റെ അടിസ്ഥാനത്തിൽ നിർദ്ദേശങ്ങൾ നൽകിപ്പോന്ന മന്ത്രിസഭയുടെ തലവനായ ശ്രീ. പിണറായി വിജയനെ ഏത് വാക്കുകൾ കൊണ്ടാണ് മലയാളി വിശേഷിപ്പിക്കേണ്ടത് എന്നതാണ് ഇന്നത്തെ പ്രസക്തമായ ചോദ്യം. വിശേഷ പദങ്ങൾക്കുവേണ്ടി ലോകത്തിലെ പ്രസിദ്ധരും പ്രഗത്ഭരും പരതിനടക്കുകയാണ്. C.M എന്നുപറഞ്ഞാൽ Chief Minister എന്നുമാത്രമല്ല Crisis Manager എന്നുകൂടി വിശേഷിപ്പിക്കാം.

പാർപ്പിട പ്രശ്നത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്? സൂക്ഷ്മനിരീക്ഷണം നടത്തിക്കൊണ്ട് അധ:സ്ഥിതരായ ജനവിഭാഗങ്ങളുടെ പാർപ്പിട പ്രശ്നങ്ങളിലേയ്ക്ക് വിശാലഹൃദയത്തോടുകൂടി ഇറങ്ങിത്തിരിക്കാൻ നമ്മൾ ശ്രമിച്ചില്ലെങ്കിൽ നാം പത്തോ അറുപതോ വർഷംകൊണ്ട് നേടിയെടുത്ത, മറ്റാർക്കും അവകാശപ്പെടാനാകാത്ത സകല നേട്ടങ്ങളും കോട്ടങ്ങളായി പരിണമിക്കുമെന്നുള്ളതാണ് ഒരു കാര്യം. പഴയകാലത്ത് ആനയുടെ പുറത്തിരുന്നുവെന്ന് പറഞ്ഞുകൊണ്ട് ഇപ്പോഴും ആസനത്തിൽ തഴമ്പുണ്ടോയെന്ന് തപ്പിനോക്കുന്ന രീതി അവസാനിപ്പിക്കണം.

കേരളത്തിന്റെ തനിമ എന്നുപറയുന്നത്, സാക്ഷരരും സ്വന്തം വീട്ടിൽ കിടന്നുറങ്ങുന്നവരുമായ ആളുകളുള്ള ഒരു സംസ്ഥാനമാണ് എന്നുള്ളതാണ്. ഒരു മീറ്റിംഗ് കഴിഞ്ഞ് എവിടെപ്പോകുന്നു എന്ന് 100 പേരോട് ചോദിച്ചാൽ 90 പേരും സ്വന്തം വീട്ടിൽ കിടന്നുറങ്ങാൻ പോകുന്നുവെന്ന് പറയുന്ന ഒരൊറ്റ സംസ്ഥാനമേയുള്ളൂ, അതാണ് കേരളം.

ശ്രീ. ജോർജ് എം. തോമസ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്താങ്ങുകയാണ്. കേരളത്തിന്റെ സമ്പദ്ഘടനയെക്കുറിച്ചുള്ള ചർച്ച അഖിലേന്ത്യാ പശ്ചാത്തലത്തിൽ നിന്നുവേണം ആരംഭിക്കാനെന്നാണ് ഞാൻ കരുതുന്നത്. രാജ്യമാകെ മാന്ദ്യത്തിലേയ്ക്ക് പോകുകയാണ്. പ്രതീക്ഷിച്ചത്ര വളർച്ചാനിരക്ക് കൈവരിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ സാമ്പത്തിക ഉപദേഷ്ടാവ് തന്നെ വ്യക്തമാക്കിയ

സാഹചര്യത്തിൽ കേരളത്തിന്റെ പ്രതിശീർഷ വരുമാനത്തിൽ ഏതാണ്ട് പതിനായിരത്തിലധികം രൂപയുടെ വർദ്ധനവുണ്ടാകുകയും സംസ്ഥാന ഉല്പാദന മേഖലയുടെ വളർച്ചാതോത് 6.72 ശതമാനത്തിലേയ്ക്ക് ഉയരുകയും ചെയ്തത് വേറിട്ട വഴികളിലൂടെ, വ്യത്യസ്തമായ പാതകളിലൂടെയുള്ള നമ്മുടെ സഞ്ചാരത്തിന്റെ ഫലമായിട്ടാണ്. അതാകട്ടെ, നിലവിലുള്ള ബൂർഷ്വാ സാമ്പത്തിക വ്യവസ്ഥിതിയിൽ ബൂർഷ്വാ രാഷ്ട്രീയ പാർട്ടികൾ സ്വീകരിക്കുന്ന നയങ്ങളിൽനിന്നും വ്യത്യസ്തമായൊരു ബദൽ രാഷ്ട്രീയനയം സ്വീകരിക്കാൻ സംസ്ഥാന ഗവൺമെന്റ് കാണിച്ച ആർജ്ജവത്തിന്റെകൂടി ഫലമാണ്. 'ഞാൻ ശ്വസിക്കുന്നതുപോലും കമ്മ്യൂണിസം നടപ്പിലാക്കാൻവേണ്ടിയാണെങ്കിലും എന്റെ ഗവൺമെന്റിന്റെ പദ്ധതി കേരളത്തിൽ കമ്മ്യൂണിസം നടപ്പാക്കലല്ല' എന്ന് മഹാനായ സഖാവ് ഇ.എം.എസ്. 1957-ൽ പറഞ്ഞ വാക്യത്തെ അനുസ്മരിപ്പിച്ചുകൊണ്ടാണ് പുതിയ കാലഘട്ടത്തിൽ, മാന്ദ്യത്തിൽനിന്നും സാമ്പത്തിക തകർച്ചയിൽ നിന്നുമൊക്കെ കേരളത്തെ രക്ഷപ്പെടുത്തുന്നതിനുവേണ്ട ബദൽ സംവിധാനങ്ങൾ ധനകാര്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശക്തമായ പിന്തുണയോടെ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ടാണ് കിഫ്ബി പോലുള്ള പുതിയ പദ്ധതികൾ ആവിഷ്കരിക്കാനും ആ പദ്ധതികളിലൂടെ പശ്ചാത്തല മേഖലയിൽ പൊതുനിക്ഷേപം വർദ്ധിപ്പിച്ചുകൊണ്ട് തൊഴിലവസരങ്ങളും സാമ്പത്തിക വളർച്ചയും കൈവരിക്കാനും നമുക്ക് കഴിഞ്ഞത്.

ഇന്നലെ ബഹുമാനപ്പെട്ട പി.ഡബ്ല്യു.ഡി. വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ മലയോര ഹൈവേ കടന്നുപോകുന്ന പ്രദേശങ്ങളിലെ എം.എൽ.എ.-മാരുടെ യോഗം ചേർന്നിരുന്നു. മിക്കവാറും എല്ലാ മേഖലകളിലും മലയോര ഹൈവേയുടെ പ്രവൃത്തി ജൂലൈ മാസത്തിൽ ടെണ്ടർ ചെയ്യുമെന്ന് വ്യക്തമാക്കപ്പെട്ടിരിക്കുകയാണ്. എല്ലാ തടസ്സങ്ങളും മാറ്റി പതിറ്റാണ്ടുകളായി കേരളത്തിലെ മലയോര നിവാസികൾ സ്വപ്നം കാണുന്ന ഒരു പാത യാഥാർത്ഥ്യമാകുകയാണ്. തീരദേശ ഹൈവേ, ദേശീയപാത വികസനം, ദേശീയ ജലപാത വികസനം ഉൾപ്പെടെയുള്ള ബൃഹത്തായ പദ്ധതികൾ, ഒരു കാലത്ത് സ്വപ്നംകാണാൻപോലും കഴിയാതിരുന്ന ആ പദ്ധതികളെല്ലാം യാഥാർത്ഥ്യമാക്കുന്നതുവഴി ഒരു പുതിയ കാഴ്ചപ്പാട്, പുതിയ സമീപനം നമ്മുടെ സംസ്ഥാനം സ്വീകരിക്കുകയാണ്. അതിനെ മനസ്സിലാക്കാനും അംഗീകരിക്കാനും നമ്മുടെ പ്രതിപക്ഷ പ്രസ്ഥാനങ്ങൾ പ്രത്യേകിച്ചും പ്രതിപക്ഷ നേതാവ് തയ്യാറാകാത്തത് ഖേദകരമാണ്. സാമ്പത്തിക രംഗത്തുള്ള ഈ വളർച്ചയുടെ ഫലമായിട്ടാണ് 1000 ദിനങ്ങൾ പൂർത്തീകരിക്കുന്ന സമയത്ത് ഏതാണ്ട് പതിനെട്ടായിരത്തിലധികം പുതിയ തസ്തികകൾ സൃഷ്ടിക്കാനും ഒരു ലക്ഷത്തിലധികം വരുന്ന ചെറുപ്പക്കാർക്ക് അതുവഴി തൊഴിൽ ലഭ്യമാക്കാനും കഴിഞ്ഞത്.

സാമ്പത്തിക മേഖലയിലെ വളർച്ച മാത്രമല്ല, റവന്യൂ രംഗത്തും പുതിയ ഒട്ടേറെ സമീപനങ്ങൾ റവന്യൂ വകുപ്പ് സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. റവന്യൂ റിക്കോർഡുകളെല്ലാം ഡിജിറ്റലൈസ് ചെയ്യാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. കേരളത്തിലെ എല്ലാ സ്ഥലത്തും ആധാർ സമാനമായ തണ്ടപ്പേര് സ്വീകരിക്കാനും എവിടെ ഭൂമി വാങ്ങിയാലും ഒരേ തണ്ടപ്പേരിൽ അതെല്ലാം കൊണ്ടുവരാനുമുള്ള നടപടി സ്വീകരിക്കുന്നതിലൂടെ മിച്ചഭൂമി ഉൾപ്പെടെയുള്ള ഭൂമിയുടെ ക്രയവിക്രയ പ്രശ്നങ്ങളിൽ സുതാര്യത ഉറപ്പുവരുത്താൻ കഴിയും. റീസർവ്വേ നടപടികൾ ഏതാണ്ട് തൊള്ളായിരത്തോളം വില്ലേജുകളിൽ നടപ്പിലാക്കാൻ ബാക്കിയുണ്ട്. അവ ഉടൻതന്നെ നടപ്പിലാക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കിയിട്ടുണ്ട്. ഏതാണ്ട് ഒരു ലക്ഷത്തിലധികം ആളുകൾക്ക് ഇപ്പോൾ പട്ടയം കൊടുത്തിട്ടുണ്ട്. എനിക്ക് അതുസംബന്ധിച്ച് ചില പരാതികൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി, പുതുപ്പാടി എന്നീ പഞ്ചായത്തുകളിലും മുക്കം മുനിസിപ്പാലിറ്റിയിലും പട്ടയം കിട്ടാത്ത നിരവധിയാളുകൾ ഇനിയും അവശേഷിക്കുകയാണ്. ഭൂമി സംബന്ധമായ ഒട്ടേറെ തർക്കങ്ങൾ അവിടെ നടക്കുകയാണ്. ലാൻഡ് ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമായിട്ടുണ്ട്. എത്രയോ വർഷങ്ങൾക്കുമുമ്പ് Amalgamated Rubber Company തൊഴിലാളികൾക്ക് സംഭാവനയായി കൊടുത്ത ഭൂമിയുടെ രേഖയും റിക്കാർഡുകളും ഇതുവരെ കൊടുക്കാൻ കഴിയാത്തതുകൊണ്ട് അവർക്ക് ഭൂമി പണയപ്പെടുത്താൻ കഴിയുന്നില്ല. ചെറുപ്ലാട് വനഭൂമി പ്രദേശത്ത് താമസിക്കുന്നവർക്ക് പട്ടയം എഴുതിവച്ചുവെന്നാണ് പറയുന്നത്, ഇതുവരെ കൊടുത്തിട്ടില്ല. തിരുവമ്പാടി പഞ്ചായത്തിലെ ആനക്കാംപൊയിൽ, മുത്തപ്പൻപുഴ, കരിമ്പ് തുടങ്ങിയ പ്രദേശങ്ങളിൽ ഭൂമിയുടെ രേഖ 1970, 1972 കാലഘട്ടം മുതൽ കൈവശം വച്ച് അനുഭവിച്ചുവരുന്ന കൃഷിക്കാർക്ക് വനം വകുപ്പിന്റെ സമീപനംമൂലം ഭൂമി സ്വന്തമായി ക്രയവിക്രയം ചെയ്യാൻ കഴിയുന്നില്ല. മുത്തപ്പൻപുഴയിൽ ഒരു പള്ളിസെമിത്തേരിയുടെ നടുവിലൂടെയാണ് ഇപ്പോൾ വനംവകുപ്പ് ചങ്ങല വലിച്ചുകൊണ്ടിരിക്കുന്നത്. ഇതെല്ലാം ശക്തമായ ബഹുജനസമരം വളർത്തിക്കൊണ്ടു വരികയാണ്. കോഴിക്കോട് ജില്ലയിലെ കൂരാച്ചുണ്ട് പഞ്ചായത്തിൽ നികുതി വാങ്ങുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട സംസ്ഥാന മുഖ്യമന്ത്രി ഇടപെട്ടിട്ടും ഇനിയും പരിഹാരം കാണാൻ കഴിഞ്ഞിട്ടില്ല. ഈ വിധത്തിൽ ഭൂമി സംബന്ധമായ പ്രശ്നങ്ങൾ കോഴിക്കോട് ജില്ലയിൽ അനവധിയാണ്.അതുകൊണ്ട് അടിയന്തരമായി അവിടത്തെ റീസർവ്വേ നടപടികൾ പൂർത്തീകരിച്ച് പട്ടയം ലഭിക്കാൻ അവശേഷിക്കുന്ന പതിനയ്യായിരത്തോളം പേർക്ക് പട്ടയം ലഭ്യമാക്കുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കണം.

മറ്റ് രാഷ്ട്രീയ കാര്യങ്ങളിലേയ്ക്ക് കൂടുതലായി കടക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. പക്ഷെ, ഞങ്ങൾ അനുഭവിക്കുന്ന ചെറിയൊരു പ്രയാസം ശ്രദ്ധയിൽപ്പെടുത്തുകയാണ്. വയനാട് നിയോജകമണ്ഡലത്തിലെ എം.പി. ബഹുമാനപ്പെട്ട രാഹുൽ ഗാന്ധിയാണ്. എല്ലാ പൊതുപരിപാടികളിലും ബഹുമാനപ്പെട്ട എം.പി.-യെക്കൂടി ക്ഷണിക്കണമെന്നാണ് കോൺഗ്രസ്സുകാർ ആവശ്യപ്പെടുന്നത്. മുമ്പ് അതാണ് കീഴ്വഴക്കമെന്നും ശ്രീ. എം. ഐ. ഷാനവാസ്, എം.പി. ആയിരുന്നപ്പോൾ സംസ്ഥാന ഗവൺമെന്റിന്റെ ചെറിയ പരിപാടികൾക്കുപോലും അദ്ദേഹം വരുമായിരുന്നെന്നുമാണ് പറയുന്നത്. ഇപ്പോൾ ഞങ്ങൾ പുതിയ എം.പി.-യെ ക്ഷണിക്കാനുള്ള തയ്യാറെടുപ്പിലാണ്. ചുരം റോഡിന്റെ മൂന്ന്, അഞ്ച് വളവുകൾ വീതികൂട്ടി റിപ്പയർ ചെയ്തതിന്റെ ഉദ്ഘാടനം അടുത്ത ദിവസം ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി നടത്താൻ പോകുകയാണ്. സ്വാഭാവികമായും അദ്ധ്യക്ഷൻ സ്ഥലം എം.എൽ.എ. ആയിരിക്കും. മുഖ്യാതിഥിയായി ശ്രീ. രാഹുൽ ഗാന്ധിയുടെ വരവ് മനസ്സിൽക്കാണുകയാണ്. വല്ലാത്തൊരു പ്രയാസം തോന്നുകയാണ്. മുഖ്യാതിഥിയായി പ്രഭാഷണം നടത്താൻ മെനിഞ്ഞാന്ന് ശ്രീ. രാഹുൽ ഗാന്ധി വന്നപ്പോൾ കരിമ്പൂച്ചയും വെള്ളപൂച്ചയുമൊക്കെ അവിടെ വന്നുപോയി. അതിന്റെ കോലാഹലം പറഞ്ഞറിയിക്കാൻ വയ്യ. അദ്ദേഹം അവിടെ വന്നിട്ട് പ്രമുഖനായ ഒരു നേതാവിനോട്, ആ നേതാവിന്റെ പേരോ സ്ഥലമോ ഞാൻ പറയുന്നില്ല; 'who are you?' എന്ന് ചോദിച്ചു. അപ്പോൾ " I are the sitting...." ബാക്കി പൂരിപ്പിക്കാതെ വിടുകയാണ്, അതുകേട്ടപ്പോൾ ഇവിടെ ക്ലച്ച് പിടിക്കാൻ വളരെ പ്രയാസമാണെന്ന് ശ്രീ. രാഹുൽ ഗാന്ധിക്ക് മനസ്സിലായി. അദ്ദേഹം ഉടൻതന്നെ കുടിക്കാൻ വെള്ളം വേണമെന്ന് ഇംഗ്ലീഷിൽ പറഞ്ഞാൽ ഈ ചങ്ങാതിക്ക് മനസ്സിലാകില്ലെന്ന് കരുതി 'മുച്ഛേ പ്യാസ് ലഗ് രഹാ ഹെ, ധോടാ സാ പാനി ദീജിയെ' എന്ന് ഹിന്ദിയിൽ പറഞ്ഞു. എനിക്ക് ദാഹിക്കുന്നുണ്ട് കുറച്ച് വെള്ളം വേണമെന്നാണ് പറഞ്ഞത്. നമ്മുടെ ഈ നേതാവ് 'പ്യാസ്' എന്നത് പാത്താൻ വേണ്ടിയാണെന്ന ധാരണയിൽ മനോരിക്കാനുള്ള വെള്ളം എടുത്തുകൊടുത്തു. ശ്രീ. രാഹുൽ ഗാന്ധിക്കാണെങ്കിൽ അങ്ങനെയുള്ള വെള്ളം കുടിച്ച് ശീലമില്ല. അപ്പോൾ അദ്ദേഹം 'മുച്ഛേ മിനറൽ വാട്ടർ ചാഹിയേ' എന്നുപറഞ്ഞു. മിനറൽ വാട്ടറാണ് മനോരിക്കാൻ വേണ്ടതെന്ന് മനസ്സിലായപ്പോൾ നമ്മുടെ നേതാവ് പറയുകയാണ്, "ഈ പഹയൻ ഇനി വന്നൂട്ടാൽ നമ്മൾ കുടുങ്ങും" എന്ന്. മനോരിക്കാൻപോലും മിനറൽ വാട്ടർ ചോദിച്ചാൽ നമ്മൾ എന്തുചെയ്യും? അതുകൊണ്ട് മേലിൽ നമ്മുടെ മണ്ഡലത്തിലൊന്നിനും വിളിക്കണ്ടെന്ന് ആ നേതാവ് പറഞ്ഞു. യു.ഡി.എഫ്-ന്റെ ഒരു ഉന്നത നേതാവാണ് അങ്ങനെ പറഞ്ഞത്. അതാണ് വയനാട്ടിൽ ശ്രീ. രാഹുൽഗാന്ധിയുടെ വരവിന്റെ after effect. കഴിഞ്ഞ

ദിവസം ഞങ്ങളുടെ നിയോജകമണ്ഡലത്തിൽ വന്ന് ആകെ അരമണിക്കൂർ ചെലവഴിച്ച് അദ്ദേഹം മടങ്ങിപ്പോയി. കോൺഗ്രസ്സുകാർ ഇപ്പോൾ കണ്ടുവച്ചിരിക്കുന്ന ഒരു സൂത്രം ഇടയ്ക്കിടെ ശ്രീ. രാഹുൽ ഗാന്ധിയുടെ കട്ടൗട്ട് വയ്ക്കുക എന്നതാണ്. എനിക്കും ഒരു അബദ്ധം പറ്റി, നമ്മുടെ പാർട്ടി ഓഫീസിന്റെ സമീപം ഒരു കട്ടൗട്ട് വച്ചതിന്റെ അടുത്ത ദിവസം അതിരാവിലെ ഞാൻ അതുവഴി ഓഫീസിലേയ്ക്ക് വരുമ്പോൾ അത് ശ്രീ. രാഹുൽ ഗാന്ധിയാണെന്ന് വിചാരിച്ച് അറിയാതെ ഞാൻ സല്യൂട്ട് ചെയ്തു. എനിക്ക് വല്ലാത്ത ജാള്യതയാണ് തോന്നുന്നത്. അതിനുശേഷം കോൺഗ്രസ്സുകാർ ഇടയ്ക്കിടെ അവിടെ വന്ന് പുഷ്പാർച്ചന നടത്തിക്കൊണ്ടിരിക്കുകയാണ്. ഇനി അദ്ദേഹം അങ്ങോട്ട് വരില്ലെന്നമട്ടിൽ അവിടെ അദ്ദേഹത്തിന്റെ പ്രതിമ സ്ഥാപിക്കാനുള്ള ശ്രമത്തിലാണ് അവർ. അതാണ് വയനാട്ടിലെ ആളുകളുടെ സ്ഥിതി. ഇത് സ്ഥാപിക്കാൻ മുസ്ലീംലീഗ് വഹിച്ച പങ്കിനെക്കുറിച്ചാണ് എനിക്ക് പ്രയാസം. വയനാട്ടിലെ ആദിവാസികൾ അവരുടെ മുണ്ടിനുപുറമെ ഉറപ്പിനുവേണ്ടി ഒരു കറുത്ത മുണ്ടുകൂടി ചുറ്റുന്ന ശീലമുണ്ട്. മുമ്പൊരിക്കൽ ശ്രീ. ഉമ്മൻ ചാണ്ടി വയനാട്ടിൽ വന്നപ്പോൾ അദ്ദേഹത്തിന്റെ പോലീസ് കണ്ടെത്തിയത് ശ്രീ. ഉമ്മൻ ചാണ്ടിയെ കരിങ്കൊടി കാണിക്കാൻ ആദിവാസി സ്ത്രീകൾ കറുത്ത തുണിയുമായി വന്നുവെന്നാണ്. സകല ആദിവാസി സ്ത്രീകളുടെയും കറുത്തമുണ്ട് അന്ന് അഴിപ്പിച്ചു. കറുത്തമുണ്ട് അഴിച്ചാൽ അവരുടെ വസ്ത്രം താഴെപ്പോകുമോയെന്ന ഭയംകൊണ്ട് ഉടുത്തിരുന്ന തുണിയിൽ പിടിച്ചുകൊണ്ട് അവർ പരക്കംപാഞ്ഞു. അതിനുശേഷം ശ്രീ. രാഹുൽഗാന്ധി റോഡ് ഷോയ്ക്ക് വന്നദിവസം മുസ്ലീംലീഗിനോട് കോൺഗ്രസ്സുകാർ പറഞ്ഞത്, ദയവുചെയ്ത് നിങ്ങൾ വരുന്നതിന് തരക്കേടില്ല, കൊടിപിടിക്കരുത് എന്നാണ്. ശ്രീ. രാഹുൽ ഗാന്ധിയോടൊപ്പം തുറന്ന ജീപ്പിൽ ഒരു ലീഗ് നേതാവുണ്ടായിരുന്നു. ശ്രീ. രാഹുൽ ഗാന്ധിയുടെ പാർട്ടിക്കാർ കൊടിയുംപിടിച്ച് അതിനകത്തുണ്ട്. ലീഗ് നേതാവിന്റെ കയ്യിൽ ലീഗിന്റെ അണികൾ ഒരു കൊടി കൊടുത്തിട്ട് അത് പിടിക്കാൻ പറഞ്ഞു. അയാൾ ആ കൊടി തട്ടിമാറ്റിയിട്ട് കൊടിപിടിക്കലല്ലടോ ഇപ്പോഴത്തെ പണി, കൊടിയേ പിടിക്കണ്ട എന്ന വാശിയിൽ മുസ്ലീം ലീഗിന്റെ കൊടി ഒഴിവാക്കി റോഡ് ഷോയിൽ ലീഗുകാർ പങ്കെടുത്തു. പണ്ട് സി.എച്ച്. മുഹമ്മദ് കോയയുടെ തൊപ്പി ഊരിച്ച കോൺഗ്രസ് ഇപ്പോൾ ലീഗിന്റെ കൊടി അഴിച്ചുവയ്പിച്ചിട്ടാണ് അവരെ മുന്നണിയിൽ കൂട്ടുന്നത്. മുസ്ലീംലീഗിന്റെ കൊടി മാറ്റിവച്ചിട്ടാണ് കൽപ്പറ്റയിലെ റോഡ് ഷോയിൽ മുസ്ലീംലീഗ് പങ്കെടുത്തത്. സി.എച്ച്. മുഹമ്മദ് കോയയുടെ തൊപ്പി ഊരിവയ്പിച്ച കോൺഗ്രസ് ഇപ്പോൾ കൊടിയാണ് ഊരിവയ്പിക്കുന്നത്. 'അക്കരെ അക്കരെ അക്കരെ' എന്ന സിനിമയിൽ വിജയനും ദാസനുംകൂടി കളിക്കുമ്പോൾ ദാസനോട് വിജയൻ പറയുന്നതുപോലെ ഇതൊക്കെ കോൺഗ്രസ് ലീഗിനെ അടിച്ചേൽപ്പിച്ചിരിക്കുകയാണ്. സ്വന്തം കൊടിപോലും നിങ്ങൾ ഇപ്പോൾ

ഒഴിവാക്കി. കൊടി ഒഴിവാക്കി ഞങ്ങളോടൊപ്പം നിന്നാൽ നിങ്ങളിൽ ഒരാൾക്ക് ക്യാബിനറ്റ് പദവി നൽകാമെന്നാണ് മുസ്ലീംലീഗിനോട് അവർ പറഞ്ഞത്. ആ ക്യാബിനറ്റ് പദവി സ്വപ്നം കണ്ട് സ്വന്തം കൊടി ഉപേക്ഷിക്കുന്ന സ്ഥിതിയിലേയ്ക്ക് മുസ്ലീംലിഗ് എത്തിയെന്ന യാഥാർത്ഥ്യം അവർ അംഗീകരിക്കണമെന്നുമാത്രമാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. കഴിഞ്ഞ സാമ്പത്തിക വർഷം കടുത്ത വെല്ലുവിളികൾ നേരിട്ട രണ്ട് വകുപ്പുകളാണ് ധനകാര്യ വകുപ്പും റവന്യൂ വകുപ്പും. ജി.എസ്.ടി.-യിലൂടെ കേരളം പ്രതീക്ഷിച്ച പ്രയോജനം കിട്ടാതെ പോയത് എന്തുകൊണ്ടാണെന്ന പരിശോധന ആവശ്യമായി വന്നിരിക്കുകയാണ്. നികുതി വെട്ടിപ്പ് നടക്കുന്ന മേഖല കണ്ടെത്തി, പ്രത്യേകിച്ച് സ്വർണ്ണ വ്യാപാര മേഖലയിലെ വെട്ടിപ്പ് തടയാനുള്ള ഫലപ്രദമായ നടപടികളാണ് ആവശ്യം. റവന്യൂ ചെലവുകളുടെ ക്രമാതീതമായ വർദ്ധനവ് നമുക്ക് തടയാൻ കഴിയുന്നതല്ല. ചെലവുകളുടെ വർദ്ധനവിന് ആനുപാതികമായി വരവിൽ വർദ്ധനവില്ല എന്നതാണ് നമ്മുടെ മുന്നിലുള്ള പ്രശ്നം. ഒരു സാമ്പത്തിക വർഷത്തെ വരുമാനത്തിന്റെ 43% ഉദ്യോഗസ്ഥ ശമ്പളത്തിനും 27% പെൻഷനുമടക്കം 70% ചെലവഴിക്കേണ്ടുന്ന അവസ്ഥയാണുള്ളത്. ഈ സാഹചര്യത്തിൽ വികസന പദ്ധതികൾക്ക് പണമില്ലാത്ത അവസ്ഥയുണ്ടാകാതിരിക്കാൻ ആ പ്രതിസന്ധിയെ കീറിമുറിക്കാനുള്ള ഫലപ്രദമായ നടപടികളാണ് ധനകാര്യ വകുപ്പ് കിഫ്ബിയിലൂടെ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. പ്രതിസന്ധികളിൽ തളരാതെ അവയെ അവസരങ്ങളാക്കി മാറ്റാനുള്ള നടപടിയാണ് വേണ്ടത്.

ഈ ഗവൺമെന്റ് വന്നതിനുശേഷം ആദ്യം വരൾച്ചയുണ്ടായി, പിന്നീട് ഓഖി ദുരന്തമുണ്ടായി, ഏറ്റവും അവസാനം പ്രളയവുമുണ്ടായി. ഓഖി ദുരിതമനുഭവിച്ച മത്സ്യത്തൊഴിലാളികളാണ് പ്രളയദുരിതത്തെ നേരിടാൻ കേരളത്തിന്റെ സ്വന്തം സേനയായി മാറിയത്. അക്കാലത്ത് പ്രശംസനീയമായ പ്രവർത്തനം കാഴ്ചവച്ച വകുപ്പാണ് റവന്യൂ വകുപ്പ്. വകുപ്പുമന്ത്രി തുടങ്ങി അഡീഷണൽ ചീഫ് സെക്രട്ടറി, കളക്ടർമാർ, തഹസിൽദാർമാർ, വില്ലേജ് ഓഫീസിലെ പ്യൂൺ വരെ ആ ദിവസങ്ങളിൽ അത്യദ്ധ്വാനം ചെയ്തു. മത്സ്യത്തൊഴിലാളികളുടേത് സന്നദ്ധ സേവനമായിരുന്നെങ്കിലും സഭ അവർക്ക് ബിഗ് സല്യൂട്ട് നൽകി. റവന്യൂ വകുപ്പ് ജീവനക്കാർ ശമ്പളം വാങ്ങുന്നവരാണെന്നത് സത്യമാണ്. എന്നാൽ ഔദ്യോഗിക ചുമതലകൾക്കപ്പുറം അവരിൽ ബഹുഭൂരിഭാഗവും ആ ദിവസങ്ങളിൽ വളരെയധികം കഷ്ടപ്പെട്ടു. ചുമടെടുക്കുന്ന ഐ.എ.എസ്.-കാരെയും കോളേജ് വിദ്യാർത്ഥികളടക്കമുള്ള സന്നദ്ധഭടന്മാരെയുമൊക്കെ ആ ദിവസങ്ങളിൽ നമ്മൾ

കണ്ടു. അവർക്ക് ഒരു ബിഗ് സല്യൂട്ട് നൽകേണ്ടിയിരിക്കുന്നു. പ്രളയത്തിന്റെ കാരണം ഡാമുകളുടെ ഓപ്പറേഷനുമായി ബന്ധപ്പെട്ടതാണെന്നുള്ള തെറ്റായ ധാരണ പരത്തുന്നതിനുള്ള ശ്രമം ഇന്നലെയും ഇന്നുമായി നടക്കുന്നു. ഏറ്റവും അവസാനം അവർ അതിനുവേണ്ടി ആശ്രയിക്കുന്നത് അമിക്കസ് ക്യൂറിയുടെ റിപ്പോർട്ടാണ്. അമിക്കസ് ക്യൂറി ഒരു സാങ്കേതിക വിദഗ്ദ്ധനല്ല, ഒരു അഡ്വക്കേറ്റാണ്. ഞാൻ മന്ത്രിയായിരുന്നപ്പോൾ ഈ സഭയിൽ നടന്ന പ്രത്യേക ചർച്ചയിൽ ലഭ്യമായ വിവരങ്ങൾ വച്ച് അന്ന് ചില കാര്യങ്ങൾ പറയുകയുണ്ടായി. അതിനുശേഷമാണ് പ്രധാനപ്പെട്ട സാങ്കേതിക റിപ്പോർട്ടുകൾ പുറത്തുവരുന്നത്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള സെൻട്രൽ വാട്ടർ കമ്മീഷന്റെ റിപ്പോർട്ടാണ്. അത് വളരെ വിശദമായ റിപ്പോർട്ടാണ്. ഓരോ ഡാറ്റയും വച്ച് നദികളെയും 1924-ലെ മഴയെയും സംബന്ധിച്ച് പഠനം നടത്തി. അതിന്റെ കൺക്ലൂഷന്റെ പത്താം പാരഗ്രാഫിൽ പറയുന്നത്, "From the analysis it has been found that the dams in Kerala neither added to the flood nor helped in reduction of flood, as most of the dams were already at FRL (Full Reservoir Level) or very close to FRL on 14 August 2018, due to more than normal rainfall in the months of June to July 2018." ജൂണിലും ജൂലൈയിലും അതിഭയങ്കര മഴയുണ്ടായി. ഡാമുകൾ നിറഞ്ഞുകിടന്നിരുന്നുവെന്ന് കൃത്യമായി പറഞ്ഞിരിക്കുന്നു. അതുകൊണ്ട് ഡാമുകളിൽ പ്രളയം വർദ്ധിപ്പിക്കാനോ കുറയ്ക്കാനോ കഴിയുന്ന അവസ്ഥയുണ്ടായിരുന്നില്ല. "It may be noted that, had the reservoir been a few feet below FRL, the flooding conditions would not have changed much, as the severe storm continued for 3 days and even for 4 days at majority of the places, and in any case it would have been necessary to release from the reservoirs after 1st day of the extreme rainfall." നിറഞ്ഞുകിടന്നിരുന്നില്ലെങ്കിൽപ്പോലും പുലർച്ചെയുണ്ടായിരുന്ന മഴകാരണം ഡാമുകൾ തുറന്നുവിടേണ്ടിവരുമായിരുന്നുവെന്നാണ് കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള സെൻട്രൽ വാട്ടർ കമ്മീഷന്റെ പഠന റിപ്പോർട്ടിൽ പറയുന്നത്. സാങ്കേതിക മികവിൽ പേരുകേട്ട സ്ഥാപനമായ ചെന്നൈ ഐ.ഐ.ടി. ഇതുസംബന്ധിച്ച് വിശദമായ പഠനം നടത്തി. വിശദാംശങ്ങളിലേയ്ക്ക് പോകാൻ സമയമില്ലാത്തതുകൊണ്ട് അതിലേയ്ക്ക് കടക്കുന്നില്ല, കൺക്ലൂഷൻ മാത്രം വായിക്കാം. പെരിയാർ റിവർ ബേസിനുമായി ബന്ധപ്പെട്ട് പഠനം നടത്തിയശേഷം അവരുടെ കൺക്ലൂഷൻ, "The results suggest that the probability of EREs (Extreme Rainfall Events) and associated flood event of the kind experienced in August 2018 in PRB (Periyar River Basin) is very small," പ്രോബബിലിറ്റി വളരെ കുറവാണ്, "and therefore any planned operation could

not have helped in mitigating floods of such magnitude as the reservoir design and/or operation might not have considered such events." എന്നാണ്. കേരളത്തിലെ ഡാമുകൾ വെള്ളപ്പൊക്ക നിയന്ത്രണത്തിനുള്ളതല്ല, ജല സംഭരണത്തിനുവേണ്ടിയുള്ളതാണ്. അത് ഒരുകാരണവശാലും വെള്ളപ്പൊക്കം നിയന്ത്രിക്കാൻ തക്കവണ്ണം ഡിസൈൻ ചെയ്തിട്ടുള്ളതല്ല എന്ന് കൃത്യമായി ചെന്നൈ ഐ.ഐ.ടി.-യുടെ പഠന റിപ്പോർട്ടിൽ പറയുന്നുണ്ട്. അതിനുശേഷം യുണൈറ്റഡ് നേഷൻസിന്റെ പഠന റിപ്പോർട്ടും വന്നു. അവിടെയും കൃത്യമായി പറയുന്നത് തുടർച്ചയായി പെയ്ത അതിഘോരമായ മഴയാണ് കേരളത്തിൽ വെള്ളപ്പൊക്കമുണ്ടാക്കിയത് എന്നാണ്. അത് മനുഷ്യനിർമ്മിതമാണെന്നുപറഞ്ഞു കൊണ്ട് പിന്നെയും പിന്നെയും പ്രചരിപ്പിക്കാൻ ഇറങ്ങിത്തിരിക്കുന്നത് വളരെ കഷ്ടമാണ്. ഞാൻ മന്ത്രിയായിരുന്നപ്പോൾ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിനെക്കുറിച്ച് പറഞ്ഞെങ്കിലും വൈദ്യുതി വകുപ്പിനെ സംബന്ധിച്ച് പരാമർശം നടത്തിയിരുന്നില്ല. ഇടുക്കിയിൽ ആഗസ്റ്റ് 9 മുതൽ 28 വരെയുള്ള ദിവസങ്ങളിൽ എത്തിച്ചേർന്നത് 999 $MM^3$ വെള്ളമാണ്. ഇടുക്കിയിൽനിന്ന് പുറത്തുവിട്ടത് 876 $MM^3$ മാത്രമാണ്. പമ്പ, കക്കി, ആനത്തോട് മുതലായ സ്ഥലങ്ങളിൽ ആഗസ്റ്റ് 9 മുതൽ 22 വരെ എത്തിച്ചേർന്നത് 475 $MM^3$ വെള്ളമാണ്. എന്നാൽ പുറത്തേയ്ക്കുവിട്ടത് 379 $MM^3$ മാത്രമാണ്. ഇതുമാത്രമല്ല, ഒഴുകി ഡാമിലെത്തുന്ന വെള്ളം പൂർണ്ണമായി വിടുന്നില്ല. ഡാമിൽനിന്ന് തുറന്നുവിടുന്ന വെള്ളം പത്തിരട്ടിയായാണ് ഓരോ സ്ഥലങ്ങളിലും എത്തിച്ചേരുന്നത്. കാരണം, അതിഘോരമായ മഴയാണ്. ഇടുക്കിയിൽനിന്ന് ഒരു സെക്കന്റിൽ 1500 ക്യൂബിക് മീറ്റർ വെള്ളം ആണ് ഒഴുക്കിവിട്ടത്. ക്യൂമെക്സ് എന്നാണ് യൂണിറ്റിന് പറയുന്നത്. ഇടുക്കിയിൽനിന്ന് 1500 ക്യൂമെക്സും ഇടമലയാറിൽനിന്നും 1400 ക്യൂമെക്സും ഉൾപ്പെടെ 2900 ക്യൂമെക്സ് വെള്ളം പുറത്തേയ്ക്കുവിട്ടതിനുശേഷം ഭൂതത്താൻകെട്ടിലെ വെള്ളം അളക്കുമ്പോൾ 2900 ക്യൂമെക്സ് വെള്ളത്തിന്റെ സ്ഥാനത്ത് 7700 ക്യൂമെക്സ് വെള്ളമാണുണ്ടായിരുന്നത്. അതിഘോരമായ മഴമൂലം വെള്ളത്തിന്റെ അളവ് കൂടുകയാണ്. പമ്പ, ആനത്തോട്, മൂഴിയാർ, കക്കാട് എന്നിവിടങ്ങളിൽ നിന്നും 1473 ക്യൂമെക്സ് വെള്ളമാണ് പുറത്തേയ്ക്ക് വിടുന്നത്. പക്ഷേ പെരിനാടിൽ ഇത് 5080 ക്യൂമെക്സാണ്. ഏറ്റവും വലിയ ഉദാഹരണം ബാണാസുരസാഗറാണ്. ബാണാസുരസാഗറിൽനിന്ന് പുറത്തേയ്ക്ക് വിട്ടത് 2250 ക്യൂമെക്സ് വെള്ളമാണ്. പക്ഷേ ബീച്ച്നഹള്ളിയിൽ 2250 ക്യൂമെക്സ് എന്നത് 19400 ക്യൂമെക്സ് ആയി വർദ്ധിച്ചു. കൃത്യമായ മറ്റൊരു കണക്കുമുണ്ട്. ഇറിഗേഷൻ വകുപ്പിന്റെ ഏറ്റവും വലിയ ഡാം കല്ലട ഡാമാണ്. ഏറ്റവും കൂടുതൽ ജലം തുറന്നുവിട്ടതും കല്ലട ഡാമിൽ നിന്നാണ്. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിൽനിന്നും മൂന്ന് ദിവസംകൊണ്ട് ആകെ

തുറന്നുവിട്ട 700 $MM^3$ ജലത്തിൽ 225 $MM^3$ കല്ലടയിൽ നിന്നുള്ളതാണ്. കൊല്ലം ജില്ലയിൽ വെള്ളപ്പൊക്കമുണ്ടായില്ല. കാരണം കൊല്ലം ജില്ലയിൽ മഴയില്ലായിരുന്നു. അതുകൊണ്ട് അതിഘോരമായ മഴയാണ്, പ്രവചിക്കാനാവാത്ത മഴയാണ് വെള്ളപ്പൊക്കമുണ്ടാക്കിയത് എന്ന സത്യം നിലനിൽക്കുകയാണ്. 1924-ൽ കേരളത്തിൽ ഡാമുകൾ ഉണ്ടായിരുന്നില്ല. ഡാമുകളില്ലാതിരുന്നപ്പോൾ വെള്ളപ്പൊക്കമുണ്ടായ അതേസ്ഥലത്ത് ഇത്തവണയും വെള്ളപ്പൊക്കമുണ്ടായത് ഘോരമായ മഴകൊണ്ട് മാത്രമാണെന്ന് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. തെറ്റായ പ്രചരണം നിങ്ങൾ അവസാനിപ്പിക്കണം. ഡാമുകളില്ലാത്ത അച്ചൻകോവിലാറിലും മണിമലയാറിലും അതിന്റെ പരിസരപ്രദേശങ്ങളിലും വെള്ളപ്പൊക്കമുണ്ടായില്ലേ? അപ്പോൾ പ്രതീക്ഷിക്കാത്ത അതിഘോരമായ മഴയാണ് ഇവിടെ വെള്ളപ്പൊക്കമുണ്ടാക്കിയത്. സെൻട്രൽ വാട്ടർ കമ്മീഷന്റെ റിപ്പോർട്ട് എന്നുപറയുന്നത് കേന്ദ്ര ഗവൺമെന്റിന്റെ റിപ്പോർട്ടാണ്. വളരെ കൃത്യമായി ഡാമുകളല്ല വെള്ളപ്പൊക്കമുണ്ടാക്കിയതെന്ന് പറഞ്ഞതിനുശേഷവും മനുഷ്യ നിർമ്മിതമാണ് ഈ പ്രളയമെന്ന് ഇന്ത്യയുടെ പ്രധാനമന്ത്രി കേരളത്തിൽ വന്ന് പ്രസംഗിച്ചു. ഇത് രാഷ്ട്രീയമല്ലേ; ബി.ജെ.പി.-യുടെ രാഷ്ട്രീയം തന്നെയല്ലേ കേരളത്തിലെ പ്രതിപക്ഷവും സ്വീകരിക്കുന്നത്? വിശ്വാസത്തിന്റെ കാര്യത്തിൽ തെറ്റായ പ്രചരണം നടത്തിയതുപോലെ തെരഞ്ഞെടുപ്പ് പ്രചരണകാലത്ത് വെള്ളപ്പൊക്കത്തെക്കുറിച്ച് വസ്തുതാവിരുദ്ധമായ പ്രചരണം ബി.ജെ.പി.-യും കോൺഗ്രസ്സും ഒരുപോലെ നടത്തിക്കൊണ്ടാണ് മുന്നേറിക്കൊണ്ടിരിക്കുന്നത്. സത്യം തിരിച്ചറിയുന്ന ജനങ്ങൾ ഇത് പുച്ഛിച്ചുതള്ളും. ഈ കുപ്രചരണത്തെ അതിജീവിക്കാനുള്ള കരുത്ത് ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കും ഈ സർക്കാരിനുമുണ്ട്. ഈ ഘട്ടങ്ങളിലൊക്കെ ഏറ്റവും ഫലപ്രദമായാണ് റവന്യൂ വകുപ്പും ധനകാര്യ വകുപ്പും പ്രവർത്തിച്ചിട്ടുള്ളതെന്ന് പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ എസ്. രാജേന്ദ്രൻ : சர், கேரள அரசின் இந்த நிதி ஒதுக்கீடு மசோதாவை இந்த சந்தர்ப்பத்தில் ஆதரிக்கின்றேன். நன்றி.

ഇവിടെ ശ്രീ. മാത്യു ടി. തോമസ് പറഞ്ഞതുപോലെ ഡാമിന്റെ പൂർണ്ണമായ രൂപം മനസ്സിലാക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, ശ്രീ. സി. എഫ്. തോമസ് എന്നിവരടക്കം ഡാമുകളുടെ കാര്യം പഠിക്കണം. ശ്രീ. മാത്യു ടി. തോമസ് പറഞ്ഞ കാര്യങ്ങളെല്ലാം വായിച്ചുനോക്കണം. എത്ര മഴപെയ്യും, എത്ര വെള്ളം വരും എന്നൊക്കെ ആർക്കെങ്കിലും മനസ്സിലാക്കാൻ കഴിയുമോ? നിങ്ങൾ പറയുന്നതൊന്നും കണക്കല്ല. കഴിഞ്ഞ വർഷം ഇവിടെ നടന്ന ചർച്ച എന്തിനെക്കുറിച്ചായിരുന്നുവെന്ന് അറിയാമോ; ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണന് അറിയാം. വൈദ്യുതിയെ സംബന്ധിച്ച്, സോളാറിനെ സംബന്ധിച്ച്

പ്രത്യേക കമ്മീഷൻ വച്ചു. ഇപ്പോൾ അങ്ങനെയല്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം ജനോപകാരപ്രദമായ പല പദ്ധതികളും നടപ്പിലാക്കുകയാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെങ്കിലും അത് മനസ്സിലാക്കിയിരിക്കുമെന്നാണ് ഞാൻ വിചാരിച്ചത്. പക്ഷേ അദ്ദേഹവും ഇങ്ങനെയായിപ്പോയതിൽ എനിക്ക് അതിയായ സങ്കടമുണ്ട്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. റ്റി. വി. രാജേഷ്]

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇറിഗേഷൻ വകുപ്പിന്റെ ചാർജ്ജുണ്ടായിരുന്ന ശ്രീ. മാത്യു ടി. തോമസിന് ഇങ്ങനെ കൃത്യമായി അളന്നുതിരിച്ച് കാര്യങ്ങൾ അറിയാമായിരുന്നുവെങ്കിൽ അദ്ദേഹം നേരത്തേതന്നെ നടപടിയെടുക്കണ്ടേ? 465 ആളുകളെ മരണത്തിന് വിട്ടുകൊടുക്കാമോ; അത് വലിയ ക്രൂരതയായിപ്പോയില്ലേ; അത് ചെയ്യാത്തത് എന്തുകൊണ്ടാണ്?

ശ്രീ. എസ്. രാജേന്ദ്രൻ: സർ, അങ്ങും ഇതിൽ പെട്ടുപോയല്ലോ എന്നുള്ള വിഷമമാണ് എനിക്കുള്ളത്. കാരണം, ഡാമിൽനിന്നും തുറന്നുവിട്ട വെള്ളത്തെക്കാൾ എത്രയോ ഇരട്ടി വെള്ളമാണ് മഴപെയ്തപ്പോൾ ഒഴുകിയെത്തിയതെന്ന കണക്ക് ശ്രീ. മാത്യു ടി. തോമസ് വായിച്ചല്ലോ; അത് എന്താണ് മനസ്സിലാക്കാത്തത്? ഡാമിൽനിന്നും തുറന്നുവിട്ട വെള്ളം അതേ അളവിലല്ലല്ലോ മറ്റ് സ്ഥലങ്ങളിൽ എത്തിച്ചേർന്നത്. വസ്തുതാപരമായ വിഷയങ്ങളല്ല നിങ്ങൾ മനസ്സിലാക്കിയിട്ടുള്ളതെന്ന് ബോദ്ധ്യപ്പെടുത്താനാണ് അത് ആവർത്തിക്കുന്നത്. അതുകൊണ്ട് ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിയോട് എനിക്ക് പറയാനുള്ളത് കവിയും കവിതകളുമൊക്കെ നല്ലതാണ്, പക്ഷെ വസ്തുതകളോട് പൊരുത്തപ്പെടുന്ന കാര്യങ്ങളാണ് പറയേണ്ടത് എന്നാണ്. വെള്ളപ്പൊക്കമുണ്ടായത് ഡാം കാരണമാണ്, അത് മനുഷ്യനിർമ്മിതമാണെന്ന ആവർത്തനം ഇനിയുണ്ടാകരുത്. എവിടെയും അത് രാഷ്ട്രീയ പ്രസംഗമാക്കരുത്. സുനാമിയുണ്ടായപ്പോഴുള്ള അനുഭവം ഓർത്തുനോക്കണം. അപ്പോഴുണ്ടായതു പോലുള്ള അനുഭവമാണോ പിന്നീടുണ്ടായത്? ബഹുമാന്യരായ മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും ഉൾപ്പെടെയുള്ളവർ കാണിച്ച പ്രതിബദ്ധതയും അതുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങളും നിങ്ങൾ കാണണം,വസ്തുതകളോട് പൊരുത്തപ്പെടണം. ഡാം തുറന്നുവിട്ടതുകൊണ്ടാണ് പ്രളയമുണ്ടായതെന്ന വാദഗതി ഉപേക്ഷിക്കണ മെന്നതാണ് എന്റെ അഭ്യർത്ഥന.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് സംസാരിക്കുന്നത് വസ്തുതാപരമായിരിക്കണമെന്ന് എനിക്ക് നിർബന്ധമുണ്ട്. കാരണം അങ്ങ് വളരെ നല്ലൊരു മെമ്പറാണ്, നന്നായി കാര്യങ്ങൾ സ്റ്റഡി ചെയ്യുന്ന ആളാണ്.

മഴക്കാലത്ത് ഒരു ഡാമിന്റെയും സ്കോറിംഗ് വാൽവ് തുറക്കുകയില്ല. അങ്ങ് ഇവരോടൊക്കെ ചോദിക്കണം. അല്ലെങ്കിൽ വിദഗ്ദ്ധരോട് ചോദിക്കണം. സ്കോറിംഗ് വാൽവ് എന്നുപറയുന്നത് ഒരു ഡാമിന്റെ ഏറ്റവും അടിയിലുള്ള വാൽവാണ്. ആ വാൽവ് തുറന്നാൽ ഡാമിൽ വെള്ളം നിൽക്കുകയില്ല, എല്ലാം താഴോട്ട് പോകും. ഷട്ടർ തുറക്കുന്നതും സ്കോറിംഗ് വാൽവ് തുറക്കുന്നതും രണ്ടും രണ്ടാണ്. അതാണ് പ്രശ്നം.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ഞാൻ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഷട്ടറാണ് തുറന്നത്. ഷട്ടറിലൂടെയാണ് വെള്ളം ഒഴുകിയെത്തിയത്. അത് നമ്മളെല്ലാവരും കണ്ടതാണ്. വാൽവാണ് തുറന്നതെങ്കിൽ പിന്നീട് ഡാമിൽ വെള്ളം കാണുകയില്ലായിരുന്നു. ഷട്ടർ മാത്രമാണ് ഓപ്പൺ ചെയ്തത്, സഭയെ തെറ്റിദ്ധരിപ്പിക്കരുത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വകുപ്പുമന്ത്രിമാരും ഇടുക്കി ജില്ലയിലെ കുറെ പ്രശ്നങ്ങൾ പരിഹരിക്കാൻ ചില തീരുമാനങ്ങളെടുക്കുകയും ഉത്തരവുകളിറക്കിയതുമാണ്. അതിനെയെല്ലാം നന്ദിപൂർവ്വം ഞങ്ങൾ സ്മരിക്കുന്നു. പക്ഷേ തിരുവനന്തപുരത്തുനിന്നും ഈ ഉത്തരവുകൾ ഇടുക്കി ജില്ലയിലേയ്ക്ക് വന്നിട്ടില്ല എന്നുള്ളതാണ് വസ്തുത. വാഗമണും തൊടുപുഴയും മാത്രമല്ല ഇടുക്കി ജില്ല. ഞങ്ങളുടെ മണ്ഡലങ്ങളിലേയ്ക്ക് അത് വന്നിട്ടില്ല. പത്രമാധ്യമങ്ങളും കോടതിയിലെ അഡീഷണൽ അഡ്വക്കേറ്റ് ജനറലുമല്ല ഭരണം നിയന്ത്രിക്കേണ്ടത്. പകരം, ഉദ്യോഗസ്ഥരെ നയിക്കേണ്ടതും പ്രവർത്തിപ്പിക്കേണ്ടതും മന്ത്രിമാർ തന്നെയാണെന്ന കാര്യത്തിൽ ആർക്കും സംശയമുണ്ടാകേണ്ട കാര്യമില്ല. 1971-ൽ കെ.ഡി.എച്ച്.എ. നിയമവും 1974-ൽ ലാൻഡ് ബോർഡ് അവാർഡുമുണ്ടായി. ഇന്നുവരെ അത് നടപ്പിലാക്കിയിട്ടില്ല. അന്ന് തോട്ടം തൊഴിലാളികളായ 50000 കുടുംബവും ഒന്നര ലക്ഷം പേരുമുണ്ടായിരുന്നു. ഇന്ന് 4000 കുടുംബവും 25000 പേരുമേയുള്ളൂ. ആ തൊഴിലുകളിൽനിന്നും മാറ്റം വരുത്തി വിനോദസഞ്ചാര മേഖലകളിലേയ്ക്ക് വന്നു. ഗവൺമെന്റിന് വ്യത്യസ്ത അഭിപ്രായമുണ്ടെങ്കിൽ ഏത് തരത്തിൽ കെട്ടിടം വേണം, എങ്ങനെ വേണം എന്നുള്ളത് സംബന്ധിച്ച് നിയമനിർമ്മാണം നടത്തണം. ഇനി വൈകരുത്. കൊമേഴ്സ്യൽ/ഡൊമസ്റ്റിക് പർപ്പസിനുവേണ്ടിയുള്ള കെട്ടിടങ്ങൾക്ക് എൻ.ഒ.സി. വേണമെന്ന നിബന്ധനയുണ്ടെങ്കിലും സർക്കാർ കെട്ടിടങ്ങൾക്ക് എൻ.ഒ.സി. വേണമെന്ന് ഒരു ഗവൺമെന്റും നിർദ്ദേശിച്ചിട്ടില്ല. പക്ഷേ അവിടത്തെ ഉദ്യോഗസ്ഥർ സർക്കാർ കെട്ടിടങ്ങൾക്ക് എൻ.ഒ.സി. വേണമെന്ന് ആഗ്രഹിക്കുന്നുണ്ടെങ്കിൽ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ദേവികുളം ആർ.ഡി.ഒ.-യോട് അവരുടെ ഓഫീസിന്റെ പുനർനിർമ്മാണം നിർത്തിവയ്ക്കണമെന്ന് ഇന്നുതന്നെ നിർദ്ദേശം നൽകണം, അല്ലെങ്കിൽ അതിൽ വ്യക്തതയുണ്ടാക്കണം. അക്കാര്യത്തിൽ ഗവൺമെന്റിന്റെ നയത്തിന് വിരുദ്ധമായ നിലപാടാണ് അവർ സ്വീകരിക്കുന്നത്.

മരം മുറിക്കുന്നതുമായി ബന്ധപ്പെട്ട് മൂന്ന് മന്ത്രിമാരാണ് വട്ടവടയിൽ പോയത്. 11-2-2019-ൽ ആ പ്രദേശത്തെ മരം മുറിക്കുന്നതിനുള്ള ഉത്തരവുണ്ടായി. എന്നാൽ 26-2-2019-ൽ മരം മുറിക്കരുതെന്ന് വൈൽഡ് ലൈഫ് വാർഡനും സബ് കളക്ടറും ഉത്തരവിട്ടു. ആരെയാണ് ബഹുമാനിക്കേണ്ടത്? മന്ത്രിമാരെയാണോ, ഗവൺമെന്റിനെയാണോ, അതോ വൈൽഡ് ലൈഫ് വാർഡനെയും സബ് കളക്ടറെയുമാണോ ബഹുമാനിക്കേണ്ടത്? അതുസംബന്ധിച്ച് പരിശോധിക്കണമെന്ന് എല്ലാ രാഷ്ട്രീയ പാർട്ടിയിലുള്ളവരും ആവശ്യപ്പെട്ടിട്ടും അക്കാര്യത്തിലൊരു വ്യക്തതയുണ്ടാക്കാൻ സാധിച്ചില്ല. അതിനുപുറമെ, പുതുതായി മറ്റ് സ്ഥലങ്ങളിൽ മരം മുറിക്കുന്നതിനുള്ള ഉത്തരവിറങ്ങി. ആ ഉത്തരവിൽ വില്ലേജ് ഓഫീസറുടെ സ്റ്റേറ്റ്മെന്റിൽ ഏല പട്ടയം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എൽ.എ. പട്ടയത്തിൽ എങ്ങനെയാണ് ഏല പട്ടയം വരുന്നത്? അപ്പോൾ നിയമനിർമ്മാണം നടത്തുന്നത് നിയമസഭയിലല്ല, താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥരാണ് നടത്തുന്നത്. ക്രിയാത്മകമായി ജനങ്ങളെ സേവിക്കാൻ ഗവൺമെന്റ് നടപടിയെടുക്കുമ്പോൾ അതിനെ എങ്ങനെ തുരങ്കംവയ്ക്കാമെന്ന ഗൂഢാലോചന ഇത്തരത്തിലുള്ള ഉദ്യോഗസ്ഥർ നടത്തുന്നുണ്ടെന്നുള്ള കാര്യം ഗവൺമെന്റ് വളരെ ഗൗരവമായി കാണണം. തോട്ടം മേഖലയിലെ പിൻഗാമികൾ ടൂറിസം മേഖലയിലേയ്ക്ക് കടക്കുകയാണ്. ടൂറിസം മേഖലയിൽ തോട്ടം ഉപയോഗിക്കാൻ പറ്റുന്നില്ലെങ്കിൽ എന്താണ് ചെയ്യേണ്ടതെന്നു സംബന്ധിച്ച് ഗവൺമെന്റ് ഒരു നിലപാട് സ്വീകരിക്കേണ്ടതുണ്ട്. ഗവൺമെന്റ് തോട്ടം ഉടമകളുമായി ചേർന്ന് അവർക്ക് ജീവിതോപാധികൾ കണ്ടെത്തിക്കൊടുക്കാനുള്ള സമീപനം സ്വീകരിക്കണമെന്നാണ് ഈ അവസരത്തിൽ പറയാനുള്ളത്.

ധാരാളം കാര്യങ്ങൾ ഈ ഗവൺമെന്റ് ചെയ്തു. ഉത്തരവുകളിറക്കി പ്രശ്നങ്ങളെല്ലാം പരിഹരിച്ചു. കുട്ടിയാർ വാലിയിൽ ഭൂമി കൊടുത്തിട്ട് എട്ട് വർഷമായി. ഇനിയും 2400 പേർ കാത്തിരിക്കുകയാണ്. എന്നാൽ തെരഞ്ഞെടുപ്പിന് രണ്ട് ദിവസംമുമ്പ് ചിന്നക്കനാലിലെ ഭൂമിയിൽ ആളുകൾ പ്രവേശിച്ചു. 'പ്രവേശിച്ചു' എന്ന വാക്ക് ഞാനിവിടെ ഉപയോഗിക്കാൻ ആഗ്രഹിക്കുകയാണ്. അങ്ങനെ പ്രവേശിച്ചവർക്ക് ഭൂമി കൊടുക്കണം, അതിൽ തർക്കമില്ല. പക്ഷെ, കുറെപ്പേർ വില്ലേജ് ഓഫീസിന്റെ മുമ്പിൽ സമരത്തിലാണ്. അതിന് റവന്യൂ ഓഫീസിന് മുമ്പിൽ സമരം ചെയ്യുന്നവരെല്ലാം കയ്യേറ്റക്കാരാണെന്നും ഭൂമിയിൽ പ്രവേശിക്കുന്നവരെല്ലാം കുടിയേറ്റക്കാ രാണെന്നുമുള്ള വ്യാഖ്യാനമാണ് പത്രക്കാർ കണ്ടെത്തുന്നത്. 1974-ൽ ചില്ലിത്തോട്ടുള്ളവർക്ക് അടിമാലിയിലെ പട്ടികജാതി വകുപ്പ് ഭൂമി അനുവദിച്ചതാണ്. എന്നാൽ ഇന്നുവരെ ആ കുടുംബത്തിൽപ്പെട്ട ഒരാൾക്കുപോലും ഭൂമി കൊടുക്കാൻ സാധിച്ചിട്ടില്ല. ഇക്കാര്യത്തിൽ സർക്കാർ വ്യക്തമായ നിലപാട്

സ്വീകരിക്കേണ്ടതുണ്ട്. മാങ്കുളത്തും വട്ടവടയിലും പ്രശ്നങ്ങളുണ്ട്. നൂറ്റാണ്ടുകളായി അവിടെ താമസിക്കുന്നവരെയും ആ പ്രദേശത്തെയും കേരളത്തിന്റെ ഭാഗമായി കണക്കാക്കണമെന്ന അഭ്യർത്ഥനയാണുള്ളത്. മന്ത്രിമന്ദിരങ്ങളിലും സെക്രട്ടേറിയറ്റിലും എടുക്കുന്ന തീരുമാനങ്ങളും ഉത്തരവുകളും നിയമങ്ങളും ഇടുക്കിയിലും മറ്റ് ഭാഗങ്ങളിലും എത്തിച്ചേരുന്നില്ല. അവിടെ മാത്രമായി വേറെ ഭരണം നടക്കുകയാണ്. അത് ഗവൺമെന്റ് ശ്രദ്ധിക്കണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ പറയാനുള്ളത്.

മരം മുറിക്കുന്നതുമായി ബന്ധപ്പെട്ട നിയമം വളരെ വ്യക്തമായി പരിശോധിക്കണം. ഞാൻ സബ്ജക്ട് കമ്മിറ്റിക്ക് മൂന്ന് പെറ്റീഷൻ കൊടുത്തിട്ടുണ്ട്. വനം, ചോല വെട്ടിമുറിക്കുകയും മരങ്ങൾ കൊണ്ടുപോകുകയും ചെയ്യുന്നതുസംബന്ധിച്ച് ഇതേ ആർ.ഡി.ഒ.-യും വൈൽഡ് ലൈഫ് വാർഡനും അടക്കമുള്ളവരെടുത്ത സമീപനം പരിശോധിച്ച് അവരുടെ പേരിൽ നടപടി സ്വീകരിക്കണം. ഐ.എ.എസ്., ഐ.എഫ്.എസ്. ഉള്ള ആളുകൾ മോശക്കാരാണെന്ന അഭിപ്രായമൊന്നും എനിക്കില്ല. ബഹുമാനിക്കപ്പെടേണ്ട ഒട്ടനവധി ഉദ്യോഗസ്ഥരുണ്ട്. അവരെ ബഹുമാനപൂർവ്വം 'സാർ' എന്ന് വിളിക്കുന്നതിന് ഒട്ടും മടി കാണിക്കുന്ന ആളല്ല ഞാൻ. പക്ഷെ, പ്രായോഗിക ജീവിതത്തിൽ ജനങ്ങളോടൊപ്പം നിൽക്കാത്ത ആളുകളെ ബഹുമാനിക്കാൻ കഴിയുമോ?

ഇപ്പോൾ മൂന്നാറിലെ യാത്രാക്ലേശം സാധാരണ ജനജീവിതം മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കാത്തത്ര രൂക്ഷമായിരിക്കുകയാണ്. ഗവൺമെന്റുണ്ടെന്ന തോന്നൽ ജനത്തിനുണ്ടാകണമെങ്കിൽ പ്രത്യേകമായി യോഗം വിളിച്ചുചേർത്ത് ഈ പ്രശ്നങ്ങളിലിടപെടാൻ ഗവൺമെന്റ് ശ്രദ്ധിക്കണമെന്നാണ് ഈ അവസരത്തിൽ ആവശ്യപ്പെടാനുള്ളത്. കുറെ കാര്യങ്ങൾകൂടി പറയാനുണ്ട്, പക്ഷെ അതിനുള്ള സമയമില്ലാത്തതിനാൽ എല്ലാവിധ ആശംസകളും ഗവൺമെന്റിന് നേർന്നുകൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

<u>ശ്രീ. കെ. രാജൻ:</u> സർ, റവന്യൂ വകുപ്പ് അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ എല്ലാ അർത്ഥത്തിലും സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്. കേരളം ഈ നൂറ്റാണ്ട് കണ്ട ഏറ്റവും വലിയ പ്രളയത്തിനാണ് സാക്ഷ്യം വഹിച്ചത്. ജാതി-മത-രാഷ്ട്രീയ-വർണ്ണ-വർഗ്ഗ-ലിംഗ വ്യത്യാസമില്ലാതെ ഇതുവരെ പ്രളയത്തെ നേരിട്ടിട്ടില്ലാത്ത മലയാളി ഒറ്റക്കെട്ടായി സർക്കാരിന്റെ നേതൃത്വത്തിൽ പ്രളയത്തെ നേരിടാൻ തീരുമാനിച്ചപ്പോൾ അത്ഭുതകരമായ മാറ്റമാണുണ്ടായത്. നാം പ്രതീക്ഷിച്ച ജീവഹാനിയിൽനിന്നും കേരളത്തെ രക്ഷിക്കാൻ കഴിഞ്ഞത് ഈ

യോജിപ്പുകൊണ്ടായിരുന്നു. പക്ഷെ, ആദ്യഘട്ടത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉൾപ്പെടെ ഇതിൽ ഇടപെട്ടിരുന്നെങ്കിലും തുടർന്ന് ഗവൺമെന്റ് നടത്തുന്ന പ്രവർത്തനങ്ങൾക്ക് ജനങ്ങൾ നൽകുന്ന പിന്തുണ കണ്ടപ്പോൾ അക്ഷരാർത്ഥത്തിൽ ഈ തെരഞ്ഞെടുപ്പിലുണ്ടാക്കിയതുപോലെ യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും ഒരിക്കലും തീർക്കാൻ കഴിയാത്ത ഒരു ബന്ധം കേരളത്തിലുണ്ടാക്കി. കേരളത്തിനുള്ള സഹായങ്ങൾ കേന്ദ്ര ഗവൺമെന്റ് നിഷേധിച്ചതും യു.എ.ഇ. ഗവൺമെന്റ് പ്രഖ്യാപിച്ച ധനസഹായം തടഞ്ഞതും മന്ത്രിമാരുടെ വിദേശയാത്ര പൂർണ്ണമായും ഇല്ലാതാക്കിയതും സാലറി ചലഞ്ചിനെ കോടതിക്ക് അകത്തും പുറത്തും ഒരുപോലെ എതിർക്കാൻ തീരുമാനിച്ചതും അതിന്റെ ഭാഗമായാണ്. യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും കൈകോർത്ത് നിന്നത് കേരള ചരിത്രത്തിലെ ഏറ്റവും അപമാനകരമായ ഒരു അദ്ധ്യായമായി മാറിയപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും റവന്യൂ വകുപ്പുമന്ത്രിയുടെയും നേതൃത്വത്തിൽ നടത്തിയ പ്രവർത്തനം നവകേരള നിർമ്മാണത്തിനുതകുന്ന തരത്തിലുള്ള ഇടപെടലായി മാറിയെന്നുള്ളത് അഭിനന്ദനാർഹമാണ്. റവന്യൂ വകുപ്പിനെയും സർക്കാരിനെയും ഊഷ്മളമായി അഭിവാദ്യം ചെയ്യാൻ ഈ അവസരം ഉപയോഗപ്പെടുത്തുകയാണ്. എല്ലാ വകുപ്പുകളെയും ഏകോപിപ്പിക്കുകയും ദുരിതാശ്വാസ ക്യാമ്പുകൾ സാർവ്വത്രികമായി തയ്യാറാക്കുകയും ചെയ്തു. എല്ലാവരുടെയും ഇടപെടൽ അക്കാര്യത്തിലുണ്ടായി. 48 മണിക്കൂറിൽ കൂടുതൽ വെള്ളം കെട്ടിനിന്ന വീടുകൾക്ക് 10,000/- രൂപ വീതം കൊടുക്കാൻ തീരുമാനിക്കുകയും 487843 കുടുംബങ്ങൾക്ക് തുക ലഭ്യമാക്കുകയും ചെയ്തു. ക്യാമ്പുകളിൽനിന്ന് മടങ്ങിപ്പോയവർക്ക് 22 അവശ്യസാധനങ്ങളടങ്ങിയ 724352 കിറ്റുകൾ വിതരണം ചെയ്തു. ഇതിനുപുറമെ ക്യാമ്പുകളിലെത്താത്തവർക്കും കുറച്ച് വെള്ളം കയറിയ വീട്ടുകാർക്കും 500 രൂപ വിലവരുന്ന 1050838 അവശ്യസാധന കിറ്റുകളാണ് വിതരണം ചെയ്തത്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ എല്ലാവരെയും കൂട്ടിയോജിപ്പിച്ചു കൊണ്ട് വെള്ളം കയറിയ വീടുകൾ ശുചീകരിക്കാനുള്ള സംവിധാനമുണ്ടാക്കി. സർട്ടിഫിക്കറ്റുകളും റേഷൻ കാർഡുകളും നഷ്ടപ്പെട്ട മുഴുവൻപേർക്കും അവ അടിയന്തരമായി വിതരണം ചെയ്യുന്നതിനുവേണ്ടി റവന്യൂ/ഭക്ഷ്യ വകുപ്പുകൾ സംയുക്തമായി അദാലത്തുകൾ സംഘടിപ്പിച്ചു.

2.00 P.M.]

പോസ്റ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് തയ്യാറാക്കിയ കണക്കനുസരിച്ച് 26,718 കോടി രൂപയുടെയും എ.ഡി.ബി.-യുടെ കണക്കുപ്രകാരം 24,893 കോടി രൂപയുടെയും സംസ്ഥാന സർക്കാരിന്റെ കണക്കുപ്രകാരം 26,720 കോടി

രൂപയുടെയും നഷ്ടമാണുണ്ടായത്. കേന്ദ്ര സർക്കാരിനോട് രണ്ട് ഘട്ടങ്ങളായി 5,616.70 കോടി രൂപയും പ്രത്യേക പാക്കേജായി അയ്യായിരം കോടി രൂപയുടെ സഹായവും ആവശ്യപ്പെട്ടെങ്കിലും കിട്ടിയത് 2,904.85 കോടി രൂപ മാത്രമാണ്. എതിർപക്ഷത്തുനിന്ന് ഇടപെടുന്നതിൽ കോൺഗ്രസ്സും യു.ഡി.എഫ്.-ഉം മൗനം പാലിച്ചു. ഇവർക്ക് ഇതൊരു ഗതികേടായി മാറുമെങ്കിൽ അങ്ങനെയാകട്ടെ എന്ന് തീരുമാനിച്ചപ്പോൾ നഷ്ടപ്പെട്ടത് മലയാളിയുടെ പ്രിയപ്പെട്ട ജീവനാണെന്നുള്ള യഥാർത്ഥ്യം എപ്പോഴെങ്കിലും ഇവർ പരിശോധിക്കുന്നത് നന്നായിരിക്കും. പതിനഞ്ച് മുതൽ നൂറ് ശതമാനം വരെ തകർന്ന വീടുകളുടെ എണ്ണം 255964 ആണ്. ദുരിതാനന്തരം ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ടവർക്ക് അവ പുനരാരംഭിക്കുന്നതിനായി ബാങ്കുകളുമായി സഹകരിച്ച് 'ഉജ്ജീവന സഹായ പദ്ധതി' സർക്കാർ ആരംഭിച്ചു. പത്തുലക്ഷം രൂപവരെ വായ്പയെടുക്കുമ്പോൾ അതിൽ രണ്ട് ലക്ഷം രൂപ സർക്കാർ ധനസഹായമായി നൽകുന്ന നിലപാട് സ്വീകരിച്ചത് വളരെ സന്തോഷകരമായ കാര്യമാണ്. കന്നുകാലികൾ നഷ്ടപ്പെട്ട 27363 കുടുംബങ്ങൾക്ക് 21 കോടി 70 ലക്ഷം രൂപ നഷ്ടപരിഹാരമായി നൽകി. മത്സ്യത്തൊഴിലാളികൾ നടത്തിയ വലിയ പ്രവർത്തനത്തിന് കേരള നിയമസഭ ഗ്രേറ്റ് സല്യൂട്ട് നൽകിയാണ് അവരെ ആദരിച്ചത്. 94891 പേർക്ക് ഗാർഹിക ഉപകരണങ്ങൾ വാങ്ങുന്നതിനായി കുടുംബശ്രീ വഴി ചെലവഴിച്ചത് 992 കോടി രൂപയാണ്. കർഷകർക്ക് നഷ്ടപരിഹാരമായി 178 കോടി രൂപ കൊടുത്തു.

ഇരുപത്തിയൊന്ന് കൊല്ലക്കാലത്തെ കേരള ചരിത്രത്തിലാദ്യമായി വിള ഇൻഷ്വറൻസ് പുതുക്കി നിശ്ചയിച്ചു. സഖാവ് വി. എസ്. സുനിൽ കുമാറിന്റെ നേതൃത്വത്തിലുള്ള കൃഷി വകുപ്പ് ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി ചെറുതല്ല. ഒരു വാഴ നഷ്ടപ്പെട്ടാൽ കേന്ദ്ര സർക്കാർ കൊടുക്കുന്നത് 5.20 രൂപയും സംസ്ഥാന സർക്കാർ കൊടുക്കുന്നത് 96.40 രൂപയുമാണ്. മൂന്ന് രൂപയ്ക്ക് ഒരു വാഴ ഇൻഷ്വർ ചെയ്താൽ ചെങ്ങാലിക്കോടൻ വാഴയാണെങ്കിൽ 300 രൂപ വരെ കൊടുക്കാൻ കഴിയുന്ന തരത്തിൽ വിള ഇൻഷ്വറൻസ് നടപ്പിലാക്കിയ അത്ഭുതകരമായ അനുഭവം കേരളത്തിനുണ്ട്. പ്രളയകാലത്ത് ഈ ഗവൺമെന്റിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് നടത്തിയ എല്ലാ പ്രവർത്തനങ്ങളും അഭിനന്ദനാർഹമാണ്.

ശ്രീ. എസ്. രാജേന്ദ്രൻ ഇവിടെ സൂചിപ്പിച്ചതുപോലെ പട്ടയം പ്രധാനപ്പെട്ട പ്രശ്നമായി നിലനിൽക്കുന്നുണ്ട്. 106000 പേർക്കാണ് റവന്യൂ വകുപ്പ് പട്ടയം വിതരണം ചെയ്തത്. വനഭൂമി പട്ടയങ്ങളുടെ കാര്യത്തിൽ കുറച്ചുകൂടി ശ്രദ്ധയുണ്ടാകണമെന്ന വിമർശനംകൂടി അവതരിപ്പിക്കുകയാണ്. ബാധ്യതരഹിത

പട്ടയമെന്ന ദീർഘകാല ആവശ്യത്തിന് കേരളത്തിലെ ഗവൺമെന്റ് അംഗീകാരം നൽകി. 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തുകയും പ്രസ്തുത ചട്ടങ്ങൾ പ്രകാരം നൽകിയ പട്ടയഭൂമിയിൽ കൃഷിക്കാർ വച്ചുപിടിപ്പിക്കുന്ന ചന്ദനം ഒഴികെയുള്ള മുഴുവൻ മരങ്ങളും കർഷകരുടെ സ്വന്തമാണെന്ന് ഗവൺമെന്റ് പ്രഖ്യാപിക്കുകയും ചെയ്തു. പെരിഞ്ചാംകുടിയിലെ ആദിവാസികളുടെ ദീർഘകാലമായുള്ള ഭൂമി പ്രശ്നം പരിഹരിക്കാൻ സർക്കാർ തയ്യാറായി. കയ്പമംഗലം നിയോജകമണ്ഡലത്തിലെ അഴിക്കോട് വില്ലേജിലെ 23 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭൂമി അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കി. കയ്യേറ്റക്കാർക്കെതിരെ ശക്തമായ നടപടിയെടുത്തു. ഇക്കാര്യങ്ങൾ സൂചിപ്പിക്കുമ്പോൾ വളരെ പ്രധാനമായി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള ഒരു പ്രശ്നം, ദീർഘകാലമായി പീച്ചി ഡാമിന്റെ നിർമ്മാണപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിച്ച 43 കുടുംബങ്ങൾ ഒളഗര ആദിവാസി കോളനിയിൽ ഇപ്പോഴും താമസിക്കുന്നു എന്നുള്ളതാണ്. അവരുടെ പട്ടയവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എം.എൽ.എ. എന്ന നിലയിൽ ഇടപെടുകയും കളക്ടറുമായി ബന്ധപ്പെട്ട് ആ സ്ഥലം സന്ദർശിക്കുകയും ചെയ്തു. പ്രിൻസിപ്പൽ സെക്രട്ടറിയും അതിൽ ഇടപെട്ടു. പക്ഷെ അക്കാര്യത്തിലൊരു തീരുമാനമെടുക്കാൻ ഇപ്പോഴും കഴിഞ്ഞിട്ടില്ല. ആ പ്രശ്നം പരിഹരിക്കണം. 16-1-2019-ൽ അങ്ങയുടെ അദ്ധ്യക്ഷതയിൽ ചേർന്ന റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി ഉൾപ്പെടെ പങ്കെടുത്ത യോഗത്തിന്റെ മിനിട്ട്സ് അനുസരിച്ച് ജെ.വി.ആർ. (ജോയിന്റ് വെരിഫിക്കേഷൻ റിപ്പോർട്ട്) ഇല്ലാത്തവർക്ക് ഭൂമി പതിവ് ചട്ടങ്ങളിലുണ്ടെങ്കിൽ അത് കൊടുക്കാനും മരവില നിശ്ചയിക്കാനും തീരുമാനമെടുത്തുകൊണ്ടുള്ള സർക്കുലർ എന്റെ കയ്യിലിരിക്കുകയാണ്. പക്ഷെ ആ സർക്കുലറിന് ഒരു ജി.ഒ. ഇറക്കാൻ ഇത്ര കാലതാമസമുണ്ടാകുന്നത് എന്താണെന്ന് മനസ്സിലാകുന്നില്ല, അത് പരിഹരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

അങ്ങയുടെ നേതൃത്വത്തിൽ എല്ലാ രംഗത്തും ആധുനികവൽക്കരണം നടപ്പിലാക്കിയിരിക്കുകയാണ്. അതിന്റെ ഭാഗമായി 130 സ്മാർട്ട് വില്ലേജുകളും ആറ് പുതിയ റവന്യൂ ഡിവിഷനുകളും രണ്ട് പുതിയ താലൂക്കുകളും ആരംഭിച്ചു. തൃശ്ശൂർ താലൂക്കിൽ ഇപ്പോൾ 74 വില്ലേജുകളാണുള്ളത്. അതിൽ മലയോര മേഖല എന്ന നിലയിൽ പീച്ചി കേന്ദ്രീകരിച്ചുകൊണ്ട് ഒരു താലൂക്ക് ആരംഭിക്കാനുള്ള നടപടിയുണ്ടാകണം.

കിഫ്ബിയുടെ അക്വിസിഷൻ നടപടികളിൽ നന്നായി ഇടപെടാൻ സർക്കാരിന് കഴിഞ്ഞു. തിരുവനന്തപുരത്തും ആലപ്പുഴയിലും മലപ്പുറത്തും കണ്ണൂരിലും നാല് പുതിയ സ്പെഷ്യൽ ഓഫീസർമാരെ നിയമിച്ചുകൊണ്ട് ആ നടപടിക്ക്

നേതൃത്വം കൊടുക്കാനുള്ള റവന്യൂ വകുപ്പിന്റെ ശ്രദ്ധേയമായ ഇടപെടൽ അഭിനന്ദനാർഹമാണ്. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ ഭേദഗതിയുമായി ബന്ധപ്പെട്ട് ഇവിടെ ഉയർന്നുവന്ന സംശയങ്ങളെല്ലാം ദൂരീകരിച്ചുകൊണ്ട് കൃഷി വ്യാപിപ്പിക്കാനുള്ള നടപടികൾക്ക് ശക്തമായ പിന്തുണയാണ് റവന്യൂ വകുപ്പ് നൽകിയത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി ഈ സഭയിലുള്ളതുകൊണ്ട് ഒരു കാര്യം ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഞങ്ങളെല്ലാവരും അഭിമാനപൂർവ്വം അഹങ്കരിച്ചുപോയ ഒരു ദിവസമാണ് ജൂൺ മാസം 6-ാം തീയതി. കാരണം, കേരളത്തിന്റെ 62 വർഷക്കാലത്തെ പൊതുവിദ്യാഭ്യാസ ചരിത്രത്തിൽ ആദ്യമായി ഒന്ന് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ള എല്ലാ കുട്ടികളും പഠനോപകരണങ്ങളുമായി സ്കൂളിൽ പോയ ആദ്യ ദിവസമാണത്. ഞങ്ങളതിൽ വല്ലാതെ അഹങ്കരിച്ച് പ്രസംഗിച്ചു. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ഒരു യോഗത്തിൽ പറഞ്ഞു ഇന്ത്യയിൽത്തന്നെ ആദ്യമായിട്ടാണ് ഒരു സംസ്ഥാനത്ത് പുതിയ അദ്ധ്യയന വർഷത്തിൽ എല്ലാ വിദ്യാർത്ഥികളും എല്ലാ പഠനോപകരണങ്ങളുമായി പൊതുവിദ്യാലയങ്ങളിൽ പോകുന്നതെന്ന്. വളരെ സന്തോഷത്തോടെയും അഭിമാനത്തോടെയും ഞങ്ങളത് ഏറ്റെടുത്തു. പക്ഷെ എനിക്കുണ്ടായ സംശയം കേരളത്തിൽ മാത്രമാണെന്ന് ഞങ്ങൾ അഹങ്കരിച്ചപ്പോൾ ജൂൺ 6-ാം തീയതിതന്നെ തെലുങ്കാനയിലും ഒരു പ്രവേശനോത്സവം നടന്നു.

'സാറെ സാറെ സാമ്പാറെ

സാറിന്റെ വീട്ടിൽ..... 'എന്ന് പറഞ്ഞുകൊണ്ട് പന്ത്രണ്ട് കോൺഗ്രസ് എം.എൽ.എ.-മാർ തെലുങ്കാനയിൽ ടി.ആർ.എസ്.-ന്റെ ഓഫീസിൽ പോയി ആദ്യത്തെ പ്രവേശനോത്സവത്തിനായി കാത്തുനിന്ന കാഴ്ച നമ്മൾ കണ്ടതാണ്.

ഇവിടെ ആനക്കളിയില്ല, ഇവിടെ ബലൂണില്ല, ഇവിടെ പാട്ടില്ല, എന്നുപറഞ്ഞ് ടി.ആർ.എസ്.-കാർ തിരിച്ചയയ്ക്കാൻ നോക്കി. പക്ഷെ ഉച്ചക്കഞ്ഞിയെങ്കിലും കിട്ടിയാൽ മതി ഞങ്ങളിവിടെ നിൽക്കാമെന്ന് പറഞ്ഞത് പന്ത്രണ്ട് പേരാണ്. ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായി കേരളത്തിൽ നിങ്ങൾക്ക് 19 സീറ്റ് കിട്ടിയതിൽ അഹങ്കരിക്കുകയാണല്ലോ. പന്ത്രണ്ട് പേർ ജൂൺ 6-ാം തീയതി തന്നെ തെലുങ്കാന രാഷ്ട്രീയ സമിതിയുടെ ആഫീസിൽ പ്രവേശനോത്സവത്തിന് പോയി. അടുത്തത് എവിടെയാണ്? അടുത്തത് ചേട്ടൻ ബാവ അനിയൻ ബാവ, രണ്ടുപേർ കണ്ണൂർ ജില്ലയിലുണ്ടല്ലോ. ജയിച്ചാൽ ഞാൻ ബി.ജെ.പി.യിൽ പോകില്ലെന്ന് പത്രപ്പരസ്യം കൊടുത്ത ഏതെങ്കിലും ഒരു സ്ഥാനാർത്ഥി കേരള ചരിത്രത്തിൽ ഉണ്ടായിട്ടുണ്ടോ? ഞാൻ ജയിച്ചാൽ ബി.ജെ.പി.-യിൽ പോകില്ലെന്ന്

ശ്രീ. കെ. സുധാകരൻ പത്രപ്പരസ്യം കൊടുത്തു. കാമുകനും കാമുകിയും ഒരുമിച്ച് തീരുമാനിക്കുകയാണ്; ഒരാൾ മൂന്ന് മണിക്ക് കണ്ണൂരിലെ വെള്ളത്തിൽ ചാടും മറ്റെയാൾ മൂന്ന് മണിക്ക് തലശ്ശേരിയിലെ വെള്ളത്തിൽ ചാടും. ഒരാൾ ചാടി, മറ്റെയാൾ ചാടിയില്ല. ഇനിയെന്നാണ് പോകുകയെന്ന് നിശ്ചയിക്കാൻ കഴിയില്ല. 52 പേരുണ്ടെന്ന് പറഞ്ഞ് നിങ്ങൾ അഹങ്കരിക്കുന്നുണ്ടല്ലോ. ഞങ്ങൾക്ക് പറ്റിയ തെറ്റുകൾ ഞങ്ങൾ തന്നെ പരിശോധിച്ച് തിരുത്തി ഇടതുപക്ഷ ജനാധിപത്യമുന്നണി കേരളത്തിൽ ശക്തിയായി തിരിച്ചുവരും. പക്ഷെ 52 പേരെ നേടിയ കോൺഗ്രസ്സിന് അഞ്ചുപേരെങ്കിലും ബാക്കിയുണ്ടാകുമെന്ന് ഉറപ്പ് പറയാൻ ഈ ഇരിക്കുന്ന ആർക്കെങ്കിലും സാധിക്കുമോ?

കോൺഗ്രസിന് ദീർഘവീക്ഷണമില്ലെന്ന് ചിലർ പറഞ്ഞു. ഞാൻ അത് വിശ്വസിക്കുന്നില്ല. കോൺഗ്രസിന് നല്ല ദീർഘവീക്ഷണമുണ്ട്. അതുകൊണ്ടാണ് ശ്രീ. രാഹുൽ ഗാന്ധി വയനാട്ടിൽവന്ന് മത്സരിക്കാൻ തീരുമാനിച്ചത്. നിങ്ങൾ ആരെയാണ് എതിർക്കാൻ തീരുമാനിച്ചത്; നിങ്ങൾ ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ പൂർണ്ണമായും വിമർശിച്ചല്ലോ. നിരവധി സീറ്റുണ്ടായിരുന്ന ഇന്ത്യാ രാജ്യത്തെ ഏത് സംസ്ഥാനത്താണ് ഇപ്പോൾ നിങ്ങളുള്ളത്? ഡൽഹിയിലോ രാജസ്ഥാനിലോ ഉത്തരാഖണ്ഡിലോ ഗുജറാത്തിലോ ഹരിയാനയിലോ ആന്ധ്രയിലോ ബംഗാളിലോ നിങ്ങളുണ്ടോ? ഞങ്ങൾ നേരത്തെയും ഉണ്ടായിരുന്നില്ല. നിങ്ങൾ അടക്കിഭരിച്ചിരുന്ന ഈ കേന്ദ്രങ്ങളിൽ നിങ്ങൾ എന്തുകൊണ്ടാണ് ഇല്ലാതായത്; അത് തിരിച്ചറിയണ്ടേ? ശ്രീ. രാഹുൽ ഗാന്ധിക്ക് ബി.ജെ.പി. മത്സരിക്കുന്നൊരു സീറ്റിൽ വന്ന് മത്സരിക്കാനുള്ള കരുത്തുപോലും ഉണ്ടായില്ലല്ലോ. ബി.ഡി.ജെ.എസ്. മത്സരിക്കുന്നൊരു സീറ്റിൽ വന്ന് ശ്രീ. രാഹുൽ ഗാന്ധി മത്സരിക്കുന്നത് അമേഠിയിൽ നിങ്ങൾ തോൽക്കാൻ പോകുന്ന ദുരന്തപൂർണ്ണമായ അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് എന്നതാണ് നിങ്ങളുടെ ദീർഘവീക്ഷണം.

ഞാൻ ദീർഘിപ്പിക്കുന്നില്ല. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കേവല തോൽവിയെക്കുറിച്ച് നിങ്ങൾ അഭിപ്രായം പറയുന്നുണ്ടല്ലോ. ഞങ്ങൾ ആ തോൽവിയെക്കുറിച്ച് പഠിക്കുന്നുണ്ട്. കടമ്മനിട്ട രാമകൃഷ്ണൻ എന്ന ശ്രദ്ധേയനായ കവി ഈ സഭയിലിരുന്നിട്ടുള്ള ആളാണ്.

"നിങ്ങളെന്റെ കറുത്ത മക്കളെ ചുട്ടു തിന്നുന്നോ?

നിങ്ങളവരുടെ നിറഞ്ഞ കണ്ണുകൾ ചൂഴ്ന്നെടുക്കുന്നോ?

നിങ്ങൾ ഞങ്ങടെ കുഴിമാടം കുളം തോണ്ടുന്നോ?

നിങ്ങളോർക്കുക നിങ്ങളെങ്ങനെ നിങ്ങളായെന്ന് "

ഇങ്ങനെ പാടിയ കടമ്മനിട്ട രാമകൃഷ്ണൻ എന്ന മഹാകവിയുടെ കവിതയുടെ ബാക്കിപത്രമായി ഞങ്ങൾ പറയുന്നു,

"എല്ലുപൊക്കിയ ഗോപുരങ്ങൾ കണക്കു ഞങ്ങളുയർന്നിടും

കല്ലുപാകിയ കോട്ടകൊത്തളങ്ങളൊക്കെ ഞങ്ങൾ തകർത്തിടും

കുപ്പമാടക്കുഴിയിൽ നിന്നും സർപ്പവ്യൂഹമൊരുക്കി നിങ്ങുളുടെ

നേർക്കു പത്തിയെടുത്തിരച്ചുവരും" എന്ന്. റവന്യൂ വകുപ്പ് നടത്തുന്ന ഉജ്ജ്വലമായ പരിശ്രമങ്ങൾക്ക് എല്ലാവിധ പിന്തുണയും നൽകിക്കൊണ്ട് ഞാൻ നിർത്തുന്നു

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഇവിടെ റവന്യൂ വകുപ്പ് എന്നൊരു വകുപ്പുണ്ടോ? പ്രളയ ദുരിതാശ്വാസത്തിലും പുനരധിവാസത്തിലും റവന്യൂ വകുപ്പിന്റെ പങ്ക് എന്താണ്? റീ ബിൽഡ് കേരളയ്ക്കായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിദേശത്തേയ്ക്ക് പോയി. അവിടെ റവന്യൂ വകുപ്പുമന്ത്രി പോയോ? അതുപോലെ ഒരു ഭവനനിർമ്മാണ വകുപ്പുണ്ട്. ഇവിടെ പ്രസംഗിച്ച എന്റെ സുഹൃത്ത് ശ്രീ. കെ. രാജൻ ഒരു കാര്യം മനസ്സിലാക്കണം. അതായത്, നിങ്ങളുടെ പാർട്ടിക്ക് നിലവാരവും അന്തസ്സും ആഭിജാത്യവും അഭിമാനവുമുണ്ടാക്കിയത് മുസ്ലീംലീഗും കോൺഗ്രസുമടക്കമുള്ള പാർട്ടികളാണ്. ഇപ്പോൾ നിങ്ങളുടെ പാർട്ടി എവിടെയാണ്? നിങ്ങൾക്ക് ഈ വകുപ്പൊക്കെ തന്നു. പക്ഷെ നിങ്ങളുടെ വകുപ്പിനെ സി.പി.ഐ.(എം) ഞെക്കിക്കൊന്നുകൊണ്ടിരിക്കുകയാണ്. അങ്ങ് ശുദ്ധനാണ്, മാന്യനാണ്. അങ്ങ് നിലവാരംവിട്ട് സംസാരിക്കുകയോ പെരുമാറുകയോ ചെയ്യുകയില്ലെന്ന് എനിക്കറിയാം. പക്ഷേ പറഞ്ഞിട്ട് കാര്യമില്ലല്ലോ. പി. എസ്. ശ്രീനിവാസൻ, ഇ. ചന്ദ്രശേഖരൻ നായർ, പി .കെ. വാസുദേവൻ നായർ, എൻ. ഇ. ബലറാം, തുടങ്ങിയവരെല്ലാമടങ്ങിയ പാർട്ടിയും അവർ കൈകാര്യം ചെയ്തിരുന്ന വകുപ്പുമാണ് ഇന്ന് മലബാറുകാരനായ ശ്രീ. ഇ. ചന്ദ്രശേഖരൻ കൈകാര്യം ചെയ്യുന്നത്. അതിന്റെ പോരായ്മകൾ ഞാൻ പറഞ്ഞുവെന്നേയുള്ളൂ.

നിങ്ങൾ പ്രളയത്തിൽ സാമ്പത്തിക സഹായം കൊടുത്തു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ സ്വപ്നപദ്ധതിയാണ് കിഫ്ബി. അറുന്നൂറോളം പ്രോജക്ടുകൾ അതിൽ പ്രഖ്യാപിച്ചിട്ടുണ്ട്. അതിൽ 450-ഓളം പ്രോജക്ടുകൾക്ക് ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. ഭൂമി ഏറ്റെടുത്തോ; അതിനാവശ്യമായ സർവ്വേ നടത്തിയോ; അതൊക്കെ എവിടെവരെയായി? മൂന്ന് വർഷമായ അങ്ങയുടെ സ്വപ്ന പദ്ധതിയാണല്ലോ. എവിടെയെങ്കിലും നടന്നോ; 20 ശതമാനം ഭൂമിയെങ്കിലും

ഏറ്റെടുത്തതായി അങ്ങേയ്ക്ക് നെഞ്ചിൽ കൈവച്ച് പറയാൻ സാധിക്കുമോ; സാധിക്കില്ല. ഞങ്ങൾ പ്രതിപക്ഷമായതിനാൽ നിങ്ങളെ കറക്ട് ചെയ്യാൻവേണ്ടി പറയുകയാണെന്നേയുള്ളൂ, അത് മനസ്സിലാക്കണം.

എന്റെ പാർട്ടിയുടെ സംസ്ഥാന സെക്രട്ടറി പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ കുറേ കാര്യങ്ങൾ പറഞ്ഞു. ഇനി ഞാൻ കുറച്ച് രാഷ്ട്രീയം പറയാം. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി 1977-ൽ 20 സീറ്റ് യു.ഡി.എഫ്.-ന് കിട്ടിയെങ്കിൽ ഞങ്ങൾ 1980-ൽ തിരിച്ചുവന്നു എന്ന്. 1977-ൽ ഞങ്ങളുടെ കൂടെയുണ്ടായിരുന്ന സി.പി.ഐ.-യും ആർ.എസ്.പി.-യും ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. എ. കെ. ആന്റണിയും അടക്കമുള്ള കോൺഗ്രസ് (ഐ)-യും കെ. എം. മാണി അടക്കമുള്ള കേരള കോൺഗ്രസ്സും നിങ്ങളുടെ കൂടെനിന്നതുകൊണ്ടാണ് 1980-ൽ 12 സീറ്റിൽ നിങ്ങളും 8 സീറ്റിൽ ഞങ്ങളും വിജയിച്ചത്. അന്ന് തിരുവനന്തപുരത്ത് നിങ്ങളുടെ നേതാവായിരുന്ന ശ്രീ. നീലലോഹിതദാസൻ നാടാർ എം.എൻ. ഗോവിന്ദൻ നായരെ പരാജയപ്പെടുത്തി. അന്ന് മാതൃഭൂമി നടത്തിയ സർവ്വേയിൽ 8 സീറ്റ് യു.ഡി.എഫ്.-ന് കിട്ടുമെന്ന് പറഞ്ഞത് എനിക്കിപ്പോഴും ഓർമ്മയുണ്ട്. അന്ന് പാലക്കാട് കിട്ടി, എറണാകുളത്ത് സേവ്യർ അറയ്ക്കൽ 2000 വോട്ടിന് ജയിച്ചു, ശ്രീ. പി. ജെ. ജോസഫ് അന്ന് ഞങ്ങളുടെ കൂടെയായിരുന്നു, കെ. എം. മാണി അപ്പുറത്തായിരുന്നു, ജോർജ്ജ് ജോസഫ് മുണ്ടയ്ക്കൽ 5000 വോട്ടിന് മൂവാറ്റുപുഴയിൽനിന്ന് വിജയിച്ചു, പി. കെ. നായർ 40000 വോട്ടിന് ശ്രീകണ്ഠൻ നായരെയും ചിറയിൻകീഴിൽ എ. എ. റഹീം 6500 വോട്ടിന് വയലാർ രവിയെയും തോൽപ്പിച്ചു. അന്ന് കോൺഗ്രസ് (ഐ) യും മുസ്ലീം ലീഗും എൻ.ഡി.പി.-യും എസ്.ആർ.പി.-യും മാത്രമേയുള്ളൂ. രാഷ്ട്രീയം അവിടെ നിന്നിങ്ങോട്ട് വരണം. 1984-ൽ ഇന്ദിരാ ഗാന്ധിയുടെ അതിദാരുണമായ അന്ത്യമുണ്ടായ സമയത്ത് നടന്ന തെരഞ്ഞെടുപ്പിലാണ് ഞങ്ങൾക്ക് 17 സീറ്റ് കിട്ടുന്നത്. 1987-ലെ ഇലക്ഷന് നിങ്ങൾക്ക് ആകെ കിട്ടുന്നത് 65000 വോട്ടുകളാണ്. അന്ന് നിങ്ങൾ പ്രീഡിഗ്രി ബോർഡ്, അത് ഇത് എന്നൊക്കെ പറഞ്ഞു കൊടുത്തിട്ട് നിങ്ങൾക്ക് കിട്ടിയത് 65000 വോട്ടുകൾ മാത്രമാണ്. 77-ഉം 63-ഉം ആണ് അന്നത്തെ കണക്ക്. പിന്നെ എവിടെയാണ് നിങ്ങളുണ്ടെന്ന് പറയുന്നത്?

ഇ.എം.എസ്.-ന്റെ ചെറിയൊരു ബുദ്ധി നിങ്ങൾ കമ്മ്യൂണിസ്റ്റുകാർക്ക് വേണം. നിങ്ങൾക്കതില്ല. 1964-ൽ കമ്മ്യൂണിസ്റ്റ് പാർട്ടി രണ്ടായി. നിങ്ങൾ ബീഹാറിലും ഉത്തർപ്രദേശിലും ആന്ധ്രയിലും ബംഗാളിലും ത്രിപുരയിലും കേരളത്തിലും ഉണ്ടായിരുന്നു. ഇ.എം.എസ്. എന്താണ് ചെയ്തത്; 1965-ലെ ഇലക്ഷനിൽ ഞങ്ങളുമായി ചെറിയൊരു അഡ്ജസ്റ്റ്മെന്റ് നടത്തി. സി.പി.ഐ.-യെ

ചെറുതാക്കാൻ നോക്കി. 1967-ൽ ഞങ്ങൾ നിങ്ങളെ ഞങ്ങളുടെ സപ്തകക്ഷി മുന്നണിയിൽ കൂട്ടി. അവിടെനിന്നാണ് നിങ്ങൾക്കൊരു നിലവാരം വന്നത്. അന്നും ഞങ്ങൾ ശക്തിയാണ്. നിങ്ങൾക്ക് അങ്ങനെയൊന്നില്ല. നിങ്ങൾ കോൺഗ്രസ്സിനെക്കുറിച്ച് പറഞ്ഞു. കോൺഗ്രസ് ഇന്ത്യാ രാജ്യത്ത് 7 സംസ്ഥാനങ്ങളിൽ ഉണ്ടായിരുന്നു. നിങ്ങൾ എവിടെയാണുള്ളത്? നിങ്ങൾ വട്ടപ്പൂജ്യമല്ലേ. എന്നിട്ട് നിങ്ങൾ പറയുകയാണ് 42 സീറ്റ് ബംഗാളിൽ എന്ന്. ബംഗാളിൽ 40 സീറ്റുണ്ടായിരുന്ന നിങ്ങൾ ഇപ്പോൾ എവിടെപ്പോയി? ആറ് ശതമാനം വോട്ട്. പടച്ചതമ്പുരാനേ, ഈ പാർട്ടിക്ക് എന്തുപറ്റി എന്ന് ഞാൻ ആലോചിച്ചുപോയി. എല്ലാ മൂന്ന് ദിവസവും ചർച്ച. ആദ്യം പ്ലീനറി, അതുകഴിഞ്ഞ് പോളിറ്റ് ബ്യൂറോ, കേന്ദ്ര കമ്മിറ്റി, തെറ്റ് തിരുത്തും, ഇതൊക്കെ പോയി.

ശ്രീ. എ. എൻ. ഷംസീർ, നിങ്ങൾക്ക് കമ്മ്യൂണിസ്റ്റ് പാർട്ടിയെക്കുറിച്ച് എനിക്ക് അറിയാവുന്നതുപോലും അറിയില്ല. താങ്കളെക്കുറിച്ച് ശ്രീ. റ്റി. വി. രാജേഷ് അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് വരട്ടെ. അപ്പോൾ ഞാൻ പറയാം. ശ്രീ. റ്റി. പി. രാമകൃഷ്ണൻ, അങ്ങ് ജില്ലാ സെക്രട്ടറി ആയിരുന്നല്ലോ. ഡോ. ടി. എം. തോമസ് ഐസക് ഒന്ന് മനസ്സിലാക്കണം. ഇപ്പോൾ നിങ്ങളുടെ കേന്ദ്രകമ്മിറ്റിയും പോളിറ്റ് ബ്യൂറോയും ചേർന്നു. 2015-ലെ പ്ലീനറിയിലെടുത്ത തീരുമാനം 2019-ൽ നടപ്പാക്കാൻ പോകുകയാണല്ലോ. നാല് കൊല്ലം കഴിഞ്ഞു. പിന്നെ എങ്ങനെയാണ് നിങ്ങൾ നന്നാവുക? 2019-ലെ കമ്മിറ്റി കഴിഞ്ഞ് റിപ്പോർട്ട് മൂന്നോ ആറോ മാസം കഴിഞ്ഞ് വയ്ക്കും, എന്നിട്ട് കേന്ദ്ര കമ്മിറ്റി കൂടും. ഇലക്ഷനിൽ തോറ്റതുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കും. നിങ്ങളൊക്കെ കുറച്ച് വിവരമുള്ള മനുഷ്യരാണെന്നാണ് ഞാൻ കരുതിയത്. നിങ്ങളൊക്കെ അവിടെപ്പോയി എന്തെങ്കിലും പറയുമോ? സംഗതിയിൽ അതിനേക്കാളൊക്കെ ഞങ്ങളാണ് ഉഷാർ. രണ്ട് മണിക്കൂർകൊണ്ട് എല്ലാ കാര്യവും തീരുമാനമാകും. നിങ്ങൾ ആലോചിച്ചുനോക്കൂ. ഞങ്ങൾ അഖിലേന്ത്യാ പാർട്ടിയാണ്. ശ്രീ. കെ. രാജൻ, നിങ്ങളുടെ പാർട്ടിക്ക് നില നിൽപ്പുണ്ടാക്കിത്തന്നത്, നിങ്ങളുടെ പാർട്ടിക്ക് രണ്ട് എം.പി.-മാരെയുണ്ടാക്കിത്തന്നത് ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് തമിഴ്നാട്ടിൽ നിങ്ങളുടെ കൂടെയുണ്ടായിരുന്നതുകൊണ്ടാണ്. അത് നിങ്ങൾ മനസ്സിലാക്കണം. അതുപോലെ നമ്മളും സി.പി.ഐ.(എം)-ഉം സി.പി.ഐ.യും കോൺഗ്രസ്സും കൂടിയപ്പോൾ നിങ്ങൾക്ക് രണ്ട് സീറ്റെങ്കിലും കിട്ടി.

നിങ്ങൾ മലപ്പുറത്തെക്കുറിച്ച് പറഞ്ഞു. ഞങ്ങളിൽനിന്ന് പോയ ഡോ. കെ. ടി. ജലീലിനെ നിങ്ങൾ കൊണ്ടുനടക്കുന്നുണ്ട്. നിങ്ങൾ എന്നും അദ്ദേഹത്തെ

കൊണ്ടുനടക്കുകയാണ്. എന്നിട്ട് എന്നും മുസ്ലീം ലീഗിനെയും ലീഗ് നേതാക്കളെയും ചീത്ത പറയിപ്പിക്കണം. ശ്രീ. ഇ. പി. ജയരാജൻ, ഡോ. ടി. എം. തോമസ് ഐസക്, ശ്രീ. എ. സി. മൊയ്തീൻ ഇവരൊന്നുമല്ല ഇപ്പോൾ പാർട്ടിയുടെ അഡ്വൈസേഴ്സ്. ഇപ്പോൾ ഡോ. കെ. ടി. ജലീലാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ശ്രീ. കോടിയേരി ബാലകൃഷ്ണനും ന്യൂനപക്ഷത്തിന്റെ കണക്ക് കൊടുക്കുന്നത്. അദ്ദേഹം അങ്ങനെ കണക്ക് കൊടുത്തതുകൊണ്ടാണ് ഞങ്ങൾക്ക് 646000 വോട്ടിന്റെ ലീഡ് മലപ്പുറം ജില്ലയിൽ ലഭിച്ചത്. നിലമ്പൂരിൽനിന്ന് ആരാണ് എത്തിയത്; ശ്രീ. പി. വി. അൻവർ. നിങ്ങൾ എന്തിനാണ് ഈ പണക്കാരെ കൊണ്ടുനടക്കുന്നത്? നിങ്ങളുടെ പാർട്ടിക്ക് പറ്റിയ പാളിച്ചകൾ ഞാൻ പറഞ്ഞുതരാം. ഞാൻ പറഞ്ഞ കാര്യങ്ങളൊക്കെ നിങ്ങൾ പരിശോധിക്കുക. ഒന്ന്, ശ്രീ. പി. ജയരാജനെ വടകരയിൽ സ്ഥാനാർത്ഥിയാക്കിയതോടുകൂടി കണ്ണൂരും കോഴിക്കോടും വടകരയുമൊക്കെ നിങ്ങളിൽനിന്ന് പോയി. നിങ്ങൾ ആദ്യം അത് മനസ്സിലാക്കൂ. നിങ്ങൾ എന്തെങ്കിലുമൊക്കെ പറഞ്ഞിട്ട് കാര്യമുണ്ടോ? സി.പി.ഐ.-യെ എന്തൊക്കെയാണ് അദ്ദേഹം പറഞ്ഞത്; നിങ്ങൾ ഒരു പാർട്ടിയല്ലേ? ആ പാർട്ടിയെ തോൽപ്പിച്ചിട്ട് അദ്ദേഹം പറഞ്ഞതിന് എന്തെങ്കിലും മറുപടി പറയേണ്ടതല്ലേ? ശ്രീ. കെ. രാജൻ എം.എൽ.എ.-യ്ക്ക് എ.ഐ.വൈ.എഫ്.-ന്റെ ഉശിരൊക്കെ എവിടെപ്പോയി? അതൊക്കെയൊന്ന് കാണണ്ടേ?

ശ്രീ. എ. എൻ. ഷംസീർ ഇത് ശ്രദ്ധിക്കണം, ഡി.വൈ.എഫ്.ഐ.-യുടെ ഒരു മീറ്റിംഗ് കഴിഞ്ഞപ്പോൾ ശ്രീ. ഉമ്മൻ ചാണ്ടി, ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് എന്നിവർ മാനദണ്ഡങ്ങൾ പാലിച്ച് നിർമ്മിച്ച പാലാരിവട്ടം മേൽപ്പാലത്തിന്റെ നിർമ്മാണത്തിൽ തകരാറുണ്ട്, അവർ രാജിവയ്ക്കണമെന്ന് പറഞ്ഞു. നിങ്ങൾക്ക് അത് പറയാൻ എന്താണ് അവകാശം? ശ്രീ. പി.കെ. ശശിയുടെ പേരിൽ വിവാദം ഉണ്ടായപ്പോൾ അത് അന്വേഷിക്കാൻ "റിട്ടയേർഡ് ജസ്റ്റിസ് എ. കെ. ബാലൻ എം.എൽ.എ. കമ്മീഷൻ" മലപ്പുറത്ത് മാധ്യമങ്ങൾക്ക് വാർത്ത ചോർത്തിക്കൊടുത്തത് സംബന്ധിച്ച് അന്വേഷിക്കാൻ "റിട്ടയേർഡ് ജസ്റ്റിസ് എ. കെ. ബാലൻ കമ്മീഷൻ" ഇപ്പോൾ ശ്രീ. എ. എൻ. ഷംസീറിന്റെ പേരിൽ സി.ഒ.ടി. നസീർ ആരോപണം ഉന്നയിച്ചപ്പോൾ അത് അന്വേഷിക്കാൻ നമ്മുടെ ചെയറിലിരിക്കുന്ന ബഹുമാന്യനായ റ്റി. വി. രാജേഷ് കമ്മീഷൻ. ശ്രീ. പി. ജയരാജന് നോട്ടീസ് കൊടുത്തപ്പോൾ അദ്ദേഹം നിങ്ങളോട് പോകാൻ പറഞ്ഞു. ശ്രീ. റ്റി. വി. രാജേഷ് കമ്മീഷന് അദ്ദേഹം മറുപടി തരുമോ? അത് നിങ്ങൾ മനസ്സിലാക്കണ്ടേ? ഞാൻ ചോദിക്കട്ടെ, ആരോപണങ്ങളെത്തുടർന്ന് രാജി വയ്ക്കുകയാണെങ്കിൽ നിങ്ങൾ എത്രതവണ രാജിവയ്ക്കണം? ലോക്കപ്പ് മരണത്തിന് ശ്രീ. പിണറായി വിജയൻ രാജിവയ്ക്കുമോ? നിപ ബാധിച്ച് ആരെങ്കിലും മരിച്ചാൽ

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ രാജിവയ്ക്കുമോ? പ്രളയം ഉണ്ടായതുകൊണ്ട് റവന്യൂ മന്ത്രി രാജിവയ്ക്കുമോ? എന്തൊരു കഥയില്ലാത്ത വർത്തമാനമാണിത്. ഇതാണ് നിങ്ങളുടെ തലയിൽ കളിമണ്ണാണെന്ന് ഞാൻ പറയുന്നത്. നിങ്ങളൊന്ന് ആലോചിച്ച് നോക്കു. എന്റെ പേരിൽ ഒരു ആരോപണമുണ്ടായപ്പോൾ മൂന്ന് ദിവസം ഈ സഭ സ്തംഭിപ്പിച്ചില്ലേ? ഇപ്പോൾ നിങ്ങൾക്ക് ആ വിചാരമില്ലാത്തത് എന്താണ്? ഇതിലൊരു കാര്യം നിങ്ങൾ മനസ്സിലാക്കണം, ജനങ്ങളെ ഞങ്ങൾ തെറ്റിദ്ധരിപ്പിച്ചതല്ല, നിങ്ങൾ പറയുന്നത് പച്ചക്കള്ളമാണെന്ന് അറിയാവുന്നതു കൊണ്ട് അവർ ഞങ്ങളുടെ കൂടെ നിന്നതാണ്, അതാണ് ശരി. ആ റിയാലിറ്റി നിങ്ങൾ മനസ്സിലാക്കണം. നിങ്ങൾ ശ്രീ. രാഹുൽ ഗാന്ധിയെപ്പറ്റി പറയുന്നുണ്ടല്ലോ. കോൺഗ്രസ്സിന്റെ സ്ഥാനാർത്ഥിയായി ഇന്ത്യയിൽ തന്നെയല്ലേ അദ്ദേഹം മത്സരിച്ചത്? ഇന്ദിരാ ഗാന്ധി റായ്ബറേലിയിലും ആന്ധ്രാപ്രദേശിലെ പേഡക്കിലും ഒരേസമയം മൽസരിച്ചിരുന്നു. ഇന്ദിരാ ഗാന്ധിയെ രണ്ടാമത് ചിക്മഗ്ലൂരിൽ നിന്നും ജയിപ്പിച്ചു. ശ്രീ. രാഹുൽ ഗാന്ധി പ്രധാനമന്ത്രിയാകുമെന്ന് നിങ്ങൾ പ്രതീക്ഷിച്ചു. നിങ്ങൾക്ക് ഒരു പ്രധാനമന്ത്രി സ്ഥാനം; ചരിത്രപരമായ വിഡ്ഢിത്തമെന്ന് ശ്രീ. ജോതിബസു പറഞ്ഞു. ഒരു പ്രധാനമന്ത്രി പദം തളികയിൽ കൊടുത്തു, അത് വേണ്ടെന്ന് അയാൾ പറഞ്ഞു. അതോടുകൂടി ജനം കണക്കാക്കി ഇനി അത് കിട്ടിയാലും നിങ്ങൾ ആരേയും പ്രധാനമന്ത്രിയാക്കില്ല. അതുകൊണ്ടാണ് ശ്രീ. രാഹുൽ ഗാന്ധിക്കെങ്കിലും വോട്ട് ചെയ്യാമെന്ന് കണക്കാക്കിയത്. നിങ്ങൾ പാർട്ടി തത്വമെന്ന് പറഞ്ഞ് നടക്കുന്നതല്ലാതെ ഒരു പ്രായോഗിക സമീപനം നിങ്ങൾക്കില്ല. കമ്മ്യൂണിസ്റ്റ് പാർട്ടിയാകുമ്പോൾ കുറച്ചൊക്കെ മാറ്റം വരേണ്ടതല്ലേ? മന്ത്രിമാരുടെ കുഴപ്പം എന്താണ്? ഏരിയ സെക്രട്ടറിയോ ലോക്കൽ സെക്രട്ടറിയോ എന്തെങ്കിലും പറഞ്ഞാൽ അവിടെ ടാഗ് വയ്ക്കും. എന്താണ് അതിന്റെ ആവശ്യം? ഏരിയ സെക്രട്ടറിക്കും ലോക്കൽ സെക്രട്ടറിക്കും വളരെ ചെറിയ മനസ്സേ ഉണ്ടായിരിക്കുകയുള്ളൂ. നമ്മൾ 141 പേരും എം.എൽ.എ.-മാരാണ്, ജനപ്രതിനിധികളാണ്. അതുകൊണ്ട് നമുക്ക് എല്ലാവരെയും ഉൾക്കൊള്ളേണ്ടി വരും. മന്ത്രിമാർ അത് ഉൾക്കൊള്ളണം. പാർട്ടി സെക്രട്ടറിയും പാർട്ടി കമ്മിറ്റിയും പറയുന്നത് നടക്കില്ല, കുറച്ചു കഴിഞ്ഞാൽ അത് ഉണ്ടാകുകയില്ല. പത്ത് വർഷം കഴിയുമ്പോൾ വലിയൊരു വിപത്തിനെ നേരിടുന്നതിനുവേണ്ടി നമ്മളെല്ലാവരും ഒന്നാകേണ്ടിവരും.

സി. എം. ശൈലി മാറ്റരുത്, ശൈലി മാറ്റിയാൽപ്പിന്നെ പിണറായി ആകുമോ? എന്താണ് നിങ്ങൾ മനസ്സിലാക്കിയത്; ആരെങ്കിലും എന്തെങ്കിലും വിഡ്ഢിത്തം പറഞ്ഞാൽ മാറ്റാമോ? ഓരോരുത്തർക്കും ഓരോ ശൈലിയാണ്. പാർട്ടി എന്ത് നിർദ്ദേശിച്ചാലും അത് മാറ്റാൻ പാടില്ല. നിങ്ങൾ ശ്രീ. എ.

വിജയരാഘവനെ എൽ.ഡി.എഫ്. കൺവീനറായി നിലനിർത്തണം. കാരണം രമ്യ ഹരിദാസിനെപ്പറ്റി പ്രസ്താവന നടത്തിയപ്പോൾ അതൊരു പാർട്ടി കമ്മിറ്റിയെ വച്ച് അന്വേഷിക്കാത്തത് എന്താണ്? അതേ അവസരത്തിൽ ശ്രീ. എം .കെ. രാഘവന്റെ പേരിൽ ഒരു ഒളിക്യാമറ വിവാദം വന്നപ്പോൾ തെരഞ്ഞെടുപ്പിന് രണ്ട് ദിവസം മുമ്പ് എഫ്.ഐ.ആർ. ഇട്ടു. എന്നാൽ ശ്രീ. എ. വിജയരാഘവന്റെ പേരിൽ എഫ്.ഐ.ആർ. ഇല്ല. അത് ബുദ്ധിമോശമായിപ്പോയി. നിങ്ങൾ ഇതൊക്കെ ശ്രദ്ധിക്കണം. ഇങ്ങനെയൊരു മനഃസ്ഥിതിയുമായി മുന്നോട്ടുപോയാൽ നിങ്ങളുടെ പാർട്ടി നന്നാകില്ല. നിങ്ങളുടെ തകർച്ചയിൽ എനിക്ക് ഖേദമില്ലാത്തതല്ല, പക്ഷെ പറഞ്ഞിട്ട് എന്താണ് കാര്യം? ഇവിടെ ലീഗിന്റെ കൊടിയെന്ന് ശ്രീ. ജോർജ്ജ് എം. തോമസ് പറഞ്ഞു. കോൺഗ്രസ്സും ഞങ്ങളും തമ്മിൽ 50 കൊല്ലത്തെ രാഷ്ട്രീയ ആത്മബന്ധമാണെന്ന് നിങ്ങൾ മനസ്സിലാക്കണം. നിങ്ങൾ ഇന്നലെ വന്ന് ഞങ്ങളെ തോൽപ്പിക്കാൻവേണ്ടി ആരെയെങ്കിലും കൂട്ടുപിടിച്ച് സ്ഥാനാർത്ഥിയാക്കും. നാല് രൂപ കയ്യിലുള്ള ആരെയും സ്ഥാനാർത്ഥിയാക്കും. അതുതന്നെയാണ് നിങ്ങളുടെ പാർട്ടിയുടെ പരാജയം. നിങ്ങളുടെ അണികൾക്ക് ഇതിനെതിരായ ഒരു വികാരമാണുള്ളത്. നിങ്ങളുടെ ആളുകൾ വോട്ട് ചെയ്യാതെ ഞങ്ങൾ 25 ലക്ഷം വോട്ടിന് ജയിക്കുകയില്ലല്ലോ. കൂടാതെ പാർട്ടി വോട്ടുമുണ്ട്. പിന്നെ പണ്ടത്തെപ്പോലെ ബ്രാഞ്ച് സെക്രട്ടറിയും ലോക്കൽ കമ്മിറ്റി സെക്രട്ടറിയും ഏരിയ സെക്രട്ടറിയും നൽകുന്ന കണക്കൊന്നും ശരിയാകില്ല, അതൊക്കെ വെറുതെയാണ്. നിങ്ങൾക്ക് പണ്ട് കണക്കുണ്ടായിരുന്നു, ഇപ്പോഴില്ല. ഇപ്പോൾ കേഡർ വോട്ട് എത്രയുണ്ടെന്ന് ഞങ്ങൾ പറയും, അതായിരിക്കും കറക്ട്. അത് നിങ്ങൾ മനസ്സിലാക്കണം.

ഗവൺമെന്റ് എന്ന നിലയ്ക്ക് പാർട്ടി സ്വാധീനമുണ്ടാകണം, പാർട്ടിക്ക് ഒരു അടുക്കും ചിട്ടയുമുണ്ടാക്കാൻ കഴിയുമോയെന്ന് നോക്കണം. തൽക്കാലം ബംഗാളിൽ പൈസയില്ലെന്ന് പറഞ്ഞു. വേണമെങ്കിൽ ഞങ്ങൾ പിരിവെടുത്ത് തരാം, സഹായിക്കാം, നന്നാകട്ടെ. കോൺഗ്രസ്സ് നശിച്ചതിൽ നിങ്ങളും സന്തോഷിക്കണ്ട, നിങ്ങൾ നശിച്ചതിൽ ഞങ്ങളും സന്തോഷിക്കുന്നില്ല. ഏഴ് സംസ്ഥാനങ്ങളിലുണ്ടായിരുന്ന നിങ്ങളും ഇപ്പോൾ വട്ടപ്പൂജ്യമാണ്. സി.പി.ഐ.-ക്കാരോട് പറയാനുള്ളത് നിങ്ങൾ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ വളരെക്കാലം ഉണ്ടാകുകയില്ല, കുറച്ചുകഴിഞ്ഞാൽ നിങ്ങളും നമ്മളുമൊക്കെ ഒന്നാകേണ്ടി വരും എന്നാണ്. അത് നമുക്ക് അഡ്ജസ്റ്റ് ചെയ്യാമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. സി. കെ. ശശീന്ദ്രൻ:</u> സർ, 2019-20 സാമ്പത്തിക വർഷത്തേയ്ക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. എൽ.ഡി.എഫ്.

സർക്കാർ മൂന്ന് വർഷം വിജയകരമായി പൂർത്തീകരിച്ച് പ്രോഗ്രസ്സ് റിപ്പോർട്ട് ജനങ്ങൾക്കുവേണ്ടി സമർപ്പിച്ചിരിക്കുന്ന ഘട്ടത്തിലാണ് ഈ സഭ ചേരുന്നത്. ഒരു കാര്യവും ചെയ്തില്ലെന്നാണ് പ്രതിപക്ഷം പറയുന്നത്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് നിയമന നിരോധനമായിരുന്നെങ്കിൽ ഒരു ലക്ഷം ചെറുപ്പക്കാർക്ക് ജോലി കൊടുത്ത സർക്കാരാണിതെന്ന് കാണാൻ കഴിയും. കേന്ദ്രം സഹായിക്കുന്നില്ല, എല്ലാ മേഖലകളിലും കടുത്ത സാമ്പത്തിക പ്രതിസന്ധി നിലനിൽക്കുന്നു, ജി.എസ്.ടി. ഉൾപ്പെടെയുള്ളവയിൽ പ്രയാസം; ഇവയൊക്കെ അതിജീവിക്കാൻ ധനകാര്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ ആർക്കും നിഷേധിക്കാൻ കഴിയാത്തതാണ്. പെൻഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ കൃത്യമായി വിതരണം ചെയ്യാനും സാധാരണക്കാരുടെയും പാവപ്പെട്ടവരുടെയും പ്രശ്നങ്ങൾ ഏറ്റെടുക്കാനും ഈ ഗവൺമെന്റ് നടത്തുന്ന ശ്രമങ്ങൾ ആർക്കാണ് നിഷേധിക്കാൻ കഴിയുന്നത്? പെൻഷൻ വീട്ടിൽ എത്തിച്ചുകൊടുക്കുന്ന സർക്കാരാണിത്. കേന്ദ്ര സർക്കാർ ജി.എസ്.ടി. നടപ്പിലാക്കുകവഴി സാധാരണ ജനങ്ങളെ കൊള്ളയടിക്കുന്ന നടപടിയാണ് സ്വീകരിച്ചതെന്ന് എല്ലാവർക്കും അറിയാം. കോർപ്പറേറ്റുകളെ പിന്തുണയ്ക്കുന്നതാണ് ജി.എസ്.ടി. നയങ്ങൾ. ജി.എസ്.ടി. പ്രഖ്യാപിച്ചപ്പോൾ ഹിന്ദുസ്ഥാൻ ലിവർ ലിമിറ്റഡിന്റെ ലാഭവിഹിതം മാത്രം 496 കോടി രൂപയാണ്. സംസ്ഥാനത്തിന്റെ വരുമാനമാകെ തകർക്കുന്ന രീതിയിലാണ് ജി.എസ്.ടി. നടപ്പിലാക്കിയത്. അതിനെയെല്ലാം അതിജീവിച്ച് പണം കണ്ടെത്തി, കിഫ്ബിയിലൂടെയും മറ്റും നടപടികൾ മുന്നോട്ടുകൊണ്ടുപോകാനാണ് സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. കിഫ്ബിയെ പരിഹസിക്കുകയും ധനകാര്യ വകുപ്പുമന്ത്രിയെ ആക്ഷേപിക്കുകയുമാണ് പ്രതിപക്ഷം ചെയ്യുന്നത്. ആക്ഷേപിക്കുന്ന എം.എൽ.എ.-മാരെല്ലാം ഞങ്ങൾക്കും പദ്ധതികൾ വേണമെന്നുപറഞ്ഞ് ക്യൂ നിൽക്കുകയാണ്.

140 മണ്ഡലങ്ങളിലും എം.എൽ.എ.-മാർ ശിപാർശ ചെയ്യുന്ന സ്ഥലത്ത് 5 കോടി രൂപ വീതം ചെലവഴിച്ച് അന്താരാഷ്ട്ര നിലവാരമുള്ള പൊതുവിദ്യാലയങ്ങൾ പണിതുകൊണ്ടിരിക്കുകയാണ്. അതിൽ എന്തെങ്കിലും വിവേചനമുണ്ടോ? 1000 കുട്ടികളിൽ കൂടുതലുണ്ടെങ്കിൽ 3 കോടി രൂപ, 500 കുട്ടികളിൽ കൂടുതലുണ്ടെങ്കിൽ 1 കോടി രൂപ എന്ന നിലയിൽ പൊതുമാനദണ്ഡ പ്രകാരം എല്ലാ മണ്ഡലങ്ങളിലേയ്ക്കും കൊടുക്കുകയാണ്. ഗവൺമെന്റ് ജനാധിപത്യപരവും സുതാര്യവുമായി കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു.

ഇതൊന്നും കാണാൻ പ്രതിപക്ഷത്തിന് നേരമില്ല. പ്രോഗ്രസ്സ് റിപ്പോർട്ടിൽ ഒന്നുമില്ലെന്നാണ് പ്രതിപക്ഷ നേതാവ് പോലും ഇടയ്ക്കിടയ്ക്ക് പറഞ്ഞു കൊണ്ടിരിക്കുന്നത്. ഇത് അങ്ങേയറ്റം നിരുത്തരവാദപരമായ നിലപാടാണ്. കിഫ്ബിയിൽ ഉൾപ്പെടുത്തി എന്റെ മണ്ഡലത്തിൽ 150 കോടി രൂപ മുടക്കി കാർബൺ ന്യൂട്രൽ വില്ലേജ് കോഫി പാർക്കുണ്ടാക്കുകയും അതിനാവശ്യമായ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയുമാണ്. ഇത് വയനാട്ടിലെ 80000 കാപ്പി കർഷകർക്ക് ആശ്വാസമായി മാറുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. 10 കോടി രൂപ മുടക്കി ശബരിമല തീർത്ഥാടകർക്കുവേണ്ടി ഇടത്താവളം പണിതുകൊണ്ടിരിക്കുകയാണ്. ഇതൊന്നും കാണാതെയാണ് കിഫ്ബിയെയും ഗവൺമെന്റിനെയും ധനകാര്യ മന്ത്രിയെയും കുറിച്ച് ആക്ഷേപങ്ങൾ ഉന്നയിക്കുന്നത്. ഈ നിലയിൽ നിന്ന് പ്രതിപക്ഷത്തിന് പിറകോട്ട് പോകാൻ കഴിയണം.

ഇവിടെ ഓഖി ദുരന്തമുണ്ടായി, വരൾച്ചയുണ്ടായി, പ്രളയമുണ്ടായി. ഓഖി ദുരന്തമുണ്ടായപ്പോൾ ഗവൺമെന്റ് എത്ര ഭംഗിയായിട്ടാണ് കൈകാര്യം ചെയ്തത്? ഞങ്ങളെ കേരളത്തോട് ചേർക്കണമെന്ന് കന്യാകുമാരിയിൽ നിന്ന് തമിഴ്നാട്ടുകാർ പറയുകയാണ്. നമ്മൾ മത്സ്യത്തൊഴിലാളികളോടൊപ്പം നിന്ന് അവരുടെ പ്രയാസങ്ങൾ പരിഹരിക്കാൻവേണ്ട നടപടി സ്വീകരിച്ചു. അതുപോലെ വരൾച്ചയെ അതിജീവിച്ചു. പ്രളയം സമാനതകളില്ലാത്തതാണ്. പ്രതിപക്ഷാംഗങ്ങൾ വൈദ്യുതി വകുപ്പുമന്ത്രിയെ ആക്ഷേപിക്കുകയാണ്. സമ്പൂർണ്ണ വൈദ്യുതീകരണം നടത്തിയ മന്ത്രിയാണ് ശ്രീ. എം. എം. മണിയെന്ന് നമുക്ക് കാണാൻ കഴിയും. പവർകട്ടോ ലോഡ്ഷെഡ്ഡിംഗോ ഇല്ലാതെ മുന്നോട്ടുപോകുകയാണ്. പ്രളയത്തിന് കാരണം ഗവൺമെന്റാണെന്ന രീതിയിൽ അന്ധമായ എൽ.ഡി.എഫ്. വിരോധം പ്രകടിപ്പിച്ചുകൊണ്ടാണ് കാര്യങ്ങൾ പറയുന്നത്. ബഹുമാനപ്പെട്ട മാത്യു ടി. തോമസ് അക്കാര്യങ്ങൾ വിശദീകരിച്ചതുകൊണ്ട് അതെല്ലാമൊന്ന് വായിച്ചുനോക്കി ഇനിയെങ്കിലും നിങ്ങൾ അന്ധമായ രാഷ്ട്രീയ നിലപാട് ഉപേക്ഷിക്കണമെന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്.

ഭവനനിർമ്മാണ രംഗത്ത് റവന്യൂ വകുപ്പ് ഒരുലക്ഷത്തിലേറെ പേർക്ക് പട്ടയം കൊടുത്തു. ഞങ്ങളുടെ ജില്ലയിൽ ഭവന നിർമ്മാണ ബോർഡ് അദാലത്ത് നടത്തി ഭവന വായ്പയെടുത്തവർക്ക് 14 കോടി രൂപയാണ് ഇളവ് നൽകിയത്. ഇതെല്ലാം ഈ ഗവൺമെന്റ് ചെയ്തതല്ലേ? ഇതൊന്നും പ്രോഗ്രസ്സീവ് അല്ല, ഇതൊന്നും ജനങ്ങൾക്കുള്ളതല്ല എന്ന നിലയിലാണ് പ്രതിപക്ഷം പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്.

ഇ.എം.എസ്. ഭവന പദ്ധതി അട്ടിമറിച്ചവരാണ് നിങ്ങൾ. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ഒന്നാംഘട്ടത്തിൽ പണി പൂർത്തിയാക്കാത്ത 54457 വീടുകളുണ്ടായിരുന്നു. പകുതി പണി മാത്രം പൂർത്തിയായതും താമസിക്കാൻ കഴിയാത്തതുമായ വീടുകളാണുണ്ടായിരുന്നത്. അതിൽ 50596 വീടുകൾ ഈ ഗവൺമെന്റിന് പൂർത്തിയാക്കാൻ കഴിഞ്ഞു. ഞങ്ങളുടെ ജില്ലയിൽ 8861 വീടുകളിൽ 7979 എണ്ണം പൂർത്തീകരിച്ചു. രണ്ടാംഘട്ടത്തിൽ അർഹരായ ഗുണഭോക്താക്കളുടെ എണ്ണം 99963 ആയിരുന്നു. അതിൽ എഗ്രിമെന്റ് വച്ച് 84890 വീടുകളുടെ പണി ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു. 14627 വീടുകളുടെ പണി പൂർത്തീകരിച്ചു. അങ്ങനെ വീടില്ലാത്തവർക്ക് വീട് നൽകുന്ന ലൈഫ് പദ്ധതി, സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതി എന്നിവയിലൂടെ എല്ലാവർക്കും വീട് ലഭ്യമാക്കാനാണ് ഗവൺമെന്റ് ആലോചിക്കുന്നത്. വീടും ഭൂമിയുമില്ലാത്തവരെയാണ് അടുത്ത ഘട്ടത്തിൽ പരിഗണിക്കുന്നത്. ഈ ഗവൺമെന്റിന്റെ നയങ്ങളെ തള്ളിപ്പറയുകയല്ലേ നിങ്ങൾ ചെയ്യുന്നത്; നിങ്ങൾ അതിന്റെ കൂടെ നിൽക്കണ്ടേ; അങ്ങനെയുള്ള സമീപനമല്ലേ സ്വീകരിക്കേണ്ടത്? കെ.എസ്.യു. നേതാവായ ഒരു വിദ്യാർത്ഥിക്ക് രോഗം വന്നപ്പോൾ എസ്.എഫ്.ഐ.-ക്കാരെല്ലാംകൂടി സഹായിക്കുന്നു എന്നൊരു വാർത്ത പത്രത്തിൽ കണ്ടു. അതല്ലേ വിശാലമനസ്കത? വീടില്ലാത്തവർക്ക് മുഴുവൻ വീട് കൊടുക്കാനല്ലേ ആലോചിക്കേണ്ടത്? 1000 വീട് നിർമ്മിക്കാൻ കോൺഗ്രസ് ആലോചിച്ചിട്ട് എത്രപേർക്ക് വീട് കൊടുത്തുവെന്ന് ആർക്കുമറിയില്ല. ഇപ്പോഴും പത്രത്തിൽ അത് വാർത്തയായി ഇടയ്ക്കിടയ്ക്ക് വരുന്നത് കാണാം, വീടൊന്നും ആർക്കും കിട്ടിയിട്ടില്ല. ആ നിലപാടല്ല സ്വീകരിക്കേണ്ടത്. നിങ്ങളുടെ മനസ്സിലും പ്രവൃത്തിയിലും മാറ്റം വരുത്തണം.

പട്ടയത്തിന്റെ കാര്യം ഞാൻ നേരത്തേ സൂചിപ്പിച്ചു. മലയോര ജില്ലകളിൽ ഇക്കാര്യത്തിൽ വലിയ പ്രശ്നങ്ങളുണ്ട്. വനം-റവന്യൂ വകുപ്പുകൾ സംയുക്ത സർവ്വേ നടത്തി. കേന്ദ്ര ഗവൺമെന്റ് പറയുന്നത് കേരളത്തിൽ മുഴുവൻ സർവ്വേയും നടത്തി ഒറ്റ ഫയലായി നൽകണമെന്നാണ്. അങ്ങനെ നടത്താൻ കഴിയില്ലെന്ന് എല്ലാവർക്കുമറിയാം. അതുകൊണ്ട് അടിയന്തരമായി ഇടപെട്ട് പട്ടയം ലഭിക്കാത്തവർക്ക് അത് ലഭ്യമാക്കണം. ആദിവാസികൾക്ക് കൊടുത്തത് RoR (Rights of Record) ആണ്. അതിനുപകരം പട്ടയം കൊടുക്കുന്ന കാര്യം ആലോചിക്കണം. ഇത്തരം കാര്യങ്ങളെക്കുറിച്ച് വളരെ ഗൗരവത്തോടെ ചിന്തിക്കണം. എൽ.ഡി.എഫ്.-ന്റെ പ്രകടനപത്രികയിൽ പറഞ്ഞ കാര്യങ്ങൾ ഒന്നൊന്നായി നടപ്പിലാക്കാനുള്ളതാണ്, ബി.ജെ.പി.-യുടെ ഒരു മന്ത്രി പറഞ്ഞതുപോലെ വോട്ട് തട്ടാനുള്ളതല്ല. ഞങ്ങൾ അവയെല്ലാം

നടപ്പിലാക്കുന്നതുകൊണ്ടാണ് ഈ ഗവൺമെന്റിനെതിരായ പൊതുവികാരം രാജ്യത്തില്ലാത്തത്. പക്ഷേ ലോക്സഭാ തെരഞ്ഞെടുപ്പിലെ ഫലം മറ്റൊന്നായിരുന്നു. ആ റിസൾട്ട് വളരെ പ്രധാനപ്പെട്ടതായി ഞങ്ങൾ കണക്കാക്കുകയാണ്. ആ ഫലം ആർക്കും സന്തോഷിക്കാൻ വകയുള്ളതല്ല. ആർ.എസ്.എസ്.-ഉം വർഗ്ഗീയകക്ഷികളും മേൽക്കൈ നേടിയിരിക്കുകയാണ്. നമ്മൾ അങ്ങനെയാണോ പ്രതീക്ഷിച്ചിരുന്നത്? ഇന്ത്യയിലുള്ള മതേതര ജനാധിപത്യ വിശ്വാസികളായ മുഴുവൻ ആളുകളും ആർ.എസ്.എസ്.-നും സംഘപരിവാറിനും പരാജയമുണ്ടാകണമെന്ന് ആഗ്രഹിച്ചവരാണ്. പക്ഷേ ആ ഫലമല്ല വന്നിരിക്കുന്നത്. 37% വോട്ട് മാത്രമേ ബി.ജെ.പി.-ക്ക് കിട്ടിയിട്ടുള്ളൂ. അതിനർത്ഥം ഇന്ത്യയിൽ വോട്ട് ചെയ്ത 63% ആളുകൾ ബി.ജെ.പി.-ക്കും ആർ.എസ്.എസ്.-നും എതിരായി വോട്ട് ചെയ്തിട്ടുണ്ടെന്നാണ്. ഇന്ത്യൻ പാർലമെന്റിന് ഒരു സവിശേഷതയുണ്ട്. ഭരണഘടനയനുസരിച്ച് ഭൂരിപക്ഷം വോട്ടർമാരുടെ പിന്തുണ വേണ്ട, ഭൂരിപക്ഷം എം.പി.-മാരുടെ പിന്തുണ മതി. അതുകൊണ്ടാണ് അവർക്ക് ഗവൺമെന്റ് രൂപീകരിക്കാൻ കഴിഞ്ഞത്. നമ്മുടെ ജനാധിപത്യം വളരെ ഉയർന്നതാണെങ്കിലും ചില കുറവുകളുണ്ട്, അവ ചർച്ചകളിലൂടെ പരിഹരിക്കപ്പെടേണ്ടതാണ്. ഭരണഘടനാ സ്ഥാപനങ്ങളെയെല്ലാം ആർ.എസ്.എസ്.വത്കരിക്കുകയാണ്. തെരഞ്ഞെടുപ്പ് കമ്മീഷനെപ്പോലും നോക്കുകുത്തിയാക്കി തങ്ങളുടെ താല്പര്യത്തിനുവേണ്ടി ഉപയോഗിച്ചു. ആർ.എസ്.എസ്.-നെതിരെ അതിശക്തമായ നിലപാട് സ്വീകരിക്കാൻ ഇന്ത്യയിലെ മതേതര ജനാധിപത്യ വിശ്വാസികൾ യോജിച്ചുനിൽക്കേണ്ട സാഹചര്യമാണുള്ളത്. തെരഞ്ഞെടുപ്പ് കഴിഞ്ഞയുടനെ പശുവിന്റെ പേരിൽ ആൾക്കൂട്ട കൊലപാതകങ്ങൾ വീണ്ടും നടന്നില്ലേ? യോഗി ആദിത്യനാഥിനെതിരെ പ്രതികരിച്ചതുകൊണ്ട് പ്രശാന്ത് കനോജിയ എന്ന മാധ്യമപ്രവർത്തകനെ ജയിലിലിട്ടു. ബഹുമാനപ്പെട്ട സുപ്രീംകോടതി അദ്ദേഹത്തെ വിട്ടയയ്ക്കാൻ പറഞ്ഞിരിക്കുകയാണ്. ഇതാണ് ആർ.എസ്.എസ്., ഇതാണ് സംഘപരിവാർ. ആ സംഘപരിവാറിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് അധികാരത്തിൽ വരാതിരിക്കാൻ ഇന്ത്യയിലെ മതേതര ജനാധിപത്യ വിശ്വാസികൾ നല്ലതുപോലെ ഇടപെട്ടിരുന്നു. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിയും അതിനായി പരിശ്രമിച്ചിരുന്നുവെന്ന് കാണാൻ കഴിയും. ആർ.എസ്.എസ്.-നെ നിലയ്ക്കു നിർത്തുകയും അവരുടെ വർഗ്ഗീയ അജണ്ട നടപ്പിലാക്കാൻ അനുവദിക്കാത്തതുമായ സംസ്ഥാനങ്ങളിൽ മുൻപന്തിയിലാണ് കേരളം. കേരളത്തിലെ ഗവൺമെന്റും ബദൽ നയങ്ങളാണ് ഉയർത്തിപ്പിടിക്കുന്നത്. ദേശീയാടിസ്ഥാനത്തിലുള്ള ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ ദുർബലതകൂടി കണക്കിലെടുത്ത് നിങ്ങൾക്ക് അനുകൂലമായ

റിസൾട്ടുണ്ടായി എന്നതുകൊണ്ട് എൽ.ഡി.എഫ്. ആകെ തകർന്നുപോയതായി മനക്കോട്ട കെട്ടേണ്ട. കമ്മ്യൂണിസ്റ്റ് പാർട്ടി വേണമോ വേണ്ടയോ എന്ന ഹിതപരിശോധനയല്ല കേരളത്തിൽ നടന്നിരിക്കുന്നത്. കേന്ദ്രത്തിലേയ്ക്കുള്ള തെരഞ്ഞെടുപ്പാണ് നടന്നത്. പ്രത്യേക രാഷ്ട്രീയാന്തരീക്ഷത്തിൽ നിങ്ങൾക്ക് കുറച്ച് മുന്നേറ്റമുണ്ടായി എന്നതിൽ സംശയമില്ല. അവസരവാദ രാഷ്ട്രീയ നിലപാടാണ് കോൺഗ്രസ് സ്വീകരിച്ചിരിക്കുന്നത്. അത് കോൺഗ്രസ്സിന് മനസ്സിലാക്കാൻ കഴിയണം. 1954 മുതൽ 1963 വരെ തമിഴ്നാട്ടിലെ മുഖ്യമന്ത്രി കാമരാജ് നാടാരായിരുന്നു. അദ്ദേഹത്തെ ചോദ്യം ചെയ്യാൻ അവിടെ ആളുണ്ടായിരുന്നില്ല. അവസരവാദ രാഷ്ട്രീയ മുന്നണിയുണ്ടാക്കിയതോടെ കോൺഗ്രസ്സിന്റെ കഥ കഴിഞ്ഞു. ഡി.എം.കെ. പോലുള്ള പ്രാദേശിക പാർട്ടികൾ ഉയർന്നുവന്നു. തെറ്റായ രാഷ്ട്രീയംകൊണ്ട് നിങ്ങൾ കേരളത്തിൽ തൽക്കാലം വിജയിച്ചിട്ടുണ്ടാകാം. കേരളത്തിൽ വിജയിച്ചെങ്കിലും ഇന്ത്യയിലെ സ്ഥിതിയെന്താണ്? ഉത്തർപ്രദേശിലെ കാര്യം നേരത്തെ എല്ലാവരും പറഞ്ഞല്ലോ, കോൺഗ്രസ്സിന് ഒന്നാം ലോക്സഭാ തെരഞ്ഞെടുപ്പിൽ 44.93% വോട്ടുണ്ടായിരുന്നത് ഇപ്പോൾ 19% മാത്രമേയുള്ളൂ. ഞങ്ങളുടെ പരാജയം മറച്ചുവച്ചുകൊണ്ടല്ല പറയുന്നത്. ആ അർത്ഥത്തിൽ കേൺഗ്രസ്സിന് ഇത്രയും വലിയ തകർച്ച ഉണ്ടാകാനുള്ള കാരണമല്ലേ അന്വേഷിക്കേണ്ടത്? ഒന്നാം ലോക്സഭാ തെരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് 3.29% വോട്ടുണ്ടായിരുന്നു. ഈ തെരഞ്ഞെടുപ്പിൽ ഞങ്ങൾക്ക് 2.33% വോട്ടായി കുറഞ്ഞിട്ടുണ്ട്. അതൊന്നും ഞങ്ങൾ നിഷേധിക്കുന്നില്ല. കോൺഗ്രസ്സും ലീഗുമെല്ലാം ഒരു കാര്യം മനസ്സിലാക്കേണ്ടതുണ്ട്, ശ്രീ. രാഹുൽ ഗാന്ധി വയനാട്ടിൽ വന്ന് മത്സരിച്ചപ്പോൾ ശ്രീ. അമിത് ഷാ പറഞ്ഞു വയനാട് പാകിസ്ഥാനാണെന്ന്. ലീഗുകാർ പ്രതിഷേധിച്ചില്ല, പച്ചക്കൊടിയുമായി ആരും വരേണ്ടതില്ലെന്ന് ലീഗിന്റെ അവിടത്തെ നേതാവ് വാട്സാപ്പിലൂടെ എല്ലാവർക്കും മെസ്സേജ് കൊടുത്തു. ലീഗ് പ്രതികരിക്കേണ്ടിയിരുന്നത് അങ്ങനെയായിരുന്നോ? ശ്രീ. രാഹുൽ ഗാന്ധി വീണ്ടും വയനാട്ടിൽ വന്നപ്പോൾ ആദ്യമുണ്ടായ ആവേശമുണ്ടായോ; ഒരു തണുപ്പൻ സ്വീകരണമല്ലേ ലഭിച്ചത്? അമേഠിയിൽ എന്തുകൊണ്ട് അദ്ദേഹം പരാജയപ്പെട്ടുവെന്ന് നിങ്ങൾ ആലോചിക്കണ്ടേ? ബി.ജെ.പി.-ക്കെതിരായി പോർമുഖം തുറക്കുന്നതിന് പകരം ബി.ജെ.പി.-യെ ശക്തമായി എതിർക്കുന്ന ഇടതുപക്ഷ പ്രസ്ഥാനത്തിനെതിരെ മത്സരിക്കുന്നത് എന്ത് രാഷ്ട്രീയ സന്ദേശമാണ് നൽകുന്നതെന്ന് കേരളത്തിന്റെ മുഖ്യമന്ത്രി ചോദിച്ചതുപോലെ, ഒരു രാഷ്ട്രീയ സന്ദേശവും ഇല്ലെന്നുമാത്രമല്ല, കോൺഗ്രസ്സിന്റെ തെറ്റായ നിലപാടിന്റെ ഫലമായി 18 സംസ്ഥാനങ്ങളിൽ കോൺഗ്രസ്സിന് ഒറ്റ സീറ്റുപോലും ലഭിച്ചതുമില്ല. ഇത് വളരെ പ്രധാനപ്പെട്ടതാണ്. ലീഗും നല്ലതുപോലെ മനസ്സിലാക്കണം. നിങ്ങളുടെ ആളുകളെ കൊല്ലുമ്പോൾ കോൺഗ്രസ് അവിടെയൊന്നും പ്രതിഷേധിക്കാൻ ഉണ്ടായിരുന്നില്ല.

അഖലാക്കിന്റെ വീട്ടിൽ പോകാനും അവിടെ പണം കൊടുക്കാനും ഒരു കോൺഗ്രസ് നേതാവുമുണ്ടായിരുന്നില്ല. ജുനൈദിന്റെ വീട്ടിൽ പണം എത്തിച്ചുകൊടുത്തത് കേരളത്തിന്റെ മുഖ്യമന്ത്രി ഉൾപ്പെടെയുള്ള ആളുകളാണ്. ലീഗിന്റെയോ കോൺഗ്രസ്സിന്റെയോ ഒരു നേതാവും അങ്ങോട്ട് പോയിട്ടില്ല. ന്യൂനപക്ഷങ്ങൾ ഉൾപ്പെടെയുള്ളവർക്കെതിരായ സമീപനങ്ങൾക്കെതിരെ അതിശക്തമായ നിലപാട് സ്വീകരിക്കണം.

കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കുണ്ടായ പരാജയത്തെപ്പറ്റി ഞങ്ങൾ ആത്മപരിശോധന നടത്തും. തെരഞ്ഞെടുപ്പിലുണ്ടാകുന്ന വിജയ പരാജയങ്ങൾ മാത്രമല്ല ഒരു രാഷ്ട്രീയ പാർട്ടിയുടെ പ്രവർത്തനമായി കണക്കാക്കുന്നത്. ഞങ്ങൾ ജനങ്ങളോടൊപ്പം നിന്നുകൊണ്ട് വിനയത്തോടെ പെരുമാറി, അവരുടെ പ്രശ്നങ്ങൾ ഉയർത്തിപ്പിടിക്കും. കർഷകർ, ആദിവാസി-ദളിത് വിഭാഗങ്ങൾ, തൊഴിലാളികൾ, ന്യൂനപക്ഷ ജനവിഭാഗങ്ങൾ എന്നിവരുടെ അവകാശ സംരക്ഷണത്തിനുവേണ്ടി തെരുവിൽ അവരോടൊപ്പം നിൽക്കാൻ ഞങ്ങൾക്ക് കഴിയും. ഞങ്ങൾക്ക് നഷ്ടപ്പെട്ടുപോയ വിശ്വാസം തിരിച്ചുപിടിക്കാനും തെറ്റിദ്ധരിക്കപ്പെട്ടവരെ കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തി അവരെ തിരിച്ചുകൊണ്ടു വരാനുമുള്ള കഴിവുണ്ട്. അതിനുള്ള ബദൽ നയങ്ങളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. സർക്കാരിന്റെ ജനക്ഷേമപരിപാടികൾ ജനങ്ങൾക്കിടയിൽ പ്രചരിപ്പിച്ച്, ജനങ്ങളോടൊപ്പം നിന്ന് ഇടതുപക്ഷ ജനാധിപത്യമുന്നണി തിരിച്ചു വരുമെന്ന കാര്യത്തിൽ നിങ്ങൾക്ക് യാതൊരു സംശയവും വേണ്ട. ലോക്‌സഭാ തെരഞ്ഞെടുപ്പും നിയമസഭാ തെരഞ്ഞെടുപ്പും തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പും വെവ്വേറെയാണെന്ന കാര്യം മനസ്സിലാക്കണം. അതുകൊണ്ട് കോൺഗ്രസ് അതിരുകവിഞ്ഞ് ആഹ്ലാദിക്കേണ്ട കാര്യമില്ല. ഞങ്ങൾ ആത്മപരിശോധന നടത്തുന്നതുപോലെ നിങ്ങൾക്ക് അതിന് കഴിയുന്നില്ലല്ലോ? ശ്രീ. രാഹുൽ ഗാന്ധി ഞാൻ ഒഴിഞ്ഞുപോകുകയാണ്, ഒഴിഞ്ഞുപോകുകയാണ് എന്നുപറയുമ്പോൾ പോകല്ലേ, പോകല്ലേ എന്ന പ്രമേയം പാസ്സാക്കുകയാണ് കെ.പി.സി.സി. ചെയ്തിരിക്കുന്നത്. ഇതെല്ലാമാണ് രാഷ്ട്രീയം. തെറ്റായ രാഷ്ട്രീയ നിലപാട് സ്വീകരിച്ചാൽ താൽക്കാലിക ജയമുണ്ടാകുമെങ്കിലും പിടിച്ചുനിൽക്കാൻ കഴിയില്ല. 1924-ലെ കറാച്ചി പ്രമേയത്തിൽ പറയുന്നത് എല്ലാവർക്കും തുല്യനീതി വേണമെന്നാണ്. അതാണ് ശബരിമല വിഷയത്തിലുണ്ടായത്. അത് നിങ്ങൾ നടപ്പിലാക്കിയോ? കൃഷിഭൂമി കൃഷിക്കാരനെന്നതും ആ പ്രമേയത്തിലുണ്ടായിരുന്നു. അതൊന്നും നടപ്പിലാക്കാനുള്ള നിലപാടല്ല കോൺഗ്രസ്സിനുള്ളത്. ജനങ്ങളോടൊപ്പം നിന്ന്, ജനങ്ങളുടെ വിശ്വാസം തിരിച്ചുപിടിച്ച് സി.പി.ഐ. (എം)-ഉം ഇടതുപക്ഷ ജനാധിപത്യമുന്നണിയും അതിശക്തമായി തിരിച്ചുവരും.

ഞങ്ങളാകെ തകർന്നുപോയി എന്ന് സ്വപ്നം കണ്ട് അവിടെ ഇരിക്കണ്ട. ഞങ്ങൾക്ക് പറ്റിയ പോരായ്മകൾ പരിഹരിക്കും, അതിന് ഈ ഗവൺമെന്റുതന്നെ നേതൃത്വം കൊടുക്കുമെന്ന് പറഞ്ഞുകൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഞങ്ങളുടെ നാട്ടിൽ ഒരു മത്തായി ചേട്ടനുണ്ടായിരുന്നു. എന്നും മദ്യപിച്ച് വീട്ടിൽ വന്ന് ഭാര്യയെയും മക്കളെയും നിരന്തരമായി ഉപദ്രവിക്കുമായിരുന്നു. നാട്ടുകാർക്കെല്ലാം ശല്യമായിരുന്ന ആ മനുഷ്യൻ ഒരു ദിവസം മരണപ്പെട്ടു. അദ്ദേഹം മരണപ്പെട്ടപ്പോൾ, അദ്ദേഹത്തിന്റെ മരണ ശുശ്രൂഷയ്ക്കായി വന്നത് ആ ഇടവകയിൽ പുതിയതായി വന്ന അച്ചനായിരുന്നു. അച്ചന് മത്തായി ചേട്ടനെക്കുറിച്ച് അറിയില്ലായിരുന്നു. അച്ചൻ സാധാരണ പ്രസംഗിക്കുന്നതുപോലെ, മത്തായി വളരെ നല്ലൊരു മനുഷ്യനായിരുന്നു, ഭാര്യയെയും മക്കളെയും നന്നായി നോക്കി, വലിയൊരു മനുഷ്യസ്നേഹിയായിരുന്നു, സാമൂഹ്യസേവനമുള്ള ആളായിരുന്നു എന്നൊക്കെ പറഞ്ഞുകൊണ്ടിരുന്നപ്പോൾ അടുത്തിരുന്ന ഭാര്യ മകളെ ഒന്ന് തോണ്ടിയിട്ട് പറഞ്ഞു, മോളെ നീ ഒന്ന് നോക്കിയേ നിന്റെ അച്ഛൻ തന്നെയാണോ കിടക്കുന്നതെന്ന്. അതുപോലെ സർക്കാരിന്റെ പ്രോഗ്രസ് റിപ്പോർട്ടും ഇവിടെയുള്ള പ്രസംഗങ്ങളും തെരഞ്ഞെടുപ്പിന്റെ റിസൾട്ടുമൊക്കെ കാണുമ്പോൾ ഇതൊക്കെ ഈ സർക്കാരിനെക്കുറിച്ച് തന്നെയാണോ പറയുന്നതെന്നാണ് കേരളത്തിലെ ജനങ്ങൾ ചോദിക്കുന്നത്. ഈ ചർച്ച തുടങ്ങിവച്ച ശ്രീ. കെ. സുരേഷ് കുറുപ്പ്, സംസ്ഥാനത്തെ നികുതി വെട്ടിപ്പ് തടയുന്നതിനാവശ്യമായ എൻഫോഴ്സ്മെന്റ് സംവിധാനം ശക്തമാക്കണമെന്ന് പറഞ്ഞുകൊണ്ടാണ് ചർച്ച ആരംഭിച്ചത്. ജി.എസ്.ടി. വന്നപ്പോൾ വലിയ ആവേശത്തോടുകൂടി അതിനെ സ്വീകരിച്ച ആളാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി. ജി.എസ്.ടി. വരുന്നതോടുകൂടി സംസ്ഥാനത്ത് നികുതിപ്പണം ഒഴുകുമെന്നായിരുന്നു അദ്ദേഹത്തിന്റെ കണക്കുകൂട്ടൽ. കഴിഞ്ഞ സാമ്പത്തിക വർഷംതന്നെ സേവന നികുതിയിലുണ്ടായ വളർച്ച ഏകദേശം 12% മാത്രമാണെന്ന് അങ്ങേയ്ക്ക് നന്നായി അറിയാം. 20 ശതമാനമെങ്കിലും വളരുമെന്നാണ് നമ്മൾ പ്രതീക്ഷിച്ചിരുന്നത്. ബഡ്ജറ്റിൽ പറഞ്ഞതുപോലെ ധനകമ്മിയും റവന്യൂകമ്മിയും കുറയണമെങ്കിൽ ഈ സാമ്പത്തിക വർഷം നികുതി വരുമാനം 30 ശതമാനമെങ്കിലും വർദ്ധിപ്പിക്കണം. അതിനാവശ്യമായ യാതൊരു നടപടിയും സർക്കാർ സ്വീകരിച്ചതായി കാണുന്നില്ല. മറിച്ച്, സേവന നിരക്കുകളൊക്കെ വർദ്ധിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നതായാണ് പത്ര-മാധ്യമങ്ങളിലൂടെ അറിയാൻ കഴിഞ്ഞത്. അതായത്, സാമ്പത്തിക പ്രതിസന്ധി മറികടക്കാനായി ആരോഗ്യ-വിദ്യാഭ്യാസ വകുപ്പുകളിലടക്കമുള്ള ഫീസുകളും ചാർജ്ജുകളും ജൂൺ-ജൂലൈ മാസത്തോടെ 5% ഉയർത്താനാണ്

തീരുമാനം. അങ്ങനെയൊരു തീരുമാനമുണ്ടോ; ഉണ്ടെങ്കിൽ ആ തീരുമാനം ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കാതെ എത്രയുംവേഗം പിൻവലിക്കാൻ സർക്കാർ തയ്യാറാകണമെന്നാണ് പറയാനുള്ളത്. അതുപോലെതന്നെ പ്രളയത്തിനുശേഷം പ്രളയസെസ് ഏർപ്പെടുത്തിയിരിക്കുകയാണ്. പ്രളയസെസ്സിലൂടെ 400 കോടി രൂപ പിരിച്ചെടുക്കാനാണ് അങ്ങ് ഉദ്ദേശിക്കുന്നത്. ഒന്ന്, പ്രളയം ബാധിച്ച് എല്ലാം നഷ്ടപ്പെട്ടുപോയ ജനങ്ങളുടെമേൽ പ്രളയസെസ് ചുമത്തുന്നു എന്നുള്ളതാണ്. രണ്ട്, ഏകദേശം 3 ലക്ഷത്തോളം ജി.എസ്.ടി. രജിസ്ട്രേഷനുള്ള വ്യാപാരികൾ നമ്മുടെ നാട്ടിലുണ്ട്. അവർ ജി.എസ്.ടി. നടപ്പിലാക്കി പുതിയ സോഫ്റ്റ്വെയർ സ്ഥാപനങ്ങളിൽ ഇൻസ്റ്റാൾ ചെയ്തു. ഇനി പുതിയതായി പ്രളയസെസ് നടപ്പിലാക്കുമ്പോൾ ഈ സോഫ്റ്റ്വെയർ വീണ്ടും അപ്ഡേറ്റ് ചെയ്യേണ്ടിവരും. അങ്ങനെ സോഫ്റ്റ്വെയർ അപ്ഡേറ്റ് ചെയ്യണമെങ്കിൽ ഒരാൾക്ക് ചുരുങ്ങിയത് 2000 മുതൽ 3000 രൂപവരെ ചെലവാകും. അപ്പോൾ മൂന്ന് ലക്ഷത്തോളം വരുന്ന ചെറുകിട വ്യാപാരികൾ പ്രളയസെസ്സിനുവേണ്ടി വീണ്ടും അവരുടെ സോഫ്റ്റ്വെയർ അപ്ഡേറ്റ് ചെയ്യുകയാണെങ്കിൽ ഏകദേശം 100 കോടിയോളം രൂപ അവർക്ക് ചെലവഴിക്കേണ്ടിവരും. അത് പുനഃപരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഇവിടെ തെരഞ്ഞെടുപ്പിൽ തോറ്റതിന് എല്ലാവരും പറയുന്നത് ശബരിമല വിഷയം, മോദി പേടി എന്നൊക്കെയാണ്. ഈ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷം തോറ്റതിന്റെ പ്രധാനപ്പെട്ട ഒരു കാരണം ഇവിടെയുണ്ടായ ഓഖി ദുരന്തവും പ്രളയവും മാനേജ് ചെയ്യുന്നതിൽ സർക്കാർ കാണിച്ച കെടുകാര്യസ്ഥതയാണ്. അതാണ് ഈ തെരഞ്ഞെടുപ്പിൽ പ്രതിഫലിച്ചത്.

സംസ്ഥാനത്ത് 140 സ്വിമ്മിംഗ് പൂളുകൾ പണിയാനായി ആലോചന നടക്കുന്നുവെന്ന് ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം പറഞ്ഞു. അദ്ദേഹം അതിനുവേണ്ടി പ്ലാനുകളുണ്ടാക്കുന്നു, സ്ഥലം അന്വേഷിക്കുന്നു, എസ്റ്റിമേറ്റ് തയ്യാറാക്കുന്നു, മറ്റ് കാര്യങ്ങളൊക്കെ ചെയ്യുന്നു. എന്നാൽ ഇതൊന്നും കൂടാതെ ഒറ്റദിവസംകൊണ്ട് കേരളത്തെ മുഴുവൻ സ്വിമ്മിംഗ് പൂളാക്കിമാറ്റിയ വേറൊരു മന്ത്രി ഈ സർക്കാരിലുണ്ട്. പ്രളയം വരുത്തിവച്ച വിനയാണ് ഈ തെരഞ്ഞെടുപ്പിലുണ്ടായതെന്ന് നിങ്ങൾ തിരിച്ചറിയാതെ പോകരുത്. ഈ പ്രളയം മനുഷ്യനിർമ്മിതമായിരുന്നുവെന്ന് എല്ലാവർക്കും അറിയാം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഇവിടെ ബഹുമാനപ്പെട്ട മാത്യു ടി. തോമസ് കൃത്യമായി ചില കണക്കുകൾ പറയുകയുണ്ടായി. അങ്ങേയ്ക്ക് അതിനോട് പ്രതികരിക്കാമോ?

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. റോജി എം. ജോൺ: സർ, ഇവിടെ പല കണക്കുകളുണ്ടല്ലോ. ഞങ്ങൾ ചോദിക്കുന്നത് ഒരു കാര്യം മാത്രമാണ്, മറ്റ് കണക്കുകളിലേയ്ക്കൊന്നും പോകുന്നില്ല. 'സംസ്ഥാനത്തിന്റെ ഗുരുതര വീഴ്ച, കുറ്റക്കാരൻ മന്ത്രിയും' ജെ.എൻ.യു. പ്രൊഫസർ പറഞ്ഞിരിക്കുന്നു, ജെ.എൻ.യു.-ക്കാരെയെങ്കിലും അങ്ങ് അംഗീകരിക്കുമല്ലോ. ജെ.എൻ.യു.-വിലെ സ്പെഷ്യൽ സെന്റർ ഫോർ ഡിസാസ്റ്റർ റിസർച്ചിലെ പ്രൊഫസർ അമിതാ സിംഗ് പറഞ്ഞതാണിത്. ഇങ്ങനെ വ്യത്യസ്ത അഭിപ്രായങ്ങൾ വരുന്നുണ്ടെങ്കിൽ എന്തുകൊണ്ട് ഇതുസംബന്ധിച്ചൊരു ജുഡീഷ്യൽ അന്വേഷണം നടത്താൻ തയ്യാറാകുന്നില്ല; ജുഡീഷ്യൽ അന്വേഷണത്തിന് തയ്യാറാകുമോ? സി.എം.ഡി.ആർ.എഫ്.-ൽ ഇതുവരെ ലഭിച്ചത് ഏകദേശം 4200 കോടി രൂപയാണെന്നും അതിൽ ചെലവഴിച്ചിരിക്കുന്നത് 1917 കോടി രൂപ മാത്രമാണെന്നുമാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഏകദേശം രണ്ടായിരത്തോളം കോടി രൂപ ഇനിയും ചെലവഴിക്കാതെ സി.എം.ഡി.ആർ.എഫ്.-ൽ ഉണ്ട്. എനിക്ക് രണ്ട് നിർദ്ദേശങ്ങൾ വയ്ക്കാനുണ്ട്. ഒന്ന്, പ്രളയബാധിത മേഖലകളിലെ വിദ്യാർത്ഥികളുടെ പഠനച്ചെലവ് വരുന്ന കുറച്ച് വർഷങ്ങളിലേയ്ക്കെങ്കിലും ഏറ്റെടുക്കാൻ സർക്കാർ തയ്യാറാകണം. രണ്ട്, കാലാവസ്ഥാ വ്യതിയാനമുണ്ടായി ക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ വീണ്ടുമൊരു ദുരന്തമുണ്ടാകില്ലെന്ന് പ്രവചിക്കാൻ നമുക്കാർക്കും സാധിക്കില്ല. പ്രളയമുണ്ടായപ്പോൾ തകർന്ന വീടുകൾ വീണ്ടും അതേ സ്ഥലത്തുതന്നെയാണ് പണികഴിപ്പിച്ചിരിക്കുന്നത്. അതുകൊണ്ട് ഇത്തരം പ്രദേശങ്ങളിലെ വീടുകൾക്ക് സർക്കാർ സ്പോൺസേർഡായ ഒരു ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. പല വികസിത രാജ്യങ്ങളിലും പ്രകൃതി ദുരന്തങ്ങളുണ്ടായാൽ ഇൻഷ്വറൻസ് കവറേജ് ഉപയോഗിച്ചാണ് അതിന് കോമ്പൻസേഷൻ കൊടുക്കുന്നത്. അതിനാൽ അക്കാര്യത്തെക്കുറിച്ച് സർക്കാർ ആലോചിക്കുമോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. മറ്റൊന്ന്, സി.എം.ഡി.ആർ.എഫ്.-ൽ ഇത്രയധികം തുക കെട്ടിക്കിടക്കുന്നു. ഗ്രാമീണ റോഡുകൾ നന്നാക്കുന്നതിനുവേണ്ടി സർക്കാർ തുക അനുവദിച്ചിട്ടില്ല. മുൻ സർക്കാരുകളെല്ലാം ഗ്രാമീണ റോഡുകൾക്കായി തുക അനുവദിച്ചിട്ടുണ്ട്. ഈ സർക്കാർ വന്നതിനുശേഷം മാത്രമാണ് അതിന് തുക അനുവദിക്കാത്തത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ കൈവശം പണമില്ലാത്ത സാഹചര്യത്തിൽ,പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകൾ നന്നാക്കുന്നതിനായി സി.എം.ഡി.ആർ.എഫ്.-ൽ നിന്ന് സർക്കാർ തുക അനുവദിക്കണം. പൂർണ്ണമായും ഭാഗികമായും വീടുകൾ നഷ്ടപ്പെട്ടവർക്ക് ഇതുവരെ നഷ്ടപരിഹാരം കൊടുത്തു തീർക്കാൻ കഴിഞ്ഞിട്ടില്ല. എറണാകുളം ജില്ലയിൽത്തന്നെ അയ്യായിരത്തിലധികം

ആളുകൾക്ക് ഇനിയും നഷ്ടപരിഹാരം കൊടുക്കാനുണ്ട്. അവിടെ പരാതികൾപോലും സ്വീകരിക്കുന്നില്ല. അതുകൊണ്ടാണ് ഇവിടെ ഓരോ അംഗങ്ങളും ഒരു പരാതിയുമില്ലെന്ന് പറയുന്നത്.

എറണാകുളം ജില്ലയിൽ കർഷകർക്ക് നഷ്ടപരിഹാരമായി നൽകിയത് 8 കോടി രൂപയാണ്. 7 കോടി രൂപ ഇനിയും നൽകാനുണ്ട്. സി.എം.ഡി.ആർ.എഫ്.-ൽ രണ്ടായിരത്തോളം കോടി രൂപ കെട്ടിക്കിടക്കുകയാണ്. കർഷകർക്കുള്ള നഷ്ടപരിഹാരംപോലും ഇതുവരെ കൊടുത്തുതീർക്കാൻ സർക്കാർ തയ്യാറായിട്ടില്ല. ക്ഷീരസംഘങ്ങളുടെ കെട്ടിടങ്ങളും കാലിത്തീറ്റകളും നശിച്ചതുമൂലമുണ്ടായ നഷ്ടംപോലും കൊടുക്കാൻ തയ്യാറായിട്ടില്ല. എറണാകുളം ജില്ലയിലെ കിഴക്കൻ മേഖലകളിൽ നിരവധി റൈസ് മില്ലുകളുണ്ട്. അവിടെ സപ്ലൈകോ ഉൾപ്പെടെയുള്ള മില്ലുകൾക്ക് പ്രളയത്തിനുമുമ്പ് കൊടുക്കാനുണ്ടായിരുന്ന തുകപോലും ഇതുവരെ കൊടുത്തിട്ടില്ല, പ്രളയത്തിലുണ്ടായ നഷ്ടത്തിനും ഒരു രൂപപോലും കൊടുത്തിട്ടില്ല. കഴിഞ്ഞ ദിവസം ഇതുസംബന്ധിച്ച് ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണ്.

ചെറുകിട വ്യാപാരികൾക്ക് എന്ത് കൊടുത്തു? ഉജ്ജീവനം പദ്ധതി പ്രഖ്യാപിക്കുകയും മാർജിൻമണി സർക്കാർ കൊടുക്കുമെന്ന് പറയുകയും ചെയ്തു. അത് നടപ്പിലാക്കിയോ? സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയിൽ ബാങ്കുകൾ മാർജിൻ മണി കൊടുക്കാമെന്ന് പറഞ്ഞു. എന്നാൽ ഇതുവരെ വെറും 48 കോടി രൂപ മാത്രമാണ് ബാങ്കുകൾ ഡിസ്പോസ് ചെയ്തിരിക്കുന്നത്. ഏതൊക്കെ ബാങ്കുകളാണ് മാർജിൻമണി കൊടുക്കാമെന്ന് പറഞ്ഞിട്ട് കൊടുക്കാത്തതെന്ന് നിയമസഭയിലും പൊതുസമൂഹത്തോടും വ്യക്തമാക്കാൻ അങ്ങ് തയ്യാറാകണം. അത്തരം ബാങ്കുകളെ ബഹിഷ്കരിക്കാൻ കേരളത്തിലെ ജനങ്ങൾ തയ്യാറാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. സെൻട്രൽ ഗവൺമെന്റ് സർക്കുലർ അയച്ചു, സർക്കാർ മീറ്റിംഗ് വിളിച്ചു. ബാങ്കുകൾ അത് നടപ്പിലാക്കാൻ തയ്യാറാകുന്നില്ലെങ്കിൽ അവരെക്കൊണ്ട് അത് നടപ്പിലാക്കിക്കാനുള്ള ഇച്ഛാശക്തി ഈ സർക്കാരിനുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്.

അടുത്ത വർഷം ഭവനനിർമ്മാണ വകുപ്പിന്റെ ഡിമാന്റ് ചർച്ച വേണ്ടിവരില്ല. ഭവനനിർമ്മാണ വകുപ്പ് നിർത്തലാക്കാൻ തീരുമാനിച്ചുവെന്നാണ് പറയുന്നത്. ഭവനനിർമ്മാണ ബോർഡും ഭവനനിർമ്മാണ വകുപ്പും നിർത്തലാക്കാൻ ചീഫ് സെക്രട്ടറി നിർദ്ദേശം നൽകി. പക്ഷേ, അത് മന്ത്രി അറിഞ്ഞിട്ടില്ല. രാവിലെ ചർച്ച ചെയ്തതും റവന്യൂ വകുപ്പിനെ സംബന്ധിച്ചാണ്. റവന്യൂ വകുപ്പിൽ നടക്കുന്നതൊന്നും ബഹുമാന്യനായ മന്ത്രി അറിയുന്നില്ല. ദയവായി റവന്യൂ വകുപ്പ് ഏറ്റെടുക്കണമെന്നുള്ള ഒരഭ്യർത്ഥനയാണ് ശ്രീ. ഇ. ചന്ദ്രശേഖരന്റെ മുന്നിൽവയ്ക്കാനുള്ളത്. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് നടക്കുന്നതൊന്നും അങ്ങ് അറിയുന്നില്ല എന്നതാണ് യാഥാർത്ഥ്യം.

കഴിഞ്ഞ കുറെ ദിവസങ്ങളായി ഇവിടെ ഉപദേശമാണ്. എല്ലാവരും വന്ന് ഉപദേശിക്കുകയാണ്. എന്താണ് ഉപദേശം? കോൺഗ്രസ്സിനെ എങ്ങനെ നന്നാക്കണമെന്നാണ് ഉപദേശം. ആരാണ് ഉപദേശം തരുന്നത്; സ്വന്തം കണ്ണിലെ തടിക്കഷ്ണം എടുത്തിട്ടുവേണം മറ്റുള്ളവന്റെ കണ്ണിലെ കരട് എടുക്കാനെന്ന് ബൈബിളിൽ പറഞ്ഞിട്ടുണ്ട്. സി.പി.ഐ.(എം) എന്തുകൊണ്ട് തോറ്റു എന്നുള്ളതിനെക്കുറിച്ച് നിങ്ങൾ വിശകലനം ചെയ്യുക.

കോൺഗ്രസ് എന്തുകൊണ്ട് തോറ്റു എന്നതിനെക്കുറിച്ച് ഞങ്ങൾ വിശകലനം നടത്തിക്കൊള്ളാം. നിങ്ങളുടെ ഉപദേശം ദയവായി ഞങ്ങൾക്ക് വേണ്ട. കാരണം നിങ്ങളുടെ ഉപദേശം വാങ്ങിയാൽ ഞങ്ങൾ ഇനി ഏത് അവസ്ഥയിലെത്തുമെന്നതിനെക്കുറിച്ച് ഞങ്ങൾതന്നെ ചിന്തിച്ചാൽ മതിയല്ലോ. സി.പി.ഐ.(എം)-ന് കിട്ടിയത് ആകെ മൂന്ന് എം.പി.-മാരാണ്. അതിൽ പേരെഴുതി കാണിക്കുമ്പോൾ ഒരെണ്ണത്തിൽ മാത്രമേ സി.പി.ഐ.(എം) എന്ന് എഴുതാൻ പറ്റുകയുള്ളൂ. ബാക്കി തമിഴ്നാട്ടിൽ നിന്ന് കിട്ടിയ രണ്ടെണ്ണത്തിന് സി.പി.ഐ.(ആർ. എസ്.), അതായത് രാഹുൽ, സ്റ്റാലിൻ എന്ന് ഇടേണ്ടിവരും. അങ്ങനെ ശ്രീ. രാഹുൽ ഗാന്ധിയുടെയും ശ്രീ. സ്റ്റാലിന്റെയും സഹായത്തോടുകൂടിയല്ലേ രണ്ട് അംഗങ്ങളെ നിങ്ങൾക്ക് ഇന്ത്യൻ പാർലമെന്റിലേയ്ക്ക് അയയ്ക്കാൻ കഴിഞ്ഞത്? എന്നിട്ട് നിങ്ങൾ ആരെയാണ് എതിർക്കുന്നത്? നിങ്ങൾ ഇപ്പോഴും എതിർത്തുകൊണ്ടിരിക്കുന്നത് ശ്രീ. രാഹുൽ ഗാന്ധിയെയാണ്. ഇന്നത്തെ പ്രസംഗം ഞാൻ ശ്രദ്ധിച്ചു. എല്ലാവരും വിമർശിക്കുന്നത് ശ്രീ. രാഹുൽ ഗാന്ധിയെയാണ്. ശ്രീ. രാഹുൽ ഗാന്ധിയുടെ സഹായമില്ലായിരുന്നെങ്കിൽ ഇന്ത്യൻ പാർലമെന്റിൽ സി.പി.ഐ.(എം)-ന് ഒരു സീറ്റ് മാത്രമേ ഉണ്ടാകുമായിരുന്നുള്ളൂവെന്ന യാഥാർത്ഥ്യം നിങ്ങൾ വിസ്മരിക്കരുത്. തെരഞ്ഞെടുപ്പ് കഴിഞ്ഞു. രാജ്യത്ത് ആകെയുള്ള കമ്മ്യൂണിസ്റ്റ് മുഖ്യമന്ത്രിയായിരുന്നു സഖാവ് ശ്രീ. പിണറായി വിജയൻ. അദ്ദേഹം എവിടെപ്പോയി? കേരളത്തിലെ വോട്ടെടുപ്പ് കഴിഞ്ഞപ്പോൾ അദ്ദേഹം നാടുവിട്ട് വിദേശത്ത് പോയി. ഈ രാജ്യത്തെവിടെയെങ്കിലും ശ്രീ. നരേന്ദ്ര മോദിക്കെതിരെ ഒരു പ്രസംഗം നടത്താനായി ഏതെങ്കിലും ഒരു യോഗത്തിൽ പങ്കെടുക്കാൻ അദ്ദേഹത്തിന് കഴിഞ്ഞോ? ഞങ്ങളൊക്കെ പോയി. ഞങ്ങളൊന്നും വലിയ നേതാക്കന്മാരല്ല. ഞങ്ങളൊക്കെ സാധാരണ പ്രവർത്തകരാണ്, എം.എൽ.എ.-മാരാണ്. ഞങ്ങൾപോലും മറ്റ് സംസ്ഥാനങ്ങളിൽ പോയി.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. റോജി എം. ജോൺ: സർ, ശ്രീ. നരേന്ദ്ര മോദിക്കെതിരായുള്ള സമരത്തിന് അല്ലെങ്കിൽ തെരഞ്ഞെടുപ്പ് പ്രചരണത്തിന് ഞങ്ങൾ പോയി. നിങ്ങളിൽ ആര് എവിടെ പോയി എന്ന് നിങ്ങൾ പറയണം. പോണ്ടിച്ചേരി

മുഖ്യമന്ത്രി പ്രചരണം നടത്താനായി കേരളത്തിൽ വന്നു. കേരളത്തിന്റെ മുഖ്യമന്ത്രി എവിടെയാണ് പ്രചരണത്തിന് പോയത്? നാല് വോട്ടിനുവേണ്ടി നിലപാട് മാറ്റില്ല എന്നാണ് പറഞ്ഞത്. നാല് വോട്ടിനുവേണ്ടി നിലപാട് മാറ്റില്ലെന്ന് പറഞ്ഞവർ നാല്പത് ലക്ഷം വോട്ട് പോയപ്പോൾ നിലപാട് മാറ്റിയത് ഞങ്ങളെല്ലാവരും കണ്ടു. നാല് വോട്ടിന് നിലപാട് മാറ്റില്ലെന്ന് പറഞ്ഞപ്പോൾ കയ്യടിച്ച സഖാക്കളും സൈബർ സഖാക്കളുമൊക്കെ ഇപ്പോൾ എന്തുചെയ്യണമെന്നറിയാതെ ഇരുട്ടിൽത്തപ്പുകയാണ്. കാരണം, സമീപനം മൃദുവാക്കിയാൽ മതിയെന്ന് ഇന്നലെ തീരുമാനിച്ചതായി അറിയാൻ കഴിഞ്ഞു.

വനിതാ മതിലിൽ പങ്കെടുത്തവർപോലും ഈ തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്.-ന് വോട്ട് ചെയ്തില്ലെന്നുള്ളത് പച്ചയായ യാഥാർത്ഥ്യമല്ലേ? കിട്ടിയ വോട്ടിന്റെ എണ്ണം പരിശോധിച്ചാൽ അറിയാമല്ലോ. കേരള സംസ്ഥാനത്തിന്റെ ചരിത്രത്തിൽ, ഇവിടെ ബി.ജെ.പി.-ക്ക് വളരാനുള്ള എല്ലാ സാഹചര്യങ്ങളും സൃഷ്ടിച്ചുകൊടുത്തത്, സുവർണ്ണാവസരങ്ങൾ ഉണ്ടാക്കിക്കൊടുത്തത് കേരളത്തിലെ സർക്കാരും മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനുമായിരിക്കുമെന്ന കാര്യം ഓർക്കണം. അത്തരത്തിലായിരിക്കും ചരിത്രം സഖാവ് ശ്രീ. പിണറായി വിജയനെയും ഈ സർക്കാരിനെയും വിലയിരുത്താൻ പോകുന്നത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. റോജി എം. ജോണിനോട് എനിക്ക് അതീവ നന്ദിയുണ്ട്. അദ്ദേഹം സംസാരിച്ചില്ലായിരുന്നെങ്കിൽ എനിക്ക് മറുപടി പറയാൻ ഒരു സ്കോപ്പുമുണ്ടാകില്ലായിരുന്നു. അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ, ജി.എസ്.ടി. വന്നപ്പോൾ നികുതി വരുമാനം ഗണ്യമായി ഉയരുമെന്നായിരുന്നു നമ്മുടെ പ്രതീക്ഷ. ഒരു വർഷം ശരാശരി 20 ശതമാനം വളരുന്ന തോതിലേയ്ക്ക് നാലഞ്ച് വർഷമെങ്കിലും നികുതി വരുമാനം വളരുമെന്നും അതിന്റെ ഫലമായി നമ്മൾ ഒരു സാമ്പത്തിക സുസ്ഥിര പാതയിലേയ്ക്ക് വീണ്ടും പ്രവേശിക്കുമെന്നുമായിരുന്നു പ്രതീക്ഷ. കാരണം, 2013-14 മുതൽ നികുതി വരുമാനത്തിൽ വലിയ ഇടിവാണുണ്ടായത്. അതിൽ നിന്ന് മാറാൻ പറ്റുമെന്ന് പ്രതീക്ഷിച്ചിരുന്നെങ്കിലും ഇതുവരെ യാഥാർത്ഥ്യമായിട്ടില്ല. അതുകൊണ്ട് ഇനി യാഥാർത്ഥ്യമാകില്ലെന്ന് കരുതേണ്ട. യാഥാർത്ഥ്യമാകാതിരിക്കുന്നതിന് രണ്ട് കാരണങ്ങളുണ്ട്. ഒന്ന്, പൊതുവിൽ കേരള സമ്പദ്ഘടനയിൽ ഗൾഫ് വരുമാനത്തിന്റെയൊക്കെ ഇടിവുമൂലമുണ്ടായ സാമ്പത്തിക മുരടിപ്പാണ്. അതിന്റെ ഏറ്റവും നല്ല തെളിവ്, 2016-17-ൽ പെട്രോൾ-ഡീസൽ നികുതി കൂടിയത് 12.5 ശതമാനവും 2017-18-ൽ 10 ശതമാനവും 2018-19-ൽ 10.7 ശതമാനവുമാണ്. പെട്രോൾ-ഡീസൽ നികുതിയിൽ ചോർച്ച ഉണ്ടാകില്ലല്ലോ; അതുപോലും ഈ തോതിലേ വളരുന്നുള്ളൂ.

അപ്പോൾ നമ്മുടെ നിയന്ത്രണത്തിനപ്പുറത്തുള്ള ചില പ്രശ്നങ്ങൾ സമ്പദ്ഘടനയിൽ ഉണ്ടെന്നുള്ളത് വ്യക്തമാണ്. അതുകൊണ്ടാണ് നമ്മൾ കിഫ്ബി പ്രവർത്തനങ്ങളെ ഒരു ഉത്തേജക പാക്കേജായി പലപ്പോഴും വിശേഷിപ്പിക്കുന്നത്. രണ്ടാമത്തേത്, ജി.എസ്.ടി.-യുടെ സിസ്റ്റം ഇതുവരെയും നിലവിൽ വന്നിട്ടില്ല. അതുകൊണ്ട് സംസ്ഥാനങ്ങൾക്ക് അതിലിടപെടുന്നതിന് പരിമിതിയുണ്ട്. ശ്രീ. കെ. സുരേഷ് കുറുപ്പ് ചൂണ്ടിക്കാണിച്ചതുപോലെ അഖിലേന്ത്യ ശരാശരിയെക്കാൾ താഴെയാണ് നമ്മുടെ നികുതിവരുമാന വളർച്ച. കോമ്പൻസേഷൻ പതിനാല് ശതമാനം ലഭിക്കുന്നുണ്ട്. വാറ്റ് ആയിരുന്നെങ്കിൽ പത്ത് ശതമാനം മാത്രമേ ലഭിക്കുമായിരുന്നുള്ളൂ. ഇതിപ്പോൾ പതിനാല് ശതമാനമായിട്ടുണ്ട്. പക്ഷേ, ഹൈദരാബാദ്, തെലങ്കാന, മഹാരാഷ്ട്ര, തമിഴ്നാട് ഇവരൊക്കെ 20 ശതമാനത്തിലേയ്ക്കല്ല, പക്ഷേ കോമ്പൻസേഷൻ പരിധി കഴിഞ്ഞു. സ്വന്തമായിത്തന്നെ അവർ 15 ശതമാനത്തിനപ്പുറത്തേയ്ക്ക് പോയി. കേരളം പോകുന്നില്ല. കേരളവും അവരെപ്പോലെത്തന്നെ ഉയരേണ്ടതായിരുന്നു. അവരും നമ്മളും തമ്മിലുള്ള ഒരു അടിസ്ഥാനവ്യത്യാസം അവിടെ വിൽക്കുന്നതൊക്കെ ആ സംസ്ഥാനത്ത് നിർമ്മിക്കുന്ന നല്ല പ്രോഡക്ടുകളാണ് എന്നുള്ളതാണ്. ഹൈദരാബാദ് ഒരു ഇൻഡസ്ട്രിയൽ ടൗണാണ്. മഹാരാഷ്ട്രയ്ക്കും തമിഴ്നാടിനും മാനുഫാക്ചറിംഗ് ബേസുണ്ട്, പുറത്തുനിന്ന് വരുന്നതല്ല. അതുകൊണ്ട് അവിടത്തെ വാങ്ങൽ-വിൽപ്പനയുടെ ചെയിൻ മുറിയുന്നില്ല. കേരളത്തിൽ അങ്ങനെയല്ല. നമ്മൾ ഉപയോഗിക്കുന്ന പ്രോഡക്ടുകളുടെ 80 ശതമാനവും പുറത്തുനിന്ന് വരുന്നതാണ്. അങ്ങനെ പുറത്തുനിന്ന് വരുന്ന ചരക്കുകൾ കണക്കിൽ വരുമെന്ന് ഉറപ്പുവരുത്താൻ ഇപ്പോൾ മാർഗ്ഗമൊന്നുമില്ല. ഇ-വേ ബിൽ ഉണ്ടെങ്കിൽ ഉണ്ട്, ഇല്ലെങ്കിൽ ഇല്ല എന്നുള്ളതാണ് വാസ്തവം. രണ്ട്, ഒട്ടനവധിപേർ അനർഹമായ ഇൻപുട്ട് ക്രെഡിറ്റ് എടുക്കുന്നുണ്ട്. ചില സെക്ടേഴ്സിന്റെ കാര്യം ഞെട്ടിപ്പിക്കുന്നതാണ്. ഉദാഹരണത്തിന്, ടുബാക്കോ പ്രോഡക്ട്സിൽ നിന്നുള്ള നികുതി വരുമാനം 879 കോടി രൂപയിൽ നിന്നും 312 കോടി രൂപയായി കുറഞ്ഞു. സ്വർണ്ണത്തിന്റേത് 630 കോടി രൂപയുണ്ടായിരുന്നത് 272 കോടി രൂപയായി കുറഞ്ഞു. വൈറ്റ് ഗുഡ്സിന്റേത് 456 കോടി രൂപയിൽ നിന്നും 334 കോടി രൂപയായി കുറഞ്ഞു. ടൈലിന് 337 കോടി രൂപയുണ്ടായിരുന്നത് 157 കോടി രൂപയായി കുറഞ്ഞു. മാർബിൾ/ഗ്രാനൈറ്റിന് 160 കോടി രൂപയുണ്ടായിരുന്നത് 95 കോടി രൂപയായി കുറഞ്ഞു. ഇങ്ങനെ പല മേഖലകളിലും വലിയ കുറവ് വന്നിട്ടുണ്ട്. ആ കുറവിന്റെ കാരണമെന്താണെന്ന് കണ്ടുപിടിച്ച് അനധികൃതമായ ഇൻപുട്ട് ക്രെഡിറ്റാണോ അല്ലെങ്കിൽ സെയിൽസ് സപ്രഷനാണോ എന്ന് നോക്കണമെങ്കിൽ ആനുവൽ റിട്ടേൺ കിട്ടണം. ആനുവൽ റിട്ടേൺ അടുത്ത മാസം കിട്ടാൻ പോകുന്നതേയുള്ളൂ. നികുതി വകുപ്പിന് ഈ നികുതി ചോർച്ച കണ്ടുപിടിച്ച് നിയന്ത്രിക്കാൻ ഇപ്പോൾ

സ്കോപ്പൊന്നുമില്ല. ഇതിന്റെ ഫലമായാണ് നികുതി വരുമാനം കൂടാതിരിക്കുന്നത്. ഇത് പരിഹരിക്കാൻ നടപടിയൊന്നുമെടുക്കുന്നില്ലെന്ന് ശ്രീ. റോജി എം. ജോൺ പറഞ്ഞത് ശരിയല്ല. ബഡ്ജറ്റിൽ പറഞ്ഞ കാര്യങ്ങളെല്ലാം ചെയ്യുന്നതിനുള്ള നടപടികളെടുത്തുകഴിഞ്ഞു. മുഖ്യമായും നാല് കാര്യങ്ങളാണ് ചെയ്യുന്നത്. ഒന്ന്, ആന്വൽ റിട്ടേൺ വന്നാൽ അത് പരിശോധിച്ച് അനർഹമായ ഇൻപുട്ട് ക്രെഡിറ്റ് എടുത്തിട്ടുണ്ടെങ്കിൽ അത് മുഴുവൻ തിരിച്ചുപിടിക്കാനുള്ള ട്രെയിനിംഗും മറ്റും നടന്നുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ വർഷങ്ങളിൽ ചോർന്നുപോയതിൽ നല്ലൊരു ഭാഗമെങ്കിലും തിരിച്ചുപിടിക്കാൻ കഴിയുമെന്ന പ്രതീക്ഷയാണ്. പതിമൂന്ന് ശതമാനം ഇങ്ങനെ പിടിക്കാൻ കഴിഞ്ഞാൽ നമ്മൾ കോമ്പൻസേഷൻ ലെവലിലേയ്ക്കെത്തും. പിന്നെ ഈ വർഷത്തെ 14 ശതമാനംകൂടി കിട്ടിയാൽ കോമ്പൻസേഷന് പുറത്താകും. ഇത്രയെങ്കിലും കൃത്യമായ ആന്വൽ റിട്ടേൺ പരിശോധനയിൽ നിന്ന് വർദ്ധിപ്പിക്കാൻ കഴിയുമെന്നുള്ള പ്രതീക്ഷയാണ്. രണ്ടാമത്തേത്, ഈ നടപ്പുവർഷത്തിൽ 14 ശതമാനമെങ്കിലും കൂടണം. അങ്ങനെയെങ്കിലേ 13+14=27-ലേയ്ക്കെങ്കിലും എത്തുകയുള്ളൂ. ഈ 14 ശതമാനം വർദ്ധിപ്പിക്കാൻ എന്താണ് മാർഗ്ഗം? രണ്ട് കാര്യങ്ങളാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ഒന്ന്, എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്താൻ തീരുമാനിച്ചിരിക്കുകയാണ്. ഇപ്പോൾ പറഞ്ഞ ചില മേഖലകളിലൊക്കെ ഇൻസ്പെക്ഷനും മറ്റും നടത്താൻ തീരുമാനിച്ചിരിക്കുകയാണ്.അതിനുവേണ്ടിയുള്ള സ്ക്വാഡുകൾ രൂപീകരിക്കുകയാണ്. ഇനി നമ്മൾ കാത്തുനിൽക്കുന്നില്ല, കൃത്യമായ പരിശോധനകളിലേയ്ക്ക് നീങ്ങാൻ പോകുകയാണ്. സ്വർണ്ണത്തിന് ഇങ്ങനെ നികുതി കുറയേണ്ട കാര്യമൊന്നുമില്ല. ഇവിടെ ഒന്നേകാൽ ശതമാനമായിരുന്നു കോമ്പോസിഷനിലെ ഇഫക്ടീവ് റേറ്റ്. ഇപ്പോൾ മൂന്ന് ശതമാനമാണ്. എന്തിന് നികുതി കുറയണം? അപ്പോൾ കൃത്യമായും അവിടെ നികുതി സപ്രഷനുണ്ട്, ഇവേഷനുണ്ട്. രണ്ട്, ഇൻസ്പെക്ഷൻ ടീമുകൾ രൂപീകരിക്കുന്നതിനുവേണ്ട കാര്യങ്ങൾ ചെയ്യുകയാണ്. ഇതിന് നേതൃത്വം നൽകാൻ ഐ.ആർ.എസ്.-ൽ നിന്നും മറ്റും കുറച്ചുപേരെ അഡീഷണലായി എടുക്കാനാണ് ഉദ്ദേശിക്കുന്നത്. മറ്റൊന്ന്, പുറത്തുനിന്ന് സാധനങ്ങൾ കൊണ്ടുവരുന്നത് 80 വഴികളിലൂടെയാണ്. അത്ര റോഡുകളേ കേരളത്തിനുള്ളിലേയ്ക്കുള്ളൂ. അവിടെയെല്ലാം ക്യാമറ സ്ഥാപിക്കുന്നതിന് ടെണ്ടർ വിളിക്കുകയാണ്. ക്യാമറയിലൂടെ നമ്പർ കിട്ടിയാൽ ആ വാഹനത്തിന് ഇ-വേ ബില്ലുണ്ടോ, ഉണ്ടെങ്കിൽ എന്താണ് ആ ബില്ലിൽ പറഞ്ഞിരിക്കുന്നത്, അണ്ടർ വെയ്റ്റാണോ, അണ്ടർ വാല്യുവേഷനാണോ തുടങ്ങിയവയൊക്കെ ലോഗരിതത്തിലൂടെ കണ്ടുപിടിക്കാനുള്ള സംവിധാനമുണ്ടാക്കാൻ കഴിയണം. ഇത്രയും ചെയ്തുകഴിഞ്ഞാൽ 27 ശതമാനത്തിലേയ്ക്ക് വരുമെന്നാണ് പ്രതീക്ഷ. നിയമസഭ പാസ്സാക്കാൻ

പോകുന്ന ഫിനാൻസ് ആക്ടിൽ പറഞ്ഞിരിക്കുന്ന ആംനെസ്റ്റി പ്രോഗ്രാമിൽ വർദ്ധനവുണ്ടെങ്കിൽ പറഞ്ഞതുപോലെ നികുതി വരുമാനം ഈ വർഷം വർദ്ധിപ്പിക്കാനാണ് ശ്രമിക്കുന്നത്. അതിനുവേണ്ടിയുള്ള ഊർജ്ജിതമായ നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് സഭയെ ഞാൻ അറിയിക്കുകയാണ്.

ശ്രീ. റോജി എം. ജോണിന്റെ ഒരു പ്രധാനപ്പെട്ട വിമർശനം, സി.എം.ഡി.ആർ.എഫ്.-ന്റെ പണം ചെലവഴിച്ച് തീർത്തിട്ടില്ലെന്നും അർഹരായവർക്കെല്ലാം കൊടുത്തുതീർത്തിട്ടില്ലെന്നുമാണ്. ഇനി വീടിന്റെ അറ്റകുറ്റപ്പണികൾ ബാക്കിയുള്ളത് അപ്പീലിലുള്ള കേസ്സുകളുടേത് മാത്രമാണ്. അത് ചില സ്ഥലത്ത് കൂടുതലുണ്ടാകും. അപ്പീലുണ്ടെങ്കിൽ വീണ്ടും പരിശോധന നടത്തേണ്ടിവരും. 10 ശതമാനത്തിൽ താഴെയാണ് അറ്റകുറ്റപ്പണിയെങ്കിൽ പതിനായിരം രൂപയാണ് കൊടുക്കുന്നത്. അടുത്ത സ്ലാബ് അറുപത്തയ്യായിരവും അതിനടുത്തത് ഒന്നേകാൽ ലക്ഷം രൂപയുമാണ്. ഒന്നേകാൽ ലക്ഷവും രണ്ടര ലക്ഷവുമൊക്കെ ചിലർക്ക് കിട്ടുമ്പോൾ മറ്റുള്ളവർക്കും അത് കിട്ടണമെന്ന് ആഗ്രഹമുണ്ട്. അങ്ങനെ അപ്പീൽ തരുന്നവരുണ്ട്. അപ്പീലിന്മേലുള്ള പരിശോധന പൂർത്തിയാകുന്നമുറയ്ക്ക് കൊടുത്തുതീർക്കും. ചോദിക്കുന്ന തുക കൊടുക്കാൻ കഴിയില്ലല്ലോ.

3.00 P.M.]

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ഇവിടെ രണ്ട് വിഷയങ്ങളുണ്ട്. ഒന്ന്, അംഗീകരിച്ച ശതമാനമനുസരിച്ച് കിട്ടേണ്ട തുകയുടെ രണ്ടാംഗഡു കിട്ടാത്ത ആളുകൾ ഇനിയുമുണ്ട്. രണ്ട്, അപ്പീലുകൾ സ്വീകരിക്കുന്നില്ല. കഴിഞ്ഞ കുറെ മാസങ്ങളായി ജില്ലാ ഭരണകൂടം പരാതികൾ സ്വീകരിക്കുന്നില്ല. പരാതികൾ സ്വീകരിക്കാൻ നിർദ്ദേശമില്ലെന്നാണ് അവർ പറയുന്നത്. അടിക്കടി ലിസ്റ്റുകൾ മാറ്റിക്കൊണ്ടിരിക്കുകയാണ്. പഞ്ചായത്ത് ഓഫീസിൽ അന്വേഷിക്കുമ്പോൾ ലിസ്റ്റിൽ അവരുടെ പേരുണ്ടായിരിക്കും, എന്നാൽ തുക അലോട്ട് ചെയ്യുമ്പോൾ പേര് കാണുകയില്ല. അങ്ങനെയുള്ള ആളുകൾ പരാതി കൊടുക്കാൻ ശ്രമിക്കുമ്പോൾ അതുപോലും വാങ്ങുന്നില്ല.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, പരാതി സ്വീകരിച്ചില്ലെന്ന് ശ്രീ. റോജി എം. ജോൺ പറയുന്നത് നിഷേധിക്കാൻ ഞാൻ തയ്യാറാകുന്നില്ല. എനിക്ക് ആലപ്പുഴയിലെ കാര്യം നേരിട്ടറിയാം. അവിടെ പന്ത്രണ്ട് പഞ്ചായത്തും വെള്ളത്തിൽ മുങ്ങിയതുകൊണ്ട് എല്ലാവർക്കും കോമ്പൻസേഷന് അർഹതയുണ്ട്. അതുകൊണ്ട് ഇന്ന കുടുംബത്തിന് അർഹതയുണ്ടോ ഇല്ലയോയെന്നുള്ളതു സംബന്ധിച്ച പരിശോധനയുടെ പ്രശ്നമില്ല. അങ്ങനെയുള്ളതും ഉണ്ടാകാം.

അതുകൊണ്ട് എക്സ്ലാജറേറ്റ് ചെയ്യേണ്ട. ബാക്കി പണത്തിന്റെ കാര്യം അങ്ങ് പറഞ്ഞു. കുടുംബശ്രീയുടെ വായ്പയ്ക്കുള്ള പലിശ നൽകണം, ഉജ്ജീവന പരിപാടിയിൽ ബാങ്ക് സഹകരിക്കുന്നെങ്കിൽ അതിന് പലിശ നൽകണം. ഇതെല്ലാം നൽകിയാലും ബാക്കി പണമുണ്ടാകും. അത് മുഖ്യമായും ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനുതന്നെ ചെലവഴിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ പണം മാത്രമല്ല, പ്രളയസെസിലൂടെ കിട്ടുന്ന പണവും പൂർണ്ണമായും ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് ഉപയോഗിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഇതുമായി ബന്ധപ്പെട്ട് എന്റെ ഒരു കേസ് നിലനിൽക്കുന്നുണ്ട്. ഇപ്പോൾ അത് ചീഫ് ജസ്റ്റിസിന്റെ ബെഞ്ചിലാണ്. അവർ പറഞ്ഞു അപ്പീൽ കൊടുക്കാമെന്ന്. അപ്പീലിന്റെ കാലാവധി ദീർഘിപ്പിക്കണമെന്ന് ഞാൻ ആവശ്യപ്പെട്ടു, ദീർഘിപ്പിച്ചു. ഞാൻ പ്രളയം ബാധിച്ച സ്ഥലങ്ങളിൽ പിന്നീട് പോകുകയും ധാരാളം ആളുകളുടെ പരാതികൾ എനിക്ക് ലഭിക്കുകയും ചെയ്തു. പരാതികൾ ജില്ലാ കളക്ടർമാർക്ക് നൽകണമെന്നാണ് ഹൈക്കോടതി നിർദ്ദേശിച്ചത്. ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം കൊടുത്ത അപ്പീലുകളിന്മേൽ ഒരു നടപടിയുമുണ്ടാകുന്നില്ല. എനിക്ക് വീണ്ടും ഹൈക്കോടതിയെ സമീപിക്കേണ്ടിയിരിക്കുകയാണ്. കാരണം, ജനുവിനായ അപേക്ഷകളാണ് കിട്ടിയിട്ടുള്ളത്. എല്ലാ ജില്ലകളിലും ഞാൻ പോയിരുന്നു, അവിടെ നിന്നൊക്കെ പരാതികൾ കിട്ടുകയും ചെയ്തു. അതിന് ഇതുവരെ നടപടിയുണ്ടായിട്ടില്ല. ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞിട്ടും ജില്ലാ കളക്ടർമാർ ഈ അപ്പീലിന്മേൽ തീരുമാനമെടുക്കാതെയിരിക്കുന്നു. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭയിൽ പറഞ്ഞത് പ്രതിപക്ഷ നേതാവ് നൽകിയ അപേക്ഷയിന്മേൽ തീരുമാനമെടുക്കാൻ ഇനിയുമുണ്ടെന്നാണ്. കാലവിളംബം കൂടാതെ സമയബന്ധിതമായി ഇത് ഡിസ്പോസ് ചെയ്യാനുള്ള തീരുമാനമെടുക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: തീർച്ചയായും. അതുതന്നെയാണ് സർക്കാരിന്റെ ഉദ്ദേശ്യവും. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ ബാക്കിയുള്ള പരാതികൾ എത്രയും പെട്ടെന്ന് ഡിസ്പോസ് ചെയ്യാം. ഇത് താമസിപ്പിച്ചതുകൊണ്ട് എന്ത് നേട്ടമാണ് സർക്കാരിനുള്ളത്? ഒരു പെറ്റീഷൻ വന്നാൽ ഒന്നുകിൽ ഉണ്ട് അല്ലെങ്കിൽ ഇല്ല എന്നുപറയാതെ നീട്ടിക്കൊണ്ടു പോകുന്നതുകൊണ്ട് എന്തെങ്കിലും നേട്ടമുണ്ടാകുന്നുണ്ടോ; കൊടുക്കേണ്ടതാണെങ്കിൽ കൊടുക്കാൻ പണമില്ലാത്ത അവസ്ഥയുണ്ടോ; എന്താണ് പ്രശ്നം എന്നുള്ളത് പരിശോധിക്കാവുന്നതേയുള്ളൂ. പക്ഷെ ഒരു കാര്യം അംഗീകരിക്കണം. ഏകദേശം പത്ത് പതിനഞ്ച് ലക്ഷം ആളുകൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. ബാക്കി

പണമുണ്ട്. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് പരിശോധന നടത്തി ആ പണം ഉപയോഗിച്ച് ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിന്റെ നവീകരണ പുനരുദ്ധാരണ പ്രവൃത്തികൾ, വയനാടിലേയ്ക്കുള്ള തുരങ്കപ്പാത എന്നിങ്ങനെയുള്ള ഒന്നോ രണ്ടോ സിഗ്നേച്ചർ വർക്കുകൾ നടത്തുന്നു. പക്ഷെ അതോടൊപ്പംതന്നെ ഗ്രാമീണ റോഡുകൾ മോശമായി കിടക്കുന്നുണ്ട്. എൽ.എസ്.ജി.ഡി. 1300 കോടി രൂപയുടെ ഒരു ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. അതിന് അനുവാദം നൽകാൻ പോകുകയാണ്. അതിനുപുറമെ അഫക്റ്റഡ് ഏരിയകളിലുള്ള ഗ്രാമീണ റോഡുകൾ ഫ്ലഡ് സി.എം.ഡി.ആർ.എഫ്.-ൽ നിന്നുകൂടി മീറ്റ് ചെയ്യാൻ ഉദ്ദേശിക്കുന്നു. പ്രളയസെസിനെക്കുറിച്ച് വിമർശനമുണ്ടായിരുന്നു. ഞാൻ ഒരു വിവാദത്തിനോ നിങ്ങളോട് തർക്കിക്കാനോ അല്ല പറയുന്നത്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ ഒരിക്കൽപ്പോലും നികുതി നിരക്ക് ഉയർത്തിയില്ല. എന്നാൽ യു.ഡി.എഫ്. ഭരണകാലത്ത് പന്ത്രണ്ടര ശതമാനമായിരുന്ന വാറ്റ് നികുതി രണ്ട് ശതമാനം വർദ്ധിപ്പിച്ച് പതിനാലര ശതമാനമാക്കി. നാല് ശതമാനത്തിലെ സ്ലാബ് അഞ്ച് ശതമാനമാക്കി. പെട്രോളിന്റെ നികുതിയിൽ മൂന്ന് ശതമാനം വർദ്ധനവ് വരുത്തിയിട്ടാണ് പോയത്. ഒരു സംസ്ഥാന സർക്കാരിന്, അത് യു.ഡി.എഫ്. ആയാലും എൽ.ഡി.എഫ്. ആയാലും ചില സാഹചര്യങ്ങളിൽ അധിക വരുമാനമുണ്ടാക്കേണ്ടിവരും. അതിനുള്ള സ്വാതന്ത്ര്യം ജി.എസ്.ടി. എടുത്തുകളഞ്ഞു എന്നുള്ളതാണ് നിങ്ങളുടെയും ഞങ്ങളുടെയും വിമർശനം. അപ്പോൾ 'വൺ നേഷൻ വൺ ടാക്സ്' പ്രകാരം ഇനി സംസ്ഥാനങ്ങൾക്കൊന്നും സ്പെഷ്യൽ സെസ് പാടില്ലെന്ന് ശഠിച്ചിരുന്ന സ്ഥാനത്ത് ഒരുപക്ഷെ പ്രളയത്തിന്റെ രൂക്ഷത മനസ്സിലാക്കിക്കൊണ്ടായിരിക്കാം, ആദ്യമായി അതിൽ നിന്നൊരു ഡീവിയേഷൻ ഉണ്ടായി. ഒരു ശതമാനംവരെ പരമാവധി രണ്ട് വർഷം നിങ്ങൾക്ക് പണസമാഹരണത്തിന് ഉപയോഗിക്കാം എന്നൊരു മാറ്റംവരുത്തി. ഇങ്ങനെ ഒരു നാച്വറൽ ഡിസാസ്റ്റർ വരുമ്പോൾ ഒരു സംസ്ഥാനത്തിന് കുറച്ച് മെന്യുവറബിലിറ്റി വേണ്ടേ?നേരത്തെയായിരുന്നെങ്കിൽ നമുക്ക് മെന്യുവറബിലിറ്റി ഇഷ്ടംപോലെയുണ്ട്. പക്ഷെ, ജി.എസ്.ടി.-യിൽ ചെറിയൊരു മെന്യുവറബിലിറ്റിയെങ്കിലും ഇല്ലെങ്കിൽ നമ്മൾ totally straight jacketed അല്ലേ; ഭരണം ഇപ്പോൾ തീരാൻ പോകുന്നില്ലല്ലോ, ഇനിയുമില്ലേ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അങ്ങ് ഇവിടെ സൂചിപ്പിച്ചതനുസരിച്ച് പ്രളയസെസ് കൊണ്ടുവന്നു, സമൂഹത്തിൽനിന്ന് വലിയ തർക്കങ്ങളൊന്നു മുണ്ടായില്ല. പ്രളയത്തിനുവേണ്ടി പണം പിരിച്ചു, അതിന്റെ ബാലൻസുണ്ടെന്ന് അങ്ങ് തന്നെ പറയുകയും ചെയ്തു. വീണ്ടും വലിയൊരു വരൾച്ച വന്നു. ആളുകൾക്ക് ഒരു ലിറ്റർ വെള്ളംപോലും കിട്ടാനില്ലാത്തത്ര ശുദ്ധജലക്ഷാമമുണ്ടായി. ഇനി

കാലവർഷം വരികയാണ്. ഈ കാലാവസ്ഥ മാറിയിട്ടെങ്കിലും പ്രളയസെസ് പിൻവലിക്കുന്നതിനെക്കുറിച്ച് ആലോചിച്ചുകൂടേ? രണ്ടാമത്തെ കാര്യം, പ്രളയസെസ് പ്രാബല്യത്തിൽ വരുന്നതോടുകൂടി ബിൽഡിംഗ് മെറ്റീരിയൽസിനാണ് വില കൂട്ടുന്നത്. അതായത്, സിമന്റിന്റെയും കമ്പിയുടെയും മറ്റും വില കൂട്ടുന്നത് പ്രളയത്തിൽ വീടുകൾ നഷ്ടപ്പെട്ടവരുടെമേൽ കൂടുതൽ നികുതിഭാരം അടിച്ചേൽപ്പിക്കുന്നതിന് തുല്യമാണ്. അത് ചെയ്യരുത്, പാപമാണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, നേരത്തെ ഒരുപാട് പാപം ചെയ്ത നിങ്ങൾ ഇപ്പോൾ ഈ ചെറിയൊരു പാപം ചെയ്യുന്നത് ക്ഷമിക്കൂ. നിങ്ങൾ കൂട്ടിയത് വലിയ തെറ്റായിപ്പോയെന്ന് പറഞ്ഞില്ല. കുറച്ച് മെന്യൂവറബിലിറ്റി വേണം. ഇതിന്റെ ഭാഗമായി വിലക്കയറ്റമുണ്ടായാൽ പ്രശ്നമല്ലേയെന്ന് അങ്ങ് ചോദിച്ചു. ജി.എസ്.ടി. വന്നപ്പോൾ എന്താണുണ്ടായത്? ഞാൻ 101 ചരക്കുകളുടെ കണക്കെടുത്തു. നികുതി വരുമാനത്തിന്റെ ഏതാണ്ട് 60-65 ശതമാനം ഈ ചരക്കുകളിൽ നിന്നുണ്ടാകും. ജി.എസ്.ടി. വരുന്നതിനുമുമ്പ് വാറ്റ് നികുതിയും എക്സൈസ് നികുതിയും മാത്രമെടുത്ത് ഇപ്പോഴത്തെ ജി.എസ്.ടി. റേറ്റ് എത്രയാണെന്ന് കണക്കാക്കിയപ്പോൾ 101 എണ്ണത്തിൽ 10 ശതമാനത്തിലേറെ നികുതി നിരക്ക് കുറവുവന്ന 36 ചരക്കുകളുണ്ട്. നാല് മുതൽ പത്ത് ശതമാനംവരെ കുറവുവന്നത് 22 ചരക്കുകൾക്കാണ്. ബാക്കി 43 എണ്ണവും മൂന്ന് ശതമാനത്തിലാണ്. എല്ലാം കുറഞ്ഞിരിക്കുന്നു; ഒന്നും കൂടിയിട്ടുമില്ല. ഇത്രയും കുറവുവന്നിരിക്കുന്ന പശ്ചാത്തലത്തിൽ ഒരു ശതമാനം നികുതി ഒരു വിലക്കയറ്റവുമുണ്ടാക്കാൻ പോകുന്നില്ലെന്നാണ് എന്റെ സാമാന്യബുദ്ധിയിൽ പറയുന്നത്. ശ്രീ. റോജി എം. ജോൺ പറഞ്ഞ പ്രായോഗിക പ്രശ്നങ്ങളുണ്ട്. അത് എങ്ങനെ സോർട്ട് ചെയ്യാമെന്നുള്ളതുകൊണ്ടാണ് കഴിഞ്ഞ മാസം തന്നെ ഞങ്ങൾ തീരുമാനിച്ച് നടപ്പാക്കുന്നുവെന്ന് പറഞ്ഞ് പോകാതെ, സാവകാശം വേണം; സോഫ്റ്റ്‌വെയറിൽ ചില മാറ്റങ്ങൾ വരുത്തണം എന്ന് ട്രേഡേഴ്സ് പറഞ്ഞു; അതുപോലെതന്നെ cascading ഇഫക്ട് ഉണ്ടാക്കരുത്, അതായത് സെസിന്റെ മുകളിൽ പിന്നെ ജി.എസ്.ടി. വരാൻ പാടില്ല. പക്ഷെ അത് നമ്മൾ പറഞ്ഞാൽ പോരാ; കേന്ദ്രത്തിന്റെകൂടി ജി.എസ്.ടി. അനുവാദം കിട്ടണം. ലാ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. വരാൻ പോകുന്ന കൗൺസിലിൽ അംഗീകരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. പ്രായോഗിക പ്രശ്നങ്ങൾ പരമാവധി കുറയ്ക്കാനുള്ള പരിശ്രമമാണ് ചെയ്തുകൊണ്ടിരിക്കുന്നത്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ജി.എസ്.ടി. വന്നതിനുശേഷം 36 ഐറ്റങ്ങളുടെ വില കുറഞ്ഞുവെന്ന് അങ്ങ് ഇവിടെ പറഞ്ഞു. എന്നാൽ മാർക്കറ്റിൽ ഒരിക്കലും ഇതിന്റെ വില കുറഞ്ഞിട്ടില്ല. അതാണ് ഇതിലെ ഏറ്റവും

വലിയ പ്രശ്നം. സെയിൽസ് സപ്രഷനുണ്ടെന്ന് അങ്ങിവിടെ പറഞ്ഞു. വാറ്റിന്റെ കാലഘട്ടങ്ങളിൽ ആരും ബിൽ വാങ്ങിയിരുന്നില്ല. എന്നാൽ ഇപ്പോൾ ബിൽ വാങ്ങുന്നുണ്ട്; ടാക്സ് വാങ്ങുന്നുണ്ട്. പക്ഷേ ആരും അടയ്ക്കുന്നില്ല. സ്വർണ്ണത്തിന്റെ കണക്കുവച്ച് നോക്കുമ്പോൾ അത് വളരെ ഭീമമാണ്. 300% കുറവാണ്. അത് ഒരിക്കലും പരിഹരിക്കാൻ നമുക്ക് കഴിയില്ല. നമുക്ക് കടകളിൽ പോയി പരിശോധിക്കാൻ സാധിക്കില്ല. എങ്ങനെയാണ് അത് കൺട്രോൾ ചെയ്യാൻ ഉദ്ദേശിക്കുന്നത്?

ഡോ. ടി. എം. തോമസ് ഐസക്: സർ, നമുക്ക് ചില നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പരിശോധിക്കാം. ഇങ്ങനെയൊരു സപ്രഷനുണ്ടെന്നൊരു കേസ് ബിൽഡപ്പ് ചെയ്താൽ ആ ഇന്റലിജൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എൻഫോഴ്സ്മെന്റിന് കട പരിശോധിക്കാം, സ്റ്റോക്ക് പരിശോധിക്കാം; അതാണ് ചെയ്യാൻ പോകുന്നത്. ഇപ്പോൾത്തന്നെ എല്ലാ റോഡുകളിലും സ്ക്വാഡുകളെ നിർത്തിയിട്ടുണ്ട്. അവരുടെ റിപ്പോർട്ടിന്റെയും ഈ മേഖലയിൽ ഗണ്യമായ കുറവുണ്ടായിരിക്കുന്നുവെന്നുള്ളതിന്റെ അടിസ്ഥാനത്തിലും ഒരു കേസുണ്ടാക്കി നമുക്ക് പോയി പരിശോധിക്കാം. അല്ലാതെ പണ്ടത്തെപ്പോലെ പരിശോധന നടത്താൻ കഴിയില്ല. That is right; അതത്ര നന്നാണെന്ന് എനിക്കും തോന്നുന്നില്ല. കാരണം ഇത് ഓഫീസേഴ്സ് എന്റേർഡ് നികുതി സമ്പ്രദായമല്ല സിസ്റ്റം ബേസ്ഡാണ്. അത് നല്ലതാണ്; പോസിറ്റീവുമാണ്. കുറച്ച് പ്രയാസവും പ്രശ്നവുമൊക്കെയുണ്ട്; I agree with you. പക്ഷെ ഒരു കാര്യം, അങ്ങയുടെ വാദം അങ്ങയുടെ നിലപാടിനെ തള്ളിക്കളയുകയാണ്. എല്ലാ ചരക്കുകളുടെയും നികുതി നിരക്ക് കുറഞ്ഞിട്ടുണ്ട്. പക്ഷേ എം.ആർ.പി. കുറഞ്ഞില്ല എന്നാണ് അങ്ങ് പറഞ്ഞത്. അതുതന്നെയാണ് ഞാനും പറഞ്ഞത്. എം.ആർ.പി. കുറയാത്ത സമയത്ത് ഒരു ശതമാനം കൂടുതൽ വന്നതുകൊണ്ട് എന്തിന് വില കൂട്ടണം? എം.ആർ.പി.-യെക്കാൾ കൂടുതൽ വിലയ്ക്ക് വിൽക്കാൻ സാധിക്കില്ല. ഒരു ശതമാനം സെസ് എന്നുപറയുന്നത് ഈ പരിധിക്കുള്ളിലേ നിൽക്കുകയുള്ളൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ആയിരം രൂപയ്ക്കുള്ള ഒരു സാധനം വാങ്ങുമ്പോൾ ആ ആയിരം രൂപയുടെ ഒരു ശതമാനമാണ് വർദ്ധിക്കുന്നത് അത് അങ്ങ് ഉദ്ദേശിക്കുന്നതുപോലെ ചെറിയ വർദ്ധനവല്ല.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഒരു ലക്ഷം രൂപയുടെ സാധനം വാങ്ങുമ്പോൾ ഒരു ശതമാനം സെസ് എന്നുപറയുന്നത് വലുതായിരിക്കും, അത് ശരിയാണ്. എത്ര ഗഹനമായ നിരീക്ഷണമാണ് അങ്ങ് നടത്തിയത്! ഇവിടെ പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ഉന്നയിച്ച കാര്യം ഞാൻ പരിശോധിച്ചു. സ്ഥലമേറ്റെടുക്കലിനുവേണ്ടി ഒരു ഹെഡ്ഡുണ്ടായിരുന്നു, ഇപ്പോഴുമുണ്ട്. ആവശ്യമുണ്ടെങ്കിൽ അതിൽ നിന്നെടുക്കുകയും ചെയ്യാം. ഏത് ഡിപ്പാർട്ടുമെന്റിനാണെങ്കിലും ഈ ഹെഡ്ഡിൽ നിന്നാണ് പണം നൽകിവരുന്നത്.

ഇത് നോൺ പ്ലാൻ ഹെഡ്ഡാണ്. ഭീമമായ ലാൻഡ് അക്വിസിഷൻമൂലം എല്ലാം റവന്യൂ എക്സ്പെൻഡിച്ചറായാണ് ബുക്ക് ചെയ്യുന്നത്. അത് റവന്യൂ കമ്മി വർദ്ധിപ്പിക്കുന്നു, പ്രശ്നങ്ങളുണ്ടാകുന്നു. ഇത് പ്ലാനിന് പുറത്താണ്; എന്നാൽ പ്ലാൻ എക്സ്പെൻഡിച്ചറിന്റെ ഭാഗവുമാണ്. അതുകൊണ്ട് ഓരോ ഡിപ്പാർട്ടുമെന്റും അവരുടെ പ്ലാൻ ഹെഡ്ഡിൽ ലാൻഡ് അക്വിസിഷന് പണം വയ്ക്കണം. ഇല്ലെങ്കിൽ അഡീഷണൽ ആതറൈസേഷൻ കൊടുക്കും. പക്ഷേ അവരുടെ പ്ലാൻ അലോക്കേഷനിൽനിന്നും പിന്നീട് അഡ്ജസ്റ്റ് ചെയ്യേണ്ടിവരുമെന്ന് പറയുന്നു. ഇപ്പോഴും ആ ഹെഡ്ഡ് നിലവിലുണ്ട്. എന്താണ് പ്രായോഗിക പ്രശ്നമെന്ന് പറഞ്ഞാൽ പരിശോധിച്ച് പരിഹരിക്കാം.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ബന്ധപ്പെട്ടവർ തന്നെയാണ് അത് അന്വേഷിക്കാനും ആവശ്യമായ വിവരം ശേഖരിക്കാനും കൊടുത്തുവിടുന്നത്. അപ്പോൾ റവന്യൂ ഡിപ്പാർട്ടുമെന്റിൽ നിന്ന് സ്ഥലമേറ്റെടുക്കുന്നതിന് തുക നിശ്ചയിച്ച് നൽകുന്നതിനുപകരം ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റെ അനുവാദം വാങ്ങേണ്ടിവരുന്നതുകൊണ്ട് വീണ്ടും കാലതാമസമുണ്ടാകുകയാണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, അങ്ങ് പറയുന്നതുപോലുള്ള പ്രശ്നങ്ങളുണ്ടെങ്കിൽ പരിശോധിക്കാം. ഞാനിപ്പോൾ ഫയൽ പഠിച്ചിട്ടില്ല. നിങ്ങൾ തന്നിട്ടുള്ള നോട്ട് കണ്ടപ്പോൾ ഇതാണ് അതിന്റെ ഉദ്ദേശ്യമെന്ന് പറഞ്ഞതാണ്. അക്കാര്യം വിശദമായി പരിശോധിക്കാം.

ഡോ. എൻ. ജയരാജ്: സർ, ടാക്സുമായി ബന്ധപ്പെട്ട കുറെ കേസുകൾ വർഷങ്ങളായി കോടതിയുടെ പരിഗണനയിലിരിക്കുകയാണ്. കേസുകൾ അനന്തമായി നീളുന്നത് പരിഹരിച്ച് സെറ്റിൽ ചെയ്യാനുള്ള ശ്രമം നേരത്തെ അങ്ങയുടെ ഭാഗത്തുനിന്നുണ്ടായിരുന്നു. ഇപ്പോഴത് ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ.

ഡോ. ടി. എം. തോമസ് ഐസക്: സർ, കോടതിയിലുള്ള കേസുകളുടെ ലിസ്റ്റ് തയ്യാറാക്കി പ്ലീഡർമാരുമായും അപ്പീൽ അതോറിറ്റിയുമായും ചർച്ച ചെയ്യുന്നുണ്ട്. സമയബന്ധിതമായി കേസുകൾ തീർപ്പാക്കുന്നതിനും വേണ്ടിവന്നാൽ ഒരു സ്പെഷ്യൽ കോടതി വച്ച് സെറ്റിൽ ചെയ്യാനും ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

ഞാൻ പ്രസംഗം അവസാനിപ്പിക്കുകയാണ്. വിമർശനങ്ങളില്ലാത്തതുകൊണ്ടല്ല നികുതിയെക്കുറിച്ചൊന്നും കുറ്റം പറയാത്തതെന്ന് എനിക്കറിയാം. നാടകീയമായ വേറെ കാര്യങ്ങൾ ഉള്ളതുകൊണ്ടാണ്. പക്ഷേ എനിക്ക് പറയാനുള്ളത്, നിങ്ങൾ പറഞ്ഞതുപോലെയുള്ള ചില പോരായ്മകൾ നികുതി പിരിവിലുമുണ്ട്. അത് ഈ വർഷം തിരുത്തുമെന്ന് ഉറപ്പ് നൽകുകയാണ്. ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഭൂനികുതി, ജില്ലാഭരണവും പലവകയും, ഭവനനിർമ്മാണം, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസം എന്നീ ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട് നടന്ന ചർച്ചയിൽ നിരവധി ക്രിയാത്മകമായ നിർദ്ദേശങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. അത്തരം നിർദ്ദേശങ്ങളും അഭിപ്രായങ്ങളുമൊക്കെ പരിഗണിക്കപ്പെടേണ്ടത് തന്നെയാണ്. ഈ കാലയളവിൽ റവന്യൂ വകുപ്പ് നടപ്പിലാക്കിയിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് ഞാൻ പിന്നീട് വിശദീകരിക്കുന്നതായിരിക്കും.

സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതും വില്ലേജിന്റെ ബൈഫർക്കേഷനുമായും ബന്ധപ്പെട്ട കാര്യങ്ങൾ ബഹുമാനപ്പെട്ട എം.എൽ.എ.-മാർ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. അതൊക്കെ സർക്കാരിന്റെ സജീവ പരിഗണനയിലുള്ള കാര്യങ്ങളാണ്. സാമ്പത്തിക പ്രശ്നങ്ങളുള്ളതുകൊണ്ട് അതൊക്കെ നീണ്ടുപോകുന്നുവെന്ന് മാത്രമേയുള്ളൂ. വില്ലേജ് ഫീൽഡ് അസിസ്റ്റന്റിന്റെ 50% തസ്തിക അപ്ഗ്രേഡ് ചെയ്ത് വില്ലേജ് അസിസ്റ്റന്റാക്കി ഓരോ വില്ലേജിലും 'ഫ്രണ്ട് ഓഫീസ്' സംവിധാനം കൊണ്ടുവരുന്നതുവരെ അത് ഉപയോഗപ്പെടുത്തണമെന്നത് ഉൾപ്പെടെയുള്ള പ്രൊപ്പോസൽ സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്.

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അംഗീകൃത ഏജൻസികളെ ചുമതലപ്പെടുത്തി റീ-സർവ്വേ നടപടികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്, അതിന്റെ നടപടികൾ പുരോഗമിച്ചു വരികയാണ്. അതുമായി ബന്ധപ്പെട്ട ഒരു മീറ്റിംഗ് ഇന്ന് വൈകുന്നേരം നടക്കാനിരിക്കുകയാണ്. അതുപോലെ താലൂക്കാഫീസുകളിലും കളക്ടറേറ്റുകളിലും കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിന് അദാലത്തുകൾ സംഘടിപ്പിക്കണമെന്ന് ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. സി. എഫ്. തോമസ് അഭിപ്രായപ്പെടുകയുണ്ടായി. മുമ്പ് അദാലത്തുകൾ സംഘടിപ്പിച്ചിട്ടുള്ളതാണ്, ഇനിയും അത് നടത്തുന്നതിനുള്ള സംവിധാനങ്ങളുമായി മുന്നോട്ടുപോകാൻ കഴിയും.

കോഴിക്കോട് ജില്ലയിൽ തിരുവമ്പാടി, മുക്കം പ്രദേശങ്ങളിൽ പട്ടയം ലഭിക്കുന്നില്ലെന്നും ലാൻഡ് ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമല്ലെന്നും തിരുവമ്പാടി പഞ്ചായത്തിൽ 1977-നുമുമ്പ് ഭൂമി കൈവശം വച്ചിരിക്കുന്നവർക്ക് വനം വകുപ്പിന്റെ എതിർപ്പുകാരണം നികുതിയടയ്ക്കാൻ കഴിയുന്നില്ലെന്നുമുള്ള പരാതികൾ ഉന്നയിക്കപ്പെട്ടു. ഈ സർക്കാർ ഭൂമിക്ക് പട്ടയം നൽകുന്ന കാര്യത്തിൽ വളരെ കാര്യക്ഷമമായ നടപടിയാണ് സ്വീകരിച്ചുവരുന്നത്. കോഴിക്കോട് ജില്ലയിൽ ഇനിയും പട്ടയം ലഭിക്കാത്ത അർഹതപ്പെട്ട മുഴുവൻപേർക്കും സമയബന്ധിതമായി പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ഭൂമിക്ക് കരം സ്വീകരിക്കാതിരിക്കുന്നത് സംബന്ധിച്ച് പരിശോധിച്ച് മാത്രമേ തീരുമാനമെടുക്കാൻ കഴിയൂ. അതുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

പത്രമാധ്യമങ്ങളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പ് നടപടിയെടുക്കുന്നുവെന്ന് പറഞ്ഞുകൊണ്ട് ഇടുക്കി ജില്ലയിലെ പ്രധാനപ്പെട്ട ഒരു വിഷയം ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. എസ്. രാജേന്ദ്രൻ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. അവിടത്തെ നിർമ്മാണപ്രവർത്തനങ്ങൾക്ക് എൻ.ഒ.സി. വേണമെന്ന ഹൈക്കോടതി ഉത്തരവുണ്ട്. അതല്ലാതെ പ്രത്യേകിച്ച് ആരെങ്കിലുമൊരാൾ പറയുന്നതല്ല. മരം മുറിക്കുന്നത് സംബന്ധിച്ച് വ്യക്തമായ ഉത്തരവുണ്ട്. എന്നാൽ മരം മുറിക്കുന്നത് തടഞ്ഞുകൊണ്ട് വൈൽഡ് ലൈഫ് വാർഡൻ ഉത്തരവിടുകയും സർക്കാർ ഉത്തരവ് നടപ്പാക്കുന്നതിനെ തുരങ്കം വയ്ക്കുകയുമാണെന്ന് അദ്ദേഹം പറയുകയുണ്ടായി. കൈവശ ഭൂമിയിൽ കൃഷിക്കാർ വച്ചുപിടിപ്പിക്കുന്ന ചന്ദനം ഒഴികെയുള്ള മരങ്ങൾ മുറിക്കുന്നതിന് അനുമതി ലഭിക്കുന്നതിനായി ഭൂമി പതിച്ചുനൽകുന്ന ചട്ടങ്ങളിൽ റവന്യൂ വകുപ്പ് ഭേദഗതി വരുത്തിക്കഴിഞ്ഞതാണ്. എന്നാൽ വനം വകുപ്പിന്റെ വിജ്ഞാപനത്തിൽ ഉൾപ്പെട്ട പ്രദേശത്തുള്ള മരം മുറിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി വേണമെന്നതുകൊണ്ടായിരിക്കും വൈൽഡ് ലൈഫ് വാർഡൻ മരം മുറിക്കുന്നത് തടഞ്ഞുകൊണ്ട് ഉത്തരവിട്ടത്. ഏതായാലും ബഹുമാനപ്പെട്ട എം.എൽ.എ. ഇക്കാര്യത്തിൽ വ്യക്തമായ പരാതി നൽകിയാൽ പരിശോധിക്കാവുന്നതാണ്.

മൂന്നാർ പ്രദേശത്തെ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. വേണമെന്ന് പറഞ്ഞിരിക്കുന്നത് കോടതിയാണ്. എൻ. ഒ.സി. വേണമെന്ന കോടതി നിബന്ധന ഉൾപ്പെടുത്തി ഇടുക്കി ജില്ലയിലെ പട്ടയ പ്രശ്നവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ വളരെ കാര്യക്ഷമമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്. പത്തുചങ്ങല പ്രദേശത്ത് മൂന്നുചങ്ങല വിട്ടുള്ള പ്രദേശത്തുവരെ പട്ടയം നൽകുന്നതിനുവേണ്ട നടപടി സ്വീകരിക്കുകയും അത് നൽകിക്കഴിഞ്ഞിട്ടുള്ളതുമാണ്.

വനഭൂമി പട്ടയത്തിന്റെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ശ്രീ. കെ. രാജൻ ആവശ്യപ്പെടുകയുണ്ടായി. ജെ.വി.ആർ. ഇല്ലാത്ത ഭൂമിക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളും അദ്ദേഹം സൂചിപ്പിച്ചു. 1-1-1977-നുമുമ്പ് ഭൂമി കൈവശം വച്ചിരിക്കുന്നവർക്ക് സമയബന്ധിതമായി പട്ടയം നൽകുന്നതിന് സമയക്രമം നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് നടപ്പാക്കുന്നതിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്ന വ്യവസ്ഥകൾകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ജെ.വി.ആർ. കൈവശമില്ലെങ്കിലും സംയുക്ത പരിശോധന കഴിഞ്ഞ് കേന്ദ്ര സർക്കാരിന്റെ അനുവാദം കിട്ടിയ ഭൂമിയിൽ ഇപ്പോൾ താമസിക്കുന്നവർക്ക് പട്ടയം നൽകാൻ കഴിയുന്ന തരത്തിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. മന്ത്രിസഭയുടെ അനുമതിയോടെ എത്രയുംവേഗം ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടിയുമായി മുന്നോട്ടുപോകാൻ കഴിയും.

RoR കൊടുക്കുന്നവർക്ക് പട്ടയം നൽകണമെന്ന് ബഹുമാന്യനായ എം.എൽ.എ. ശ്രീ. സി. കെ. ശശീന്ദ്രൻ പറയുകയുണ്ടായി. 1-1-1977-നുമുമ്പ് ഭൂമി കൈവശം വച്ചിരുന്ന ആദിവാസികൾക്ക് RoR ആണ് നൽകിവരുന്നത്. അവർക്കുകൂടി പട്ടയം നൽകുന്നതിന് ഉത്തരവാകുകയും അതനുസരിച്ച് പട്ടയം നൽകിവരികയുമാണ്. എവിടെയെങ്കിലും പോരായ്മകളുണ്ടെങ്കിൽ പരിശോധിക്കാവുന്നതാണ്.

ഇക്കാലയളവിൽ റവന്യൂ ഡിപ്പാർട്ടുമെന്റ് നടത്തിയ മറ്റുചില കാര്യങ്ങൾകൂടി ഈ സന്ദർഭത്തിൽ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. 1957-ലെ കേരള സർക്കാർ തുടങ്ങിവച്ച ഭൂപരിഷ്കരണ നടപടികൾ യഥാർത്ഥത്തിൽ കേരള ചരിത്രത്തിൽ ഒരു സാമൂഹിക രാഷ്ട്രീയ വിപ്ലവമായി രേഖപ്പെടുത്തുന്ന ഒന്നാണ്. ഒരുപിടി ജന്മിമാരിൽനിന്ന് ദശലക്ഷക്കണക്കിന് സാധാരണ കുടുംബങ്ങളിലേയ്ക്ക് കൈമാറിക്കിട്ടിയ ഭൂമിയുടെ ഉടമസ്ഥാവകാശത്തിന്റെ കാര്യത്തിലാണ് ഇന്ന് കേരളം അഭിമാനം കൊള്ളുന്ന ജീവിത സൂചികകൾതന്നെ ഉയർന്നുവന്നത്. കേരളത്തിന്റെ ഭൂസംരക്ഷണ വിതരണ ഭൂവിനിയോഗ സവിശേഷതകൾ നിരന്തരം പരിഷ്കരിക്കുകയും പരിരക്ഷിക്കുകയും ചെയ്തില്ലെങ്കിൽ നമ്മുടെ വിഖ്യാത നേട്ടങ്ങളും മാതൃകകളുമൊക്കെ തകർന്നടിയും. അതുകൊണ്ട് ചരിത്രപരമായ തുടർച്ചയ്ക്കുവേണ്ടിയാണ് റവന്യൂ വകുപ്പ് അതിന്റെ പ്രവർത്തനങ്ങൾ ഓരോ സന്ദർഭങ്ങളിലും മെച്ചപ്പെടുത്തി മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിക്കുന്നത്. ഈ ദിശയിൽ എൽ.ഡി.എഫ്. സർക്കാർ കഴിഞ്ഞ മൂന്ന് വർഷമായി വമ്പിച്ച മുന്നേറ്റമാണുണ്ടാക്കിയിട്ടുള്ളത്.

ജനസഭകളുടെ പ്രാതിനിധ്യം മാത്രമല്ല വികസന നയത്തിന്റെ കാതൽ, ജനപക്ഷം നിൽക്കുന്ന ഒരു രാഷ്ട്രീയ തത്വസംഹിതയാണ് ഈ നയത്തിന് കരുത്ത് പകരുന്നത്. തെരഞ്ഞെടുപ്പ് ഫലങ്ങൾക്ക് ഹൃദയപക്ഷ നിശ്ചയദാർഢ്യത്തെ ദുർബ്ബലപ്പെടുത്താൻ കഴിയില്ല. പറഞ്ഞതിനപ്പുറം ക്ഷേമപ്രവർത്തനങ്ങൾ കാഴ്ചവച്ചുകൊണ്ടാണ് ഈ സർക്കാർ നാലാം വർഷത്തിലേയ്ക്ക് കടക്കുന്നത്. ഭൂമിയുടെ വിതരണത്തിൽ സർക്കാർ എപ്പോഴും മുൻഗണന നൽകുന്നത് ഭൂരഹിതർക്കും ഭവനരഹിതർക്കും പാവപ്പെട്ടവർക്കും തൊഴിലാളികൾക്കും കർഷകർക്കും ഇടത്തരക്കാർക്കും സാമ്പത്തികപ്രയാസം നേരിടുന്ന വിഭാഗങ്ങൾക്കുമാണ്. ഇതോടൊപ്പം തൊഴിലവസരങ്ങളും സാമ്പത്തിക വികസനവും സാമൂഹികക്ഷേമവും വ്യവസായ വളർച്ചയും ഉറപ്പാക്കുന്ന പദ്ധതികൾക്കാവശ്യമായ ഭൂമി ഏറ്റെടുത്ത് നൽകുന്നതിലും റവന്യൂ വകുപ്പ് അഭൂതപൂർവ്വമായ വേഗത കൈവരിച്ചിട്ടുണ്ട്.

നേരത്തെ ബഹുമാന്യരായ ചില എം.എൽ.എ.-മാർ സർവ്വേയുടെ പ്രവർത്തനത്തെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. നമ്മുടെ നിലവിലുള്ള

സർവ്വേയർമാർ മഹാപ്രളയ്ക്കുശേഷവും മെഗാ പ്രോജക്ടുകൾക്കുവേണ്ടി ഭൂമി അക്വയർ ചെയ്യുന്ന നടപടികളിൽ ഏർപ്പെട്ടുകയാണ്. റീസർവ്വേ പ്രവർത്തനം നിർത്തിവച്ചിരിക്കുന്ന സാഹചര്യത്തിൽ മറ്റ് പ്രധാനപ്പെട്ട വൻകിട പദ്ധതികൾക്കുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടിയുടെ ഭാഗമായുള്ള പ്രവർത്തനങ്ങളുമായാണ് മുന്നോട്ടുപോകുന്നത്. അതുകൊണ്ട് നാഷണൽ ഹൈവേ ഉൾപ്പെടെ വിവിധ പൊതു ആവശ്യം ഉൾക്കൊള്ളുന്ന പദ്ധതികൾക്കായി അതിവേഗത്തിൽ ഭൂമി ഏറ്റെടുത്ത് നൽകിക്കൊണ്ടിരിക്കുന്ന നടപടിയാണിത്. പദ്ധതികൾ സമയബന്ധിതമായി തീർക്കാൻ കഴിയുന്ന അവസ്ഥ സംജാതമായിരിക്കുകയാണ്. വിഴിഞ്ഞം തുറമുഖം, കണ്ണൂർ വിമാനത്താവളം, ഗ്യാസ് അതോറിറ്റി പൈപ്പ്‌ലൈൻ, നാവിക അക്കാദമി, പവർഗ്രിഡ് തുടങ്ങിയ വൻപദ്ധതികൾക്ക് നിശ്ചയിച്ച സമയത്തിനുള്ളിൽ ഭൂമി ഏറ്റെടുത്ത് കൈമാറിയിരിക്കുകയാണ്. ഭൂമി ഏറ്റെടുക്കുമ്പോൾ വീട് നഷ്ടപ്പെടുന്നവർക്ക് വീട് നൽകുന്നതും പദ്ധതിയിലുണ്ടാകുന്ന തൊഴിലവസരങ്ങളിൽ മുൻഗണന നൽകുന്നതുമുൾപ്പെടെയുള്ള ആകർഷകമായ പാക്കേജ് നടപ്പിൽവരുത്തി. വികസന പ്രവർത്തനങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നതിനുള്ള തടസ്സം നീക്കാൻ ഭൂമി ഏറ്റെടുക്കൽ നിയമത്തിന്റെ ചട്ടഭേദഗതി ഉൾപ്പെടെയുള്ള സത്വര നടപടികൾ സ്വീകരിച്ചു. കഴിഞ്ഞ മൂന്ന് വർഷംകൊണ്ട് വിവിധ ഇനങ്ങളിലായി 106450 പട്ടയങ്ങൾ വിതരണം ചെയ്തു. കഴിഞ്ഞ സർക്കാർ ഈ കാലയളവിൽ നൽകിയതിന്റെ ഇരട്ടിയോളമാണിത്. ലാൻഡ് ട്രൈബ്യൂണലുകളിൽ നിലവിലുണ്ടായിരുന്ന 119004 ഫയലുകളിൽ തീർപ്പുകൽപ്പിച്ചു. 67819 പട്ടയങ്ങൾക്ക് ക്രയ സർട്ടിഫിക്കറ്റുകൾ അനുവദിച്ചു. നിലവിലുള്ള കേസുകൾ തീർപ്പാക്കുന്നതിനുണ്ടായിരുന്ന നടപടിക്രമം ലളിതമാക്കി. ഉപാധിരഹിത പട്ടയമെന്ന ദീർഘകാല ആവശ്യത്തിന് 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ഭേദഗതിയിലൂടെ അംഗീകാരം നൽകി. പതിച്ചുകിട്ടുന്ന ഭൂമി എല്ലാത്തരം ബാങ്കുകളിലും ഈടുവച്ച് ലോണെടുക്കുന്നതിന് സാദ്ധ്യമാക്കി. ഇടുക്കി ജില്ലയിൽ പദ്ധതി പ്രദേശങ്ങളിലെ മൂന്ന് ചങ്ങല വിട്ടുള്ള പ്രദേശത്ത് കാലങ്ങളായി താമസിച്ചുകൊണ്ടിരിക്കുന്ന എല്ലാവർക്കും പട്ടയം നൽകാൻ തീരുമാനമായി, പട്ടയം നൽകിക്കൊണ്ടിരിക്കുന്നു. വൻകിട കയ്യേറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിച്ചു.

മൂന്നാറിന് പ്രത്യേക പരിഗണന നൽകി പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്താനുള്ള ഇടപെടലിലൂടെ അനധികൃത നിർമ്മാണങ്ങൾക്ക് കടിഞ്ഞാണിട്ടു. എന്നാൽ മൂന്നാർ പ്രദേശത്ത് സ്വന്തം താമസത്തിനായുള്ള ഗൃഹനിർമ്മാണത്തിന് അനുമതി നൽകുന്നതിന് തഹസിൽദാർമാരെ ചുമതലപ്പെടുത്തി. സർവ്വേ നമ്പരുകളിൽ നിയമാനുസൃതം തെറ്റ് തിരുത്തുന്നതിനുള്ള

അനുമതി നൽകി. കാലാവധി കഴിഞ്ഞതും വ്യവസ്ഥകൾ ലംഘിച്ചതുമായ പാട്ടഭൂമി തിരിച്ചെടുക്കാൻ നടപടികൾ ഊർജ്ജിതമാക്കി. ഇതിനായി റവന്യൂ സെക്രട്ടറി, എക്സ്പെൻഡിച്ചർ സെക്രട്ടറി, ലാൻഡ് റവന്യൂ കമ്മിഷണർ എന്നിവരടങ്ങുന്ന സമിതിയെ നിയമിച്ചു. കയ്യേറ്റം തടയുന്നതിന് ശക്തമായ നടപടി സ്വീകരിച്ചു. സംസ്ഥാനത്താകെ 605 കേസുകളിലായി 221 ഹെക്ടർ സർക്കാർ ഭൂമി കയ്യേറ്റക്കാരിൽനിന്ന് ഒഴിപ്പിച്ചെടുത്തു. കയ്യേറ്റം തടയുന്നതിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിച്ചു.

സംസ്ഥാനത്ത് 6 റവന്യൂ ഡിവിഷനുകളും രണ്ട് താലൂക്കുകളും പുതിയതായി രൂപീകരിച്ചു. നിയമ ഭേദഗതിയിലൂടെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം കൂടുതൽ ശക്തവും യുക്തിഭദ്രവുമാക്കി. മഹാപ്രളയത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവർക്ക് പകരം ഭൂമി കണ്ടെത്തി നൽകാൻ പല തലങ്ങളിലുള്ള ശ്രമങ്ങൾക്ക് റവന്യൂ വകുപ്പ് മേൽനോട്ടം വഹിക്കുന്നു. സംസ്ഥാനത്തെ 4 ലക്ഷത്തോളം വരുന്ന ഭവനരഹിതർക്ക് ഈ സർക്കാരിന്റെ കാലത്തുതന്നെ സ്വന്തമായ പാർപ്പിടമൊരുക്കാൻ വിവിധ മിഷനുകൾവഴി തീവ്രശ്രമം നടക്കുന്നു.

ഭൂരേഖകളുടെ ഡിജിറ്റലൈസേഷൻ അവസാനഘട്ടത്തിലാണ്. 1354 വില്ലേജുകളിൽ ഇത് പൂർത്തിയായിട്ടുണ്ട്. ബാക്കി വില്ലേജുകളുടെ നടപടി അതിവേഗം പൂർത്തിയാകുന്നു. സാങ്കേതികവിദ്യയുടെ സഹായത്തോടെ റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങളാകെ ആധുനികവൽക്കരിച്ചു. ആറ് മാസത്തിനകം ഇത് സമ്പൂർണ്ണമാകും. ഇരുപത്തിനാലിനം സർട്ടിഫിക്കറ്റുകൾ ഇപ്പോൾ ഓൺലൈനായി സംസ്ഥാനത്തെ മുഴുവൻ വില്ലേജുകളിലും നൽകിവരുന്നു. വീട്ടിലിരുന്നുതന്നെ അപേക്ഷിക്കുന്നതിനും ഫീസ് അടയ്ക്കുന്നതിനും സർട്ടിഫിക്കറ്റിന്റെ പ്രിന്റൗട്ട് എടുക്കുന്നതിനും ഇപ്പോൾ കഴിയും. നോൺ-ക്രീമിലയർ സർട്ടിഫിക്കറ്റുകൂടി ഇപ്പോൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്താകെയുള്ള 1664 വില്ലേജുകളിൽ 1633 വില്ലേജുകളിലെ ബി.ടി.ആർ.-ഉം. 1354 വില്ലേജുകളിലെ തണ്ടപ്പേര് റെക്കോർഡുകളും ഡിജിറ്റലൈസ് ചെയ്തുകഴിഞ്ഞു. ബാക്കിയുള്ള ചുരുക്കം വില്ലേജുകളിലെ പ്രവൃത്തി ഉടൻ പൂർത്തിയാകും. 1644 വില്ലേജുകളിൽ ഓൺലൈൻ പോക്കുവരവും ഇ-പേമെന്റ് സംവിധാനവും നടപ്പാക്കിക്കഴിഞ്ഞു. പാലക്കാട് ജില്ലയിൽ ആരംഭിച്ച പോയിന്റ് ഓഫ് സെയിൽ മെഷീനുകൾവഴി കറൻസിരഹിത ഫീസുകളും നികുതികളും സ്വീകരിക്കുന്ന പദ്ധതി ഈ വർഷംതന്നെ സംസ്ഥാനമൊട്ടാകെ നടപ്പാക്കും. 14 കളക്ടറേറ്റുകളിലും 12 റവന്യൂ ഡിവിഷണൽ ഓഫീസുകളിലും ലാൻഡ് റെക്കോർഡ്സ് മോഡണൈസേഷൻ പദ്ധതി പുരോഗമിക്കുന്നു. താലൂക്കാഫീസുകളിലും വില്ലേജാഫീസുകളിലും ഈ വർഷംതന്നെ പദ്ധതി നടപ്പാക്കും.

ഈ സർക്കാരിന്റെ ആദ്യ രണ്ട് വർഷങ്ങൾക്കുള്ളിൽ 59 വില്ലേജുകൾ സ്മാർട്ട് വില്ലേജുകളാക്കി മാറ്റി. 2018-19 ബജറ്റിൽ 50 സ്മാർട്ട് വില്ലേജുകൾ കൂടി അനുവദിച്ചു. 130 സ്മാർട്ട് വില്ലേജ് ആഫീസ് കെട്ടിടങ്ങൾ നിർമ്മിക്കാൻ അനുമതി നൽകി. കാലങ്ങളായി നിലനിൽക്കുന്ന ജനകീയ ആവശ്യമാണ് വില്ലേജ് ആഫീസുകളിലെ ഭൗതിക സാഹചര്യങ്ങളും ഉദ്യോഗസ്ഥരുടെ സൗഹൃദപരമായ പെരുമാറ്റവും. സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് അനുമതിയും ജനങ്ങളോടുള്ള മികച്ച പെരുമാറ്റത്തിന് പ്രത്യേക പരിശീലനവും നൽകിവരുന്നു. കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 6 പുതിയ റവന്യൂ ഡിവിഷനുകൾ, 2 താലൂക്കുകൾ എന്നിവ പ്രവർത്തനം ആരംഭിച്ചു. കിഫ്ബി പദ്ധതികൾക്കായി ഭൂമി ഏറ്റെടുക്കുന്നതിന് തിരുവനന്തപുരം, ആലപ്പുഴ, മലപ്പുറം, കണ്ണൂർ എന്നിവിടങ്ങളിൽ 4 സ്പെഷ്യൽ തഹസിൽദാർ ഓഫീസുകൾ ആരംഭിച്ചു. സംസ്ഥാനത്ത് പലയിടങ്ങളിലും പല വിലാസങ്ങളിൽ ക്രമത്തിലധികം ഭൂമി പലരും വാങ്ങുകയും കൈവശം വയ്ക്കുകയും ചെയ്യുന്നുണ്ട്. ഇത് തടയുന്നതിനും ഭൂവിതരണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനും 'Unique Thandaper' എന്ന ആശയം നടപ്പാക്കാൻ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഇതുവഴി കേരളത്തിലെ ഓരോ പൗരനും സംസ്ഥാനം മുഴുവൻ ബാധകമാകുന്ന ആധാർ അധിഷ്ഠിത Unique Thandaper-ൽ അയാളുടെ പേരിൽ രജിസ്റ്റർ ചെയ്യപ്പെട്ട മുഴുവൻ വസ്തുക്കളും ഉൾക്കൊള്ളിക്കാൻ സാധിക്കും. പരിധിയിലധികം ഭൂമി കൈവശം വച്ചിരിക്കുന്നവരെ അനായാസം കണ്ടെത്താനും ഇതിലൂടെ കഴിയും. ഇത്തരം പരിഷ്കാരം ഈ രംഗത്ത് നടപ്പാക്കി മുന്നോട്ടുപോകാനാണ് ഇപ്പോൾ ഉദ്ദേശിച്ചിരിക്കുന്നത്.

ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് സംസാരിച്ചപ്പോൾ ഇനി ഭവന നിർമ്മാണ വകുപ്പ് ഉണ്ടാകില്ല, അത് പിരിച്ചുവിടാൻ പോകുകയാണെന്ന് ശ്രീ. റോജി എം. ജോൺ പറയുകയുണ്ടായി. ഉദ്യോഗസ്ഥതലത്തിൽ അത്തരം ചില അഭിപ്രായങ്ങൾ മുന്നോട്ടുവച്ചെങ്കിലും ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ആ അഭിപ്രായത്തോട് യോജിപ്പില്ലെന്ന് മാത്രമല്ല, ഭവനനിർമ്മാണ ബോർഡും ഭവനനിർമ്മാണ വകുപ്പും ശക്തമായി നിലനിർത്തി മുന്നോട്ടുകൊണ്ടുപോകാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. ഹൗസിംഗ് ബോർഡിന്റെതന്നെ ചരിത്രത്തിൽ ആദ്യമായി, സാമ്പത്തിക ബുദ്ധിമുട്ടുകൾമൂലം വായ്പ തിരിച്ചടയ്ക്കാൻ പ്രയാസമനുഭവിക്കുന്ന ഗുണഭോക്താക്കൾക്ക് വിവിധ തരത്തിലുള്ള പലിശയിളവുകൾ നൽകി വായ്പാ കുടിശ്ശിക അദാലത്തുകൾ റവന്യൂ വകുപ്പിന്റെകൂടി സഹകരണത്തോടെ എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു. ഇത് സർക്കാർ ഗൗരവമായി ആലോചിക്കുകയും ക്യാബിനറ്റിൽ തീരുമാനിച്ച് ഫിനാൻസിന്റെ ഉൾപ്പെടെ അനുമതിയോടുകൂടിയാണ് നടപ്പാക്കിയത്. അതിന്റെ ഫലമായി ഹൗസിംഗ് ബോർഡിന്റെ ചരിത്രത്തിൽ ഇതുവരെ പിരിച്ചെടുക്കാൻ കഴിയാത്തത്ര

ഫണ്ട് അദാലത്തിലൂടെ സ്വരൂപിക്കുന്നതിന് സാധിച്ചു. ഇപ്രകാരം വായ്പാ തിരിച്ചടവ് വഴി 3.9 കോടി രൂപ ഹൗസിംഗ് ബോർഡിന് സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. വിവിധ ജില്ലകളിൽ അദാലത്തുകൾ നടന്നുവരികയാണ്. ആറോ ഏഴോ ജില്ലകളിൽ ഇനിയും അദാലത്തുകൾ നടത്താൻ ബാക്കിയുണ്ട്. അദാലത്തുകൾ നടന്ന ജില്ലകളിൽ നിന്നുള്ള പണപ്പിരിവിന്റെ ഭാഗമായിട്ടാണ് ഇത്രയും തുക സമാഹരിക്കാൻ കഴിഞ്ഞിട്ടുള്ളത്.

സ്വന്തമായി ഭൂമിയുള്ള ഭവനരഹിതർക്ക് വീടുവച്ച് നൽകുന്ന പദ്ധതിയായ "ഗൃഹശ്രീ" പദ്ധതിപ്രകാരം 36.15 കോടി രൂപ ഈ സർക്കാരിന്റെ കാലത്ത് ഹൗസിംഗ് ബോർഡ് വിതരണം ചെയ്തുകഴിഞ്ഞു. തൊഴിലാളികൾക്കുള്ള വാടകവീട് പദ്ധതിയായ ഇന്നവേറ്റീവ് ഭവന പദ്ധതി പ്രകാരം 24 ഫ്ലാറ്റുകൾ വീതമുള്ള 2 ഭവന സമുച്ചയങ്ങൾ ഹൗസിംഗ് ബോർഡ് ഈ സർക്കാരിന്റെ കാലത്ത് പൂർത്തിയാക്കി. എം.എൻ. ലക്ഷംവീട് പുനരുദ്ധാരണ പദ്ധതിപ്രകാരം ലക്ഷംവീട് കോളനികളിലെ ഗുണഭോക്താക്കൾക്ക് 6.16 കോടി രൂപ വിതരണം ചെയ്തുകൊണ്ട് ഇരട്ട വീടുകൾ ഒറ്റ വീടാക്കി മാറ്റുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ഭൂമിയും വീടും ഇല്ലാത്തവർക്ക് ഫ്ലാറ്റുകൾ നിർമ്മിച്ചുനൽകുന്ന സാഫല്യം ഭവന പദ്ധതി പ്രകാരം എറണാകുളം ചോറ്റാനിക്കരയിൽ 24 ഫ്ലാറ്റുകളുള്ള ഭവന സമുച്ചയം പൂർത്തിയാക്കി. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടുകൂടി വർക്കിംഗ് വിമെൻസ് ഹോസ്റ്റൽ പദ്ധതിപ്രകാരം 653 വനിതാ ജീവനക്കാർക്ക് ഹോസ്റ്റൽ സൗകര്യമൊരുക്കി.

പൊതുവിപണിയിൽ കെട്ടിടനിർമ്മാണ സാമഗ്രികൾക്ക് വൻ വിലയാണുള്ളത്. കെട്ടിടനിർമ്മാണ സാമഗ്രികൾ വില കുറച്ച് നൽകുന്ന 'കലവറ' പദ്ധതി സംസ്ഥാന നിർമ്മിതികേന്ദ്രം വിവിധ ജില്ലകളിൽ നടപ്പിലാക്കി വരികയാണ്. ഭവനനിർമ്മാണത്തിലെ നൂതന സാങ്കേതികവിദ്യയായ prefab technology-യും ഹരിത സാങ്കേതികവിദ്യയും പ്രചരിപ്പിക്കുന്നതിനുള്ള പ്രവർത്തനം സംസ്ഥാന നിർമ്മിതികേന്ദ്രംവഴി നടന്നുവരികയാണ്. ഭവന നിർമ്മാണ ബോർഡിന്റെ ആഭിമുഖ്യത്തിൽ പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണം നടക്കുന്ന പശ്ചാത്തലത്തിൽ പുതിയ ഭവന സംസ്കാരം രൂപപ്പെടുത്തിയെടുക്കുന്നതിന്റെ ഭാഗമായി ഭവന നയം പരിഷ്കരിക്കാനുള്ള നടപടികൾ നടന്നുവരുന്നു. ദുരന്ത പ്രതിരോധശേഷിയുള്ള ഭവനങ്ങൾ, ചെലവ് കുറഞ്ഞ ഭവനങ്ങൾ, പ്രകൃതി സൗഹൃദ ഭവനങ്ങൾ, ഊർജ്ജ സംരക്ഷിത ഭവനങ്ങൾ, ഭവന നിർമ്മാണത്തിലെ നൂതന ആശയങ്ങൾ എന്നിവ പൊതുജനങ്ങളിൽ എത്തിക്കുന്നതിനായി നവകേരളത്തിലെ പുതിയ ഭവന സാക്ഷരത എന്ന പരിപാടി കേരളത്തിലെ എല്ലാ ജില്ലകളിലും നടത്തിവരുന്നു. സംസ്ഥാനത്തെ സാമൂഹിക സാമ്പത്തിക ചുറ്റുപാടുകളിലുണ്ടായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് കെട്ടിട ഉടമകളുടെയും വാടകക്കാരന്റെയും അവകാശങ്ങൾ ഒരുപോലെ സംരക്ഷിക്കുന്നതിനായി പുതുക്കിയ കെട്ടിട നിയന്ത്രണ നിയമം കൊണ്ടുവരാനുള്ള നടപടികൾ നടന്നുവരികയാണ്.

പ്രളയവും പ്രളയക്കെടുതികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഇതുസംബന്ധിച്ച് കുറേയധികം കാര്യങ്ങൾ ഇവിടെ പറയുകയുണ്ടായി. ഡിസാസ്റ്റർ ഇൻഷ്വറൻസ് എന്ന ഒരു പദ്ധതി നടപ്പാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. 19-9-2018-ൽ ഹൈക്കോടതി ഡിവിഷൻ ബഞ്ച് പുറപ്പെടുവിച്ച വിധിയിൽ ദുരിതാശ്വാസത്തിനായി സർക്കാർ ആത്മാർത്ഥമായ, ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. സർക്കാർ നൽകുന്ന ദുരിതാശ്വാസ സഹായം പത്രങ്ങളിലും വില്ലേജ് ഓഫീസുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വ്യാപകമായി പ്രചരിപ്പിക്കണമെന്നും കോടതി 30-11-2018-ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. പ്രളയം കഴിഞ്ഞ് പത്തുമാസം പിന്നിട്ടെങ്കിലും എപ്പോഴെല്ലാം നിയമസഭ സമ്മേളിക്കുന്നുവോ അപ്പോഴെല്ലാം ബഹുമാനപ്പെട്ട എം.എൽ.എ.-മാർ വളരെ അതിശയോക്തിപരമായി ആവർത്തിച്ചുകൊണ്ടിരിക്കുന്നൊരു കാര്യം പ്രളയവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ റവന്യൂ വകുപ്പ് ഒരു നടപടിയും സ്വീകരിച്ചിട്ടില്ലായെന്നാണ്. അതുകൊണ്ടാണ് ഞാൻ ഇക്കാര്യങ്ങൾ ചൂണ്ടിക്കാണിച്ചത്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയും ഉപയോഗിച്ച് 19-5-2019-വരെ 692966 കുടുംബങ്ങൾക്ക് പതിനായിരം രൂപയുടെ അടിയന്തര സഹായം ബാങ്ക് മുഖാന്തരം നേരിട്ട് നൽകിയിട്ടുണ്ട്. എസ്.ഡി.ആർ.എഫ്. (സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട്)-ൽ നിന്നും യഥാർത്ഥത്തിൽ കൊടുക്കാൻ കഴിയുന്നത് 3800 രൂപ മാത്രമാണ്. അതുകൊണ്ട് സി.എം.ഡി.ആർ.എഫ്.(ചീഫ് മിനിസ്റ്റേഴ്സ് ഡിസ്ട്രസ് റിലീഫ് ഫണ്ട്)-ൽ നിന്ന് ബാക്കിത്തുകകൂടി ഉൾപ്പെടുത്തിയാണ് പതിനായിരം രൂപ വീതം നൽകാൻ തീരുമാനിച്ചതും ഇത്രയും പേർക്ക് അത് നൽകിയതും. ഇതിനുപുറമെ ക്യാമ്പുകളിൽ വിതരണം ചെയ്ത കിറ്റുകളുടെയും മറ്റും കണക്കുകളൊന്നും ഞാൻ ആവർത്തിക്കുന്നില്ല. അവയൊക്കെ എത്രയോ തവണ ഇവിടെ പറഞ്ഞിട്ടുള്ള കാര്യങ്ങളാണ്.

ദുരന്തത്തിൽ തകർന്നുപോയ വീടുകളുടെ പുനർനിർമ്മാണത്തെക്കുറിച്ച് ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. 28.06.2018-ലെ ഉത്തരവുപ്രകാരം വീടുകളുടെ പുനർനിർമ്മിതിക്കായി മിനിമം റിലീഫ് കോഡ് നിർണ്ണയിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുപ്രകാരം പൂർണ്ണമായി തകർന്നതോ, 75 ശതമാനത്തിലധികം തകർച്ച നേരിടുകയും വാസയോഗ്യമല്ലാതാകുകയും ചെയ്ത വീടുകളുടെ പുനർനിർമ്മാണത്തിന് 4 ലക്ഷം രൂപയെന്ന് നിജപ്പെടുത്തിയിട്ടുണ്ട്. മലയോര മേഖലയിൽ 1,01,900 രൂപയും സമതലത്തിൽ 95,100 രൂപയും മാത്രമാണ് കേന്ദ്രസർക്കാർ ഇതിനായി അനുവദിച്ചത്. എന്നാൽ സംസ്ഥാന സർക്കാർ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 4 ലക്ഷം രൂപയാണ് നൽകുന്നത്.

മിനിമം റിലീഫ് കോഡ് അനുസരിച്ച് സംസ്ഥാനത്ത് ദുരന്തങ്ങളിൽ വീടുകൾക്ക് നേരിട്ടിട്ടുള്ള നാശനഷ്ടത്തിന്റെ തോത് 15 ശതമാനം വരെ, 16 മുതൽ 29 ശതമാനം വരെ, 30 മുതൽ 59 ശതമാനം വരെ, 60 മുതൽ 74 ശതമാനം വരെ എന്നിങ്ങനെ തിരിച്ച് ഓരോ വിഭാഗത്തിനും ധനസഹായ നിരക്കുകൾ നിശ്ചയിക്കുകയും യഥാക്രമം 10,000, 60,000, 1,25,000, 2,50,000, 4,00,000 രൂപ വീതം നൽകിവരികയുമാണ്. പൂർണ്ണമായും തകർന്ന വീടുകൾ 15223 ആണ്. അപ്പീലുകൾ തീർപ്പുകൽപ്പിക്കുമ്പോൾ ഈ എണ്ണത്തിൽ വ്യത്യാസം വരാനിടയുണ്ട്. 11490 കുടുംബങ്ങൾക്ക് ആദ്യ ഗഡുവും 6686 കുടുംബങ്ങൾക്ക് രണ്ടാം ഗഡുവും 4374 കുടുംബങ്ങൾക്ക് മൂന്നാം ഗഡുവും ഉൾപ്പെടെ നൽകി. സ്ഥലം വാങ്ങാനായി തുക നൽകിയത് 416 കുടുംബങ്ങൾക്കാണ്. പൂർണ്ണമായി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി ഭൂമി വാങ്ങാൻ 6 ലക്ഷം രൂപ നൽകാമെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 416 കുടുംബങ്ങൾക്ക് തുക അനുവദിച്ചിട്ടുണ്ട്. വീടുകൾ പുനർനിർമ്മിക്കുന്ന തോതനുസരിച്ച് അടുത്ത ഗഡു നൽകുകയാണ് ചെയ്യുന്നത്. ഭാഗികമായി തകർന്ന വീടുകളുടെ എണ്ണം 253878 ആണ്. 222651 കുടുംബങ്ങൾക്ക് ദുരിതാശ്വാസ സഹായം നൽകിയിരിക്കുകയാണ്. ഏതെങ്കിലും സ്ഥലങ്ങളിൽ ഇപ്പോഴും പണം ലഭിക്കാത്തവരുണ്ടെങ്കിൽ അത് ശ്രദ്ധയിൽപ്പെടുത്തുന്ന മുറയ്ക്ക് തീരുമാനമെടുക്കുന്നതാണ്. യാതൊരുവിധ പ്രവർത്തനങ്ങളും നടക്കുന്നില്ലെന്ന തരത്തിലുള്ള പ്രചരണങ്ങൾ നടത്തുന്നത് നമ്മുടെ നാടിന് ഗുണം ചെയ്യുന്ന കാര്യമല്ലെന്ന് സൂചിപ്പിക്കാൻവേണ്ടി മാത്രമാണ് ഞാൻ ഇക്കാര്യങ്ങൾ ചൂണ്ടിക്കാണിച്ചത്.

ഓരോ ഡിപ്പാർട്ടുമെന്റുകൾക്കും നൽകേണ്ട സഹായത്തെക്കുറിച്ച് ആലോചിക്കുകയും ശുചീകരണം, മരണാനന്തര സഹായം, ജീവനോപാധി നിലനിർത്തൽ, വീടുകളുടെ പുനർനിർമ്മിതി, വൈദ്യുതി, കൃഷി, ക്ഷീരമേഖല, മത്സ്യമേഖല, റോഡ്, മൈക്രോ സ്മാൾ ആൻഡ് മീഡിയം എന്റർപ്രൈസസ്, നവകേരള നിർമ്മിതി തുടങ്ങിയ ഓരോ ഇനത്തിലും അനുവദിക്കേണ്ട പണവും എസ്.ഡി.ആർ.എഫ്.-ൽ നിന്നും സി.എം.ഡി.ആർ.എഫ്.-ൽ നിന്നും അനുവദിക്കുകയും ചെയ്തിരിക്കുന്നു എന്നതാണ് വസ്തുത. ധനകാര്യ വകുപ്പുമന്ത്രി ചൂണ്ടിക്കാണിച്ചതുപോലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സി.എം.ഡി.ആർ.എഫ്.-ൽ അവശേഷിക്കുന്ന തുക ഏത് പദ്ധതികൾക്ക് ചെലവഴിക്കണമെന്ന് തീരുമാനിക്കുകയും അതനുസരിച്ചുള്ള പദ്ധതികൾക്ക് രൂപം നൽകുകയും ചെയ്തിരിക്കുന്നു. ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിന്റെയും ശംഖുംമുഖത്ത് തകർന്ന റോഡിന്റെയും പുനർനിർമ്മാണത്തിന് ഉൾപ്പെടെ തുക നീക്കിവയ്ക്കാൻ തീരുമാനിക്കുകയും ഇടുക്കിയിലെയും

വയനാട്ടിലെയും ഗതാഗതസൗകര്യം പുനഃസ്ഥാപിക്കുന്നതും തുരങ്കപാത നിർമ്മിക്കുന്നതും സംബന്ധിച്ച് ആലോചിക്കുകയും ചെയ്യുന്നുണ്ട്. അതുപോലുള്ള പദ്ധതികളെല്ലാം സർക്കാരിന്റെ പരിഗണനയിലാണ്. പ്രളയവുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങൾ വിവിധ സന്ദർഭങ്ങളിൽ ഇവിടെ ഉന്നയിക്കുകയും മറുപടി നൽകുകയും ചെയ്തിട്ടുള്ളതുകൊണ്ട് അതൊന്നും ആവർത്തിക്കുന്നില്ല. അതിനുപുറമെ കുടുംബശ്രീ മുഖേന നൽകിയിട്ടുള്ള വായ്പകളും അതിനുവേണ്ടി ബാങ്കുകൾ വഴി നൽകിയ സഹായവും ഉൾപ്പെടെയുള്ള കാര്യങ്ങളും ഇക്കൂട്ടത്തിലുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പ്രളയംമൂലം നശിച്ച വീടുകളെല്ലാം താഴ്ന്നപ്രദേശങ്ങളിലുള്ളവയാണ്. ആ വീടുകൾക്കുണ്ടായ തകർച്ചയുടെ ശതമാനമിടുമ്പോൾ 24 ശതമാനം, 49 ശതമാനം എന്നിങ്ങനെയാണ്. ബേസ്മെന്റുതന്നെ തകർന്നുപോയ ഒരു വീടിന് ഇപ്രകാരമുള്ള ചെറിയ ശതമാനം വച്ചാൽ കിട്ടുന്ന തുകകൊണ്ട് അവർക്കൊന്നും ചെയ്യാൻ കഴിയില്ല. അതുകൊണ്ട് ഇതുസംബന്ധിച്ച് ഒരു പുനഃപരിശോധനയുണ്ടാകണം, അവർക്കുണ്ടായ നഷ്ടത്തിന്റെ അടിസ്ഥാനത്തിലുള്ളൊരു തീരുമാനം വരണം. ഇപ്പോൾ നൽകുന്ന ചെറിയ തുക അപര്യാപ്തമാണ് അത് അവർക്ക് പ്രയോജനപ്പെടുത്താൻ കഴിയില്ല. നാശനഷ്ടമുണ്ടായ താഴ്ന്നപ്രദേശത്തെ വീടുകൾക്ക് മെറിറ്റിന്റെ അടിസ്ഥാനത്തിൽ മുഴുവൻ തുകയും നൽകുന്നതിനുള്ള നിർദ്ദേശം ഗവൺമെന്റ് നൽകണം.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, പ്രളയാനന്തരം തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഉൾപ്പെടെയുള്ള സാങ്കേതിക വിദഗ്ദ്ധർ നേരിട്ട് പരിശോധിച്ച് നാശനഷ്ടങ്ങൾ കണക്കാക്കിയതിന്റെ അടിസ്ഥാനത്തിലാണ് വിവിധ സ്ലാബുകൾ തീരുമാനിച്ചിട്ടുള്ളത്. അത് സാങ്കേതിക വിദഗ്ദ്ധർ പരിശോധിച്ചതാണ് അല്ലാതെ ഏതെങ്കിലും റവന്യൂ ഉദ്യോഗസ്ഥരോ മറ്റാരെങ്കിലുമോ അല്ല, അതിനെക്കുറിച്ച് ആധികാരികമായി പറയാൻ കഴിയുന്നവർ തന്നെയാണ് ഇത് ചൂണ്ടിക്കാണിച്ചത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അതിൽ എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥികളും ഓവർസിയർമാരുമുണ്ട്. സാങ്കേതിക വിദഗ്ദ്ധരെന്ന് വേണമെങ്കിൽ തർക്കിച്ച് നമുക്ക് സ്ഥാപിക്കാം. പക്ഷേ കാര്യമായ ഒരു സാങ്കേതിക വൈദഗ്ദ്ധ്യവുമില്ലാത്ത ആളുകളാണ് ഇത് ചെയ്യുന്നത്. അങ്ങ് അതിന്റെ യഥാർത്ഥ പൊസിഷൻ നോക്കിയാൽ മതി. ഞങ്ങൾക്ക് മാത്രമല്ല, ഈ സഭയിലിരിക്കുന്ന മുഴുവൻ ആളുകൾക്കും ഇതേ അനുഭവമുണ്ട്. അതുകൊണ്ട് ദയവായി ഇക്കാര്യം പുനഃപരിശോധിച്ച് മെറിറ്റിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കണം.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, പ്രളയത്തിൽ തകർന്ന വീടുകൾക്ക് നഷ്ടപരിഹാരം നൽകുന്നതുസംബന്ധിച്ച കാര്യങ്ങൾ ഇവിടെ പറഞ്ഞു. അക്കൂട്ടത്തിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കെ കുറച്ച് വർക്കുകൾ മാത്രം ബാക്കിനിൽക്കുമ്പോൾ തകർന്നുപോയ വീടുകളുമുണ്ട്. വീട്ടുനമ്പറില്ലെന്ന ഒറ്റ കാരണംകൊണ്ട് തകർന്ന വീടുകളുടെ കൂട്ടത്തിൽ അവ എണ്ണപ്പെടാതിരിക്കുന്ന സംഭവം ബഹു. മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വീട് നഷ്ടപ്പെട്ടവർക്ക് കൊടുക്കുന്ന അതേ നഷ്ടപരിഹാരം അങ്ങനെയുള്ളവർക്കുകൂടി കൊടുക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, പ്രത്യേകമായി അപേക്ഷ നൽകിയാൽ അക്കാര്യം പരിശോധിക്കാവുന്നതാണ്. ഇങ്ങനെയുള്ള പരാതി സർക്കാരിന്റെ മുന്നിലെത്തിയിട്ടില്ല. പരാതി വരുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, പ്രത്യേകമായി ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കേണ്ട ഒരു വിഷയമാണ് ചൂണ്ടിക്കാണിക്കാനുള്ളത്. ഇടുക്കിപോലുള്ള പ്രദേശങ്ങളിൽ ഉരുൾപൊട്ടലും മണ്ണിടിച്ചിലും മുഖാന്തരമാണ് പല വീടുകളും തകർന്നുപോയിട്ടുള്ളത്. വെള്ളം കയറിയ പ്രദേശങ്ങളിൽ വീടുപണിയാൻ സാധിക്കാതെ വന്നിട്ടുണ്ട്. അന്ന് തയ്യാറാക്കിയ ലിസ്റ്റിൽ ഉൾപ്പെടുകയും ഇപ്പോൾ അന്തിമമായി തയ്യാറാക്കിയ അർഹതാ ലിസ്റ്റിൽപ്പെടാത്തതുമായ ആളുകളുണ്ട്. അവർ വീണ്ടും കളക്ടർക്ക് അപ്പീൽ കൊടുക്കുകയും പരിശോധന നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ താമസയോഗ്യമല്ലാത്ത വീടുകളെ സ്ലാബ് അനുസരിച്ച് തരംതിരിക്കുമ്പോൾ പല വീടുകളും അതിൽ ഉൾപ്പെടുന്നില്ല. ചുരുക്കിപ്പറഞ്ഞാൽ, ഒരുപക്ഷേ ഭിത്തിയുണ്ടാകും അടിത്തറ ബലമുള്ളതായിരിക്കില്ല; അടിത്തറയുണ്ടാകും മേൽക്കൂരയുണ്ടായിരിക്കില്ല. അതെല്ലാം 20 ശതമാനം, 40 ശതമാനം, 50 ശതമാനം എന്ന സ്ലാബ് അടിസ്ഥാനത്തിൽ തരംതിരിക്കുമ്പോൾ അവിടെ വീടുകൾ നിർമ്മിക്കാൻ സാദ്ധ്യമല്ലാത്ത സ്ഥിതിയുണ്ട്. പട്ടയത്തിന്റെ പ്രശ്നം ചോദിക്കുന്ന ചുരുക്കം ചില കേസുകളുമുണ്ട്. ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി അതിന് മറുപടി പറഞ്ഞിരുന്നു. പക്ഷേ, അതൊക്കെ നടപ്പിലാക്കാൻ തടസ്സങ്ങൾ നേരിടുന്നുണ്ട്. അതുകൊണ്ട് സാധിക്കുമെങ്കിൽ ഗവൺമെന്റ് സെക്രട്ടറിയെയോ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയോ ജില്ലകൾതോറും നിയോഗിച്ച് ഈ പ്രശ്നം പുനഃപരിശോധിക്കണം. വീണ്ടും കാലാവസ്ഥ മാറുകയാണ്, മഴയും വെള്ളവും ഉണ്ടാകാൻ പോകുകയാണ്, ജനങ്ങൾ ആശങ്കയിലാണ്. അതുകൊണ്ട് അവരെ അതിൽ നിന്ന് മോചിതരാക്കുന്നതിനുവേണ്ട എക്സർസൈസ് ഗവൺമെന്റിന്റെ ഭാഗത്തു നിന്നുമുണ്ടാകണം. വളരെ ഗുരുതരമായൊരു വിഷയമാണ്. അവർക്ക് പണം ലഭിക്കുന്നില്ല, ആശങ്കകൾ നിലനിൽക്കുന്നു. ആവശ്യമില്ലാത്ത ചില മാനദണ്ഡങ്ങൾ സൃഷ്ടിക്കപ്പെടുന്നുവെന്നാണ് ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞതിൽ നിന്ന് ഞങ്ങൾക്ക് മനസ്സിലാക്കാൻ സാധിച്ചത്. ഗവൺമെന്റ് നൽകുന്ന നിർദ്ദേശം

പാലിക്കപ്പെടുന്നുണ്ടെങ്കിൽ അർഹരായവർക്ക് നഷ്ടപരിഹാരം ലഭിക്കേണ്ടതാണ്. പക്ഷേ, ആ നിർദ്ദേശം പാലിക്കപ്പെടുന്നില്ലെന്ന് വസ്തുതാപരമായി അറിയാവുന്നതു കൊണ്ടാണ് പറയുന്നത്. ഈ വിഷയം ഗവൺമെന്റ് പരിശോധിക്കാൻ തയ്യാറാകണം.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട റോഷി അഗസ്റ്റിൻ, എം.എൽ.എ. ഇവിടെ ഉന്നയിച്ചിട്ടുള്ള കാര്യം മനസ്സിലായി. ഇന്നലെ ഞാൻ വ്യക്തമായി പറഞ്ഞതാണ്. പ്രളയാനന്തരം അതുമായി ബന്ധപ്പെട്ട ചർച്ച നടത്തിയപ്പോൾ തീരുമാനിച്ചത് പുറമ്പോക്കിൽ താമസിക്കുന്നവരാണെങ്കിലും അവർക്ക് വീടുകൾ നഷ്ടപ്പെട്ടുപോയിട്ടുണ്ടെങ്കിൽ രേഖയില്ലെന്ന കാരണത്താൽ അവരെ ഒഴിവാക്കാൻ പറ്റില്ല അവർക്കുകൂടി സഹായം നൽകണമെന്ന് തീരുമാനിച്ചിട്ടുള്ളതാണ്. അതുകൊണ്ട് അവർ താമസിച്ചിരുന്ന ഭൂമിയുടെ ഉടമസ്ഥാവകാശമല്ല അവിടെ വീട് നിലനിന്നിരുന്നോ, വീടിന്റെ സ്ഥിതി എന്തായിരുന്നു എന്നത് പരിഗണിച്ചുകൊണ്ടാണ് തീരുമാനമെടുക്കുന്നത്. മറ്റൊരു പ്രധാനപ്പെട്ട വിഷയം ചൂണ്ടിക്കാണിച്ചത് ഇത്തരം സ്ഥലങ്ങളിൽ നിശ്ചയിക്കപ്പെട്ട മാനദണ്ഡം സംബന്ധിച്ച തർക്കമാണ്. അത്തരം വിഷയങ്ങൾക്കാണ് അപ്പീൽ നൽകുന്നതിനുവേണ്ടി സംവിധാനമുണ്ടാക്കിയിരിക്കുന്നത്. അപ്പീൽ പരിശോധിക്കുന്നത് കളക്ടറാണെന്നുള്ളതുകൊണ്ട് വീണ്ടുംവീണ്ടും ഉന്നതതല പരിശോധനയ്ക്ക് അയയ്ക്കാതെ പ്രായോഗികമായി നേരിട്ട് അനുഭവമുള്ളവർ അവിടെത്തന്നെ പരിശോധിച്ച് തീരുമാനമെടുക്കുന്നതായിരിക്കും ഉചിതം. അപ്പീൽ പരിഗണിച്ച് തീരുമാനമെടുക്കുന്ന മുറയ്ക്ക് ആവശ്യമായ സാമ്പത്തികസഹായം നൽകുന്നതാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: സർവ്വശ്രീ റോജി എം. ജോൺ, കെ. സി. ജോസഫ്, എൽദോസ് പി. കുന്നപ്പിള്ളിൽ, വി. ടി. ബൽറാം, ഷാഫി പറമ്പിൽ, വി. കെ. ഇബ്രാഹിം കുഞ്ഞ്, ടി. എ. അഹമ്മദ് കബീർ, കെ. എം. ഷാജി, പി. കെ. അബ്ദു റബ്ബ്, കെ. എൻ. എ. ഖാദർ, എൻ. ഷംസുദ്ദീൻ, പാറക്കൽ അബ്ദുല്ല, അബ്ദുൽ ഹമീദ് പി., പി. ഉബൈദുള്ള, തിരുവഞ്ചൂർ രാധാകൃഷ്ണൻ, സണ്ണി ജോസഫ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ V-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..................

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2019-20 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...................

പ്രതികൂലിക്കുന്നവർ....................

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. ആന്റണി ജോൺ
4. പ്രൊഫ. കെ. യു. അരുണൻ
5. ശ്രീമതി സി. കെ. ആശ
6. ശ്രീ. കെ. ബാബു
7. ശ്രീമതി ഇ. എസ്. ബിജിമോൾ
8. ശ്രീ. ഇ. ചന്ദ്രശേഖരൻ
9. ശ്രീ. കെ. ദാസൻ
10. ശ്രീ. ബി. ഡി. ദേവസ്സി
11. ശ്രീ. സി. ദിവാകരൻ
12. ശ്രീ. എൽദോ എബ്രഹാം
13. ശ്രീമതി ഗീതാ ഗോപി
14. ശ്രീ. ജോർജ് എം. തോമസ്
15. ശ്രീ. ചിറ്റയം ഗോപകുമാർ

16. ശ്രീ. സി. കെ. ഹരീന്ദ്രൻ
17. ഡോ. കെ. ടി. ജലീൽ
18. ശ്രീ. ജെയിംസ് മാത്യു
19. ശ്രീ. ജി. എസ്. ജയലാൽ
20. ശ്രീ. ഇ. പി. ജയരാജൻ
21. ശ്രീ. ജോൺ ഫെർണാണ്ടസ്
22. ശ്രീ. വി. ജോയി
23. ശ്രീ. ഒ. ആർ. കേളു
24. ശ്രീ. സി. കൃഷ്ണൻ
25. ശ്രീ. കെ. കൃഷ്ണൻകുട്ടി
26. ശ്രീ. കോവൂർ കുഞ്ഞുമോൻ
27. ശ്രീ. വി. കെ. സി. മമ്മത് കോയ
28. ശ്രീ. എം. എം. മണി
29. ശ്രീ. മാത്യു ടി. തോമസ്
30. ശ്രീ. കെ. ജെ. മാക്സി
31. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
32. ശ്രീ. എ. സി. മൊയ്തീൻ
33. ശ്രീ. മുഹമ്മദ് മുഹസിൻ പി.
34. ശ്രീ. എം. മുകേഷ്
35. ശ്രീ. ഡി. കെ. മുരളി
36. ശ്രീ. മുരളി പെരുനെല്ലി
37. ശ്രീ. സി. കെ. നാണു
38. ശ്രീ. എം. നൗഷാദ്
39. ശ്രീ. യു. ആർ. പ്രദീപ്

40. ശ്രീ. എ. പ്രദീപ്കുമാർ
41. ശ്രീ. കെ. ഡി. പ്രസേനൻ
42. ശ്രീ. പുരുഷൻ കടലുണ്ടി
43. ശ്രീ. പി. ടി. എ. റഹീം
44. ശ്രീ. എം. രാജഗോപാലൻ
45. ശ്രീ. കെ. രാജൻ
46. ശ്രീ. എസ്. രാജേന്ദ്രൻ
47. ശ്രീ. ആർ. രാജേഷ്
48. ശ്രീ. റ്റി. വി. രാജേഷ്
49. ശ്രീ. കെ. രാജു
50. ശ്രീ. രാജു എബ്രഹാം
51. ശ്രീ. ആർ. രാമചന്ദ്രൻ
52. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
53. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
54. ശ്രീ. മുല്ലക്കര രത്നാകരൻ
55. പ്രൊഫ. സി. രവീന്ദ്രനാഥ്
56. ശ്രീ. സജി ചെറിയാൻ
57. ശ്രീ. എസ്. ശർമ്മ
58. ശ്രീ. എ. കെ. ശശീന്ദ്രൻ
59. ശ്രീ. സി. കെ. ശശീന്ദ്രൻ
60. ശ്രീ. പി. കെ. ശശി
61. ശ്രീ. ഐ. ബി. സതീഷ്
62. ശ്രീ. എ. എൻ. ഷംസീർ
63. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

64. ശ്രീ. ജി. സുധാകരൻ
65. ശ്രീ. വി. എസ്. സുനിൽ കുമാർ
66. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
67. ശ്രീ. കെ. സുരേഷ് കുറുപ്പ്
68. ശ്രീ. എം. സ്വരാജ്
69. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
70. ശ്രീ. പി. തിലോത്തമൻ
71. ശ്രീ. തോമസ് ചാണ്ടി
72. ഡോ. ടി. എം. തോമസ് ഐസക്
73. ശ്രീ. പി. ഉണ്ണി
74. ശ്രീമതി വീണാ ജോർജ്ജ്
75. ശ്രീ. കെ. വി. വിജയദാസ്
76. ശ്രീ. ഇ. കെ. വിജയൻ
77. ശ്രീ. പിണറായി വിജയൻ
78. ശ്രീ. എൻ. വിജയൻ പിള്ള

പ്രതികൂലിക്കുന്നവർ:

1. ശ്രീ. അബ്ദുൽ ഹമീദ് പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. മഞ്ഞളാംകുഴി അലി
5. ശ്രീ. അനിൽ അക്കര
6. ശ്രീ. എ. പി. അനിൽ കുമാർ
7. ശ്രീ. അനൂപ് ജേക്കബ്
8. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

9. ശ്രീ. വി. ടി. ബൽറാം
10. ശ്രീ. പി. കെ. ബഷീർ
11. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
12. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
13. ശ്രീ. ടി. വി. ഇബ്രാഹിം
14. ശ്രീ. കെ. സി. ജോസഫ്
15. ശ്രീ. സി. മമ്മൂട്ടി
16. ഡോ. എം. കെ. മുനീർ
17. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
18. ശ്രീ. ഉമ്മൻ ചാണ്ടി
19. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
20. ശ്രീ. രമേശ് ചെന്നിത്തല
21. ശ്രീ. റോജി എം. ജോൺ
22. ശ്രീ. റോഷി അഗസ്റ്റിൻ
23. ശ്രീ. കെ. എസ്. ശബരീനാഥൻ
24. ശ്രീ. വി. പി. സജീന്ദ്രൻ
25. ശ്രീ. എൻ. ഷംസുദ്ദീൻ
26. ശ്രീ. ഷാഫി പറമ്പിൽ
27. ശ്രീ. വി. എസ്. ശിവകുമാർ
28. ശ്രീ. സണ്ണി ജോസഫ്
29. ശ്രീ. സി. എഫ്. തോമസ്
30. ശ്രീ. പി. ഉബൈദുള്ള
31. ശ്രീ. എം. ഉമ്മർ
32. ശ്രീ. എം. വിൻസെന്റ്

മി. ഡെപ്യൂട്ടി സ്പീക്കർ: അനുകൂലിക്കുന്നവർ - 78

പ്രതികൂലിക്കുന്നവർ - 32

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സർവ്വശ്രീ കെ. എം. ഷാജി, സണ്ണി ജോസഫ്, പി. ഉബൈദുള്ള, വി. കെ. ഇബ്രാഹിം കുഞ്ഞ്, പി. കെ. അബ്ദു റബ്ബ്, മഞ്ഞളാംകുഴി അലി, സി. മമ്മൂട്ടി, കെ. എൻ. എ. ഖാദർ, എൻ. ഷംസുദ്ദീൻ, പാറക്കൽ അബ്ദുള്ള, അബ്ദുൽ ഹമീദ് പി., റോജി എം. ജോൺ, എൽദോസ് പി. കുന്നപ്പിള്ളിൽ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, ഷാഫി പറമ്പിൽ, കെ. സി. ജോസഫ്, വി. ടി. ബൽറാം, ഡോ. എം. കെ. മുനീർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ VI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...................

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2019-2020 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ...................

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. ആന്റണി ജോൺ
4. പ്രൊഫ. കെ. യു. അരുണൻ
5. ശ്രീമതി സി. കെ. ആശ
6. ശ്രീ. കെ. ബാബു
7. ശ്രീമതി ഇ. എസ്. ബിജിമോൾ
8. ശ്രീ. ഇ. ചന്ദ്രശേഖരൻ
9. ശ്രീ. കെ. ദാസൻ
10. ശ്രീ. ബി. ഡി. ദേവസ്സി
11. ശ്രീ. സി. ദിവാകരൻ
12. ശ്രീ. എൽദോ എബ്രഹാം
13. ശ്രീമതി ഗീതാ ഗോപി
14. ശ്രീ. ജോർജ് എം. തോമസ്
15. ശ്രീ. ചിറ്റയം ഗോപകുമാർ
16. ശ്രീ. സി. കെ. ഹരീന്ദ്രൻ
17. ഡോ. കെ. ടി. ജലീൽ
18. ശ്രീ. ജെയിംസ് മാത്യു
19. ശ്രീ. ജി. എസ്. ജയലാൽ
20. ശ്രീ. ഇ. പി. ജയരാജൻ
21. ശ്രീ. ജോൺ ഫെർണാണ്ടസ്
22. ശ്രീ. വി. ജോയി

23. ശ്രീ. ഒ. ആർ. കേളു
24. ശ്രീ. സി. കൃഷ്ണൻ
25. ശ്രീ. കെ. കൃഷ്ണൻകുട്ടി
26. ശ്രീ. കോവൂർ കുഞ്ഞുമോൻ
27. ശ്രീ. വി. കെ. സി. മമ്മത് കോയ
28. ശ്രീ. എം. എം. മണി
29. ശ്രീ. മാത്യു ടി. തോമസ്
30. ശ്രീ. കെ. ജെ. മാക്സി
31. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
32. ശ്രീ. എ. സി. മൊയ്തീൻ
33. ശ്രീ. മുഹമ്മദ് മുഹസിൻ പി.
34. ശ്രീ. എം. മുകേഷ്
35. ശ്രീ. ഡി. കെ. മുരളി
36. ശ്രീ. മുരളി പെരുനെല്ലി
37. ശ്രീ. സി. കെ. നാണു
38. ശ്രീ. എം. നൗഷാദ്
39. ശ്രീ. യു. ആർ. പ്രദീപ്
40. ശ്രീ. എ. പ്രദീപ്കുമാർ
41. ശ്രീ. കെ. ഡി. പ്രസേനൻ
42. ശ്രീ. പുരുഷൻ കടലുണ്ടി
43. ശ്രീ. പി. ടി. എ. റഹീം
44. ശ്രീ. എം. രാജഗോപാലൻ
45. ശ്രീ. കെ. രാജൻ
46. ശ്രീ. എസ്. രാജേന്ദ്രൻ

47. ശ്രീ. ആർ. രാജേഷ്
48. ശ്രീ. റ്റി. വി. രാജേഷ്
49. ശ്രീ. കെ. രാജു
50. ശ്രീ. രാജു എബ്രഹാം
51. ശ്രീ. ആർ. രാമചന്ദ്രൻ
52. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
53. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
54. ശ്രീ. മുല്ലക്കര രത്നാകരൻ
55. പ്രൊഫ. സി. രവീന്ദ്രനാഥ്
56. ശ്രീ. സജി ചെറിയാൻ
57. ശ്രീ. എസ്. ശർമ്മ
58. ശ്രീ. എ. കെ. ശശീന്ദ്രൻ
59. ശ്രീ. സി. കെ. ശശീന്ദ്രൻ
60. ശ്രീ. പി. കെ. ശശി
61. ശ്രീ. ഐ. ബി. സതീഷ്
62. ശ്രീ. എ. എൻ. ഷംസീർ
63. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
64. ശ്രീ. ജി. സുധാകരൻ
65. ശ്രീ. വി. എസ്. സുനിൽ കുമാർ
66. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
67. ശ്രീ. കെ. സുരേഷ് കുറുപ്പ്
68. ശ്രീ. എം. സ്വരാജ്
69. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
70. ശ്രീ. പി. തിലോത്തമൻ

71. ശ്രീ. തോമസ് ചാണ്ടി
72. ഡോ. ടി. എം. തോമസ് ഐസക്
73. ശ്രീ. പി. ഉണ്ണി
74. ശ്രീമതി വീണാ ജോർജ്ജ്
75. ശ്രീ. കെ. വി. വിജയദാസ്
76. ശ്രീ. ഇ. കെ. വിജയൻ
77. ശ്രീ. പിണറായി വിജയൻ
78. ശ്രീ. എൻ. വിജയൻ പിള്ള

പ്രതികൂലിക്കുന്നവർ:

1. ശ്രീ. അബ്ദുൽ ഹമീദ് പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. മഞ്ഞളാംകുഴി അലി
5. ശ്രീ. അനിൽ അക്കര
6. ശ്രീ. എ. പി. അനിൽ കുമാർ
7. ശ്രീ. അനൂപ് ജേക്കബ്
8. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
9. ശ്രീ. വി. ടി. ബൽറാം
10. ശ്രീ. പി. കെ. ബഷീർ
11. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
12. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
13. ശ്രീ. ടി. വി. ഇബ്രാഹിം
14. ശ്രീ. കെ. സി. ജോസഫ്
15. ശ്രീ. സി. മമ്മൂട്ടി

16. ഡോ. എം. കെ. മുനീർ
17. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
18. ശ്രീ. ഉമ്മൻ ചാണ്ടി
19. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
20. ശ്രീ. രമേശ് ചെന്നിത്തല
21. ശ്രീ. റോജി എം. ജോൺ
22. ശ്രീ. റോഷി അഗസ്റ്റിൻ
23. ശ്രീ. കെ. എസ്. ശബരീനാഥൻ
24. ശ്രീ. വി. പി. സജീന്ദ്രൻ
25. ശ്രീ. എൻ. ഷംസുദ്ദീൻ
26. ശ്രീ. ഷാഫി പറമ്പിൽ
27. ശ്രീ. വി. എസ്. ശിവകുമാർ
28. ശ്രീ. സണ്ണി ജോസഫ്
29. ശ്രീ. സി. എഫ്. തോമസ്
30. ശ്രീ. പി. ഉബൈദുള്ള
31. ശ്രീ. എം. ഉമ്മർ
32. ശ്രീ. എം. വിൻസെന്റ്

മി. ഡെപ്യൂട്ടി സ്പീക്കർ: അനുകൂലിക്കുന്നവർ - 78

പ്രതികൂലിക്കുന്നവർ - 32

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സർവ്വശ്രീ പി. കെ. അബ്ദു റബ്ബ്, കെ. എം. ഷാജി, വി. കെ. ഇബ്രാഹിം കുഞ്ഞ്, കെ. എൻ. എ. ഖാദർ, പി. കെ. ബഷീർ, എം. ഉമ്മർ, സി. മമ്മൂട്ടി, മഞ്ഞളാംകുഴി അലി, പി. ഉബൈദുള്ള, അബ്ദുൽ ഹമീദ് പി., എൻ. ഷംസുദ്ദീൻ, പാറക്കൽ അബ്ദുല്ല, ഡോ. എം. കെ. മുനീർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...................

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2019-20 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ...................

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. ആന്റണി ജോൺ
4. പ്രൊഫ. കെ. യു. അരുണൻ
5. ശ്രീമതി സി. കെ. ആശ
6. ശ്രീ. കെ. ബാബു
7. ശ്രീമതി ഇ. എസ്. ബിജിമോൾ
8. ശ്രീ. ഇ. ചന്ദ്രശേഖരൻ
9. ശ്രീ. കെ. ദാസൻ
10. ശ്രീ. ബി. ഡി. ദേവസ്സി
11. ശ്രീ. സി. ദിവാകരൻ
12. ശ്രീ. എൽദോ എബ്രഹാം
13. ശ്രീമതി ഗീതാ ഗോപി
14. ശ്രീ. ജോർജ് എം. തോമസ്

15. ശ്രീ. ചിറ്റയം ഗോപകുമാർ
16. ശ്രീ. സി. കെ. ഹരീന്ദ്രൻ
17. ഡോ. കെ. ടി. ജലീൽ
18. ശ്രീ. ജെയിംസ് മാത്യു
19. ശ്രീ. ജി. എസ്. ജയലാൽ
20. ശ്രീ. ഇ. പി. ജയരാജൻ
21. ശ്രീ. ജോൺ ഫെർണാണ്ടസ്
22. ശ്രീ. വി. ജോയി
23. ശ്രീ. ഒ. ആർ. കേളു
24. ശ്രീ. സി. കൃഷ്ണൻ
25. ശ്രീ. കെ. കൃഷ്ണൻകുട്ടി
26. ശ്രീ. കോവൂർ കുഞ്ഞുമോൻ
27. ശ്രീ. വി. കെ. സി. മമ്മത് കോയ
28. ശ്രീ. എം. എം. മണി
29. ശ്രീ. മാത്യു ടി. തോമസ്
30. ശ്രീ. കെ. ജെ. മാക്സി
31. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
32. ശ്രീ. എ. സി. മൊയ്തീൻ
33. ശ്രീ. മുഹമ്മദ് മുഹസിൻ പി.
34. ശ്രീ. എം. മുകേഷ്
35. ശ്രീ. ഡി. കെ. മുരളി
36. ശ്രീ. മുരളി പെരുനെല്ലി
37. ശ്രീ. സി. കെ. നാണു
38. ശ്രീ. എം. നൗഷാദ്
39. ശ്രീ. യു. ആർ. പ്രദീപ്
40. ശ്രീ. എ. പ്രദീപ്കുമാർ

41. ശ്രീ. കെ. ഡി. പ്രസേനൻ
42. ശ്രീ. പുരുഷൻ കടലുണ്ടി
43. ശ്രീ. പി. ടി. എ. റഹീം
44. ശ്രീ. എം. രാജഗോപാലൻ
45. ശ്രീ. കെ. രാജൻ
46. ശ്രീ. എസ്. രാജേന്ദ്രൻ
47. ശ്രീ. ആർ. രാജേഷ്
48. ശ്രീ. റ്റി. വി. രാജേഷ്
49. ശ്രീ. കെ. രാജു
50. ശ്രീ. രാജു എബ്രഹാം
51. ശ്രീ. ആർ. രാമചന്ദ്രൻ
52. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
53. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
54. ശ്രീ. മുല്ലക്കര രത്നാകരൻ
55. പ്രൊഫ. സി. രവീന്ദ്രനാഥ്
56. ശ്രീ. സജി ചെറിയാൻ
57. ശ്രീ. എസ്. ശർമ്മ
58. ശ്രീ. എ. കെ. ശശീന്ദ്രൻ
59. ശ്രീ. സി. കെ. ശശീന്ദ്രൻ
60. ശ്രീ. പി. കെ. ശശി
61. ശ്രീ. ഐ. ബി. സതീഷ്
62. ശ്രീ. എ. എൻ. ഷംസീർ
63. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
64. ശ്രീ. ജി. സുധാകരൻ
65. ശ്രീ. വി. എസ്. സുനിൽ കുമാർ
66. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

67. ശ്രീ. കെ. സുരേഷ് കുറുപ്പ്
68. ശ്രീ. എം. സ്വരാജ്
69. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
70. ശ്രീ. പി. തിലോത്തമൻ
71. ശ്രീ. തോമസ് ചാണ്ടി
72. ഡോ. ടി. എം. തോമസ് ഐസക്
73. ശ്രീ. പി. ഉണ്ണി
74. ശ്രീമതി വീണാ ജോർജ്ജ്
75. ശ്രീ. കെ. വി. വിജയദാസ്
76. ശ്രീ. ഇ. കെ. വിജയൻ
77. ശ്രീ. പിണറായി വിജയൻ
78. ശ്രീ. എൻ. വിജയൻ പിള്ള

പ്രതികൂലിക്കുന്നവർ:

1. ശ്രീ. അബ്ദുൽ ഹമീദ് പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. മഞ്ഞളാംകുഴി അലി
5. ശ്രീ. അനിൽ അക്കര
6. ശ്രീ. എ. പി. അനിൽ കുമാർ
7. ശ്രീ. അനൂപ് ജേക്കബ്
8. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
9. ശ്രീ. വി. ടി. ബൽറാം
10. ശ്രീ. പി. കെ. ബഷീർ
11. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
12. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
13. ശ്രീ. ടി. വി. ഇബ്രാഹിം

14. ശ്രീ. കെ. സി. ജോസഫ്
15. ശ്രീ. സി. മമ്മൂട്ടി
16. ഡോ. എം. കെ. മുനീർ
17. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
18. ശ്രീ. ഉമ്മൻ ചാണ്ടി
19. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
20. ശ്രീ. രമേശ് ചെന്നിത്തല
21. ശ്രീ. റോജി എം. ജോൺ
22. ശ്രീ. റോഷി അഗസ്റ്റിൻ
23. ശ്രീ. കെ. എസ്. ശബരീനാഥൻ
24. ശ്രീ. വി. പി. സജീന്ദ്രൻ
25. ശ്രീ. എൻ. ഷംസുദ്ദീൻ
26. ശ്രീ. ഷാഫി പറമ്പിൽ
27. ശ്രീ. വി. എസ്. ശിവകുമാർ
28. ശ്രീ. സണ്ണി ജോസഫ്
29. ശ്രീ. സി. എഫ്. തോമസ്
30. ശ്രീ. പി. ഉബൈദുള്ള
31. ശ്രീ. എം. ഉമ്മർ
32. ശ്രീ. എം. വിൻസെന്റ്

മി. ഡെപ്യൂട്ടി സ്പീക്കർ: അനുകൂലിക്കുന്നവർ - 78

പ്രതികൂലിക്കുന്നവർ - 32

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സർവ്വശ്രീ പി. കെ. അബ്ദു റബ്ബ്, എൻ. എ. നെല്ലിക്കുന്ന്, പി. ഉബൈദുള്ള, എം. ഉമ്മർ, മഞ്ഞളാംകുഴി അലി, കെ. എം. ഷാജി, പി. കെ. ബഷീർ, പാറക്കൽ അബ്ദുല്ല, വി. കെ. ഇബ്രാഹിം കുഞ്ഞ്, എൻ. ഷംസുദ്ദീൻ, അബ്ദുൽ ഹമീദ് പി., സി. മമ്മൂട്ടി, കെ. എൻ. എ ഖാദർ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, ഡോ. എം. കെ. മുനീർ,

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XXI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...................

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2019-20 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ...................

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. ആന്റണി ജോൺ
4. പ്രൊഫ. കെ. യു. അരുണൻ
5. ശ്രീമതി സി. കെ. ആശ
6. ശ്രീ. കെ. ബാബു
7. ശ്രീമതി ഇ. എസ്. ബിജിമോൾ
8. ശ്രീ. ഇ. ചന്ദ്രശേഖരൻ
9. ശ്രീ. കെ. ദാസൻ
10. ശ്രീ. ബി. ഡി. ദേവസ്സി
11. ശ്രീ. സി. ദിവാകരൻ

12. ശ്രീ. എൽദോ എബ്രഹാം
13. ശ്രീമതി ഗീതാ ഗോപി
14. ശ്രീ. ജോർജ് എം. തോമസ്
15. ശ്രീ. ചിറ്റയം ഗോപകുമാർ
16. ശ്രീ. സി. കെ. ഹരീന്ദ്രൻ
17. ഡോ. കെ. ടി. ജലീൽ
18. ശ്രീ. ജെയിംസ് മാത്യു
19. ശ്രീ. ജി. എസ്. ജയലാൽ
20. ശ്രീ. ഇ. പി. ജയരാജൻ
21. ശ്രീ. ജോൺ ഫെർണാണ്ടസ്
22. ശ്രീ. വി. ജോയി
23. ശ്രീ. ഒ. ആർ. കേളു
24. ശ്രീ. സി. കൃഷ്ണൻ
25. ശ്രീ. കെ. കൃഷ്ണൻകുട്ടി
26. ശ്രീ. കോവൂർ കുഞ്ഞുമോൻ
27. ശ്രീ. വി. കെ. സി. മമ്മത് കോയ
28. ശ്രീ. എം. എം. മണി
29. ശ്രീ. മാത്യു ടി. തോമസ്
30. ശ്രീ. കെ. ജെ. മാക്സി
31. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
32. ശ്രീ. എ. സി. മൊയ്തീൻ
33. ശ്രീ. മുഹമ്മദ് മുഹസിൻ പി.
34. ശ്രീ. എം. മുകേഷ്
35. ശ്രീ. ഡി. കെ. മുരളി

36. ശ്രീ. മുരളി പെരുനെല്ലി
37. ശ്രീ. സി. കെ. നാണു
38. ശ്രീ. എം. നൗഷാദ്
39. ശ്രീ. യു. ആർ. പ്രദീപ്
40. ശ്രീ. എ. പ്രദീപ്കുമാർ
41. ശ്രീ. കെ. ഡി. പ്രസേനൻ
42. ശ്രീ. പുരുഷൻ കടലുണ്ടി
43. ശ്രീ. പി. ടി. എ. റഹീം
44. ശ്രീ. എം. രാജഗോപാലൻ
45. ശ്രീ. കെ. രാജൻ
46. ശ്രീ. എസ്. രാജേന്ദ്രൻ
47. ശ്രീ. ആർ. രാജേഷ്
48. ശ്രീ. റ്റി. വി. രാജേഷ്
49. ശ്രീ. കെ. രാജു
50. ശ്രീ. രാജു എബ്രഹാം
51. ശ്രീ. ആർ. രാമചന്ദ്രൻ
52. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
53. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
54. ശ്രീ. മുല്ലക്കര രത്നാകരൻ
55. പ്രൊഫ. സി. രവീന്ദ്രനാഥ്
56. ശ്രീ. സജി ചെറിയാൻ
57. ശ്രീ. എസ്. ശർമ്മ
58. ശ്രീ. എ. കെ. ശശീന്ദ്രൻ
59. ശ്രീ. സി. കെ. ശശീന്ദ്രൻ

60. ശ്രീ. പി. കെ. ശശി
61. ശ്രീ. ഐ. ബി. സതീഷ്
62. ശ്രീ. എ. എൻ. ഷംസീർ
63. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
64. ശ്രീ. ജി. സുധാകരൻ
65. ശ്രീ. വി. എസ്. സുനിൽ കുമാർ
66. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
67. ശ്രീ. കെ. സുരേഷ് കുറുപ്പ്
68. ശ്രീ. എം. സ്വരാജ്
69. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
70. ശ്രീ. പി. തിലോത്തമൻ
71. ശ്രീ. തോമസ് ചാണ്ടി
72. ഡോ. ടി. എം. തോമസ് ഐസക്
73. ശ്രീ. പി. ഉണ്ണി
74. ശ്രീമതി വീണാ ജോർജ്ജ്
75. ശ്രീ. കെ. വി. വിജയദാസ്
76. ശ്രീ. ഇ. കെ. വിജയൻ
77. ശ്രീ. പിണറായി വിജയൻ
78. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ് പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. മഞ്ഞളാംകുഴി അലി

5. ശ്രീ. അനിൽ അക്കര

6. ശ്രീ. എ. പി. അനിൽ കുമാർ

7. ശ്രീ. അനൂപ് ജേക്കബ്

8. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

9. ശ്രീ. വി. ടി. ബൽറാം

10. ശ്രീ. പി. കെ. ബഷീർ

11. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

12. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

13. ശ്രീ. ടി. വി. ഇബ്രാഹിം

14. ശ്രീ. കെ. സി. ജോസഫ്

15. ശ്രീ. സി. മമ്മൂട്ടി

16. ഡോ. എം. കെ. മുനീർ

17. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

18. ശ്രീ. ഉമ്മൻ ചാണ്ടി

19. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

20. ശ്രീ. രമേശ് ചെന്നിത്തല

21. ശ്രീ. റോജി എം. ജോൺ

22. ശ്രീ. റോഷി അഗസ്റ്റിൻ

23. ശ്രീ. കെ. എസ്. ശബരീനാഥൻ

24. ശ്രീ. വി. പി. സജീന്ദ്രൻ

25. ശ്രീ. എൻ. ഷംസുദ്ദീൻ

26. ശ്രീ. ഷാഫി പറമ്പിൽ

27. ശ്രീ. വി. എസ്. ശിവകുമാർ

28. ശ്രീ. സണ്ണി ജോസഫ്

29. ശ്രീ. സി. എഫ്. തോമസ്

30. ശ്രീ. പി. ഉബൈദുള്ള

31. ശ്രീ. എം. ഉമ്മർ

32. ശ്രീ. എം. വിൻസെന്റ്

മി. ഡെപ്യൂട്ടി സ്പീക്കർ: അനുകൂലിക്കുന്നവർ - 78

പ്രതികൂലിക്കുന്നവർ - 32

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സർവ്വശ്രീ പാറക്കൽ അബ്ദുല്ല, കെ. എം. ഷാജി, പി. ഉബൈദുള്ള, വി. കെ. ഇബ്രാഹിം കുഞ്ഞ്, എൻ. എ. നെല്ലിക്കുന്ന്, എൻ. ഷംസുദ്ദീൻ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, കെ. എൻ. എ. ഖാദർ, അബ്ദുൽ ഹമീദ്. പി., പി. കെ. ബഷീർ, മഞ്ഞളാംകുഴി അലി, സി. മമ്മൂട്ടി, എം. ഉമ്മർ, പി. കെ.അബ്ദു റബ്ബ്, ഡോ. എം. കെ. മുനീർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XXVI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...................

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2019-2020 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ...................

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. ആന്റണി ജോൺ
4. പ്രൊഫ. കെ. യു. അരുണൻ
5. ശ്രീമതി സി. കെ. ആശ
6. ശ്രീ. കെ. ബാബു
7. ശ്രീമതി ഇ. എസ്. ബിജിമോൾ
8. ശ്രീ. ഇ. ചന്ദ്രശേഖരൻ
9. ശ്രീ. കെ. ദാസൻ
10. ശ്രീ. ബി. ഡി. ദേവസ്സി
11. ശ്രീ. സി. ദിവാകരൻ
12. ശ്രീ. എൽദോ എബ്രഹാം
13. ശ്രീമതി ഗീതാ ഗോപി
14. ശ്രീ. ജോർജ് എം. തോമസ്
15. ശ്രീ. ചിറ്റയം ഗോപകുമാർ
16. ശ്രീ. സി. കെ. ഹരീന്ദ്രൻ
17. ഡോ. കെ. ടി. ജലീൽ
18. ശ്രീ. ജെയിംസ് മാത്യു
19. ശ്രീ. ജി. എസ്. ജയലാൽ
20. ശ്രീ. ഇ. പി. ജയരാജൻ
21. ശ്രീ. ജോൺ ഫെർണാണ്ടസ്
22. ശ്രീ. വി. ജോയി
23. ശ്രീ. ഒ. ആർ. കേളു
24. ശ്രീ. സി. കൃഷ്ണൻ

25. ശ്രീ. കെ. കൃഷ്ണൻകുട്ടി
26. ശ്രീ. കോവൂർ കുഞ്ഞുമോൻ
27. ശ്രീ. വി. കെ. സി. മമ്മത് കോയ
28. ശ്രീ. എം. എം. മണി
29. ശ്രീ. മാത്യു ടി. തോമസ്
30. ശ്രീ. കെ. ജെ. മാക്സി
31. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
32. ശ്രീ. എ. സി. മൊയ്തീൻ
33. ശ്രീ. മുഹമ്മദ് മുഹസിൻ പി.
34. ശ്രീ. എം. മുകേഷ്
35. ശ്രീ. ഡി. കെ. മുരളി
36. ശ്രീ. മുരളി പെരുനെല്ലി
37. ശ്രീ. സി. കെ. നാണു
38. ശ്രീ. എം. നൗഷാദ്
39. ശ്രീ. യു. ആർ. പ്രദീപ്
40. ശ്രീ. എ. പ്രദീപ്കുമാർ
41. ശ്രീ. കെ. ഡി. പ്രസേനൻ
42. ശ്രീ. പുരുഷൻ കടലുണ്ടി
43. ശ്രീ. പി. ടി. എ. റഹീം
44. ശ്രീ. എം. രാജഗോപാലൻ
45. ശ്രീ. കെ. രാജൻ
46. ശ്രീ. എസ്. രാജേന്ദ്രൻ
47. ശ്രീ. ആർ. രാജേഷ്
48. ശ്രീ. റ്റി. വി. രാജേഷ്
49. ശ്രീ. കെ. രാജു
50. ശ്രീ. രാജു എബ്രഹാം

51. ശ്രീ. ആർ. രാമചന്ദ്രൻ
52. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
53. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
54. ശ്രീ. മുല്ലക്കര രത്നാകരൻ
55. പ്രൊഫ. സി. രവീന്ദ്രനാഥ്
56. ശ്രീ. സജി ചെറിയാൻ
57. ശ്രീ. എസ്. ശർമ്മ
58. ശ്രീ. എ. കെ. ശശീന്ദ്രൻ
59. ശ്രീ. സി. കെ. ശശീന്ദ്രൻ
60. ശ്രീ. പി. കെ. ശശി
61. ശ്രീ. ഐ. ബി. സതീഷ്
62. ശ്രീ. എ. എൻ. ഷംസീർ
63. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
64. ശ്രീ. ജി. സുധാകരൻ
65. ശ്രീ. വി. എസ്. സുനിൽ കുമാർ
66. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
67. ശ്രീ. കെ. സുരേഷ് കുറുപ്പ്
68. ശ്രീ. എം. സ്വരാജ്
69. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
70. ശ്രീ. പി. തിലോത്തമൻ
71. ശ്രീ. തോമസ് ചാണ്ടി
72. ഡോ. ടി. എം. തോമസ് ഐസക്
73. ശ്രീ. പി. ഉണ്ണി
74. ശ്രീമതി വീണാ ജോർജ്ജ്
75. ശ്രീ. കെ. വി. വിജയദാസ്

76. ശ്രീ. ഇ. കെ. വിജയൻ

77. ശ്രീ. പിണറായി വിജയൻ

78. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ് പി.

2. ശ്രീ. പാറക്കൽ അബ്ദുല്ല

3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

4. ശ്രീ. മഞ്ഞളാംകുഴി അലി

5. ശ്രീ. അനിൽ അക്കര

6. ശ്രീ. എ. പി. അനിൽ കുമാർ

7. ശ്രീ. അനൂപ് ജേക്കബ്

8. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

9. ശ്രീ. വി. ടി. ബൽറാം

10. ശ്രീ. പി. കെ. ബഷീർ

11. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

12. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

13. ശ്രീ. ടി. വി. ഇബ്രാഹിം

14. ശ്രീ. കെ. സി. ജോസഫ്

15. ശ്രീ. സി. മമ്മൂട്ടി

16. ഡോ. എം. കെ. മുനീർ

17. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

18. ശ്രീ. ഉമ്മൻ ചാണ്ടി

19. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

20. ശ്രീ. രമേശ് ചെന്നിത്തല

21. ശ്രീ. റോജി എം. ജോൺ

22. ശ്രീ. റോഷി അഗസ്റ്റിൻ

23. ശ്രീ. കെ. എസ്. ശബരീനാഥൻ

24. ശ്രീ. വി. പി. സജീന്ദ്രൻ

25. ശ്രീ. എൻ. ഷംസുദ്ദീൻ

26. ശ്രീ. ഷാഫി പറമ്പിൽ

27. ശ്രീ. വി. എസ്. ശിവകുമാർ

28. ശ്രീ. സണ്ണി ജോസഫ്

29. ശ്രീ. സി. എഫ്. തോമസ്

30. ശ്രീ. പി. ഉബൈദുള്ള

31. ശ്രീ. എം. ഉമ്മർ

32. ശ്രീ. എം. വിൻസെന്റ്

മി. ഡെപ്യൂട്ടി സ്പീക്കർ: അനുകൂലിക്കുന്നവർ - 78

പ്രതികൂലിക്കുന്നവർ - 32

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ....ഓർഡർ....സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2019 ജൂൺ മാസം 13-ാം തീയതി വ്യാഴാഴ്ച രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 3.54-ന് പിരിഞ്ഞു.)